# യഥാർഥ ഭഗവദ്ഗീത

ശ്രീമദ് ഭഗവദ്ഗീതയുടെ വേദവിദ്യാ ഭാഷ്യം

ആചാര്യശ്രീ രാജേഷ്

VEDAVIDYA PRAKASHAN
www.vedavidyaprakashan.com

© Vedavidya Prakashan 2019

All rights reserved. No part of this book may be used or reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means without the prior written permission of the Publisher.

ACHARYASRI RAJESH
assert the moral right to be identified
as the author of this work.

first edition : 2016 September
second edition : 2018 January
third edition : 2019 July
by Vedavidya Prakashan

YATHARTHA BHAGAVADGITA
ISBN: 0784927150030
₹600/

VEDAVIDYA PRAKASHAN
Kozhikode, +91 9745615151, 8086960610

Website : www.vedavidyaprakashan.com
Email : vedavidyaprakashan@gmail.com
Facebook : facebook.com/Vedavidya Prakashan
Twitter : twitter.com/Vedavidya Books

Printed in India by Geethanjali Offset Prints, Calicut

## ആചാര്യശ്രീ രാജേഷ്

പുതിയില്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും ചെമ്പക്കോട്ട് ഇല്ലത്ത് കോമളവല്ലി അന്തർജനത്തിന്റെയും മകനായി 1972ൽ ജനനം. അഭിവന്ദ്യഗുരു, വേദപണ്ഡിതൻ, ദാർശനികൻ, സാമൂഹിക പരിഷ്കർത്താവ്, എഴുത്തുകാരൻ, ജേർണലിസ്റ്റ്, വാഗ്മി എന്നീ നിലകളിൽ പ്രസിദ്ധൻ. കർണാടകയിലെ ഓം ശാന്തിധാം ഗുരുകുലം 'വേദാചാര്യപ്പട്ടം' നൽകുവാൻ തിരഞ്ഞെടുത്ത ആദ്യ കേരളീയൻ. ജാതി-ലിംഗഭേദമന്യെ വേദം പഠിപ്പിക്കാനായി കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ സ്ഥാപിച്ചു. 76 പുസ്തകങ്ങൾ എഴുതി. അതിൽ അഥർവവേദത്തിന്റെ ഇംഗ്ലീഷ് തർജമ, ഭഗവദ്ഗീതയുടെ വൈദിക ഭാഷ്യം, യോഗദർശന സരളഭാഷ്യം, ഈശം, കേനം, ഐതരേയം എന്നീ ഉപനിഷത്തുക്കളുടെ ഭാഷ്യം എന്നിവ ഉൾപ്പെടും.

ന്യൂഡൽഹിയിൽവെച്ച് നടന്ന അന്താരാഷ്ട്ര ആര്യസമ്മേളനത്തിൽ പ്രഥമ മഹാശയ് ധരംപാൽ ഇന്റർനാഷണൽ വേദിക് അവാർഡ് നൽകി സാർവദേശിക് ആര്യപ്രതിനിധി സഭ ഇദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ദയാനന്ദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വേദിക് സ്റ്റഡീസിന്റെ 'വേദസംസ്കാര ആചാര്യ' ബഹുമതി, മഹർഷി ദയാനന്ദ സരസ്വതി സ്ഥാപിച്ച പരോപകാരിണി സഭയുടെ സമഗ്രവേദപ്രചരണത്തിനുള്ള 'ആര്യകർമഠ കാര്യകർത്താ' ബഹുമതി, മധ്യപ്രദേശിലെ വേദപണ്ഡിതർ നൽകിയ 'യജ്ഞപ്രജാപതി' പുരസ്കാരം, ശ്രീ അരബിന്ദോ കപാലിശാസ്ത്രി വേദവിദ്യാ ഫൗണ്ടേഷൻ നൽകിയ 'കപാലിശാസ്ത്രി' അവാർഡ്, ഞരളത്ത് കലാക്ഷേത്ര നൽകിയ 'വേദവാചസ്പതി' അവാർഡ്, പൈതൃകം ഗുരുവായൂർ നൽകിയ 'കർമശ്രേഷ്ഠ' അവാർഡ്, കാഞ്ഞങ്ങാട് ഗണം സാംസ്കാരിക വേദിയുടെ 'ഗുരുശ്രേഷ്ഠ' ബഹുമതി, തിരുവനന്തപുരം ഹിന്ദുധർമ പരിഷത്ത് ഏർപ്പെടുത്തിയ 'ആചാര്യശ്രേഷ്ഠ' പുരസ്കാരം എന്നിവയും ലഭിച്ചിട്ടുണ്ട്. കെ. മീരയാണ് ഭാര്യ. വേദലക്ഷ്മി, വിദ്യാലക്ഷ്മി എന്നിവർ മക്കളാണ്.

ശ്രുതിസമുദ്ധാരകനായ
ശ്രീമദ് ശങ്കരാചാര്യസ്വാമികളുടെയും
വേദോദ്ധാരകനായ
മഹർഷി ദയാനന്ദ സരസ്വതിയുടെയും
പാദകമലങ്ങളിൽ
ഈ വേദവിദ്യാഭാഷ്യം
സാദരം സമർപ്പിക്കുന്നു.

# ഉള്ളടക്കം


**ആമുഖം** 11

## കർമകാണ്ഡം

അധ്യായം ഒന്ന്

**അർജുനവിഷാദയോഗം** 31

ആരാണ് മഹാരഥി? - മഹാരഥികൾ 18 ആയത് എന്തുകൊണ്ട്? - ദ്രോണർ എന്തുകൊണ്ട് ശംഖ് മുഴക്കിയില്ല? - കപിധ്വജനായ അർജുനൻ - എന്തു കൊണ്ട് അർജുനൻ ചഞ്ചലചിത്തനായി? - മഹാഭാരതത്തിലെ വർണന കൾ- ആതതായികളെ വധിക്കണമെന്ന് പറയുന്നതിനു കാരണം.

അധ്യായം രണ്ട്

**സാംഖ്യയോഗം** 49

അനാര്യകർമത്തിന്റെ നിഷേധം - പണ്ഡിതന്മാരുടെ സമവൃത്തി - സാംഖ്യം നിരീശ്വരമല്ല - ജീവാത്മാവിന്റെ അനേകത്വം - സാംഖ്യമതപ്രകാരം നിത്യ -അനാശി ശബ്ദങ്ങളിലെ ഭേദം - കയറിൽ പാമ്പിനെ കാണുന്ന വ്യഭിജാ രിജ്ഞാനം - ഷഡ്ദർശനങ്ങൾ പരസ്പരവിരുദ്ധമല്ല - മൃതപിണ്ഡബലി യിലെ അശാസ്ത്രീയത - അണുരൂപിയായ ജീവന്റെ വ്യാപകത്വം (സാം ഖ്യ-വേദാന്തങ്ങളിൽ) - ജീവന്റെ ബന്ധനവിഷയം (ശ്രീകൃഷ്ണന്റെ സാംഖ്യസൂത്രവ്യാഖ്യാനം) - മഹാഭാരതത്തിലെ ക്ഷത്രിയധർമചിന്ത - വേദാ വാദി ആര്? - മൃഗബലി വൈദികമല്ല - സ്ഥിതപ്രജ്ഞന്റെ ലക്ഷണം - ശരീരത്തിലെ സപ്തർഷികൾ - ബ്രാഹ്മീസ്ഥിതി എന്നാൽ എന്ത്?

അധ്യായം മൂന്ന്

**കർമയോഗം** 117

സമബുദ്ധി - ബ്രാഹ്മീസ്ഥിതി - സർവകർമത്യാഗം സംന്യാസമല്ല - പൂച്ചസംന്യാസികളുടെ അധോഗതി - വിശേഷ-സാമാന്യ-അധമ മനുഷ്യർ - അശ്ലീല വേദമന്ത്രാർഥങ്ങൾ - യജ്ഞമെന്നതിന്റെ ശരിയായ അർഥം - പഞ്ചമഹായജ്ഞപ്പൊരുൾ - പർജന്യേഷ്ടി എന്ത്? - കർമം പ്രകൃതിക്ക് അധീനം - ജ്ഞാനികൾ അജ്ഞാനികളെ വഴിതെറ്റിക്കരുത് - ശുഭകർമങ്ങ

ളുടെ വിഘ്നങ്ങൾ - സ്വധർമനിർണയം - ജ്ഞാന-കർമേന്ദ്രിയജയവും മനുസ്മൃതിയും - കാമക്രോധാദി ശത്രുക്കളെ ജയിക്കാൻവേണ്ട അഷ്ടാംഗയോഗമാർഗങ്ങൾ.

അധ്യായം നാല്

**ജ്ഞാന-കർമ-സംന്യാസയോഗം** 159

ഒരിക്കലും നശിക്കാത്ത ജ്ഞാന-കർമ-സംന്യാസയോഗത്തിന്റെ യഥാർഥ പൊരുൾ - ഈ യോഗത്തിന്റെ മഹാഭാരതനിർണയം - അപരിഗ്രഹത്തിലൂടെ ജന്മരഹസ്യം - മായാശബ്ദത്തിന്റെ ശരിയായ അർഥം - ഈശ്വരൻ രൂപമെടുത്ത് അവതരിക്കുമോ? - ശ്രീകൃഷ്ണൻ സ്വയം ഓർക്കുന്ന തന്റെ പൂർവജന്മങ്ങൾ - മുക്തിയിൽനിന്ന് തിരിച്ചുവരവുണ്ടെന്ന് ആദിശങ്കരാചാര്യർ - വേദത്തിലും മുക്തിയിൽനിന്നു തിരിച്ചുവരുന്നതിന് പ്രമാണം - ചിത്തം ഏകാഗ്രമാക്കാനുള്ള വഴി - യോഗികളുടെ ചിത്തത്തെ ആലംബനം ചെയ്യുന്നവർക്ക് ലഭിക്കുന്ന ചിത്തസ്ഥിരത - ദേവതകളും ഇന്ദ്രിയങ്ങളും - ചാതുർവർണ്യവും ജാതിയും - ശരീരത്തിലെ ചാതുർവർണ്യം - ജാതി വർണമോ? - ഋഗ്വേദവും വർണവും - ഗീതയും വർണവും - മനുസ്മൃതിയും വർണവും - കർമം, അകർമം, വികർമം - യുദ്ധമുഖത്ത് പട്ടാളക്കാരൻ സന്ധ്യാവന്ദനം ചെയ്യണോ? - ജഗത്മിഥ്യാവാദവും ശതപഥ ബ്രാഹ്മണവും - ബ്രഹ്മാർപ്പണവും അഥർവവേദവും - അഥർവവേദസാരം ഗീതയിൽ - സംയമമെന്നതിന്റെ നേരായ അർഥം - തപസ്സ് എന്ത്? - ബ്രഹ്മയജ്ഞം, ദ്രവ്യയജ്ഞം, തപോയജ്ഞം, യോഗയജ്ഞം എന്നിവയുടെ വിവരണം - മധുസൂദനസരസ്വതിയും മായാവാദവും - വിദ്യാഗ്രഹണത്തിന്റെ വഴി - പാപഭാവനയിൽനിന്ന് രക്ഷ നേടാനുള്ള വഴി - ആരാണ് നാസ്തികൻ?.

അധ്യായം അഞ്ച്

**സംന്യാസയോഗം** 211

സംന്യാസത്തിന്റെ യഥാർഥ ഭാവം - ആരാണ് സംന്യാസിയല്ലാത്തത്? ഈശ്വരന്റെ പ്രേരണ - ആരാണ് തത്ത്വവിത്? - ആത്മശുദ്ധിക്കുവേണ്ട കർമങ്ങൾ - ശരീരമാകുന്ന പട്ടണം - അഥർവത്തിന്റെ ശരീരവർണനയും ഗീതയും - പാപവും പുണ്യവും - ജീവികൾ മോഹിതരാകുന്നു - ബ്രഹ്മത്തിൽ ലീനമാകലും സ്വയംബ്രഹ്മഭാവവും - ബ്രഹ്മത്തിന്റെ നിത്യശുദ്ധബുദ്ധമുക്തത - ജീവാത്മാവും പരമാത്മാവും തമ്മിലുള്ള വ്യത്യാസം - സമാധി കൈവരിച്ചവരുടെ അവസ്ഥ - ബ്രഹ്മവുമായി യോഗം ചെയ്യുന്ന മുക്താത്മാവ് - ജീവാത്മാവ് ബ്രഹ്മമായിത്തീരുന്നുവോ? - വിഷയസുഖങ്ങൾ ദുഃഖം തരുന്നു - ബ്രഹ്മനിർവാണശബ്ദത്തിന്റെ നേരായ അർഥം.

അധ്യായം ആറ്

**ധ്യാനയോഗം** 239

കർമഫലത്തെ ആശ്രയിക്കാതെ കർത്തവ്യമായിക്കണ്ട് കർമം ചെയ്യുന്നയാൾ സംന്യാസിയും യോഗിയുമാകുന്നു - പുണ്യം, പാപം, പുണ്യപാപ മിശ്രിതം എന്നിങ്ങനെ മൂന്നുവിധ കർമങ്ങൾ - അഗ്നിഹോത്രാദികൾ ത്യജിച്ചാൽ സംന്യാസിയാകുമോ? - കാമത്തിന്റെ മൂലം സങ്കല്പം - യോഗ ദർശനത്തിന്റെ വ്യാസഭാഷ്യവും ഗീതയും - സമാധിയും യോഗശാസ്ത്രവും - ആത്മയോഗം സിദ്ധിച്ചവരുടെ അവസ്ഥാവിശേഷങ്ങൾ - പരവൈരാഗ്യം എന്ത്? രജോഗുണത്തിൽനിന്നുണ്ടാകുന്ന സ്വഭാവങ്ങൾ എന്തൊക്കെ? - 'മനസ്സ്': ഗീതാസങ്കല്പവും ഋഗ്വേദവും - 'ബ്രഹ്മസ്പർശ'ശബ്ദത്തിന്റെ ആന്തരികാർഥം - സമാധിക്ക് വരുന്ന ഒൻപത് വിഘ്നങ്ങൾ - 'സർവത്ര സമദർശിന' എന്ന പ്രയോഗത്തിന്റെ യഥാർഥ ഭാവം - വീണ്ടും ഗീതോപ ദേശം വേണമന്ന അർജുനന്റെ ആവശ്യത്തെ ഭഗവാൻ നിരാകരിച്ചു - നാസി കാഗ്രത്തിൽ ചിത്തത്തെ ഉറപ്പിക്കുന്ന രഹസ്യവഴി - എന്താണ് ധ്യാനം? വേദാദി ശാസ്ത്രപഠനവും ധ്യാനവും - യോഗിയുടെ ഈക്ഷണരഹസ്യം - ഈക്ഷണശബ്ദവും കപിലമഹർഷിയും - ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി എന്നിവയുടെ സ്വരൂപം - അഭ്യാസം, വൈരാഗ്യം എന്നിവയുടെ ആവശ്യകത - ശുഭകർമങ്ങൾ ചെയ്യുന്നവർക്ക് നാശമില്ല - ഋതംഭരയുടെ പൊരുൾ - 'തപസ്യ'യുടെ സ്വരൂപം.

## ഉപാസനാകാണ്ഡം

അധ്യായം ഏഴ്

**ജ്ഞാനവിജ്ഞാനയോഗം** 283

വിജ്ഞാനമെന്നാൽ എന്ത്? - ജ്യേഷ്ഠബ്രഹ്മവർണനാസൂക്തം ഗീതയുടെ ഈ അധ്യായത്തിൽ സ്ഫുടീകരിച്ച് നിൽക്കുന്നു - 'ഈശ്വരൻ സ്തംഭമാകുന്നു' - സനാതനശബ്ദവും അഥർവവും - 'മായാ'ശബ്ദം കൂടുതൽ വിവരണം - ആർത്തൻ, ജിജ്ഞാസു, അർഥാർഥീ, ജ്ഞാനി എന്നീ ഭക്ത സമൂഹങ്ങൾ തമ്മിലുള്ള വ്യത്യാസം - 'വാസുദേവ'ദർശനങ്ങളും അഥർവവും - വൈദികസൃഷ്ടിസങ്കൽപവും ഭഗവാൻ ശ്രീകൃഷ്ണനും.

അധ്യായം എട്ട്

**അക്ഷരബ്രഹ്മയോഗം** 305

ഗീതയിലെ ചോദ്യോത്തരശൈലിയും വേദവും - അക്ഷരശബ്ദത്തിന്റെ അർഥതലങ്ങൾ - അധിയജ്ഞൻ ആര്? - ഹിരണ്യഗർഭനും അപരബ്രഹ്മവും - മദ്ഭാവമെന്ന പദപ്രയോഗത്തിന്റെ പൊരുൾ - ഓങ്കാരസാധന - ഈശ്വ

രസ്തുതിയും ദർശനവും - ആരാണ് വേദവിത്തുക്കൾ? - ബ്രഹ്മചര്യത്തിന്റെ പ്രാധാന്യം - വിവിധ ലോകങ്ങളുടെ വർണന - കാലരഹസ്യവും വേദവും - അനാദിതത്ത്വങ്ങളുടെ വിവരണം - ബ്രഹ്മരാത്രിയും ബ്രഹ്മദിനവും - ചാന്ദ്രപദത്തിന്റെ വ്യുത്പത്തി - ശുക്ലകൃഷ്ണമാർഗങ്ങളും ദേവായനവും പിതൃയാനവും - അനാവൃത്തിയുടെ അർഥാന്തരങ്ങൾ - യജ്ഞമഹിമ.

അധ്യായം ഒൻപത്

**രാജവിദ്യാരാജഗുഹ്യയോഗം** 333

അനുഷ്ഠാനപൂർവമാകണം ജ്ഞാനം - ഗുപ്തവിദ്യയായ രാജയോഗം - ജീവാത്മാവിന്റെ ശരീര-ശരീരിഭാവത്തിലേക്കുള്ള പരിവർത്തനം - അഭേദോപാസനയുടെ അനുഭൂതി - ഇന്ദ്രിയജയം നേടുന്ന യോഗിക്കു ലഭിക്കുന്ന മൂന്ന് സിദ്ധികൾ - ഈശ്വരനിലെ ഐശ്വര്യം - എട്ടുവിധത്തിലുള്ള പ്രകൃതി - ബ്രഹ്മാണ്ഡമഹേശ്വരന്റെ അവതാരങ്ങൾ - ശ്രവണ, മനന, നിദിധ്യാസനങ്ങൾ - കർമം, ഉപാസന, ജ്ഞാനം എന്നീ മൂന്ന് വിദ്യകളും സോമപാനവും - ആരാണ് സുരേന്ദ്രൻ? - സോമപാനരഹസ്യം - പൂജാദ്രവ്യങ്ങളുടെ നിരർഥകത്വം.

അധ്യായം പത്ത്

**വിഭൂതിയോഗം** 359

അഥർവത്തിലെ വാക്സൂക്തമന്ത്രങ്ങളുടെ വ്യാഖ്യാനവും വിഭൂതിയോഗവും തമ്മിലുള്ള ബന്ധം - വേദരഹസ്യം ചുരുളഴിക്കുന്ന ഗീതാശ്ലോകങ്ങൾ - പരസ്പരവിരോധവും ഗീതയും - അമൈഥുനീ സൃഷ്ടി - അഷ്ടൈശ്വര്യങ്ങൾ - ഉപാസനാകാണ്ഡമായ സാമവേദവും ഭഗവാൻ ശ്രീകൃഷ്ണനും - അർഥമറിഞ്ഞുള്ള ജപം - ഉശനാകവിയുടെ രഹസ്യം.

അധ്യായം പതിനൊന്ന്

**വിശ്വരൂപദർശനയോഗം** 387

വിശ്വരൂപദർശനവും ഋഗ്വേദവും - വിശ്വരൂപദർശനവും അഥർവവേദവും - വൈദികശൈലിയും ഗീതാശ്ലോകങ്ങളും - യോഗസമാധിയും ഭഗവാൻ ശ്രീകൃഷ്ണനും - എന്താണ് ദിവ്യചക്ഷുസ്സ്? - ദിവ്യചക്ഷുസ്സും സാംഖ്യദർശനവും - യോഗദർശനത്തിലെ രഹസ്യവിധാനങ്ങളും ഭഗവാൻ ശ്രീകൃഷ്ണനും - ആലങ്കാരികവർണനകളുടെ യഥാർഥസ്വരൂപം - എന്താണ് ശാശ്വതധർമം? - വേദവൃക്ഷത്തിന്റെ ഛായയും ശ്രീകൃഷ്ണനും - കാലസ്വരൂപനായ ഭഗവാൻ - പ്രളയാവസ്ഥ എന്താണ്? - സഹസ്രബാഹുവെന്ന കാഴ്ചപ്പാട് - വിഷ്ണുസങ്കല്പവും രാഷ്ട്രഭരണവും - വിഷ്ണുസങ്കല്പവും അധ്യാത്മവിചാരവും - വിഷ്ണുസങ്കല്പത്തിന്റെ യഥാർഥ സ്വരൂപം - ശ്രീരാമാനുജാചാര്യന്റെ വീക്ഷണം.

അധ്യായം പന്ത്രണ്ട്

**ഭക്തിയോഗം** 431

സഗുണ-നിർഗുണ ഉപാസനകൾ - ബ്രഹ്മത്തിന്റെ സവിശേഷ-നിർവിശേഷ അവസ്ഥകൾ - രണ്ടുവിധം അസംപ്രജ്ഞാതസമാധികളുടെ വ്യത്യാസം - അക്ഷരബ്രഹ്മപ്രാപ്തിയുടെ ക്ലിഷ്ടത - വിദേഹന്മാരെക്കുറിച്ചും പ്രകൃതി ലയന്മാരെക്കുറിച്ചുമുള്ള വിവരണങ്ങൾ - ബ്രഹ്മത്തെ പ്രാപിക്കുന്നതിനുള്ള വഴി - സംന്യാസജീവിതചര്യയും മനുസ്മൃതിയും - ചതുർഥാശ്രമധർമവി ധാനം

## ജ്ഞാനകാണ്ഡം

അധ്യായം പതിമൂന്ന്

**ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗം** 449

ക്ഷേത്രശബ്ദത്തിന്റെ അർഥതലങ്ങൾ - ഭാഗവതമതം അവൈദികമെന്ന് ശ്രീശങ്കരാചാര്യർ - ജീവാത്മാവ് ആര്? - ഈശ്വരന്റെ സഗുണ-നിർഗുണ സ്വരൂപം - അവിഭക്തവും അവ്രണശബ്ദവും തമ്മിലുള്ള ബന്ധം - പ്രകൃതിയുടെ സ്വഭാവം - ജഗത്തിന്റെ ഉപാദാനകാരണം പ്രകൃതിയെന്ന് വേദങ്ങളും ദർശനങ്ങളും - നിത്യശുദ്ധബുദ്ധമുക്തസ്വഭാവിയായ ആത്മാവിന് ബന്ധയോഗം പ്രകൃതിയോഗം കൂടാതെ സാധ്യമല്ല - ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി എന്നീ അനാദിതത്ത്വങ്ങൾ - 'അനുപശ്യതി' എന്ന പ്രയോഗത്തിന്റെ അർഥം.

അധ്യായം പതിനാല്

**ഗുണത്രയവിഭാഗയോഗം** 477

ജന്മമരണചക്രത്തിൽ വന്നുവീഴുന്നതിനു കാരണം - ജ്ഞാനമഹത്വം - ജീവാത്മാവിന്റെ പ്രകൃതിബന്ധനം - 'മഹദ്ബ്രഹ്മ'ശബ്ദത്തിനർഥം - സാംഖ്യദർശനം നിരീശ്വരമായിമാറിയതിനു പിന്നിൽ.

അധ്യായം പതിനഞ്ച്

**പുരുഷോത്തമയോഗം** 493

'ഭഗവാൻ' എന്ന പദത്തിന്റെ അർഥം - അശ്വത്ഥവൃക്ഷവർണനയുടെ രഹസ്യം - കഠം, മുണ്ഡകം, മഹാഭാരതം, ഋഗ്വേദം എന്നിവിടങ്ങളിലെ അശ്വത്ഥവർണന - ജഗത്ത് മിഥ്യയല്ല - സംസാരവൃക്ഷത്തിന്റെ വേര് ബ്രഹ്മമെന്ന് പറഞ്ഞു, എന്തുകൊണ്ട്? - 'അംശാംശ' സങ്കല്പത്തിന്റെ വേദപ്പൊരുൾ - വൈശ്വാനരശബ്ദത്തിന്റെ പൊരുൾ - ദഹരാകാശമെന്നാൽ എന്ത്?

അധ്യായം പതിനാറ്
**ദൈവാസുരസമ്പദ്വിഭാഗയോഗം** 513

സാത്ത്വികമായ ദൈവീപ്രകൃതി - രജസ്തമോഗുണങ്ങളോടുകൂടിയ ആസുരികപ്രകൃതിയുടെ വർണന - ആരാണ് വിദ്വാൻ? - ആരാണ് ദേവൻ? - 'ശാസ്ത്ര'ശബ്ദത്തിന്റെ അർഥം - പ്രമാണമെന്നാൽ എന്ത്?

അധ്യായം പതിനേഴ്
**ശ്രദ്ധാത്രയവിഭാഗയോഗം** 531

ശ്രദ്ധയുടെ പ്രാധാന്യം - ഋഗ്വേദത്തിലെ ശ്രദ്ധാസൂക്തം - ആരാണ് പിശാച്? - അനാചാരങ്ങളുടെ കാരണം - വ്രതസങ്കല്പങ്ങളിലെ ശരിയും തെറ്റും - പ്രതീകങ്ങളെക്കുറിച്ചുള്ള മഹർഷി ദയാനന്ദന്റെ കാഴ്ചപ്പാട് - വിശ്വാസവും അനുഷ്ഠാനവും - വേദവിദ്യാദാനം - വേദാദിശാസ്ത്രങ്ങൾ പഠിച്ചവന്റെ ഭാവം - 'ഓം തത്സത്.'

അധ്യായം പതിനെട്ട്
**മോക്ഷസംന്യാസയോഗം** 555

ഹൃഷീകേശൻ ആര്? കവിയും വിചക്ഷണനും ഋഗ്വേദവും - യോഗസൂത്ര വ്യാഖ്യാനത്തിൽ വ്യാസൻ കവിചിന്ത എന്തെന്ന് വിശദീകരിക്കുന്നു- വ്യാസന്റെ സംന്യാസവീക്ഷണവും ശ്രീശങ്കരാചാര്യരുടെ സംന്യാസവീക്ഷണവും തമ്മിലുള്ള പ്രധാന വ്യത്യാസം - കാമ്യകർമമെന്നതിന്റെ ശരിയായ അർഥം - അവിവേകം ബന്ധനകാരണം - വേദവിദിതകർമങ്ങൾ അനുഷ്ഠിക്കണമെന്ന് കപിലമഹർഷി - പ്രതിമാപൂജ താമസികമെന്ന് ശ്രീശങ്കരാചാര്യർ - പ്രതിമാപൂജ പാടില്ലെന്ന് യജുർവേദം - പ്രകൃതിയെ പൂജിക്കുന്നവർ അന്ധകാരത്തിൽ വീഴുമെന്ന് യജുർവേദം - ധർമസ്വരൂപവർണന - 'മായാ'ശബ്ദത്തിന് അല്പംകൂടി വ്യാഖ്യാനം - സമാധിയിലെ ഈശ്വരസ്വരൂപം - അനധികാരികൾക്ക് ശാസ്ത്രോപദേശം ആകാമോ? ഭയമില്ലാതിരിക്കാനുള്ള വഴി - ഭഗവദ്ഗീതയും ശതപഥബ്രാഹ്മണവും - ഗാഥാഗാനവും ഭഗവദ്ഗീതയും - വേദങ്ങളിലെ കൃഷ്ണാർജുനന്മാർ - ബ്രഹ്മശക്തിയും ക്ഷാത്രവീര്യവും - ധനുർധാരിയായ അർജുനന്റെ യഥാർഥഭാവമെന്ത്? 'ധനുഃ'ശബ്ദത്തിന്റെ രഹസ്യമെന്ത്?

**പരിശിഷ്ടം ഒന്ന്** 611

**പരിശിഷ്ടം രണ്ട്** 620

**സഹായകഗ്രന്ഥങ്ങൾ** 623

**ശ്ലോകാനുക്രമണിക** 628

# മറഞ്ഞുകിടന്ന ഗീതാഹൃദയത്തിന് ഒരു ആമുഖം

**അ**നേകശതം ഹൃദയങ്ങളെ അതിന്റെ മാസ്മരികമായ പ്രഭാവംകൊണ്ട് കീഴടക്കിയ ഗ്രന്ഥമാണ് ശ്രീമദ് ഭഗവദ്ഗീത. മഹാനദിയായ ഗംഗയെപ്പോലെ ഗീത ജ്ഞാനപ്രകാശത്താൽ നിരവധിപേരെ മുഗ്ധരാക്കി. ജ്ഞാനഗംഗയായി ഗീത മാറി. നാളിതുവരെ എത്രയെത്ര ഭാഷ്യങ്ങളും വിവർത്തനങ്ങളും ഭഗവദ്ഗീതയ്ക്ക് ഉണ്ടായി! എണ്ണിയാലൊടുങ്ങാത്ത ഗീതാവ്യാഖ്യാനങ്ങളുണ്ട് ഭാരതത്തിന്റെ മണ്ണിൽ. മാത്രമല്ല, വിദേശത്തും ഗീതയ്ക്ക് ഭാഷ്യമുണ്ടായി. ഇന്നിതാ വീണ്ടുമൊരു വ്യാഖ്യാനം ഉണ്ടാകുന്നു.

ഏഴെട്ട് വർഷം മുൻപത്തെ കഥയാണ്. വേദപാഠശാലയിലെ മുതിർന്ന പഠിതാക്കൾ തമ്മിലുള്ള ശാസ്ത്രചർച്ച പൊടിപൊടിക്കുന്നു. ശ്രദ്ധാപൂർവം ഞാനത് കേട്ടിരുന്നു. വൈദിക ഛന്ദസ്സുകളായിരുന്നു വിഷയം. വൈദികഛന്ദസ്സുകളെ വേദവ്യാസൻ എങ്ങനെ സ്വീകരിച്ചുവെന്ന് ആരോ ചോദിച്ചപ്പോൾ അനുഷ്ടുപ് വൃത്തത്തെക്കുറിച്ചും ഭഗവദ്ഗീതയെക്കുറിച്ചുമൊക്കെ പറയേണ്ടിവന്നു. ഓരോ ഛന്ദസ്സും അഭിവ്യക്തമാക്കാൻ ശ്രമിക്കുന്ന ആശയങ്ങളും അവയുടെ ഏകതാനതയും മനസ്സിലാക്കാതെ ഭഗവദ്ഗീത ഉൾക്കൊള്ളാനാകില്ലെന്ന് ഞാൻ പറഞ്ഞു. അവൈദികമായി ഗീതയെ വ്യാഖ്യാനിക്കുന്നതിന് കാരണം വൈദികശാസ്ത്രപഠനത്തിന്റെ അഭാവംമൂലമാണെന്ന് പറയേണ്ടിയുംവന്നു. ഭഗവദ്ഗീതയ്ക്ക് വൈദികമായ ഒരു ഭാഷ്യം വേണമെന്ന് അന്നുമുതൽ

പലരും എന്നോട് അഭ്യർഥിച്ചു. ഗീതയുടെ പേരുപറഞ്ഞ് വേദാദിശാസ്ത്ര ങ്ങളെ ഇകഴ്ത്തുന്ന പണ്ഡിതമ്മന്യന്മാരുടെ ശ്രമങ്ങൾകൂടി കാണേണ്ടി വന്നപ്പോൾ വൈദികമായ ഒരു ഭാഷ്യം ഗീതയ്ക്ക് രചിക്കണമെന്ന ആഗ്രഹം എന്നിലും ജനിച്ചു.

വൈകാതെ ഭാഷ്യരചനയ്ക്കുള്ള സംഭാരശേഖരണപരിപാടി തുടങ്ങി. എഴുത്ത് ആരംഭിക്കുകയും ചെയ്തു. ആദ്യത്തെ രണ്ട് അധ്യായം പൂർത്തിയാക്കാൻ ആറുമാസമെടുത്തു. കർമരംഗത്തെ തിരക്കുകൾ കാരണം ഭാഷ്യരചനയ്ക്ക് കൂടുതൽ സമയം നൽകാൻ കഴിഞ്ഞില്ല. ഏതാനും മാസങ്ങൾക്കുശേഷം എഴുത്ത് വീണ്ടും ആരംഭിച്ചു. എഴുതി യിടത്തോളം വീണ്ടുംവീണ്ടും വായിച്ചു. എന്നാൽ എന്തോ ഒരു അതൃപ്തി. അല്ല, ഇതല്ല വൈദികഭാഷ്യമെന്ന് ഉള്ളിലിരുന്ന് ആരോ മന്ത്രി ക്കുന്നതുപോലെ അനുഭവപ്പെട്ടു. എഴുതിയ ഭാഗമത്രയും അഗ്നിയ്ക്ക് ആഹുതിയായി നൽകി.

ഞാൻ കാത്തിരിപ്പായി. ശ്ലോകം വായിച്ചും, അന്വയിച്ചും, പദം മുറിച്ചും ധാതുവും പ്രത്യയവും വേർതിരിച്ച് അർഥം കണ്ടെത്തുകയും വ്യാഖ്യാനം മനസ്സിലിട്ടാട്ടുകയുമൊക്കെ ചെയ്തു. പക്ഷേ, എഴുത്തു മാത്രം നടന്നില്ല. പല തവണ ശ്രമിച്ചിട്ടും നടക്കാതായതോടെ ഒരു തീരു മാനം ഉള്ളിലെടുത്തു. ഈശ്വരാജ്ഞ കിട്ടിയിട്ടെ, ഇനി ഗീതാഭാഷ്യത്തിന് മുതിരൂ.

കാശ്യപാശ്രമത്തിൽ തിരക്കൊഴിഞ്ഞ സമയമില്ല. അതിനിടയിൽ ഗീതാഭാഷ്യവും വിസ്മൃതിയിലാണ്ടു. കുറച്ചുകാലത്തിനുശേഷം ഉത്ത രഭാരതത്തിൽ ഗംഗാതീരത്ത് കുറച്ചു ദിവസം തങ്ങേണ്ടിവന്നു. ഹരിദ്വാ റിനും ഋഷികേശിനും മധ്യേ പുണ്യഭൂമി എന്നറിയപ്പെടുന്ന സ്ഥലത്ത്- അവിടെ മുൻപൊരു വൈദിക ഗുരുകുലമായിരുന്നു, മഹാത്മാഗാന്ധി യൊക്കെ സന്ദർശിച്ച ഇടമാണ് - ഗംഗാനദിക്കരയിൽ പഠനവും മനനവു മൊക്കെയായി കുറച്ചുനാൾ തള്ളിനീക്കി. ഞങ്ങൾ കിടന്ന മുറിയിൽനിന്ന് ഗംഗാപ്രവാഹം കാണാമായിരുന്നു. നദിതല്ലജങ്ങൾ ചെറുപാറക്കഷണ ങ്ങളിൽ തട്ടിയുണർത്തുന്ന ഹൃദയംഗമമായ സംഗീതം കേൾക്കാമായി രുന്നു. ഗംഗാദേവിയുടെ നൂപുരധ്വനിയാണതെന്ന് എനിക്കെപ്പോഴും തോന്നാറുണ്ട്. സ്വച്ഛന്ദമൃത്യുവാനായ ഭീഷ്മപിതാമഹന്റെ മഹാമാതാവ്

സർഗപ്രക്രിയകളുടെ അനന്തസ്രോതസ്സാണ്. ഗംഗ കാണുമ്പോഴൊക്കെ ഏതോ ജന്മത്തിൽ ഞാനീക്കരയിലെവിടെയോ ആയിരുന്നുവെന്ന് എനിക്ക് തോന്നിയിട്ടുണ്ട്.

ഗംഗയുടെ താരാട്ടുപാട്ടിൽ മയക്കത്തിലേക്ക് വീണ ഒരു രാത്രി, ഏതോ ഒരു ഉൾവിളികേട്ട് ഉണർന്നു. അങ്ങ് ദൂരെ എവിടെനിന്നോ അസാധാരണമായ സംഗീതഭാവത്തോടെ ആരോ വേദം ചൊല്ലുന്നു. അതെ, വ്യക്തമായി ഞാനതു കേൾക്കുന്നു. സമയം ഏതാണ്ട് രാത്രി രണ്ടുമണി. ഉറക്കം വരുന്നില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നു. ഏതോ ദിവ്യമായ ആകർഷണംപോലെ ആ വേദവാണി എന്നിൽ വന്നിറങ്ങുന്നു. പതിയേ ഞാൻ എഴുന്നേറ്റു. ഗംഗയെ ലക്ഷ്യമാക്കി നടന്നു. നദീതീരത്ത് ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിച്ച ഒരു ചെറിയ വിളക്കുകാലിനു സമീപമുള്ള ഇരിപ്പിടത്തിലിരുന്നു. പതുക്കെപ്പതുക്കെ ആ വേദവാണി എന്റെ അരികത്തുനിന്ന് കേൾക്കുമാറായി. ആശ്ചര്യമോ, ആനന്ദമോ, അതോ ഇതികർത്തവ്യതാമൂഢതയോ. ഒന്നും മനസ്സിലായില്ല. ജലപ്പരപ്പിൽനിന്ന് എവിടെനിന്നോ ഒരു ശബ്ദം വ്യക്തമായി ഞാൻ കേൾക്കുന്നു. "ഗീതാമൃതത്തെ ആസ്വദിക്കൂ, അതിൽ നിധിയായി ഞാനിരിപ്പുണ്ട്. ഗാഥാഗാനം മുതൽ എഴുതിത്തുടങ്ങൂ. വേദവിദ്യ അതിൽ പ്രകാശിച്ചുകൊള്ളും. യാജ്ഞവല്ക്യനും, കപിലമഹർഷിയും, വേദവ്യാസനും, പതഞ്ജലിയുമൊക്കെ നിന്നെ അനുഗ്രഹിക്കും." അതെ, ആ ഋഷിമാരുടെ വേദവാണിയാണ് ഞാൻ കേൾക്കുന്നത്. വ്യക്തമായി കേൾക്കാം. ശതപഥ ബ്രാഹ്മണപാരായണം. പ്രാചീനകാലത്തെ സത്രമങ്ങനെയായിരുന്നു എന്ന് വായിച്ചിട്ടുണ്ട്. പുരാണസപ്താഹം ശതപഥാദി ബ്രാഹ്മണങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു.

എല്ലാം ഒരു സ്വപ്നംപോലെ. കണ്ണുതുറന്നപ്പോൾ നേരം വെളുത്തിരുന്നു. നല്ല തണുപ്പുണ്ടായിരുന്നു. ഗംഗയിലിറങ്ങി ഒന്നു മുങ്ങിനിവർന്നു. കരയിലിരുന്ന് ബ്രഹ്മയജ്ഞം ചെയ്തു. അല്പം ഗായത്രിയും ജപിച്ചു. പതുക്കെ സാധാരണ നിലയിലേക്ക് സ്വയം വന്നെത്തിയപ്പോൾ തലേന്നു രാത്രിയിലെ അനിർവചനീയമായ അനുഭവത്തിന്റെ രഹസ്യം ഹൃദയത്തിൽ മറനീക്കി. ഗീതാഹൃദയം ഉൾതുറന്നു. ആനന്ദത്തോടെ മടങ്ങി.

ആ ദിവ്യമായ അനുഭൂതി പെയ്തിറങ്ങിയപ്പോൾ ഭഗവദ്ഗീതയുടെ തെളിമയായ അർഥം, സ്ഫുടംചെയ്ത ഔഷധംപോലെ എന്നിൽനിന്ന് കിനിഞ്ഞിറങ്ങി. അന്ന് ആരംഭിച്ച ഗീതാഭാഷ്യമാണ് ഇപ്പോൾ അനുവാചകരുടെ മുന്നിൽ സമർപ്പിക്കുന്നത്.

ഭഗവദ്ഗീത ഒരു സ്വതന്ത്രകൃതിയല്ല. അത് വേദവ്യാസവിരചിതമായ മഹാഭാരതത്തിന്റെ ഒരു ഭാഗം മാത്രമാണ്. കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ മഹാഭാരതത്തിലെ ഭീഷ്മപർവത്തിൽ 25 മുതൽ 42 കൂടിയുള്ള അധ്യായങ്ങളാണ് ഭഗവദ്ഗീത. 700 ശ്ലോകങ്ങളാണ് ആകെ ഗീതയിൽ നാം കാണുന്നത്. ധൃതരാഷ്ട്രർ ഒന്നും, സഞ്ജയൻ 40ഉം, അർജുനൻ 84ഉം, ശ്രീകൃഷ്ണൻ 575ഉം ശ്ലോകങ്ങൾ പറയുന്നു. വാസ്തവത്തിൽ മഹാഭാരതത്തിൽനിന്ന് അടർത്തി വേറെയാക്കി ഭഗവദ്ഗീതയെ വ്യാഖ്യാനിക്കാൻ ശ്രമിക്കുമ്പോഴും അത് അനിതരസാധാരണമാംവണ്ണം പൊക്കിൾകൊടിബന്ധത്തിലൂടെ മൂലസ്രോതസ്സിൽ ഉറച്ചിരിക്കുന്നതു കാണാം. പ്രത്യേകിച്ചും അർജുനവിഷാദയോഗംപോലുള്ള പ്രധാന ഭാഗങ്ങളിൽ. മഹാബാഹുവായി നിരവധി മഹായുദ്ധങ്ങളിൽ വിജയിച്ച മഹാരഥിയായ അർജുനന് എന്തുകൊണ്ട് വിഷാദമുണ്ടായി? ഈ ചോദ്യത്തിന് ഉത്തരമറിയണമെങ്കിൽ മഹാഭാരതം വായിച്ചേ പറ്റൂ. പിതൃക്കൾക്ക് യുദ്ധാനന്തരം എന്ത് സംഭവിക്കുമെന്ന ആശങ്കയും തുടർന്ന് യുദ്ധത്തേക്കാൾ നല്ലത് ഭിക്ഷ എടുക്കലാണെന്ന ചിന്തയും എങ്ങനെ അർജുനനുണ്ടായി? ഇതിനുത്തരവും മഹാഭാരതം നോക്കിയാലേ മനസ്സിലാകൂ. മഹാഭാരതത്തിന്റെ ആകെയുള്ള ചിന്തയുടെ ശലാകകൾ ഗീതയിൽ ചിതറിക്കിടക്കുന്നതുകാണാം. അതെടുത്ത് ഒരുമിപ്പിക്കുമ്പോഴാണ് ഗീതാഹൃദയം അഭിവ്യഞ്ജിക്കപ്പെടുക.

യുദ്ധമെന്ന സങ്കേതത്തെത്തന്നെ അകറ്റണമെന്ന ബൗദ്ധചിന്തയിൽ ആതതായികൾ മുളപൊട്ടുന്നുവെന്ന് തിരിച്ചറിഞ്ഞപ്പോൾ ശ്രീശങ്കരാചാര്യസ്വാമികളെപ്പോലുള്ളവർ ശ്രുതിനവോത്ഥാനത്തിന് ഉപയോഗിച്ച ഏറ്റവും മഹത്തായ ആയുധങ്ങളിലൊന്നാണ് ഭഗവദ്ഗീത. തന്റെ അദ്വൈതവേദാന്തത്തെ അരക്കിട്ടുറപ്പിക്കാൻ ശ്രുതികളിൽനിന്ന് ഉപനിഷത്തുക്കളെയും സൂത്രങ്ങളിൽനിന്ന് ബ്രഹ്മസൂത്രത്തെയും സ്മൃതിക

ളിൽനിന്ന് ഗീതയെയും അദ്ദേഹം ഭാഷ്യത്തിനായി തിരഞ്ഞെടുത്തു. അങ്ങനെ മഹത്തായ പ്രസ്ഥാനത്രയി രൂപപ്പെട്ടു.

എന്നാൽ ശ്രീശങ്കരാചാര്യരുടെ അദ്വൈതമതത്തെ അതിശക്തമായി എതിർത്തുകൊണ്ട് ഭേദാഭേദപരമ്പരയുടെ പ്രോക്താവായ ഭാസ്കരാചാര്യൻ രംഗത്തുവന്നു. ശ്രീശങ്കരന്റെ മായാവാദത്തിനെതിരെ അതിശക്തമായ വാദങ്ങൾകൊണ്ട് ഉത്തരപക്ഷം തീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മാത്രമല്ല, ഒരു പടികൂടി കടന്ന് മായാസിദ്ധാന്തം ശ്രീശങ്കരാചാര്യർ ബൗദ്ധരിൽനിന്ന് കടംകൊണ്ടതാണെന്നു പറയാനും ഭാസ്കരാചാര്യർ മടിച്ചില്ല.[1] ബ്രഹ്മസൂത്രത്തിന് വ്യാഖ്യാനമെഴുതുമ്പോൾ, സൂത്രത്തിന്റെ യഥാർഥ സ്വരൂപത്തെ മറച്ചുപിടിക്കുന്നവർക്കു മുന്നിൽ അത് തുറന്നുകാണിക്കാനാണ് താൻ ഒരുമ്പെടുന്നതെന്ന് അദ്ദേഹം പറയുന്നുണ്ട്. രാമാനുജനും മുൻപ് എ.ഡി ഒൻപതാം നൂറ്റാണ്ടിലായിരുന്നു ഭാട്ടഭാസ്കരാചാര്യന്റെ കാലമെന്ന് തത്ത്വചിന്താചരിത്രകാരനായ സുരേന്ദ്രനാഥ് ഗുപ്ത എഴുതുന്നു.[2] അതായത് ശ്രീശങ്കരാചാര്യരുടെ കാലത്തിന് തൊട്ടടുത്തെന്നർഥം.

തുടർന്നുവന്ന പ്രസിദ്ധനായ ശ്രീരാമാനുജാചാര്യനും (1017-1137) ആദിശങ്കരാചാര്യരുടെ അദ്വൈതസിദ്ധാന്തത്തോട് യോജിച്ചില്ല. വിശിഷ്ടാദ്വൈതമാണ് അദ്ദേഹം പ്രസ്ഥാനത്രയിയിൽ കണ്ടത്. ഗീതയ്ക്ക് ശ്രീഭാഷ്യം എന്ന പേരിൽ വ്യാഖ്യാനവും അദ്ദേഹം രചിച്ചു. പിന്നീട് ഗീതയ്ക്ക് ഭാഷ്യം രചിച്ച പലരും ശ്രീശങ്കരാചാര്യരുടെ എല്ലാ സിദ്ധാന്തങ്ങളെയും അതേപടി പകർത്തിയവരായിരുന്നില്ല. മാത്രവുമല്ല, ചിലരെങ്കിലും ശ്രീശങ്കരാചാര്യരെ മറുപക്ഷത്ത് ഇരുത്താനും മടിച്ചില്ല. നിമ്പാർക്കാചാര്യനും (1162), വല്ലഭാചാര്യനും (1479-1531), ചൈതന്യമഹാപ്രഭുവും (1486) മാധ്വാചാര്യനു(1238-1317)മൊക്കെ ശ്രീശങ്കരനോട് കലഹം പ്രഖ്യാപിച്ചവരായിരുന്നു. രാമാനുജൻ ഭക്തിയുടെ വഴിയിലായിരുന്നു. മാധ്വനാകട്ടെ (1199-1276) ദ്വൈതവാദംകൊണ്ട് അദ്വൈതവാദത്തിന് കൂച്ചുവിലങ്ങിട്ടു. പദ്മനാഭതീർഥ, ജയതീർഥ, രാഘവേന്ദ്രതീർഥ എന്നി

1. *യേ തു ബൗദ്ധമതാവലംബിനോ മായാവാദിനസ്തേƒപി അനേന....*
ഭാസ്കരഭാഷ്യം 2.2.29 cited from A history of Indian Philosophy Vol. 3. chapter 15, The Bhaskara School of Philosophy.

2. Ibid.

വർ ദ്വൈതവാദവുമായി ഗീതയ്ക്ക് നവംനവങ്ങളായ ഭാഷ്യങ്ങൾ കോറിയിട്ടു. ഗീതാഭാഷ്യഭാവദീപിക, ഗീതാതാത്പര്യ-നിർണയ-പ്രകാശിക തുടങ്ങിയ ഗ്രന്ഥങ്ങൾ ഈ വഴിക്ക് വലിയ സംഭാവനകൾ നല്കി.

എന്തിന്, ശ്രീശങ്കരാചാര്യരുടെ അദ്വൈതസിദ്ധാന്തത്തെ ഉയർത്തിക്കാട്ടിയ പ്രഗദ്ഭനായ മധുസൂദനസരസ്വതി(1540–1640)വരെ ശ്രീശങ്കരാചാര്യരുടെ പല സിദ്ധാന്തങ്ങളോടും വിയോജിച്ചുകൊണ്ടാണ് ഭഗവദ്ഗീതാവ്യാഖ്യാനം രചിച്ചത്. വിശ്വേശ്വരസരസ്വതിയുടെയും മാധവസരസ്വതിയുടെയും ശിഷ്യനായിരുന്ന മധുസൂദനസരസ്വതിയുടെ ഗീതാഭാഷ്യമായ ഗൂഢാർഥദീപിക ഈ ഗ്രന്ഥകാരനും ഏറെ സഹായകമായിട്ടുണ്ട്. കൂടാതെ കേശവകാശ്മീരി ഭട്ടാചാര്യ രചിച്ച 'തത്ത്വപ്രകാശിക', ശങ്കരാനന്ദയുടെ 'താത്പര്യബോധിനി', ശ്രീധരസ്വാമിയുടെ 'സുബോധിനി', സദാനന്ദയുടെ 'ഭാവപ്രകാശം', ധനപതിസൂരിയുടെ 'ഭാഷ്യോത്കർഷദീപിക', ദൈവാജ്ഞാ പണ്ഡിതസൂര്യയുടെ 'പരമാർഥപ്രപാ', രാഘവേന്ദ്രയുടെ 'അർഥസംഗ്രഹം' എന്നിവയും ഈ ഭാഷ്യം രചിക്കാൻ എനിക്ക് ഏറെ സഹായകരമായി.[3]

ആധുനികകാലത്ത് ബാലഗംഗാധരതിലകൻ പ്രവൃത്തിമാർഗത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കാൻവേണ്ടി രചിച്ച 'ഗീതാരഹസ്യം' ഈ മേഖലയിൽ ഏറ്റവും ഔന്നത്യത്തിൽ വിരാജിക്കുന്നു. വിനോബാഭാവെ, ഗാന്ധിജി, ശ്രീ അരബിന്ദോ, ഡോ. എസ്. രാധാകൃഷ്ണൻ, സ്വാമി ചിന്മയാനന്ദ, സ്വാമി ദയാനന്ദ സരസ്വതി, പരമഹംസയോഗാനന്ദ എന്നിവരെല്ലാം ഭഗവദ്ഗീതയെ തങ്ങളുടെ സ്വത്വമാക്കി അവതരിപ്പിച്ചു. വീണ്ടും ജീനിൻ ഫൗളർ (Jeaneane Fowler), ഇതമാർ തിയോഡർ (Ithamar Theodor), മഹർഷി മഹേഷ് യോഗി, സാധു വാസ്വാനി തുടങ്ങിയവരെല്ലാം ഭഗവദ്ഗീതയ്ക്ക് അർഥം ചമച്ചവരാണ്. ഇംഗ്ലീഷിൽ ഇദംപ്രഥമമായി ഒരു ഗീതാതർജമ ഉണ്ടായത് ചാൾസ് വിൽകിൻസിലൂടെയാണ്. 1785ൽ ബുലെന്റ് എച്വിറ്റ് ടർക്കിഷ് ഭാഷയിൽ ഭഗവദ്ഗീത പുറത്തിറക്കി. അങ്ങനെ അനേകശതം ഭാഷകളിൽ അനേകവിധം വ്യാഖ്യാനങ്ങ

3. ശ്രീമദ് ഭഗവദ്ഗീത-*തത്ത്വപ്രകാശികേത്യാദ്യഷ്ടടീകോപേതാ.*
സമ്പാദകർ: ശാസ്ത്രി ജീവരാം ലല്ലൂരാം, ബക്രേമഹാദേവ ഗങ്ഗാധരറാവ്, ദിനകര വിഷ്ണു ഗോഖലെ-പരിമൾ പ്രകാശൻ, ദൽഹി, In 3 Vols; 2011.

ളിൽ ഭഗവദ്ഗീത ഹൃദയത്തിന്റെ തുയിലുണർത്തുന്ന ആത്മഗീതമായി പരിണമിച്ചു.

എന്നാൽ ഗീത രചിക്കപ്പെടുമ്പോൾ, അതായത് 5000 വർഷം മുൻപ് ഈ ശ്ലോകങ്ങളിൽ പ്രയോഗിച്ച വാക്കുകളുടെ യഥാതഥമായ അർഥമെന്തായിരുന്നു? അന്ന് ഗുരുകുലങ്ങളിൽ പഠിപ്പിച്ചിരുന്നത് സനാതനധർമത്തിന്റെ അടിസ്ഥാനമായ വേദങ്ങളാണ്. ആ വേദങ്ങൾ പഠിക്കാൻ സഹായകമായിരുന്നത് സാംഖ്യം, യോഗം, ന്യായം, വൈശേഷികം, മീമാംസ, വേദാന്തം എന്നീ ഷഡ്ദർശനങ്ങളും, ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം എന്നീ വേദാംഗങ്ങളുമാണ്. കൂടാതെ അന്ന് വേദഭാഷ്യങ്ങളായ ബ്രാഹ്മണങ്ങളും, ആരണ്യകങ്ങളും, ഉപനിഷത്തുക്കളും പഠിപ്പിക്കപ്പെട്ടു. ആ കാലഘട്ടത്തിലെ വൈദികസരണിയെ പിന്തുടർന്നുകൊണ്ടാണ് വേദവ്യാസൻ മഹാഭാരതം രചിച്ചത്. വേദാന്തദർശനത്തിന്റെ കർത്താവും പാതഞ്ജലയോഗദർശനത്തിന്റെ ഭാഷ്യകാരനുമാണ് വ്യാസൻ. അപ്പോൾ അത്തരം ദാർശനികചിന്തകൾ മഹാഭാരതത്തിലും അതിലുൾപ്പെട്ട ഭഗവദ്ഗീതയിലും നാം കാണേണ്ടതാണ്. അഥവാ ഈ ദർശനങ്ങളുടെ തുടർച്ച മാത്രമാണ് ഗീത. എന്നാൽ നാനാവിധങ്ങളായ ഭാഷ്യങ്ങളുടെ തിരതള്ളിച്ചയിൽ ഈ വൈദികസരണിയുടെ ചിലമ്പൊലി പലരും കേൾക്കാതെ പോകുന്നു. ഷഡ്ദർശങ്ങളിലെ പാരസ്പര്യം മനസ്സിലാക്കാതെ സാംഖ്യദർശനത്തെ പാടേ വിപാടനം ചെയ്യാൻപോലും ചിലർ ഒരുമ്പെട്ടു. പ്രാചീന ആചാര്യന്മാരിൽ പ്രഥമഗണനീയനായ കപിലമഹർഷിയെ പരമസിദ്ധനായി പരിഗണിക്കാൻ ഭഗവാൻ ശ്രീകൃഷ്ണന് ഒരു മടിയുമുണ്ടായില്ല. മഹർഷിയായ കപിലാചാര്യനെ വിഷ്ണുസഹസ്രനാമത്തിലൂടെ സ്മരിക്കാൻ വേദവ്യാസനും മടിയുണ്ടായില്ല. എന്നാൽ അതേ സാംഖ്യനെ മന്ദമതിയെന്ന് വിളിക്കാൻ ശ്രീശങ്കരാചാര്യർക്ക് ഒരു മടിയുമുണ്ടായില്ലെന്ന് കാണുമ്പോൾ നമുക്ക് അദ്ഭുതം തോന്നും.

ഭഗവദ്ഗീതയുടെ ഹൃദയത്തെ തൊട്ടിരിക്കുന്ന സാംഖ്യദർശനകാരനായ കപിലമുനിയെ ഈ വ്യാഖ്യാനത്തിൽ വ്യക്തമായി ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ, സാംഖ്യമെന്നതുകൊണ്ട് 'കപിലാചാര്യന്റെ സാംഖ്യദർശന' മെന്ന് അർഥമെടുക്കരുതെന്നും പാരിഭാഷികമായ അർഥത്തിൽ വിശേ

ഷജ്ഞാനത്തെ കുറിക്കാനാണ് സാംഖ്യമെന്ന് പറയുന്നതെന്നും ചില വ്യാഖ്യാതാക്കൾ പറഞ്ഞുകാണുന്നു. എന്നാൽ ഇതു ശരിയല്ല. ഗീതയിൽ (18.13) കപിലാചാര്യന്റെ സാംഖ്യത്തെത്തന്നെ കൃത്യമായി പറഞ്ഞിരിക്കെ, അത് സാംഖ്യമല്ല വേദാന്തമാണ് എന്നു പറയാൻപോലും ചില വ്യാഖ്യാതാക്കൾ മടിച്ചില്ല. എന്നാൽ ഗീതയുടെ പല ശ്ലോകങ്ങളും കപിലമുനിയെ ആശ്രയിച്ചാണ് രചിച്ചിരിക്കുന്നതെന്ന് ഈ ഗ്രന്ഥത്തിൽ തുറന്നുകാട്ടിയിട്ടുണ്ട്. ഗീതയുടെ രണ്ടാമധ്യായമായ സാംഖ്യയോഗം കപിലമുനിയുടെ ഹൃദയത്തെ ചിത്രീകരിച്ചതെങ്ങനെയെന്ന് എഴുതി അവതരിപ്പിച്ചിട്ടുണ്ട്. ഗീതയുടെ പതിനാലാം അധ്യായത്തിൽ അഞ്ചുമുതൽ ഇരുപതുവരെ ശ്ലോകങ്ങളിൽ ത്രൈഗുണ്യത്തെക്കുറിച്ചു പറയുന്നതത്രയും സാംഖ്യദർശനത്തിൽനിന്ന് എടുത്ത് ഉദ്ധരിച്ചതാണ്. പദാനുപദപ്രയോഗങ്ങൾപോലും സാംഖ്യദർശനത്തെ ആധാരമാക്കി ഗീതയിൽ പ്രയോഗിച്ചതുകാണാം. ഗീതയിൽ (14.6 മുതൽ 9 വരെ) കാണുന്ന സാംഖ്യസിദ്ധാന്തം സാംഖ്യദർശനം 1.62ൽനിന്ന് കടമെടുത്തതാണെന്നു മനസ്സിലാക്കാം. ഗീതയിലെ 14.18 ശ്ലോകം നിർമിച്ചിരിക്കുന്നത് സാംഖ്യദർശനത്തിലെ 3.48, 49, 50 സൂത്രങ്ങൾ ഒന്നിനുപിറകെ ഒന്നായി അടുക്കിവെച്ചുകൊണ്ടാണ്. ഒരുപക്ഷേ, ബ്രഹ്മസൂത്രരചയിതാവായ വേദവ്യാസൻ കപിലാചാര്യനെ അത്രകണ്ടു ബഹുമാനിച്ചിരുന്നിരിക്കണം. അതിനാലാകണം മഹാഭാരതത്തിൽ അദ്ദേഹം ഇങ്ങനെ എഴുതിയത്:

**സാംഖ്യം വിശാലം പരമം പുരാണം മഹാർണവം വിമലമുദാരകാന്തമ്.**
**കൃത്സ്നം ച സാംഖ്യം നൃപതേ മഹാത്മാ നാരായണോ ധാരയതേഽപ്രമേയമ്.**

(മഹാഭാരതം ശാന്തിപർവം 301.114)

അർഥം: സാംഖ്യന്റെ ജ്ഞാനം അത്യന്തം വിശാലവും ഏറെ പ്രാചീനവുമാണ്. അത് മഹാസാഗരത്തെപ്പോലെ അഗാധവും നിർമലവും ഉദാരഭാവങ്ങളാൽ പരിപൂർണവും അതിസുന്ദരവുമാകുന്നു. നരനാഥാ, പരമാത്മാവായ ഭഗവാൻ നാരായണൻ ഈ പരിപൂർണമായ, അപ്രമേയസാംഖ്യജ്ഞാനത്തെ പൂർണരൂപത്തോടെ ധരിച്ചിരിക്കുന്നു.

ഭഗവാൻ ശ്രീകൃഷ്ണൻ യോഗഭാവത്തിലേക്ക് ഉയർന്നാണ് ഗീത ഉപദേശിച്ചത്. മഹാഭാരതയുദ്ധാനന്തരം സ്വരാജ്യത്തിലേക്ക് മടങ്ങിപ്പോകാൻ

ഒരുമ്പെടുന്ന ശ്രീകൃഷ്ണനോട് അർജുനൻ ഒരിക്കൽകൂടി ഗീത ഉപദേശിച്ചുതരാൻ അഭ്യർഥിക്കുന്നുണ്ട്. ക്ഷത്രിയനായ അർജുനന് ഗീതയിലെ ഉന്നതമായ തത്ത്വങ്ങൾ പൂർണമായും ഉൾക്കൊള്ളാൻ കഴിയില്ലെന്ന് യോഗേശ്വരനും ജ്ഞാനിയുമായ ഭഗവാൻ ശ്രീകൃഷ്ണന് അറിയുമായിരുന്നില്ലേ? എന്നിട്ടും എന്തിന് ഭഗവാൻ ശ്രീകൃഷ്ണൻ അർജുനന് ഗീതാശാസ്ത്രം ഉപദേശിച്ചു? എന്തിന് വ്യാസൻ വിഷയാവതരണത്തിന് ഇത്തരമൊരു സന്ദർഭം തിരഞ്ഞെടുത്തു? ശ്രീകൃഷ്ണൻതന്നെ പറഞ്ഞത് കാണുക:

**'ഏവം പരമ്പരാപ്രാപ്തമിമം രാജർഷയോ വിദുഃ**
**സ കാലേനേഹ മഹതാ യോഗോ നഷ്ടഃ പരന്തപ.'** (ഗീത 4.2)

അർഥം: 'ഇങ്ങനെ പരമ്പരാപ്രോക്തമായി ലഭിക്കുന്ന യോഗം രാജർഷിമാർ മനസ്സിലാക്കി. എന്നാൽ പരന്തപാ, ഈ യോഗം ഏറെ കാലമായി ഈ ഭൂമിയിൽ നഷ്ടപ്പെട്ടതായിരുന്നു.' അങ്ങനെ നഷ്ടപ്പെട്ടുപോയ ഈ യോഗത്തെ നൽകാൻ ശ്രീകൃഷ്ണന് ഒരു ബ്രാഹ്മണനെ തിരഞ്ഞെടുത്തുകൂടായിരുന്നോ? എന്തിന് ഈ ജ്ഞാനവാരിധി ഒരു ക്ഷത്രിയന് നൽകി?

ഈ വിധങ്ങളായ നിരവധി ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കണമെങ്കിൽ അയ്യായിരം വർഷം മുൻപ് ഗുരുകുലങ്ങളിൽ പഠിപ്പിച്ചിരുന്ന വൈദികസരണി എന്താണെന്ന് മനസ്സിലാകണം. ഭഗവദ്ഗീതയുടെ ആന്തരികാർഥം നിലനിൽക്കുന്നത് രാഷ്ട്രവ്യവഹാരസംവിധാനങ്ങൾ ചൂണ്ടിക്കാണിക്കുന്ന യജുർവേദത്തിലും അതിന്റെ ബ്രാഹ്മണമായ ശതപഥബ്രാഹ്മണത്തിലുമൊക്കെയാണ്. ജ്ഞാനത്തിന്റെ യഥാതഥസ്വരൂപമാകട്ടെ ഋഗ്വേദത്തിൽനിന്ന് കടംകൊണ്ടതും. വേദസാരമാണ് ഭഗവദ്ഗീത എന്ന് പലരും പറയാറുണ്ട്. എന്നാൽ ഏത് വേദത്തിന്റെ? ഏത് മന്ത്രത്തിന്റെ? ഏത് ആഖ്യാനത്തിന്റെ? - ഇതിലെ രഹസ്യങ്ങളുടെ ചുരുളഴിക്കാൻ നമുക്ക് പ്രാചീനതമമായ വൈദികഗ്രന്ഥങ്ങളിലേക്ക് ഊളിയിട്ട് പോകേണ്ടതുണ്ട്. വൈദികകർമകാണ്ഡത്തെ പലവുരു വിമർശിക്കുന്നതിന് ആയുധമാക്കാറുള്ള ഭഗവദ്ഗീതയുടെ ആന്തരികാർഥം കിടക്കുന്നത് അത്തരമൊരു കർമകാണ്ഡബ്രാഹ്മണത്തിലാണ്. ശതപഥബ്രാഹ്മണത്തിൽ.

ശതപഥത്തിൽ കാമ്യകർമമായ അശ്വമേധയജ്ഞത്തെ വിശദീകരിക്കുന്ന 13-ാം കാണ്ഡത്തിൽ ഒന്നാം അധ്യായത്തിലെ അഞ്ചാം ബ്രാഹ്മണം വിവരിക്കുന്നത് 'ഗാഥാഗാന'മാണ്. രാഷ്ട്രസ്ഥാപനത്തിന്റെ ഭാവത്തെ വ്യഞ്ജിപ്പിക്കുന്ന അശ്വമേധയജ്ഞത്തിലെ ഗാഥാഗാനം ധർമസംസ്ഥാപനത്തിന് ഒരുങ്ങുന്ന പരന്തപനായ അർജുനന് മുൻപിൽ ആഖ്യാനരീതിയിൽ ശ്രീകൃഷ്ണൻ അവതരിപ്പിക്കുന്നതാണ് ഗീതാഹൃദയമെന്ന് എത്ര പേർക്കറിയാം? എന്താണ് ഗാഥാഗാനം? ആ പേരിനും അപ്പുറത്ത് അതിന് ഭഗവദ്ഗീതയുമായി എന്തെങ്കിലും ബന്ധമുണ്ടോ? അതിന് കൃഷ്ണാർജുനന്മാരുമായി ബന്ധം വല്ലതുമുണ്ടോ? എല്ലാറ്റിനും ഉത്തരമുണ്ട് ഗാഥാഗാനത്തിൽ. വ്യാസന്റെ പാദങ്ങൾ പിൻപറ്റി നമുക്കുമൊന്ന് അശ്വമേധയജ്ഞം ചെയ്യാം.

**'രാഷ്ട്രം വാ അശ്വമേധം'**(13.1.6.3) എന്ന് ശതപഥബ്രാഹ്മണം പറയുന്നുണ്ട്. അതായത് അശ്വമേധമെന്നാൽ രാഷ്ട്രസംരക്ഷണമാണെന്നർഥം. രാഷ്ട്രസംരക്ഷണത്തിന്റെ പ്രതീകവത്കരണമാണ് ഈ യജ്ഞം. ബ്രാഹ്മണങ്ങളിൽനിന്ന് നാം ഉൾക്കൊള്ളേണ്ട തത്ത്വങ്ങളുണ്ട്. ശതപഥത്തിൽ ഗാഥാഗാനത്തിന് തൊട്ടുമുൻപ് വിവരിക്കുന്നത് സാവിത്ര്യ ഇഷ്ടികളാണ്.

'സവിതാദേവതയ്ക്കുള്ള ഇഷ്ടികളാണിത്. 'സവിതാ' ഇവിടെ പൃഥിവിയാണ്. രാത്രിയാണ് ക്ഷേമത്തെ നൽകുന്നത്. സായംകാലത്തിനുശേഷമാണ് സകലജീവികളും വിശ്രമിക്കുന്നത്. രാത്രി അവരിൽ ധൃതിയെ നിറയ്ക്കുന്നു. സുഖദുഃഖങ്ങൾ, ഹാനിലാഭങ്ങൾ എന്നിവയിൽ വ്യാകുലപ്പെട്ട് ധർമത്തെ വെടിയാതിരിക്കുകയും സധൈര്യം ധർമത്തിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നതിനെയാണ് 'ധൃതി' എന്നു പറയുന്നത്.[4] എന്നാൽ പ്രഭാതത്തിലാണ് അവർ പ്രവൃത്തികളിൽ ഏർപ്പെടുന്നത്. അതിനാൽ സാവിത്ര്യഇഷ്ടികളുടെ സമയവും പ്രഭാതമാണ്. ഇങ്ങനെ യജമാനൻ അശ്വമേധത്തിൽ, രാത്രിയിൽ ധൃതിയെ സംഗതമാക്കുകയും പകൽ ഇഷ്ടികളെ ചെയ്യുകയും ചെയ്താൽ രാഷ്ട്രത്തിൽ പ്രജകൾക്ക് യോഗക്ഷേമമുണ്ടാകുന്നു.' സാവിത്ര്യ ഇഷ്ടികളെക്കുറിച്ച് ശതപഥത്തിലുള്ള വിവരണമാണ് ഇവിടെ എഴുതിയത്. ഇനിയാണ് ഗാഥാഗാനത്തിന്റെ

4 മനുസ്മൃതി 6.92

വിവരണം കാണുന്നത്. ഗാഥാഗാനമെന്നാൽ എന്തെന്ന് സംഗ്രഹിച്ച് എഴുതാം.

'ഐശ്വര്യത്തിന്റെ പ്രതീകമായ വീണയെ മീട്ടിക്കൊണ്ട് ഗാഥാഗാനം ചെയ്യുന്ന രണ്ടുപേരും ബ്രാഹ്മണരാണെങ്കിൽ അതിന്റെ ഫലം ശുഭമാകില്ല. 'ക്ഷത്രം' അവിടെനിന്നും നഷ്ടമാകുന്നു. ഇരുവരും ക്ഷത്രിയരാണെങ്കിൽ 'ബ്രഹ്മവർച്ചസ്' നഷ്ടപ്പെട്ടുപോകും. കാരണം ബ്രാഹ്മണൻ ബ്രഹ്മരൂപിയും ക്ഷത്രിയൻ ക്ഷത്രരൂപിയുമാണ്. അതിനാൽ ബ്രാഹ്മണനും ക്ഷത്രിയനും ചേർന്ന് 'ശ്രീ'യെ സുരക്ഷിതമാക്കുന്നു. അതേപോലെ രണ്ടുപേരും രാത്രിയിലാണ് പാടുന്നതെങ്കിൽ ബ്രഹ്മവർചസ് നഷ്ടപ്പെട്ടുപോകുന്നു. രണ്ടുപേരും പകൽ പാടുമ്പോൾ ക്ഷത്രിയത്വവും നഷ്ടപ്പെട്ടുപോകുന്നു. കാരണം രാത്രി ക്ഷത്രിയത്വത്തിന്റെ രൂപമാണ് (ക്ഷതത്തിൽനിന്നും ത്രാണനം ചെയ്യിക്കുന്നതാണ് രാത്രി), പകൽ ബ്രഹ്മവർചസിന്റെയും. അതിനാൽ പകൽ ബ്രാഹ്മണനും രാത്രി ക്ഷത്രിയനും പാടുന്നു. ഇപ്രകാരം ഇരുവരും ചേർന്ന് ശ്രീയെ സുരക്ഷിതമാക്കുന്നു. "യജ്ഞം ചെയ്തു, ദാനം ചെയ്തു" എന്നിങ്ങനെയാണ് ബ്രാഹ്മണൻ പാടുന്നതെങ്കിൽ "യുദ്ധം ചെയ്തു, സംഗ്രാമത്തിൽ വിജയം നേടി" എന്നിങ്ങനെ ക്ഷത്രിയനും പാടുന്നു.' - ഇതാണ് ഗാഥാഗാനത്തിന്റെ സംഗ്രഹം.

ബ്രാഹ്മണങ്ങളിലെ അർഥവാദകഥകളിൽനിന്നും അതേപടി അർഥം സ്വീകരിക്കരുത്. ശ്രുതിവചനങ്ങളുടെ അർഥവ്യാപ്തി വളരെ ഏറെയാണ്. ചില കാര്യങ്ങൾ ഇവിടെനിന്നും മനസ്സിലാക്കാനുണ്ട്. രാഷ്ട്രസംരക്ഷണത്തിനായുള്ള അശ്വമേധയജ്ഞത്തിൽ ഗാനാലാപനച്ചടങ്ങിൽ ഒരാൾ ബ്രാഹ്മണനും മറ്റേ ആൾ ക്ഷത്രിയനുമാണ്. അല്ലെങ്കിൽ ശ്രീ അഥവാ ഐശ്വര്യം നഷ്ടമാകും. രാഷ്ട്രപാലനത്തിൽ ബ്രാഹ്മണന്റെ ജ്ഞാനവും ക്ഷത്രിയന്റെ ബലവും ഒത്തുചേരണം. അപ്പോഴേ വിജയം ഉണ്ടാകൂ. യുദ്ധത്തിലും അങ്ങനെതന്നെയാണ്. ക്ഷത്രിയബലവും ബ്രാഹ്മണന്റെ യുദ്ധതന്ത്രങ്ങളും ഒന്നുചേരുമ്പോഴേ വിജയം കൈവരിക്കാൻ കഴിയൂ. ചാണക്യ-ചന്ദ്രഗുപ്തന്മാർ ഒരു ഉദാഹരണം. വ്യാസന്റെ കഥാപാത്രങ്ങളായ ശ്രീകൃഷ്ണനും അർജുനനും കടന്നുവരുന്നത് ഈ ഭാവത്തിൽനിന്നാണ്. പകൽ യുദ്ധം തുടരുന്നതനുസരിച്ച് ക്ഷത്രിയൻ ക്ഷീണി

ച്ചുവരുന്നു. അവർക്ക് നഷ്ടപ്പെട്ട ക്ഷാത്രവീര്യത്തെ ശരീരത്തിൽ പുനഃ സ്ഥാപിക്കാൻ ഉള്ള സമയമാണ് രാത്രി. ഗാഥാഗാനം അവനെ സംബ ന്ധിച്ച് വിശ്രമമാണ്. ബ്രാഹ്മണന്റെ കാര്യമാകട്ടെ നേരെ മറിച്ചാണ്. യജ്ഞാദി പ്രവൃത്തികളിൽ ഏർപ്പെടുന്ന ബ്രാഹ്മണന് അതിൽ ഏർപ്പെ ടുന്നതനുസരിച്ച് ശക്തി വർധിച്ചുവരുന്നു. വിശ്രമത്തിലേർപ്പെടുമ്പോൾ ആ ശക്തി ക്ഷയിക്കുകയും ചെയ്യുന്നു. ഇത് പകലിന്റെ ഗുണമാണ്. ഓരോ വ്യക്തിയിലും ഈ രണ്ട് ഗുണങ്ങളുണ്ട്.

എന്നാൽ ഗീതാസന്ദർഭം അല്പം വ്യത്യസ്തമാണ്. യുദ്ധം കഴിയു മ്പോൾ വന്നുചേരുന്ന ക്ഷീണം അർജുനന് യുദ്ധത്തിന് മുൻപേ വന്നു കൂടി. യുദ്ധാനന്തരമുണ്ടാകുന്ന വികാരവിക്ഷോഭങ്ങളാണ് അർജുനനിൽ അത് തുടങ്ങുന്നതിന് മുൻപേ നാം കാണുന്നത്. ശതപഥബ്രാഹ്മണത്തിൽ നേരത്തെ വിശേഷിപ്പിച്ച 'ധൃതി' നഷ്ടപ്പെട്ട അർജുനന് അതിനെ വീണ്ടെ ടുക്കാൻ ഒരു രാത്രിയുടെ സഹായം കൂടിയേ കഴിയൂ. ഈ രാത്രിയാണ് കൃഷ്ണൻ. കൃഷ്ണശബ്ദത്തിന് കറുപ്പ് (രാത്രി) എന്നും അർജുന ശബ്ദ ത്തിന് വെളുപ്പ് (പകൽ) എന്നുമാണ് സംസ്കൃതത്തിൽ അർഥം. മനസ്സ് കലുഷിതമായ അർജുനനിൽ ധൃതി നിറച്ച് പ്രവൃത്തിപഥത്തിലേക്ക് ആന യിക്കുക എന്ന കർത്തവ്യമാണ് ശ്രീകൃഷ്ണന്റേത്.

ഇതിന് ആദ്യം അർജുനന് വിവേകബുദ്ധിയുണ്ടാകണം. അതിനാണ് ഗീതയുടെ തുടക്കത്തിൽതന്നെ സാംഖ്യം ഉപദേശിക്കാൻ ഭഗവാൻ തീരുമാനിച്ചത്. കാരണം ദുഃഖനിവൃത്തിക്കുള്ള ആത്യന്തിക ഉപായം ഉപ ദേശിക്കുന്നത് കപിലമുനിയാണ്.(5) ദുഃഖബന്ധനത്തിനുള്ള കാരണം സാംഖ്യദർശനത്തിൽ കപിലമുനിയാണ് കണ്ടെത്തിയിട്ടുള്ളത്. എന്നാൽ അതേ സാംഖ്യദർശനകർത്താവായ കപിലമുനിയെ തള്ളുന്നവർക്ക് എന്തിന് സാംഖ്യം തുടക്കത്തിലേ ഉപദേശിച്ചുവെന്ന ചോദ്യത്തിന് ഉത്തരം പറയാൻ കഴിയില്ല. ഗീതയുടെ അധ്യായങ്ങളുടെ ക്രമത്തിൽ അർജുനവിഷാദയോഗാനന്തരം സാംഖ്യയോഗം വന്നാലേ 'രാത്രി-പക ലുകളുടെ' (കൃഷ്ണാർജുനഭാവത്തിന്റെ) കുരുക്ക് അഴിക്കാൻ കഴിയൂ. ദുഃഖത്തിൽനിന്നുള്ള ആത്യന്തികനിവൃത്തിക്ക് കപിലമുനി നൽകുന്ന

---

5. *അഥ ത്രിവിധദുഃഖാത്യന്തനിവൃത്തിരത്യന്തപുരുഷാർഥഃ.*

(സാംഖ്യദർശനം ആദ്യസൂത്രം)

ഒറ്റമൂലി വിവേകജ്ഞാനമാണ്. അർജുനന്റെ അവസ്ഥയാകട്ടെ ദുഃഖമയം, വിഷാദമഗ്നം. അതിനെ മാറ്റാൻ സാംഖ്യത്തിലൂടെ ഗീതോപദേശം ആരംഭിക്കുന്നു. സാംഖ്യദർശനത്തിന്റെ അന്തഃസത്തയെ ശ്രീകൃഷ്ണൻ സാംഖ്യയോഗത്തിൽ ക്രമാനുഗതമായി വിവരിക്കുന്നത് ഗീതാവ്യാഖ്യാനത്തിൽ കൃത്യമായി ചൂണ്ടിക്കാട്ടിയിട്ടുള്ളതിനാൽ ഇവിടെ കൂടുതൽ പറയുന്നില്ല.

ഗീതോപദേശത്തിന്റെ അന്തഃസത്ത അശ്വമേധയജ്ഞത്തിൽനിന്ന് കടംകൊണ്ടതാണെന്ന് സൂചിപ്പിച്ചുവല്ലോ. ശ്രുതിപ്രയുക്തമായ ഗാഥാഗാനം വ്യാസൻ ഭഗവദ്ഗീതയാക്കി എന്നുമാത്രം. ഗീത വേദസാരമാണെന്ന് പറയുന്നതിലും ചെറിയ അപാകമുണ്ട്. അറിവിന്റെ അനന്തവിഹായസ്സാണ് വേദങ്ങൾ. അധ്യാത്മവിദ്യ, ധർമവിദ്യ, ആയുർവേദം, ശില്പകല, പദാർഥവിജ്ഞാനീയം, സംഗീതശാസ്ത്രം, നാട്യശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, ഗണിതം, യോഗവിദ്യ തുടങ്ങി അനേകം ശാസ്ത്രങ്ങളുടെ ബീജരൂപം വേദമന്ത്രങ്ങളിലുണ്ട്. എന്നാൽ അവയെല്ലാം ഗീതയിലില്ല. എന്നാൽ ചില വേദമന്ത്രങ്ങളുടെ വ്യാഖ്യാനങ്ങളാണ് ഭഗവദ്ഗീതയിൽ സർവത്ര കാണുന്നത് എന്ന് പറഞ്ഞാൽ അത് ശരിയാകും. ഋഗ്വേദത്തിന്റെ ആറാം മണ്ഡലത്തിലെ ഒരു മന്ത്രം കാണുക.

**അഹശ്ച കൃഷ്ണം അഹരർജുനം ച**
**വി വർതേതേ രജസീ വേദ്യാഭിഃ**
**വൈശ്വാനരോ ജായമാനോ ന**
**രാജാവാതിരജ്ജ്യോതിഷാഗ്നിസ്തമാംസി.** (ഋഗ്വേദം 6.9.1)

ഈശ്വരന്റെ മഹിമയെ പാരാട്ടുന്ന ദിനരാത്രചക്രത്തെക്കുറിച്ചാണ് മന്ത്രത്തിൽ പറയുന്നത്. ഇവിടെ രാത്രിയെ 'കൃഷ്ണം അഹ' എന്നും പകലിനെ 'അർജുനം അഹ' എന്നും പറയുന്നു.

അർജുനനിൽ ക്ഷത്രിയത്വം നിറയ്ക്കുന്ന കൃഷ്ണനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചു. അതിനും വേദപ്രാമാണ്യം ഉണ്ട്. കാണുക:

**'കൃഷ്ണായാഃ പുത്രോ അർജുനോ രാത്ര്യാ വത്സോ$^{/}$ജായത'**

(അഥർവവേദം 13.3.26)

'കൃഷ്ണാ' അഥവാ രാത്രിയുടെ പുത്രനായി അർജുനൻ ജനിച്ചുവെന്ന് അർഥം. വ്യാസൻ മഹാഭാരതത്തിൽ സ്വീകരിച്ച കഥാപാത്രനാമങ്ങൾ പലതും വേദാന്തർഗതങ്ങളാണ്. ഋഗ്വേദത്തിലെ ആറാം മണ്ഡലത്തിൽതന്നെ കടന്നുവരുന്ന 'ദ്രോണ'(6.2.8), 'അച്യുത' (6.22.6), 'ഭീമ' (6.3.3, 6.6.5), 'ഭാരത' (6.16.9,45), 'ധനഞ്ജയ' (6.16.15) തുടങ്ങിയ നാമങ്ങളെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. മഹാഭാരതകാലത്ത് ജീവിച്ചിരുന്ന ദ്രോണരും ഭീമനുമെല്ലാം എങ്ങനെ ഋഗ്വേദത്തിലെത്തിയെന്ന് സംശയം തോന്നാം. ഓരോ ഗുണങ്ങളെ കുറിക്കാനാണ് വേദങ്ങളിൽ ഈ നാമങ്ങൾ ഉപയോഗിച്ചത്. അല്ലാതെ വ്യക്തികളുടെ ചരിത്രകഥനമല്ല. വേദങ്ങളിൽ വ്യക്തിചരിത്രമില്ല. ഭയങ്കരമായത് എന്നാണ് 'ഭീമ'ശബ്ദത്തിനർഥം. ദൃഢമായതെന്ന് 'അച്യുത'ശബ്ദത്തിനർഥം. ജലം നിറഞ്ഞിരിക്കുന്നതെന്ന് 'ദ്രോണ'ശബ്ദത്തിനർഥം പറയണം.

നാമങ്ങൾ മാത്രമല്ല പല ആശയങ്ങളും വേദങ്ങളിൽനിന്നാണ് ഭഗവദ്ഗീതയിൽ കടംകൊണ്ടിരിക്കുന്നത്. ആശയങ്ങൾ സമാനപദങ്ങളോടൊത്ത് വേദവ്യാസൻ ഗീതാശ്ലോകങ്ങളിലേക്ക് പകർത്തി. അതിനുള്ള ഉദാഹരണമെഴുതാം. ഗീതയിലെ പ്രശസ്തമായ ശ്ലോകം കാണുക:

**പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാമ്**
**ധർമസംസ്ഥാപനാർഥായ സംഭാവാമി യുഗേ യുഗേ.** (ഗീത 4.8)

ഇതേ ആശയവും പദപ്രയോഗങ്ങളും വരുന്ന ഋഗ്വേദമന്ത്രം കാണുക:

**ത്വാം ദൂതമഗ്നേ അമൃതം യുഗേ യുഗേ**
**ഹവ്യവാഹം ദധിരേ പായുമീഡ്യമ്.** (ഋഗ്വേദം 6.15.8)

അർഥം : ശത്രുക്കളെ നശിപ്പിക്കുകയും ജനങ്ങളെ രക്ഷിക്കുകയും ചെയ്യുന്ന, സ്തുത്യർഹനും അമൃതാത്മാവും ജ്ഞാനസന്ദേശവാഹകനുമായ, ഹേ അഗ്നേ, പ്രേരണാദാതാവേ ദേവവൃത്തിയോടുകൂടിയവരും സാധാരണക്കാരുമായവർ യുഗംതോറും നിന്നിൽ ശ്രദ്ധയർപ്പിക്കുന്നു.

ഇവിടെ മുക്താത്മാവ് അമൃതലോകത്തിൽനിന്ന് ഈശ്വരദൂതനായി എത്തുന്നതിനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ആധുനിക ഗീതാഭാഷ്യകാരന്മാർ മുക്താത്മാവ് തിരിച്ചുവരില്ലെന്ന അഭിപ്രായക്കാരാണ്. എന്നാൽ അത്തരത്തിലൊരു ചിന്ത ശ്രീശങ്കരാചാര്യർക്ക് ഇല്ലായി

രുന്നുവെന്ന് ഈ വ്യാഖ്യാനത്തിൽ തുറന്നുകാട്ടിയിട്ടുണ്ട്. മാത്രവുമല്ല ഈശ്വരൻതന്നെ ജനിച്ചതാണ് ശ്രീകൃഷ്ണനെന്നും ഇക്കൂട്ടർ കരുതുന്നു. എന്നാൽ മുക്താത്മാവിന്റെ തിരിച്ചുവരവിനെക്കുറിക്കാനാണ് വേദമന്ത്രത്തിൽ 'ദൂതമഗ്നേ അമൃതം' എന്ന് പ്രയോഗിച്ചത്.

ഋഗ്വേദത്തിന്റെ ആറാം മണ്ഡലത്തിൽനിന്ന് ഒരുപാട് ഉപാദാനങ്ങൾ വ്യാസൻ മഹാഭാരതരചനയ്ക്ക് കൈക്കൊണ്ടിട്ടുണ്ടെന്ന് തീർച്ചയാണ്. **'ദസ്യുഹന്തമം ധനഞ്ജയ രണേ രണേ'** (6.16.5) എന്ന മന്ത്രശകലത്തിൽ യുദ്ധങ്ങളിൽ ദസ്യുക്കളെ ഹനിച്ച് ധനഞ്ജയനായി മാറാൻ സൈനികനെ പ്രേരിപ്പിക്കുന്നു. മഹാഭാരതത്തിലും ഗീതയിലും വ്യാസൻ ഉപയോഗിച്ച, ഋഗ്വേദം ആറാം മണ്ഡലത്തിലെ വേദമന്ത്രങ്ങൾക്കെല്ലാം പൊതുവായ ഒരു പ്രത്യേകതയുണ്ട്. ഈ മന്ത്രങ്ങളുടെയെല്ലാം ദേവത അഗ്നിയാണ്. 'പ്രേരണ നൽകുക' എന്നതാണ് അഗ്നിദേവതയുടെ ഒരു ഗുണമെന്ന് വ്യാകരണം പഠിച്ചാൽ മനസ്സിലാകും. ഈ മന്ത്രങ്ങളുടെ ഋഷിയാകട്ടെ 'ഭരദ്വാജോ ബാർഹസ്പത്യ'നാണ് 'ഭ്രിയ ഭരണേ' എന്ന ധാതുവിൽനിന്നാണ് ഭരദ്വാജശബ്ദം നിഷ്പന്നമായത്. 'ഭരിച്ച് പോഷിപ്പിക്കുക' എന്ന ക്ഷാത്രഗുണത്തെയാണ് ഇത് കാണിക്കുന്നത്. 'ബാർഹസ്പത്യ'ശബ്ദം 'അറിവിന്റെ സംരക്ഷകത്വ'മെന്ന ബ്രാഹ്മണ ഗുണത്തെ കുറിക്കുന്നു. ഗാഥാഗാനത്തിലും ഈ ബ്രഹ്മ-ക്ഷത്രിയഭാവമാണ് സ്ഫുരിക്കുന്നത്.

വിജ്ഞാനത്തെ ഭഗവാൻ വേദവ്യാസൻ പ്രധാനമായും സ്വീകരിച്ചിരിക്കുന്നത് അഥർവവേദത്തിൽനിന്നുമാണ്. ഏഴാം അധ്യായമായ ജ്ഞാനവിജ്ഞാനയോഗത്തിനും പത്താം അധ്യായമായ വിഭൂതിയോഗത്തിനും ഉപാദാനമായത് യഥാക്രമം അഥർവവേദത്തിലെ ജ്യേഷ്ഠംബ്രഹ്മവർണനാസൂക്തവും വാക്സൂക്തവുമാണ്. ആശയംമാത്രമല്ല, ശ്ലോകത്തിന്റെ ശൈലിയും ഘടനയും അതിൽ പ്രയോഗിച്ച ശബ്ദങ്ങൾപോലും അതേപടി വേദവ്യാസൻ തന്റെ ഗീതയിലേക്ക് എപ്രകാരമാണ് പകർത്തിയതെന്ന് ആ രണ്ടധ്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഗീതയുടെ മൊത്തം ഭാവത്തെ യജുർവേദത്തിലെ ഒരു മന്ത്രം വ്യഞ്ജിപ്പിക്കുന്നുണ്ട്.

**യത്ര ബ്രഹ്മ ച ക്ഷത്രം ച, സമ്യഞ്ചൗ ചരതഃ സഹ**
**തം ലോകം പുണ്യം പ്രജ്ഞേഷം, യത്ര ദേവാഃ സഹാഗ്നിനാ.**

(യജുർവേദം 20.25)

അർഥം:- എവിടെ ബ്രഹ്മശക്തിയും ക്ഷാത്രശക്തിയും ഒരുമിച്ച് ചേർന്ന് യഥാർഥരീതിയിൽ തോളോടുതോൾചേർന്ന് ചലിക്കുന്നുവോ, എവിടെ വിദ്വാന്മാർ യജ്ഞം ചെയ്യുന്നുവോ ആ ദേശത്തെ പവിത്രദേശ മെന്ന് അറിയുക.

ഭഗവദ്ഗീത അവസാനിക്കുന്നതും ഇതേ തത്ത്വത്തെ അവതരിപ്പിച്ചു കൊണ്ടാണ് കാണുക:

**യത്ര യോഗേശ്വരഃ കൃഷ്ണോ യത്ര പാർഥോ ധനുർധരഃ**
**തത്ര ശീർവിജയോ ഭൂതിഃ ധ്രുവാ നീതിർമതിർമമ.** (ഭഗവദ്ഗീത 18.78)

അർഥം: എവിടെ യോഗേശ്വരനായ ശ്രീകൃഷ്ണനും ധനുർധാരിയായ അർജുനനും ഉണ്ടോ അവിടെ ശ്രീയും വിജയവും ഐശ്വര്യവും ശാശ്വ തനീതിയും ഉണ്ടാകുമെന്നാണ് എന്റെ അഭിപ്രായം.

ഇങ്ങനെ ഗീതയുടെ യഥാതഥമായ അർഥഗ്രഹണം സാധ്യമാകണ മെങ്കിൽ പ്രാചീനതമമായ വൈദികഗ്രന്ഥങ്ങളെ ആശ്രയിച്ചേ മതിയാകൂ. വേദങ്ങൾ കഴിഞ്ഞാൽ പിന്നീട് സാംഖ്യദർശനവും യോഗദർശനവും ഗീതയുടെ ചർച്ചാപരിധിയിൽ വരുന്നു. കാരണം സാംഖ്യയോഗം പോലുള്ള അധ്യായങ്ങളിൽ ക്രമത്തിൽ സാംഖ്യദർശനത്തിനുള്ള സ്വാധീനം അന്യത്ര വ്യക്തമാക്കിയിട്ടുണ്ട്.

ജീവൻമുക്തനായ ഭഗവാൻ ശ്രീകൃഷ്ണന്റെ അവതാരം അന്ധനായ ധൃതരാഷ്ട്രപരമ്പരയുടെ അധാർമികതയിൽനിന്ന് ഭാരതത്തെ രക്ഷി ക്കാനാണെന്ന് നമുക്ക് അറിയാം. ഈ കാഴ്ചപ്പാടും ഒരുപക്ഷേ ആല ങ്കാരികമായി എടുത്തുചേർത്തത് സാംഖ്യദർശനത്തിൽനിന്നാണോയെന്ന് നമുക്ക് തോന്നിപ്പോകും. കപിലമഹർഷി സാംഖ്യദർശനത്തിന്റെ മൂന്നാം അധ്യായത്തിൽ ജീവൻമുക്തന്റെ അസ്തിത്വത്തെ ഉറപ്പിച്ചുപറയുന്ന രംഗ മുണ്ട്. വൈദികസാഹിത്യം ജീവൻമുക്തന്റെ അസ്തിത്വത്തെ അംഗീക രിക്കുന്നുവെന്ന് കപിലമഹർഷി പറഞ്ഞശേഷം സാംഖ്യദർശനത്തിൽ വരുന്ന സൂത്രം കാണുക:

**ഇതരഥാ/ന്ധപരമ്പരാ.** (സാംഖ്യദർശനം 3.81)

അർഥം: 'അങ്ങനെ ജീവന്മുക്തർ ഇല്ലെങ്കിൽ ലോകത്തിൽ 'അന്ധപരമ്പര' ഉണ്ടാകും.' ധാർതരാഷ്ട്രന്മാരായ അന്ധപരമ്പരയെ ഇല്ലാതാക്കാൻ ജീവന്മുക്തനു മാത്രമേ കഴിയൂവെന്നർഥം.

പാതഞ്ജലയോഗദർശനത്തിന്റെ ഭാഷ്യകാരനായ വ്യാസനാണ് ഗീതയുടെയും രചന നിർവഹിച്ചത്. അതിനാൽതന്നെ അനേകയിടങ്ങളിൽ വ്യാസൻ യോഗസൂത്രത്തെ ആധാരമാക്കിയത് ഈ ഗീതാവ്യാഖ്യാനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വിശ്വരൂപദർശനത്തിന് മാംസചക്ഷുസ്സ് പോരെന്നുപറഞ്ഞ ശ്രീകൃഷ്ണൻ അർജുനന് ദിവ്യചക്ഷുസ്സ് കൊടുക്കുന്ന സന്ദർഭമുണ്ട്. ഈ ദിവ്യചക്ഷുസ്സ് എന്താണെന്നതും യോഗദർശനത്തിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം അധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. ശ്രീകൃഷ്ണനിൽനിന്ന് ദിവ്യചക്ഷുസ്സ് ലഭിക്കാതിരുന്നിട്ടുകൂടി സഞ്ജയന് വിശ്വരൂപദർശനം ലഭിച്ചതായി ഗീതയിൽനിന്നും മനസ്സിലാക്കാം. ഇതിനുള്ള കാരണം സാംഖ്യദർശനത്തിൽനിന്നാണ് മനസ്സിലാക്കാൻ കഴിയുക. അതെന്താണെന്നും ഗീതാഭാഷ്യത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ചുരുക്കത്തിൽ, സാംഖ്യയോഗദർശനങ്ങളുടെ അതിസുന്ദരമായ മേളനം ഗീതയിൽ നമുക്ക് കാണാൻ കഴിയും.

മറ്റൊരു പ്രധാന ഗ്രന്ഥവും ഗീതയ്ക്ക് വായുവും വെളിച്ചവും നൽകിയിട്ടുണ്ട്. അത് മനുസ്മൃതിയാണ്. ഗീതയുടെ ഏതെല്ലാം ശ്ലോകങ്ങൾക്ക് മനുസ്മൃതിയുടെ പിന്തുണയുണ്ടോ അവയെല്ലാം ഈ ഭാഷ്യത്തിൽ എടുത്തുകാണിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഒരുപക്ഷേ, വേദാദി ശാസ്ത്രപഠനം നിലച്ചുപോയ കാലഘട്ടത്തിൽ ഗീതയുടെ വേദഹൃദയം കാണാതെ പോയപ്പോൾ, അതിൽ പ്രസ്ഫുടമായിനിന്ന മനുസ്മൃതിയുടെ സ്വാധീനം കണ്ടവരായിരിക്കും ഗീതയ്ക്ക് സ്മൃതിയുടെ സ്ഥാനം കല്പിച്ചുനൽകിയത്. ചാതുർവർണ്യം മുതൽ ദാനക്രമംവരെ നീണ്ടുനിൽക്കുന്ന അനേകം വിഷയങ്ങളെ മനുവിൽനിന്ന് ഉദ്ധരിക്കാൻ ഭഗവാൻ ശ്രീകൃഷ്ണൻ ശ്രമിച്ചിട്ടുണ്ട്. അവയും ഈ വ്യാഖ്യാനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ശ്രീമദ് ഭഗവദ്ഗീതയുടെ വേദവിദ്യാഭാഷ്യത്തിന്റെ ഏറ്റവും വലിയ പ്രത്യേകത ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം എന്നീ നാലുവേദങ്ങളിലെ മന്ത്രങ്ങൾ നിർലോഭം ഉദ്ധരിച്ചിട്ടുണ്ട് എന്നതാണ്. കൂടാതെ ഷഡ്ദർശനങ്ങൾ, ഉപനിഷത്തുക്കൾ, ബ്രാഹ്മണങ്ങൾ, മഹാ

ഭാരതം തുടങ്ങി അനേകം ശാസ്ത്രഗ്രന്ഥങ്ങളിൽനിന്ന് നിരവധി ഉദ്ധരണികൾ ചേർത്തിട്ടുണ്ട്. ഭഗവദ്ഗീത മുന്നോട്ടുവെച്ച യഥാതഥമായ അർഥഗാംഭീര്യത്തെ യാതൊരു മുൻവിധിയുമില്ലാതെയാണ് സമീപിച്ചത്. ആധുനികകാല ആചാര്യന്മാരെ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും ഗീത ഉണ്ടായ കാലത്ത് നിലനിന്നിരുന്ന ശാസ്ത്രങ്ങളാണ് ഏറെയും സ്വീകരിച്ചത്.

പുതിയില്ലം
കോഴിക്കോട്
1192 ചിങ്ങം 1

# രണ്ടു വാക്ക്

പൂർവാചാര്യന്മാരുടെ ഭഗവദ്ഗീതാഭാഷ്യങ്ങളെല്ലാം അയഥാർഥങ്ങളാണ് എന്ന് ആരോപിക്കാനല്ല, ഈ ഗ്രന്ഥത്തിന് യഥാർഥ ഭഗവദ്ഗീത എന്ന പേരിട്ടത്. അങ്ങനെ ഗ്രന്ഥകാരന് അഭിപ്രായവുമില്ല. ഭഗവാൻ ശ്രീകൃഷ്ണൻ തന്റെ ഭഗവദ്ഗീതയിലൂടെ പ്രകാശിപ്പിക്കുന്നതത്രയും വേദതത്ത്വങ്ങളാണ്. വേദവിഷയത്തിലെ സംശയങ്ങൾ നീക്കി വേദത്തെ യഥാതഥം പ്രകാശിപ്പിക്കുന്നതാണ് വാസ്തവത്തിൽ ഭഗവദ്ഗീത. അതായത് ഗീതയുടെ അർഥംതന്നെ വേദമാണ്. ഇതെങ്ങനെ എന്ന് കാണിച്ചുതരാനാണ് ഈ ഭാഷ്യത്തിലൂടെ ശ്രമിച്ചിരിക്കുന്നത്. അതുകൊണ്ടാണ് യഥാർഥ ഭഗവദ്ഗീത എന്ന് ഗ്രന്ഥത്തിന് നാമകരണം ചെയ്തതും. ആറ് ദർശനങ്ങളുടെയും മനുസ്മൃതി, ബ്രാഹ്മണങ്ങൾ തുടങ്ങിയ പ്രാചീന ആർഷഗ്രന്ഥങ്ങളുടെയും സഹായത്തോടെ ഗീതാശ്ലോകങ്ങളിലെ വേദതത്ത്വത്തെ കണ്ടെത്താൻ ശ്രമിക്കുകയും വേദമന്ത്രങ്ങളിൽനിന്നും പ്രമാണം കണ്ടെത്തി ഈ സംബന്ധത്തെ ഊട്ടിയുറപ്പിക്കുകയും ചെയ്യുക എന്ന കർത്തവ്യമാണ് ഈ വേദവിദ്യാഭാഷ്യത്തിന്റേത്. അതാണ് ഭഗവദ്ഗീതയുടെ യാഥാർഥ്യം അഥവാ യഥാർഥ ഭഗവദ്ഗീത.

**ആചാര്യശ്രീ രാജേഷ്**

പുതിയില്ലം
കോഴിക്കോട്
1194 മിഥുനം 25

ശ്രീമദ് ഭഗവദ്ഗീത

വേദവിദ്യാ ഭാഷ്യം

# കർമകാണ്ഡം



## അധ്യായം ഒന്ന്

# അർജുനവിഷാദയോഗം

അഥ പ്രഥമോഽധ്യായഃ

# അർജുനവിഷാദയോഗം

**ധൃതരാഷ്ട്ര ഉവാച:**

**1. ധർമക്ഷേത്രേ കുരുക്ഷേത്രേ സമവേതാ യുയുത്സവഃ**
**മാമകാഃ പാണ്ഡവാശ്ചൈവ കിമകുർവത സഞ്ജയ?**

*അർഥം: ധൃതരാഷ്ട്രർ പറഞ്ഞു, അല്ലയോ സഞ്ജയാ, ധർമക്ഷേത്രമായ കുരുക്ഷേത്രത്തിൽ യുദ്ധാർഥികളായി വന്നിരിക്കുന്ന എന്റെയും പാണ്ഡുവിന്റെയും മക്കൾ എന്തു ചെയ്തു?*

**സഞ്ജയ ഉവാച:**

**2. ദൃഷ്ട്വാ തു പാണ്ഡവാനീകം വ്യൂഢം ദുര്യോധനസ്തദാ**
**ആചാര്യമുപസംഗമ്യ രാജാ വചനമബ്രവീത്.**

*അർഥം: സഞ്ജയൻ പറഞ്ഞു, രാജാവായ ദുര്യോധനൻ വ്യൂഹങ്ങളായി അണിനിരത്തിയിരിക്കുന്ന പാണ്ഡവസൈന്യത്തെ കണ്ടിട്ട് ഗുരു ദ്രോണാചാര്യരുടെ അടുത്തെത്തി ഇങ്ങനെ പറഞ്ഞു.*

**3. പശ്യൈതാം പാണ്ഡുപുത്രാണാമാചാര്യ! മഹതീം ചമൂമ്**
**വ്യൂഢാം ദ്രുപദപുത്രേണ തവ ശിഷ്യേണ ധീമതാ.**

*അർഥം: അല്ലയോ ആചാര്യ! അങ്ങയുടെ ബുദ്ധിമാനായ ശിഷ്യൻ ദ്രുപദപുത്രനായ ധൃഷ്ടദ്യുമ്നൻ വിന്യസിച്ച പാണ്ഡവ സൈന്യവ്യൂഹത്തെ കണ്ടാലും.*

4. **അത്ര ശൂരാ മഹേഷ്വാസാ ഭീമാർജുനസമാ യുധി**
**യുയുധാനോ വിരാടശ്ച ദ്രുപദശ്ച മഹാരഥഃ.**

5. **ധൃഷ്ടകേതുശ്ചേകിതാനഃ കാശിരാജശ്ച വീര്യവാൻ**
**പുരുജിത് കുന്തിഭോജശ്ച ശൈബ്യശ്ച നരപുംഗവഃ.**

6. **യുധാമന്യുശ്ച വിക്രാന്തഃ ഉത്തമൗജാശ്ച വീര്യവാൻ**
**സൗഭദ്രോ ദ്രൗപദേയാശ്ച സർവ ഏവ മഹാരഥാഃ.**

*അർഥം: ഈ യുദ്ധവ്യൂഹത്തിൽ ഭീമനും അർജുനനും സമാനരും വില്ലാളിവീരന്മാരുമായ യുയുധാനൻ, വിരാടൻ, മഹാരഥി യായ ദ്രുപദൻ, ധൃഷ്ടകേതു, ചേകിതാനൻ, വീര്യവാനായ കാശിരാജൻ, പുരുജിത് കുന്തിഭോജൻ, നരപുംഗവനായ ശിബിനരേശൻ, പരാക്രമിയായ യുധാമന്യു, വീര്യവാനായ ഉത്തമൗജസ്സ്, സുഭദ്രാപുത്രനായ അഭിമന്യു, ദ്രൗപദിയുടെ അഞ്ചു പുത്രന്മാരായ പ്രതിവിന്ധ്യൻ, ശ്രുതസോമൻ, ശ്രുത കീർത്തി, ശതാനീകൻ, ശ്രുതകർമൻ എന്നിവരെല്ലാമുണ്ട്. ഇവരെല്ലാം മഹാരഥികൾതന്നെയാണ്. (4, 5, 6)*

ഭാഷ്യം: 'മഹാഭാരത'ത്തിന് 18 എന്ന അക്കവുമായി വലിയ ബന്ധമുണ്ട്. മഹാഭാരതത്തിൽ 18 പർവങ്ങൾ, ഭഗവദ്ഗീതയിൽ 18 അധ്യായം, ഭാരത യുദ്ധം 18 ദിവസം, സൈന്യം 18 അക്ഷൗഹിണികൾ എന്നിങ്ങനെ. അതേ പോലെ മേൽപറഞ്ഞ ശ്ലോകങ്ങളിൽ പാണ്ഡവസൈന്യത്തിലെ ഭീമാർജു നന്മാർ ഉൾപ്പെടെയുള്ള 18 മഹാരഥികളെയാണ് ഗീതയിൽ സൂചിപ്പിച്ച തെന്ന പ്രത്യേകതകൂടി ഇവിടെ നാം കാണേണ്ടതാണ്. പതിനായിരം ഭട ന്മാരോട് ഒറ്റയ്ക്ക് യുദ്ധം ചെയ്യാൻ കഴിവുള്ളവനെയാണ് 'മഹാരഥി' എന്നു വിളിക്കുന്നത്.

**7. അസ്മാകം തു വിശിഷ്ടാ യേ താൻ നിബോധ ദ്വിജോത്തമ**
**നായകാ മമ സൈന്യസ്യ സംജ്ഞാർഥം താൻ ബ്രവീമി തേ.**

*അർഥം: അല്ലയോ ദ്വിജോത്തമ, ഇനി നമ്മുടെ ഭാഗത്തുള്ള മഹാരഥികളെക്കുറിച്ച് അറിഞ്ഞാലും. അങ്ങേക്ക് കൃത്യമായ വിവരം ലഭിക്കാൻ ഞാനതുകൂടി പറയാം.*

**8. ഭവാൻ ഭീഷ്മശ്ച കർണശ്ച കൃപശ്ച സമിതിഞ്ജയഃ**
**അശ്വത്ഥാമാ വികർണശ്ച സൗമദത്തിസ്തഥൈവ ച.**

*അർഥം: എല്ലാവരിലും ശ്രേഷ്ഠനായ ഹേ ദ്രോണാചാര്യാ, അങ്ങ് ഞങ്ങളുടെ നേതാവാണ്. കൂടാതെ, ഭീഷ്മർ, കർണൻ, യുദ്ധത്തിൽ ജയശാലിയായ കൃപാചാര്യൻ, അശ്വത്ഥാമാവ്, വികർണൻ, സോമദത്തന്റെ മകനായ ഭൂരിശ്രവസ്സ് അഥവാ സൗമദത്തി എന്നിവരുമുണ്ട്.*

**9. അന്യേ ച ബഹവഃ ശൂരാ മദർഥേ ത്യക്തജീവിതാഃ**
**നാനാശസ്ത്ര പ്രഹരണാഃ സർവേ യുദ്ധവിശാരദാഃ.**

*അർഥം: കൂടാതെ, എനിക്കുവേണ്ടി പ്രാണത്യാഗം ചെയ്യാൻ ഒരുമ്പെട്ടുനിൽക്കുന്ന, ആയുധപ്രയോഗങ്ങളിൽ നിപുണരായ അനേകം ശൂരവീരന്മാരുമുണ്ട്. ഇവരെല്ലാം യുദ്ധവിശാരദന്മാരുമാണ്.*

**10. അപര്യാപ്തം തദസ്മാകം ബലം ഭീഷ്മാഭിരക്ഷിതമ്**
**പര്യാപ്തം ത്വിദമേതേഷാം ബലം ഭീമാഭിരക്ഷിതമ്.**

*അർഥം: ഭീഷ്മൻ രക്ഷിക്കുന്ന നമ്മുടെ സൈന്യം അപരിമേയമാണ്. ഭീമനാൽ രക്ഷിക്കപ്പെടുന്ന സൈന്യമാകട്ടെ, അളന്നുതൂക്കിയതും.*

ഭാഷ്യം: ഈ ശ്ലോകത്തിൽ ഭീഷ്മന്റെ സൈന്യം അപര്യാപ്തം എന്നതിന് അപൂർണമെന്ന സാധാരണ അർഥമെടുക്കരുത്. കാരണം മഹാഭാരതം ഉദ്യോഗപർവത്തിൽ 54-ാം അധ്യായത്തിൽ 60 മുതൽ 70 വരെ

ശ്ലോകങ്ങളിൽ തന്റെ സേന വലുതും മഹത്തരവും വിജയത്തിന് സജ്ജ വുമാണെന്ന് ദുര്യോധനൻ വ്യക്തമാക്കുന്നുണ്ട്.

**'ന പരിതഃ ആപ്തും ശക്യം'** എന്നേ അപര്യാപ്തശബ്ദത്തിന് അർഥ മെടുക്കാവൂ. ബൃഹത്തായത്, അപരിമേയമെന്നൊക്കെയാണിതിനർഥം. മൂന്നാം ശ്ലോകത്തിൽ ധൃഷ്ടദ്യുമ്നൻ നയിക്കുന്നതാണ് പാണ്ഡവസൈ ന്യമെന്നു പറഞ്ഞു. എന്നാലിവിടെ ഭീമനാണ് പാണ്ഡവസൈന്യത്തെ രക്ഷിക്കുന്നതെന്നും പറയുന്നു. എന്താണ് ഈ വൈരുദ്ധ്യത്തിനു കാര ണം? പാണ്ഡവരുടേത് ചെറിയ സൈന്യമാകയാൽ ശുക്രാചാര്യരുടെ നിയമമനുസരിച്ച് വജ്രവ്യൂഹമാണ് പാണ്ഡവർ രചിച്ചത്. ഈ വ്യൂഹത്തെ നയിക്കുന്നതിൽ നിപുണൻ ഭീമനാണ്. അതിനാലാണ് വ്യൂഹത്തെ കണ്ട ദുര്യോധനൻ 'ഭീമാഭിരക്ഷിതം' എന്ന് പറഞ്ഞത്.

11. **അയനേഷു ച സർവേഷു യഥാഭാഗമവസ്ഥിതാഃ**
**ഭീഷ്മമേവാഭിരക്ഷന്തു ഭവന്തഃ സർവ ഏവ ഹി.**

*അർഥം: യുദ്ധസമയത്ത് സൈനികർ തങ്ങളുടെ സ്ഥാനത്തുനിന്നു തന്നെ പൊരുതണം. പിന്നോട്ടു പോകരുത്. സേനാപതി പറയുന്ന കാര്യങ്ങൾ കർത്തവ്യനിരതരായി ചെയ്യണം. എല്ലാവരും ചേർന്ന് സേനാപതിയായ ഭീഷ്മനെയും രക്ഷി ക്കുക. കൂടാതെ നമ്മുടെ ഭാഗത്തിന് വിജയമുണ്ടാ കാൻവേണ്ടി പരമാവധി പരാക്രമം ചെയ്യുക.*

12. **തസ്യ സഞ്ജനയൻ ഹർഷം കുരുവൃദ്ധഃ പിതാമഹഃ**
**സിംഹനാദം വിനദ്യോച്ചൈഃ ശംഖം ദധ്മൗ പ്രതാപവാൻ.**

*അർഥം: ദുര്യോധനന്റെ മനസ്സിന് സന്തോഷം ഉണ്ടാകുന്നതിനു വേണ്ടി പ്രതാപിയും കൗരവരിൽ അതിവൃദ്ധനുമായ ഭീഷ്മ പിതാമഹൻ ഉച്ചത്തിൽ സിംഹനാദംകണക്കെ അലറിവിളി ച്ചു. തന്റെ ശംഖ് ഉച്ചത്തിൽ മുഴക്കി.*

13. **തതഃ ശംഖാശ്ച ഭേര്യശ്ച പണവാനകഗോമുഖാഃ**
**സഹസൈവാഭ്യഹന്യന്ത സ ശബ്ദസ്തുമുലോഽഭവത്.**

*അർഥം: അതിനെത്തുടർന്ന് അനേകം ശംഖുകളും ഭേരികളും പണവം, ആനകം, ഗോമുഖം തുടങ്ങിയവയും മുഴങ്ങി. അവയുടെ ധ്വനികളാൽ ദിഗന്തങ്ങളും മാറ്റൊലികൊണ്ടു.*

14. **തതഃ ശ്വേതൈർഹയൈര്യുക്തേ മഹതി സ്യന്ദനേ സ്ഥിതൗ**
**മാധവഃ പാണ്ഡവശ്ചൈവ ദിവ്യൗ ശംഖൗ പ്രദധ്മതുഃ.**

*അർഥം: തുടർന്ന്, വെളുത്ത കുതിരകളെ കെട്ടിയ രഥത്തിൽ വിരാജിച്ചിരുന്ന ശ്രീകൃഷ്ണനും അർജുനനും തങ്ങളുടെ ദിവ്യമായ ശംഖുകൾ ഉച്ചത്തിൽ വിളിച്ചു.*

15. **പാഞ്ചജന്യം ഹൃഷീകേശോ ദേവദത്തം ധനഞ്ജയഃ**
**പൗണ്ഡ്രം ദധ്മൗ മഹാശംഖം ഭീമകർമാ വൃകോദരഃ.**

*അർഥം: ശ്രീകൃഷ്ണന്റെ പാഞ്ചജന്യം, അർജുനന്റെ ദേവദത്തം, ഭീമന്റെ ഭയാനകമായ, കർണങ്ങൾ പൊട്ടുന്ന പൗണ്ഡ്രമെന്നു പേരുള്ള മഹത്തായ ശംഖും ഉച്ചത്തിൽ വിളിച്ചു.*

16. **അനന്തവിജയം രാജാ കുന്തീപുത്രോ യുധിഷ്ഠിരഃ**
**നകുലഃ സഹദേവശ്ച സുഘോഷമണിപുഷ്പകൗ.**

*അർഥം: കുന്തീപുത്രരാജാവായ യുധിഷ്ഠിരൻ അനന്തവിജയമെന്ന് പേരുള്ള മഹത്തായ ശംഖും, നകുലൻ സുഘോഷമെന്നും സഹദേവൻ മണിപുഷ്പകമെന്നും പേരുകളുള്ള ശംഖുകളും ഊതി.*

17. **കാശ്യശ്ച പരമേഷ്വാസഃ ശിഖണ്ഡീ ച മഹാരഥഃ**
**ധൃഷ്ടദ്യുമ്നോ വിരാടശ്ച സാത്യകിശ്ചാപരാജിതഃ.**

18. **ദ്രുപദോ ദ്രൗപദേയാശ്ച സർവശഃ പൃഥിവീപതേ,**
**സൗഭദ്രശ്ച മഹാബാഹുഃ ശംഖാന്ദധ്മുഃ പൃഥക് പൃഥക്.**

*അർഥം: ബൃഹത്തായ ധനുർധാരി കാശിരാജാവ്, മഹാരഥിയായ ശിഖണ്ഡി, ധൃഷ്ടദ്യുമ്നൻ, വിരാടരാജൻ, പരാജയം ഒരി*

*ക്കലുമറിയാത്ത സാത്യകി, ദ്രുപദരാജൻ, ദ്രൗപദിയുടെ എല്ലാ പുത്രന്മാരും, സുഭദ്രാപുത്രനും മഹാബാഹുവുമായ അഭിമന്യു തുടങ്ങിയവരുമെല്ലാം താന്താങ്ങളുടെ ശംഖുകൾ ഉച്ചത്തിൽ വിളിച്ചൂതി. (17, 18)*

ഭാഷ്യം: ഈ വർണനകളിൽ ശ്രദ്ധേയമായ ഒരു കാര്യമുണ്ട്. കൗരവപക്ഷത്തെ ഏറ്റവും ശ്രദ്ധേയനായ സൈന്യാധിപതി ദ്രോണർ ഇവിടെ തന്റെ ശംഖ് മുഴക്കുന്നതായി പറയുന്നില്ല. ദ്രോണർ അപ്പോഴും ദുര്യോധനന്റെ യുദ്ധത്തോട് മനസ്സാ യോജിച്ചിരുന്നില്ലെന്നർഥം. കാരണം ഇത് അധർമയുദ്ധമാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു.

**19. സ ഘോഷോ ധാർതരാഷ്ട്രാണാം ഹൃദയാനി വ്യദാരയത്**
**നഭശ്ച പൃഥിവീം ചൈവ തുമുലോ വ്യനുനാദയൻ.**

*അർഥം: പാണ്ഡുപക്ഷത്തെ ആ അണമുറിയാത്ത ശംഖനാദം ആകാശത്തും ഭൂമിയിലും പ്രതിധ്വനിച്ചു. ദിഗന്തങ്ങളിൽ മാറ്റൊലികൊണ്ട ആ ശബ്ദകോലാഹലങ്ങൾ ധൃതരാഷ്ട്രപുത്രന്മാരുടെ ഹൃദയം പിളർത്തി.*

**20. അഥ വ്യവസ്ഥിതാൻ ദൃഷ്ട്വാ ധാർതരാഷ്ട്രാൻ കപിധ്വജഃ**
**പ്രവൃത്തേ ശസ്ത്രസംപാതേ ധനുരുദ്യമ്യ പാണ്ഡവഃ.**

**21. ഹൃഷീകേശം തദാ വാക്യമിദമാഹ മഹീപതേ.**

*അർഥം: അല്ലയോ രാജാവേ, കപിധ്വജനായി, തേർതട്ടിലിരിക്കുന്ന അർജുനൻ അതിനെത്തുടർന്ന് യുദ്ധം ചെയ്യാൻ ഒരുമ്പെട്ടുനിൽക്കുന്ന ധൃതരാഷ്ട്രപുത്രന്മാരെ കണ്ടു. ആയുധപ്രഹരം ആരംഭിക്കാനിരിക്കേ, ശ്രീകൃഷ്ണഭഗവാനോട് ഇങ്ങനെ പറഞ്ഞു.*

ഭാഷ്യം: ഇവിടെ കപിധ്വജൻ എന്നതിന് ഹനുമാൻ കൊടിയടയാളമായുള്ളവൻ എന്ന അർഥമാണ് പല വ്യാഖ്യാതാക്കളും എടുത്തിട്ടുള്ളത്. ആ അർഥം ആപേക്ഷിതമാണ്. വാസ്തവത്തിൽ അർജുനന്റെ ചഞ്ചലതയെ

സൂചിപ്പിക്കുകയാണ് കപിധ്വജശബ്ദം. യുദ്ധത്തിന് ചഞ്ചലതയല്ല സ്ഥിത പ്രജ്ഞനാവുകയാണ് വേണ്ടത്. അനുവാചകരുടെ ഹൃദയത്തെ രഞ്ജി പ്പിക്കുവാൻ വ്യാസൻ ഉപയോഗിച്ച പരോക്ഷപ്രിയത്വമാണ് നാം ഇവിടെ കാണുന്നത്. 'പരോക്ഷപ്രിയാ ദേവാഃ' എന്നാണല്ലോ. ദേവന്മാർ പരോ ക്ഷപ്രിയരാണെന്നർഥം.

**അർജുന ഉവാച:**

**സേനയോരുഭയോർമധ്യേ രഥം സ്ഥാപയ മേഽച്യുത.**

*അർഥം: അർജുനൻ പറഞ്ഞു, അല്ലയോ അച്യുതാ, രണ്ടു സൈന്യ ത്തിനുമിടയിൽ എന്റെ രഥത്തെ നിർത്തിയാലും.*

22. **യാവദേതാൻ നിരീക്ഷേഽഹം യോദ്ധുകാമാനവസ്ഥിതാൻ**
**കൈർമയാ സഹ യോദ്ധവ്യമസ്മിൻ രണസമുദ്യമേ.**

*അർഥം: ഇത്രയധികം യുദ്ധത്തിനാഗ്രഹിച്ചുകൊണ്ട് ഇവിടെ എത്തി യിട്ടുള്ള വീരന്മാരെ ഞാനൊന്നു കാണട്ടെ. ഞാൻ ഈ യുദ്ധത്തിൽ ആരോടൊക്കെയാണ് യുദ്ധം ചെയ്യേണ്ടത്?*

23. **യോത്സ്യമാനാനവേക്ഷേഽഹം യ ഏതേഽത്ര സമാഗതാഃ**
**ധാർതരാഷ്ട്രസ്യ ദുർബുദ്ധേർയുദ്ധേ പ്രിയചികീർഷവഃ.**

*അർഥം: ധൃതരാഷ്ട്രപുത്രനും ദുഷ്ടബുദ്ധിയുമായ ദുര്യോധനന്റെ ഇഷ്ടത്തിനുവേണ്ടി ഇവിടെ ഒത്തുചേർന്ന് യുദ്ധം ചെയ്യാനാഗ്രഹിക്കുന്ന വീരന്മാരെ ഞാനൊന്നു കാണട്ടെ.*

**സഞ്ജയ ഉവാച:**

24. **ഏവമുക്തോ ഹൃഷീകേശോ ഗുഡാകേശേന ഭാരത**
**സേനയോരുഭയോർമധ്യേ സ്ഥാപയിത്വാ രഥോത്തമമ്.**

25. **ഭീഷ്മദ്രോണപ്രമുഖതഃ സർവേഷാംച മഹീക്ഷിതാമ്**
**ഉവാച പാർഥ, പശ്യൈതാൻ സമവേതാൻ കുരൂനിതി.**

*അർഥം: സഞ്ജയൻ പറഞ്ഞു, അല്ലയോ ഭരതകുലോത്പന്നനായ ധൃതരാഷ്ട്രരേ, അർജുനൻ ഇതു പറഞ്ഞതുകേട്ട് ശ്രീകൃഷ്ണൻ ഭീഷ്മർ, ദ്രോണർ, യുദ്ധത്തിനായി അണിനിരന്ന മറ്റ് രാജാക്കന്മാർ എന്നിവരുടെ മുൻപിലായി രണ്ടു സേനകളുടെയും ഒത്ത നടുവിൽ രഥം നിർത്തിയിട്ട് "ഹേ അർജുന, ഒന്നായിച്ചേർന്നുനിൽക്കുന്ന കൗരവരെ കാണുക" എന്നിങ്ങനെ പറഞ്ഞു. (24, 25)*

ഭാഷ്യം: ആരുടെ വശത്താണോ ഇന്ദ്രിയങ്ങളുള്ളത് അയാളാണ് ഹൃഷീകേശൻ. ഇന്ദ്രിയങ്ങളുടെ ഈശൻ. ശ്രീകൃഷ്ണൻ ഹൃഷീകേശനാണ്. അവിനാശിയും സ്ഥിരനും ദൃഢനുമാകയാൽ ശ്രീകൃഷ്ണനെ 'അച്യുതനെ'ന്നും വിശേഷിപ്പിക്കുന്നുണ്ട്. അർജുനനെ ഗുഡാകേശനെന്നാണ് ശ്ലോകത്തിൽ വിശേഷിപ്പിക്കുന്നത്. ഗൂഢായനം = നിദ്ര; ഈശ = ഉടമ, സ്വാമി, ഈശൻ; ഗുഡാകേശൻ = ഉറക്കത്തിന്റെ ഉടമ, അലസൻ എന്നൊക്കെയാണർഥം. ഗീതയിലെ ഈ കപിധ്വജൻ, ഗുഡാകേശൻ എന്നീ വാക്കുകളിലൂടെ അർജുനന്റെ ആലസ്യം, ദൗർബല്യം എന്നിവ കാട്ടിത്തരുകയാണ് വ്യാസൻ.

**26. തത്രാപശ്യത്സ്ഥിതാൻ പാർഥഃ പിതൄനഥ പിതാമഹാൻ**
**ആചാര്യാൻ മാതുലാൻ ഭ്രാതൄൻ പുത്രാൻ പൗത്രാൻ സഖീംസ്തഥാ.**

**27. ശ്വശുരാൻ സുഹൃദശ്ചൈവ സേനയോരുഭയോരപി**
**താൻ സമീക്ഷ്യ സ കൗന്തേയഃ സർവാൻ ബന്ധൂനവസ്ഥിതാൻ.**

**28. കൃപയാ പരയാവിഷ്ടോ വിഷീദന്നിദമബ്രവീത്.**

*അർഥം: അപ്പോൾ അവിടെ ഇരുസൈന്യങ്ങളിലും യുദ്ധത്തിനായി നിലകൊള്ളുന്ന പിതാക്കന്മാരെയും, മുത്തശ്ശന്മാരെയും, ആചാര്യന്മാരെയും, അമ്മാവന്മാരെയും, സഹോദരന്മാരെയും, പുത്രന്മാരെയും, പേരക്കുട്ടികളെയും, ശ്വശുരന്മാരെയും, സുഹൃത്തുക്കളെയും കണ്ടു. സമസ്തസഹോദര*

*ങ്ങളെയും കണ്ടപ്പോൾ അത്യന്തം കരുണയും ഉദാസീന തയും അർജുനഹൃദയത്തിൽ ഉണ്ടായി.*

## അർജുനന്റെ ദുഃഖം

**അർജുന ഉവാച:**

**ദൃഷ്ട്വേമം സ്വജനം കൃഷ്ണ യുയുത്സും സമുപസ്ഥിതമ്.**

**29. സീദന്തി മമ ഗാത്രാണി മുഖം ച പരിശുഷ്യതി**
**വേപഥുശ്ച ശരീരേ മേ രോമഹർഷശ്ച ജായതേ.**

**30. ഗാണ്ഡീവം സ്രംസതേ ഹസ്താത് ത്വക്ചൈവ പരിദഹ്യതേ**
**ന ച ശക്നോമ്യവസ്ഥാതും ഭ്രമതീവ ച മേ മനഃ.**

*അർഥം: അർജുനൻ പറഞ്ഞു: അല്ലയോ കൃഷ്ണാ, യുദ്ധം ചെയ്യാനായി ഒരുമ്പെട്ടു നിൽക്കുന്ന എന്റെ ബന്ധുക്കളെ കണ്ടിട്ട് (28) എന്റെ ശരീരം തളരുന്നു, മുഖം (വായ്) വരളുന്നു, ശരീരം വിറയ്ക്കുന്നു, രോമാഞ്ചം വരുന്നു, ഗാണ്ഡീവം കൈകളിൽനിന്ന് വഴുതിവീഴുന്നു, ദേഹം സർവത്ര ചുട്ടു പൊള്ളുന്നു, മനസ്സ് ചുറ്റിക്കറങ്ങുന്നു, എഴുന്നേറ്റു നിൽക്കാനുള്ള ശക്തിപോലും നഷ്ടപ്പെട്ടുപോകുന്നു. (29, 30)*

ഭാഷ്യം: അർജുനന്റേത് ചഞ്ചലമനസ്സാണ്, കപിധ്വജമാണ് നാം ഇവിടെ കാണുന്നത്. ഗുഡാകേശനായി അർജുനൻ എന്തുകൊണ്ടു മാറി? അർജുനൻ മഹാരഥിയാണ്, വില്ലാളിവീരനാണ്. നിരവധി യുദ്ധങ്ങളിൽ വിജയം വരിച്ച പരാക്രമശാലിയാണ്. പിന്നെ എന്തുകൊണ്ട് ഇപ്പോൾ ഈദൃശമായ ഒരു അവസ്ഥ വന്നു? ഇതിനു രണ്ടു കാരണങ്ങളുണ്ട്.

അതിലൊന്ന് പറയാം, അർജുനൻ 12 വർഷം കാട്ടിലാണ് വസിച്ചത്. സാമൂഹ്യമായ ക്ഷത്രിയകർത്തവ്യങ്ങളൊന്നും അനുഷ്ഠിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. കൂടാതെ ഒരു വർഷം പ്രച്ഛന്നവേഷത്തിൽ ബൃഹന്ദളയെന്ന സ്ത്രീയായും അർജുന് വേഷമിടേണ്ടിവന്നു. ഇക്കാലയളവിൽ അർജുനന് ഉണ്ടായ മാറ്റങ്ങൾ അറിയാൻ മഹാഭാരതം വിരാടപർവം

പഠിച്ചാൽ മതി. സാധാരണ സ്ത്രീകളിൽ കാണുന്ന, ക്ഷത്രിയനിൽ ഒട്ടും കാണാത്ത ചിന്തകളും വികാരങ്ങളും അർജുനനുണ്ടാകാൻ കാരണം ഈ അവസ്ഥയാണ്. ഇതാണ് അർജുനന്റെ ദൗർബല്യത്തിനു കാരണം. ഇതുകൊണ്ടാണ് തുടർന്നുവരുന്ന ശ്ലോകങ്ങളിൽ സ്ത്രീസഹജമായ ദൗർബല്യം അർജുൻ പ്രദർശിപ്പിക്കുന്നത്. മറ്റൊരു പ്രധാന കാരണംകൂടി ഉണ്ട്. കൗരവരുടെ പ്രധാനമന്ത്രിയായ സഞ്ജയൻ കപടമായി പാണ്ഡവർക്ക് ചില ഉപദേശങ്ങൾ നൽകുകയുണ്ടായി. മഹാഭാരതം ഉദ്യോഗപർവത്തിൽ (അധ്യായം 25) സഞ്ജയൻ പറഞ്ഞ കാര്യങ്ങൾതന്നെയാണ് അർജുനൻ ഗീതയിൽ യുദ്ധത്തിൽനിന്ന് പിന്നാക്കം പോകാനുള്ള തന്റെ തീരുമാനത്തിന്റെ കാരണമായി ഭഗവാൻ ശ്രീകൃഷ്ണനോടു തുടർന്നു പറയുന്നത് എന്നതും ശ്രദ്ധേയമാണ്.

**31. നിമിത്താനി ച പശ്യാമി വിപരീതാനി കേശവ,**
**ന ച ശ്രേയോഽനുപശ്യാമി ഹത്വാ സ്വജനമാഹവേ.**

*അർഥം: ഹേ കേശവാ! ഇപ്പോൾ എല്ലാ ലക്ഷണങ്ങളും ഞാൻ വിപരീതമായി കാണുന്നു. സ്വജനങ്ങളെ യുദ്ധത്തിൽ വധിച്ചിട്ട് എനിക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമെന്നു തോന്നുന്നില്ല.*

**32. ന കാംക്ഷേ വിജയം കൃഷ്ണ, ന ച രാജ്യം സുഖാനി ച**
**കിം നോ രാജ്യേന ഗോവിന്ദ, കിം ഭോഗൈർജീവിതേന വാ?**

**33. യേഷാമർഥേ കാംക്ഷിതം നോ രാജ്യം ഭോഗാഃ സുഖാനി ച**
**ത ഇമേഽവസ്ഥിതാ യുദ്ധേ പ്രാണാംസ്ത്യക്ത്വാ ധനാനി ച.**

**34. ആചാര്യാഃ പിതരഃ പുത്രാസ്തഥൈവ ച പിതാമഹാഃ**
**മാതുലാഃ ശ്വശുരാഃ പൗത്രാഃ ശ്യാലാഃ സംബന്ധിനസ്തഥാ.**

*അർഥം: ഹേ കൃഷ്ണ! ഞാൻ വിജയം ആഗ്രഹിക്കുന്നില്ല. എനിക്ക് രാജ്യവും വേണ്ട സുഖവും വേണ്ട. അല്ലയോ ഗോവിന്ദ, രാജ്യംകൊണ്ട് നമുക്ക് എന്ത് നേടാനാവും? ഭോഗങ്ങൾകൊണ്ടും ജീവിതംകൊണ്ടുതന്നെയും എന്തു ലാഭം? (32) ആർക്കുവേണ്ടിയാണോ രാജ്യവും സുഖങ്ങളും നാം*

*ആഗ്രഹിക്കുന്നത്, ആ ആചാര്യന്മാരും പിതാമഹന്മാരും ശ്വശുരന്മാരും പേരക്കിടാങ്ങളും ഭാര്യാസഹോദരന്മാരും ബന്ധുക്കളുമെല്ലാവരും താന്താങ്ങളുടെ പ്രാണനും ധനവും ഉപേക്ഷിച്ച് ഇതാ യുദ്ധത്തിനായി വന്നുചേർന്നിരിക്കുന്നു. (33, 34)*

ഇവിടെ ശ്രീകൃഷ്ണനെ ഗോവിന്ദനെന്ന് വിളിച്ചിരിക്കുന്നു. 'ഗോ' എന്നാൽ ഇന്ദ്രിയങ്ങൾ. 'വിന്ദ' എന്നാൽ സ്വാധീനത്തിൽ വെയ്ക്കുക. ഇന്ദ്രിയങ്ങളെ സ്വാധീനത്തിൽ വെയ്ക്കുന്നവനാണ് ഗോവിന്ദൻ.

**35. ഏതാൻ ന ഹന്തുമിച്ഛാമി ഘ്നതോഽപി മധുസൂദന,**
**അപി ത്രൈലോക്യരാജ്യസ്യ ഹേതോഃ കിം നു മഹീകൃതേ.**

*അർഥം: ഹേ മധുസൂദനാ, ഇവർ എന്നെ യുദ്ധത്തിൽ വധിക്കുകയാണെങ്കിൽകൂടി, ഇനി (അതുമല്ല) ഈ മൂന്നു ലോകങ്ങളുടെ ആധിപത്യം ലഭിക്കുമെന്നാകിലും; ഞാനിവരെ വധിക്കാൻ ആഗ്രഹിക്കുന്നില്ല. പിന്നയല്ലെ, ഈ ചെറുതുണ്ടു ഭൂമിക്കുവേണ്ടിയുള്ള ആധിപത്യം?*

**36. നിഹത്യ ധാർതരാഷ്ടാൻ നഃ കാ പ്രീതിഃ സ്യാജ്ജനാർദന**
**പാപമേവാശ്രയേദസ്മാൻ ഹത്വൈതാനാതതായിനഃ.**

*അർഥം: ഹേ ജനാർദന, ധൃതരാഷ്ട്രപുത്രന്മാരെ വധിച്ചതുകൊണ്ട് നമുക്ക് എന്താണ് നേട്ടം? ആതതായികളെങ്കിൽക്കൂടി ഇവരെ വധിച്ചാൽ നമുക്ക് പാപമേ വരൂ.*

**37. തസ്മാന്നാർഹാ വയം ഹന്തും ധാർതരാഷ്ട്രാൻ സ്വബാന്ധവാൻ**
**സ്വജനം ഹി കഥം ഹത്വാ സുഖിനഃ സ്യാമ മാധവ.**

*അർഥം: ഈ കാരണങ്ങൾകൊണ്ട് എന്റെതന്നെ സഹോദരങ്ങളായ കൗരവരെ വധിക്കുന്നത് ഉചിതമല്ല. ഹേ മാധവാ! നമ്മുടെതന്നെ ബന്ധുക്കളെ വധിച്ചിട്ട് നമുക്കെങ്ങനെ സുഖം കിട്ടും?*

ഭാഷ്യം: ആതതായികളെ വധിക്കണമെന്ന് ശുക്രനീതിപോലുള്ള സ്മൃതികളിൽ പറഞ്ഞിട്ടുണ്ട്. മനുസ്മൃതിയും ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.[1] ആതതായികൾ ആരെന്ന് മനു പറയുന്നത് കാണുക: 'വീടിന് തീവെയ്ക്കുന്നവൻ, വിഷം കൊടുക്കുന്നവൻ, ആയുധവുമേന്തി കൊല്ലാൻ വരുന്നവൻ, ധനം അപഹരിക്കുന്നവൻ, പറമ്പ് തട്ടിയെടുക്കുന്നവൻ, ഭാര്യയെ അപഹരിക്കുന്നവൻ' എന്നീ ആറു പേരാണ് ആതതായികൾ. ഈ വിശേഷണങ്ങളെല്ലാം കൗരവർക്ക് ചേരും?

**38. യദ്യപ്യേതേ ന പശ്യന്തി ലോഭോപഹതചേതസഃ**
**കുലക്ഷയകൃതം ദോഷം മിത്രദ്രോഹേ ച പാതകമ്.**

*അർഥം: ലോഭംകൊണ്ട് ഭ്രഷ്ടരായതുമൂലം കൗരവർ കുലക്ഷയത്തിലൂടെ ഉണ്ടാകുന്ന ദോഷമോ, മിത്രങ്ങളെ ഉപദ്രവിക്കുന്നതുമൂലമുള്ള പാതകങ്ങളോ കാണുന്നില്ല.*

**39. കഥം ന ജ്ഞേയമസ്മാഭിഃ പാപാദസ്മാന്നിവർതിതുമ്**
**കുലക്ഷയകൃതം ദോഷം പ്രപശ്യദ്ഭിർജനാർദന.**

---

1. *ഗുരും വാ ബാലവൃദ്ധൗ വാ ബ്രാഹ്മണം വാ ബഹുശ്രുതം*
*ആതതായിനമായാന്തം ഹന്യാദേവാവിചാരയൻ* (മനുസ്മൃതി 8.350)

അർഥം: ഗുരുവോ, കുട്ടിയോ, വൃദ്ധനോ ശാസ്ത്രങ്ങളറിയുന്ന ബ്രാഹ്മണനോ ആരുമായിക്കൊള്ളട്ടെ ധർമത്തെ വെടിഞ്ഞ് അധർമം സ്വീകരിച്ച് അന്യരെ വധിക്കാനൊരുമ്പെടുന്നവനെ ആലോചിച്ചുനിൽക്കാതെ വധിക്കുകയാണ് വേണ്ടത്.

*നാതതായിവധേ ദോഷോ ഹന്തുർഭവതി കശ്ചന*
*പ്രകാശം വാ്പ്രകാശം വാ മന്യുസ്തം മന്യുമൃച്ഛതി* (8.351)

അർഥം: ആതതായിയെ കൊല്ലുന്നതുകൊണ്ട് യാതൊരു ദോഷവും വരാനില്ല, അത് പരസ്യമായിട്ടായാലും രഹസ്യമായിട്ടായാലും. കാരണം ക്രോധിച്ചവനെ ക്രോധം കൊണ്ടേ ഇല്ലാതാക്കാനാകൂ.

*പരദാരാഭിമർശേഷു പ്രവൃത്താൻ നൃന് മഹീപതിഃ*
*ഉദ്വേജനകരൈർദണ്ഡൈശ്ചിഹ്നയിത്വാ പ്രവാസയേത്* (8.352)

അർഥം: പരസ്ത്രീകളെ ബലാത്കാരം ചെയ്യുന്ന ആളുകളെ രാജാവ് അതിഭയങ്കരമായ ദണ്ഡങ്ങൾകൊണ്ട് അങ്ഗഭങ്ഗം ചെയ്ത് നാട് കടത്തേണ്ടതാണ്.

ഇവിടെ ദ്രൗപതിയുടെ വസ്ത്രാക്ഷേപം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്ത കൗരവരെ ആതതായികളായി ചിത്രീകരിക്കുകയാണ്. അത്തരത്തിലുള്ള ആതതായികളെ ശിക്ഷിക്കണമെന്ന ഭരണാധിപന്റെ ചുമതല അർജുനൻ പക്ഷേ പാടേ വിസ്മരിച്ചുപോകുന്നു.

*അർഥം: എങ്കിലും ഹേ ജനാർദനാ! കുലക്ഷയംമൂലം ഉണ്ടാകുന്ന ദോഷങ്ങൾ നാം കാണേണ്ടതല്ലേ? പിന്നെന്തുകൊണ്ട് നമുക്ക് ഈ പാപത്തിൽനിന്നും പിന്മാറിക്കൂടാ?*

40. **കുലക്ഷയേ പ്രണശ്യന്തി കുലധർമാഃ സനാതനാഃ**
**ധർമേ നഷ്ടേ കുലം കൃത്സ്നമധർമോഽഭിഭവത്യുത.**

*അർഥം: കുലക്ഷയംകൊണ്ട് സനാതനമായ, പരമ്പരയാൽ ചലിച്ചുകൊണ്ടിരിക്കുന്ന കുലധർമം നഷ്ടപ്പെട്ടുപോകും. കുലധർമം നശിച്ചാൽ അധർമം കുലത്തെ കീഴ്പ്പെടുത്തും.*

41. **അധർമാഭിഭവാത് കൃഷ്ണ, പ്രദുഷ്യന്തി കുലസ്ത്രിയഃ**
**സ്ത്രീഷു ദുഷ്ടാസു വാർഷ്ണേയ, ജായതേ വർണസങ്കരഃ.**

*അർഥം: അല്ലയോ കൃഷ്ണാ, അധർമത്താൽ കുലസ്ത്രീകൾ ദുരാചാരിണികളായിത്തീരും. അല്ലയോ വൃഷ്ണികുലോത്പന്നനായ കൃഷ്ണാ! സ്ത്രീകൾ ദൂഷിതകളായി വർണസങ്കരം ഉണ്ടായിത്തീരും.*

42. **സംകരോ നരകായൈവ കുലഘ്നാനാം കുലസ്യ ച**
**പതന്തി പിതരോ ഹ്യേഷാം ലുപ്തപിണ്ഡോദകക്രിയാഃ.**

*അർഥം: വർണസങ്കരം ഉണ്ടായാൽ കുലത്തെ നശിപ്പിച്ചവർക്കും കുലത്തിനൊന്നാകെയും നരകം ലഭിക്കുന്നു. അവരുടെ പിതൃക്കൾ ആരും ശ്രദ്ധിക്കാനാളില്ലാതെ പിണ്ഡോദകം (അന്നവും പാനീയവും) ലഭിക്കാതെ പതിതരായിത്തീരുന്നു.*

43. **ദോഷൈരേതൈഃ കുലഘ്നാനാം വർണസങ്കരകാരകൈഃ**
**ഉത്സാദ്യന്തേ ജാതിധർമാഃ കുലധർമാശ്ച ശാശ്വതാഃ.**

*അർഥം: കുലഘാതകരായ, ഈ വർണസങ്കരത്തിനു കാരണക്കാരായവരുടെ ദോഷംമൂലം പുരാതനജാതിധർമങ്ങളും കുലധർമങ്ങളും ഇല്ലാതായിത്തീരുന്നു.*

ഭാഷ്യം: ഇവിടെ ആര്യജാതിയുടെ പരമ്പരാഗതമായ ക്ഷത്രിയത്വം നശിക്കുന്നതിനെക്കുറിച്ചാണ് അർജുനൻ പറയുന്നത്. അല്ലാതെ ശ്രേഷ്ഠരല്ലാത്തവരുടെ (നമ്പൂതിരി, നായർ, ഈഴവർ എന്നിങ്ങനെ) ജാതി തിരിച്ചുള്ള കാര്യമല്ല. അടുത്ത അധ്യായത്തിൽ അനാര്യന്മാരുടെ സ്വഭാവത്തെക്കുറിച്ച് ശ്രീകൃഷ്ണൻ വിശദീകരിക്കുന്നുണ്ട്. ആണത്തത്തോടെ, ക്ഷത്രിയവീര്യത്തോടെ പ്രവർത്തിക്കാൻ ക്ഷത്രിയരുണ്ടാകാതെ ആയേക്കുമെന്ന അർജുനന്റെ ആശങ്കയാണ് ഇവിടെ നിഴലിക്കുന്നത്.

**44. ഉത്സന്നകുലധർമാണാം മനുഷ്യാണാം ജനാർദന,**
**നരകേ/നിയതം വാസോ ഭവതീത്യനുശുശ്രുമ.**

*അർഥം: അല്ലയോ ജനാർദനാ, ആരുടെ കുലധർമമാണോ നഷ്ടമാകുന്നത്, ആ മനുഷ്യർ അനിശ്ചിതകാലം നരകയാതന അനുഭവിക്കേണ്ടിവരുമെന്ന് നാം കേട്ടിട്ടുണ്ടല്ലോ.*

**45. അഹോ ബത മഹത്പാപം കർതും വ്യവസിതാ വയമ്**
**യദ്രാജ്യസുഖലോഭേന ഹന്തും സ്വജനമുദ്യതാഃ.**

*അർഥം: അയ്യോ! എന്തൊരു കഷ്ടം! രാജ്യസുഖം കിട്ടാൻവേണ്ടി സ്വന്തം സഹോദരങ്ങളെ കുരുതികൊടുക്കാൻ ഒരുമ്പെടുന്ന നമ്മൾ എത്രവലിയ പാപമാണ് ചെയ്യുന്നത്?!*

**46. യദി മാമപ്രതീകാരമശസ്ത്രം ശസ്ത്രപാണയഃ**
**ധാർതരാഷ്ട്രാ രണേ ഹന്യുസ്തന്മേ ക്ഷേമതരം ഭവേത്.**

*അർഥം: ആയുധമെടുത്ത ധൃതരാഷ്ട്രപുത്രർ, നിരായുധനും പ്രതികാരം ചെയ്യാൻ തയ്യാറല്ലാത്തവനുമായ ഈയുള്ളവനെ ഈ രണഭൂമിയിൽ കൊന്നുവീഴ്ത്തുകയാണെങ്കിൽ അതും എനിക്ക് കല്യാണകരമായിരിക്കും.*

**സഞ്ജയ ഉവാച:**

**47. ഏവമുക്ത്വാർജുനഃ സംഖ്യേ രഥോപസ്ഥ ഉപാവിശത്**
**വിസൃജ്യ സശരം ചാപം ശോകസംവിഗ്നമാനസഃ.**

*അർഥം: സഞ്ജയൻ പറഞ്ഞു, ഇങ്ങനെ രണഭൂമിയിൽ സംസാരിച്ചുകൊണ്ട്, ദുഃഖഭാരത്താൽ തന്റെ ഗാണ്ഡീവം താഴെയിട്ട് ക്ഷീണിതനായി അർജുനൻ രഥത്തിലിരുന്നു.*

ഭാഷ്യം: അതായത് യുദ്ധം ചെയ്യാനുള്ള അർജുനന്റെ സമ്പൂർണ ഉത്സാഹവും കെട്ടുകഴിഞ്ഞു. അദ്ദേഹത്തിന്റെ വീരവൃത്തി ഒലിച്ചുപോയിരിക്കുന്നു. ഹൃദയമാകട്ടെ ദുഃഖത്താൽ നിറഞ്ഞ് വിസ്ഫോടനാത്മകമായ അവസ്ഥയിലെത്തിയിരിക്കുന്നു. ഉദാസീനനായി ഇരിക്കുന്ന അർജുനന്റെ ചിത്രമാണ് അധ്യായം തീരുമ്പോൾ നാം കാണുന്നത്.

വിഷാദം ഒരു യോഗമാണോയെന്ന് ഈ അധ്യായത്തിന്റെ പേര് കണ്ട് ചിലപ്പോൾ ചോദിച്ചേക്കാം. 'നേടിയെടുക്കുന്നവൻ' എന്നാണ് അർജുനൻ എന്ന വാക്കിന്റെ അർഥം. ധനാർജനം, ജ്ഞാനാർജനം, മോക്ഷാർജനം എന്നീ വാക്കുകൾ ശ്രദ്ധിക്കുക. ജ്ഞാനം, മോക്ഷം, സ്വാധീനത എന്നിവ നേടാൻ വിഷാദം അനിവാര്യമാണ്. ജ്ഞാനം തുടങ്ങിയവ ഇല്ലെന്ന വിഷാദത്തിൽനിന്നുമാണ് അത് നേടാനുള്ള താത്പര്യം ജനിക്കുന്നത്. ഈ അധ്യായത്തിലെ 28-ാം ശ്ലോകത്തിലെ 'വിഷീദന്നിദമബ്രവീത്' എന്ന പ്രസ്താവനയാണ് ഒന്നാം അധ്യായത്തിന് ഈ പേര് നേടിക്കൊടുത്തത്.

***ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു***
***ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ***
***ശ്രീകൃഷ്ണാർജുനസംവാദേ***
***അർജുനവിഷാദയോഗോ നാമ***
***പ്രഥമോഽധ്യായഃ***

**ഇങ്ങനെ ഒന്നാം അധ്യായം സമാപിച്ചു.**



## അധ്യായം രണ്ട്

# സാംഖ്യയോഗം

അഥ ദ്വിതീയോƒധ്യായഃ

# സാംഖ്യയോഗം

❝ നാസ്തി സാംഖ്യസമം ജ്ഞാനം നാസ്തി യോഗസമം ബലമ്.
അത്ര വഃ സംശയോ മാ ഭൂത് ജ്ഞാനം സാംഖ്യം പരം മതമ്.
(മഹാഭാരതം ശാന്തിപർവം 304.2)

*സാംഖ്യത്തിനു തുല്യമായ മറ്റൊരു ജ്ഞാനമില്ല. യോഗത്തിനു തുല്യമായ മറ്റൊരു ബലവുമില്ല. ഈ വിഷയത്തിൽ നിനക്കിനി സംശയമേ വേണ്ട - സാംഖ്യമാണ് ഏറ്റവും ഉത്തമമായ ജ്ഞാനം.* ❞

**സഞ്ജയ ഉവാച:**

1. **തം തഥാ കൃപയാവിഷ്ടമശ്രുപൂർണാകുലേക്ഷണമ്**
   **വിഷീദന്തമിദം വാക്യമുവാച മധുസൂദനഃ.**

*അർഥം: സഞ്ജയൻ പറഞ്ഞു, ഇപ്രകാരം കൃപാലുവായിത്തീർന്ന, കാരുണ്യഹൃദയവാനായിത്തീർന്ന മധുസൂദനൻ നിറഞ്ഞ കണ്ണുകളോടെ നിൽക്കുന്ന അർജുനനോട് ഇങ്ങനെ പറഞ്ഞു.*

## അനാര്യകർമത്തിന്റെ നിഷേധം

**ശ്രീഭഗവാൻ ഉവാച:**

**2. കുതസ്ത്വാ കശ്മലമിദം വിഷമേ സമുപസ്ഥിതമ്**
**അനാര്യജുഷ്ടമസ്വർഗ്യമകീർതികരമർജുന?**

**3. *ക്ലൈബ്യം മാ സ്മ ഗമഃ പാർഥ, നൈതത്ത്വയ്യുപപദ്യതേ***
**ക്ഷുദ്രം ഹൃദയദൗർബല്യം ത്യക്ത്വോത്തിഷ്ഠ പരന്തപ.**

*അർഥം: ശ്രീ ഭഗവാൻ പറഞ്ഞു, ഹേ അർജുന, ആര്യന്മാർ അഥവാ ശ്രേഷ്ഠരായവർ ഒരിക്കലും ഇങ്ങനെ ആചരിക്കില്ല. സ്വർഗ പ്രാപ്തിക്ക് തടസ്സമുള്ളതും ദുഷ്കീർത്തിക്ക് കാരണവു മാകുന്ന മനസ്സിന്റെ ഉദാസീനത ഈ പ്രതികൂലസമയത്ത് നിനക്ക് എവിടെനിന്നുണ്ടായി? (2)*
*അർജുനാ, നീ ആണും പെണ്ണുമല്ലാത്തവനെപ്പോലെ പെരു മാററുത്. ശത്രുക്കളെ തപിപ്പിക്കുന്ന പരന്തപാ, ഇതു നിനക്കു ചേർന്നതല്ല. ഈ തുച്ഛമായ ഹൃദയദൗർബല്യത്തെ കളഞ്ഞ് എഴുന്നേൽക്കൂ. (3)*

ഭാഷ്യം: അർജുനന്റെ അന്തഃകരണത്തിലുണ്ടായ മാറ്റവും അതിനോട് ശ്രീകൃഷ്ണഭഗവാൻ നടത്തിയ സമീപനവും സഞ്ജയൻ ധൃതരാ ഷ്ട്രരോട് വിവരിക്കുകയാണിവിടെ. ശ്രീരാമചന്ദ്രനും, ജനകനുമൊക്കെ ആര്യന്മാരായിരുന്നു. ശ്രേഷ്ഠരായ അവർ യുദ്ധമുഖത്ത് ഇത്തരത്തി ലൊരു ഉദാസീനത കാണിച്ചിട്ടില്ല. അവരുടെ ആദർശങ്ങൾക്ക് വിരുദ്ധ മാണ് അർജുനന്റെ ഈ കാഴ്ചപ്പാടെന്ന് പറഞ്ഞുവെക്കുകയാണ് ശ്രീകൃ ഷ്ണൻ.

**അർജുന ഉവാച:**

**4. കഥം ഭീഷ്മമഹം സംഖ്യേ ദ്രോണം ച മധുസൂദന,**
**ഇഷുഭിഃ പ്രതി യോത്സ്യാമി പൂജാർഹാവരിസൂദന.**

**5. ഗുരൂനഹത്വാ ഹി മഹാനുഭാവാൻ ശ്രേയോ**
**ഭോക്തും ഭൈക്ഷ്യമപീഹ ലോകേ**
**ഹത്വാർഥകാമാംസ്തു ഗുരൂനിഹൈവ**
**ഭുഞ്ജീയ ഭോഗാൻ രുധിരപ്രദിഗ്ധാൻ.**

*അർഥം: അർജുനൻ പറഞ്ഞു, അല്ലയോ മധുസൂദന! (മധു എന്ന രാക്ഷസനെ കൊന്നവനാണ് നീ. എന്നാൽ അത്തരത്തിലുള്ള അവസ്ഥയല്ല ഇവിടെ എന്ന് സൂചിപ്പിക്കാനാണ് 'മധുസൂദനൻ' എന്ന പേര് ഇവിടെ അർജുനൻ ഉപയോഗിക്കുന്നത്.) ഞാൻ യുദ്ധത്തിൽ ബാണങ്ങളയക്കേണ്ടത് ഭീഷ്മരുടെയും ദ്രോണരുടെയും നേർക്കാണ്. ഹേ ശത്രുനാശകനായ കൃഷ്ണാ, ഇവർ പൂജിക്കപ്പെടേണ്ടവരാണ്. (4)*
*അത്യന്തം ഉദാരമായ അന്തഃകരണത്തോടുകൂടിയവരായ ഈ ഗുരുജനങ്ങളെ കൊല്ലുന്നതിനേക്കാൾ ഭേദം ഭിക്ഷാടനം നടത്തി ഉണ്ണുന്നതാണ്. കാരണം, ഗുരുജനങ്ങളെ വധിച്ചിട്ട് നേടുന്നത് രക്തക്കറ പുരണ്ട അർഥഭോഗങ്ങളായിരിക്കും. (5)*

ഭാഷ്യം: ഈ വാക്കുകൾ പറയാൻ അർജുനന് പ്രേരണ ലഭിച്ചത് കൗരവമന്ത്രിയായ സഞ്ജയന്റെ ഉപദേശംമൂലമാണെന്ന് മഹാഭാരതം ഉദ്യോഗപർവം നോക്കിയാൽ മനസ്സിലാകും. അവിടെ സഞ്ജയന്റെ കപടമായ വാക്കുകൾ കേൾക്കുക:

**ന ചേദ്ഭാഗം കുരവോഽന്യത്രയുദ്ധാത്**
**പ്രയച്ഛേത്രരസ്തുഭ്യമജാതശത്രോ**
**ഭൈക്ഷചര്യാമന്ധകവൃഷ്ണിരാജ്യേ**
**ശ്രേയോമന്യേ ന തു യുദ്ധേന രാജ്യമ്.**

(മഹാഭാരതം, ഉദ്യോഗപർവം 27.2)

"അല്ലയോ യുധിഷ്ഠിര! ഇനി കൗരവർ യുദ്ധംകൂടാതെ നിങ്ങളുടെ രാജ്യം തിരിച്ചുതരുന്നില്ലെങ്കിൽ, നിങ്ങൾ പാണ്ഡവരെല്ലാം ഭിക്ഷ യാചിച്ച്

അന്ധക, വൃഷ്ണിരാജ്യങ്ങളിൽ വസിച്ചാലും. യുദ്ധം നടത്തി രാജ്യം നേടുന്നതിലും ഉചിതം ഭിക്ഷയെടുക്കലാണ്.”

6. **ന ചൈതദ്വിദ്മഃ കതരന്നോ ഗരീയോ**
**യദ്വാ ജയേമ യദി വാ നോ ജയേയുഃ**
**യാനേവ ഹത്വാ ന ജിജീവിഷാമസ്തേ്ഽവസ്ഥിതാഃ**
**പ്രമുഖേ ധാർതരാഷ്ട്രാഃ.**

*അർഥം: ആരെ വധിച്ചിട്ട് ജീവിക്കണമെന്ന് നാം ആഗ്രഹിക്കുന്നില്ലയോ ആ ധൃതരാഷ്ട്രപുത്രന്മാരിതാ മുന്നിൽ നിൽക്കുന്നു. അവരെ നാം ജയിക്കണോ അതോ അവർ നമ്മെ ജയിക്കണോ? ഏതാണ് ശ്രേഷ്ഠം?*

7. **കാർപണ്യദോഷോപഹതസ്വഭാവഃ**
**പൃച്ഛാമി ത്വാം ധർമസമ്മൂഢചേതാഃ**
**യച്ഛ്രേയഃ സ്യാന്നിശ്ചിതം ബ്രൂഹി തന്മേ**
**ശിഷ്യസ്തേഽഹം ശാധി മാം ത്വാം പ്രപന്നമ്.**

*അർഥം: ദീനതയെന്ന ദോഷത്താൽ എന്റെ സ്വാഭാവിക വീരവൃത്തി മറഞ്ഞിരിക്കുന്നു. കർത്തവ്യാനുഷ്ഠാനത്തിൽ ഞാൻ ഭ്രമചിത്തനാണ്. അതിനാൽ ഞാൻ അങ്ങയോടു ചോദിക്കുകയാണ്, ഏതാണോ ശ്രേയസ്കരമായത് അത് തീർച്ചയായും എനിക്ക് പറഞ്ഞുതന്നാലും. ഞാൻ അങ്ങയുടെ ശിഷ്യനാണ്. ശരണാഗതനായി വന്നിട്ടുള്ള എനിക്ക് പറഞ്ഞു മനസ്സിലാക്കിത്തന്നാലും.*

8. **ന ഹി പ്രപശ്യാമി മമാപനുദ്യാദ് യച്ഛോകമുച്ഛോഷണമിന്ദ്രിയാണാമ്**
**അവാപ്യ ഭൂമാവസപത്നമൃദ്ധം രാജ്യം സുരാണാമപി ചാധിപത്യമ്.**

*അർഥം: കാരണം, ഈ ഭൂമുഖത്ത് എതിരാളികളില്ലാതായിത്തീർന്നാലോ, സമ്പത്സമൃദ്ധമായ രാഷ്ട്രം ലഭിച്ചാലോ, ഇനി ദേവന്മാരുടെമേൽ ആധിപത്യംതന്നെ കിട്ടിയാൽപ്പോലും*

*എന്റെ ഇന്ദ്രിയങ്ങളെ ശോഷിപ്പിക്കുന്ന ദുഃഖത്തെ ഇല്ലാതാക്കാൻ ഒരു മാർഗവും ഞാൻ കാണുന്നില്ല.*

**സഞ്ജയ ഉവാച:**

**9. ഏവമുക്ത്വാ ഹൃഷീകേശം ഗുഡാകേശഃ പരന്തപ**
**ന യോത്സ്യ ഇതി ഗോവിന്ദമുക്ത്വാ തൂഷ്ണീം ബഭൂവ ഹ.**

*അർഥം: സഞ്ജയൻ പറഞ്ഞു, ശത്രുക്കളെ തപിപ്പിക്കുവാൻ കെല്പുള്ളവനും എന്നാലിപ്പോൾ നിദ്രയുടെ ഉടമയായിത്തീർന്നവനുമായിരിക്കുന്ന അർജുനൻ, ഇന്ദ്രിയങ്ങളെ സ്വനിയന്ത്രണത്തിൽവെച്ചിട്ടുള്ള ശ്രീകൃഷ്ണനോട് ഏറ്റവും ഒടുവിൽ "ഞാൻ യുദ്ധം ചെയ്യുന്നില്ലെ"ന്നു പറഞ്ഞ് മൗനിയായി ഇരുന്നു.*

**10. തമുവാച ഹൃഷീകേശഃ പ്രഹസന്നിവ ഭാരത,**
**സേനയോരുഭയോർമധ്യേ വിഷീദന്തമിദം വചഃ.**

*അർഥം: ഹേ ധൃതരാഷ്ട്ര! രണ്ടു സൈന്യങ്ങൾക്കുമിടയിൽ ദുഃഖിതനായി ഇരിക്കുന്ന അർജുനനോട് ഇന്ദ്രിയങ്ങളെ സംയമനം ചെയ്ത ശ്രീകൃഷ്ണൻ ചിരിച്ചുകൊണ്ട് ഇങ്ങനെ ഉപദേശിച്ചു.*

ഭാഷ്യം: കൗരവമന്ത്രിയായ സഞ്ജയന്റെ കാപട്യപൂർണമായ ഉപദേശം എങ്ങനെ അവസാനനിമിഷം അർജുനനെ പിടിച്ചുലച്ചുവെന്ന് ദയാലുവായ ശ്രീകൃഷ്ണന് മനസ്സിലായി. അർജുനന്റെ യഥാർഥ സ്വരൂപമല്ലിതെന്ന് മനസ്സിലാക്കിയ ശ്രീകൃഷ്ണൻ ഉപദേശം ചെയ്യാനാരംഭിച്ചു.

## സാംഖ്യയോഗം
## അഥവാ പണ്ഡിതന്മാരുടെ സമവൃത്തി

**11. അശോച്യാനന്വശോചസ്ത്വം പ്രജ്ഞാവാദാംശ്ച ഭാഷസേ**
**ഗതാസൂനഗതാസൂംശ്ച നാനുശോചന്തി പണ്ഡിതാഃ.**

*അർഥം: ആരെപ്രതി ദുഃഖിക്കേണ്ടതില്ലയോ അവരെപ്രതിയാണ് നീ ദുഃഖിക്കുന്നത്. എന്നിട്ട് അറിവുള്ളവനെപ്പോലെ വലിയ വലിയ കാര്യങ്ങൾ പറയുന്നു. മുന്നുംപിന്നും നോക്കാതെ, കാര്യങ്ങൾ മനസ്സിലാക്കാതെ സംസാരിക്കുന്നു. ജ്ഞാനികൾ മരിച്ചവരെക്കുറിച്ചും ജീവിച്ചിരിക്കുന്നവരെക്കുറിച്ചും ആലോചിച്ച് ദുഃഖിക്കാറില്ല.*

ഭാഷ്യം: ഈ രണ്ടാം അധ്യായത്തിന്റെ പേര് സാംഖ്യയോഗമെന്നാണെങ്കിലും ആദ്യത്തെ പത്തു ശ്ലോകങ്ങളിൽ സാംഖ്യതത്ത്വജ്ഞാനങ്ങളൊന്നും കടന്നുവരുന്നില്ല. ശേഷം ഈ അധ്യായത്തിന്റെ 38-ാം ശ്ലോകം വരെയാണ് സാംഖ്യതത്ത്വജ്ഞാനത്തിന്റെ ഉപദേശം കടന്നുവരുന്നത്. തുടർന്ന് യോഗതത്ത്വജ്ഞാനമാണ് പറയുന്നത്. '**ഏഷാ തേ∫ഭിഹിതാ സാംഖ്യേ ബുദ്ധിർയോഗേ ത്വിമാം ശൃണു**' എന്ന് അവിടെ പറഞ്ഞത് കാണാം. ഇതുവരെ നിനക്ക് ഞാൻ ഉപദേശിച്ചത് സാംഖ്യമായിരുന്നു ഇനി യോഗത്തെ കേട്ടുകൊൾക എന്നർഥം.

## സാംഖ്യം നിരീശ്വരമല്ല

സാംഖ്യം നിരീശ്വരമാണെന്ന് പലരും പറയാറുണ്ട്. എന്നാൽ ഈ കാഴ്ചപ്പാട് ഗീതയ്ക്കില്ല. ഗീതയുടെ അഞ്ചാം അധ്യായത്തിൽ അഞ്ചും ആറും ശ്ലോകങ്ങളിൽ സാംഖ്യത്തിന്റെയും യോഗത്തിന്റെയും അനുഷ്ഠാനംകൊണ്ട് ബ്രഹ്മനിഷ്ഠ നേടാമെന്ന് പറഞ്ഞിട്ടുണ്ട്. അതിനാൽ സാംഖ്യത്തെ നിരീശ്വരമായി ഗീത കണക്കാക്കുന്നില്ലെന്ന് മനസ്സിലാക്കാം. സാംഖ്യം നിരീശ്വരമാണെങ്കിൽ ഗീതയിൽതന്നെ '**സിദ്ധാനാം കപിലോ മുനിഃ**' (10.26) എന്ന് സാംഖ്യകാരനായ കപിലമുനിയെക്കുറിച്ച് പറയേണ്ടതില്ലല്ലോ.

സാംഖ്യവും യോഗവും തമ്മിൽ വലിയ അന്തരമില്ല. രണ്ടിന്റെയും ലക്ഷ്യം ഒന്നുതന്നെയാണ്. അതിനാലാണ് സാംഖ്യ + യോഗം = സാംഖ്യയോഗമെന്ന് ഈ അധ്യായത്തിന് പേര് നൽകിയതും.(1)

---

1. സാംഖ്യശബ്ദത്തെക്കുറിച്ച് അല്പം പരിചിന്തനം ചെയ്യാം.
    1. ചര്യാ സംഖ്യാവിചാരണാ (അമരകോശം)

(തുടർച്ച അടുത്ത പേജിൽ)

**12. ന ത്വേവാഹം ജാതു നാസം ന ത്വം നേമേ ജനാധിപാഃ**
**ന ചൈവ ന ഭവിഷ്യാമഃ സർവേ വയമതഃ പരമ്.**

*അർഥം: ഹേ അർജുനാ, ഞാനോ, നീയോ ഈ കാണുന്ന രാജാക്കന്മാരോ ഇല്ലാതിരുന്ന സമയം ഒരിക്കലും ഉണ്ടായിട്ടില്ല. ഭാവിയിലും നമ്മളാരും ഇല്ലാത്ത അവസ്ഥ ഉണ്ടാവുകയില്ല. ജീവാത്മാവ് നിത്യമാണ്. അതിന് ശരീരവുമായുള്ള ബന്ധമാകട്ടെ അനിത്യവും.*

ഇക്കാര്യം അടുത്ത ശ്ലോകത്തിൽ ഒന്നുകൂടി വ്യക്തമായി പറയുന്നുണ്ട്.

**13. ദേഹിനോ/സ്മിൻ യഥാ ദേഹേ കൗമാരം യൗവനം ജരാ**
**തഥാ ദേഹാന്തരപ്രാപ്തിർധീരസ്തത്ര ന മുഹ്യതി.**

*അർഥം: ദേഹം ധരിച്ച (ആത്മാവിന്) ഈ ദേഹത്തിൽ കൗമാരം, യൗവനം, ജരാവസ്ഥ എന്നിവ ഉള്ളതുപോലെ മരണാനന്തരം അത് മറ്റൊരു ദേഹത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. അതിനാൽ ഈ വിഷയത്തിൽ ജ്ഞാനികളായ പുരുഷന്മാർ മോഹിതരാകുന്നില്ല.*

---

(തുടർച്ച)

2. സംഖ്യൈകാദൗ വിചാരേ ച (ഹേമകോശം)
3. സംഖ്യാ സമ്യഗാത്മബുദ്ധിഃ (മധുസൂദനസരസ്വതി ഗീതാ ടീകാ. 3.3; 5.4)
4. സമ്യക്ഖ്യാനം സംഖ്യാക്രമവൈശിഷ്ടയേന ജ്ഞാനമ് (ശബ്ദേന്ദുശേഖരം 145)
5. പദാർഥാഃ സംഖ്യായന്തേ വ്യുത്പാദ്യന്തേ അസ്മിൻ ഇതി സാംഖ്യമ് (മധുസൂദനസരസ്വതിയുടെ ഭാഷ്യം. ഗീത 18.13)

സംഖ്യ എന്നതിന് ഒന്നാമതായി സമ്യക് ജ്ഞാനം, വിചാരം ചെയ്യുക, തത്ത്വനിശ്ചയത്തിനായി വാദവിവാദങ്ങളിൽ ഏർപ്പെടുക എന്നൊക്കെയാണ് അർഥം. രണ്ടാമത്തെ അർഥം ആത്മവിഷയകമായ നിശ്ചിതജ്ഞാനമെന്നാണ്. ഇങ്ങനെ മധുസൂദനസരസ്വതി ഉൾപ്പെടെയുള്ളവർ സാംഖ്യശബ്ദത്തിനു നൽകിയ അർഥമാണ് മുകളിൽ പറഞ്ഞത്. സാംഖ്യദർശനത്തെക്കുറിച്ച് ചുരുക്കിപ്പറയാം. ഓരോ ജീവിയുടെയും ആത്യന്തികലക്ഷ്യം ദുഃഖത്തിൽനിന്നുള്ള ആത്യന്തികനിവൃത്തിയാണെന്ന് സാംഖ്യകാരനായ കപിലമുനി പറയുന്നു. ഈ നിവൃത്തിക്ക് ചേതനം (പുരുഷൻ), അചേതനം (പ്രകൃതി) എന്നിവ തമ്മിലുള്ള വ്യത്യാസമറിയണം. ഈ ജ്ഞാനത്തെ ഖ്യാതി എന്നു പറയുന്നു. ഈ ധാതുവിനോടു 'സമ്' എന്ന ഉപസർഗം ചേർന്നാണ് സാംഖ്യശബ്ദം ഉണ്ടായത്. ജഡം, ചേതനം എന്നിവയുടെ ഭേദമാണ് സാംഖ്യശാസ്ത്രവിഷയമെന്നർഥം. ഗീതയിലും ഇതുതന്നെയാണല്ലോ നടക്കുന്നത്. ഗീതയിൽ സാംഖ്യയോഗത്തിൽ ഈ ഭേദജ്ഞാനം വ്യക്തമായി കാണാം.

ഭാഷ്യം: ഇവിടം മുതൽ സാംഖ്യദർശനത്തിലെ സിദ്ധാന്തങ്ങൾ പറഞ്ഞുതുടങ്ങുന്നത് കാണാം. ജീവാത്മാക്കൾ അനേകവും അനാദിയും (നിത്യവും) ആണെന്നതാണ് പ്രധാന സിദ്ധാന്തം. രൂപപരിണാമം സംഭവിക്കുന്ന പ്രകൃതിയുടെ ഭാഗമാണ് രൂപാത്മകമായ ശരീരമെന്നതാണ് രണ്ടാമത്തെ സിദ്ധാന്തം. കൂടാതെ വൈദികമായ പുനർജന്മസിദ്ധാന്തത്തെ ഉയർത്തിക്കാട്ടുകകൂടി ഈ ശ്ലോകങ്ങൾ ചെയ്യുന്നു.[2]

**14. മാത്രാസ്പർശാസ്തു കൗന്തേയ, ശീതോഷ്ണസുഖദുഃഖദാഃ**
**ആഗമാപായിനോഽനിത്യാസ്താംസ്തിതിക്ഷസ്വ ഭാരത.**

**15. യം ഹി ന വ്യഥയന്ത്യേതേ പുരുഷം പുരുഷർഷഭ,**
**സമദുഃഖസുഖം ധീരം സോഽമൃതത്വായ കല്പതേ.**

*അർഥം: അല്ലയോ കുന്തീപുത്രനായ അർജുനാ, (ഇന്ദ്രിയങ്ങൾ) ബാഹ്യസൃഷ്ടിക്കൊപ്പമായതിനാൽ ശീതം, ഉഷ്ണം, സുഖദുഃഖങ്ങൾ എന്നിവ നൽകുന്നവയാണ്. വന്നും പോയും കൊണ്ടിരിക്കുന്ന അവ അനിത്യങ്ങളാണ്. അതിനാൽ ഭരതകുലോത്പന്നനായ അർജുനാ, നീ ആ ദ്വന്ദ്വങ്ങളെ മറികടക്കുക. (14)*

*അല്ലയോ പുരുഷശ്രേഷ്ഠനായ അർജുനാ, ഏതൊരു ധീരപുരുഷനാണോ തന്റെ സുഖദുഃഖങ്ങളാകുന്ന രണ്ട് അവസ്ഥകളിലും സമാനമനസ്സോടെ ഇരിക്കുന്നത്, ആരെയാണോ മുകളിൽ പറഞ്ഞ മാത്രാസ്പർശങ്ങൾ ബാധിക്കാത്തത് അവന് അമൃതത്വം നുകരാൻ കഴിയുന്നു. (15)*

ഭാഷ്യം: പൃഥ്വി, ജലം, അഗ്നി, വായു, ആകാശം എന്നീ അഞ്ചു മഹാഭൂതങ്ങൾ ഗന്ധം, രസം, രൂപം, സ്പർശം, ശബ്ദം എന്നീ ഗുണങ്ങളോടുകൂടിയതാണ്. ഈ ഗുണങ്ങൾ മൂക്ക്, നാക്ക്, കണ്ണുകൾ, ത്വക്ക്, ചെവി എന്നീ അഞ്ച് ഇന്ദ്രിയങ്ങളോട് ബന്ധപ്പെട്ടുകിടക്കുന്നു. ഇതിനാലാണ്

2. അഥർവവേദത്തിലെ 10.8. 23, 27, 28 മന്ത്രങ്ങൾ താരതമ്യം ചെയ്തു പഠിക്കുക

സുഖം-ദുഃഖം, ഹാനി-ലാഭം എന്നിവ ഉണ്ടാകുന്നത്. ഇന്ദ്രിയങ്ങൾക്ക് മഹാഭൂതങ്ങളുമായി സ്പർശമുണ്ടാകുന്നു. ഈ കാഴ്ചപ്പാടുകളെല്ലാം സാംഖ്യദർശനത്തിൽ കപിലമുനി വിശദീകരിക്കുന്നതാണ്. '**അഹങ്കാരാത് പഞ്ചതന്മാത്രാണ്യുഭയമിന്ദ്രിയം തന്മാത്രേഭ്യഃ സ്ഥൂലഭൂതാനി...**' (സാംഖ്യദർശനം 1.26) എന്ന് പറയുന്നത് കാണാം. അഹങ്കാരത്തിൽനിന്ന് പഞ്ചതന്മാത്രകളും രണ്ടുവിധത്തിലുള്ള ഇന്ദ്രിയങ്ങളും, തന്മാത്രകളിൽനിന്ന് സ്ഥൂലപഞ്ചഭൂതങ്ങളും ഉണ്ടാകുന്നുവെന്നർഥം. കൂടാതെ സാംഖ്യദർശനത്തിൽ പറയുന്ന മറ്റൊരു സൂത്രം കാണുക:

**കൈവല്യാർഥം പ്രവൃത്തേശ്ച.** (സാംഖ്യദർശനം 1.109)

കൈവല്യമെന്നാൽ മോക്ഷമാണ്. പ്രകൃതിയുമായുള്ള ബന്ധനത്തിൽനിന്നാണ് സുഖം, ദുഃഖം എന്നിവ ആത്മാവിന് വന്നുപെടുന്നത്. ഈ ജഡവസ്തുക്കൾ ത്രിഗുണാത്മികങ്ങളുമാണ്. ഇതിൽനിന്നുള്ള വിടുതലാണല്ലോ മോക്ഷം. ജീവൻ പ്രകൃതിയിൽനിന്ന് ഭിന്നനാണ്. ഓരോരുത്തരും ദുഃഖകഷ്ടങ്ങളിൽനിന്ന് രക്ഷപ്പെടുവാൻ ആഗ്രഹിക്കുന്നു. സുഖദുഃഖാദി ദ്വന്ദ്വങ്ങൾക്ക് കാരണം പ്രകൃതിയുമായുള്ള ബന്ധനമാണെന്ന് പറഞ്ഞു. ഈ സമ്പർക്കമില്ലാതാക്കാൻ കപിലൻ ഉപദേശിച്ച അതേ ഉപദേശമാണ് ഗീതയിലെ ഇക്കഴിഞ്ഞ മൂന്ന് ശ്ലോകങ്ങളിൽ ഭഗവാൻ ശ്രീകൃഷ്ണൻ അർജുനനെ ഉപദേശിക്കുന്നത്. സാംഖ്യദർശനത്തിലെ മറ്റു രണ്ടു സൂത്രങ്ങൾ കാണുക:

**അവിവേകാദ്വാ തത്സിദ്ധേ കർതുഃ ഫലാവഗമഃ.** (സാംഖ്യദർശനം 1.71)

**നോഭയം ച തത്ത്വാഖ്യാനേ.** (സാംഖ്യദർശനം 1.72)

അർഥം: ആത്മാവിൽ കർത്തൃത്വവും സുഖദുഃഖാദി ഭോക്തൃത്വവും അവിവേകം കാരണമാണ് ഉണ്ടാകുന്നത്. വിവേകജ്ഞാനം ജനിക്കുമ്പോൾ ഇവ രണ്ടും ഇല്ലാതാകുന്നു. മാത്രമല്ല,

**തദ്യോഗോഽപ്യവിവേകാന്ന സമാന്‍ത്വമ്.** (സാംഖ്യദർശനം 1.20)

**അവിവേകനിമിത്തോ വാ പഞ്ചശിഖഃ.** (സാംഖ്യദർശനം 6.68)

തുടങ്ങിയ സൂത്രങ്ങളനുസരിച്ച് ആത്മാവിന് പ്രകൃതിയുമായി സമ്പർക്കമുണ്ടാകാൻ കാരണം അവിവേകമാണ്. അതിനാൽതന്നെ ഗീതയിൽ വസ്തുതത്ത്വങ്ങളെപ്രതിയുള്ള വിവേകജ്ഞാനത്തെക്കുറിച്ചാണ് തുടർന്നുള്ള ശ്ലോകങ്ങളിൽ വിവരിക്കുന്നത്.

**16. നാസതോ വിദ്യതേ ഭാവോ നാഭാവോ വിദ്യതേ സതഃ**
**ഉഭയോരപി ദൃഷ്ടോഽന്തസ്ത്വനയോസ്തത്ത്വദർശിഭിഃ.**

*അർഥം: അസത്തായത് അതായത് ഇല്ലാത്തത് ഒരിക്കലും ഉണ്ടാവുകയില്ല. സത്തിന് അഥവാ ഉള്ളതിന് ഇല്ല എന്ന അവസ്ഥയുമില്ല. ഉള്ളത്, ഇല്ലാത്തത് എന്നീ രണ്ട് അവസ്ഥകളുടെയും രഹസ്യം തത്ത്വജ്ഞാനികൾ അറിഞ്ഞിരിക്കുന്നു.*

ഭാഷ്യം: ഇതും സാംഖ്യദർശനത്തിലെ കപിലവചനത്തെ ആശ്രയിച്ചാണ് ഭഗവാൻ പറഞ്ഞിട്ടുള്ളത്. നോക്കുക:

**നാവസ്തുനോ വസ്തുസിദ്ധിഃ.** (സാംഖ്യദർശനം 1.43)

അതായത്, അവസ്തുവിൽനിന്ന് വസ്തു ഉണ്ടാകുന്നില്ല. യഥാർഥത്തിൽ ഈ പ്രപഞ്ചത്തിന്റെ ഉത്പത്തി അവാസ്തവികകാരണത്തിൽനിന്നാണെന്നു കരുതുന്നത് ശരിയല്ല. ഇങ്ങനെ കപിലാചാര്യന്റെ സാംഖ്യദർശനത്തെ ആധാരമാക്കി ഗീതയുടെ രണ്ടാമധ്യായം മുന്നേറുന്ന കാഴ്ച നമുക്ക് കാണാം. എന്നാൽ ശ്രീമദ് ആചാര്യ ശങ്കര ഭഗവത്പാദർ സാംഖ്യകാരനായ കപിലമുനിയെ വേദവിരുദ്ധനെന്നാണ് ബ്രഹ്മസൂത്രഭാഷ്യത്തിൽ പറഞ്ഞതെന്നതുകൂടി ഇവിടെ ഓർമിപ്പിക്കട്ടെ. ബ്രഹ്മസൂത്രത്തിന്റെ ശാങ്കരഭാഷ്യത്തിൽ[3] കപിലമുനിയെ വേദവിരുദ്ധനെന്നാണ് ശ്രീശങ്കരൻ മുദ്ര കുത്തിയത്. അതിന് രണ്ടു കാരണങ്ങളാണ് ഉള്ളത്. ഒന്ന് ജീവാത്മാക്കൾ അസംഖ്യമാണെന്ന ചിന്ത. രണ്ടാമത്തേത് ജഗത്തിന്റെ മൂല-ഉപാദാനകാരണത്തെ സംബന്ധിച്ച വീക്ഷണം. ഈ രണ്ടു വീക്ഷണങ്ങളും ഗീതയിൽ പ്രസ്ഫുടമായി കടന്നുവരുന്നുമുണ്ട്.

---

3. ബ്രഹ്മസൂത്രം ശാങ്കരഭാഷ്യം 2.1.1 കാണുക.

എന്നാൽ ശ്രീകൃഷ്ണൻ 'പരമസിദ്ധൻ' എന്നു വിശേഷിപ്പിച്ച കപിലമുനിയെ, സ്വമതസ്ഥാപനത്തിന്റെ ഭാഗമായി ശ്രീശങ്കരാചാര്യർ 'മന്ദബുദ്ധി' (മന്ദമതീൻ) എന്നുപോലും വിശേഷിപ്പിച്ചുകളഞ്ഞു. മാത്രമല്ല, ശ്രുതിവിരുദ്ധമാണ് സാംഖ്യദർശനമെന്നും ശ്രീശങ്കരൻ പറയാൻ മടിച്ചില്ല.[(4)]

**17. അവിനാശി തു തദ്വിദ്ധി യേന സർവമിദം തതമ്**
**വിനാശമവ്യയസ്യാസ്യ ന കശ്ചിത് കർതുമർഹതി.**

*അർഥം: യാതൊന്നാണോ ഈ പ്രപഞ്ചം മുഴുവൻ ഓതപ്രോതമായിരിക്കുന്നത് അത് അവിനാശിയാണെന്നറിയുക. ആ അവ്യയമായ തത്ത്വത്തെ നശിപ്പിക്കാൻ ആർക്കുംതന്നെ കഴിയുകയില്ല.*

ഭാഷ്യം: ജീവാത്മാവിന്റെ ശരീരം മാറും. എന്നാൽ ജീവാത്മാവിന് നാശമില്ല. ജീവാത്മാവ് അനാദിയാണെന്ന വൈദികസിദ്ധാന്തം ഉറപ്പിക്കുകയാണ് ഈ ശ്ലോകത്തിൽ.

സാംഖ്യദർശനത്തിൽ കപിലമുനി പറയുന്നതുതന്നെയാണ് ഈ ശ്ലോകത്തിലും പരാമർശവിഷയം. ജീവാത്മാക്കൾ അസംഖ്യമാണെന്ന് ഈ അധ്യായത്തിൽതന്നെ പറഞ്ഞുകഴിഞ്ഞു. 'ഞാനും നീയും ഒരു കാലത്തും ഇല്ലാതിരുന്നിട്ടില്ല. ഇക്കാണുന്ന രാജാക്കന്മാരും ഇല്ലാതിരുന്നിട്ടില്ല. മേലിൽ ഇല്ലാതാവുകയുമില്ല' (ഗീത 2.12) എന്ന പ്രസ്താവനയിൽ അനേകം ജീവാത്മാക്കളെക്കുറിച്ചും അവയുടെ അനാദിത്വത്തെക്കുറിച്ചും പറഞ്ഞുകഴിഞ്ഞു. ഞാൻ, നീ, അവൻ എന്നീ ഭേദങ്ങളോടെ ജീവാത്മാവിന്റെ അനേകത്വം മോക്ഷാവസ്ഥയിൽപോലും നിലനിൽക്കും. ഉള്ളത് ഒരിക്കലും ഇല്ലാതാവില്ല എന്ന് 16-ാം ശ്ലോകത്തിലും പറഞ്ഞുവല്ലോ. ജീവാത്മാവിന്റെ അനേകത്വത്തെക്കുറിച്ച് കപിലമുനി പറയുന്നത് കാണുക:

**ജന്മാദിവ്യവസ്ഥാതഃ പുരുഷബഹുത്വമ്.** (സാംഖ്യദർശനം 1.114)

4. ബ്രഹ്മസൂത്രം ശാങ്കരഭാഷ്യം 1.4.28 കാണുക.

ജനനമരണാദികാര്യങ്ങളിൽ ഓരോ വ്യക്തിക്കും വ്യത്യാസമുണ്ട്. ഒരാൾ ജനിക്കുന്നു, മറ്റൊരാൾ മരിക്കുന്നു. ഒരാൾ സുഖമായിരിക്കുമ്പോൾ മറ്റൊരാൾ ദുഃഖമനുഭവിക്കുന്നു. ഈ നാനാത്വം ഈ ലോകത്തിൽ നാം കാണുന്നു. ഒരേ ഒരു ആത്മാവേ ഉള്ളൂവെങ്കിൽ ഈ പരസ്പരവൈരുദ്ധ്യം എങ്ങനെ നടക്കും? ഒരു പുരുഷനേയുള്ളൂവെങ്കിൽ ഒരാൾ മരിക്കുമ്പോൾ ഏവരും മരിക്കണം, ഒരാൾക്ക് സുഖമുണ്ടാവുമ്പോൾ എല്ലാവർക്കുമത് ഉണ്ടാകണം. ഒരാൾക്ക് മോക്ഷം കിട്ടിയാൽ അതും സർവർക്കും ലഭിക്കണം. അത്തരത്തിലുള്ള അനുഭവം ഇല്ലാത്തതിനാൽ അനേകം ജീവാത്മാക്കളുണ്ടെന്ന് കപിലമുനി വിവരിക്കുന്നതാണ് ഭഗവാനിവിടെ ചൂണ്ടിക്കാട്ടുന്നത്. കപിലമുനിയുടെ ഈ കാഴ്ചപ്പാടിന്റെ തുടർച്ചയെന്നോണം ഭഗവാൻ പറയുകയാണ്,

18. **അന്തവന്ത ഇമേ ദേഹാഃ നിത്യസ്യോക്താഃ ശരീരിണഃ**
**അനാശിനോ/പ്രമേയസ്യ തസ്മാദ്യുധ്യസ്വ ഭാരത.**

*അർഥം: നിത്യനും ഒരിക്കലും നശിക്കാത്തവനുമായ ഈ ആത്മാവ് അപ്രമേയനാണ്. ശരീരിക്ക് നഷ്ടമാകുന്നത് അതുമായി ബന്ധപ്പെട്ട, ഈ നശിക്കുന്ന ദേഹം മാത്രമാണ്. അല്ലയോ ഭരതകുലോത്പന്നാ, അതിനാൽ നീ യുദ്ധം ചെയ്യുക.*

ഭാഷ്യം: ജീവാത്മാവിനെ നിത്യനെന്നും നാശമില്ലാത്തവനെന്നും ഇവിടെ വിശേഷിപ്പിച്ചു കാണുന്നു. നിത്യനെന്ന് വിശേഷിപ്പിച്ചശേഷം നാശമില്ലാത്തവനെന്ന് ആവർത്തിച്ചത് പുനരുക്തിദോഷമല്ലേ എന്ന് ചോദിച്ചേക്കാം. ഗീതയിലെ സാംഖ്യയോഗത്തിന് കാപിലതന്ത്രവുമായി ബന്ധമൊന്നുമില്ലെന്ന് കരുതുന്നവർക്ക് ഇത്തരത്തിലുള്ള ചോദ്യങ്ങൾക്ക് നേരായ ഉത്തരം പറയാൻ സാധിക്കില്ല. ഈ അധ്യായത്തിന് നിദാനമായ സാംഖ്യദർശനത്തെ അപഗ്രഥിച്ചു പഠിച്ചുകഴിഞ്ഞാൽ മാത്രമേ ശ്രീകൃഷ്ണഭഗവാന്റെ ഉക്തിയുടെ ആന്തരികാർഥത്തെ ഉൾക്കൊള്ളാൻ സാധിക്കൂ. നാശശബ്ദത്തിന് കപിലമുനി നൽകിയ വ്യാഖ്യാനം ഇങ്ങനെയാണ്:

**നാശഃ കാരണലയഃ..** (സാംഖ്യദർശനം 1.86)

നാശമെന്ന പദത്തിന് ഇല്ലാതാവുക എന്നല്ല, മറിച്ച് കാരണത്തിൽ വിലയിക്കുക എന്നർഥമെടുക്കണമെന്നാണ് കപിലമുനിയുടെ അഭിപ്രായം. കാര്യജഗത്ത് ഉപാദാനകാരണമായ കാരണപ്രകൃതിയിൽ ലയിക്കുന്നതിനെയാണ് അതിന്റെ നാശം എന്ന് പറയുന്നത്. പ്രളയ(പ്ര+ലയ)ത്തിൽ സംഭവിക്കുന്നതും ഇതാണ്. എന്നാൽ ജീവാത്മാവിന് ഇത്തരത്തിലൊരു ലയം ഉണ്ടാവുകയില്ല എന്ന് സൂചിപ്പിക്കാനാണ് ശ്രീകൃഷ്ണൻ 'അനാശി' എന്ന് ഈ ശ്ലോകത്തിൽ പ്രയോഗിക്കുന്നത്. കാരണം **'മൂലേ മൂലാഭാവാദമൂലം മൂലമ്'** (സാംഖ്യദർശനം 1.32) എന്നു കപിലമുനിതന്നെ സിദ്ധാന്തിച്ചിട്ടുണ്ട്. അതായത് അനാദിയായ ജീവാത്മാവിന് ലയിക്കാൻ വേറെ മൂലകാരണതത്ത്വമില്ല എന്നർഥം. ജീവാത്മാവിന്റെ അനാദിത്വത്തെ ശ്രീകൃഷ്ണഭഗവാൻ വീണ്ടുംവീണ്ടും ഉറപ്പിക്കുകയാണ് ഇവിടെ.

ജീവാത്മാവിന്റെ ഈദൃശമായ അവിനാശിത്വം 'നിത്യം' എന്ന പദത്താൽ വ്യക്തമാവില്ലെന്നതിനാലാണ് ശ്രീകൃഷ്ണൻ 'അനാശി' എന്ന പദം വിശേഷമായി എടുത്ത് ഉപയോഗിച്ചത്. സാംഖ്യമനുസരിച്ച് പ്രകൃതിയും പുരുഷനും നിത്യമാണ്. കപിലമുനി പറയുന്നത് കേൾക്കുക:

**പ്രകൃതിപുരുഷയോരന്യത് സർവമനിത്യമ്.** (സാംഖ്യദർശനം 5.68)

പ്രകൃതി, ജീവാത്മാവ്, പരമാത്മാവ് എന്നിവയൊഴിച്ച് മറ്റെല്ലാം അനിത്യമാണെന്നർഥം. ഭോക്താവായ ജീവനും ഭോഗ്യമായ പ്രകൃതിയും നിത്യമാണ്. അപ്പോൾപ്പിന്നെ അനിത്യമായതെന്താണ്?

ഭോഗപരമായ സുഖദുഃഖങ്ങൾ, അന്യ വിഷയഭോഗങ്ങൾ എന്നിവയെല്ലാം അനിത്യങ്ങളാണ്. അവയാകട്ടെ അവിവേകംമൂലമുണ്ടായ ജീവന്റെ പ്രകൃതിബന്ധനത്താൽ മാത്രം ഉണ്ടായിത്തീർന്നതുമാണ്. അതിനാൽതന്നെ അവ അനിത്യവുമാണ്. ഈ തത്ത്വമാണ് ഗീതയുടെ രണ്ടാം അധ്യായത്തിന്റെ അന്തഃസത്തയും. തുടർന്നുവരുന്ന സൂത്രത്തിൽ ഭോഗ്യഭോക്തൃബന്ധത്തിൽനിന്നും ജീവാത്മാവിന്റെയും പ്രകൃതിയുടെയും ഭിന്നഭിന്നമായ അസ്തിത്വത്തെക്കുറിച്ച് പറയുന്നു.

**ന ഭാഗലാഭോ ഭോഗിനോ നിർഭാഗത്വശ്രുതേഃ.** (സാംഖ്യദർശനം 5.69)

തന്റെ ഈ അഭിപ്രായത്തിന് ശ്രുതിപ്രമാണമുണ്ടെന്ന് കപിലമുനി ഇവിടെ ചൂണ്ടിക്കാട്ടുന്നു. എന്താണ് ശ്രുതിവാക്യം? ആ വാക്യമാണ് തുടർന്നുവരുന്ന രണ്ട് ഗീതാശ്ലോകങ്ങളിലൂടെ ഭഗവാൻ വ്യക്തമാക്കുന്നത്. ഇവയാകട്ടെ ശ്രുതിപ്രമാണമായ കഠോപനിഷത്തിലുള്ളതാണുതാനും.

**19. യ ഏനം വേത്തി ഹന്താരം യശ്ചൈനം മന്യതേ ഹതമ്**
**ഉഭൗ തൗ ന വിജാനീതോ നായം ഹന്തി ന ഹന്യതേ.**

*അർഥം: ഈ ആത്മാവ് മരിക്കുന്നുവെന്നു കരുതുന്നവനും അതിനെ കൊന്നുകളയാമെന്നു കരുതുന്നവനും രണ്ടുപേരും തത്ത്വത്തെ അറിയുന്നില്ല. ആത്മാവ് ആരെയും കൊല്ലുന്നില്ല, ആരാലും കൊല്ലപ്പെടുന്നുമില്ല. കേവലം ശരീരം മാത്രമാണ് മാറിവരുന്നത്.*

**20. ന ജായതേ മ്രിയതേ വാ കദാചിത്**
**നായം ഭൂത്വാ ഭവിതാ വാ ന ഭൂയഃ**
**അജോ നിത്യഃ ശാശ്വതോ/യം പുരാണോ**
**ന ഹന്യതേ ഹന്യമാനേ ശരീരേ.**

*അർഥം: ഈ അനാദിയും, അനന്തവുമായ ജീവാത്മാവ് ഒരിക്കലും ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. ഉണ്ടായശേഷം അതില്ലാതാവുകയും ചെയ്തിട്ടില്ല. ഈ ജീവാത്മാവ് ജനിക്കാത്തതും നിത്യനും, ശാശ്വതനും പുരാതനനുമാണ്. ശരീരമില്ലാതായാൽപ്പോലും ഈ ആത്മാവ് നശിക്കുകയില്ല.*

ഭാഷ്യം: ഇതേ ശ്ലോകങ്ങൾ അല്പം പാഠഭേദത്തോടെ കഠോപനിഷത്തിൽ കടന്നുവരുന്നത് കാണുക:

**ന ജായതേ മ്രിയതേ വാ വിപശ്ചിന്നായം കുതശ്ചിന്ന**
**ബഭൂവ കശ്ചിത്. അജോ നിത്യഃ ശാശ്വതോ/യം**
**പുരാണോ ന ഹന്യതേ ഹന്യമാനേ ശരീരേ. (18)**

**ഹന്താ ചേന്മന്യതേ ഹന്തും ഹതശ്ചേന്മന്യതേ ഹതമ്.**
**ഉഭൗ തൗ ന വിജാനീതോ നായം ഹന്തി ന ഹന്യതേ. (19)**

(കഠോപനിഷത്ത് 2.18-19)

അർഥം: ഈ ആത്മാവ് ഒരിക്കലും ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. എങ്ങുനിന്നും ഉണ്ടായിട്ടില്ല. ഒന്നും ഇതിൽനിന്നും ഉണ്ടായിട്ടില്ല. ജനിക്കാത്ത, നശിക്കാത്ത, ഈ സനാതനൻ ശരീരം ഇല്ലാതായാലും ഇല്ലാതാകുന്നില്ല. (18)

കൊലയാളി കൊല്ലുന്നെന്നും കൊലയ്ക്കിരയായവൻ കൊല്ലപ്പെട്ടുവെന്നും കരുതുന്നു. എന്നാൽ ഇരുവരും, ഈ ആത്മാവ് കൊല്ലുന്നില്ല, ചാകുന്നില്ല എന്ന് അറിയുന്നില്ല. (19)

ആത്മാവെന്നു കേൾക്കുമ്പോൾ അത് ഈശ്വരനാണെന്ന ചിന്ത വന്നേക്കാം. എന്നാൽ അത്തരത്തിലുള്ള ആശങ്ക ആവശ്യമില്ലാത്തവിധം ഇവിടെ ആത്മാവ് ജീവാത്മാവാണെന്ന് വ്യക്തമാണ്. കാരണം ഈശ്വരനെ 'അകായം' അഥവാ ശരീരമില്ലാത്തവൻ എന്ന് വേദത്തിൽ പറയുന്നതിനാൽ ഇവിടെ പറയുന്ന 'ശരീരി' ജീവാത്മാവാണ്. ഇവിടെ അനാദിയായ പ്രകൃതിയാണ് വ്യത്യസ്തങ്ങളായ നാമരൂപങ്ങളായിത്തീരുന്നതെന്നും വ്യക്തമാകുന്നു. വിവിധങ്ങളായ ജീവാത്മാക്കൾക്ക് വിവിധ ശരീരങ്ങൾ നൽകുന്നത് പ്രകൃതിതന്നെയാണെന്ന് ശ്വേതാശ്വതരോപനിഷത്തും പ്രമാണം നൽകുന്നുണ്ട്.[5]

---

5. *അജാമേകാം ലോഹിതശുക്ലകൃഷ്ണാം*
*ബഹ്വീഃ പ്രജാഃ സൃജമാനാം സ്വരൂപാഃ*
*അജോഹ്യേകോ ജുഷമാണോനുശേതേ*
*ജഹാത്യേനാം ഭുക്തഭോഗാമജോന്യഃ*

(ശ്വേതാശ്വതരോപനിഷത്ത് 4.5)

പ്രകൃതി, ജീവാത്മാവ്, പരമാത്മാവ് ഈ മൂന്നും അജങ്ങൾ- ഒരിക്കലും ജനിക്കാത്തവ- ആണ്. ഈ മൂന്നും സകലലോകത്തിന്റെയും കാരണങ്ങളാകുന്നു. ഇവയുടെ കാരണങ്ങളായി യാതൊന്നും ഇല്ല. അനാദിയായ ജീവാത്മാവ് അനാദിയായ പ്രകൃതിയെ അനുഭവിച്ച് അതിൽ അകപ്പെട്ടുപോകുന്നു. പരമാത്മാവാകട്ടെ, അതിനെ ഭുജിക്കുകയോ അതിൽ അകപ്പെടുകയോ ചെയ്യുന്നില്ല.

**21. വേദാവിനാശിനം നിത്യം യ ഏനമജമവ്യയമ്**
**കഥം സ പുരുഷഃ പാർഥ, കം ഘാതയതി ഹന്തി കമ്.**

*അർഥം: ഹേ പാർഥാ! ഈ ജീവാത്മാവ് അനാദിയും അനന്തവും നിത്യവും ഒരിക്കലും നശിക്കാത്തതുമാണെന്നറിയുന്നവൻ എങ്ങനെയാണ് ഒരാളെ കൊല്ലുക? എങ്ങനെയാണ് കൊല്ലിപ്പിക്കുക?*

ഭാഷ്യം: സാംഖ്യദർശനപ്രകാരമുള്ള, ജീവൻ അനാദിയാണെന്ന കാഴ്ചപ്പാടാണ് ഈ ശ്ലോകത്തിൽ സ്ഫുടീകരിച്ചു നിൽക്കുന്നത്. എന്നാൽ ഈ വാദത്തെ അംഗീകരിക്കാൻ ആധുനിക വേദാന്തികൾക്ക് കഴിയാത്തതിനാൽ അവർ സാംഖ്യദർശനത്തെയും അതിന്റെ കർത്താവായ കപിലമുനിയെയും തള്ളിപ്പറഞ്ഞു. സാംഖ്യദർശനകാരനായ കപിലമുനി നാസ്തികനാണെന്നും, വേദവിരുദ്ധനാണെന്നുംവരെ മുദ്രകുത്തപ്പെട്ടു. ജീവാത്മാക്കൾ അസംഖ്യമാണെന്ന സാംഖ്യസിദ്ധാന്തവും ജീവനും ബ്രഹ്മവും ഒന്നാണെന്ന ആധുനിക വേദാന്തവും ഒന്നിച്ചുപോവില്ലല്ലോ. ആത്മാവും ബ്രഹ്മവും ഒന്നാണെങ്കിൽ ജഗത്ത് മിഥ്യയായേ മതിയാകൂ. ഈ ജഗത്ത് മിഥ്യയാണെങ്കിൽ ജീവിതവും മിഥ്യയാകുമല്ലോ? ബ്രഹ്മമെങ്ങനെയാണ് മിഥ്യയിൽ പോയിപ്പെടുക എന്ന ചോദ്യം കപിലമുനി ചോദിക്കും. അപ്പോൾ ബ്രഹ്മം മിഥ്യയിൽപെട്ടിട്ടില്ലെന്നും, തോന്നലാണ് അതെന്നും ആധുനികവേദാന്തികൾ മറുപടി പറയും. ഈ തോന്നൽ എങ്ങനെ, ആർക്ക്, എന്തുകൊണ്ട്, എന്തിന് ഉണ്ടായി എന്ന ചോദ്യം സാംഖ്യനും നൈയായികനും (ന്യായദർശനകർത്താവായ ഗൗതമമുനിയും) തൊടുത്തുവിടുമ്പോൾ ആധുനിക വേദാന്തി മറുപടി പറഞ്ഞുകാണുന്നില്ല.

ചിലപ്പോൾ കയറിൽ പാമ്പെന്നപോലെ, ചിപ്പിത്തോടും വെള്ളിയും പോലെ എന്നിത്യാദി ഉദാഹരണങ്ങൾ ഇതിനായി എടുത്തുകാണിക്കുകയും ചെയ്യും. ഒന്നിൽ മറ്റൊന്നിനെ അധ്യാരോപം ചെയ്തുകൊണ്ട് ഇല്ലാത്തതിനെ ഉള്ളതൊന്നിൽ കാണുന്നുവെന്ന് അവർ വാദിക്കുന്നു. ഈ പ്രപഞ്ചം ഇല്ലെന്നു കാണിക്കാൻ രണ്ട് ഉള്ള വസ്തുക്കളാണ് ഉദാ

ഹരണമായി എടുക്കുന്നത്. കയറും പാമ്പും ഉള്ളവയാണ്. കയറിൽ പാമ്പിനെയോ പാമ്പിൽ കയറിനെയോ കാണുമ്പോൾ ആ 'കാഴ്ച'യാണ് മിഥ്യയെന്ന് വാദിച്ചേക്കാം. ഉള്ള ഒന്നിൽ ഇല്ലാത്തതിനെ കാണുമ്പോലെ എന്നർഥം. അതായത് കയറു കാണുമ്പോൾ പാമ്പു കിടക്കുന്നുവെന്ന്, ഇല്ലാത്ത പാമ്പിനെ ഉള്ള കയറിൽ കാണുന്നതുപോലെ- സത്യമായ ബ്രഹ്മത്തിൽ മിഥ്യയായ ജഗത്തിനെ കാണുന്നുവെന്ന് വ്യാഖ്യാനിക്കാം. എന്നാൽ ഇതിനെ നൈയായികർ എതിർക്കും. കാരണം, ദൂരെ അവ്യക്തമായ പ്രകാശത്തിൽ മരക്കുറ്റികളോ, തൂണോ മറ്റോ കണ്ടാൽ അത് കൊള്ളക്കാരാണെന്ന് ധരിക്കുന്നു. ഈ ധാരണയ്ക്ക് തെളിവൊന്നുമില്ല. സംശയമേയുള്ളൂ. അതിനാൽ നൈയായികർക്ക് ഇത് വ്യഭിചാരിജ്ഞാനമാണ്.

പ്രമാണമായി ചൂണ്ടിക്കാണിക്കുന്നവയ്ക്ക് ഇത്തരത്തിലുള്ള വ്യഭിചാരിജ്ഞാനദോഷം വരരുത്. അതിനാൽ ഈ ഉദാഹരണങ്ങൾ പ്രമാണയുക്തമല്ല. കയറോ പാമ്പോയെന്ന് തെളിയാത്ത പ്രമാണം പ്രസക്തമല്ലെന്നർഥം. ഇത്തരം ഉദാഹരണങ്ങളിൽ കുടുങ്ങി ഇരിക്കരുതെന്നും യാഥാർഥ്യത്തിലേക്ക് പ്രവേശിക്കണമെന്നുമൊക്കെ ചില ആചാര്യന്മാർ ഉപദേശിക്കാറുണ്ട്. എന്നാൽ ഉദാഹരണത്തിന്റെ ഈ പിഴയെയാണ് വ്യഭിചാരിജ്ഞാനമെന്ന് ന്യായകാരൻ ചൂണ്ടിക്കാണിച്ചത്. ഇതു പറയുന്ന നൈയായികനെയും സാംഖ്യനെയും തള്ളിപ്പറയുകയാണ് ആധുനിക വേദാന്തികൾ ചെയ്യുന്നത്. വേദാന്തദർശനത്തെയാണ് ഇതിന് ആയുധമാക്കാറ്. എന്നാൽ മൂലസൂത്രങ്ങളിൽ ഒരിടത്തും വ്യാസൻ സാംഖ്യകാരനായ കപിലമുനിയെ തള്ളിപ്പറഞ്ഞിട്ടില്ല. എന്നുമാത്രമല്ല, വേദത്തിന്റെ ആറ് ഉപാംഗങ്ങളായ സാംഖ്യം, യോഗം, ന്യായം, വൈശേഷികം, മീമാംസ, വേദാന്തം എന്നിവ പരസ്പരവിരോധങ്ങളല്ലതാനും. ഒരേ വിദ്യയിൽ വിഭിന്നങ്ങളായ നിരവധി വിദ്യകളുടെ അവയവങ്ങൾ പരസ്പരം ഇണക്കിച്ചേർത്ത് പ്രതിപാദിക്കുന്നതുപോലെയാണ് ഷഡ്ദർശനങ്ങളുടെ പ്രതിപാദനം.

സൃഷ്ടിയുടെ ആറ് അവയവങ്ങളെ ആറ് ദർശനങ്ങളിൽ കൈകാര്യം ചെയ്തിരിക്കുന്നു. ഒരു കുടം ഉണ്ടാക്കുകയാണെന്നിരിക്കട്ടെ. അതിൽ

കർമം, കാലം, മണ്ണ്, വിചാരം, സംയോഗം, വിയോഗം തുടങ്ങിയവയും പ്രകൃതിയുടെ ഗുണങ്ങൾ, കുലാലൻ എന്നിവയെല്ലാം കാരണമാകുന്നുണ്ട്. അതേപോലെ സൃഷ്ടിപ്രക്രിയ എടുത്താൽ അതിന്റെ കാരണമായ കർമത്തിന്റെ വ്യാഖ്യാനം മീമാംസയിലാണ് ഉള്ളത്. കാലത്തിന്റേത് വൈശേഷികത്തിലും, ഉപാദാനകാരണത്തിന്റെ വ്യാഖ്യാനം ന്യായദർശനത്തിലും, പുരുഷാർഥത്തിന്റെ വ്യാഖ്യാനം യോഗത്തിലും കാണാം. തത്ത്വങ്ങളുടെ അനുക്രമമായ പരിഗണനയുടെ വ്യാഖ്യാനം സാംഖ്യദർശനത്തിലും നിമിത്തകാരണമായ ബ്രഹ്മത്തിന്റെ വ്യാഖ്യാനം വേദാന്തദർശനത്തിലും കാണാം. എന്നാൽ ഇതൊന്നുമറിയാതെ സാംഖ്യം വേദാന്തത്തിന് വിരുദ്ധമാണെന്ന് കരുതുന്നവർ ഗീതയുടെ രണ്ടാമധ്യായമായ സാംഖ്യയോഗത്തിന് വ്യാഖ്യാനം ചമയ്ക്കുമ്പോൾ അതിൽ എത്രമാത്രം സത്യസന്ധത ഉണ്ടായിരിക്കുമെന്നതുകൂടി നാം പരിചിന്തനം ചെയ്യേണ്ടതാണ്.

**22. വാസാംസി ജീർണാനി യഥാ വിഹായ**
**നവാനി ഗൃഹ്ണാതി നരോഽപരാണി**
**തഥാ ശരീരാണി വിഹായ ജീർണാ-**
**ന്യന്യാനി സംയാതി നവാനി ദേഹീ.**

*അർഥം: മനുഷ്യൻ ജീർണിച്ച വസ്ത്രം മാറ്റി പുതിയ വസ്ത്രം ധരിക്കുന്നതുപോലെ ദേഹി അഥവാ ജീവാത്മാവ് പഴകിയ ശരീരം ത്യജിച്ച് പുതിയതൊന്ന് സ്വീകരിക്കുന്നു. അതുകൊണ്ട് അർജുനാ, പഴയ വസ്ത്രം മാറ്റി പുതിയത് ധരിക്കുമ്പോൾ പഴയതിനെച്ചൊല്ലി ആരെങ്കിലും കരയാറുണ്ടോ? യഥാർഥത്തിൽ ആ ജീവാത്മാവിനെ ഹനിക്കാൻ ആർക്കുമാകില്ലെന്നറിയുക.*

ഭാഷ്യം: സാംഖ്യദർശനത്തിൽ കപിലമുനിയുടെ അതേ കാഴ്ചപ്പാടുതന്നെയാണ് ഈ ഗീതാശ്ലോകത്തിലും ഭഗവാൻ വിശദീകരിക്കുന്നത്. കപിലമുനി പറഞ്ഞത് കാണുക:

**ഉപാധിഭേദേ/പ്യേകസ്യ നാനായോഗ ആകാശസ്യേവ ഘടാദിഭിഃ.**

(സാംഖ്യദർശനം 1.115)

അതായത് ശരീരത്തിന് നാശം വന്നാലും ഒരേ ഒരു ആത്മാവിന് നിരവധി ദേഹങ്ങളുമായി ബന്ധമുണ്ടാകുന്നു. കുടത്തിന് ആകാശവുമായി ബന്ധമുള്ളതുപോലെ. ശരീരം നശിച്ചാലും ആത്മാവ് നിലനിൽക്കും. മൺകുടം ഉടഞ്ഞാലും ആകാശം നിലനിൽക്കുമ്പോലെ ശരീരത്തിനേ നാശമുള്ളൂ. ഓരോ ജനനവും ശരീരവുമായുള്ള ബന്ധം മാത്രമാണ്. അനേകശരീരങ്ങളുമായി ഒരേ ജീവൻ സംബന്ധം സ്ഥാപിക്കുന്നു. അത് ജനനം. സംബന്ധം വിടുന്നത് മരണം. ഈ ആശയമാണ് ഈ ശ്ലോകത്തിന് ആധാരമായി ഭഗവാൻ സ്വീകരിച്ചത്. തുടർന്ന് സാംഖ്യകാരൻ പറയുന്നത് കാണുക:

**ഉപാധിർഭിദ്യതേ ന തു തദ്വാൻ.** (സാംഖ്യദർശനം 1.116)

അർഥം: ദേഹം നഷ്ടമാകുന്നുവെങ്കിലും ആത്മാവ് നശിക്കുന്നില്ല.

**അജോ നിത്യോ ശാശ്വതോ/യം പുരാണഃ.** (കഠോപനിഷത്ത് 2.18)

എന്ന് ശ്രുതിയും സാംഖ്യന്റെ ഈ സിദ്ധാന്തത്തെ പിന്തുണയ്ക്കുന്നുണ്ട്. ഇക്കാര്യം മനസ്സിലാക്കാതെ മരിച്ച പിതൃക്കൾക്കായി അനേകം പേർ ശ്രാദ്ധമൂട്ടുന്നു. ശ്രാദ്ധമൂട്ടൽ വൈദികമല്ല, പ്രേതപൂജയാണ്. ഈ കാഴ്ചപ്പാട് ചൈനക്കാരിൽനിന്ന് ബൗദ്ധർ വഴി ഇന്നത്തെ ഹിന്ദുക്കൾക്ക് കിട്ടിയതാണെന്ന് കാപിലതന്ത്രത്തിൽനിന്നും ഗീതയിൽനിന്നും വേദ-ശ്രുതി പ്രമാണങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ട്. അവിടെയൊന്നും ഇത്തരം ദുരാചാരങ്ങൾക്ക് പ്രമാണമില്ല. ഈ അധ്യായത്തിലെ തുടർന്നുള്ള ശ്ലോകങ്ങളും ഇതിന് പ്രമാണം നൽകുന്നു. എന്നാൽ ലക്ഷക്കണക്കിന് രൂപ ചെലവിട്ട് പ്രേതാവാഹനം തുടങ്ങിയവ നടത്തി ചിലർ സ്വയം നാശമടയുന്നു.[6]

---

6. കൂടുതലറിയാൻ 'വാവുബലി, ശ്രാദ്ധതർപ്പണം-എന്താണ് സത്യം?' എന്ന ലേഖകന്റെ ചെറുപുസ്തകം പഠിക്കുക.

**23. നൈനം ഛിന്ദന്തി ശസ്ത്രാണി നൈനം ദഹതി പാവകഃ**
**ന ചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുതഃ.**

*അർഥം: ഈ ദേഹധാരിയായ ജീവാത്മാവിനെ ആയുധങ്ങൾകൊണ്ട് മുറിക്കാനോ അഗ്നികൊണ്ട് ദഹിപ്പിക്കാനോ കഴിയില്ല. ജലത്തിനാൽ ഇതിനെ നനയ്ക്കാനോ കാറ്റിനാൽ ഈ ആത്മാവിനെ ഉണക്കുവാനോ കഴിയില്ല.*

**24. അച്ഛേദ്യോ/യമദാഹ്യോ/യമക്ലേദ്യോ/ശോഷ്യ ഏവ ച**
**നിത്യഃ സർവഗതഃ സ്ഥാണുരചലോ/യം സനാതനഃ.**

*അർഥം: ഈ ആത്മാവിനെ ഛേദിക്കാനാവില്ല. തീകൊണ്ട് അതിനെ ചുടാനുമാവില്ല. നനയ്ക്കാനോ ഉണക്കാനോ കഴിയാത്ത വിധം അക്ലേദ്യനും അശോഷ്യനുമാണ് ആത്മാവ്. ദേഹം മുഴുവനും തന്റെ ശക്തിയാൽ അത് വ്യാപിച്ചിരിക്കുന്നു. ആ ജീവാത്മാവ് സ്ഥിരനും അചലനും സനാതനനുമാണ്.*

**25. അവ്യക്തോ/യമചിന്ത്യോ/യമവികാര്യോ/യമുച്യതേ**
**തസ്മാദേവം വിദിത്വൈനം നാനുശോചിതുമർഹസി.**

*അർഥം: അനാദിയും അനന്തശക്തിയുമുള്ള പരമാത്മാവ് അചിന്ത്യനാകുന്നതുപോലെയാണ് ഈ ജീവാത്മാവും. ഈ ചേതന ചിലപ്പോൾ സുപ്താവസ്ഥയിലായിത്തീരാം. എന്നാൽ അതൊരിക്കലും ലുപ്തമാവില്ല (ഇല്ലാതാവില്ല). ഈ ദൃഷ്ടിയിൽ നോക്കുമ്പോൾ ആ ജീവാത്മാവ് വികാരങ്ങളേശാത്തവനാണ്. ഈ ആത്മാവിനെ നീ ഇങ്ങനെ അറിഞ്ഞാൽ നിനക്ക് മരണത്തിൽ ദുഃഖിക്കേണ്ടിവരില്ല.*

ഭാഷ്യം: ചില വ്യാഖ്യാതാക്കൾ കഴിഞ്ഞ ശ്ലോകത്തിലെ 'സർവഗതഃ' ശബ്ദത്തിന് സർവവ്യാപകനായ പരമാത്മാവ് എന്നർഥം പറഞ്ഞുകാണുന്നുണ്ട്. എന്നാൽ ഈ പ്രകരണത്തിൽ ചർച്ച ചെയ്യുന്നത് ജീവാത്മാവിന്റെ ഗുണഗണങ്ങളാണ്. ശരീരം മാറി മറ്റൊന്ന് സ്വീകരിക്കുന്നുവെന്ന

വിവരണങ്ങളും മറ്റും പരിശോധിക്കുമ്പോൾ ജീവാത്മാവ് സർവവ്യാപി യാകുന്നുവെന്ന വ്യാഖ്യാനത്തിന് പ്രസക്തി നഷ്ടപ്പെടുന്നു. ദഹരാകാ ശത്തിൽ സ്ഥിരനും അചലനുമായി നിന്നുകൊണ്ട് ശരീരത്തിലെ സർവ അങ്ഗങ്ങളിലും വ്യാപിച്ചിരിക്കുന്ന ജീവാത്മാവെന്നാണ് ഇവിടെ '**സർവ ഗതഃ**' ശബ്ദത്തിന്നർഥം. അല്ലാതെ പരമാത്മാവിന്റെ വ്യാപകത്വമല്ല ഇവിടെ പ്രസക്തം. സാംഖ്യദർശനം പഠിക്കാതെ സാംഖ്യയോഗത്തെ അപഗ്രഥിക്കാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന അപാകമാണിത്. ജീവാത്മാ വിനെ അണുസമാനമെന്ന് വേദ-ഉപനിഷദാദി ശാസ്ത്രങ്ങളിൽ പറഞ്ഞി ട്ടുണ്ട്. '**ഏഷഃ അണുരാത്മാ**' (മുണ്ഡകോപനിഷത്ത് 3.1.9), '**ബാലാദേക മണീയസ്കം**' (അഥർവവേദം 10.8.25) എന്നിവ ഈ കാഴ്ചപ്പാടിന സാധൂ കരിക്കുന്ന ശ്രുതിവചനങ്ങളാണ്. 'അണു'രൂപത്തിലാണ് ജീവാത്മാവെ ങ്കിൽ ശരീരത്തിലാകമാനം അത് എങ്ങനെ വ്യാപിച്ചിരിക്കുന്നുവെന്ന് ചോദിച്ചേക്കാം. അതിനുള്ള മറുപടിയും കപിലമുനി നൽകുന്നുണ്ട്. കാണുക:

**പ്രതിബന്ധദൃശഃ പ്രതിബന്ധജ്ഞാനമനുമാനമ്.** (സാംഖ്യദർശനം 1.65)

വ്യാപ്തിയിൽ വ്യാപകന്റെ ജ്ഞാനമുണ്ടാകുന്നു. അതിനെത്തന്നെ യാണ് അനുമാനമെന്ന് പറയുന്നത്, പുക കണ്ട് അഗ്നിയുണ്ടെന്ന് പറയു ന്നതുപോലെ. ശരീരാദികളിലെ ചലനം ദർശിച്ച് അതിന് ഹേതുവായ ആത്മാവ് അണുരൂപത്തിൽ 'പുകയ്ക്കിടയിൽ അഗ്നിയൊരിടത്ത് ഇരി ക്കുന്നതുപോലെ' എന്ന ഉപമയാണ് കപിലമുനിയുടെ സിദ്ധാന്തത്തിൽ ഒളിച്ചിരിക്കുന്നത്. ആചാര്യൻതന്നെ ഇക്കാര്യത്തെ കൂടുതൽ ശക്തി യോടെ അവതരിപ്പിക്കുന്നുണ്ട്. കാണുക:

**ജഡവ്യാവൃത്തോ ജഡം പ്രകാശയതി ചിദ്രൂപഃ.**

(സാംഖ്യദർശനം 6.50)

ജഡമായ ശരീരത്തെ ചേതനമായ ആത്മാവ് ചൈതന്യമുള്ളതാക്കി ത്തീർക്കുന്നു. ശിരസ്സിന്റെ അതേ ചേതനത്വം ശരീരത്തിന്റെ സർവദേശ ങ്ങളിലും ഒരുപോലെ പ്രകാശിക്കുന്നു. ദഹരാകാശത്തിലിരിക്കുന്ന

ജീവൻ ശരീരത്തെ ആകെ പ്രകാശിപ്പിക്കുന്നുവെന്ന് ഉപനിഷത്തുക്കളും പ്രമാണം നൽകുന്നുണ്ട്. **'സ വാ ഏഷ ആത്മാ ഹൃദി'** (ഛാന്ദോഗ്യോപനിഷത്ത് 8.3.3) **'കതമ ആത്മേതി യോഽയം വിജ്ഞാനമയഃ പ്രാണേഷു ഹൃദ്യന്തർജ്യോതിഃ പുരുഷഃ'** (ബൃഹദാരണ്യകോപനിഷത്ത് 4.3.7) **'ഹൃദി ഹ്യേഷ ആത്മാ'** (പ്രശ്നോപനിഷത്ത് 3.6) എന്ന് ഉപനിഷത്തുക്കൾ പറയുന്നത് ജീവാത്മാവിന്റെ വാസസ്ഥാനത്തെക്കുറിച്ചുകൂടിയാണ്.

ജീവാത്മാവിന്റെ ഈ സ്ഥാനത്തെ **'തസ്യാം ഹിരണ്യഃ കോശഃ'** (അഥർവം 10.12.31 മുതൽ 32 മന്ത്രങ്ങൾ) എന്ന് വേദവും വിശേഷിപ്പിച്ചിരിക്കുന്നു.

ഇനി സാംഖ്യദർശനം പഠിക്കാത്തതുകൊണ്ടാണ്, ജീവാത്മാവിനെയാണ് ഇവിടെ സൂചിപ്പിച്ചതെന്ന് മനസ്സിലാകാത്തതെന്ന അഭിപ്രായം ഇല്ല. കാരണം വേദാന്തദർശനത്തിലും ഇതേ കാര്യം പ്രസ്ഫുടമായി പ്രഘോഷിക്കുന്നുണ്ട്. അണുശബ്ദം ജീവാത്മാവിനെക്കുറിക്കാനല്ല മറിച്ച് പരമാത്മാവിനെയാണ് സൂചിപ്പിക്കുന്നതെന്ന പൂർവപക്ഷത്തിന് വേദാന്തദർശനത്തിൽ നൽകുന്ന മറുപടിയും അതിന്റെ സ്ഥാപനവും അതീവ ഹൃദ്യമായ രീതിയിൽ വ്യാസൻ അവതരിപ്പിക്കുന്നുണ്ട്. കാണുക:

**സ്വശബ്ദോന്മാനാഭ്യാം ച.** (വേദാന്തദർശനം 2.3.22)

ശാസ്ത്രങ്ങളിൽ ആത്മാവിനെ സൂചിപ്പിക്കാൻ 'അണു'ശബ്ദത്തിന്റെ പ്രയോഗമുണ്ട്. കൂടാതെ ആത്മാവിനെ 'എന്റെ ആത്മാവ്' എന്ന് സീമിതപ്പെടുത്തിപ്പറയുന്നതിനാലും ആത്മാവ് 'അണു' എന്ന പേരിൽ പ്രസിദ്ധമാണ്. അതെങ്ങനെ?

**അവിരോധശ്ചന്ദനവത്.** (വേദാന്തദർശനം 2.3.23)

ആത്മാവ് അണുരൂപത്തിലാണെങ്കിൽ ശീതതാപങ്ങളുടെ അനുഭവം സർവാങ്ഗം അനുഭവപ്പെടാൻ പാടുള്ളതല്ലെന്ന പൂർവപക്ഷത്തിനെയും വേദാന്തസൂത്രം ഖണ്ഡിക്കുന്നു. ഇക്കാര്യത്തിലും വിരോധത്തിന് സ്ഥാനമില്ല. ചന്ദനത്തൈലം ദേഹത്തിൽ ഒരിടത്ത് പുരട്ടിയാൽ, അത് ദേഹത്തെ ഒന്നാകെ ആഹ്ലാദപൂരിതമാക്കുന്നതുപോലെ, ഒരിടത്ത് പ്രകാശിക്കുന്ന

ജീവാത്മാവ് സമസ്ത ദേഹത്തിലും പ്രകാശിതനായി സർവകാര്യങ്ങളും സഞ്ചാലനം ചെയ്യിക്കുന്നു. എന്നാൽ ശരീരത്തിൽ പുരട്ടുന്ന ചന്ദനം എന്നിവ ദൃഷ്ടമായതാണ്. അദൃഷ്ടമായ ആത്മാവുപോലുള്ള ഒന്നിനെക്കുറിച്ച് ഇങ്ങനെ പറയാൻ കഴിയുമോ എന്നാണ് ചോദ്യമെങ്കിൽ, അതും ശരിയല്ല. കാരണം ശാസ്ത്രങ്ങളിൽ ആത്മാവ് ഹൃദയത്തിൽ പ്രവേശിച്ചുവെന്നത് സ്വീകാര്യമാണെന്ന് വ്യാസൻ അടുത്ത സൂത്രത്തിൽ ഇങ്ങനെ ചൂണ്ടിക്കാട്ടുന്നു.

**അവസ്ഥിതിവൈശേഷ്യാദിതി ചേന്നാഭ്യുപഗമാദ് ഹൃദി ഹി.**

(വേദാന്തദർശനം 2.3.24)

അണുരൂപിയായ ജീവന്റെ വ്യാപകത്വത്തിന്റെ കാര്യത്തിൽ വ്യക്തത വരുത്താൻ വ്യാസൻ മറ്റ് രണ്ട് ഉദാഹരണങ്ങൾകൂടി ബ്രഹ്മസൂത്രത്തിൽ വെച്ചുനീട്ടുന്നു.

**ഗുണാദ്വാ ലോകവത്.** (വേദാന്തദർശനം 2.3.25)

രാജാവ് ഒരിടത്തിരുന്ന് രാജ്യം മുഴുവൻ ഭരിക്കുന്നതുപോലെ ജീവാത്മാവും ഒരിടത്തിരുന്ന് ജ്ഞാനാദി ഗുണങ്ങളാൽ സമസ്ത ശരീരത്തിലും പ്രവർത്തിക്കുന്നു. ഏതുപോലെ എന്നാൽ

**വ്യതിരേകോ ഗന്ധവത്.** (വേദാന്തദർശനം 2.3.26)

സുഗന്ധപൂരിതമായ പുഷ്പത്തിന്റെ ഗന്ധം വിദൂരങ്ങളിൽപോലും പ്രഭാവം ചെലുത്തുന്നതുപോലെ.

എന്നാൽ ജീവാത്മ-പരമാത്മ ഐക്യത്തെ പ്രകടിപ്പിക്കാനുള്ള വ്യഗ്രതയിൽ പ്രകരണത്തിലെ പ്രതിപാദ്യത്തെ പാടേ വിസ്മരിച്ചവർ ശ്രീകൃഷ്ണഹൃദയത്തിലെ കപിലമുനിയെ കാണാതെ പോകുന്നു. കപിലമുനിയുടെ സാംഖ്യസിദ്ധാന്തത്തെ ഗീതയിൽ ശ്രീകൃഷ്ണൻ അടുക്കിവൃത്തിയും വെടിപ്പുമായി അലങ്കരിച്ചത് ഇന്നുവരെ ഒരു വ്യാഖ്യാതാവും സൂചിപ്പിച്ചിട്ടില്ലെന്നത് ദൗർഭാഗ്യകരമാണ്. നമുക്ക് അതിലേക്ക് പ്രവേശിക്കാം.

സാംഖ്യത്തിന്റെ ലക്ഷ്യംതന്നെ ആത്യന്തിക ദുഃഖനിവൃത്തിയാണ്. അതിനാൽ ഭഗവാൻ കപിലമുനി പറയുന്നത് കേൾക്കുക:

**ന സ്വഭാവതോ ബദ്ധസ്യ മോക്ഷസാധനോപദേശവിധിഃ.**

(സാംഖ്യദർശനം 1.7)

സ്വഭാവത്താൽ ബന്ധിതനാണ് ആത്മാവെങ്കിൽ അതിന് മോക്ഷപ്രാപ്തിക്കുള്ള ഉപായമൊന്നുമില്ല. തുടർന്ന് വരുന്ന നാല് സൂത്രങ്ങളിൽ[7] ഭഗവാൻ കപിലമുനി ഇത് വിശദമാക്കുകയാണ്. ജീവാത്മാവ് അതിന്റെ സ്വരൂപത്താൽ ബദ്ധനല്ല എന്ന് വരുമ്പോഴേ അവിടെ സാംഖ്യതത്ത്വങ്ങളുടെ ഉപദേശത്തിന് പ്രസക്തിയുള്ളൂ ഇതറിയാവുന്ന ശ്രീകൃഷ്ണൻ ആദ്യമേതന്നെ ജീവാത്മാവ് സ്വഭാവത്താൽ ബദ്ധനല്ലെന്ന് വിവരിക്കുകയാണ്. '**നൈനം ഛിന്ദന്തി ശസ്ത്രാണി, നൈനം ദഹതി പാവകഃ**' എന്ന പ്രസ്താവനയിലൂടെ. അതായത് പ്രാകൃതിക സ്ഥൂലഭൂതങ്ങൾക്ക് ആത്മാവിനെ സ്പർശിക്കാനാകുന്നില്ലെന്ന് വ്യക്തമായി പറഞ്ഞു. അടുത്ത ശ്ലോകത്തിൽ '**അച്ഛേദ്യോ/യമദാഹ്യോ/യം അക്ലേദ്യോ/ശോഷ്യ ഏവ ച**' (ഗീത 2.24) എന്ന് ഒന്നുകൂടി എടുത്തുപറയുന്നതിലൂടെ ആത്മാവ് സ്വരൂപത്താൽ ബന്ധനസ്ഥനല്ലെന്ന് ഉറപ്പിക്കുകയാണ് ഭഗവാൻ. എങ്കിൽ പിന്നെ ബന്ധനകാരണം എന്തായിരിക്കുമെന്ന ശങ്കയ്ക്കുള്ള വിശദീകരണമാണ് തുടർന്നുള്ള ഗീതാവചനങ്ങൾ '**നിത്യഃ സർവഗതഃ സ്ഥാണുഃ അചലോ/യം സനാതനഃ, അവ്യക്തോ/യമചിന്ത്യോ/യം അവികാര്യോ/യമുച്യതേ തസ്മാദേവം വിദിത്വൈനം നാനുശോചിതുമർഹസി**' (ഗീത 2.24-25). ആശ്ചര്യകരമെന്ന് പറയട്ടെ, കപിലമുനിപ്രണീതമായ സാംഖ്യസൂത്രങ്ങളുടെ ക്രമത്തിലുള്ള വ്യാഖ്യാനമാണ് ഇവിടെ ദർശിക്കുന്നത്. അതുകൂടി വിശ്ലേഷണം ചെയ്യാം.

---

7. *സ്വഭാവസ്യാനപായിത്വാദനുഷ്ഠാനലക്ഷണമപ്രമാണ്യമ്. (1.8)*
*നാശാക്യോപനദേശിവിധിരുപദിഷ്ടേ/പ്യനുപദേശഃ. (1.9)*
*ശുക്ലപടവദ് ബീജവച്ചേത്. (1.10)*
*ശക്ത്യുദ്ഭവാനുദ്ഭവാഭ്യാം നാശക്യോപദേശഃ. (1.11)*

**ന കാലയോഗതോ വ്യാപിനോ നിത്യസ്യ സര്‍വസംബന്ധാത്.**

(സാംഖ്യദര്‍ശനം 1.12)

**ന ദേശയോഗതോഽപ്യസ്മാത്.** (സാംഖ്യദര്‍ശനം 1.13)

വ്യാപിയും നിത്യനുമായതിനാല്‍ ആത്മാവിന്റെ ദേശകാലസംയോഗമല്ല ബന്ധനകാരണം. ഈ സൂത്രങ്ങളുടെ ശ്രീകൃഷ്ണവ്യാഖ്യാനംകൂടി നമുക്കൊന്ന് കാണാം. '**നിത്യഃ സര്‍വഗതഃ സ്ഥാണുരചലോഽയം**' (ഗീത 2.24) എന്ന പ്രയോഗത്തിലൂടെ ദേശയോഗത്താല്‍ ആത്മാവിന് ബന്ധനമുണ്ടാവില്ലെന്ന കപിലമുനിയുടെ തത്ത്വത്തെ ഭഗവാന്‍ പ്രകടിപ്പിക്കുന്നു. കൂടാതെ '**നിത്യഃ സനാതനഃ**' (ഗീത 2.24) എന്ന പ്രയോഗത്തിലൂടെ, കപിലമുനിയുടെ, കാലയോഗത്താല്‍ ആത്മാവ് ബന്ധിതനാകുന്നില്ലെന്ന സിദ്ധാന്തവും ശ്രീകൃഷ്ണന്‍ സ്വീകരിക്കുന്നു. ഇവിടെ ഗീതാശ്ലോകത്തില്‍, സാംഖ്യസൂത്രത്തിലെ 'നിത്യ'ശബ്ദത്തെ അതേപടി സ്വീകരിക്കുകയും 'വ്യാപിന'ശബ്ദത്തിനു പകരം സാംഖ്യദര്‍ശനത്തില്‍ പറയുന്ന ദേശയോഗത്തെയും കാലയോഗത്തെയും വേര്‍തിരിച്ചുമനസ്സിലാക്കുന്നതിനായി യഥാക്രമം 'സര്‍വഗത'ശബ്ദവും 'സനാതന'ശബ്ദവും സ്വീകരിച്ചിരിക്കുകയും ചെയ്തിരിക്കുന്നു.

ഭഗവാന്‍ ശ്രീകൃഷ്ണന്‍ ഉപയോഗിച്ച 'സര്‍വഗതഃ' ഇനിയും പരമാത്മാവിനെ കുറിക്കാനാണെന്ന് സംശയിക്കാന്‍ ഇടയില്ല. കാരണം അണുവും അനേകനും അനാദിയുമെന്ന് ഭഗവാന്‍ കപിലമുനി വിശേഷിപ്പിച്ച ജീവാത്മാവിന്റെ സ്വഭാവത്തെക്കുറിക്കാന്‍ അദ്ദേഹംതന്നെ പ്രയോഗിച്ച് 'വ്യാപിനഃ' എന്ന ശബ്ദമാണ് ശ്രീകൃഷ്ണന്‍ പ്രയോഗിച്ച 'സര്‍വഗതഃ' ശബ്ദത്തിന് ആധാരം.

തുടര്‍ന്നുവരുന്ന ഗീതാശ്ലോകങ്ങളും ക്രമത്തില്‍ കപിലമുനിയെത്തന്നെ ആശ്രയിക്കുന്നു. കാണുക:

**നാവസ്ഥാതോ ദേഹധര്‍മത്വാത് തസ്യാഃ.** (സാംഖ്യദര്‍ശനം 1.14)

അവസ്ഥകൊണ്ട് ജീവന് ബന്ധനമുണ്ടാകുന്നില്ല. കാരണം അവസ്ഥ എന്നത് ശരീരത്തിന്റെ ധര്‍മമാകുന്നു. '**അവ്യക്തോഽയമചിന്ത്യോഽയം**'

എന്ന് തുടങ്ങുന്ന ഗീതാശ്ലോകത്തിന്റെ ഭാവവും ഇതുതന്നെയാണ്. ശ്ലോകത്തിലെ 'അവ്യക്തഃ' എന്ന ശബ്ദം ശരീരത്തെപ്പോലെ ആത്മാവ് ഇന്ദ്രിയഗോചരമല്ലെന്നും 'അചിന്ത്യൻ' എന്നതുകൊണ്ട് മനോബുദ്ധികൾക്ക് വിഷയഗോചരമല്ലാത്തതാണെന്നും 'അവികാര്യൻ' എന്നതുകൊണ്ട് ശരീരത്തെയും ചിത്തത്തെയുംപോലെ പരിണാമത്തിന് വിധേയമാകാത്തതെന്നും ഭഗവാൻ ശ്രീകൃഷ്ണൻ വിശദീകരിക്കുന്നു. അർജുനാ, ഇപ്രകാരം വസ്തുതത്ത്വങ്ങളെക്കുറിച്ചുള്ള വിവേകജ്ഞാനം ഉദിക്കുമ്പോഴാണ് സാംഖ്യദർശനത്തിൽ പറയുംപ്രകാരമുള്ള ആത്യന്തികദുഃഖനിവൃത്തി കൈവരുന്നത്. എന്നാൽ,

**26. അഥ ചൈനം നിത്യജാതം നിത്യം വാ മന്യസേ മൃതമ്**
**തഥാപി ത്വം മഹാബാഹോ നൈവം ശോചിതുമർഹസി.**

*അർഥം: ഹേ അർജുനാ, ഇനി നീ ഈ ആത്മാക്കളെ സദാ ജനിച്ചുകൊണ്ടിരിക്കുന്നവരും മരിക്കുന്നവരുമാണെന്നു കരുതുന്നുവെന്നുവെയ്ക്കുക. അങ്ങനെയാണെങ്കിലും ഇവരുടെ മരണത്തിൽ നീ ദുഃഖിക്കേണ്ട ആവശ്യമില്ല. (കാരണം മരിച്ചവർ വീണ്ടും ജനിക്കുമല്ലൊ)*

ഭാഷ്യം: വേദാദിശാസ്ത്രങ്ങളനുസരിച്ച് ജീവാത്മാവ് യഥാർഥത്തിൽ ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. അജരനും അവിനാശിയും അജന്മാവുമാണ് അത്. ഇവിടെ ശ്രീകൃഷ്ണൻ മറ്റൊരു തരത്തിൽ അർജുനനെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുകയാണ്. ഇനി ജനനമരണങ്ങളുണ്ടെന്നു കരുതിയാലും ദുഃഖിക്കേണ്ട. കാരണം മരിച്ചാലും അവർക്ക് പുതുശരീരം ലഭിച്ച് വീണ്ടും ജനിക്കാൻ കഴിയുമല്ലോ. അതിനാൽ ആ തരത്തിൽ നോക്കിയാലും നീ ദുഃഖിക്കേണ്ടതില്ലെന്ന് ഉറപ്പിക്കുകയാണ് ശ്രീകൃഷ്ണൻ.

**27. ജാതസ്യ ഹി ധ്രുവോ മൃത്യുർധ്രുവം ജന്മ മൃതസ്യ ച**
**തസ്മാദപരിഹാര്യേ*ƒ*ർഥേ ന ത്വം ശോചിതുമർഹസി.**

*അർഥം: ജനിച്ചവന് മരണം നിശ്ചിതമാണ്. മരിച്ചവന് ജനനവും. ഇങ്ങനെ പരിഹരിക്കാൻ കഴിയാത്ത കാര്യത്തെ ഓർത്ത് നീ ദുഃഖിക്കുന്നത് ഉചിതമല്ല.*

ഭാഷ്യം: ജനനമരണങ്ങൾ ഒരു ചക്രമാണ്. ജീവാത്മാവ് ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. അത് പുതിയ ദേഹം സ്വീകരിക്കുകയും പഴയത് ഉപേക്ഷിക്കുകയുമാണ് ചെയ്യുന്നത്. സ്വകർമമനുസരിച്ച് പുതിയ ദേഹം ലഭിക്കുന്നു. ഇക്കാര്യം വേദങ്ങൾക്കും ഉപനിഷത്തുക്കൾക്കും സമ്മതമാണ്. സാംഖ്യദർശനത്തിൽ കപിലമുനിയും ഇതുതന്നെ പറയുന്നു.

**കർമാകൃഷ്ടേർവാനാദിതഃ.** (സാംഖ്യദർശനം 3.62)

അനാദിയാണ് കർമങ്ങളുടെ ക്രമം. ആത്മാവ് കർമമനുഷ്ഠിക്കുന്നു. തക്കതായ ഫലവും ലഭിക്കുന്നു. ഈ കർമം ചെയ്യാനും ഫലമനുഭവിക്കാനും ജഗത്ത് വേണംതാനും. സാംഖ്യദർശനത്തിന്റെ ഈ ചിന്തയാണ് ശ്ലോകത്തിന്റെ ഇതിവൃത്തം. കൂടാതെ മറ്റൊരു സൂത്രത്തിൽ കപിലമുനി പറയുന്നത് **'ഉപഭോഗാദിതരസ്യ'** (3.5) എന്നാണ്. അവിവേകികൾക്ക് ഉപഭോഗം തീരുന്നതുവരെ ജനനമരണചക്രത്തിൽ തുടരേണ്ടിവരുമെന്നർഥം. ശ്രീകൃഷ്ണൻ വിശദീകരിച്ച ഈയൊരു കാഴ്ചപ്പാട് ഗീതയുടേത് മാത്രമല്ല; മഹാഭാരതത്തിലെ കാഴ്ചപ്പാടിന്റെ തുടർച്ച മാത്രമാണ് ഈ ഗീതാവചനങ്ങൾ. മഹാഭാരതം ശാന്തിപർവത്തിൽ പറയുന്നത് കാണുക:

**യഥാ ഹി പുരുഷഃ ശാലാം പുനഃ സംപ്രവിശേന്നവാമ്.**
**ഏവം ജീവഃ ശരീരാണി താനി താനി പ്രപദ്യതേ. (57)**

**ദേഹാൻ പുരാണാനുത്സൃജ്യ നവാൻ സംപ്രതിപദ്യതേ**
**ഏവം മൃത്യുമുഖം പ്രാഹുർജനാ യേ തത്ത്വദർശിനഃ. (59)**

(അധ്യായം 15. ദണ്ഡനീതി 57-59)

അർഥം: അന്തരാത്മാവ് സർവജീവികൾക്കും അവധ്യനാണ്. അതിൽ ഒട്ടും സംശയമില്ല. ആത്മാവ് അവധ്യനായി നിൽക്കുമ്പോൾ ആര് കൊല്ല

പ്പെടുന്നു? ആളുകൾ താന്താങ്ങളുടെ വീടുകളിൽ പ്രവേശിക്കുന്നതു പോലെ അതാതു ശരീരങ്ങളിൽ ജീവൻ കയറി ഇരിക്കുകയാണ്. പഴയ വീട് ഉപേക്ഷിച്ച് പുതിയ വീട്ടിലേക്ക് മാറിത്താമസിക്കുന്നതുപോലെ യാണ് ആത്മാക്കൾ പുതുശരീരം സ്വീകരിക്കുന്നത്. ഇങ്ങനെയാണ് തത്ത്വ ദർശികൾ മരണമുഖത്തെ കാണുന്നത് ജീവാത്മാവിന്റെ ഗതിയെക്കുറിച്ച് ബൃഹദാരണ്യകോപനിഷത്ത് പറഞ്ഞതും ഇതുതന്നെ.

**28. അവ്യക്താദീനി ഭൂതാനി വ്യക്തമധ്യാനി ഭാരത**
**അവ്യക്തനിധനാന്യേവ തത്ര കാ പരിദേവനാ?**

*അർഥം: അല്ലയോ ഭാരത, ഈ സംസാരത്തിലെ പ്രാണികളുടെ ആദി അവ്യക്തമാണ്. അന്തവും അവ്യക്തമാണ്. കേവലം മധ്യത്തിൽ മാത്രം ഇത് വ്യക്തമായിരിക്കുന്നു. അത്തരത്തി ലുള്ള, ഈ രഹസ്യമയമായ ജീവാത്മാവിനെക്കുറിച്ച് എന്തിന് നീ വിലപിക്കണം?*

ഭാഷ്യം: ഇതേ കാഴ്ചപ്പാട് ഗീതയിൽതന്നെ എട്ടാം അധ്യായത്തിൽ 18-ാം ശ്ലോകത്തിലും കാണാം. അവിടെ 'അവ്യക്താത്, വ്യക്തയഃ, പ്രലീയതേ' എന്നീ വാക്കുകളാണ് ഉപയോഗിച്ചിട്ടുള്ളത്. ഗീത അടങ്ങിയ മഹാഭാ രതത്തിൽ സ്ത്രീപർവത്തി(2.6)ൽ 'അഭാവാദിനി', 'ഭാവമധ്യാനി', 'അഭാ വനിധനാനി' എന്നീ വാക്കുകൾ സുലഭമായി കാണാം. 'ജീവികൾ അഭാ വാദികളാണ്. ജനിക്കുന്നതിന് മുൻപ് അവയെപ്പറ്റി അറിയുന്നില്ല. അവ ഭാവമധ്യങ്ങളാകുന്നു. ഇടയ്ക്കുവെച്ചു മാത്രം അറിയപ്പെടുന്നു. പിന്നെ, അവ ഭാവാന്തരങ്ങൾതന്നെയായിത്തീരുന്നു. അതിനെന്തിന് ദുഃഖി ക്കുന്നു?' എന്നാണ് മഹാഭാരതത്തിലെ പ്രസ്താവം. ആ ശ്ലോകത്തിന്റെ പുനരുക്തി മാത്രമാണ് ഈ ഗീതാവാക്യം.

ചിലർ ഈ ശ്ലോകത്തിന് മിഥ്യാഭ്രാന്തിപൂർവമായ വിശ്വവർഗത്തെ ക്കുറിച്ചാലോചിച്ച് എന്തിന് ദുഃഖിക്കണമെന്ന അർഥം കല്പിച്ചിട്ടുണ്ട്. എന്നാൽ ആകാശം അടങ്ങിയ മഹാഭൂതങ്ങളെക്കുറിച്ചല്ലല്ലൊ അർജു നന്റെ ദുഃഖം. അപ്പോൾപിന്നെ ശരീരാദികളെ സംബന്ധിച്ചുള്ള അനി ത്യതയാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ മധുസൂദനസരസ്വ

തിയെപ്പോലുള്ളവർ 'മായാ'എന്ന അർഥമെടുത്ത് ഈ ശ്ലോകത്തെ വ്യാഖ്യാനിച്ചതിന് ഇവിടെ യാതൊരു ബന്ധവും ഇല്ലെന്നു പറയേണ്ടിവരുന്നു.

29. **ആശ്ചര്യവത് പശ്യതി കശ്ചിദേനം**
**ആശ്ചര്യവദ്വദതി തഥൈവ ചാന്യഃ**
**ആശ്ചര്യവച്ചൈനമന്യഃ ശൃണോതി**
**ശ്രുത്വാപ്യേനം വേദ ന ചൈവ കശ്ചിത്.**

*അർഥം: ഈ ജീവാത്മാവിനെ ചിലർ ആശ്ചര്യപൂർണമായ കണ്ണുകളോടെ നോക്കുന്നു. അതേപോലെ ചിലർ ആശ്ചര്യപൂർണമായി അതിനെ വർണിക്കുന്നു. ചിലർ ആശ്ചര്യത്തോടെ അതിനെ കേൾക്കുന്നു. എന്നാൽ ചിലരാകട്ടെ ഇതു കേട്ടിട്ടും ഒന്നും അറിയുന്നില്ലതന്നെ.*

30. **ദേഹീ നിത്യമവധ്യോഽയം ദേഹേ സർവസ്യ ഭാരത**
**തസ്മാത് സർവാണി ഭൂതാനി ന ത്വം ശോചിതുമർഹസി.**

*അർഥം: ഹേ ഭരതകുലോത്പന്നാ, എല്ലാവരുടെയും ശരീരത്തിലിരിക്കുന്ന, ആ ശരീരങ്ങളുടെ ഉടമയായിരിക്കുന്ന നിത്യനായ ആത്മാവിനെ ഒരിക്കലും വധിക്കാൻ കഴിയില്ല. അതിനാൽ കേവലങ്ങളായ പ്രാണികളുടെ മരണത്തിൽ നീ ദുഃഖിക്കേണ്ടതില്ല.*

ഭാഷ്യം: അർജുനൻ സ്വജനങ്ങളോടുള്ള പ്രീതിയാൽ മനോദൗർബല്യത്തിലകപ്പെട്ടു. സ്വജനങ്ങളെ വധിക്കുന്നതിലുള്ള മനോവേദന പറയുകയും ചെയ്തു. ഇത് അർജുനനെപ്പോലുള്ള ക്ഷത്രിയന് യോജിച്ചതല്ലെന്നും അതിന്റെ ദാർശനിക വശങ്ങളെന്തെല്ലാമാണെന്ന് വിശദീകരിക്കുകയുമായിരുന്നു കഴിഞ്ഞ ശ്ലോകങ്ങളിൽ.

29-ാം ശ്ലോകത്തെ വ്യാഖ്യാനിക്കുമ്പോഴും ആധുനികരായ പല വ്യാഖ്യാതാക്കളും ജീവ-ബ്രഹ്മ ഐക്യത്തെക്കുറിച്ച് പറയുന്നതായി കാണാം. ഇതിനായി ഉപനിഷദ്വാക്യങ്ങളും എടുത്ത് ഉദ്ധരിക്കാറുണ്ട്.

അവിദ്യയിൽ വശീഭൂതരായി സ്വയം മനസ്സിലാക്കാതെ ആശ്ചര്യചകിത രായിനിന്നുവെന്നും മറ്റും ഇതിനെ വർണിക്കാറുണ്ട്. എന്നാൽ അത്തര ത്തിലുള്ള ഒരർഥത്തിന്റെ ഗന്ധംപോലും ഇതിലില്ല. കാരണം ഇത് ജീവാ ത്മാവിന്റെ നിത്യതയെ വർണിക്കുന്ന പ്രയത്നമാണ്. അതിനാലാണ് 30-ാം ശ്ലോകത്തിൽ ദേഹി അഥവാ ജീവാത്മാവ് നിത്യനാണെന്നും പ്രാണിക ളുടെ മരണത്തിൽ നീ ദുഃഖിക്കേണ്ടതില്ലെന്നും കൃത്യമായി പറഞ്ഞു വെച്ചത്.

ഇനി ക്ഷത്രിയന് ധർമയുദ്ധം പരമധർമമാണെന്ന് പറയുകയാണ് ഭഗവാൻ.

31. **സ്വധർമമപി ചാവേക്ഷ്യ ന വികമ്പിതുമർഹസി**
**ധർമ്യാദ്ധി യുദ്ധാച്ഛ്രേയോ/ന്യത് ക്ഷത്രിയസ്യ ന വിദ്യതേ.**

*അർഥം: ഇനി നിന്റെ സ്വധർമം നോക്കിയാലും യുദ്ധത്തിൽനിന്ന് മാറിനിൽക്കുന്നത് നല്ലതല്ല. കാരണം, ധർമയുദ്ധത്തേക്കാൾ മംഗളമായ മറ്റൊരു മാർഗവും ക്ഷത്രിയനില്ല.*

ഭാഷ്യം: **'പ്രജാനാം രക്ഷണം ദാനമിജ്യാ/ധ്യയനമേവ ച.'**

(മനുസ്മൃതി 1.89)

ക്ഷത്രിയൻ പ്രജകളെ രക്ഷിക്കുക, ദാനം, യജ്ഞം, സ്വാധ്യായം എന്നിവ ചെയ്യുക എന്ന മനുവിന്റെ വചനങ്ങളാണ് ഭഗവാന്റെ ഈ വാക്കുകൾക്ക് പിൻബലം. മനുവിനെ പിൻപറ്റിക്കൊണ്ട് മഹാഭാരത ത്തിൽ ക്ഷത്രിയധർമത്തെ വ്യാസൻ ചിത്രീകരിച്ചിട്ടുണ്ട്. അത് ഗീതയിലും ആവർത്തിക്കുക മാത്രമാണിവിടെ ചെയ്യുന്നത്. അല്ലാതെ അവിദ്യ, മായ, മിഥ്യ, ബ്രഹ്മം എന്നീ വാദങ്ങളൊന്നും ഈ ഗീതാശ്ലോകങ്ങൾക്ക് ചേർന്ന തല്ല. ക്ഷത്രിയധർമത്തിന്റെ ദൃഢതയ്ക്കുവേണ്ടിയാണ് ഗീതോപദേശം. മഹാഭാരതത്തിലെ അഞ്ച് പ്രസ്താവങ്ങൾ സ്ഥാലീപുലാകന്യായേന ചുവടെ ചേർക്കാം.

1. **ബ്രാഹ്മണാനാം യഥാ ധർമോ ദാനമധ്യയനം തപഃ**
**ക്ഷത്രിയാണാം തഥാ കൃഷ്ണ സമരേ ദേഹപാതനമ്.**

(മഹാഭാരതം ശാന്തിപർവം 55.14)

ബ്രാഹ്മണർക്ക് അധ്യയനം, ദാനം, തപസ്സ് എന്നിവയാണ് ധർമം. ക്ഷത്രിയർക്കും അതുപോലെ യുദ്ധത്തിൽ ദേഹപതനമാണ് ധർമം.

**2. യഥാ ഹിരശ്മയോऽശ്വസ്യ ദ്വിരദസ്യാംകുശോ യഥാ.**
**നരേന്ദ്രധര്മോ ലോകസ്യ തഥാ പ്രഗ്രഹണം സ്മൃതമ്.**

(മഹാഭാരതം, ശാന്തിപർവം 50.1)

അശ്വത്തിന് കടിഞ്ഞാൺപോലെയും ആനയ്ക്ക് തോട്ടിപോലെയും ലോകത്തിന് ഈ രാജധർമം അമർച്ചയ്ക്കുള്ളതാണ്. രാജർഷിസേവ്യമായ ഈ ധർമത്തിൽ തെറ്റുപറ്റുകയാണെങ്കിൽ ലോകത്തിന് നിലകിട്ടുകയില്ല.

**3. അധർമഃ ക്ഷത്രിയസ്യൈഷഃ യച്ഛയ്യാമരണം ഭവേത്**
**വിസൃജന് ശ്ലേഷ്മമൂത്രാണി കൃപണം പരിദേവയൻ.**

(മഹാഭാരതം ശാന്തിപർവം 97.23)

ഭീഷ്മർ പറഞ്ഞു, അല്ലയോ യുധിഷ്ഠിരാ, ക്ഷത്രിയൻ മെത്തയിൽ കിടന്നു ചാവുകയെന്നത് അധർമമാണ്. വാർദ്ധക്യം ബാധിച്ച് കിടക്കയിൽ ചുമച്ചു കുരച്ച്, കഫം തുപ്പി, മൂത്രവും മലവുമായി ആവലാതിപ്പെട്ടു ചാകുന്നത് ക്ഷത്രിയർക്കു ചേർന്നതല്ല.

**4. അവിക്ഷതേന ദേഹേന പ്രലയം യോധിഗച്ഛതി.**
**ക്ഷത്രിയോ നാസ്യ തത്കർമ പ്രശംസന്തി പുരാവിദഃ.**

(മഹാഭാരതം ശാന്തിപർവം 97.24)

മുറിപ്പെടാത്ത ദേഹമുള്ള ക്ഷത്രിയൻ ചത്തുപോയാൽ അവനെക്കുറിച്ചും അവന്റെ കർമങ്ങളെക്കുറിച്ചും നാട്ടുകാരാരും പുകഴ്ത്തില്ല.

**5. ന ഗൃഹേ മരണം താത ക്ഷത്രിയാണാം പ്രശസ്യതേ.**
**ശൗടീരാണാമശൗടീര്യമധർമം കൃപണം ച തത്.**

(മഹാഭാരതം ശാന്തിപർവം 97.25)

വീട്ടിൽ കിടന്ന് ക്ഷത്രിയൻ മരിക്കാൻ ആഗ്രഹിക്കരുത്.

ഇങ്ങനെ ക്ഷാത്രധർമത്തെക്കുറിച്ചുള്ള മഹാഭാരതത്തിന്റെ ദൃഷ്ടി ശ്രീകൃഷ്ണൻ അർജുനനെ ഓർമിപ്പിക്കുകയാണിവിടെ. "നീ ധർമത്തെക്കണ്ട് ഭീരുവാകരുത്. സ്വധർമമായ യുദ്ധത്തിൽ മരിക്കുന്നതാണ് മംഗളകരമായത്. അല്ലാതെ ഭിക്ഷയെടുത്ത് ജീവിക്കലല്ല" എന്ന് ഭഗവാൻ പറയുന്നു.

**32. യദൃച്ഛയാ ചോപപന്നം സ്വർഗദ്വാരമപാവൃതമ്**
**സുഖിനഃ ക്ഷത്രിയാഃ പാർഥ ലഭന്തേ യുദ്ധമീദൃശമ്.**

*അർഥം: ഹേ പാർഥാ! ഈ യുദ്ധം യാദൃച്ഛികമായി നിനക്ക് മുൻപിൽ തുറന്നുവെച്ച സ്വർഗവാതിലുകളാണ്. ഈദൃശ യുദ്ധം ഭാഗ്യവാന്മാരായ ക്ഷത്രിയർക്കു മാത്രമേ കൈവരൂ.*

**33. അഥ ചേത്ത്വമിമം ധർമ്യം സംഗ്രാമം ന കരിഷ്യസി**
**തതഃ സ്വധർമം കീർതിം ച ഹിത്വാ പാപമവാപ്സ്യസി.**

*അർഥം: ഈ ധർമയുദ്ധത്തിൽ നീ യുദ്ധം ചെയ്യുന്നില്ലെങ്കിൽ (ക്ഷത്രിയവർണത്തിൽപ്പെടുന്നവരുടെ ധർമം പാലിക്കാത്ത പക്ഷം) സ്വധർമവും കീർത്തിയും നഷ്ടപ്പെട്ട് പാപിയായിത്തീരും.*

**34. അകീർതിം ചാപി ഭൂതാനി കഥയിഷ്യന്തി തേ/വ്യയാമ്**
**സംഭാവിതസ്യ ചാകീർതിർമരണാദതിരിച്യതേ.**

*അർഥം: കൂടാതെ മാലോകരെല്ലാം കാലാകാലം നിന്നെക്കുറിച്ച് അപകീർത്തിപ്പെടുത്തിക്കൊണ്ട് സംസാരിക്കും. മാന്യന് അപകീർത്തി മരണത്തേക്കാൾ ഭയാനകമാണ്.*

**35. ഭയാദ്രണാദുപരതം മംസ്യന്തേ ത്വാം മഹാരഥാഃ**
**യേഷാം ച ത്വം ബഹുമതോ ഭൂത്വാ യാസ്യസി ലാഘവമ്.**

*അർഥം: മഹാരഥന്മാർ നിന്നെ, യുദ്ധക്കളത്തിൽനിന്ന് ഭയത്താൽ ഓടിപ്പോയവനെന്ന് കരുതും. നിന്നെ ബഹുമാനിച്ചാദരിച്ചവർക്ക് മുൻപിൽ നീ കേവലനായിത്തീരും.*

36. **അവാച്യവാദാംശ്ച ബഹൂൻ വദിഷ്യന്തി തവാഹിതാഃ**
**നിന്ദന്തസ്തവ സാമർഥ്യം തതോ ദുഃഖതരം നു കിമ്?**

*അർഥം: നിന്റെ ശത്രുക്കൾ നീ കഴിവുകെട്ടവനാണെന്ന് പറഞ്ഞ് നിന്ദിക്കും. അവർ നിന്നെക്കുറിച്ച് അപവാദങ്ങൾ പറഞ്ഞു പ്രചരിപ്പിക്കും. ഇതിനേക്കാൾ അധികം ദുഃഖകരമായ മറ്റെന്തുണ്ട്?*

37. **ഹതോ വാ പ്രാപ്സ്യസി സ്വർഗം ജിത്വാ വാ ഭോക്ഷ്യസേ മഹീമ്**
**തസ്മാദുത്തിഷ്ഠ കൗന്തേയ യുദ്ധായ കൃതനിശ്ചയഃ.**

*അർഥം: മരിക്കുകയാണെങ്കിൽ സ്വർഗത്തിൽ പ്രവേശിക്കും. ജയിക്കുകയാണെങ്കിലോ ഈ ഭൂമിയിൽ രാജ്യസുഖമനുഭവിക്കാം. അതിനാൽ കൗന്തേയാ! യുദ്ധം ചെയ്യാൻ നിശ്ചയിച്ചുകൊണ്ട് എഴുന്നേൽക്കൂ.*

38. **സുഖദുഃഖേ സമേ കൃത്വാ ലാഭാലാഭൗ ജയാജയൗ**
**തതോ യുദ്ധായ യുജ്യസ്വ നൈവം പാപമവാപ്സ്യസി.**

*അർഥം: സുഖദുഃഖങ്ങളെയും, ലാഭഹാനികളെയും ജയപരാജയങ്ങളെയും സമാനമായിക്കണ്ട് യുദ്ധത്തിനിറങ്ങുക. അങ്ങനെയായാൽ നിന്നെ പാപം സ്പർശിക്കുകയില്ല.*

ഭാഷ്യം: ക്ഷത്രിയധർമം എന്ന കാപിലതന്ത്രം ഉപയോഗിച്ച് സ്വമനസ്സിനെ യുദ്ധോത്സുകനാക്കാനായിരുന്നു ഈ ഉപദേശങ്ങളത്രയും. ഇത്രയും കപിലാചാര്യന്റെ സാംഖ്യമതത്തെക്കുറിച്ചാണ് ഭഗവാൻ ഉപദേശിച്ചത്. ഇനി കർമയോഗം ഉപദേശിക്കുകയാണിവിടെ. ശ്രീകൃഷ്ണൻതന്നെ പറയുന്നത് കേൾക്കുക:

39. **ഏഷാ തേഽഭിഹിതാ സാംഖ്യേ ബുദ്ധിര്യോഗേ ത്വിമാം ശൃണു**
**ബുദ്ധ്യാ യുക്തോ യയാ പാർഥ, കർമബന്ധം പ്രഹാസ്യസി.**

*അർഥം: അല്ലയോ പാർഥാ! ഇതുവരെ സാംഖ്യദർശനാനുസാരമുള്ള വിചാരങ്ങളാണ് പറഞ്ഞത്. ഇനി യോഗദർശനാനുസാര*

*മുള്ള വിചാരങ്ങൾ കേട്ടാലും. ഇതറിഞ്ഞാൽ കർമബന്ധ നങ്ങളിൽനിന്ന് നിനക്ക് മോചിതനാകാം.*

ഭാഷ്യം: ഇവിടെ 'കർമബന്ധ'മെന്ന പദംകൊണ്ട് സകാമകർമംകൊണ്ടുള്ള ബന്ധമെന്ന് അർഥമെടുക്കണം. അല്ലാതെ 'കർമം'കൊണ്ടു മാത്രമുള്ള ബന്ധനമല്ല. കാരണം ശാസ്ത്രങ്ങളിൽ ജിജ്ഞാസുക്കൾ നിഷ്കാമകർമം അനുഷ്ഠിക്കണമെന്ന് പറയുന്നുണ്ട്. ഗീതയിൽ (3.8) പറയുന്നത് നിത്യകർമങ്ങൾ തീർച്ചയായും അനുഷ്ഠിക്കണമെന്നാണ്. ഇതേ അഭിപ്രായം യജുർവേദത്തിലും (40.2) ഈശാവാസ്യോപനിഷത്തിലും (1.2) ഒരുപോലെ **'കുർവന്നേവേഹ കർമാണി ജിജീവിഷേച്ഛതം സമാഃ'** കർമം ചെയ്തുകൊണ്ട് നൂറു വർഷം ജീവിക്കാൻ ആഗ്രഹിക്കണം എന്ന് പറഞ്ഞുകാണുന്നുണ്ട്. ജീവിതം മുഴുക്കെ അഗ്നിഹോത്രാദികർമങ്ങൾ അനുഷ്ഠിക്കണമെന്നർഥം. ഇക്കാര്യം വേദാന്തസൂത്രത്തിൽ വ്യാസനും പറഞ്ഞിട്ടുണ്ട്. [8]

'സാംഖ്യേ' അതായത് യഥാർഥ സ്വരൂപ-നിരൂപകശാസ്ത്രത്തിൽ സുഖ-ദുഃഖങ്ങളെയും ലാഭ-ഹാനികളെയും ജയപരാജയങ്ങളെയും സമമായി കാണണമെന്നു ബുദ്ധിയെക്കുറിച്ച് പറഞ്ഞുകഴിഞ്ഞു. മനസ്സിൽ ധർമബുദ്ധി ഉദയം ചെയ്തുകഴിഞ്ഞാൽ സുഖ-ദുഃഖം, ലാഭാലാഭം, ജയാജയം എന്നീ വിചാരങ്ങൾ ഇല്ലാതാവുന്നു. ധർമപൂർത്തിക്കുവേണ്ട കർമങ്ങൾ മാത്രമേ പിന്നെ അയാൾ ചെയ്യുകയുള്ളൂ. അതിൽ കുറച്ചോ കൂടുതലോ ചെയ്യില്ല. ഈ അവസ്ഥയിലെത്താൻ യോഗബുദ്ധിയുടെ ആവശ്യമുണ്ട്. എന്താണ് ക്രിയായോഗമെന്ന് പതഞ്ജലിമുനി പറയുന്നു:

**തപഃസ്വാധ്യായേശ്വരപ്രണിധാനാനി ക്രിയായോഗഃ.** (യോഗദർശനം 2.1)

ഈ യോഗബുദ്ധിയെക്കുറിച്ച് ഭഗവാൻ പറയാനൊരുങ്ങുകയാണ്. കർമബന്ധനം ഇതിലൂടെ ഇല്ലാതാക്കാം. എന്നാൽ കർമത്തെ ഇല്ലാതാക്കുക എന്ന ലക്ഷ്യം ഇതിലില്ലെന്ന് മനസ്സിലാക്കണം. ഉദാഹരണത്തിന് ഗുരുവിന്റെ അടുത്ത് രണ്ട് ശിഷ്യർ പഠിക്കുന്നുവെന്നു കരുതുക. അതി

---

8. അഗ്നിഹോത്രാദി തു തത്കാര്യായൈവ തദ്ദർശനാത്. (ബ്രഹ്മസൂത്രം 4.1.16)

ലൊരാളോട് ഗുരുവിന് അധികം പ്രിയമുണ്ട്. ഈ പ്രിയം കാരണം ഒരു മണിക്കൂർ അധികം അവനെ പഠിപ്പിക്കുന്നു. എന്തുകൊണ്ടാണിങ്ങനെ? ആസക്തി കാരണം അധ്യാപനകർമത്തിൽ ബന്ധനം വന്നുപെട്ടിരിക്കുന്നു. എന്നാൽ ഈ ആസക്തിയില്ലെങ്കിൽ എത്ര സമയമാണോ നല്കേണ്ടത് അത്ര സമയമേ പാഠനത്തിനായി നൽകേണ്ടതുള്ളൂ. ഇതാണ് കർമയോഗം. ആദ്യത്തേത് കർമബന്ധനമാണ്.

അർജുനൻ ന്യായം നിലനിർത്താൻ, ദ്രൗപദിയെ വസ്ത്രാക്ഷേപം ചെയ്തവരോടും, ചൂതുകളിക്കാരോടും യുദ്ധം ചെയ്യാനാണ് രണഭൂമിയിലെത്തിയത്. എന്നാൽ സ്വജനങ്ങളോടുള്ള ആസക്തിമൂലം ഈ ഉദ്യമത്തിന് തടസ്സംവന്നു. ഇങ്ങനെയുള്ള അർജുനനെ കർമയോഗത്തിലേക്ക് തിരിച്ചുകൊണ്ടുവരാനാണ് ശ്രീകൃഷ്ണൻ ശ്രമിക്കുന്നത്. ആ അവസ്ഥ യോഗത്തിൽ പറഞ്ഞ ഈശ്വരപ്രണിധാനം അഥവാ ഈശ്വരഭക്തിയില്ലാതെ നടക്കില്ല. എന്നാൽ ഇതിനൊരു വലിയ തടസ്സമുണ്ട്. അത് വേദവാദിയാണ്. അതിനാൽ അതിനെ ഖണ്ഡിക്കേണ്ട ആവശ്യമുണ്ട്. വേദവാദിയെന്ന പദവുമായി മുന്നോട്ടുപോകുന്നതിനു മുൻപ് നാം ഒന്നറിയേണ്ടതുണ്ട്. വേദവാദിയും വൈദികനും രണ്ടാണ്. വേദങ്ങൾ മനുഷ്യർക്ക് പരമാത്മാവിൽ സ്വയം സമർപ്പിച്ച് നിഷ്കാമകർമം അനുഷ്ഠിക്കുന്നതിനുള്ള മാർഗം കാണിച്ചുകൊടുക്കുന്നവയാണ്. ഈ സമൂഹത്തിന്റെ നന്മയ്ക്കായി വലിയ വലിയ ത്യാഗങ്ങൾ അനുഷ്ഠിക്കാനുള്ള ഉപദേശമാണ് വേദങ്ങളിൽ നൽകിയിട്ടുള്ളത്. ഈ ത്യാഗത്തിന്റെ മുദ്ര വീടുകൾതോറും കാണേണ്ടതുണ്ട്. ഇതിന്നായിട്ടാണ് കല്പസൂത്രകാരന്മാർ അഗ്നിഹോത്രം, ദർശപൗർണമാസം തുടങ്ങിയ യജ്ഞങ്ങളുടെ കല്പന വിധിച്ചതും.

എന്നാൽ കാലാന്തരത്തിൽ അലസതമൂലം, തെറ്റിനെ പിന്തുടരുന്നവരും ലോഭികളുമായവർ കാമത്താൽ പ്രലോഭിതരായി യജ്ഞവിദ്യയെ മന്ത്രവാദപരവും ദുർമന്ത്രവാദപരവും ഹീനവുമാക്കിത്തീർത്തു. വൈദികരാകട്ടെ പ്രാചീനകാലത്ത് വീടുവീടാന്തരം ത്യാഗത്തിന്റെ സന്ദേശമെന്ന നിലയിൽ 'ഇത് എന്റേതല്ല' എന്നർഥം വരുന്ന 'ഇദം ന മമ' എന്ന വാക്ക് നിരവധി തവണ ഉച്ചരിച്ചുകൊണ്ട് പ്രതിദിനം അഗ്നിഹോത്രം തുടങ്ങിയ യജ്ഞാദി കർമങ്ങൾ അനുഷ്ഠിച്ചു.

ലോകകല്യാണാർഥമാണ് അവരത് നിർവഹിച്ചിരുന്നത്. എന്നാൽ മറ്റു ചിലരാകട്ടെ വേദമന്ത്രങ്ങൾ സ്വരസഹിതം ഉച്ചരിച്ചാൽ മാത്രമേ ഫലം ലഭിക്കൂവെന്നും, ക്രിയാനുഷ്ഠാനങ്ങൾകൊണ്ടു മാത്രമേ മംഗളം ലഭിക്കുവെന്നും കരുതി. ഈ ക്രിയാഭ്രമം ഇല്ലാതാക്കാൻവേണ്ടിയാണ് ബാദരായണ വ്യാസൻ മോക്ഷശാസ്ത്രമായ വേദാന്തദർശനം രചിച്ചതും തന്റെ മുഖ്യശിഷ്യനായ ഭഗവാൻ ജൈമിനിയെക്കൊണ്ട് ധർമസ്വരൂപ നിർദേശകമായ മീമാംസാശാസ്ത്രം രചിപ്പിച്ചതും. ഈ രണ്ടു ശാസ്ത്രങ്ങളും പരസ്പരപൂരകങ്ങളാണ്. ഒന്നിൽ വേദവും മറ്റൊന്നിൽ വേദാന്തവും. പൂർവമീമാംസയിൽ പാരിഭാഷിക രൂപത്തിലുള്ള യജ്ഞീയ തത്ത്വജ്ഞാനത്തിന്റെ ഭണ്ഡാകാരമായ ബ്രാഹ്മണങ്ങളെ വേദമായി ഗണിച്ചു. എന്നാൽ കാലാന്തരത്തിൽ പൂർവമീമാംസാ പദ്ധതി ഉത്തരമീമാംസാ പദ്ധതിയെ കൈവിട്ടു. അങ്ങനെ മന്ത്രവാദങ്ങളടങ്ങിയ ഭ്രഷ്ടാചാരങ്ങൾ കുന്നുകൂടിയ ഒന്നായി അതു മാറി.

ഇത്തരത്തിലുള്ള വീഴ്ചയ്ക്ക് ഒരു ഉദാഹരണമെഴുതാം. 'അപകീർണി' അഥവാ ബ്രഹ്മചര്യഭ്രഷ്ടനായാൽ ഗർദഭേഷ്ടി അഥവാ കഴുതായജ്ഞം ചെയ്യാൻ കല്പസൂത്രകാരൻ വിധിക്കുന്നു. ഏതുപോലെയാണോ കഴുത സാധാരണ ഭക്ഷണം കഴിക്കുകയും അധികം പണി ചെയ്യുകയും ചെയ്യുന്നത് അതേപോലെ, 'അപകീർണി' കുറച്ച് ഭക്ഷണം കഴിച്ച് അധികം സ്വാധ്യായം ചെയ്യണം. നിരന്തരമായ ഈ അഭ്യാസംകൊണ്ട് ബ്രഹ്മചര്യവിരുദ്ധമായ വാസന ഉള്ളിൽനിന്ന് ഇല്ലാതാക്കാനുള്ള സാമർഥ്യം ലഭിക്കും.

എന്നാൽ മധ്യകാലത്തെ മീമാംസകന്മാർ വിധിപൂർവം വേദത്തിലെയും ബ്രാഹ്മണങ്ങളിലെയും ചില മന്ത്രങ്ങൾ ചൊല്ലി കഴുതയെ കൊന്നു ഹോമിക്കാൻ തുടങ്ങി. ഇങ്ങനെ ചെയ്താൽ ബ്രഹ്മചര്യദോഷത്തിന് പ്രായശ്ചിത്തമാകുമെന്ന് അവർ പ്രചരിപ്പിച്ചു. ബ്രഹ്മചാരിയുടെ ബ്രഹ്മചര്യനഷ്ടത്തിന് ജീവൻ നഷ്ടപ്പെട്ടത് കഴുതയ്ക്ക്. **'പശൂനാം രൂപം'** (യജുർവേദം 39.4) എന്ന് വേദം പറഞ്ഞു. എന്നാൽ വേദവാദി 'പശൂനാം മാംസം' എന്നാക്കി അതിനെ മാറ്റി.

ഈ വീഴ്ചയെ തിരിച്ചറിയുക എളുപ്പമായിരുന്നില്ല. ശ്രീശങ്കരാചാര്യർപോലും ബ്രഹ്മസൂത്രഭാഷ്യത്തിൽ യാഗത്തിലെ പശുഹിംസയെ ന്യായീകരിച്ചുവെന്ന് കാണുമ്പോൾ കാര്യത്തിന്റെ ഗൗരവം ചിന്തിക്കാവുന്നതേയുള്ളൂ. ബ്രഹ്മസൂത്രത്തിന്റെ ശാങ്കരഭാഷ്യത്തിൽ '**അശുദ്ധമിതി ചേന്ന ശബ്ദാത്**' (3.1.25) എന്ന സൂത്രത്തിന് അദ്ദേഹം നൽകിയ ഭാഷ്യത്തിൽ "**ഹിംസാനുഗ്രഹപൂർവകമായ 'ജ്യോതിഷ്ടോമം' ശാസ്ത്രവിധി പ്രകാരം ധർമംതന്നെ. അതിനെ അശുദ്ധമെന്ന് പറയുന്നതെങ്ങനെ?**" എന്ന് എടുത്തുചോദിക്കുന്നുണ്ട്.

ഇന്നിപ്പോൾ, വേദാന്തം പഠിച്ചാൽ മതി യജ്ഞയാഗാദികൾ വേണ്ടെന്നും മറ്റും വാദിക്കുന്ന ആധുനികവേദാന്തികളാരും ശ്രീശങ്കരന്റെ ഈ കാഴ്ചപ്പാട് പഠിച്ചിട്ടുണ്ടാവില്ലെന്നു കരുതണം. ഇങ്ങനെ, പശുവിനെ യജ്ഞത്തിൽ വധിക്കണം തുടങ്ങിയ ആശയങ്ങൾ പ്രകടിപ്പിക്കുന്നവർ വേദവാദികളാണെന്ന് ചുരുക്കം. ഇവരുടെ പരബ്രഹ്മാരാധനയ്ക്ക് ലോക കല്യാണമോ, നിഷ്കാമമോ ആയി യാതൊരു ബന്ധവുമില്ല.

ചിലർ ഇന്ന മന്ത്രങ്ങൾ ഇത്രതവണ ചൊല്ലിയാൽ ഇന്ന ഫലം ലഭിക്കും, സ്വർഗം ലഭിക്കും എന്നിങ്ങനെ പ്രചരിപ്പിക്കുന്നു. ശാസ്ത്രങ്ങളിൽ ആ യജ്ഞങ്ങൾക്ക് പറഞ്ഞ ഫലം യഥാർഥംതന്നെ. എന്നാലത് മന്ത്രാർഥമറിഞ്ഞ്, അതനുസരിച്ച് ജീവിക്കുമ്പോൾ ലഭിക്കുന്നതാണ്. കേവലം ആചരണങ്ങൾകൊണ്ട് മാത്രം അതു ലഭ്യമാകില്ല. യജ്ഞങ്ങളിൽ പശുഹിംസയില്ല. ശബ്ദാർഥങ്ങളെ തെറ്റായി മനസ്സിലാക്കിയതാണ് ഈ കീഴ്വഴക്കത്തിനു കാരണമായത്. പശ്വാലഭനം പശ്വാലംഭനമായപ്പോഴുണ്ടായ വീഴ്ചയായിരുന്നുവത്.[9] എന്നാൽ തർക്കവിതർക്കങ്ങളിൽ യാഥാർഥ്യം മുങ്ങിപ്പോയി.

---

9. *ആദികാലേ തു യജ്ഞേഷു പശവഃ സമാലഭനീയാ ബഭൂവുഃ,*
*നാലംഭായ പ്രക്രിയന്തേ സ്മ.* (ചരകസംഹിത, ചികിത്സാസ്ഥാനം 19.3)
അർഥം: ആദികാലത്താകട്ടെ യാഗങ്ങളിൽ മൃഗങ്ങളെ തൊട്ടുവന്ദിക്കുകയായിരുന്നു പതിവ്. (ആലഭനം ചെയ്യുക). ബലിയർപ്പിക്കപ്പെടുന്ന (ആലംഭനം ചെയ്യുന്ന) പ്രക്രിയ ഉണ്ടായിരുന്നില്ല.

വേദമന്ത്രങ്ങൾക്ക് നിരവധി അർഥങ്ങളുണ്ട്. എന്നാൽ അവയെ വിനിയോഗിക്കുന്നവർ സ്വാർഥതാത്പര്യത്തോടെ, വിനിയോഗത്തിന്റെ മാത്രം പിന്നാലെപ്പോയി. അവരെയാണ് ഗീതയിൽ 'വേദവാദി' എന്ന് വിളിക്കുന്നത്.

അല്ലയോ അർജുനാ, സത്യത്തിന്റെയും സദാചാരത്തിന്റെയും മാർഗം സരളമാണ്. ഈ വേദമർമാനഭിജ്ഞരായ വേദവാദികൾ വിചാരങ്ങളിൽ മുഴുകി ഒരനക്കം തെറ്റാനനുവദിക്കാതെ ജടിലമായ ആചാരങ്ങളിൽ തത്ത്വദർശനത്തെ കെട്ടിയിടാൻ ശ്രമിച്ചു. ചെറിയ വല്ല തെറ്റും വന്നാൽതന്നെ ഘോരമായ പ്രായശ്ചിത്തങ്ങൾ കെട്ടിവെച്ചു. അങ്ങനെ യജ്ഞയാഗാദികളിൽ മന്ത്രവാദങ്ങളും വാമാചാരങ്ങളും പുഷ്ടിപ്പെട്ടു. യജ്ഞപ്രക്രിയയിൽ 'ഇത് എന്റേതല്ല', സർവതും ഭഗവാന്റേതാണെന്ന ഭാവമേയുള്ളൂ. ആ യജ്ഞങ്ങൾ ലോകകല്യാണാർഥമായാണ് നടക്കുന്നത്. നിരുക്തത്തിൽ യാസ്കമഹർഷി പറയുന്നുണ്ട്.

**യോഽർഥജ്ഞ ഇത് സകലം ഭദ്രമശരതേ.** (നിരുക്തം 1-6.18).

അർഥജ്ഞാനംകൊണ്ട് വികലത്തെ സകലമാക്കുന്നവരാണ് വേദവാദികൾ. മന്ത്രം ശരിയായതുകൊണ്ട് ചെയ്യുന്ന ക്രിയയെ ന്യായീകരിക്കാനാവില്ലെന്ന് അർഥം. അതിനാൽ ശ്രീകൃഷ്ണൻ അർജുനനോട് പറയുകയാണ്- അല്ലയോ അർജുനാ! ധർമമാർഗം അതിസരളമാണ്.

40. **നേഹാഭിക്രമനാശോഽസ്തി പ്രത്യവായോ ന വിദ്യതേ**
**സ്വല്പമപ്യസ്യ ധർമസ്യ ത്രായതേ മഹതോ ഭയാത്.**

*അർഥം: കർമയോഗഭാവനയോടെ ആരംഭിച്ച പ്രവൃത്തികളൊന്നും നശിക്കുന്നില്ല. അതിന് വിഘ്നങ്ങളൊന്നും വരുന്നുമില്ല. ഈ ധർമം അല്പമേ ആചരിക്കുന്നുള്ളൂവെങ്കിൽപോലും വലിയ ഭയത്തിൽനിന്ന് രക്ഷിക്കപ്പെടും.*

41. **വ്യവസായാത്മികാ ബുദ്ധിരേകേഹ കുരുനന്ദന**
**ബഹുശാഖാ ഹ്യനന്താശ്ച ബുദ്ധയോഽവ്യവസായിനാമ്.**

*അർഥം: അല്ലയോ കുരുനന്ദനാ! കർമയോഗമാർഗത്തിൽ ദൃഢനിശ്ചയത്തോടുകൂടിയ ഒരേയൊരു ബുദ്ധിയേയുള്ളൂ.*

*എന്നാൽ ദൃഢനിശ്ചയമില്ലാത്തവരുടെ ബുദ്ധിയാകട്ടെ അറ്റ മില്ലാത്തവിധം അനേകമാണ്.*

ഭാഷ്യം: ഈ പ്രപഞ്ചത്തിൽ കർത്തവ്യപാലനം എന്ന ദൃഢനിശ്ചയമാണ് കർമയോഗം. അത് പാലിക്കുന്നതിനു പകരം പൂജ പഠിക്കൽ, മന്ത്രപാഠം, പുരശ്ചരണം എന്നിങ്ങനെ പറഞ്ഞ് ബുദ്ധി വിവിധ വഴിയിൽ യാത്ര ചെയ്യുന്നു. അവരുടെ ബുദ്ധിയാകുന്ന ശാഖയിൽ നിരവധി ഉപശാഖ കൾ പൊട്ടിമുളയ്ക്കുന്നു. ചിലർ ഭൈരവന്റെയും മറ്റുചിലർ ഡാകിനി-ശാകിനി, യന്ത്രമന്ത്രങ്ങൾ, മന്ത്രവാദം എന്നിവയ്ക്കും പിന്നാലെ പോകു ന്നു. സ്വകർത്തവ്യങ്ങളൊന്നും ചെയ്യുന്നുമില്ല. ഇന്നത്തെ ഹിന്ദുധർമ ത്തിന്റെ ശാപമാണിത്. ശാസ്ത്രഗ്രന്ഥങ്ങൾ പഠിച്ച്, യുക്തിപൂർവം ചിന്തി ക്കുന്നതിലല്ല മറിച്ച് ലോലമായ കപോലകല്പിതസ്വപ്നസാക്ഷാത്കാര മാണ് പലരുടെയും മനോമുകുരത്തിലുള്ളത്.

ക്ഷത്രിയനെന്ന നിലയ്ക്ക് അർജുനൻ ഇപ്പോൾ ചെയ്യേണ്ടത് യുദ്ധ മാണ്. അല്ലാതെ ഭിക്ഷ എടുത്തു ജീവിക്കലല്ല.

**42. യാമിമാം പുഷ്പിതാം വാചം പ്രവദന്ത്യവിപശ്ചിതഃ**
**വേദവാദരതാഃ പാർഥ നാന്യദസ്തീതി വാദിനഃ.**

**43. കാമാത്മാനഃ സ്വർഗപരാ ജന്മകർമഫലപ്രദാമ്**
**ക്രിയാവിശേഷബഹുലാം ഭോഗൈശ്വര്യഗതിം പ്രതി.**

**44. ഭോഗൈശ്വര്യപ്രസക്താനാം തയാപഹൃതചേതസാമ്**
**വ്യവസായാത്മികാ ബുദ്ധിഃ സമാധൗ ന വിധീയതേ.**

*അർഥം: അല്ലയോ പാർഥാ! ഇപ്രകാരം ക്രിയകൾ ചെയ്താൽ മാത്രം മതി എല്ലാം ശരിയായിക്കൊള്ളുമെന്നും ഇതുമാത്രമാണ് ശരി മറ്റു മാർഗങ്ങളൊന്നും ശരിയല്ലെന്നും മറ്റും പുഷ്പ സമാനമായ വാക്കുകൾ പറഞ്ഞ് വേദവിഷയത്തിൽ വാദ വിവാദം നടത്തുന്നതിൽ രുചിയുള്ളവരുടെ വാക്കുകേട്ട് നടക്കുന്നവർക്ക് ഏകാഗ്രചിത്തം ഉണ്ടാവുകയില്ല.*

ഭാഷ്യം: സഞ്ജയന്റെ പുഷ്പസമാനമായ വാക്കുകളെയാണ് ഭഗവാൻ ഇവിടെ ലാക്കാക്കുന്നത്. അല്ലാതെ സംഹിതാഭാഗമായ വേദങ്ങളിലെ മന്ത്രങ്ങളെയല്ല. താൻ അറിവുള്ളവനാണെന്നു കാണിച്ചുകൊണ്ട് സഞ്ജയൻ പുഷ്പസമാനമായ വാക്കുകളാൽ അർജുനഹൃദയത്തിൽ ദൗർബല്യവും ആശയസംഘർഷവും സൃഷ്ടിച്ചിരുന്നു. അതാണ് ശ്രീകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. പല ഭാഷ്യകാരന്മാരും 'വേദ'വാദരതന്മാർ തുടങ്ങിയ 'വേദം' വരുന്ന ശബ്ദങ്ങൾക്ക് ഋക്, യജുസ്, സാമം, അഥർവം എന്നിത്യാദി വേദങ്ങൾ എന്നർഥമെടുക്കുകയും അവയുടെ അഭിപ്രായങ്ങളെക്കുറിച്ചാണ് ശ്രീകൃഷ്ണൻ ഇവിടെ പറയുന്നതെന്നും വ്യാഖ്യാനിക്കുന്നതായി കാണാറുണ്ട്. ഗീതാകാരൻ വേദത്തെ നിന്ദിക്കുകയോ ചെറുതാക്കി കാണിക്കുകയോ ചെയ്യുകയില്ലെന്ന് ഉറപ്പാണ്. വേദത്തെ ഗീത ഖണ്ഡിക്കുന്നതായും ചിലർക്ക് സംശയമുണ്ട്. എന്നാൽ ഗീതയിൽതന്നെ പലയിടത്തും വേദത്തെ വാഴ്ത്തിപ്പറയുന്നുണ്ട്. കാണുക:

1. **വേദാനാം സാമവേദോ$^{/}$സ്മി.** (ഭഗവദ്ഗീത 10.12)

വേദങ്ങളിൽ ഞാൻ (ഭഗവാൻ) സാമവേദമാകുന്നു.

2. **വേദൈശ്ച സർവൈരഹമേവ വേദ്യഃ.** (ഭഗവദ്ഗീത 15.15)

എല്ലാ വേദങ്ങളിലും എന്റെ (ആത്മാവിന്റെ) ജ്ഞാനമാണുള്ളത്.

3. **വേദവിദേവ ചാഹമ്.** (ഭഗവദ്ഗീത. 15.15)

ഞാൻ തന്നെയാണ് വേദജ്ഞനും.

4. **(അഹം) ഋക്സാമ യജുരേവ ച.** (ഭഗവദ്ഗീത. 9.17)

ഞാൻ ഋഗ്വേദം, സാമവേദം, യജുർവേദം തുടങ്ങിയവയാകുന്നു.

അപ്പോൾപിന്നെ 'വേദവാദരതാഃ' എന്നതു വേദവിരുദ്ധമായ പ്രസ്താവനയാകാൻ ഇടയില്ലെന്ന് ഉറപ്പിക്കാം. വേദവിരുദ്ധനാണ് ശ്രീകൃഷ്ണനെങ്കിൽ മേൽപറഞ്ഞ പ്രസ്താവനകൾ അദ്ദേഹത്തിന്റെതന്നെ കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാകും. ഗീതയിലും പരസ്പരവൈരുദ്ധ്യമുണ്ടെന്നു

വരും. ഭഗവാൻ കൃഷ്ണനോ ഗീതയ്ക്കോ പരസ്പരവൈരുദ്ധ്യമില്ല.

വേദങ്ങളിൽ ഇന്ന കർമ്മം ചെയ്യണമെന്ന വിധി ഒരിടത്തുമില്ല. അത്തരത്തിലുള്ള വിധികളുള്ളത് ബ്രാഹ്മണങ്ങളിലാണ്. സംഹിതയാണ് വേദങ്ങൾ. എന്നാൽ ചിലർ കരുതുന്നത് വേദങ്ങൾക്ക് നാല് ഭാഗങ്ങളുണ്ടെന്നാണ്. സംഹിത, ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്തുക്കൾ എന്നിങ്ങനെ. എന്നാൽ ഈ ചിന്ത ശരിയല്ല. വേദത്തിന് മറ്റൊരു പേരുണ്ട്. അതാണ് ബ്രഹ്മം. ആ ബ്രഹ്മത്തിന്റെ വ്യാഖ്യാനമാണ് ബ്രാഹ്മണം. വാനപ്രസ്ഥാശ്രമികൾ പഠിക്കേണ്ട വേദഭാഷ്യങ്ങളാണ് ആരണ്യകങ്ങൾ. വേദങ്ങളുടെ അധ്യാത്മശാസ്ത്രപരമായ വ്യാഖ്യാനങ്ങളാണ് ഉപനിഷത്തുക്കൾ. ഇതൊന്നുമറിയാത്തതാണ് ഇന്നത്തെ പ്രധാന പ്രശ്നം. സംഹിത ഈശ്വരവിരചിതമാകയാൽ അത് അപൗരുഷേയമാണെന്ന് ബ്രാഹ്മണങ്ങളും ആരണ്യകങ്ങളും ഉപനിഷത്തുക്കളും സാക്ഷ്യനിൽക്കുന്നുണ്ട്.

കല്പസൂത്രങ്ങളിലും മീമാംസകളിലും മറ്റും വിധിച്ചിട്ടുള്ള കർമങ്ങൾ കൊണ്ട് ഭോഗം, ഐശ്വര്യം, ഉത്തമങ്ങളായ ജന്മം തുടങ്ങിയ കർമഫലം ഉണ്ടാകുമെന്ന് തീർച്ചയാണ്. എന്നാൽ കർമങ്ങളുടെ ലക്ഷ്യം അതല്ല. ആത്മസന്തോഷമാണ് കർമങ്ങളുടെ പ്രേരണയ്ക്ക് കാരണം. എന്നാൽ കാമനകളിൽ ആസക്തരായവരെക്കുറിച്ചാണ് ഗീതാശ്ലോകത്തിലെ 'കാമാത്മാനഃ' എന്നു പറഞ്ഞത്. അവരെക്കുറിച്ച് മനു പറയുന്നത് കേൾക്കുക:

**'കാമാത്മനാ ന പ്രശസ്താ.'** (മനുസ്മൃതി 2.2)

നാനാവിധങ്ങളായ സുഖങ്ങൾ എല്ലാ ധർമാത്മാക്കൾക്കും ലഭിക്കുന്നു. എന്നാലവർ ധർമാത്മാക്കളാണ്; കാമാത്മാക്കളല്ല.

എന്നാൽ പ്രത്യേക പൂജകൊണ്ട് രാജാവായിത്തീരും, വലിയ സുഖഭോഗങ്ങൾ ഉണ്ടാകും തുടങ്ങിയ വാക്കുകളോടെ വിചിത്രങ്ങളായ അനുഷ്ഠാനങ്ങളുടെ മാഹാത്മ്യത്തെ വർണിച്ച് ആളുകളെ ചതിക്കുഴിയിൽ വീഴ്ത്തുന്നവരുണ്ട്.ഇത്തരം പുഷ്പസമാനമായ വാക്കുകളിൽ ശ്രദ്ധിച്ച് ഭോഗൈശ്വര്യങ്ങളിൽ ആസക്തരായി മാലോകർ സ്വകർത്തവ്യങ്ങൾ പാലിക്കാതെ ചതിക്കുഴിയിൽ വീഴുന്നു. അവരുടെ ബുദ്ധി ദൃഢനിശ്ചയമില്ലാത്തതാണ്. അതിനാൽ ഏകാഗ്രവുമല്ല. ഇന്ന കാര്യം നടക്കാൻ

കുട്ടിയെ ബലികൊടുക്കണമെന്നും നിധി കിട്ടാൻ ഈ പൂജ ചെയ്യണമെന്നും മറ്റുമുള്ള നിരവധി കുത്സിതമാർഗങ്ങളെക്കുറിച്ചുമാണ് ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്നത്. ഇന്നും റൈസ് പുള്ളർ, നാഗമാണിക്യം, നോട്ടിരട്ടിപ്പ്, നരബലി തുടങ്ങിയവയൊക്കെ തട്ടിപ്പാണെന്ന് അറിഞ്ഞിട്ടും അതിൽപോയി തലവെയ്ക്കുന്നവരെക്കുറിച്ചുകൂടിയാണ് ഭഗവാൻ പറയുന്നത്.

**45. ത്രൈഗുണ്യവിഷയാ വേദാ നിസ്ത്രൈഗുണ്യോ ഭവാർജുന**
**നിർദ്വന്ദ്വോ നിത്യസത്ത്വസ്ഥോ നിര്യോഗക്ഷേമ ആത്മവാൻ.**

*അർഥം: ഹേ അർജുനാ! വേദം മൂന്നു ഗുണവിഷയങ്ങളോടുകൂടിയതാണ്. എന്നാൽ മൂന്നു ഗുണങ്ങൾക്കും ഉപരിയായി, ദ്വന്ദ്വങ്ങളിൽനിന്ന് മുക്തനായി, നിത്യസത്ത്വസ്ഥനായിത്തീർന്നാലും. സ്വന്തം യോഗക്ഷേമമെന്ന ചിന്തവെച്ചിരിക്കാതെ, ആത്മാനന്ദമുള്ളവനായിത്തീർന്നാലും.*

ഭാഷ്യം: സത്ത്വം, രജസ്സ്, തമസ്സ് എന്നീ ത്രിഗുണങ്ങൾ അടങ്ങിയതാണ് വേദങ്ങൾ. '**സർവജ്ഞാനമയോ ഹി സഃ**' (മനുസ്മൃതി 2.7) എന്ന മനുവചനം അനുസരിച്ച് വേദം സർവജ്ഞാനങ്ങളുടെയും ഭണ്ഡാരമാണ്. അതിനെ തീർത്തും തള്ളണമെന്ന് ഭഗവാൻ പറഞ്ഞുവെന്നാണ് പലരും ധരിക്കുന്നത്. എന്നാൽ വേദാന്തത്തിന്റെ മകുടമണിയെന്നറിയപ്പെടുന്ന ഈശാവാസ്യോപനിഷത്തുള്ളത് യജുർവേദത്തിലാണ്. പുരുഷസൂക്തം, ഹിരണ്യഗർഭസൂക്തം, നാസദീയസൂക്തം, ബ്രഹ്മവിദ്യാസൂക്തം എന്നിത്യാദി നിരവധി അധ്യാത്മവിദ്യാ പ്രകരണങ്ങളടങ്ങിയ വേദത്തെ തള്ളിക്കളയണമെന്ന് ഗീതയ്ക്കോ ഭഗവാനോ അഭിപ്രായമില്ല. മൂന്നു ഗുണങ്ങൾ ഒന്നാകെ ചേരുമ്പോൾ ദ്വന്ദ്വഭാവം ഉണ്ടാകുമെന്ന കപിലാചാര്യന്റെ സാംഖ്യചിന്തയാണ് ഇവിടെ വിശ്ലേഷണം ചെയ്യുന്നത്. ഈ മൂന്നു ഗുണങ്ങളെക്കുറിച്ചും വേദത്തിൽ വിസ്തരിച്ചു പറയുന്നതു കാണാം. സാധകൻ തമസ്സിൽനിന്ന് രജസ്സിലേക്കും തമരജോഗുണസംയുക്തമായ ഭാവത്തിൽനിന്നും പൂർണരജോഗുണത്തിലേക്കും രജ

സ്സാർന്ന സത്ത്വഗുണത്തിലേക്കും അതിൽനിന്ന് നിത്യസത്ത്വഗുണത്തിലേക്കും വളരണമെന്നാണ് ഈ ഗീതാശ്ലോകത്തിന്റെ താത്പര്യം.

മൂന്നു ഗുണങ്ങളിൽ ഒന്നു മാത്രമാണ് സത്ത്വഗുണമെന്ന് ഏവർക്കും അറിയാമല്ലോ. എന്നാൽ എന്തിനും ഏതിനും വേദത്തെ മർദിക്കാനൊരുമ്പെടുന്ന നവീനവേദാന്തവാദികൾ "ഗീതയ്ക്കും ശ്രീകൃഷ്ണനും വേദം പഠിക്കേണ്ട എന്ന അഭിപ്രായമാണ് ഉള്ളതെന്നും, വേദത്തിൽ ത്രിഗുണമാണ് ഉള്ളത്, അതിനാൽ ഗീതയാണ് പഠിക്കേണ്ടത്, അതിൽ സത്ത്വഗുണത്തെക്കുറിച്ച് മാത്രം പറയുന്നു" എന്നിത്യാദി വാദങ്ങൾ ഉന്നയിക്കുന്നത് കണ്ടിട്ടുണ്ട്. ഇത്തരം വാദങ്ങളെല്ലാം ഛലവാദങ്ങൾ മാത്രമാണ്.

ഋഗ്വേദത്തിൽ **'ശുനഃശേപഃ ത്രിഷു ആദിത്യം അഹ്വത്'** (ഋഗ്വേദം 1.24.13) എന്ന് പറഞ്ഞിട്ടുണ്ട്. 'വിദ്വാന്മാർ വേദത്തിൽ ജ്ഞാനം, ഉപാസന, കർമം എന്നീ മൂന്ന് വിദ്യകളുണ്ടെന്ന് അറിയുന്നു. അതിലൂടെ അവിനാശിയായ ഈശ്വരനെ ആഹ്വാനം ചെയ്യുന്നു. ഈ മൂന്ന് വിദ്യകളിലൂടെ ജീവൻ പ്രകൃതിയുടെ ത്രിഗുണങ്ങളിൽനിന്ന് ഉയർന്ന്, കർമബന്ധനങ്ങളിൽനിന്ന് മോചിതനായി, കർമപാശങ്ങളിൽനിന്ന് മുക്തനായിത്തീരട്ടെ'യെന്ന് വേദം പറയുന്നു. കൂടാതെ ഋഗ്വേദത്തിൽതന്നെ മറ്റൊരിടത്ത്, 'ഞങ്ങളെ 'അധമം'-അതായത് നികൃഷ്ടമായ ബന്ധനവും, 'മധ്യമം'-രാജസികമായ ബന്ധനം, 'ഉത്തമം'-സാത്ത്വികമായ ബന്ധനം എന്നീ പാശങ്ങളിൽനിന്ന് 'വ്യവശ്രഥായ' അഥവാ മോചിപ്പിച്ചാലുമെന്നു പ്രാർഥിക്കുന്നുണ്ട്.[10] 'സത്ത്വം സുഖേ സജ്ജയതി' എന്നു പറയാറുണ്ട്. അതായത് നമ്മെ വിദ്യ, യോഗം എന്നിവയിലേക്ക് സത്ത്വഗുണം നയിക്കുന്നുവെന്നർഥം. വേദത്തിൽനിന്ന് മൂന്നു ഗുണങ്ങളുടെയും സ്വരൂപത്തെക്കുറിച്ച് മനസ്സിലാക്കിയിട്ട് തള്ളേണ്ടതിനെ തള്ളുകയും സ്വീകരിക്കേണ്ടതിനെ സ്വീകരിക്കുകയും ചെയ്യണം. ചുരുക്കത്തിൽ, വേദത്തെ തള്ളുകയല്ല മറിച്ച് വേദപ്രതിപാദിതമായ മൂന്നു ഗുണങ്ങളിൽ സത്ത്വഗുണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുകയാണിവിടെ. വേദത്തെ

10. ഋഗ്വേദം 1.24.15

ഒന്നാകെ തള്ളിയാൽപിന്നെ അതിൽ പ്രതിപാദിച്ച സത്ത്വഗുണത്തെ എങ്ങനെ സ്വീകരിക്കും?

**46. യാവാനർഥ ഉദപാനേ സർവതഃ സംപ്ലുതോദകേ**
**താവാൻ സർവേഷു വേദേഷു ബ്രാഹ്മണസ്യ വിജാനതഃ.**

*അർഥം: എല്ലാ ഭാഗത്തുനിന്നും ജലം വന്നുനിറഞ്ഞ കിണറുകൊണ്ട് എത്ര പ്രയോജനമുണ്ടോ അത്രകണ്ട് പ്രയോജനം എല്ലാ വേദങ്ങളും അറിയുന്ന ജ്ഞാനിയായ ബ്രാഹ്മണനെക്കൊണ്ടും ലഭിക്കുന്നു.*

ഭാഷ്യം: നിറഞ്ഞുകവിഞ്ഞ കിണറിൽനിന്ന് ചിലർ കൃഷിക്കുവേണ്ട ജലമെടുക്കുന്നു, ചിലർ പശു തുടങ്ങിയവയ്ക്ക് കുടിക്കാനും കുളിക്കാനും ഉപയോഗിക്കുന്നു, വേറെ ചിലർ അത് സ്വയം കുടിക്കുന്നു. അങ്ങനെ എല്ലാവിധ കാര്യങ്ങൾക്കുമായി ജലത്തെ ഉപയോഗിക്കുന്നു. അതുതന്നെയാണ് വേദത്തിന്റെയും അവസ്ഥ. വേദങ്ങളിൽ വിമാനവിദ്യ, സമുദ്രയാനവിദ്യ, രസതന്ത്രം, ഭാഷാശാസ്ത്രം, അധ്യാത്മശാസ്ത്രം തുടങ്ങിയവ എല്ലാമുണ്ട്. വിജ്ഞാനിയായ ബ്രാഹ്മണൻ (ബ്രഹ്മം=വേദം; ബ്രാഹ്മണൻ = വേദമറിഞ്ഞവൻ) സർവപ്രയോജനവും ഉള്ളവനാണ്. വിജ്ഞാനിയായ ബ്രാഹ്മണന്റെ ദൃഷ്ടിയിൽ ധർമസംബന്ധിയായ സർവസിദ്ധിയുടെയും ആകാരമാണ് വേദങ്ങൾ. മോക്ഷാർഥികൾക്കുവേണ്ട മോക്ഷോപയോഗിയായ ഉപദേശങ്ങളും ഇതേ വേദത്തിൽതന്നെയാണ് ഉള്ളത്.

ഇവിടെ ചില ഭാഷ്യകാരന്മാർ സർവഭാഗത്തുനിന്നും നിറഞ്ഞ കിണർപോലെ ഉപയോഗശൂന്യമാണ് വേദങ്ങളെന്നും അതിനാൽ ബ്രാഹ്മണന് വേദങ്ങളുടെ ആവശ്യമേ ഇല്ലെന്നും മറ്റും അർഥവ്യാഖ്യാനം നടത്താറുണ്ട്. ഉപമാലങ്കാരം മനസ്സിലാകാത്തതാണ് ഈദൃശമായ തെറ്റുധാരണയ്ക്കു കാരണം. ഇവിടെ ഒരു ചോദ്യം ഉയർന്നുവരുന്നു. വിജ്ഞാനിയായ ബ്രാഹ്മണന് കേവലം മുക്തി മാത്രമാണ് ആവശ്യമെങ്കിൽ, അയാൾക്ക് കർമത്തിന്റെ ആവശ്യകത പിന്നെന്താണ്? അതിനുള്ള ഉത്തരം കേൾക്കുക:

**47. കർമണ്യേവാധികാരസ്തേ മാ ഫലേഷു കദാചന**
**മാ കർമഫലഹേതുർഭൂഃ മാ തേ സംഗോ/സ്ത്വകർമണി.**

*അർഥം: കർമത്തിൽതന്നെയാണ് തീർച്ചയായും നിന്റെ അധികാരം ഒരിക്കലും ഫലത്തിലല്ല. നീ സ്വയം കർമഫലത്തിന്റെ ഹേതു ആകാൻ ശ്രമിക്കരുത്. അതേപോലെ കർമം ചെയ്യാതിരിക്കുവാൻ ആഗ്രഹിക്കുന്നവനും ആകരുത്.*

ഭാഷ്യം: മുൻപത്തെ ശ്ലോകത്തിൽ വിജ്ഞാനിയായ ബ്രാഹ്മണന് മുക്തിസാധനമായ കർമത്തിൽനിന്ന് ഭിന്നമായി മറ്റ് കർമങ്ങളൊന്നും ആവശ്യമില്ലെന്ന് സന്ദേഹിക്കുന്നവരുണ്ടാകും. ത്രിഗുണങ്ങളിൽപെടുന്നതാണല്ലൊ കർമങ്ങൾ. ആ ത്രിഗുണത്തിൽനിന്ന് ഉയരണമെന്ന് പറഞ്ഞ സ്ഥിതിക്ക് ഇനി കർമങ്ങൾ വേണ്ടെന്ന് തെറ്റുധരിച്ചാലോ എന്ന ചിന്തയിലാണ് ഈ ശ്ലോകം ഭഗവാൻ അവതരിപ്പിക്കുന്നത്. ഈ ശ്ലോകത്തിന്റെ താത്പര്യം വേദത്തിലുള്ളതുതന്നെയാണ്. യജുർവേദം പറയുന്നത് കാണുക:

**കുർവന്നേവേഹ കർമാണി ജിജീവിഷേച്ഛതം സമാഃ.**
**ഏവം ത്വയി നാന്യഥേതോ/സ്തി ന കർമ ലിപ്യതേ നരേ.**

(യജുർവേദം 40.2)

അർഥം: മനുഷ്യർ ഈ ലോകത്ത് കർമം ചെയ്തുകൊണ്ടു മാത്രം ജീവിക്കാൻ ഇച്ഛിക്കുക. ഏതൊരു നേരത്തും കർമങ്ങളിൽ മുഴുകിയിരിക്കുക. കർമം ചെയ്തുകൊണ്ട് നൂറു വർഷം ജീവിക്കാൻ ആഗ്രഹിക്കുക. എന്നാൽ കർമലേപനം ഇല്ലാതെവേണം അതു ചെയ്യാൻ. കർമം ചെയ്യാതെ ആർക്കും ജീവിക്കാൻ കഴിയില്ല.

രണ്ടാം അധ്യായത്തിൽ ആരംഭിച്ച ഈ കർമയോഗചർച്ച മൂന്നാമധ്യായത്തിൽ വിസ്തരിക്കുന്നുണ്ട്. അവിടെ നമുക്ക് കൂടുതൽ പഠിക്കാനാകും. ഉപനിഷത്തുക്കളും കർമത്തെ പാടേ തള്ളിപ്പറയുന്നുണ്ടെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അതും തെറ്റാണ്.

1. **കർമണാ ദേവാനപിയന്തി** (തൈത്തിരീയ ഉപനിഷത്ത് 2.8.1)

കർമം ചെയ്യുന്നതിലൂടെ ദേവത്വം പ്രാപിക്കുന്നു.

2. **കർമസു ചാമൃതമ്** (മുണ്ഡകോപനിഷത്ത് 1.1.8)

കർമങ്ങളിൽ അമൃതുണ്ട്.

3. **പുണ്യസ്യ കർമണോ ദൂരാദ്ഗന്ധോവാതി**

(മഹാനാരായണ ഉപനിഷത്ത് 8.12)

പുണ്യകർമത്തിന്റെ സുഗന്ധം ദൂരദേശത്തുവരെ എത്തുന്നു. ദൂരത്തിരിക്കുന്നവരെപ്പോലും കർമം ആനന്ദിപ്പിക്കുന്നു.

ചുരുക്കത്തിൽ, വേദം മുതൽ വേദവ്യാഖ്യാനങ്ങളായ ഉപനിഷത്തുക്കൾവരെ കർമത്തെ വെടിയാൻ ആവശ്യപ്പെടുന്നില്ലെന്ന് അർഥശങ്കക്കിടയില്ലാത്തവിധം മനസ്സിലാക്കാം. എന്നാൽ ഫലത്തിൽ നമുക്ക് അധികാരമില്ലെന്നതാണ് അവയുടെ സന്ദേശം. അതുതന്നെ ഗീതയും പറയുന്നു. 'മാവു നടുക' എന്നത് നമുക്ക് ചെയ്യാവുന്ന കാര്യമാണ്. എന്നാൽ മാങ്ങയുണ്ടാകുന്ന കാര്യത്തിൽ നമുക്കൊന്നും ചെയ്യാനില്ല. യോഗരീതിയിൽ കർമങ്ങളനുഷ്ഠിച്ചാൽ അവയുടെ ദോഷം യോഗിയെ സ്പർശിക്കുകയില്ല. 'സമത്വ'മാണ് യോഗം. ഇക്കാര്യം പറയുകയാണ് അടുത്ത ശ്ലോകത്തിൽ.

48. **യോഗസ്ഥഃ കുരു കർമാണി സംഗം ത്യക്ത്വാ ധനഞ്ജയ,**
**സിദ്ധ്യസിദ്ധ്യോഃ സമോ ഭൂത്വാ സമത്വം യോഗ ഉച്യതേ.**

*അർഥം: ഹേ ധനഞ്ജയാ, യോഗനിഷ്ഠനായി നീ കർമങ്ങളനുഷ്ഠിക്കൂ. ആസക്തിവിട്ട് സിദ്ധിയിൽ ആത്മസംയമനത്തോടെയും അസിദ്ധിയിൽ നിരാശനാകാതെയും ഇരിക്കുക. സമ്പത്തുകാലത്തും ആപത്തുകാലത്തും മനഃസംയമനത്തോടെ ഇരിക്കുക. ഇങ്ങനെ രണ്ട് അവസ്ഥകളിലും മനസ്സ് സമമായിരിക്കുന്നതാണ് യോഗം.*

ഭാഷ്യം: യോഗമെന്താണെന്ന് പതഞ്ജലിമുനി പറയുന്നുണ്ട്.

**യോഗശ്ചിത്തവൃത്തിനിരോധഃ.** (യോഗദർശനം 1.2)

യോഗമെന്നാൽ ചിത്തവൃത്തികളുടെ നിരോധമാകുന്നുവെന്നർഥം. സാധാരണഗതിയിൽ മനസ്സ് ചഞ്ചലമാണ്. കാര്യങ്ങൾ നേടുമ്പോൾ (സിദ്ധി) അഹങ്കാരവും നഷ്ടപ്പെടുമ്പോൾ (അസിദ്ധി) കടുത്ത നിരാശയും പ്രകടിപ്പിക്കുന്നവരാണ് സാധാരണക്കാർ. എന്നാൽ 'സമത്വം യോഗ ഉച്യതേ' എന്നതാണ് ഗീതയുടെയും യോഗദർശനകാരന്റെയും ഉപദേശം. ഫലത്തിൽ ആസക്തി അഥവാ സംഗം ഉണ്ടായാൽ ആപത്തുണ്ടെന്നും അത് ത്യജിക്കണമെന്നും ഭഗവാൻ പറയുന്നു (സംഗം ത്യക്ത്വാ). ഇത് തുടർന്നുള്ള ശ്ലോകങ്ങളിൽ ഭഗവാൻ വിവരിക്കുന്നുണ്ട്. (62, 63 ശ്ലോകങ്ങൾ കാണുക). ഗീതയിലുടനീളം ഈ സംഗവിവർജനത്തെ ഭഗവാൻ ഉയർത്തിക്കാട്ടുന്നുണ്ട്.

49. **ദൂരേണ ഹ്യവരം കർമ ബുദ്ധിയോഗാദ്ധനഞ്ജയ,**
**ബുദ്ധൗ ശരണമന്വിച്ഛ കൃപണാഃ ഫലഹേതവഃ.**

*അർഥം: ഹേ ധനഞ്ജയാ! കേവലം സകാമത്തോടെ ചെയ്യുന്ന കർമങ്ങൾ, സമത്വരൂപമുള്ള മനസ്സിനാൽ അതായത് യോഗബുദ്ധിയിൽ ചെയ്യുന്ന കർമത്തേക്കാൾ എത്രയോ ചെറുതാണ്. അതിനാൽ യോഗബുദ്ധിയെത്തന്നെ ആശ്രയിക്കൂ. ഫലത്തിൽ ആഗ്രഹിച്ച് കർമങ്ങൾ ചെയ്യുന്നവർ നികൃഷ്ടരാകുന്നു.*

ഭാഷ്യം: ഈ കാഴ്ചപ്പാട് ബൃഹദാരണ്യകോപനിഷത്തിലേതാണ്. കാണുക:

**യോ വാ ഏതദക്ഷരം ഗാര്ഗ്യവിദിത്വാസ്മാല്ലോകാത്പ്രൈതി**
**സ കൃപണോഽഥ യ ഏതദക്ഷരം ഗാര്ഗി**
**വിദിത്വാസ്മാല്ലോകാത്പ്രൈതി സ ബ്രാഹ്മണഃ.**

(ബൃഹദാരണ്യകോപനിഷത്ത് 3.8.10)

അർഥം: ഗാർഗീ! തീർച്ചയായും ഈ അക്ഷരത്തെ അറിയാതെ ആര് ഈ ലോകത്തുനിന്ന് പോകുന്നുവോ അയാൾ (കൃപണൻ) അവിവേകി

യാകുന്നു. ആര് അറിഞ്ഞ് ലോകത്തുനിന്നു പോകുന്നുവോ ഗാർഗീ! അയാൾ ബ്രാഹ്മണനാകുന്നു.

**50. ബുദ്ധിയുക്തോ ജഹാതീഹ ഉഭേ സുകൃതദുഷ്കൃതേ**
**തസ്മാദ്യോഗായ യുജ്യസ്വ യോഗഃ കർമസു കൗശലമ്.**

*അർഥം: ഈ ജഗത്തിൽ സമത്വബുദ്ധിയുള്ള മനുഷ്യർ സുകൃതങ്ങളെയും ദുഷ്കൃതങ്ങളെയും ഉപേക്ഷിക്കുന്നു. അതിനാൽ നീ സമത്വരൂപബുദ്ധിയാൽ യോഗസാധന ചെയ്യുക. സമത്വബുദ്ധിയാകുന്ന യോഗംതന്നെയാണ് കർമകുശലത.*

ഭാഷ്യം: ദുഷ്കൃതത്തിൽ ആസക്തിയുള്ളതിനേക്കാൾ സുകൃതത്തിലാണ് ആസക്തി വന്നുപെടുക. അതില്ലാതാക്കുക ബഹുകഠിനവുമാണ്. വിഭീഷണൻ അർജുനനെപ്പോലെ സ്വജനമോഹിതനായിരുന്നെങ്കിൽ വിശ്വകല്യാണം ഉണ്ടാകുമായിരുന്നില്ല. പ്രഹ്ലാദന്റെ കഥയും മറ്റൊന്നല്ല. അനാസക്തിയോഗത്തിന് ഈ രണ്ടിനോടുമുള്ള ആസക്തി ഇല്ലാതായേ പറ്റൂ.

**51. കർമജം ബുദ്ധിയുക്താ ഹി ഫലം ത്യക്ത്വാ മനീഷിണഃ**
**ജന്മബന്ധവിനിർമുക്താഃ പദം ഗച്ഛന്ത്യനാമയമ്.**

*അർഥം: അതിനാൽ സമത്വബുദ്ധിയോടുകൂടിയ മനീഷികൾ കർമത്തിൽനിന്ന് ഉണ്ടാകുന്ന ഫലത്തെ ത്യജിച്ച് ജന്മബന്ധനത്തിൽനിന്ന് മുക്തരായി ദുഃഖമില്ലാത്ത പദം കൈവരിക്കുന്നു.*

ഭാഷ്യം: ഈ ശ്ലോകത്തിൽ ബുദ്ധിയോഗത്തിന്റെ മൂന്നു നിയമങ്ങളെക്കുറിച്ചാണ് പറയുന്നത്.

1. ബുദ്ധിയുക്തനാവുക.
2. മനീഷിയായിത്തീരുക.
3. കർമഫലത്തെ ത്യജിക്കുക.

ഋഗ്വേദത്തിൽ '**തദ്വിഷ്ണോഃ പരമം പദം സദാ പശ്യന്തി സൂരയഃ**' എന്ന് പറഞ്ഞിരിക്കുന്നു. സർവവ്യാപകനായ ഭഗവാന്റെ പരമപദം വിദ്വാന്മാർ സദാ കാണുന്നുവെന്നർഥം.

**52. യദാ തേ മോഹകലിലം ബുദ്ധിർവ്യതിതരിഷ്യതി**
**തദാ ഗന്താസി നിർവേദം ശ്രോതവ്യസ്യ ശ്രുതസ്യ ച.**

*അർഥം: എപ്പോഴാണോ നിന്റെ മോഹപൂർണമായ കളങ്കിതബുദ്ധിയെ തരണംചെയ്യുന്നത് അപ്പോൾ നീ 'നിർവേദം' അഥവാ വൈരാഗ്യത്തെ പ്രാപിക്കുന്നു. അപ്പോൾ ഇതുവരെ കേട്ടതും, കേൾക്കാനിരിക്കുന്നതുമായ സർവ പദാർഥങ്ങളിലും നിനക്ക് വൈരാഗ്യബുദ്ധി ഉദിക്കും.*

ഭാഷ്യം: 'ഇത് എന്റേതാണ്', 'ഇത് ഞാനാണ്' എന്നു തുടങ്ങിയ തെറ്റായ ധാരണകൾ അകലുമ്പോൾതന്നെ വൈരാഗ്യം ഉദിച്ചുതുടങ്ങും. നിത്യാനിത്യവസ്തുവിവേകത്തെയാണ് വേദം വൈരാഗ്യമെന്ന് വിളിക്കുന്നത്. അല്ലാതെ ഈ പ്രപഞ്ചം മിഥ്യയാണെന്നു കരുതുന്നതല്ല വൈരാഗ്യം. അങ്ങനെ മിഥ്യയാണെങ്കിൽപിന്നെ കർമമേ ചെയ്യേണ്ട ആവശ്യമില്ലല്ലോ. കർമം ഉപേക്ഷിക്കാൻ ഒരിടത്തും ഗീത ഉപദേശിക്കുന്നില്ലെന്നു മാത്രമല്ല കർമത്തിന്റെ പ്രാധാന്യത്തെ ഗീത എടുത്തുകാണിക്കകൂടി ചെയ്യുന്നു.

**53. ശ്രുതിവിപ്രതിപന്നാ തേ യദാ സ്ഥാസ്യതി നിശ്ചലാ**
**സമാധാവചലാ ബുദ്ധിസ്തദാ യോഗമവാപ്സ്യസി.**

*അർഥം: ഇങ്ങനെ വിവിധ പ്രകാരത്തിലുള്ള കാര്യങ്ങൾ കേട്ട് അസ്ഥിരമായിത്തീർന്ന ബുദ്ധി, സമാധിയിലൂടെ എപ്പോഴാണോ സ്ഥിരമായിത്തീരുന്നത്, അപ്പോൾ നീ യോഗത്തെ പ്രാപിക്കുന്നു.*

ഭാഷ്യം: എങ്ങനെയായാലും വേദത്തെ നാല് കുറ്റം പറയണമെന്നു കരുതുന്ന ചിലർ ഈ ശ്ലോകത്തിലെ 'ശ്രുതി' ശബ്ദത്തിന് വേദമെന്ന് അർഥമെടുക്കാറുണ്ട്. അങ്ങനെ, വേദങ്ങൾ കേട്ട് അസ്ഥിരമായിത്തീർന്ന ബുദ്ധിയെന്നും മറ്റും അർഥവികലത പ്രചരിപ്പിക്കുകയും ചെയ്യും. എന്നാൽ തൊട്ടുമുൻപത്തെ ശ്ലോകത്തിൽ വരുന്ന 'ശ്രോതവ്യസ്യ ശ്രുതസ്യ ച' എന്ന പ്രയോഗം ഇവർ മനഃപൂർവം മറക്കുകയുംചെയ്യും. അവിടെ 'കേട്ടതും കേൾക്കാതിരുന്നതും' എന്നർഥമെടുത്ത സ്ഥിതിക്ക് ഇവിടെ

'ശ്രുതി'ശബ്ദത്തിന് അതിന്റെ പ്രധാന അർഥമായ 'കേട്ട അറിവുകൾ' എന്നത് സ്വീകരിക്കേണ്ടതാണ്. 'ശ്രുതം, ശ്രുതി, ശ്രോതവ്യം' എന്നിവയെല്ലാം ഒരേ ധാതുവിൽനിന്നാണ് ഉണ്ടാകുന്നത്. 'ഭോഗവർണനകൾ കേൾക്കുക' എന്ന അർഥമേ ഇവിടെയുള്ളൂ. വേദങ്ങളിൽതന്നെ **'തൃക്തേന ഭുഞ്ജീഥാഃ, മാഗൃധഃ'** (യജുർവേദം 40.1) – 'ത്യാഗത്തോടെ ഭോഗിക്കൂ, അതിന്റെ കെട്ടിൽപെടാതെ' എന്നർഥമുള്ള മന്ത്രങ്ങൾ കാണുന്നുണ്ട്.

ഈ ശ്ലോകത്തിലെ 'സമാധി' ശബ്ദത്തിന്റെ അർഥമറിയേണ്ടതുണ്ട്. കാരണം വരാനിരിക്കുന്ന പല അധ്യായങ്ങളിലും 'സമാധി' തുടങ്ങിയ അവസ്ഥയിൽ ഒരു സാധകനുണ്ടാകുന്ന ഭാവങ്ങളെ ഭഗവാൻ പ്രകാശിപ്പിക്കുന്നു; പ്രത്യേകിച്ചും പുരുഷോത്തമയോഗത്തിൽ. യോഗദർശനത്തിൽ യോഗിയുടെ മൂന്നു തലങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്- ധാരണ, ധ്യാനം, സമാധി.

ഏതെങ്കിലുമൊരു കാര്യം ചെയ്യാൻ ആഗ്രഹിച്ചാൽ നാം അതിനെക്കുറിച്ച് വിചാരം ചെയ്യും. വിചാരത്തിന്റെ ആദ്യഭാഗമാണ് 'ധാരണ.'

**ദേശബന്ധശ്ചിത്തസ്യ ധാരണാ.** (യോഗദർശനം 3.1)

എന്താണ് ചെയ്യാനാഗ്രഹിക്കുന്നതെന്ന് ആദ്യം അറിയണം. ഇതാണ് ധാരണ. സംസ്കൃതഭാഷ പഠിക്കാൻ ആഗ്രഹിക്കുന്നുവെന്നിരിക്കട്ടെ. എന്തിനു പഠിക്കണം? പഠിച്ചതുകൊണ്ട് എന്താണ് ലാഭം? എങ്ങനെയാണിത് പഠിക്കുക? തുടങ്ങിയ വിഷയങ്ങളുടെ അറിവ് നേടുന്നതാണ് ധാരണ. ചിത്തത്തെ വിഷയവുമായി (ദേശവുമായി) ബന്ധിക്കുന്നതാണ് ധാരണയെന്ന് ചുരുക്കം.

ഈ അറിവ് ലഭിച്ചാൽ രണ്ടാംഘട്ടം ആരംഭിക്കുകയായി. ഇതാണ് ധ്യാനം.

**തത്ര പ്രത്യയൈകതാനതാ ധ്യാനമ്.** (യോഗദർശനം 3.2)

താൻ ചെയ്യാനാഗ്രഹിക്കുന്ന വിഷയവുമായി ഏകതാനത അഥവാ ലീനത പ്രാപിക്കുന്നത് ധ്യാനമാണ്.

സംസ്കൃതപഠനത്തിനായി ഗുരുവിനെ കണ്ടുപിടിക്കുന്നു. ആ പരിശ്രമത്തിൽ മുഴുകുന്നു. പഠിതാവ് സ്വന്തം കാര്യത്തിൽ ലീനനാകുന്നു. ഇതാണ് ധ്യാനം.

ഇനി മൂന്നാമത്തെ ഘട്ടമായ സമാധിയാണ്.

**തദേവാർഥമാത്രനിർഭാസം സ്വരൂപശൂന്യമിവ സമാധിഃ.**

(യോഗദർശനം 3.3)

ആ വിഷയത്തിൽ മാത്രം നിർലീനനായിത്തീർന്ന് മറ്റെല്ലാം ശൂന്യമായിത്തീരുന്നതാണ് സമാധി.

സംസ്കൃതഭാഷ പഠിക്കുന്നു. അതു മനസ്സിലാക്കിക്കഴിഞ്ഞു. മറ്റെല്ലാ കാര്യങ്ങളും ഉപേക്ഷിച്ച് ഇതിൽ മുഴുകിക്കഴിഞ്ഞു. പ്രപഞ്ചത്തിലെ മറ്റെല്ലാ കാര്യങ്ങളും മറന്നു. കേവലം സംസ്കൃതപഠനം മാത്രം ധ്യാനത്തിൽ നിറയുന്നു. ഇതാണ് സമാധി.

ഗീതയിൽ ഈ പ്രയോഗത്തിന്റെ പ്രസക്തി എങ്ങനെയെന്ന് നോക്കാം. കർമം മനുഷ്യനെ ഈ പ്രപഞ്ചത്തിൽ ബന്ധിച്ചിരിക്കുകയാണ്. കർമഫലവും ലഭിക്കും. ഫലം കിട്ടിയാൽ മനുഷ്യൻ വീണ്ടും കർമങ്ങൾ ചെയ്യും. അതിന്റെയും ഫലം ലഭിക്കും. ഇങ്ങനെ കർമം → കർമഫലം → കർമം → കർമഫലം എന്നിങ്ങനെ ബന്ധം തീർക്കുന്ന പ്രക്രിയ തുടരും. ബന്ധനം ഒരു ചങ്ങലയായിത്തുടരുന്നു. എന്നാൽ ഈ കർമബന്ധനത്തിൽനിന്ന് മുക്തനാകണം, കർമത്തിൽനിന്ന് വേണ്ടതാനും. അതിനാൽ ഗീത പറയുകയാണ് 'ബുദ്ധിപൂർവം കർമം ചെയ്യുക. വിചാരത്തോടെ, കർമഫലത്തിൽ ആസക്തി ഇല്ലാതെ കർമം ചെയ്യുക.' ഇതിനെയാണ് ബുദ്ധിയോഗമെന്ന് പറയുന്നത്. ബുദ്ധിയോഗത്താൽ ചെയ്യുന്ന കർമം ശ്രേഷ്ഠമാണ്.

**അർജുന ഉവാച:**

**54. സ്ഥിതപ്രജ്ഞസ്യ കാ ഭാഷാ സമാധിസ്ഥസ്യ കേശവ**
**സ്ഥിതധീഃ കിം പ്രഭാഷേത കിമാസീത വ്രജേത കിമ്?**

*അർഥം: അപ്പോൾ അർജുനൻ ചോദിച്ചു, അല്ലയോ കേശവാ! സമാധിയിൽ സ്ഥിരനായ സ്ഥിതപ്രജ്ഞന്റെ ലക്ഷണമെന്താണ്?*

*സ്ഥിതപ്രജ്ഞൻ എങ്ങനെയാണ് സംസാരിക്കുക? എങ്ങ നെയാണിരിക്കുന്നതും സംസാരിക്കുന്നതും?*

**ശ്രീഭഗവാനുവാച:**

**55. പ്രജഹാതി യദാ കാമാൻ സർവാൻ പാർഥ മനോഗതാൻ**
**ആത്മന്യേവാത്മനാ തുഷ്ടഃ സ്ഥിതപ്രജ്ഞസ്തദോച്യതേ.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, അല്ലയോ പാർഥാ! എല്ലാ കാമനക ളെയും ത്യജിച്ച്, ആരുടെ ആത്മാവ് ആത്മാവിൽതന്നെ സ്വയം സന്തുഷ്ടനായിരിക്കുന്നുവോ അവനാണ് സ്ഥിത പ്രജ്ഞൻ.*

ഭാഷ്യം: താൻ ചെയ്ത പ്രവൃത്തികളെ ആളുകൾ എങ്ങനെ പ്രശംസി ക്കുന്നു? അതിലൂടെ തനിക്ക് എന്ത് പദവി ലഭിക്കും? എന്ത് ഭോഗൈശ്വര്യ ങ്ങൾ ലഭിക്കും തുടങ്ങിയ ചിന്തകളും, കാമനകളും ഉപേക്ഷിച്ച്, താനൊരു പവിത്രകർമം ചെയ്യുന്നുവെന്ന വിചാരത്തോടെയുള്ള ഭാവം ആർ ക്കുണ്ടോ അയാളാണ് സ്ഥിതപ്രജ്ഞനെന്ന് ചുരുക്കം.

**56. ദുഃഖേഷ്വനുദ്വിഗ്നമനാഃ സുഖേഷു വിഗതസ്പൃഹഃ**
**വീതരാഗഭയക്രോധഃ സ്ഥിതധീർമുനിരുച്യതേ.**

*അർഥം: ദുഃഖങ്ങളിൽ ഉദാസീനരാകാതെ, സുഖങ്ങളിൽ ആസക്തി യില്ലാതെ, പ്രീതിയോ, ഭയമോ, ക്രോധമോ ഇല്ലാതെ ഇരി ക്കുന്നവനെ, സ്ഥിതപ്രജ്ഞനെ മുനിയെന്ന് വിളിക്കുന്നു.*

**57. യഃ സർവത്രാനഭിസ്നേഹസ്തത്തത് പ്രാപ്യ ശുഭാശുഭമ്**
**നാഭിനന്ദതി ന ദ്വേഷ്ടി തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ.**

*അർഥം: സർവത്ര ആസക്തി ഇല്ലാത്തവനായി ശുഭകർമങ്ങളിൽ ആനന്ദിക്കാതെയും അശുഭകർമങ്ങളിൽ ദ്വേഷിക്കാതെയും ഇരിക്കുന്നവന്റെ ബുദ്ധി സ്ഥിരമായിരിക്കുന്നു.*

**58. യദാ സംഹരതേ ചായം കൂർമോ/ങ്ഗാനീവ സർവശഃ**
**ഇന്ദ്രിയാണീന്ദ്രിയാർഥേഭ്യസ്തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ.**

*അർഥം: ആമ തന്റെ അവയവങ്ങളെ ഉള്ളിലേക്ക് വലിക്കുന്നതു പോലെ ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്ന് പിൻവലിക്കുന്നവന്റെ ബുദ്ധി സ്ഥിതമാകുന്നു.*

ഭാഷ്യം: യജുർവേദത്തിൽ ഇന്ദ്രിയങ്ങളെ ഋഷികളായാണ് ചിത്രീകരിക്കപ്പെടുന്നത്.

**സപ്ത ഋഷയഃ പ്രതിഹിതാഃ ശരീരേ**
**രക്ഷന്ത സതമപ്രമാദമ് സപ്താപഹ**
**സ്വപതോ ലോകമീയുസ്തത്രാ ജാഗ്രതൗ**
**അസ്വപ്നജൗ സത്രസതൗ ച ദേവൗ.** (യജുർവേദം 34.55)

അർഥം: ഏഴ് ഋഷികൾ ശരീരത്തിൽ സ്ഥിതി ചെയ്യുന്നു. ഏഴ് ഋഷികൾ കുടിയിരിക്കുന്ന ആശ്രമമാണ് ഈ ശരീരം. ഈ ഏഴ് ഋഷികൾ മറക്കാതെ ഈ ശരീരത്തെ രക്ഷിക്കുന്നു. ഏഴ് നദികൾ ഉറങ്ങുന്നവനിൽനിന്ന് പിറകോട്ടു പോവുന്നു. അപ്പോൾ യജ്ഞത്തിൽ രണ്ട് ദേവതകൾ ഉറങ്ങാതെ ഉണർന്നിരിക്കുന്നു. മൂക്ക്, രസന, നേത്രം, ത്വക്ക്, കർണം, വാണി, മനസ്സ് എന്നിവ ഏഴ് ഇന്ദ്രിയങ്ങളാണ്. ഇവ ഏഴ് ഋഷികളുമാകുന്നു. ശരീരരൂപിയാകുന്ന ആശ്രമത്തിൽ ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്ന് പിൻവലിച്ച് ഈ ഏഴ് ഋഷിമാർ തപസ്സനുഷ്ഠിക്കുന്നു. ഈ രീതിയിൽ ശരീരത്തിൽ സപ്തർഷിമാർ തപസ്സ് അനുഷ്ഠിക്കുന്നുവെങ്കിൽ ആ ശരീരത്തോടുകൂടിയവനെ നമുക്ക് ഋഷി, തപസ്വി, യോഗി, മുനി എന്നീ പേരുകളിൽ വിളിക്കാം.

ഇന്ദ്രിയങ്ങൾ സപ്തഋഷികളാണെങ്കിലും വ്യസനങ്ങൾക്ക് അധീനരായി അസംയമികളായി രാക്ഷസരായിത്തീരാറുണ്ട്. ഇവരെ ഋഷികളാക്കിത്തീർക്കുന്നതിന് സംയമനത്തിന്റെ പാതയിലൂടെ സഞ്ചരിക്കേണ്ടതുണ്ട്. ഇതിനെന്ത് ചെയ്യണമെന്ന് പറയുകയാണ് വരാനിരിക്കുന്ന ശ്ലോകങ്ങളിൽ ഭഗവാൻ.

**59. വിഷയാ വിനിവർതന്തേ നിരാഹാരസ്യ ദേഹിനഃ**
**രസവർജം രസോഽപ്യസ്യ പരം ദൃഷ്ട്വാ നിവർതതേ.**

*അർഥം: ദേഹധാരികളായ മനുഷ്യർക്ക് നിരാഹാരത്തിലൂടെ വിഷയങ്ങളിൽനിന്ന് മാറിനിൽക്കാൻ കഴിയും. എന്നാൽ വിഷയങ്ങളുടെ രസം അപ്പോഴും ജീവാത്മാവിൽ നിലനിൽക്കും. ഈ ഭോഗേച്ഛ ഇല്ലാതാകണമെങ്കിൽ പരബ്രഹ്മജ്ഞാനംതന്നെ വേണം.*

**60. യതതോ ഹ്യപി കൗന്തേയ പുരുഷസ്യ വിപശ്ചിതഃ**
**ഇന്ദ്രിയാണി പ്രമാഥീനി ഹരന്തി പ്രസഭം മനഃ.**

*അർഥം: ഹേ അർജുനാ! പ്രയത്നിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാനിയായ പുരുഷന്റെ മനസ്സിനെപ്പോലും ബലാത്കാരേണ വിഷയങ്ങളിലേക്ക് കൊണ്ടുവരാൻ ശേഷിയുള്ളവയാണ് ഇന്ദ്രിയങ്ങൾ.*

**61. താനി സർവാണി സംയമ്യ യുക്ത ആസീത മത്പരഃ**
**വശേ ഹി യസ്യേന്ദ്രിയാണി തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ.**

*അർഥം: ഈ എല്ലാ ഇന്ദ്രിയങ്ങളെയും വശത്താക്കി മനസ്സിനെ യോഗയുക്തമാക്കുക. ഇപ്രകാരം എന്റെ അഭിപ്രായങ്ങളെ മാനിക്കുകയും ഇന്ദ്രിയങ്ങളെ വശീഭൂതമാക്കി വെയ്ക്കുകയും ചെയ്യുന്നവന്റെ ബുദ്ധി സ്ഥിരമായിത്തീരുന്നു.*

ഭാഷ്യം: ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്ന് അടർത്തിയെടുക്കാനുള്ള ഏറ്റവും സരളമായ മാർഗം നിരാഹാരിയാവുക എന്നതാണ്. എന്നാൽ വിശപ്പുള്ളവന്റെ മനസ്സ് മറ്റെല്ലാ വിഷയങ്ങളിൽനിന്നും മാറി രസനയിൽ മാത്രമായി കൂടിച്ചേരുന്നു. അതായത് ആഹാരം എന്നതുകൊണ്ട് കേവലം ഭക്ഷണമെന്ന് അർഥമെടുക്കരുത്. മുൻശ്ലോകത്തിൽ പറഞ്ഞതുപോലെ ഇന്ദ്രിയങ്ങളിലൂടെ ലഭ്യമാകുന്നതെല്ലാം ആഹാരങ്ങൾതന്നെയാണ്. പതുക്കെപ്പതുക്കെ ഈശ്വരസാക്ഷാത്കാരം ഉണ്ടാകുന്നതിലൂടെ ബ്രഹ്മാനന്ദരൂപിയായ രസത്തിന്റെ പ്രഭാവത്താൽ ഇന്ദ്രിയവിഷയങ്ങളിലുള്ള ഒട്ടൽ ഇല്ലാതായിത്തീരുന്നു. എന്നാൽ ഇതിനൊരു വലിയ തടസ്സമുണ്ട്. ഒട്ടേറെ പരിശ്രമം ചെയ്യുന്ന വ്യക്തികളുടെ മനസ്സിനെപ്പോലും ചഞ്ചലമാക്കാൻ ഇന്ദ്രിയങ്ങൾക്ക് ശക്തിയുണ്ടെന്ന് നാം ഓർക്കണം. അതിനാൽ

അർജുനാ, ഈശ്വരഭക്തനായ ഞാൻ ദിനരാത്രങ്ങളിൽ ഈശ്വരധ്യാനത്തിൽ മുഴുകിയിരിക്കുന്നു. നിനക്ക് തരാൻ ഈശ്വരഭക്തിയല്ലാതെ ഒന്നുമെന്റെ കയ്യിലില്ല. നിനക്കെന്നോട് സ്നേഹമുണ്ടെങ്കിൽ എന്നെ അനുകരിച്ചുകൊണ്ട് സ്ഥിതപ്രജ്ഞനാകാൻ ശ്രമിക്കൂ എന്നാണ് ശ്രീകൃഷ്ണൻ പറയുന്നത്. 61-ാം ശ്ലോകത്തിൽ 'മത്പരഃ' അഥവാ 'എന്നിൽതന്നെ മനസ്സുറപ്പിക്കണം' എന്നു കാണാം. 'എന്നിൽ' എന്നതുകൊണ്ട് ഞാൻ പറയുന്ന വാചകങ്ങൾ, ആശയങ്ങൾ എന്നൊക്കെയാണർഥമെടുക്കേണ്ടത്. ഇത് ഗീതാവതരണശൈലിയാണ്. ഇതിനെക്കുറിച്ചറിയാൻ മഹാഭാരതത്തിലെ ആശ്വമേധികപർവം പഠിക്കണം.

**യത് തദ് ഭഗവതം പ്രോക്തം പുരാ കേശവ സൗഹൃദാത്**
**തത് സർവം പുരുഷവ്യാഘ്ര നഷ്ടം മേ ഭ്രഷ്ട ചേതസഃ**
**മമ കൗതൂഹലം ത്വഷസ്തി തേഷ്വഥേഷു പുനഃ പുനഃ**
**ഭവാംസ്തു ദ്വാരികാം ഗന്താ നചിരാർദിവ മാധവ.**

(മഹാഭാരതം, ആശ്വമേധികപർവം 16.6,7)

അർഥം: അല്ലയോ കേശവാ, അങ്ങയോടുള്ള മിത്രതമൂലം, അങ്ങ് യുദ്ധാവസരത്തിൽ എനിക്ക് ഉപദേശിച്ച ജ്ഞാനം ഞാൻ മറന്നുപോയിരിക്കുന്നു. അല്ലയോ മാധവ, ഈ വിഷയങ്ങൾ വീണ്ടുംവീണ്ടും കേൾക്കുന്നതിന് എനിക്ക് ഉത്കണ്ഠയുണ്ട്. അങ്ങിപ്പോൾ ദ്വാരകയിലേക്ക് പോവുകയാണ്. അതിനാൽ അങ്ങ് ആ ഉപദേശം എനിക്ക് വീണ്ടും കേൾപ്പിച്ചു തന്നാലും.

അതിന് ശ്രീകൃഷ്ണൻ നൽകിയ മറുപടി കേൾക്കുക:

**ശ്രാവിതസ്ത്വം മയാ ഗുഹ്യം ജ്ഞാപിതശ്ച സനാതനമ്**
**ര്മസ്വരൂപിണം പാർഥ സർവലോകാംശ്ചി ശാശ്വതാൻ**
**അബുദ്ധ്യാ നാഗ്രഹീയസ്ത്വം തന്മേ സുമഹദപ്രിയമ്**
**ന ച സാധ്യ പുനർഭൂയഃ സ്മൃതി മേ സംഭവീഷ്യതി**
**പരം ഹി ബ്രഹ്മകഥിതം യോഗയുക്തേന തന്മയാ.**

(മഹാഭാരതം, ആശ്വമേധികപർവം 16.9,10,13)

അർഥം: അല്ലയോ അർജുനാ, അന്ന്, ആ സമയത്ത് ഞാൻ നിനക്ക് അത്യന്തം നിഗൂഢമായ ജ്ഞാനമാണ് കേൾപ്പിച്ചുതന്നത്. എന്നാൽ ആ ജ്ഞാനം നീ മനസ്സിലാക്കാത്തതു കാരണം ഓർക്കാൻ നിനക്ക് കഴിയുന്നില്ലെന്ന കാര്യം എന്നിൽ ഏറെ അപ്രീതി ഉണർത്തുന്നുണ്ട്. നോക്കൂ, ആ ജ്ഞാനം ഇപ്പോൾ എന്റെ സ്മൃതിയിൽപോലുമില്ല. അന്ന്, ആ സമയത്ത് യോഗയുക്തനായിരുന്നതുകൊണ്ടാണ് പരമാത്മതത്ത്വത്തെ നിനക്കായി വർണിച്ചുതന്നത്.

ഈ വർണനയിൽനിന്നും, ഗീതയിൽ എവിടെയൊക്കെ 'ഞാൻ' എന്ന് പറയുന്നുണ്ടോ അവിടെയൊക്കെ രണ്ട് പ്രധാന അർഥതലങ്ങളാണ് അതിനു കടന്നുവരുന്നത് എന്നു മനസ്സിലാക്കാം. ഒന്ന് താൻ സ്വീകരിച്ച യോഗമാർഗമെന്നർഥം. രണ്ടാമത്തേത് യോഗയുക്തനായി പരമാത്മഭാവത്തിലേക്ക് ഉയർന്നപ്പോഴുള്ള അവസ്ഥ.

**62. ധ്യായതോ വിഷയാൻ പുംസഃ സംഗസ്തേഷൂപജായതേ**
**സംഗാത് സഞ്ജായതേ കാമഃ കാമാത് ക്രോധോऽഭിജായതേ.**

*അർഥം: വിഷയങ്ങളെ ധ്യാനിക്കുന്ന പുരുഷൻ അതിൽ ആസക്തനാകുന്നു. അതിൽനിന്ന് കാമം ഉണ്ടാകുന്നു. കാമത്തിൽനിന്ന് ക്രോധം ജനിക്കുന്നു.*

**63. ക്രോധാദ് ഭവതി സമ്മോഹഃ സമ്മോഹാത് സ്മൃതിവിഭ്രമഃ**
**സ്മൃതിഭ്രംശാദ് ബുദ്ധിനാശോ ബുദ്ധിനാശാത്പ്രണശ്യതി.**

*അർഥം: ക്രോധത്തിൽനിന്ന് മോഹം ജനിക്കുന്നു. മോഹംകാരണം സ്മൃതി നഷ്ടമാകുന്നു. സ്മൃതിനാശം ബുദ്ധിനാശത്തിനും ബുദ്ധിനാശം സമ്പൂർണ നാശത്തിലേക്കും നയിക്കുന്നു.*

ഭാഷ്യം: 'ഇത്രയും നല്ല രസഗുള കണ്ടിട്ടില്ല!, 'എന്തൊരു ജാംകിരിയാണിത്!' എന്നിങ്ങനെ ആകർഷപൂർവമായ മനസ്സോടെ ചിന്തിക്കുന്നവരുടെ ഇന്ദ്രിയങ്ങൾ ആ വിഷയങ്ങളിൽ ആസക്തി പൂണ്ടവയായിത്തീരുന്നു (അവർ ആ രസത്തിൽ ധ്യാനിക്കുന്നവരാകുന്നു). ഈ വസ്തുക്കൾ കിട്ടാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടേയിരിക്കും. കിട്ടാതെ

വന്നാലോ ദേഷ്യം വരികയായി. സീതയെ കിട്ടാതായ രാവണനെപ്പോലെയും രാമലക്ഷ്മണന്മാരെ കിട്ടാതായ ശൂർപ്പണഖയെപ്പോലെയും ക്രോധിക്കാനിടവരുന്നു. അവനവന്റെ വിവേകം നഷ്ടപ്പെടുകയാണ് ക്രോധത്തിലൂടെ സംഭവിക്കുക. താൻ ചെയ്യുന്നതിന്റെ പരിണാമമെന്താകുമെന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ. അവന് ആരോട് എങ്ങനെ പെരുമാറുന്നുവെന്നോ, എന്തു പറഞ്ഞു എന്നോ ഓർമയില്ലാത്ത അവസ്ഥ സംജാതമാകും. സദുപദേശങ്ങളെല്ലാം സ്മൃതിപഥങ്ങളിൽനിന്ന് മറഞ്ഞുപോകും. അങ്ങനെ മനുഷ്യൻ ബുദ്ധിഹീനനായി അധഃപതിക്കും. അത് മരണതുല്യമാണ്.

**64. രാഗദ്വേഷവിയുക്തൈസ്തു വിഷയാനിന്ദ്രിയൈശ്ചരൻ**
**ആത്മവശ്യൈർവിധേയാത്മാ പ്രസാദമധിഗച്ഛതി.**

*അർഥം: എന്നാൽ രാഗദ്വേഷങ്ങൾ സ്പർശിക്കാത്ത, അന്തഃകരണത്തെ സ്വയംവശമാക്കിയ പുരുഷൻ ഇന്ദ്രിയങ്ങളെ ഭോഗിക്കുന്നു. പ്രസന്നചിത്തനായി ഇരിക്കുകയും ചെയ്യുന്നു. എന്താണ് ചിത്തപ്രസാദനംകൊണ്ടുള്ള ലാഭം? ഉത്തരം പറയുകയാണ് അടുത്ത ശ്ലോകത്തിൽ.*

**65. പ്രസാദേ സർവദുഃഖാനാം ഹാനിരസ്യോപജായതേ**
**പ്രസന്നചേതസോ ഹ്യാശു ബുദ്ധിഃ പര്യവതിഷ്ഠതേ.**

*അർഥം: ചിത്തം പ്രസന്നമാകുമ്പോൾ ഈ ജീവാത്മാവിന്റെ സർവദുഃഖങ്ങളും ഇല്ലാതായിത്തീരുന്നു. പ്രസന്നചിത്തനായവന്റെ നിശ്ചയമായ ബുദ്ധി അതിവേഗം സ്ഥിരമായിത്തീരുന്നു.*

ഭാഷ്യം: സ്ഥിതപ്രജ്ഞന്റെ വിവരണം തുടരുകയാണ് ഈ രണ്ടു ശ്ലോകങ്ങളിലും. ഇന്ദ്രിയങ്ങളും മനസ്സും ജീവാത്മാവും പരസ്പരം സംബന്ധത്തിലേർപ്പെടുമ്പോൾ ജ്ഞാനമുണ്ടാകുന്നു, അതിൽനിന്ന് കർമവും. ജ്ഞാനേന്ദ്രിയങ്ങളിൽനിന്ന് വിഷയജ്ഞാനം മനസ്സിന് ലഭിക്കുന്നു. മനസ്സ് ജീവാത്മാവിനടുത്തിരിക്കുന്നതിനാൽ മനഃജ്ഞാനം ജീവാത്മാ

വിന് ലഭിക്കുന്നു. ഈ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണ് ജീവാത്മാവിന് കാമമുണ്ടാകുന്നത്. കാമനകളാൽ പ്രേരിതനായി മനസ്സ് കർമത്തിന് പ്രേരണ നൽകുന്നു. മനസ്സിന്റെ ആദേശത്താൽ കർമേന്ദ്രിയങ്ങൾ കർമം ചെയ്യുന്നു.

ഈ സമ്പൂർണപ്രക്രിയയിൽ ആത്മാവിന് കാമനകൾ ഇല്ലാതായിത്തീർന്നാൽ കർമത്തിൽ മോഹം ഉണ്ടാവുകയില്ല. ഉദാഹരണമായി സുന്ദരമായ ഒരു വസ്തുവിനെക്കാണുന്നുവെന്നുവെക്കുക. ആ വസ്തുവിന്റെ സൗന്ദര്യജ്ഞാനം ചക്ഷുവിലൂടെ മനസ്സിലും മനസ്സിലൂടെ ജീവാത്മാവിലും എത്തുന്നു. ജീവാത്മാവിന് അതിനെ പ്രാപിക്കണമെന്ന് ആഗ്രഹം ജനിച്ചാൽ അത് രാഗമായി. ആഗ്രഹിച്ച് ആ വസ്തു കൈയിൽ കിട്ടുന്നില്ലെങ്കിൽ ദ്വേഷം ഉണ്ടാവുകയായി. അതിനാൽ രാഗം ഉണ്ടാകാത്തിടത്തോളം, കിട്ടാതിരിക്കുമ്പോഴുള്ള ദ്വേഷം ഉണ്ടാകാത്തിടത്തോളം വിഷയം ലഭിച്ചാലും ജീവാത്മാവിന് ഹാനിയുണ്ടാവുകയില്ല. ഇക്കാര്യം നേരത്തെ ഗീതയിൽ **'സിദ്ധ്യസിദ്ധ്യോഃ സമോ ഭൂത്വാ'** എന്ന് (2.48ൽ) പറഞ്ഞിട്ടുള്ളത് അനുവാചകർ കണ്ടിരിക്കുമല്ലോ.

**66. നാസ്തി ബുദ്ധിരയുക്തസ്യ ന ചായുക്തസ്യ ഭാവനാ**
**ന ചാഭാവയതഃ ശാന്തിരശാന്തസ്യ കുതഃ സുഖമ്?**

*അർഥം: മനസ്സിനെ വശത്താക്കാൻ കഴിയാത്തവന് ഏകാഗ്രബുദ്ധിയുണ്ടാവില്ല. അത്തരക്കാർക്ക് ഈശ്വരനിൽ ശ്രദ്ധ, ഭക്തി എന്നിവയുമുണ്ടാകില്ല. ശ്രദ്ധാഹീനരായ മനുഷ്യർക്ക് ശാന്തി ഉണ്ടാവില്ല. അശാന്തർക്ക് സുഖമെവിടെ?*

**67. ഇന്ദ്രിയാണാം ഹി ചരതാം യന്മനോഽനുവിധീയതേ**
**തദസ്യ ഹരതി പ്രജ്ഞാം വായുർനാവമിവാംഭസി.**

*അർഥം: ഇന്ദ്രിയങ്ങളിൽ വിചരിക്കുന്ന മനസ്സ് ഇന്ദ്രിയങ്ങൾക്ക് പിന്നാലെ ഓടിക്കൊണ്ടിരിക്കുന്നു. അങ്ങനെയുള്ളവന്റെ ബുദ്ധി സമുദ്രത്തിൽ കാറ്റിൽപ്പെട്ട വഞ്ചിയെപ്പോലെ ലക്ഷ്യമില്ലാതെ അലയുന്നു.*

**68. തസ്മാദ്യസ്യ മഹാബാഹോ നിഗൃഹീതാനി സർവശഃ**
**ഇന്ദ്രിയാണീന്ദ്രിയാർഥേഭ്യസ്തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ.**

*അർഥം: അതിനാൽ മഹാബാഹുവായ ഹേ അർജുനാ! വിഷയങ്ങളിൽനിന്ന് എല്ലാ തരത്തിലും അകറ്റി, ഇന്ദ്രിയങ്ങളെ വശത്താക്കിയവന്റെ ബുദ്ധി സ്ഥിരമാകുന്നു.*

ഭാഷ്യം: 'ഭാവന' എന്ന വാക്കിന് ശ്രദ്ധ, വിശ്വാസം, ഭക്തി എന്നിങ്ങനെ അർഥമെടുക്കണം. മൂന്നു ശ്ലോകങ്ങളിലായി ഭഗവാൻ വിശദീകരിച്ച കാര്യങ്ങൾ യോഗദർശനത്തിലെ ഒരു സൂത്രത്തിൽ സമാഹരിച്ചിട്ടുണ്ട്.

**മൈത്രീകരുണാമുദിതോപേക്ഷാണാം**
**സുഖദുഃഖപുണ്യാപുണ്യവിഷയാണാം**
**ഭാവനാതശ്ചിത്തപ്രസാദനമ്.** (യോഗദർശനം 1.33)

ബ്രഹ്മവിദ്യയിൽ, സുഖത്തോടു മൈത്രിയും ദുഃഖിതനോട് കാരുണ്യവും പുണ്യവാനോട് പ്രസന്നചിത്തതയും പാപിയെ ഉപേക്ഷിക്കേണ്ടതുമാകുന്നു. അങ്ങനെ ചിത്തം നിർമലമാകുമെന്നർഥം. എന്നാൽ യോഗാഭ്യാസരഹിതമായ ബുദ്ധിയുള്ളവന് എവിടെനിന്നാണ് ശാന്തി ലഭിക്കുക എന്ന് കൃഷ്ണൻ ചോദിക്കുന്നു. മാത്രവുമല്ല, മൈത്രി തുടങ്ങിയവ കൃത്യമായി ആചരിച്ചാൽ ബലം ലഭിക്കുമെന്നും പതഞ്ജലി പറഞ്ഞിട്ടുണ്ട്.(11) മഹാബാഹുവെന്ന് അർജുനനെ ഈ അവസരത്തിൽ അഭിസംബോധന ചെയ്തതും ഇതുകൊണ്ടുതന്നെ.

68-ാം ശ്ലോകത്തിലെ അന്ത്യപാദത്തെ കഠോപനിഷത്തിൽ വിശദീകരിച്ചു പറയുന്നുണ്ട്. കാണുക:

**ആത്മാനം രഥിനം വിദ്ധി ശരീരം രഥമേവ തു**
**ബുദ്ധിം തു സാരഥിം വിദ്ധി മനഃ പ്രഗ്രഹമേവ ച.**
**ഇന്ദ്രിയാണി ഹയാനാഹുർവിഷയാംസ്തേഷു ഗോചരാൻ**
**ആത്മേന്ദ്രിയമനോയുക്തം ഭോക്തേത്യാഹുർമനീഷിണഃ.**

---

11. *മൈത്ര്യാദിഷു ബലാനി.* (യോഗദർശനം 3.22)

**യസ്ത്വവിജ്ഞാനവാൻ ഭവത്യയുക്തേന മനസാ സദാ**
**തസ്യേന്ദ്രിയാണ്യവശ്യാനി ദുഷ്ടാശ്വാ ഇവ സാരഥേഃ.**
**യസ്തു വിജ്ഞാനവാൻ ഭവതി യുക്തേന മനസാ സദാ**
**തസ്യേന്ദ്രിയാണി വശ്യാനി സദശ്വാ ഇവ സാരഥേഃ.**
**യസ്ത്വവിജ്ഞാനവാൻ ഭവത്യമനസ്കഃ സദാഽശുചിഃ**
**ന സ തത്പദമാപ്നോതി സങ്സാരം ചാധിഗച്ഛതി.**
**യസ്തു വിജ്ഞാനവാൻ ഭവതി സമനസ്കഃ സദാ ശുചി.**
**സ തു തത്പദമാപ്നോതി യസ്മാദ്ഭൂയോ ന ജായതേ.**
**വിജ്ഞാനസാരഥിര്യസ്തു മനഃ പ്രഗ്രഹവാന്നരഃ**
**സോഽധ്വനഃ പാരമാപ്നോതി തദ്വിഷ്ണോഃ**
**പരമം പദമ്...**

(കഠോപനിഷത്ത് 1.3.3,4,5,6,7,8,9)

അർഥം: ആത്മാവിനെ രഥിയെന്നറിയുക. ശരീരം രഥമാകുന്നു. ബുദ്ധി സാരഥിയും. മനസ്സാണ് കടിഞ്ഞാൺ. ഇന്ദ്രിയങ്ങൾ കുതിരകളാണ്. അവയിൽ വിഷയങ്ങൾ അഥവാ ഇന്ദ്രിയങ്ങളുടെ പ്രവൃത്തികൾതന്നെയാണ് വഴി. ആത്മാവ്, ഇന്ദ്രിയങ്ങൾ, മനസ്സ് എന്നിവയോട് ചേർന്ന ആത്മാവാണ് ഭോക്താവ് എന്ന് മനീഷികൾ പറയുന്നു. എന്നാൽ വിജ്ഞാനമില്ലാതിരിക്കുന്നവൻ സർവദാ കടിഞ്ഞാണില്ലാത്ത മനസ്സോടുകൂടിയവനായിത്തീരുന്നു. അവന്റെ ഇന്ദ്രിയങ്ങൾ തേരോടിക്കുന്നവന്റെ നിയന്ത്രണത്തിൽ നിൽക്കാതെ തോന്നുംപടി പോകുന്നവയായിരിക്കും.

നേരെ മറിച്ച് വിശേഷജ്ഞാനമുള്ളവർ സദാ നിയന്ത്രണാധീനമായുള്ള മനസ്സുള്ളവരായിരിക്കുന്നു. അവരുടെ ഇന്ദ്രിയങ്ങൾ കടിഞ്ഞാണുള്ള കുതിരകളെപ്പോലെ നിയന്ത്രണത്തിലുള്ളതായിരിക്കും. വിജ്ഞാനമില്ലാത്തവനാകട്ടെ സദാ വരുതിയിലല്ലാത്തതും ശുചിത്വവും പവിത്രതയും ഇല്ലാത്ത മനസ്സോടുകൂടിയവനുമായിരിക്കുന്നു. അവൻ ആ പദത്തെ നേടുന്നില്ല. ജനനമരണങ്ങളെ പ്രാപിക്കുന്നുതാനും. എന്നാൽ വിജ്ഞാനമുള്ളവൻ സദാ മനസ്സിനെ വരുതിയിലാക്കിവെക്കുന്നു. അവൻ സംശയമില്ലാത്തവിധം തിരിച്ചുവരവില്ലാത്ത ആ പദം നേടുകതന്നെ ചെയ്യും. ബുദ്ധിയെ തേരാളിയാക്കിയിരിക്കുന്നവൻ മനസ്സിനെ നിയന്ത്രണത്തിൽവെച്ച് പരമപദം നേടുന്നു.

ഈ വിശദീകരണമാണ് സാംഖ്യയോഗത്തിന്റെ രണ്ടാംപാദം നൽകുന്നത്.

**69. യാ നിശാ സർവഭൂതാനാം തസ്യാം ജാഗർതി സംയമീ
യസ്യാം ജാഗ്രതി ഭൂതാനി സാ നിശാ പശ്യതോ മുനേഃ.**

*അർഥം: എല്ലാ പ്രാണികളും ഉറങ്ങുന്ന രാത്രിയിൽ സംയമികൾ ഉണർന്നിരിക്കുന്നു. എല്ലാ പ്രാണികളും ഉണർന്നിരിക്കുമ്പോൾ കണ്ണുതുറന്ന് കാണുന്ന മുനികൾക്ക് അപ്പോൾ രാത്രിയാകുന്നു.*

ഭാഷ്യം: ഈ ശ്ലോകത്തെ പലരും തെറ്റുധരിച്ചിട്ടുണ്ട്. പലരും കരുതിയത് യോഗികൾ രാത്രി ഉണർന്നിരിക്കുന്നവരാണെന്നാണ്. അതുകരുതി നിരവധി പേർ യോഗികളാകാൻ രാത്രി ഉറക്കമിളച്ചിരിക്കാറുണ്ട്. ഈ ശ്ലോകത്തിലെ അലങ്കാരം മനസ്സിലാക്കാതെ, എന്തു പറഞ്ഞുവോ അത് അങ്ങനെത്തന്നെ എന്നു കരുതുന്നവർക്കാണ് അബദ്ധം പിണയുന്നത്.

ഇവിടത്തെ വിഷയം സർവസാധാരണക്കാർ ചെയ്യുന്ന ആചരണങ്ങളും ജ്ഞാനികളുടെ ആചരണങ്ങളും തമ്മിലുള്ള തട്ടിച്ചുനോക്കലാണ്. ഇവ രാത്രിയും പകലുംപോലെ അന്തരമുണ്ടെന്ന് പറയുകയാണ് ഈ ശ്ലോകത്തിൽ. ഭോഗിയും ത്യാഗിയും തമ്മിലുള്ള വ്യത്യാസം കാണുക. ഭോഗികൾ തങ്ങളുടെ ഭോഗം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അത്യാചാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ ത്യാഗിയാകട്ടെ സ്വന്തം ജീവിതം കൊടുത്തും ധർമം രക്ഷിക്കുന്നു. ഈ ഭേദമാണ് ഇവിടുത്തെ ചർച്ചാവിഷയം. സാധാരണ നിലയിൽ ആളുകൾ നൃത്തം, സിനിമ, നൈറ്റ് ക്ലബ്ബ് എന്നിവിടങ്ങളിൽ രാത്രി ചെലവഴിച്ച് രാത്രിയെ പകലാക്കുന്നു. അങ്ങനെ ഭോഗികൾ രോഗികളായിത്തീർന്ന് അകാലത്തിൽ മൃത്യുവിനെ അതിഥിയായി വിളിച്ചുവരുത്തുന്നു. എന്നാൽ സംയമികളായ യോഗികൾ, പുരുഷാർഥികൾ, ധാർമികർ, സജ്ജനങ്ങൾ എന്നിവർ പകൽ വിവിധങ്ങളായ പുരുഷാർഥങ്ങൾക്കായി പ്രവർത്തിക്കുന്നു. യശസ്സ് അവരെത്തേടി വരുന്നു. രാത്രിയിലവർ നിദ്രാസുഖം നേടുകയും ചെയ്യുന്നു. യോഗിയും ഭോഗിയും തമ്മിലുള്ള വ്യത്യാസമാണ് ഇവിടെ ചിത്രീകരിച്ചതെന്നു ചുരുക്കം.

70. **ആപൂര്യമാണമചലപ്രതിഷ്ഠം സമുദ്രമാപഃ പ്രവിശന്തി യദ്വത്**
**തദ്വത്കാമാ യം പ്രവിശന്തി സർവേ സ ശാന്തിമാപ്നോതി ന കാമകാമീ.**

*അർഥം: നാലുഭാഗത്തുനിന്നും ജലം വന്നു നിറയുമ്പോൾ അചല മായിരിക്കുന്ന സമുദ്രത്തിൽ വീണ്ടും നദികൾ വന്നുചേരു മ്പോഴും അത് അക്ഷോഭ്യമായി നിൽക്കുന്നു. അതേപോലെ സർവവിഷയങ്ങളും വന്നുചേരുമ്പോഴും വികാരരഹിത മായി യഥാർഥ ശാന്തി കൈവരിക്കാൻ സ്ഥിതപ്രജ്ഞന് കഴിയുന്നു.*

ഭാഷ്യം: നേരത്തേ വേദങ്ങളെ ഉപമിക്കാൻ സർവഭാഗത്തുനിന്നും ജലം വന്നു നിറയുന്ന കിണറായിരുന്നു ഉദാഹരണം. അതേപോലെ സമുദ്ര സമാനമായ ബ്രാഹ്മീസ്ഥിതിയെയാണ് ഇവിടെ വർണിക്കുന്നത്. സമുദ്ര ത്തിന് ഗംഭീരതയുണ്ട്; ആഴമുണ്ട്; പരപ്പുണ്ട്; ശക്തിയുമുണ്ട്; എല്ലാറ്റിനും ഒപ്പം പൂർണതയും നിലനിൽക്കുന്നു. എന്താണ് ആ ബ്രാഹ്മീസ്ഥിതി യെന്നു പറയുന്നു:

71. **വിഹായ കാമാൻ യഃ സർവാൻ പുമാംശ്ചരതി നിഃസ്പൃഹഃ**
**നിർമമോ നിരഹങ്കാരഃ സ ശാന്തിമധിഗച്ഛതി.**

*അർഥം: സർവകാമനകളെയും വെടിഞ്ഞ് നിസ്പൃഹനായി മമതാര ഹിതനും അഹങ്കാരരഹിതനുമായി കർമങ്ങൾ ചെയ്യുന്ന വന് ശാന്തി ലഭിക്കുന്നു.*

72. **ഏഷാ ബ്രാഹ്മീ സ്ഥിതിഃ പാർഥ നൈനാം പ്രാപ്യ വിമുഹ്യതി**
**സ്ഥിത്വാസ്യാമന്തകാലേഽപി ബ്രഹ്മനിർവാണമൃച്ഛതി.**

*അർഥം: ഹേ പാർഥാ! ഇതുതന്നെയാണ് ബ്രഹ്മത്തെ പ്രാപിച്ച പുരു ഷന്റെ സ്ഥിതി. അതിനെ പ്രാപിച്ചവൻ ഒന്നിനെയും മോഹി ക്കുന്നില്ല. മരണസമയം ഇതേ സ്ഥിതിയിലിരുന്ന് ബ്രഹ്മ നിർവാണം പ്രാപിക്കുകയും ചെയ്യും.*

ഭാഷ്യം: ഇവിടെ, ഒടുവിലത്തെ ശ്ലോകത്തിൽ, കർമങ്ങൾ വെടിഞ്ഞ് ബ്രഹ്മരൂപത്തിൽ സ്ഥിരമാകുന്നതാണ് ബ്രാഹ്മീസ്ഥിതിയെന്ന് ചില ഭാഷ്യകാരന്മാർ അർഥം പറയുന്നുണ്ട്. എന്നാൽ ഇതു ശരിയല്ല. കാരണം കർമങ്ങൾ ഉപേക്ഷിക്കാനല്ല ഈ ശ്ലോകത്തിനു മുൻപുള്ള രണ്ടു ശ്ലോകങ്ങളിലും ഉപദേശിക്കുന്നത്. സർവകാമനകളെയും വെടിഞ്ഞ് അഹങ്കാരഭാവമില്ലാതെ കർമം ചെയ്യാനാണ് 71-ാം ശ്ലോകത്തിലെ ഉപദേശം. **'സർവേ കാമാഃ യം പ്രവിശന്തി'** എന്നതിൽ ഏതൊരാൾ സർവ കാമോപഭോഗങ്ങളിലും സ്വയം പ്രവിഷ്ടനായിരുന്നാലും ശാന്തി നേടുന്നുവെന്ന് പറഞ്ഞിരിക്കുന്നതു കാണാം. **'സഃ ശാന്തിം ആപ്നോതി'**. ബ്രാഹ്മീസ്ഥിതിയിലെത്തിയ ഒരാളിൽ സർവ കാമങ്ങളും ഒരുമിച്ച് വന്നണഞ്ഞാൽപോലും ചഞ്ചലചിത്തനാകുന്നില്ല. 70-ാം ശ്ലോകത്തിൽ രണ്ടുതരത്തിലുള്ള മനുഷ്യരെക്കുറിച്ച് പറയുന്നു. കാമോപഭോഗത്തിന് ആഗ്രഹിക്കുന്നവനാണ് ഒന്ന്. ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം താൻ അപൂർണനാണെന്ന് അയാൾ കരുതുന്നു. ആ അപൂർണത പരിഹരിക്കാൻ ഭോഗവസ്തുക്കൾ ശേഖരിക്കണമെന്ന് അയാൾ ചിന്തിക്കുന്നു. 70-ാം ശ്ലോകത്തിൽ 'പൂര്യമാണഃ' അഥവാ 'കാമകാമി' എന്നാണ് ഇവർക്ക് നൽകിയ പേര്. പുറത്തുനിന്ന് ഭോഗങ്ങൾകൊണ്ടുവന്ന് പൂർണത കൈവരിക്കാൻ ആഗ്രഹിക്കുന്നവരെന്നർഥം. ഭോഗസാമഗ്രികൾ കൈക്കലാക്കാൻ നാനാഭാഗത്തും ഓടിനടക്കുന്നവർ. അതിനാൽ 'ചഞ്ചലത' സ്വാഭാവികമായും ഇവരിൽ വന്നുകൂടുന്നു.

രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടവരെ 'ആപ്തകാമൻ' എന്നു വിളിക്കുന്നു. അവർ 'ആപൂര്യമാണഃ' എന്നറിയപ്പെടുന്നു. നിറഞ്ഞുകവിഞ്ഞിട്ടും അങ്ങനെത്തന്നെ പൂർണരായി ഇരിക്കുന്നവർ. അവർ അചഞ്ചലന്മാരാണ്. പൂർണതൃപ്തരായതിനാൽ അവർക്ക് ഒന്നിന്റെയും ആവശ്യമില്ല. സ്ഥിരനാകയാൽ അചലനും പ്രതിഷ്ഠനുമാണ് അവർ. ഈ മൂന്നു ശ്ലോകങ്ങളിലായി ആപ്തകാമിയും കാമകാമിയും തമ്മിലുള്ള വ്യത്യാസം തുറന്നുപറയുന്നു. ആ വ്യത്യാസം ചുരുക്കത്തിൽ പട്ടികയായി ഇങ്ങനെ എഴുതാം:

| ആപ്തകാമി | കാമകാമി |
|---|---|
| 1. ആത്മകാമി | 1. ഭോഗകാമി, വിഷയി |
| 2. അകാമൻ, നിഷ്കാമൻ | 2. സകാമൻ |
| 3. പൂർണൻ | 3. അപൂർണൻ |
| 4. സ്ഥിരൻ, അചലൻ | 4. അസ്ഥിരൻ, ചഞ്ചലൻ |
| 5. പ്രതിഷ്ഠാവാൻ | 5. അപ്രതിഷ്ഠാവാൻ |
| 6. പരിപൂർണൻ | 6. പൂര്യമാണൻ |
| 7. ഭോഗങ്ങൾ ഇവന്റെ അരികത്തേക്ക് വരുന്നു | 7. ഭോഗങ്ങളുടെ അടുത്തേക്ക് ഇവൻ പോകുന്നു. |
| 8. ബ്രാഹ്മീസ്ഥിതി | 8. സാംസാരികസ്ഥിതി |
| 9. ശാന്തൻ | 9. അശാന്തൻ |
| 10. തൃപ്തൻ | 10. അതൃപ്തൻ |

ഞാനെന്നും, എന്റേതെന്നുമുള്ള അഹങ്കാരം ഇല്ലാതാകുമ്പോൾ നിഷ്കാമഭാവം കടന്നുവരുന്നു. പതുക്കെ ബ്രാഹ്മീസ്ഥിതി കൈവരിക്കുന്നു. ഗീതയിൽ ശ്രീകൃഷ്ണൻ അവതരിപ്പിക്കുന്ന ബ്രാഹ്മീസ്ഥിതിയുടെ യഥാർഥ തത്ത്വമറിയാൻ അഥർവവേദം പഠിക്കണം. അഥർവവേദത്തിലെ ബ്രാഹ്മീസ്ഥിതി വർണന ഇവിടെ കുറിക്കാം. "മുകളിൽ, താഴെ തുടങ്ങിയ സർവദിശകളിലും ഈ പുരുഷൻ ചുറ്റിത്തിരിയുന്നു. ബ്രഹ്മനഗരത്തെ അറിയുന്നു. ആ പുരിയിൽ വസിക്കയാൽ പുരുഷനെന്ന പേര് പ്രസിദ്ധമായി. അമൃതിനാൽ പരിപൂർണമായ ബ്രഹ്മനഗരിയെ അറിയുന്നവൻ ബ്രഹ്മത്തെയും ബ്രഹ്മത്തിൽനിന്ന് ഉത്പന്നമായ അന്യദേവതകളായ ചക്ഷു, പ്രാണൻ, പ്രജ എന്നിവയെയും നേടുന്നു. ബ്രഹ്മനഗരിയെ അറിയുന്നവന്റെ കണ്ണുകളും പ്രാണനുകളും വൃദ്ധാവസ്ഥയെത്താതെ വിട്ടുപോവുകയില്ല. ആ പുരിയിൽ വസിക്കുന്നതിനാൽ അവൻ പുരുഷനായി. എട്ടു ചക്രങ്ങളും (മൂലാധാരം, സ്വാധിഷ്ഠാനം, ലലനാ, മണിപൂരം, അനാഹതം, വിശുദ്ധി, ആജ്ഞാ, സഹസ്രാരം) നവദ്വാരങ്ങളും (രണ്ടു കണ്ണുകൾ, രണ്ട് നാസികാരന്ധ്രങ്ങൾ, രണ്ട് ചെവികൾ, വായ്, ലിംഗം,

ഗുദം) ഉള്ള ഈ നഗരി ദേവന്മാരുടെ അയോദ്ധ്യാ (യുദ്ധം ചെയ്ത് ജയിക്കാൻ കഴിയാത്ത നഗരി) എന്നറിയപ്പെടുന്നു. അതിനകത്ത് സുവർണമയമായ ഒരു കോശമുണ്ട്. അതിന്റെ തേജസ്സിനാൽ ഈ നഗരി സമ്പൂർണ സ്വർഗംതന്നെയാകുന്നു. മൂന്നു ആരക്കാലുകളാൽ അത് പ്രതിഷ്ഠിതമായിരിക്കുന്നു. മൂന്നു (സത്ത്വം, രജസ്സ്, തമസ്സ്) ആരക്കാലുകളിൽ ആധാരമായി വിലസുന്ന ആ സുവർണമയകോശത്തിൽ പൂജ്യനും ചൈതന്യവത്തുമായ പൂർണദേവനുണ്ട്. അവനെ ബ്രഹ്മജ്ഞാനിയെന്നറിയുക. അവനെ ഒരിക്കലും പരാജയപ്പെടുത്താനാകില്ലാത്തവിധം സുവർണമായ തേജസ്സുറ്റതും മനോഹരവും യശസ്സാർന്നതുമായ ആ ബ്രഹ്മനഗരത്തിലേക്ക് ബ്രഹ്മം പ്രവേശിക്കുന്നു."(12)

ഉജ്ജ്വലവർണനയാണ് വേദം ബ്രാഹ്മീസ്ഥിതിയെക്കുറിച്ച് നൽകിയിട്ടുള്ളത്. അതാണ് വേദമഹത്വം. ഗീതയിലെ ഓരോ പ്രയോഗത്തെക്കുറിച്ചറിയാനും വേദം പഠിക്കേണ്ടതുണ്ട്. കാരണം ഗീത പ്രവചിക്കപ്പെട്ട, 5000 വർഷം മുൻപുള്ള ഭാരതത്തിൽ പ്രചലിതമായ വിദ്യാഭ്യാസം വൈദികഗുരുകുലപദ്ധതിയായിരുന്നു. അതിനാൽ അക്കാലത്തെ ശബ്ദങ്ങളുടെ അർഥമറിയാൻ വേദശാസ്ത്രത്തിന്റെ സഹായംകൂടിയേ കഴിയൂവെന്ന് ഭാഷ്യകാരന്മാർ അറിയണം.

---

12. *കേനേയം ഭൂമിർവിഹിതാ കേന ദ്യൗരുത്തരാ ഹിതാ.*
*കേനേദമൂർധ്വം തിര്യക്ചാന്തരിക്ഷം വ്യചോ ഹിതമ് (24)*
*യോ വൈ താം ബ്രഹ്മണോ വേദാമൃതേനാവൃതാം പുരമ്*
*തസ്മൈ ബ്രഹ്മ ച ബ്രാഹ്മാശ്ച ചക്ഷുഃ പ്രാണം പ്രജാം ദദുഃ (29)*
*ന വൈ തം ചക്ഷുർജഹാതി ന പ്രാണോ ജരസഃ പുരാ*
*പുരം യോ ബ്രഹ്മണോ വേദ യസ്യാഃ പുരുഷ ഉച്യതേ (30)*
*അഷ്ടാചക്രാ നവദ്വാരാ ദേവാനാം പൂരയോധ്യാ*
*തസ്യാം ഹിരണ്യയഃ കോശഃ സ്വർഗോ ജ്യോതിഷാവൃതഃ (31)*
*തസ്മിൻ ഹിരണ്യയേ കോശേ ത്ര്യരേ ത്രപ്രതിഷ്ഠിതേ*
*തസ്മിന്യദ്യക്ഷമാത്മന്വത്തദ്വൈ ബ്രഹ്മവിദോ വിദുഃ (32)*
*പ്രഭ്രാജമാനാം ഹരിണീം യശസാ സംപരീവൃതാമ്*
*പുരം ഹിരണ്യയീം ബ്രഹ്മാ വിവേശാപരാജിതാമ് (33)*

(അഥർവവേദം 10.2.24, 29–33)

ഇങ്ങനെ ഗീതയുടെ രണ്ടാം അധ്യായം ഇവിടെ പൂർണമാവുകയാണ്. ഈ അധ്യായത്തിൽ പ്രധാനമായും രണ്ടു കാര്യങ്ങൾ പറയുന്നു. 10-ാം ശ്ലോകം മുതൽ 39-ാം ശ്ലോകം വരെ സാംഖ്യദർശനസിദ്ധാന്തങ്ങളും തുടർന്ന് പാതഞ്ജലയോഗദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള കർമയോഗവും വിശദീകരിക്കുന്നു. മനുഷ്യന്റെ ബുദ്ധി യന്ത്രസമാനമാണ്. കപിലമുനിയും **'അധ്യവസായോ ബുദ്ധിഃ'** (സാംഖ്യദർശനം 2.13) എന്ന സൂത്രത്തിലൂടെ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. അധ്യവസായമെന്നാൽ നിശ്ചയമന്നർഥം. നിശ്ചയം ചെയ്യുക എന്ന വ്യവഹാരം ബുദ്ധിയുടേതാണ്. ബുദ്ധി നിശ്ചയംചെയ്യാൻ കഴിവില്ലാതെ വരുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളാണ് സാംഖ്യയോഗത്തിൽ ഭഗവാൻ ചർച്ചയ്ക്കെടുത്തത്. അങ്ങനെ ഗീതയിൽ വേദാദിശാസ്ത്രങ്ങളിലെ ആശയങ്ങളും സാംഖ്യ-യോഗദർശനവിഷയങ്ങളും ഉപനിഷത്പ്രയുക്തമായ ബ്രഹ്മവിദ്യയും കടന്നുവരുന്നു.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു*
*ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ*
*ശ്രീകൃഷ്ണാർജുനസംവാദേ*
*സാംഖ്യയോഗോ നാമ*
*ദ്വിതീയോഽധ്യായഃ*

**ഇങ്ങനെ രണ്ടാം അധ്യായം സമാപിച്ചു.**



# അധ്യായം മൂന്ന്

# കർമയോഗം

അഥ തൃതീയോ∫ധ്യായഃ

# കർമയോഗം

**അർജുന ഉവാച:**

**1. ജ്യായസീ ചേത് കർമണസ്തേ മതാ ബുദ്ധിർജനാർദന,**
**തത് കിം കർമണി ഘോരേ മാം നിയോജയസി കേശവ!**

**2. വ്യാമിശ്രേണേവ വാക്യേന ബുദ്ധിം മോഹയസീവ മേ**
**തദേകം വദ നിശ്ചിത്യ യേന ശ്രേയോ∫ഹമാപ്നുയാമ്.**

*അർഥം: അർജുനൻ ചോദിച്ചു, അല്ലയോ ജനാർദനാ, കർമത്തെ അപേക്ഷിച്ച് ബുദ്ധി ശ്രേഷ്ഠമാണെന്നാണ് അങ്ങയുടെ അഭിപ്രായമെങ്കിൽ, ഹേ കേശവാ എന്തിനാണ് ഘോര കർമത്തിലേക്ക് എന്നെ നിയോഗിക്കുന്നത്? (1)*
*കൂടിക്കലർന്ന വാക്കുകളാൽ എന്റെ ബുദ്ധി ഭ്രമിക്കുന്നതു പോലെ തോന്നുന്നു. അതിനാൽ എനിക്ക് ശ്രേയസ്കരമായ ഒരു മാർഗം ഉപദേശിച്ചുതന്നാലും. (2)*

ഭാഷ്യം: കഴിഞ്ഞ അധ്യായത്തിൽ 'കർമയോഗ'ത്തെക്കുറിച്ചും 'സമത്വ ബുദ്ധിയോഗ'ത്തെക്കുറിച്ചും പറഞ്ഞു. സമത്വബുദ്ധിയോഗത്തെ അപേക്ഷിച്ച് കർമം വളരെ ചെറുതാണെന്നും (ഭഗവദ്ഗീത 2.49) പറഞ്ഞതു നാം കേട്ടതാണ്. അവിടെ എത്തിയപ്പോൾതന്നെ "ഹേ അർജുനാ, നീ

യുദ്ധം ചെയ്യാനുറച്ചുകൊണ്ട് എഴുന്നേൽക്കൂ, യുദ്ധത്തിലേക്ക് നീ ഇറങ്ങിയാലും" എന്ന് ഭഗവാൻ പറഞ്ഞു കഴിഞ്ഞിരുന്നു. എന്നാൽ യുദ്ധം അതിഘോരമായ കർമമാണ്. സമബുദ്ധികൊണ്ട് കാര്യങ്ങൾ നടക്കുമെങ്കിൽ, സമബുദ്ധികൊണ്ടുതന്നെ മനുഷ്യന് ബ്രാഹ്മീസ്ഥിതി കൈവരിക്കാനും കഴിയും. പിന്നെന്തിന് ഘോരമായ ഈ യുദ്ധം ചെയ്യാൻ തന്നെ ഭഗവാൻ പ്രേരിപ്പിക്കുന്നു? സമബുദ്ധി കൈവരിക്കുന്നതിനുള്ള അനുഷ്ഠാനങ്ങൾക്കുള്ള പ്രേരണയാണ് ഇനി യഥാർഥത്തിൽ നല്കേണ്ടത്. അതാണ് അർജുനൻ പ്രതീക്ഷിക്കുന്നത്.

**ശ്രീഭഗവാൻ ഉവാച:**

3. **ലോകേ/സ്മിൻ ദ്വിവിധാ നിഷ്ഠാ പുരാ പ്രോക്താ മയാനഘ,**
   **ജ്ഞാനയോഗേന സാംഖ്യാനാമ് കർമയോഗേന യോഗിനാമ്.**

4. **ന കർമണാമനാരംഭാത് നൈഷ്കർമ്യം പുരുഷോ/ശ്നുതേ**
   **ന ച സന്ന്യസനാദേവ സിദ്ധിം സമധിഗച്ഛതി.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, അല്ലയോ നിഷ്പാപിയായ അർജുനാ! ഈ ലോകത്തിൽ തീർച്ചയായും രണ്ടു വിധത്തിലുള്ള നിഷ്ഠകളുണ്ട്. ഞാൻ പറഞ്ഞതിൽ ആദ്യത്തേത് ജ്ഞാനികളാൽ പറയപ്പെടുന്ന സാംഖ്യയോഗവും രണ്ടാമത്തേത് കർമയോഗികൾ അനുഷ്ഠിക്കുന്ന യോഗമാർഗവുമാണ്. (3)*

*കേവലം, കർമങ്ങൾ ആരംഭിക്കുന്നില്ല എന്നതുകൊണ്ടു മാത്രം നൈഷ്കർമ്യം നേടാനാവുകയില്ല. കേവലം സംന്യാസം സ്വീകരിക്കുന്നതുകൊണ്ടും സിദ്ധി ലഭിക്കുകയില്ല. (4)*

ഭാഷ്യം: ചിലരെങ്കിലും അധ്യാത്മവാദികളെപ്പോലെ വേഷമണിഞ്ഞ് "ഒരു കർമവും ചെയ്യേണ്ടതില്ല, എല്ലാം ബ്രഹ്മമയം" എന്നിങ്ങനെ ചിന്തിച്ചിരിക്കാറുണ്ട്. അവരെ സംബന്ധിച്ചിടത്തോളം എല്ലാം ജ്ഞാനാർജനത്തിലൂടെ നേടിയെടുക്കാമെന്നും പ്രചരിപ്പിക്കുന്നു. എന്നാൽ, അത്തരത്തി

ലുള്ള ഒന്നല്ല ഗീതയുടെ കാഴ്ചപ്പാട്. ഈ ജഗത്തിൽ ധാർമികരായവരുടെ ഉന്നമനത്തിന് രണ്ട് നിഷ്ഠകളുണ്ടെന്നു പറഞ്ഞു. 'നിഷ്ഠാ' എന്നാൽ 'നി-സ്ഥാ' എന്നതിൽനിന്ന് രൂപപ്പെട്ട വാക്കാണ്. ഏതെങ്കിലുമൊന്നിൽ അത്യന്തമായ സ്ഥിരത നേടുകയെന്നർഥം. അതായത് ജ്ഞാനമാർഗത്തിൽ അത്യന്തം സ്ഥിരതയുള്ളവർ സാംഖ്യന്മാരും കർമത്തിൽ നിഷ്ഠയുള്ളവർ 'കർമ-നിഷ്ഠ'ന്മാരുമാണെന്ന് നാം മനസ്സിലാക്കണം. നിശ്രേ്ശയസ്സിന്റെ സിദ്ധിക്ക് ജ്ഞാനവും കർമവും രണ്ടു പ്രധാന മാർഗങ്ങൾതന്നെയാണ്. കർമം ചെയ്യാനാരംഭിക്കുന്നില്ലെന്നതുകൊണ്ടോ സർവകർമങ്ങളെയും പാടേ ഉപേക്ഷിച്ച് സംന്യാസം സ്വീകരിച്ചതുകൊണ്ടോ ബ്രഹ്മജ്ഞാനം ഉണ്ടാവില്ലെന്ന് ശ്രീകൃഷ്ണൻ പറയുന്നു. നിഷ്കർമമെന്നതുകൊണ്ട് കർമഹീനരായി ഭാഗ്യത്തിൽ വിശ്വസിച്ചു ജീവിക്കുക എന്നല്ല അർഥം.

**5. ന ഹി കശ്ചിത് ക്ഷണമപി ജാതു തിഷ്ഠത്യകർമകൃത്**
**കാര്യതേ ഹ്യവശഃ കർമ സർവഃ പ്രകൃതിജൈർഗുണൈഃ.**

*അർഥം: കാരണം, ഒരു ജീവിക്കും ക്ഷണനേരംപോലും കർമം ചെയ്യാതിരിക്കാനാവില്ല. പ്രകൃതിയിൽനിന്ന് ജനിച്ച സത്വരജസ്തമോഗുണങ്ങളാൽ പ്രേരിതരായി അവർ കർമം ചെയ്യാൻ നിർബന്ധിതരായിത്തീരുന്നു.*

ഭാഷ്യം: പ്രാണികളുടെ സഹജമായ പ്രകൃതിധർമത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ആഗ്രഹിച്ചാലും ഇല്ലെങ്കിലും പ്രാണികൾക്ക് സ്വാഭാവികമായി കർമം ചെയ്യേണ്ടിവരും. എന്തു ചെയ്താലും ഈ കർമം ഇല്ലാതാക്കാനാവില്ല. ഒരാൾ മിണ്ടാതെ ഒരിടത്തിരിക്കുന്നുവെന്ന് കരുതുക. ബാഹ്യമായി ഒന്നും ചെയ്യുന്നില്ലെന്ന് നമുക്ക് തോന്നാം. എന്നാൽ ദൂരെനിന്നുപോലും ഉള്ള ശബ്ദം ആയാസമില്ലാതെ അയാൾ കേൾക്കുന്നു. സുഗന്ധമനുഭവിക്കുന്നു. കണ്ണു തുറന്നാണെങ്കിൽ കാഴ്ചകൾ കാണുന്നു. പുറത്തെ ചൂടും തണുപ്പും അനുസരിച്ച് ശരീരത്തിൽ മാറ്റമുണ്ടാകുന്നു. മലമൂത്രവിസർജനം, നിദ്ര, സ്വപ്നം, ശ്വാസോച്ഛ്വാസം, ഹൃദയസ്പന്ദനം അങ്ങനെ ആയിരമായിരം കാര്യങ്ങൾ എല്ലാവരും ചെയ്തു

കൊണ്ടിരിക്കുന്നു. അതിനാൽ കർമത്യാഗം ആർക്കും പറഞ്ഞിട്ടുള്ളതല്ല. പ്രകൃതിതന്നെ നമ്മിൽ നിറച്ചിട്ടുള്ള സത്ത്വം, രജസ്സ്, തമസ്സ് എന്നിവ ക്രമത്തിൽ സമത, പ്രവൃത്തി, ആലസ്യം എന്നിവ ഉണ്ടാക്കുന്നു. സാംഖ്യദർശനത്തിൽ കപിലാചാര്യന്റെ കാഴ്ചപ്പാടാണ്[1] ഇവിടെ വിശദീകരിച്ചത്. വേദങ്ങളിലും **'ത്രിധാ ബദ്ധോ വൃഷഭോ രോരവീതി'** (ഋഗ്വേദം 4.58.3) – സത്ത്വരസ്തമോഗുണങ്ങളാൽ പ്രാണികൾ ബന്ധിതരാണെന്ന് പറയുന്നത് കാണാം. മൂന്നു ബന്ധങ്ങളെയും പൊട്ടിച്ചുകളയുന്നവന് സ്വാതന്ത്ര്യം ലഭിക്കുന്നു. അത്തരക്കാരിൽ കർമം പുരളുകയുമില്ല. ആന്തരികമായ കർമങ്ങളുണ്ടെങ്കിലും ബാഹ്യകർമങ്ങൾ ചെയ്യുന്നില്ലെങ്കിലെന്താണെന്ന ചോദ്യത്തിനുത്തരം പറയുകയാണ് അടുത്ത ശ്ലോകത്തിൽ.

6. **കർമേന്ദ്രിയാണി സംയമ്യ യ ആസ്തേ മനസാ സ്മരൻ**
   **ഇന്ദ്രിയാർഥാൻ വിമൂഢാത്മാ മിഥ്യാചാരഃ സ ഉച്യതേ.**

*അർഥം: ബലം പ്രയോഗിച്ച് കർമേന്ദ്രിയങ്ങളെ നിരോധിക്കുകയും മനസ്സുകൊണ്ട് ഇന്ദ്രിയഭോഗങ്ങളെ സ്മരിക്കുകയും ചെയ്യുന്ന മൂഢബുദ്ധികളെ മിഥ്യാചാരികൾ എന്നു വിളിക്കുന്നു.*

ഭാഷ്യം: ഈ ശ്ലോകത്തിൽ ദംഭികളായവരുടെ മൂഢതയെക്കുറിച്ചാണ് പറയുന്നത്. ഇവർ കർമേന്ദ്രിയങ്ങളെ തടഞ്ഞുനിർത്തുന്നു. എന്നാൽ ജ്ഞാനേന്ദ്രിയങ്ങൾകൊണ്ട്, വിശേഷിച്ച് മനസ്സുകൊണ്ട് ഭോഗങ്ങളെക്കുറിച്ച് വിചാരം ചെയ്യുന്നു. പുറത്ത് സംന്യാസിമാരെപ്പോലെ ജീവിക്കുകയും ചെയ്യുന്നു. പൂച്ചസംന്യാസികളായ ഇവർക്ക് അധോഗതി മാത്രമേ ഉണ്ടാകൂ. ശരീരംകൊണ്ട് കർമം ചെയ്യാതിരുന്നാൽ സിദ്ധി ലഭിക്കുമെന്നത് ഭ്രമം മാത്രമാണ്.

7. **യസ്ത്വിന്ദ്രിയാണി മനസാ നിയമ്യാരഭതേഽർജുന**
   **കർമേന്ദ്രിയൈഃ കർമയോഗമസക്തഃ സ വിശിഷ്യതേ.**

---

1. സാംഖ്യദർശനം 1.26

**8. നിയതം കുരു കർമ ത്വം കർമ ജ്യായോ ഹ്യകർമണഃ**
**ശരീരയാത്രാപി ച തേ ന പ്രസിദ്ധ്യേദകർമണഃ.**

**9. യജ്ഞാർഥാത് കർമണോ$ന്യത്ര ലോകോ$യം കർമബന്ധനഃ**
**തദർഥം കർമ കൗന്തേയ മുക്തസംഗഃ സമാചര.**

*അർഥം: ഹേ അർജുനാ, മനസ്സുകൊണ്ട് ഇന്ദ്രിയങ്ങളെ വശത്താക്കി, ആസക്തിരഹിതനായി കർമേന്ദ്രിയങ്ങൾകൊണ്ട് കർമയോഗത്തെ അനുഷ്ഠിക്കുന്നവരാണ് ശ്രേഷ്ഠർ. (7)*
*അതിനാൽ നീ തീർച്ചയായും നിയതകർമങ്ങൾ ചെയ്യൂ. കർമം ചെയ്യാതിരിക്കുന്നതിനേക്കാൾ ഭേദം കർമം ചെയ്യുന്നതാണ്. കാരണം നിന്റെ ശരീരനിർവഹണത്തിന് കർമം കൂടിയേതീരൂ. (8)*
*യജ്ഞാർഥമായി ചെയ്യുന്ന കർമങ്ങളൊഴികെ മറ്റെല്ലാ കർമങ്ങളിലും മനുഷ്യർ ബന്ധിതരാകുന്നു. യജ്ഞമെന്നതിനർഥം കർമസംഗം വെടിഞ്ഞ് നിഷ്കാമകർമം ചെയ്യുക എന്നതാണ്. (9)*

ഭാഷ്യം: ഈ മൂന്നു ശ്ലോകങ്ങളിൽ കർമയോഗാനുഷ്ഠാനം എങ്ങനെ വേണമെന്ന് ഉപദേശിക്കുന്നു. കർമയോഗം ആചരിക്കുന്നവർ ഈ ശ്ലോകങ്ങൾ മനസ്സിരുത്തി പഠിക്കണം. എട്ടാം ശ്ലോകത്തിൽ '**നിയതം കുരു കർമ ത്വമ്**' എന്ന ആജ്ഞയാണ് ചെയ്യുന്നത്. ഇതിന് രണ്ടർഥങ്ങൾ ഉണ്ട്. ഒന്ന് '**ത്വം നിയതം കർമം കുരു**' – നീ സ്വധർമാനുസാരം നിന്റെ ധർമസ്വരൂപത്തെ നിശ്ചയിച്ച് കർമം ചെയ്യുക. രണ്ടാമത്തെ അർഥം '**ത്വം കർമം നിയതം കുരു**' – നീ സദാ കർമം ചെയ്യൂ. ഒന്നാമത്തേതിൽ കർമശബ്ദത്തിന്റെ വിശേഷണമാണ് നാം കാണുന്നതെങ്കിൽ, രണ്ടാമത്തേതിൽ നിയതശബ്ദം കാലവാചിയായ അവ്യയമാണ്. ഈ രണ്ടർഥവും ഇവിടെ ചേരും. 'അർജുനാ, നീ സ്വധർമം തിരിച്ചറിഞ്ഞ് നിനക്ക് നിശ്ചയിക്കപ്പെട്ട കർമങ്ങൾ സദാ അനുഷ്ഠിച്ചാലും' എന്ന് അർഥം പറയാം. കർമം ഈ വിധത്തിൽ എങ്ങനെ ചെയ്യണമെന്നാണ് ഏഴാം ശ്ലോകത്തിൽ പറഞ്ഞത്. മനസ്സിന്റെ സഹായത്താൽ ഇന്ദ്രിയങ്ങളെ സംയമനംചെയ്ത്

ആസക്തിരഹിതനായി കർമേന്ദ്രിയങ്ങളാൽ കർമയോഗം ആചരിക്കുക. അവർ വിശേഷമനുഷ്യരാണ്. ഇവിടെ മൂന്നു തരത്തിൽ കർമയോഗമനുസരിച്ച് മനുഷ്യരെ വേർതിരിക്കാം.

1. വിശേഷമനുഷ്യർ: ഇന്ദ്രിയസംയമം ചെയ്ത് ആസക്തിരഹിതരായി നിയതകർമം ചെയ്യുന്നവർ.
2. സാമാന്യമനുഷ്യർ: ഇന്ദ്രിയസംയമനത്തെക്കുറിച്ചുള്ള വിശേഷചിന്ത കൂടാതെ സകാമകർമം ധർമാനുകൂലമായി ചെയ്യുന്നവർ.
3. അധമമനുഷ്യർ: ഇന്ദ്രിയങ്ങളെ വിഷയത്തിൽ കുടുക്കി തങ്ങളുടെ ഭോഗങ്ങളെ വർധിപ്പിക്കുന്നതിനുവേണ്ടി കർമം ചെയ്യുന്നവർ. തികച്ചും ആലസികളായ ഇവർ ഒരു യത്നവും ചെയ്യുന്നുമില്ല.

എന്താണ് യഥാർഥമായ കർമയോഗമെന്ന് വ്യക്തമാക്കുന്നതാണ് ഒമ്പതാമത്തെ ശ്ലോകം. യജ്ഞത്തിനായി ചെയ്യുന്ന കർമങ്ങൾ മനുഷ്യനെ ബന്ധനത്തിൽ കുരുക്കുന്നില്ല. അതിനാൽ യജ്ഞത്തിനായി, ആസക്തി വെടിഞ്ഞുകൊണ്ട് കർമം ചെയ്യണം. ഗീതയുടെ അടുത്ത അധ്യായത്തിൽ വിവിധങ്ങളായ യജ്ഞങ്ങളെക്കുറിച്ച് വർണിക്കുന്നുണ്ട്. ഇന്ദ്രിയസംയമയജ്ഞം, ദ്രവ്യയജ്ഞം, തപോയജ്ഞം, യോഗയജ്ഞം, സ്വാധ്യായയജ്ഞം, ജ്ഞാനയജ്ഞം എന്നിവയാണ് മുഖ്യമായത്. ഹോമഹവന രൂപത്തിലുള്ളത് ഒരു തരത്തിലുള്ള യജ്ഞം മാത്രമാണ്. ഇങ്ങനെ അനേകവിധത്തിലുള്ള ഭിന്നഭിന്ന യജ്ഞങ്ങൾ വേറെയുമുണ്ട്.

യജ്ഞമെന്ന വാക്ക് 'യജ്' ധാതുവിൽനിന്ന് ഉണ്ടായതാണ്. ദേവപൂജ, സംഗതികരണം, ദാനം എന്നിങ്ങനെയാണ് ആ ധാതുവിന്റെ അർഥം.[2] നിർഭയത, പവിത്രത, ജ്ഞാനനിഷ്ഠ, ദാനം, ശമം, ദമം, സ്വാധ്യായം, അക്രോധം, ശാന്തി, ഭൂതദയ, നിർലോപവൃത്തി തുടങ്ങിയ ദൈവീസമ്പത്തുള്ളവരെ ദേവത എന്നു വിളിക്കുന്നു. ഇവരെ സത്കരിക്കുക, ഒരുമിച്ചു ചേർക്കുക. ഇവർക്ക് ദാനം ചെയ്യുക എന്നിവ യജ്ഞമാകു

---

2. *യജ് ദേവപൂജാ സംഗതികരണദാനേഷു* (അഷ്ടാധ്യായി 3.3.90)
*യജ്ഞഃ കസ്മാത്? പ്രഖ്യാതം യജതി കർമം* (നിരുക്തം 3.20)

ന്നു. യാതൊരു സ്വാർഥതയുമില്ലാതെ നിഷ്കാമമായിട്ടാണ് ഈശ്വരൻ ഈ പ്രപഞ്ചമാകുന്ന സൃഷ്ടി ചെയ്തത്. അഗ്നിഹോത്രാദി നിത്യ കർമങ്ങൾ ഈശ്വരന്റെ സൃഷ്ടിരചനയുടെ ആലങ്കാരികപ്രതിരൂപങ്ങൾ മാത്രമാണ്. ഇതിനെ ഓർമിപ്പിക്കാനാണ് '**അഗ്നേ നയ സുപഥാ രായേ**' (യജുർവേദം 40.16) ഇത്യാദി വേദമന്ത്രങ്ങൾ ചൊല്ലി 'ഇദം ന മമ' എന്ന നിഷ്കാമഭാവത്തോടെ യജ്ഞങ്ങളനുഷ്ഠിക്കുന്നത്. പ്രതിദിനം അഗ്നി ഹോത്രാദി പഞ്ചമഹായജ്ഞങ്ങൾ ആചരിക്കുന്നത് ജീവിതത്തിലെ സമ സ്തകർമങ്ങളും യജ്ഞഭാവത്തിൽ അനുഷ്ഠിക്കുന്നതിനുവേണ്ടിയുള്ള പരിശീലനമാണ്. ഈ ദ്രവ്യയജ്ഞം ചെയ്യാത്തവർക്ക് ഭഗവാന്റെ നിഷ്കാ മഭാവത്തെ അറിയാനോ സ്വജീവിതം ത്യാഗപൂർണമാക്കാനോ കഴിയി ല്ല എന്നാണ് ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്നത്. ഇക്കാര്യം പറയുക യാണ് അടുത്ത ശ്ലോകത്തിൽ.

10. **സഹയജ്ഞാഃ പ്രജാഃ സൃഷ്ട്വാ പുരോവാച പ്രജാപതിഃ**
**അനേന പ്രസവിഷ്യധ്വമേഷ വോഽസ്ത്വിഷ്ടകാമധുക്.**

11. **ദേവാൻ ഭാവയതാനേന തേ ദേവാ ഭാവയന്തു വഃ**
**പരസ്പരം ഭാവയന്തഃ ശ്രേയഃ പരമവാപ്സ്യഥ.**

*അർഥം: സൃഷ്ടിയുടെ ആരംഭത്തിൽ യജ്ഞത്തോടൊപ്പം പ്രജ കളെ സൃഷ്ടിച്ചുകൊണ്ട് ബ്രഹ്മപ്രജാപതി പറഞ്ഞു, "യജ്ഞത്താൽ നിങ്ങളുടെ വൃദ്ധിയുണ്ടാകട്ടെ, ഇത് നിങ്ങൾക്ക് സകലകാമനകളും സാക്ഷാത്കരിക്കുന്നതായി ത്തീരട്ടെ." (10)*

*ഈ യജ്ഞത്താൽ നിങ്ങൾ ദേവന്മാരെ സന്തുഷ്ടരാക്കി യാലും. ആ ദേവന്മാർ നിങ്ങളെയും സന്തുഷ്ടരാക്കട്ടെ. ഇങ്ങനെ പരസ്പരം സന്തുഷ്ടരാക്കി നിങ്ങൾ പരമമായ ശ്രേയസ്സ് നേടിയെടുക്കുക. (11)*

ഭാഷ്യം: പ്രജാപതി എന്നതുകൊണ്ട് ഈശ്വരൻ എന്നർഥമെടുക്കണം. ഈശ്വരൻ സൃഷ്ടി നടത്തിയത് യജ്ഞം ചെയ്തുകൊണ്ടാണ്. അതേ

ഭാവത്തോടെ നിങ്ങളും യജ്ഞമനുഷ്ഠിക്കുക, അതിലൂടെ വളരുക എന്നാണീ പറഞ്ഞതിന്റെ ചുരുക്കം. യജുർവേദമന്ത്രത്തിന്റെ ആശയ മാണ് ഈ ശ്ലോകത്തിന് ആധാരം. പുരുഷസൂക്തത്തിൽ സൃഷ്ടിയെ വിവരിക്കുമ്പോൾ പറയുന്നത് കാണുക:

**യത് പുരുഷേണ ഹവിഷാ ദേവാ യജ്ഞമതന്വത.**
**വസന്തോ/സ്യാസീദാജ്യം ഗ്രീഷ്മ/ഇധ്മഃ ശരദ്ധവിഃ.**

(യജുർവേദം 31.14)

*അർഥം: വരണീയനായ പരമാത്മാവിനോടുചേർന്ന് ജ്ഞാനികൾ മാനസജ്ഞാനയജ്ഞം ചെയ്തപ്പോൾ ആ യജ്ഞത്തിൽ പൂർവാഹ്നസമയം ആജ്യവും മധ്യാഹ്നകാലം ഇന്ധനവും അർധരാത്രി ഹവിസ്സുമായിത്തീർന്നു.*

അഥർവത്തിലും '**പ്രജാപതിഃ ഋതസ്യ പ്രഥമജാ തപസാ യം ഓദനം ബ്രഹ്മണേ അപജത്**' (4.35.1) എന്നു പറഞ്ഞിട്ടുണ്ട്. അതായത് പ്രജാപ തിയായ ഈശ്വരൻ സൃഷ്ടിയുടെ തുടക്കത്തിൽ, മരണത്തെ മറികട ക്കാൻ നാലു വേദങ്ങളെ തന്നു എന്നർഥം. പ്രപഞ്ചത്തിലൊന്നാകെ യജ്ഞം നടക്കുന്നു എന്ന് ഋഷിമാർ വിശ്വസിക്കുന്നു. സപ്തഹോതാ ക്കളായ ഋഷിമാർ ഈ ശരീരത്തിലും യജ്ഞമനുഷ്ഠിക്കുന്നതായി പറ യുന്നുണ്ട്. എന്നാൽ യജ്ഞമെന്ന വേദങ്ങളിലെ പ്രയോഗത്തെ മധ്യകാ ലത്തെ വേദപണ്ഡിതർ ഹോമമെന്ന രൂഢിയായ അർഥത്തിൽ മാത്രം വ്യാഖ്യാനിച്ചു. രാഷ്ട്രത്തിന്റെ പുരോഗതിയെ കാണിക്കുന്ന പ്രതീകാ ത്മകയജ്ഞമായിരുന്നു അശ്വമേധം. '**രാഷ്ട്രം വാ അശ്വമേധഃ**' (13.1.6.3) എന്ന് ശതപഥബ്രാഹ്മണത്തിൽ അശ്വം രാഷ്ട്രത്തിന്റെ പ്രതീകമാണെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ വേദമന്ത്രങ്ങൾക്ക് യജ്ഞീയമായ അർഥം നൽകിയ സായണാചാര്യനും, ഉവ്വടനും, മഹീധരനും അശ്ലീലപരമായ അർഥത്തിൽപോലും ഇതിനെ വ്യാഖ്യാനിച്ചു. പട്ടമഹിഷി അശ്വത്തിന്റെ കൂടെ സംഭോഗം ചെയ്യണമെന്നുകൂടി ഈദൃശവ്യാഖ്യാതാക്കൾ എഴു തിവെച്ചു. ജനിക്കാത്ത (മുളയ്ക്കാത്ത) നെല്ലുകൊണ്ട് ചെയ്യുന്ന അജ

മേധത്തെ[3] ആട്ടിൻചോരയാൽ കുതിർത്തു. അധ്വരം എന്ന വാക്കിന് യജ്ഞം എന്നാണർഥമെന്നും 'ധ്വരതി' എന്നാൽ ഹിംസയാണെന്നും അങ്ങനെ അധ്വരം അഥവാ അഹിംസ യജ്ഞത്തിന്റെ പര്യായ മാകുന്നുവെന്നും യാസ്കൻ നിരുക്തത്തിൽ പറഞ്ഞതാണ്. **അധ്വര ഇതി യജ്ഞനാമ ധ്വരതി ഹിംസാകർമാ തത്പ്രതിഷേധഃ** (നിരുക്തം 2.7). എന്നാൽ മാംസത്തോട് പ്രിയമുള്ളവർ യജ്ഞമെന്ന വിശാലമായ അർഥത്തെ സങ്കുചിതമാക്കിക്കളഞ്ഞു.

ഈ പ്രപഞ്ചത്തിൽ ഈശ്വരീയമായ യജ്ഞം നിരന്തരം നടക്കുന്നുണ്ട്. അതുതന്നെ നമ്മുടെ ശരീരത്തിലും നടക്കുന്നു. ഛാന്ദോഗ്യോപനിഷത്ത് ഈ കാര്യം ചൂണ്ടിക്കാണിക്കുന്നത് കാണൂ:

"മനുഷ്യന്റെ ജീവിതം യജ്ഞമാകുന്നു. അതിലെ ആദ്യത്തെ ഇരുപത്തിനാല് വർഷം പ്രാതഃസവനവും നാൽപത്തിനാല് വർഷംവരെ മാധ്യന്ദിനസവനവും, തുടർന്നു നാൽപത്തെട്ടു വർഷം സായംസവനവുമാകുന്നു. ഇങ്ങനെ ആകെ മനുഷ്യായുസ്സ് 116 ആണ്. ഇത്രയും കാലം മനുഷ്യൻ യജ്ഞമനുഷ്ഠിക്കണം.[4]

---

3. *അജസംജ്ഞാനി ബീജാനി ഛാഗം നോ ഹന്തുമർഹത*
*നൈഷ ധർമ സ താം ദേവാ യത്ര വധ്യേത വൈ പശുഃ*
(മഹാഭാരതം ശാന്തിപർവം 337.5)

4. *പുരുഷോ വാവ യജ്ഞസ്തസ്യ യാനി ചതുർവിംശതിവർഷാണി തത്*
*പ്രാതഃസവനം ചതുർവിംശത്യക്ഷരാ ഗായത്രീ ഗായത്രം പ്രാതഃസവനം*
*തദസ്യ വസവോഽന്വായത്താഃ പ്രാണാ വാവ വസവ ഏതേ*
*ഹീദങ്സർവം വാസയന്തി. (1)*
*തം ചേദേതസ്മിന്വയസി കിംചിദുപതപേത്സ ബ്രൂയാത്*
*പ്രാണാ വസവ ഇദം മേ പ്രാതഃസവനം മാധ്യന്ദിനങ്*
*സവനമനുസംതനു തേതി മാഽഹം പ്രാണാനാം വസൂനാം മധ്യേ*
*യജ്ഞോ വിലോപ്സീയേത്യുദ്ധൈവ തത ഏത്യഗദോ ഹ ഭവതി. (2)*
*അഥ യാനി ചതുശ്ചത്വാരിങ്ശദ്വർഷാണി തന്മാധ്യന്ദിനം സവനം ചതുശ്ചത്വാരിങ്ശദക്ഷരാ ത്രിഷ്ടുപ് ത്രൈഷ്ടുഭം മാധ്യന്ദിനം സവനം തദസ്യ രുദ്രാഃ അന്വായത്താഃ പ്രാണാ വാവ രുദ്രാ ഏതേ ഹീദങ് സർവങ് രോദയന്തി. (3)*
*തം ചേദതസ്മിൻ വയസി കിംചിദുപതപേത്സ ബ്രൂയാത് പ്രാണാ*
*രുദ്രാ ഇദം മേ മാധ്യന്ദിനങ് സവനം തൃതീയ സവനമനുസംതനുതേതി*
*മാഽഹം പ്രാണാനാം രുദ്രാണാം മധ്യേ യജ്ഞോ വിലോപ്സീയേത്യുദ്ധൈവ*
*തത ഏത്യഗദോ ഹ ഭവതി. (4)*

ഇങ്ങനെ ചെയ്യുന്നവരെ ശതക്രതു എന്നാണ് വിളിക്കുന്നത്.

ദാമ്പത്യജീവിതവും ഒരു യജ്ഞമാകുന്നു. അതിനാൽ വീട് യജ്ഞവേദിയാണ്. അമ്മ മക്കൾക്കുവേണ്ടി ത്യാഗമനുഷ്ഠിക്കുന്നു. ഭാര്യ ഭർത്താവിനും തിരിച്ചും പരസ്പരം ആത്മസമർപ്പണം ചെയ്യുന്നു. അതിൽനിന്ന് സുഖം ലഭിക്കുന്നു. അച്ഛനമ്മമാർ മക്കൾക്കുവേണ്ടി ആത്മസമർപ്പണം ചെയ്യുമ്പോൾ ത്യാഗത്തിന്റെ സുഖം ലഭിക്കുന്നു. അതിനാൽ അഥർവത്തിൽ പറയുന്നത് ഇങ്ങനെയാണ്.

"പ്രേമപൂർണമായ ഹൃദയം, ശുഭവിചാരങ്ങളാൽ പരിപൂർണമായ മനസ്സ്, പരസ്പരമുള്ള ദ്വേഷമില്ലായ്മ, എന്നിവ നിങ്ങളുടെ ഉള്ളിൽ നിറയട്ടെ. പശുക്കുട്ടിയോട് അമ്മപ്പശു എത്രമാത്രം സ്നേഹം ചൊരിയുന്നുവോ അത്രമാത്രം നിങ്ങളുടെ ഉള്ളിൽ പരസ്പരം സ്നേഹം നിറയട്ടെ. പുത്രൻ അച്ഛന് അനുകൂലമായ കർമങ്ങൾ ചെയ്യട്ടെ. അമ്മയോടൊത്ത് ഉത്തമമായ മനസ്സോടെ വർത്തിക്കട്ടെ. ഭാര്യ ഭർത്താവിനോട് മധുരപൂർവവും ശാന്തിപൂർണവുമായ വാക്കുകൾ പറയട്ടെ. സഹോദരന്മാർ പരസ്പരം ദ്വേഷിക്കാതിരിക്കട്ടെ. സഹോദരി സഹോദരിയെ വെറുക്കാതിരിക്കട്ടെ. എല്ലാവരും ഒരേ അഭിപ്രായക്കാരായി ഒരേ കർമത്തിൽ ദത്തചിത്തരായി ഉത്തമപ്രേമത്തോടെ പരസ്പരം സംസാരിക്കുമാറാകട്ടെ."

ആ മന്ത്രങ്ങൾ കാണുക:

**സഹൃദയം സാംമനസ്യമവിദ്വേഷം കൃണോമി വഃ**

**അന്യോ അന്യമഭി ഹര്യത വത്സം ജാതമിവാഘ്ന്യാ. (1)**

---

*അഥ യാന്യഷ്ടാചത്വാരിങ്ശദ്വര്ഷാണി തത്തൃതീയ സവനമഷ്ടാചത്വാരിംശദക്ഷരാ ജഗതീ ജാഗതം തൃതീയസവനം തദസ്യാദിത്യാ അന്വായത്താഃ പ്രാണാ വാവാള്ളദിത്യാ ഏതേ ഹീദങ്സര്വമാദദതേ. (5)*

*തം ചേദേതസ്മിൻ വയസി കിംചിദുപതപേത്സ ബ്രൂയാത് പ്രാണാ ആദിത്യാ ഇദം മേ തൃതീയസവനമായുരനുസംതനുതേതിതമാ്ഹം പ്രാണനാമാദിത്യാനാം മധ്യേ യജ്ഞോ വിലോപ്സീയേത്യുദ്ധൈവ തത ഏത്യഗദോ ഹൈവ ഭവതി. (6)*

*ഏതദ്ധ സ്മ വൈ തദ്വിദ്വാനാഹ മഹിദാസ ഐതരേയഃ സ കിം മ ഏതദുപതപസി യോ്ഹമനേന ന പ്രേഷ്യാമീതി. സ ഹ ഷോഡശം വര്ഷശതമജീവത് പ്ര ഹ ഷോഡശം വര്ഷശതം ജീവതി യ ഏവം വേദ... (7)*

(ഛാന്ദോഗ്യോപനിഷത്ത് 3.16. 1 മുതൽ 7 വരെ)

**അനുവ്രതഃ പിതു പുത്രോ മാത്രാ ഭവതു സംമനാഃ**
**ജായാ പത്യേ മധുമതീം വാചം വദതു ശന്തിവാൻ. (2)**

**മാ ഭ്രാതാ ഭ്രാതരം ദ്വിക്ഷന്മാ സ്വസാരമുത സ്വസാ**
**സമ്യഞ്ചഃ സവ്രതാ ഭൂത്വാ വാചം വദത ഭദ്രയാ. (3)**

(അഥർവവേദം, 3.30 1, 2, 3)

ഇങ്ങനെ വീട് ഒരു യജ്ഞാലയമാണന്ന് പ്രാചീനഋഷിമാർ കരുതി. യജ്ഞത്തിന്റെ മഹത്വത്തെക്കുറിച്ച് ഉപനിഷത്തുക്കളും വാചാലമാണ്. നോക്കൂ:

**ത്രയോ ധർമസ്കന്ധാ യജ്ഞോ/ധ്യയനം ദാനമിതി**

(ഛാന്ദോഗ്യോപനിഷത്ത് 2.23.1)

**യദേഷ യന്നിദം സർവം പുനാതി തസ്മാദേഷ ഏവ യജ്ഞഃ.**

(ഛന്ദോഗ്യോപനിഷത്ത് 4.16.1)

**യദ്യജ്ഞ ഇത്യാചക്ഷതേ ബ്രഹ്മചര്യമേവ തത്**

(ഛാന്ദോഗ്യോപനിഷത് 8.5.1)

**ത്വം ബ്രഹ്മ, ത്വം യജ്ഞഃ** (ബൃഹദാരണ്യകോപനിഷത്ത് 1.5.17)

**അഹം ബ്രഹ്മാ, അഹം യജ്ഞഃ** (കഠശ്രുതി. 2)

**വിജ്ഞാനം യജ്ഞം തനുതേ** (തൈത്തിരീയോപനിഷത്ത് 2.5.1)

**യജ്ഞോ വിഷ്ണുഃ പ്രജാപതിഃ** (മൈത്രേയി. ഉ. 6.16)

**യജ്ഞേന ദേവാഃ ദിവം ഗതാഃ** (മഹാനാരായണ ഉപനിഷത്ത് 21.2)

അർഥം: ധർമത്തിന് മൂന്ന് സ്കന്ധങ്ങളുണ്ട്. യജ്ഞം, അധ്യയനം, ദാനം എന്നിങ്ങനെ. എല്ലാറ്റിനെയും പവിത്രമാക്കുന്ന കർമത്തിന്റെ പേരാണ് യജ്ഞം. ബ്രഹ്മചര്യം യജ്ഞമാകുന്നു. നീ ബ്രഹ്മവും നീ യജ്ഞവുമാകുന്നു. വിജ്ഞാനരൂപമായ യജ്ഞം വ്യാപിച്ചിരിക്കുന്നു. യജ്ഞം പ്രജാപാലകനും സർവവ്യാപിയായ ദേവനുമാണ്. യജ്ഞത്താൽതന്നെയാണ് ദേവന്മാർ സ്വർഗധാമം പ്രാപിക്കുന്നത്.

ഇങ്ങനെ സർവസാമാന്യമായി യജ്ഞത്തെക്കുറിച്ച് ശ്രുതികളിൽ വർണിച്ചിരിക്കുന്നതു കാണാം. ഇതേ യജ്ഞത്തെ നമ്മുടെയുള്ളിൽ കാണാനും ശ്രുതികൾ ഉപദേശിക്കുന്നു. നോക്കുക:

**സ്വശരീരേ യജ്ഞം പരിവർതയാമി**

(പ്രാണാഗ്നിഹോത്രോപനിഷത്ത് 18)

**ശരീരം യജ്ഞഃ** (മഹാനാരായണ ഉപനിഷത്ത് 20.12)

**വാഗ് വൈ യജ്ഞസ്യ ഹോതാ.**
**ചക്ഷുർവൈ യജ്ഞസ്യാധ്വര്യുഃ.**
**പ്രാണോ വൈ യജ്ഞസ്യോദ്ഗാതാ.**
**മനോ വൈ യജ്ഞസ്യ ബ്രഹ്മാ.**

(ബൃഹദാരണ്യകോപനിഷത്ത് 3.1.1-6)

**തസ്യൈവം വിദുഷോ യജ്ഞസ്യാത്മാ യജമാനഃ ശ്രദ്ധാപത്നീ,**
**ശരീരമിധ്മമുരോ വേദിർലോമാനി**
**ബർഹിർവേദഃ ശിഖാ, ഹൃദയം യൂപഃ**
**കാമ ആജ്യം മന്യുഃ പശുഃ, തപോ$f$ഗ്നിർദമഃ**
**ശമയിതാ, ദക്ഷിണാ വാഗ്ഹോതാ, പ്രാണ ഉദ്ഗാതാ**
**ചക്ഷുരധ്വര്യുർമനോ ബ്രഹ്മാ, ശ്രോത്രമഗ്നീദ്യാവദ്**
**ഹ്രിയതേ സാ ദീക്ഷാ, യദശ്നാതി**
**തദ്ധവിഃ യത്പിബതി തദസ്യ സോമപാനമ്**

(മഹാനാരായണ ഉപനിഷത്ത് 80)

അർഥം: "നമ്മുടെ ശരീരത്തിൽ യജ്ഞത്തിന്റെ പരിവർത്തനം നടക്കുന്നു. ശരീരം യജ്ഞമാകുന്നു. ഈ യജ്ഞത്തിൽ വാണി, ചക്ഷു, പ്രാണൻ, മനസ്സ് എന്നിവ ക്രമത്തിൽ ഹോതാവ്, അധ്വര്യു, ഉദ്ഗാതാ, ബ്രഹ്മാ എന്നിവരാകുന്നു. ഈ ശരീരസ്ഥാനത്തുള്ള യജ്ഞത്തിൽ ആത്മാവ് യജമാനനും, ശ്രദ്ധ യജമാനപത്നിയും, ശരീരം ഇന്ധനവും, ഊര്ഭാഗം വേദിയും, രോമങ്ങൾ ബർഹിദർഭയും, വേദം ശിഖയും, ഹൃദയം യൂപവും, കാമം ഘൃതവും, ക്രോധം പശുവും, തപസ്സ് അഗ്നി

യും, ദമം ക്രോധത്തെ ശമിപ്പിക്കുന്നതും, ദക്ഷിണാവാക് ഹോതാവും, പ്രാണൻ ഉദ്ഗാതാവും ചക്ഷു അധ്വര്യുവും, മനസ്സ് ബ്രഹ്മവും, ശ്രോത്രം അഗ്നിയെയും പ്രദീപ്തമാക്കുന്നു. ജീവിച്ചിരിക്കുന്നിടത്തോളം നാം ഈ യജ്ഞദീക്ഷയിലാണ്. ആഹരിക്കുന്നതാണ് ഹവിസ്സ്, കുടിക്കുന്നത് സോമരസവും." ഇങ്ങനെ സർവത്ര നമുക്ക് യജ്ഞത്തെ ദർശിക്കാം.

10-ാം ശ്ലോകത്തിൽ **'അനേന പ്രസവിഷ്യധ്വമ് ഏഷ വോഽസ്ത്വി ഷ്ടകാമധുക്'** എന്നു പറഞ്ഞുവല്ലോ. അനേകങ്ങളായ മനോകാമനകളെ ഈ യജ്ഞം നിനക്കു സാധിച്ചുതരുമെന്ന ഈ ശ്രീകൃഷ്ണവചനത്തിന് കാരണമെന്താണ്? വേദ-ഉപനിഷദ്-ബ്രാഹ്മണ-ആരണ്യകപ്രമാണങ്ങൾ ഇതിനെ സാധൂകരിക്കുന്നുണ്ടോ? ആ വഴിക്കുകൂടി നമുക്കൊന്നു അന്വേ ഷണം നടത്തുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു.

1) **അധ്വരോ വൈ യജ്ഞഃ** (ശതപഥബ്രാഹ്മണം 1.2.4.5, 1.4.1.38)

2) **യജ്ഞോ വൈ നമഃ** (യജുർവേദം 13.8, ശതപഥം 7.4.1.30)

3) **യജ്ഞോ വൈ ഭുജ്യുഃ** (യജുർവേദം 18.42)

4) **യജ്ഞോ ഹി സര്വാണി ഭൂതാനി ഭുനക്തി**
(ശതപഥബ്രാഹ്മണം 9.4.1.11)

5) **യജ്ഞോ ഭഗഃ** (യജുർവേദം 11.7; ശതപഥബ്രാഹ്മണം 6.3.1.19)

6) **യജ്ഞോ വാ ഋതസ്യ യോനിഃ**
(യജുർവേദം 11.12, ശതപഥബ്രാഹ്മണം 1.3.4.6)

7) **യജ്ഞോ വൈ മധുസാരഘമ്** (ശതപഥബ്രാഹ്മണം 3.4.3.13)

8) **യജ്ഞോ വൈ മഹിമാ** (യജുർവേദം 11.6; ശതപഥബ്രാഹ്മണം 6.3.1.18)

9) **യജ്ഞോ വൈ സ്വഃ** (യജുർവേദം 1.11)

10) **യജ്ഞോ വൈ സുമ്നമ്**
(യജുർവേദം 12.67; ശതപഥബ്രാഹ്മണം 7.2.2.4)

11) **യജ്ഞോ വൈ ശ്രേഷ്ഠതമം കര്മ**
(യജുർവേദം 1.1, ശതപഥബ്രാഹ്മണം 1.7.1.5)

12) **യജ്ഞോ വൈ വിശോ. യജ്ഞേ ഹി സർവാണി ഭൂതാനി വിഷ്ടാനി**

(ശതപഥബ്രാഹ്മണം 8.7.3)

13) **ബ്രഹ്മ ഹി യജ്ഞഃ** (ശതപഥബ്രാഹ്മണം 3.1.4.15)

14) **യജ്ഞോ വൈ ഭുവനജ്യേഷ്ഠഃ** (കൗഷീതകിബ്രാഹ്മണം 15.11)

15) **യജ്ഞോ വൈ ഭുവനസ്യ നാഭിഃ** (തൈത്തിരീയ ബ്രാഹ്മണം 3.9.5.5)

16) **രേതോ വാ അത്ര യജ്ഞഃ** (ശതപഥം 7.3.2.9)

17) **യജ്ഞോ വാ അവതി** (താണ്ഡ്യബ്രാഹ്മണം 6.4.5)

18) **ഭൈഷജ്യയജ്ഞാ വാ ഏതേ തസ്മാദൃതുസന്ധിഷ്ഠ പ്രയുജ്യന്തേ. ഋതുസന്ധിഷു വൈ വ്യാധിർജായതേ**

(ഗോപഥബ്രാഹ്മണോപനിഷത്ത് 1.19; കൗശീതകീ ബ്രാഹ്മണം 5.1)

അർഥം: അധ്വരം അഥവാ അഹിംസ യജ്ഞമാകുന്നു. നമ്രത യജ്ഞമാകുന്നു. യജ്ഞം അന്നത്തെ തരുന്നതാണ്. യജ്ഞം എല്ലാ പ്രാണികൾക്കും ഭോജനം നൽകുന്നു. യജ്ഞം ഐശ്വര്യവും സൗഭാഗ്യവുമാണ്. യജ്ഞം സത്യത്തിന്റെ മൂലമാകുന്നു. യജ്ഞം മാധുര്യമാണ്, മഹിമയാണ്, ആത്മതേജസ്സാണ്, സുഖമാണ്, യജ്ഞം അതിശ്രേഷ്ഠമായ കർമവുമാണ്. എല്ലാ ഭൂതങ്ങളും യജ്ഞത്തിൽ വസിക്കുന്നു. യജ്ഞം ജ്ഞാനമാണ്. ഭുവനത്തിൽ ശ്രേഷ്ഠമായത് യജ്ഞമാണ്. യജ്ഞം എല്ലാ സൃഷ്ടിയുടെയും കേന്ദ്രമാകുന്നു. യജ്ഞം വീര്യമായ പരാക്രമവുമാണ്. യജ്ഞം രക്ഷ നൽകുന്നതാണ്. ഈ യജ്ഞം ഓഷധികൾക്കുവേണ്ടിയുള്ളതാണ്. അതിനാൽ ഋതുസന്ധിവേളയിൽ ചെയ്യുന്നതാണ്. കാരണം ഋതുസന്ധികളിൽ രോഗമുണ്ടാകുന്നു.

ഇങ്ങനെ അനേകം സ്ഥലങ്ങളിൽ യജ്ഞത്തിനെ 'കാമധുക്' ആയി ഋഷിമാർതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ ഗീതയുടെ നവീനരായ ചില വ്യാഖ്യാതാക്കൾ മുൻപും പിൻപും നോക്കാതെ, ചുക്കോ ചുണ്ണാമ്പോ എന്നറിയാതെ യജ്ഞത്തെ എതിർക്കാറുണ്ട്. യജ്ഞമെന്ന ശബ്ദം കേൾക്കുമ്പോൾ കലികയറുന്നവരുമുണ്ട്. യജ്ഞത്താൽ നിർമല ബുദ്ധി ഉണ്ടാകുമെന്ന് തീർച്ചയാണെന്ന് ഋഷിമാരും പറയുന്നു. ഗീത

എഴുതിയ വ്യാസന്റെ ശിഷ്യനായ ജൈമിനിയാണ് ദ്രവ്യയജ്ഞത്തിന്റെ പരമശാസ്ത്രമായ മീമാംസാ ദർശനമെഴുതിയതെന്ന് മറക്കരുത്. മനു വേദാവതരണത്തെ യജ്ഞമായി ചിത്രീകരിക്കുന്നു.

**അഗ്നിവായുരവിഭ്യസ്തു ത്രയം ബ്രഹ്മം സനാതനമ്**
**ദുദോഹ യജ്ഞസിദ്ധ്യർഥമൃഗ്യജുഃസാമലക്ഷണമ്.**

(മനുസ്മൃതി 1.23)

അർഥം: ആ ബ്രഹ്മത്തിൽനിന്ന് യജ്ഞത്തിനായി അഗ്നി, വായു, രവി തുടങ്ങിയവരിൽ യഥാക്രമം, ഋക്ക്, യജുസ്സ്, സാമം എന്നിങ്ങനെ ത്രിവിധജ്ഞാനത്തോടുകൂടിയ ചതുർവേദങ്ങൾ അഭിവ്യഞ്ജമായി.

അങ്ങനെ പ്രജാപതിയിൽനിന്നാരംഭിച്ച യജ്ഞത്തിന്റെ, ഫലത്തെക്കുറിച്ച് ശ്രീകൃഷ്ണൻ വീണ്ടും പറയുന്നത് കാണുക:

12. **ഇഷ്ടാൻ ഭോഗാൻ ഹി വോ ദേവാ ദാസ്യന്തേ യജ്ഞഭാവിതാഃ**
**തൈർദത്താനപ്രദായൈഭ്യോ യോ ഭുങ്ക്തേ സ്തേന ഏവ സഃ.**

13. **യജ്ഞശിഷ്ടാശിനഃ സന്തോ മുച്യന്തേ സർവകില്ബിഷൈഃ**
**ഭുഞ്ജതേ തേ ത്വഘം പാപാ യേ പചന്ത്യാത്മകാരണാത്.**

*അർഥം: യജ്ഞത്താൽ സന്തുഷ്ടരായ ദേവതകൾ ആഗ്രഹിച്ച ഭോഗങ്ങളെ തരുന്നു. ദേവന്മാർ പ്രദാനം ചെയ്തവയിൽ അല്പംപോലും തിരിച്ചുനൽകാതെ സ്വയം ഭോഗിക്കുന്നവർ കള്ളന്മാരാണ്. (12)*

*യജ്ഞശേഷം ബാക്കി വരുന്നത് ഭുജിക്കുന്ന സജ്ജനങ്ങൾ സർവ പാപങ്ങളിൽനിന്നും മുക്തരാകുന്നു. എന്നാൽ അവരവർക്കുവേണ്ടി മാത്രം അന്നം പാകം ചെയ്യുന്നവർ പാപത്തെയാണ് ഭുജിക്കുന്നത്. (13)*

ഭാഷ്യം: വായു, ജലം, അഗ്നി, ഭൂമി, ആകാശം എന്നീ പഞ്ചഭൂതങ്ങൾ ജഡദേവതകളാണ്. ഇവ നിർമലമാക്കി വെക്കേണ്ടത് ഓരോ മനുഷ്യന്റെയും കടമയാണ്. അച്ഛൻ, അമ്മ, ആചാര്യൻ എന്നിവർ ചേതന ദേവതകളാണ്. അവരെ ശ്രദ്ധാപൂർവം തൃപ്തിപ്പെടുത്തുന്നത് ശ്രാദ്ധവും തർപ്പ

ണവുമാകുന്നു. ഇങ്ങനെ പ്രതിദിനം ജഡചേതന ദേവതകളെ തൃപ്തിപ്പെടുത്താതെ സ്വയം തിന്നു കുടിച്ചു വീർക്കുന്നവർ പാപത്തെയാണ് ഉണ്ണുന്നതെന്നർഥം. ഗൃഹസ്ഥൻ പഞ്ചമഹായജ്ഞങ്ങളനുഷ്ഠിച്ച ശേഷമേ ഭക്ഷണം കഴിക്കാൻ പാടുള്ളൂ എന്ന് മനുസ്മൃതി തെളിവ് തരുന്നു. അടുപ്പ്, അരകല്ല്, ചൂല്, ഉരൽ, നീർക്കുടം എന്നിവ അഞ്ചും ഗൃഹസ്ഥന് ഹിംസാസ്ഥാനങ്ങളാണ്. അതിനുള്ള പരിഹാരമെന്നോണം ചെയ്യുന്നതാണ് പഞ്ചമഹായജ്ഞമെന്ന് മഹർഷി മനു പറയുന്നു.[5] മാത്രമല്ല,

**ദേവതാ$f$തിഥിഭൃത്യാനാം പിതൄണാമാത്മനശ്ച യഃ**
**ന നിർവപതി പഞ്ചാനാമുച്ഛ്വസൻ ന സ ജീവതി.** (മനുസ്മൃതി 3.72)

ദേവതകൾക്കും, അതിഥികൾക്കും സേവകന്മാർക്കും പിതൃക്കൾക്കും തനിക്കും എന്നിങ്ങനെ അഞ്ചുപേർക്കും അന്നാദികൾ നൽകാത്തവൻ ശ്വാസോച്ഛ്വാസം ചെയ്യുന്നെങ്കിലും ജീവിക്കുന്നില്ല. ഈ കാഴ്ചപ്പാട് മഹർഷി മനുവിന്റെ സ്വന്തമല്ല. വേദത്തിൽനിന്ന് കടംകൊണ്ടതാണ്.

ഋഗ്വേദം ഉപദേശിക്കുന്നത് കാണുക:

**മോഘമന്നം വിന്ദതേ അപ്രചേതാഃ സത്യം ബ്രവീമി വധ ഇത്സ തസ്യ**
**ന അര്യമണം പുഷ്യതി നോ സഖായം കേവലാഘോ ഭവതി കേവലാദീ.**

(ഋഗ്വേദം 10.117.6)

അർഥം: സ്വന്തം സുഹൃത്തുക്കളെയും സജ്ജനങ്ങളെയും പോഷിപ്പിക്കാതെ കേവലം തനിക്കുവേണ്ടി ആഹരിക്കുന്നവന്റെ ധനം ധനമല്ല. സത്യമായി ഞാൻ പറയട്ടെ, അതവന്റെ മരണമാണ്.

ഇത്യാദി വേദവചനങ്ങൾകൂടി പ്രമാണമായി എടുക്കുമ്പോൾ ശ്രീകൃഷ്ണന്റെ വചനങ്ങൾ വൈദിക പരമ്പരാപ്രോക്തമാണെന്ന് തെളിയുന്നു.

**14. അന്നാദ് ഭവന്തി ഭൂതാനി പർജന്യാദന്നസംഭവഃ**
**യജ്ഞാദ് ഭവതി പർജന്യോഃ യജ്ഞഃ കർമസമുദ്ഭവഃ.**

5. മനുസ്മൃതി 3.68

**15. കർമ ബ്രഹ്മോദ്ഭവം വിദ്ധി ബ്രഹ്മാക്ഷരസമുദ്ഭവം**
**തസ്മാത് സർവഗതം ബ്രഹ്മ നിത്യം യജ്ഞേ പ്രതിഷ്ഠിതമ്.**

*അർഥം: പ്രാണികൾ അന്നത്തിൽനിന്നുണ്ടാകുന്നു. അന്നമുണ്ടാകുന്നതാകട്ടെ പർജന്യത്തിൽനിന്നും. പർജന്യം അഥവാ മേഘം വിവിധ ശക്തികളുടെ കൂട്ടായ്മ (യജ്ഞം) കൊണ്ടും ഉണ്ടാകുന്നു. ഈ കൂട്ടായ്മ ഉണ്ടാകുന്നതാകട്ടെ വിഭിന്നങ്ങളായ കർമങ്ങളിൽനിന്നുമാണ്. (14)*
*കർമങ്ങൾ വേദങ്ങളിൽനിന്ന് ഉണ്ടാകുന്നു. വേദജ്ഞാനമാകട്ടെ ഒരിക്കലും നശിക്കാത്ത ഈശ്വരനിൽനിന്നുണ്ടാകുന്നു. ഇങ്ങനെ സർവവ്യാപകമായ വേദം നിത്യവും യജ്ഞത്തിനടുത്തുതന്നെ നിലയുറപ്പിച്ചിരിക്കുന്നു. (15)*

ഭാഷ്യം: ഈ രണ്ടു ശ്ലോകങ്ങളിൽ മർമപ്രധാനമായ ശബ്ദം '**സർവഗതം ബ്രഹ്മ**' എന്നതാണ്. ബ്രഹ്മശബ്ദം ഇവിടെ വേദത്തെ കുറിക്കുന്നതാണ്. വേദങ്ങളിലെ മന്ത്രങ്ങൾ സർവവ്യാപിയാണ്. കാരണം വേദം നൽകിയ ഈശ്വരൻ സർവവ്യാപിയാണ്. അഥർവവേദത്തിൽ ഇതിന് പ്രമാണമുണ്ട്.

**അന്തി സന്തം ന ജഹാത്യന്തി സന്തം ന പശ്യതി**
**ദേവസ്യ പശ്യ കാവ്യം ന മമാര ന ജീര്യതി.**

(അഥർവവേദം 10.8.32)

അർഥം: അത്യന്തം അരികത്തും നമ്മുടെ ഓരോരുത്തരുടെയും ഉള്ളിലും ഇരുന്നു വാഴുന്ന ഭഗവാനെ കണ്ണുകൊണ്ടു കാണാനാവില്ല. ആ ഈശ്വരന്റെ കൃതിയായ വേദവും പ്രപഞ്ചവും കാണുക. അതൊരിക്കലും മരിക്കുന്നില്ല, ജീർണിക്കുന്നുമില്ല.

വേദം ഭാരതീയ ദർശനങ്ങളെ സംബന്ധിച്ചിടത്തോളം സ്വതഃപ്രമാണമാണ്. സൂര്യനെ കാണാൻ പന്തം കൊളുത്തി നോക്കേണ്ട ആവശ്യമില്ലല്ലോ. വേദമൊഴികെയുള്ള മറ്റു ശാസ്ത്രങ്ങൾ പരതഃപ്രമാണങ്ങൾ മാത്രമാണ്. അതായത് സൂര്യനെ ആശ്രയിച്ച് ചന്ദ്രൻ നിൽക്കുന്നതുപോ

ലെ. അതിനാൽ ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുക്കൾ, സാംഖ്യവൈശേഷിക വേദാന്താദി ദർശനങ്ങൾ, സൂത്രഗ്രന്ഥങ്ങൾ എന്നിവയെല്ലാം പരതഃപ്രമാണങ്ങളാണ്. ഈശ്വരൻ സർവവ്യാപിയാകയാൽ അവന്റെ ജ്ഞാനവും സർവവ്യാപിയാണെന്നാണ് ഗീതയിൽ ഭഗവാൻ '**സർവഗതം ബ്രഹ്മ**' എന്ന പ്രയോഗത്തിലൂടെ ചൂണ്ടിക്കാണിക്കുന്നത്.

വേദമഹിമയെക്കുറിച്ച് വ്യാസഭഗവാൻതന്നെ മഹാഭാരതത്തിൽ മറ്റൊരിടത്ത് വിവരിച്ചിട്ടുണ്ട്. കാണുക:

**അനാദിനിധനാ നിത്യാ വാഗുത്സൃഷ്ടാ സ്വയം ഭൂവാ**
**ആദൗ വേദമയീ നിത്യാ യതഃ സർവാഃ പ്രവൃത്തയഃ.**

(മഹാഭാരതം 12.232.24)

അർഥം: സൃഷ്ടിയുടെ തുടക്കത്തിൽ സ്വയംഭൂവായ ഈശ്വരൻ നിത്യമായ വേദത്തെ പ്രകാശിപ്പിച്ചു. ആ വേദങ്ങളാണ് മനുഷ്യരുടെ എല്ലാ പ്രവൃത്തികളുടെയും ഉറവിടവും വഴികാട്ടിയും.

14-ാം ശ്ലോകത്തിലെ യജ്ഞസംബന്ധമായ ഈ കാഴ്ചപ്പാട് ശതപഥബ്രാഹ്മണത്തിൽനിന്നും പൂർവമീമാംസയിൽനിന്നുമാണ് ഭഗവാൻ ഇവിടെ സ്വീകരിച്ചത്. ശതപഥബ്രാഹ്മണം പറയുന്നത് കാണുക:

**അഗ്നേര്വൈ ധൂമോ ജായതേ ധൂമാദഭ്രമഭ്രാദ് വൃഷ്ടിരഗ്നേര്വാ**
**ഏതേ ജായന്തേ തസ്മാദാഹ തപോജാ ഇതി.**

അർഥം: അഗ്നിയിൽനിന്ന് ധൂമവും ആവിയും ഉദ്ഭവിക്കുന്നു. പദാർഥങ്ങളിൽ കടന്ന്, അവയെ പിളർന്ന് ചെറിയ അംശങ്ങളാക്കുകയാണ് അഗ്നിയുടെ സ്വഭാവം. ഈ ചെറിയ അംശങ്ങൾ വായുവിലും ആകാശത്തിലും വ്യാപിക്കുന്നു. ഇതുമൂലം ആകാശത്ത് ജലസഞ്ചയം രൂപംകൊള്ളുന്നു. അപ്പോൾ മേഘം ഘനമായി, വായു ജലത്തോടുകൂടിയതായിത്തീർന്ന് വൃഷ്ടി ചൊരിയുന്നു.

ഈ കാഴ്ചപ്പാട് ഏറ്റെടുത്ത പൂർവമീമാംസയുടെ ആചാര്യൻ ജൈമിനി പറയുന്നതുകൂടി കേൾക്കുക:

1. **ദ്രവ്യസംസ്കാരകര്മസു പരാര്ഥത്വാത് ഫലശ്രുതിരര്ഥവാദഃ സ്യാത്.**

(മീമാംസാദർശനം 4.3.1)

2. **ദ്രവ്യാണാം തു ക്രിയാര്ഥാനാം സംസ്കാരഃ ക്രതു ധര്മഃ സ്യാത്.**

(മീമാംസാദർശനം 4.3.8)

അർഥം: ദ്രവ്യം, സംസ്കാരം, കർമം എന്നിവ മൂന്നും യജ്ഞകർത്താവിന് വേണ്ട രീതിയിൽ പ്രയോഗിക്കാവുന്നതാണ്. നേരത്തെ പറഞ്ഞ ഇഷ്ടം, മിഷ്ടം, പുഷ്ടം തുടങ്ങിയ ഗുണങ്ങളുള്ള ദ്രവ്യങ്ങൾ സംഭരിച്ച് അവകൊണ്ട് യജ്ഞം നടത്തുന്നത് ഉത്തമഗുണങ്ങൾ നേടുന്നതിന് സഹായകമായിത്തീരുന്നു.

അന്നത്തിൽനിന്നാണ് ഭൂതങ്ങളുണ്ടാകുന്നത് എന്ന കാഴ്ചപ്പാട് ആമ്നായത്തിലും (വേദം) ഉപനിഷദാദി ശ്രുതികളിലും അസംഖ്യം തവണ പ്രഖ്യാപിച്ചതാണ്. ഐതരേയോപനിഷത്തിൽ '**അജായതാന്നം വൈ തത്**' (3.2) തൈത്തിരീയത്തിൽ '**അന്നാദ്വൈ പ്രജാഃ പ്രജായന്തേ**' എന്നിങ്ങനെ അനേകം ഇടങ്ങളിൽ ഈദൃശ വിവരണങ്ങൾ കാണാം. പർജന്യമെന്നത് കേവലം മഴ എന്നർഥത്തിൽ എടുക്കരുത്. സൃഷ്ടിപ്രക്രിയയുടെ ഭാവങ്ങൾകൂടി പർജന്യത്തിൽ ഉണ്ട്. '**പർജന്യേഷ്ടി**' എന്നൊരു ഇഷ്ടിയെക്കുറിച്ച് ശതപഥബ്രാഹ്മണത്തിലും പറയുന്നു.(6) അത് മഴ പെയ്യിക്കുന്നതിനുള്ള ഇഷ്ടിയാണ്.

ഗീതയുടെ ഈ അധ്യായത്തിൽ 10 മുതൽ 15 വരെയുള്ള ആറു ശ്ലോകങ്ങളിൽ വിശ്വവ്യാപിയായ യജ്ഞചക്രത്തെക്കുറിച്ചാണ് വർണിച്ചിട്ടുള്ളത്. ഇതാകട്ടെ പരമാത്മാവിനാൽ ചലിക്കുന്നതുമാണ്. ഈ യജ്ഞചക്രത്തിൽ മനുഷ്യരിൽനിന്ന് ഭിന്നമായ എല്ലാ പ്രാണികളും നിയമാനുസരണം പരമേശ്വരനാൽ ചലിക്കപ്പെടുന്നു. എന്നാൽ മനുഷ്യന് വിശേഷബുദ്ധിയുണ്ട്. അതിനാൽ ഈ യജ്ഞചക്രത്തിന് അനുകൂലമായ ആചരണങ്ങൾ പാലിക്കുകയാണെങ്കിൽ അവന് സുഖം ലഭിക്കും. ഏറ്റവും ഒടുവിൽ മോക്ഷവും. പ്രതികൂലമാണെങ്കിൽ സുഖം ലഭിക്കുകയുമില്ല.

---

6. ശതപഥബ്രാഹ്മണം 1.5.2.19

ഉന്നതാവസ്ഥ കൈവരിക്കാനുമാവില്ല. അതിനാൽ ഭഗവാൻ പറയുകയാണ്:

**16. ഏവം പ്രവർതിതം ചക്രം നാനുവർതയതീഹ യഃ**
**അഘായുരിന്ദ്രിയാരാമോ മോഘം പാർഥ സ ജീവതി.**

*അർഥം: ഹേ പാർഥ, ഇങ്ങനെ ചലിക്കുന്ന യജ്ഞചക്രത്തിന് അനുകൂലമായി ആചരിക്കാത്തവർ ഇന്ദ്രിയങ്ങളെ വിഷയങ്ങളിലേക്ക് തള്ളിവിട്ട് പാപികളായിത്തീരുന്നു. അവരുടെ ജീവിതം വ്യർഥമായിത്തീരുന്നു.*

ഭാഷ്യം: ഇവിടെ സംസാരചക്രമെന്നതുകൊണ്ട് അർഥമാക്കുന്നതെന്താണെന്ന് നോക്കാം. പരമാത്മാവിൽനിന്ന് വേദമുണ്ടാകുന്നു. വേദങ്ങളിൽനിന്ന് കർമവും അതിൽനിന്ന് യജ്ഞവുമുണ്ടാകുന്നു. യജ്ഞത്തിൽനിന്ന് മേഘാദികൾ ഉണ്ടാകുന്നു. അതിൽനിന്ന് അന്നവും അന്നത്തിൽനിന്ന് പ്രാണികളുമുണ്ടാകുന്നു. ഈ സമ്പൂർണചക്രം പരമാത്മാവിന്റെ വേദരൂപിയായ ആജ്ഞയ്ക്കധീനമായിക്കണ്ടുകൊണ്ട് പാലിക്കുക എന്നത് സർവരുടെയും കർത്തവ്യമാണെന്ന് ഭഗവാൻ ശ്രീകൃഷ്ണൻ ഈ ശ്ലോകത്തിൽ പറയുന്നു.

എന്നാൽ, ഛാന്ദോഗ്യം തുടങ്ങിയ ശ്രുതികളിൽ ചില വർണനകളുണ്ട്. "ആത്മാവ് താഴെയും മുകളിലുമുണ്ട്. മുന്നിലും പിന്നിലുമുണ്ട്. ദക്ഷിണ - ഉത്തരദിശകളിലുമുണ്ട്. ഇങ്ങനെ സർവത്ര ആത്മാവിനെ ദർശിക്കുകയും അതിൽതന്നെ രമിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നവർ, സ്വയം രാജാക്കന്മാരായി എല്ലാ ലോകങ്ങളിലും സഞ്ചരിക്കുകയും ചെയ്യുന്നു".[7] അത്തരം സ്വതന്ത്രചാരികളായവർ പൂർവോക്തമായ യജ്ഞചക്രം കർത്തവ്യമായി പാലിക്കേണ്ടതുണ്ടോ എന്ന ചോദ്യത്തിനുത്തരമാണ് അടുത്ത ശ്ലോകം.

**17. യസ്ത്വാത്മരതിരേവ സ്യാദാത്മതൃപ്തശ്ച മാനവഃ**
**ആത്മന്യേവ ച സന്തുഷ്ടസ്തസ്യ കാര്യം ന വിദ്യതേ.**

---

7. ഛാന്ദോഗ്യോപനിഷത്ത് 7.25.2

**18. നൈവ തസ്യ കൃതേനാർഥോ നാകൃതേനേഹ കശ്ചന
ന ചാസ്യ സർവഭൂതേഷു കശ്ചിദർഥവ്യപാശ്രയഃ.**

**19. തസ്മാദസക്തഃ സതതം കാര്യം കർമ സമാചര
അസക്തോ ഹ്യാചരൻ കർമ പരമാപ്നോതി പൂരുഷഃ.**

*അർഥം: എന്നാൽ പരമാത്മാവിൽതന്നെ പ്രീതിയുറപ്പിച്ച് പരമാത്മാവിൽതന്നെ തൃപ്തരും സന്തുഷ്ടരുമായിരിക്കുന്നവർക്ക് ഒരു കർത്തവ്യവും ബാക്കിയായിട്ടില്ല. (17)*
*ആ വ്യക്തിക്ക് കർത്തവ്യങ്ങളിൽനിന്ന് ഒരു പ്രയോജനവും നേടാനില്ല. ചെയ്ത കർമങ്ങളിൽനിന്ന് പ്രയോജനപ്പെടുത്താനും ഒന്നുമില്ല. അദ്ദേഹത്തിന് ഇക്കാണുന്ന പ്രാണികളിൽനിന്ന് ഒരു സ്വാർഥവും നേടാനുമില്ല. (18)*
*ഈ കാരണങ്ങളാൽ നീ സംഗരഹിതനായി, നിരന്തരം കർത്തവ്യകർമങ്ങൾ ചെയ്യുക. കാരണം മോഹരഹിതനായിരിക്കുന്നവൻ കർമങ്ങൾ ചെയ്താലും പരമപദമായ മോക്ഷം കൈവരിക്കുമെന്നർഥം. (19)*

ഭാഷ്യം: ശ്രേഷ്ഠമായ അവസ്ഥ, മുക്തി, പരമപദം, പരമാനന്ദം, ആത്മസന്തുഷ്ടി എന്നിവ ആർക്കും നേടാവുന്നതാണ്. അതിന് അനാസക്തമായ കർമം ചെയ്യണം. ഭോഗങ്ങളിൽ ലീനരാകുമ്പോഴും എത്രമാത്രം അനാസക്തമായി അതു ചെയ്യാൻ കഴിയുമോ അത്രമാത്രം ഉന്നതി കൈവരിക്കാൻ സാധിക്കും. ഫലത്തിൽ ആസക്തി ഇല്ലെങ്കിൽ മനുഷ്യർ കർമം ചെയ്യുകയില്ലെന്നു കരുതുന്നവരുണ്ട്. സാധാരണ ഭോഗികൾ ഒരുപക്ഷേ അങ്ങനെ ആയിരിക്കാം. എന്നാൽ സാധനയുടെ ഉച്ചകോടിയിലെത്തിയവർക്ക് ആസക്തി വെടിഞ്ഞുതന്നെ കർമങ്ങൾ ചെയ്യുവാൻ കഴിയും.

**20. കർമണൈവ ഹി സംസിദ്ധിമാസ്ഥിതാ ജനകാദയഃ
ലോകസംഗ്രഹമേവാപി സംപശ്യൻ കർതുമർഹസി.**

*അർഥം: ജനകൻ തുടങ്ങിയവർ കർമത്തിലൂടെതന്നെയാണ് സിദ്ധി കൈവരിച്ചത്. അവരെപ്പോലെ ലോകനിലനില്പിനെ കരുതി നീയും കർമം ചെയ്യാൻ യോഗ്യനാണ്. (20)*

ഭാഷ്യം: കഴിഞ്ഞ ശ്ലോകത്തിൽ അനാസക്തിയോടെ കർമം ചെയ്യാൻ ഉപദേശിച്ചു. ഉപദേശം കേട്ടതുകൊണ്ടുമാത്രം ഒരാളിൽ മാറ്റം ഉണ്ടായി ക്കൊള്ളണമെന്നില്ല. അതിനാൽ ജനകൻ തുടങ്ങിയ രാജാക്കന്മാരെ ഉദാ ഹരിച്ചു പറയുകയാണ് ഭഗവാനിവിടെ. 'തസ്യ കാര്യം ന വിദ്യതേ'യെന്ന് 17-ാം ശ്ലോകത്തിൽ പറഞ്ഞിരുന്നുവല്ലൊ. ആത്മതൃപ്തന് കർമങ്ങ ളൊന്നും ഇല്ലെന്ന് അവിടെ സൂചിപ്പിച്ചു. ഈദൃശ ശ്ലോകങ്ങളുടെ മറ വിൽ കർമമേ ചെയ്യേണ്ടെന്ന വാദം പ്രചരിക്കുമെന്ന് ഭഗവാന് അറിയാ മെന്നതുകൊണ്ടായിരിക്കാം ജനകൻ തുടങ്ങിയ രാജാക്കന്മാരുടെ ഉദാ ഹരണം ഇവിടെ എടുത്തുകാണിച്ചത്. ഇതുംകൂടാതെ ചിലർ ബ്രാഹ്മണ നൊഴിച്ചുള്ളവർക്കൊന്നും സംന്യാസം വിധിച്ചിട്ടില്ലാത്തതിനാലാണ് ജന കനെ ഉദാഹരിച്ചതെന്ന് അഭിപ്രായപ്പെടുന്നു. ഇത് പാടേ പൊളിയാണ്. അത്തരത്തിലൊരു വിവേചനവും സംന്യാസത്തിന് വിധിച്ചിട്ടില്ല. ഇവിടെ ജനകാദികളെ ഉദാഹരിച്ചതെന്തുകൊണ്ടാണെന്നറിയാൻ അടുത്ത ശ്ലോകം പഠിക്കുക:

**21. യദ്യദാചരതി ശ്രേഷ്ഠസ്തത്തദേവേതരോ ജനഃ**
**സ യത് പ്രമാണം കുരുതേ ലോകസ്തദനുവർതതേ.**

*അർഥം: ശ്രേഷ്ഠപുരുഷന്മാർ എന്തെല്ലാം ആചരിക്കുന്നുവോ അവ അന്യരും അനുവർത്തിക്കുന്നു (അനുകരിക്കുന്നു). അവർ എന്തു പ്രമാണമായി പറയുന്നുവോ അതുതന്നെ മറ്റുള്ള വരും അനുകരിക്കുന്നു.*

ഭാഷ്യം: ശ്രേഷ്ഠപുരുഷരെ ലോകം അനുകരിക്കുന്നു. അതിനാൽ അവ രിൽ ഉണ്ടാകുന്ന ചെറിയ ദോഷംപോലും അനുയായികളിൽ വലുതായ പ്രഭാവമാണ് ഉണ്ടാക്കുന്നത്. അതിനാലാണ് ഉദാഹരണമായി ജനകരാ ജാവിനെ ചൂണ്ടിക്കാട്ടിയത്. തൈത്തിരീയം തുടങ്ങിയ ശ്രുതികളിലും ഇക്കാര്യം സൂചിപ്പിക്കുന്നുണ്ടല്ലൊ.

**യാന്യനവദ്യാനി കർമാണി, താനി സേവിതവ്യാനി**
**നോ ഇതരാണി...... തഥാ തത്രവർതേഥാഃ.**

(തൈത്തിരീയ ഉപനിഷത്ത് ശിക്ഷാവല്ലി 11.2-4)

അർഥം: 'ഞങ്ങളിലെ അനിന്ദ്യങ്ങളായ കർമങ്ങളെ നിങ്ങൾ സേവിക്കുക. നിന്ദാകർമങ്ങൾ ഒരിക്കലും അനുകരിക്കരുതേ, ഞങ്ങൾ സുചരിതരാണെങ്കിൽ അതിനെ നിങ്ങൾ ഉപാസിക്കുക, ഞങ്ങളിലെ കുചരിതങ്ങളെ ഒരിക്കലും അനുകരിക്കരുത്. കർമത്തിലോ ആചരണങ്ങളിലോ വല്ല സംശയവും വന്നുപെട്ടാൽ ധാർമികരായ പുരുഷർ എങ്ങനെ ആചരിക്കുന്നുവോ അതുതന്നെ നിങ്ങളും ചെയ്യുക.' ഈ ഉപനിഷദ്വാക്യമാണ് ഭഗവാൻ ഇവിടെ സൂചിപ്പിച്ചത്.

**22. ന മേ പാർഥാസ്തി കർതവ്യം ത്രിഷു ലോകേഷു കിഞ്ചന**
**നാനവാപ്തമവാപ്തവ്യം വർത ഏവ ച കർമണി.**

**23. യദി ഹ്യഹം ന വർതേയം ജാതു കർമണ്യതന്ദ്രിതഃ**
**മമ വർത്മാനുവർതന്തേ മനുഷ്യാഃ പാർഥ സർവശഃ.**

**24. ഉത്സീദേയുരിമേ ലോകാ ന കുര്യാം കർമ ചേദഹമ്**
**സംകരസ്യ ച കർതാ സ്യാമുപഹന്യാമിമാഃ പ്രജാഃ.**

*അർഥം: ഹേ പാർഥാ! നോക്കൂ, എനിക്ക് ഈ മൂന്നു ലോകങ്ങളിലും വിശേഷമായ കർത്തവ്യങ്ങളൊന്നും ചെയ്യാനില്ല. ലഭിക്കാത്ത വസ്തുക്കളോ, നേടേണ്ട വസ്തുക്കളോ ഇല്ല. എന്നിട്ടും ഞാൻ കർമം ചെയ്തുകൊണ്ടേയിരിക്കുന്നു. (22)*
*ഞാൻ ആലസ്യംവിട്ട് കർമങ്ങളിൽ മുഴുകുന്നില്ലെങ്കിൽ, ഹേ പാർഥാ! മാലോകരും എല്ലാ തരത്തിലും എന്റെ മാർഗത്തിൽ ചരിക്കാൻ തുടങ്ങും. (23)*
*ഞാൻ കർമമൊന്നും ചെയ്യുന്നില്ലെങ്കിൽ ഈ ലോകം നശിക്കുകയും മാലോകർ ഭ്രഷ്ടരാവുകയും ചെയ്യും. ഞാൻ വർണ-ആശ്രമ സങ്കരധർമത്തിന്റെ കർത്താവായി പ്രജകളെ നശിപ്പിക്കുന്നവനായിത്തീരും. (24)*

ഭാഷ്യം: ജനകന്റെ ഉദാഹരണത്തിനുശേഷം യോഗേശ്വരനായ ശ്രീകൃഷ്ണൻ സ്വന്തം ഉദാഹരണം എടുത്തുകാണിക്കുകയാണ്. അദ്ദേഹത്തിനും ഈ മൂന്ന് ലോകങ്ങളിൽ പ്രത്യേകിച്ച് കർമങ്ങളൊന്നും ചെയ്യാ

നില്ല. എന്നിട്ടുകൂടി കർമം ചെയ്യുന്നു. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ലോകം നശിക്കും. അഭ്യുദയവും നിഃശ്രേയസ്സുമാകുന്ന രണ്ടു മാർഗ ങ്ങളും യോഗസിദ്ധിയാൽ നേടിയവനാണ് ശ്രീകൃഷ്ണൻ. തന്റെ ഉദാ ഹരണം പ്രത്യക്ഷമാകയാൽ അർജുനൻ അതു സ്വീകരിക്കുമെന്ന് ശ്രീകൃ ഷ്ണനറിയാമായിരുന്നു. തന്റെ കർമമെന്തോ അതു ചെയ്യാതെ മറ്റൊന്ന് സ്വീകരിച്ചാൽ ജനം അത് പിന്തുടരുമെന്ന് ഭഗവാൻ പറയുന്നു. ഭഗവാൻ സ്വജീവിതത്തിൽ നടപ്പിലാക്കിയ കാര്യമാണ് അർജുനന് ഉപദേശിക്കു ന്നത്.

**25. സക്താഃ കർമണ്യവിദ്വാംസോ യഥാ കുർവന്തി ഭാരത**
**കുര്യാദ്വിദ്വാംസ്തഥാസക്തശ്ചികീർഷുർലോകസംഗ്രഹമ്.**

**26. ന ബുദ്ധിഭേദം ജനയേദജ്ഞാനാം കർമസംഗിനാമ്**
**ജോഷയേത് സർവകർമാണി വിദ്വാൻ യുക്തഃ സമാചരൻ.**

*അർഥം: ഹേ ഭാരത! അജ്ഞാനികൾ എങ്ങനെയാണോ ആസക്ത രായി കർമങ്ങൾ ചെയ്യുന്നത്, അതേപോലെ ലോകനന്മ ആഗ്രഹിക്കുന്ന തത്ത്വജ്ഞാനികളും ആസക്തി വെടിഞ്ഞ് പ്രവർത്തിക്കണം. (25)*

*വിദ്വാനായ മനുഷ്യൻ കർമങ്ങളിൽ ആസക്തരായ അജ്ഞാനികളിൽ ബുദ്ധിഭ്രമം ഉണ്ടാക്കരുത്. സ്വയം സമ ത്വബുദ്ധി എന്ന യോഗത്തെ ആചരിച്ച് എല്ലാവർക്കും പ്രീതി യുള്ള കർമങ്ങൾ ചെയ്യണം. (26)*

ഭാഷ്യം: ലോകസംഗ്രഹമെന്ന് ഇവിടെ പറഞ്ഞിരിക്കുന്നതിന് 'ലോക കല്യാണം, ജനതയുടെ രക്ഷ, രാഷ്ട്രീയ ഉന്നതി, മനുഷ്യരുടെ അഭ്യുദ യം, നിഃശ്രേയസ്സ്' എന്നൊക്കെയാണ് അർഥം. ജ്ഞാനികൾ ഇതി നൊക്കെവേണ്ടി പ്രവർത്തിക്കണം. അത് ആസക്തരായി കർമം അനു ഷ്ഠിക്കുന്നവരെപ്പോലെത്തന്നെ ചെയ്യണം. പക്ഷേ ആസക്തിയില്ലാതെ വേണമെന്നുമാത്രം.

അജ്ഞാനികൾ ഭോഗങ്ങൾക്കായി അത്യന്തം തത്പരരായി കർമം ചെയ്യുന്നു. അതിനു കാരണം ഭോഗേച്ഛയാണ്. എത്രകണ്ട് ഈ താത്പര്യം

കൂടുതലാണോ അത്രകണ്ട് താത്പര്യത്തോടെ കാര്യങ്ങൾ ഇക്കൂട്ടർ ചെയ്യും. ജ്ഞാനികളും ഇങ്ങനെത്തന്നെ ചെയ്യണം. എന്നാൽ സ്വാർഥതയുടെ കണികപോലും അതിലുണ്ടാകരുത്. ലോകത്തിന് നന്മ വരണമെന്ന ആഗ്രഹംകൊണ്ടുമാത്രമാകണം ആ ശ്രമം. അജ്ഞർ ആസക്തിയോടെ കർമം ചെയ്യുന്നു. എങ്കിലും അവരിൽ ബുദ്ധിഭ്രമം ഉണ്ടാക്കേണ്ടതില്ല. അജ്ഞാനംമൂലമുള്ള ആഗ്രഹത്തോടെയാണ് അവർ കർമങ്ങൾ ചെയ്യുന്നത്. അവർ തങ്ങളുടെ അനുഷ്ഠാനങ്ങൾ ഉപേക്ഷിക്കുന്ന തരത്തിലുള്ള ഉപദേശങ്ങൾ നൽകരുത്. ജ്ഞാനിയായ പുരുഷൻ എല്ലാവർക്കുമായി കർമങ്ങളെക്കുറിച്ച് യുക്തിപൂർവവും സന്മാർഗത്തിലേക്ക് നയിക്കുന്നതുമായ രീതിയിൽ ഉപദേശങ്ങൾ നൽകണം. അവരിൽ ശ്രദ്ധയും ഭക്തിയും നിറയ്ക്കണം. അതാണ് ശ്രീകൃഷ്ണൻ ഉപദേശിക്കുന്നത്. സ്വയം ആചരിക്കുന്നവയേ അന്യർ സ്വീകരിക്കുകയുള്ളൂ. ഒപ്പം ജീവിതത്തിൽ ആചരിച്ചുകൊണ്ട് മറ്റുള്ളവർക്ക് മാതൃകയാവുകയും വേണം. അങ്ങനെ ആ മാതൃക കണ്ട് അന്യരായ ആളുകൾ ആ വഴി സ്വീകരിക്കാൻ ഹേതുവാകണം.

**27. പ്രകൃതേഃ ക്രിയമാണാനി ഗുണൈഃ കർമാണി സർവശഃ**
**അഹങ്കാരവിമൂഢാത്മാ കർതാഹമിതി മന്യതേ.**

**28. തത്ത്വവിത്തു മഹാബാഹോ ഗുണകർമവിഭാഗയോഃ**
**ഗുണാ ഗുണേഷു വർതന്ത ഇതി മത്വാ ന സജ്ജതേ.**

*അർഥം: പ്രകൃതിയുടെ ഗുണങ്ങളാണ് സമസ്ത കർമങ്ങളും ചെയ്യുന്നതിനു പ്രേരണയായി നിൽക്കുന്നത്. എന്നാൽ അഹങ്കാരത്താൽ മൂഢനായ മനുഷ്യൻ "ഞാൻ ചെയ്യുന്നു"വെന്ന് കരുതുന്നു. (27)*

*എന്നാൽ ഹേ മഹാബാഹുവായ അർജുനാ, ഗുണവിഭാഗത്തിന്റെയും കർമവിഭാഗത്തിന്റെയും തത്ത്വങ്ങളെ അറിയുന്നവർ 'ഗുണങ്ങളാൽ കാര്യം നടക്കുന്നു'വെന്ന് അറിഞ്ഞ്, ആസക്തി വെടിയുന്നു. (28)*

ഭാഷ്യം: മനുഷ്യന്റെ എല്ലാ കർമങ്ങളും പ്രകൃതിക്ക് അധീനമാണ്. പ്രകൃതിയിലെ എല്ലാ പദാർഥങ്ങളും സത്ത്വരജസ്തമോഗുണങ്ങളോടുകൂടിയതാണ്. പദാർഥങ്ങളുടെ രസത്തിനും വിരസത്തിനും കാരണം ഈ ഗുണങ്ങളാണ്. അതിനാൽ ഇവയുടെ ഭോഗങ്ങളിൽ ഉള്ള രുചിക്കും അരുചിക്കും ഈ ഗുണങ്ങളാണ് കാരണമെന്നു മനസ്സിലാക്കാം. മധുരം-കയ്പ്, നല്ലത്-ചീത്തത് എന്നിവയെല്ലാം സത്ത്വരജസ്തമോഗുണങ്ങൾ കാരണമാണ് ഉണ്ടാകുന്നത്. മനുഷ്യർ ഇതിനെ ഭോഗിക്കുന്നതും ത്യജിക്കുന്നതും ഇതേ കാരണംകൊണ്ടാണ്. അതിനാൽ രാഗദ്വേഷാദി കാരണങ്ങൾ പ്രകൃതിയിൽ പ്രേരിതമായിട്ടാണ് ഉണ്ടാകുന്നത്. ഈ അനുഭവം ഏവർക്കുമുണ്ട്. ബുദ്ധി പ്രയോഗിക്കാതെ ഈ ഗുണങ്ങളെ ഭോഗിക്കുന്നവരും ത്യജിക്കുന്നവരും ഈ ഗുണങ്ങളിലാണ് ചെന്നുപെടുന്നത്. എന്നാൽ, അക്കാര്യം മനസ്സിലാക്കാതെ, ആത്മാവാണ് സ്വാമി എന്നു തിരിച്ചറിയാതെ, താനാണിതെല്ലാം ചെയ്യുന്നതെന്നു കരുതുന്നവർ മൂഢരാണ്. എന്നാൽ തത്ത്വവേത്താക്കളാകട്ടെ ആ ഗുണങ്ങളെയും അതിൽനിന്ന് ഉത്പന്നമാകുന്ന ഫലത്തെക്കുറിച്ചും മനസ്സിലാക്കുന്നു. അതിനാൽ അവർ ആ ഗുണങ്ങളിൽ ആസക്തരാകുന്നില്ല. അവർ ഗുണങ്ങളെ ഭോഗിക്കുന്നുണ്ടെങ്കിലും ഭോഗത്തിൽ വീഴുന്നില്ല. ഗുണങ്ങളുടെ രാഗങ്ങളിൽ പെടുന്നില്ലെന്നർഥം.

ഉദാഹരണത്തിന്, വീടുണ്ടാക്കുന്നുവെന്നു കരുതുക. വീട് നിർമിക്കുവാൻ ആശാരി, കൽപണിക്കാരൻ തുടങ്ങി നിരവധി പേരുടെ സഹായം വേണം. അതിനാൽ താനാണ് ഈ വീടിന്റെ കർത്താവ് **'കർതാ അഹം'** എന്ന വിചാരം കേവലം മൂഢമാണെന്ന് **(അഹങ്കാര-വി-മൂഢ-ആത്മാ)** ഭഗവാൻ അഭിപ്രായപ്പെട്ടു.

**29. പ്രകൃതേർഗുണസംമൂഢാഃ സജ്ജന്തേ ഗുണകർമസു**
**താനകൃത്സ്നവിദോ മന്ദാൻ കൃത്സ്നവിന്ന വിചാലയേത്.**

*അർഥം: മൂഢന്മാർ പ്രകൃതിയുടെ ഗുണങ്ങളിൽ മോഹിതരായി ഈദൃശ ഗുണങ്ങളിലും ഇതിൽനിന്ന് ഉത്പന്നമാകുന്ന കർമങ്ങളിലും ചെന്നുവീഴുന്നു. ജ്ഞാനികൾ അത്തരം തുച്ഛബുദ്ധികളെ വഴിതെറ്റിക്കരുത്.*

ഭാഷ്യം: പ്രകൃതിയുടെ ഗുണങ്ങളാൽ മോഹിതരായി നാനാവിധത്തിൽ ഭോഗൈശ്വര്യങ്ങൾ നേടുന്നതിനായി ധർമാചരണം ചെയ്യുന്നവരുണ്ട്. അത്തരത്തിൽ ഫലാസക്തരായി, സകാമമായി ശുഭകർമങ്ങൾ ചെയ്യുന്ന അജ്ഞാനികളും മന്ദഗതിയിലുള്ളവരുമായവരെ പൂർണജ്ഞാനികളായവർ വഴിതെറ്റിക്കരുത്.

വേദാധ്യയനം, യോഗാഭ്യാസം എന്നിവയിലൂടെ മാത്രമേ, പ്രകൃതിഗുണങ്ങളിൽനിന്ന് സംയമനം ചെയ്ത്, ചേതനമായ ജീവാത്മാവിന്റെ സ്വരൂപത്തെ അറിയാൻ കഴിയുകയുള്ളൂ. അജ്ഞാനികളായവർ സകാമമായി സത്കർമങ്ങൾ ചെയ്യുന്നുണ്ടെങ്കിൽ അവരെ വഴിതെറ്റിക്കരുതെന്ന് ഇവിടെ ഭഗവാൻ പറയുന്നു. അതിനർഥം അവർ തെറ്റ് തുടർന്നോട്ടെയെന്നാണോ?

അല്ല, അജ്ഞാനികൾക്ക് ശുഭകർമങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അറിവ് നൽകേണ്ടതില്ലെന്ന് അർഥമെടുക്കരുത്. ശുഭകർമങ്ങളുടെ അറിവ് വാരംവാരം അവർക്ക് പകർന്നുകൊടുത്തുകൊണ്ടേയിരിക്കണം. ധനം, ജീവിതവ്യവഹാരത്തിനുള്ള വസ്തുക്കൾ ഇവയെല്ലാം നമുക്ക് അനിവാര്യമാണ്. അതുണ്ടാക്കുന്നവരുടെ ശ്രദ്ധ നശിപ്പിക്കുകയല്ല ഭഗവാന്റെ ലക്ഷ്യമെന്ന് ഇവിടെ തുറന്നുപറയുകയാണ്. ഇക്കാണുന്ന പ്രകൃതിയുടെ ഗുണങ്ങളെല്ലാം നമ്മെ ആവേശിക്കുന്നുണ്ട്. എന്നാൽ നമ്മുടെ ജീവാത്മാവ് അത്തരത്തിലുള്ള ഫലാശയിൽ ചെന്നുവീഴരുതെന്ന് ഉപദേശിക്കുകയാണ് ഭഗവാൻ. ഈശ്വരൻ ഒന്നേയുള്ളൂ. ഇക്കാണുന്ന പ്രകൃതിയുടെയും അസംഖ്യം ജീവാത്മാക്കളുടെയും ഗുണങ്ങൾ വ്യത്യസ്തമാണ്. അവയും ഈശ്വരനും ഒന്നാണെന്നും മറ്റുമുള്ള ചിന്തകളിലൂടെ നിരവധി കർമവ്യാപാരങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരിൽ മതിഭ്രമം നാം ഉണ്ടാക്കരുത്.

**30. മയി സർവാണി കർമാണി സന്ന്യസ്യാധ്യാത്മചേതസാ**
**നിരാശീർനിർമമോ ഭൂത്വാ യുധ്യസ്വ വിഗതജ്വരഃ.**

*അർഥം: നീ എന്റെ ശിഷ്യനാണെന്ന് പറഞ്ഞതിനാൽ, ഞാനീപ്പറഞ്ഞ ആധ്യാത്മികജ്ഞാനം ചിത്തത്തിൽ സമ്പൂർണമായി*

*ഉൾക്കൊണ്ട് എല്ലാ കർമങ്ങളും എന്നിൽ സമർപ്പിച്ച് ആശാരഹിതനായി, നിർമമനായി, ശോകരഹിതനായി യുദ്ധം ചെയ്താലും.*

ഭാഷ്യം: ഗീതയുടെ രണ്ടാമധ്യായത്തിൽ **'അഹം തേ ശിഷ്യഃ ത്വാം പ്രപന്നം മാം ശാധി'** (2.7) – "ഞാൻ അങ്ങയുടെ ശിഷ്യനാണ്. അങ്ങയെ ശരണം പ്രാപിച്ച എന്നെ വേണ്ടപോലെ ഉപദേശിച്ചാലും" എന്ന് അർജുനൻ ഭഗവാൻ ശ്രീകൃഷ്ണനോട് പറഞ്ഞിരുന്നു. ആ ഭാവത്തിലാണ് ശ്രീകൃഷ്ണൻ 'ഞാൻ' എന്നും എന്നിലെന്നും മറ്റും ഇവിടെ ഉപയോഗിക്കുന്നത്. ഇതു മനസ്സിലാക്കാതെ ഈശ്വരനാണ് ഇങ്ങനെ പറയുന്നതെന്നു കരുതുന്നുവരുണ്ട്. ഇതു ശരിയല്ല. വേദജ്ഞാനം പരമ്പരയാ ലഭിച്ചതാണ്. ആ പരമ്പരയിലെ കണ്ണിയാണ് ശ്രീകൃഷ്ണൻ. ഞാനെന്നും എന്റേതെന്നും പറയുമ്പോൾ അതിന് എന്റെ പരമ്പരയെന്നും, ആർഷജ്ഞാന പരമ്പരയെന്നും അർഥമെടുക്കണം. ഈ ശ്ലോകത്തിലെ **'അധ്യാത്മ ചേതസാ'** എന്ന പദം ഏറെ ശ്രദ്ധിക്കേണ്ടതാണ്. ആത്മാവിൽ മനസ്സർപ്പിച്ചവൻ അഥവാ ചിത്തം ആത്മാവിൽ സ്ഥിരമായവനാണ് അധ്യാത്മചേതസൻ. സാധാരണക്കാർ ശരീരത്തിലും ബാഹ്യവസ്തുക്കളിലും ശ്രദ്ധിക്കുന്നു. ശ്രുതി ഇക്കാര്യത്തിൽ പറയുന്നത് നമുക്ക് പ്രമാണമാണ്. കാണുക:

**പരാഞ്ചി ഖാനി വ്യതൃണത്സ്വയംഭൂസ്തസ്മാത്**
**പരാങ്പശ്യതി നാന്തരാത്മൻ. കശ്ചിദ്ധീരഃ**
**പ്രത്യഗാത്മാനമൈക്ഷദാവൃത്തചക്ഷുരമൃതത്വമിച്ഛൻ.**

(കഠോപനിഷത്ത് 1.2.1)

അർഥം: സ്വയംഭൂവായ പരമേശ്വരൻ ഇന്ദ്രിയദ്വാരങ്ങൾ പുറത്തേക്ക് നിർമിച്ചു. അതുകൊണ്ട് അവയിലൂടെ പുറത്തേക്ക് നോക്കുന്നു. അന്തരാത്മാവിനെ നോക്കുന്നില്ല. ഉറച്ച ബുദ്ധിയുള്ളവൻ മോക്ഷത്തെ ആഗ്രഹിച്ചുകൊണ്ട് ചക്ഷു തുടങ്ങിയ ഇന്ദ്രിയങ്ങളെ സ്വാധീനത്തിൽവെച്ച് അന്തരാത്മാവിനെ കാണുന്നു.

**പരാചഃ കാമാനനുയന്തി ബാലാസ്തേ മൃത്യോര്യന്തി**
**വിതതസ്യ പാശമ്. അഥ ധീരാ അമൃതത്വം**
**വിദിത്വാ ധ്രുവമധ്രുവേഷ്വിഹ ന പ്രാര്ഥയന്തേ.**

(കഠോപനിഷത്ത് 1.2.2)

അർഥം: മൂഢർ ബാഹ്യവിഷയങ്ങളുടെ ഉപഭോഗത്തിന് പിന്നാലെ പായുന്നു. അതിനാൽ അവർ മൃത്യുവിന്റെ പാശത്തിനാൽ ബന്ധിതരായിത്തീരുന്നു. എന്നാൽ ധീരർ അമൃതത്വത്തെ, മോക്ഷത്തെ നിത്യമെന്നറിഞ്ഞ് അനിത്യവിഷയോപഭോഗങ്ങളിൽ ആഗ്രഹം പ്രകടിപ്പിക്കുന്നില്ല.

31. **യേ മേ മതമിദം നിത്യമനുതിഷ്ഠന്തി മാനവാഃ**
**ശ്രദ്ധാവന്തോ/നസൂയന്തോ മുച്യന്തേ തേ/പി കർമഭിഃ.**

32. **യേ ത്വേതദഭ്യസൂയന്തോ നാനുതിഷ്ഠന്തി മേ മതമ്**
**സർവജ്ഞാനവിമൂഢാംസ്താൻ വിദ്ധി നഷ്ടാനചേതസഃ.**

*അർഥം: ആരാണോ എന്റെ ഈ അഭിപ്രയത്തെ ദോഷം ആരോപിക്കാതെ ശ്രദ്ധയോടെ അനുഷ്ഠിക്കുന്നത് അവർ ശ്രദ്ധാലുക്കളും നിന്ദിക്കപ്പെടാത്തവരുമായി കർമങ്ങളിൽനിന്ന് രക്ഷ നേടുന്നവരായിത്തീരുന്നു. (31)*
*മറിച്ച് എന്റെ ഈ അഭിപ്രായത്തെ ദോഷമാരോപിച്ച് തള്ളിക്കളയുന്നവരും, എന്റെ അഭിപ്രായത്തിനനുസരിച്ച് ജീവിക്കാതിരിക്കുന്നവരുമായ സർവജ്ഞാനവിമൂഢർ നാശമടയുന്നു. (32)*

ഭാഷ്യം: ഇതു കേൾക്കുമ്പോൾ പലർക്കും ശ്രീകൃഷ്ണൻ അഹങ്കാരിയാണെന്ന തോന്നലുണ്ടാകാം. എന്നാൽ ഈ അഭിപ്രായം ശ്രുതിസമ്മതവും ഋഷിമാരുടെ അനുഭവങ്ങളിൽ സ്വരൂപിച്ചവയുമാണ്. അവ ശ്രീകൃഷ്ണന്റെ പരമ്പരയിൽകൂടി ഇപ്പോൾ അനുശാസിക്കുക മാത്രമാണ് ചെയ്യുന്നത്. "തീ തൊട്ടാൽ പൊള്ളുമെന്ന് ഉപദേശിച്ചു. എന്നിട്ടും ആ ഉപദേശം കേൾക്കാതിരുന്നാൽ ഉണ്ടാകുന്ന ഫലമെന്താണെന്ന് പറയുന്നത് ഔദഗ്ധ്യമല്ലല്ലോ. നേരത്തെ സർവകർമങ്ങളും ഗുരൂപദേശമനു

സരിച്ച് ചെയ്യാൻ ശ്രീകൃഷ്ണൻ പറഞ്ഞിരുന്നത് ഓർക്കുക. ശ്രീകൃഷ്ണനെ ഗുരുവായി സ്വീകരിച്ച അർജുനനുള്ള ഉപദേശമാണിവിടെ ചെയ്യുന്നതെന്നത് മറക്കരുത്. കഴിഞ്ഞ കാലത്ത് ഔന്നത്യം നേടിയവർ **'ശ്രദ്ധാവന്തഃ അനസൂയന്തഃ'** എന്നീ ഗുണങ്ങളുള്ളവരായിരുന്നു. ശ്രദ്ധാലുക്കളും ദോഷദൃഷ്ടി ഇല്ലാത്തവരുമായിരുന്നുവെന്നർഥം. ശ്രദ്ധയുള്ളവർ ഋജുവായി നടക്കുന്നു. അവന് തടസ്സങ്ങളൊന്നും വരാനിടയില്ല. 'അസൂയന്തഃ' എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മറ്റുള്ളവരുടെ ഗുണങ്ങളിൽ ദോഷം ആരോപിക്കുന്നവരാണ് അവർ. സദ്ഗുണങ്ങൾ പരമേശ്വരന്റേതാണ്. അതിനാൽ അതിൽ ദോഷം കാണുന്നവർ ഈശ്വരനെ അറിയുന്നില്ലെന്നർഥം.

എന്നാൽ ശ്രീകൃഷ്ണന്റെ വാക്കുകളെ തിരസ്കരിക്കുന്നവർ അക്ഷരവൈരികളല്ല. മറിച്ച് വിമൂഢരാണ്. അതായത് പഠിച്ചവരും, താർക്കികരുമായ ആളുകൾ. ശ്രീകൃഷ്ണനെപ്പോലുള്ള യോഗേശ്വരന്റെ ദിവ്യഗുണങ്ങളറിയാതെ അവരിൽ ദോഷം ആരോപിക്കുകയാണവർ. അതിനാൽ അവർ സർവജ്ഞാന-വിമൂഢരാണ്.

ഹേ അർജുന! ഈ രാജർഷികൾവഴി അനാസക്തിയോഗത്തിന്റെ സിദ്ധാന്തം എങ്ങനെയാണോ പരമ്പരാപ്രോക്തമായി എനിക്ക് ലഭിച്ചത് എങ്ങനെയാണോ സ്വയം മനനത്തിലൂടെ ഞാൻ അതിനെ നിർണയം ചെയ്തത്, ഈർഷ്യാരഹിതനും ശ്രദ്ധാലുവുമായി അതിനെ ആചരിച്ചാൽ കർമഫലാസക്തി ഇല്ലാതായിത്തീരും. ദംഭികളായ രാജാക്കന്മാർ എന്റെ വാക്കുകളെ ശ്രദ്ധിക്കുന്നതിനു പകരം ഈർഷ്യയോടെ എന്റെ ഈ ജ്ഞാനത്തെ തള്ളിക്കളയുന്നു. ദുര്യോധനനെപ്പോലുള്ള അത്തരക്കാർ ഭോഗൈശ്വര്യങ്ങൾക്കായി യുദ്ധത്തിനൊരുങ്ങുന്നുവെന്നാണ് ഈ പറഞ്ഞ രണ്ടു ശ്ലോകങ്ങളുടെയും രത്നച്ചുരുക്കം.

**33. സദൃശം ചേഷ്ടതേ സ്വസ്യാഃ പ്രകൃതേർജ്ഞാനവാനപി**
**പ്രകൃതിം യാന്തി ഭൂതാനി നിഗ്രഹഃ കിം കരിഷ്യതി?**

*അർഥം: ജ്ഞാനികൾപോലും തങ്ങളുടെ പ്രകൃതിക്കനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഓരോ പ്രാണികളും തങ്ങ*

*ളുടെ പ്രകൃതിയനുസരിച്ച് ചലിക്കുന്നു. അപ്പോൾപ്പിന്നെ ഇന്ദ്രിയങ്ങളെയോ മനസ്സിനെയോ ബലം പ്രയോഗിച്ച് അടക്കിവെയ്ക്കുന്നതുകൊണ്ട് എന്തു പ്രയോജനം?*

ഭാഷ്യം: ജന്മസ്വഭാവം ഏവരെയും പിടികൂടുന്നു. ജ്ഞാനികൾപോലും അതിൽനിന്ന് മുക്തരല്ല. അർജുനാ, നീ ഇപ്പോൾ ക്ഷാത്രധർമജ്ഞാനത്തിൽനിന്ന് അകന്നിരിക്കുന്നു. സ്വജനമോഹത്താലാണ് ഈ രാഗം നിന്നെ ആവേശിച്ചിരിക്കുന്നത്. ഇപ്പോൾ നിനക്ക് വൈരാഗ്യമല്ല മറിച്ച് വിഷയാസക്തിയെപ്പോലെ സ്വജനാസക്തിയാണ് ഉണ്ടായത്.

**34. ഇന്ദ്രിയസ്യേന്ദ്രിയസ്യാർഥേ രാഗദ്വേഷൗ വ്യവസ്ഥിതൗ**
**തയോർന വശമാഗച്ഛേത്തൗ ഹ്യസ്യ പരിപന്ഥിനൗ.**

*അർഥം: ഓരോരോ ഇന്ദ്രിയങ്ങളും പ്രത്യേകം പ്രത്യേകം വിഷയങ്ങളിൽ രാഗവും ദ്വേഷവും ഉള്ളവയാണ്. നാം അവയ്ക്ക് വശംകെട്ടുപോകരുത്. കാരണം ഇവ രണ്ടും ശുഭകർമങ്ങളിൽ വിഘ്നകാരകങ്ങളായ ശത്രുക്കളാണ്.*

ഭാഷ്യം: അല്ലയോ അർജുനാ, ഉർവശി എന്ന അപ്സരസ് പണ്ട് രതിക്കുവേണ്ടി നിന്നോടു യാചിച്ചപ്പോൾ അതിന്റെ വരുംവരായ്കകളെക്കുറിച്ച് ചിന്തിച്ച് അതിൽനിന്ന് മുക്തനായി, അന്ന് കാമേന്ദ്രിയങ്ങളുടെ മോഹത്തിൽനിന്ന് സ്വയം രക്ഷ നേടിയ നിനക്ക് ഇന്ന് ആ കഴിവ് എവിടെപ്പോയി എന്നാണ് ഭഗവാൻ ശ്രീകൃഷ്ണൻ ചോദിച്ചത്. വിഷയാസക്തി എന്നാൽ കാമാസക്തി എന്നു മാത്രം അർഥമെടുക്കരുത്. ഓരോ ഇന്ദ്രിയങ്ങൾക്കും പിന്നാലെ രാഗ-ദ്വേഷങ്ങൾ കടന്നുവരുന്നുണ്ട്. ആലിംഗനം ചെയ്യുമ്പോഴുള്ള രാഗ-സുഖങ്ങളെ ജയിച്ചു, എന്നാൽ ആചാര്യൻ, പിതൃക്കൾ, പുത്രന്മാർ, പിതാമഹൻ, മാതുലൻ, ശ്വശുരൻ, സ്യാലൻ, ബന്ധുക്കൾ എന്നിവരോടുള്ള മോഹവും രാഗം തന്നെയാണ്. ന്യായം, ക്ഷാത്രധർമം എന്നിവയിലൂടെ രാഗദ്വേഷങ്ങളെ ജയിക്കേണ്ടതുണ്ട്. വസിഷ്ഠൻ അഭൂതപൂർവമായ ക്ഷമയാൽ ക്ഷാത്രധർമത്തിൽനിന്ന് ബ്രാഹ്മണധർമത്തിലേക്ക് ഉയർന്നു. ആ വഴിയിൽ പരിശ്രമിച്ച വിശ്വാമിത്രനാകട്ടെ

കഠിനമായ പരീക്ഷകളെ നേരിടേണ്ടിവന്നു. എന്നാൽ നീ ഇപ്പോൾ യുദ്ധം പരിത്യജിക്കാൻ ആഗ്രഹിക്കുന്നത് സ്വജനമോഹംകൊണ്ടു മാത്രമാണ്.

**35. ശ്രേയാൻ സ്വധർമോ വിഗുണഃ പരധർമാത് സ്വനുഷ്ഠിതാത്**
**സ്വധർമേ നിധനം ശ്രേയഃ പരധർമോ ഭയാവഹഃ.**

*അർഥം: ആചരിക്കാൻ സുഖമായത് അന്യന്റെ ധർമമാണെന്നു തോന്നാം. സ്വധർമം ഗുണരഹിതമെന്നും തോന്നാം. എന്നാൽ സ്വധർമം ചെയ്യുന്നതാണ് ശ്രേയസ്കരം. സ്വധർമത്തിൽ മരിക്കുന്നതാണ് ശ്രേയസ്കരം. പരധർമം ഭയാവഹമാണ്.*

ഭാഷ്യം: ശുക്രാചാര്യൻ ത്യാഗിയും വിരക്തനുമായിരുന്നു. ജനകനും രാമനും രാജ്യം ഭരിച്ച ചക്രവർത്തിമാരായിരുന്നു. വസിഷ്ഠൻ യജ്ഞ യാഗാദികളിലും അധ്യയനത്തിലും അധ്യാപനത്തിലും ദത്തചിത്തനാ യിരുന്നു. അവരെല്ലാം അവരവരുടെ പ്രകൃതിക്കനുസരിച്ച് വിവിധ കർമങ്ങൾ ചെയ്തു. എങ്കിലും അവർ ജ്ഞാനികളായിരുന്നു. രൈക്വൻ വണ്ടിക്കു താഴെ കിടന്നുറങ്ങി, വ്യാസൻ വിദ്യാർഥികളെ പഠിപ്പിച്ചു. ദുർവാസാവ് ക്രോധിയായിരുന്നു, വാമദേവൻ ശാന്തനും. എന്നാൽ ഇവരും ജ്ഞാനികളായിരുന്നു. ജ്ഞാനികളായിരുന്നിട്ടും പ്രകൃതിധർമത്തെ അവർ മാറ്റിയില്ല. വസിഷ്ഠൻ യുദ്ധത്തിനിറങ്ങിയിരു ന്നെങ്കിൽ? ശ്രീരാമൻ പുരോഹിതനായിത്തീർന്നിരുന്നെങ്കിൽ? ജനകൻ മുനിയായിത്തീർന്നിരുന്നെങ്കിൽ? നോക്കൂ, ഇവരും സ്വധർമത്തെ വിട്ട് അന്യരുടെ ധർമത്തെ സ്വീകരിച്ചില്ല. കാരണം അതു ഭയാവഹമാണെ ന്നതുതന്നെ.

ആധിഭൗതികദൃഷ്ടിയിലും ഈ ധർമസിദ്ധാന്തം ശരിയാണ്. അഗ്നിക്കു ചൂടാണ്, ജലത്തിന്റെ സ്വഭാവം ശീതളത്വവും. വായുവിന്റേത് ശുഷ്കതയുമാണ്. അധ്യാത്മദൃഷ്ടിയിൽ കണ്ണിന്റേത് കാണലും കാതി ന്റേത് കേൾക്കലും ത്വക്കിന്റേത് സ്പർശനവും നാവിന്റേത് സ്വാദ് അറി യലുമാണ്. ആധിഭൗതികദൃഷ്ടിയിലും ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര ധർമങ്ങൾ കൃത്യമാക്കി രചിക്കപ്പെട്ടിട്ടുണ്ട്.

പണ്ഡിതന്മാർ വീട്ടിലിരുന്ന് സുഖിച്ച് തിന്നുന്നു; ഈ പഠിപ്പിക്കലൊക്കെ സുഖമുള്ള ഏർപ്പാടല്ലേ? അതിർത്തിയിൽ യുദ്ധം ചെയ്യുന്നത് എത്ര കഠിനമാണ്! അവരെ നോക്കുമ്പോൾ ഇവർ സുഖിയന്മാരാണെന്നും മറ്റും പറയുന്നവർ ഓരോരുത്തരുടെയും ധർമത്തെക്കുറിച്ച് മനസ്സിലാക്കിയവരല്ല. ഓരോ ധർമത്തിലുംപെട്ടവർക്ക് അവരവരുടേതായ ചുമതലകളുണ്ടെന്ന് നാം തിരിച്ചറിയണം.

**അർജ്ജുന ഉവാച:**

**36. അഥ കേന പ്രയുക്തോഽയം പാപം ചരതി പൂരുഷഃ**
**അനിച്ഛന്നപി വാർഷ്ണേയ ബലാദിവ നിയോജിതഃ.**

*അർഥം: അർജ്ജുനൻ ചോദിച്ചു, ഹേ വാർഷ്ണേയ, ഏതിന്റെ പ്രേരണകൊണ്ടാണ് പുരുഷൻ ആഗ്രഹമില്ലെങ്കിൽപോലും നിർബന്ധിതനായി പാപം ആചരിക്കാൻ കാരണം?*

**ശ്രീഭഗവാനുവാച:**

**37. കാമ ഏഷ ക്രോധ ഏഷ രജോഗുണസമുദ്ഭവഃ**
**മഹാശനോ മഹാപാപ്മാ വിദ്ധ്യേനമിഹ വൈരിണമ്.**

**38. ധൂമേനാവ്രിയതേ വഹ്നിര്യഥാദർശോ മലേന ച.**
**യഥോല്ബേനാവൃതോ ഗർഭസ്തഥാ തേനേദമാവൃതമ്.**

**39. ആവൃതം ജ്ഞാനമേതേന ജ്ഞാനിനോ നിത്യവൈരിണാ**
**കാമരൂപേണ കൗന്തേയ ദുഷ്പൂരേണാനലേന ച.**

**40. ഇന്ദ്രിയാണി മനോ ബുദ്ധിരസ്യാധിഷ്ഠാനമുച്യതേ**
**ഏതൈർവിമോഹയത്യേഷ ജ്ഞാനമാവൃത്യ ദേഹിനമ്.**

**41. തസ്മാത് ത്വമിന്ദ്രിയാണ്യാദൗ നിയമ്യ ഭരതർഷഭ**
**പാപ്മാനം പ്രജഹി ഹ്യേനം ജ്ഞാനവിജ്ഞാനനാശനമ്.**

*അർഥം: അതിനു ശ്രീകൃഷ്ണൻ മറുപടി പറഞ്ഞു, രജോഗുണത്തിൽനിന്ന് ഉത്പന്നമായതും ഒരിക്കലും വിശപ്പു മാറാ*

*ത്തവയുമാണ് കാമവും ക്രോധവും. ഇവ മഹാപാപങ്ങളാണ്. ഇവയെ നീ ശത്രുവെന്നറിയുക. (37)*
*പുകകൊണ്ട് അഗ്നിയും, അഴുക്കിനാൽ കണ്ണാടിയും, പുറംചർമംകൊണ്ട് ഗർഭസ്ഥശിശുവും മൂടപ്പെട്ടിരിക്കുന്നു. അതുപോലെ കാമത്താൽ ജ്ഞാനവും മുഴുവനായും മറയ്ക്കപ്പെട്ടിരിക്കുന്നു. (38)*
*ഹേ കുന്തീപുത്രനായ അർജുനാ! സർവരുടെയും നിത്യവൈരിയും അഗ്നിയെപ്പോലെ സർവതും ഭക്ഷിച്ചിട്ടും തൃപ്തിവരാത്തതുമായ കാമത്താൽ ജ്ഞാനിയുടെ ജ്ഞാനം മറയ്ക്കപ്പെടുന്നു. (39)*
*ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നിവയാണ് കാമരൂപിയായ ആ ശത്രുവിന്റെ നിവാസസ്ഥാനം. കാമം ഇവയിലൂടെ ജ്ഞാനത്തെ മറച്ച് ദേഹധാരിയായ ജീവാത്മാക്കളെ വിശേഷമോഹത്തിൽ അടിമപ്പെടുത്തുന്നു. (40)*
*ഹേ ഭരതശ്രേഷ്ഠ! അതിനാൽ നീ ആദ്യം ഇന്ദ്രിയങ്ങളെ സംയമനം ചെയ്ത് ജ്ഞാനവിജ്ഞാനങ്ങളെ നശിപ്പിക്കുന്ന ഈ പാപത്തെ പരിത്യജിച്ചാലും. (41)*

ഇവിടെ ശ്രീകൃഷ്ണൻ പറഞ്ഞ കാര്യങ്ങളത്രയും മനുസ്മൃതിയിലെ രണ്ടാമധ്യായത്തിൽ വിശദമായി ചർച്ച ചെയ്തവയാണ്.

**ഏകാദശം മനോ ജ്ഞേയം സ്വഗുണേനോഭയാത്മകമ്**
**യസ്മിഞ്ജിതേ ജിതാവേതൗ ഭവതഃ പഞ്ചകൗ ഗണൗ.**

(മനുസ്മൃതി 2.92)

അർഥം: സ്വസങ്കൽപത്താൽ ജ്ഞാനകർമേന്ദ്രിയങ്ങളെ പ്രവർത്തിപ്പിക്കുന്ന മനോരൂപമായ അന്തരേന്ദ്രിയമാണ് പതിനൊന്നാമത്തേത്. ഈ മനസ്സിനെ ജയിച്ചാൽ രണ്ടുതരം ഇന്ദ്രിയപഞ്ചകങ്ങളുടെയും മേൽ ജയം കൈവരുന്നു.

**ഇന്ദ്രിയാണാം പ്രസങ്ഗേന ദോഷമൃച്ഛത്യസംശയമ്**
**സംനിയമ്യ തു താന്യേവ തതഃ സിദ്ധിം നിയച്ഛതി.** (മനുസ്മൃതി 2.93)

അർഥം: ഇന്ദ്രിയങ്ങൾ വിഷയങ്ങളിൽ ആസക്തമാകുന്നതിനാൽ കാണുന്നതും കാണാത്തതുമായ പല ദോഷങ്ങളും വന്നുചേരുന്നു, സംശയമില്ല. അതിനാൽ അവയെ നേരാംവണ്ണം നിയന്ത്രിച്ചാൽ മോക്ഷാദി പുരുഷാർഥപ്രാപ്തിക്കുള്ള യോഗ്യതാരൂപമായ സിദ്ധി ലഭിക്കുന്നു.

**ന ജാതു കാമഃ കാമാനാമുപഭോഗേന ശാമ്യതി**
**ഹവിഷാ കൃഷ്ണവർത്മേവ ഭൂയ ഏവാഭിവർധതേ.** (മനുസ്മൃതി 2.94)

അർഥം: ആഗ്രഹം ഒരിക്കലും വിഷയം ഭുജിക്കുന്നതുകൊണ്ട് ശമിക്കുകയില്ല. നെയ്യുകൊണ്ട് അഗ്നി എന്നപോലെ ഏറിവരികയേയുള്ളൂ.

ഇവിടെ ശ്രീകൃഷ്ണൻ സ്മൃതിയെ ആശ്രയിക്കുകയാണ്. മനുസ്മൃതി തുടങ്ങിയ ശാസ്ത്രങ്ങൾ പഠിച്ചാൽ മാത്രമേ അവയുടെ ആത്യന്തികമായ തുടർച്ച നടപ്പിലായ മഹാഭാരതാദി ഇതിഹാസങ്ങളും അതിൽ അന്തർഗതമായ വിദുരനീതി, ഭഗവദ്ഗീത എന്നിത്യാദി ഉപ അധ്യായങ്ങളുടെ അർഥങ്ങളും മനസ്സിലാവുകയുള്ളൂ. വേദങ്ങളിൽ **'യൂയം മർത്യം അംഹസഃ നിഃ പാഥ'** (ഋഗ്വേദം 10.126.2) – 'അങ്ങ് മനുഷ്യനെ പാപകർമങ്ങളിൽനിന്ന് രക്ഷിച്ചാലും' എന്ന് പറഞ്ഞതുകാണാം. സൃഷ്ടിയുടെ തുടക്കത്തിൽതന്നെ മനസ്സിൽ കാമമുണ്ടായിരുന്നുവെന്ന് വേദം പ്രമാണം നൽകുന്നു. 'അഗ്രേ കാമ' എന്നാണ് ഋഗ്വേദം പറഞ്ഞിട്ടുള്ളത്. ഋഗ്വേദത്തിൽ ഈ കാമത്തിൽനിന്ന് രക്ഷ നേടാൻ വേദമന്ത്രങ്ങൾ നിത്യവും ജപിക്കാനും നിർദേശിക്കുന്നുണ്ട്. കാണുക:

**ഇമാ ബ്രഹ്മേന്ദ്ര തുഭ്യം ശംസി ദാ നൃഭ്യോ നൃണാം ശൂര ശവഃ**
**തേഭിർഭവ സക്രതുര്യേഷു ചാകന്നുത ത്രായസ്വ ഗുണത ഉത സ്തീൻ.**
(ഋഗ്വേദം 10.148.4)

അർഥം: ഈശ്വരനെ വേദമന്ത്രങ്ങളാൽ സ്തുതിച്ച്, കാമക്രോധാദി ശത്രുക്കളെ നിഹനിക്കുക. അതിലൂടെ ബലം നേടുക.

അഥർവവേദത്തിൽ പറയുന്നതിങ്ങനെയാണ്:

**ഇന്ദ്രേണ മന്യുനാ വയമഭി സ്യാമ പൃതന്യതഃ.**
**ഘ്നന്തോ വൃത്രാണ്യപ്രതി.** (അഥർവവേദം 7.93.1)

അർഥം: ദീപ്തിമാനായ ഈശ്വരനെ അടുത്ത് ദർശിച്ച് ഞങ്ങൾ യുദ്ധത്തിൽ ശത്രുക്കളെ പരാജിതരാക്കട്ടെ. ജ്ഞാനത്തിന് ആവരണമിടുന്ന കാമ-ക്രോധ-ലോഭാദികളെ ഈശ്വരകൃപയാൽ നിശ്ശേഷം നശിപ്പിക്കട്ടെ.

അങ്ങനെ വേദങ്ങളിൽ തുടങ്ങി വേദവ്യാഖ്യാനങ്ങളായ ഉപനിഷദാദി ശ്രുതികളിലൂടെ കടന്നുപോയി സ്മൃതികളിൽ വ്യവസ്ഥയാക്കപ്പെട്ട ചിന്തകളാണ് ഗീതയിൽ അടുക്കിയതെന്ന് ചുരുക്കം.

42. **ഇന്ദ്രിയാണി പരാണ്യാഹുരിന്ദ്രിയേഭ്യഃ പരം മനഃ**
**മനസസ്തു പരാ ബുദ്ധിര്യോ ബുദ്ധേഃ പരതസ്തു സഃ.**

43. **ഏവം ബുദ്ധേഃ പരം ബുദ്ധ്വാ സംസ്തഭ്യാത്മാനമാത്മനാ**
**ജഹി ശത്രും മഹാബാഹോ കാമരൂപം ദുരാസദമ്.**

*അർഥം: ശരീരത്തെ അപേക്ഷിച്ച് ഇന്ദ്രിയങ്ങൾ ശ്രേഷ്ഠമാണ്. ഇന്ദ്രിയങ്ങളെ അപേക്ഷിച്ച് മനസ്സും മനസ്സിനേക്കാൾ ബുദ്ധിയും ശ്രേഷ്ഠമായിരിക്കുന്നു. എന്നാൽ അതിനേക്കാൾ ശ്രേഷ്ഠമാണ് ജീവാത്മാവ്. (42)*

*ഹേ മഹാബാഹുവായ അർജുനാ! ഇങ്ങനെ ആത്മാവിനെ ബുദ്ധിയേക്കാൾ ശ്രേഷ്ഠമെന്ന് അറിഞ്ഞ് സ്വന്തം ശക്തിയാൽ അതിനെ സ്വയം സംയമനം ചെയ്ത്, ദുർജയവും കാമരൂപിയുമായ ശത്രുവിനെ നശിപ്പിച്ചാലും. (43)*

ഭാഷ്യം: ഈ രണ്ടു ശ്ലോകങ്ങളിലെ കാര്യങ്ങൾ വേദഭാഷ്യങ്ങളായ ഉപനിഷത്തുക്കളിൽ പറഞ്ഞിട്ടുണ്ട്. കഠോപനിഷത്തിൽ ഇതേ കാര്യം മറ്റൊരു ഭാഷയിൽ പറഞ്ഞത് കാണുക:

**ഇന്ദ്രിയേഭ്യഃ പരഹ്യർഥാ അർഥേഭ്യശ്ച പരം മനഃ**
**മനസസ്തു പരാ ബുദ്ധിഃ ബുദ്ധേരാത്മാ മഹാൻപരഃ.**
**മഹതഃ പരമവ്യക്തം അവ്യക്താത് പുരുഷഃ പരഃ**
**പുരുഷാന്ന പരം കിംചിത്സാ കാഷ്ഠാ സാ പരാ ഗതിഃ.**

(കഠോപനിഷത്ത് 1.3.10, 11)

അർഥം: ഇന്ദ്രിയങ്ങൾക്കപ്പുറത്താണ് സൂക്ഷ്മതന്മാത്രകൾ എന്നത് തീർച്ചയാണ്. മനസ്സ് ഇവയ്ക്കും അപ്പുറമാണ്. മനസ്സിനും അപ്പുറമാണ് ബുദ്ധി. 'മഹാൻ' എന്ന് പേരുള്ള ആത്മാവ് ബുദ്ധിക്കും അപ്പുറമാണ്. അതിനും അപ്പുറമാണ് അവ്യക്തപ്രകൃതി. അവ്യക്തത്തിനും അപ്പുറമാണ് പുരുഷൻ എന്ന ആത്മാവ്. പുരുഷന് അപ്പുറത്ത് ഒന്നുമില്ല. അതാണ് സർവോപരിയുള്ള ഗതി.

വീണ്ടും കഠം പറയുന്നതു കേൾക്കുക:

**ഇന്ദ്രിയേഭ്യഃ പരം മനോ മനസഃ സത്ത്വമുത്തമമ്.**
**സത്ത്വാദധി മഹാനാത്മാ മഹതോ/വ്യക്തമുത്തമമ്**
**അവ്യക്താത്തു പരഃ പുരുഷോ വ്യാപകോ/ലിങ്ഗ ഏവ ച**
**യം ജ്ഞാത്വാ മുച്യതേ ജന്തുരമൃതതത്വം ച ഗച്ഛതി.** (2.6.7,8)

അർഥം: ഇന്ദ്രിയങ്ങളേക്കാൾ അപ്പുറമാണ് മനസ്സ്. മനസ്സിന് അപ്പുറ മാകുന്നു ബുദ്ധി. ബുദ്ധിയേക്കാൾ അപ്പുറമാണ് മഹാൻ അഥവാ ജീവാ ത്മാവ്. മഹത്തത്ത്വത്തേക്കാൾ അപ്പുറമാണ് അവ്യക്തം. അവ്യക്തത്തി നുമപ്പുറമാണ് സർവവ്യാപിയായ പുരുഷൻ. യാതൊരു ചിഹ്നവും ഇല്ലാ ത്തവനുമാകുന്നു അവൻ.

നമ്മുടെ ശരീരം ഒരു രാജ്യമെന്നു കരുതുക. അതിലിപ്പോൾ ഭരണം നടത്തുന്നത് കാമവും ക്രോധവുമാണ്. യഥാർഥത്തിൽ ഈ രാജ്യത്തിലെ രാജ്യാധിപൻ ആത്മാവാണ്. ശരീരത്തിന്റെ കാര്യങ്ങൾ ചെയ്യുന്ന ആത്മാ വിന്റെ ശക്തിയെപ്പറ്റി വിചാരം ചെയ്യുന്നതാണ് അധ്യാത്മവിചാരം. ഈ അധ്യാത്മസാധനയ്ക്ക് ഉപയുക്തമായത് പതഞ്ജലിയുടെ യോഗദർശ നമാണ്. ഇതിന് യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവ അനുഷ്ഠിക്കണം. അപ്പോൾ കാമ ക്രോധാദി ശത്രുക്കളെ ജയിക്കാനാകും.

I. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നീ അഞ്ചാണ് യമം.

1. മനസ്സ്, വാണി, ശരീരം എന്നിവയാൽ ആരെയും ദുഃഖിപ്പിക്കാതി രിക്കുന്നതാണ് അഹിംസ.

2. യഥാർഥ ഭാഷണം തുടങ്ങിയ വ്യവഹാരമാണ് സത്യം.
3. മനസ്സ്, വാണി, ശരീരം എന്നിവയാൽ പരദ്രവ്യങ്ങൾ ഹരിക്കാതിരിക്കുന്നത് അസ്തേയം.
4. സ്മരണം, കീർത്തനം, കേളി, കാണൽ, ഗുഹ്യഭാഷണം, സങ്കല്പം, അധ്യവസായം, ക്രിയാനിഷ്പത്തി എന്നിങ്ങനെയുള്ള എട്ടു വിധമുള്ള മൈഥുനത്യാഗം ബ്രഹ്മചര്യമാകുന്നു.
5. ആവശ്യത്തിലധികം വസ്തുക്കൾ കൈവശം വെയ്ക്കൽ അഥവാ തന്റെ യോഗക്ഷേമത്തിലുപരിയായ വസ്തുക്കൾ കൈവശം വെയ്ക്കലാണ് പരിഗ്രഹം. അത് ചെയ്യാതിരിക്കുന്നതാണ് അപരിഗ്രഹം.

II. ശൗചം, സന്തോഷം, തപസ്സ്, സ്വാധ്യായം, ഈശ്വരപ്രണിധാനം എന്നിവയാണ് നിയമം.

1. ആന്തരികവും ബാഹ്യവുമായ ശുചിത്വമാണ് ശൗചം.
2. എന്തു കിട്ടുന്നുവോ അതിൽ സന്തുഷ്ടനാകുന്നത് സന്തോഷം.
3. ശീതോഷ്ണാദി ദ്വന്ദ്വങ്ങളെ സഹിക്കുന്നത് തപസ്സ്.
4. വേദം, വൈദികഗ്രന്ഥങ്ങൾ, ഉപനിഷത്തുക്കൾ എന്നിവ യുക്തിപൂർവം പഠിക്കുന്നത് സ്വാധ്യായം.
5. സത്യാദി ഗുണങ്ങളാൽ ഈശ്വരന്റെ സ്വരൂപചിന്ത നടത്തുന്നതാണ് ഈശ്വരപ്രണിധാനം.

III. ആസനം: പത്മാസനം തുടങ്ങിയവ.

IV. പ്രാണനുകളെ സ്ഥിരമാക്കുന്നത് പ്രാണായാമം.

V. രൂപാദി വിഷയങ്ങളിൽനിന്ന് ഇന്ദ്രിയങ്ങളെ തടഞ്ഞുനിർത്തുന്നത് പ്രത്യാഹാരം.

VI. ഈശ്വരനെ മനസ്സിൽ നിറയ്ക്കുന്നത് ധാരണ.

VII. സച്ചിദാനന്ദാദി ലക്ഷണയുക്തമായ ബ്രഹ്മത്തെ ഈശ്വരവ്യതിരിക്തമായ വൃത്തികളിൽനിന്ന് അകറ്റി, ഏകനും അദ്വൈതവുമായ ഈശ്വരസ്വരൂപത്തെ അനുസന്ധാനം ചെയ്യുന്നത് 'ധ്യാന'മാകുന്നു.

VIII. ധ്യാനത്തിന്റെ വിശേഷാവസ്ഥയിൽ ധ്യാനിക്കുന്നവന്റെയും ധ്യാന പ്രക്രിയയുടെയും സ്വരൂപമില്ലാതായി ധ്യാനവിഷയമായ പരമാത്മാവ് മാത്രമേ ഉള്ളൂ എന്ന പ്രതീതി ഉണ്ടാകുന്നു. ഇതാണ് സമാധി.

ഇത്രയും യോഗദർശനത്തിൽ പതഞ്ജലിമുനി പറഞ്ഞ കാര്യങ്ങളാണ്. വേദങ്ങളും ഇതേ കാഴ്ചപ്പാട് സുഭദ്രമായി അവതരിപ്പിക്കുന്നുണ്ട്. ഗുരുകുലത്തിൽനിന്ന് വേദാഭ്യാസവും യോഗാചരണവും കൈമുതലാക്കിയ ശ്രീകൃഷ്ണൻ യോഗേശ്വരനായി മാറിക്കഴിഞ്ഞയാളാണ്. അദ്ദേഹം കർമയോഗം ഇവിടെ ഉപദേശിക്കുമ്പോൾ ആ വൈദികപരമ്പര അപ്പാടെ അവതരിപ്പിക്കപ്പെടുകയാണിവിടെ. ഇതേ കാര്യം ഭഗവദ്ഗീതയിൽതന്നെ ആറാം അധ്യായത്തിൽ സുവ്യക്തമായി പറഞ്ഞിട്ടുണ്ട്.

***ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു***
***ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ***
***ശ്രീകൃഷ്ണാർജുനസംവാദേ***
***കർമയോഗോ നാമ***
***തൃതീയോഽധ്യായഃ***

**ഇങ്ങനെ മൂന്നാം അധ്യായം സമാപിച്ചു.**



## അധ്യായം നാല്

# ജ്ഞാന-കർമ-സംന്യാസയോഗം

അഥ ചതുർഥോ/ധ്യായഃ

# ജ്ഞാന-കർമ-സംന്യാസയോഗം

**ശ്രീഭഗവാനുവാച:**

**1. ഇമം വിവസ്വതേ യോഗം പ്രോക്തവാനഹമവ്യയമ്**
**വിവസ്വാൻ മനവേ പ്രാഹ മനുരിക്ഷ്വാകവേ/ബ്രവീത്.**

**2. ഏവം പരമ്പരാപ്രാപ്തമിമം രാജർഷയോ വിദുഃ**
**സ കാലേനേഹ മഹതാ യോഗോ നഷ്ടഃ പരന്തപ.**

**3. സ ഏവായം മയാ തേ/ദ്യ യോഗഃ പ്രോക്തഃ പുരാതനഃ**
**ഭക്തോ/സി മേ സഖാ ചേതി രഹസ്യം ഹ്യേതദുത്തമമ്.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, ഒരിക്കലും നശിക്കാത്ത ഈ യോഗ ജ്ഞാനം ഞാൻ വിവസ്വാന് ഉപദേശിച്ചുകൊടുത്തു. വിവസ്വാൻ മനുവിനും മനു ഇക്ഷ്വാകുവിനും ഉപദേശിച്ചു. ഇപ്രകാരം ഗുരു-ശിഷ്യപരമ്പരയാൽ പ്രാപ്തമാകുന്ന ഈ ജ്ഞാനം രാജർഷികൾക്ക് മാത്രമേ അറിയുകയുള്ളൂ. (1) അല്ലയോ ശ്രേഷ്ഠമായ തപസ്സനുഷ്ഠിക്കുന്ന അർജുനാ! ഇങ്ങനെ പരമ്പരാപ്രോക്തമായി ലഭിക്കുന്ന യോഗം രാജർഷിമാർ മനസ്സിലാക്കി. എന്നാൽ ഈ യോഗം ഏറെ ക്കാലമായി ഈ ഭൂമിയിൽ നഷ്ടപ്പെട്ടതായിരുന്നു. (2)*

*ആ പുരാതനമായ യോഗത്തെ ഇന്ന് ഞാൻ നിനക്കായി ഉപദേശിക്കുന്നു. കാരണം നീ എന്റെ പ്രിയഭക്തനും മിത്രവുമാണ്. കൂടാതെ ഈ യോഗം ഉത്തമരഹസ്യവുമാണ്. (3)*

ഭാഷ്യം: 'വിവസ്വാൻ' എന്ന നാമം സൂര്യന്റേതാണ്. എന്നാൽ ഈ പ്രകരണത്തിൽ പറയുന്ന വിവസ്വാൻ രാജർഷിയായ മറ്റൊരാളാണ്. രാജർഷിയായ വിവസ്വാന്റെ പുത്രനായ മനുവിനെയാണ് പ്രജകളുടെ പ്രഥമ രാജാവായി വാഴിച്ചത്. ഇദ്ദേഹത്തിന്റെ ഗുരുവാകട്ടെ വസിഷ്ഠനുമാണ്. അതുകൊണ്ടാണ് സൂര്യവംശരാജാക്കന്മാരുടെ കുലഗുരു വസിഷ്ഠനാണെന്ന് പറയാൻ കാരണം. ശ്രീകൃഷ്ണൻ പൂർവജന്മത്തിൽ വസിഷ്ഠനായി പിറന്നിരുന്നു. അന്ന് 'വിവസ്വാൻ' എന്നു പേരുള്ള ക്ഷത്രിയന് ഈ വിദ്യ ഉപദേശിച്ചു നൽകി. അദ്ദേഹത്തിന്റെ മകനായ 'മനു'വിനെ പരിപൂർണ രാജനീതിയിൽ നിപുണനാണെന്നുകണ്ട് പ്രജകൾ പ്രഥമ രാജാവായി വാഴിച്ചു.

മനുവിന്റെ അച്ഛനായ വിവസ്വാന് ആ പേര് കിട്ടിയത് ഗൗണികമായാണ്. കാരണം വേദത്തിൽ രാജനീതി വിഷയകമായി കടന്നുവരുന്ന സർവ ഉപദേശങ്ങളും സൂര്യനെ ഉപമയാക്കിയാണ് നൽകിയിട്ടുള്ളത്. രാജനൈതികവിദ്യയിൽ പാരംഗതനാകയാൽ, ശിഷ്യനിൽ സംപ്രീതനായ ഗുരു വസിഷ്ഠൻ വിവസ്വാനെന്ന പേര് ഇദ്ദേഹത്തിന് നൽകി. സൂര്യസമാനമായി ഏവർക്കും തുല്യമായി രാജ്യഭരണം നടത്തുകയാണ് വിവസ്വാൻ ചെയ്തതെന്ന് സാരം. ഈ പേരുകളെല്ലാം ഗൗണികമാണന്നു പറയാൻ മറ്റൊരു കാരണംകൂടിയുണ്ട്. അശ്വമേധയാഗം നടക്കുമ്പോൾ പാരിപ്ലാവാഖ്യാനത്തിൽ ഓരോ അശ്വമേധയജ്ഞത്തിന്റെയും യജമാനന് ഭിന്നഭിന്ന ദിവസങ്ങളിൽ 'മനുവൈവസ്വത', 'യമവൈവസ്വത' എന്നിങ്ങനെ പേര് നൽകിവരുന്നതായി കാണാം. ഇതിൽനിന്ന് രാജാവിന്റെ വ്യക്തിവിശേഷങ്ങളാണ് ഈ നാമത്തിന് പിറകിലെന്നു കണ്ടെത്താനാകും.

സൂര്യസദൃശഗുണത്തോടുകൂടി രാജ്യം ഭരിക്കുക എന്ന കാഴ്ചപ്പാടാണ് 'സൂര്യവംശ'മെന്ന പേരുതന്നെ ഉണ്ടാകാൻ കാരണം. അതല്ലാതെ യുക്തിക്ക് നിരക്കാത്ത കഥകളൊന്നുമല്ല ഇവിടെ സ്വീകരിക്കേണ്ടതെ

ന്നർഥം. യഥാതഥമായ ഭാരതീയ ചരിത്രം കൃത്യമായി പഠിക്കണമെങ്കിൽ ഈദൃശമായ കണ്ണുവേണംതാനും. അപ്പോൾ ഒരു ചോദ്യം വരാം. അങ്ങനെയെങ്കിൽ ഈ ശ്ലോകത്തിൽ എന്തുകൊണ്ട് വസിഷ്ഠന്റെ പേരു വന്നില്ല? ഇവിടെ ഈ രാജധർമം ഏതു രാജർഷി പരമ്പരയിലാണോ ഉള്ളത് ആ പേരുകളാണ് പറഞ്ഞിരിക്കുന്നത്. വസിഷ്ഠന്റെ പേര് ഇതിലില്ല. കാരണം അദ്ദേഹം ഈ വംശത്തിന്റെ കുലഗുരുവാണ്. അതിനാൽ ഒന്നാം ശ്ലോകത്തിലെ 'അഹം' എന്ന ശബ്ദം വസിഷ്ഠനെ കുറിക്കുന്നതാണ്. യോഗ-വാസിഷ്ഠമെന്ന പേരിൽ പ്രസിദ്ധമായ യോഗമാണ് വാസ്തവത്തിൽ ഇവിടെ പറയുന്നതെന്ന് സാരം.

എന്നാൽ ഈ നിപുണത കാലപ്രവാഹത്തിൽ നഷ്ടപ്രായമായി. ചന്ദ്രവംശികളായവരാണ് ഇപ്പോൾ യുദ്ധത്തിനൊരുങ്ങിയിരിക്കുന്നത്. അന്ന് നഷ്ടപ്പെട്ട യോഗത്തെ സ്വയം ചാന്ദ്രവംശരാജാവായ ശ്രീകൃഷ്ണൻ ജന്മാന്തരകഥനംകൊണ്ട് പുനഃസൃഷ്ടിക്കുകയാണെന്ന് സാരം. വാസ്തവത്തിൽ മഹാഭാരതം പഠിക്കുന്ന ഒരാൾക്ക് ഗീതയിൽ പുതുതായി യാതൊന്നും ഇപ്പോൾ പറഞ്ഞിട്ടില്ലെന്ന് മനസ്സിലാകും. മഹാഭാരതം ശാന്തിപർവത്തിലെ വിവരണം കാണുക.[(1)]

"ആ കല്പത്തിൽ ബ്രഹ്മാവ് നാരായണന്റെ മനസ്സിൽ ജന്മമെടുത്തപ്പോൾ, പിന്നെ മുഖത്തുനിന്ന് പുറത്തുവന്നപ്പോൾ, നാരായണൻ തന്നെത്താൻ പിത്രവ്യവുമായ കർമങ്ങൾ ധർമാനുസരണം നിർവഹിച്ചു. ഫേനപന്മാരായ ഋഷിമാർ ആ ധർമം കൈക്കൊണ്ടു. പിന്നെ ഫേനപന്മാരിൽനിന്ന് ഈ ധർമം വൈഖാനസന്മാർ നേടി. വൈഖാനസന്മാ

1. *യദാസീന്മാനസം ജന്മനാരായണമുഖോദ്ഭവമ്*
*ബ്രഹ്മണഃ പൃഥിവീപാല തദാ നാരായണഃ സ്വയമ്*
*ഫേനപാ ഋഷയശ്ചൈവ തം ധർമം പ്രതിപേദിരേ*
*വൈഖാനസാഃ ഫേനപേഭ്യോ ധർമം തം പ്രതിപേദിരേ*
*വൈഖാനസേഭ്യഃ സോമസ്തു തതഃ സോഽന്തർദധേ പുനഃ*
*യദാസീച്ചാക്ഷുഷം ജന്മദ്വിതീയം ബ്രാഹ്മണോനൃപ*
*തദാ പിതാമഹേനൈവ സോമാദ്ധർമഃ പരിശ്രുതഃ*
*നാരായണാത്മകോ രാജന് പ്രദദൗ ച തമ്*
*തതോയോഗസ്ഥിതോ രുദ്രഃ പുരാകൃതയുഗേ നൃപ*
*ബാലഖില്യാനൃഷീന്സർവാന്ധർമ മേതദപാഠയത്*

(മഹാഭാരതം ശാന്തിപർവം 348.13 മുതൽ 18 വരെ ശ്ലോകങ്ങൾ)

രിൽനിന്ന് ഈ ധർമം സോമൻ നേടി. പിന്നെ അത് ലോകത്തിൽനിന്നു തന്നെ നഷ്ടപ്പെട്ടുപോയി.

രണ്ടാമതും ബ്രഹ്മാവ് ജന്മമെടുത്തപ്പോൾ, ബ്രഹ്മാവ് നാരായണന്റെ കണ്ണിൽനിന്ന് പുറത്തുവന്നപ്പോൾ രാജാവേ, ആ പിതാമഹൻ, ബ്രഹ്മാവ് സോമനിൽനിന്ന് ആ ധർമം കൈക്കലാക്കി. അങ്ങനെ വീണ്ടും നേടിയ പ്പോൾ, നാരായണാത്മകനായ രുദ്രന് ആ ധർമം നൽകി. രുദ്രൻ യോഗം പൂണ്ട് കൃതയുഗത്തിൽ, പണ്ട് രാജാവേ, ബാലഖില്യമഹർഷിമാർ ക്കൊക്കെ ഈ ധർമം ഉപദേശിച്ചു."

ഇങ്ങനെ, ഇപ്പോൾ വാസുദേവകൃഷ്ണൻ ഉപദേശിക്കുന്ന യോഗം പല തവണ നഷ്ടപ്പെട്ടു നേടിയതിന്റെ വർണന മഹാഭാരതത്തിലുണ്ട്.[2]

**അർജുന ഉവാച:**

**4. അപരം ഭവതോ ജന്മ പരം ജന്മ വിവസ്വതഃ**
**കഥമേതദ്വിജാനീയാം ത്വമാദൗ പ്രോക്തവാനിതി.**

*അർഥം: അർജുനൻ പറഞ്ഞു, ഹേ ശ്രീകൃഷ്ണാ, അങ്ങയുടെ ജന്മം ഇപ്പോഴാണ് ഉള്ളത്. വിവസ്വാനാകട്ടെ മുൻപ് ജനിച്ചവനു മാണ്. ആദികാലത്ത് അങ്ങ് ഈ യോഗം ഉപദേശിച്ചുവെന്ന് പറഞ്ഞതിനെ ഞാനെങ്ങനെയാണ് മനസ്സിലാക്കേണ്ടത്?*

**ശ്രീഭഗവാനുവാച:**

**5. ബഹൂനി മേ വ്യതീതാനി ജന്മാനി തവ ചാർജുന**
**താന്യഹം വേദ സർവാണി ന ത്വം വേത്ഥ പരന്തപ.**

**6. അജോ/പി സന്നവ്യയാത്മാ ഭൂതാനാമീശ്വരോ/പി സൻ**
**പ്രകൃതിം സ്വാമധിഷ്ഠായ സംഭവാമ്യാത്മമായയാ.**

*അർഥം: ശ്രീകൃഷ്ണൻ പറഞ്ഞു, ഹേ അർജുന! എന്റെയും നിന്റെയും ധാരാളം ജന്മങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. അതെല്ലാം എനിക്കറിയാം, നിനക്കറിയില്ല. (5)*

---

2. മഹാഭാരതത്തിലെ ഇതേ അധ്യായത്തിലെ 48 മുതൽ 54 ശ്ലോകങ്ങളിലും ഇത്തരം ഉദാഹരണങ്ങൾ കാണാം.

*എങ്കിലും ഞാൻ അനാദിയാകുന്നു. അതിനാൽ ജനിക്കാത്തവനുമാണ്. നിത്യനും ഏകരസനുമായ ജീവാത്മാവാണ് ഞാൻ. പഞ്ചഭൂതങ്ങളിലുണ്ടാകുന്നവയുടെയെല്ലാം ഈശ്വരനായിത്തീർന്നിരുന്നു ഞാൻ. ഞാൻ അവയുടെ സ്വാമിയാണ്. അല്ലാതെ അവ എന്റെയല്ല. അന്യന് ഉപകാരം ചെയ്യുകയെന്ന പ്രേരണയാൽ ജ്ഞാനോപാർജിതമായ നിർമാണശക്തിയാലാണ് ഞാൻ ജന്മമെടുക്കുന്നത്. എന്റെ ജന്മം ഭോഗാർഥമല്ല, മറിച്ച് അന്യർക്ക് മോക്ഷം ഉപദേശിക്കുന്നതിനാണ്. (6)*

ഭാഷ്യം: ഇവിടെ 'അജ'ശബ്ദം ജീവാത്മാവിനെ കുറിക്കുന്നതാണ്. കാരണം ശരീരം സ്വീകരിക്കുന്നെങ്കിലും ജീവാത്മാവ് നശിക്കുന്നില്ല. ജന്മാന്തരകഥനത്തിന് യോഗാങ്ഗമായ അപരിഗ്രഹം പരിശീലിക്കുകയാണ് വേണ്ടതെന്ന് പതഞ്ജലിമുനി 'യോഗദർശന'ത്തിൽ പറയുന്നുണ്ട്.

**അപരിഗ്രഹസ്ഥൈര്യേ ജന്മകഥന്താ സംബോധഃ.** (2.39)

അപരിഗ്രഹം ദൃഢതയോടെ പാലിച്ചാൽ ജന്മം എന്തിനെന്ന് അറിയാനുള്ള ആഗ്രഹം തീവ്രമായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു.[3]

അതായത് അപരിഗ്രഹം ഉറയ്ക്കുന്നതോടെ കഴിഞ്ഞ ജന്മത്തിൽ താനേതെല്ലാം ശരീരത്തിലായിരുന്നുവെന്ന ബോധമുണ്ടാകുമെന്നർഥം. ഇപ്രകാരം പത്ത് മഹാസർഗങ്ങളിലെയും മുഴുവൻ ജന്മത്തെക്കുറിച്ചുമുള്ള ജ്ഞാനം ലഭിച്ച ഭഗവാൻ ജൈഗീഷവ്യനെക്കുറിച്ച് വ്യാസമഹർഷി യോഗദർശനഭാഷ്യത്തിൽ വിശദീകരിക്കുന്നുണ്ട്.[4]

യോഗിയായ ശ്രീകൃഷ്ണൻ തന്റെ അവബോധം പ്രഖ്യാപിക്കുകയാണ് ഇവിടെ. മുക്തി ലഭിച്ച ജീവാത്മാവിന് അന്യരെപ്പോലെ ജന്മ-മരണങ്ങളുണ്ടാകുന്നില്ല. എന്നാൽ മുക്തജീവൻ തന്റെ സ്വഭാവത്തെ ആശ്ര

---

3. "അപരിഗ്രഹത്തിൽ പ്രതിഷ്ഠിതനായ യോഗിക്ക് ജന്മാന്തരകഥാസംബോധമുണ്ടാകുന്നു" (യോഗദർശനം വ്യാസഭാഷ്യം 2.39)

4. *ഭഗവതോ ജൈഗീഷവ്യസ്യ സംസ്കാരസാക്ഷാത്കരണാദ് ദശസു മഹാസർഗേഷു ജന്മപരിണാമക്രമമനുപശ്യതോ വിവേകജം ജ്ഞാനം പ്രാദുരഭവത്.*

(യോഗദർശനം വ്യാസഭാഷ്യം 3.18)

യിച്ച് ജ്ഞാനിയായിരിക്കുന്നു. ആ ജീവാത്മാവ് അന്യരുടെ മുക്തിക്കായി പരിശ്രമിക്കുന്നു. അന്യജീവനുകളുടെ ഉദ്ധാരണത്തിനാണ് ഈ മുക്ത ജീവൻ ശ്രമിക്കുന്നത്. അതിനാലാണ് 'ആത്മമായയാ' എന്ന ശബ്ദം ഉപയോഗിച്ചിരിക്കുന്നത്. 'മായാ'ശബ്ദത്തിന് ഇവിടെ സ്വാമി ശങ്കരാചാര്യർ നൽകിയ അർഥം ത്രിഗുണാത്മകപ്രകൃതി എന്നാണ്. അല്ലാതെ നവീന അദ്വൈതികൾ പറയുന്നതുപോലുള്ള അനിർവചനീയമായ 'മായ' എന്നല്ല.

'മായ' എന്ന ശബ്ദം ഋഗ്വേദത്തിൽ പലയിടത്തും കാണാം. പക്ഷേ അവിടെയൊന്നും മിഥ്യാജ്ഞാനം, ഭ്രമജ്ഞാനം എന്നർഥം കാണാൻ കഴിയില്ല. മായാ, മായാഭിഃ മായിനഃ, മായയോ എന്നിങ്ങനെ വിവിധ രൂപത്തിൽ 70 സ്ഥലങ്ങളിൽ ഋഗ്വേദത്തിൽമാത്രം 'മായ' എന്ന ശബ്ദം കടന്നുവരുന്നുണ്ട്. എന്നാൽ അവിടെയൊന്നും 'മായാ'ശബ്ദത്തിന് ഭ്രമാത്മകമായതെന്ന അർഥമേ വരുന്നില്ല. മറിച്ച്, പ്രകൃതിയുടെ ഭാഗമായ 'ബുദ്ധി'യെന്ന അർഥമാണ് ഉള്ളത്.

ഇവിടെ ജീവാത്മാവിനെക്കുറിച്ചും അതിന്റെ പുനർജന്മത്തെക്കുറിച്ചും വിശദീകരിക്കുകയാണ് ഗീതാകാരൻ. ജീവാത്മാവ് ആരാണെന്ന് നാം അറിയണം. ജീവാത്മാവും പരമാത്മാവും ഒന്നാണെന്ന് പലരും കരുതുന്നു. ഇത് ശരിയല്ല. ജീവാത്മാവിന്റെ സ്വഭാവങ്ങളെന്താണെന്ന് ശാസ്ത്രങ്ങൾ വിവരിക്കുന്നുണ്ട്. ന്യായ-വൈശേഷികദർശനങ്ങളിൽ ജീവാത്മാവ് എന്താണെന്ന് പറയുന്നത് കാണുക:

**ഇച്ഛാദ്വേഷപ്രയത്നസുഖദുഃഖജ്ഞാനാന്യാത്മനോ ലിംഗമ്.**

(ന്യായദർശനം 1.1.10)

**പ്രാണാപാനനിമിഷോന്മേഷജീവനമനോഗതീന്ദ്രിയാന്തരവികാരാഃ**
**സുഖദുഃഖേച്ഛാദ്വേഷപ്രയത്നശ്ചാത്മനോ ലിങ്ഗാനി.**

(വൈശേഷിക ദർശനം 3.2.4)

1. ഇച്ഛ (പദാർഥങ്ങൾ കിട്ടുവാനുള്ള ആഗ്രഹം), 2. ദ്വേഷം (ദുഃഖം നൽകുന്ന പദാർഥങ്ങളോടുള്ള വെറുപ്പ്), 3. പ്രയത്നം, 4. സുഖം, 5. ദുഃഖം, 6. ജ്ഞാനം എന്നിവയാണ് ജീവാത്മാവിന്റെ ആറ് ലക്ഷണങ്ങളെന്ന് ന്യായദർശനം പറയുന്നു. പ്രാണവായുവിനെ പുറത്തേക്കു

വിടുകയും അകത്തേക്കു വലിച്ചെടുക്കുകയും ചെയ്യുക, കണ്ണുകളട യ്ക്കുക, കണ്ണുകൾ തുറക്കുക, സംശയിക്കുക, നിശ്ചയിക്കുക, അഭിമാ നിക്കുക, ഓർമിക്കുക, എല്ലാ ഇന്ദ്രിയങ്ങളെയും പ്രവർത്തിപ്പിക്കുക, വിശ പ്പ്, ദാഹം, സങ്കടം, സന്തോഷം തുടങ്ങിയതാണ് ജീവാത്മാവിന്റെ ലക്ഷ ണങ്ങളെന്ന് കണാദമുനി വൈശേഷികദർശനത്തിൽ ചൂണ്ടിക്കാണി ക്കുന്നു.

എന്നാൽ ഈവിധ ലിങ്ഗങ്ങളൊന്നും ഈശ്വരനില്ല. വിശപ്പ്, ദാഹം, സംശയം തുടങ്ങിയവയൊന്നും പരമാത്മാവിനെ ബാധിക്കുന്നില്ല. പര മാത്മാവിനെ നിർവചിക്കുന്നത് പതഞ്ജലിയാണ്. അദ്ദേഹം യോഗദർശ നത്തിൽ എഴുതുന്നത് കാണുക:

**ക്ലേശകർമവിപാകാശയൈരരപരാമൃഷ്ടഃ**
**പുരുഷവിശേഷ ഈശ്വരഃ.** (യോഗദർശനം 1.24)

അർഥം: ക്ലേശം, കർമം, കർമഫലം, അതിൽനിന്നുള്ള സംസ്കാരം എന്നിവയൊന്നും തൊട്ടുതീണ്ടാത്ത വിശേഷപുരുഷനാണ് ഈശ്വരൻ.

ഈശ്വരനും ജീവാത്മാവും തമ്മിലുള്ള വ്യത്യാസം ഇതാണ്. ഈ വ്യത്യാസമുള്ളതിനാൽ ഈശ്വരൻ ശരീരം സ്വീകരിക്കുകയുമില്ല. 'അകായം' എന്ന് ഈശ്വരനെ ഏകസംഹിതോപനിഷത്തായ ഈശാവാ സ്യോപനിഷത്തും വർണിക്കുന്നുണ്ട്. ശരീരമില്ലാത്തവനെന്നാണ് അകാ യമെന്നതുകൊണ്ട് അർഥമാക്കുന്നത്.

ഇക്കാര്യം യജുർവേദത്തിൽ പുരുഷസൂക്തവും ആവർത്തിക്കുന്നു.

**പ്രജാപതിശ്ചരതി ഗര്ഭേ അന്തരജായമാനോ ബഹുധാ വിജായതേ.**
**തസ്യ യോനിം പരിപശ്യന്തി ധീരാസ്തസ്മിൻഹ തസ്ഥുർഭുവനാനി വിശ്വാ.**
(യജുർവേദം 31.19)

(പ്രജാപതിഃ =) എല്ലാ പ്രജകളെയും പാലിക്കുന്ന പരമേശ്വരൻ (ഗര്ഭേ അന്തഃചരതി =) ഗർഭത്തിന്റെ ഉള്ളിൽതന്നെ വിചരിക്കുന്നു. ഈ (അജായമാനഃ =) ഒരിക്കലും ജനിക്കാത്തവനായ അവൻ (ബഹുധാ വിജാ യതേ =) നാനാരൂപത്തിലുള്ള സൃഷ്ടികളിൽ വിശേഷരൂപത്തിൽ പ്രക

ടമാകുന്നു. (ധീരാഃ =) ധ്യാനശീലരായ വിദ്വാന്മാർ (തസ്യ യോനിം =) അവന്റെ സ്വരൂപത്തെ (പരിപശ്യന്തി =) സൃഷ്ടിയിൽ എല്ലായിടത്തും കാണുന്നു. (തസ്മിൻ =) ആ മൂലാധാരത്തിൽതന്നെ (ഹ =) നിശ്ചയ മായും (വിശ്വാ ഭുവനാനി =) ഈ സകല ഭുവനങ്ങളും (തസ്ഥു =) നില നിൽക്കുന്നു.

ശ്രീകൃഷ്ണനെ ഈശ്വരന്റെ അവതാരമായിക്കാണുന്നവരുണ്ട്. പക്ഷേ, വേദവും വൈദികദർശനങ്ങളും പഠിച്ചാൽ ഈ കാഴ്ചപ്പാട് അതിന് വിരുദ്ധമാണെന്ന് കാണാൻ പ്രയാസമില്ല. **അകായം (ശരീരമി ല്ലാത്തത്), അശ്നാവിരം (നാഡീഞരമ്പുകളില്ലാത്തത്)** എന്നിങ്ങനെ ഈശ്വരനെ വർണിക്കുന്നുണ്ട് ഈശാവാസ്യോപനിഷത്തും യജുർവേ ദവും അപ്പോൾപിന്നെ ഈശ്വരൻ ശരീരം സ്വീകരിക്കുക എന്നത് എ ങ്ങനെ ശരിയാകും? മാത്രമല്ല, സർവവ്യാപിയായ ഭഗവാൻ ഒരിടത്തു ജനിച്ചാൽ സർവവ്യാപകത്വം, സർവജ്ഞാനം എന്നീ ഗുണങ്ങളും ഇല്ലാ തായിത്തീരും.

ഭഗവാൻ ശ്രീകൃഷ്ണൻ ഈശ്വരജന്മമാണെന്ന് ഗീതയിലൊരിടത്തും പറഞ്ഞിട്ടില്ലെന്നു കാണാം. അനേകം ജന്മങ്ങൾ ശ്രീകൃഷ്ണനും അർജു നനും ഉണ്ടായിട്ടുണ്ട്. എന്നാൽ ശ്രീകൃഷ്ണന് തന്റെ കഴിഞ്ഞുപോയ ജന്മങ്ങളെ അറിയാം. അർജുനന് അതറിയില്ല. കാരണം ശ്രീകൃഷ്ണൻ യോഗിയാണ്. അദ്ദേഹം മുക്താത്മാവാണ്. എന്നാൽ, മുക്തി കിട്ടി യാൽപിന്നെ ജനനമില്ലെന്ന ആധുനികവേദാന്തികളുടെ തെറ്റായ കാഴ്ച പ്പാടാണ് ശ്രീകൃഷ്ണനെ ഈശ്വരാവതാരമായി ചിത്രീകരിക്കാൻ ഇട യാക്കിയത്. മുക്തി അഥവാ മോക്ഷം ഒരു തടവറയല്ല. ഒരിക്കൽ മുക്തി നേടിയ ഒരാൾക്ക് പിന്നീട് ജന്മമേ എടുക്കാൻ സാധിക്കില്ല എന്നു പറ യുന്നത് അതൊരു തടവറയാണെന്ന് ചിത്രീകരിക്കുംപോലെയാകും.

7. **യദാ യദാ ഹി ധർമസ്യ ഗ്ലാനിർഭവതി ഭാരത!**
**അഭ്യുത്ഥാനമധർമസ്യ തദാത്മാനം സൃജാമ്യഹമ്.**

8. **പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാമ്**
**ധർമസംസ്ഥാപനാർഥായ സംഭവാമി യുഗേ യുഗേ.**

*അർഥം: അല്ലയോ ഭാരത, ധർമത്തിന് അധഃപതനവും അധർമത്തിന് ഉയർച്ചയും ഉണ്ടാകുന്നത് എപ്പോഴാണോ അപ്പോൾ ഞാൻ ലോകകല്യാണാർഥം ഈശ്വരപ്രേരണയാൽ ശരീരമെടുക്കുന്നു. (7)*

*സാധുക്കളെ രക്ഷിക്കുന്നതിനും പാപികളെ നശിപ്പിക്കുന്നതിനും ധർമത്തെ പുനഃസ്ഥാപിക്കുന്നതിനും യുഗങ്ങളിൽ ഞാൻ ആവിർഭവിക്കുന്നു. (8)*

ഭാഷ്യം: മുക്തിയിൽനിന്ന് തിരിച്ചുവരാമെന്നുള്ള ചിന്ത വൈദികവും ആർഷവുമാണ്. അദ്വൈതികളുടെ ഹൃദയസമ്രാട്ടായ ശ്രീമദ് ശങ്കരാചാര്യസ്വാമികളും മുക്തിയിൽനിന്ന് തിരിച്ചുവരവുണ്ടാകുമെന്ന് ബൃഹദാരണ്യകോപനിഷദ് ഭാഷ്യത്തിൽ കൃത്യമായി എഴുതിവെച്ചിട്ടുണ്ട്. ഖൊരക്പൂരിലെ ഗീതാപ്രസ് 12-ാം എഡിഷനായി പ്രസിദ്ധീകരിച്ച ബൃഹദാരണ്യകോപനിഷത്തിന്റെ ശാങ്കരഭാഷ്യത്തിൽ പറയുന്നത് എന്താണെന്ന് താഴെ എഴുതാം. വായിക്കുക. അപ്പോൾ മനസ്സിലാകും ശ്രീകൃഷ്ണൻ എങ്ങനെയുള്ള അവതാരമാണെന്ന്.

ബൃഹദാരണ്യകോപനിഷത്തിൽ ആറാം അധ്യായം രണ്ടാം ബ്രാഹ്മണത്തിൽ 15-ാം മന്ത്രത്തിന് ശ്രീശങ്കരാചാര്യർ എഴുതുന്ന ഭാഷ്യമാണ് താഴെ ചേർക്കുന്നത്.

**‘ബ്രഹ്മലോകാനിതി അധരോത്തരഭൂമിഭേദേന ഭിന്നാ**
**ഇതി ഗമ്യന്തേ, ബഹുവചനപ്രയോഗാത്,**
**ഉപാസനതാരതമ്യോപപത്തേശ്ച; തേ തേന പുരുഷേണ**
**ഗമിതാഃ സന്തസ്തേഷു ബ്രഹ്മലോകേഷു പരാഃ**
**പ്രകൃഷ്ടാഃ സന്തഃ, സ്വയം പരാവതഃ പ്രകൃഷ്ടാഃ**
**സമാഃ സംവത്സരാനനേകാൻ വസന്തി, ബ്രഹ്മണോ/നേകാൻ**
**കല്പാൻ വസന്തീത്യർഥഃ. തേഷാം ബ്രഹ്മലോകം ഗതാനാം**
**നാസ്തി പുനരാവൃത്തിരസ്മിൻ സംസാരേ**
**ന പുനരാഗമനമിഹേതി ശാഖാന്തരപാഠാത്.’**

അർഥം: ആചാര്യപക്ഷം: "ബ്രഹ്മലോകാൻ' എന്ന ബഹുവചനപ്രയോഗം കാരണം ജ്ഞാതമാകുന്നത്, താഴെ-മുകളിൽ എന്ന ഭൂമിഭേദം പോലെ ബ്രഹ്മലോകത്തിലും ഭേദമുണ്ടെന്നാണ്. ഉപാസനയുടെ താരതമ്യത്താലും ഈ ഭേദം ഉണ്ടാകുന്നതാണ്. ആ പുരുഷനാൽ ആനയിക്കപ്പെട്ടവർ, ആ ബ്രഹ്മലോകങ്ങളിൽ പ്രകൃഷ്ടരായി (പരാഃ പ്രകൃഷ്ടാഃ സന്തഃ) അനേകം സംവത്സരങ്ങളിൽ വസിക്കുന്നു. (പരാവതഃ പ്രകൃഷ്ടാഃ സമാഃ സംവത്സരാനനേകാൻ വസന്തി) അതായത് ബ്രഹ്മത്തിന്റെ അനേകകല്പങ്ങളോളം അവർ വസിക്കുന്നുവെന്നർഥം (ബ്രഹ്മണഃ അനേകാൻ കല്പാൻ വസന്തീത്യർഥഃ). ബ്രഹ്മലോകത്തിൽ എത്തിയ പുരുഷന്മാർക്ക് ഈ സംസാരത്തിൽ പുനരാവൃത്തി ഉണ്ടാകുന്നില്ല. അതായത് 'ഈ' സംസാരത്തിലേക്ക് അവർ വീണ്ടും വരികയില്ല എന്നർഥം. കാരണം 'ഇഹ ന പുനരാവൃത്തിഃ' എന്ന് ശാഖാന്തരപാഠമുണ്ട്.

## പൂർവപക്ഷം

**'ഇഹേത്യാകൃതിമാത്രഗ്രഹണമിതി ചേത് ശ്വോഭൂതേ**
**പൗര്ണമാസീമിതി യദ്വത്.'**

അർഥം: (പൂർവപക്ഷം ആചാര്യപാദരെ എതിർത്തുകൊണ്ട് ചോദിക്കുകയാണ്) 'ഇഹ' എന്ന പദത്താൽ ആകൃതിമാത്രഗ്രഹണമേ ഉണ്ടാകൂ. എന്തെന്നാൽ, ഈ സംസാരം മാത്രമല്ല മറ്റെല്ലാ കല്പങ്ങളിലെയും സംസാരങ്ങൾ അഥവാ ലോകങ്ങൾ എന്ന് മനസ്സിലാക്കേണ്ടതാണ്. അത് എങ്ങനെയെന്നാൽ, 'പൗർണമാസിയജ്ഞം പുലർന്നാൽ നടത്തണം' എന്നത് ഏതെങ്കിലും ചില രാവിലെകൾക്ക് മാത്രമുള്ളതല്ല. എല്ലാ രാവിലെകൾക്കും ബാധകമാണല്ലോ. അതായത് (മുക്തിയിൽനിന്നുള്ള തിരിച്ചുവരവായ) പുനരാവൃത്തിയില്ല എന്നത് എല്ലാ കല്പങ്ങളിലേക്കും എന്നന്നേക്കും ബാധകമാകുന്നു.

ഇതിന് ആചാര്യപാദർ നൽകിയ മറുപടിയാണ് ഏറ്റവും ശ്രദ്ധേയം. ഇതു പഠിച്ചാൽ അവതാരമെന്നാൽ എന്താണെന്നും അത് എങ്ങനെ വൈദികമായി സ്വീകാര്യമാണെന്നും ബോധ്യമാകും.

## ആചാര്യപക്ഷം

**'ന, ഇഹേതിവിശേഷണാനര്ഥസ്യാത്. യദി ഹി നാവര്‍ത്തന്ത ഏവ ഇഹ ഗ്രഹണമനര്ഥകമേവ സ്യാത്. ശ്വോഭൂതേ പൗര്‍ണമാസീമിത്യത്ര പൗര്‍ണമാസ്യാഃ ശ്വോഭൂതത്വമനുക്തം ന ജ്ഞായത ഇതി യുക്തം വിശേഷയിതുമ്. ന ഹി തത്ര ശ്വആകൃതിഃ ശബ്ദാര്‍ഥോ വിദ്യത ഇതി ശ്വഃശബ്ദോ നിരര്ഥക ഏവ പ്രയുജ്യതേ; യത്ര തു വിശേഷണശബ്ദേ പ്രയുക്തേ/നിഷ്യമാണേ വിശേഷണഫലം ചേന്ന ഗമ്യതേ, തത്ര യുക്തോ നിരര്ഥകത്വേന ഉത്സ്രഷ്ടും വിശേഷണശബ്ദോ ന തു സത്യാം വിശേഷണഫലാവഗതൗ തസ്മാദസ്മാത് കല്പാദൂര്‍ധ്വമാവൃത്തിര്‍ഗമ്യതേ.'**

ശ്രീശങ്കര ഭഗവത്പാദര്‍ മുക്തിയില്‍നിന്ന് തിരിച്ചുവരവുണ്ടെന്ന് അര്‍ഥശങ്കക്കിടയില്ലാത്തവിധത്തില്‍ പ്രഖ്യാപിക്കുകയാണിവിടെ. അര്‍ഥമെഴുതാം.

**'അല്ല,' അങ്ങനെയെങ്കില്‍ 'ഇഹ' എന്ന വിശേഷണം വ്യര്‍ഥമായിപ്പോകും. പുനരാവൃത്തി (മുക്തിയില്‍നിന്നുള്ള തിരിച്ചുവരവ്) ഒരിക്കലും ഇല്ലെങ്കില്‍ 'ഇഹ' (ഈ കല്പത്തിലെ സംസാരത്തില്‍) എന്ന വിശേഷണം നിരര്‍ഥകമായിപ്പോകും.** പുലരുമ്പോള്‍ പൗര്‍ണമാസിയജ്ഞം ചെയ്യണം എന്ന വാക്യത്തില്‍ 'നാളെ പുലരുമ്പോള്‍' എന്ന വിശേഷണം എടുത്തുപറയാതിരുന്നാല്‍, സ്വയം അതിന്റെ ജ്ഞാനം ഉണ്ടാവുകയില്ല. അതിനാലവിടെ വിശേഷണം ഉചിതമാണ് (ശ്വഃ = നാളെ എന്നതാണ് വിശേഷണം) എന്നാല്‍ അവിടെയും ശ്വഃ (നാളെ പ്രഭാതത്തില്‍) എന്നല്ല ശബ്ദാര്‍ഥം വരുന്നതെങ്കില്‍ 'ശ്വഃ' എന്ന ശബ്ദത്തിന്റെ പ്രയോഗം നിരര്‍ഥകമായിപ്പോകുമെന്നറിയണം. എവിടെയാണോ വിശേഷണസംജ്ഞ പ്രയോഗിക്കുന്നതും, അന്വേഷിച്ചാല്‍ അതിനര്‍ഥം ബോധിക്കാതിരിക്കുകയും ചെയ്യുന്നത്, അവിടെ വ്യര്‍ഥമാണ് ആ വിശേഷണ

മെന്ന് മനസ്സിലാക്കി അതിനെ പരിത്യജിക്കുന്നതാകും ഉചിതം. **അതിനാൽ (ഈ ലോകത്തിൽ എന്ന് വിശേഷണമുള്ളതിനാൽ) ഈ കല്പത്തിനുശേഷം മാത്രമേ (ആ ജീവൻ) പുനരാവൃത്തിയെ അഥവാ ജന്മത്തെ പ്രാപിക്കുന്നുള്ളൂവെന്ന് സിദ്ധിക്കുന്നു.**

മുക്തിയിൽനിന്ന് ജീവാത്മാവ് ഈ കല്പത്തിനുശേഷം പുനർജനിക്കുമെന്ന് ശ്രീശങ്കരാചാര്യർ പറഞ്ഞതോടെതന്നെ ജീവനും ബ്രഹ്മവും ഒന്നാണെന്ന വാദം ചീട്ടുകൊട്ടാരംപോലെ നിലംപൊത്തിക്കഴിഞ്ഞു. മാത്രമല്ല, ബ്രഹ്മത്തിന്റെ അംശമാണ് അവതാരമെന്ന വാദവും പൊളിഞ്ഞുപോകുന്നു. ഈശ്വരൻ ജനിക്കുകയില്ലെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്ന വേദത്തിന് വിരുദ്ധമാണ് ഈശ്വരൻ അവതരിക്കുമെന്ന വാദം. എന്നാൽ കഴിഞ്ഞ അനേകം ജന്മങ്ങളെ യോഗസിദ്ധിയിലൂടെ അറിഞ്ഞ മുക്താത്മാവായ ജീവാത്മാവിന് കല്പത്തിനുശേഷം വീണ്ടും ജനിക്കാം.

ഈ ശ്രീശാങ്കരഭാഷ്യത്തിന് ഒടുവിൽ ഗീതാപ്രസ്സുകാരൻ നൽകിയ ഒരു കുറിപ്പുണ്ട്. അതുകൂടി ചേർത്താൽ എല്ലാം ശുഭം. കാണുക:

“ഇവിടെ ബ്രഹ്മലോകത്തിൽനിന്ന് പുനരാവൃത്തി എന്നു പറഞ്ഞിട്ടുള്ളതിന് വീണ്ടും ജീവാത്മാവ് സംസാരബന്ധത്തിൽ വന്നുപെടുന്നുവെന്നല്ല അർഥം. അവരുടെ പുനരാഗമനം ഭഗവത്പ്രേരണയാൽ വിശ്വപ്രവൃത്തിയുടെ നിയന്ത്രണത്തിനും സന്തുലനത്തിനുംവേണ്ടിയാണ്, അഥവാ അവർ ഭഗവാന്റെ അവതാരലീലകളുടെ പ്രതിരൂപമായി മാറുന്നു. അവർ ജന്മമെടുത്താലും മുക്തരാണ്. നാരദർ, വസിഷ്ഠൻ, അർജുനൻ തുടങ്ങിയവരെല്ലാം ഈ കോടിയിൽപ്പെടുന്നു. ഇവരുടെ ജന്മം കർമബന്ധനത്തിനുവേണ്ടിയല്ല. മറിച്ച് ഭഗവത്കാര്യത്തിന്റെ നടത്തിപ്പിനുവേണ്ടിയാണ്.[5]

ഭഗവാൻ ശ്രീകൃഷ്ണന്റെ പേര് ഈ പട്ടികയിൽനിന്ന് ഒഴിവാക്കിയത് എന്തിനാണെന്ന് അറിയില്ല. ഏതായാലും നാം ഇവിടെ ചർച്ച ചെയ്യുന്ന ഗീതയിലെ അഞ്ചുമുതൽ എട്ടുവരെ ശ്ലോകങ്ങളിൽ യഥാർഥത്തിൽ എന്താണ് വിശദമാക്കുന്നത് എന്നതിന്റെ രഹസ്യം ഇവിടെ വെളിവാകുന്നു.

---

5. ബൃഹദാരണ്യകോപനിഷത്ത്, ഗീതാപ്രസ്, പേജ് 1307 മുതൽ 1309 വരെ ഭാഗങ്ങൾ.

എട്ടാം ശ്ലോകത്തിൽ **'പരിത്രാണായ സാധൂനാം'** എന്നു പറയുന്നിടത്ത് എങ്ങനെ അവതാരങ്ങൾ ജന്മമെടുക്കുന്നുവെന്നതിന്റെ കൃത്യമായ ഉത്തരം നമുക്കിവിടെ ലഭിച്ചുകഴിഞ്ഞു. ബൃഹദാരണ്യകോപനിഷത്തിലും അതിന്റെ ശ്രീശാങ്കരഭാഷ്യത്തിലും പറഞ്ഞിരിക്കുന്ന മുക്തിയിൽ നിന്നുള്ള തിരിച്ചുവരവിന്റെ പ്രമാണം വേദങ്ങളിലും കാണാം. വേദം നിത്യമായ പ്രമാണമാണെന്ന് ഏവരും അംഗീകരിക്കുന്നുണ്ടല്ലോ.

അഥർവവേദത്തിലെ ഈ മന്ത്രം പഠിക്കേണ്ടതാണ്.

**അപശ്യം ഗോപാമനിപദ്യമാനമാ**
**ച പരാ ച പഥിഭിശ്ചരന്തമ്.**
**സ സധ്രീചീഃ സ വിഷൂചീർവസാന**
**ആ വരീവർത്തി ഭുവനേഷ്വന്തഃ.** (അഥർവവേദം 9.10.11)

അർഥം: പൂർണ ജിതേന്ദ്രിയനായ പുരുഷൻ മുക്തനായിത്തീരുന്നു. എന്നാൽ എപ്പോഴാണോ ധർമഗ്ലാനി സംഭവിക്കുന്നത് അപ്പോൾ ലോകഹിതത്തിനായി ശരീരം ധരിച്ച് ഈ ലോകത്ത് വന്നു വസിക്കുന്നു.

അവ്യയമെന്ന് ആത്മാവിനെ വിവരിക്കുന്നുണ്ട് ആറാം ശ്ലോകത്തിൽ. വികാരരഹിതനെന്നർഥം. ജീവാത്മാവ് അമരനാണെന്ന് അഥർവവേദത്തിലും (9.10.16) ഋഗ്വേദത്തിലും (10.135.3) ഒരേപോലെ പറയുന്നുണ്ട്. ജീവാത്മാവ് അവ്യയവും അജരവും അമരവുമാണെന്ന വേദവാക്യമാണ് ആറാം ശ്ലോകത്തിന്റെ മുഖ്യമായ താത്പര്യം. 'ഭൂതാനാമീശ്വരഃ' എന്ന പദം കേൾക്കുമ്പോൾ പരമാത്മാവിനെക്കുറിച്ചാണ് വിവരണമെന്ന് തെറ്റുധരിക്കുന്നവരുണ്ട്. എന്നാലിവിടെ 'ഈശ്വര'ശബ്ദത്താൽ 'പരമേശ്വരൻ എന്ന് അർഥമെടുക്കരുത്. (പ്രപഞ്ചത്തിന്റെ സ്വാമിയായ പരമനായ ഈശ്വരനാണ് പരമാത്മാവ്). ശരീരം പഞ്ചഭൂതാത്മകമാണ്. ആ പഞ്ചഭൂതങ്ങളുടെ ഈശ്വരൻ ജീവാത്മാവാണ്. പഞ്ചഭൂതരൂപങ്ങളെ ജയിക്കുന്ന ജീവാത്മാവ് 'ഭൂതജയി' ആകുന്നുവെന്നും ഭൂതജയത്തിലൂടെ യോഗിക്ക് അണിമ, ലഘിമ തുടങ്ങിയ എട്ട് ഐശ്വര്യങ്ങൾ പ്രാപ്തമാകുന്നുവെന്നും വ്യാസമഹർഷി യോഗഭാഷ്യത്തിൽ പറയുന്നുണ്ട്.[6] ഇപ്ര

6. *തത്ര പഞ്ചഭൂതസ്വരൂപാണി ജിത്വാ ഭൂതജയീ ഭവതി......... ഏതാന്യഷ്ടാവൈശ്വരാണി* (യോഗദർശനം വ്യാസഭാഷ്യം 3.44, 45)

കാരം ഐശ്വര്യത്തിന്റെ അധിപനെ ഈശ്വരശബ്ദത്താൽ വിശേഷിപ്പി ക്കുന്നു. ('ഈശ് ഐശ്വര്യേ' എന്ന ധാതുവിൽനിന്നാണ് ഈശ്വരശബ്ദം നിഷ്പന്നമായത്.) ആ ജീവാത്മാവ് പ്രകൃതിയെ അഥവാ മായയെ അധീ നതയിലാക്കുന്നു. മുക്താത്മാവിന് ഇങ്ങനെ പ്രകൃതിയുടെ ഈശ്വരനാ കാൻ കഴിയുന്നു. ഇത് എങ്ങനെയാണെന്ന് പറയുകയാണ് അടുത്ത രണ്ട് ശ്ലോകങ്ങളിൽ.

**ശ്രീഭഗവാനുവാച:**

**9. ജന്മകർമ ച മേ ദിവ്യമേവം യോ വേത്തി തത്ത്വതഃ**
**ത്യക്ത്വാ ദേഹം പുനർജന്മ നൈതി മാമേതി സോഽർജുന.**

**10. വീതരാഗഭയക്രോധാ മന്മയാ മാമുപാശ്രിതാഃ**
**ബഹവോ ജ്ഞാനതപസാ പൂതാ മദ്ഭാവമാഗതാഃ.**

*അർഥം: ശ്രീകൃഷ്ണൻ പറഞ്ഞു, ഹേ അർജുനാ, ഞാൻ ലോകക ല്യാണാർഥം ഏതു പ്രകാരമാണോ ഈ ജന്മം പ്രാർഥന യാൽ നേടിയതെന്നും, ഈ ജന്മത്തിൽ ദിവ്യകർമങ്ങൾ ചെയ്തതെന്നും നേരാംവണ്ണം അറിയുന്നവർ, നിഷ്കാമ കർമത്തിന്റെ മഹിമയറിഞ്ഞവർ, അവർ ഒരിക്കലും ഈ കല്പത്തിൽ പിന്നീട് ജനിക്കുകയില്ല. അവരും എന്നെ മന സ്സിലാക്കി എന്നോടൊത്തു ചേരുന്നു. അഥവാ ദിവ്യജന്മ ത്തിന്റെ മഹിമയറിയുന്നവരുടെ ശ്രേണിയിൽ വന്നുചേ രുന്നു. (9)*

*മറ്റനേകം ജീവാത്മാക്കൾ രാഗം, ഭയം, ക്രോധം എന്നിവ ത്യജിച്ച് ഞാൻ ഉപദേശിച്ച മാർഗത്തിൽ തന്മയീഭവിച്ച് മുന്നോട്ടുപോകുന്നു. യഥാർഥ ഈശ്വരഭക്തൻ എന്ന അർഥത്തിൽ എന്നെ ആശ്രയിച്ച് ഭക്തർ ജ്ഞാനം, തപസ്സ് എന്നിവയാൽ പവിത്രരായി എന്റെ പദത്തിൽ എത്തിച്ചേ രുന്നു. അതായത് എന്നെപ്പോലെ ലോകോദ്ധാരകരായി അവരും മാറുമെന്നർഥം. (10)*

ഭാഷ്യം: ഈ രണ്ടു ശ്ലോകങ്ങളിലായി ഭഗവാൻ ശ്രീകൃഷ്ണൻ യോഗദർശനത്തിലെ രണ്ടു സൂത്രങ്ങളെ പഠിപ്പിക്കുകയാണ് ചെയ്യുന്നത്.

**വീതരാഗവിഷയം വാ ചിത്തമ്.** (യോഗദർശനം 1.37)

രാഗരഹിതരായ യോഗികളുടെ ചിത്തത്തെ ആലംബനം ചെയ്യുന്നതുകൊണ്ടും ചിത്തം ഏകാഗ്രമാകും.

താൻ ഈദൃശമായ യോഗസാധന അനുഷ്ഠിക്കുന്നവനാണ്. തന്നെ പിൻപറ്റുന്നവർക്ക് ജന്മമുണ്ടാകില്ല. ഇവിടെ പരമാത്മാവായതുകൊണ്ടാണോ ഭഗവാൻ ഇങ്ങനെയൊക്കെ പറയുന്നതെന്ന സംശയം ഉദിച്ചേക്കാം. പരമാത്മാവിനെ മാത്രമേ ഉപാസ്യദേവനായി കാണാൻ പാടുള്ളൂ. അല്ലാതെ യോഗികളെ ഈശ്വരനായിക്കണ്ട് ഉപാസിക്കുന്നത് വലിയ തെറ്റാണ്. അപ്പോൾ ശ്രീകൃഷ്ണൻ 'മാമുപാശ്രിതാഃ' (ഗീത 4.10) എന്നു പറഞ്ഞത് എന്തുകൊണ്ടാണെന്നറിയാനാണ് യോഗശാസ്ത്രത്തിലെ സൂത്രമിവിടെ ഉദ്ധരിച്ചത്. പാതഞ്ജലയോഗസൂത്രത്തിന് ഭാഷ്യമെഴുതിയത് ഗീതാകർത്താവായ വ്യാസനാണ്. അദ്ദേഹം പറയുന്നത് കേൾക്കുക.

**'വീതരാഗചിത്താലംബനോപരക്തം വാ**
**യോഗിനശ്ചിത്തം സ്ഥിതിപദം ലഭത ഇതി.'** (യോഗദർശനം 1.37 വ്യാസഭാഷ്യം)

എന്ന് വ്യാസനും ഈ സൂത്രത്തിന് ഭാഷ്യം രചിച്ചതു കാണുമ്പോൾ ഗീതയുടെ മാഹാത്മ്യമാണ് നാം തിരിച്ചറിയുന്നത്. വീതരാഗികളായ യോഗികളുടെ ചിത്തത്തെ ആലംബനം ചെയ്യുന്നവർ ചിത്തസ്ഥിരത നേടുന്നു. യോഗികളുടെ ജീവിതരേഖ മനസ്സിലാക്കുന്നതിലൂടെയും അവരോടൊന്നിച്ച് നടന്നും നമുക്ക് ചിത്തസ്ഥിരത നേടാമെന്നാണ് വ്യാസവാക്യത്തിനർഥം.

അതേപോലെ 10-ാം ശ്ലോകത്തിൽ പറയുന്ന കാര്യങ്ങൾ യോഗസൂത്രത്തിന്റെതന്നെ വ്യാഖ്യാനമാണ്.

**അവിദ്യാ/സ്മിതാ രാഗദ്വേഷാഭിനിവേശാഃ പഞ്ചക്ലേശാഃ.**
(യോഗദർശനം 2.3)

അർഥം: അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നിവ പഞ്ചക്ലേശങ്ങളാണ്. മറ്റുള്ള നാലും അവിദ്യ കാരണം ഉണ്ടാകുന്നവയാണ്. ഇവ ചിലപ്പോൾ സുപ്തമായി നമ്മിൽ ഉറങ്ങിക്കിടക്കും. അനുകൂലസാഹചര്യമുണ്ടാകുമ്പോൾ തുടർന്ന് വീണ്ടും ഉണ്ടാവുകയും ചെയ്യും. വിവേകഖ്യാതി ലഭിച്ചാൽ മാത്രമേ സാധകന് ഇവയിൽനിന്ന് മുക്തി ലഭിക്കുകയുള്ളൂ. വറുത്ത വിത്ത് മുളയ്ക്കാത്തതുപോലെ. പത്താംശ്ലോകത്തിൽ പറഞ്ഞ രാഗം, ഭയം, ക്രോധം എന്നീ ക്ലേശങ്ങൾ അവിദ്യയിൽനിന്നാണ് ജനിക്കുന്നത്. അതില്ലാതാവാൻ ജ്ഞാനതപസ്സ് വേണമെന്നാണ് ഗീതാകാരൻ ഉപദേശിക്കുന്നത്. അതുതന്നെയാണ് യോഗദർശനത്തിൽ അവിദ്യ നശിച്ച് വിവേകഖ്യാതി വരണമെന്ന് പതഞ്ജലിയും ഉപദേശിച്ചത്.

**11. യേ യഥാ മാം പ്രപദ്യന്തേ താംസ്തഥൈവ ഭജാമ്യഹമ്**
**മമ വർത്മാനുവർതന്തേ മനുഷ്യാഃ പാർഥ സർവശഃ.**

**12. കാങ്ക്ഷന്തഃ കർമണാം സിദ്ധിം യജന്ത ഇഹ ദേവതാഃ**
**ക്ഷിപ്രം ഹി മാനുഷേ ലോകേ സിദ്ധിർഭവതി കർമജാ.**

*അർഥം: ഹേ പാർഥാ! ആരൊക്കെ ഏതേതു വിധത്തിൽ എന്നെ പ്രാപിക്കുവാൻ ശ്രമിക്കുന്നുവോ, അവരെ ഞാൻ അതേ രീതിയിൽതന്നെ ഗ്രഹിക്കുന്നു. എന്റെ മാർഗത്തെത്തന്നെയാണ് ഏവരും ആശ്രയിക്കുന്നത്. (11)*
*കർമങ്ങളാൽ സിദ്ധി നേടാൻ ആഗ്രഹിക്കുന്നവർ ദേവതകൾക്കായി യജ്ഞം ചെയ്ത് ഇന്ദ്രിയങ്ങളെ കൂടുതൽ സംയമികളാക്കിത്തീർക്കുന്നു. കാരണം, മനുഷ്യലോകത്തിൽ കർമങ്ങൾക്ക് വേഗം സിദ്ധിയുണ്ടാകുന്നു. (12)*

ഭാഷ്യം: ഇതേ അധ്യായത്തിൽ 26-ാം ശ്ലോകത്തിൽ ഭഗവാൻ പറയുന്നത് '**ശ്രോത്രാദീനീന്ദ്രിയാണ്യന്യേ സംയമാഗ്നിഷു ജുഹ്വതി**' എന്നാണ്.

അതായത്, ചെവി തുടങ്ങിയ ജ്ഞാനേന്ദ്രിയങ്ങളെയും കർമേന്ദ്രിയങ്ങളെയും നിയന്ത്രിച്ച് സംയമനാഗ്നിയിൽ ഹോമിക്കുന്നുവെന്നർഥം. ഈ

ശ്ലോകത്തിലെ ദേവതാശബ്ദം ഇന്ദ്രിയങ്ങളെക്കുറിക്കുന്നതാണ്. യജുർവേദത്തിൽ **'നൈനദ്ദേവാ ആപ്നുവൻ പൂർവമർശത്'** (യജുർവേദം 40.4) എന്ന് പ്രമാണവുമുണ്ട്. ഇന്ദ്രിയങ്ങളാൽ (ദേവതകളാൽ) പൂർവസ്ഥാനത്തു വിശദീകരിച്ച വ്യാപകനെ (ഈശ്വരനെ) നേടാനാവില്ലെന്ന് മന്ത്രാർഥം. കാരണം മനുഷ്യലോകത്തിൽ കർമത്താൽ അതിവേഗം സിദ്ധികൾ ലഭിക്കുന്നു.

ഈ രണ്ടു ശ്ലോകങ്ങളെ നാം ചർച്ചയ്ക്കെടുത്താൽ ഇവിടെ ഭഗവാനെ ഉപാസിക്കേണ്ടവിധത്തെ ഉപദേശിക്കുവാൻ ആരംഭിക്കുകയാണെന്നു കാണാം. 11-ാം ശ്ലോകത്തിലെ "ആരൊക്കെ എന്നെ എന്തെല്ലാം വിധത്തിൽ പ്രാപിക്കുന്നുവോ" എന്ന പ്രസ്താവനയെ പലരും തെറ്റായി വ്യാഖ്യാനിക്കാറുണ്ട്. ഏത് കർമം ചെയ്താലും ഭഗവാന് സന്തോഷമാണ്. അതിനാൽ എന്തു ചെയ്താലും അത് ഭഗവാന്റെ വഴിതന്നെയാണെന്നും അതിനാൽ എത്ര നീചരീതിയാലും ആ വഴി ഭഗവാനിലെത്തുമെന്നും" ചിലർ വ്യാഖ്യാനിക്കുന്നു. തത്ഫലമായി അതിക്രൂരവും നീചവുമായ മാർഗങ്ങൾവരെ ചിലർ അനുവർത്തിക്കുന്നു. എന്നാൽ അത്തരത്തിലൊരർഥം ഇവിടെ ഇല്ല. അങ്ങനെയൊരർഥം ഇവിടെ ഉണ്ടെങ്കിൽ 18-ാം അധ്യായത്തിൽ **'സർവധർമാൻ പരിത്യജ്യ മാമേകം ശരണം വ്രജ'** (ശ്ലോകം 66)- "എല്ലാ ധർമങ്ങളും പരിത്യജിച്ച് എന്നെ മാത്രം അഭയം പ്രാപിക്കൂ"വെന്ന് ഭഗവാനെന്തിനു പറയണം? ഇവിടെ ചർച്ചയ്ക്ക് വിഷയമാകുന്നത് രണ്ട് വഴികളാണ്. ഒന്ന് ജ്ഞാനയോഗം, മറ്റൊന്ന് കർമയോഗം. ഈ രണ്ടു വഴികളിൽ ഏതുവേണമെങ്കിലും സ്വീകരിച്ചാലും എന്നാണ് പറഞ്ഞതിനർഥം.

അതിലുപരിയായി ഈ ശ്ലോകത്തിൽ മറ്റൊരു ദ്വയാർഥപ്രയോഗംകൂടി വ്യാസൻ ഒളിപ്പിച്ചു വെച്ചിട്ടുണ്ട്. യുദ്ധതാത്പര്യം നശിച്ചിരിക്കുന്ന അർജുനനോട് ഭഗവാൻ ഈ ശ്ലോകങ്ങൾ ഉപദേശിക്കുന്നത് മറ്റൊരു അർഥത്തിൽകൂടിയാണ്. അതെന്താണെന്ന് എഴുതാം.

"അല്ലയോ അർജുനാ, ഈ യുഗത്തിൽ ഞാൻ പരമ്പരാപ്രോക്തമായ, രാജർഷികൾ സേവിക്കുന്ന കർമയോഗത്തെ പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്നു. മഹാഭാരതമെന്ന സാമ്രാജ്യം സ്ഥാപിക്കാൻ ആഗ്രഹിക്കു

ന്നു. അതിനോട് താത്പര്യമുള്ളവരെല്ലാം എങ്ങനെ എന്നോട് സമീപിക്കുന്നുവോ അതേ രീതിയിൽ ഞാനും അവരെ സമീപിക്കുന്നു. ശഠനോട് ശാഠ്യമെന്ന നിലയിൽ ദുര്യോധനാദികളോട് യുദ്ധത്തിൽ നില കൊള്ളുന്നു. ധർമതാത്പര്യമുള്ളവരെല്ലാം നമ്മോടൊപ്പം ചേർന്നിട്ടുണ്ട്. എന്നിട്ടും നീ എന്താണ് ദുഃഖിതനായി സ്വജനപ്രേമം പറയുന്നത്?" ഈ ചോദ്യമാണ് ഭഗവാൻ ഭംഗ്യന്തരേണ 11-ാം ശ്ലോകത്തിൽ അർജുനനോട് ചോദിക്കുന്നത്. കർമങ്ങളാൽ സിദ്ധികൾ കൈവരുന്നു. പക്ഷേ ഓരോരുത്തരുടെയും ഗുണകർമങ്ങൾ വ്യത്യസ്തമാകയാൽ അവയിൽനിന്ന് ലഭിക്കുന്ന ഫലവും വ്യത്യസ്തമായിരിക്കും. ഈ വ്യത്യസ്ത സ്വഭാവങ്ങൾ എങ്ങനെ ഉണ്ടായിയെന്നാണ് അടുത്ത ശ്ലോകത്തിൽ പറയുന്നത്.

13. **ചാതുർവർണ്യം മയാ സൃഷ്ടം ഗുണകർമവിഭാഗശഃ**
**തസ്യ കർതാരമപി മാം വിദ്ധ്യകർതാരമവ്യയമ്.**

*അർഥം: നാല് വർണങ്ങളുടെ ഭാവം അഥവാ ബ്രാഹ്മണത്വം, ക്ഷത്രിയത്വം തുടങ്ങിയ ധർമങ്ങളെ ഗുണകർമമനുസരിച്ച് വിഭജിച്ചത് ഞാനാണ്. ആ ഗുണകർമരൂപമനുസരിച്ചുള്ള ഭേദത്തിന്റെ കർത്താവും ഞാനെന്നറിയുക. (ആ ഞാൻ എങ്ങനെയാണ്?) വാസ്തവത്തിൽ ഞാൻ കർത്താവല്ല, (പിന്നെ എങ്ങനെ?) വികാരരഹിതനാണ്.*

ഭാഷ്യം: കർമഫലത്തിൽ ഇച്ഛ വെച്ചിരിക്കുന്നവൻ വിവിധ ദേവതകൾക്കായി യജനം ചെയ്യുന്നു. ഫലത്തിൽ ആഗ്രഹിച്ചുകൊണ്ട് അനേകദേവതകളെ പൂജിക്കുന്നവരുണ്ട്. ഇക്കാര്യം ഭഗവദ്ഗീതയിൽ മറ്റൊരിടത്ത് ശ്രീകൃഷ്ണൻ പറയുന്നുണ്ട്.

**യാന്തി ദേവവ്രതാ ദേവാൻ പിതൃൻ യാന്തി പിതൃവ്രതാഃ**
**ഭൂതാനി യാന്തി ഭൂതേജ്യാ യാന്തി മദ്യാജിനോഽപി മാമ്.** (9.25)

അർഥം: "ദേവതകളെ പൂജിക്കുന്നവർ ദേവതകളെ നേടുന്നു. പിതൃക്കളെ പൂജിക്കുന്നവർ പിതൃക്കളെയും ഭൂതങ്ങളെ പൂജിക്കുന്നവർ ഭൂതങ്ങളെയും നേടുന്നു. പരമേശ്വരനെ ഭജിക്കുന്നവർ പരമേശ്വരഭാവ

ത്തെയും കൈവരിക്കുന്നു." ഇന്നും ഇത് തുടരുന്നു. ഉപാസകൻ തന്റെ ഉപാസ്യദേവതയ്ക്ക് സമാനനാണെന്ന് ചിന്തിക്കുന്നു. ഉപാസ്യദേവനെ അവൻ നിരന്തരം ഉപാസിച്ചുകൊണ്ടിരിക്കുന്നു. രാജസികവും താമസികവുമായ ഉപാസനയിലൂടെ ഉപാസകന്മാർ രാജസികരും താമസികരുമായിത്തീരുന്നു. സാത്ത്വിക ഉപാസ്യദേവതയെ ഉപാസിക്കുന്നവർ സത്ത്വഗുണസമ്പന്നരും. അതിനാൽ മനുഷ്യർ തങ്ങളുടെ ഭോഗേച്ഛയ്ക്കനുസരിച്ച് വിവിധ സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നു.

നമ്മുടെ ശരീരത്തിലാണ് ആദ്യത്തെ ചാതുർവർണ്യം ആരംഭിക്കുന്നത്.

1. മസ്തിഷ്കം ചിന്തിക്കുന്നു.
2. ശക്തി ആവശ്യമുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നത് കൈകളും നെഞ്ചുമാണ്.
3. ഉദരവും പൊക്കിൾക്കൊടിയും ചേർന്ന ഭാഗങ്ങൾ കഴിക്കുന്ന ആഹാരം എല്ലാ ഇന്ദ്രിയങ്ങളിലേക്കും നേരായ പാകത്തിൽ എത്തിക്കുന്നു.
4. പാദങ്ങൾ നമ്മുടെ ശരീരത്തെ ആകമാനം താങ്ങി നിറുത്തുകയും കർമങ്ങൾ അനുഷ്ഠിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ ശരീരത്തെ നാലായി വിഭജിക്കാം. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ.

സാമൂഹികമായ കാഴ്ചപ്പാടിൽ ചിന്തിക്കുന്നവരുടെ സമൂഹമുണ്ട്. അവർ ബ്രാഹ്മണരാണ്. രാജ്യത്തെ രക്ഷിക്കാൻവേണ്ടി ശരീരത്തെ കൊടുത്തും കർമം ചെയ്യുന്നവരുണ്ട്. അവർ ക്ഷത്രിയരാണ്. ഈ രാജ്യത്ത് പാലും പഴവും പച്ചക്കറികളും ഔഷധങ്ങളും അരിയുമൊക്കെ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നവരുണ്ട്. അവരാണ് വൈശ്യർ. ഈ മൂന്ന് കൂട്ടരെയും ഒരുപോലെ സഹായിച്ചുകൊണ്ട് നമ്മെ മുന്നോട്ടുകൊണ്ടുപോകുന്നവരുണ്ട്. അവരാണ് ശൂദ്രർ.

ഇവരാരും ജാതിയുടെ ഭാഗമല്ല. വരിക്കുന്നതാണ് വർണമെന്ന് നിഷ്പത്തിശാസ്ത്രവും പറയുന്നുണ്ട്. ശമം, ദമം, തപം, ശുദ്ധി, ക്ഷമ,

ജ്ഞാനം, വിജ്ഞാനം, ആസ്തിക്യബോധം എന്നിവ ആർക്കുണ്ടോ അവർ ബ്രാഹ്മണരാണെന്ന് ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ട്. ക്ഷത്രിയർക്കാകട്ടെ ശൗര്യം തേജസ്സ്, ധൈര്യം, ദക്ഷത, യുദ്ധത്തിൽനിന്ന് പിൻതിരിഞ്ഞോടാതിരിക്കൽ, ദാനം, സ്വാമിഭാവം എന്നിവ ഉണ്ടാകും. കൃഷി, ഗോരക്ഷ, വാണിജ്യം എന്നിവ വൈശ്യഗുണങ്ങളാണ്. സേവയും കർമകുശലതയും ശൂദ്രഗുണങ്ങളാണ്. ഭഗവദ്ഗീതയിൽതന്നെ ഇക്കാര്യം സുവ്യക്തമായി ഭഗവാൻ പറഞ്ഞിട്ടുണ്ട്. കാണുക:

**ബ്രാഹ്മണക്ഷത്രിയവിശാം ശൂദ്രാണാം ച പരന്തപ**
**കർമാണി പ്രവിഭക്താനി സ്വഭാവപ്രഭവൈർഗുണൈഃ.** (ഗീത 18.41)

അർഥം: അല്ലയോ പരന്തപാ, ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ തുടങ്ങിയവരുടെ കർമങ്ങൾ അവരവരുടെ സ്വഭാവമനുസരിച്ച് രൂപംകൊള്ളുന്ന സത്ത്വരജസ്തമോഗുണങ്ങളാൽ വിഭജിക്കപ്പെട്ടിരിക്കുന്നു.

ഗീതയിലെ 'ചാതുർവർണ്യ'മെന്നു തുടങ്ങുന്ന ശ്ലോകം 18-ാം അധ്യായത്തിലെ 41 മുതൽ 48 വരെയുള്ള ശ്ലോകങ്ങളുമായി ചേർത്തു പഠിക്കേണ്ടതാണ്.

**'ബ്രഹ്മകർമ സ്വഭാവജമ്' (42)**

**ക്ഷാത്രം കർമ സ്വഭാവജമ് (43)**

**വൈശ്യകർമ സ്വഭാവജമ് (44)**

**കർമ ശൂദ്രസ്യാപി സ്വഭാവജമ് (44)**

ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിവരുടെ കർമങ്ങൾ സ്വ-ഭാവ-ജം അഥവാ ജന്മനാ സിദ്ധമായ ഗുണമെന്നാണർഥം.

**സ്വേ സ്വേ കർമണ്യഭിരതഃ സംസിദ്ധിം**
**ലഭതേ നരഃ.** (ഗീത 18.45)

മനുഷ്യനെ തന്റെ സ്വാഭാവിക കർമങ്ങളിൽ താത്പര്യപൂർവം ഏർപ്പെടുത്തിയാൽ പരമസിദ്ധിയെ കൈവരിക്കുന്നുവെന്നർഥം.

**സ്വഭാവനിയതം കർമ കുർവന്നാപ്നോതി**

**കില്ബിഷം** (ഗീത 18.47)

സ്വഭാവത്താൽ (സ്വഭാവനിയതം) പ്രേരിതനായി കർമം ചെയ്താൽ പാപം വന്നുചേരുന്നില്ല.

**സഹജം കർമ കൗന്തേയ**

**സദോഷമപി ന ത്യജേത്**

സ്വഭാവനിയതമായ കർമം ദോഷമാർന്നതാണെങ്കിൽകൂടി ത്യജിക്കരുത്.

എന്നാൽ തപശ്ശക്തികൊണ്ട് വിശ്വാമിത്രനെപ്പോലെ തന്റെ വർണത്തിന് മാറ്റം വരുത്താൻ കഴിയും. സ്വകർമം ജ്ഞാനത്തിലൂടെയാണ് പക്വമാക്കേണ്ടത്. അതിന് അറിവു വേണം. അറിവെന്ന് അർഥം വരുന്ന പദമാണ് വേദശബ്ദത്തിന്റെ മൂലം. വേദം പഠിക്കുന്നതിലൂടെ അറിവ് ആർജിക്കാൻ കഴിയുന്നു. എന്നാൽ ജാതിബ്രാഹ്മണ്യം കടന്നുവന്നതോടെ വേദപഠനം അന്യവർണങ്ങൾക്ക് വിലക്കി. തത്ഫലമായി അവർക്ക് വേദപഠനം നടത്താൻ കഴിയാതെ വരികയും ജാതിസമ്പ്രദായം ആരംഭിക്കുകയും ചെയ്തു. ഇത് ഭാരതസംസ്കാരത്തിനേറ്റ വലിയ ആഘാതമായി.

വാസ്തവത്തിൽ 'ജാതി' എന്ന തരംതിരിവ് വർണവ്യവസ്ഥയാണെന്ന് തെറ്റുധരിച്ചതാണ് അഥവാ ധരിപ്പിച്ചതാണ് ഈ അവസ്ഥ സംജാതമാകാൻ കാരണം. വേദം മുതലേ ഈ ജാതിചിന്തയുണ്ടെന്ന് ചൂണ്ടിക്കാട്ടാൻ ചിലർ വേദത്തിലെ ഈ മന്ത്രം പ്രമാണമാക്കുന്നു.

**ബ്രാഹ്മണോ/സ്യ മുഖമാസീദ്ബാഹൂ രാജന്യഃ കൃതഃ**

**ഊരൂ തദസ്യ യദ്വൈശ്യഃ പദ്ഭ്യാങ് ശൂദ്രോ അജായത.**

(ഋഗ്വേദം 10.90.12)

അർഥം: ബ്രാഹ്മണൻ സമൂഹപുരുഷന്റെ ശിരസ്സാകുന്നു. അതിന്റെ കൈകൾ ക്ഷത്രിയനും ഊരുക്കൾ വൈശ്യനുമാകുന്നു. പാദങ്ങളാകട്ടെ ശൂദ്രനും.

ഇതിന് തൊട്ടു മുൻപത്തെ മന്ത്രത്തിൽ മനുഷ്യസമൂഹത്തെ ഒരു പുരുഷനായി ആലങ്കാരികമായി വർണിക്കുന്നുണ്ട്. ആ ആലങ്കാരിക വർണനയുടെ തുടർച്ച മാത്രമാണിവിടെ കാണാൻ കഴിയുക. എന്നാൽ ബ്രാഹ്മണർ ബ്രഹ്മാവിന്റെ മുഖത്തുനിന്നുമുണ്ടായവരാണെന്നും ശൂദ്രർ പാദങ്ങളിൽനിന്ന് ഉണ്ടായതാണെന്നും മറ്റും സംസ്കാരവിരോധികൾ ആരോപണമുന്നയിച്ചു. ജനനംകൊണ്ട് ആർക്കും ഒരു ജാതിയും ഉണ്ടാകുന്നില്ലെന്ന് വൈദിക സംസ്കൃതി നമ്മെ പഠിപ്പിക്കുന്നുണ്ട്. ഋഗ്വേദത്തിലെ മന്ത്രം കാണുക:

**കാരുരഹം താതോ ഭിഷഗ് ഉപലപ്രക്ഷിണീ നനാ.**
**നാനാധിയോ വസൂയവോ/നു ഗാ ഇവ**
**തസ്ഥിമേന്ദ്രായേന്ദോ പരി സ്രവ.** (ഋഗ്വേദം 9.112.3)

അർഥം: ഞാനൊരു ശില്പിയാണ്. എന്റെ അച്ഛൻ വൈദ്യനാണ്. അമ്മ അരകല്ലുകൊണ്ട് ഗോതമ്പു പൊടിക്കുന്നു. പശുക്കൾ പല മേച്ചിൽ സ്ഥലങ്ങളിലും ചുറ്റിത്തിരിയുന്നതുപോലെ ഞങ്ങളും പല ജോലികളുമെടുത്ത് ധനവും സൗഖ്യവും സമ്പാദിക്കുന്നു. ഹേ ഈശ്വരാ, ഞങ്ങളുടെ സുഖത്തിനായി അങ്ങ് അനുഗ്രഹിക്കേണമേ.

എന്നു മാത്രമല്ല, ശൂദ്രൻ വേദം പഠിച്ചാൽ ഈയം ഉരുക്കി ഒഴിക്കണമെന്ന് വേദത്തിൽ പറഞ്ഞിട്ടില്ല. മനുസ്മൃതിയിലും അങ്ങനെ പറഞ്ഞിട്ടില്ല. മറിച്ച് വേദം പഠിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. കാരണം വേദപഠനത്തിലൂടെ മാത്രമേ യഥാർഥ വർണത്തെ സ്വീകരിക്കാൻ കഴിയൂ. അതിന് ഏവർക്കും കഴിയണംതാനും. ഇതിനുള്ള പ്രമാണം വേദങ്ങളിൽനിന്നുതന്നെ ഉദ്ധരിക്കാം. കാണുക:

**യഥേമാം വാചം കല്യാണീമാവദാനി ജനേഭ്യഃ**
**ബ്രഹ്മരാജന്യാഭ്യാങ്ശൂദ്രായ ചാര്യായ**
**ച സ്വായ ചാരണായ ച.** (യജുർവേദം 26.2)

അർഥം: എല്ലാ ലോകരുടെയും ഹിതത്തിനായി ബ്രാഹ്മണർക്കും ക്ഷത്രിയർക്കും ശൂദ്രന്മാർക്കും വൈശ്യർക്കും സ്വന്തം ആളുകൾക്കും ശത്രുക്കൾക്കുവേണ്ടിപ്പോലും വേദം പഠിപ്പിക്കുവാൻ കഴിയുമാറാകട്ടെ.

അപ്പോൾപിന്നെ ഈയം ഉരുക്കിയൊഴിക്കലും മറ്റു കാര്യങ്ങളും വേദത്തിന് ബാധകമല്ലെന്ന് വരുന്നു. കാരണം **'ധർമജിജ്ഞാസമാനാനാം പ്രമാണം പരമം ശ്രുതിഃ'** (മനുസ്മൃതി 2.13)എന്ന് സ്മൃതിവാക്യവും ഉണ്ടല്ലൊ. ധർമം അറിയണമെന്നുള്ളവർക്ക് പരമപ്രമാണം ശ്രുതി അഥവാ വേദംതന്നെയാണ്.

ഭാരതത്തിന്റെ ശാസ്ത്രങ്ങളൊട്ടാകെ പരിശോധിച്ചാൽ ജന്മംകൊണ്ടല്ല കർമംകൊണ്ടാണ് വർണം ഉണ്ടാകുന്നതെന്ന് വ്യക്തമാണ്. **'വർണോ വൃണോതേ'** (നിരുക്തം 2.3) - വരിക്കുന്നതാണ് വർണമെന്ന് യാസ്കൻ നിരുക്തത്തിലും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഐതരേയബ്രാഹ്മണത്തിൽ വരുന്ന കവഷൻ ദാസിയുടെ പുത്രനായിരുന്നു. എന്നാൽ അദ്ദേഹത്തെ മഹർഷിയായിട്ടാണ് 'ഐതരേയ മഹീദാസൻ' എന്ന് ഉപനിഷത്ത് വിളിച്ചത്. മഹാഭാരതത്തിൽ വനപർവത്തിലെ പ്രസ്താവം കാണുക:

**ജാതോ വ്യാസസ്തു കൈവർത്ത്യാഃ ശ്വപാക്യസ്തു പരാശരഃ**
**ബഹവോഽന്യേപി വിപ്രത്വം പ്രാപ്താ യേ പൂർവമദ്വിജാഃ.**

അർഥം: വ്യാസൻ മുക്കുവക്കിടാത്തിയുടെ മകനായി ജനിച്ചു. ശ്വപാക്യനായി അഥവാ ചണ്ഡാളസ്ത്രീയുടെ മകനായി പരാശരനും ജനിച്ചു. അങ്ങനെ ജന്മനാ ദ്വിജന്മാരല്ലാത്ത അനവധി പേർ ബ്രാഹ്മണരായിത്തീർന്നു. മറ്റൊരു മഹാഭാരതവചനം കാണുക:

**ഗണികാഗർഭ സംഭൂതോഃ സിഷ്ഠശ്ച മഹാമുനിഃ**
**തപസാ ബ്രാഹ്മണോ ജാതഃ സംസ്കാരസ്തത്ര കാരണമ്.**

അർഥം: വസിഷ്ഠൻ ഗണികയുടെ മകനായിരുന്നു. എന്നാലും തപസ്സാകുന്ന ഗുണകർമംകൊണ്ട് അദ്ദേഹം ബ്രാഹ്മണനായിത്തീർന്നു. ഇതിനെല്ലാം കാരണം സംസ്കാരമാണ്.

മഹാഭാരതത്തിൽ അനുശാസനപർവത്തിൽ വിശ്വാമിത്രൻ ബ്രാഹ്മണനായ കഥ പറയുന്നുണ്ട്. കാണുക:

**ക്ഷത്രിയേഭ്യശ്ച യേ ജാതഃ ബ്രാഹ്മണാസ്തേ ച ശ്രുതാഃ**
**വിശ്വാമിത്ര പ്രഭൃതയഃ പ്രാപ്താഃ ബ്രഹ്മത്വമവ്യയമ്.**

അർഥം: ക്ഷത്രിയവംശത്തിൽ ജനിച്ച വിശ്വാമിത്രൻ മുതലായവർക്ക് അനശ്വരമായ ബ്രഹ്മത്വമെന്ന ബ്രാഹ്മണത്വം ലഭിച്ച കാര്യം അങ്ങ് പറഞ്ഞുവല്ലോ.

നോക്കൂ, വർണം ജാതിയല്ല. ഇത് മനസ്സിലാക്കാൻവേണ്ടിയാണ് ഈ ശ്ലോകഭാഷ്യത്തിൽ ഇത്രയും എഴുതിയത്. മഹർഷി ദയാനന്ദസരസ്വതി, അരവിന്ദ മഹർഷി എന്നീ വേദപണ്ഡിതന്മാരും ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വേദാന്തർഗതമായ വർണാശ്രമവിധാനം സ്മൃതിയും അതേപടി സ്വീകരിച്ചു. കാണുക: ഇതേ കാര്യം മനുസ്മിതിയിലും പറയുന്നുണ്ട്.

**ചാതുർവർണ്യം ത്രയോ ലോകാശ്ചത്വാരാശ്ചാശ്രമാഃ പൃഥക്.**
**ഭൂതം ഭവ്യം ഭവിഷ്യം ച സർവം വേദാത് പ്രസിധ്യതി.**

(മനുസ്മൃതി 12.97)

അർഥം: ചാതുർവർണ്യം, ലോകത്രയം, ചതുരാശ്രമങ്ങൾ ഇവയോരോന്നും വേദത്തിൽനിന്ന് സിദ്ധമാകുന്നു. മാത്രമല്ല, കഴിഞ്ഞതും നിലവിലിരിക്കുന്നതും വരാൻ പോകുന്നതുമെല്ലാം വേദത്തിൽനിന്നുതന്നെ സംഭവിക്കുന്നു.

അതിനാലാണ് ഇവയുടെ എല്ലാം പരമ്പര എന്നിലാണെങ്കിലും അവ്യയനായ എന്നെ അകർത്താവെന്ന് അറിയൂവെന്ന് ഭഗവാൻ ഇവിടെ പറഞ്ഞതും. വേദനിഷ്ഠമായത് ഭഗവാൻ പിന്തുടരുന്നുവെന്നേയുള്ളൂ. അല്ലാതെ അതിൽ ഭഗവാന് യാതൊരു ഫലാസക്തിയും ഇല്ലെന്ന് സാരം.

**14. ന മാം കർമാണി ലിമ്പന്തി ന മേ കർമഫലേ സ്പൃഹാ**
**ഇതി മാം യോ/ഭിജാനാതി കർമഭിർന സ ബധ്യതേ.**

**15. ഏവം ജ്ഞാത്വാ കൃതം കർമ പൂർവൈരപി മുമുക്ഷുഭിഃ.**
**കുരു കർമൈവ തസ്മാത്ത്വം പൂർവൈഃ പൂർവതരം കൃതമ്.**

*അർഥം: എന്നെ കർമങ്ങൾ സ്പർശിക്കുന്നില്ല. എനിക്ക് കർമഫലത്തിൽ ഇച്ഛയും ഇല്ല. ഇപ്രകാരം എന്നെ അറിയുന്നവർക്ക് (അഥവാ എന്റെ ശൈലി കർമങ്ങളിൽ പിന്തുടരുന്നവർക്ക്) കർമങ്ങളുമായി കെട്ടുപാടുകളുണ്ടാവുകയില്ല. (14)*

*പ്രാചീനകാലത്ത്, മുക്തി ആഗ്രഹിച്ചവർ ഇതേ തരത്തിൽ കാര്യങ്ങൾ മനസ്സിലാക്കി കർമം ചെയ്തവരാണ്. അതിനാൽ നീയും കർമംതന്നെ ചെയ്യുക. കാരണം പൂർവികരും ഇങ്ങനെ തന്നെയാണ് ചെയ്തത്. (15)*

ഭാഷ്യം: വേദങ്ങളിലെ സന്ദേശമാണ് ഈ ശ്ലോകങ്ങളിൽ പരന്നുകിടക്കുന്നത്. കർമപ്രധാനമായ യജുർവേദത്തിൽ പറയുന്നതും ഇതുതന്നെയാണ്.

**കുർവന്നേവേഹ കർമാണി ജിജീവിഷേച്ഛതം സമാഃ.**
**ഏവം ത്വയി നാന്യഥേതോഽസ്തി ന കർമ ലിപ്യതേ നരേ.**

(യജുർവേദം 40.2, ഈശാവാസ്യോപനിഷത്ത് 2-ാം മന്ത്രം)

അർഥം: നൂറു വർഷം കർമം ചെയ്തുകൊണ്ടേ ഇരിക്കുക. എന്നാൽ കർമത്തിൽ ആസക്തി പുരളാതെ, ബന്ധനത്തിൽ അകപ്പെടാതെ കർമം ചെയ്യുക.

ഇതേ കാഴ്ചപ്പാട് ഭഗവാൻ ചൂണ്ടിക്കാട്ടുകയാണ് ഇവിടെ. ആസക്തിയിൽനിന്നുള്ള മോക്ഷമാണ് യഥാർഥ മോക്ഷം. അല്ലാതെ കർമത്തിൽനിന്നുള്ള വിടുതലല്ല മോക്ഷം.

ഭഗവാൻ പല തവണയായി കർമം ചെയ്യാൻ ഉപദേശിക്കുന്നു. ഇതിൽ എന്ത് അപൂർവതയാണ് ഉള്ളത്? കർമം ചെയ്യുന്നത് ശ്രേഷ്ഠമാണെന്നത് ആർക്കാണ് അറിയാത്തത്? കർമത്തിൽ ആർക്കും അനിഷ്ടമില്ല. പിന്നെന്തിന് വീണ്ടുംവീണ്ടും കർമം ചെയ്യാൻ ഉപദേശിക്കുന്നുവെന്ന ശങ്ക തോന്നാം.

ഉത്തരമാണ് അടുത്ത ശ്ലോകങ്ങൾ

**16. കിം കർമ കിമകർമേതി കവയോഽപ്യത്ര മോഹിതാഃ**
**തത് തേ കർമ പ്രവക്ഷ്യാമി യത്ജ്ഞാത്വാ മോക്ഷ്യസേഽശുഭാത്.**

*അർഥം: വാസ്തവത്തിൽ എന്താണ് കർമം, എന്താണ് അകർമം എന്നീ കാര്യങ്ങളിൽ ബുദ്ധിമാന്മാർപോലും മോഹിതരായിത്തീരുന്നു. അതുകൊണ്ടാണ് ഞാൻ കർമത്തെക്കുറിച്ച്*

*നിനക്ക് വ്യാഖ്യാനിച്ചുതരുന്നത്. അതറിഞ്ഞാണ് അശുഭ കർമങ്ങളിൽനിന്ന് മുക്തനാക്കുന്ന കർമജ്ഞാനമെന്തെന്ന് നിനക്ക് ഞാൻ ഉപദേശിക്കുന്നത്.*

അപ്പോൾ ചോദ്യം വരും: "ഇന്ദ്രിയങ്ങളുടെ വ്യാപാരമാണല്ലോ കർമം. അത് ചെയ്യാതിരിക്കുന്നത് അകർമവും. ഇതെല്ലാവർക്കും അറി യാവുന്നതാണെന്നിരിക്കെ ഇതിൽ എന്താണ് ഇത്ര ഗൂഢത?" അതിനുള്ള ഉത്തരമാണ് അടുത്ത ശ്ലോകത്തിൽ.

17. **കർമണോ ഹ്യപി ബോദ്ധവ്യം ബോദ്ധവ്യം ച വികർമണഃ**
**അകർമണശ്ച ബോദ്ധവ്യം ഗഹനാ കർമണോ ഗതിഃ.**

*അർഥം: തീർച്ചയായും ശാസ്ത്രവിദിതമായ കർമങ്ങളെക്കുറിച്ച് അറിയേണ്ടതാണ്. കൂടാതെ ശാസ്ത്രത്തിൽ നിഷിദ്ധമായ കർമങ്ങളെക്കുറിച്ചും അറിയേണ്ടതുണ്ട്. അതേപോലെ കർമമില്ലാത്ത അവസ്ഥയെക്കുറിച്ചും അറിയേണ്ടതുതന്നെ. ഇങ്ങനെ കർമങ്ങളുടെ ജ്ഞാനം വളരെയേറെ നിഗൂഢം തന്നെയാണ്.*

ഭാഷ്യം: കർമങ്ങൾ മൂന്ന് വിധത്തിലാണ്. കർമം, വികർമം, അകർമം എന്നിങ്ങനെ. ചെയ്യാൻ യോഗ്യമായവയാണ് കർമങ്ങൾ. ശാസ്ത്രം നിഷി ദ്ധമെന്ന് കരുതുന്നത് വികർമമാണ്. വിധിയും നിഷേധവുമില്ലാത്ത കർമങ്ങൾ അകർമങ്ങളുമാണ്.

സന്ധ്യാവന്ദനം, അഗ്നിഹോത്രം തുടങ്ങി ശമദമാദികളായ കർമങ്ങൾവരെ ശാസ്ത്രപ്രതിപാദ്യമായ കാര്യങ്ങളാണ്. ഇവയെ നമുക്ക് 'കർമ'ത്തിന്റെ പട്ടികയിൽപ്പെടുത്താം. ഭ്രൂണഹത്യ തുടങ്ങിയ മഹാപാ തകങ്ങൾ ശാസ്ത്രനിഷിദ്ധമാകയാൽ 'വികർമ'ഗണത്തിൽപ്പെടുത്താം. എന്നാൽ വിധിനിഷേധങ്ങൾ ഒന്നുമില്ലാത്ത, ഭക്ഷണം കഴിക്കുക, കുടി ക്കുക, ഉറങ്ങുക തുടങ്ങിയ കർമങ്ങളെ നമുക്ക് അകർമങ്ങൾ എന്നു വിളിക്കാം. ഇങ്ങനെ മുകളിൽ പറഞ്ഞപ്രകാരം കർമത്തിന്റെ ചാതുരി അറിയാത്തവർ അതിന്റെ ഗൂഢതയും ഉൾക്കൊള്ളുന്നില്ല.

ഇവിടെ 'ശാസ്ത്രവിധി' എന്ന ഉരകല്ല് വേദങ്ങളാണ്. കാരണം മൂന്നാം അധ്യായത്തിൽ ഭഗവാൻ 'കർമ-ബ്രഹ്മ-ഉത്-ഭവം' (ഗീത 3.15) എന്ന് പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അതായത് കർമങ്ങളെ വേദങ്ങളിൽനിന്ന് ഉദ്ഭവിച്ചവയാണെന്നറിയണമെന്നർഥം. അതിനാലാണ് സ്മൃതി **'വേദോഽഖിലോ ധർമമൂലം'** (മനുസ്മൃതി 2.6) എന്ന് പറഞ്ഞത്. വേദമാണ് അഖിലധർമത്തിന്റെയും വേരെന്ന് സാരം. വൈശേഷികദർശനത്തിലും ഇതേ കാര്യം പറയുന്നു.

**യതോഽഭ്യുദയനിഃശ്രേയസസിദ്ധിഃ സ ധർമഃ.** (1.1.2)

വേദങ്ങളിൽ ഈശ്വരൻ ഏതെല്ലാം ശുഭകർമങ്ങൾ ചെയ്യാൻ ആജ്ഞ നൽകിയിട്ടുണ്ടോ ആ കർമങ്ങൾ ചെയ്യുന്നതാണ് ധർമം.

ഋഗ്വേദത്തിൽനിന്ന് ഒരു പ്രമാണംകൂടി ഭഗവാന്റെ ഈ വാക്കുകൾക്ക് നൽകാം.

**ഈയുർഗാവോ ന യവസാദഗോപാ യഥാകൃതമഭി മിത്രം ചിതാസഃ**
**പൃശ്നിഗാവഃ പൃശ്നിപ്രേഷിതാസഃ ശ്രുഷ്ടിം ചക്രുർനിയുതോ രന്തയശ്ച.**

(ഋഗ്വേദം 7.18.10)

അർഥം: ജ്ഞാനികൾ ഈശ്വരനിലേക്ക് സഞ്ചരിക്കുന്നു. പ്രകാശത്താൽ കർത്തവ്യമാർഗത്തിൽ പ്രേരിതരായിത്തീരുന്നു. അങ്ങനെ അവരുടെ ഇന്ദ്രിയാശ്വങ്ങൾ ബന്ധനത്തിൽപെടാതെ കർത്തവ്യകർമങ്ങളിൽ രമിക്കുകയും ചെയ്യുന്നു.

പതഞ്ജലിമുനി യോഗസൂത്രത്തിൽ പറയുന്നതും ഇതുതന്നെ.

**തപഃ സ്വാധ്യായേശ്വരപ്രണിധാനാനി ക്രിയായോഗഃ.** (യോഗദർശനം 2.1)

അർഥം: വേദശാസ്ത്രാദി സദ്ഗ്രന്ഥങ്ങളിൽ തപസ്സ്, സ്വാധ്യായം, ഈശ്വരഭക്തി എന്നിവയാണ് ബ്രഹ്മപ്രാപ്തിക്ക് ആധാരമെന്ന് പറയുന്നുണ്ട്.

അടുത്ത ശ്ലോകം പറയുന്നത് കാണുക:

18. **കർമണ്യകർമ യഃ പശ്യേദകർമണി ച കർമ യഃ**
**സ ബുദ്ധിമാൻ മനുഷ്യേഷു സ യുക്തഃ കൃത്സ്നകർമകൃത്.**

*അർഥം: കർമത്തിൽ അകർമവും അകർമത്തിൽ കർമവും കാണുന്നവനാണ് മനുഷ്യരിൽ ബുദ്ധിമാൻ. ആ യുക്തിയുള്ള യോഗി സമസ്തകർമങ്ങളും ചെയ്യുന്നവനായിത്തീരുന്നു.*

ഭാഷ്യം: ചില ശുഭകർമങ്ങൾ ചില സാഹചര്യങ്ങളിൽ അശുഭകർമങ്ങളായിത്തീരും. ശത്രു നമ്മെ ആക്രമിക്കുന്നു. അപ്പോൾ സന്ധ്യാവന്ദനത്തിൽ മുഴുകിയിരിക്കുന്ന പട്ടാളക്കാരൻ ഘോരമായ പാപത്തെയാണ് ചെയ്യുന്നത്. അപ്പോൾ കർമം അകർമമായി മാറുന്നു. അതേപോലെ പശുവിനെ മുന്നിൽ നിറുത്തി യുദ്ധം ചെയ്യുന്ന ശത്രുപക്ഷക്കാർ നമ്മുടെ 'കർമ'ചിന്തയെയാണ് ചോദ്യം ചെയ്യുന്നത്. കൗരവർ ഇപ്പോൾ അതേപോലെ ഗുരുകാരണവന്മാരെ മുന്നിൽ നിരത്തിയിരിക്കുകയാണ്. ഇതു കണ്ടാണ് അർജുനന് കർത്തവ്യബോധത്തിൽ വൈകല്യം ഉണ്ടായിരിക്കുന്നത്. അതു മാറ്റുന്നതിനുവേണ്ടിയാണ് ഭഗവാൻ കർമരഹസ്യം ഉപദേശിക്കുന്നത്.

**19. യസ്യ സർവേ സമാരംഭാഃ കാമസങ്കല്പവർജിതാഃ**
**ജ്ഞാനാഗ്നിദഗ്ധകർമാണം തമാഹുഃ പണ്ഡിതം ബുധാഃ.**

*അർഥം: ആരാണോ തങ്ങളുടെ കർമങ്ങൾ കാമനാരൂപമായ സങ്കല്പങ്ങൾ ഉപേക്ഷിച്ചുകൊണ്ട്, അവയെ ജ്ഞാനരൂപിയായ അഗ്നിയിൽ ദഹിപ്പിച്ചുകൊണ്ട് ചെയ്യുന്നത് ആ ബുദ്ധിമാന്മാരെ പണ്ഡിതർ എന്നു വിളിക്കാം.*

ഭാഷ്യം: അർജുനൻ ബന്ധുജനങ്ങളെ കൊല്ലുന്നതിൽ ദുഃഖിച്ചിരിക്കുമ്പോൾ ഭഗാവൻ പറയുകയാണിത്. രാഷ്ട്രത്തിൽ ശത്രുക്കൾ ആക്രമിക്കുന്നു. അപ്പോൾ സൈന്യത്തിനു മുന്നിൽ പശുക്കളെ നിരത്തിയിരിക്കുകയാണ്. പശുക്കളെ കൊല്ലുന്നത് അകർമമാണെന്ന് ഏവർക്കുമറിയാം. എന്നാൽ ഭാവിയിൽ ആയിരക്കണക്കിന് പശുക്കളെയും നാടിനെയും നാട്ടുകാരെയും രക്ഷിക്കാൻ അപ്പോൾ ഗോഹത്യ ചെയ്തേ കഴിയൂ എന്നാണെങ്കിൽ അവിടെ ഗോഹത്യ കർമമായിത്തീരുന്നു. എന്നാൽ പശുക്കളിൽ ആസക്തിയുള്ള ഒരാൾക്ക് ഇത്തരത്തിൽ നിഷ്കാമമായ

ഒരു തീരുമാനമെടുക്കാൻ ബുദ്ധിമുട്ടുണ്ടാകും. അതുതന്നെയാണ് ഇപ്പോൾ അർജുനനും സംഭവിക്കുന്നത്. ഇത്തരത്തിലുള്ള അവസ്ഥകൾ നമ്മുടെ ജീവിതത്തിലും വന്നുചേരാറുണ്ട്. അതിനാൽ മനുഷ്യൻ കർമങ്ങൾ അനുഷ്ഠിക്കുമ്പോൾ വ്യക്തിഗതസുഖദുഃഖങ്ങളാകുന്ന കാമനകൾ വെടിഞ്ഞുവേണം അത് ചെയ്യാൻ. ഇങ്ങനെ കർമത്തിന്റെ പ്രാധാന്യം സന്ദർഭം നോക്കി തിരിച്ചറിയാൻ കഴിയുമ്പോൾ കാമത്രയമായ ഫലാസക്തി ജ്ഞാനരൂപമായ അഗ്നിയിൽ ഭസ്മമായിത്തീരുന്നു.

**20. ത്യക്ത്വാ കർമഫലാസംഗം നിത്യതൃപ്തോ നിരാശ്രയഃ**
**കർമണ്യഭിപ്രവൃത്തോ/പി നൈവ കിഞ്ചിത്കരോതി സഃ.**

*അർഥം: ആരാണോ കർമഫലത്തിൽ ആസക്തി വെടിഞ്ഞ് നിത്യതൃപ്തനായിരിക്കുന്നത്, വാസനയുടെ പൂർത്തീകരണത്തിനല്ലാതെ, താൻ കർത്തവ്യപാലനം ചെയ്യുക മാത്രമാണ് ചെയ്യുന്നതെന്ന ബോധത്തോടെ ആര് പ്രവർത്തിക്കുന്നുവോ, ആത്മസന്തോഷത്താൽതന്നെ അവർ നിത്യതൃപ്തരായിരിക്കുന്നു.*

അത്തരത്തിലുള്ളവർ സർവ കർമങ്ങളും ചെയ്യുമ്പോഴും ഒന്നും ചെയ്യുന്നില്ല. കുറ്റവാളിയെ തൂക്കിക്കൊല്ലുന്ന ആരാച്ചാരെ, വധിക്കുക എന്ന പാപക്കറ ഏശാത്തതുപോലെ.

**21. നിരാശീർയതചിത്താത്മാ ത്യക്തസർവപരിഗ്രഹഃ**
**ശാരീരം കേവലം കർമ കുർവന്നാപ്നോതി കില്ബിഷമ്.**

*അർഥം: ആരുടെ തൃഷ്ണ അഥവാ ആശയാണോ ഇല്ലാതായിരിക്കുന്നത്, ആരുടെ ചിത്തം അഥവാ അന്തഃകരണമാണോ, ആത്മാവാണോ ഇന്ദ്രിയങ്ങളെ സ്വാധീനത്തിൽ വെച്ചിരിക്കുന്നത്, ആരാണോ സർവബന്ധനകാരണങ്ങളെയും ത്യജിച്ചിരിക്കുന്നത് അയാൾ കേവലം ശരീരംകൊണ്ടു മാത്രമാണ് കർമം ചെയ്യുന്നത്. അയാളെ പാപമോ കളങ്കമോ ബാധിക്കുന്നേയില്ല.*

**22. യദൃച്ഛാലാഭസന്തുഷ്ടോ ദ്വന്ദ്വാതീതോ വിമത്സരഃ**
**സമഃ സിദ്ധാവസിദ്ധൗ ച കൃത്വാപി ന നിബധ്യതേ.**

*അർഥം: യദൃച്ഛയാൽ ലഭിക്കുന്നതിൽ തൃപ്തിയുള്ളവനും ദ്വന്ദ്വാതീതനും മാത്സര്യമില്ലാത്തവനും കാര്യസിദ്ധിയിലും അസിദ്ധിയിലും സമാനചിത്തനുമായവൻ കർമം ചെയ്യുമ്പോഴും ബന്ധനത്തിൽപെടുന്നില്ല.*

ഭാഷ്യം: ശാസ്ത്രാനുകൂലമായ ഇച്ഛയെയാണ് 'യദൃച്ഛാ' എന്നു പറയുന്നത്. യമങ്ങളിൽ അപരിഗ്രഹം പാലിക്കുമ്പോൾ ലഭിക്കുന്ന സന്തോഷത്തെക്കുറിക്കാനാണ് 'യദൃച്ഛാലാഭസന്തുഷ്ടഃ' എന്നു പറഞ്ഞിരിക്കുന്നത്. അതെങ്ങനെയാണ്? ദ്വന്ദ്വാതീതനായിരിക്കണം. ശീതോഷ്ണം, കാമക്രോധം, ലോഭമോഹാദികൾ തുടങ്ങിയ ദ്വന്ദ്വങ്ങൾക്ക് അതീതനായിരിക്കണം. ഈർഷ്യാരഹിതനായി കാര്യസിദ്ധിയിലും അസിദ്ധിയിലും സമാനചിത്തനായിരിക്കണം. ഹർഷശോകങ്ങൾ ബാധിക്കരുത്. അത്തരം സാധകർ കർമം ചെയ്യുമ്പോഴും ബന്ധനത്തിൽപ്പെടുന്നില്ല എന്നാണ് ഭഗവാൻ പറയുന്നത്.

**23. ഗതസംഗസ്യ മുക്തസ്യ ജ്ഞാനാവസ്ഥിതചേതസഃ**
**യജ്ഞായാചരതഃ കർമ സമഗ്രം പ്രവിലീയതേ.**

*അർഥം: ആസക്തിയില്ലാതെ, ചിത്തത്തിൽ ജ്ഞാനം മാത്രം നിറയ്ക്കുകയും ചെയ്ത് എല്ലാ കർമങ്ങും യജ്ഞരൂപത്തിൽ ആചരിക്കുന്ന മുക്തന്റെ സമ്പൂർണകർമവും നഷ്ടമായിത്തീരുന്നു.*

ഭാഷ്യം: യജുർവേദത്തിലെ പതിനെട്ടാം അധ്യായത്തിൽ ഈ കാഴ്ചപ്പാടെന്താണെന്ന് കൃത്യമായി വിവരിക്കുന്നുണ്ട്. ആ മന്ത്രങ്ങൾ പഠിച്ചാൽ മാത്രമേ എന്താണ് ഭഗവാൻ ശ്രീകൃഷ്ണൻ പറഞ്ഞതെന്ന് മനസ്സിലാകൂ. കാണുക:

**ഇഷ്ടോ യജ്ഞോ ഭൃഗുഭിരാശീർദാ വസുഭിഃ**
**തസ്യ** *ന*/**ഇഷ്ടസ്യ പ്രീതസ്യ ദ്രവിണേഹാഗമേഃ.**

**ഇഷ്ടോ/അഗ്നിരാഹുതഃ പിപർത്തു**
**ന/ഇഷ്ട ഹവിഃ സ്വഗേദം ദേവേഭ്യോ നമഃ.**

(യജുർവേദം 18.56, 57)

അർഥം: വേദജ്ഞാനികൾ യോഗാഭ്യാസികളായി, വിദ്വാന്മാരായി, യജ്ഞസമാനമായി കർമങ്ങൾ ചെയ്യുന്നു. യജ്ഞം എന്ന വാക്കിന് ദേവ പൂജ, സംഗതികരണം, ദാനം എന്നീ അർഥങ്ങളുണ്ടല്ലോ. എല്ലാം 'ഇദം ന മമ' - എന്റേതല്ലെന്ന ഭാവത്താൽ ചെയ്യുമ്പോൾ അത് യജ്ഞമായി ത്തീരുന്നു. സ്വശരീരംപോലും സമിധയായി അവർ അർപ്പിക്കുന്നു. തുടർന്നുള്ള ശ്ലോകങ്ങളിൽ ഇക്കാര്യം വർണിക്കുന്നത് നമുക്ക് പഠിക്കാം.

24. **ബ്രഹ്മാർപണം ബ്രഹ്മ ഹവിർബ്രഹ്മാഗ്നൗ ബ്രഹ്മണാ ഹുതമ്**
**ബ്രഹ്മൈവ തേന ഗന്തവ്യംബ്രഹ്മകർമസമാധിനാ.**

*അർഥം: യജ്ഞത്തിൽ ഉപയോഗിക്കുന്ന സ്രുവം, ജുഹൂ തുടങ്ങി യവയെല്ലാം ബ്രഹ്മമാകുന്നു. ഹവനസാമഗ്രിയും ബ്രഹ്മം തന്നെ. യജ്ഞം ചെയ്യുന്നയാളും യജ്ഞാഗ്നിയും ബ്രഹ്മം തന്നെ. ബ്രഹ്മരൂപിയായ കർമത്തിൽ സമാധി നേടുന്നവൻ പ്രാപിക്കുന്ന തത്ത്വവും ബ്രഹ്മംതന്നെ.*

ഭാഷ്യം: ജഗത്ത് മിഥ്യയാണെന്നും ബ്രഹ്മം മാത്രമാണ് സത്യമെന്നുമുള്ള തങ്ങളുടെ സിദ്ധാന്തത്തെ സാധൂകരിക്കാൻ മിഥ്യാവാദികൾ ഈ ശ്ലോകത്തെ ഉപയോഗിച്ചുകാണാറുണ്ട്. സർവവ്യാപിയും സർവാന്തര്യാ മിയുമായതിനാൽതന്നെ ബ്രഹ്മത്തെ ജഗത്തിലാകമാനം ബ്രഹ്മജ്ഞാനി ദർശിക്കുന്നു എന്നതു ശരിതന്നെ. എന്നാൽ അതിനർഥം ജഗത്ത് ഇല്ല എന്നല്ല. ഈ ശ്ലോകത്തിന് അർഥം പറയുമ്പോൾ ഇക്കൂട്ടർ 'ബ്രഹ്മാർപ്പണം ബ്രഹ്മഹവിഃ' എന്നതിന് 'ജഗത്ത് മിഥ്യയായതിനാൽ തന്നെ ബ്രഹ്മജ്ഞാനി എല്ലാത്തിനെയും, അതായത് യജ്ഞത്തിനുള്ള ഉപകരണങ്ങളെയും ഹവിസ്സിനെയുമെല്ലാം ബ്രഹ്മമെന്ന് തിരിച്ചറിയുന്നു' എന്നിങ്ങനെയെല്ലാം വ്യാഖ്യാനിക്കുന്നു. എന്നാൽ യഥാർഥത്തിൽ ഇത്തരം വ്യാഖ്യാനങ്ങൾക്കൊന്നും ഇവിടെ പ്രസക്തിയില്ല. കാരണം

കർമം ആസക്തി വെടിഞ്ഞ്, 'ഇദം ന മമ' എന്ന യജ്ഞഭാവനയോടെ ചെയ്യേണ്ട വഴികളെക്കുറിച്ച് പറയുകയാണ് ഭഗവാനിവിടെ. അതിൽതന്നെ യജ്ഞഭാവനയുടെ പരകാഷ്ഠയായ സർവമേധയജ്ഞത്തിന്റെ വിശദീകരണത്തിലേക്കാണ് ഭഗവാൻ കടക്കുന്നത്.

ഇക്കാര്യം ഏറെ ഭംഗിയായി ചിത്രീകരിച്ച പ്രസ്താവന ശതപഥബ്രാഹ്മണത്തിലുണ്ട്. കാണുക:

**'ബ്രഹ്മ വൈ സ്വയംഭു തപോ$\mathit{/}$തപ്യത,**
**തദൈക്ഷത, ന വൈ തപസ്യാനന്ത്യമസ്തി.**
**ഹന്താഹം ഭൂതേഷ്വാത്മാനം ജുഹവാനി,**
**ഭൂതാനി ചാത്മനീതി, തത്സർവേഷു**
**ഭൂതേഷ്വാത്മാനം ഹുത്വാ ഭൂതാനി ചാത്മനി,**
**സർവേഷാം ഭൂതാനാം ശ്രൈഷ്ഠ്യം,**
**സ്വാരാജ്യമാധിപത്യം പര്യൈത്. തഥൈവൈതദ്യജമാനഃ**
**സർവമേധേ സർവാൻ മേധാന് ഹുത്വാ**
**സർവാണി ഭൂതാനി ശ്രൈഷ്ഠ്യം സ്വാരാജ്യമാധിപത്യം പര്യേതി.'**

(ശതപഥബ്രാഹ്മണം 13.7.1.1)

അർഥം: സ്വയംഭൂവായ ബ്രഹ്മൻ തപം ചെയ്തു. തപത്തിൽ അനന്തത്വമില്ലെന്ന് അദ്ദേഹം കണ്ടു. അതിനാൽ ബ്രഹ്മം പറഞ്ഞു. "ഞാൻ എന്നെത്തന്നെ എല്ലാ ഭൂതങ്ങളിലും അതേപോലെ എല്ലാ ഭൂതങ്ങളെയും എന്റെ ആത്മാവിലും ഹവനം ചെയ്യും." തുടർന്ന് അദ്ദേഹം സ്വയം എല്ലാ ഭൂതങ്ങളിലും, തന്റെ ആത്മാവിൽ എല്ലാ ഭൂതങ്ങളെയും ഹവനം ചെയ്തു. ഇങ്ങനെ ബ്രഹ്മത്തിന് ശ്രേഷ്ഠതയും സ്വാരാജ്യവും ആധിപത്യവും ലഭിച്ചു. ഇതേപോലെ ഏതൊരു മനുഷ്യൻ തന്റെ സർവസ്വവുമാർന്ന യജ്ഞം എല്ലാ ഭൂതങ്ങൾക്കുമായി ചെയ്യുന്നുവോ അയാൾ ശ്രേഷ്ഠതയും സ്വാരാജ്യവും ആധിപത്യവും നേടുന്നു.

ഈ പ്രസ്താവനയെ രണ്ടാക്കിത്തിരിക്കാം.

ആദ്യഭാഗത്ത് പരബ്രഹ്മത്തിന്റെ സൃഷ്ടിയജ്ഞത്തെക്കുറിച്ചാണ് വർണിച്ചത്. അതാണ് ബ്രഹ്മയജ്ഞം. രണ്ടാംഭാഗത്തിൽ അതിനെ അനുകരിച്ചുകൊണ്ട്, അതിന്റെ തനിയാവർത്തനമെന്നോണം സർവമേധയജ്ഞ

മാകുന്ന ബ്രഹ്മയജ്ഞം ചെയ്യേണ്ടതിനെക്കുറിച്ചും പറയുന്നു. ഇതുതന്നെയാണ് ഗീതാശ്ലോകത്തിലും ശ്രീകൃഷ്ണൻ വരച്ചുകാട്ടുന്നത്. ശ്ലോകത്തിന്റെ ആദ്യഭാഗത്ത് ഈശ്വരന്റെ സൃഷ്ടിയജ്ഞത്തെക്കുറിച്ച് പറയുകയും രണ്ടാംഭാഗത്ത് അതിനെ അനുകരിച്ച്, ആ ബ്രഹ്മാഗ്നിയിൽ സർവവും അർപ്പിച്ചുകൊണ്ട് കർമം ചെയ്യുന്ന ഉപാസകൻ ബ്രഹ്മജ്ഞാനിയായി മാറി ബ്രഹ്മപദം പൂകുമെന്നും പറഞ്ഞിരിക്കുന്നു. ഇവിടെ താൻ ചെയ്യുന്നുവെന്ന ഭാവം പൂർണമായി ഇല്ലാതാകുന്നതിനെയാണ് 'സമാധി' എന്നു പറഞ്ഞിരിക്കുന്നത്. സമാധി എന്ന പദത്തിനെ യോഗഭാഷ്യവേളയിൽ വ്യാസമഹർഷി വിശദീകരിക്കുന്നതും സമാനാർഥത്തിലാണ്.(7)

ശ്ലോകത്തിൽ ബ്രഹ്മഹവിസ്സിനെക്കുറിച്ചും ബ്രഹ്മാഗ്നിയെക്കുറിച്ചും പറയുന്നുണ്ടല്ലോ, അഗ്നിയും ഹവിസ്സും എങ്ങനെ ബ്രഹ്മമാകും? ഇതിനുള്ള വിശദീകരണം നേരത്തെ എടുത്തുദ്ധരിച്ച ശതപഥബ്രാഹ്മണത്തിലെ പ്രസ്താവനയിൽനിന്നും വായിച്ചെടുക്കാം. ഈശ്വരന്റെ സർവവ്യാപകത്വത്തെയും (വിഭുത്വം) ആധിപത്യത്തെയും (പ്രഭുത്വം) കാണിക്കാനായി യഥാക്രമം ബ്രഹ്മം സ്വയം സർവഭൂതങ്ങളിലും, സർവഭൂതങ്ങളെ തന്നിലും ആഹുതി ചെയ്തതായി അവിടെ പറഞ്ഞു. അങ്ങനെ ആദ്യം ബ്രഹ്മം ഹവിസ്സാണെങ്കിൽ രണ്ടാമത് ബ്രഹ്മം അഗ്നിയായി. അതായത് ബ്രഹ്മം അഗ്നിയാകുമ്പോൾ അതിലേക്ക് ബ്രഹ്മത്തെത്തന്നെ ഹവിസ്സായി ആഹുതി ചെയ്യാൻ കഴിയില്ല. ഹവിസ്സും അഗ്നിയും ഒന്നാകുക എന്നത് യജ്ഞതത്ത്വങ്ങൾക്കുതന്നെ വിരുദ്ധമാകുന്നു. അന്നവും അന്നാദ്യവും ഒന്നായാൽ യജ്ഞം നടക്കുകയില്ല. 'ബ്രഹ്മണാ ഹുതം' എന്നു പറഞ്ഞതിൽനിന്നും 'യജ്ഞം നടന്നു' എന്നും മനസ്സിലാക്കാം. അതിനാൽ അഗ്നിയും ഹവിസ്സും ഒരേസമയം ബ്രഹ്മമാവില്ല. അതുകൊണ്ടുതന്നെ ശ്ലോകത്തിൽ പറയുംപ്രകാരം ബ്രഹ്മമാകുന്ന അഗ്നിയിൽ ബ്രഹ്മത്താൽ ആഹുതി ചെയ്യപ്പെട്ട ബ്രഹ്മഹവിസ്സ് യഥാർഥത്തിൽ ബ്രഹ്മമാകുന്ന ഹവിസ്സല്ല മറിച്ച് ബ്രഹ്മത്തിൽ അന്തർനിഹിതമായ പ്രകൃതിയാകുന്ന ഹവിസ്സാണെന്നു മനസ്സിലാക്കണം.

---

7. *ധ്യാനമേവ ധ്യേയാകാരനിർഭാസം പ്രത്യയാത്മകേന സ്വരൂപേണ ശൂന്യമിവ യദാ ഭവതി ധ്യേയസ്വഭാവാവേശത്തദാ സമാധിരുച്യതേ.* (യോഗദർശനം വ്യാസഭാഷ്യം 3.3)

ഇപ്പറഞ്ഞതിനു വേദത്തിൽനിന്നുതന്നെ പ്രമാണമുദ്ധരിക്കാം. വ്യാസ മഹർഷി തന്റെ ഈ ഗീതാശ്ലോകത്തിന്റെ ഘടനയ്ക്കായി ഏതൊരു വേദ മന്ത്രത്തെ അവലംബിച്ചുവോ ആ വേദമന്ത്രമാണ് ചുവടെ കൊടുത്തി രിക്കുന്നത്.

**ബ്രഹ്മ ഹോതാ ബ്രഹ്മ യജ്ഞാ ബ്രഹ്മണാ സ്വരവോ മിതാഃ**
**അധ്വര്യുർബ്രഹ്മണോ ജാതോ ബ്രഹ്മണോ/ന്തർഹിതം ഹവിഃ.**

(അഥർവവേദം 19.42.1)

ഇവിടെ സൃഷ്ടിയജ്ഞത്തിന്റെ ഹോതാവ്, ഉദ്ഗാതാവ് തുടങ്ങിയ ഋത്വിക്കുകളെല്ലാം ബ്രഹ്മംതന്നെ എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ ഹവിസ്സിനെക്കുറിച്ച് പറയുന്നിടത്തുമാത്രം **'ബ്രഹ്മണഃ അന്തർഹിതം ഹവിഃ'** എന്നുതന്നെ വ്യക്തമാക്കുന്നു. അതായത് ബ്രഹ്മത്തിനുള്ളിൽ തന്നെ നിഹിതമായിരിക്കുന്ന മൂലപ്രകൃതിയാണ് ഹവിസ്സായി മാറിയത് അല്ലാതെ ബ്രഹ്മംതന്നെയല്ല എന്നർഥം.

സൃഷ്ടികാരണങ്ങളെ മൂന്നായി തിരിക്കാം. ഒന്നാമത്തേത് നിമിത്തം, രണ്ടാമത്തേത് ഉപാദാനം, മൂന്നാമത്തേത് സാധാരണം. ആര് ഉണ്ടാക്കു ന്നതുകൊണ്ട് ഉണ്ടാകുകയും ഉണ്ടാക്കാതിരുന്നാൽ ഉണ്ടാകാതിരിക്കു കയും ചെയ്യുന്നുവോ അയാളാണ് നിമിത്തകാരണം. സ്വയം പരിണാമ ത്തിനു വിധേയമാകാതെ മറ്റൊന്നിനെ ഉണ്ടാക്കുന്നത് എന്നർഥം. അവ സ്ഥാന്തരം പ്രാപിച്ച് ഉണ്ടാവുകയും വിഘടിക്കുകയും ചെയ്യുന്നതേതോ അതാണ് ഉപാദാനകാരണം. സാധാരണ കാരണം എന്നു പറയുന്നത് ഉണ്ടാക്കുന്നതിന് വഴിയും സാധാരണ നിമിത്തവുമായതിനെയാണ്.

ജഗത്തിന്റെ സൃഷ്ടി വിഷയമാകുമ്പോൾ അവിടെ പരമാത്മാവാണ് നിമിത്തമാകുന്നത്. ഉപാദാനകാരണം സത്ത്വരജസ്തമസ്സിന്റെ സാമ്യാ വസ്ഥയാകുന്ന മൂലപ്രകൃതിയാണ്. ഈശ്വരന്റെ ജ്ഞാനം, ബലം, ക്രിയ, ഈക്ഷണം തുടങ്ങിയവയാണ് സാധാരണ കാരണങ്ങൾ. അഥർവത്തിൽ തൊട്ടടുത്ത മന്ത്രത്തിൽ **'ബ്രഹ്മസ്രുചഃ'** എന്നുപറയുന്നു. അതായത് സ്രുവം തുടങ്ങിയ സാധാരണ കാരണങ്ങൾ ആ സൃഷ്ടിയജ്ഞത്തിൽ ബ്രഹ്മംതന്നെയായിരുന്നു. അതായത് ഈശ്വരന്റെ ഏതെല്ലാം ശക്തിവി

ശേഷങ്ങളാലാണോ സൃഷ്ടി സാധ്യമായത്, ആ സാധാരണകാരണങ്ങളെയാണ് സ്രുവാദി കരണങ്ങളാൽ സൃഷ്ടിയജ്ഞത്തിൽ അർഥമാക്കുന്നത്. ഗീതാശ്ലോകത്തിലെ 'ബ്രഹ്മാർപ്പണം' എന്ന പദവും ഇതുതന്നെയാണ് അർഥമാക്കുന്നത്. അതായത് കാരണങ്ങളോരോന്നും പ്രതിപാദിച്ചുകൊണ്ട് സൃഷ്ടിയജ്ഞത്തെക്കുറിച്ച് വർണിക്കുകയാണ് ശ്രീകൃഷ്ണൻ ചെയ്തിരിക്കുന്നത്. വേദമന്ത്രത്തിലെ '**ബ്രഹ്മണോ/ന്തർഹിതം ഹവിഃ**' എന്നതിനു പകരം '**ബ്രഹ്മഹവിഃ**' എന്നു സ്വീകരിച്ചുകൊണ്ട് സർവമേധയജ്ഞവിഷയകമായ ബ്രഹ്മത്തിന്റെ വ്യാപകത്വത്തെക്കൂടി പ്രതിപാദിക്കുന്നു.

അഗ്നിഷ്ടോമവും അശ്വമേധവും പുരുഷമേധവും വിശ്വജിത്തുമെല്ലാം ഉൾക്കൊള്ളുന്ന ബൃഹദ്യജ്ഞമാണ് സർവമേധം. ശതപഥബ്രാഹ്മണത്തിന്റെ 13-ാം കാണ്ഡത്തിന്റെ അവസാനമാണ് ഈ മഹത്തായ യജ്ഞത്തിന്റെ വിശദീകരണം കടന്നുവരുന്നത്. 14-ാം കാണ്ഡമാകട്ടെ ഉപനിഷത്തുമാണ്. പ്രസിദ്ധമായ ബൃഹദാരണ്യകോപനിഷത്ത് ഈ കാണ്ഡത്തിലാണുള്ളത്.

എന്നാൽ ഇതൊന്നുമറിയാത്തവർ ഭഗവാൻ യജ്ഞവിരോധിയാണന്നും അതിനാൽ യജ്ഞയാഗങ്ങൾ ചെയ്യേണ്ടതില്ലെന്നും പ്രചരിപ്പിക്കുന്നു. അതും ഭഗവദ്ഗീതയുടെ മറവിൽ. ജ്ഞാനലദുർവിദഗ്ധരായ അവർ 'അഞ്ജനമെന്നത് ഞാനറിയും മഞ്ഞളുപോലെ വെളുത്തിരിക്കും' എന്ന് സ്വയം പ്രഖ്യാപിക്കുകയാണ്. നീലച്ചായത്തിൽ വീണ കുറുക്കന്റെ ഓരിയിടൽ മാത്രമാണ് ഇത്തരം വിചാരങ്ങൾ. ഈ യജ്ഞവിരോധികൾ വേദമോ, വേദാങ്ഗങ്ങളോ ബ്രാഹ്മണങ്ങളോ, ആരണ്യകങ്ങളോ ഉപനിഷത്തുക്കളോ എന്തിന് മഹാഭാരതംപോലും മുഴുവൻ വായിച്ചിട്ടില്ലാത്തവരാണ്. ഉദരപൂരണത്തിന് ഗീതയെ മറയാക്കുന്നവരാണിവർ.

**25. ദൈവമേവാപരേ യജ്ഞം യോഗിനഃ പര്യുപാസതേ**
**ബ്രഹ്മാഗ്നാവപരേ യജ്ഞം യജ്ഞേനൈവോപജുഹ്വതി.**

*അർഥം: ഒരു യോഗി തന്റെ ചുറ്റുപാടും കാണുന്ന ദേവതകൾക്കൊപ്പം സംഗതികരണം ചെയ്ത് ദേവയജ്ഞത്തിന്റെ*

*ഉപാസന ചെയ്യുന്നു. അതായത് തന്റെ ചുറ്റുമുള്ള സൂര്യ-ചന്ദ്രാദി ജഡദേവതകളുടെ പ്രകാശം, സൗമ്യത തുടങ്ങിയ ഗുണങ്ങളെ സ്വീകരിക്കുന്നു. മറ്റു ചിലർ തങ്ങളുടെ ചുറ്റുമുള്ള ചേതനദേവതകളായ അച്ഛൻ, അമ്മ, ആചാര്യൻ, അതിഥി എന്നിവരെ അനുധാവനം ചെയ്ത് ഉത്തമജീവിതം നേടുന്നു. വേറെ ചിലർ കല്പസൂത്രങ്ങളിൽ വർണിതമായ യജ്ഞയാഗാദികൾ ചെയ്യുകയും അവയ്ക്ക് അനുകൂലമായ ആചരണങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. അതിലൂടെ ബ്രഹ്മാഗ്നി അതായത് വേദാഗ്നി അഥവാ പരമാത്മരൂപമായ അഗ്നിയിൽ ഹവനം ചെയ്യുന്നു. കർമകാണ്ഡികളായ ഇവർ വേദാനുകൂലങ്ങളായ വ്യാഖ്യാനങ്ങൾ ശ്രവിച്ച് ആചരണങ്ങൾ അനുഷ്ഠിക്കുന്നു.*

ഭാഷ്യം: മുൻഗീതാശ്ലോകത്തിനു സമാനമായ മന്ത്രങ്ങളുണ്ട് എന്നു നേരത്തെ പറഞ്ഞ അഥർവസൂക്തത്തിന് ശേഷം അഥർവവേദത്തിൽ കടന്നുവരുന്ന സൂക്തത്തിന്റെ (19.43) സാരമാണ് ഭഗവാൻ ശ്രീകൃഷ്ണൻ ഈ ശ്ലോകത്തിൽ വിശദീകരിക്കുന്നത്. പ്രസ്തുത അഥർവസൂക്തത്തിലെ എട്ടു മന്ത്രങ്ങളിൽ എട്ടിന്റെയും ആദ്യവരി സമാനമാണ്. '**യത്ര ബ്രഹ്മവിദോ യാന്തി ദീക്ഷയാ തപസാ സഹ**'- ബ്രഹ്മജ്ഞാനി തപസ്സിനാലും ദീക്ഷയാലും എത്തിച്ചേരുന്ന ലോകത്തെക്കുറിച്ചാണ് പറയുന്നത്. രണ്ടാമതു വരുന്ന വരികളിൽ ദേവതകളോട് അതത് ഗുണങ്ങളെ നൽകി ആ ലോകത്തേക്ക് തന്നെ നയിക്കാനായി ഉപാസകൻ പ്രാർഥിക്കുന്നു.

ആദ്യ ഏഴു മന്ത്രങ്ങളിൽ യഥാക്രമം അഗ്നിയോട് മേധയും വായുവിനോട് പ്രാണനും, സൂര്യനോട് ചക്ഷുസ്സും, ചന്ദ്രനോട് മനസ്സും, സോമത്തോട് പയസ്സും, ആപത്തോട് അമൃതവും ആവശ്യപ്പെടുന്നു. ഈ ഗീതാശ്ലോകത്തിലെ ആദ്യഭാഗത്ത് ഇതുതന്നെയാണ് പറയുന്നത്. എട്ടാം മന്ത്രത്തിൽ ബ്രഹ്മത്തോട് ബ്രഹ്മജ്ഞാനത്തെ ആവശ്യപ്പെടുന്നു. ശ്ലോകത്തിലെ രണ്ടാംഭാഗം ഇതുതന്നെയാണെന്നു കാണാനും പ്രയാസമില്ല. അതായത് ശ്രീകൃഷ്ണൻ തന്റെ തത്ത്വങ്ങൾക്കെല്ലാം വേദമന്ത്രങ്ങളെ

യാണ് ആശ്രയിച്ചിരിക്കുന്നതെന്നു കാണാൻ ഒട്ടും പ്രയാസപ്പെടേണ്ടതില്ലതന്നെ.

**26. ശ്രോത്രാദീനീന്ദ്രിയാണ്യന്യേ സംയമാഗ്നിഷു ജുഹ്വതി**
**ശബ്ദാദീൻ വിഷയാനന്യ ഇന്ദ്രിയാഗ്നിഷു ജുഹ്വതി.**

*അർഥം: മറ്റു ചില സാധകർ ചെവികൾ, കണ്ണുകൾ തുടങ്ങിയ ഇന്ദ്രിയങ്ങളെ സംയമരൂപത്തിലുള്ള അഗ്നിയിൽ ഹവനം ചെയ്യുന്നു. അന്യസാധകരാകട്ടെ ശബ്ദം, സ്പർശം തുടങ്ങിയ വിഷയങ്ങളെ ഇന്ദ്രിയരൂപ അഗ്നിയിൽ ഹവനം ചെയ്യുന്നു.*

ഭാഷ്യം: 'സംയമം' എന്ന വാക്കുകൊണ്ട് ഭഗവാൻ ഒട്ടേറെ കാര്യങ്ങൾ പറയുന്നുണ്ട്. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നീ യോഗാംഗങ്ങൾ സാധകൻ അഭ്യസിക്കുന്നു. അതിന് ചെവി, കണ്ണ് തുടങ്ങിയവയെ ഉപയോഗിക്കേണ്ടതുണ്ട്. ശബ്ദ-സ്പർശ-രൂപ-രസ-ഗന്ധങ്ങളെ ഉൾക്കൊള്ളേണ്ടതുണ്ട്. അതുൾക്കൊണ്ടുകൊണ്ട് ചിലർ സാധന ചെയ്യുന്നുവെന്നാണ് ഈ ശ്ലോകത്തിൽ പറയുന്നത്.

**27. സർവാണീന്ദ്രിയകർമാണി പ്രാണകർമാണി ചാപരേ**
**ആത്മസംയമയോഗാഗ്നൗ ജുഹ്വതി ജ്ഞാനദീപിതേ.**

*അർഥം: ചില യോഗികളാകട്ടെ ഇന്ദ്രിയകർമങ്ങളെയും പ്രാണകർമങ്ങളെയും സമ്പൂർണമായും ജ്ഞാനത്താൽ ദീപ്തമായ ആത്മസംയമരൂപത്തിലുള്ള യോഗാഗ്നിയിൽ ഹവനം ചെയ്യുന്നു.*

ഭാഷ്യം: കഴിഞ്ഞ രണ്ടു ശ്ലോകങ്ങളിലായി യോഗദർശനത്തിലെ വിഭൂതിപാദത്തിലെ രണ്ടു സൂത്രങ്ങളാണ് വിവരിച്ചിരിക്കുന്നത്.

**ത്രയമേകത്ര സംയമഃ.** (യോഗദർശനം 3.4)

ധാരണ, ധ്യാനം, സമാധി എന്നീ മൂന്നും ഒരേ വിഷയത്തിൽ ഏകീഭവിക്കുന്നതാണ് സംയമം.

**തജ്ജയാത് പ്രജ്ഞാ/ലോകഃ.** (യോഗദർശനം 3.5)

അതിന്റെ ജയംകൊണ്ട് പ്രജ്ഞയുടെ പ്രകാശമുണ്ടാകുന്നു.

ഈ യോഗസൂത്രം വിശദീകരിക്കുന്ന കടപ്പാട് ശ്രീകൃഷ്ണന്റെ വാക്കുകളിൽ മൂന്നിടത്തായി ചിതറിക്കിടക്കുന്നതു കാണാം. 'സംയമാഗ്നിഷു' 'ആത്മസംയമയോഗാഗ്നൗ', 'ജ്ഞാനദീപിതേ' എന്നിവയാണ് ആ വാക്കുകൾ. വ്യാസൻതന്നെയാണല്ലോ യോഗസൂത്രത്തിനും ഭാഷ്യം രചിച്ചത്. യോഗസൂത്രം പഠിക്കാത്തവർക്ക് ഗീത ചുക്കോ, ചുണ്ണാമ്പോ എന്നിറിയാനാകില്ലെന്നതാണ് വാസ്തവം. അഷ്ടാങ്ഗയോഗം അറിയാത്തവന് ഗീത മനസ്സിലാവുകതന്നെയില്ല.

**28. ദ്രവ്യയജ്ഞാസ്തപോയജ്ഞാ യോഗയജ്ഞാസ്തഥാപരേ.**
**സ്വാധ്യായജ്ഞാനയജ്ഞാശ്ച യതയഃ സംശിതവ്രതാഃ.**

*അർഥം: മറ്റു ചില യോഗികൾ 'ദ്രവ്യയജ്ഞം' ചെയ്യുന്നു. വേദമന്ത്രോച്ചാരണത്തോടെ ഹവനസാമഗ്രികൾ നെയ്യ് ചേർത്ത് ഹോമിക്കുന്നു. ധനം, അന്നം, വസ്ത്രം എന്നിവ ദാനം ചെയ്ത് ദേവപൂജ-സംഗതികരണ-ദാനമാകുന്ന സർവശ്രേഷ്ഠയജ്ഞം ചെയ്യുന്നു. മറ്റു ചിലരാകട്ടെ, തപോയജ്ഞം ചെയ്യുന്നു. വേറെ ചിലർ അഷ്ടാങ്ഗയോഗമനുഷ്ഠിക്കുന്നു. മറ്റു ചിലർ തീക്ഷ്ണമായ വ്രതങ്ങൾ അനുഷ്ഠിക്കുന്നു. യതികൾ (സംന്യാസികൾ) വേദസ്വാധ്യായവും ജ്ഞാനയജ്ഞവും ചെയ്യുന്നു.*

ഭാഷ്യം: തൈത്തിരീയാരണ്യകത്തിൽ തപസ്സിനെ വർണിച്ചിട്ടുണ്ട്. ആ വർണന വേദം അധ്യയനം ചെയ്ത യോഗിരാജനായ ഭഗവാൻ ശ്രീകൃഷ്ണൻ പറയുകയാണ് ഇവിടെ.

**ഋതം തപഃ സത്യം തപഃ ശ്രുതം തപഃ ശാന്തം തപോ**
**ദമസ്തപഃ ശമസ്തപോ ദാനം തപോ യജ്ഞസ്തയോ**
**ഭൂർഭുവഃ സുവർബ്രഹ്മൗ തദുപാസ്മൈസ്വത്തപഃ.**

(തൈത്തിരീയാരണ്യകം പ്ര10.8)

അർഥം: അനാദിയും അവിനാശിയുമായ സത്യത്തെ മാനിക്കുക, സത്യം പറയുക, വേദാദി ശാസ്ത്രങ്ങളിൽ പ്രതിപാദിതമായ വിദ്യകളെ ശ്രവിക്കുക, ഉത്തമകർമം ചെയ്ത് ഉത്തമസ്വഭാവം നേടുക, ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുക, മനസ്സിൽ ചീത്ത വിചാരങ്ങൾ വരാതെ നോക്കുക, സുപാത്രങ്ങളിൽ ദാനം ചെയ്യുക, യജ്ഞം ചെയ്യുക, ഈശ്വരോപാസന ചെയ്യുക എന്നിവയാണ് തപസ്സ്.

**29. അപാനേ ജുഹ്വതി പ്രാണം പ്രാണേഽപാനം തഥാപരേ**
**പ്രാണാപാനഗതീ രുദ്ധ്വാ പ്രാണായാമപരായണാഃ.**

*അർഥം: അതേപോലെ മറ്റു ചില സാധകർ അപാനവായുവിൽ പ്രാണവായുവിനെ ഹവനം ചെയ്യുന്നു. പ്രാണവായുവിൽ അപാനനെയും ഹോമിക്കുന്നു. വേറെ ചിലരാകട്ടെ, പ്രാണാപാനന്മാരുടെ ഗതിയെ നിരോധിച്ച് പ്രാണായാമാഭ്യാസത്തിൽ തത്പരരായിരിക്കുന്നു.*

ഭാഷ്യം: പുറത്തുനിന്ന് പ്രാണവായുവിനെ എടുത്ത് ആപാനവായുവിൽ ലയിപ്പിക്കുന്നതാണ് പൂരകം, ഇതിൽ പുറത്തുള്ള വായുവിനെ അകത്തു നിറച്ച് പ്രാണവായുവിൽ അപാനവായുവിനെ ലയിപ്പിക്കുന്നു. വായുവിനെ ബലം പ്രയോഗിച്ച് പുറത്തു നിർത്തുന്ന ക്രിയ രേചകമെന്നറിയപ്പെടുന്നു. പ്രാണാപാനന്മാരുടെ ഗതിയെ തടഞ്ഞുകൊണ്ട് ചിലർ കുംഭകം എന്ന പ്രാണക്രിയ അനുഷ്ഠിക്കുന്നു. ഇങ്ങനെ പൂരകം, രേചകം, കുംഭകം എന്നീ പ്രാണായാമക്രിയകളെയാണ് ഇവിടെ ഭഗവാൻ വർണിച്ചിട്ടുള്ളത്.

**30. അപരേ നിയതാഹാരാഃ പ്രാണാൻ പ്രാണേഷു ജുഹ്വതി**
**സർവേഽപ്യേതേ യജ്ഞവിദോ യജ്ഞക്ഷപിതകല്മഷാഃ.**

*അർഥം: വേറെ ചില യോഗികളാകട്ടെ നിയമിതമായ ആഹാരം കഴിച്ചുകൊണ്ട് പ്രാണനുകളെ പ്രാണനിൽതന്നെ ഹോമിക്കുന്നു. ഇവരെല്ലാം യജ്ഞത്തിന്റെ മർമമറിഞ്ഞവരാണ്. ഇവരെല്ലാം യജ്ഞത്തിലൂടെ പാപങ്ങളെ ഇല്ലാതാക്കുന്നു.*

ഭാഷ്യം: ഇക്കാര്യം സുവ്യക്തമായി അഥർവവേദം പറയുന്നുണ്ട്. "പ്രാണസാധനയാൽ ശരീരത്തിൽ സ്വാസ്ഥ്യവും മനസ്സിൽ നിർമലതയും ബുദ്ധിയിൽ ദീപ്തിയും ഉണ്ടാകും. അതിലൂടെ ജ്ഞാനം പ്രാപ്തമാക്കി ഉത്തമകർമങ്ങളിൽ ഏർപ്പെടാൻ കഴിയും."[8] ഇതേ കാര്യം മറ്റൊരു അഥർവവേദമന്ത്രംകൂടി പറയുന്നുണ്ട്. "നാം പ്രാണസാധനയിലൂടെ സമസ്ത ഇന്ദ്രിയങ്ങളുടെയും പ്രാണശക്തിയെ സമ്പന്നമാക്കണം. നൂറു വർഷം ആയുസ്സു നേടണം. ചെവി, മൂക്ക്, കണ്ണ് എന്നിവയുടെ നേരായ വ്യാപാരത്തിലൂടെ അജ്ഞാനത്തെ ഇല്ലാതാക്കാം. മുഖം, ത്വക്ക്, കൈകൾ എന്നിവ നേരാംവണ്ണം ഉപയോഗിച്ചാൽ ധനം ലഭിക്കുന്നു. പായു, ഉപസ്ഥം, പാദം എന്നിവ ഉപയോഗിച്ചാൽ ശരീരം ലോഹസമാനമായി ത്തീരും."[9]

ശ്രീകൃഷ്ണഭഗവാൻ വലിയ വേദജ്ഞാനിയായിരുന്നു. അതിനാൽ അദ്ദേഹം അഥർവത്തിലെ മറ്റൊരു മന്ത്രംകൂടി ഇവിടെ സമന്വയിപ്പിക്കുന്നുണ്ട്. കാണുക. **'പ്രാണാദപാനതഃ അസ്യ അന്തഃ രോചനാ ചരതി'** (അഥർവം 6.31.2)- ഇപ്രകാരം പ്രാണാപാനന്മാരുടെ സാധനയാൽ സാധകന്റെ ഉള്ളിൽ, ഹൃദയദേശത്തിൽ ദീപ്തി പരക്കുന്നുവെന്നാണ് ഈ പ്രസ്താവനയുടെ രത്നച്ചുരുക്കം.

ഗീതയുടെ രഹസ്യം വേദജ്ഞർക്കേ അറിയാൻ കഴിയൂ. നമുക്ക് അടുത്ത ശ്ലോകത്തിന്റെ അർഥത്തിലേക്ക് കടക്കാം.

**31. യജ്ഞശിഷ്ടാമൃതഭുജോ യാന്തി ബ്രഹ്മ സനാതനമ്**
**നായം ലോകോ/സ്ത്യയജ്ഞസ്യ കുതോ/ന്യഃ കുരുസത്തമ.**

---

8. അഥർവവേദം 5.24.6
9. *നവപ്രാണാന്നവഭിഃ സംമിമീതേ ദീർഘായുത്വായ ശതശാരദായ ഹരിതേ ത്രീണി രജതേ ത്രീണ്യയസി ത്രീണി തപസാവിഷ്ഠിതാനി.* (അഥർവവേദം 5.28.1)

*അർഥം: അല്ലയോ കുരുവംശത്തിലെ ശ്രേഷ്ഠനായ അർജുനാ! യജ്ഞശേഷം ഏതൊരു അമൃത് ബാക്കിയുണ്ടോ അതിനെ ഉപയോഗിക്കുന്ന യോഗികൾ സത്യസ്വരൂപമായ, ഒരിക്കലും നശിക്കാത്ത ബ്രഹ്മത്തെ പ്രാപിക്കുന്നു. എന്നാൽ യജ്ഞം ചെയ്യാത്തവർക്കാകട്ടെ ഈ മനുഷ്യലോകത്തിൽ സുഖം ഉണ്ടാവില്ല. അപ്പോൾപിന്നെ അന്യലോകങ്ങളിൽ എങ്ങനെ സുഖമുണ്ടാകാനാണ്?*

ഭാഷ്യം: ഈ വാക്കുകളുടെ ഉറവിടവും സർവജ്ഞാനഭണ്ഡാകാരമായ വേദങ്ങൾതന്നെയാണ്. അഥർവത്തിൽ ഇക്കാര്യം സുവ്യക്തമായി പറഞ്ഞിട്ടുണ്ട്. **'അമൃതസ്യ ശ്നുഷ്ടിമ്'** (അഥർവം 8.2.1) എന്നാണ് ആ വേദവാക്യം. യജ്ഞശിഷ്ടമായി വരുന്ന അമൃത് കഴിച്ച് ജീവിക്കുന്നവനാകൂവെന്നാണ് ഉപദേശം. വാസ്തവത്തിൽ വേദവ്യാസൻ ഗീത രചിക്കുമ്പോൾ വേദതത്ത്വങ്ങളുടെ കാതൽ ചോർന്നുപോകാതിരിക്കാൻ പരമാവധി ശ്രദ്ധിച്ചുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

**32. ഏവം ബഹുവിധാ യജ്ഞാ വിതതാ ബ്രഹ്മണോ മുഖേ**
**കർമജാൻ വിദ്ധി താൻ സർവാനേവം ജ്ഞാത്വാ വിമോക്ഷ്യസേ.**

*അർഥം: ഇങ്ങനെ ബഹുവിധങ്ങളായ യജ്ഞങ്ങളെക്കുറിച്ച് വേദവാണി വിസ്താരപൂർവം പറഞ്ഞിട്ടുണ്ട്. ഇവർക്കെല്ലാം കർമത്തിലൂടെ ജ്ഞാനമുണ്ടാകുകയും ചെയ്യും. ഇങ്ങനെ യജ്ഞത്തെ വേദത്തിൽനിന്ന് ഉണ്ടായതാണെന്ന് മനസ്സിലാക്കി നിഷ്കാമകർമം ചെയ്യുന്നതിലൂടെ നീ ഈ സംസാരബന്ധനത്തെ അറുത്തുമുറിച്ച് മോക്ഷം നേടും.*

ഭാഷ്യം: ഈ ശ്ലോകത്തിലെ പദങ്ങൾ ഏറെ ശ്രദ്ധിക്കേണ്ടതാണ്. 'ബ്രഹ്മണഃ മുഖേ' എന്നാൽ വേദത്തിന്റെ 'മുഖ'മെന്നർഥം. വേദവാണിയിൽ പറഞ്ഞിട്ടുള്ള യജ്ഞങ്ങളെയാണ് ശ്രീകൃഷ്ണൻ ഇവിടെ വിവരിച്ചതെന്നു മനസ്സിലാക്കണം. അഥർവവേദത്തിൽ (9.6.4.1 മുതൽ 8 വരെ മന്ത്രങ്ങളിൽ) അഗ്നിഷ്ടോമം, അതിഥിയജ്ഞം, അതിരാത്രയജ്ഞം, സത്ര

സദ്യയജ്ഞം തുടങ്ങിയവയെല്ലാം വിശദീകരിച്ചിട്ടുണ്ട്. ഋഗ്വേദത്തിൽ (10.114.6) ഹേമന്തത്തിൽ 40 ദിവസം സോമൗഷധീയജ്ഞം ചെയ്യണമെന്ന് പറയുന്നതു കാണാം. പ്രാണാപാനയജ്ഞത്തെക്കുറിച്ചും അഥർവത്തിൽ വിവരിച്ചതു കാണാം.

ഗീതയിലെ ഈ അധ്യായത്തിലെ 27 മുതൽ 32 വരെ ശ്ലോകങ്ങളിൽ പ്രധാനമായും ബ്രഹ്മയജ്ഞം, ദ്രവ്യയജ്ഞം, തപോയജ്ഞം, യോഗ യജ്ഞം എന്നിവയെക്കുറിച്ചെല്ലാം നിശ്ചിതമായ രൂപത്തോടെ ഭഗവാൻ അവതരിപ്പിച്ചതുകാണാം. ബ്രഹ്മയജ്ഞത്തിന് മൂന്ന് അർഥങ്ങളുണ്ട്. പര മാത്മയജ്ഞം, ജീവാത്മയജ്ഞം, ജ്ഞാനയജ്ഞം എന്നിങ്ങനെ. ബ്രഹ്മ യജ്ഞം ദ്വിജന്മാർ അനുഷ്ഠിക്കുന്നതാണ്. ഇതിനെ നമുക്ക് ജ്ഞാനയ ജ്ഞമെന്ന് വിളിക്കാം. ഈ ജ്ഞാനയജ്ഞത്തിനും രണ്ട് ഭേദങ്ങളുണ്ട്. ഒന്ന് ഭൗതികമായ ജ്ഞാനയജ്ഞം. ഇതിനെ വിജ്ഞാനയജ്ഞമെന്നു വിളിക്കുന്നു. രണ്ടാമത്തേത് മോക്ഷജ്ഞാനയജ്ഞമാകുന്നു. ഭൗതിക ജ്ഞാനയജ്ഞത്തിലൂടെ സൃഷ്ടിക്കപ്പെട്ട പദാർഥങ്ങളുടെ വിദ്യ കരസ്ഥ മാക്കി പ്രാപഞ്ചിക സുഖവൃദ്ധി നേടുന്നു. രണ്ടാമത്തേതാകട്ടെ മോക്ഷ ജ്ഞാനയജ്ഞമാണ്. ഇതിലൂടെ ശാന്തിയും ബ്രാഹ്മീസ്ഥിതിയും കൈവ രിക്കാൻ കഴിയുന്നു. ഇക്കാര്യം അഥർവവേദത്തിൽ കൃത്യമായി പറഞ്ഞി ട്ടുണ്ട്. കാണുക:

**വിദ്യാശ്ച വാ അവിദ്യാശ്ച യച്ചാന്യദുപദേശ്യമ്**
**ശരീരം ബ്രഹ്മപ്രാവിശദൃചഃ സാമാഥോ യജുഃ.** (അഥർവം 11.8.23)

അർഥം: വിദ്യ (ബ്രഹ്മജ്ഞാനം), അവിദ്യ (പ്രാകൃതിക വിജ്ഞാനം), ഉപദേശിക്കാൻ കഴിയുന്ന ക്രിയാകർമവിശേഷങ്ങൾ കൂടാതെ ഋഗ്വേദം, യജുർവേദം, സാമവേദം അഥർവവേദം എന്നീ സകല ജ്ഞാനങ്ങളും മനുഷ്യശരീരത്തിൽ പ്രവിഷ്ടമായിരിക്കുന്നു.

വേദത്തിൽ ഉപദേശിച്ചിരിക്കുന്ന ഈ രണ്ടു വിദ്യകളെ വിദ്യയെന്നും, അവിദ്യയെന്നും വിളിക്കുന്നു. അവിദ്യയെ അജ്ഞാനമെന്ന അർഥത്തിൽ വ്യാഖ്യാനിച്ച് പല ഗീതാവ്യാഖ്യാതാക്കളും തെറ്റായ നിഗമനങ്ങളിൽ എത്തിച്ചേരാറുണ്ട്. 'വിദ്യ' എന്നാൽ ആത്മാവിന്റെ വിദ്യയെന്നർഥം. അവി

ദ്യയെന്നാൽ അനാത്മാ അഥവാ സൃഷ്ടിയുടെ വിദ്യ എന്നാണ് അർഥം. ഇക്കാര്യം ഈശാവാസ്യോപനിഷത്തും വ്യക്തമാക്കുന്നുണ്ട്.

"കേവലം (അവിദ്യ) പ്രാപഞ്ചികവിദ്യകളിൽ മാത്രം മുഴുകുന്നവർ ദുഃഖിതരായിത്തീരുന്നു. എന്നാൽ കേവലം (വിദ്യ) ആത്മജ്ഞാനത്തിൽ മാത്രം രമിക്കുന്നവരാകട്ടെ അധികം കഷ്ടത അനുഭവിക്കുന്നു."[10]

ഇത്രയും തിരിച്ചറിഞ്ഞാൽ അടുത്ത ശ്ലോകത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

**33. ശ്രേയാൻ ദ്രവ്യമയാദ്യജ്ഞാത് ജ്ഞാനയജ്ഞഃ പരന്തപ**
**സർവം കർമാഖിലം പാർഥ ജ്ഞാനേ പരിസമാപ്യതേ.**

*അർഥം: ഹേ പരന്തപ, ദ്രവ്യമയമായ യജ്ഞത്തെ അപേക്ഷിച്ച് ജ്ഞാനയജ്ഞം അധികം മംഗളകരമായതാണ്. കാരണം ഹേ പാർഥാ! എല്ലാ കർമങ്ങളുടെയും പരിസമാപ്തി ജ്ഞാനത്തിലാണ് ചെന്നെത്തുന്നത്.*

ഭാഷ്യം: മായാവാദത്തിന് പുതിയ പരിപ്രേക്ഷ്യം നൽകിയ മധുസൂദന സരസ്വതി ഈ ശ്ലോകത്തിന് അർഥം പറയുമ്പോൾ 'ജ്ഞാന'ശബ്ദത്തിന് ജീവ-ബ്രഹ്മൈക്യമെന്ന് ഭാഷ്യം ചമച്ചുകാണുന്നു. അതിനാൽ ഇവിടെ സമ്പൂർണകർമവും സമാപിക്കുന്നെന്നും അദ്ദേഹം പറയുന്നുണ്ട്. എന്നാൽ ഇത്തരത്തിലൊരർഥവും ഇവിടെ ഇല്ലതന്നെ. എന്തുകൊണ്ടാണ് ഇവിടെ ജ്ഞാനത്തിന്റെ പ്രാധാന്യം ഭഗവാൻ നിരൂപണം ചെയ്തതെന്ന് അറിയാൻ ശ്രമിക്കാതെയാണ് ഈദൃശവ്യാഖ്യാനങ്ങൾ ചമച്ചിരിക്കുന്നത്. 'കേട്ടതുപാതി കേൾക്കാത്തതു പാതി' എന്ന മട്ടിൽ നവീനവേദാന്തികളും കർമകാണ്ഡത്തെ പുച്ഛത്തോടെ കാണാൻ തുടങ്ങി. യജ്ഞകർമങ്ങൾ ചെയ്യുമ്പോൾ ഉപയോഗിക്കുന്ന നെയ്യുകൊണ്ട് പഴംപൊരി ഉണ്ടാക്കാൻ വരെ ജ്ഞാനലദുർവിദഗ്ധനായ ഒരു പരിവ്രാജകൻ ഉപദേശിച്ചത് കേട്ടപ്പോൾ പഞ്ചപാണ്ഡവന്മാർ കട്ടിൽക്കാലുപോലെ മൂന്നാണെന്ന് പറഞ്ഞ ഏതോ വിഡ്ഢിയെയാണ് ഓർമ വന്നത്. സംസ്കൃതം നേരെചൊവ്വേ

10. ഈശാവാസ്യോപനിഷത്ത് 9-ാം മന്ത്രം

പഠിക്കുകയോ, അലങ്കാരപ്രയോഗങ്ങൾ മനസ്സിലാക്കുകയോ ചെയ്യാതെ ഇത്തരക്കാർ നമ്മുടെ ശാസ്ത്രങ്ങളെ വ്യഭിചരിക്കുകയാണ്. ദ്രവ്യയജ്ഞാദികൾ ചെയ്താലും അതിന്റെ ഫലം ജ്ഞാനത്തിൽതന്നെ എത്തുമെന്നതിനാൽ കർമത്തെ അപേക്ഷിച്ച് ജ്ഞാനയജ്ഞത്തിന് പ്രാധാന്യമുണ്ടെന്നേ ഭഗവാൻ പറഞ്ഞുള്ളൂ. അല്ലായിരുന്നുവെങ്കിൽ വരാനിരിക്കുന്ന അധ്യായത്തിൽ ഭഗവാൻ ഇങ്ങനെ പറയുമായിരുന്നോ? നോക്കൂ:

**യത് സാംഖ്യൈഃ പ്രാപ്യതേ സ്ഥാനം തദ് യോഗൈരപി ഗമ്യതേ**
**ഏകം സാംഖ്യം ച യോഗം ച യഃ പശ്യതി സ പശ്യതി.** (ഗീത 5.5)

അർഥം: ഏതൊരു സ്ഥാനത്തെയാണോ ജ്ഞാനികൾ നേടുന്നത് അതേ ലോകംതന്നെ കർമയോഗികളും നേടുന്നു. ജ്ഞാനയോഗവും കർമയോഗവും ഒന്നുതന്നെയാണ്. ആരാണോ ഇപ്രകാരമറിയുന്നത് അവർ ശരിയായി കാര്യങ്ങളറിയുന്നു.

ഗീതയിലെ ശ്ലോകങ്ങളുടെ പാരസ്പര്യത്തെ മനസ്സിലാക്കാതെ എന്തെല്ലാം വിടുവായത്തങ്ങളാണ് കർമപദ്ധതികൾക്കെതിരെ ഇവിടുത്തെ ചിലർ തട്ടിവിടുന്നത്.

**34. തദ്വിദ്ധി പ്രണിപാതേന പരിപ്രശ്നേന സേവയാ**
**ഉപദേക്ഷ്യന്തി തേ ജ്ഞാനം ജ്ഞാനിനസ്തത്ത്വദർശിനഃ.**

*അർഥം: ആ യഥാർഥമായ ജ്ഞാനം വിദ്വാന്മാരുടെ കാൽക്കീഴിലിരുന്ന്, ചോദ്യങ്ങൾ ചോദിച്ച്, സേവനം ചെയ്ത് നേടേണ്ടതാണ്. തത്ത്വദർശികളായ ജ്ഞാനികൾ നിനക്ക് യഥാർഥ തത്ത്വജ്ഞാനത്തെ ഉപദേശിച്ചുതരും.*

ഭാഷ്യം: ഇപ്പോൾ ചിലർ ചില കർമങ്ങൾ, യോഗം, അനുഷ്ഠാനങ്ങൾ, ആചാരങ്ങൾ, മറ്റു ധ്യാനവിദ്യകൾ എന്നിവയൊക്കെ പല രീതിയിൽ അഭ്യസിക്കുന്നു. അതിലൂടെ ഉദരപൂരണത്തിന് പ്രവർത്തിക്കുന്നു. എന്നാൽ യഥാർഥ വിദ്യ നേടണമെങ്കിൽ വിദ്വാന്മാരുടെ അഥവാ ഗുരുക്കന്മാരുടെ കാൽക്കീഴിലിരുന്ന്, ശിരസ്സ് നമിച്ച്, വിനയപൂർവം ചോദ്യങ്ങൾ ചോദിച്ച്, അവരെ സേവിച്ച് പഠിക്കണം. എന്തുകൊണ്ടെന്നാൽ

ജ്ഞാനം അഹങ്കാരത്തിന്റെ വഴിയായിക്കൂടാ. വിഷവൃക്ഷത്തിന്റെ ബീജങ്ങളായി ഇത്തരക്കാർ ഉണ്ടായാൽ അവർ വരുംതലമുറയ്ക്കുപോലും വലിയ ശാപമായിമാറും.

**35. യത് ജ്ഞാത്വാ ന പുനർമോഹമേവം യാസ്യസി പാണ്ഡവ
യേന ഭൂതാന്യശേഷേണ ദ്രക്ഷ്യസ്യാത്മന്യഥോ മയി.**

*അർഥം: അല്ലയോ പാണ്ഡവ! ഈ ജ്ഞാനത്തെ അറിഞ്ഞാൽപിന്നെ നീ ഇപ്രകാരം ഒരിക്കലും മോഹത്തിൽ വീഴില്ല. ജ്ഞാനം നേടിക്കഴിഞ്ഞാൽ എല്ലാ പ്രാണികളെയും സമ്പൂർണരീതിയിൽ ആത്മാവിൽ ദർശിക്കാൻ കഴിയും. അതിനുശേഷം എന്നിലും അത് കാണും.*

ഭാഷ്യം: ഈ ശ്ലോകത്തിന് അർഥം പറയുമ്പോൾ സന്ദർഭംപോലും മനസ്സിലാക്കാതെ ശ്രീകൃഷ്ണൻ ഇവിടെ ജീവബ്രഹ്മ ഐക്യത്തെ സ്ഥാപിക്കുകയാണ് ചെയ്യുന്നത് എന്ന് പലരും പറയാറുണ്ട്. എന്നാൽപ്പിന്നെ ഇത്ര വളച്ചുകെട്ടില്ലാതെ പരമാത്മാവും ജീവാത്മാവും ഒന്നാണെന്ന് നേരെ പറഞ്ഞാൽ പോരായിരുന്നില്ലേ? ജീവാത്മാവും പരമാത്മാവും ഭിന്നമാണെന്ന് പ്രഖ്യാപിക്കുന്ന അനേകം ശ്ലോകങ്ങൾ ഭഗവദ്ഗീതയിലുണ്ടുതാനും. പതിമൂന്നാം അധ്യായത്തിൽ പരമാത്മാവിനെപ്പോലെതന്നെ ജീവാത്മാവും പ്രകൃതിയും അനാദിയായ സത്തകളാണെന്ന് പറഞ്ഞതു കാണാം. (ഗീത 13.20) പതിനാലാം അധ്യായത്തിലും ഈ ഭേദത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. (14.16, 17) ഇപ്രകാരം സമത്വയോഗത്തെക്കുറിച്ച് വിവരിക്കുന്നിടത്ത് ഇത്തരത്തിലുള്ള അനാവശ്യ സന്ദേഹങ്ങൾ ഉടലെടുത്തേക്കാം എന്നു കരുതിയായാരിക്കണം ആറാം അധ്യായമായ ധ്യാനയോഗത്തിൽ യോഗാവസ്ഥയിലും ജീവാത്മാ-പരമാത്മാഭേദം നിലനിൽക്കുന്നുണ്ടെന്ന് ശ്രീകൃഷ്ണൻ വ്യക്തമാക്കിയത്.[11]

വേദം പഠിച്ചാലേ യഥാർഥത്തിൽ ഭഗവാൻ ഉദ്ദേശിച്ചതെന്തെന്നു മനസ്സിലാകൂ. ഒരു യജുർവേദമന്ത്രം കാണുക:

11. ആറാം അധ്യായം 29, 30 ശ്ലോകങ്ങളുടെ ഭാഷ്യം കാണുക:

**യസ്മിൻ സർവാണി ഭൂതാന്യാത്മൈവാഭൂദ്വിജാനതഃ**
**തത്ര കോ മോഹഃ കഃ ശോക ഏകത്വമനുപശ്യതഃ.** (യജുർവേദം 40.7)

അർഥം: ഏതൊരു ജ്ഞാനത്താലാണോ പരമാത്മാവിന്റെ സഹചാരികളായ സർവജീവജാലങ്ങളെയും സ്വന്തം ആത്മാവിനെപ്പോലെ കാണാൻ കഴിയുന്നത് ആ ജ്ഞാനത്തിൽ ഏകത്വം ദർശിക്കുന്ന യോഗിക്ക് എന്തു മോഹം, എന്തു ശോകം!

പരമാത്മാവിനെ സർവാന്തര്യാമിയായും സർവവ്യാപിയായും ധ്യാനദൃഷ്ടിയാൽ മനസ്സിലാക്കുന്ന യോഗി തന്റേതിനു തുല്യം സുഖദുഃഖങ്ങളുള്ളവരാണ് എല്ലാ ജീവാത്മാക്കളുമെന്നു തിരിച്ചറിയുന്നു. തന്നെപ്പോലെതന്നെ അവന് മറ്റെല്ലാവരെയും കാണാൻ കഴിയുന്നു. എന്നാൽ ഇവിടെ എല്ലാവരെയും തന്നിൽക്കാണാൻ ശ്രീകൃഷ്ണൻ പറഞ്ഞതെന്തിനായിരിക്കും?

ഇവിടെയാണ് അർജുനന്റെ മുൻവാക്കുകൾ നാം ഓർക്കേണ്ടത്. 'ഞാൻ ഇവരാൽ കൊല്ലപ്പെടുന്നതായാൽപോലും, ഇവരെ കൊല്ലാൻ ഞാനിച്ഛിക്കുന്നില്ല." ('ഘ്നതഃ അപി ഏതാം ഹന്തും ന ഇച്ഛാമി'- ഗീത 1.35), 'കൊല്ലപ്പെടേണ്ടവർതന്നെയാണെങ്കിലും ഇവരെ കൊന്നാൽ ഞങ്ങളെ പാപംതന്നെ ബാധിക്കും." ('ആതതായിനഃ ഏതാൻ ഹത്വാ അസ്മാൻ പാപം ഏവ ആശ്രയേത്'-ഗീത 1.36) അതായത് അർജുനന്റെ സ്വജനചിന്ത അത്രയ്ക്കും വലുതാണ്. തന്റെ ബന്ധുക്കൾ, ഗുരുക്കന്മാർ, മിത്രങ്ങൾ എന്നിവർ കൊല്ലപ്പെടുന്നതിനെ താൻ കൊല്ലപ്പെടുന്നതിനേക്കാൾ ദുഃഖത്തോടെ അർജുനൻ കാണുന്നു. ആ മോഹമാണ് ഇവിടത്തെ വിഷയം. അതിനാലാണ് ശ്രീകൃഷ്ണൻ പറയുന്നത്: 'നീ നിന്റെ ആത്മമിത്രവും, ഇപ്പോൾ ഗുരുസ്ഥാനീയനായി നിന്ന് ജ്ഞാനം ഉപദേശിക്കുന്നവനുമായ ഈ എന്നെപ്പോലും സർവജീവജാലങ്ങൾക്കും തുല്യമായി കാണുക. കാരണം, ജീവാത്മാക്കളെല്ലാം ഒരേ സ്വരൂപത്തോടുകൂടിയതാണ്." ഇവിടെ അർജുനനിലെ മോഹകാരണമായ സ്വജനചിന്ത പൂർണമായും ഇല്ലാതാക്കുന്നതിനുവേണ്ടിയാണ് ഉപദേശം ശ്രീകൃഷ്ണൻ നൽകിയത്. സ്വജനങ്ങളെ ഹനിക്കുന്നതിലൂടെ ഘോരമായ പാപം വന്നുചേരുമെന്ന് അർജുനൻ വിശ്വസിക്കുന്നു. എന്നാൽ എല്ലാ ജീ

വികളെയും സമത്വഭാവനയോടെ കാണാനാണ് ശ്രീകൃഷ്ണൻ പറയുന്നത്. ആ പാപഭാവനയിൽനിന്നു കരകയറാൻ ഇതാണ് വഴി. അടുത്ത ശ്ലോകത്തിൽ പറയുന്നതും ഇതുതന്നെ.

**36. അപി ചേദസി പാപേഭ്യഃ സർവേഭ്യഃ പാപകൃത്തമഃ**
**സർവം ജ്ഞാനപ്ലവേനൈവ വൃജിനം സന്തരിഷ്യസി.**

**37. യഥൈധാംസി സമിദ്ധോ$/$ഗ്നിർഭസ്മസാത് കുരുതേ$/$ർജുന**
**ജ്ഞാനാഗ്നിഃ സർവകർമാണി ഭസ്മസാത് കുരുതേ തഥാ.**

*അർഥം: ഒരുപക്ഷേ ഈ ലോകത്തുതന്നെ ഏറ്റവും വലിയ പാപി നീയാണെന്നുവരികിലും നിഷ്കാമഭാവത്താൽ അഥവാ യജ്ഞജീവിതത്താൽ ശ്രേഷ്ഠനായിത്തീരും. ജ്ഞാനമാകുന്ന നൗക നിന്നെ പാപസമുദ്രത്തിൽനിന്ന് കരകേറാൻ സഹായിക്കും. (36)*

*ഹേ അർജുന, പ്രജ്വലിതമായ അഗ്നിയിൽ വിറക് കത്തിത്തീർന്ന് ഭസ്മമാകുന്നതുപോലെ ജ്ഞാനരൂപമാകുന്ന അഗ്നിയിൽ എല്ലാ കർമങ്ങളും ഭസ്മമായിത്തീരുന്നു. (37)*

ഭാഷ്യം: ലോകത്തിന് ഗുണം ലഭിക്കാനാണ് ഈ യുദ്ധം. അതിനാൽ അധർമികളിൽനിന്ന് ധർമികളെ രക്ഷിക്കാൻ അനാസക്തനായി സ്വധർമമറിഞ്ഞ് യുദ്ധം ചെയ്താൽ അതിലുണ്ടാകുന്ന പാപം പാപമേയല്ലെന്ന് ഇവിടെ ഓർമപ്പെടുത്തുന്നു. കർമത്തെ യോഗവുമായി ബന്ധപ്പെടുത്തുകയാണ് ഭഗവാൻ. യോഗദർശനം പറയുന്നത് നാം കേൾക്കുക:

**തദ്വൈരാഗ്യാദപി ദോഷബീജക്ഷയേ കൈവല്യമ്.**

(യോഗദർശനം 3.50)

അർഥം: ആ സിദ്ധികളോടും വൈരാഗ്യമുണ്ടാകുക വഴി ദോഷബീജങ്ങൾ നശിക്കുകയും മോക്ഷം നേടുകയും ചെയ്യും.

ഇങ്ങനെ യോഗത്തെ കർമവുമായി ചേർത്തുകൊണ്ടാണ് ഭഗവാൻ ഈ ശ്ലോകത്തിൽ ഉപദേശിക്കുന്നതെന്നു കാണാം. ഈ സാധനയുടെ ഫലമാകട്ടെ ജ്ഞാനവും.

**38. ന ഹി ജ്ഞാനേന സദൃശം പവിത്രമിഹ വിദ്യതേ**
**തത്സ്വയം യോഗസംസിദ്ധഃ കാലേനാത്മനി വിന്ദതി.**

**39. ശ്രദ്ധാവാൻ ലഭതേ ജ്ഞാനം തത്പരഃ സംയതേന്ദ്രിയഃ**
**ജ്ഞാനം ലബ്ധ്വാ പരാം ശാന്തിമചിരേണാധിഗച്ഛതി.**

**40. അജ്ഞശ്ചാശ്രദ്ദധാനശ്ച സംശയാത്മാ വിനശ്യതി**
**നായം ലോകോഽസ്തി ന പരോ ന സുഖം സംശയാത്മനഃ.**

*അർഥം: ഈ സംസാരത്തിൽ ജ്ഞാനസമാനമായി പവിത്രമായ മറ്റൊന്നുമില്ലെന്ന് നിസ്സന്ദേഹം പറയാം. ആ ജ്ഞാനത്തെ, കർമയോഗസിദ്ധി നേടിയവൻ കാലക്രമേണ സ്വയം പ്രാപിക്കുന്നു. (38)*

*ഏതൊരു സാധകൻ ഗുരുസേവ, സാധന തുടങ്ങിയ ശുഭകർമങ്ങളിൽ സദാ മുഴുകിയിരിക്കുന്നുവോ, ഏതൊരു സാധകൻ ഇന്ദ്രിയങ്ങൾ വശത്താക്കി വെച്ചിരിക്കുന്നുവോ അവൻ ശ്രദ്ധാലുവാണ്. ആ ശ്രദ്ധാലുവിന് ജ്ഞാനം ലഭിക്കുന്നു. ജ്ഞാനം കിട്ടിയാൽ അതിവേഗം പരമശാന്തിയും കൈവരും. (39)*

*അജ്ഞാനികളും ശ്രദ്ധാഹീനരും സംശയാത്മാക്കളും നാശമടയുന്നു. വേദവചനങ്ങളിൽ സംശയമുള്ളവർക്ക് ഒരിക്കലും സുഖമുണ്ടാകുന്നില്ല. അവർക്ക് ഈ ലോകവും പരലോകവും നഷ്ടമാകുന്നു. അതായത് ഈ ജന്മത്തിലും വരാനിരിക്കുന്ന ജന്മങ്ങളിലും അവർ ദുഃഖിതരായിരിക്കുന്നു. (40)*

ഭാഷ്യം: ജ്ഞാനപ്രാപ്തിക്കുള്ള ഉപായങ്ങളാണ് ഈ വചനങ്ങളിൽ ഭഗവാൻ ഉപദേശിക്കുന്നത്. ഈശ്വരൻ, ഗുരു, ശാസ്ത്രഗ്രന്ഥങ്ങൾ എന്നിവയിൽ ശ്രദ്ധയുണ്ടാവണം. ഇതല്ലാതെ മറ്റു കാര്യങ്ങളിലേക്ക് മനസ്സിനെ കെട്ടഴിച്ച് വിടരുത്. അതിന് ഇന്ദ്രിയസംയമനം വേണം. സ്വയം സമത്വബുദ്ധിയിലൂടെ ആത്മപ്രകാശം നേടാൻ കഴിയണം. ജ്ഞാനപ്രാപ്തിക്കുള്ള ചതുരുപായങ്ങളാണ് ഇവിടെ വിഷയം. ശ്രദ്ധ, തത്പരത, ഇന്ദ്രി

യസംയമനം, യോഗസംസിദ്ധി- ഇവയിലൂടെ നമുക്ക് ജ്ഞാനം നേടാം. ജ്ഞാനത്തിലൂടെ പരമശാന്തിയും കൈവരിക്കാം.

ഇനി ഈ പരമശാന്തി കിട്ടാതെ പോകുന്നവരുടെ സ്വഭാവത്തെക്കുറിച്ചാണ് പറയുന്നത്. അശ്രദ്ധ, ഭോഗപരത, ചഞ്ചലബുദ്ധി, സംശയം, അജ്ഞത, അപവിത്രത എന്നിവയുള്ളവർക്ക് നാശവും ദുഃഖവും അശാന്തിയും ഉണ്ടാകുന്നുവെന്ന് ഇവിടെ പറയുന്നു. മനുസ്മൃതിയിൽ **'നാസ്തികോ വേദനിന്ദകഃ'** (മനുസ്മൃതി 2.11) എന്നു പറഞ്ഞത് ഇവിടെ വിസ്തരിച്ചുവെന്നു മാത്രം. വേദനിന്ദകൻ നാസ്തികനാണെന്നു സാരം. മനുസ്മൃതിതന്നെ മറ്റൊന്നുകൂടി പറഞ്ഞിട്ടുണ്ട്.

**അജ്ഞോ ഭവതി വൈ ബാലഃ പിതാ ഭവതി മന്ത്രദഃ**
**അജ്ഞം തു ബാലമിത്യാഹുഃ പിതേത്യേവ തു മന്ത്രദമ്.** (2.153)

അർഥം: അജ്ഞാനിയാണ് കുട്ടി. അല്ലാതെ പ്രായക്കുറവല്ല കുട്ടിത്തം. മന്ത്രോപദേശം ചെയ്യുന്നവൻ പിതാവാകുന്നു. പണ്ടുകാലത്ത് ആചാര്യന്മാരും അറിവില്ലാത്തവനെയാണ് കുട്ടി എന്ന് വിളിച്ചത്. മന്ത്രം പറഞ്ഞുകൊടുക്കുന്നവനെ പിതാവെന്നും വിളിച്ചു.

41. **യോഗസന്ന്യസ്തകർമാണം ജ്ഞാനസംച്ഛിന്നസംശയമ്**
**ആത്മവന്തം ന കർമാണി നിബധ്നന്തി ധനഞ്ജയ.**

*അർഥം: ഹേ ധനഞ്ജയാ, യോഗത്താൽ കർമങ്ങളെല്ലാം ത്യജിച്ച് ജ്ഞാനം നേടിയവന്റെ സംശയങ്ങളെല്ലാം ഇല്ലാതാകുന്നു. അത്തരത്തിലുള്ള ആത്മനിഷ്ഠനെ കർമങ്ങൾ ബന്ധിക്കുന്നില്ല.*

ഭാഷ്യം: അഥർവവേദത്തിലെ നാലാം കാണ്ഡത്തിൽ 31, 32 സൂക്തങ്ങളിൽ പൂർണമായും ഭഗവദ്ഗീതയുടെ ഈ മൊത്തം ആശയങ്ങൾ നമുക്ക് കാണാൻ കഴിയും. എന്നാൽ വിസ്തരഭയത്താൽ ഇവിടെ അതു ചേർക്കുന്നില്ല. മറിച്ച് അത് പരിശിഷ്ടമായി ഗ്രന്ഥത്തിനൊടുവിൽ ചേർക്കുന്നുണ്ട്.

42. **തസ്മാദജ്ഞാനസംഭൂതം ഹൃത്സ്ഥം ജ്ഞാനാസിനാത്മനഃ**
**ഛിത്ത്വൈനം സംശയം യോഗമാതിഷ്ഠോത്തിഷ്ഠ ഭാരത.**

*അർഥം: അതിനാൽ ഭരതകുലോത്പന്നനായ അർജുനാ, അജ്ഞാനത്തിൽനിന്നുണ്ടായതും ഹൃദയത്തിൽ ഉറച്ചുപോയതുമായ സംശയത്തെ ജ്ഞാനമാകുന്ന വാളുകൊണ്ട് മുറിച്ചുകളഞ്ഞ് കർമയോഗത്തോടെ സ്വധർമമനുഷ്ഠിക്കൂ, എഴുന്നേറ്റു നിൽക്കൂ.*

***ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു***
***ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ***
***ശ്രീകൃഷ്ണാർജുനസംവാദേ***
***ജ്ഞാനകർമസംന്യാസയോഗോ നാമ***
***ചതുർഥോഽധ്യായഃ***

**ഇങ്ങനെ നാലാം അധ്യായം സമാപിച്ചു.**



## അധ്യായം അഞ്ച്

# സംന്യാസയോഗം

അഥ പഞ്ചമോ$f$ധ്യായഃ

# സംന്യാസയോഗം

**ക**ഴിഞ്ഞ അധ്യായത്തിൽ ഭഗവാൻ ശ്രീകൃഷ്ണൻ സർവ-കർമ-സംന്യാസത്തെ പ്രശംസിച്ച് ധാരാളം പറയുകയുണ്ടായി.

1. **കർമണ്യകർമ യഃ പശ്യേത്** (ഗീത 4.18)
2. **കർമാണം ജ്ഞാനാഗ്നിദഗ്ധ** (ഗീത 4.19)
3. **യദൃച്ഛാലാഭസന്തുഷ്ടഃ** (ഗീത 4.22)
4. **സർവം കർമ.... ജ്ഞാനേ പരിസമാപ്യതേ** (ഗീത 4.33)
5. **ജ്ഞാനാഗ്നിഃ സർവകർമാണി**
   **ഭസ്മസാത് കുരുതേ** (ഗീത 4.37)

എന്നെല്ലാം പറഞ്ഞത് നാം കണ്ടതാണ്. "ഏതൊരാളാണോ കർമത്തിൽ അകർമത്തെ കാണുന്നത് അദ്ദേഹത്തിന്റെ കർമം ജ്ഞാനാഗ്നിയിൽ ഭസ്മമായിത്തീരുന്നു. അയാൾ സഹജമായി ലഭിക്കുന്ന വസ്തുവിൽ സന്തുഷ്ടനായിരിക്കുന്നു. എല്ലാ കർമവും ജ്ഞാനത്തിൽ സമാപിക്കുന്നു. ജ്ഞാനാഗ്നിയാൽ എല്ലാ കർമങ്ങളും ഭസ്മമായിത്തീരുന്നു" എന്നിത്യാദി വാക്യങ്ങളിൽ ജ്ഞാനമാർഗത്തിന്റെ പ്രശംസയാണ് നാം കാണുന്നത്. ഇതു കേൾക്കുമ്പോൾ, എല്ലാറ്റിന്റെയും ഒടുവിൽ സംന്യാസമാണ് കടന്നുവരുന്നതെങ്കിൽ അത് ആദ്യമേ ചെയ്തുകൂടെ എന്നൊരു സംശയം കടന്നുവരാം. അതേപോലെ കർമത്തിന്റെ ആവശ്യകതയും ഭഗവാൻ അവിടെ പറയുന്നുണ്ട്. കാണുക:

**'ഛിത്ത്വൈനം സംശയം യോഗമാതിഷ്ഠോത്തിഷ്ഠ ഭാരത.'** (ഗീത 4.42)

"അതിനാൽ ഹേ ഭാരത, ലോകഹിതം ചെയ്യാനൊരുമ്പെടുന്ന വീരാ, ആ സന്ദേഹത്തെ മുറിച്ചുകളഞ്ഞ് കർമയോഗം ആചരിക്കാനായി എഴുന്നേറ്റാലും" എന്നും പറഞ്ഞുകാണുന്നു. ഇവിടെ ഒരു സംശയം ഉദിക്കുന്നു. കർമത്തെ ത്യജിക്കുകയാണോ വേണ്ടത് അഥവാ കർമയോഗത്തെ ആചരിക്കുകയാണോ വേണ്ടത്? രണ്ടു മാർഗങ്ങളും പരസ്പരവിരുദ്ധമാണ്. അപ്പോൾ ഏതു സ്വീകരിക്കും? ഇതാണ് ഈ അധ്യായത്തിൽ ഭഗവാനോട് അർജുനൻ ഉന്നയിക്കുന്ന പ്രശ്നവും.

**അർജുന ഉവാച:**

1. **സംന്യാസം കർമണാം കൃഷ്ണ പുനർയോഗം ച ശംസസി**
   **യച്ഛ്രേയ ഏതയോരേകം തന്മേ ബ്രൂഹി സുനിശ്ചിതമ്.**

*അർഥം: അർജുനൻ ചോദിച്ചു, അല്ലയോ കൃഷ്ണാ, അങ്ങ് ഒരിക്കൽ കർമത്തെ ഉപേക്ഷിക്കാനും മറ്റൊരിക്കൽ കർമം ചെയ്യുന്നതിന്റെ ആവശ്യകതയെക്കുറിച്ചും പ്രശംസിക്കുന്നു. ഈ രണ്ടിലും ഏതാണ് എനിക്കു ഹിതകരമായിട്ടുള്ളത്. അതിനെ തീർച്ചയായും അങ്ങ് എനിക്ക് ഉപദേശിച്ചു തന്നാലും.*

**ശ്രീഭഗവാനുവാച:**

2. **സംന്യാസഃ കർമയോഗശ്ച നിഃശ്രേയസകരാവുഭൗ**
   **തയോസ്തു കർമസംന്യാസാത് കർമയോഗോ വിശിഷ്യതേ.**

3. **ജ്ഞേയഃ സ നിത്യസംന്യാസീ യോ ന ദ്വേഷ്ടി ന കാംക്ഷതി**
   **നിർദ്വന്ദ്വോ ഹി മഹാബാഹോ സുഖം ബന്ധാത് പ്രമുച്യതേ.**

4. **സാംഖ്യയോഗൗ പൃഥഗ്ബാലാഃ പ്രവദന്തി ന പണ്ഡിതാഃ**
   **ഏകമപ്യാസ്ഥിതഃ സമ്യഗുഭയോർവിന്ദതേ ഫലമ്.**

5. **യത് സാംഖ്യൈഃ പ്രാപ്യതേ സ്ഥാനം തദ്യോഗൈരപി ഗമ്യതേ**
   **ഏകം സാംഖ്യം ച യോഗം ച യഃ പശ്യതി സ പശ്യതി.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, കർമത്തെ ത്യജിക്കുന്നതും കർമയോഗം അനുഷ്ഠിക്കുന്നതും രണ്ടും മനുഷ്യന് കല്യാണകാരകമാകുന്നു. എന്നാൽ ഈ രണ്ടിലുംവെച്ച്, കർമത്തെ ത്യജിക്കുന്നതിനെ അപേക്ഷിച്ച് കർമം ചെയ്യുന്നതുതന്നെയാണ് ശ്രേഷ്ഠമായിട്ടുള്ളത്. (2)*

*അല്ലയോ മഹാബലശാലിയായ അർജുനാ, ആരെയും ദ്വേഷിക്കാതെ, ഒന്നും ആഗ്രഹിക്കാതെ ഇരിക്കുന്നവൻ നിത്യസംന്യാസിയാകുന്നുവെന്ന് അറിയുന്നത് നന്ന്. കാരണം ദ്വന്ദ്വങ്ങളെ അകറ്റുന്നവൻ കർമബന്ധത്തിൽനിന്ന് സുഖത്തോടെ മുക്തനായിത്തീരുന്നു. (3)*

*വിഡ്ഢികൾ ജ്ഞാനയോഗത്തെയും കർമയോഗത്തെയും വെവ്വേറെയായി പറയുന്നു. എന്നാൽ വിദ്വാന്മാരാകട്ടെ അങ്ങനെ പറയില്ല. കാരണം ഇതിൽ ഏതെങ്കിലും ഒന്നിൽ സ്ഥിരമായി പ്രവർത്തിച്ചാൽ ഫലം ലഭിക്കുമെന്ന് ഉറപ്പാണ്. (4)*

*ജ്ഞാനമാർഗത്താൽ നേടുന്ന അതേ ഫലം കർമയോഗത്താലും നേടാൻ കഴിയും. കർമത്യാഗമയമായ ജ്ഞാനയോഗവും നിഷ്കാമകർമയോഗവും ഒന്നാണെന്ന് കാണുന്നവൻ യാഥാർഥ്യത്തെ അറിയുന്നു. (5)*

ഭാഷ്യം: ഈ ശ്ലോകങ്ങളിലെ 'സംന്യാസം' എന്ന വാക്കിന് ത്യജിക്കുക എന്നാണ് അർഥം. കർമത്തിനെ ത്യജിക്കുന്നതിന് ഗീത നൽകുന്ന വ്യാഖ്യാനമാണ് സംന്യാസം. ജ്ഞാനയോഗമെന്നും ഇതിനെ വിളിക്കുന്നു. മറ്റൊന്ന് 'ഇത് എന്റേതല്ല' (ഇദം ന മമ) എന്ന ഭാവത്തോടെ, നിഷ്കാമമായി ചെയ്യുന്ന കർമങ്ങളാണ്. ഇവയെ ഗീത കർമയോഗമെന്നാണ് വിളിക്കുന്നത്. ഇവ രണ്ടും തമ്മിൽ ഒരു വ്യത്യാസവും ഇല്ലെന്ന് ഭഗവാൻ ഇവിടെ നിസ്സന്ദേഹം പ്രഖ്യാപിക്കുന്നുമുണ്ട്.

ആഗ്രഹമില്ലാത്തപക്ഷം കണ്ണുകൾ ഇമവെട്ടാൻവരെ കഴിയില്ലെന്ന് യജുർവേദത്തിൽ പ്രഖ്യാപിക്കുന്നുണ്ട്. ഭൂരിപക്ഷം ആളുകളും കർമകുശലതയോടെ ജീവിക്കുന്നവരാണ്. അവർ ജീവിതയാത്രയിൽ സ്വസ്ഥ

മായി മുന്നോട്ടു പോകുവാൻ ആഗ്രഹിക്കുന്നു. ഇവിടെ ചിലർ പറയാറുണ്ട്, "എല്ലാം സംന്യസിക്കണം, ഒന്നും ആവശ്യമില്ല. ഈ ജഗത്തേ മിഥ്യയാണ്. ഇവിടെ ഒന്നും ചെയ്യേണ്ടതില്ല. അതിനാൽ സർവം ത്യജിച്ച് സംന്യസിക്കുകയാണ് വേണ്ടത്" എന്നിങ്ങനെ. ഇത്തരം വാദക്കാരുടെ കൂമ്പൊടിക്കുകയാണ് ഭഗവാൻ ഈ നാല് ശ്ലോകങ്ങളിൽ ചെയ്യുന്ന തെന്നു കാണാൻ പ്രയാസമില്ല.

കർമത്തെ യാതൊരു കാരണവശാലും ഒഴിവാക്കാനാകില്ലെന്നതാണ് യാഥാർഥ്യം. ഇക്കാര്യം നേരത്തെയും ഭഗവാൻ ചൂണ്ടിക്കാട്ടിയതാണ്. എങ്കിലും ത്രികാലജ്ഞാനിയായ ആ മുക്താത്മാവിന്, ഇന്നത്തെ കാലത്ത് കർമത്തെ അലസതയിലേക്ക് നയിക്കുന്ന വാദങ്ങൾക്ക് തന്റെ ശ്ലോകങ്ങളെ കൂട്ടുപിടിക്കുമെന്ന് അറിയാവുന്നതുകൊണ്ടായിരിക്കണം അക്കൂട്ടർക്ക് സുവ്യക്തമായ മറുപടി ഇവിടെ ഭഗവാൻതന്നെ നൽകുന്നത്. ജ്ഞാനയോഗം ആ വ്യക്തിയെ മാത്രമേ സന്തുഷ്ടനാക്കുന്നുള്ളൂ. കർമയോഗമാകട്ടെ മറ്റുള്ളവർക്കുകൂടി ശ്രേയസ്കരമാകുന്നതാണ്. അതുകൊണ്ടുകൂടിയാണ് **'കർമയോഗോ വിശിഷ്യതേ'** (ഗീത 5.2), കർമയോഗം വിശേഷമാണെന്ന് ഭഗവാൻ പറയാൻ കാരണം. എന്നാൽ ഇന്ന് വേദശാസ്ത്രാദികൾ പഠിക്കാതെ, പേരിലും വേഷത്തിലും മാത്രമായി ധാരാളം സംന്യാസികൾ ഉണ്ട്. ഇത് ശരിയായ രീതിയല്ല എന്നാണ് ഭഗവാൻ പറയുന്നത്. യഥാർഥ സംന്യാസിയുടെ ലക്ഷണങ്ങൾ മൂന്നാം ശ്ലോകത്തിൽ നമുക്ക് കാണാം.

1. **യഃ ന ദ്വേഷ്ടി** = ആരോടും പകയോ വെറുപ്പോ ഇല്ലാത്ത അവസ്ഥ.

2. **യഃ ന കാംക്ഷതി** = ഒന്നിനോടും ആഗ്രഹമില്ലാത്ത സ്ഥിതി. ഏതെങ്കിലും ഭോഗം ലഭിക്കാനുള്ള വാസന ഇല്ലാതായിത്തീരുന്നതും സംന്യാസത്തിന്റെ ലക്ഷണമാണ്.

3. **യഃ നിർദ്വന്ദ്വഃ** = സുഖദുഃഖം, ലാഭനഷ്ടങ്ങൾ, രാഗദ്വേഷം, ശത്രുമിത്രങ്ങൾ, ഉച്ചനീചത്വങ്ങൾ തുടങ്ങിയ എല്ലാ ദ്വന്ദ്വഭാവങ്ങളും ഇല്ലാതായവനാണ് സംന്യാസി. സുഖമാകട്ടെ, ദുഃഖമാകട്ടെ രണ്ടിലും ആ മനസ്സ് സമമായിരിക്കുന്നു.

4. **യഃ നിത്യസംന്യാസി** = ഇതാണ് സംന്യാസിയുടെ ലക്ഷണം. സദാ ഈ ലക്ഷണങ്ങൾ ഉള്ളവനായിരിക്കണംതാനും. അല്ലാതെ കുറച്ച് നേരത്തേക്ക് ഭോഗിയും പിന്നെ കുറച്ച് നേരം യോഗിയുമല്ല.

ഇതിൽ ഭഗവാൻ ആരാണ് സംന്യാസിയല്ലാത്തതെന്നും അർഥാപത്തിന്യായേന പറഞ്ഞു കഴിഞ്ഞു. ദ്വേഷിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവൻ, ശത്രുത വെച്ചുപുലർത്തുന്നവൻ, വാസനകളാൽ സുഖത്തിന് പിന്നാലെ പോകുന്നവൻ, സുഖദുഃഖാദി ദ്വന്ദ്വങ്ങളെ അറിഞ്ഞ് സുഖിക്കുകയും ദുഃഖിക്കുകയും ചെയ്യുന്നവൻ, അൽപസമയം ഭോഗിക്കുകയും അൽപസമയം യോഗിയായും അഭിനയിക്കുന്നവൻ- ഇവരൊന്നും നിത്യസംന്യാസികളല്ലെന്ന് അർഥം.

6. **സംന്ന്യാസസ്തു മഹാബാഹോ ദുഃഖമാപ്തുമയോഗതഃ**
**യോഗയുക്തോ മുനിർബ്രഹ്മ നചിരേണാധിഗച്ഛതി.**

*അർഥം: ഹേ മഹാബാഹോ! കർമയോഗമില്ലെങ്കിൽ സംന്യാസം ദുഃഖപൂരിതമായിരിക്കും. എന്നാൽ കർമയോഗം ചെയ്യുന്ന മുനിക്ക് അതിവേഗം പ്രാപ്തി ഉണ്ടാവുകയും ചെയ്യും.*

ഭാഷ്യം: ഈ ശ്ലോകം ഋഗ്വേദത്തിലെ അസാധാരണമായ ഒരു മന്ത്രത്തിന്റെ അർഥത്തെ അനാവരണം ചെയ്യുന്നതാണ്. മന്ത്രവും അർഥവും ഇവിടെ കുറിക്കാം.

**തന്തും തന്വൻ രജസോ ഭാനുമന്വിഹി**
**ജ്യോതിഷ്മതഃ പഥോ രക്ഷ ധിയാ കൃതാൻ**
**അനുല്ബണം വയത ജോഗുവാമപോ**
**മനുർഭവ ജനയാ ദൈവ്യം ജനമ്.** (ഋഗ്വേദം 10.53.6)

അർഥം: ഈശ്വരന്റെ ഉപദേശം കേൾക്കുന്ന ദേവതകൾ പരസ്പരം സന്ദേശം കൈമാറിക്കൊണ്ട് പറയുകയാണ്. **തന്തും തന്വന്** = കർമതന്തുക്കളെ വിസ്തരിച്ചുകൊണ്ട് നീ, **രജസഃ** = ഹൃദയാന്തരീക്ഷത്തിൽ **ഭാനും** = പ്രകാശിക്കുന്ന ആ ജഗദീശ്വരന്റെ **അനു ഇഹി** = പ്രേരണ

യാൽ കർമം ചെയ്താലും. പൃഥിവി, അപ്, തേജസ്സ്, വായു, ആകാശം എന്നീ ഭൂതങ്ങളെ നേരാംവണ്ണം ഉപയോഗിച്ച്, അഞ്ച് കർമേന്ദ്രിയങ്ങളെയും ജ്ഞാനേന്ദ്രിയങ്ങളെയും ശക്തിക്രമമനുസരിച്ച് മനസ്സിലാക്കി ഉപയോഗിച്ചും പഞ്ചപ്രാണനുകളെ തന്റെ വരുതിക്കുള്ളിൽ വികസിപ്പിച്ചും, ഹൃദയം, മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം എന്നിവ ഉൾപ്പെടുന്ന അന്തഃകരണപഞ്ചകത്തെ വികസിപ്പിച്ച് കരത്തിലാക്കിയും സ്വയം വികസിക്കുക. ഈശ്വരൻ ഇതിനെല്ലാം ഉള്ള പ്രേരണ ഹൃദയസ്ഥനായി ഇരുന്ന് സദാ നൽകുന്നുണ്ട്. ആ പ്രേരണയ്ക്കനുസരിച്ച് നീ നീങ്ങിയാൽ മാത്രം മതി. ഇത്തരത്തിൽ ഈശ്വരന്റെ പ്രേരണ കേട്ട് **ജ്യോതിഷ്മതഃ പഥഃ രക്ഷ** = ജ്യോതിസ്സാർന്ന വഴിയിലൂടെ ദേവമാർഗത്തിലേക്ക് നിന്നെ രക്ഷിക്കുക. കാരണം ഈ മാർഗത്തിൽ ചലിക്കുന്നവന് കഷ്ടമൊരിക്കലും ഉണ്ടാവില്ല. ഈ പ്രകാശമയമായ മാർഗം **ധിയാകൃതാന്** = ബുദ്ധിപൂർവമായ കർമങ്ങളാൽ മാത്രമേ സമ്പാദിക്കാനാകൂ. ഈ മാർഗങ്ങളിൽ കർമ-ജ്ഞാനങ്ങളുടെ സമന്വയമാണ്. **ജോഗുവാം അപഃ** = സ്തോതാക്കളുടെ കർമങ്ങൾ **അനുല്ബണമ്** = അതിയായി ഒരിക്കലും **വയത** = ചെയ്യരുത്. ഈശ്വരഭക്തൻ അഥവാ സ്തോതാവ് അതിയായി യാതൊന്നും ചെയ്യരുത്. ആഹാര-വിഹാരത്തിലായാലും കർമങ്ങളിലായാലും നിദ്രയിലായാലും സദാ സന്തുലിതാവസ്ഥ പ്രാപിക്കണം. 'അതി സർവത്ര വർജയേത്' എന്ന പ്രമാണം സ്വീകരിക്കണം. മധ്യമാർഗത്തിലാണ് ഈശ്വരസാധകൻ ചലിക്കേണ്ടത്. ഒരു പക്ഷത്തേക്ക് മാത്രമായി പദ്ധതികൾ അവലംബിക്കരുത്. **മനുഃ ഭവ** = നീ സദാ വിചാരശീലനായിത്തീരൂ. ചിന്തിക്കാതെയുള്ള പ്രവൃത്തികളിൽ ഏർപ്പെട്ട് കർമബന്ധനത്തിൽപ്പെടാതിരിക്കൂ. അങ്ങനെ ബന്ധനങ്ങളിൽ അകപ്പെടാതെ കർമയോഗമനുഷ്ഠിക്കുന്ന, **ദൈവ്യം ജനമ്** = ദിവ്യതയ്ക്ക് അനുകൂലമായി യാത്ര ചെയ്യുന്നവൻ **ജനയ** = ആയിത്തീർന്നാലും.

ഇതാണ് കർമ-സംന്യാസയോഗങ്ങളുടെ യഥാർഥ തത്ത്വം. ഋഗ്വേദം പഠിക്കാത്തവർക്ക് ഗീതയിലെ ഈ കാഴ്ചപ്പാട് നേരാംവണ്ണം ഉൾക്കൊള്ളാനാവില്ല. ഇതുകൊണ്ടാണ് കർമയോഗം ആചരിക്കുന്നവർ വളരെ വേഗം ബ്രഹ്മപദം പുൽകുമെന്ന് പറയുന്നതും.

7. **യോഗയുക്തോ വിശുദ്ധാത്മാ വിജിതാത്മാ ജിതേന്ദ്രിയഃ**
**സർവഭൂതാത്മഭൂതാത്മാ കുർവന്നപി ന ലിപ്യതേ.**

*അർഥം: കർമയോഗയുക്തനായ, നിർമല അന്തഃകരണത്തോടുകൂടിയ തന്റെ, ദേവരൂപത്തിൽ കുടികൊള്ളുന്ന ആത്മാവിനെ വശത്താക്കി, വാഗ്ദണ്ഡം, മനോദണ്ഡം, കായദണ്ഡം എന്നീ മൂന്ന് ദണ്ഡങ്ങളിലൂടെ തന്റെ ഇന്ദ്രിയങ്ങളെ ജയിച്ച് സർവഭൂതങ്ങളിലും കുടികൊള്ളുന്ന ആത്മാവ് തന്റെ ഉള്ളിൽ കുടികൊള്ളുന്ന ആത്മാവിനു സമാനമാണെന്നറിയുന്ന കർമയോഗി കർമം ചെയ്താലും അത് അവനിൽ സ്പർശിക്കുന്നേയില്ല.*

ഭാഷ്യം: ഈ ശ്ലോകത്തില 'വിശുദ്ധാത്മാ', 'വിജിതാത്മാ', 'ജിതേന്ദ്രിയഃ' പദങ്ങളെയെല്ലാം ഋഗ്വേദമന്ത്രത്തിൽ വിശദീകരിച്ചതാണ്. മാത്രമല്ല യജുർവേദത്തിലെ '**ന കർമ ലിപ്യതേ നരേ**' (40.2) എന്ന കാഴ്ചപ്പാട് അതേപടി സ്വീകരിച്ചിരിക്കുകയാണെന്നുകൂടി കാണാം.

വൈദികദർശനത്തിൽ കർമ-ജ്ഞാനയോഗങ്ങളുടെ സമന്വയമാണ് ഉള്ളത്. അത് അറിയാതെ ജഗത്തില്ലാത്തതാണെന്നും കർമമേ വേണ്ട ന്നുമൊക്കെ ചിന്തിച്ചുകൂട്ടി വേദവിരുദ്ധരും വേദാന്തവിരുദ്ധരുമായിത്തീർന്ന അനേകം അൽപജ്ഞരുണ്ട്. യഥാർഥ വഴി എന്താണെന്നറിയുവാൻ ജ്ഞാനം നേടുകയേ വഴിയുള്ളൂ. ആ ജ്ഞാനമാകട്ടെ കർമത്തിലൂടെ മാത്രമേ നേടാനുമാകൂ.

8. **നൈവ കിഞ്ചിത് കരോമീതി യുക്തോ മന്യേത തത്ത്വവിത്**
**പശ്യൻ ശൃണ്വൻ സ്പൃശൻ ജിഘ്രൻ അശ്നൻ ഗച്ഛൻ സ്വപൻ ശ്വസൻ.**

9. **പ്രലപന്വിസൃജൻ ഗൃഹ്ണന്നുന്മിഷൻ നിമിഷന്നപി**
**ഇന്ദ്രിയാണീന്ദ്രിയാർഥേഷു വർതന്ത ഇതി ധാരയൻ.**

*അർഥം: ഇങ്ങനെ യോഗയുക്തനായ കർമയോഗിക്ക് കാണുമ്പോഴും കേൾക്കുമ്പോഴും സ്പർശിക്കുമ്പോഴും ഗന്ധം*

*അനുഭവിക്കുമ്പോഴും ആഹരിക്കുമ്പോഴും നടക്കുമ്പോഴും ഉറങ്ങുമ്പോഴും പ്രാണൻ ശ്വസിക്കുമ്പോഴും വാക്കുകൾ പറയുമ്പോഴും വിസർജിക്കുമ്പോഴും കൈകൾകൊണ്ട് പദാർഥങ്ങൾ എടുക്കുമ്പോഴും പ്രാണചലനങ്ങൾ അനുഭവിക്കുമ്പോഴുമെല്ലാം കേവലം ഇന്ദ്രിയങ്ങൾ താന്താങ്ങളുടെ വിഷയങ്ങളിൽ പ്രവർത്തിക്കുകയാണെന്നും, അല്ലാതെ താനൊന്നും ചെയ്യുന്നില്ല എന്നുമുള്ള അനുഭവം ഉണ്ടാകുന്നു. (8, 9)*

ഭാഷ്യം: ഇവിടെ '**തത്ത്വവിത്**' ആരാണെന്ന ചോദ്യത്തിന് ഉത്തരമാണ് നൽകുന്നത്. തത്ത്വങ്ങളുടെ ഗുണകർമസ്വഭാവമറിയുന്നവനാണ് 'തത്ത്വവിത്' അഥവാ തത്ത്വജ്ഞാനി. തത്ത്വങ്ങൾ ആകെ 25 ആണെന്ന് സാംഖ്യദർശനത്തിൽ കപിലമുനി പറഞ്ഞിട്ടുണ്ടെന്ന് നേരത്തേ എഴുതിയതാണ് "സത്ത്വരജസ്തമോഗുണങ്ങളുടെ സാമ്യാവസ്ഥയാണ് പ്രകൃതി. പ്രകൃതിയിൽനിന്ന് മഹത്തത്ത്വം ഉണ്ടാകുന്നു. അതിൽനിന്ന് അഹംകാരവും, അഹംകാരത്തിൽനിന്ന് പഞ്ചതന്മാത്രകളും, അഞ്ച് കർമേന്ദ്രിയങ്ങളും, അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും മനസ്സും ഉണ്ടാകുന്നു. പഞ്ചതന്മാത്രകളിൽനിന്ന് അഞ്ച് സ്ഥൂലഭൂതങ്ങളും ഉണ്ടാകുന്നു. ഇവയും ചേതനസത്തയായ പുരുഷനും ചേർത്ത് ആകെ 25 തത്ത്വങ്ങൾ" (സാംഖ്യദർശനം 1.26)

ഇവിടെ സൂചിപ്പിക്കുന്ന 'അഹംകാര'ത്തിൽ നിന്നാണ് ഞാനെന്നും എന്റേതെന്നുമുള്ള ചിന്ത ഉണ്ടാകുന്നത്. ഇതുകാരണമാണ് ദ്വന്ദ്വഭാവവും ഉണ്ടാകുന്നത്. അതേപോലെ ഇവിടെ പ്രതിപാദിക്കുന്ന അഞ്ച് വീതം ജ്ഞാന-കർമേന്ദ്രിയങ്ങളും അഞ്ച് തന്മാത്രകളും അഹംകാരത്തിൽ നിന്നുതന്നെ ഉണ്ടാകുന്നു. മനസ്സും അഹങ്കാരത്തിൽനിന്നുതന്നെ ഉണ്ടാകുന്നു. ഓരോ ഇന്ദ്രിയങ്ങളുടെയും ഗുണകർമസ്വഭാവങ്ങൾ വ്യത്യസ്തവുമാണ്. ഇങ്ങനെ ഇഹകാര്യങ്ങളെക്കുറിച്ചെല്ലാം നന്നായി മനനം ചെയ്ത് അറിയുന്നവനാണ് 'തത്ത്വവിത്.' എന്നാൽ ഇയാൾക്ക് അനുഭവജ്ഞാനമില്ല. അതിന് യോഗാഭ്യാസം ചെയ്യണം. അതുകൂടി ചേരു

മ്പോൾ, ഓരോ തത്ത്വങ്ങളും ഗുണകർമസ്വഭാവമനുസരിച്ച് സ്വയം പ്രവർത്തിക്കുകയാണെന്നും അതെല്ലാം താൻ ചെയ്യുന്നുവെന്ന കർത്തൃത്വ അഭിമാനത്തിന് പ്രസക്തിയില്ലെന്നും മനസ്സിലാകും.

**10. ബ്രഹ്മണ്യാധായ കർമാണി സങ്ഗം ത്യക്ത്വാ കരോതി യഃ**
**ലിപ്യതേ ന സ പാപേന പദ്മപത്രമിവാംഭസാ.**

*അർഥം: കർമങ്ങളെ പരമാത്മാവിന് സമർപ്പിച്ചുകൊണ്ട് ബന്ധനം കൊണ്ട് ഉണ്ടാകുന്ന ദോഷത്തെ ത്യജിച്ച് ചെയ്യുന്നവന്റെ കർമം, താമരയിലയെ വെള്ളം നനയ്ക്കാത്തതുപോലെ, പാപം അശേഷേണ സ്പർശിക്കാത്തതായിരിക്കും.*

ഭാഷ്യം: താൻ ബ്രഹ്മത്തിന്റെ ആജ്ഞ അനുസരിച്ച്, അദ്ദേഹം നിമിത്തമായി മാത്രം കർമം ചെയ്യുകയാണെന്നും ഇതിൽ എന്റേതായി ഒന്നുമില്ലെന്നും കരുതി എല്ലാതരത്തിലും ബ്രഹ്മാർപ്പണമായി കർമം ചെയ്താൽ പാപക്കറ നമ്മിൽ ഉണ്ടാവുകയില്ലെന്നാണ് ഈ ശ്ലോകത്തിൽ പറയുന്നത്. നമ്മുടെ കർമങ്ങൾ ശരീരം, മനസ്സ്, ബുദ്ധി എന്നിവയുടെ സഹായത്താലാണല്ലോ ചെയ്യുന്നത്. അപ്പോൾപിന്നെ നാം അതിന്റെ കർത്താവല്ലെന്നു പറഞ്ഞാൽ എന്താണതിന് അർഥം? ഈ പ്രശ്നത്തിനുള്ള ഉത്തരമാണ് അടുത്ത ശ്ലോകത്തിൽ.

**11. കായേന മനസാ ബുദ്ധ്യാ കേവലൈരിന്ദ്രിയൈരപി**
**യോഗിനഃ കർമ കുർവന്തി സങ്ഗം ത്യക്ത്വാത്മശുദ്ധയേ.**

*അർഥം: കേവലം ശരീരംകൊണ്ടും മനസ്സുകൊണ്ടും ബുദ്ധികൊണ്ടും ഇന്ദ്രിയങ്ങൾകൊണ്ടും യോഗികൾ സംഗം വെടിഞ്ഞ് ആത്മശുദ്ധിക്കായി കർമങ്ങൾ അനുഷ്ഠിക്കുന്നു.*

ഭാഷ്യം: യോഗികൾ ഈ ശരീരംകൊണ്ട് ഭക്ഷണം കഴിക്കുക, മനസ്സുകൊണ്ട് തർകവിതർക്കങ്ങളിൽ ഏർപ്പെടുക, ബുദ്ധികൊണ്ട് കർത്തവ്യാകർത്തവ്യവിവേചനം ചെയ്യുക, ഇന്ദ്രിയങ്ങളുടെ സഹായത്താൽ

പുസ്തകങ്ങൾ, ദർശനങ്ങൾ, ശാസ്ത്രശ്രവണം, ആരോഗ്യപൂർണമായ ശീതാദികളുടെ സ്പർശം, സ്വാസ്ഥ്യകാരകങ്ങളായ മധുരം തുടങ്ങിയ രസജ്ഞാനം, സ്ഫൂർത്തിയെ തരുന്ന ഹവിസ്സുകളുടെ ധൂമസ്വീകരണം, കാൽ, കൈ തുടങ്ങിയവയുടെ സഹായത്തോടെ ഗുരുസേവ തുടങ്ങിയ അനേകം കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. ഇതെല്ലാം ആത്മശുദ്ധിക്കു വേണ്ടിയാണ് ചെയ്യുന്നത്.

ഇവിടെയും പ്രസക്തമായ ഒരു ചോദ്യം ഉയർന്നുവരും. ആത്മശുദ്ധിക്കുവേണ്ടിയാണ് ഇത് ചെയ്യുന്നതെന്നു പറഞ്ഞു. അതും ഒരു കാമനയാണ്. അപ്പോൾപിന്നെ സകാമകർമം, നിഷ്കാമകർമമെന്നും മറ്റുമുള്ള ഭേദം പറഞ്ഞുവല്ലൊ. ഇതിനൊക്കെ എന്തു പ്രസക്തി? ഇതിനുള്ള ഉത്തരം പറയുകയാണ് അടുത്ത ശ്ലോകത്തിൽ ഭഗവാൻ.

12. **യുക്തഃ കർമഫലം ത്യക്ത്വാ ശാന്തിമാപ്നോതി നൈഷ്ഠികീമ്**
**അയുക്തഃ കാമകാരേണ ഫലേ സക്തോ നിബധ്യതേ.**

*അർഥം: യോഗികൾ കർമഫലത്തെ വെടിഞ്ഞ് ബ്രഹ്മനിഷ്ഠരായി മുക്തി കൈവരിക്കുന്നു. എന്നാൽ യോഗികളല്ലാത്ത അഥവാ നിഷ്കാമകർമം ചെയ്യാത്തവർ ഫലഭോഗത്തിൽ ആഗ്രഹംവെയ്ക്കുകമൂലം ആസക്തി കാരണം അവർ കർമബന്ധനത്തിൽ അകപ്പെടുന്നു.*

ഭാഷ്യം: കർമയോഗി ഫലം ലഭിക്കുമ്പോൾ അതിൽ ആനന്ദിച്ച് രമിച്ചിരിക്കാത്തതിനാൽ അവൻ സ്ഥിരശാന്തിയെ നേടുന്നു. മുക്തി കൈവരിക്കുന്നതിനുവേണ്ടിയാണ് യോഗി കർമം ചെയ്യുന്നത്. അതിനാൽ ആ സാധകന് ബന്ധനം ഉണ്ടാവുകയുമില്ല. എന്നാൽ കാമ്യകർമത്തിൽ ഏർപ്പെടുന്നവർ, അതായത് സ്ത്രീ, പുരുഷൻ, ധനം തുടങ്ങിയവ ആഗ്രഹിച്ചുകൊണ്ട് ചെയ്യുന്ന കർമങ്ങൾ ബന്ധനഹേതുതന്നെയാണ്. സാധാരണക്കാരും യോഗികളും തമ്മിൽ ഇനിയും വ്യത്യാസമുണ്ട്. അടുത്ത ശ്ലോകം കാണുക:

13. **സർവകർമാണി മനസാ സന്ന്യസ്യാസ്തേ സുഖം വശീ**
**നവദ്വാരേ പുരേ ദേഹീ നൈവ കുർവൻ ന കാരയൻ.**

*അർഥം: ആരുടെ അന്തഃകരണമാണോ വശമായിരിക്കുന്നത്, അങ്ങനെയുള്ള ജീവാത്മാവ് കർമങ്ങളൊന്നും ചെയ്യുകയോ ചെയ്യിക്കുകയോ ചെയ്യുന്നില്ല. ഒൻപതു ദ്വാരങ്ങളുള്ള ഈ ശരീരത്തിൽ എല്ലാ കർമങ്ങളെയും മനസ്സുകൊണ്ട് ത്യജിച്ച് സുഖവും സ്ഥിരവുമായി കഴിയുന്നു. ഇത് സമാധി പ്രാപ്തരായ യോഗികളുടെ സ്ഥിതിയാണ്.*

ഭാഷ്യം: ഈ ശരീരമാകുന്ന പട്ടണത്തിന് ഒൻപതു കോട്ടവാതിലുകളുണ്ട്. രണ്ട് കണ്ണുകൾ, രണ്ടു കാതുകൾ, മൂക്കിന്റെ രണ്ട് ദ്വാരങ്ങൾ, വായ്, മൂത്രനാളം, മലദ്വാരം എന്നിങ്ങനെയാണവ. അതിനാൽ 'ദ്വാരവതി' എന്ന് ശരീരത്തിന് പേരുണ്ട്. ഭഗവത്കൃപയാൽ നിർമിതമായതിനാൽ അതിനൊരു ദിവ്യമായ ഉദ്ദേശ്യവും ഉണ്ടായിരിക്കും. അതിനാൽ പരമാത്മാവാണ് ഈ ശരീരത്തിന്റെ ഉടയോൻ. ജീവാത്മാവായ ഞാൻ 'അതിഥി' യെപ്പോലെ ഇവിടെ കഴിയുകയാണ്. ഗീതാവാക്യംതന്നെ എടുത്തു പറഞ്ഞാൽ **'നൈവ കുർവൻ, ന കാരയൻ'** (ഗീത 5.13) "ഞാൻ സ്വയം ഒന്നും ചെയ്യുന്നുമില്ല, ഒന്നും ചെയ്യിക്കുന്നുമില്ല" എന്ന അവസ്ഥയിലാണ് ജീവാത്മാവ്.

ഇങ്ങനെയുള്ള യോഗി കഠോപനിഷത്ത് പറഞ്ഞപോലെ തന്റെ മനസ്സിനെ സമ്പൂർണമായി വശത്താക്കിയിരിക്കുന്നു.

**യസ്തു വിജ്ഞാനവാൻ ഭവതി**
**സമനസ്കഃ സദാ ശുചി**
**സ തു തത്പദമാപ്നോതി.** (കഠോപനിഷത്ത് 3.8)

അർഥം: എന്നാൽ ആര് വിജ്ഞാനമുള്ളവനായിരിക്കുന്നുവോ, സദാ മനസ്സിനെ വരുതിയിലാക്കിയവൻ ആകുന്നുവോ, നിസ്സംശയം പറയാം, അവൻ ആ പദത്തെ നേടുന്നു.

അഥർവവേദത്തിൽ മാനവശരീരത്തെ വർണിച്ചിരിക്കുന്ന അതേ പദാവലികളാണ് ഗീതയിലെ ഈ ശ്ലോകത്തിലും വേദവ്യാസൻ ഉപയോഗിച്ചിരിക്കുന്നത്.

**'പുണ്ഡരീയം നവദ്വാരമ്'** (അഥർവവേദം 10.8.43)

പുണ്യകർമങ്ങൾ ചെയ്യുന്ന ഒൻപതു ദ്വാരങ്ങളോടുകൂടിയ ഈ ശരീരത്തിൽ ജീവാത്മാവും പരമാത്മാവും രണ്ടും നിവസിക്കുന്നു. പരമാത്മാവ് ജീവാത്മാവിന് കർമം നൽകുന്നു. അവനെ കർമത്തിന്റെ കർത്താവാക്കുന്നു. അപ്പോൾപിന്നെ മുൻപറഞ്ഞപോലെ ഈ ദേഹത്തിൽ നിൽക്കുമ്പോഴും സ്വതന്ത്രനാണ് ജീവനെന്ന് എങ്ങനെ പറയാൻ കഴിയും? ഈ ചോദ്യത്തിനുള്ള ഉത്തരമാണ് അടുത്ത ശ്ലോകം.

**14. ന കർതൃത്വം ന കർമാണി ലോകസ്യ സൃജതി പ്രഭുഃ**
**ന കർമഫലസംയോഗം സ്വഭാവസ്തു പ്രവർതതേ.**

*അർഥം: ഈ ജീവലോകത്തിൽ കർമങ്ങളെ പരമാത്മാവല്ല രചിച്ചത്, അതിന്റെ കർത്താവായ ജീവാത്മാവിനെയും രചിച്ചത് പരമാത്മാവല്ല. കർമത്തിൽനിന്നുണ്ടാകുന്ന ഫലങ്ങളെ ജീവാത്മാവുമായി ചേർത്തുവെച്ചതും ഭഗവാനല്ല. പൂർവകൃത പ്രാരബ്ധകർമങ്ങളാലാണ് ജീവാത്മാവ് സാധുവും അസാധുവുമൊക്കെ ആയിത്തീരുന്നത്. സ്വഭാവമാണ് ഇതെല്ലാം ചെയ്യിക്കുന്നത്.*

ഭാഷ്യം: ഈ സ്വഭാവത്തെ ചിത്തവൃത്തിനിരോധംകൊണ്ട് തടഞ്ഞുനിറുത്താൻ കഴിയുമെന്ന് യോഗദർശനത്തിൽ പതഞ്ജലി പറയുന്നുണ്ട്. അങ്ങനെ ശരീരത്തിൽ നിന്നുകൊണ്ടുതന്നെ ജീവാത്മാവിന് നിഷ്കാമ കർമം ചെയ്യാൻ കഴിയും.

അപ്പോഴും ഒരു ചോദ്യം ഉയർന്നുവന്നേക്കും. ഭഗവാൻ തന്റെ ഭക്തരെ നിഷ്പാപികളാക്കുന്നുണ്ട്. അതായത് പാപികളായവരെ പുണ്യാത്മാക്കളാക്കുന്നുണ്ട്. അപ്പോൾപിന്നെ പരമാത്മാവ് ഹർത്താവും കർത്താവുമൊന്നുമല്ലെന്ന വാദത്തിന്റെ അർഥമെന്താണെന്ന ചോദ്യം വരും. അതിന് ഉത്തരമാണ് അടുത്ത ശ്ലോകം.

**15. നാദത്തേ കസ്യചിത് പാപം ന ചൈവ സുകൃതം വിഭുഃ**
**അജ്ഞാനേനാവൃതം ജ്ഞാനം തേന മുഹ്യന്തി ജന്തവഃ.**

*അർഥം: സർവവ്യാപിയായ പരമേശ്വരൻ ആർക്കും പാപത്തെയോ പുണ്യത്തെയോ നൽകുന്നില്ല. അതിൽനിന്നും സ്വീകരിക്കുന്നുമില്ല. അജ്ഞാനത്താൽ ജ്ഞാനം മൂടപ്പെട്ടിരിക്കുന്നു. അതിനാൽ ജീവികൾ മോഹിതരായിത്തീരുന്നു.*

ഭാഷ്യം: "പരമേശ്വരൻ എനിക്ക് എന്തെല്ലാം ദുഃഖങ്ങളാണ് തരുന്നതെന്ന് നോക്കൂ, ഞാൻ അനുഭവിക്കുന്ന വിഷമങ്ങളെല്ലാം ദൈവം തന്നതാണ് എന്നിങ്ങനെ പലരും പറയാറുണ്ട്. എന്നാൽ ഇത്തരത്തിലുള്ള എല്ലാ ദുഃഖവിചാരങ്ങളും വ്യർഥമാണ്. നമ്മുടെ ശരീരവൃത്തികൾ ഉൾപ്പെടെ ഒന്നും വാസ്തവത്തിൽ നമ്മുടെ കൈപ്പിടിയിലല്ല. എന്നിട്ടും അതെല്ലാം താനാണ് ചെയ്യുന്നതെന്നു കരുതുന്ന ഇത്തരക്കാർ താൻ അനുഭവിക്കുന്ന ദുഃഖത്തിനു കാരണം ദൈവമാണെന്ന് ആരോപിക്കുകയും ചെയ്യുന്നു. ചിലരാകട്ടെ കേവലം പ്രാർഥിച്ചതുകൊണ്ടുമാത്രം താൻ ചെയ്ത പാപങ്ങൾ ദൈവം നീക്കിക്കൊള്ളുമെന്നു വിചാരിക്കുന്നു. ഇവിടെ ശ്രീകൃഷ്ണൻ കർമഫലത്തിന്റെ പ്രാധാന്യത്തെ ചൂണ്ടിക്കാട്ടുകയാണ് ചെയ്യുന്നത്. ഋഗ്വേദത്തിൽ പരമാത്മാവിനെ '**അര്യമാ**' (ഋഗ്വേദം 1.90.1) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അതായത് 'ന്യായകാരി' എന്നർഥം. സർവവ്യാപകനായ ഭഗവാൻ ഒരിക്കലും പാപപുണ്യങ്ങളിൽപെടുന്നില്ല. മറിച്ച് നാം ചെയ്യുന്ന കർമഫലത്തെ ന്യായകാരിയായി നിന്നുകൊണ്ട് നമുക്ക് നൽകുന്നുവെന്നേയുള്ളൂ. യജുർവേദത്തിൽ പരമാത്മാവിനെ '**അപാപവിദ്ധമ്**' (യജുർവേദം 40.8)- പാപം സ്പർശിക്കാത്തവൻ എന്ന് വർണിച്ചിരിക്കുന്നു. അതിനാൽ സർവവ്യാപിയായ ഈശ്വരൻ ന്യായകാരിയും ശുദ്ധനുമാണെന്ന് ഭഗവാൻ ഒരിക്കൽകൂടി ഓർമിപ്പിക്കുകയാണിവിടെ.

**16. ജ്ഞാനേന തു തദജ്ഞാനം യേഷാം നാശിതമാത്മനഃ**
**തേഷാമാദിത്യവത് ജ്ഞാനം പ്രകാശയതി തത്പരമ്.**

*അർഥം: എന്നാൽ ജ്ഞാനത്താൽ ആരുടെ അജ്ഞാനമാണോ ഇല്ലാതാകുന്നത് ആ സാധകന്റെ ജ്ഞാനം സൂര്യപ്രകാശം പോലെ ആ പരമതത്ത്വമാകുന്ന പരമാത്മാവിനെ പ്രകാശിപ്പിക്കുന്നു.*

ഭാഷ്യം: ഇക്കാര്യം മുണ്ഡകോപനിഷത്തും ചൂണ്ടിക്കാട്ടുന്നുണ്ട്.

**ഭിദ്യതേ ഹൃദയഗ്രന്ഥിശ്ഛിദ്യന്തേ സർവസംശയാഃ**
**ക്ഷീയന്തേ ചാസ്യ കർമാണി തസ്മിന്ദൃഷ്ടേ പരാവരേ.**

(മുണ്ഡകോപനിഷത്ത് 2.2.8)

അർഥം: സൂക്ഷ്മവും മഹത്തുമായ ഈ ഈശ്വരനെ കാണുമ്പോൾ കർമവാസനയുമായി ബന്ധപ്പെട്ട സകല കെട്ടുപാടുകളും അറ്റുപോകുന്നു. അപ്പോൾ ഈ മുമുക്ഷുവിന്റെ സമസ്ത കർമവാസനകളെയും ഉണ്ടാക്കുന്ന കർമങ്ങളും ഇല്ലാതായിത്തീരും.

തുടർന്ന് വീണ്ടും മുണ്ഡകം പറയുന്നു

**ഹിരണ്മയേ പരേ കോശേ വിരജം ബ്രഹ്മ നിഷ്കലമ്**
**തച്ഛുഭ്രം ജ്യോതിഷാം ജ്യോതിസ്തദ്യദാത്മവിദോ വിദുഃ.** (2.2.9)

അർഥം: പ്രകാശമയവും സൂക്ഷ്മവുമായ കോശത്തിൽ വിമലവും കാലരഹിതവും ആയ ആ ബ്രഹ്മം ജ്യോതിസ്സിന്റെയും ജ്യോതിസ്സായി പ്രകാശിക്കുന്നു. ബ്രഹ്മജ്ഞാനി അതിനെ അറിയുന്നു. കഴിഞ്ഞ ശ്ലോകത്തിൽ ജീവാത്മാവ് ജഡപ്രകൃതിയിൽപ്പെട്ട് ശുദ്ധ-ബുദ്ധ-നിത്യ-ചേതനസ്വരൂപത്തെ കാണാതെ പോകുന്നുവെന്ന് പറഞ്ഞു. അപ്പോൾ ജീവാത്മാവ് അജ്ഞാനിയായിത്തീരുകയാണ്. എന്നാൽ ജീവാത്മാവ് അവിദ്യാരൂപത്തിലുള്ള അജ്ഞാനത്തെ ഇല്ലാതാക്കിയാൽ ജ്യോതിസ്സാർന്ന ആ പരമാത്മാവിനെ അറിയാൻ കഴിയുന്നുവെന്ന് പറയുകയാണിവിടെ. സാംഖ്യദർശനത്തിൽ കപിലാചാര്യനും ഇക്കാര്യം പറയുന്നുണ്ട്.

**ന നിത്യശുദ്ധബുദ്ധമുക്തസ്വഭാവസ്യ**
**തദ്യോഗസ്തദ്യോഗാദൃതേ.** (സാംഖ്യദർശനം 1.19)

അർഥം: നിത്യ-ശുദ്ധ-ബുദ്ധ-മുക്തസ്വഭാവിയായ ആത്മാവിന് പ്രകൃതിയോഗം കൂടാതെ ബന്ധനം വരില്ല. ആത്മാവ് പ്രകൃതിയോടു കൂടിച്ചേരുന്നതാണ് ബന്ധനമന്നർഥം. ഇതിനെ എങ്ങനെ ഇല്ലാതാക്കാമെന്ന് യോഗദർശനത്തിൽ പതഞ്ജലി ഉപദേശിച്ചുതരുന്നതുകൂടി കാണുക:

**തതഃ ക്ഷീയതേ പ്രകാശാവരണമ്.** (യോഗദർശനം 2.52)

പ്രാണായാമംകൊണ്ട് പ്രകാശത്തിന്റെ മേലുള്ള ആവരണം നശിക്കുന്നു.

ഗീത പഠിക്കുമ്പോൾ കേവലം ശ്ലോകാർഥം മാത്രം പഠിച്ചുപോയാൽ പോര. സാധകനെ സംബന്ധിച്ചിടത്തോളം ഉപാസനായോഗ്യമായ പദ്ധതികൾകൂടി മനസ്സിലാക്കേണ്ടതുണ്ട്. അതിനാൽ ഗീതാപഠനത്തിന് ദർശനപഠനം അനിവാര്യമാണ്.

ഈ ജ്ഞാനം എങ്ങനെയാണ് പ്രകാശിക്കുന്നതെന്ന് നോക്കാം.

17. **തദ്ബുദ്ധയസ്തദാത്മാനസ്തന്നിഷ്ഠാസ്തത് പരായണാഃ**
**ഗച്ഛന്ത്യപുനരാവൃത്തിം ജ്ഞാനനിർധൂതകല്മഷാഃ.**

*അർഥം: ആ പരമാത്മാവിൽ ബുദ്ധി സ്ഥിരമാകുകയും ആ പരമാത്മാവിൽതന്നെ ലീനനായിരിക്കുകയും, നിഷ്ഠനായി, സമ്പൂർണനായി പരമാത്മാവിൽ ലീനനായിരിക്കുന്ന പുരുഷന്റെ ജ്ഞാനത്താൽ സർവപാപങ്ങളും ഇല്ലാതായി പുനരാവൃത്തിയില്ലാത്ത അവസ്ഥയെ പ്രാപിക്കുന്നു.*

ഭാഷ്യം: ഈ ശ്ലോകം നേരാംവണ്ണം പഠിക്കേണ്ടതുണ്ട്. ഇവിടെ ബ്രഹ്മത്തിൽ ലീനനായി എന്നതിന് പലരും 'താൻ സ്വയം ബ്രഹ്മമാണെന്ന് മനസ്സിലാക്കിക്കൊണ്ട്' എന്നർഥം പറയാറുണ്ട്. എന്നാൽ ഇത് ശാസ്ത്രവിരുദ്ധമായ കാഴ്ചപ്പാടാണ്. ഇവിടെ തന്മയീഭാവം പ്രാപിക്കുകയാണ് ജീവാത്മാവ്. അതല്ലാതെ ബ്രഹ്മമായി മാറുകയല്ല. പ്രകൃതിയുമായുള്ള ബന്ധനത്തിൽനിന്ന് ബ്രഹ്മവുമായുള്ള തന്മയീഭാവത്തിലേക്ക് സ്വയം ജീവാത്മാവ് മാറുകയാണ്. പ്രകൃതിബന്ധം, വീണ്ടുംവീണ്ടും ജനിക്കുന്നതിനും കർമത്തിൽ മുഴുകുന്നതിനും കാരണമാകുന്നു. എന്നാൽ ജ്ഞാനം വന്നുകഴിയുന്നതോടെ ഈ ബന്ധനത്തിൽ വന്നുപെടുന്നത് ഇല്ലാതാകുന്നു. അതാണ് 'അപുനരാവൃത്തി' എന്ന വാക്കിന്റെ അർഥം. അല്ലാതെ മുക്തി നേടിക്കഴിഞ്ഞാൽ പിന്നൊരിക്കലും ജനിക്കുന്നില്ല എന്നർഥം ഇവിടെ ഇല്ല. മുക്താത്മാക്കളുടെ തിരിച്ചുവരവിനെക്കുറിച്ച്

നേരത്തേ പറഞ്ഞുകഴിഞ്ഞതാണ്. ജ്ഞാനം നേടുക എന്നതിന് ഈ ശരീരം വെടിയുക എന്നർഥമില്ല. ജ്ഞാനം നേടിയ ആൾ, 'മുക്തി' എന്ന് ഇന്ന് ചിലർ വ്യാഖ്യാനിക്കുന്ന മരണത്തിലേക്ക് പോകുന്നവരല്ല. മരണമോ ജനനമില്ലായ്മയോ ആണ് മുക്തിയെന്ന് കരുതുന്നവർക്കാണ് തെറ്റുപറ്റുന്നത്. ഇക്കാര്യം തുടർന്നുവരുന്ന ശ്ലോകങ്ങളിൽ വിശദീകരിക്കുന്നുമുണ്ട്.

**18. വിദ്യാവിനയസമ്പന്നേ ബ്രാഹ്മണേ ഗവി ഹസ്തിനി**
**ശുനി ചൈവ ശ്വപാകേ ച പണ്ഡിതാഃ സമദർശിനഃ.**

*അർഥം: വിദ്യ, വിനയം തുടങ്ങിയവയുള്ള സാധകൻ ബ്രാഹ്മണനെയും പശുവിനെയും ആനയെയും നായയെയും അത്യന്തം അധമകർമങ്ങൾ ചെയ്യുന്ന ചണ്ഡാലനെയും സമമായി കാണുന്നു. ഉന്നതവും താഴ്ന്നതുമായ സർവജീവികളെയും രാഗദ്വേഷബുദ്ധിയില്ലാതെ കാണുന്ന സമദർശിയെ പണ്ഡിതനെന്ന് വിളിക്കുന്നു.*

ഭാഷ്യം: രാഗദ്വേഷമില്ലാതായ ബുദ്ധിയുള്ളവരെക്കുറിച്ച് കഴിഞ്ഞ ശ്ലോകത്തിൽ '**തദ്ബുദ്ധയസ്തദാത്മാനഃ**' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. അവരുടെ ബുദ്ധി സ്ഥിരവും ബ്രഹ്മത്തിൽ ലീനവുമാണ്. അതുവിട്ട് അവർ രാഗദ്വേഷങ്ങൾ വെച്ചുപുലർത്തുന്നവരായിത്തീരില്ലെന്നും മറിച്ച് സർവതിനെയും സമമായി കാണുന്നവരായിത്തീരുമെന്നുമാണ് ഈ പറഞ്ഞതിന്റെ സാരം.

എന്നാൽ ചില ഭാഷ്യകാരന്മാർ ഇതിനെ വ്യാഖ്യാനിക്കുന്നത് മറ്റൊരു രീതിയിലാണ്. "ഏതുപോലെ ഗംഗാജലത്തിലും, മദ്യത്തിലും, മൂത്രത്തിലും സൂര്യൻ പ്രതിബിംബിക്കുമ്പോഴും അവയുടെ ഗുണദോഷങ്ങളൊന്നും സൂര്യനെ ബാധിക്കാതിരിക്കുന്നത്, അതുപോലെ ബ്രഹ്മം ചിദാഭാസമായി പ്രതിബിംബിക്കുകയാണ്" എന്ന് അവർ പറയുന്നു. അതിനാൽ ഉപാധികളുടെ ഗുണദോഷങ്ങൾ ഒന്നും ബ്രഹ്മത്തെ ബാധിക്കുന്നില്ല. ഈ ഭാവത്തോടെ ബ്രാഹ്മണൻ, പശു, നായ്ക്കൾ തുടങ്ങിയ സർവ

ത്തിലും ബ്രഹ്മംതന്നെയാണ് ജീവഭാവത്തിൽ ഇരിക്കുന്നതെന്നു കാണുന്നവനാണ് 'സമദർശി' എന്ന് അവർ വ്യാഖ്യാനിക്കുന്നു.

ഉന്നതമോ, നീചമോ ആയ യോനികളിൽ, വന്നുപിറക്കുന്ന ജീവനുകളെല്ലാം ബ്രഹ്മമാണെന്ന അർഥം ഗീതയിൽ ഇവിടെ എന്നല്ല ഒരിടത്തുമില്ല. നിത്യ-ശുദ്ധ-ബുദ്ധ-മുക്തസ്വഭാവമുള്ള ബ്രഹ്മം ജീവനായി മാറിയാൽ ബ്രഹ്മത്തിന്റെ 'നിത്യശുദ്ധബുദ്ധമുക്തത' എന്നു പറയുന്നത് എന്താണ്? അജ്ഞാനിയായ ജീവൻപോലും സ്വയം സൃഷ്ടിക്കുന്ന കാരാഗൃഹത്തിൽ വസിക്കാൻ ആഗ്രഹിക്കുന്നില്ലെന്നിരിക്കെ ജ്ഞാനിയായ ബ്രഹ്മം അത്തരമൊരു ആഗ്രഹം വെച്ചുപുലർത്തുമോ? കൂടുതൽ വേദാന്തദർശനത്തിന് ഭാഷ്യമെഴുതുമ്പോൾ വിശദീകരിക്കാം. സാംഖ്യകാരനായ കപിലമുനി നിത്യശുദ്ധബുദ്ധമുക്തസ്വഭാവിയായ ജീവാത്മാവിന് പ്രകൃതിയുമായിച്ചേരാതെ ബന്ധനം ഉണ്ടാകില്ലെന്ന് പറയുന്നുണ്ട്.[1]

**19. ഇഹൈവ തൈർജിതഃ സർഗോ യേഷാം സാമ്യേ സ്ഥിതം മനഃ**
**നിർദോഷം ഹി സമം ബ്രഹ്മ തസ്മാദ് ബ്രഹ്മണി തേ സ്ഥിതാഃ.**

*അർഥം: എല്ലാം സമമെന്ന ബോധത്തിൽ ആരുടെ മനസ്സാണോ സ്ഥിതിചെയ്യുന്നത് അവർ ഇവിടെത്തന്നെ സംസാരത്തെ ജയിച്ചിരിക്കുന്നു. കാരണം ബ്രഹ്മം ദോഷരഹിതവും സമവുമാണ്. അതിനാൽ അവർ ബ്രഹ്മത്തിൽ സ്ഥിതി ചെയ്യുന്നു.*

ഭാഷ്യം: ആ സമദർശികൾ ഈ ജന്മത്തിൽതന്നെ സംസാരത്തെ ജയിച്ചിരിക്കുന്നുവെന്നത് തീർച്ചയാണ്. കാരണം, പരമാത്മാവ് നിർദോഷിയും ഇപ്പോൾ യോഗി ഇരിക്കുന്ന അവസ്ഥയ്ക്ക് തുല്യവുമായ നിലയിലാണ്. അതിനാൽ അതേ അവസ്ഥയിലുള്ള സാധകൻ ബ്രഹ്മത്തിൽ സ്ഥിരനായിരിക്കുന്നു.

ഈ ശ്ലോകത്തിന്റെ അർഥമറിയാൻ നമുക്ക് ദർശനങ്ങളിലേക്ക് അല്പം പ്രവേശിക്കേണ്ടതുണ്ട്. പതഞ്ജലിമുനിയുടെ യോഗസൂത്രത്തിൽ ജീവന്റെ ഈ അവസ്ഥയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

---

1. സാംഖ്യദർശനം 1.19

**തസ്യാപി നിരോധേ സർവനിരോധാന്നിർബീജഃ സമാധിഃ.**

(യോഗദർശനം 1.51)

ചിത്തവൃത്തികൾ പൂർണമായും നിരോധിക്കുമ്പോൾ സമസ്തസംസ്കാരങ്ങളുടെയും നിരോധം സംഭവിക്കുന്നു. പരവൈരാഗ്യം വന്നുകഴിഞ്ഞ ജീവാത്മാവിന് എന്തൊക്കെ പ്രലോഭനങ്ങളുണ്ടായാലും ചിത്തം അതിനു മുന്നിൽ കീഴടങ്ങുന്നില്ല. നിർബീജമായ അഥവാ സംസ്കാരത്തിന്റെ എല്ലാ വിത്തുകളും, വറുത്തുകഴിഞ്ഞ വിത്തുകൾ മുളയ്ക്കാത്തതുപോലെ നിശ്ശേഷം നശിക്കുന്നു. അതിനാൽ ജീവാത്മാവ് ചിത്തത്തിന്റെ സഹയോഗത്തെ പരിത്യജിച്ച് സർവാത്മ സ്വരൂപത്തിൽ അവസ്ഥിതമാകുന്നു. ഇങ്ങനെ ദേഹത്തിലിരിക്കുമ്പോൾതന്നെ ആത്മസാക്ഷാത്കാരം നേടുന്ന യോഗിയുടെ അവസ്ഥയാണ് ഭഗവാൻ ഇവിടെ പറഞ്ഞിരിക്കുന്നത്. ഇങ്ങനെ മോക്ഷസ്ഥിതി കൈവന്നാൽ അപ്പോൾതന്നെ ദേഹം വെടിയുകയുമില്ല. മറിച്ച് പ്രാരബ്ധകർമഫലഭോഗം പൂർണമായ ശേഷമേ യോഗി കൈവല്യം നേടുകയുള്ളുതാനും. ഇക്കാര്യം യോഗസൂത്രത്തിന് ഭാഷ്യമെഴുതിയ വ്യാസൻതന്നെ കുറിച്ചിട്ടതു നോക്കുക- **"ശുദ്ധഃ കേവലോ മുക്ത ഇത്യുച്യതേ."**[2]

പ്രകൃതിയുമായി നിത്യശുദ്ധബുദ്ധമുക്തസ്വഭാവിയായ ജീവാത്മാവ് ചേരാതിരുന്നാൽ പിന്നെ അത് പരമാത്മസമാനമായി. ഇവിടെ ജീവാത്മാവും പരമാത്മാവും തമ്മിലുള്ള വ്യത്യാസം നമുക്ക് മനസ്സിലാക്കാം. സ്വഭാവപരമായി നോക്കുമ്പോൾ പരമാത്മാവ് നിത്യശുദ്ധബുദ്ധമുക്തസ്വഭാവിയാണ്. ജീവാത്മാവും അങ്ങനെത്തന്നെ. എന്നാൽ പരമാത്മാവ് പ്രകൃതിബന്ധനത്തിൽ ഒരു കാരണവശാലും വന്നുപെടുന്നില്ല. ജീവാത്മാവാകട്ടെ പ്രകൃതിസംയോഗംമൂലം ബന്ധനത്തിൽ വന്നുചേരുകയും ചെയ്യുമെന്ന് കപിലമുനി പറഞ്ഞ കാര്യം നേരത്തേ ചൂണ്ടിക്കാട്ടിയല്ലോ. അതിനാൽ പരമാത്മാവ് നിത്യമുക്തനാണ്. ജീവാത്മാവാകട്ടെ ചിലപ്പോൾ മാത്രം മുക്തനുമാണ്. പരമാത്മാവ് നിത്യമുക്തനാകയാൽ അതിനിനി വീണ്ടും മുക്തി പ്രാപിക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് മുക്തിമാർഗ

---

2. നേരത്തേ എഴുതിയ യോഗസൂത്രത്തിന് വ്യാസൻ രചിച്ച വ്യാഖ്യാനത്തിന്റെ ഒടുവിലത്തെ വാചകമാണിത്.

പരമായ ധർമോപദേശങ്ങളും കർമാനുഷ്ഠാനവും ശാസ്ത്രപഠനവുമൊക്കെ ജീവാത്മാവിനുവേണ്ടിയാണ്. അതിനാൽതന്നെ ഗീതയിൽ ബ്രഹ്മവും ജീവനും ഒന്നാണെന്നു കാണിക്കുന്ന ഒറ്റ ശ്ലോകംപോലും ഇല്ലതന്നെ.

എന്നാൽ ശാസ്ത്രം നേരാംവണ്ണം അധ്യയനം ചെയ്യായ്കയാൽ അജ്ഞാനത്തിൽ വന്നുപെടുന്നവർ പരമാത്മാവുതന്നെയാണ് താനെന്നും മറ്റും വിതണ്ഡങ്ങൾ അടിച്ചുവിടുന്നുവെന്നു മാത്രം. ആത്മാവും പരമാത്മാവും തമ്മിൽ ഒരുപാടു സമാനതകളുണ്ട്. പക്ഷേ സമാനതകൾകൊണ്ട് അവ ഒന്നാണെന്ന് വരുന്നില്ല. യജുർവേദത്തിലും (2.26), ഋഗ്വേദത്തിലും (1.74.4) ഈ സമാനതകളും വൈജാത്യങ്ങളും എടുത്തു പറഞ്ഞിട്ടുണ്ട്. പശുവിനും ആടിനും നായ്ക്കൾക്കും നാലു കാലുണ്ട്. അതിനാൽ അവയെല്ലാം ഒന്നല്ല. പശുവിനും പോത്തിനും നാല് കാലും രണ്ട് കൊമ്പുകളുമുണ്ട്. അതുകൊണ്ട് അവയും ഒരേ ജാതിയിൽ പെട്ടവയാകുന്നില്ല. ജീവാത്മാ-പരമാത്മാ-പ്രകൃതിഭേദം അറിയാത്തവർക്ക് ഉപാസനതന്നെ സാധ്യമല്ല. അഥർവത്തിൽ ഈ രീതിയിൽ പ്രകൃതിബന്ധംവിട്ട സാധകന്റെ ആത്മഗതം പറയുന്നുണ്ട്. **'ഇദം ഇദം ഏവ അസ്യരൂപം ഭവതി'** (9.5.24). അത്തരത്തിലുള്ള തപസ്വിയായ സാധകൻ സമാധി അവസ്ഥയിൽ ഈശ്വരസമാനനാണ് താനെന്ന് അനുഭവിക്കും. സമാനമായതിനാൽ അവ രണ്ടും ഒന്നാണെന്ന് വരുന്നില്ല. ഈദൃശ ജീവാത്മാക്കളെക്കുറിച്ച് കപിലമുനി പറയുന്നത് **'ജീവന്മുക്തശ്ച'** (സാംഖ്യദർശനം 3.78) - അവർ ജീവന്മുക്തരാകുന്നുവെന്നാണ്.

20. **ന പ്രഹൃഷ്യേത് പ്രിയം പ്രാപ്യ നോദ്വിജേത് പ്രാപ്യ ചാപ്രിയമ്**
**സ്ഥിരബുദ്ധിരസംമൂഢോ ബ്രഹ്മവിദ് ബ്രഹ്മണി സ്ഥിതഃ.**

*അർഥം: ഇഷ്ടപ്പെട്ട വസ്തുക്കൾ കിട്ടുമ്പോൾ പ്രസന്നനാകുകയോ, അപ്രിയവസ്തുക്കൾ ലഭിക്കുമ്പോൾ ദുഃഖിതനാവുകയോ ചെയ്യാതെ സ്ഥിരബുദ്ധി നേടി, ഒരിക്കലും ഒന്നിലും മോഹിതനാകാതെ, ബ്രഹ്മത്തെ അറിഞ്ഞവൻ ബ്രഹ്മത്തിൽതന്നെ സ്ഥിതിചെയ്യുന്നു.*

ഭാഷ്യം: സമാധി കൈവരിച്ചവരുടെ അവസ്ഥയാണ് ഈ പറഞ്ഞത്. പക്ഷേ, ആധുനിക കാലത്ത് ഇതൊക്കെ നടക്കില്ലെന്നും ഇതെല്ലാം വിൺവാക്കുകൾ മാത്രമാണെന്നും കരുതുന്ന അനേകം ഈശ്വരവിശ്വാസികൾപോലുമുണ്ട്. എന്നാൽ രാജാവായ ഹരിശ്ചന്ദ്രന്റെ കഥ ഈ ശ്ലോകത്തിലെ ഭാവത്തെ പ്രകടമാക്കുന്നതാണ്. തന്റെ രാജ്യം അദ്ദേഹം വിശ്വാമിത്രഋഷിക്കു ദാനമായി നൽകി. രാജ്യത്യാഗത്തെത്തുടർന്ന് കടുത്ത പ്രാപഞ്ചികദുഃഖങ്ങൾ അദ്ദേഹത്തെ വേട്ടയാടാൻ ആരംഭിച്ചു. ഗുരുദക്ഷിണ നൽകാൻ പണമില്ലാത്തതിനാൽ ചണ്ഡാലന്റെ കീഴിൽ പണി എടുത്തു. ചക്രവർത്തിനിയായിരിക്കേണ്ട അദ്ദേഹത്തിന്റെ ഭാര്യയാകട്ടെ, ജോലിയിൽ ഭർത്താവിനോട് ഒന്നുചേർന്നു പ്രവർത്തിച്ചു. ഇതിനിടയിൽ സ്വന്തം മകൻ സർപദംശനമേറ്റ് മരിച്ചു. ശ്മശാനത്തിൽ ശേഷക്രിയയ്ക്ക് പണംപോലുമില്ലാതെ അദ്ദേഹം വിഷമിച്ചു. സാധാരണക്കാരന്റെ ദൃഷ്ടിയിൽ ദുഃഖത്തോടു ദുഃഖംതന്നെ. എന്നിട്ടും അദ്ദേഹം സത്യപാലനത്തിൽനിന്ന് അണുവിടപോലും വ്യതിചലിച്ചില്ല. ദുഃഖിക്കുകയും ചെയ്തില്ല. അതാണ് ജീവന്മുക്തന്റെ യഥാർഥ സ്വരൂപം. അതുതന്നെയാണ് ശ്രീരാമന്റെയും അവസ്ഥ. വാല്മീകിരാമായണം ബാലകാണ്ഡത്തിൽ ശ്രീരാമനെക്കുറിച്ച് പറഞ്ഞ ശ്രദ്ധേയമായ പ്രസ്താവനയുണ്ട്.

**'സർവശാസ്ത്രാർഥ തത്ത്വജ്ഞഃ സമാധിമാൻ.'**

സർവവേദജ്ഞാനം ആർജിച്ചവനും സമാധി നേടിയവനുമായ മര്യാദാപുരുഷോത്തമനാണ് രാമനെന്നർഥം.

**21. ബാഹ്യസ്പർശേഷ്വസക്താത്മാ വിന്ദത്യാത്മനി യത് സുഖമ്**
**സ ബ്രഹ്മയോഗയുക്താത്മാ സുഖമക്ഷയമശ്നുതേ.**

*അർഥം: ബാഹ്യമായ സ്പർശം (ശബ്ദസ്പർശാദി വിഷയങ്ങളിൽ) ആസക്തനായിത്തീരാതെ തന്നിൽതന്നെയുള്ള സുഖത്തെ അനുഭവിക്കുന്ന യോഗി ബ്രഹ്മയോഗത്തിൽ (ബ്രഹ്മവുമായി യോജിച്ച്) അനുഭവിക്കുന്ന സുഖം ഒരിക്കലും ക്ഷയിക്കാത്തതാണ്.*

ഭാഷ്യം: ഈ ശ്ലോകത്തെ നമുക്ക് ഏറെ ഗൗരവത്തോടെ പഠിക്കേണ്ടതുണ്ട്. ഇവിടെ '**ബ്രഹ്മയോഗ**'മെന്ന പദം പ്രത്യേകിച്ചും. യോഗദർശനത്തിൽ '**ഋതംഭരാ തത്ര പ്രജ്ഞാ**' (1.48) എന്നു പറഞ്ഞതു കാണാം. ഏകാഗ്രമാകുന്ന പ്രജ്ഞയെ 'ഋതംഭര' എന്നു പറയുന്നു. ഋതത്തെ അഥവാ 'സത്യ'ത്തെ ധാരണം ചെയ്യുന്നതിനാലാണ് ഈ പേര് വന്നത്. യോഗി സമാധിയിലൂടെ ബ്രഹ്മത്തിന്റെ അനുഭൂതി നുകരുന്നു. അങ്ങനെ ബ്രഹ്മത്തോടുചേർന്ന് എല്ലാ ആനന്ദങ്ങളും അനുഭവിക്കുന്നു. നമുക്ക് മുണ്ഡകോപനിഷത്തിലേക്ക് പോകാം.

**യദാ പശ്യഃ പശ്യതേ രുക്മവർണം**
**കർതാരമീശം പുരുഷം ബ്രഹ്മയോനിമ്.**
**തദാ വിദ്വാൻ പുണ്യപാപേ വിധൂയ**
**നിരഞ്ജനഃ പരമം സാമ്യമുപൈതി.** (മുണ്ഡകോപനിഷത്ത് 3.1.3)

അർഥം: പ്രകാശസ്വരൂപനും സ്രഷ്ടാവും ഈശനും വേദപ്രകാശകനും ആയ പുരുഷനെ ദർശിക്കുമ്പോൾ ജ്ഞാനിയായ ദ്രഷ്ടാവ് പുണ്യപാപങ്ങളെ വെടിഞ്ഞ് ഒന്നും പുരളാത്തവനായി പരമമായ സാമ്യത്തെ നേടുന്നു.

ഗീതയിൽതന്നെ 14-ാം അധ്യായത്തിൽ '**ഇദം ജ്ഞാനമുപാശ്രിത്യ മമ സാധർമ്യമാഗതാഃ**' (14.2) എന്നു പറഞ്ഞതുകാണാം. "ഈ ജ്ഞാനത്തെ ആശ്രയിച്ച് എന്നോട് സാമ്യം പ്രാപിക്കുന്നു"വെന്നർഥം. ഈ സാമ്യാവസ്ഥയാണ് ബ്രഹ്മയോഗം.

ഇവിടുത്തെ പദപ്രയോഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. മുക്തിയിൽ ബ്രഹ്മവുമായി യോഗം ചെയ്യുകയാണ് മുക്താത്മാവ്. അല്ലാതെ മുക്തിയിൽ ജീവാത്മാവ് ബ്രഹ്മമായിത്തീരുന്നില്ല. അങ്ങനെ ആയിരുന്നെങ്കിൽ '**ബ്രഹ്മയോഗയുക്താത്മാ**' എന്നു പറയേണ്ടിയിരുന്നില്ല. ഇവിടെ താൻ സ്വയം ബ്രഹ്മമാണെന്ന തിരിച്ചറിവല്ല ഉണ്ടായിരിക്കുന്നത്. മാത്രവുമല്ല, ബ്രഹ്മവും ജീവനും ഒന്നാണെന്ന കാഴ്ചപ്പാടിന് കടുത്ത ആഘാതമേൽപ്പിക്കുന്ന പ്രസ്താവനയുമാണിത്. ബ്രഹ്മം മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിൽ അത് സ്വയമറിയുകയാണ് ചെയ്യുക. അല്ലാതെ യോഗത്തിന്

പ്രസക്തിയില്ല. 'തത്ത്വമസി' എന്ന വാക്യമെടുത്ത് ബ്രഹ്മവും ജീവനും ഒന്നെന്ന് അർഥം പറയുന്നവർക്കും ഈ ശ്ലോകം ഒരു കീറാമുട്ടിയായി രിക്കും. വാസ്തവത്തിൽ യോഗിയുടെ നിർബീജസമാധി അവസ്ഥയാണ് നാമിവിടെ കാണുന്നത്.

**22. യേ ഹി സംസ്പർശജാ ഭോഗാഃ ദുഃഖയോനയ ഏവ തേ**
**ആദ്യന്തവന്തഃ കൗന്തേയ ന തേഷു രമതേ ബുധഃ.**

*അർഥം: വിഷയങ്ങൾ ഇന്ദ്രിയങ്ങളോടൊത്ത് നല്ല രീതിയിൽ വർത്തി ക്കുമ്പോൾ ഉണ്ടാകുന്ന ഭോഗങ്ങളെല്ലാം ദുഃഖത്തിന് കാര ണമാണ്. ഹേ കുന്തീപുത്രാ, കാരണം അതെല്ലാം തുട ക്കവും ഒടുക്കവും ഉള്ളതാണ്. അതായത് ഉത്പത്തിയും നാശവും ഉള്ളതാണെന്നർഥം. ബുദ്ധിമാന്മാർ അതിൽ രമി ക്കുന്നില്ല.*

ഭാഷ്യം: നല്ല തണുപ്പുവരുമ്പോൾ കമ്പിളി പുതയ്ക്കുന്നത് ശരീരത്തിന് സുഖം തരുന്നു. എന്നാൽ തണുപ്പു മാറി ഉഷ്ണമായാൽ അതേ പുതപ്പ് ദുഃഖമാണ് തരുക. ഇത്തരത്തിൽ എല്ലാ വിഷയസുഖങ്ങളും ആത്യന്തി കമായി ദുഃഖത്തെ തരുന്നു. അതീവമനോഹരമായി ഭഗവാൻ രണ്ടു വാക്കുകൾ ഈ ശ്ലോകത്തിൽ പറയുന്നുണ്ട്. സം-സ്പർശ-ജാഃ (= ഇന്ദ്രി യങ്ങളും അതുമായി ബന്ധപ്പെട്ട വിഷയങ്ങളും കൂടിച്ചേരുമ്പോൾ ജനി ക്കുന്നവയെ) ഭോഗാഃ (= ഭോഗങ്ങൾ എന്നു പറയുന്നു.) ഇതറിഞ്ഞ് ആ ഭോഗങ്ങളിൽനിന്ന് മാറിനിൽക്കാൻ യോഗിക്ക് കഴിയണം. ഈ മാറിനി ൽക്കലിനെ നമുക്ക് വൈരാഗ്യമെന്ന് വിളിക്കാം. കാരണം ആ ഭോഗങ്ങൾ ദുഃഖങ്ങളുടെ യോനിയാകുന്നുവെന്ന് ഭഗവാൻ ഇവിടെ പറയുന്നു. അതിനെ സംബന്ധിച്ച് കൂടുതൽ പറയുകയാണ് അടുത്ത ശ്ലോകത്തിൽ.

**23. ശക്നോതീഹൈവ യഃ സോഢും പ്രാക്ശരീരവിമോക്ഷണാത്**
**കാമക്രോധോദ്ഭവം വേഗം സ യുക്തഃ സ സുഖീ നരഃ.**

*അർഥം: ഈ സംസാരത്തിൽതന്നെ, ശരീരം നശിക്കുന്നതിന് മുൻ പേ കാമക്രോധങ്ങളിൽനിന്നുണ്ടാകുന്ന പാരവശ്യത്തെ*

*സഹിക്കാൻ കഴിയുന്നതിൽ സാമർഥ്യം നേടുന്നവനാണ് യോഗി. അയാൾ സുഖിയായിരിക്കുന്നു.*

**24. യോഽന്തഃ സുഖോഽന്തരാരാമസ്തഥാന്തർജ്യോതിരേവ യഃ**
**സ യോഗീ ബ്രഹ്മനിർവാണം ബ്രഹ്മഭൂതോഽധിഗച്ഛതി.**

*അർഥം: ആരാണോ തന്റെതന്നെ ഉള്ളിലുള്ള സുഖത്തിൽ രമിച്ച് തന്റെ ഉള്ളിലെ ജ്യോതിരൂപമായ ഈശ്വരന്റെ പ്രകാശത്തെ കാണുന്നത്, ആ യോഗി ബ്രഹ്മത്തിന്റെ ഗുണങ്ങളെ ധരിച്ച് മുക്തി നേടുന്നു.*

ഭാഷ്യം: അന്തർമുഖനായ യോഗി മുക്തി നേടുന്നുവെന്നതാണ് ഈ ശ്ലോകത്തിന്റെ ആശയം. എന്നാൽ ചിലർ 'ബ്രഹ്മനിർവാണ'മെന്ന പദം കണ്ട് ബ്രഹ്മത്തിൽ ജീവാത്മാവ് ലയിച്ചുവെന്നും മറ്റും അർഥം പറയാറുണ്ട്. പ്രകൃതിയുമായുള്ള ബന്ധം വിട്ടകന്നതോടെ നിത്യബുദ്ധമുക്ത സ്വഭാവിയായ ജീവാത്മാവ് ഈശ്വരനിലുള്ള ഈദൃശഗുണങ്ങളോടു സാമ്യതയിൽ വന്നിരിക്കുന്നു. ഇത് താൻ സ്വയം ബ്രഹ്മമാണെന്ന തിരിച്ചറിയലല്ല. മറിച്ച് നിർബീജസമാധിയിൽ ബ്രഹ്മനിർവാണം ഉപാസകന് ലഭിക്കുകയാണ്. സ്വയം അതായിത്തീരുകയാണെങ്കിൽ പിന്നെ മറ്റൊരു 'ലഭിക്കുക' എന്ന പദത്തിന് അർഥമേ ഇല്ല. **'ലഭന്തേ ബ്രഹ്മനിർവാണമ്'** എന്നാണ് ഗീതാവാക്യം. കാണുക:

**25. ലഭന്തേ ബ്രഹ്മനിർവാണമൃഷയഃ ക്ഷീണകല്മഷാഃ**
**ഛിന്നദ്വൈധാ യതാത്മാനഃ സർവഭൂതഹിതേ രതാഃ.**

*അർഥം: ആരുടെ എല്ലാ പാപങ്ങളും ഇല്ലാതായിരിക്കുന്നുവോ, എല്ലാ സന്ദേഹങ്ങളും ഒടുങ്ങിയിരിക്കുന്നുവോ, ആര് സ്വയം സംയമനം ചെയ്തിരിക്കുന്നുവോ, സമസ്ത ജീവജാലങ്ങളുടെയും ഹിതത്തിനുവേണ്ടി മാത്രം ആര് ജീവിക്കുന്നുവോ, ഇന്ദ്രിയങ്ങളെ അതിജീവിച്ച ആ യോഗി ബ്രഹ്മനിർവാണം അഥവാ മുക്തിയെ നേടുന്നു.*

ഭാഷ്യം: യജുർവേദത്തിലെ വിഖ്യാതമായ മന്ത്രത്തിന്റെ പ്രതിധ്വനി മാത്ര മാണ് ഈ ശ്ലോകത്തിൽ കാണാവുന്നത്.

**യസ്തു സര്വാണി ഭൂതാന്യാത്മന്നേവാനുപശ്യതി**
**സര്വഭൂതേഷു ചാത്മാനം തതോ ന വിചികിത്സതി.** (യജുർവേദം 40.6)

അർഥം: ആരാണോ ഈശ്വരനെ സമസ്തജീവജാലങ്ങളിലും അതേ പോലെ എല്ലാറ്റിനെയും ഈശ്വരനിലും കാണുന്നത് അവൻ സർവസം ശയങ്ങളിൽനിന്നും മുക്തിനേടുന്നു.

**26. കാമക്രോധവിയുക്താനാം യതീനാം യതചേതസാമ്**
**അഭിതോ ബ്രഹ്മനിർവാണം വർതതേ വിദിതാത്മനാമ്.**

*അർഥം: കാമക്രോധങ്ങളില്ലാതായ പ്രയത്നശീലനും അന്തഃകര ണത്തെ സ്വവശത്താക്കിയവനും ആത്മാവ്, പരമാത്മാവ് എന്നിവയെക്കുറിച്ച് വ്യക്തമായി അറിയുന്നവനുമായ യോഗിയുടെ നാലുപാടും പരമാത്മാവ് വലയം ചെയ്തി രിക്കുന്നു.*

ഭാഷ്യം: അഥർവത്തിൽ മനുഷ്യന്റെ ഏറ്റവും വലിയ ശത്രുക്കൾ കാമ ക്രോധങ്ങളാണെന്ന്[3] പറഞ്ഞിട്ടുള്ളതാണ് ഇവിടെ ശ്രീകൃഷ്ണൻ പ്രമാ ണമാക്കിയിരിക്കുന്നത്. പ്രയത്നശീലനാണ് യതി. **'മിത്രഃ ന യതിഃ ന'** (സാമവേദം 954) – മിത്രസമാനമായി നിഷ്പക്ഷതയോടെ, എല്ലാവർക്കും നല്ലതുമാത്രം വരണമെന്നാഗ്രഹിക്കുന്ന ഹോതാവാണ് യതിയെന്നർഥം. അതുതന്നെയാണ് **'യതചേതസാമ്'** എന്ന വാക്കുകൊണ്ട് ഭഗവാനും അർഥമാക്കുന്നത്.

**27. സ്പർശാൻ കൃത്വാ ബഹിർബാഹ്യാംശ്ചക്ഷുശ്ചൈവാന്തരേ ഭ്രുവോഃ**
**പ്രാണാപാനൗ സമൗ കൃത്വാ നാസാഭ്യന്തരചാരിണൗ.**

**28. യതേന്ദ്രിയമനോബുദ്ധിർമുനിർമോക്ഷപരായണഃ**
**വിഗതേച്ഛാഭയക്രോധോ യഃ സദാ മുക്ത ഏവ സഃ.**

---

3. അഥർവവേദം 7.95

*അർഥം: ബാഹ്യമായ സ്പർശരൂപരസഗന്ധങ്ങളെ പുറത്തുതന്നെ നിറുത്തി ഭ്രൂമധ്യത്തിൽ (കൺപുരികങ്ങൾക്ക് ഇടയിൽ) നേത്രത്തെ ഉറപ്പിച്ച് മൂക്കിലൂടെ ഉള്ളിലേക്ക് വരുന്ന പ്രാണനെയും പുറത്തേക്ക് വിടുന്ന അപാനനെയും സമമാക്കുകയും ഇന്ദ്രിയങ്ങളെയും മനസ്സ്, ബുദ്ധി എന്നിവയെയും വശത്താക്കുകയും ചെയ്യുന്ന മുനി മോക്ഷത്തെ പ്രാപിക്കുന്നു. ആഗ്രഹങ്ങൾ, ഭയം, ക്രോധം എന്നിവ ഇല്ലാതായ ആ മുനി സദാ മുക്തനായിരിക്കുന്നു. (27, 28)*

ഈദൃശയോഗികൾ സദാ മുക്തരാണ്. അതായത് അവർ സ്വജീവനകാലത്തുതന്നെ ജീവൻമുക്തരായിത്തീരുകയും പിന്നീട് കൈവല്യാനന്ദം നേടുന്നവരായിത്തീരുകയും ചെയ്യുമെന്നർഥം.

**29. ഭോക്താരം യജ്ഞതപസാം സർവലോകമഹേശ്വരമ്**
**സുഹൃദം സർവഭൂതാനാം ജ്ഞാത്വാ മാം ശാന്തിമൃച്ഛതി.**

*അർഥം: ഹേ അർജുനാ! എന്നെ യജ്ഞതപസ്സുകളുടെ ഭോക്താവെന്നറിഞ്ഞ് എല്ലാ ലോകങ്ങളുടെയും മഹേശ്വരനെന്നറിഞ്ഞ്, സകലപ്രാണികളുടെയും നന്മയെ കരുതി മാത്രം പ്രവർത്തിക്കുന്ന മിത്രമാണെന്നു മനസ്സിലാക്കി, ഇതേപോലെ എന്റെ ഹൃദയത്തിലെ ശാന്തി കണ്ട് അതേപോലെ ആയിത്തീരാൻ ആഗ്രഹിക്കുന്നവർ ഈ യോഗത്താൽ ശാന്തി നേടുന്നു. ആരാണോ എന്റെ ഈ മാർഗത്തിൽ സഞ്ചരിക്കുന്നത് അവർ ശാന്തിയെ നേടുന്നു.*

ഭാഷ്യം: ഇവിടെ 'മാം' എന്ന ശബ്ദത്തിന് ശ്രീകൃഷ്ണൻ ഈശ്വരനാണെന്ന് കരുതിയാൽ തെറ്റി. സർവവ്യാപകനായ ബ്രഹ്മം എങ്ങനെ ജനിക്കും? ആരോടുപറയും? എന്റെ അഭിപ്രായത്തെ പിൻപറ്റി എന്ന അർഥത്തിൽ മനസ്സിലാക്കണം. ശ്രീകൃഷ്ണൻ ഈ തരത്തിൽ മുക്തി കൈവരിച്ച യോഗിയാണ്. ആ യോഗത്തിന്റെ അപൂർവദേശത്തു നിന്നുകൊണ്ട് ഭഗവാൻ ബ്രഹ്മനിർവാണാവസ്ഥയിൽ പ്രഖ്യാപിക്കുന്നതാണ്

ഈ വാക്കുകൾ. ഇത്തരം വാക്കുകൾ നമുക്ക് വേദങ്ങളിലെ അനേക ഋഷിമാരിലും ദേവതകളിലും കാണാനാകും. വേദഹൃദയമറിയുന്ന വ്യാസ വിരചിതമാകുമ്പോൾ ഗീതയിലും അത്തരത്തിലുള്ള കഥനരീതികൾ ഉണ്ടാകുന്നതിൽ അദ്ഭുതപ്പെടാനില്ല.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു*
*ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ*
*ശ്രീകൃഷ്ണാർജുന സംവാദേ*
*സംന്യാസയോഗോ നാമ*
*പഞ്ചമോഽധ്യായഃ.*

**ഇങ്ങനെ അഞ്ചാം അധ്യായം സമാപിച്ചു.**



# അധ്യായം ആറ്

# ധ്യാനയോഗം

അഥ ഷഷ്ഠോfധ്യായഃ

# ധ്യാനയോഗം

**ശ്രീഭഗവാൻ ഉവാച:**

**1. അനാശ്രിതഃ കർമഫലം കാര്യം കർമ കരോതി യഃ**
**സ സംന്യാസീ ച യോഗീ ച ന നിരഗ്നിർന ചാക്രിയഃ.**

**2. യം സന്ന്യാസമിതി പ്രാഹുർയോഗം തം വിദ്ധി പാണ്ഡവ**
**ന ഹ്യസന്ന്യസ്തസങ്കല്പോ യോഗീ ഭവതി കശ്ചന.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, കർമഫലത്തെ ആശ്രയിക്കാതെ കർത്തവ്യമായിക്കണ്ട് കർമം ചെയ്യുന്നയാൾ സംന്യാസിയും യോഗിയുമാകുന്നു. അല്ലാതെ അഗ്നിഹോത്രാദി യജ്ഞങ്ങളെ ത്യജിച്ചതുകൊണ്ടുമാത്രം ആരും സംന്യാസിയാകില്ല. കേവലം കർമം ത്യജിച്ചു എന്നതുകൊണ്ടുമാത്രം സംന്യാസിയോ യോഗിയോ ആകില്ല. (1)*

*അല്ലയോ പാണ്ഡുപുത്രാ! സംന്യാസമെന്ന് ഏതിനെയാണോ വിളിക്കുന്നത് അതുതന്നെയാണ് യോഗമെന്ന് അറിയുക. കാരണം സങ്കല്പങ്ങളെ ഉപേക്ഷിക്കാത്ത ആർക്കും യോഗിയാകാനാകില്ല. (2)*

ഭാഷ്യം: ഈ രണ്ടു ശ്ലോകങ്ങളെ എടുത്തുപഠിച്ചാൽ നമുക്ക് കർമത്തെക്കുറിച്ചും സംന്യാസത്തെക്കുറിച്ചുമുള്ള നിരവധി സംശയങ്ങൾ അകന്നുകിട്ടും. ഗീതയുടെ ആത്യന്തികലക്ഷ്യം അത്യന്തമായ മോക്ഷം മാത്രമാണെന്നും അത് കർമങ്ങളെ ത്യജിക്കുന്നതിലൂടെ നേടുന്ന ആത്മജ്ഞാനനിഷ്ഠാപൂർണമായ ധർമത്താൽ പ്രാപിക്കുന്നതാണെന്നും മറ്റും പലഭാഷ്യകാരന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ സംന്യാസമെന്നതുകൊണ്ട് കേവലം യജ്ഞയാഗാദികൾ ചെയ്യാതിരിക്കൽ എന്നർഥം ഒരിടത്തുമില്ലെന്ന് അർഥശങ്കയ്ക്ക് ഇടയില്ലാത്തവിധം ഭഗവാൻ പ്രഖ്യാപിക്കുന്നുണ്ട്. ഗൃഹസ്ഥൻമാരുടെ ധർമമാണ് അത്തരം അനുഷ്ഠാനങ്ങൾ. എന്നാൽ അതൊന്നും ചെയ്യേണ്ടതില്ലെന്നും മറിച്ച് തങ്ങളെപ്പോലെ സംന്യാസവഴിയിലൂടെ നടന്നാൽ മതിയെന്നും ഉപദേശിക്കുന്ന സംന്യാസിമാരുണ്ട്.

**'കർമ-ഫലം അന്-ആശ്രിതഃ'** എന്ന പ്രയോഗം ഏറെ ഗൗരവത്തോടെ പഠിക്കേണ്ടതാണ്. കർമം ചെയ്യുക, എന്നാൽ ഫലത്തെ ആശ്രയിക്കുന്നതിൽ ആഗ്രഹം ചെയ്യാതിരിക്കുക. ഇതാണ് മുഖ്യമായ സന്ദേശം. ഈ കാര്യം യോഗദർശനത്തിൽ പതഞ്ജലി സുവ്യക്തമായി പറഞ്ഞിട്ടുണ്ട്.

**കർമാശുക്ലാകൃഷ്ണം യോഗിനസ്ത്രിവിധമിതരേഷാമ്.**

(യോഗദർശനം 4.7)

അർഥം: യോഗികൾക്ക് പുണ്യപാപരഹിതമാണ് കർമം. എന്നാൽ യോഗികൾ അല്ലാത്തവർക്ക് പുണ്യം, പാപം, പുണ്യപാപമിശ്രിതം എന്നിങ്ങനെ മൂന്നുവിധത്തിൽ കർമങ്ങളുണ്ട്.

അഗ്നിഹോത്രാദികൾ ചെയ്യാത്തതിനാൽ ഒരാൾ സംന്യാസിയാകുന്നില്ലെന്ന വാചകത്തിൽ അഗ്നിഹോത്രാദികൾ ചെയ്യുന്നവർക്ക് യോഗികളും സംന്യാസികളും ആയിത്തീരാമെന്ന അർഥം കൂടി പറയുന്നുണ്ട്. അതുകൊണ്ടാണ് കർമഫലത്തെ ആശ്രയിക്കാതെ കർമം ചെയ്യുന്നവർ യോഗികളാണെന്ന് പറഞ്ഞത്. കർമങ്ങൾ അനുഷ്ഠിക്കുന്നവരായതിനാൽ യജ്ഞ-യാഗാദികൾ ചെയ്യുന്നവർ യോഗികളാവുകയില്ലെന്ന്

ആധുനികവേദാന്തികളിൽ ചിലരാണ് വ്യാഖ്യാനിച്ചത്. ഭഗവാൻ ശ്രീകൃഷ്ണന് ഈ അഭിപ്രായം ഒട്ടുമേ ഇല്ലായിരുന്നു.

അതിനാൽ യോഗിയാകാൻ **'തപഃസ്വാധ്യായേശ്വരപ്രണിധാനാനി ക്രിയായോഗഃ'** (യോഗദർശനം 2.1) എന്നാണ് പതഞ്ജലി നൽകിയ യോഗ്യത. തപസ്സ്, സ്വാധ്യായം, ഈശ്വരപ്രണിധാനം എന്നീ മൂന്നും കൂടിയതാണ് ക്രിയായോഗമെന്നർഥം. ഇവിടെ ഭഗവാൻ എടുത്തുപറയുന്നത് ഈശ്വരപ്രണിധാനത്തെയാണ്. "സമസ്തകർമങ്ങളും പരമഗുരുവായ ഈശ്വരനിൽ സമർപ്പിക്കുകയും ആസക്തി പൂർണമായി വെടിയുകയുമാണ് ഈശ്വരപ്രണിധാന"മെന്ന് വ്യാസൻ രേഖപ്പെടുത്തിയത് കാണുക:

**'ഈശ്വരപ്രണിധാനം സര്വക്രിയാണാം**
**പരമഗുരാവര്പണം തത്ഫലസന്ന്യാസോ വാ.'**

(യോഗദർശനം, വ്യാസഭാഷ്യം 2.1)

ഇതേ അർഥമാണ് ഭോജവൃത്തിയിലും കാണുന്നത്. വേദങ്ങളിൽ യതിഃ, ധീരഃ, വിപ്രഃ എന്നൊക്കെ സംന്യാസിയെ വിളിക്കുന്നുണ്ട്. യോഗമെന്നാൽ ചിത്തവൃത്തികളുടെ നിരോധമാണെന്ന് പതഞ്ജലി പറഞ്ഞിട്ടുണ്ട് (യോഗദർശനം 1.2). ചിത്തവൃത്തികളിൽ സങ്കല്പം വന്നാൽ പിന്നെ യോഗിയാകാനാവില്ലെന്ന പതഞ്ജലിയുടെ വീക്ഷണത്തെ ഭഗവാൻ അവതരിപ്പിക്കുകയാണിവിടെ. അതിനാൽ 'സങ്കല്പ'മെന്ന ശബ്ദമാണ് ഭഗവാൻ രണ്ടാമത്തെ ശ്ലോകത്തിൽ ഉപയോഗിച്ചത്. മനുസ്മൃതിയിൽ ഇക്കാര്യം ചൂണ്ടിക്കാട്ടുന്നത് നോക്കുക:

**'സങ്കല്പമൂലഃ കാമഃ'** (2.3)

കാമത്തിന്റെ മൂലം സങ്കല്പമാണെന്നർഥം. ശുദ്ധമായ സങ്കല്പങ്ങൾ കൊണ്ട് കർമാനുഷ്ഠാനം വഴി എല്ലാ സങ്കല്പങ്ങളും ഭസ്മമാക്കിത്തീർത്തവനാണ് യോഗി. ഈ കാര്യം കഴിഞ്ഞ അധ്യായത്തിൽ വ്യാഖ്യാനിച്ചു കഴിഞ്ഞതാണ്. അതിനാൽ സംന്യാസിയാകാൻ ശമദമാദികൾ പാലിക്കണം. കാണുക:

3. **ആരുരുക്ഷോർമുനേർയോഗം കർമ കാരണമുച്യതേ**
**യോഗാരൂഢസ്യ തസ്യൈവ ശമഃ കാരണമുച്യതേ.**

4. **യദാ ഹി നേന്ദ്രിയാർഥേഷു ന കർമസ്വനുഷജ്ജതേ**
**സർവസങ്കല്പസംന്യാസീ യോഗാരൂഢസ്തദോച്യതേ.**

*അർഥം: മനനശീലനായ മുനിക്ക് യോഗവിദ്യയിൽ പ്രവേശിക്കണമെങ്കിൽ കർത്തവ്യമായ കർമങ്ങൾ അനുഷ്ഠിക്കണമെന്ന് പറയുന്നു. യോഗം കൈവരിച്ചുകഴിഞ്ഞാൽ പിന്നീട് അത് നിലനിർത്താനുള്ള ശ്രമംതന്നെയാണ് സാധന. (3)*
*എപ്പോഴാണോ സാധകൻ നിശ്ചയമായും ഇന്ദ്രിയങ്ങൾ മുഖേന ശബ്ദ-സ്പർശ-രസ-ഗന്ധാദി വിഷയങ്ങളിൽ ബന്ധനത്തിൽപെടാതെ ഇരിക്കുകയും, എല്ലാ സങ്കല്പങ്ങളെയും ത്യജിക്കുകയും ചെയ്യുന്നത്, അപ്പോൾ ആ പുരുഷൻ യോഗവിദ്യയിൽ ആരൂഢനായിത്തീരുന്നു, സംന്യാസിയായിത്തീരുന്നു. (4)*

ഭാഷ്യം: യോഗസാധനയുടെ വിവിധതലങ്ങളെ ഭഗവാൻ ശ്രീകൃഷ്ണൻ ഇവിടെ വിവരിക്കുകയാണ്. അതിനാൽ പതഞ്ജലിയുടെ യോഗദർശനത്തിനോട് ഗീതയിലെ ഈ ശ്ലോകങ്ങൾക്ക് വലിയ കടപ്പാടുണ്ടുതാനും.അതിൽ അദ്ഭുതപ്പെടാനുമില്ല. കാരണം മഹാഭാരത രചന നിർവഹിച്ച അതേ വ്യാസനാണല്ലോ യോഗദർശനത്തിന് വ്യാഖ്യാനവും എഴുതിയത്.

മൂന്നു നാലും ശ്ലോകങ്ങളിൽ **'യോഗാരുരുക്ഷു'**, **'യോഗാരൂഢ'** എന്നീ രണ്ടു പദങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. യോഗസാധന ചെയ്യാൻ ആഗ്രഹിക്കുന്നവനാണ് 'യോഗാരുരുക്ഷു.' യോഗാരൂഢനാകട്ടെ യോഗാഭ്യാസത്താൽ സിദ്ധി കൈവരിച്ചവനാണ്. യോഗസാധന ചെയ്യാൻ ആഗ്രഹിക്കുന്നവന്റെ ഉപകരണം 'കർമം'തന്നെയാണ്. **'ആരുരുക്ഷോർമുനേർ യോഗം കർമകാരണമുച്യതേ'** എന്ന് പറഞ്ഞിരിക്കുന്നു. ഇതിന് അടിസ്ഥാനമാകട്ടെ സങ്കല്പങ്ങളാണ്. സങ്കല്പം സാധിക്കാനാണ് യജ്ഞകർമങ്ങൾ അനുഷ്ഠിക്കുന്നതും വ്രതങ്ങൾ നോല്ക്കുന്നതും യമനിയമ

ങ്ങൾ പാലിക്കുന്നതുമൊക്കെ. ഇവയെല്ലാം സങ്കൽപത്തിൽനിന്നുണ്ടായതാണെന്ന് മനുസ്മൃതി (2.3) പറയുന്നുണ്ട്. ഈ കർമങ്ങൾ അനുഷ്ഠിച്ചില്ലെങ്കിൽ യോഗാരൂഢനാകാൻ ഒരിക്കലും കഴിയില്ല.

**5. ഉദ്ധരേദാത്മനാത്മാനം നാത്മാനമവസാദയേത്**
**ആത്മൈവ ഹ്യാത്മനോ ബന്ധുരാത്മൈവ രിപുരാത്മനഃ.**

**6. ബന്ധുരാത്മാത്മനസ്തസ്യ യേനാത്മൈവാത്മനാ ജിതഃ**
**അനാത്മനസ്തു ശത്രുത്വേ വർതേതാത്മൈവ ശത്രുവത്.**

*അർഥം: മനുഷ്യൻ സ്വന്തം ആത്മാവിനാൽതന്നെ ആത്മാവിനെ ഉദ്ധരിക്കണം. ആത്മാവിനെ പതനത്തിലേക്ക് തള്ളിവിടരുത്. കാരണം ആത്മാവുതന്നെയാണ് ആത്മാവിന്റെ ബന്ധുവും ശത്രുവും. (5)*

ഏതേതൊക്കെ അവസ്ഥയിലാണ് ആത്മാവ് സ്വശത്രുവും മിത്രവുമാകുന്നതെന്ന് അടുത്ത ശ്ലോകം പറയുന്നു.

*ആത്മാവിനെ ആത്മാവുകൊണ്ടുതന്നെ ജയിച്ചവന് ആത്മാവ് ബന്ധുവും അതിനെ ജയിക്കാൻ കഴിയാത്തവന് ആത്മാവ് ശത്രുവുമായിത്തീരുന്നു. (6)*

ഭാഷ്യം: ഇവിടെ ആത്മാവെന്നതിന് പരമാത്മാവെന്ന് അർഥമെടുക്കരുത്. മറിച്ച് ജീവാത്മാവാണ് വിഷയം. അവനവന്റെ വളർച്ചയ്ക്ക് അവനവൻതന്നെ പരിശ്രമിക്കണം. അഥർവവേദത്തിൽ പറഞ്ഞ ഒരു പ്രസ്താവനയാണ് ഭഗവാൻ ഇവിടെ മറ്റൊരു ഭാഷയിൽ പറഞ്ഞിരിക്കുന്നത്. വേദത്തെ ആധാരമാക്കിയാണ് സമ്പൂർണ ഗീതയുടെയും രചന നിർവഹിക്കപ്പെട്ടിട്ടുള്ളത് എന്നത് മനസ്സിലാവണമെങ്കിൽ ഈയൊരൊറ്റ ശ്ലോകത്തിന്റെ വേദസ്വാധീനം കണ്ടാൽ മതി. അഥർവത്തിൽ ഇതേ അർഥം വരുന്ന ഒരു മന്ത്രമുണ്ട്. ഈ മന്ത്രത്തിന്റെ ദേവത ആയുവും ഋഷി ബ്രഹ്മനുമാണ്. മന്ത്രവും അർഥവും കാണുക:

**ഓം ഉദ്യാനം തേ പുരുഷ നാവയാനം ജീവാതും തേ ദക്ഷതാതിം കൃണോമി**
**ആ ഹി രോഹേമമമൃതം സുഖം രഥമഥ ജിർവിർവിദഥമാ വദാസി.**

(അഥർവവേദം 8.1.6)

അർഥം: ദേവപുരിയാകുന്ന ശരീരത്തിൽ വസിക്കുന്ന അല്ലയോ ആത്മാവേ, നിനക്ക് ഉന്നമനം ഉണ്ടാകട്ടെ; ഒരിക്കലും വീഴ്ച അഥവാ അവനതി ഉണ്ടാകാതിരിക്കട്ടെ. നിന്റെ ആത്മാവിന് ബലവും ശക്തിയും ഉണ്ടാകട്ടെ. സ്വസ്ഥമായ ഇന്ദ്രിയങ്ങളോടുകൂടിയ ഈ ശരീരരഥത്തിൽ ഇരുന്ന്, ആത്മോന്നതി കൈവരിക്കുന്നതിനുള്ള ജ്ഞാനം, അന്യർക്കും ജീവിതാന്ത്യത്തിൽ പകർന്നു കൊടുത്താലും.

നോക്കൂ, വേദം പഠിക്കാത്തവർക്ക് ഗീതാരഹസ്യം മനസ്സിലാവുകയേ ഇല്ലെന്ന പ്രസ്താവനയ്ക്കു കാരണവും ഇതുതന്നെയാണ്. അനേകം വേദമന്ത്രങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇക്കാര്യം സമർഥിക്കാനാകും. എന്നാൽ ബുദ്ധിമാൻമാരോട് അധികം എന്തുപറയാൻ. അഥർവത്തിൽ പറയുന്ന മറ്റൊരു കാര്യം കൂടിയുണ്ട്. "വേദമറിയുന്നവൻ തന്റെ ജ്ഞാനവും, കൈകളും, കാലുകളും, വാക്കുകളും ചെവിയും, കണ്ണുകളും, എന്തിന് തന്റെ ശരീരംതന്നെയും ഈശ്വരപൂജയ്ക്കായി സമർപ്പിക്കുന്നു. എന്നാൽ സ്വന്തം ആത്മാവിനെ ഉദ്ധരിക്കാൻ ശ്രമിക്കാത്തവൻ തന്റെതന്നെ ശത്രു ആയിത്തീരുന്നു. (അഥർവം 10.7. 3, 9)

7. **ജിതാത്മനഃ പ്രശാന്തസ്യ പരമാത്മാ സമാഹിതഃ**
**ശീതോഷ്ണസുഖദുഃഖേഷു തഥാ മാനാപമാനയോഃ.**

8. **ജ്ഞാനവിജ്ഞാനതൃപ്താത്മാ കൂടസ്ഥോ വിജിതേന്ദ്രിയഃ**
**യുക്ത ഇത്യുച്യതേ യോഗീ സമലോഷ്ടാശ്മകാഞ്ചനഃ.**

*അർഥം: ശീതോഷ്ണം, സുഖദുഃഖം, മാനാപമാനം, എന്നിവയിൽനിന്നും ആരുടെ ചിത്തം പൂർണമായും ശാന്തമായിരിക്കുന്നുവോ അയാൾ ആത്മവിജയിയാണ്. അതായത് പ്രകൃതിയുടെ വികാരങ്ങൾക്കുമേൽ വിജയം നേടിയ ആ പുരുഷൻ യോഗാഭ്യാസത്തിനൊടുവിൽ പരമാത്മാവിൽ സ്ഥിരനാകുന്നു. സമാധിസ്ഥനാകുന്നു.(7)*
*ജ്ഞാനവിജ്ഞാനങ്ങളിൽ തൃപ്തി വന്നവനും എല്ലാവരെക്കാളും ഉന്നതസ്ഥാനത്ത് സ്ഥിരനായവനും സർവ ഇന്ദ്രിയങ്ങളെയും വിജയിച്ചവനും മൺകട്ട, കല്ല്, സ്വർണം എന്നി*

*വയെയെല്ലാം ഒരേപോലെ കാണുന്നവനും ആയ യോഗി യുടെ യോഗം സിദ്ധമായിരിക്കുന്നുവെന്ന് പറയുന്നു. (8)*

ഭാഷ്യം: ഏഴാം ശ്ലോകത്തിൽ വരുന്ന 'ജിതാത്മനഃ', 'സമാഹിതഃ' തുട ങ്ങിയ ശബ്ദങ്ങളെല്ലാം യോഗ ശാസ്ത്രത്തെ അവലംബിച്ചു കടന്നുവ ന്നതാണ്.[1] ശാസ്ത്രോക്തമായ ജ്ഞാനവും അതിൽനിന്ന് ഉണ്ടാകുന്ന അനുഭവമാകുന്ന വിജ്ഞാനവും, രണ്ടിനാലും തൃപ്തനായവനാണ് യോഗി. പരവൈരാഗ്യത്തിന്റെ ചിത്രമാണ് നാം ഇവിടെ ദർശിക്കുന്നത്.

**9. സുഹൃന്മിത്രാര്യുദാസീന മധ്യസ്ഥദ്വേഷ്യബന്ധുഷു**
**സാധുഷ്വപി ച പാപേഷു സമബുദ്ധിർവിശിഷ്യതേ.**

*അർഥം: സുഹൃത്ത്, മിത്രം, ശത്രു, ഉദാസീനൻ, മധ്യസ്ഥൻ, വെറു പ്പുള്ളവൻ, ബന്ധു, സജ്ജനങ്ങൾ, പാപികൾ എന്നിവരെ യെല്ലാം ഒരേ സമബുദ്ധിയോടെ കാണാൻ കഴിയുന്നവൻ വിശിഷ്ടനാകുന്നു.*

ഭാഷ്യം: ഇവിടെ ഒൻപതുതരത്തിലുള്ള മനുഷ്യരെക്കുറിച്ചാണ് ഭഗവാൻ പറഞ്ഞത്. ഉത്തമഹൃദയത്തോടുകൂടിയവനാണ് സൃഹൃത്ത്. ആർക്കും ചീത്തചെയ്യാത്തയാൾ. അന്യരുടെ ദുഃഖത്തിലും സുഖത്തിലും പങ്കുചേരുന്നവൻ. രണ്ടാമത്തേത് മിത്രമാണ്. തന്റെ മിത്രത്തിന് സദാ നല്ലതു വരാൻ മാത്രം ആഗ്രഹിക്കുന്നവനാണ് മിത്രം. ചോദിച്ചാലും ഇല്ലെ ങ്കിലും ഹിതകരമായത് മാത്രം ഉപദേശിക്കുന്നവനാണ് മിത്രം. മൂന്നാമ ത്തേത് 'അരി' അഥവാ ശത്രു. അഹിതമായ കാര്യം മാത്രം ചെയ്യുന്ന വൻ. ഉദാസീനനാണ് നാലാമത്തേത്. സുഖമോ ദുഃഖമോ അവനവനോ അന്യർക്കോ ഉണ്ടായാൽ യാതൊരു ചിന്തയും ഇല്ലാതിരിക്കുന്നവനാണ് ഉദാസീനൻ. അഞ്ചാമത്തേത് മധ്യസ്ഥൻ. മിത്രമോ ശത്രുവോ അല്ലാതെ നടുവിൽനിന്ന് കാര്യങ്ങൾ ചെയ്യുന്നവൻ. സഹായവും പ്രതീക്ഷിക്കേ ണ്ട, ഉപദ്രവവും പ്രതീക്ഷിക്കേണ്ടാത്തവൻ. എന്നാൽ നിഷ്പക്ഷനാണെ ങ്കിലും വേണ്ടസമയത്ത് ചോദിച്ചാൽ യോഗ്യമായ ഉപദേശം തരുന്നവ

1. യോഗിയുടെ അവസ്ഥയാണ് ഇവിടെ വിവരിക്കുന്നത്. എട്ടാംശ്ലോകവും അങ്ങനെത ന്നെ.

രാണിവർ. ദുഃഖം ഒരിക്കലും തരികയില്ല. വിവാദമുണ്ടായാൽ നിഷ്പക്ഷത പാലിക്കുകയും ചെയ്യും. 'ദ്വേഷ്യ'നാണ് ആറാമത്തേത്. എല്ലാവരോടും വെറുപ്പുള്ളവരാണ് ഇവർ. ഏഴാമത്തേത് ബന്ധുവാണ്. സാംസ്കാരികബന്ധമുള്ള കുടുംബക്കാരാണ് ഈ വിഭാഗം. എട്ടാമത്തേത് പാപികളാണ്. ദുർഗുണസമ്പന്നരാണ് ഇവർ. സാധുക്കളാണ് ഒൻപതാമത്തേത്. ശക്തിയും ജ്ഞാനവും പകർന്നുതരുന്ന സത്തുക്കളാണ് ഇവർ, മഹാത്മാക്കൾ. ഇങ്ങനെ ശുഭപക്ഷവും അശുഭപക്ഷവുമായി രണ്ടുതരത്തിൽ മനുഷ്യരുണ്ട്. സാധു, സുഹൃത്ത്, മിത്രങ്ങൾ, മധ്യസ്ഥർ, ബന്ധുക്കൾ, ഉദാസീനർ എന്നിവർ ശുഭപക്ഷക്കാരാണ്. പാപികൾ, ശത്രുക്കൾ, വെറുപ്പുള്ളവർ എന്നിവർ അശുഭപക്ഷക്കാരും. ഈ ഇരുപക്ഷക്കാരെയും ഒരേ മനസ്സോടെ കാണുന്നവർ വിശിഷ്ടരാണ്.

10. **യോഗീ യുഞ്ജീത സതതമാത്മാനം രഹസി സ്ഥിതഃ**
**ഏകാകീ യതചിത്താത്മാ നിരാശീരപരിഗ്രഹഃ.**

11. **ശുചൗ ദേശേ പ്രതിഷ്ഠാപ്യ സ്ഥിരമാസനമാത്മനഃ**
**നാത്യുച്ഛ്രിതം നാതിനീചം ചൈലാജിനകുശോത്തരമ്.**

12. **തത്രൈകാഗ്രം മനഃ കൃത്വാ യതചിത്തേന്ദ്രിയക്രിയഃ**
**ഉപവിശ്യാസനേ യുഞ്ജ്യാദ്യോഗമാത്മവിശുദ്ധയേ.**

13. **സമം കായശിരോഗ്രീവം ധാരയന്നചലം സ്ഥിരഃ**
**സംപ്രേക്ഷ്യ നാസികാഗ്രം സ്വം ദിശശ്ചാനവലോകയൻ.**

14. **പ്രശാന്താത്മാ വിഗതഭീർബ്രഹ്മചാരിവ്രതേ സ്ഥിതഃ**
**മനഃ സംയമ്യ മച്ചിത്തോ യുക്ത ആസീത മത്പരഃ.**

15. **യുഞ്ജന്നേവം സദാത്മാനം യോഗീ നിയതമാനസഃ**
**ശാന്തിം നിർവാണപരമാം മത്സംസ്ഥാമധിഗച്ഛതി.**

*അർഥം: വേദാധ്യയനം, യജ്ഞം, ഈശ്വരനാമസ്മരണം, യോഗസാധന തുടങ്ങിയ ശുഭസാധനകളാൽ തന്റെ അന്തഃകരണത്തെ വശത്താക്കി, വാസനാരഹിതനായി അപരിഗ്രഹം പാലിച്ച്*

*(തനിക്ക് വേണ്ടാത്തത് സമാഹരിക്കാതെ) ജീവിക്കുന്ന യോഗി, ആരോരുമില്ലാതെ ഒറ്റയ്ക്ക് ഏകാന്തതയിൽ സ്ഥിതിചെയ്ത് നിരന്തരം ബുദ്ധിയെ പരാത്മാവിൽ ഉറപ്പിച്ച് സമാധി അനുഭവിക്കുന്നതാണ്. (10)*

*അധികം ഉയർച്ചയോ താഴ്ചയോ ഇല്ലാത്ത, ശുദ്ധമായൊരിടത്ത് ദർഭ, കൃഷ്ണമാനിന്റെ തോൽ, വസ്ത്രം എന്നിവ ക്രമത്തിൽ വിരിച്ച് സ്ഥിരമായ ഇരിപ്പിടം തയ്യാറാക്കുക. (11)*

*ആ ആസനത്തിൽ ഇരുന്ന് മനസ്സിനെ ഏകാഗ്രമാക്കി, ചിത്തത്തെയും ഇന്ദ്രിയവ്യാപാരങ്ങളെയും നിയന്ത്രിച്ച്, ആത്മശുദ്ധിക്കായി യോഗസാധന ചെയ്യണം. (12)*

*സ്ഥിരനായിരുന്ന് ശരീരം, തല, കഴുത്ത് എന്നിവയെ സമരേഖയിൽ നിശ്ചലമാക്കിനിർത്തി തന്റെ മൂക്കിന്റെ അറ്റത്ത് ദൃഷ്ടി ഉറപ്പിച്ച് അങ്ങുമിങ്ങും നോക്കാതെ (13) മനസ്സിനെ ശാന്തമാക്കി, ഭയത്തെ വിട്ട്, ബ്രഹ്മചര്യത്തെ പാലിച്ചുകൊണ്ട്, മനഃസംയമനം ചെയ്ത് എന്നിൽതന്നെ ചിത്തത്തെ ഉറപ്പിച്ച് എന്റെ അനുയായിയായി എന്റെ ഈ മോക്ഷസ്വരൂപത്തെ പരമലക്ഷ്യമാക്കി യോഗത്തിൽ സ്ഥിരത നേടിയാലും. (14)*

*ഇങ്ങനെ നിത്യവും സ്വയം യോഗത്തിൽ തത്പരനായി, മനസ്സിനെ സ്വാധീനത്തിലാക്കി യോഗി മോക്ഷസ്വരൂപനായ എന്നിൽ സ്ഥിരനായി, ശാന്തിയെ പ്രാപിക്കുന്നു. (15)*

ഭാഷ്യം: യോഗസാധനയ്ക്കുവേണ്ട യമനിയമപ്രത്യാഹാരാദി വിഷയങ്ങളെക്കുറിച്ച് വർണിക്കുകയാണിവിടെ. വാസനാരഹിതനായി, നിരാശിയായി, അപരിഗ്രഹം പാലിക്കുന്നതിനെക്കുറിച്ച് ആദ്യമേ പറയുന്നു. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവയാണ് ഈ എട്ട് യോഗാങ്ഗങ്ങൾ. ഇവയെ അനുശീലിച്ചാൽ മാത്രമേ മനുഷ്യന് ഈശ്വരസാക്ഷാത്കാരം ലഭിക്കൂവെന്ന് യോഗദർശനം പറയുന്നുണ്ട്.

**യമനിയമാസനപ്രാണായാമപ്രത്യാഹാര**
**ധാരണാധ്യാനസമാധയോഋഷ്ടാവങ്ഗാനി.** (2.29)

ഗീതയിൽ ആറാം അധ്യായത്തിന്റെ തുടക്കം മുതൽ നാം കണ്ടുവരുന്ന യോഗസംബന്ധമായ നിർദ്ദേശങ്ങൾ മുഴുവനും പാതഞ്ജലയോഗസൂത്രത്തിന്റെ വ്യാഖ്യാനങ്ങൾ മാത്രമാണ്. ഇവിടെ വ്യുത്ഥാനദിശയിലുള്ള അസ്ഥിരമായ ചിത്തത്തോടുകൂടിയവർക്കുവേണ്ടിയുള്ള അനുഷ്ഠാനക്രമമാണ് വിശദീകരിക്കുന്നത്. യോഗത്തിന്റെ എട്ടങ്ഗങ്ങളിൽ ആദ്യത്തെ അഞ്ചെണ്ണം ബഹിരംഗസാധനകളാണ്. എന്നാൽ അവസാനത്തെ മൂന്നെണ്ണമായ ധാരണ, ധ്യാനം, സമാധി എന്നിവ അന്തരംഗസാധനയുമാണ്. ഗീതയുടെ ആറാം അധ്യായത്തിൽ നാം ഇതുവരെ ചർച്ച ചെയ്തുപോന്നതെല്ലാം ബഹിരങ്ഗപരീക്ഷണങ്ങളാണെന്നുകൂടി നമുക്കു കാണാം.

**അഹിംസാസത്യാസ്തേയബ്രഹ്മചര്യാപരിഗ്രഹാ യമാഃ** (യോഗദർശനം 2.30) എന്ന് യമങ്ങളെ മനസ്സിലാക്കണം. സമസ്ത പ്രാണികളോടും സമസ്ത രീതിയിലുമുള്ള വൈരത്യാഗമാണ് അഹിംസ. വൈരം വെടിയുന്നതുമാത്രമല്ല അഹിംസ. വൈരം വെടിഞ്ഞ് ഹിംസ ചെയ്യാതിരിക്കലുംകൂടിയാണ്. ഇങ്ങനെ എല്ലാ യമങ്ങളുടെയും കാര്യത്തിൽ ഗ്രഹിക്കേണ്ടതാണ്. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നിവയെക്കുറിച്ചെല്ലാം ഭഗവാനിവിടെ പറയുന്നത് അനുവാചകർ ശ്രദ്ധിച്ചിരിക്കുമല്ലോ. പാതഞ്ജലയോഗക്രിയ മനസ്സിലാക്കാത്ത അർവാചീന വേദാന്തികൾക്ക് ഗീത എങ്ങനെ മനസ്സിലാകും!

16. **നാത്യശ്നതസ്തു യോഗോഽസ്തി ന ചൈകാന്തമനശ്നതഃ**
**ന ചാതി സ്വപ്നശീലസ്യ ജാഗ്രതോ നൈവ ചാർജുന.**

17. **യുക്താഹാരവിഹാരസ്യ യുക്തചേഷ്ടസ്യ കർമസു**
**യുക്തസ്വപ്നാവബോധസ്യ യോഗോ ഭവതി ദുഃഖഹാ.**

*അർഥം: അല്ലയോ അർജുനാ! ധാരാളം ഭക്ഷണം കഴിക്കുന്നവനും തീരെ ഒന്നും കഴിക്കാത്തവനും ആവശ്യത്തിൽ കൂടുതൽ*

*ഉറങ്ങുന്നവനും, ഒട്ടും ഉറങ്ങാതിരിക്കുന്നവനും യോഗം സാധ്യമല്ല. (16)*
*യുക്തമായ ആഹാരവിഹാരം, യുക്തമായ കർമങ്ങളിൽ മാത്രം മുഴുകൽ, യുക്തമായ രീതിയിൽ ഉറങ്ങുകയും ഉണരുകയും ചെയ്യുക എന്നിങ്ങനെയെല്ലാം കൃത്യമായി ചെയ്യുന്നവന്റെ ധ്യാനം ദുഃഖങ്ങളെ ഇല്ലാതാക്കുന്നതായിരിക്കും. (17)*

ഭാഷ്യം: യോഗത്തിന്റെ ബഹിരങ്ഗസാധനാമാർഗങ്ങളുടെ ഉപദേശം ഭഗവാൻ തുടരുകയാണ്. യോഗികളാകാൻ ആഗ്രഹിക്കുന്നവർ എങ്ങനെ ഭക്ഷണം കഴിക്കണം, എങ്ങനെ ഉറങ്ങണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വിവരിക്കുകയാണിവിടെ. എന്തും തിന്നാം എന്തും കുടിക്കാം എങ്ങനെയും നടക്കാം... ആ ആനന്ദമാണ് യഥാർഥയോഗസാധനയെന്ന് ഈയിടെ ചിലർ പ്രചരിപ്പിക്കുന്നുണ്ട്. ആധുനിക താന്ത്രിക, ബൗദ്ധ സ്വാധീനത്തിന്റെ വലയിൽപ്പെട്ടാണ് ഈദൃശ വ്യാഖ്യാനങ്ങളുടെ പരമ്പര പോകുന്നത്. എന്നാൽ ശ്രീകൃഷ്ണൻ പാതഞ്ജല യോഗക്രമങ്ങളെ മാത്രമേ സ്വീകരിക്കുന്നുള്ളൂ. ഇന്ന് ഓഷോ രജനീഷ്, നിറഞ്ഞ ഫലിത കഥകൾ നിരത്തി നിർണയിച്ച താന്ത്രികഹർഷത്തെ ഗീതയിൽ ചേർത്തു കെട്ടി പ്രചരിപ്പിക്കുന്നവരുണ്ട്. അത്തരക്കാരുടെ വേലത്തരങ്ങൾ കണ്ട് ബുദ്ധിമാന്മാർ ചിരിച്ചു മണ്ണുകപ്പും. അതിഭോജനം, ഉപവാസം, അതിനിദ്ര, ഉറക്കമൊഴിക്കൽ എന്നിവ ഒരു യോഗി സദാ ശ്രദ്ധിക്കേണ്ടതാണെന്ന് ശ്രീകൃഷ്ണൻ പറയുന്നു. ഇത്തരം കാര്യങ്ങളിൽ യുക്തചേഷ്ടരായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു. അല്ലാതെ തനിക്ക് തോന്നിയപോലെയൊക്കെ ആനന്ദിച്ചു നടന്നാൽ അത് യോഗമാവില്ല.

ഭക്ഷണകാര്യങ്ങൾ ഗീതയുടെ 17-ാം അധ്യായത്തിൽ 8, 10 ശ്ലോകങ്ങളിൽ വിവരിച്ചിട്ടുള്ളത് ഇതിനോടുചേർത്തു പഠിക്കുകയാണ് വേണ്ടത്. ഛാന്ദോഗ്യോപനിഷത്തിൽ **'അന്നമയം ഹി സൗമ്യ മന ആപോമയഃ പ്രാണഃ'** (6.5.4) എന്ന് പറഞ്ഞത് പ്രത്യേകം ശ്രദ്ധിച്ചുപഠിക്കണം. 'അന്നമയമാണ് മനസ്സ്, ജലമയമാണ് പ്രാണൻ' എന്നാണ് ഈ പ്രസ്താവനയുടെ അർഥം. അതിനാൽ ഉത്തമ ഉപാസകനായി ജീവിക്കാൻ

അന്നത്തെയും ജലത്തെയും ഉത്തമമായ രീതിയിൽ സേവിക്കാൻ കഴിയണം. ഒരു വ്യക്തിയുടെ മനോനില അറിയാൻ, അയാൾ കഴിക്കുന്ന ആഹാരത്തിലേക്ക് നോക്കിയാൽ മതിയെന്നാണ് ആചാര്യന്മാരുടെ അഭിപ്രായം. രാജസിക അന്നത്തോട് പ്രിയമുള്ളവന്റെ മനസ്സും ഇന്ദ്രിയങ്ങളും രാജസികവൃത്തിയിൽ ഏർപ്പെടുമ്പോഴായിരിക്കും സന്തോഷിക്കുക. മനസ്സ് ശുദ്ധവും സാത്ത്വികവുമായി ഇരിക്കാൻ ആഗ്രഹമുള്ളവർ സത്ത്വഗുണപ്രധാനമായ അന്നം സേവിക്കണം. അതുതന്നെ പരിമിതവും യോഗ്യവുമായ രീതിയിലാണ് ആഹരിക്കേണ്ടത്. അല്ലാതെ സാത്ത്വികമായതുകൊണ്ട് എത്രവേണമെങ്കിലും ആഹരിക്കാമെന്നും കരുതരുത്.

**18. യദാ വിനിയതം ചിത്തമാത്മന്യേവാവതിഷ്ഠതേ**
**നിഃസ്പൃഹഃ സർവകാമേഭ്യോ യുക്തഃ ഇത്യുച്യതേ തദാ.**

**19. യഥാ ദീപോ നിവാതസ്ഥോ നേങ്ഗതേ സോപമാ സ്മൃതാ**
**യോഗിനോ യതചിത്തസ്യ യുഞ്ജതോ യോഗമാത്മനഃ.**

**20. യത്രോപരമതേ ചിത്തം നിരുദ്ധം യോഗസേവയാ**
**യത്ര ചൈവാത്മനാത്മാനം പശ്യന്നാത്മനി തുഷ്യതി.**

*അർഥം: എപ്പോഴാണോ ചിത്തത്തിലെ വൃത്തികളെല്ലാം നിരോധിക്കപ്പെട്ട് അത് പരമാത്മാവിൽ സ്ഥിരമാക്കപ്പെടുന്നത്, അപ്പോൾ എല്ലാ ആഗ്രഹങ്ങളും ഇല്ലാതായിത്തീരുന്ന അവനെ യോഗയുക്തനെന്ന് വിളിക്കുന്നു. (18)*
*എങ്ങനെയാണോ കാറ്റില്ലാത്തിടത്ത് കത്തിച്ചുവെച്ച ദീപം ഉലയാതെ പ്രകാശിച്ചുകൊണ്ടിരിക്കുന്നത്, അതേപോലെത്തന്നെയാണ് യോഗയുക്തനായവന്റെ മനസ്സും. (19)*
*അഷ്ടാങ്ഗയോഗസാധനയാൽ നിരുദ്ധമാക്കപ്പെട്ട ചിത്തം പരമാത്മാവിൽ ഉറയ്ക്കുകയും ആത്മാനന്ദത്തിൽതന്നെ നിലനിൽക്കുകയും ചെയ്യും. (20)*

ഭാഷ്യം: ഈ മൂന്നു ശ്ലോകങ്ങളിൽ ചർച്ച ചെയ്ത കാര്യങ്ങൾ വ്യാസൻ യോഗഭാഷ്യത്തിൽ വിശദീകരിക്കുന്നുണ്ട്. '**പ്രസംഖ്യാനേ/പ്യകുസീദസ്യ സർവഥാ വിവേകഖ്യാതേഃ ധർമമേഘഃ സമാധിഃ**' (4.29) എന്ന് യോഗശാസ്ത്രം വിധിക്കുന്നു. പ്രസംഖ്യാനത്തിലും, വിരക്തനായ യോഗിക്ക് സർവവിധത്തിലും വിവേകഖ്യാതിയിൽനിന്ന് ധർമമേഘ സമാധിയുണ്ടാവുന്നുവെന്നാണ് ഇതിന്നർഥം. ഈ സൂത്രത്തിന് വ്യാസൻ എഴുതിയ വ്യാഖ്യാനം ഇവിടെ പ്രസക്തമാണ്. കാണുക:

'**യദാ/യം ബ്രാഹ്മണഃ പ്രസംഖ്യാനേ/പ്യകുസീദസ്തതോ/പി ന കിഞ്ചിത് പ്രാർഥയതേ. തത്രാപി വിരക്തസ്യ സർവഥാ വിവേകഖ്യാതിരേവ ഭവതി ഇതി സംസ്കാരബീജക്ഷയാന്നാസ്യ പ്രത്യയാന്തരാണ്യുത്പദ്യന്തേ. തദാസ്യ ധർമമേഘോ നാമ സമാധിർഭവതി**' എന്നാണ് വ്യാഖ്യാനം.

യോഗി രാഗരഹിതനായിത്തീരുമ്പോൾ അവൻ യാതൊന്നിലും കാമന പുലർത്തുന്നില്ല. ആ അവസരത്തിൽ, വിരക്തനായ അവന് സമസ്തപ്രകാരത്തിലും വിവേകഖ്യാതി ഉണ്ടാകുന്നു. സംസ്കാര ബീജക്ഷയം ഉണ്ടാവുന്നതിനാൽ ആ യോഗിക്ക് വിവേകഖ്യാതി യിൽനിന്നും ഭിന്നമായ ജ്ഞാനമുണ്ടാവുന്നില്ല. ഈ സമയം ആ യോഗി ധർമമേഘസമാധി പ്രാപിക്കുന്നു. ചിത്തവൃത്തികളുടെ നിരോധമായ യോഗം ഇവിടെ ലഭ്യമാകുന്നു.

21. **സുഖമാത്യന്തികം യത്തദ്ബുദ്ധിഗ്രാഹ്യമതീന്ദ്രിയമ്**
    **വേത്തി യത്ര ന ചൈവായം സ്ഥിതശ്ചലതി തത്ത്വതഃ.**

22. **യം ലബ്ധ്വാ ചാപരം ലാഭം മന്യതേ നാധികം തതഃ**
    **യസ്മിൻ സ്ഥിതോ ന ദുഃഖേന ഗുരുണാപി വിചാല്യതേ.**

23. **തം വിദ്യാദ് ദുഃഖസംയോഗവിയോഗം യോഗസംജ്ഞിതമ്**
    **സ നിശ്ചയേന യോക്തവ്യോ യോഗോ/നിർവിണ്ണചേതസാ.**

*അർഥം: ഇന്ദ്രിയങ്ങൾക്ക് അതീതവും, ഏകാഗ്രവും സൂക്ഷ്മവുമായ ബുദ്ധിയാൽ അനുഭവിക്കാൻ കഴിയുന്നതുമായ അനന്ത*

*സുഖത്തെ അനുഭവിച്ചറിയുന്ന തലത്തിലേക്ക് എത്തിച്ചേർന്ന യോഗി ഒരിക്കലും ആ തത്ത്വത്തിൽനിന്ന് പിന്നെ വ്യതിചലിക്കുകയില്ല. (21)*

*ഏതൊരു ആത്മസ്വരൂപം ദർശിച്ചുകഴിഞ്ഞാൽ മറ്റൊരു നേട്ടവും അതിനേക്കാൾ മെച്ചപ്പെട്ടതാണെന്ന് കരുതാൻ ഇടയില്ലയോ, ഏതൊരു ആത്മാനുഭവത്തിൽ കഴിഞ്ഞുകൂടുന്നവനാണോ, എത്ര വലിയ ലൗകിക ദുഃഖംകൊണ്ടും തളർന്നുപോകാൻ ഇടയില്ലാത്തത് അതാണ് യോഗം. (22)*

*ദുഃഖത്തിന്റെ ഉറവിടം എന്നന്നേക്കുമായി വിട്ടകലുന്ന, മേൽവിവരിച്ച അനുഭവത്തെ യോഗമെന്ന് പേരിട്ട് വിളിച്ചിരുന്നതായി അറിയുക. ആ യോഗം നിശ്ചിതമായ ലക്ഷ്യബോധത്തോടെ, ഒന്നുകൊണ്ടും മടുത്തുപോകാത്ത മനസ്സോടുകൂടി നേടേണ്ടതാണ്. (23)*

ഭാഷ്യം: ആത്മയോഗം സിദ്ധിച്ചുകഴിഞ്ഞശേഷമുള്ള, പുരുഷന്റെ അവസ്ഥാവിശേഷങ്ങളാണ് ഇവിടെ വർണിച്ചിരിക്കുന്നത്. ആത്യന്തികമായ സുഖം അപ്പോൾ അവനെത്തേടിവരുന്നു. ഇത് സാധാരണ മനുഷ്യർക്ക് ലഭിക്കുന്ന സുഖങ്ങളല്ല. അഭൗതികവും അനിർവചനീയവുമായ സുഖമാണത്. മനുഷ്യർക്ക് സ്വന്തം ഇന്ദ്രിയങ്ങളിൽനിന്നുള്ള അനുഭവങ്ങൾ മാത്രമേ ഉണ്ടാകുന്നുള്ളൂ. മധുരം നാക്കുകൊണ്ടും രൂപസൗന്ദര്യം കണ്ണുകൊണ്ടും മറ്റും മനുഷ്യനറിയുന്നു. എന്നാൽ ആത്മയോഗസിദ്ധി അങ്ങനെയല്ല. അത് അതീന്ദ്രിയസുഖമാണ് (ശ്ലോകം 21) എന്ന് ഭഗവാൻ പറയുന്നു. ഇന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന സുഖമല്ല അത്. ആ ആനന്ദത്തിലേക്ക് പ്രവേശിക്കാൻ ഇന്ദ്രിയങ്ങൾക്ക് കഴിയില്ല. മാത്രമല്ല ബുദ്ധികൊണ്ട് മാത്രമേ ഇത് ഗ്രഹിക്കാനാകൂവെന്നും പറയുന്നു. ആത്മാവിന്റെ സഹധർമചാരിണിയാണ് ബുദ്ധി. യോഗി അന്തർമുഖനാകുമ്പോൾ ബുദ്ധി ആത്മരതിയിൽ വന്നുചേരുന്നു. മാത്രമല്ല ഈ ആനന്ദം അനുഭവിക്കുന്ന യോഗി ഇതിനേക്കാൾ വലുതായി ഒന്നിനെയും കാണുന്നുമില്ല. ദുഃഖങ്ങളൊന്നും അവനെ സ്പർശിക്കുകയില്ല. അതിനാൽ ലക്ഷ്യബോധത്തോടെ, സ്ഥിരോത്സാഹചിത്തനായി അഭ്യസിച്ചാൽ

മാത്രമേ ഈ അവസ്ഥ നേടാനാകൂ. യോഗദർശനത്തിൽനിന്നുള്ള ഭാഗ ങ്ങൾതന്നെയാണ് ഭഗവാൻ ഗീതയുടെ ഈ ഭാഗത്തും വർണിക്കുന്നത്.

**അഭ്യാസവൈരാഗ്യാഭ്യാം തന്നിരോധഃ.** (യോഗദർശനം 1.12)

അഭ്യാസവും വൈരാഗ്യവും വഴിയാണ് നാം വൃത്തികളെ നിരോ ധിക്കുന്നത്. വിവേകം, വൈരാഗ്യം, അഭ്യാസം എന്നിവ വൃത്തിനിരോ ധത്തിന് അനിവാര്യസാധനങ്ങളാണ്. ഈശ്വരൻ-ജീവൻ-പ്രകൃതി എന്നി വയുടെ വ്യാവഹാരികജ്ഞാനമാണ് വിവേകം. വെറും ശാബ്ദിക ജ്ഞാനംകൊണ്ട് വിവേകസിദ്ധി കൈവരില്ല.

**തത്ര സ്ഥിതൗ യത്നോഽഭ്യാസഃ.** (യോഗദർശനം 1.13)

അഭ്യാസവൈരാഗ്യങ്ങളിൽ, ചിത്തത്തിന്റെ സ്ഥിതിക്കായി പ്രയത്നി ക്കുന്നതിനെ അഭ്യാസമെന്ന് പറയുന്നു. ചിത്തത്തിന്റെ ഏകാഗ്ര തയ്ക്കാണ് സ്ഥിതിയെന്ന് പറയുന്നത്. ആ സ്ഥിതി തുടർച്ചയായി കൊണ്ടുനടക്കുന്നതിനുള്ള പ്രയത്നമാണ് അഭ്യാസം. ഇത് എത്രകാലം ചെയ്യണമെന്നാണെങ്കിൽ, ആ അഭ്യാസം ദീർഘകാലം ഇടതടവില്ലാതെ സത്കരിച്ച് സേവിച്ചാൽ ദൃഢാവസ്ഥയിലെത്തുന്നുവെന്ന് പതഞ്ജലി ഉത്തരം നൽകുന്നു.[2] അശുഭവാസനകളുടെ വിത്തുകൾ കരിഞ്ഞുപോ കുന്നതുവരെ എന്നാണ് ദീർഘകാലം എന്നതുകൊണ്ട് മനസ്സിലാക്കേ ണ്ടത്. ഇടയ്ക്കുവെച്ച് നിർത്തിയാൽ വാസനകൾ അങ്കുരിച്ച് വീണ്ടും തടസ്സമുണ്ടാക്കും. എന്നാൽ ഇങ്ങനെ നിരന്തരം ചെയ്ത് പരവൈരാഗ്യം നേടിയാൽപ്പിന്നെ ഉണ്ടാകുന്ന അവസ്ഥ ഭഗവാൻ പതഞ്ജലി ഇവിടെ വർണിക്കുന്നുണ്ട്:

**തത്പരം പുരുഷഖ്യാതേർഗുണവൈതൃഷ്ണ്യമ്.**

(യോഗദർശനം 1.16)

ആത്മസ്വരൂപത്തിന്റെ പരിജ്ഞാനം സിദ്ധിച്ചുകഴിഞ്ഞാൽ സത്ത്വാദി ഗുണങ്ങളിൽ തൃഷ്ണയില്ലാതാവുന്നതാണ് പരവൈരാഗ്യം.

---

2. *സ തു ദീർഘകാലനൈരന്തര്യസത്കാരാസേവിതോ ദൃഢഭൂമിഃ*

(യോഗദർശനം 1.14)

23-ാം ശ്ലോകത്തിൽ 'ദുഃഖ'ത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് കാണാം. ആധിദൈവികവും ആധിഭൗതികവും ആധ്യാത്മികവുമായ ദുഃഖങ്ങളുടെ ആത്യന്തികനിവൃത്തിയാണ് മോക്ഷമെന്ന, കപിലമുനിയുടെ കാഴ്ചപ്പാടാണ് നാം ഇവിടെ കാണുന്നത്.

**ത്രിവിധദുഃഖാത്യന്തനിവൃത്തിരത്യന്തപുരുഷാർഥഃ**

(സാംഖ്യദർശനം 1.1) എന്ന കാപിലസൂത്രമാണ് ഈ കാഴ്ചപ്പാടിന്റെ ആധാരം.

**24. സങ്കല്പപ്രഭവാൻ കാമാംസ്ത്യക്ത്വാ സർവാനശേഷതഃ**
**മനസൈവേന്ദ്രിയഗ്രാമം വിനിയമ്യ സമന്തതഃ.**

**25. ശനൈഃ ശനൈരുപരമേദ് ബുദ്ധ്യാ ധൃതിഗൃഹീതയാ**
**ആത്മസംസ്ഥം മനഃ കൃത്വാ ന കിഞ്ചിദപി ചിന്തയേത്.**

**26. യതോ യതോ നിശ്ചരതി മനശ്ചഞ്ചലമസ്ഥിരമ്**
**തതസ്തതോ നിയമ്യൈതദാത്മന്യേവ വശം നയേത്.**

**27. പ്രശാന്തമനസം ഹ്യേനം യോഗിനം സുഖമുത്തമമ്**
**ഉപൈതി ശാന്തരജസം ബ്രഹ്മഭൂതമകല്മഷമ്.**

**28. യുഞ്ജന്നേവം സദാത്മാനം യോഗീ വിഗതകല്മഷഃ**
**സുഖേന ബ്രഹ്മസംസ്പർശമത്യന്തം സുഖമശ്നുതേ.**

*അർഥം: സങ്കല്പത്തിൽനിന്ന് ഉണ്ടാകുന്ന എല്ലാ കാമനകളെയും പുറന്തള്ളി, കർമ-ജ്ഞാനേന്ദ്രിയങ്ങളെ വശത്താക്കി, ധൈര്യം നിറഞ്ഞ ബുദ്ധിയോടെ, പതുക്കെപ്പതുക്കെ വിഷയങ്ങളിൽനിന്ന് അകന്നുമാറുക. മനസ്സിനെ ആത്മാവിൽ ഉറപ്പിച്ച് മറ്റൊരു ചിന്തയുമില്ലാതെ വർത്തിക്കണം. (24, 25) ചഞ്ചലവും അസ്ഥിരവുമായ മനസ്സ് എപ്പോഴൊക്കെ ബാഹ്യവിഷയങ്ങളിലേക്ക് വ്യതിചലിക്കാൻ തുടങ്ങുന്നുവോ അപ്പോഴൊക്കെ അതിനെ തടഞ്ഞുനിർത്തി ആത്മാവിൽതന്നെ ഉറപ്പിച്ചുനിർത്തുക. (26)*

*ഇങ്ങനെ ആരുടെ മനസ്സ് ശാന്തവും രജോഗുണരഹിതവും പാപരഹിതവും ആയിത്തീരുന്നുവോ ബ്രഹ്മസ്വരൂപം പ്രാപിച്ച ആ യോഗിക്ക് തീർച്ചയായും ഉത്തമസുഖങ്ങൾ ലഭിക്കുന്നു. (27)*

*ഈ രീതിയിൽ സദാ ആത്മയോഗാഭ്യാസം ചെയ്യുന്ന യോഗി പാപങ്ങളിൽനിന്ന് മുക്തനായി, ബ്രഹ്മസംയോഗ ത്താൽ അത്യന്തസുഖമായ ആനന്ദത്തെ കൈവരിക്കുന്നു. (28)*

ഭാഷ്യം: ഈ ശ്ലോകങ്ങളുടെ യഥാർഥസ്വരൂപം യോഗദർശനസംബന്ധി യാണെന്ന് നേരത്തെ വിവരിച്ചുകഴിഞ്ഞതാണ്. എടുത്തുപറയേണ്ട ഒരേ യൊരു കാര്യം 27-ാം ശ്ലോകത്തിൽ '**ശാന്തരജസം**' എന്ന ശബ്ദത്താൽ 'രജോഗുണരഹിതം' എന്നു പറഞ്ഞിരിക്കുന്നു. യോഗസിദ്ധിയുടെ സ്വരൂപം '**പ്രശാന്തമനഃ**' ആണെന്നും പ്രത്യേകം നമ്മെ ഭഗവാൻ ഓർമി പ്പിക്കുന്നു. ഗീതയുടെ ഹൃദയമാണ് ഇവിടെ ഒറ്റ വാക്കിൽ പറയുന്നത്. ഗീതയിൽ പലയിടത്തായി രജോഗുണത്തെ സംബന്ധിച്ച് പറയുന്ന കാര്യ ങ്ങളെ നമുക്കൊന്നു നോക്കാം.

**രജസോ ലോഭ ഏവ ച (ഗീത 14.17)**

**രജസസ്തു ഫലം ദുഃഖമ് (ഗീത 14.16)**

**കാമ ഏഷ ക്രോധ ഏഷ രജോഗുണസമുദ്ഭവഃ മഹാശനോ മഹാപാപ്മാ വിദ്ധ്യേനമിഹ വൈരിണമ് (ഗീത 3.37)**

എന്നൊക്കെ പറഞ്ഞതു കാണാം.

'രജോഗുണത്താൽ ലോഭവും ദുഃഖവും ഉണ്ടാകുന്നു. കാമവും ക്രോധവും രജോഗുണത്തിൽനിന്ന് ഉണ്ടാവുന്നതാണ്. ഇതിന്റെ പ്രഭാ വത്താൽ വലിയ ഭോഗികളും പാപം ചെയ്യുന്നവരുമായിത്തീരുന്നു. അവർ മനുഷ്യരുടെ വൈരികളാണ്.' ഇങ്ങനെ രജോഗുണം പാപമുണ്ടാ ക്കുന്നുവെന്ന് ഭഗവാൻ അഭിപ്രായപ്പെടുന്നു. ബ്രഹ്മജ്ഞാനി അത്തരക്കാ രനല്ലെന്ന് ഒന്നുകൂടി ഉറപ്പിക്കുന്നുണ്ടിവിടെ.

അതേപോലെ മനസ്സിന്റെ അസ്ഥിരതയെ സംബന്ധിച്ചുള്ള കാര്യങ്ങളെ വിവരിക്കുന്നതിലൂടെ തീർത്തും ഋഗ്വേദത്തിലെ മന്ത്രങ്ങൾ നൽകുന്ന നിർദ്ദേശങ്ങളിലേക്ക് വിരൽചൂണ്ടുകയാണ് ഭഗവാൻ ചെയ്യുന്നത്. തുടർന്നുള്ള ശ്ലോകങ്ങളിലൊക്കെ മനസ്സിനെ അടക്കുന്നതിനെക്കുറിച്ച് വിവരിക്കുന്നുണ്ട്. ഋഗ്വേദത്തിലെ ഈ ഒരു സൂക്തത്തിന്റെ ദേവത 'മനഃ' ആണ്.

**യത്തേ യമം വൈവസ്വതം മനോ ജഗാമ ദൂരകമ് (1)**
**യത്തേ ദിവം യത്പൃഥിവീം മനോ ജഗാമ ദൂരകമ് (2)**
**യത്തേ ഭൂമിം ചതുർഭൃഷ്ടിം മനോ ജഗാമ ദൂരകമ് (3)**
**യത്തേ ചതസ്രഃ പ്രദിശോ മനോ ജഗാമ ദൂരകമ് (4)**
**യത്തേ സമുദ്രമർണവം മനോ ജഗാമ ദൂരകമ് (5)**
**യത്തേ മരീചീഃ പ്രവതോ മനോ ജഗാമ ദൂരകമ് (6)**
**യത്തേ അപോ യദോഷധീർമനോ ജഗാമ ദൂരകമ് (7)**
**യത്തേ സൂര്യം യദുഷസം മനോ ജഗാമ ദൂരകമ് (8)**
**യത്തേ പർവതാന് ബൃഹതോ മനോ ജഗാമ ദൂരകമ് (9)**
**യത്തേ വിശ്വമിദം ജഗന്മനോ ജഗാമ ദൂരകമ് (10)**
**യത്തേ പരാഃ പരാവതോ മനോ ജഗാമ ദൂരകമ് (11)**
**യത്തേ ഭൂതം ച ഭവ്യം ച മനോ ജഗാമ ദൂരകമ്**
**തത്ത ആ വർതയാമസീഹ ക്ഷയായ ജീവസേ. (12)**

(ഋഗ്വേദം 10.58)

അർഥം: 'സാധകന്മാർ ഏറെ പണിപ്പെട്ട് പ്രയത്നിച്ചിട്ടും മനസ്സിനെ സംയമം ചെയ്യാൻ കഴിയുന്നില്ല. അത് ദൂരദൂരദേശങ്ങളിലേക്ക് ഓടിപ്പോവുകയാണ്. ചിലപ്പോൾ സ്വർഗത്തിൽ, ചിലപ്പോൾ ഭൂമിയിൽ, ചിലപ്പോൾ നാലുപാടും, സമുദ്രത്തിലും, മഹാസാഗരങ്ങളിലും, കിരണങ്ങളിലും, വെള്ളത്തിലും, ഓഷധികളിലും, വനസ്പതികളിലും, സൂര്യനിലും, ഉഷസ്സിലും, പർവതങ്ങളിലുമെല്ലാം മനസ്സ് കറങ്ങിനടക്കുന്നു. ചിലപ്പോൾ പ്രപഞ്ചത്തിൽ ദൂരദേശങ്ങളിൽ, ചിലപ്പോൾ ഭൂതകാലങ്ങളിലേക്ക് എന്നിങ്ങനെ മനസ്സ് ഓടിപ്പോകുന്നു. ചിലപ്പോൾ അത് ഭാവികാലത്തേക്ക് ഓടിച്ചെല്ലുന്നു. ആ മനസ്സിനെ അടക്കുന്നതിന് ഇവയിൽനിന്നെല്ലാം അതിനെ

പിൻവലിച്ച് ആത്മാവിൽ സ്ഥിരപ്പെടുത്തുകയാണ് ഞാൻ.' അങ്ങനെ അന്നത്തിൽനിന്നും വികസിച്ചുവരുന്ന മനസ്സിനെ എങ്ങനെ നാം അടക്കിവെയ്ക്കണമെന്ന് ഗീതയും നമ്മെ ഉപദേശിക്കുന്നു.

28-ാം ശ്ലോകത്തിൽ '**ബ്രഹ്മസ്പർശ**'ത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. പരബ്രഹ്മത്തോടുള്ള സംബന്ധംകൊണ്ട് ഉണ്ടാകുന്ന സുഖം യോഗി അനുഭവിക്കുന്നു. ഇവിടെ ദ്വൈതഭാവം സ്പഷ്ടമാകുന്നു. ജീവാത്മാവ് സ്വയം സുഖസ്വരൂപനല്ലെന്നും എന്നാൽ ബ്രഹ്മാനന്ദം ലഭിക്കുമ്പോൾ മാത്രം ആനന്ദം ലഭിക്കുന്നുവെന്നും ഇവിടെ പറയുന്നു. തൈത്തിരീയോപനിഷത്തിൽ '**രസം ഹ്യേവായം ലബ്ധ്വാനന്ദീ ഭവതി**' (2.7) എന്ന് പറഞ്ഞതുപോലെയാണിത്. 'ബ്രഹ്മത്തിന്റെ ആ ആനന്ദം ദർശിച്ചിട്ട് ആ ജീവൻ ആനന്ദമുള്ളവനെന്ന് പറയുന്നതുപോലെ' എന്നർഥം. 'ബ്രഹ്മസ്പർശ'ശബ്ദത്തിലൂടെ ബ്രഹ്മവും ജീവനും ഒന്നല്ലെന്നും രണ്ടും രണ്ടുതന്നെയാണെന്നും ഗീതതന്നെ വ്യക്തമാക്കുകയാണിവിടെ. അഥവാ അവ രണ്ടും ഒന്നാണെന്ന് ഗീതാകാരന് അഭിപ്രായമുണ്ടായിരുന്നെങ്കിൽ '**ബ്രഹ്മസ്പർശം**' എന്ന് ഈ ശ്ലോകത്തിൽ ഉപയോഗിക്കുമായിരുന്നില്ല. ഇതിനു തൊട്ടുമുൻപുള്ള '**സുഖേന**' എന്ന ശബ്ദത്തിന്റെ അർഥം അറിയണമെന്നുണ്ടെങ്കിൽ സമാധിയിൽ കടന്നുവരുന്ന അന്തരായങ്ങൾ അഥവാ വിഘ്നങ്ങൾ എന്താണെന്നറിയണം. വ്യാധി, സ്ത്യാനം, സംശയം, പ്രമാദം, ആലസ്യം, അവിരതി, ഭ്രാന്തിദർശനം, അലബ്ധഭൂമികത്വം, അനവസ്ഥിതത്വം എന്നിങ്ങനെ നവവിധത്തിലുള്ള വിക്ഷേപങ്ങൾ ചിത്തത്തെ ബാധിക്കാം. ഇത് സമാധിക്ക് വിഘ്നമായി വരികയും ചെയ്യും.[3]

**വ്യാധി:** ശരീരസ്ഥമായ ധാതുക്കളുടെ ന്യൂനാധിക്യങ്ങൾകൊണ്ട് വരുന്ന ജ്വരം തുടങ്ങിയ രോഗങ്ങൾ.

**സ്ത്യാനം:** കർമത്തിൽ ചിത്തത്തെ ചേർക്കാൻ കഴിയാതെവരിക. ഗുരുക്കന്മാർ പഠിപ്പിച്ചതുകൊണ്ടും ഇത്തരം ശിഷ്യന്മാർക്ക് പ്രയോജനമില്ല.

---

3. യോഗദർശനം 1.30 വ്യാസഭാഷ്യവും ഭോജവൃത്തിയും പഠിക്കുക.

**സംശയം:** അതോ ശരി ഇതോ ശരിയെന്ന അവസ്ഥ.

**പ്രമാദം:** സമാധിക്കുള്ള സാധനങ്ങളെല്ലാം ഉണ്ടായിട്ടും അനുഷ്ഠിക്കാതിരിക്കൽ.

**ആലസം:** ശരീരം, ചിത്തം എന്നിവയ്ക്ക് ഭാരംതോന്നി അഭ്യാസങ്ങളനുഷ്ഠിക്കാതിരിക്കൽ.

**ഭ്രാന്തിദർശനം:** ജഡത്തെ ചേതനമായും ചേതനത്തെ ജഡമായും കാണുക.

**അവിരതി:** വിരക്തിയില്ലായ്മ - വിഷയഭോഗങ്ങളിൽ അഭിരുചി.

**അലബ്ധഭൂമികത്വം:** സമാധിപ്രാപ്തി ഉണ്ടാകാതിരിക്കുന്നതാണിത്.

**അനവസ്ഥിതത്വം:** സമാധി ലഭിച്ചാലും സ്ഥിരമായി ലഭിക്കാതിരിക്കുക.

ഈ വിഘ്നങ്ങളെ ഇല്ലാതാക്കി പ്രയാസമന്യേ യോഗി ബ്രഹ്മാനന്ദം അനുഭവിക്കുന്നു എന്നതാണ് 'സുഖേന' ശബ്ദത്താൽ ഭഗവാൻ വിവക്ഷിക്കുന്നത്. ഈ വിഘ്നങ്ങളെ ഇല്ലാതാക്കാൻ **'തത് പ്രതിഷേധാർഥമേകതത്ത്വാഭ്യാസഃ'** (യോഗദർശനം 1.32) - നിരന്തരം ഏകതത്ത്വമായ (മറ്റ് വസ്തുക്കളുടെ കലർപ്പില്ലാത്ത) ഈശ്വരനെ ഉപാസിക്കണം.

ഏകതത്ത്വമെന്നാൽ പരമാത്മാവെന്ന് അർഥമെടുക്കണം. 'ഗീത'യിൽ തന്നെ **'ഓം തത്സദിതി നിർദേശോ ബ്രഹ്മണസ്ത്രിവിധഃ സ്മൃതഃ'** (ഗീത 17.23) 'ഓം തത് സത്' ഇങ്ങനെ ബ്രഹ്മത്തിന്റെ നാമങ്ങൾ മൂന്നുവിധമെന്ന് പറയപ്പെട്ടിരിക്കുന്നു. ഇങ്ങനെ തത്ത്വം ഒന്നെന്നറിഞ്ഞ് നിരന്തരം അഭ്യാസം ചെയ്യുമ്പോൾ ജിജ്ഞാസുവിന് ബ്രഹ്മാനന്ദം ലഭിക്കുന്നു. ഈ ബ്രഹ്മാനന്ദം കണ്ടിട്ട് ആ യോഗി പരമാത്മാവിനെ വ്യാപ്യവ്യാപകഭാവത്തിൽ സർവത്ര ദർശിക്കുന്നു.

**29. സർവഭൂതസ്ഥമാത്മാനം സർവഭൂതാനി ചാത്മനി**
**ഈക്ഷതേ യോഗയുക്താത്മാ സർവത്ര സമദർശനഃ.**

**30. യോ മാം പശ്യതി സർവത്ര സർവം ച മയി പശ്യതി**
**തസ്യാഹം ന പ്രണശ്യാമി സ ച മേ ന പ്രണശ്യതി.**

*അർഥം: നേരത്തെ പറഞ്ഞ പ്രകാരം എല്ലാറ്റിനെയും സമദൃഷ്ടിയോടെ നോക്കിക്കാണുന്ന യോഗയുക്താത്മാവ്, സർവവ്യാപകനായ പരമാത്മാവിനെ സർവഭൂതങ്ങളിലും സ്ഥിതമായിട്ടുള്ളവനെന്നും, സർവഭൂതങ്ങളെയും ആ പരമാത്മാവിൽ സ്ഥിരമായിട്ടുള്ളവയെന്നും ഈക്ഷണം ചെയ്യുന്നു. (29)*

*ഏതൊരാൾ എല്ലായിടത്തും എന്നെക്കാണുന്നുവോ, അതേപോലെ എല്ലാത്തിനെയും എന്നിൽക്കാണുന്നുവോ അവന്റെ ദൃഷ്ടിയിൽ ഞാൻ ഇല്ലാതാകുന്നില്ല. എന്നാൽ എന്നെ സംബന്ധിച്ചാകട്ടെ, അവനും ഇല്ലാതാകുന്നില്ല! (30)*

ഭാഷ്യം: 29-ാം ശ്ലോകത്തിലെ, **'സർവത്ര സമദർശനഃ'** എന്നതിന്- ബ്രഹ്മം മുതൽ പശുപക്ഷി പര്യന്തമുള്ള എല്ലാത്തിലും ബ്രഹ്മ-ജീവ-ഐക്യം കാണുക എന്ന് ചിലരെങ്കിലും അർഥം കല്പിച്ചുകാണാറുണ്ട്. അത്തരമൊരു ആശയം ഗീതയിൽതന്നെയില്ല. അങ്ങനെയായിരുന്നുവെങ്കിൽ **'യോഽയം യോഗസ്ത്വയാ പ്രോക്തഃ സാമ്യേന മധുസൂദനഃ'** (ഗീത 6.33) എന്നു പറയുമായിരുന്നില്ല.- 'ഹേ മധുസൂദനാ, അങ്ങ് സമത്വലക്ഷണയുക്തമായ യോഗത്തെക്കുറിച്ച് പറഞ്ഞു' എന്നർഥം. അതായത് ഇവിടെ പ്രകരണം യോഗമാണ്. **'സർവത്ര സമദർശനഃ'** എന്നു പറഞ്ഞതിന്റെ അർഥം മനസ്സിലാവണമെങ്കിൽ അതിനു തൊട്ടുമുൻപുള്ള **'യോഗയുക്താത്മാ'** എന്ന പദത്തിന്റെ അർഥം മനസ്സിലാവണം. അതാകട്ടെ മുൻപുള്ള പല ശ്ലോകങ്ങളിലായി വിവരിച്ചതുമാണ്.

**'യുക്ത ഇത്യുച്യതേ യോഗീ സമലോഷ്ടാശ്മ കാഞ്ചനഃ'** (ഗീത 6.8)

**'സാധുഷ്വപി ച പാപേഷു സമബുദ്ധിർവിശിഷ്യതേ.'** (ഗീത 6.9)
**സമം കായശിരോഗ്രീവം....... യുക്ത ആസീത മത്പരഃ** (ഗീത 6.13, 14)
**നിഃസ്പൃഹ സർവകാമേഭ്യഃ യുക്തഃ ഇത്യുച്യതേ തദാ.** (ഗീത 6.18)

മൺകട്ട, കല്ല്, സ്വർണം എല്ലാറ്റിനെയും സമമായി കാണുക. സജ്ജനങ്ങൾ, പാപികൾ എന്നിവരെ സമമായി കാണുക, ശരീരം, തല, കഴുത്ത്

എന്നിവയെ സമമായി നിർത്തി (6.13ൽ പറയും പ്രകാരം) യോഗം ചെയ്യുക. ആ യുക്തന്റെ എല്ലാ ആഗ്രഹങ്ങളും ഇല്ലാതായി, ചിത്തം ആത്മാവിൽ സ്ഥിരമായിരിക്കുന്നു.

ഇവിടെയെല്ലാം യോഗയുക്തന്റെ സമത്വയോഗത്തെക്കുറിച്ചാണ് പറയുന്നത്. അതിനാൽതന്നെ ബ്രഹ്മ-ജീവ-ഐക്യത്തെയല്ല ഇവിടെ 'സമദർശന'ത്താൽ അർഥമാക്കേണ്ടത്.

എല്ലാ വസ്തുക്കളും പരമാത്മാവ് വ്യാപിക്കപ്പെട്ട ഇടങ്ങളാണ്. സമ്പൂർണബ്രഹ്മാണ്ഡവും പരമേശ്വരനിലാണ് നിലകൊള്ളുന്നത്. അതായത് വ്യാപ്യ-വ്യാപകഭാവമാണ് ഈ ശ്ലോകങ്ങളിൽ ഭഗവാൻ വർണിക്കുന്നത്.

ഭഗവദ്ഗീതയിൽ അനേകം ഇടങ്ങളിൽ ഞാൻ, എന്നെ, എന്നിൽ എന്നെല്ലാം ഭഗവാൻ പറയുന്നുണ്ട്. ഇവിടെ പറയുന്ന 'ഞാൻ' പരമാത്മാവിനെക്കുറിക്കുന്നതാണെന്നും നമുക്ക് പ്രതീതി ജനിക്കുന്നുണ്ട്. ഇവിടെ വലിയൊരു സാങ്കേതികപ്രശ്നം ഉണ്ടായിവരും. പരമാത്മാവ് സർവവ്യാപിയാണെന്ന് വേദാദിശാസ്ത്രങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. സർവവ്യാപിയാകയാൽ ശരീരം പരമാത്മാവിന് ഉണ്ടാവുകയുമില്ല. അപ്പോൾ സർവവ്യാപിയായ പരമാത്മാവ് ശരീരം സ്വീകരിക്കുമെന്നോ, അത് ജനിക്കുമെന്നോ ഒക്കെയുള്ള കണക്കുകൂട്ടൽ വേദാദിശാസ്ത്രങ്ങൾ പഠിച്ചവർക്ക് സാധ്യവുമല്ല. യോഗികളായ ജീവന്മുക്തരുടെ ജനനവിശേഷങ്ങളാണ് ശ്രീകൃഷ്ണാദികളിൽ നാം കാണുന്നതെന്ന് ശ്രുതിപ്രമാണം ചൂണ്ടിക്കാട്ടിക്കൊണ്ട് നേരത്തെ സ്ഥാപിച്ചതാണ്. അപ്പോൾപിന്നെ 'ഞാൻ,' 'എന്നിൽ', എന്നിത്യാദി പദങ്ങൾ ഗീതയിൽ ശ്രീകൃഷ്ണൻ പരമാത്മഭാവത്തെ പ്രസ്ഫുടീകരിക്കാൻ ഉപയോഗിക്കുന്നത് എന്തുകൊണ്ടാണെന്ന ചോദ്യം ജിജ്ഞാസുക്കളിൽ വന്നേക്കാം.

നമുക്ക് മഹാഭാരതത്തിലേക്ക് പ്രവേശിക്കാം. ഗീത ആ മഹദ്ഗ്രന്ഥത്തിന്റെ ഭാഗമാണല്ലോ. മഹാഭാരതയുദ്ധാനന്തരം അർജുനൻ ശ്രീകൃഷ്ണനോട് ഗീത ഒന്നുകൂടി ഉപദേശിക്കാൻ ആവശ്യപ്പെടുന്നുണ്ട്. അപ്പോൾ ശ്രീകൃഷ്ണൻ പറയുന്ന മറുപടി ഒരിക്കൽകൂടി ഉദ്ധരിക്കാം.

**നൂനമശ്രദ്ധാനോ/സി ദുര്‍മേധാന്യസി പാണ്ഡവ**
**ന ച ശക്യം പുനര്‍വക്തുമശേഷേണ ധനഞ്ജയ**
**സ ഹി ധര്‍മഃ സുപര്യാപ്തോബ്രഹ്മണഃ പദവേദനേ**
**ന ശക്യം തന്മയാഭൂയസ്ഥതാ വക്തുമശേഷതഃ**
**പരം ഹി ബ്രഹ്മകഥിതം യോഗയുക്തേന തന്മയാ**
**ഇതിഹാസം തു വക്ഷ്യാമി തസ്മിന്നര്‍ഥേ പുരാതനമ്**

(മഹാഭാരതം, അശ്വമേധികാപര്‍വം 26-11, 12, 13 ശ്ലോകങ്ങള്‍)

അര്‍ഥം: ഹേ പാണ്ഡുനന്ദന! തീര്‍ച്ചയായും നീ ശ്രദ്ധാഹീനനും മന്ദ മതിയുമാണ്. ഹേ അര്‍ജുനാ! ഇപ്പോള്‍ എനിക്ക് ഒരു കാരണവശാലും ആ ഗീത ഉപദേശിക്കാന്‍ കഴിയില്ല. ഗീതയില്‍ വര്‍ണിച്ചിരിക്കുന്ന ആ ധര്‍മം ബ്രഹ്മപദം നേടുന്നതിനു സാമര്‍ഥ്യമുള്ളതാണ്. ആ ധര്‍മത്തിന്റെ മുഴുവന്‍ ഭാഗങ്ങളും അതേ രൂപത്തില്‍ പറയുവാന്‍ എനിക്കിനി കഴിയി ല്ല. ഞാന്‍ ആ സമയത്ത് യോഗയുക്തനായി പരമാത്മപ്രാപ്തിയെക്കു റിച്ച് വര്‍ണിക്കുകയായിരുന്നു. അതു പറയാന്‍ ഞാനൊരു പ്രാചീനച രിത്രത്തെ വര്‍ണിക്കുകയായിരുന്നു!

അതായത് ഇവിടെ, ഉപാസനയുടെ ദിവ്യലോകങ്ങളെക്കുറിച്ചും അതിന്റെ ഫലങ്ങളെക്കുറിച്ചും പറയുന്ന ഭഗവാന്‍ അല്പാല്പമായി യോഗയുക്തനാകുന്ന അപൂര്‍വദൃശ്യമാണ് കാണുന്നത്. ഈ തന്മയീ ഭാവം വേദമന്ത്രങ്ങളിലും ചിലപ്പോള്‍ പ്രകടിപ്പിക്കപ്പെടാറുണ്ട്. വേദങ്ങ ളുടെ ഉള്ളറിഞ്ഞ വ്യാസന്‍ (വേദവ്യാസന്‍) വൈദികശൈലിയെ പിന്തു ടരുകയാണിവിടെ.[4] അതിലൂടെ അദ്ദേഹം അവതരിപ്പിക്കുന്നതാകട്ടെ യോഗദര്‍ശനത്തിന്റെ ക്രമത്തിലുള്ള വ്യാഖ്യാനവും.

കഴിഞ്ഞ ശ്ലോകങ്ങള്‍ നമുക്കൊന്നു വിശകലനം ചെയ്യാം. 24, 25, 26 ശ്ലോകങ്ങളില്‍ പ്രത്യാഹാരത്തെക്കുറിച്ചായിരുന്നു ചര്‍ച്ച ചെയ്തത്. 29-ാം ശ്ലോകത്തില്‍ ആറാമത്തെ യോഗാംഗമായ ധാരണയാണ് വിഷയം. ധാര ണയുടെ പ്രയോഗം രണ്ടു വിധത്തിലാണുള്ളത്. ആദ്യത്തേത് ഈശ്വ രന്റെ സ്തുതി, പ്രാര്‍ഥന, ഉപാസന എന്നിവയ്ക്കുവേണ്ടിയാണ്. രണ്ടാ

4. ഋഗ്വേദം 4-26.1, 2, 3 മന്ത്രങ്ങള്‍ കാണുമ്പോള്‍ ഇത് വ്യക്തമാകും.

മത്തേത് മറ്റേതെങ്കിലും പദാർഥത്തിന്റെ സ്വരൂപപജ്ഞാനം നേടുന്നതിനുവേണ്ടിയും. ഇവിടെ വിഷയം ആദ്യത്തേതാണ്. ധാരണ എന്താണെന്ന് യോഗദർശനത്തിൽ പറയുന്നത് കാണുക:

**ദേശബന്ധശ്ചിത്തസ്യ ധാരണാ** (യോഗദർശനം 3.1)

ചിത്തത്തെ ഏതെങ്കിലും ദേശവിശേഷത്തിൽ ബന്ധിക്കുന്നതാണ് ധാരണ.

ഈ സൂത്രത്തിന്റെ വ്യാസഭാഷ്യത്തിൽ പറയുന്ന **'നാസികാഗ്രേ'** (നാസികാഗ്രത്തിൽ) എന്നതുതന്നെയാണ് ഗീതാശ്ലോകം 13ൽ **'നാസികാഗ്രം സംപ്രേക്ഷ്യ'** എന്നതിലൂടെ ഭഗവാൻ വ്യാസൻ പറയുന്നത്. അതായത് ഈശ്വരനെ ധ്യാനിക്കുന്നതിനായി സ്വശരീരത്തിലെ, നാസികാഗ്രം തുടങ്ങിയ ദേശങ്ങളിൽ ആദ്യം ചിത്തത്തെ സ്ഥിരമാക്കുന്നു. ശേഷം ഈശ്വരനെ ധ്യാനിക്കുന്നു. എന്നാൽ യോഗത്തിന്റെ ഉച്ചാവസ്ഥയിൽ അത്തരം ആലംബനങ്ങൾ കൂടാതെതന്നെ നേരിട്ട് ഈശ്വരനിൽ ചിത്തത്തെ സ്ഥിരമാക്കാൻ കഴിയുന്നു. ഇതിനായി യോഗദർശനത്തിൽ[5] പറയുന്ന പരവൈരാഗ്യത്തെ നേടേണ്ടതുണ്ട്. അപ്പോൾ യോഗിക്ക് സത്ത്വരജസ്തമസാകുന്ന പ്രാകൃതികഗുണങ്ങളിൽ പൂർണമായും വിതൃഷ്ണ ഉണ്ടാകുന്നു. മുൻപറഞ്ഞ പ്രകാരം മൺകട്ടയിലും കല്ലിലും സ്വർണത്തിലും യോഗി തുല്യത ദർശിക്കുന്നു. (ഗീത 6.8) സത്ത്വഗുണപ്രധാനിയായ സാധുവിനെയും തമോഗുണപ്രധാനിയായ പാപിയെയും അയാൾ സമബുദ്ധിയോടെ കാണുന്നു. (ഗീത 6.9) അങ്ങനെയുള്ള സമദർശിത്വത്തോടുകൂടിയ യോഗയുക്താത്മാവാകട്ടെ നിരാലംബനായി നേരിട്ട് പരമാത്മാവിൽ ചിത്തത്തെ ധാരണ ചെയ്യുന്നു.

**തത്ര പ്രത്യയൈകതാനതാ ധ്യാനമ്.** (യോഗദർശനം 3.2)

'ആ ധാരണാവിഷയകപ്രദേശത്തിൽ ധ്യേയരൂപിയായ, ആലംബനത്തോടുകൂടിയ ജ്ഞാനത്തിന്റെ ഏകരൂപതാ (ഒരേപോലെയുള്ള പ്രവാഹം) അതായത് മറ്റൊരു ജ്ഞാനത്താൽ, അമിശ്രിതമായ ജ്ഞാന

5. യോഗദർശനം 1.16 കാണുക.

പ്രവാഹമാണ് ധ്യാനം' എന്ന് വ്യാസൻ ഈ സൂത്രത്തെ വിശദീകരിക്കുന്നു.

അതായത് ഒരു വസ്തു എങ്ങനെയാണോ അങ്ങനെതന്നെ അറിഞ്ഞുകൊണ്ട് ധ്യാനിക്കേണ്ടതുണ്ട്. ഈശ്വരൻ സർവവ്യാപിയായതിനാൽ അവനെ അങ്ങനെതന്നെ മനസ്സിലാക്കിക്കൊണ്ട് ധ്യാനിക്കണം. അല്ലാതെ, രൂപം കല്പിച്ചുകൊണ്ട് ധ്യാനിക്കുമ്പോൾ വിപരീതജ്ഞാനമാണുണ്ടാകുന്നത്. അതിനാൽ ഈശ്വരധ്യാനത്തിനു മുൻപായി വേദാദി ശബ്ദപ്രമാണങ്ങളിൽനിന്നും ഈശ്വരന്റെ ഗുണകർമസ്വഭാവത്തെ ആദ്യം യോഗി അറിഞ്ഞിരിക്കേണ്ടതുണ്ട്. 29-ാം ശ്ലോകത്താൽ ഭഗവാൻ ശ്രീകൃഷ്ണൻ വിശദീകരിക്കുന്നത് ഇതാണ്. '**ആത്മാനം സർവഭൂതസ്ഥം**'- അതായത് ആ ഈശ്വരനാണ് എല്ലാ ഭൂതങ്ങളിലും സ്ഥിതനായിട്ടുള്ളത്. വേദങ്ങളിൽ വിവരിക്കുന്ന, ഈശ്വരന്റെ 'വിഭുത്വം' അഥവാ വ്യാപകത്വമാണിവിടെ പറയുന്നത്.(6) ഈശ്വരനും മറ്റു പ്രാണികളും ഒന്നാണെങ്കിലോ അല്ലെങ്കിൽ മറ്റുള്ളവ മിഥ്യയാണെങ്കിലോ ഒന്നും ഈ വിഭുത്വം സാധ്യമല്ല. അത് വ്യക്തമാക്കാനായാണ് ഭഗവാൻ ഇവിടെ '**സർവഭൂതസ്ഥം**' അഥവാ സകലഭൂതങ്ങളിലും 'സ്ഥിതി ചെയ്യുന്നു' എന്നുതന്നെ പറഞ്ഞിരിക്കുന്നത്. ശേഷം ഭഗവാൻ പറയുന്നത് '**സർവഭൂതാനി ച ആത്മനി**' എന്നാണ്. എല്ലാ ഭൂതങ്ങളും അവനിലും സ്ഥിതമായിരിക്കുന്നു എന്നു പറയുമ്പോൾ ഈശ്വരന്റെ പ്രഭുത്വവും പ്രകടമാകുന്നു. സമ്പൂർണ ജഗത്തും മിഥ്യയാണെങ്കിൽപിന്നെ ഈശ്വരൻ മിഥ്യയുടെ പ്രഭു അഥവാ 'മിഥ്യാപ്രഭു'വായിപ്പോകും. എന്നാൽ യജുർവേദം പറയുന്നത് ഇക്കാണുന്നതെല്ലാം നിശ്ചയമായും പ്രജാപതിയായ ഈശ്വരന്റെ ധനമാണെന്നാണ്.(7)

'എന്നെ', 'എന്നിൽ' എന്ന് പ്രയോഗിക്കാതെ 'ആത്മാനം', 'ആത്മനി' എന്നിങ്ങനെ ഈ ശ്ലോകത്തിൽ (6.29ൽ) പ്രയോഗിക്കാൻ കാരണം ഈശ്വരന്റെ 'അധിഷ്ഠാതൃത്വം' എന്ന സ്വഭാവത്തെക്കുറിച്ചുള്ള ജ്ഞാനം

6. വിഭു പ്രജാസു -യജുർവേദം 32.8
7. കസ്യ സ്വിദ്ധനം-യജുർവേദം 40.1

യോഗിയിൽ ഉറപ്പിക്കുവാൻവേണ്ടിയാണ്. ബ്രഹ്മമല്ലാത്തതെല്ലാം മിഥ്യ യാണെങ്കിൽ ഈശ്വരൻ പിന്നെ എന്തിന്റെ അധിഷ്ഠാതാവാണ്?

ഇങ്ങനെ, വേദാനുസാരം യോഗി 'ഈക്ഷിക്കുന്നു' (**"ഈക്ഷതേ"**-ഗീത 6.29). എന്താണ് ഈ 'ഈക്ഷണം'കൊണ്ടർഥമാക്കുന്നത്?

നവീന വേദാന്തികൾ പറയുംപ്രകാരം ബ്രഹ്മം മായയ്ക്ക് അടിമ പ്പെടില്ല. കാരണം ഈശ്വരൻ സർവജ്ഞാനിയാണ്. അവന്, അല്ലെങ്കിൽ അവന്റെതന്നെ ഒരു ഭാഗത്തിന് അജ്ഞാനം വന്നുഭവിക്കുകയില്ല. അവി ദ്യാദി ക്ലേശങ്ങൾക്കും അപ്പുറത്താണ് ഈശ്വരന്റെ സ്ഥിതിയെന്ന് യോഗ ദർശനം പറയുന്നു.[8] ഈശ്വരൻ നിത്യശുദ്ധനും പാപം സ്പർശിക്കാ ത്തവനുമാണെന്ന് യജുർവേദവും പറയുന്നു.[9]

അങ്ങനെയിരിക്കുന്ന ഈശ്വരൻ 'മിഥ്യയല്ലാത്ത' ജഗത്തിനെ സൃഷ്ടി ക്കുന്നതിനെക്കുറിച്ച് ഐതരേയോപനിഷത്തിൽ വർണിക്കുന്നുണ്ട്.

**'സ ഈക്ഷത ലോകാന്നു സൃജാ ഇതി.'**

(ഐതരേയോപനിഷത്ത് 1.1)

അർഥം: 'ഈശ്വരൻ ഈക്ഷിച്ചു, ലോകങ്ങളെ സൃഷ്ടിക്കാമെന്ന്.'

അവിദ്യ, രാഗം തുടങ്ങിയ പഞ്ചക്ലേശങ്ങൾക്കും ഉപരിയായി വർത്തി ക്കുന്ന ഈശ്വരൻ 'ഇച്ഛിച്ചു' എന്നു പറയുന്നതു ശരിയല്ല. കാരണം 'ഇച്ഛ' എന്ന പദം രാഗവുമായി ബന്ധപ്പെട്ടുകിടക്കുന്നു. അതിനാൽ അവിടെ 'ഈക്ഷണം' എന്നു ഋഷി പ്രയോഗിച്ചു. ഇവിടെ, പ്രസ്തുത ഗീതാശ്ലോ കത്തിൽ ഭഗവാൻ വ്യാസൻ ധ്യാനത്തെക്കുറിച്ച് വിശദീകരിക്കാൻ 'ഈക്ഷണം' എന്ന പദത്തെത്തന്നെ സ്വീകരിച്ചിരിക്കുന്നു. ഇതിന്റെ കാരണം മനസ്സിലാവണമെങ്കിൽ കപിലമുനിയുടെ സാംഖ്യദർശനം പഠിച്ചേ മതിയാവൂ. യോഗാംഗമായ ധ്യാനത്തെക്കുറിച്ച് കപിലമുനി പറ ഞ്ഞതു കാണുക:

**രാഗോപഹതിര്ധ്യാനമ്.** (സാംഖ്യദർശനം 3.30)

---

8. *ക്ലേശകർമവിപാകാശയൈരപരാമൃഷ്ടഃ പുരുഷ വിശേഷ ഈശ്വരഃ* (യോഗദർശനം 1.24.)

9. ശുദ്ധമപാപവിദ്ധം (യജുർവേദം 40.8)

അർഥം: 'രാഗത്തെ തടഞ്ഞുനിർത്തലാണ് ധ്യാനം'.

രാഗരാഹിത്യത്തെക്കുറിക്കാൻ ശ്രുതിയിൽ ഉപയോഗിച്ച അതേ പദംതന്നെ ധ്യാനസങ്കല്പത്തെക്കുറിച്ചു വിവരിക്കാൻ വ്യാസമഹർഷി ഉപയോഗിച്ചതിനു കാരണം ഇപ്പോൾ മനസ്സിലായിക്കാണും. ഇപ്രകാരം 29-ാം ശ്ലോകത്തിൽ ഭഗവാൻ പറയുംപ്രകാരം ശബ്ദപ്രമാണത്തിലൂടെ വ്യാപക-വ്യാപ്യബന്ധത്തെക്കുറിച്ചുള്ള ധാരണ നേടാതെ ഈശ്വരനെ ധ്യാനിക്കാൻ പുറപ്പെട്ടാൽ ധ്യാനം സഫലമാവില്ല. അവർക്ക് ഈശ്വര സ്വരൂപം ദർശിക്കാനാവില്ല.

തുടർന്നുവരുന്ന ശ്ലോകത്തിൽ (6.30ൽ) ആദ്യം ശ്രീകൃഷ്ണൻ ധ്യാനാവസ്ഥയെ വിവരിക്കുന്നു. **'യോ മാം പശ്യതി സർവത്ര'** - ഇവിടത്തെ 'പശ്യതി' എന്ന ശബ്ദം വ്യക്തമാക്കുന്നത് കാണുന്നവനും, കാണപ്പെടുന്ന വസ്തുവും, കാണുക എന്ന ക്രിയയും ഉണ്ടെന്നാണ്. അതായത് ധ്യാനത്തിൽ ധ്യാനിക്കുന്നവന്റെയും ധ്യേയവസ്തുവിന്റെയും ധ്യാനമെന്ന ക്രിയയുടെയും സ്വരൂപം പ്രകടാവസ്ഥയിൽതന്നെ ആയിരിക്കും. എന്നാൽ ശേഷമെന്ത് സംഭവിക്കും?

ധ്യാനത്തിന്റെ വിശേഷാവസ്ഥയായ സമാധിയെക്കുറിച്ച് വ്യാസമഹർഷിതന്നെ പറഞ്ഞിട്ടുള്ളത് യോഗദർശനത്തിന്റെ വ്യാസഭാഷ്യത്തിൽനിന്നും പകർത്തിയെഴുതാം.

**'ധ്യാനമേവ ധ്യേയാകാരനിർഭാസം**
**പ്രത്യയാത്മകേന സ്വരൂപേണ ശൂന്യമിവ**
**യദാ ഭവതി ധ്യേയസ്വഭാവാവേശാത്തദാ സമാധിരിത്യുച്യതേ.'**

(യോഗദർശനം വ്യാസഭാഷ്യം 3.3)

അർഥം: ധ്യേയാകാരത്തിൽ നിർഭാസിതമായിരിക്കുന്ന ധ്യാനത്തിൽ, ധ്യേയവസ്തുവിന്റെ സ്വഭാവത്തെ പ്രാപ്തമാകുന്ന കാരണത്താൽ, എപ്പോഴാണോ ധ്യാനിക്കുന്നവന്റെതന്നെ സ്വരൂപം ശൂന്യമാകുന്ന പ്രതീതി ഉണ്ടാകുന്നത് അപ്പോൾ, ആ അവസ്ഥയെ സമാധി എന്നു പറയുന്നു.

ചുമരിൽ തൂക്കിയിട്ടിരിക്കുന്ന ഘടികാരത്തിൽ സമയം നോക്കാറുള്ള നമുക്ക് സമയമല്ലാതെ, ചുമരിനെയോ ചുറ്റുമുള്ള വസ്തുക്കളെയോ ഘടികാരത്തിന്റെതന്നെ രൂപത്തെയോകുറിച്ചുള്ള അവബോധമില്ലാതാകുന്നത് നിത്യ അനുഭവമാണ്. എന്നാൽ നോക്കുന്ന തന്റെപോലും സ്വരൂപമില്ലാതായിപ്പോകുന്ന അവസ്ഥയെയാണ് സമാധി എന്ന് പതഞ്ജലിമഹർഷിയും വ്യാസമഹർഷിയുമെല്ലാം വിശേഷിപ്പിച്ചത്. ഇപ്രകാരം ഈശ്വരധ്യാനത്തിൽ സമാധി കൈവരുമ്പോൾ ഈശ്വരനല്ലാതെ മറ്റെല്ലാത്തിന്റെയും സ്വരൂപം ശൂന്യമായതായി യോഗി അനുഭവിക്കുന്നു. എന്നാൽ യഥാർഥത്തിൽ സ്വരൂപം നശിക്കുന്നില്ല. ഇതു വ്യക്തമാക്കാനാണ് വ്യാസൻ **'സ്വരൂപേണ ശൂന്യം ഇവ'** എന്നുതന്നെ എഴുതിയത്. 'ഇവ' എന്നാൽ 'അതുപോലെ' എന്നർഥം. അതായത് ആ സ്വരൂപശൂന്യത അവിടെ യാഥാർഥ്യമല്ല. സൂര്യന്റെ പ്രഭയിൽ വിളക്കിന്റെ വെളിച്ചം വെളിച്ചമല്ലാതാകുന്നതുപോലെയുള്ള പ്രതീതി മാത്രമാണിത്. സമാധിയിലെ ആ സ്വരൂപശൂന്യതയെക്കുറിച്ച് യോഗഭാഷ്യത്തിലെഴുതിയ അതേ വ്യാസൻതന്നെ ഗീതാശ്ലോകത്തിലും അത് പറയുന്നു. കാണുക:

**'തസ്യ അഹം ന പ്രണശ്യാമി സ ച മേ ന പ്രണശ്യതി'** (ഗീത 6.30)

അതായത് സമാധിയിൽ പ്രവേശിച്ച യോഗിക്ക് ധ്യേയവസ്തുവായ ഈശ്വരൻ സ്വരൂപനാശം ഇല്ലാത്തവനായിത്തന്നെ നിലനിൽക്കുന്നു. അഥവാ നശിക്കുന്നത് തന്റെ സ്വരൂപമാണ്. എന്നാൽ സർവജ്ഞനായ പരമേശ്വരനെ സംബന്ധിച്ച്, പരമാത്മദൃഷ്ടിയിൽ, യോഗിയെ സംബന്ധിച്ച് നശിച്ചു എന്ന പ്രതീതിയുളവാക്കിയ ആ ജീവാത്മസ്വരൂപം നശിക്കുന്നില്ല. അതായത് അപ്പോഴും പരമാത്മാവിനെപ്പോലെതന്നെ ജീവാത്മാവും നശിക്കാതെ നിലനിൽക്കുന്നുണ്ട് എന്നർഥം. യോഗാഭ്യാസം തുടങ്ങുന്നവന് ഈ ഒരറിവ് ആദ്യമേതന്നെ ഉണ്ടായിരിക്കണം. ഈശ്വരകൃതമെന്ന് വ്യാസൻതന്നെ മഹാഭാരതത്തിൽ[10] സൂചിപ്പിച്ച വേദങ്ങളിൽനിന്നും യഥാർഥ സ്വരൂപജ്ഞാനത്തെ അവൻ അറിഞ്ഞിരിക്കണം.

10. മഹാഭാരതം 12.232.24

എങ്കിൽ മാത്രമേ സംപ്രജ്ഞാതസമാധി കൈവരൂ. അനാദിയായ മൂന്നു തത്ത്വങ്ങളെക്കുറിച്ച് വിവരിക്കുന്ന ഒരു ഋഗ്വേദമന്ത്രം കാണൂ.

**ദ്വാ സുപർണാ സയുജാ സഖായാ**
**സമാനം വൃക്ഷം പരി ഷസ്വജാതേ.**
**തയോരന്യഃ പിപ്പലം സ്വാദ്വത്ത്യ-**
**നശ്നന്നന്യോ അഭി ചാകശീതി.** (ഋഗ്വേദം 1.164.20)

അർഥം: 'രണ്ടു പക്ഷികൾ (ജീവാത്മാവും പരമാത്മാവും) ഒരേ വൃക്ഷത്തിൽ ഇരിക്കുന്നു. അതിലൊന്ന് (ജീവാത്മാവ്) പ്രകൃതിയാകുന്ന വൃക്ഷത്തിന്റെ ഫലത്തെ സ്വാദിഷ്ടമെന്നുകണ്ട് തിന്നുന്നു. രണ്ടാമത്തെ പക്ഷി യാകട്ടെ (പരമാത്മാവ്) ഫലം തിന്നാതെ അത് നോക്കിക്കൊണ്ടിരിക്കുന്നു.'

ഇപ്രകാരം വേദങ്ങൾ ശരിയാംവണ്ണം സ്വാധ്യായം ചെയ്ത് ഈശ്വരൻ, പ്രകൃതി, ജീവാത്മാവ് എന്നീ മൂന്നു പദാർഥങ്ങളുടെ സ്വരൂപത്തെക്കുറിച്ചുള്ള ജ്ഞാനം ഗ്രഹിക്കണം. ശേഷമേ ധാരണ, ധ്യാനം, സമാധി എന്നിവയിലേക്കു കടക്കാവൂ. അതിനാലാണ് യോഗാംഗത്തിൽ രണ്ടാമത്തെ അംഗമായ നിയമത്തിൽതന്നെ സ്വാധ്യായത്തെ പതഞ്ജലിമുനി ഉൾപ്പെടുത്തിയത്.

യഥാർഥത്തിൽ യജുർവേദത്തിന്റെ 40-ാം അധ്യായമായ ഈശാവാസ്യോപനിഷത്തിനെ വ്യാഖ്യാനിക്കുക മാത്രമാണിവിടെ ശ്രീകൃഷ്ണൻ ചെയ്തത്. ഈശാവാസ്യം തുടങ്ങുന്നതുതന്നെ നേരത്തെ വിവരിച്ച വ്യാപ്യ-വ്യാപകബന്ധത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണ്. കാണുക:

**'ഈശാവാസ്യമിദം സർവം യത്കിഞ്ച ജഗത്യാം ജഗത്.'**
(യജുർവേദം 40.1)

മന്ത്രത്തിൽ പറയുന്നത് ഗീത 6.29ൽ പറയുംപ്രകാരം സർവവ്യാപകനായി ഈശ്വരനെ ഈക്ഷണം ചെയ്യാനാണ് അഥവാ സങ്കല്പിക്കാനാണ്. കാരണം യോഗസൂത്രപ്രകാരം വസ്തു എങ്ങനെയിരിക്കുന്നുവോ അങ്ങനെതന്നെവേണം ധ്യാനിക്കുവാൻ. ഇവിടെ 'വാസ്യം' എന്നാണ്

പ്രയോഗിച്ചിരിക്കുന്നത്. '**വസ് നിവാസേ**' എന്ന അർഥമെടുത്തുകൊണ്ട് ഈശ്വരൻ ഈ ജഗത്തിലെ ഓരോ അണുവിലും അന്തര്യാമിയായി വസിക്കുന്നു എന്നു മനസ്സിലാക്കണം. '**വസ് ആച്ഛാദനേ**' എന്ന അർഥമെടുത്തുകൊണ്ട് ഈശ്വരൻ ഈ സമ്പൂർണജഗത്തിനെയും ആച്ഛാദനം ചെയ്യുന്നു എന്നും മനസ്സിലാക്കണം. ഈ രണ്ട് അർഥങ്ങളുടെയും പ്രതിധ്വനിയാണ് ഗീതയിൽ 'ആത്മാവ് സകലഭൂതങ്ങളിലും, സകലഭൂതങ്ങളും ആത്മാവിലും' എന്നു പറഞ്ഞതിലൂടെ വ്യക്തമാകുന്നത്. ഈശാവാസ്യത്തിൽതന്നെ ആ ധ്യാനാവസ്ഥയിലെത്തിയ യോഗിയെക്കുറിച്ചു പറയുന്നു.

**'യസ്തു സർവാണി ഭൂതാന്യാത്മന്നേവാനു പശ്യതി.**
**സർവഭൂതേഷു ചാത്മാനം.'** (യജുർവേദം 40.6)

ഇതിനു സമാനമായാണ് ഗീതയിൽ "**യോ മാം പശ്യതി സർവത്ര സർവം ച മയി പശ്യതി**" (ഗീത 6.30) എന്നു പറഞ്ഞത്. തുടർന്ന് യജുർവേദം 40.7ൽ ധ്യാനത്തിന്റെ വിശേഷാവസ്ഥയെ വിവരിക്കുന്നു. അവന് സർവവും ബ്രഹ്മമായിത്തീരുന്നു അഥവാ വ്യാസമഹർഷി പറഞ്ഞപോലെ മറ്റെല്ലാം സ്വരൂപശൂന്യമായപോലെ അനുഭവം ഉണ്ടാകുന്നു. ഇതുതന്നെയാണ് ഗീതയിലും പറഞ്ഞത്. എന്നാൽ, "നിനക്കു ഞാൻ നശിക്കുന്നില്ല. ആ നീയും എനിക്കു നശിക്കുന്നില്ല" എന്നതിനെ ശ്രീ ശങ്കരാചാര്യർ വ്യാഖ്യാനിച്ചതിങ്ങനെയാണ്:

**'തസ്യ ച മമ ച ഏകാത്മകത്വാത്'**

കാരണം അവനും ഞാനും ഒന്നുതന്നെയാകുന്നു.

(ഭഗവദ്ഗീത 6.30 ശാങ്കരഭാഷ്യം)

'എനിക്ക് നീയും നിനക്ക് ഞാനും ഉണ്ട്' എന്നു പറയുന്നതിൽനിന്നുതന്നെ "രണ്ടും ഉണ്ട്" അഥവാ "രണ്ടും ഒന്നായിട്ടില്ല" എന്ന അർഥമാണ് ഭഗവാൻ വ്യാസൻ ഉദ്ദേശിച്ചത്. അധ്യായം ധ്യാനയോഗമായതിനാൽതന്നെ യോഗദർശനത്തെ ആശ്രയിച്ചുവേണം ഇവിടെ അർഥത്തെ

നിർണയിക്കാൻ. യോഗഭാഷ്യത്തിൽ വ്യാസൻതന്നെ വിവരിക്കുന്ന ധ്യാനാവസ്ഥയുടെ വിവരണങ്ങൾ പഠിക്കുമ്പോഴേ ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്നത് യോഗത്തെക്കുറിച്ചാണെന്നും അതു പറയുന്നതാകട്ടെ സമാധിഭാഷയിലാണെന്നും അതിനാലാണ് പരമാത്മസ്വരൂപത്തിൽനിന്നുമുതിരുന്ന വാക്കുകൾക്കു സമാനമായി അത് ഭവിക്കുന്നത് എന്നെല്ലാം മനസ്സിലാകൂ.

31. **സർവഭൂതസ്ഥിതം യോ മാം ഭജത്യേകത്വമാസ്ഥിതഃ**
**സർവഥാ വർതമാനോഽപി സ യോഗീ മയി വർതതേ.**

32. **ആത്മൗപമ്യേന സർവത്ര സമം പശ്യതി യോഽർജുന**
**സുഖം വാ യദി വാ ദുഃഖം സ യോഗീ പരമോ മതഃ.**

*അർഥം: ധ്യാനത്തെ ആശ്രയിച്ച് ഏതൊരാൾ സർവഭൂതങ്ങളിലും സ്ഥിതനായ എന്നെ ഭജിക്കുന്നുവോ, ആ യോഗി ഏതു പ്രകാരം വർത്തിച്ചാലും എന്നിൽതന്നെ വർത്തിക്കുന്നു. (31) (കാരണം) സർവവ്യാപകനായ പരമാത്മസ്വരൂപത്തെ അനുഭവിച്ചറിഞ്ഞ ആ യോഗിയെ സംബന്ധിച്ച് ഐഹികസുഖങ്ങളും ദുഃഖങ്ങളുമെല്ലാം ഒരേപോലിരിക്കുന്നു. അത് എന്റെ അഭിപ്രായത്തിൽ പരമമായ യോഗാവസ്ഥയുടെ ലക്ഷണമാണ്. (32)*

ഭാഷ്യം: ഇവിടെയും, 'ഏകത്വ'മെന്നതിനെ ജീവ-ബ്രഹ്മ-ഐക്യം എന്നു ചിലർ വ്യാഖ്യാനിച്ചു കാണുന്നുണ്ട്. സമാധിയെക്കുറിച്ച് ഈശാവാസ്യത്തിൽ പറഞ്ഞ അതേ കാര്യംതന്നെയാണ് ഭഗവാനിവിടെ സൂചിപ്പിക്കുന്നത്.

**'തത്ര കോ മോഹഃ കഃ ശോകഃ ഏകത്വമനുപശ്യതഃ'** (യജുർവേദം 40.7)

ഇതിനു സമാനമായി ഭഗവാൻ **'സമം പശ്യതി യോർജുന സുഖം വാ യദി വാ ദുഃഖം'** എന്നിങ്ങനെ പറഞ്ഞുവെന്നു മാത്രം.

യഥാർഥത്തിൽ വേദമന്ത്രങ്ങളെ വ്യാഖ്യാനിക്കുകയാണ് ഭഗവാൻ ശ്രീകൃഷ്ണൻ ചെയ്യുന്നത്. ഒട്ടേറെ പേർ ഈശാവാസ്യോപനിഷത്തിലെ

ഈ മന്ത്രങ്ങൾക്ക് അദ്വൈതത്തിന്റെ പരിപ്രേക്ഷ്യം നൽകിയിട്ടുണ്ട്. എന്നാൽ ധ്യാനയോഗമെന്ന അധ്യായത്തിൽ ഇതിന്റെ വ്യാഖ്യാനത്തെ ഉൾപ്പെടുത്തിക്കൊണ്ട് ഭഗവാൻ വ്യാസൻ പ്രഖ്യാപിക്കുകയാണ്- ഇവിടെ വിഷയം ധ്യാനമാണ്. അതിനാൽ യോഗദർശനത്തെ അടിസ്ഥാനമാക്കി വേണം അർഥത്തെ ഗ്രഹിക്കാൻ.

മാത്രമല്ല, ഇവിടത്തെ '**സർഭൂതസ്ഥിതം**' എന്ന പദം ശ്രദ്ധിക്കുക. സ്ഥിതി ചെയ്യണമെങ്കിൽ മറ്റൊന്നു തീർച്ചയായും വേണം. ഒരാൾക്ക് അയാളുടെതന്നെ പുറത്തു കയറാനാകില്ല. അതിനാൽതന്നെ ബ്രഹ്മം സത്യമെങ്കിൽ, അത് സ്ഥിതിചെയ്യുന്ന ജഗത്തും സത്യമാണ്. അവയെ കാണുന്ന ജീവാത്മാവും സത്യമാണ്.

**അർജുന ഉവാച:**

33. **യോऽയം യോഗസ്ത്വയാ പ്രോക്തഃ സാമ്യേന മധുസൂദന**
**ഏതസ്യാഹം ന പശ്യാമി ചഞ്ചലത്വാത് സ്ഥിതിം സ്ഥിരാമ്.**

34. **ചഞ്ചലം ഹി മനഃ കൃഷ്ണ പ്രമാഥി ബലവദ് ദൃഢമ്**
**തസ്യാഹം നിഗ്രഹം മന്യേ വായോരിവ സുദുഷ്കരമ്.**

*അർഥം: അർജുനൻ ചോദിച്ചു, ഹേ മധുസൂദനാ, അങ്ങ് ഇത്രയും നേരം സമത്വലക്ഷണയുക്തമായ യോഗത്തെക്കുറിച്ച് പറഞ്ഞു. എന്നാൽ ചഞ്ചലസ്വഭാവമുള്ള മനസ്സുകാരണം അധികകാലം ആ അവസ്ഥയിൽ ഉറച്ചുനിൽക്കാൻ കഴിയുമോയെന്ന് സംശയമാണ്. (33)*

*അല്ലയോ കൃഷ്ണാ! ഈ മനസ്സ് ഇന്ദ്രിയങ്ങളെ ഇളക്കിമറിക്കാൻ കെല്പുള്ളതും ദൃഢചഞ്ചലാവസ്ഥയിലുള്ളതുമാണ്. അതിനെ നിയന്ത്രിക്കുക എന്നത് കാറ്റിനെ പിടിച്ചുനിർത്തുന്നതുപോലെ അത്യന്തം ദുഷ്കരമാണ്. (34)*

ഭാഷ്യം: സ്വാഭാവികമായ സംശയമാണ് അർജുനന്റേത്. സമത്വമുണ്ടാകണമെന്നുംമറ്റും ശ്രീകൃഷ്ണൻ ഉപദേശിച്ചു. എന്നാൽ അല്പനേരത്തേക്കെങ്കിലും അതുണ്ടായാൽതന്നെ അത് സ്ഥിരമാക്കാൻ കഴിയുമോയെന്നാണ് അർജുനന്റെ ആശങ്ക. കാരണം മനസ്സ് ഇന്ദ്രിയങ്ങളുടെ വശ

ത്തിൽപ്പെട്ട് വഴിതെറ്റാൻ ഇടയുള്ളതാണ്. അതിന് വിഷയഭോഗങ്ങളിൽ ചെന്നുവീഴാൻ അത്രയേറെ താത്പര്യമുണ്ട്. അതിനാൽ മനസ്സിനെ പിടിച്ചുകെട്ടാൻ പറയുന്നത് കാറ്റിനെ പിടിച്ചുകെട്ടാൻ പറയുംപോലെ അസാധ്യമല്ലേയെന്ന് അർജുനൻ ഭഗവാനോട് ചോദിക്കുകയാണ്.

**ശ്രീഭഗവാൻ ഉവാച:**

**35. അസംശയം മഹാബാഹോ മനോ ദുർനിഗ്രഹം ചലമ്**
**അഭ്യാസേന തു കൗന്തേയ വൈരാഗ്യേണ ച ഗൃഹ്യതേ.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, ഹേ മഹാബാഹോ, അക്കാര്യത്തിൽ സംശയമില്ല. കീഴടങ്ങാൻ സമ്മതിക്കാത്ത, ചഞ്ചലമായ മനസ്സിനെ നിയന്ത്രിക്കുക പ്രയാസംതന്നെയാണ്. എന്നാൽ കൗന്തേയാ! അഭ്യാസം, വൈരാഗ്യം എന്നിവയാൽ അത് സാധിക്കും.*

ഭാഷ്യം: യോഗദർശനത്തിൽ പറഞ്ഞ അതേ അഭിപ്രായം ഭഗവാൻ എടുത്തുപറയുകയാണിവിടെ.

**അഭ്യാസവൈരാഗ്യാഭ്യാം തന്നിരോധഃ.** (യോഗദർശനം 1.12)

അതായത്, അഭ്യാസം, വൈരാഗ്യം എന്നിവകൊണ്ട് ചിത്തവൃത്തികളെ നിരോധിക്കാം.

എന്താണ് 'വൈരാഗ്യം' എന്നതുകൊണ്ട് ഗീതയിൽ ഉദ്ദേശിക്കുന്നതെന്നറിയാൻ യോഗദർശനം പഠിക്കണം. അവിടെ പറയുന്നു:

**ദൃഷ്ടാനുശ്രവികവിഷയവിതൃഷ്ണസ്യ**
**വശീകാരസംജ്ഞാ വൈരാഗ്യമ്.** (യോഗദർശനം 1.15)

അർഥം: ജ്ഞാനേന്ദ്രിയങ്ങളിലൂടെ അനുഭവിച്ച വിഷയങ്ങളെ ദൃഷ്ടം എന്ന് പറയുന്നു. ശാസ്ത്രങ്ങൾ, ആചാര്യോപദേശം എന്നിവയിലൂടെ അറിഞ്ഞതിനെ 'അനുശ്രവികം' എന്നും പറയുന്നു. ഈ രണ്ടുവിധത്തിലുള്ള വിഷയങ്ങളിൽനിന്ന് തൃഷ്ണാരഹിതനായി അകന്നുപോയ വ്യക്തിയുടെ വശീകാരാനുഭൂതിയാണ് വൈരാഗ്യം. ഈ സാഹചര്യ

ത്തിൽ ലൗകികസുഖം, സുഖസാധനങ്ങൾ, ദുഃഖം, ദുഃഖസാധനങ്ങൾ എന്നിവയോട് രാഗദ്വേഷങ്ങൾ ഉണ്ടാവുകയില്ല. സാംസാരികസുഖത്തിൽ നാലു വിധത്തിലുള്ള ദുഃഖാനുഭവങ്ങൾ ഉണ്ടായേ പറ്റൂ. ഓരോ ലൗകികസുഖത്തിലും പരിണാമദുഃഖം, താപദുഃഖം, സാംസ്കാരദുഃഖം, ഗുണവൃത്തിനിരോധദുഃഖം എന്നിവ കൂടിക്കലർന്നുകാണാം. സമസ്ത സാംസാരികസുഖത്തിലും വ്യക്തി ഈ ദുഃഖങ്ങൾ തുടർച്ചയായി അനുഭവിക്കുമ്പോൾ അയാൾക്ക് വൈരാഗ്യം ഉണ്ടാകുന്നു. മനസ്സിനെ അടക്കാൻ ഇത് കൂടിയേ കഴിയൂവെന്നാണ് ഭഗവാൻ ഇവിടെ പറഞ്ഞത്. കാരണം, വൈരാഗ്യഫലമായി ഈശ്വരോപാസനയിൽ രുചിയുണ്ടായിത്തീരും.

ചിത്തത്തെ സ്ഥിതിചെയ്യിക്കാൻ യത്നിക്കുന്നതിനെ അഭ്യാസം[11] എന്നു പറയുന്നു. ചിത്തത്തിന്റെ ഏകാഗ്രതയ്ക്കാണ് 'സ്ഥിതി' എന്നു പറയുന്നത്. ആ സ്ഥിതി തുടർച്ചയായി നിലനിർത്തുന്നതിന് ചെയ്യുന്ന പ്രയത്നമാണ് അഭ്യാസം. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം ഇവയ്ക്കെല്ലാം മനസ്സ്, വാക്ക്, കർമം എന്നിവയിലൂടെ ചെയ്യുന്ന പ്രയത്നമാണ് അഭ്യാസം. അർജുനൻ പറയുന്നത് മനസ്സിനെ വശത്താക്കാൻ പ്രയാസമാണെന്നാണ്. അങ്ങനെ തോന്നാമെങ്കിലും വിവേകം, വൈരാഗ്യം, അഭ്യാസം എന്നിവ ശരിക്ക് പ്രായോഗികമാക്കിയാൽ മനസ്സ് ക്രമേണ അധീനത്തിൽ വരുമെന്ന് ഭഗവാൻ പറയുകയാണിവിടെ. പതഞ്ജലിയുടെ മതമനുസരിച്ച് ദീർഘകാലം നിരന്തരം (ഇടതടവില്ലാതെ) സത്കരിച്ച് സേവിച്ചാൽ മാത്രമേ ഇത് ദൃഢാവസ്ഥയിലെത്തൂ.[12]

**36. അസംയതാത്മനാ യോഗോ ദുഷ്പ്രാപ ഇതി മേ മതിഃ**
**വശ്യാത്മനാ തു യതതാ ശക്യോऽവാപ്തുമുപായതഃ.**

*അർഥം: മനസ്സിനെ വശത്തിലാക്കാൻ കഴിയാത്തവന് യോഗം നേടുക കഠിനമായിരിക്കും. എന്നാൽ മനസ്സിനെ വശത്തി*

11. യോഗദർശനം 1.13
12. യോഗദർശനം 1.14

*ലാക്കി പ്രയത്നിക്കുന്നവനാകട്ടെ അനേകം ഉപായങ്ങളുടെ സഹായത്തോടെ ഈ യോഗം സിദ്ധമാകും. ഇതാണ് എന്റെ അഭിപ്രായം.*

**അർജുന ഉവാച:**

**37. അയതിഃ ശ്രദ്ധയോപേതോ യോഗാച്ചലിതമാനസഃ**
**അപ്രാപ്യ യോഗസംസിദ്ധിം കാം ഗതിം കൃഷ്ണ ഗച്ഛതി.**

**38. കച്ചിന്നോഭയവിഭ്രഷ്ടശ്ഛിന്നാഭ്രമിവ നശ്യതി**
**അപ്രതിഷ്ഠോ മഹാബാഹോ വിമൂഢോ ബ്രഹ്മണഃ പഥി.**

**39. ഏതന്മേ സംശയം കൃഷ്ണ ഛേത്തുമർഹസ്യശേഷതഃ**
**ത്വദന്യഃ സംശയസ്യാസ്യ ഛേത്താ ന ഹ്യുപപദ്യതേ.**

*അർഥം: അർജുനൻ ചോദിക്കുന്നു, ഹേ കൃഷ്ണാ! എന്നാൽ ശ്രദ്ധയുള്ളവനാണെങ്കിലും പ്രയത്നം പൂർണമാകാതെ, ചിത്തത്തെ പൂർണമായി നിയന്ത്രണത്തിൽ വരുത്താൻ കഴിയാത്തതിനാൽ യോഗത്തിൽനിന്ന് വ്യതിചലിച്ചവന് എന്ത് ഗതിയാണ് ലഭിക്കുക? (37)*

*അല്ലയോ മഹാബാഹോ! ബ്രഹ്മമാർഗത്തിൽനിന്ന് വ്യതിചലിച്ചവൻ ലൗകികജീവിതത്തിൽനിന്നും ആധ്യാത്മികജീവിതത്തിൽനിന്നും ഒരേപോലെ വഴുതിവീണ്, കാറ്റിൽപ്പെട്ട് ഛിന്നഭിന്നമാകുന്ന മഴക്കാറുപോലെ നശിച്ചുപോവുകയില്ലേ? (38)*

*ഹേ കൃഷ്ണാ! എന്റെ ഈ സംശയത്തെ നിശ്ശേഷം ഇല്ലാതാക്കാൻ അങ്ങേക്ക് മാത്രമേ കഴിയുകയുള്ളൂ. അങ്ങയെ ഉപേക്ഷിച്ചുകഴിഞ്ഞാൽ എന്റെ ഈ സംശയം ഇല്ലാതാക്കാൻ എനിക്ക് മറ്റാരെയും കിട്ടുകയില്ല. (39)*

യോഗഭ്രഷ്ടന്റെ സ്ഥിതി എന്താകുമെന്ന ആശങ്കയാണ് അർജുനൻ ഭഗവാനുമായി പങ്കുവെക്കുന്നത്. അതിന് ഭഗവാൻ നൽകുന്ന മറുപടി കാണുക:

**ശ്രീഭഗവാൻ ഉവാച:**

**40. പാർഥ നൈവേഹ നാമുത്ര വിനാശസ്തസ്യ വിദ്യതേ**
**ന ഹി കല്യാണകൃത് കശ്ചിദ് ദുർഗതിം താത ഗച്ഛതി.**

**41. പ്രാപ്യ പുണ്യകൃതാം ലോകാനുഷിത്വാ ശാശ്വതീഃ സമാഃ**
**ശുചീനാം ശ്രീമതാം ഗേഹേ യോഗഭ്രഷ്ടോഽഭിജായതേ.**

**42. അഥവാ യോഗിനാമേവ കുലേ ഭവതി ധീമതാമ്**
**ഏതദ്ധി ദുർലഭതരം ലോകേ ജന്മ യദീദൃശമ്.**

**43. തത്ര തം ബുദ്ധിസംയോഗം ലഭതേ പൗർവദേഹികമ്**
**യതതേ ച തതോ ഭൂയഃ സംസിദ്ധൗ കുരുനന്ദന.**

**44. പൂർവാഭ്യാസേന തേനൈവ ഹ്രിയതേ ഹ്യവശോഽപി സഃ**
**ജിജ്ഞാസുരപി യോഗസ്യ ശബ്ദബ്രഹ്മാതിവർതതേ.**

**45. പ്രയത്നാദ്യതമാനസ്തു യോഗീ സംശുദ്ധകില്ബിഷഃ**
**അനേകജന്മസംസിദ്ധസ്തതോ യാതി പരാം ഗതിമ്.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, ഹേ പാർഥ! യോഗമാർഗത്തിൽ ചലിക്കുന്നവന് ഇഹത്തിലോ പരത്തിലോ ഒരിക്കലും വിനാശം ഉണ്ടാവുകയില്ല. കാരണം ശുഭകർമങ്ങൾ ചെയ്യുന്നവന് ഒരിക്കലും ദുർഗതി ഉണ്ടാവുകയില്ല. (40)*
*യോഗഭ്രഷ്ടരായവർ പുണ്യപുരുഷന്മാരുടെ ലോകങ്ങളിൽ ചെന്നുചേർന്ന് ദീർഘകാലം അവിടെ വസിച്ചശേഷം ശുദ്ധ അന്തഃകരണവും ധർമാചരണവും കൊണ്ടുനടക്കുന്ന പുണ്യവാന്മാരുടെ വീടുകളിൽ ജന്മമെടുക്കുന്നു. (41)*
*അഥവാ ബുദ്ധിമാന്മാരായ യോഗികളുടെ കുലത്തിൽ ജന്മമെടുക്കുന്നു. ഇത്തരത്തിലുള്ള ജന്മങ്ങൾ പക്ഷേ വളരെ ദുർലഭങ്ങളാണ്. (42)*
*അല്ലയോ കുരുനന്ദനാ! ആ ജന്മത്തിൽ പൂർവജന്മത്തിലെ ബുദ്ധിസംസ്കാരങ്ങൾ ലഭിക്കുന്നു. അതിന്റെ സഹായ*

*ത്താൽ കൂടുതലായി സിദ്ധി പാനം ചെയ്യാൻ പ്രയത്നി ക്കുന്നു. (43)*
*യോഗികളുടെ കുലത്തിൽ ജനിക്കുന്നവർ പൂർവജന്മസം സ്കാരംമൂലം ഈ ജന്മത്തിൽ യോഗത്തെക്കുറിച്ച് അറി യാൻ ആഗ്രഹിച്ച് ശബ്ദബ്രഹ്മത്തെ അതിക്രമിക്കുന്നു. (44)*
*അവിടെനിന്നും യോഗി പ്രയത്നപൂർവം യോഗസാധന കൾകൊണ്ട് പാപങ്ങൾ ഇല്ലാതായി, പരിശുദ്ധനായി അനേക ജന്മങ്ങളാൽ സിദ്ധിനേടി ഏറ്റവും ഒടുവിൽ ഉത്ത മഗതിയെ നേടുകതന്നെ ചെയ്യുന്നു. (45)*

ഭാഷ്യം: ഭഗവാൻ എന്തൊരു ആവേശം ജനിപ്പിക്കുന്ന വാക്കാണ് പറ യുന്നതെന്ന് കാണുക: “ശുഭകർമങ്ങൾ ചെയ്യുന്നവന് ഒരിക്കലും നാശ മുണ്ടാവുകയില്ല” എന്ന പ്രസ്താവന വലിയ പ്രത്യാശയാണ് നമുക്ക് നൽകുന്നത്. ആധ്യാത്മിക വിഷയങ്ങൾ തുടങ്ങിവെക്കുന്ന അനേകം പേരുണ്ട്. അവരോട് നമ്മുടെ ആളുകൾ നൽകുന്ന തലതിരിഞ്ഞ ഉപദേ ശവും ഉണ്ട്. “വേണ്ടാത്തത് തുടങ്ങിവെയ്ക്കരുത്. ഇതൊന്നും മുന്നോട്ടു കൊണ്ടുപോകാനാവില്ല. പൂർവികർ ചെയ്ത ഇത്തരം കാര്യങ്ങൾകൊ ണ്ടാണ് നാം ഇപ്പോൾ ബുദ്ധിമുട്ടുന്നത്” എന്നിത്യാദി ജല്പനങ്ങളെല്ലാം ഭഗവാൻ ഒരു വാക്കുകൊണ്ട് ഇല്ലാതാക്കുകയാണിവിടെ. ഈശ്വരനി ല്ലാതെ ഈ സംസാരത്തിൽ ഒന്നും നേടാൻ കഴിയില്ലെന്ന് ഋഗ്വേദം പറ യുന്നു. **‘സഃ ധീനാം യോഗം ഇന്വതി’** (ഋഗ്വേദം 1.18.12) ആ ഈശ്വരന് സകലമനുഷ്യരുടെയും ബുദ്ധിയും കർമവും അറിയാം. ശുഭാശുഭ കർമമനുസരിച്ച് ഏവർക്കും ഈശ്വരൻ ന്യായരൂപേണ ഫലം നൽകു ന്നു. അങ്ങനെ സുകൃതങ്ങളുടെ ഫലം അവന് ജന്മജന്മാന്തരങ്ങളിൽ തുടർന്നു ലഭിക്കുമെന്ന് ഋഗ്വേദം പറയുന്നു. **‘സുകൃതേ മനവേ’** (ഋഗ്വേദം 1.31.4) സുകൃതികൾക്ക് വരുംജന്മങ്ങളിലും ഭക്തിവിശേഷത ലഭ്യമാകു മെന്നർഥം.

ഭഗവദ്ഗീത മുഴുക്കെ മുഴങ്ങുന്നത് ആ **‘ശബ്ദബ്രഹ്മ’**(ശ്ലോകം 44) മാകുന്ന വേദധ്വനികളാണെന്ന് മനസ്സിലാക്കാൻ ഈയൊരൊറ്റ പ്രസ്താ വന മതി. ഇനി അഥവാ യോഗത്തിനിടയിൽ വല്ല വീഴ്ചയും വന്നാലോ

എന്ന ചോദ്യത്തിന് അഥർവവേദം നൽകിയ ഉത്തരം കാണുക: **'സ്യോനമ് അവിദഃ ഭദ്രേ സുകൃതസ്യ ലോകേ അപി അഭൂഃ'** (അഥർവം 2.10.7). നീ പുണ്യലോകങ്ങളിൽച്ചെന്ന് ജന്മമെടുക്കുമെന്ന് സാരം. യജ്ഞ -യോഗാഭ്യാസങ്ങൾ മനുഷ്യൻ ചെയ്യുമ്പോൾ അത് അവനെ **'സുകൃതസ്യ ലോകം നയാതി'** (അഥർവം 6.120.1) - സുകൃതലോകത്തിലേക്ക് നയിക്കുന്നു. പുണ്യലോകങ്ങളിൽ ചെന്നിരുന്നു ഭുജിക്കുന്നു ജീവന്മാർ എന്ന് പൂന്താനം പറഞ്ഞതുമിതുതന്നെ. പൂർവജന്മത്തിലെ സംസ്കാരമനുസരിച്ച് ഈ ജന്മം വേദാദിശാസ്ത്രങ്ങളോട് അഭിരുചി ഉണ്ടാവുമെന്ന് സാമവേദം (മന്ത്രം 1501) പറയുന്നുണ്ട്. അവിടെ പൂർവജന്മത്തിൽ എന്നതിന് '**പ്രത്നേന ജന്മനാ**' എന്നാണ് ഉപയോഗിച്ചത്. ഒരു പ്രാവശ്യമെങ്കിലും, ശുഭകർമങ്ങളെന്തെങ്കിലും ചെയ്താൽ അതിന്റെ പുണ്യം ആർക്കും ലഭിക്കാതിരിക്കില്ല എന്നതാണ് ഈശ്വരന്റെ ന്യായവ്യവസ്ഥ. ഇക്കാര്യം വേദങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ വേദാദി ശാസ്ത്രപഠനങ്ങൾ ഇല്ലാതായതോടെ പഠിക്കുന്നതും ആചരിക്കുന്നതുംപോലും പാപമാണന്ന ചിന്ത നമ്മിൽ വന്നുകൂടി. ഈ വേദവിരുദ്ധമായ ചിന്ത ആചാരാനുഷ്ഠാനങ്ങൾ ചെയ്യാതിരിക്കാനുള്ള വിലക്കാക്കിപ്പോലും മാറ്റി. ആധുനികകാലത്തെ പലതരത്തിലുള്ള വിധിവിലക്കുകൾ വാസ്തവത്തിൽ വേദവിരുദ്ധമാണെന്നു കാണാൻ പ്രയാസമേയില്ല.

46. **തപസ്വിഭ്യോ//ധികോ യോഗീ ജ്ഞാനിഭ്യോ//പി മതോ//ധികഃ**
**കർമിഭ്യശ്ചാധികോ യോഗീ തസ്മാദ്യോഗീ ഭവാർജുന.**

*അർഥം: തപസ്വികളെക്കാളും ജ്ഞാനികളെക്കാളും ശ്രേഷ്ഠകർമങ്ങൾ ചെയ്യുന്നവരെക്കാളും ശ്രേഷ്ഠൻ യോഗിതന്നെയാണ്. അതിനാൽ ഹേ അർജുനാ നീ യോഗിയാകൂ.*

ഭാഷ്യം: 'യോഗി' എന്നാൽ യോഗാഭ്യാസി എന്നർഥം. നേരത്തെ കർമയോഗിയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഇവർ തമ്മിൽ അന്തരമില്ലെന്നും പറഞ്ഞുകഴിഞ്ഞു. സ്ഥിതപ്രജ്ഞനും നിഷ്കാമിയുമായ കർമയോഗിയാണത്. സംസാരത്തിൽ ലിപ്തനാകാതിരുന്ന് കർമം ചെയ്യുന്നവൻ. ബുദ്ധി നിർമലമാകുമ്പോൾ യോഗാഭ്യാസം തുടങ്ങാം. യോഗാ

ഭ്യാസിയുടെ ബുദ്ധിയുടെ ആത്യന്തികസ്ഥിതിയെ **'ഋതംഭരാ'** എന്ന് വിളിക്കുന്നു. നിർമലമായ ഋതംഭരാ-ബുദ്ധിയുള്ള ജീവാത്മാവിൽ പരമാത്മാവിന്റെ ദീപ്തി ലഭ്യമാക്കുവാൻ എളുപ്പമുണ്ട്. യോഗാഭ്യാസത്താൽ ഈ ദീപ്തി പ്രബലമായി ജീവാത്മാവ് സംസാരസാഗരത്തിൽനിന്ന് വിരക്തനായി മോക്ഷം നേടുന്നു. സാംസാരിക കാര്യങ്ങളിൽ ചെയ്യുന്ന പ്രവൃത്തിയെയാണ് ഇവിടെ 'തപസ്യ' എന്ന വാക്കുകൊണ്ട് ഉദ്ദേശിച്ചത്. സാംസാരിക പദാർഥങ്ങളുടെ ജ്ഞാനം നേടുന്നതിനെയാണ് ജ്ഞാനമെന്ന് ഭഗവാൻ ഇവിടെ പറയുന്നത്. സാംസാരികമായ ദാനദക്ഷിണാദി കർമങ്ങളാണ് 'കർമ'മെന്നതുകൊണ്ട് ഉദ്ദേശിച്ചത്. ഇത്തരക്കാരിൽനിന്നെല്ലാം യോഗി ശ്രേഷ്ഠനാണെന്ന വൈദികചിന്ത ഉയർത്തിപ്പിടിക്കുകയാണിവിടെ. വേദത്തിന്റെ ഉപാങ്ഗമാണല്ലോ യോഗദർശനം.

**47. യോഗിനാമപി സർവേഷാം മദ്ഗതേനാന്തരാത്മനാ**
**ശ്രദ്ധാവാൻ ഭജതേ യോ മാം സ മേ യുക്തതമോ മതഃ.**

*അർഥം: എല്ലാവിധത്തിലുമുള്ള യോഗികളിൽ ആരാണോ ശ്രദ്ധയോടുകൂടി, ദൃഢമായ ചിത്തത്തോടുകൂടി എന്നെ (ശ്രീകൃഷ്ണനെ) അനുകരിച്ചുകൊണ്ട് യോഗം ചെയ്യുന്നത്, എന്നെ നിരന്തരം പഠിച്ചുജീവിക്കുന്നത് ആ യോഗിശ്രേഷ്ഠൻ എന്റെ പ്രശംസയ്ക്ക് യോഗ്യനാണ്.*

ഭാഷ്യം: ഈ ശ്ലോകത്തിൽ 'മദ്ഗതേന' എന്നൊരു ശബ്ദം കാണാം. അതിന്റെ അർഥം 'എന്റെ കർമത്തിന് അനുകൂലമായ' എന്നാണ്. ഭഗവദ്ഗീതയിൽ 'മമ', 'മയി' എന്നിത്യാദി ശബ്ദങ്ങൾ പരമാത്മാവിനെക്കുറിക്കുന്ന രീതിയിലാണ് വന്നിട്ടുള്ളതെന്ന് നേരത്തേ പറഞ്ഞിരുന്നു. എന്നാൽ ഇവിടെ ആ അർഥം എടുത്തുകൂടാ. കാരണം പരമാത്മാവ് സാംസാരികലോകത്തെ പ്രാണികളെപ്പോലെ കർമങ്ങൾ ചെയ്യുന്നില്ല. അതിനാൽ 'മദ്ഗതേന' എന്നതിന് പരമാത്മാവിന്റെ കർമമെന്ന രീതിയിൽ അർഥമെടുത്താൽ യോഗാഭ്യാസം, കാമനകളുടെ ത്യാഗം തുടങ്ങിയവ പരമാത്മാവും ചെയ്യുമെന്ന അർഥം വന്നുകൂടും. നാലാം അധ്യായത്തിൽ ഗീതോപദേശകനായ ശ്രീകൃഷ്ണൻ, ഇക്ഷ്വാകു തുടങ്ങിയ

വർക്ക് താൻ ധർമമീമാംസ ചെയ്തതായി ഉപദേശിക്കുന്നുണ്ട്. അവിടെ അക്കാര്യം സൂചിപ്പിച്ചിട്ടുമുണ്ട്. ഇപ്രകാരം സാഹചര്യമനുസരിച്ച് അർഥമെടുക്കണമെന്നത് നാം ശ്രദ്ധിക്കേണ്ടതാണ്. സാംസാരികലോകത്തെ പ്രാണികളുടെ വ്യവഹാരത്തെക്കുറിച്ച് വർണിക്കുന്ന ഭാഗമാണിത്. അവിടെ അത്തരത്തിലൊരു സമാനവ്യവഹാരം പരമാത്മാവും ചെയ്യുമെന്ന് കരുതാൻ വയ്യല്ലോ.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു*
*ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ*
*ശ്രീകൃഷ്ണാർജുനസംവാദേ*
*ധ്യാനയോഗോ നാമ*
*ഷഷ്ഠോഽധ്യായഃ*

**ഇങ്ങനെ ആറാം അധ്യായം സമാപിച്ചു.**

# ഉപാസനാകാണ്ഡം



## അധ്യായം ഏഴ്

# ജ്ഞാനവിജ്ഞാനയോഗം

അഥ സപ്തമോ/ധ്യായഃ

# ജ്ഞാനവിജ്ഞാനയോഗം

**ശ്രീഭഗവാനുവാച:**

1. **മയ്യാസക്തമനാഃ പാർഥ യോഗം യുഞ്ജൻ മദാശ്രയഃ
അസംശയം സമഗ്രം മാം യഥാ ജ്ഞാസ്യസി തച്ഛൃണു.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, അല്ലയോ പാർഥാ, എന്നിൽ ആസക്തമായ മനസ്സോടുകൂടിയവനും, യോഗയുക്തനായി ഏകമാത്രനായ എന്നിൽ ആശ്രയം തേടിയവനുമായവന് നിസ്സംശയം സമ്പൂർണമായി എന്നെ എങ്ങനെ അറിയാൻ കഴിയുമെന്നു കേൾക്കൂ.*

2. **ജ്ഞാനം തേ/ഹം സവിജ്ഞാനമിദം വക്ഷ്യാമ്യശേഷതഃ
യത്ജ്ഞാത്വാ നേഹ ഭൂയോ/ന്യത് ജ്ഞാതവ്യമവശിഷ്യതേ.**

*അർഥം: ഞാൻ നിനക്കായി വിജ്ഞാനസഹിതം ഈയൊരു ജ്ഞാനത്തെ പൂർണരൂപത്തിൽ വർണിക്കാം. ഏതൊന്നിനെ അറിഞ്ഞാൽപിന്നെ ഈ ലോകത്ത് മറ്റൊന്നും അറിയാൻ യോഗ്യമായി അവശേഷിക്കുന്നില്ലയോ അതിനെക്കുറിച്ച് പറയാം. (ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി എന്നീ മൂന്നു തത്ത്വങ്ങളെക്കുറിച്ച് വർണിക്കുന്നതാണ് വിജ്ഞാനം.)*

3. **മനുഷ്യാണാം സഹസ്രേഷു കശ്ചിദ്യതതി സിദ്ധയേ**
**യതതാമപി സിദ്ധാനാം കശ്ചിന്മാം വേത്തി തത്ത്വതഃ.**

*അർഥം: ആയിരം മനുഷ്യരിൽ ഒരാളായിരിക്കാം ആ ജ്ഞാനത്തിനുവേണ്ടി പ്രയത്നിക്കുന്നത്. ഇങ്ങനെ യത്നിക്കുന്ന ജിജ്ഞാസുക്കളിൽ ഏതെങ്കിലും ഒരാൾക്കേ എന്റെ യഥാർഥരൂപമറിയുവാൻ കഴിയുന്നുള്ളൂ.*

4. **ഭൂമിരാപോഽനലോ വായുഃ ഖം മനോ ബുദ്ധിരേവ ച**
**അഹങ്കാര ഇതീയം മേ ഭിന്നാ പ്രകൃതിരഷ്ടധാ.**

*അർഥം: ഭൂമി, ജലം, അഗ്നി, വായു, ആകാശം, മനസ്സ്, ബുദ്ധി, അഹങ്കാരം എന്നിവയാണ് എന്റെ ഭിന്നഭിന്നങ്ങളായ എട്ടുതരത്തിലുള്ള പ്രകൃതി.*

ഇതുതന്നെയാണ് സാംഖ്യദർശനത്തിൽ കപിലനും പ്രകൃതിക്ക് നൽകുന്ന വ്യാഖ്യാനം.[1]

5. **അപരേയമിതസ്ത്വന്യാം പ്രകൃതിം വിദ്ധി മേ പരാമ്**
**ജീവഭൂതാം മഹാബാഹോ യയേദം ധാര്യതേ ജഗത്.**

*അർഥം: അല്ലയോ മഹാബാഹുവായ അർജുനാ, ഇങ്ങനെ എട്ടുവിധത്തിൽ വിഭജിക്കപ്പെട്ട ജഡപ്രകൃതി അപരമെന്നറിയപ്പെടുന്നു. ഇതിൽനിന്ന് വേറിട്ടു നിൽക്കുന്ന ജീവരൂപമായ അതായത് ചേതനമായ പ്രകൃതിയെ അറിയുക. ജീവരൂപമായ പ്രകൃതി ഈ ശരീരരൂപമാകുന്ന ജഗത്തിനെ ധരിച്ചിരിക്കുന്നുവെന്ന് നീ അറിയുക.*

6. **ഏതദ്യോനീനി ഭൂതാനി സർവാണീത്യുപധാരയ**
**അഹം കൃത്സ്നസ്യ ജഗതഃ പ്രഭവഃ പ്രലയസ്തഥാ.**

*അർഥം: സമ്പൂർണ പ്രാണികളും ഈ പരാ-അപരാ പ്രകൃതികൾ കാരണമായി ഉണ്ടായതാണെന്ന് മനസ്സിലാക്കുക.*

---

1. സാഖ്യദർശനം 1.26 കാണുക.

*ഞാനാണ് ഈ സമ്പൂർണജഗത്തിന്റെയും അതായത് ജഡ ചേതനങ്ങളുടെയും ഉത്പത്തിക്കും പ്രളയത്തിനും കാരണം.*[2]

7. **മത്തഃ പരതരം നാന്യത് കിഞ്ചിദസ്തി ധനഞ്ജയ**
**മയി സർവമിദം പ്രോതം സൂത്രേ മണിഗണാ ഇവ.**

*അർഥം: അല്ലയോ ധനഞ്ജയാ, എന്നിൽനിന്ന് അന്യമായിട്ട് ഒന്നുംതന്നെ ഇല്ല. ഈ സമ്പൂർണമായ ജഡജഗത്തും ചേതനവും ചരടിൽ (സൂത്രത്തിൽ) കോർത്ത മുത്തുമണികൾപോലെ എന്നിൽ (ഈശ്വരനിൽ) കോർക്കപ്പെട്ടിരിക്കുന്നു.*

ഭാഷ്യം: ജ്ഞാനവിജ്ഞാനയോഗരചനയിൽ മഹർഷി വ്യാസൻ ഏറ്റവുമധികമായി ആശ്രയിച്ചിരിക്കുന്നത് വിജ്ഞാനവേദമെന്ന് അറിയപ്പെടുന്ന അഥർവവേദത്തെയാണ്. അതിൽതന്നെ പത്താംകാണ്ഡത്തിലെ എട്ടാം സൂക്തമായ ജ്യേഷ്ഠംബ്രഹ്മവർണനാസൂക്തവുമായി അസാമാന്യമായ സാദൃശ്യം ഈ ഗീതാഅധ്യായത്തിനുണ്ട്. ജ്യേഷ്ഠംബ്രഹ്മവർണനാസൂക്തത്തിൽ ഈ ശ്ലോകത്തിനു നിദാനമായ മന്ത്രത്തെ കാണാം.

**യോ വിദ്യാത്സൂത്രം വിതതം**
**യസ്മിന്നോതാഃ പ്രജാ ഇമാഃ.**
**സൂത്രം സൂത്രസ്യ യോ വിദ്യാത്സ**
**വിദ്യാദ് ബ്രാഹ്മണം മഹത്.** (അഥർവവേദം 10.8.37)

അർഥം: ഈ ലോകലോകാന്തരങ്ങളെ ബന്ധിച്ചിരിക്കുന്ന, മനുഷ്യനുൾപ്പെടെയുള്ള സകലപ്രാണികളും ഓതപ്രോതമായി വർത്തിക്കുന്ന ആ സൂത്രത്തെ (ജീവന്റെ ജാലത്തെ) ആരാണോ അറിയുന്നത്, ആ സൂത്രത്തിന്റെയും സൂത്രമായി നിലകൊള്ളുന്ന തത്ത്വത്തെ ആരാണോ അറിയുന്നത്, അവൻ ബ്രഹ്മത്തെ അറിയുന്നു.

---

2. അഥർവവേദം 8.9.2ൽ ഇക്കാര്യം വ്യക്തമായി പറയുന്നുണ്ട്.

അഥർവമന്ത്രത്തിൽ പരാപ്രകൃതിയെ സൂത്രമെന്നും ഈശ്വരനെ സൂത്രത്തിന്റെ സൂത്രമെന്നും വർണിച്ചിരിക്കുന്നു.

**8. രസോ//ഹമപ്സു കൗന്തേയ പ്രഭാസ്മി ശശിസൂര്യയോഃ**
**പ്രണവഃ സർവവേദേഷു ശബ്ദഃ ഖേ പൗരുഷം നൃഷു.**

*അർഥം: അല്ലയോ കുന്തീപുത്രാ, ജലത്തിൽ ഞാൻ രസമാണ്. ചന്ദ്രനിലും സൂര്യനിലും ഞാൻ പ്രകാശമാണ്. സമ്പൂർണവേദങ്ങളിലും ഞാൻ 'ഓം'കാരമാണ്. ആകാശത്തിൽ ശബ്ദവും പുരുഷനിൽ പുരുഷത്വവും ഞാൻതന്നെ.*

**'ആപോ ജ്യോതീ രസോ//മൃതം'** (തൈത്തിരീയ ആരണ്യകം 10.15) എന്ന വൈദികമായ കാഴ്ചപ്പാടാണ് ഇവിടെ കാണുന്നത്.

**9. പുണ്യോ ഗന്ധഃ പൃഥിവ്യാം ച തേജശ്ചാസ്മി വിഭാവസൗ**
**ജീവനം സർവഭൂതേഷു തപശ്ചാസ്മി തപസ്വിഷു.**

*അർഥം: ഭൂമിതത്ത്വത്തിന്റെ ഗന്ധവും അഗ്നിയുടെ തേജസ്സും ഞാനാകുന്നു. സമസ്തപ്രാണികളുടെയും ചേതനത്വവും ഞാൻതന്നെ. (ഈശ്വരനില്ലാതെ ഒന്നും ജീവിക്കുന്നില്ല. ഈശ്വരനാണ് ജീവൻ തരുന്നത്.) തപസ്വികളിലെ തപസ്സും ഞാനാകുന്നു.*

ഭാഷ്യം: 'സർവവ്യാപകനായ ഈശ്വരൻ പൃഥ്വി, ജലം, അന്തരീക്ഷം, അഗ്നി, വായു, വിരാട്, പരമാണു, പ്രകൃതി എന്നിങ്ങനെ സമസ്തലോകങ്ങളെയും പദാർഥങ്ങളെയും രചിച്ച് ധാരണം ചെയ്യുന്നു' എന്ന് ഋഗ്വേദത്തിൽ കാണാം.

ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിൽ സർവാധാരമെന്ന അർഥത്തിൽ ആ ഈശ്വരനെ 'സ്കംഭം' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. 'ഭൂമിയെയും സൂര്യനെയും ധാരണം ചെയ്ത ആ സ്കംഭത്തെയാണ് ജീവികൾ കണ്ണിമവെട്ടുന്നതിനും ശ്വാസോച്ഛ്വാസം ചെയ്യുന്നതിനും ജീവൻ നിലനിർത്തുന്നതിനും ആശ്രയിച്ചിരിക്കുന്നത്' എന്നും ജ്യേഷ്ഠബ്രഹ്മ

വർണനസൂക്തത്തിൽ പറയുന്നു.[3] ശ്ലോകത്തിൽ **'ജീവനം സർവഭൂതേഷു'** എന്നു പറയുന്നതും ഇതുതന്നെ.

10. **ബീജം മാം സർവഭൂതാനാം വിദ്ധി പാർഥ സനാതനമ്**
**ബുദ്ധിർബുദ്ധിമതാമസ്മി തേജസ്തേജസ്വിനാമഹമ്.**

*അർഥം: അല്ലയോ പാർഥാ, എല്ലാ പ്രാണികളുടെയും സൃഷ്ടിരചനയുടെ സനാതനകാരണം ഞാൻതന്നെ എന്നറിയുക. ബുദ്ധിമാന്മാരുടെ ബുദ്ധിയും തേജസ്വികളുടെ തേജസ്സും ഞാൻതന്നെ.*

ഭാഷ്യം: ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിലെ അടുത്തടുത്ത മന്ത്രങ്ങളുപയോഗിച്ചാണ് ഈ ശ്ലോകം നിർമ്മിച്ചിരിക്കുന്നത്.

21-ാം മന്ത്രത്തിൽ സൃഷ്ടിയുടെ തുടക്കത്തിൽ സൃഷ്ടികാരണമായ ഈശ്വരൻ **'അമാത്ര'**സ്വരൂപത്തിലായിരുന്നു എന്നു പറഞ്ഞിരിക്കുന്നു. (**'അപാദഗ്രേ സമഭവത്സോ'** - അഥർവം 10.8.21) ഗീതാശ്ലോകത്തിലെ **'ബീജം മാം സർവഭൂതാനാം'** എന്നു പറഞ്ഞതും ഇതുതന്നെ. 22-ാം മന്ത്രത്തിൽ ആ ഈശ്വരനെ **'സനാതന'**നെന്ന് അറിഞ്ഞ് ഉപാസിക്കുന്നവനെക്കുറിച്ച് പറയുന്നുണ്ട്.

**'യോ ദേവമുത്താരവന്തമുപാസാതൈ സനാതനമ്'**

(അഥർവവേദം 10.8.22)

ഗീതാശ്ലോകത്തിൽ **'വിദ്ധി പാർഥ സനാതനമ്'** എന്നു പറഞ്ഞത് ഓർക്കുക. 23-ാം മന്ത്രത്തിൽ ഈ സനാതനശബ്ദത്തെ ഒന്നുകൂടി വിശദീകരിക്കുന്നു. 24-ാം മന്ത്രത്തിൽ, 'എന്തെല്ലാം പ്രകാശിക്കുന്നുണ്ടോ അവയെല്ലാം ആ ഈശ്വരതേജസ്സിനെ പ്രാപ്തമാക്കിയിരിക്കുന്നു, അവനാണ് അവയെ പ്രകാശിപ്പിക്കുന്നത്' എന്നു പറഞ്ഞിരിക്കുന്നു.[4]

---

3. *സ്കംഭേനേമേ വിഷ്ടഭിതേ ദ്യൗശ്ച ഭൂമിശ്ച തിഷ്ഠതഃ*
*സ്കംഭ ഇദം സർവമാത്മന്വദ്യത് പ്രാണന്നിമിഷച്ചയത്.* (അഥർവവേദം 10.8.2)
4. *'തദസ്യ ഘ്നന്ത്യഭിപശ്യത ഏവ തസ്മാദ്ദേവോ രോചത ഏഷ ഏതത്.'*
(അഥർവവേദം 10.8.24)

ഗീതാശ്ലോകത്തിൽ '**ബുദ്ധിർബുദ്ധിമതാമസ്മി, തേജസ്തേജസ്വിനാമഹം**' എന്ന് ഈ മന്ത്രഭാഗത്തെ വ്യാഖ്യാനിച്ചിരിക്കുന്നു. കൂടാതെ 8, 9 ശ്ലോകങ്ങളിൽ വിവരിച്ച ജലത്തിന്റെ രസവും ശശിസൂര്യന്മാരുടെ പ്രഭയും പൃഥിവിയുടെ ഗന്ധവുമെല്ലാം ഈയൊരു മന്ത്രത്തിന്റെ വ്യാഖ്യാനമാണ്.

11. **ബലം ബലവതാം ചാഹം കാമരാഗവിവർജിതമ്**
**ധർമാവിരുദ്ധോ ഭൂതേഷു കാമോഽസ്മി ഭരതർഷഭ.**

*അർഥം: അല്ലയോ ഭരതശ്രേഷ്ഠനായ അർജുനാ, ബലവാന്മാരുടെ കാമരാഗരഹിതമായ ബലം ഞാനാകുന്നു. എല്ലാ പ്രാണികളുടെയും ധർമവിരുദ്ധമല്ലാത്ത കാമവും ഞാനാകുന്നു.*

ഭാഷ്യം: ജ്യേഷ്ഠബ്രഹ്മവർണനസൂക്തത്തിലെ 44-ാം മന്ത്രത്തിൽ വിവരിക്കുന്ന '**അകാമോ ധീരോ**' എന്നതാണ് ഗീതാശ്ലോകത്തിലെ '**കാമരാഗവിവർജതം ബലം**' എന്ന പ്രയോഗത്തിനു നിദാനമായത്. മന്ത്രത്തിലെ '**രസേന തൃപ്തോ ന കുതശ്ചനോനഃ**' എന്നത് ഗീതാശ്ലോകത്തിലെ '**ധർമാവിരുദ്ധഃ കാമഃ**' എന്ന പ്രയോഗത്തിനും ഹേതുവായി.

എല്ലാ ഭൂതങ്ങളുടെയും ബീജവും സർവകാമാദി ബലവും പരമാത്മാവുതന്നെ എങ്കിൽ പരമാത്മാവിനെ നിത്യ-ശുദ്ധ-ബുദ്ധ-മുക്തനെന്ന് വിളിക്കുന്നതെന്തുകൊണ്ടാണ്? ഇതിനുത്തരമാണ് ഇനി പറയുന്നത്.

12. **യേ ചൈവ സാത്ത്വികാ ഭാവാ രാജസാസ്താമസാശ്ച യേ**
**മത്ത ഏവേതി താന്വിദ്ധി ന ത്വഹം തേഷു തേ മയി.**

*അർഥം: സൃഷ്ടിയിൽ സാത്ത്വികവും രാജസികവും താമസികവുമായ ഭാവങ്ങളോടുകൂടിയ സകല പദാർഥങ്ങളും എന്നിൽനിന്നുതന്നെ അഥവാ ഞാൻ നിമിത്തം ഉത്പന്നമായതുതന്നെ എന്നറിഞ്ഞാലും. അവ എന്നിലാണ്, പക്ഷേ ഞാൻ ഉണ്ടായത് അവയിലല്ല.*

ഈശ്വരനെയാണ് ഇവയെല്ലാം ആശ്രയിച്ചിരിക്കുന്നത്. എന്നാൽ ഈശ്വരൻ അതിൽനിന്നെല്ലാം അതീതനാണ്. അതിനാൽ ഈശ്വരൻ നിത്യശുദ്ധബുദ്ധമുക്താവസ്ഥയിൽതന്നെ തുടരുന്നുവെന്ന് ഉത്തരം.

**13. ത്രിഭിർഗുണമയൈർഭാവൈരേഭിഃ സർവമിദം ജഗത്**
**മോഹിതം നാഭിജാനാതി മാമേഭ്യഃ പരമവ്യയമ്.**

*അർഥം: സത്ത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണരൂപമായ ഭാവങ്ങളാൽ ഈ സമസ്ത ജഗത്തും മോഹിതമാണ്. ഈ മൂന്നു ഗുണങ്ങൾക്കും ഉപരിയാണ് ഞാൻ. എന്നാൽ ഒരിക്കലും നശിക്കാത്ത അഥവാ അവ്യയനായ ആ എന്നെ അറിയാൻ കഴിയുന്നില്ല.*

ഭാഷ്യം: ജ്യേഷ്ഠബ്രഹ്മവർണനസൂക്തത്തിലെ 43-ാം മന്ത്രത്തിലെ '**ത്രിഭിർഗുണേഭിരാവൃതം**' എന്നതിനു സമാനമായാണ് ഇവിടെ '**ത്രിഭിർഗുണമയൈഃ**' എന്നു ഭഗവാൻ പ്രയോഗിച്ചിരിക്കുന്നത്.

**14. ദൈവീ ഹ്യേഷാ ഗുണമയീ മമ മായാ ദുരത്യയാ**
**മാമേവ യേ പ്രപദ്യന്തേ മായാമേതാം തരന്തി തേ.**

*അർഥം: ഈ സത്ത്വരജസ്തമോഗുണങ്ങളാൽ സൃഷ്ടിക്കപ്പെട്ട എന്റെ ഈ പ്രകൃതിതത്ത്വത്തെ മറികടക്കുന്നത് ദുഷ്കരമാണ്. നിത്യമുക്തനായ എന്നെത്തന്നെ ഭജിക്കുന്ന സാധകനുമാത്രമേ യഥാർഥത്തിൽ ഈ ത്രിഗുണാത്മികമായ പ്രകൃതിയെ തരണംചെയ്യാൻ കഴിയുകയുള്ളൂ.*

ഭാഷ്യം: പ്രകൃതിയുടെ പര്യായമായാണ് 'മായാ'ശബ്ദം ഇവിടെ ഉപയോഗിച്ചത്. '**മായാന്തു പ്രകൃതിം വിദ്യാത മായിനന്തു മഹേശ്വരം**' (ഛാന്ദോഗ്യോപനിഷത്ത് 4.10.23) പ്രകൃതിയെ 'മായ' എന്ന പേരുകൊണ്ടും പ്രകൃതിയുടെ കർത്താവായ ഈശ്വരനെ 'മായി' എന്നും അറിയുക. ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിലെ 34-ാം മന്ത്രത്തിൽ 'ജഗത്തിന്റെ ഉപാദാനകാരണമായ പ്രകൃതി' എന്ന അർഥത്തിൽ '**മായയാ ഹിതം തത്**' എന്നു പ്രയോഗിച്ചിരിക്കുന്നു. ഇതാണ് ഗീതാകാരൻ ഇവിടെ കൈക്കൊണ്ടത്.

കഴിഞ്ഞ രണ്ടു മന്ത്രങ്ങളിലായി ഭഗവാൻ യഥാർഥത്തിൽ ജ്യേഷ്ഠബ്രഹ്മവർണനസൂക്തത്തിലെ മൂന്നാം മന്ത്രത്തെയാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. മൂന്നാംമന്ത്രവും അർഥവും കാണുക:

**തിരശ്ചോ ഹ പ്രജാ അത്യായമായന്നയന്യാ അർകമഭിതോഽവിശന്ത.**
**ബൃഹൻഹ തസ്ഥൗ രജസോ വിമാനോ ഹരിതോ ഹരിണീരാ വിവേശ.**

(അഥർവവേദം 10.8.3)

അർഥം: സാത്ത്വിക-രാജസിക-താമസിക സ്വഭാവങ്ങളോടുകൂടിയവർ ജനന-മരണചക്രത്തിൽ അകപ്പെട്ടുപോകുന്നു. ത്രിഗുണാത്മികമായ പ്രകൃതിയിൽനിന്ന് ഉയർന്നവരാകട്ടെ ഈശ്വരസാക്ഷാത്കാരം നേടുകയും ചെയ്യുന്നു. ജഗത്തിന്റെ ഈ ദീപ്തിക്കു കാരണം ഈശ്വരനാണെന്നറിഞ്ഞ് ആ ഈശ്വരനെ ഉപാസിച്ചാലും.

15. **ന മാം ദുഷ്കൃതിനോ മൂഢാഃ പ്രപദ്യന്തേ നരാധമാഃ**
**മായയാപഹൃതജ്ഞാനാ ആസുരം ഭാവമാശ്രിതാഃ.**

*അർഥം: പ്രകൃതിയിൽ ജ്ഞാനം നഷ്ടപ്പെട്ടുപോയവരും ആസുരഭാവം കൈക്കൊണ്ടവരും, അധർമവും ദൂഷിതവുമായ കർമങ്ങൾ ചെയ്യുന്ന നരാധമന്മാരും എന്നെ നേടുന്നില്ല. അഥവാ എന്നിൽ ശരണം പ്രാപിക്കുന്നില്ല. (ബ്രഹ്മത്തിനല്ല ഇവിടെ മിഥ്യാജ്ഞാനം, ജീവികൾക്കാണ്.)*

16. **ചതുർവിധാ ഭജന്തേ മാം ജനാഃ സുകൃതിനോഽർജുന**
**ആർതോ ജിജ്ഞാസുരർഥാർഥീ ജ്ഞാനീ ച ഭരതർഷഭ.**

*അർഥം: ഭരതവംശത്തിലെ ശ്രേഷ്ഠനായ അർജുനാ, നാലു തരത്തിലുള്ള ഭക്തന്മാർ അഥവാ സുകൃതികൾ എന്നെ ഭജിക്കുന്നു. ആർത്തന്മാർ അഥവാ രോഗികൾ, ജിജ്ഞാസുക്കൾ അഥവാ ഈശ്വരനാര് എന്നറിയാൻ ശ്രമിക്കുന്നവർ, അർഥാർഥി അഥവാ എന്തെങ്കിലും കാര്യസാധ്യത്തിനു വേണ്ടി ആഗ്രഹിക്കുന്നവർ, ജ്ഞാനി അഥവാ സത്യാസത്യങ്ങളെ വേർതിരിച്ചറിഞ്ഞ് അസത്യത്തെ ത്യജിച്ച് സത്യത്തെ ഗ്രഹിക്കുന്നവർ എന്നിങ്ങനെയുള്ള ഭക്തജനങ്ങളാണവർ.*

ഭാഷ്യം: ശ്ലോകത്തിൽ പറയുംപ്രകാരം നാലു തരത്തിലുള്ള ഭക്തരെക്കുറിച്ചും, അവർ ഈശ്വരനെ ഭജിക്കുന്നതിലൂടെ എപ്രകാരമാണ് പ്രയോജനത്തെ കൈക്കൊള്ളുന്നതിനെക്കുറിച്ചുമുള്ള സൂചനകൾ ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിൽനിന്നും ലഭിക്കുന്നു. കാണുക:

**ഇമാമേഷാം പൃഥിവീം വസ്ത ഏകോ/ന്തരിക്ഷം പര്യേകോ ബഭൂവ.**
**ദിവമേഷാം ദദതേ യോ വിധര്താ വിശ്വാ ആശാഃ പ്രതി രക്ഷന്ത്യേകേ.**

(അഥർവവേദം 10.8.36)

അർഥം: 'അതിൽ ഒന്ന് ഈ പൃഥിവിയെ ആച്ഛാദനം ചെയ്തിരിക്കുന്നു. മറ്റൊന്ന് അന്തരീക്ഷത്തെ വ്യാപ്തമാക്കിയിരിക്കുന്നു. മൂന്നാമതൊന്ന് ദ്യുലോകത്തെ ധരിച്ചിരിക്കുന്നു. മറ്റൊന്ന് സമസ്തദിശകളിലും രക്ഷ നൽകുന്നു.'

ഈ മന്ത്രത്തെ എങ്ങനെയാണ് ഗീതാകാരൻ ഈ ശ്ലോകമായി വ്യാഖ്യാനിച്ചത് എന്നതിന്റെ വഴിയെത്തേടിച്ചെല്ലുന്നത് രസാവഹമായിരിക്കും. മന്ത്രത്തിൽ മൂന്നു ലോകങ്ങളെക്കുറിച്ചു പറയുന്നുണ്ട്: പൃഥിവീ ലോകം, അന്തരീക്ഷ ലോകം, ദ്യുലോകം എന്നിവയാണവ. പൃഥിവീലോകത്തിന്റെ അധിദേവത അഗ്നിയും അന്തരീക്ഷലോകത്തിന്റേത് വായുവും ദ്യുലോകത്തിന്റേത് സൂര്യനുമാകുന്നു. തമോഗുണസ്വരൂപിയായ പൃഥിവിയിൽ നമ്മെ രക്ഷിക്കുന്നത് പ്രേരണാദാതാവായ അഗ്നിയാണ്. ഇത് ഈശ്വരന്റെ ഒരു ഗുണമാണ്. ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിൽത്തന്നെ അഗ്നി സമസ്തദുരിതങ്ങളെയും ഇല്ലാതാക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നു.[5] ഇവിടെ, ഗീതാശ്ലോകത്തിൽ വിവരിക്കുന്ന ദുരിതവാഹകരായ ആർത്തന്മാരെ സംബന്ധിച്ച് പരിശോധിച്ചാൽ ഈ അഗ്നിഗുണത്തെ പ്രസാദിപ്പിക്കാനാണ് അവർ ഈശ്വരനെ ഭജിക്കുന്നത്.

അന്തരീക്ഷലോകത്തിലെ വായുദേവത വൈശ്യഗുണത്തെക്കുറിക്കുന്നതാണെന്ന് യജുർവേദത്തിൽനിന്നും മനസ്സിലാക്കാം. [6] എല്ലായിടത്തും ചുറ്റിസ്സഞ്ചരിച്ച് വ്യാപാരംചെയ്യുന്നവനെപ്പോലെയാണ് വായു. ഉച്ഛ്വാസ

---

5. 'അഗ്നിം ഹംസം' (10.8.17), 'ഹംസസ്യ ഹരേഃ' (10.8.18)
6. 'മരുദ്ഭ്യോ വൈശ്യം' (യജുർവേദം 30.5)

-നിശ്വാസവായുക്കളാകട്ടെ വൈശ്യന്റെ ക്രയവിക്രയങ്ങളെ സൂചിപ്പിക്കുന്നു. അതായത്, 'അർഥാർഥി' എന്നു ശ്ലോകത്തിൽ സൂചിപ്പിച്ച കൂട്ടരെ സംബന്ധിച്ച് ഈശ്വരന്റെ ഈയൊരു വായുഗുണത്തെയാണ് അവർ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നത്.

മനുഷ്യശരീരത്തിൽ ദ്യുലോകം മസ്തിഷ്കമാണ്. ബുദ്ധിയിലൂടെ ഈശ്വരനെ ഗ്രഹിക്കാൻ ശ്രമിക്കുന്നവനാണ് 'ജിജ്ഞാസു.' ആ വിജ്ഞാനപ്രകാശം കനിഞ്ഞുകിട്ടാനായി ഈശ്വരന്റെ സൂര്യഗുണത്തെ അവൻ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നു.

എന്നാൽ നാലാമതൊരുവൻ സർവദിശകളിൽനിന്നും ഈശ്വരന്റെ സംരക്ഷണത്തെ അനുഭവിക്കുന്നു. **'സഃ മഹദ്ബ്രാഹ്മണം വിദ്യാത്'** (അഥർവവേദം 10.8.38)- 'അവൻ മഹത്തായ ബ്രഹ്മത്തെ അറിയുന്നു.' അവനാണ് ശ്ലോകത്തിൽ വിവരിച്ച നാലാമനായ 'ജ്ഞാനി.'

ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിലെ 34-ാം മന്ത്രത്തിൽ, ഇപ്രകാരം ദിവ്യഗുണശാലികളായ മനുഷ്യരും, സാധാരണ മനുഷ്യരുമെല്ലാം രഥനാഭിയിൽ ആശ്രിതമായിരിക്കുന്ന ആരക്കാലുകളെപ്പോലെ ഈശ്വരനിൽ ആശ്രിതരായിരിക്കുന്നുവെന്നും പറഞ്ഞിരിക്കുന്നു.[7]

'ആ പ്രജകളിൽ, പിന്തുടരേണ്ടത് ആരെയാണ്'[8] എന്ന ചോദ്യം അടുത്ത അഥർവമന്ത്രത്തിൽ കാണാം. ഇതിനുത്തരം പറയുകയാണ് ശ്രീകൃഷ്ണൻ അടുത്ത ശ്ലോകത്തിൽ.

**17. തേഷാം ജ്ഞാനീ നിത്യയുക്ത ഏകഭക്തിർവിശിഷ്യതേ**
**പ്രിയോ ഹി ജ്ഞാനിനോഽത്യർഥമഹം സ ച മമ പ്രിയഃ.**

*അർഥം: ഈ നാലു ഭക്തന്മാരിൽ ജ്ഞാനി പരമേശ്വരന് നിത്യയുക്തമായിരിക്കുന്നു അഥവാ സദാ ചേർന്നിരിക്കുന്നു. ഒരേയൊരു പരമേശ്വരനിൽ ഭക്തിയോടിരിക്കുന്ന അവനാണ് ഏറ്റവും ഉത്തമൻ. കാരണം ജ്ഞാനിക്ക് എന്നോട് അത്യന്തം പ്രിയമുണ്ട്, എനിക്ക് തിരിച്ച് ജ്ഞാനിയോടും.*

---

7. *'യത്രദേവാശ്ച മനുഷ്യാശ്ചാരാ നാഭാവിവ ശ്രിതാഃ'* (അഥർവവേദം 10.8.34)
8. *'ആപാം നേതാരഃ കതമേ ത ആസൻ'* (അഥർവവേദം 10.8.35)

ഭാഷ്യം: ഈ ഏകഭക്തിയിലൂടെ നേടുന്ന ഏകനായ ഈശ്വരന്റെ സ്വരൂപത്തെ ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിൽ **'ഏകചക്രം ഏകനേമി'** (അഥർവവേദം 10.8.7) – 'ഏകനായ കർത്താവ്, ഏകനായ സഞ്ചാലകൻ' എന്നിങ്ങനെയെല്ലാം വിവരിച്ചിട്ടുണ്ട്. അതായത് ഈ ശ്ലോകത്തിനും ഗീതാകാരൻ ആശ്രയിച്ചിരിക്കുന്നത് വേദസൂക്തത്തെതന്നെ എന്നു മനസ്സിലാക്കാം. എന്തിനേറെ, **'സ ച മമ പ്രിയഃ'** എന്നിത്യാദി പ്രയോഗങ്ങൾക്കുപോലും ഗീതാകാരൻ ആധാരമാക്കിയിരിക്കുന്നത് ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിലെ **'സാ മമ പ്രിയാ'** (അഥർവവേദം 10.8.25) എന്നിത്യാദി മന്ത്രശകലങ്ങളെയാണ് എന്നതെല്ലാം അത്യന്തം വിസ്മയകരംതന്നെ.

18. **ഉദാരാഃ സർവ ഏവൈതേ ജ്ഞാനീ ത്വാത്മൈവ മേ മതമ്**
**ആസ്ഥിതഃ സ ഹി യുക്താത്മാ മാമേവാനുത്തമാം ഗതിമ്.**

*അർഥം: ഇവരെല്ലാം ശ്രേഷ്ഠർതന്നെ. എന്നാൽ ജ്ഞാനി എന്റെ ആത്മാവാണ്. ഇതാണ് എന്റെ അഭിപ്രായം. കാരണം ജ്ഞാനിയുടെ ആത്മാവ് പരമാത്മാവിൽ ഉറപ്പിച്ചിരിക്കുന്നു. അപ്പോൾ ആ ആത്മാവിന് എന്റെതന്നെ സ്വരൂപം ലഭിക്കുന്നു. ഈ വഴിക്കു സമാനമായ മറ്റൊരു ഉത്തമവഴിയും ഇല്ല. ഈ ഗതിയിലൂടെ എന്നിൽതന്നെ എത്തിച്ചേരുന്നു.*

ഭാഷ്യം: ഭക്തന് കാഴ്ചയായി അവനെ മുന്നോട്ടുനയിക്കുന്നത് ഈശ്വരനാണെന്ന് ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിൽ പറയുന്നുണ്ട്. ('ഏഷാ സനത്നീ സനമേവ ജാതാ'-അഥർവവേദം 10.8.30) ഗീതാശ്ലോകത്തിലെ രണ്ടാമത്തെ വരിക്ക് നിദാനമായത് ജ്യേഷ്ഠബ്രഹ്മ വർണനാസൂക്തത്തിലെ **'വദന്തീര്യത്ര ഗച്ഛന്തി തദാഹുർബ്രാഹ്മണം മഹത്'** (അഥർവവേദം 10.8.33) എന്നതാണ്. 'ഈശ്വരവാണിയായ വേദങ്ങളെ പിന്തുടരുന്ന ജ്ഞാനി എത്തിച്ചേരുന്നത് മഹത്തായ ബ്രഹ്മത്തിലായിരിക്കും' എന്നർഥം.

19. **ബഹൂനാം ജന്മനാമന്തേ ജ്ഞാനവാൻ മാം പ്രപദ്യതേ**
**വാസുദേവഃ സർവമിതി സ മഹാത്മാ സുദുർലഭഃ.**

*അർഥം: അനേകം ജന്മങ്ങൾക്കൊടുവിൽ ജ്ഞാനം നേടുന്നവൻ ഇക്കാണുന്നതെല്ലാം വാസുദേവനെന്നുകണ്ട് എന്നെ പ്രാപിക്കുന്നു. അത്തരത്തിലുള്ള ജ്ഞാനിയായ മഹാത്മാവ് അതിദുർലഭമാണ്.*

ഭാഷ്യം: ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിലെ ഒരു പ്രസ്താവം കാണുക. **'ഭോഗ്യോ ഭവദഥോ അന്നമദദ് ബഹു'** (അഥർവവേദം 10.8.22) - അതായത് 'ഈശ്വരോപാസകർ ദീർഘകാലം ഉത്തമഭോഗങ്ങളെ ഭുജിക്കുന്നു.' ഇവിടത്തെ 'ദീർഘകാല'മെന്ന് അർഥം വരുന്ന **'ബഹു'**ശബ്ദത്തെ ഗീതാകാരൻ ഈ ശ്ലോകത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നത് **'ബഹൂനാം ജന്മനാം'** എന്നാണ്. അതായത് വിവിധ ജന്മങ്ങളിൽ അനുഭവിക്കുന്ന ഭോഗങ്ങളെക്കുറിച്ചാണ് മന്ത്രത്തിൽ ഉദ്ദേശിച്ചതെന്ന് ശ്രീകൃഷ്ണൻ വ്യക്തമാക്കുന്നു. ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിൽ തുടർന്നുവരുന്ന മന്ത്രത്തിലും പുനർജന്മത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിൽ പുനർജന്മത്തെ വർണിക്കുന്ന ഒട്ടേറെ മന്ത്രങ്ങളുണ്ട്. അതിൽ ഒന്ന് അനുവാചകരുടെ ശ്രദ്ധയിലേക്കായി ഉദ്ധരിക്കാം:

**ത്വം സ്ത്രീ ത്വം പുമാനസി ത്വം കുമാര ഉത വാ കുമാരീ.**
**ത്വം ജീർണോ ദണ്ഡേന വഞ്ചസി ത്വം ജാതോ ഭവസി വിശ്വതോമുഖഃ.**

(അഥർവവേദം 10.8.27)

അർഥം: 'ഹേ ജീവാത്മാവേ, നീ തന്നെയാണ് സ്ത്രീയായി പിറക്കുന്നത്. മറ്റൊരു ജന്മത്തിൽ പുരുഷനാകുന്നതും നീതന്നെ. നീ കുമാരനാകുന്നു. നീതന്നെ കുമാരിയായും ജനിക്കുന്നു. വൃദ്ധാവസ്ഥയിൽ നീ കയ്യിൽ ദണ്ഡുമേന്തി നടക്കുന്നു. അങ്ങനെ സർവവും നിന്റെ മുഖങ്ങളാകുന്നു.'

എന്നാൽ ഈശ്വരോപാസന കൈവിടാത്തവൻ ഗീതാശ്ലോകത്തിൽ പറയുംപ്രകാരം അനേകം ജന്മങ്ങൾക്കൊടുവിൽ ജ്ഞാനവാനാവുകയും എല്ലാറ്റിലും വാസുദേവനെ ദർശിക്കുകയും ചെയ്യുന്നു. ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിലെ **'വസൂനാം ദേവഃ ഇവ'** (അഥർവവേദം 10.8.42) എന്ന പ്രയോഗത്തിൽനിന്നാണ് **'വാസുദേവ'**ശബ്ദം ഗീതാകാരൻ

ഇവിടെ സ്വീകരിച്ചിരിക്കുന്നത്. അദ്ഭുതതേജസ്സുള്ള ഈശ്വരനെ വസുവിനെപ്പോലെ, എല്ലാറ്റിനെയും വസിപ്പിക്കുന്നവനെപ്പോലെ എന്നുകരുതി സ്തുതിക്കുന്നുവെന്ന് ഋഗ്വേദം ചൂണ്ടിക്കാട്ടുന്നു.[9] **'വസോരിന്ദ്രം വസുപതിമ്'** എന്ന് ഋഗ്വേദത്തിൽ (1.9.9) മറ്റൊരിടത്തും സൂചിപ്പിക്കുന്നു. അഗ്നി, പൃഥിവി, വായു, അന്തരീക്ഷം തുടങ്ങിയ വസുക്കളുടെയെല്ലാം പതിയാണ് ഈശ്വരനെന്ന തിരിച്ചറിവാണ് ജ്ഞാനിക്കുണ്ടാകുന്നത്.

**20. കാമൈസ്തൈസ്തൈർഹൃതജ്ഞാനാഃ പ്രപദ്യന്തേഽന്യദേവതാഃ**
**തം തം നിയമമാസ്ഥായ പ്രകൃത്യാ നിയതാഃ സ്വയാ.**

*അർഥം: ആർത്തൻ, അർഥാർഥി, ജിജ്ഞാസു എന്നിവർ താന്താങ്ങളുടെ സ്വഭാവമനുസരിച്ച് വിവിധ ഭോഗങ്ങൾക്കായുള്ള ആഗ്രഹംമൂലം ജ്ഞാനം ഇല്ലാതായി അതതു നിയമങ്ങളെ ആശ്രയിച്ച് അന്യദേവതകളെ ശരണം പ്രാപിക്കുന്നു.*

**21. യോ യോ യാം യാം തനും ഭക്തഃ ശ്രദ്ധയാർചിതുമിച്ഛതി**
**തസ്യ തസ്യാചലാം ശ്രദ്ധാം താമേവ വിദധാമ്യഹമ്.**

*അർഥം: മുകളിൽ പറഞ്ഞ ഏതേതു ഭക്തന്മാർ ഏതേതു പ്രകൃതിരചിതമായ രൂപത്തെ ശ്രദ്ധയോടെ പൂജിക്കാൻ ആഗ്രഹിക്കുന്നുവോ അതതു ഭക്തന്മാർക്ക് ആ രൂപത്തിൽ അചഞ്ചലമായ ഭക്തിയും ശ്രദ്ധയും ഞാൻതന്നെ നൽകുന്നു.*

**22. സ തയാ ശ്രദ്ധയാ യുക്തഃ തസ്യാരാധനമീഹതേ**
**ലഭതേ ച തതഃ കാമാൻ മയൈവ വിഹിതാൻ ഹി താൻ.**

*അർഥം: ആ ഭക്തരിൽ അവരുടെ സ്വയമുള്ള പ്രകൃതിയാൽ ഉണ്ടാകുന്ന ശ്രദ്ധയാൽ ഏതേതു ദേവതകളെ പൂജിക്കാൻ ആഗ്രഹിക്കുന്നുവോ ആ ദേവതകളെ പൂജിക്കുന്നതിലൂടെ അവർ നേടുന്ന ആഗ്രഹസാഫല്യങ്ങളെല്ലാം ഞാൻ നൽകുന്നതു തന്നെയാണ്.*

---

9. 'വസും ന ചിത്രമഹസം ഗൃണീഷേ' (ഋഗ്വേദം 10.122.1)

**23. അന്തവത്തു ഫലം തേഷാം തദ്ഭവത്യല്പമേധസാമ്**
**ദേവാൻ ദേവയജോ യാന്തി മദ്ഭക്താ യാന്തി മാമപി.**

*അർഥം: ആ മന്ദബുദ്ധികളായ ഭക്തരുടെ കർമഫലം അന്തമുള്ള താണ്. അഥവാ നശിക്കുന്നതാണ്. കാരണം അവർ സ്വഭാവമനുസരിച്ച് പൂജിക്കുന്ന ദേവതകളെയാണ് നേടുന്നത്. എന്നാൽ എന്റെ ഭക്തൻ എന്നെയാണ് നേടുന്നത്.*

കഴിഞ്ഞ ശ്ലോകങ്ങളിൽ പറഞ്ഞ, പ്രകൃതിയാൽ രചിക്കപ്പെട്ട ആകൃതികളെ പൂജിക്കുന്നവർ ജഡത്തെയാണ് പൂജിക്കുന്നത്. അതിലൂടെ നേടുന്നതും നാശമടയുന്ന ജഡവസ്തുക്കൾതന്നെ ആയിരിക്കും. അതിനാൽ ജഡത്തെ പൂജിക്കുന്നവർ ഒടുവിൽ നാശമടയുകതന്നെ ചെയ്യും.

**24. അവ്യക്തം വ്യക്തിമാപന്നം മന്യന്തേ മാമബുദ്ധയഃ**
**പരം ഭാവമജാനന്തോ മമാവ്യയമനുത്തമമ്.**

*അർഥം: നാശരഹിതവും സർവോത്തമവും സർവാതീതവുമായ എന്റെ ഭാവത്തെ അറിയാത്ത ബുദ്ധിഹീനർ വ്യക്തമല്ലാത്ത എന്നെ വ്യക്തിഭാവത്തെ പ്രാപിച്ചവനായി കരുതുന്നു.*

ഭാഷ്യം: ബുദ്ധിഹീനരായവർ പരിവർത്തനം വരാത്ത, നിരാകാരനായ, മുറിക്കാൻ കഴിയാത്ത, ഏകരസനായ എന്നെ അറിയാതെ മനസ്സ്, ബുദ്ധി, ജ്ഞാനേന്ദ്രിയങ്ങൾ എന്നിവയിലൂടെ എന്നെ പ്രാപിക്കാൻ കഴിയുമെന്ന് കരുതുന്നു. എന്റെ അവ്യക്തവും നിരാകാരവുമായ രൂപത്തെ മനസ്സിലാക്കാതെ എനിക്ക് രൂപം കല്പിക്കുന്നവർ ബുദ്ധിഹീനരാണെന്ന് ചുരുക്കം.

**25. നാഹം പ്രകാശഃ സർവസ്യ യോഗമായാസമാവൃതഃ**
**മൂഢോഽയം നാഭിജാനാതി ലോകോ മാമജമവ്യയമ്.**

*അർഥം: ഐശ്വരരൂപമായ മഹത്തായ ഘടനയാൽ (യോഗമായയാൽ) മറയ്ക്കപ്പെട്ട ഞാൻ ഏവർക്കും ലഭ്യമാകുന്നവനല്ല. അതിനാൽ ജനിക്കാത്തവനും നാശമില്ലാത്തവനു*

*മായ എന്നെ പ്രകൃതിയുടെ മോഹവലയത്തിൽപ്പെട്ട മൂഢന്മാർ അറിയുന്നില്ല.*

ഭാഷ്യം: കഴിഞ്ഞ രണ്ടു ശ്ലോകങ്ങളിലായി വിവരിച്ചത് ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിലെ പതിമൂന്നാം മന്ത്രത്തിലെ ആശയങ്ങളെയാണ്. മന്ത്രവും അർഥവും കാണുക:

**പ്രജാപതിശ്ചരതി ഗർഭേ അന്തരദൃശ്യമാനോ ബഹുധാ വി ജായതേ.**
**അർധേന വിശ്വം ഭുവനം ജജാന യദസ്യാർധം കതമഃ സ കേതുഃ.**

(അഥർവവേദം 10.8.13)

അർഥം: പ്രജാപതിയായ പരമേശ്വരൻ ഒരിക്കലും ജന്മമെടുക്കാത്തവനായി ഗർഭത്തിനുള്ളിൽത്തന്നെ ഇരിക്കുന്നു. എന്നാൽ എല്ലായിടത്തും വ്യാപിച്ചുവർത്തിക്കുന്നു. അദൃശ്യനെങ്കിലും സൂര്യചന്ദ്രാദി ജഡപദാർഥങ്ങളിൽ വിശേഷരൂപത്തിൽ പ്രകടമാകുന്നു. അവൻ തന്റെ ഒരു ഭാഗത്തിരിക്കുന്ന പ്രകൃതിയിൽനിന്ന് സമ്പൂർണജഗത്തിനെയും ഉത്പന്നമാക്കി. അവന്റെ ബാക്കി ഭാഗം അത്യന്തം ആനന്ദമയവും പ്രകാശമയവുമാണ്.

ഈശ്വരൻ മനുഷ്യശരീരം ധരിച്ച് ഭൂമിയിൽ അവതരിക്കുമെന്ന ചിന്തയെ ഖണ്ഡിക്കുന്നതിന് ശ്രീകൃഷ്ണൻ ഇവിടെ ആശ്രയിച്ച വേദപ്രമാണം ഈ മന്ത്രമാണ്.

മന്ത്രത്തിൽ രണ്ടാംപകുതിയിൽ ജഗത്തിന്റെ സൃഷ്ടിയെക്കുറിച്ചു പറയുന്നുണ്ട്. ശ്രീകൃഷ്ണൻ തന്റെ അടുത്ത ശ്ലോകത്തിൽ ഇതിനെയാണ് വിശദീകരിക്കുന്നത്.

**26. വേദാഹം സമതീതാനി വർതമാനാനി ചാർജുന**
**ഭവിഷ്യാണി ച ഭൂതാനി മാം തു വേദ ന കശ്ചന.**

*അർഥം: അല്ലയോ അർജുനാ, ഇപ്പോഴുള്ള കാര്യപ്രപഞ്ചത്തെയും അതിനതീതമായിരിക്കുന്ന കാരണപ്രകൃതിയെയും ഞാനറിയുന്നു. കഴിഞ്ഞതും വരാനിരിക്കുന്നതും ഞാനറിയുന്നു. എന്നാൽ, ആ എന്നെ ആരും അറിയുന്നില്ല.*

ഭാഷ്യം: ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിലെ പന്ത്രണ്ടാംമന്ത്രത്തെ യാണ് ഈ ശ്ലോകത്തിൽ വ്യാഖ്യാനിക്കുന്നത്. ഗീതാശ്ലോകത്തിനോട് ഘടനയിൽപോലും അത്യധികം സാദൃശ്യമുള്ള ആ വേദമന്ത്രവും അർഥവും കാണുക:

**അനന്തം വിതതം പുരുത്രാഽനന്തമന്തവച്ചാ സമന്തേ.**

**തേ നാകപാലശ്ചരതി വിചിന്വൻ വിദ്വാൻ ഭൂതമുത ഭവ്യമസ്യ.**

(അഥർവവേദം 10.8.12)

അർഥം: അനന്തമായ (നാശമില്ലാത്ത) പ്രകൃതിയാണ് പിന്നീട് നാനാരൂപങ്ങളിൽ പ്രകടമായത്. അനന്തമായ പ്രകൃതിയും അന്തമുള്ള ജഗത്തും-ഒന്നു മറ്റൊന്നിന്റെ സീമയാകുന്നു. (അഥവാ കാര്യ-കാരണബന്ധത്തോടുകൂടിയതാകുന്നു.) ഈ വിശ്വത്തിന്റെ ഭൂതവും ഭാവിയും അറിയുന്ന, മോക്ഷാനന്ദത്തിന്റെ സ്വാമിയായ പരമാത്മാവ്, ഇവ രണ്ടിലും, അതായത്, കാര്യപ്രപഞ്ചത്തിലും കാരണപ്രകൃതിയിലും ചരിക്കുന്നു അഥവാ വ്യാപിച്ചു വർത്തിക്കുന്നു.

നോക്കൂ, വൈദികമായ സൃഷ്ടിസങ്കല്പത്തെ എത്ര മനോഹരമായാണ് ശ്രീകൃഷ്ണൻ തന്റെ ഗീതയിൽ ശ്ലോകരൂപത്തിൽ വരച്ചുവെച്ചതെന്ന്. ഗീതാശ്ലോകത്തിൽ 'ഭൂതവും ഭാവിയും അറിയുന്നു' എന്നതിൽനിന്നുതന്നെ, സൃഷ്ടിക്കുമുൻപും പ്രളയത്തിനുശേഷവും പ്രകടമായിരിക്കുന്ന കാരണപ്രകൃതിയെ അവൻ അറിയുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. എന്നാൽ ശ്ലോകത്തിന്റെ ആദ്യവരിയിൽ ഗീതാകാരൻ ഇത് കൂടുതൽ വ്യക്തമാക്കിയിട്ടുമുണ്ട്. ശ്ലോകാവസാനം 'ആ തന്നെ ആരും അറിയുന്നില്ല' എന്ന് പരമാത്മഭാവത്തിൽ ശ്രീകൃഷ്ണൻ പറയുന്നു. ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിൽ **'പശ്യന്തി സർവേ ചക്ഷുഷാ ന സർവേ മനസാ വിദു'** (അഥർവവേദം 10.8.14) - അതായത്, 'എല്ലാവരും ഈശ്വരന്റെ ആ മഹിമയെ കാണുന്നു, എന്നാൽ അവരാരും അവനെ മനസ്സിലാക്കുന്നില്ല' എന്നു പറഞ്ഞിരിക്കുന്നു. ഇതുതന്നെയാണ് മുൻപറഞ്ഞ ശ്രീകൃഷ്ണവചനത്തിന് നിദാനമായ വേദവചനം.

ഇനി എന്താണ് ഇങ്ങനെ ഭഗവാനെ അറിയുവാൻ കഴിയാത്തതിന് കാരണമെന്ന ചോദ്യത്തിനുള്ള ഉത്തരമാണ് അടുത്ത ശ്ലോകം.

**27. ഇച്ഛാദ്വേഷസമുത്ഥേന ദ്വന്ദ്വമോഹേന ഭാരത**
**സർവഭൂതാനി സംമോഹം സർഗേ യാന്തി പരന്തപ.**

*അർഥം: ഹേ ശത്രുക്കളെ തപിപ്പിക്കുന്ന ഭാരതാ, ശരീരം ഉണ്ടായ തിനുശേഷം ഇച്ഛ, ദ്വേഷം എന്നിവയാൽ ഉണ്ടാകുന്ന കാമ-ക്രോധ, ലോഭ-മോഹ, ശീത-ഉഷ്ണ ദ്വന്ദ്വങ്ങളാകുന്ന മോഹങ്ങളാൽ എല്ലാ പ്രാണികളും മോഹിതരാവുന്നു.*

**28. യേഷാം ത്വന്തഗതം പാപം ജനാനാം പുണ്യകർമാണാമ്**
**തേ ദ്വന്ദ്വമോഹനിർമുക്താ ഭജന്തേ മാം ദൃഢവ്രതാഃ.**

*അർഥം: എന്നാൽ അല്ലയോ അർജുനാ, വേദാനുകൂലമായ കർമങ്ങൾ അനുഷ്ഠിച്ച് പാപങ്ങളില്ലാതാക്കുന്നവർ കാമം, ക്രോധം തുടങ്ങി ദ്വന്ദ്വരൂപത്തിലുള്ള മോഹങ്ങളിൽനിന്ന് മുക്തരാകുന്നു. ദൃഢവ്രതരായി അവർ എല്ലാ തരത്തിലും എന്നെ അറിയുന്നു.*

ഭാഷ്യം: ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിലെ പത്തൊമ്പതാം മന്ത്ര ത്തിൽ പറയുന്നതു കാണുക:

**'സത്യേനോർധ്വസ്തപതി ബ്രഹ്മണാ/ര്വാങ് വി പശ്യതി'**

(അഥർവവേദം 10.8.19)

അർഥം: 'സത്യവിദ്യയാകുന്ന വേദത്തിന് അനുകൂലമായ കർമങ്ങ ളിലൂടെ തപസ്സിന്റെ ഉന്നതാവസ്ഥയിലെത്തിച്ചേർന്ന് അവർ ജ്ഞാന ത്താൽ വിനമ്രരാകുന്നു.'

ഗീതാശ്ലോകത്തിലെ **'ദ്വന്ദ്വമോഹനിർമുക്താ'** എന്ന പ്രയോഗം ഈ അഥർവമന്ത്രത്തിലെ **'തപതി'** എന്ന ശബ്ദത്തിൽനിന്നും സ്വീകരിച്ചതാ ണ്. പാതഞ്ജല യോഗഭാഷ്യത്തിൽ വ്യാസമഹർഷി **'തപഃ'** ശബ്ദത്തിന് പറയുന്ന അർഥം **'ദ്വന്ദ്വസഹനം'** എന്നാണ്.[10]

---

10. പാതഞ്ജലയോഗദർശനം വ്യാസഭാഷ്യം 2.1

**29. ജരാമരണമോക്ഷായ മാമാശ്രിത്യ യതന്തി യേ.**
**തേ ബ്രഹ്മ തദ്വിദുഃ കൃത്സ്നമധ്യാത്മം കർമ ചാഖിലമ്.**

*അർഥം: വൃദ്ധാവസ്ഥ, മരണം എന്നീ ദുഃഖങ്ങളിൽനിന്ന് രക്ഷ നേടാനായി എന്നെ ആശ്രയിച്ച് പ്രയത്നിക്കുന്നവർ ആ ബ്രഹ്മത്തെയും സമ്പൂർണ അധ്യാത്മത്തെയും സമ്പൂർണ കർമത്തെയും ഒരേപോലെ അറിയുന്നു.*

ഭാഷ്യം: ശ്ലോകത്തിലെ '**ജരാമരണമോക്ഷം**' എന്ന പദത്തെത്തേടി ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിൽ ചെന്നാൽ അവിടെ ജരാമരണങ്ങളില്ലാത്ത പരമാത്മാവിനെക്കുറിച്ചു വർണിക്കുന്ന രണ്ടു മന്ത്രങ്ങൾ കാണാം:

1. **ഇയം കല്യാണ്യജരാ മർത്യസ്യാമൃതാ ഗൃഹേ.**
   **യസ്മൈ കൃതാ ശയേ സ യശ്ചകാര ജജാര സഃ.**

(അഥർവവേദം 10.8.26)

അർഥം: ആ പരമാത്മാവ് അത്യന്തം കല്യാണകാരിയാകുന്നു. മരണധർമിയായ ജീവാത്മാവിന്റെ ശരീരഗൃഹത്തിൽ അവനോടൊത്ത്, ആ ശരീരത്തിന്റെ നിർമാതാവായ, അജരനും അമരനുമായ പരമാത്മാവ് താമസിക്കുന്നു. നിർമാതാവായ ആ പരമാത്മാവുതന്നെയാണ് സ്തുതികൾക്ക് യോഗ്യനായുള്ളത്. (എന്നാൽ, ആ പരമാത്മാവിനെ എങ്ങനെ സ്തുതിക്കും?)

2. **അന്തി സന്തം ന ജഹാത്യന്തി സന്തം ന പശ്യതി.**
   **ദേവസ്യ പശ്യ കാവ്യം ന മമാര ന ജീര്യതി.**

(അഥർവവേദം 10.8.32)

അർഥം: വിട്ടുനിൽക്കാൻ സാധിക്കാത്ത അത്രയും അടുത്താണ് ഈശ്വരൻ. പക്ഷേ നമുക്കു കാണാനാകുന്നില്ല. എന്നാൽ അവന്റെ അമരവും അജരവും ആയ ആ കാവ്യത്തെ (വേദത്തെ) കാണൂ. (അഥവാ വേദമന്ത്രങ്ങളാൽ അവനെ സ്തുതിക്കൂ.)

ശ്രീകൃഷ്ണൻ മറ്റൊരു ബ്രഹ്മത്തിന്റെ പ്രാപ്തിയെക്കുറിച്ച് ഈ ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നു. അങ്ങനെയെങ്കിൽ തന്നെ ധ്യാനിക്കാൻ എന്തിനു പറഞ്ഞു? ഇതിനുള്ള ഉത്തരമാണ് അടുത്ത ശ്ലോകത്തിൽ.

**30. സാധിഭൂതാധിദൈവം മാം സാധിയജ്ഞം ച യേ വിദുഃ**
**പ്രയാണകാലേഽപി ച മാം തേ വിദുർയുക്തചേതസഃ.**

*അർഥം: അധിഭൂതം, അധിദൈവം, അധിയജ്ഞം എന്നിവയിലൂടെ മരണകാലത്തുപോലും എന്നെ അറിയുന്നു. യുക്തചിത്തരായവർ എന്നെ നേരാംവണ്ണം മനസ്സിലാക്കുന്നു.*

ഭാഷ്യം: അധിഭൂതമെന്നാൽ പ്രകൃതി, അധിദൈവമെന്നാൽ പരമാത്മാവ്, അധിയജ്ഞമെന്നാൽ വേദമെന്നും അർഥം. ഈ പ്രപഞ്ചം എന്തെന്നും അതിനെ പ്രകാശിപ്പിക്കുന്ന ദേവനായ പരമാത്മാവ് ആരെന്നും വേദരൂപത്തിലുള്ള ഉപദേശത്തോടൊപ്പം മനസ്സിലാക്കുന്നവർ മരണകാലത്താണെങ്കിൽപ്പോലും ഈശ്വരനെ അറിയുന്നുവെന്ന് സാരം.

ഇപ്രകാരം ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തെ അധികരിച്ച് ശ്രീകൃഷ്ണൻ നൽകിയ ഉപദേശത്തെ ആശ്രയിക്കുമ്പോൾ അത് നമുക്ക് ചരാചരജഗത്തിൽനിന്നും അനാദിതത്ത്വങ്ങളായ പ്രകൃതി, ജീവാത്മാവ്, പരമാത്മാവ് എന്നിവയെ വിശ്ലേഷണം ചെയ്ത് കാണിച്ചുതരുന്നു. പ്രസ്തുത സൂക്തത്തിലെ മറ്റൊരു മന്ത്രം കാണുക:

**ബാലാദേകമണീയസ്കമുതൈകം നേവ ദൃശ്യതേ.**
**തതഃ പരിഷ്വജീയസി ദേവതാ സാ മമ പ്രിയാ.**

(അഥർവ വേദം 10.8.25)

അർഥം: മൂന്നു തത്ത്വങ്ങളിൽ ഒന്ന് മുടിനാരിന്റെ അഗ്രത്തേക്കാൾ സൂക്ഷ്മവും അണുപരിമാണത്തോടുകൂടിയതുമാണ് (ജീവാത്മാവ്), മറ്റൊന്ന് അവ്യക്തമാണ് (സത്ത്വരജസ്തമോഗുണങ്ങളുടെ സാമ്യാവസ്ഥയായ പ്രകൃതി). എന്നാൽ സർവതിലും വ്യാപിച്ചിരിക്കുന്ന ഒരു ദേവതയുണ്ട് (പരമാത്മാവ്). എനിക്ക് പ്രിയമായതും ആ ദേവതതന്നെ.

മുൻ ഗീതാശ്ലോകത്തിലെ **'തേ ബ്രഹ്മ തദ്വിദുഃ കൃത്സ്നമധ്യാത്മം കർമചാഖിലം'** എന്ന വരി ശ്രദ്ധിക്കുക. ജ്യേഷ്ഠംബ്രഹ്മത്തെയാണിവിടെ **'തേ ബ്രഹ്മ'** എന്നതുകൊണ്ട് ഭഗവാൻ വ്യക്തമാക്കുന്നത്. ആ ബ്രഹ്മ ത്തിന്റെ സ്വരൂപത്തെക്കുറിച്ച് അടുത്ത അധ്യായത്തിൽ വിശദീകരിക്കു ന്നുണ്ട്. സമ്പൂർണ ജ്യേഷ്ഠംബ്രഹ്മവർണനാസൂക്തത്തിന്റെയും ദേവത അഥവാ വിഷയം **'അധ്യാത്മം'** ആണ്. 'സമ്പൂർണ അധ്യാത്മത്തെയും അറിയുന്നു' ('കൃത്സ്നം അധ്യാത്മം വിദുഃ'- ഗീത 7.29) എന്ന് ശ്രീകൃ ഷ്ണൻ പറഞ്ഞതും ഇത് സൂചിപ്പിക്കാൻതന്നെയാണ്. ആ അധ്യാത്മ മെന്തെന്നതും അടുത്ത അധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്. ജ്യേഷ്ഠ ബ്രഹ്മവർണനാസൂക്തത്തിന്റെ ഋഷി **'കുത്സഃ'** ആണ്. എല്ലാ കർമങ്ങ ളെയുംകുറിച്ചുള്ള സമ്പൂർണജ്ഞാനവും നേടി കർമബന്ധനത്തെ അറു ത്തുകളഞ്ഞവൻ എന്നാണ് 'കുത്സ'ശബ്ദത്തിനർഥം. **'കർമചാഖിലം'** എന്ന് ശ്രീകൃഷ്ണൻ പറഞ്ഞതും ഇത് സൂചിപ്പിക്കാൻതന്നെ. **'കർമ ബ്രഹ്മോദ്ഭവം വിദ്ധി'** (ഗീത 3.15) - 'കർമങ്ങളെക്കുറിച്ചുള്ള സമ്പൂർണ ജ്ഞാനവും വേദങ്ങളിലാണുള്ളത്' എന്ന് ഭഗവാൻ മൂന്നാമധ്യായത്തിൽ സൂചിപ്പിച്ചിരുന്നു. **'വേദോഽഖിലോ ധർമമൂലം'** എന്ന വിഖ്യാതമായ മനു സ്മൃതിവാക്യത്തിൽനിന്ന് 'അഖില'ശബ്ദവും ഭഗവാൻ സ്വീകരിച്ചത് ആ വേദത്തിന്റെ മഹിമയെ പാരാട്ടാൻതന്നെ.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു*
*ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ*
*ശ്രീകൃഷ്ണാർജുനസംവാദേ*
*ജ്ഞാനവിജ്ഞാനയോഗോ നാമ*
*സപ്തമോഽധ്യായഃ*

**ഇങ്ങനെ ഏഴാം അധ്യായം സമാപിച്ചു.**



## അധ്യായം എട്ട്

# അക്ഷരബ്രഹ്മയോഗം

അഥാഷ്ടമോഽധ്യായഃ

# അക്ഷരബ്രഹ്മയോഗം

**അർജുന ഉവാച:**

1. **കിം തദ്ബ്രഹ്മ കിമധ്യാത്മം കിം കർമ പുരുഷോത്തമ.**
**അധിഭൂതം ച കിം പ്രോക്തമധിദൈവം കിമുച്യതേ?**

*അർഥം: അർജുനൻ ചോദിച്ചു, അല്ലയോ പുരുഷോത്തമനായ ശ്രീകൃഷ്ണാ! ആ ബ്രഹ്മം എന്താണ്? അധ്യാത്മം എന്താണ്? കർമമെന്താണ്? എന്താണ് അധിഭൂതം? എന്താണ് അധിദൈവം?*

2. **അധിയജ്ഞഃ കഥം കോഽത്ര ദേഹേഽസ്മിൻ മധുസൂദന**
**പ്രയാണകാലേ ച കഥം ജ്ഞേയോഽസി നിയതാത്മഭിഃ.**

അർഥം: ഹേ മധുസൂദനാ, ആരാണ് ഈ ദേഹത്തിലെ അധിയജ്ഞൻ? സമാഹിതചിത്തരായവർക്ക് (സംയമികൾക്ക്) മൃത്യുകാലത്ത് അങ്ങയെ എങ്ങനെയാണ് അറിയാൻ കഴിയുക?

ഭാഷ്യം: അർജുനൻ ഈ അധ്യായത്തിൽ രണ്ട് ശ്ലോകങ്ങളിലായി ഏഴ് ചോദ്യങ്ങളാണ് ചോദിച്ചത്. ഒന്നാമത്തെ ശ്ലോകത്തിൽ ഉത്തമപുരുഷനായ ഭഗവാനോട് അഞ്ച് ചോദ്യങ്ങളും രണ്ടാമത്തേതിൽ രണ്ട് ചോദ്യ

ങ്ങളും ചോദിച്ചു. കഴിഞ്ഞ അധ്യായത്തിൽ അവസാനത്തെ ശ്ലോകത്തിൽ ശ്രീകൃഷ്ണൻ അധിഭൂതം, അധിദൈവം, അധിയജ്ഞം എന്നീ ഭാവങ്ങളിൽ എന്നെ മനസ്സിലാക്കുകയും സത്യമറിയുകയും ചെയ്യുമ്പോൾ മരണകാലത്ത് ദേഹം വെടിഞ്ഞ് തന്നെ അറിയുമെന്ന് പറഞ്ഞിരുന്നല്ലോ. അതുകൊണ്ടാണ് ഈ ചോദ്യങ്ങൾ ഇപ്പോൾ അർജുനൻ ചോദിക്കുവാൻ ഇടയായത്.

ഇങ്ങനെ സത്യത്തെ തിരിച്ചറിയാൻ ചോദ്യോത്തരശൈലിയിൽ അവതരിപ്പിക്കുന്ന രീതി തികച്ചും വൈദികമാണ്. ഇത്തരത്തിലൊരു പ്രതിപാദ്യശൈലി നമുക്ക് ഋഗ്വേദത്തിലും കാണാം.[1] 'ആ പരമൈശ്വര്യശാലിയായ പ്രഭുവിന്റെ വാണി എവിടെയാണ് കേൾക്കാൻ കഴിയുക? ഇന്ന് ഏത് വ്യക്തിയിലാണ് മിത്രസമാനനായി ഈശ്വരനെ കേൾക്കാനാവുക?' ഈ ചോദ്യങ്ങൾക്ക് ഉത്തരം പരമേശ്വരൻതന്നെ പറയുന്നത് കാണാം: 'ഈശ്വരവാണി ഋഷികളുടെ ഗൃഹങ്ങളിൽ മുഴങ്ങുന്നതു കേൾക്കാം അഥവാ ഹൃദയദേശത്തിൽ ആ പ്രഭുവിനെ ധ്യാനിക്കുന്നവർക്ക് സ്തുതിയിലൂടെ അവനെ അറിയാൻ കഴിയും' എന്നിങ്ങനെ. വേദവ്യാസൻ വേദങ്ങളിലെ ഈ സമസ്യാപൂരണപ്രക്രിയ ഗീതയിലും അവതരിപ്പിക്കുന്നതാണ് നാം കാണുന്നത്.

യജ്ഞത്തിൽ മുഖ്യമായതാണ് അധിയജ്ഞം. ഈ 'അധിയജ്ഞ' ശബ്ദം വേദത്തെ സൂചിപ്പിക്കുന്നതുകൂടിയാണ്. ഗീതയിൽതന്നെ യജ്ഞത്തിന്റെ പ്രാധാന്യം നേരത്തെ പറഞ്ഞിട്ടുള്ളത് ഇവിടെ ഓർക്കേണ്ടതാണ്.

**'തസ്മാത് സർവഗതം ബ്രഹ്മ നിത്യം യജ്ഞേ പ്രതിഷ്ഠിതമ്'** (ഗീത 3.15)

**ശ്രീഭഗവാനുവാച:**

**3. അക്ഷരം ബ്രഹ്മ പരമം സ്വഭാവോഽധ്യാത്മമുച്യതേ**
**ഭൂതഭാവോദ്ഭവകരോ വിസർഗഃ കർമസംജ്ഞിതഃ.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, പരമമായതും ഒരിക്കലും നശിക്കാത്തതുമാണ് ബ്രഹ്മം. സ്വന്തം സത്തയാണ് അധ്യാത്മം(സ്വ*

1. ഋഗ്വേദം 10.22.1, 2

*ഭാവം). പ്രാണികളുടെ ഉത്പത്തി, വൃദ്ധി എന്നിവയ്ക്കുള്ള കാരണമാകുന്നു കർമം.*

ഭാഷ്യം: അർജുനൻ ചോദിച്ചതിന് മറുപടി പറഞ്ഞുതുടങ്ങുകയാണ് ഭഗവാൻ ഇവിടെ. ബ്രഹ്മമെന്നതുകൊണ്ട് ഭഗവാൻ ഉദ്ദേശിച്ചത് അക്ഷരത്തെയാണ്. അപ്പോൾപ്പിന്നെ 'പരമം' എന്ന പദം എന്തിന് ഭഗവാൻ ഉപയോഗിച്ചുവെന്നൊരു ചോദ്യം വരുന്നു. ചിലപ്പോൾ പ്രകൃതിക്കും 'അക്ഷര'മെന്ന് പറയാറുണ്ട്. കാരണം **'ന ക്ഷരതീത്യക്ഷരമ്'** എന്നാണ് അക്ഷരശബ്ദത്തിന്റെ നിരുക്തി. അതായത് ഏതൊന്നിന് നാശം ഇല്ലാതിരിക്കുന്നുവോ അതിന്റെ പേരാണ് 'അക്ഷര'മെന്നർഥം. പ്രകൃതിയും ആത്യന്തികമായി നശിക്കുന്നില്ല. കേവലം രൂപപരിണാമം മാത്രമേ സംഭവിക്കുന്നുള്ളൂ. അതിനാലാണ് 'പരമ'മെന്ന വിശേഷണം ഇവിടെ അക്ഷരത്തിന് നൽകിയത്. കാരണം അത്തരത്തിലുള്ള പരിണാമങ്ങളൊന്നും അക്ഷരപരമാത്മാവിന് ഉണ്ടാകുന്നില്ല. കൂടസ്ഥനും നിത്യനുമായ ആ സ്വരൂപത്തിന് ഒരു വികാരവും സംഭവിക്കുന്നില്ല. **'അശ്നുതേ സർവമിത്യക്ഷരമ്'** എന്നൊരു നിരുക്തികൂടി അക്ഷരശബ്ദത്തിനുണ്ട്. ഏതൊന്ന് സർവവ്യാപകനായിരിക്കുന്നുവോ അത് അക്ഷരമാകുന്നു.

ഇക്കാര്യം ഋഗ്വേദത്തിലും സൂചിപ്പിക്കുന്നുണ്ട്. **'അക്ഷരേ പരമേ വ്യോമൻ'** (ഋഗ്വേദം 1.164.39) എന്നാണ് ആ മന്ത്രശകലം. നാശരഹിതനും ഉത്തമ ആകാശമധ്യസ്ഥനും സർവവ്യാപകനുമായ പരമേശ്വരനിൽ സമസ്ത ഭൂമിയും സൂര്യാദിലോകങ്ങളും സ്ഥിതമായിരിക്കുന്നുവെന്നാണ് ഋഗ്വേദവർണന.

ഇതേ കാര്യം ഉപനിഷത്തും പറയുന്നുണ്ട്.

**'ഏതസ്യ വാ അക്ഷരസ്യ പ്രശാസനേ ഗാർഗി**
**സൂര്യാചന്ദ്രമസൗ വിധൃതൗ തിഷ്ഠത ഏതസ്യ വാ......'**

(ബൃഹദാരണ്യകോപനിഷത്ത് 3.8.9)

'ഗാർഗീ, ഈ നാശരഹിതന്റെ ഭരണനിയമത്തിൽ സൂര്യചന്ദ്രന്മാർ മര്യാദയോടെ വർത്തിക്കുന്നു.' എന്നിത്യാദി ഏറെ വിശദീകരണങ്ങൾ നമുക്ക് ബൃഹദാരണ്യകോപനിഷത്തിൽ വേദത്തോടു ചേർന്ന് കാണാം.

കൂടാതെ ബ്രഹ്മസൂത്രത്തിലും 'അക്ഷര'ശബ്ദം ബ്രഹ്മത്തെക്കുറിക്കുന്നതിനാണെന്ന് പ്രമാണമുണ്ട്.

**അക്ഷരമംബരാന്തധൃതേഃ.** (വേദാന്തദർശനം 1.3.10)

അക്ഷരപരമാത്മാവ് ആകാശത്തിന്റെ അന്തംവരെ ധരിക്കുന്നതുകൊണ്ട് എല്ലാറ്റിനും ആശ്രയമായിരിക്കുന്നുവെന്ന് അർഥം.

അതേപോലെ അധ്യാത്മനാമം സ്വ-ഭാവത്തിന്റെയാണെന്നും പറയുകയാണിവിടെ. ഇവിടെ സൂചന ജീവാത്മാവിന്റെ സ്വഭാവത്തെക്കുറിച്ചാണ്. **'ആത്മനി അധീത്യാധ്യാത്മം'** എന്നുണ്ട്. ഏതൊന്ന് ആത്മാവിൽ ഇരിക്കുന്നുവോ അത് അധ്യാത്മമാകുന്നു. 'ആത്മാ' എന്നതിന് ഇവിടെ ശരീരമെന്ന് അർഥമെടുക്കണം. 'ഭാവ'മെന്നതിന് ഉത്പത്തിയെന്നും മനസ്സിലാക്കുക. 'ഉദ്ഭവം' വൃദ്ധിയെ കാണിക്കുന്നു. അതിനാൽ പ്രാണികളുടെ ഉത്പത്തിയും വൃദ്ധിയും ഉണ്ടാകുന്ന യജ്ഞാദികർമങ്ങളെ ഇവിടെ കർമമെന്നു വിളിക്കുന്നു. ഗീതയിൽതന്നെ ഇത് വിവരിച്ചത് നാം കഴിഞ്ഞ അധ്യായത്തിൽ കണ്ടതാണ് (7.29). ഭഗവാൻ ശ്രീകൃഷ്ണന്റെ ഉപദേശമനുസരിച്ച് യത്നിക്കുന്നവന് ബ്രഹ്മം, അധ്യാത്മം, കർമം എന്നിവയെക്കുറിച്ച് അറിയുവാൻ കഴിയുന്നു. അതിനാൽ ഈ മൂന്നു കാര്യങ്ങളെക്കുറിച്ചുമുള്ള പ്രശ്നങ്ങൾക്ക് ഉത്തരം നൽകുകയാണിവിടെ ചെയ്തത്.

ഇനി അധിഭൂതം എന്നിത്യാദി കാര്യങ്ങളെ സംബന്ധിച്ചുണ്ടായ ചോദ്യങ്ങൾക്കുത്തരമാണ് നൽകുന്നത്. കാണുക:

4. **അധിഭൂതം ക്ഷരോ ഭാവഃ പുരുഷശ്ചാധിദൈവതമ്**
**അധിയജ്ഞോഽഹമേവാത്ര ദേഹേ ദേഹഭൃതാം വര.**

അർഥം: അല്ലയോ ദേഹധാരികളിൽ ശ്രേഷ്ഠനായ അർജുനാ, പരിണാമമുള്ള നിത്യപദാർഥങ്ങളെയാണ് അധിഭൂതം എന്നു പറയുന്നത്. അധിദൈവതമാകട്ടെ പരമാത്മപുരുഷനാകുന്നു. കൂടാതെ ഇങ്ങനെ ഈ ശരീരത്തിലെ അധിയജ്ഞൻ ഞാനാകുന്നു.

ഭാഷ്യം: അധിഭൂതനാമം ഇവിടെ പ്രകൃതിയുടേതാണ്. കാരണം അത് ഓരോരോ ഭൂതങ്ങളിലും കാര്യരൂപമായി നിലകൊള്ളുന്നു. അതിനാൽ **'ഭൂതേ അധീത്യാധിഭൂതം'** എന്ന സമാസത്തിലൂടെ പ്രകൃതി എന്ന അർഥ മാണ് നമുക്ക് സ്ഫുരിക്കുക. 'അധിദൈവത'നാമം പരമാത്മാ വിന്റേതാണ്. **'യ ആദിത്യമന്തരോ യമയത്യേഷ ത ആത്മാന്തര്യാമ്യമൃതഃ'** (ബൃഹദാരണ്യകോപനിഷത്ത് 3.7.9) ഇത്യാദി ഉപനിഷദ്വചനങ്ങളിൽ വർണിച്ചിരിക്കുന്നതും അതുതന്നെയാണ്.

അധിയജ്ഞനാമം വേദത്തെ കുറിക്കുന്നതാണെന്ന് കഴിഞ്ഞ അധ്യാ യത്തിലെ അവസാനശ്ലോകത്തിൽനിന്നും വ്യക്തമാകുന്നുണ്ട്. പ്രകൃതി, പരമാത്മാവ്, പരമാത്മാവിന്റെ ആജ്ഞയായ വേദങ്ങൾ എന്നീ മൂന്ന് പദാർഥങ്ങളുടെ ജ്ഞാനം ഉപദേശിക്കുന്ന ശ്രീകൃഷ്ണനെ അറിയുന്ന യുക്തചിത്തനായ യോഗി മരണകാലത്തുപോലും ഭഗവാന്റെ ആജ്ഞയെ മറക്കുകയില്ല. ഇതുൾക്കൊണ്ടാണ് താൻ 'അധിയജ്ഞനാ'ണെന്ന് ഭഗ വാൻ ഇവിടെ പറഞ്ഞത്.

**'അധിയജ്ഞേ വിദ്യതേ യസ്യ സ അധിയജ്ഞഃ'** എന്ന് പറയുന്നു.

വേദം ആരുടെ ജ്ഞാനത്തിലാണോ അറിയാനാകുന്നത് അവനെ അധിയജ്ഞനെന്ന് പറയുന്നുവെന്നർഥം.

ശ്രീമദ് ശങ്കരാചാര്യസ്വാമികളും മധുസൂദന സരസ്വതി സ്വാമികളു മൊക്കെ അധിഭൂതമെന്നതിന് പ്രകൃതിയെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ അധിദൈവം, അധിയജ്ഞം എന്നീ കാര്യത്തിൽ വലിയ ഭേദം വന്നിട്ടുണ്ട്. അധിദൈവമെന്നതിന് 'ഹിരണ്യഗർഭ'മെന്നാണ് ശ്രീശങ്കരാ ചാര്യസ്വാമികളുടെ അർഥം. **'ഹിരണ്യഗർഭഃ സമവര്തതാഗ്രേ'** (യ ജുർവേദം 13.4) എന്നിത്യാദി മന്ത്രങ്ങളിൽ പ്രഖ്യാപിക്കുന്ന ഹിരണ്യഗർഭം ശബ്ദം പരമബ്രഹ്മത്തെത്തന്നെയാണ് കുറിക്കുന്നത്. അല്ലാതെ അപര ബ്രഹ്മത്തെയല്ലെന്ന് സുലളിതമായിത്തന്നെ മനസ്സിലാക്കാവുന്നതാണ്.

എന്നാൽ 'ഹിരണ്യഗർഭ'നെ അപരബ്രഹ്മമായി ചിത്രീകരിക്കാൻ ഒരു കാരണമുണ്ട്. അധിയജ്ഞത്തെ വിഷ്ണുവായി കാണുന്നു അദ്ദേഹം ഈ ശ്ലോകത്തിൽ. നമുക്ക് ഈ ശ്ലോകത്തിന് ശ്രീശങ്കരാചാര്യർ എഴു തിയ ഭാഷ്യത്തിലേക്ക് കടക്കാം.

"സകല പ്രാണികളെയുമധികരിച്ചിരിക്കുന്നത് അധിഭൂതം; ഉത്പത്തി, നാശം എന്നീ സ്വഭാവങ്ങളോടുകൂടിയ സകലവസ്തുക്കളും അധിഭൂതമാകുന്നു. (പുരുഷഃ =) യാതൊന്നുകൊണ്ടു സർവവും പൂർണമായിരിക്കുന്നുവോ അത് പുരുഷൻ; ദേഹത്തിൽ ഇരിക്കുന്നതുകൊണ്ട് പുരുഷൻ എന്നും പറയാം. ആ പുരുഷൻ ആദിത്യനിൽ അധിവസിക്കുന്ന ഹിരണ്യഗർഭനാകുന്നു. അദ്ദേഹം സകലപ്രാണികളുടെയും ഇന്ദ്രിയങ്ങൾക്ക് അനുഗ്രാഹകനായിരുന്നുകൊണ്ട്, അവയെ സ്വസ്വവിഷയങ്ങളിൽ പ്രവർത്തിപ്പിക്കുന്നു. ആ പുരുഷനാണ് അധിദൈവതം. (അധിയജ്ഞഃ =) സകലയജ്ഞങ്ങൾക്കുമഭിമാനിയായും വിഷ്ണുവെന്ന പേരോടുകൂടിയുമിരിക്കുന്ന ദേവത – 'യജ്ഞോ വൈ വിഷ്ണു' (തൈത്തിരീയസംഹിത 1.7.4) എന്ന് ശ്രുതി– ആ വിഷ്ണു ഞാൻതന്നെയാകുന്നു. ഈ ദേഹത്തിൽ എന്തെല്ലാം യജ്ഞങ്ങളാണോ ഉള്ളത്, അവയ്ക്കെല്ലാം ഞാൻ അധിഷ്ഠാനമായിരിക്കുന്നു. യജ്ഞങ്ങൾ ദേഹംകൊണ്ട് നിർവഹിക്കപ്പെടേണ്ടവയാകയാൽ അവ ദേഹത്തോടു ചേർന്നിരിക്കുന്നു. അതിനാലാണ് യജ്ഞങ്ങൾ ദേഹത്തിലിരിക്കുന്നുവെന്ന് പറഞ്ഞത്."

എന്നാൽ ഇതൊന്നും മൂലശ്ലോകത്തിലുള്ള കാര്യങ്ങളല്ലെന്ന് വ്യക്തമാണല്ലോ. ഹിരണ്യഗർഭനേക്കാൾ വിഷ്ണുവിനെ വലുതാക്കി കാണിക്കുവാൻ അധിയജ്ഞം വിഷ്ണുവായി ചിത്രീകരിക്കുകയായിരുന്നു ഇവിടെ. അങ്ങനെ കൃഷ്ണനെ വലുതാക്കി ചിത്രീകരിക്കുക എന്നതായിരുന്നു ഭാഷ്യകാരന്റെ ലക്ഷ്യം. ഇങ്ങനെ ശ്രീകൃഷ്ണൻ '**അധിയജ്ഞോƒഹം**' എന്നു പറഞ്ഞതിന് ഞാൻ അധിയജ്ഞം അതായത് വിഷ്ണുവാകുന്നുവെന്ന് അർഥം ചമയ്ക്കപ്പെട്ടു. കാരണം ഹിരണ്യഗർഭൻ ആദിത്യനിൽ അധിവസിക്കുന്ന ഈ ബ്രഹ്മാണ്ഡത്തിന്റെ സ്വാമിയാകുന്നു. എന്നാൽ വിഷ്ണു സർവവ്യാപകനാകയാൽ സമ്പൂർണ ബ്രഹ്മാണ്ഡങ്ങളുടെയും സ്വാമിയാകുന്നൂവെന്നാണ് വിവക്ഷ. മധുസൂദന സരസ്വതി ഒരു പടി കൂടി കടന്ന് പറഞ്ഞത് കാണുക:

**'യജ്ഞോ വൈ വിഷ്ണുരിതി ശ്രുതേഃ സ ച**
**വിഷ്ണുരധിയജ്ഞോƒഹം വാസുദേവ ഏവ ന മദ്ഭിന്നഃ കശ്ചിത്.'**

അർഥം: 'യജ്ഞമെന്നത് വിഷ്ണുവിന്റെ പേരാകുന്നു. ആ വിഷ്ണുവാകട്ടെ വസുദേവ പുത്രനായ ശ്രീകൃഷ്ണൻതന്നെയാകുന്നു. ആ കൃഷ്ണൻ സ്വയം അധിയജ്ഞനെന്ന് പ്രഖ്യാപിച്ച്, വിഷ്ണുരൂപത്തെ ബോധവത്കരിച്ച് തന്നിൽനിന്ന് ഭിന്നമായി മറ്റൊന്നുമില്ലെന്ന് പ്രഖ്യാപിക്കുകയാണിവിടെ.'

തന്നിൽനിന്ന് അന്യമായി മറ്റൊന്നുമില്ലെന്ന് ശ്രീകൃഷ്ണൻ പ്രഖ്യാപിക്കുകയാണിവിടെ ചെയ്യുന്നതെങ്കിൽ നാശോന്മുഖമായ അധിഭൂതവും ഹിരണ്യഗർഭനെയുമൊക്കെ എന്തുകൊണ്ട് ഭഗവാൻ 'താനെ'ന്ന് ഇവിടെ പറഞ്ഞില്ല?!

പ്രകൃതി, പരമാത്മാവ്, പരമാത്മാവിന്റെ വാണിയായ വേദങ്ങൾ ഇവയോടൊപ്പമുള്ള തന്നെയും അറിയുന്നവർ യുക്തചിത്തരാണെന്നാണ് കഴിഞ്ഞ അധ്യായത്തിലെ 30-ാം ശ്ലോകത്തിൽ ശ്രീകൃഷ്ണൻ പറഞ്ഞത്. അവയെ ഉപദേശിക്കുകമൂലം താൻ സാക്ഷാദ്‌വേദരൂപമാണെന്നും പറയുന്നു. അതിനാലാണ് അത് തന്റെ അധിയജ്ഞമായി ഭഗവാൻ പറയുന്നത്. ഈ അധ്യായത്തിൽതന്നെ ഏഴാംശ്ലോകത്തിൽ "എന്നെ സ്മരിച്ചുകൊണ്ട് സ്വധർമമായ യുദ്ധം അനുഷ്ഠിക്കുക"എന്ന് ഭഗവാൻ പറഞ്ഞത് ശ്രദ്ധിക്കുക. തന്നെ സ്മരിച്ചുകൊണ്ടെന്നാൽ തന്റെ ഭാവം ഉൾക്കൊണ്ടുകൊണ്ട് എന്ന് അർഥമെടുക്കണം. ആതതായികളെ വധിക്കണമെന്ന് വേദത്തിൽ ആജ്ഞയുണ്ട്. ആ ആജ്ഞ പാലിക്കുക എന്നാണ് ഈ പറഞ്ഞതിന് അർഥം. ശ്രീകൃഷ്ണൻ പറഞ്ഞതത്രയും അതേ ആശയങ്ങളായിരുന്നുവെന്നത് കഴിഞ്ഞ അധ്യായത്തിൽ നാം സുവ്യക്തമായി മനസ്സിലാക്കിയതാണ്. ഈ അഭിപ്രായത്തിലാണ് ഭഗവാൻ സ്വയം തന്നെ അധിയജ്ഞമായി പറഞ്ഞിട്ടുള്ളത്. ഇതേ അഭിപ്രായത്തിൽ നിരവധി ഇടങ്ങളിൽ അർജുനനോട് ഭഗവാൻ സംസാരിക്കുന്നുണ്ട്. എന്നാൽ വസുദേവപുത്രനായ ശ്രീകൃഷ്ണൻ ഈശ്വരന്റെ വേദരൂപിയാണെന്ന് ഈ പറഞ്ഞതിന് അർഥമില്ല. അങ്ങനെ ആയിരുന്നെങ്കിൽ ഇതേ അധ്യായത്തിൽതന്നെ-

**'കവിം പുരാണമനുശാസിതാരം.'** (ഗീത 8.9)

'സർവജ്ഞനും അനാദിയും സർവനിയന്താവും' എന്നിത്യാദി വിശേഷണങ്ങളോടെ തന്നിൽനിന്ന് ഭിന്നമായ ഈശ്വരനെ സംബന്ധിച്ച് ഭഗവാൻ ശ്രീകൃഷ്ണൻ പറയുകയില്ലായിരുന്നു.

അടുത്ത ശ്ലോകം കാണുക:

**5. അന്തകാലേ ച മാമേവ സ്മരൻ മുക്ത്വാ കലേവരമ്**
**യഃ പ്രയാതി സ മദ്ഭാവം യാതി നാസ്ത്യത്ര സംശയഃ.**

*അർഥം: മരണസമയത്തും ഞാനുൾക്കൊണ്ട ഭാവത്തെ സ്മരിച്ച് ദേഹത്യാഗം ചെയ്യുന്നവർക്ക് എന്റെ ഭാവത്തെത്തന്നെ പ്രാപിക്കുവാൻ കഴിയുന്നു. ഇക്കാര്യത്തിൽ സംശയം അശേഷം വേണ്ട.*

ഭാഷ്യം: ഈ ശ്ലോകത്തിലെ '**മദ്ഭാവം**' എന്ന പ്രയോഗത്തിന് ഏറെ അർഥമുണ്ട്. നേരത്തേ പറഞ്ഞ രീതിയിൽ കർമങ്ങളനുഷ്ഠിക്കുന്നവർ, അഥവാ ആ നിർദേശമനുസരിച്ച് കർമങ്ങളനുഷ്ഠിക്കുന്നവർ തന്റെ ഭാവം പ്രാപിക്കുന്നുവെന്ന് ഭഗവാൻ പറയുകയാണ്. എന്നാൽ ചിലർ 'മദ്ഭാവം' എന്നതിന് മരണസമയത്ത് ഭഗവാന്റെ ഭാവത്തെ സ്മരിക്കുന്നവർ 'ബ്രഹ്മ'മായിത്തീരുമെന്ന് വ്യാഖ്യാനിക്കാറുണ്ട്. ജീവൻ ബ്രഹ്മമായിത്തീരുന്നതിനുള്ള പ്രകരണമായിരുന്നുവിതെങ്കിൽ അർജുനൻ യുദ്ധോത്സുകനായി രണഭൂമിയിൽ നിൽക്കുന്നതിന് അർഥമില്ലാതെവരും.

മൃത്യുകാലത്ത് പരമേശ്വരസ്മരണ വെയ്ക്കാൻ വേദങ്ങളിലും ഉപദേശിക്കുന്നുണ്ട്. യജുർവേദത്തിൽ പറയുന്നതുതന്നെ ഇതിനു പ്രമാണം. '**ഓം ക്രതോ സ്മര. ക്ലിബേ സ്മര. കൃതങ് സ്മര.**' (യജുർവേദം 40.15)- ഈശ്വരനാമമായ 'ഓം'കാരം മരണസമയത്ത് സ്മരിക്കൂവെന്നർഥം. അതേ ഉപദേശത്തിന്റെ തനിയാവർത്തനമാണ് ഭഗവാൻ ചെയ്യുന്നത്.

**6. യം യം വാപി സ്മരൻ ഭാവം ത്യജത്യന്തേ കലേവരമ്**
**തം തമേവൈതി കൗന്തേയ സദാ തദ്ഭാവഭാവിതഃ.**

*അർഥം: ഹേ കുന്തീപുത്ര, മരണകാലത്ത് ഏതേത് ഭാവത്തെ സ്മരിച്ചുകൊണ്ടാണോ ശരീരം വെടിയുന്നത്, അപ്പോൾ ആ ഭാവ*

*ത്താൽ പ്രേരിതനായി അയാൾ ആ ഭാവത്തെ പ്രാപി ക്കുന്നു.*

ഭാഷ്യം: യോഗികൾ കഠിനമായ തപശ്ചര്യകളാൽ ഉപാസന ചെയ്ത് ഈശ്വരനെ സാക്ഷാത്കരിക്കുന്നതെങ്ങനെയെന്ന് യജുർവേദത്തിൽ വിവരിച്ചതുകാണാം.[2] 'അല്ലയോ അർജുനാ, നിഷ്കാമഭക്തിയോടെ ഈശ്വരസ്മരണ ചെയ്ത് അന്ത്യകാലത്ത് 'ഓം'നെ സ്മരിക്കൂ. തന്നെ പ്പോലെ പ്രഭുഭക്തനായി ശരീരത്യാഗം ചെയ്യുക' എന്ന സന്ദേശമാണി വിടെ. ഇതേപോലെ, യുദ്ധവീരനും ദാനവീരനും സത്യവീരനും വിദ്യാ നുരാഗിയും ദീനവത്സലനുമൊക്കെ ഇതേ ഭാവത്തോടെ മഹാപുരുഷ ന്മാരുടെ ഭാവത്തെ സ്മരിച്ചുകൊണ്ട് പ്രാണത്യാഗം ചെയ്യണമെന്നാണ് ഭഗവാന്റെ ആജ്ഞ. ജീവിതം മുഴുവൻ സൂക്ഷിച്ചുവെയ്ക്കുന്ന ഭാവമേ മരണസമയത്തും നമുക്കുണ്ടാവുകയുള്ളൂ. ഭഗവാൻ യുദ്ധവേളയിലും അതേ ഭാവം തുടരാൻ ആവശ്യപ്പെടുന്നതു കാണുക:

7. **തസ്മാത്സർവേഷു കാലേഷു മാമനുസ്മര യുധ്യ ച**
**മയ്യർപിതമനോബുദ്ധിർമാമേവൈഷ്യസ്യസംശയമ്.**

*അർഥം: അതിനാൽ നീ യുദ്ധവേളയിലെല്ലാം ഞാൻ ക്ഷാത്രധർമം പാലിച്ചുചെയ്തപോലെ യുദ്ധം ചെയ്യുക. മനസ്സും ബുദ്ധിയും എന്നിൽ ശിഷ്യഭാവത്തോടെ അർപ്പണം ചെയ്ത് നിഷ്കാമ-വ്രത-പരായണനായിത്തീർന്നാൽ നീ എന്നെപ്പോലെത്തന്നെ ആയിത്തീരും. അതിൽ സംശയം വേണ്ട.*

8. **അഭ്യാസയോഗയുക്തേന ചേതസാ നാന്യഗാമിനാ**
**പരമം പുരുഷം ദിവ്യം യാതി പാർഥാനുചിന്തയൻ.**

*അർഥം: ഹേ പാർഥ! നിരന്തരയോഗാഭ്യാസംകൊണ്ട് യോഗയുക്ത നായി, മനസ്സിനെ അവിടവിടെ അലഞ്ഞുനടക്കാൻ അനു*

---

2. യജുർവേദം 40.7

*വദിക്കാതെ ചിത്തവൃത്തി നിരോധിച്ചുകൊണ്ട് ഇരിക്കുന്ന മനുഷ്യൻ ദിവ്യനായ പരമപുരുഷനെ പ്രാപിക്കുന്നു.*

ഭാഷ്യം: വേദവചനങ്ങളുടെ തനിയാവർത്തനം മാത്രമാണ് ഈ വാക്കുകൾ. ഋഗ്വേദത്തിൽ വേദമന്ത്രങ്ങളാൽ സ്തുതിച്ച്, യജ്ഞങ്ങളിലൂടെയും അഷ്ടാങ്ഗയോഗമാർഗങ്ങളിലൂടെയും ഈശ്വരനെ കണ്ടെത്താമെന്ന് പറഞ്ഞിരിക്കുന്നതു കാണാം.[(3)]

ഇനി അടുത്ത ശ്ലോകങ്ങളിൽ ഈ പരമാത്മാവിനെക്കുറിച്ചാണ് വർണിക്കുന്നത്. കാണുക:

**9. കവിം പുരാണമനുശാസിതാരമണോരണീയാംസമനുസ്മരേദ്യഃ**
**സർവസ്യ ധാതാരമചിന്ത്യരൂപമാദിത്യവർണം തമസഃ പരസ്താത്.**

**10. പ്രയാണകാലേ മനസാചലേന ഭക്ത്യാ**
**യുക്തോ യോഗബലേന ചൈവ**
**ഭ്രുവോർമധ്യേ പ്രാണമാവേശ്യ സമ്യക്**
**സ തം പരം പുരുഷമുപൈതി ദിവ്യമ്.**

---

3. *ദ്യൗശ്ച നഃ പൃഥിവീ ച പ്രചേതസ ഋതാവരീ രക്ഷതാമംഹസോ രിഷഃ.*
*മാ ദുർവിദത്രാ നിർഋതിർന ഈശത തദ്ദേവാനാമവോ അദ്യാ വൃണീമഹേ. (2)*
*വിശ്വസ്മാന്നോ അദിതിഃ പാത്വംഹസോ മാതാ മിത്രസ്യ വരുണസ്യ രേവതഃ*
*സ്വർവജ്ജ്യോതിരവൃകം നശീമഹി തദ്ദേവാനാമവോ അദ്യാ വൃണീമഹേ (3)*
*ഗ്രാവാ വദന്നപ രക്ഷാംസി സേധതു ദുഷ്വപ്ന്യം നിർഋതിം വിശ്വമത്രിണമ്.*
*ആദിത്യം ശർമ മരുതാമശീമഹി തദ്ദേവാനാമവോ അദ്യാ വൃണീമഹേ. (4)*
(ഋഗ്വേദം 10.36.2, 3, 4)

**അർഥം:-** ഉപാസകന്മാർ ഇദംപ്രഥമമായി ചെയ്യേണ്ടത് വേദമന്ത്രങ്ങളാൽ ഈശ്വരനെ സ്തുതിക്കുകയാണ്. തുടർന്ന് യജ്ഞം, അഷ്ടാങ്ഗയോഗം എന്നീ സാധനകളാൽ ഈശ്വരനെ അറിയുക. യാതൊരു സാധകൻ വേദാനുസാരം വേദമന്ത്രങ്ങളാൽ സ്തുതി, പ്രാർഥന, ഉപാസന എന്നിവ നിത്യവും ചെയ്യുകയും ഈശ്വരനാമം ജപിക്കുകയും ചെയ്യുന്നുവോ അയാൾക്ക് സ്വഹൃദയത്തിൽ ഈശ്വരനെ സാക്ഷാത്കരിക്കാൻ കഴിയും.

ഈശ്വരനെ തന്റെ ഉള്ളിൽ സാക്ഷാത്കരിക്കുന്നതിന് മുകളിൽ പറഞ്ഞപോലെ വേദാധ്യയനം, യജ്ഞം, ആത്മയജ്ഞം, സ്തുതി, പ്രാർഥന, ഉപാസന, നാമസ്മരണം എന്നിവ ചെയ്യേണ്ടതുണ്ട്. അതിലൂടെ പരമദിവ്യപുരുഷനായ പരമേശ്വരനെ സാക്ഷാത്കരിക്കാൻ കഴിയുന്നു.

കൂടാതെ യജുർവേദത്തിൽ 4.1, 7.4, (17-ാം അധ്യായം) എന്നിവയും ഉപാസനയുടെ രഹസ്യലോകങ്ങളെ വർണിക്കുന്നു.

*അർഥം: സർവജ്ഞനും അനാദിയും സൃഷ്ടിരചയിതാവും സർവ നിയന്താവുമായി, അണുവിന്റെയും അണുവിനുപോലും ആശ്രയമായി നിലകൊള്ളുകയും മനസ്സ്, ബുദ്ധി തുടങ്ങിയ ഇന്ദ്രിയങ്ങളാൽ ചിന്തിച്ചെടുക്കാൻ കഴിയാത്ത, സൂര്യതുല്യമായ ദീപ്തിയാൽ അജ്ഞാനാന്ധകാരത്തെ പരിപൂർണ മായും നീക്കുന്ന ആ മഹാപുരുഷനെ ആര് സ്മരിക്കുന്നുവോ അയാൾ ദേഹത്യാഗകാലത്ത് യോഗബലത്താൽ പ്രാണനെ അടക്കി നിശ്ചലമനസ്സോടെ ആ ദിവ്യസ്വരൂപനും പരമപുരുഷനുമായ പരമേശ്വരനെ പ്രാപിക്കുന്നു. (9,10)*

ഭാഷ്യം: സമ്പൂർണമായും വേദമന്ത്രങ്ങളുടെ അന്തഃസത്തയെ അണി നിരത്തുകയാണിവിടെ. യജുർവേദത്തിൽ ഈശ്വരനെ വർണിച്ച ഭാഗ ങ്ങളെ അടർത്തിയെടുത്തിരിക്കുന്നതാണ് ഇവിടെ കാണുന്ന വാക്കുക ളെല്ലാം. ഗീതാകാരൻ സ്വയം വൈദികഋഷിയായി മാറുന്ന അനുപമമായ ദർശനം നമുക്കിവിടെ ലഭിക്കുന്നു. **'സ പര്യഗാച്ഛുക്രമകായമവ്രണം അസ്നാവിരം ശുദ്ധമപാപവിദ്ധമ്. കവിർമനീഷീ പരിഭൂ സ്വയംഭൂഃ'** (യജുർവേദം 40.8), **'വേദാഹമേതം പുരുഷം മഹാന്തം ആദിത്യവർണമ്'** (യജുർവേദം 31.18) എന്നിത്യാദി മന്ത്രങ്ങളുടെ സ്വാധീനം നമുക്കിവിടെ കാണാം.

ഒൻപതാം ശ്ലോകത്തിൽ കടന്നുവരുന്ന ഒരു വാക്ക് 'അനുസ്മരണം' എന്നതാണ്. ഇതേ വാക്ക് ഏഴാം ശ്ലോകത്തിലും വന്നു. ഇനി 13-ാം ശ്ലോക ത്തിലും നാമതു കാണും. എന്താണ് അനുസ്മരണം? ഈശ്വരസ്മരണം ഓരോ വ്യക്തിക്കും തന്റെ സാമർഥ്യമനുസരിച്ച് ചിരകാലധ്യാനംകൊണ്ട് നേടിയെടുക്കേണ്ടതാണ്. എന്നാൽ ശ്രീകൃഷ്ണനെപ്പോലുള്ള ഭക്തരാ ജാക്കന്മാരുട സാമർഥ്യംകൊണ്ട് അവരെ പിന്തുടർന്ന് ഭഗവത്സ്മരണ നടത്തുവാൻ ഭാഗ്യം സിദ്ധിച്ചുവെന്നു വരാം. അതിനെയാണ് 'അനുസ്മ രണം' എന്നു പറയുന്നത്. ഈ ശ്ലോകത്തിൽ വരുന്ന **'കവിം'** (യ ജുർവേദം 40.8) **'പുരാണം'** (ഋഗ്വേദം 3.58.6, സാമവേദം 1633-ാം മന്ത്രം) **'ആദിത്യവർണം'** (യജുർവേദം 31.18) എന്നിങ്ങനെ ഒൻപതാം ശ്ലോക ത്തിലെ മർമപ്രധാനശബ്ദങ്ങളെല്ലാം വേദങ്ങളിൽനിന്ന് എടുത്തവയാണ്.

11. **യദക്ഷരം വേദവിദോ വദന്തി**
**വിശന്തി യദ്യതയോ വീതരാഗാഃ**
**യദിച്ഛന്തോ ബ്രഹ്മചര്യം ചരന്തി**
**തത്തേ പദം സംഗ്രഹേണ പ്രവക്ഷ്യേ.**

*അർഥം: വേദത്തെ അറിയുന്ന വിദ്വാൻ ഏത് അക്ഷരത്തെയാണോ വിവരിക്കുന്നത്, ആസക്തി വെടിഞ്ഞ് പ്രയത്നശീലരായ തപസ്വികൾ ഏതിലാണോ പ്രവേശിക്കുന്നത്, ഏതൊരു ബ്രഹ്മത്തെ ആഗ്രഹിച്ചാണോ സാധകർ ബ്രഹ്മചര്യമനുഷ്ഠിക്കുന്നത് ആ പദത്തെക്കുറിച്ച് സംക്ഷേപിച്ച് നിനക്ക് പറഞ്ഞുതരാം.*

ഭാഷ്യം: ഈ വിവരങ്ങളത്രയും 'വേദമഹത്വം'കൂടി കാണിക്കാനാണ് വർണിച്ചിട്ടുള്ളതെന്ന് തോന്നിപ്പോകും. ആരാണ് വേദവിത്തുക്കൾ എന്നാണ് ആദ്യമറിയേണ്ടത്. വേദവിത്തുക്കൾ ഋഷിമാരാണ്. വേദത്തിന്റെ പൊരുളറിഞ്ഞവരാണ്. എന്താണ് വേദത്തിന്റെ പൊരുൾ? 'അക്ഷരം' അഥവാ നാശമില്ലാത്തതിനെ, ആ ജ്യേഷ്ഠംബ്രഹ്മത്തെ അറിയുന്നവരാണ് അവർ. ആസക്തി വെടിഞ്ഞ് പ്രയത്നിച്ചു യോഗബലം നേടുന്നവരുമാണ്. അതിനുവേണ്ടി ബ്രഹ്മചര്യം അനുഷ്ഠിക്കുകയും ചെയ്യുന്നു. ബ്രഹ്മചര്യത്തിന്റെ പ്രാധാന്യമറിയുന്നത് അഥർവവേദം പഠിക്കുമ്പോഴാണ്. '**ആചാര്യഃ ബ്രഹ്മചാരിണം ഉപനയനമാനഃ അന്തഃ ഗർഭം കൃണുതേ**' (11.5.3) എന്ന് വിവരിച്ചിരിക്കുന്നു അവിടെ. ആചാര്യൻ ബ്രഹ്മചാരിയെ തന്റെ അടുത്തുനിറുത്തി, വിദ്യാരൂപിയായ ശരീരത്തിൽ ഗർഭരൂപത്തിൽ അവനെ സ്ഥാപിക്കുന്നുവെന്നർഥം. അതേ, അഥർവസൂക്തത്തിൽതന്നെ '**ബ്രഹ്മചര്യേണ തപസാ ദേവാ മൃത്യുമപാഘ്നതഃ**' (11.5.19) എന്നും പറഞ്ഞിരിക്കുന്നു. ബ്രഹ്മചര്യത്തിന്റെ ശക്തിയാൽ ദേവന്മാർ മൃത്യുവിനെ ജയിക്കുന്നു എന്നർഥം. യോഗദർശനത്തിലും പതഞ്ജലിമുനി ബ്രഹ്മചര്യമഹത്വം പറയുന്നുണ്ട്. '**ബ്രഹ്മചര്യപ്രതിഷ്ഠായാം വീര്യലാഭഃ**' (യോഗസൂത്രം 2.38)- ബ്രഹ്മചര്യഭാവം സ്ഥിരമാകുന്നതിലൂടെ ശാരീരികവും ആത്മികവുമായ ശക്തിയുടെ രക്ഷ ഉണ്ടാകുന്നുവെന്നർഥം.

**12. സർവദ്വാരാണി സംയമ്യ മനോ ഹൃദി നിരുധ്യ ച**
**മൂർധ്ന്യാധായാത്മനഃ പ്രാണമാസ്ഥിതോ യോഗധാരണാമ്.**

*അർഥം: സമസ്ത ഇന്ദ്രിയങ്ങളെയും അവയുടെ വിഷയങ്ങ ളിൽനിന്ന് പിൻവലിച്ച് സംയമം ചെയ്ത് മനസ്സിനെ ഹൃദ യത്തിൽ സ്ഥിരമാക്കുക. തുടർന്ന് പ്രാണനെ മൂർധാവിൽ അടക്കിനിർത്തി യോഗധാരണ എന്ന അവസ്ഥയിൽ സ്ഥിര നാവുക.*

**13. ഓമിത്യേകാക്ഷരം ബ്രഹ്മ വ്യാഹരൻ മാമനുസ്മരൻ**
**യഃ പ്രയാതി ത്യജൻ ദേഹം സ യാതി പരമാം ഗതിമ്.**

*അർഥം: ധ്യാനനിഷ്ഠനായി 'ഓം' എന്ന ഏകാക്ഷരരൂപത്തെ ബ്രഹ്മ മെന്ന് ബോധിച്ച് 'ഓം' എന്ന് ഉച്ചരിച്ച് ദേഹത്യാഗം ചെയ്യുന്ന യോഗി മുക്താവസ്ഥ പ്രാപിക്കുന്നു.*

ഭാഷ്യം: **'ഓം ഖം ബ്രഹ്മ', 'ഓം ക്രതോസ്മരഃ'**[(4)] എന്നിങ്ങനെ ഓങ്കാരമ ഹിമ വേദങ്ങളിൽ പ്രസിദ്ധമാണ്. അർഥഭാവനയോടെ ഓങ്കാരജപം പരി ശീലിക്കാൻ പതഞ്ജലിയും നിർദ്ദേശിക്കുന്നുണ്ടല്ലോ. ഈ ശ്ലോകങ്ങ ളിൽ പരാമർശിച്ച വിഷയങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ട കാര്യ ങ്ങളെല്ലാം നാം നേരത്തേ ചർച്ച ചെയ്തതാണ്.

**14. അനന്യചേതാഃ സതതം യോ മാം സ്മരതി നിത്യശഃ**
**തസ്യാഹം സുലഭഃ പാർഥ നിത്യയുക്തസ്യ യോഗിനഃ.**

*അർഥം: അല്ലയോ പാർഥ, മറ്റൊരു വസ്തുവിലും ചിത്തം നഷ്ട പ്പെടാതെ നിത്യം, നിരന്തരം എന്റെ ഭാവങ്ങളെ സ്മരിക്കു കയും അതുവഴി സമാഹിതചിത്തമുള്ളവരായിത്തീരു കയും ചെയ്യുന്ന യോഗിക്ക് ഞാൻ വളരെ വേഗം പ്രാപ്ത നായിത്തീരുന്നു.*

4. യജുർവേദം 40.17, 40.15 കാണുക.

ഭാഷ്യം: ഏഴാംശ്ലോകത്തിൽ തന്നെ സ്മരിച്ചുകൊണ്ട് യുദ്ധം ചെയ്യാൻ ശ്രീകൃഷ്ണൻ ഉപദേശിച്ചിരുന്നു. അതേപോലെ ഇവിടെ തന്റെ മഹത്വം വർണിച്ചശേഷം സുഖത്തിന്റെ പരമധാമത്തെക്കുറിച്ച് പറയുകയാണ്. കഴിഞ്ഞ രണ്ടു ശ്ലോകങ്ങളിൽ യോഗധാരണയിൽ സ്ഥിതിചെയ്യുന്ന സാധകൻ അന്തകാലത്ത് 'ഓം' എന്ന അക്ഷരരൂപമായ ബ്രഹ്മത്തെ ഉച്ചരിച്ച് പരമഗതിയടയുന്നുവെന്ന് ശ്രീകൃഷ്ണൻ പറഞ്ഞുകഴിഞ്ഞു. തുടർന്ന് അഷ്ടാങ്ഗയോഗമാർഗത്തിൽ ആറും ഏഴും അങ്ഗങ്ങളായ ധാരണ, ധ്യാനം എന്നിവ നേടുന്നതിനുള്ള ഉപായം പറയുന്നുണ്ട്. ആ അവസ്ഥയിൽ സാധകൻ അനന്യചിത്തനായി, മറ്റൊന്നിലും ശ്രദ്ധിക്കാതെ ഈശ്വരചിന്തയിൽതന്നെ മുഴുകുന്നു. **'നിത്യയുക്തസ്യ യോഗിനഃ'** എന്ന പ്രയോഗം അതാണ് സൂചിപ്പിക്കുന്നത്. യോഗി ചിത്തം, കർമം, ബുദ്ധി എന്നിവയെല്ലാം ഭഗവാനിൽ സമർപ്പിക്കുന്നു. ആ സ്ഥിതിയിൽ, യോഗിക്ക് 'താൻ' സുലഭനായിത്തീരുന്നുവെന്ന് പറയുകയാണ് ശ്രീകൃഷ്ണൻ. സ്വയം അസംപ്രജ്ഞാതസമാധി കൈവരിച്ച ഭഗവാന്റെ ഭാവാവസ്ഥയാണ് **'അഹം സുലഭഃ'** എന്ന പ്രയോഗത്തിൽനിന്ന് മനസ്സിലാക്കേണ്ടത്.

**15. മാമുപേത്യ പുനർജന്മ ദുഃഖാലയമശാശ്വതമ്**
**നാപ്നുവന്തി മഹാത്മാനഃ സംസിദ്ധിം പരമാം ഗതാഃ.**

*അർഥം: ഇങ്ങനെ എന്നെ പ്രാപിച്ച മഹാത്മാക്കൾ പരമസിദ്ധി കൈവരിക്കുന്നു. ദുഃഖങ്ങൾ നിറഞ്ഞതും നാശഹേതുവുമായ പുനർജന്മമുണ്ടാകുന്നില്ല. പിന്നീട് അവർക്ക് ദിവ്യമായ ജന്മവും കർമവുമാണ് ഉണ്ടാവുക.*[5]

**16. ആബ്രഹ്മഭുവനാല്ലോകാഃ പുനരാവർതിനോഽർജുന**
**മാമുപേത്യ തു കൗന്തേയ പുനർജന്മ ന വിദ്യതേ.**

അർഥം: ഹേ കൗന്തേയാ, ബ്രഹ്മലോകം മുതൽ ഇങ്ങോട്ടുള്ള ലോകങ്ങളെല്ലാം പുനർജന്മം നൽകുന്നവയാണ്. എന്നാൽ എന്റെ ഈ ഭാവത്തെ പ്രാപിച്ചവർക്ക് പുനർജന്മം ഉണ്ടാവുകയില്ല.

5. ജന്മ കർമ ച മേ ദിവ്യമ് - ഗീത 4.9

ഭാഷ്യം: അല്ലയോ അർജ്ജുനാ, ധനത്തിനുവേണ്ടി ഭഗവാനെ സ്മരിക്കുന്നവരുണ്ട്. അവർ പ്രധാനമായും ധനലോകത്തിൽ വസിക്കുന്നു. ഗൗണരൂപത്തിൽ പറഞ്ഞാൽ ബ്രഹ്മലോകത്തിൽ. ചിലരാകട്ടെ, കീർത്തിക്കായി ഭഗവാനെ സ്മരിക്കുന്നു. അവർ പ്രധാനമായും കീർത്തിലോകത്തിൽ, ഗൗണികമായി പറഞ്ഞാൽ ബ്രഹ്മലോകത്തിൽ വസിക്കുന്നു. തങ്ങളുടെ സ്വാർഥപൂർത്തി കൈവരാത്തിടത്തോളം കാലം അവിടെത്തന്നെ വസിക്കുന്നു. സ്വാർഥപൂർത്തി ഉണ്ടായിക്കഴിഞ്ഞാൽ, അന്യ ധനലോകം, ധാന്യലോകം, ഐശ്വര്യലോകം, കീർത്തിലോകം തുടങ്ങിയവയിലേക്കു യാത്രചെയ്യുന്നു. അവർ പരമാത്മാവിനെ വിസ്മരിക്കുന്നു. ശാശ്വതമല്ലാത്ത ജന്മരൂപിയായ ദുഃഖാലയങ്ങളിൽ ചെന്നു പതിക്കുന്നു. എന്നാൽ ഭഗവാൻ ശ്രീകൃഷ്ണൻ ബ്രഹ്മത്തെപ്രതി നിഷ്കാമപ്രേമം മാത്രമുള്ളയാളാണ്. അതിനാൽ ഭഗവാൻ സദാ ബ്രഹ്മലോകത്തിൽ ഇരിക്കുന്നു.

ശ്രീകൃഷ്ണഭഗവാന്റെ ഈ നിഷ്കാമഭാവത്തെ കണ്ടു മനസ്സിലാക്കുന്നവർക്ക് സാധാരണ ജന്മം പിന്നെ ഉണ്ടാകില്ല. അവർക്ക് ദിവ്യജന്മം മാത്രമേ ഉണ്ടാവുകയുള്ളൂ.

17. **സഹസ്രയുഗപര്യന്തമഹര്യദ്ബ്രഹ്മണോ വിദുഃ**
**രാത്രിം യുഗസഹസ്രാന്താം തേഽഹോരാത്രവിദോ ജനാഃ.**

*അർഥം: ബ്രഹ്മാവിന്റെ ഒരു പകൽ ആയിരം മഹായുഗങ്ങൾ ചേർന്നതാണെന്നും രാത്രിയും അപ്രകാരം ആയിരം മഹായുഗങ്ങൾ ചേർന്നതാണെന്നും അറിയുന്ന യോഗി ദിനരാത്രങ്ങളുടെ രഹസ്യമറിയുന്നു.*

ഭാഷ്യം: കാലരഹസ്യമറിയാൻ വേദം പഠിക്കണം.

ഋഗ്വേദത്തിന്റെ പത്താം മണ്ഡലത്തിൽ സൃഷ്ടി, ഉത്പത്തി, പ്രളയം തുടങ്ങിയ സങ്കേതങ്ങളെ വിശേഷിപ്പിക്കുന്നുണ്ട്. കൂടാതെ അഥർവവേദത്തിൽ പത്തൊമ്പതാം കാണ്ഡത്തിൽ അൻപത്തിമൂന്നാം സൂക്തത്തിൽ കാലമഹിമയെ വിസ്തരിച്ച് വിശദീകരിച്ചിട്ടുണ്ട്. അഥർവത്തിൽതന്നെ ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിൽ വർഷം, 12 മാസം, ചൂട്, തണുപ്പ്, ഋതുക്കൾ എന്നിവയെല്ലാം വർണിക്കുന്ന മന്ത്രം കാണുക.

**ദ്വാദശ പ്രധയശ്ചക്രമേകം ത്രീണി നഭ്യാനി ക ഉ തച്ചികേത**
**തത്രാഹതാസ്ത്രീണി ശതാനി ശങ്കവഃ**
**ഷഷ്ടിശ്ച ഖിലാ അവിചാചലാ യേ.**

(അഥർവം 10.8.4)

ഇപ്രകാരം വേദവിദിതമായ കാലതത്ത്വത്തെ മനുസ്മൃതിയിൽ വിശദീകരിക്കുന്നത് അതേപടി പറയുകയാണ് ശ്രീകൃഷ്ണഭഗവാനിവിടെ ചെയ്തിരിക്കുന്നത്. കാണുക:

**യദേതത് പരിസംഖ്യാതമാദാവേവ ചതുര്യുഗമ്**
**ഏതദ് ദ്വാദശസാഹസ്രം ദേവാനാം യുഗമുച്യതേ.** (മനുസ്മൃതി 1.71)

അർഥം: പന്തീരായിരം ദിവ്യവർഷങ്ങൾ ചേർന്നാൽ ഒരു മാനുഷ ചതുർയുഗം. ഈ മാനുഷചതുർയുഗത്തെ ദേവന്മാരുടെ ഒരു യുഗമെന്ന് പറയുന്നു.

**ദൈവികാനാം യുഗാനാം തു സഹസ്രം പരിസംഖ്യയാ**
**ബ്രാഹ്മമേകമഹർജ്ഞേയം താവതീം രാത്രിമേവ ച.**

(മനുസ്മൃതി 1.72)

അർഥം: ദൈവീയുഗത്തിന്റെ ഗണിതമനുസരിച്ച് ആയിരം യുഗം ചേർന്നത് ബ്രഹ്മാവിന്റെ ഒരു പകൽ എന്നറിയേണ്ടതാകുന്നു. ബ്രഹ്മാവിന്റെ രാത്രിയും അത്രതന്നെ.

ഇതനുസരിച്ച് 17,28,000 വർഷങ്ങളുടെ ഒരു സത്യയുഗം, 12,96,000 വർഷങ്ങളുള്ള ഒരു ത്രേതായുഗം, 8,64,000 വർഷങ്ങളുള്ള ദ്വാപരയുഗം, 4,32,000 വർഷങ്ങളുള്ള ഒരു കലിയുഗം എന്ന് കാലഗണന ലഭിക്കുന്നു. ആകെക്കൂടെ 43,20,000 വർഷങ്ങളാണ് ചതുർയുഗം. ഈ നാല് യുഗങ്ങളും എപ്പോഴാണോ 1000 തവണ വീണ്ടുംവന്ന് സമാപിക്കുന്നത് അതിനെയാണ് ബ്രഹ്മ-ദിനം എന്ന് പറയുന്നത്. അതേപോലെതന്നെ ബ്രഹ്മ-രാത്രിയും. ആയിരം ചതുർയുഗങ്ങളിൽ ഈശ്വരൻ സൃഷ്ടി തുടരുന്നു. ഇതാണ് ബ്രഹ്മദിനം. ആയിരം ചതുർയുഗങ്ങളായി സൃഷ്ടിയെ ഇല്ലാതാക്കി അതേപോലെ കാരണത്തിൽ വിലയിപ്പിക്കുകയും ചെയ്യുന്നു.

അതിന്റെ പേരാണ് ബ്രഹ്മരാത്രി. സൃഷ്ടി ഉത്പത്തിയെ ബ്രഹ്മദിനമെന്നും പ്രളയത്തെ ബ്രഹ്മരാത്രിയെന്നും ദ്യോതിപ്പിക്കുന്നു. മനുസ്മൃതിയിലെ **'തേ/ഹോരാത്രവിദോ ജനാഃ'** (മനുസ്മൃതി 1.73) എന്ന വചനം ഗീതാകാരൻ **'തേ/ഹോരാത്രവിദോ ജനാഃ'** (ഗീത 8.17) എന്നുതന്നെ പകർത്തിയെഴുതുന്നു. മനുസ്മൃതി പഠിക്കാത്തവന് ഗീതാഹൃദയമറിയുന്നതെങ്ങനെ?

**18. അവ്യക്താദ്വ്യക്തയഃ സർവാഃ പ്രഭവന്ത്യഹരാഗമേ**
**രാത്ര്യാഗമേ പ്രലീയന്തേ തത്രൈവാവ്യക്തസംജ്ഞകേ.**

*അർഥം: അവ്യക്തപ്രകൃതിയിൽനിന്ന് എല്ലാ വ്യക്തപദാർഥങ്ങളും ബ്രഹ്മദിനത്തിന്റെ പ്രാരംഭത്തിൽ ഉത്പന്നമായിത്തീരുന്നു. ബ്രഹ്മരാത്രിയുടെ പ്രാരംഭത്തിൽ അവ്യക്തമെന്ന് പേരുള്ള പ്രകൃതിയിൽ അവ ലയിച്ചുപോവുകയും ചെയ്യുന്നു.*

ഇങ്ങനെ, ഉണ്ടായി ലയിച്ചുപോകുന്ന വസ്തുക്കളെ വ്യക്തമെന്ന് യോഗത്തിന്റെയും സാംഖ്യത്തിന്റെയും ആചാര്യന്മാർ വിളിക്കുന്നു.

**19. ഭൂതഗ്രാമഃ സ ഏവായം ഭൂത്വാ ഭൂത്വാ പ്രലീയതേ**
**രാത്ര്യാഗമേ/വശഃ പാർഥ പ്രഭവത്യഹരാഗമേ.**

*അർഥം: അല്ലയോ പാർഥ, ആ ഭൂതസമൂഹം സൃഷ്ടിരചനയിലൂടെ വീണ്ടുംവീണ്ടും ഉണ്ടായി സഹജമായിതന്നെ ബ്രഹ്മരാത്രിയിൽ ലീനമായിത്തീരുകയും വീണ്ടും ബ്രഹ്മദിനത്തിൽ ഉത്പന്നമാവുകയും ചെയ്യുന്നു.*

ഭാഷ്യം: വേദങ്ങളിൽ സൃഷ്ടിരചനയെക്കുറിച്ച് വിസ്തരിച്ചുതന്നെ വിശദീകരിച്ചിട്ടുണ്ട്. സൃഷ്ടിരചന, പാലനം, പ്രളയം, വീണ്ടും രചന തുടങ്ങിയ ഈ ക്രമം അനാദികാലമായി തുടരുകയാണ്. ഭാവിയിലും അത് തുടരും. ഈശ്വരന്റെ ജ്ഞാനം, ബലം, ക്രിയ എന്നിവ സ്വാഭാവികമാണ്. അതിനാൽ നിശ്ചിതസമയത്തുള്ള രചന തുടങ്ങിയ ക്രമങ്ങൾ അനാദിയും അനന്തവുമായി തുടരുന്നു. അവയെ 'പ്രവാഹത്താൽ അനാദി' എന്നു പറയുന്നു. സൃഷ്ടിക്കുമുൻപ് പ്രകൃതി, ജീവാത്മാക്കൾ, പരമാ

ത്മാവ് എന്നീ മൂന്നും 'സ്വരൂപത്താൽ അനാദിയായ' തത്ത്വങ്ങളാണെന്ന് ഋഗ്വേദത്തിൽ[6] ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഈശ്വരശക്തി പ്രകൃതിയിൽ കാര്യങ്ങൾ ചെയ്യുന്നു. പ്രകൃതിയിൽനിന്ന് ഒന്നാമത്തെ തത്ത്വമായ 'മഹത്' അഥവാ ബുദ്ധി ഉത്പന്നമാകുകയും ചെയ്യുന്നു. തുടർന്ന് മഹത്തിൽനിന്ന് അഹങ്കാരം, അഹങ്കാരത്തിൽനിന്ന് പഞ്ചതന്മാത്രങ്ങളും ഇന്ദ്രിയങ്ങളും, പഞ്ചതന്മാത്രകളിൽനിന്ന് അഗ്നി, വായു, ജലം, ആകാശം, പൃഥിവി തുടങ്ങിയ പഞ്ചതത്ത്വങ്ങൾ ഉണ്ടാകുന്നു.[7] ഈ പഞ്ചതത്ത്വങ്ങളിൽനിന്ന് സംസാരത്തിലെ സമസ്ത പദാർഥങ്ങളും ഉണ്ടാകുന്നു. ശ്രീകൃഷ്ണഭഗവാൻ ഈ പദാർഥങ്ങളെ **'ഭൂതഗ്രാമഃ'** അഥവാ പഞ്ചഭൂതങ്ങളാൽ ഉണ്ടാക്കപ്പെട്ട പ്രപഞ്ചമെന്ന് വിളിക്കുന്നു. ഈ ഭിന്ന-ഭിന്നപ്രകാരത്തിലുള്ള സമസ്ത പദാർഥങ്ങളും നിമിത്തകാരണം, ഉപാദാനകാരണം എന്നിവയാൽ ഉണ്ടാക്കപ്പെടുന്നവയാണ്. യജുർവേദത്തിൽ[8] നിമിത്തകാരണം സർവശക്തിമാനായ പരമേശ്വരനും ഉപാദാനകാരണം ജഡപ്രകൃതിയുമാണെന്ന് പറയുന്നുണ്ട്. അതായത്, പരമാത്മാവിനാൽ ഈ സൃഷ്ടി ഉത്പന്നമാകുന്നില്ലെന്നർഥം. എപ്പോഴാണോ ഈശ്വരന്റെ ശക്തി ജഡപ്രകൃതിയിൽ നിശ്ചിത സമയത്തേക്ക് കാര്യങ്ങൾ പ്രവർത്തിക്കുന്നത് അപ്പോൾ മുതൽ സൂക്ഷ്മമായി വിദ്യുത്, മഹത് തുടങ്ങിയവ ഉത്പന്നമാകുകയും സൃഷ്ടിരചനയുടെ ക്രമം ആരംഭിക്കുകയും ചെയ്യുമെന്നാണ് യജുർവേദത്തിൽ (23.54) പറയുന്നത്. അങ്ങനെ പാഞ്ചഭൗതികപദാർഥങ്ങളാൽ നിർമിക്കപ്പെടുന്ന, ജഡസംസാരത്തിലെ പദാർഥങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. പ്രകൃതിതന്നെയാണ് ജഗത്തിന്റെ ഉത്പത്തിയുടെ മൂലകാരണം. പ്രകൃതിയിൽനിന്ന് പദാർഥങ്ങൾ ഉത്പന്നമാകുകയും, വീണ്ടും പ്രളയാവസ്ഥയിൽ പ്രപഞ്ചമൊന്നാകെ പ്രകൃതിയിൽതന്നെ ലീനമാവുകയും ചെയ്യുന്നു. രാത്രിയെപ്പോലെ പ്രളയസമയത്ത് സർവതും നഷ്ടമാകുന്നുവെന്ന് യജുർവേദം ('രാത്രിരാസീത്പിശങ്ഗിലാ'-23.54) പറയുന്നത് കാണാം.

---

6. 10.129.1 മുതൽ 6 വരെ മന്ത്രങ്ങൾ.
7. സാംഖ്യദർശനം 1.26 കാണുക.
8. യജുർവേദം 23.60 കാണുക.

ഈ വൈദികദർശനത്തെ അവതരിപ്പിക്കാനാണ് ഗീതയിൽ '**രാത്ര്യാഗമേ**' (ഗീത 8.19) എന്ന് ഭഗവാൻ സൂചിപ്പിച്ചത്.

**20. പരസ്തസ്മാത്തു ഭാവോഽന്യോഽവ്യക്തോഽവ്യക്താത്സനാതനഃ.**
**യഃ സ സർവേഷു ഭൂതേഷു നശ്യത്സു ന വിനശ്യതി.**

*അർഥം: തീർച്ചയായും ആ പ്രകൃതികൾക്കും അപ്പുറത്താണ് അവ്യക്തഭാവത്തോടെ (അതായത് വ്യക്തമാകാത്ത രീതിയിൽ) അതിസൂക്ഷ്മമായ പരമാത്മാവിരിക്കുന്നത്. അത് സനാതനമാണ്. ആ പരമാത്മാവ് സമസ്ത ഭൂതങ്ങളും നാശമടഞ്ഞാലും നശിക്കാതിരിക്കുന്നു.*

ഭാഷ്യം: '**തദ്വിഷ്ണോഃ പരമം പദം സദാ പശ്യന്തി സൂരയഃ**' (അഥർവവേദം 7.26.7) എന്നിത്യാദി ശ്രുതിവാക്യങ്ങളിൽ പറയുന്ന പരമപദമാണിവിടെ പ്രമേയം. സർവവ്യാപകത്വമുള്ളതുകൊണ്ടാണ് ഭഗവാനെ വിഷ്ണുവെന്ന് വിളിക്കുന്നത്. ഏതൊന്നിന് പ്രതിമയില്ലെന്ന് വേദം ('ന തസ്യ പ്രതിമാഽഅസ്തി'- യജുർവേദം 32.3) നിഷേധിച്ചിട്ടുണ്ടോ അങ്ങനെ അവ്യക്തമായിരിക്കുന്ന ഈശ്വരന്റെ ഇന്ദ്രിയാഗോചരതയെ '**ന ചക്ഷുഷാ പശ്യതി കശ്ചിദേനമ്**' എന്ന് ഉപനിഷദ് വാക്യങ്ങളാലും വർണിച്ചതു കാണാം. ആ അവ്യക്തതയെ കൂടുതൽ ശക്തമായി ഭഗവാൻ അവതരിപ്പിക്കുകയാണ് അടുത്ത ശ്ലോകത്തിൽ. കാണുക:

**21. അവ്യക്തോഽക്ഷര ഇത്യുക്തസ്തമാഹുഃ പരമാം ഗതിമ്**
**യം പ്രാപ്യ ന നിവർതന്തേ തദ്ധാമ പരമം മമ.**

*അർഥം: യാതൊന്നിനെയാണോ അവ്യക്തമായ അക്ഷരമായി പറഞ്ഞിട്ടുള്ളത് അതിനെ വേദം 'പരമഗതി' എന്ന് വിളിച്ചിട്ടുണ്ട്. അതിനെ പ്രാപിച്ചുകഴിഞ്ഞാൽ പിന്നീട് ജനന-മരണ ചക്രങ്ങളിൽപെട്ട് ഉഴലേണ്ടിവരില്ല. അതാണ് എന്റെ ഉത്തമമായ ധാമം അഥവാ നിവാസസ്ഥാനം.*

ഭാഷ്യം: അക്ഷരസ്വരൂപനായ പരമപദത്തെ തന്റെ ധാമമായി, അഥവാ ആശ്രയകേന്ദ്രമായി ശ്രീകൃഷ്ണൻ വ്യാഖ്യാനിക്കുകയാണിവിടെ.

അനേകം ദുഃഖങ്ങളുള്ള ഒരാൾ സ്വന്തം വീട്ടിലെത്തിയാൽ ശാന്തനാകുന്നതുപോലെ സംസാരാഗ്നിയിൽ തപിക്കപ്പെട്ട അനേകം ദുഃഖിതർക്ക് ശാന്തിയുടെ വാരിധി പ്രദാനംചെയ്ത ധാമമാണിത്. ഇവിടെ എത്തിയവർ ശാന്തരായിത്തീരുന്നു. സൂക്ഷ്മാതിസൂക്ഷ്മമായ അവ്യക്തപുരുഷനെ നേരത്തെ ഇതേ അധ്യായത്തിൽ പത്തും പതിനൊന്നും ശ്ലോകങ്ങളിൽ അക്ഷരനാമത്താൽ വിളിച്ചിരുന്നത് ഓർക്കുക.

**22. പുരുഷഃ സ പരഃ പാർഥ ഭക്ത്യാ ലഭ്യസ്ത്വനന്യയാ**
**യസ്യാന്തഃസ്ഥാനി ഭൂതാനി യേന സർവമിദം തതമ്.**

*അർഥം: അല്ലയോ പാർഥ, ഏതൊരു പരമാത്മാവിന്റെ ഉള്ളിലാണോ പഞ്ചഭൂതാത്മകമായ ഈ പ്രപഞ്ചവും ചേതനങ്ങളായ ജീവാത്മാക്കളും ഇരിക്കുന്നത്, ആ അക്ഷരവും അവ്യക്തവുമായ പരമേശ്വരനെ അനന്യഭക്തിയാൽ പ്രാപിക്കാൻ കഴിയും.*

ഇവിടെ ബ്രഹ്മാക്ഷരാധ്യായം സമാപിപ്പിച്ചിട്ട് ജ്ഞാനമാർഗാവലംബികളും കർമമാർഗാവലംബികളുമായ യോഗികളുടെ പഥങ്ങളെ വർണിക്കുവാൻ ആരംഭിക്കുകയാണ്. കാണുക:

**23. യത്ര കാലേ ത്വനാവൃത്തിമാവൃത്തിം ചൈവ യോഗിനഃ**
**പ്രയാത യാന്തി തം കാലം വക്ഷ്യാമി ഭരതർഷഭഃ.**

*അർഥം: ഹേ ഭരതർഷഭ, ഏത് കാലത്തിൽ ദേഹം വെടിഞ്ഞുപോകുന്ന യോഗികൾക്കാണ് പുനരാവൃത്തി ഇല്ലാത്തതെന്നും ഏത് കാലത്ത് ദേഹം വെടിയുന്ന യോഗികൾക്കാണ് പുനർജന്മം ഉള്ളതെന്നും ഞാൻ നിനക്ക് പറഞ്ഞുതരാം.*

അതായത് ഏതു സമയത്താണ് യോഗിക്ക് അസംപ്രജ്ഞാതസമാധി നേടാനാവുകയെന്നും ഏത് സമയത്താണ് സംപ്രജ്ഞാതസമാധിയെന്നും തിരിച്ചറിയുന്നതെങ്ങനെ എന്നു പറയുകയാണിവിടെ.

**24. അഗ്നിർജ്യോതിരഹഃ ശുക്ലഃ ഷണ്മാസാ ഉത്തരായണമ്**
**തത്ര പ്രയാതാ ഗച്ഛന്തി ബ്രഹ്മ ബ്രഹ്മവിദോ ജനാഃ.**

*അർഥം: അഗ്നി, പ്രകാശം, പകൽ, ശുക്ലപക്ഷം, ഉത്തരായനകാല മായ ആറു മാസം എന്നീ കാലങ്ങളിൽ പ്രാണത്യാഗം ചെയ്യുന്ന യോഗികൾ പരമാത്മാവിനെ പ്രാപിക്കുന്നു.*

ഭാഷ്യം: ഇതൊരു രൂപകാലങ്കാരപ്രയോഗമാണ്. ഉത്തരായനകാലം, പകൽ, വെളുത്തപക്ഷം, അഗ്നി, ജ്യോതി എന്നിങ്ങനെ പ്രകാശമാനമായ എല്ലാറ്റിനെയുംപോലെ ജ്ഞാനം പ്രകാശിക്കുമ്പോൾ ദേഹത്യാഗം ചെയ്യുന്ന യോഗി ബ്രഹ്മത്തെ പ്രാപിക്കുന്നുവെന്നാണ് ഈ വിവരണ ത്തിൽനിന്ന് മനസ്സിലാക്കേണ്ടത്.

**25. ധൂമോ രാത്രിസ്തഥാ കൃഷ്ണഃ ഷണ്മാസാ ദക്ഷിണായനമ്**
**തത്ര ചാന്ദ്രമസം ജ്യോതിർയോഗീ പ്രാപ്യ നിവർതതേ.**

*അർഥം: പുക, രാത്രി, കറുത്തപക്ഷം, ദക്ഷിണായനത്തിലെ ആറ് മാസം എന്നീ കാലങ്ങളിൽ ദേഹമുപേക്ഷിക്കുന്ന യോഗി ചന്ദ്രലോകം പ്രാപിച്ച് വീണ്ടും ജനിക്കുന്നു.*

ഭാഷ്യം: കേവലം കർമകലുഷിതമായ അന്തരീക്ഷത്തിൽ ജീവിച്ച് മരി ക്കുന്ന യോഗികളെ സംബന്ധിച്ചാണ് ഈ ശ്ലോകം. പുകപോലെ, രാത്രി യെപ്പോലെ, കറുത്തപക്ഷത്തെപ്പോലെ, അവിദ്യയാകുന്ന അന്ധകാ രത്തെ തരണംചെയ്യാനാകാതെ മരിക്കുന്നവരെക്കുറിച്ചാണ് വിവരണം. ദക്ഷിണായനത്തിൽ ഉത്തരധ്രുവത്തിന് സമീപം ഘോരമായ അന്ധകാ രമായിരിക്കും. 'ചാന്ദ്ര'ശബ്ദം **'ചദി അഹ്ലാദനേ'** എന്ന ധാതുവിൽനി ന്നാണ് ഉണ്ടായത്. ആഹ്ലാദത്തിനുവേണ്ടി വീണ്ടുംവീണ്ടും കർമങ്ങൾ ചെയ്ത് പുനരാവൃത്തിയിലേക്ക് പ്രവേശിക്കുന്നുവെന്ന് വ്യഞ്ജിപ്പിക്കു കയാണ് ഭഗവാനിവിടെ. അല്ലാതെ ഏതെങ്കിലും സമയത്ത് മരിക്കുന്നത് മോക്ഷത്തിന് കാരണമോ ഹേതുവോ അല്ല. അങ്ങനെയെങ്കിൽപിന്നെ സാധനയും യോഗവുമൊക്കെ നിരർഥകമാകും.

**26. ശുക്ലകൃഷ്ണേ ഗതീ ഹ്യേതേ ജഗതഃ ശാശ്വതേ മതേ**
**ഏകയാ യാത്യനാവൃത്തിമന്യയാവർതതേ പുനഃ.**

*അർഥം: എന്തുകൊണ്ടെന്നാൽ, ജഗത്തിൽ ഈ രണ്ടും, ശുക്ല-കൃ ഷ്ണമാർഗങ്ങൾ സനാതനമായിട്ടുള്ളതാണ്. ശുക്ലമാർഗം*

*ദേവയാനമാർഗമാണ്. പുനർജന്മം, മൃത്യു എന്നിവയെ പ്രാപിക്കുന്നില്ല. രണ്ടാമത്തേത് കൃഷ്ണമാർഗം അഥവാ പിതൃയാനം. ഇതിൽ യോഗി യജ്ഞം, ഈശ്വരനാമജപം, യോഗാഭ്യാസം, ഗൃഹസ്ഥശുഭകർമങ്ങൾ എന്നിവ അനുഷ്ഠിച്ച് ജീവിക്കുന്നു. എന്നാൽ മോക്ഷം ലഭിക്കുന്നില്ല. രണ്ടാമത് പറഞ്ഞവർ വീണ്ടുംവീണ്ടും ജനന-മരണങ്ങളെ പ്രാപിക്കുന്നു.*

ഭാഷ്യം: ഇക്കാര്യം നേരത്തെ ആറാം അധ്യായത്തിൽ ഭഗവാൻ പറഞ്ഞതാണ്. **'പൂർവാഭ്യാസേന തേനൈവ ഹ്രിയതേ ഹ്യവശോഽപി സഃ'** (6.44) പൂർവജന്മത്തിലെ യോഗാനുഷ്ഠാനസംസ്കാരവുമായി ജനിക്കുന്നയാൾ വിഷയങ്ങൾക്ക് താത്കാലികമായി അടിമപ്പെടുന്നു.

മരണശേഷമുള്ള ഈ രണ്ട് വഴികളെക്കുറിച്ച് ആദ്യമായി വിവരിച്ചതും വേദങ്ങൾതന്നെയാണ്. ഒരു യജുർവേദവചനം കാണൂ.

**ദ്വേ സൃതീ അശൃണവം പിതൃണാമഹം**
**ദേവാനാമുത മര്ത്യാനാമ്.** (യജുർവേദം 19.47)

അർഥം: ജീവാത്മാക്കൾക്ക് മരണശേഷം സ്വീകരിക്കാൻ യോഗ്യമായ രണ്ട് വഴികളെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്. ഒന്ന് പിതൃക്കൾ തുടങ്ങിയ മർത്യരുടെയും രണ്ട് ദേവന്മാരുടെയും.[9]

ഈ രണ്ട് ഗതികളെ സൂചിപ്പിക്കാൻ യജുർവേദമന്ത്രത്തിലുപയോഗിച്ച **'സൃതീ'** എന്ന പദം അതേപോലെതന്നെ ഗീതാകാരൻ തൊട്ടടുത്ത ശ്ലോകത്തിൽ എടുത്തുപ്രയോഗിച്ചതായി കാണാം. അതായത് ഈ ഗീതാശ്ലോകത്തിന് അവലംബമായിട്ടുള്ളത് ഈ ഉദ്ധരിച്ച യജുർവേദമന്ത്രം തന്നെ എന്നു സംശയമന്യേ പറയാം.

മറ്റൊരു പ്രധാന കാര്യംകൂടി ഇവിടെ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. മോക്ഷം ലഭിച്ചുകഴിഞ്ഞാൽ പിന്നീട് ജനിക്കുന്നേയില്ലെന്ന് ഈ ശ്ലോകങ്ങളിലൊന്നും പറഞ്ഞിട്ടില്ല. എന്നാൽ അത്തരത്തിൽ മോക്ഷത്തിൽനിന്ന്

---

9. ഇതേ മന്ത്രം സ്വല്പം ഭേദത്തോടെ ഋഗ്വേദത്തിലും കടന്നുവരുന്നുണ്ട് (ഋഗ്വേദം 10.88.15)

പുനരാവൃത്തിയേയില്ലെന്ന് ഈ ശ്ലോകം വ്യക്തമാക്കുന്നുവെന്ന രീതിയിലാണ് പലരും ഈ ശ്ലോകത്തെ വ്യാഖ്യാനിക്കാറുള്ളത്.

വേദാന്തദർശനത്തിലേക്ക് ചെന്ന് ഇതൊന്നുകൂടി ചർച്ച ചെയ്യേണ്ടതാണ്. വേദാന്തസൂത്രം നോക്കുക:

**വികാരാവർതി ച തഥാ ഹി സ്ഥിതിമാഹ.** (ബ്രഹ്മസൂത്രം 4.4.19)

(വികാരാവർതി ച =) മുക്താത്മാവിന്റെ സ്ഥിതിക്ക് പരിവർത്തനം ഉണ്ടാകാമെന്നും പറഞ്ഞിരിക്കുന്നു. (ഹി=) എന്തുകൊണ്ടെന്നാൽ (തഥാ സ്ഥിതിം ആഹ=) അങ്ങനെയുള്ള സ്ഥിതിയാണ് ശാസ്ത്രപ്രോക്തം.

'പരിവർത്തനം' എന്ന് 'വികാര'ശബ്ദത്തിന് അർഥം പറയാം. മുക്താത്മാവിന്റെ സ്ഥിതിക്ക് പരിവർത്തനം ഉണ്ടാകാം. അത് ക്ഷയിച്ചുപോകുമെന്ന് വരാം. കാരണം ആത്മാവ് കഠിനപ്രയത്നംകൊണ്ട് സമ്പാദിച്ചതാണ് മുക്തി. കാലക്രമേണ അത് ക്ഷയിക്കാനിടയുണ്ട്. ജന്മനാ നമുക്ക് കിട്ടിയതല്ല. നേടിയെടുത്തത് കാലക്രമത്തിൽ ക്ഷയിക്കുമെന്ന് നാം കണ്ടിട്ടുണ്ട്. അങ്ങനെ ക്ഷയം വന്നാൽ വീണ്ടും ജനിക്കേണ്ടിവരുമെന്ന് വ്യാസൻ വേദാന്തത്തിൽ പറയുന്നത് പലരും കാണുന്നില്ല. തുടർന്നുവരുന്ന വേദാന്തസൂത്രംകൂടി കാണുക:

**അനാവൃത്തിഃ ശബ്ദാദനാവൃത്തിഃ ശബ്ദാത്.** (ബ്രഹ്മസൂത്രം 4.4.22)

(അനാവൃത്തി ശബ്ദാത് =) അനാവൃത്തി അതായത് 'മുക്താത്മാവ് വീണ്ടും ജനിക്കുന്നില്ല' എന്നത് മുക്തിയുടെ മഹത്വത്തെ കാണിക്കാനുള്ള ഭാഷാപ്രയോഗമാണ്.

ഏറെക്കാലം മുക്താവസ്ഥയിൽ ഇരിക്കുന്നുവെന്ന് കാണിക്കുവാൻ വേണ്ടിയാണ് 'അനാവൃത്തി' എന്ന് പറഞ്ഞിട്ടുള്ളത്. മുക്തി കിട്ടാത്തവർ (ഗീതയിൽ പറയുന്നതുപോലെ ചാന്ദ്രലോകത്ത് ചെന്നിട്ട്) വീണ്ടും ജനിക്കുന്നു. എന്നാൽ മുക്തി ലഭിച്ചവരും വീണ്ടും ജനിക്കും. അപ്പോൾ ഇവർ തമ്മിലുള്ള വ്യത്യാസമെന്താണ്? മുക്തി ലഭിച്ചവർ ഈ കല്പം മുഴുവനും മുക്തിയിൽത്തന്നെ കഴിയും. ഇതിനിടയിൽ നിശ്ചയമായും ജനിക്കുന്നില്ല, ഇതിനെ കുറിക്കാനാണ് സൂത്രത്തിൽ '**ശബ്ദാത്**' എന്ന് പ്രയോഗിച്ചിരിക്കുന്നത്.

ഈ കല്പത്തിൽ വീണ്ടും ജനിക്കണമെന്ന് മുക്താത്മാവിന് തോന്നിയാലും അതിന്നു കഴിയില്ല. കാരണം അതൊരു ബ്രാഹ്മീസ്ഥിതിയാണ്. ആനന്ദാനുഭവത്തിനുള്ള അവസ്ഥ കിട്ടിയതിനാൽ അത് അനുഭവിച്ചേ തീരൂ. ഇത് കളയാൻ യോഗിക്കാവില്ല. ബ്രഹ്മത്തിന്റെ അധീനതയിലാണ് ഇത്. മുക്താവസ്ഥയിലെ ആനന്ദഭോഗത്തെ അമൃതമെന്നാണ് ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ളത്. ഛാന്ദോഗ്യോപനിഷത്തിൽ **'ഇമം മാനവമാവർതം നാവർതന്തേ'** (4.15.5) എന്ന് പറഞ്ഞതിനർഥം ഈ സൃഷ്ടിയിൽ മുക്താത്മാക്കൾ വീണ്ടും ജനിക്കുന്നില്ല എന്നാണ്. ശതപഥബ്രാഹ്മണത്തിൽ **'തേഷാമിഹ ന പുനരാവൃത്തി'** (14.9.18) എന്ന് പറഞ്ഞിട്ടുണ്ട്. ഈ സൃഷ്ടിയിൽ മുക്താത്മാവ് വീണ്ടും വന്നു ജനിക്കുന്നില്ലെന്നു സാരം. ശ്രീശങ്കരാചാര്യരും ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. ഛാന്ദോഗ്യഭാഷ്യത്തിൽ ശ്രീശങ്കരാചാര്യർ എഴുതിയത് കാണുക: **'യാവദ് ബ്രഹ്മലോകസ്ഥിതിഃ താവത്തത്രൈവ തിഷ്ഠതി, പ്രോക്തതോ നാവർതത'** (ഛാന്ദോഗ്യം ശാങ്കരഭാഷ്യം 8.15.1) – എന്നുവരെ ബ്രഹ്മലോകത്ത് സ്ഥിതിയുണ്ടോ അന്നുവരെ അവിടെ കഴിയും. അവധി പൂർണമാകുന്നതിന് മുൻപ് തിരിച്ചുവരികയില്ല. അപ്പോൾ മുക്തി സാവധിയാണെന്നർഥം.

**27. നൈതേ സൃതീ പാർഥ ജാനന്യോഗീ മുഹ്യതി കശ്ചന**
**തസ്മാത് സർവേഷു കാലേഷു യോഗയുക്തോ ഭവാർജുന.**

*അർഥം: അല്ലയോ അർജുനാ, ഈ രണ്ട് മാർഗങ്ങളെയും (ദേവയാനവും പിതൃയാനവും) അറിയുന്ന യോഗി മോഹത്തിന് അധീനനാവുകയില്ല. അതിനാൽ കാലമേതായാലും സദാ സമയവും യോഗയുക്തനായിരിക്കുക.*

**28. വേദേഷു യജ്ഞേഷു തപഃസു ചൈവ**
**ദാനേഷു യത്പുണ്യഫലം പ്രദിഷ്ടമ്**
**അത്യേതി തത്സർവമിദം വിദിത്വാ**
**യോഗീ പരം സ്ഥാനമുപൈതി ചാദ്യമ്.**

*അർഥം: വേദങ്ങളിലും യജ്ഞങ്ങളിലും തപസ്സിലും ദാനത്തിലും പുണ്യഫലങ്ങളുള്ളതായി പറഞ്ഞിട്ടുണ്ട്. ഇങ്ങനെ*

*ബ്രഹ്മത്തെ അറിഞ്ഞിട്ട് ഈ മുഴുവൻ ഫലങ്ങളെയും യോഗി അതിലംഘിക്കുന്നു. അതായത് അവയെല്ലാം യോഗിക്ക് ഏറെ തുച്ഛമാണെന്ന് അർഥം. ആ യോഗി എല്ലാറ്റിന്റെയും ആദിരൂപവും പരമസ്ഥാനവുമായ ബ്രഹ്മാക്ഷരത്തെ പ്രാപിക്കുന്നു.*

ഭാഷ്യം: ഇവിടെ വേദം, യജ്ഞം, ദാനം, തപസ്സ് എന്നിവയെല്ലാം പരമധാമത്തിലെത്താനുള്ള വഴികളാണ്. അവിടെ എത്തിയാൽ പിന്നെ അവ നൽകുന്ന അന്യസുഖഭോഗങ്ങളിൽ യോഗിക്ക് താത്പര്യമുണ്ടാകുന്നില്ല. ബ്രഹ്മാനുഭൂതി മാത്രമാണ് ഇവിടെ സംഗതം. വേദം, യജ്ഞം, തപസ്സ്, ദാനം എന്നിവയൊന്നും അനുഷ്ഠിക്കാതെ ശ്രീകൃഷ്ണനെ ഭജിച്ചാൽ മാത്രം മതിയെന്ന് ചിലർ ഇവിടെ അർഥം കല്പിക്കാറുണ്ട്. അത് ശരിയായ വീക്ഷണമല്ല. വേദവാണി ഈശ്വരന്റെ കവിതയാണെന്ന് സമസ്ത ശാസ്ത്രങ്ങളും ഉദ്ഘോഷിക്കുന്നു. '**യജ്ഞേ പ്രതിഷ്ഠിതം**' എന്ന് യജ്ഞമഹിമയെ ഗീതതന്നെ പറഞ്ഞിട്ടുണ്ട്. തപസ്സിന്റെ മഹിമയെ വിവരിക്കുന്ന '**ശ്രുതം തപഃ യജ്ഞം തപഃ സ്വാഹാ തപഃ**' എന്നിത്യാദി ഉപനിഷദ് വാക്യങ്ങളുമുണ്ട്. '**ശ്രദ്ധയാ ദേയം**' എന്നിങ്ങനെ ദാനത്തിന്റെ മഹിമയും ശ്രുതി വാഴ്ത്തുന്നുണ്ട്. അപ്പോൾ സാമാന്യേന വേദം, തപസ്സ്, യജ്ഞം, ദാനം എന്നിവ ഒന്നടങ്കം ഫലരഹിതമെന്ന് പറയുകയാണെന്ന് കരുതരുത്. മറിച്ച് പരമധാമത്തിലെത്തിയാലുള്ള ബ്രഹ്മാനുഭൂതിയുടെ മഹത്വത്തെ വിവരിക്കുക മാത്രമാണ് ഈ ശ്ലോകത്തിൽ.

***ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു***
***ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ***
***ശ്രീകൃഷ്ണാർജുനസംവാദേ***
***അക്ഷരബ്രഹ്മയോഗോ നാമ***
***അഷ്ടമോഽധ്യായഃ***

**ഇങ്ങനെ എട്ടാം അധ്യായം സമാപിച്ചു.**



## അധ്യായം ഒൻപത്

# രാജവിദ്യാരാജഗുഹ്യയോഗം

അഥ നവമോƒധ്യായഃ

# രാജവിദ്യാരാജഗുഹ്യയോഗം

**ശ്രീഭഗവാനുവാച:**

1. **ഇദം തു തേ ഗുഹ്യതമം പ്രവക്ഷ്യാമ്യനസൂയവേ**
**ജ്ഞാനം വിജ്ഞാനസഹിതം യത്ജ്ഞാത്വാ മോക്ഷ്യസേƒശുഭാത്.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, നിന്നെപ്പോലെ നിന്ദാരഹിതനായ ഒരാൾക്കുവേണ്ടി പരമരഹസ്യമായ ജ്ഞാനത്തെ വിജ്ഞാനസഹിതം ഉപദേശിക്കാം. കാരണം ഇതറിഞ്ഞാൽ അശുഭകർമങ്ങളുടെ ഫലമായ ദുഃഖങ്ങളിൽനിന്ന് മോചിതനാകാം.*

ഭാഷ്യം: ഈ ശ്ലോകത്തിലെ, വിജ്ഞാനസഹിതം ജ്ഞാനത്തെക്കുറിച്ച് പറയാം എന്ന പ്രസ്താവന ശ്രദ്ധിക്കേണ്ടതാണ്. ജ്ഞാനം കേവലം ജ്ഞാനരൂപം മാത്രമല്ല. അത് അനുഷ്ഠാനപൂർവകവുമാണ്. അനുഷ്ഠാനത്തിന് മറ്റൊരു പേരുണ്ട്. അതാണ് 'സിദ്ധി.' യോഗദർശനത്തിൽ പതഞ്ജലി ഇക്കാര്യം പറഞ്ഞിട്ടുണ്ട്:

**ജന്മൗഷധിമന്ത്രതപഃസമാധിജാഃ സിദ്ധയഃ.** (യോഗദർശനം 4.1)

ജന്മം, ഔഷധം, മന്ത്രം, തപസ്സ്, സമാധി എന്നിവയിൽനിന്നും ജനിക്കുന്നതാണ് സിദ്ധികൾ. സിദ്ധി എന്നാൽ സമാധിയുടെ സിദ്ധിയാണ്.

അതിനാൽ ജ്ഞാനത്തെ വിജ്ഞാനമായി വിശേഷിപ്പിക്കുകയാണ്. ഈ ജ്ഞാനം അനുഷ്ഠിക്കുന്നതിലൂടെ ആവൃത്തിരൂപമായ ഭക്തിയില്ലാതെതന്നെ അശുഭകർമങ്ങളെ ത്യജിച്ച് പരമാത്മാവിനെ സാക്ഷാത്കരിക്കാനാകും.

ഏഴാം അധ്യായത്തിൽതന്നെ ഈ വിജ്ഞാനയോഗത്തെക്കുറിച്ച് വർണിച്ചതാണല്ലോ. പിന്നെന്തിന് വീണ്ടും ഇവിടെ ആവർത്തിക്കുന്നു എന്നതിനുള്ള ഉത്തരമാണ് അടുത്ത ശ്ലോകം.

**2. രാജവിദ്യാ രാജഗുഹ്യം പവിത്രമിദമുത്തമമ്**
**പ്രത്യക്ഷാവഗമം ധർമ്യം സുസുഖം കർതുമവ്യയമ്.**

*അർഥം: ജ്ഞാനങ്ങളിൽവെച്ച് ഇത് ഏറ്റവും ഉത്കൃഷ്ടമായതാണ്. രഹസ്യാതിരഹസ്യമായ ഈ വിദ്യ പരമശുദ്ധവും പരമോത്കൃഷ്ടവുമാണ്. പ്രത്യക്ഷമായി അനുഭവിക്കാവുന്നതും ധർമാധിഷ്ഠിതവും സുഖപൂർവം പരിശീലിക്കാവുന്നതുമാണ്. ഒരിക്കലും നശിക്കാത്തതുംകൂടിയാണിത്.*

ഭാഷ്യം: ആ വിജ്ഞാനം എല്ലാ വിദ്യകളുടെയും രാജാവാണ്. തത്ത്വത്തെ കരസ്ഥമാക്കുന്നതിനുതകുന്നതാണ് ആ വിദ്യ. പരമാത്മരൂപമായ പരമതത്ത്വത്തെ നേടുന്നതിനുള്ള വിദ്യയാകയാൽ രാജവിദ്യ എന്ന പേരിൽ വിളിക്കപ്പെടുന്നു. അതീവരഹസ്യമാകയാൽ ഗുഹ്യയോഗമെന്നാണ് ഭഗവാൻതന്നെ ഇതിനെ വിളിക്കുന്നത്. ഗുപ്തവിദ്യ, ഗുഹ്യവിദ്യ, രാജയോഗം, രാജവിദ്യ, ഗുപ്തയോഗമെന്നെല്ലാം വിശേഷിപ്പിക്കുന്ന ഈ യോഗത്തിന്റെ പ്രത്യേകത ഇത് മാനവസമാജത്തിന്റെ സമ്പൂർണഹിതത്തിനുവേണ്ടി ഉള്ളതാണെന്നതാണ്. ഇത്രകണ്ട് മഹത്തരമാണ് ഈ യോഗമെങ്കിൽ മാലോകർ എന്തുകൊണ്ടാണ് ഇത് പിന്തുടരാത്തത് എന്നാണെങ്കിൽ അതിനുള്ള ഉത്തരം അടുത്ത ശ്ലോകത്തിൽ പറയുന്നു.

**3. അശ്രദ്ദധാനാഃ പുരുഷാ ധർമസ്യാസ്യ പരന്തപ**
**അപ്രാപ്യ മാം നിവർതന്തേ മൃത്യുസംസാരവർത്മനി.**

*അർഥം: അല്ലയോ പരംതപനായ അർജുനാ, ഈ ധർമത്തിൽ ശ്രദ്ധയില്ലാത്തവൻ എന്നെ ഒരിക്കലും പ്രാപിക്കുകയില്ല. അവർ മുഖ്യമായും മൃത്യുരൂപത്തിലുള്ള ഈ സംസാരചക്രത്തിൽപ്പെട്ട് ഉഴലുകയാണ് ചെയ്യുന്നത്.*

ഭഗവാൻ ശ്രീകൃഷ്ണൻ ഉപദേശിക്കുന്ന ഈ യോഗതത്ത്വത്തെ മനസ്സിലാക്കാത്ത അശ്രദ്ധാലു സർവവിദ്യകളിലും രാജാവായ ഈ യോഗത്തിൽ ശ്രദ്ധ കാണിക്കുന്നില്ല. അതിനാൽ അവർ ഈ മാർഗത്തിൽ ചരിക്കാൻ അധികാരമില്ലാത്തവരായി പരിണമിക്കുന്നു.

സാധാരണക്കാർക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ഈശ്വരസംബന്ധിയായ ഈ യോഗം എന്താണ്? ഉത്തരമിതാണ്.

**4. മയാ തതമിദം സർവം ജഗദവ്യക്തമൂർതിനാ**
**മത്സ്ഥാനി സർവഭൂതാനി ന ചാഹം തേഷ്വവസ്ഥിതഃ.**

*അർഥം: ഈ സമസ്ത സംസാരത്തെയും നിരാകാരരൂപനായ ഞാനാണ് വിസ്തരിച്ചിട്ടുള്ളത്. ഈ സംസാരത്തിൽ, ഭൂമി തുടങ്ങിയവയിലുള്ള സമസ്ത പദാർഥങ്ങളും എന്നിൽ സ്ഥിരമായിരിക്കുന്നു. ഞാൻ അവയിൽ സ്ഥിരമായിരിക്കുന്നില്ല. അഥവാ അവയെ ആശ്രയിച്ചല്ല ഞാൻ നിലനിൽക്കുന്നത്.*

ഭാഷ്യം: ഈ യോഗത്തിൽ, **'യ ആത്മനി തിഷ്ഠൻ ആത്മനോഽന്തരോ യമാത്മാന ന വേദ യസ്യാത്മാ ശരീരമ്'** (3.7.22) എന്നീ ബൃഹദാരണ്യകോപനിഷദ്‌വാക്യങ്ങളിൽ പറയുന്നതുപോലെ അന്തര്യാമിയായ ഭഗവാനോടൊപ്പം ജീവാത്മാവ്, ശരീര-ശരീരിഭാവത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നതാണ് ഇവിടെ വിവക്ഷ. ജീവാത്മാവ് ഭഗവാനോടൊപ്പം ശരീരശരീരിഭാവത്തിലേക്ക് ഉയർന്ന്, ശ്രീകൃഷ്ണൻ സ്വയം പരമാത്മാവിന്റെ 'തദ്ധർമതാപത്തി'യിൽ പറയുന്നതാണ് ഈ വാക്കുകൾ. യാതൊന്ന് സമസ്തപ്രാണനിലും വാക്കിലും കണ്ണിലും ചെവികളിലും മനസ്സിലും ത്വക്കിലും വിജ്ഞാനത്തിലും വർത്തിച്ച് അവയുടെ ഉള്ളിലി

രിക്കുന്നുവോ ആ ആത്മസ്വരൂപം താനാണെന്നറിഞ്ഞ് പറയുന്ന യോഗി യുടെ ചിത്രമാണ് ശ്രീകൃഷ്ണനിൽ നാം ഇവിടെ കാണുന്നത്. ഇതിന് 'തദ്വർമതാപത്തി' എന്ന് യോഗശാസ്ത്രം വിളിക്കുന്നു.

ഇത് സാധാരണക്കാരന് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. കേവല യോഗസിദ്ധികൊണ്ട് ഉണ്ടായ അനുഭവമല്ലിത്. മറിച്ച് ശ്ലോകത്തിൽ പറ ഞ്ഞപോലെ 'അവ്യക്തമൂർത്തി'യായ ഈശ്വരനോടൊപ്പമുള്ള അഭേദോ പാസനയുടെ അനന്തരഫലമാണിത്. ബ്രഹ്മസൂത്രത്തിലെ **'ഇന്ദ്രപ്രതർദ നാധികരണ'**ത്തിൽ പറയുന്നത് **'പ്രാണസ്തഥാƒനുഗമാത്'** (വേദാന്ത ദർശനം 1.1.28) എന്നാണ്. അതായത് പ്രാണശബ്ദവും പൂർവാപരമായി കണക്കാക്കി ബ്രഹ്മവാച്യംതന്നെയെന്ന് മനസ്സിലാക്കണം. ബൃഹദാരണ്യ കോപനിഷത്തിൽ ഈ അവസ്ഥ കൈവരിക്കുന്ന യോഗിയെക്കുറിച്ച് വർണിച്ചിട്ടുണ്ട്. 'നിശ്ചയമായും മുൻപ് ഈ ബ്രഹ്മം ഉണ്ടായിരുന്നു. ആത്മാവ് അതിനെത്തന്നെ ഞാൻ ബ്രഹ്മമാണെന്നറിഞ്ഞു. അതിൽനിന്നാണ് എല്ലാം ഉണ്ടായത്. അത് ഏതേത് ദേവന്മാരിൽ നിന്നാണോ ഉണർന്നുയർന്നത് അതുതന്നെ ബ്രഹ്മമായി. ഇപ്രകാരം ഋഷി മാരുടെയും മനുഷ്യരുടെയും ഇടയിൽനിന്ന് ഉണർവുണ്ടായവർ ബ്രഹ്മ മായി. അങ്ങനെ ഈ പ്രസിദ്ധ വിജ്ഞാനത്തെ കണ്ടറിഞ്ഞ വാമദേവൻ പറഞ്ഞു: ഞാൻ മനുവായി, ഞാൻ സൂര്യനുമായി, ഇങ്ങനെ ഇന്നു ഞാൻ ബ്രഹ്മവുമാകുന്നുവെന്നറിയുന്നയാൾ ഇതെല്ലാം ആയിത്തീരുന്നു'[(1)] പര മാത്മാവിന്റെ അഭേദോപാസനയാൽ പരമാത്മതത്ത്വത്തിലേക്ക് സ്വയം ഉയർന്ന് ഉപദേശം ചെയ്യുന്ന യോഗിയായ ശ്രീകൃഷ്ണനെയാണ് നാമി വിടെ കാണുന്നത്. യോഗദർശനം പറയുന്നതുകൂടി കാണുക. **'തതോ മനോജവിത്വം വികരണഭാവഃ പ്രധാനജയശ്ച'** (യോഗസൂത്രം 3.48). ഇന്ദ്രി യജയംകൊണ്ട് മനോജവിത്വം, വികരണഭാവം, പ്രധാനജയം എന്നീ സിദ്ധികൾ ലഭിക്കുന്നുവെന്നാണിതിനർഥം.

ഇന്ദ്രിയജയം നേടുന്ന യോഗിക്ക് ലഭിക്കുന്ന മൂന്ന് സിദ്ധികളാണി ത്. ഇന്ദ്രിയങ്ങളുടെ വിഷയഗ്രഹണവൃത്തിയിൽ സംയമം ചെയ്യുന്നതിന്റെ ഫലമായി ലഭിക്കുന്ന സിദ്ധിയാണ് മനോജവിത്വം. ശരീരത്തിന്റെ അനു

1. ബൃഹദാരണ്യകോപനിഷത്ത് 1.4.10

ത്തമഗതിയാണിതെന്ന് വ്യാസൻ യോഗഭാഷ്യത്തിൽ പറഞ്ഞിട്ടുണ്ട്. ഇന്ദ്രിയങ്ങൾക്ക് വിശേഷമായ ശക്തി ലഭിക്കുന്നതാണ് വികരണഭാവ മെന്ന സിദ്ധി. ഈ സിദ്ധി ലഭിച്ചുകഴിഞ്ഞാൽ ശരീരാപേക്ഷ കൂടാതെ സൂക്ഷ്മവും വ്യവഹിതവും ദൂരെയുമുള്ള കാര്യങ്ങൾ മനസ്സിലാക്കാ നുള്ള ശക്തി ലഭിക്കുന്നു. മഹത്തത്ത്വം, അഹങ്കാരം, പ്രകൃതിയിൽനിന്ന് ഉത്പന്നമായ ഉപകരണങ്ങൾ എന്നിവയെ വശത്താക്കുന്നതാണ് പ്രധാനജയം. ഇവ മൂന്ന് സിദ്ധികളെയുംകൂടി '**മധുപ്രതീകാ**' എന്നാണ് പറയുന്നത്. മോക്ഷാനന്ദത്തിന്റെ പ്രതീകമാണിവ. അങ്ങനെ പ്രകൃതി യുടെയും പരമാത്മാവിന്റെയും തത്ത്വജ്ഞാനമുണ്ടാകുമ്പോൾ സമസ്ത ഭാവങ്ങളുടെയും അധിഷ്ഠാതൃത്വവും ജ്ഞാനവും യോഗിയിൽ വന്നു ചേരുന്നു. ഇതിനെയാണ് സിദ്ധി എന്നു പറയുന്നത്. ഇതാണ് വിജ്ഞാ നസഹിതമായ ജ്ഞാനമെന്ന് ഒന്നാംശ്ലോകത്തിൽ പറഞ്ഞത്. ശ്രീകൃ ഷ്ണൻ ഈ യോഗസിദ്ധി കൈവരിച്ച് സ്വയം ഈശ്വരഭാവത്തിലാണ് ഇപ്പോൾ സംസാരിക്കുന്നത്. ഇതിനർഥം ശ്രീകൃഷ്ണൻ സ്വയം ഈശ്വ രനാണെന്നല്ല.

എന്നാൽ ഇത്തരത്തിലൊരു ഈശ്വരീയയോഗത്തെ സംബന്ധിച്ച് ഗീതയിലൊരിടത്തും പരാമർശമില്ലെന്നാണ് സംശയമെങ്കിൽ, അതിനുള്ള ഉത്തരമാണ് അടുത്ത ശ്ലോകം.

5. **ന ച മത്സ്ഥാനി ഭൂതാനി പശ്യ മേ യോഗമൈശ്വരമ്**
**ഭൂതഭൃന്ന ച ഭൂതസ്ഥോ മമാത്മാ ഭൂതഭാവനഃ.**

*അർഥം: വാസ്തവത്തിൽ എന്നിൽ ഈ ഭൂതവസ്തുക്കൾ സ്ഥിതി ചെയ്യുന്നില്ല. ഞാൻ പ്രാണികളെ പോഷിപ്പിച്ച് വളർത്തു ന്നുമില്ല. എന്റെ ഈശ്വരീയമായ യോഗവൈഭവം കാണുക. എന്റെ ആത്മാവ് ഭൂതങ്ങളെ ഉത്പന്നമാക്കുന്നു; എന്നാൽ എന്റെ ആത്മാവ് അവയിലല്ല സ്ഥിതി ചെയ്യുന്നത്.*

ഭാഷ്യം: ജഡ-ചേതനങ്ങളായ സമസ്ത ഭൂതങ്ങളും എന്നിലല്ല സ്ഥിതി ചെയ്യുന്നതെന്ന് ശ്രീകൃഷ്ണൻ വളരെ വ്യക്തമായിത്തന്നെ പറഞ്ഞുക ഴിഞ്ഞു. ഈ സമസ്ത വിശ്വവും പരമേശ്വരനിൽ സ്ഥിതി ചെയ്യുന്നു.

പരമേശ്വരനാണ് സർവതിന്റെയും ആധാരം. മാത്രവുമല്ല, പ്രാണികളുടെ ജീവനും പോഷണവും തന്നിലല്ലെന്നും ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്നു. മൂന്നാമതായി തന്റെ യോഗ-ഐശ്വര്യത്തെ കാണാനാണ് ശ്രീകൃഷ്ണൻ പറയുന്നത്. 'ഈശ്-ഐശ്വര്യേ' എന്നതിൽനിന്നാണ് ഈശ്വരശബ്ദം ഉണ്ടാകുന്നത്. ഈശ്വരനിൽ ഐശ്വര്യമുണ്ട്. ഈശ്വരനിൽ സത്യം, വിചാരശീലം, അനന്തജ്ഞാനം, അനന്ത ഐശ്വര്യം എന്നിവ ഇരിക്കുന്നു. എപ്പോഴാണോ യോഗി സിദ്ധി കൈവരിക്കുന്നത് അപ്പോൾ ഈശ്വരനോടൊത്ത് യോഗി യോഗം ചെയ്യുന്നു. അപ്പോൾ യോഗി സ്വയം പരമാത്മാവിന്റെ വിഭൂതി ഉൾക്കൊണ്ട്, ആത്മഭാവത്തിൽ, സ്വയം തന്നെത്തന്നെ ഈശ്വരനായി അനുഭവിക്കുന്നു. ആ പ്രേമഭാവത്തിൽ പരമേശ്വരൻ വേറെയല്ലെന്ന തോന്നൽ അതിശക്തമാകുന്നു. സോമപാനം ചെയ്യുന്ന ഈ അനുഭൂതിയിൽ സ്വയം ഈശ്വരഭാവം ഉത്പന്നമാകുമെന്ന് തീർച്ച.

**6. യഥാകാശസ്ഥിതോ നിത്യം വായുഃ സർവത്രഗോ മഹാൻ**
**തഥാ സർവാണി ഭൂതാനി മത്സ്ഥാനീത്യുപധാരയ.**

*അർഥം: സർവത്ര സർവഥാ വ്യാപിച്ചിരിക്കുന്ന വായു സദാ അധിഷ്ഠാനമായ ആകാശത്തിൽ സ്ഥിതിചെയ്യുന്നതുപോലെ സർവപ്രപഞ്ചഭൂതങ്ങളും തന്നിൽ സ്ഥിതിചെയ്തിരിക്കുന്നുവെന്ന് ധരിച്ചാലും.*

ഭാഷ്യം: ഇവിടെ ശ്രീകൃഷ്ണൻ സ്വയം വായുസ്ഥാനിയായും ആകാശം പരമാത്മാവായും ചിത്രീകരിച്ചിരിക്കുകയാണ്. മഹത്തായ പരമാത്മാവിനെ ദർശിച്ച് താനും മഹാനായിത്തീർന്നിരിക്കുന്നു. സകലപ്രാണികളും തന്നിലാണെന്ന് കാണുന്നു. ബൃഹദാരണ്യകത്തിൽ പറയുന്നതുപോലെ **'ശരീര ആത്മാ പ്രാജ്ഞേനാത്മനാന്വാരൂഢഃ'** (4.3.35) ശരീരവാസി അഥവാ ആത്മാവ് സ്വന്തം പ്രജ്ഞയിൽ യുക്തനായിയെന്നും, മുണ്ഡകോപനിഷത്തിൽ **'നിരഞ്ജനഃ പരമം സാമ്യമുപൈതി'** (3.1.3). അപ്പോൾ ജ്ഞാനിയായ ദ്രഷ്ടാവ് പുണ്യപാപങ്ങളെ വെടിഞ്ഞ് നിരഞ്ജനനായി പരമമായ സാമ്യത്തെ പ്രാപിക്കുന്നുവെന്നും പറഞ്ഞത് പ്രമാണമായി

സ്വീകരിക്കാം. ഇവിടെ രണ്ട് കാര്യങ്ങളുണ്ട്. ഈ യോഗിയുടെ ജീവാത്മാവ് പരമാത്മാവിനെ ആശ്രയിച്ചാണ് സമസ്ത ഭുവനങ്ങളെയും കാണുന്നത്. രണ്ട്, ഈ ജീവൻ അവിദ്യാരഹിതനായിട്ട് പരമസമത്വം കൈവരിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഉപനിഷത്പ്രമാണങ്ങൾ സ്വീകരിച്ചാൽ പരമാത്മാവുമായി ചേരുന്ന ജീവാത്മാവ് മഹത്തായ ഭാവങ്ങളെ പ്രാപിക്കുന്നുവെന്ന് മനസ്സിലാക്കാം. പരമാത്മഭാവത്തെ സ്ഫുടം ചെയ്ത ശ്രീകൃഷ്ണഭഗവാൻ തന്നെ സ്വയം ജഗത് കർത്താവായി വിവരിക്കുകയാണ്. എങ്ങനെയെന്നാൽ,

7. **സർവഭൂതാനി കൗന്തേയ പ്രകൃതിം യാന്തി മാമികാം**
**കല്പക്ഷയേ പുനസ്താനി കല്പാദൗ വിസൃജാമ്യഹം.**

*അർഥം: അല്ലയോ കൗന്തേയ, പ്രളയകാലത്ത് ഈ സമസ്ത ഭൂതങ്ങളും എന്റെ പ്രകൃതിയിൽ വന്നുചേരുന്നു. വീണ്ടും ഉത്പത്തിരൂപമായ കല്പത്തിന്റെ ആരംഭത്തിൽ ഞാൻ ആ ഭൂതങ്ങളെയെല്ലാം വീണ്ടും രചിക്കുന്നു.*

ഭാഷ്യം: ഇവിടെ 'പ്രകൃതി'ശബ്ദംകൊണ്ട് **'മേ ഭിന്നാ പ്രകൃതിരഷ്ടധാ'** (ഗീത 7.4) എന്ന് നേരത്തേ പറഞ്ഞ അർഥത്തിൽ എടുക്കണം. അല്ലാതെ 'മായ' എന്നർഥമെടുക്കരുത്. ഗീതയിലെ ഓരോ അധ്യായത്തിനും ശ്ലോകത്തിനും പൂർവാപരസംബന്ധമുണ്ട്. തുടർന്നുവരുന്ന ശ്ലോകത്തിൽനിന്ന് അത് വ്യക്തമാകും.

8. **പ്രകൃതിം സ്വാമവഷ്ടഭ്യ വിസൃജാമി പുനഃ പുനഃ**
**ഭൂതഗ്രാമമിമം കൃത്സ്നമവശം പ്രകൃതേർവശാത്.**

*അർഥം: എന്റെ എട്ടു വിധത്തിലുള്ള പ്രകൃതിയെ ആശ്രയിച്ചുകൊണ്ട് ഈ സമസ്ത ഭൂതസമുദായങ്ങളെയും പ്രാണിവർഗങ്ങളെയും അവയെ ആശ്രയിച്ച് നിൽക്കുന്ന മറ്റ് ഭൂതങ്ങളെയും വീണ്ടുംവീണ്ടും പ്രകൃതിയാകുന്ന ഉപാദാനകാരണത്താൽ ഞാൻ നിർമിക്കുന്നു.*

ഭാഷ്യം: ഇവിടെയും 'പ്രകൃതി'ശബ്ദത്തിന് നേരത്തെ പറഞ്ഞ അർഥം തന്നെ എടുക്കണം. **'പ്രകൃതേഃ വശാത്'** എന്ന പ്രയോഗംകൊണ്ട് പ്രകൃതി ഉപാദാനകാരണമാണെന്ന് വ്യക്തമാകുന്നു. എന്നാൽ ചില ഭാഷ്യകാരന്മാർ ഇവിടെ 'പ്രകൃതി'ക്ക് 'അനിർവചനീയമായ മായ' എന്നാണ് അർഥം നൽകിക്കാണുന്നത്. ഇവിടെ അതാണ് അർഥമെങ്കിൽ 'പ്രകൃതി'യെ ആശ്രയിച്ച് പ്രപഞ്ചനിർമാണം ചെയ്യുന്നുവെന്ന് ഭഗവാൻ പറയുകയില്ലായിരുന്നു. കാരണം മായാവാദികളുടെ അഭിപ്രായത്തിൽ 'മായ' അതിന്റെ ആവരണം, വിക്ഷേപശക്തി എന്നിവയാൽ ബ്രഹ്മത്തെക്കൂടി വശീഭൂതമാക്കിയിട്ടുണ്ട്. എന്നാൽ ബ്രഹ്മത്തെ ഈദൃശ വിക്ഷേപ-ആവരണശക്തികൾ ഗ്രസിക്കുമെന്ന അഭിപ്രായം ഗീതയ്ക്കില്ല. കാണുക:

9. **ന ച മാം താനി കർമാണി നിബധ്നന്തി ധനഞ്ജയ**
**ഉദാസീനവദാസീനമസക്തം തേഷു കർമസു.**

*അർഥം: അല്ലയോ ധനഞ്ജയാ, സൃഷ്ടിരചന എന്ന കർമം എന്നിൽ ഒരു ബന്ധനവും ഉണ്ടാക്കുന്നേയില്ല. ഉദാസീനനായ വ്യക്തിയെപ്പോലെ ഇരിക്കുന്ന ഞാൻ ആ കർമങ്ങളെ സംഗരഹിതമായി ചെയ്യുന്നു.*

ഭാഷ്യം: ഈ ശ്ലോകത്തിലെ രണ്ടു പ്രധാന പദങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 'ഉദാസീനം' 'അസക്തം' എന്നിവയാണവ. ഭഗവാൻ മായയിൽ ബന്ധിതനാകുന്നില്ലെന്ന് കൃത്യമായി മനസ്സിലാക്കിച്ചുതരുന്നതാണ് ഈ പദങ്ങൾ. ഈശ്വരൻ നിമിത്തകാരണമായി സൃഷ്ടിരചന നടത്തുന്നുവെന്ന് സുവ്യക്തമായി ഇവിടെ പറയുന്നു. 'ഉദാസീന'മെന്നതിന് ഈ സൃഷ്ടി സ്വപ്നസൃഷ്ടിക്ക് സമാനമാണെന്ന് ചിലർ വ്യാഖ്യാനിക്കുന്നു. അതിനാൽ അത് മിഥ്യയാണ്. അതിനാൽ സൃഷ്ടികർമം ഭഗവാന് ബന്ധനഹേതുവല്ല. **'ഭൂതഗ്രാമം സൃജാമി'**, **'ഉദാസീനവദാസീനം'** എന്നീ രണ്ടു വാക്യങ്ങൾ ഇങ്ങനെ വരുമ്പോൾ പരസ്പരവിരുദ്ധമായിത്തീരുമല്ലോ! മിഥ്യയായ മായയെ ആശ്രയിക്കുമ്പോൾതന്നെ കർതൃത്വമുണ്ടാവുക! ഉദാസീനനായ ഭഗവാൻ മായയിൽ വശീഭൂതനായി സൃഷ്ടിരചന ചെയ്യുന്നുവെന്ന് വന്നാലുള്ള അവസ്ഥ എന്താണ്? ഈദൃശചിന്താഗതികൾ വരു

മെന്ന് കരുതിയായിരിക്കണം അടുത്ത ശ്ലോകത്തിൽ ഭഗവാൻ സ്വയം പ്രകൃതിയുടെ അധ്യക്ഷനാണെന്ന് വ്യക്തമാക്കുന്നത്. പരമാത്മാവ് നിമിത്തകാരണമാണെന്ന വൈദിക ചിന്തയാണ് ഈ ശ്ലോകങ്ങളിൽ നാം ദർശിക്കുന്നത്.

**10. മയാധ്യക്ഷേണ പ്രകൃതിഃ സൂയതേ സചരാചരമ്**
**ഹേതുനാനേന കൗന്തേയ ജഗദ്വിപരിവർതതേ.**

*അർഥം: അല്ലയോ കൗന്തേയാ, എന്റെ അധ്യക്ഷത നിമിത്തമാണ് ജഗത്തിന്റെ ഉപാദാനകാരണമായ പ്രകൃതിയിൽനിന്ന് ചരാചരജഗത്ത് ഉത്പന്നമായിരിക്കുന്നത്. ഇതുകാരണത്താലാണ് ജഗത്ത് നാനാപ്രകാരത്തിൽ ഉത്പന്നമായിക്കൊണ്ടിരിക്കുന്നതും.*

ഭാഷ്യം: ഉദാസീനനായ ഭഗവാൻ മായയാൽ വശീഭൂതനായി സൃഷ്ടി നടത്തിയെന്ന് കരുതുന്ന ഭാഷ്യകാരന്മാരുണ്ട്. എന്നാൽ ഈ വാദം ശരിയല്ലെന്ന് കാണിക്കുകയാണ് ഈ ശ്ലോകം. പരമാത്മാവ് അധ്യക്ഷനായി അഥവാ നിമിത്തകാരണമായി പ്രകൃതിയെ ഉപാദാനകാരണമാക്കിയാണ് സൃഷ്ടിരചന നടത്തിയത്. 'ഉദാസീന'ശബ്ദം നിമിത്തകാരണത്തെ സൂചിപ്പിക്കുന്നതാണ്.

ഇവിടംവരെ അഭേദോപാസനയാൽ ശ്രീകൃഷ്ണഭഗവാൻ സ്വയം പരമാത്മാവിന്റെ സ്ഥാനത്ത് ഇരുന്നുകൊണ്ടാണ് പറഞ്ഞുവന്നത്. തന്റെ അഭേദോപാസനയുടെ പരമഭാവത്തിന്റെ അഗാധത വർണിച്ചുകൊണ്ട് തന്റെ സ്വരൂപത്തെ അജ്ഞാനികൾ എങ്ങനെ കാണുന്നുവെന്ന് വർണിക്കുകയാണ് അടുത്ത ശ്ലോകം.

**11. അവജാനന്തി മാം മൂഢാ മാനുഷീം തനുമാശ്രിതമ്**
**പരം ഭാവമജാനന്തോ മമ ഭൂതമഹേശ്വരമ്.**

*അർഥം: മന്ദബുദ്ധികൾ എന്റെ (ഈ) പരമമായ ഭാവത്തെ മനസ്സിലാക്കാതെ എന്നെ മനുഷ്യശരീരം ധരിച്ചവനായി അവജ്ഞയോടെ കാണുന്നു. എന്നാൽ എന്റെ പരമഭാവം സമസ്ത പ്രാണികളിലുംവെച്ച് മഹത്തരമാണ്.*

ഭാഷ്യം: ഈ ബ്രഹ്മാണ്ഡത്തിന്റെ മുഴുവനും മഹേശ്വരനായ ഭഗവത്സ്വരൂപത്തെ അറിയാത്ത മൂഢന്മാർ രാമൻ, ശ്രീകൃഷ്ണൻ, പരശുരാമൻ തുടങ്ങിയ മനുഷ്യ-ശരീര-ബന്ധനത്തിന്റെ ചിത്രത്തിൽ എന്നെ അവതരിപ്പിക്കുന്നു. സകലബ്രഹ്മാണ്ഡത്തിന്റെയും മഹേശ്വരനായ ഭഗവാന് രാവണാദികളെ നിഗ്രഹിക്കാൻ എന്തിനാണ് മനുഷ്യശരീരം? കർമബന്ധനത്തിൽ ഒരിക്കലും അകപ്പെടാത്ത ഭഗവാന് എങ്ങനെ ശരീരബന്ധനം ഉണ്ടാകും? ഈ ചോദ്യങ്ങളെല്ലാമാണ് ഭഗവാൻ ഇവിടെ ചോദിക്കുന്നത്. സർവവ്യാപിയായ ഭഗവാൻ രാവണാദി അസുരന്മാരെ നിഗ്രഹിക്കാൻ ശരീരം ധരിച്ചുവെന്നാണ് പലരും കരുതുന്നത്. എന്നാൽ അത്തരം കപോലകല്പിത സിദ്ധാന്തങ്ങളെയെല്ലാം പാടേ വിപാടനം ചെയ്യുകയാണ് ഭഗവാൻ ഈ ശ്ലോകത്തിൽ.

12. **മോഘാശാ മോഘകർമാണോ മോഘജ്ഞാനാ വിചേതസഃ**
**രാക്ഷസീമാസുരീം ചൈവ പ്രകൃതിം മോഹിനീം ശ്രിതാഃ.**

*അർഥം: നിരർഥകമായ ആഗ്രഹം, നിഷ്ഫലകർമങ്ങൾ, പൊള്ളയായ അറിവ് എന്നിവയൊക്കെ ചേർന്നതും മോഹത്തിൽനിന്നുണ്ടായ സ്വഭാവമുള്ളവരുമായ ഇത്തരക്കാർ രാക്ഷസവും ആസുരവുമായ പ്രകൃതിയെ ആശ്രയിക്കുന്നു.*

ഭാഷ്യം: തന്റെ പരമഭാവത്തെ അറിയാത്തവർക്ക് ആസുരികമായ പ്രകൃതിയിൽ വശീഭൂതരായി പരമാത്മാവിന്റെ നിഷ്പാപാദി ധർമങ്ങളിൽ പ്രഭാവിതരായ ഉത്തമപുരുഷന്മാരെ തിരിച്ചറിയാൻ കഴിയാതെവരുന്നു. അവർക്ക് ആത്മതത്ത്വോപാസനയുടെ അറിവ് ഉണ്ടാകുന്നില്ല.

13. **മഹാത്മാനസ്തു മാം പാർഥ ദൈവീം പ്രകൃതിമാശ്രിതാഃ**
**ഭജന്ത്യനന്യമനസോ ജ്ഞാത്വാ ഭൂതാദിമവ്യയമ്.**

*അർഥം: ഹേ പാർഥാ, ദൈവീപ്രകൃതിയെ ആശ്രയിക്കുന്ന മഹാത്മാക്കളാകട്ടെ, ജീവനുള്ള ഭൂതങ്ങളുടെയെല്ലാം ആദിഭൂതമെന്നറിഞ്ഞ്, മുഖ്യമെന്നറിഞ്ഞ് വികാരരഹിതനായിരിക്കുന്ന എന്നെ ഏകാഗ്രചിത്തരായി സേവിക്കുന്നു.*

ഭാഷ്യം: ഇവിടെ പരാമർശിച്ച ദൈവീപ്രകൃതി എന്താണ്? ശതപഥബ്രാഹ്മണത്തിൽ പറയുന്നത് കാണുക: **'ശ്രമേണ ഹ സ്മ വൈ തദ്ദേവാ ജയന്തി യദേഷാം ജയമാന്യ'** (6.1.3) ദേവന്മാർ ഏതെല്ലാം ജയിച്ചിട്ടുണ്ടോ അതെല്ലാം ശ്രമംകൊണ്ടാണ് ജയിച്ചത്. എപ്പോഴെല്ലാം ശതപഥത്തിൽ ദേവന്മാരെക്കുറിച്ച് വർണന വരുന്നുണ്ടോ അപ്പോഴൊക്കെ അടുത്തടുത്തുവരുന്ന രണ്ട് പദങ്ങളുണ്ട്. **'അര്ചന്തഃ ശ്രാമ്യന്തഃ'**-അതിനാൽ ദേവന്മാരുടെയും ദേവനാകട്ടെ, എല്ലാവരിലുംവെച്ച് വലിയ പരിശ്രമിയാണ്. നിരന്തരം നിഷ്കാമം പ്രവർത്തിക്കുന്നു. സൂര്യാദി ജഡദേവതകൾ ആ പരമാത്മാവിന്റെ ആജ്ഞയാൽ അഹോരാത്രം പ്രവർത്തിക്കുന്നു. ഇങ്ങനെ ലോകകല്യാണാർഥം നിരന്തരം ശ്രമിക്കുന്നതാണ് ദൈവീപ്രകൃതി.

**14. സതതം കീർതയന്തോ മാം യതന്തശ്ച ദൃഢവ്രതാഃ**
**നമസ്യന്തശ്ച മാം ഭക്ത്യാ നിത്യയുക്താ ഉപാസതേ.**

*അർഥം: മുൻപ് പറഞ്ഞ മഹാത്മാക്കൾ ദൃഢമായ വ്രതങ്ങൾ കൈക്കൊണ്ട് നിരന്തരം എന്നെ കീർത്തിച്ചും, പ്രയത്നിച്ചും, നിത്യയോഗയുക്തനായി, വേദങ്ങളിൽ വിശേഷിപ്പിച്ച അഷ്ടാങ്ഗയോഗവിദ്യാസാധനയിലൂടെ നിത്യഭക്തിയോടെ എന്നെത്തന്നെ നമസ്കരിച്ച് ഉപാസിക്കുന്നു.*

ഭാഷ്യം: ഈ ശ്ലോകത്തിൽ **'നിത്യയുക്താഃ'** എന്ന പദം യോഗയുക്തതയെ സൂചിപ്പിക്കുന്നതാണ്. ശ്രവണം, മനനം, നിദിധ്യാസനം എന്നിവ ചേർന്നതാണ് ആ യോഗം. ശ്രുതിവാക്യങ്ങൾ കേൾക്കുന്നത് 'ശ്രവണം.' യുക്തിപൂർവം സത്യാസത്യങ്ങളെ വിവേകത്തോടെ കാണുന്നത് 'മനനം.' ഇങ്ങനെ ശ്രവണം, മനനം എന്നിവ നിരന്തരം ചെയ്ത് ഉറപ്പിക്കുന്നത് നിദിധ്യാസനം. നിരാകാരനായ ഭഗവാനെയാണ് ഇങ്ങനെ ഉപാസിച്ച് ഉറപ്പിക്കേണ്ടത്.

**15. ജ്ഞാനയജ്ഞേന ചാപ്യന്യേ യജന്തോ മാമുപാസതേ**
**ഏകത്വേന പൃഥക്ത്വേന ബഹുധാ വിശ്വതോമുഖമ്.**

*അർഥം: എന്നെ (പരമാത്മാവിനെ) വിശ്വം മുഴുവൻ മുഖമുള്ളവനായി, എല്ലാവർക്കും കാണാവുന്ന വിധത്തിൽ ജ്ഞാനയജ്ഞമായിക്കണ്ട് ഭജിക്കുന്നവരുണ്ട്. ഏകതത്ത്വമായിക്കണ്ട് എന്നെ ഉപാസിക്കുന്നവരുമുണ്ട്. വേറെ ചിലർ അനേകരൂപമായി മനസ്സിലാക്കിയും ഉപാസിക്കുന്നു.*

ഭാഷ്യം: ഇവിടെ ഉപയോഗിച്ച **'വിശ്വതോമുഖം'** എന്ന പദം യജുർവേദത്തിൽ (17.19)നിന്നും എടുത്തതാണ്. സർവവ്യാപകനായ ബ്രഹ്മം എല്ലാ ഭാഗത്തും സർവഗുണങ്ങളോടുകൂടിയിരിക്കുന്നു. അങ്ങനെയുള്ള ഭഗവാന്റെ ഇരിപ്പിടം എവിടെയാണ്? സർവത്ര ആ ഭഗവാന്റെ ഇരിപ്പിടമാണ്. ഈ പരിപൂർണവിശ്വത്തെയും ഏകനായ പരമാത്മാവാണ് നിർമിച്ചത്. ഉപാസന എന്നാൽ അടുത്തിരിക്കുക എന്നർഥം. അടുത്തിരുന്ന് പരമാത്മാവിനെ നന്നായി പരിചയപ്പെടുക. അതായത് പരമാത്മജ്ഞാനം നേടുക. ചിലർ സമ്പൂർണവിശ്വത്തെയും ഒന്നായിക്കണ്ട് അതിന്റെ ജ്ഞാനം നേടാൻ ശ്രമിക്കുന്നു. വേറെ ചിലർ ജഗത്തിലെ ഓരോ വസ്തുക്കളെയും വെവ്വേറെ എടുത്ത് അതിലൂടെ പരമാത്മാവിനെ ഉപാസിക്കുന്നു. പരമാത്മാവിന്റെ ഗുണങ്ങളെക്കുറിച്ചുള്ള ജ്ഞാനം അവന്റെ കർതൃത്വശക്തിയാൽ നേടാനാവും. ചിലർ സമ്പൂർണജഗത്തിനെക്കുറിച്ചും ചിന്തിച്ച് അതിന്റെ മഹിമയറിയുന്നു. വേറെ ചിലരാകട്ടെ ഈ നിർമിതമായ ജഗത്തിലെ ഓരോ പദാർഥത്തിന്റെയും യോഗമായയെക്കുറിച്ച് ചിന്തിക്കുന്നു. ജ്ഞാനവും നേടുന്നു. ഇതിനെയാണ് ജ്ഞാനയജ്ഞമെന്ന് ഗീതാകാരൻ പറയുന്നത്.

**16. അഹം ക്രതുരഹം യജ്ഞഃ സ്വധാഹമഹമൗഷധമ്**
**മന്ത്രോഽഹമഹമേവാജ്യമഹമഗ്നിരഹം ഹുതമ്.**

*അർഥം: ഞാൻ കർമമാകുന്നു, ഞാൻ യജ്ഞമാകുന്നു, സ്വധായും ഔഷധവും മന്ത്രവും നെയ്യും അഗ്നിയും ഹോമവും ഞാൻതന്നെ.*

ഭാഷ്യം: യാസ്കമുനി നിഘണ്ടുവിൽ 'ക്രതു' എന്നതിന് കർമം, പ്രജ്ഞ എന്നൊക്കെയാണ് അർഥം പറഞ്ഞിട്ടുള്ളത്. സാമവേദത്തിൽ **'ഇന്ദ്ര ക്രതും ന ആ ഭര'** (259-ാം മന്ത്രം) എന്നു പറഞ്ഞുകാണാം. 'അല്ലയോ പരമേശ്വരാ, അങ്ങ് ഞങ്ങൾക്ക് വേദോക്തശുഭകർമങ്ങൾ ചെയ്യാനുള്ള ശുദ്ധബുദ്ധി പ്രദാനം ചെയ്യണമേ' എന്നാണ് ഇതിനർഥം. **'യജ്ഞോ വൈ വിഷ്ണുഃ'** (ശതപഥം 13.1.8.8) പരമാത്മാവുതന്നെ യജ്ഞമാകുന്നു. ആനന്ദത്തെ ധരിക്കുന്ന അമൃതാണ് സ്വധാ. ആ മോക്ഷത്തെ നൽകുന്നതാകട്ടെ പരമാത്മാവാകയാൽ സ്വധായും പരമാത്മാവുതന്നെ. യജുർവേദത്തിൽ **'ഓഷധീഭ്യഃ സ്വാഹാ'** (22.28) എന്നു പറഞ്ഞിട്ടുണ്ട്. മന്ത്രവും പരമാത്മാവുതന്നെയാണ്. വേദവാണിയായ മന്ത്രം ഈശ്വരകൃതമാകയാൽ അഭേദകല്പനയാണ് ഇവിടെ ചെയ്യുന്നത്.

17. **പിതാഹമസ്യ ജഗതോ മാതാ ധാതാ പിതാമഹഃ**
**വേദ്യം പവിത്രമോങ്കാര ഋക്സാമ യജുരേവ ച.**

*അർഥം: ഈ ജഗത്തിന്റെ പിതാവും, മാതാവും, പിതാമഹനും ധാതാവും ഞാൻതന്നെയാകുന്നു. അറിയപ്പെടേണ്ടതും പവിത്രവുമായ ഓങ്കാരവും ഞാൻതന്നെ. ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം എന്നിവയും ഞാൻതന്നെ.*

ഭാഷ്യം: ഇതെല്ലാം വേദങ്ങളിൽ സർവത്ര കാണുന്ന ആശയങ്ങളുടെ സംഗ്രഹമാണ്. **'ത്വം ഹി നഃ പിതാ വസോ ത്വം മാതാ'** (അഥർവം 20.108.2) **'ഓം ഖം ബ്രഹ്മ'** (യജുർവേദം 40.17) ഇങ്ങനെ വേദവിദിതമായ ജ്ഞാനത്തെ വിശദീകരിക്കുകയാണിവിടെ. ശ്രീകൃഷ്ണനും ഗീതയും വേദത്തെ എത്ര മഹത്തരമായാണ് കാണുന്നതെന്ന് മനസ്സിലാക്കാൻ ഈ ശ്ലോകം മാത്രം മതി. ഓങ്കാരവും വേദങ്ങളുമെല്ലാം ആശ്രയിച്ചിരിക്കുന്ന പരമാത്മാവ് എങ്ങനെയാണിരിക്കുന്നതെന്ന് അടുത്ത ശ്ലോകത്തിൽ പറയുന്നു.

**18. ഗതിർഭർതാ പ്രഭുഃ സാക്ഷീ നിവാസഃ ശരണം സുഹൃത്**
**പ്രഭവഃ പ്രലയഃ സ്ഥാനം നിധാനം ബീജമവ്യയമ്.**

*അർഥം: ഈ ജഗത്തിനെ ഭരിക്കുന്നവനും പോഷിപ്പിക്കുന്നവനും (സർവതിനും) സാക്ഷിയായിരിക്കുന്നവനും വാസസ്ഥാനവും ശരണകേന്ദ്രവും സുഹൃത്തും സർവതിന്റെയും ഉത്പത്തിയും പ്രളയവും എല്ലാറ്റിന്റെയും സൂക്ഷിപ്പുകാരനും ഉത്പത്തികാരണവും നാശരഹിതനും ഞാൻതന്നെ.*

**19. തപാമ്യഹമഹം വർഷം നിഗൃഹ്ണാമ്യുത്സൃജാമി ച**
**അമൃതം ചൈവ മൃത്യുശ്ച സദസച്ചാഹമർജുന.**

*അർഥം: ഹേ അർജുനാ, തപിപ്പിക്കുന്നവനും, മഴയെ തടഞ്ഞു നിർത്തുന്നവനും, വർഷിക്കുന്നവനും ഞാനാകുന്നു. അമൃതും മൃത്യുവും ഞാൻതന്നെയാകുന്നു. സത്യാസത്യങ്ങളും ഞാൻതന്നെ.*

ഭാഷ്യം: യജുർവേദത്തിൽ പരമേശ്വരനെ വർണിക്കുന്നത് കാണുക: **'യസ്യ ഛായാ/മൃതം യസ്യ മൃത്യുഃ'** (യജുർവേദം 25.13), പരമാത്മാവിനെ ആശ്രയിക്കുന്നത് അമൃതവും മാനിക്കാതിരിക്കുന്നത് മൃത്യുവുമാകുന്നുവെന്ന ശ്രുതിവാക്യം ഇവിടെ സ്മരിക്കേണ്ടതാണ്. കൂടാതെ ഈ ശ്ലോകത്തിന്റെ ശൈലിയും വേദത്തിൽനിന്ന് കടമെടുത്തതാണ്. വേദത്തിലെ ഒരു മന്ത്രവും അതിന്റെ അർഥവും കാണുമ്പോൾ വേദവ്യാസൻ വേദത്തെ എങ്ങനെ സ്വീകരിച്ചുവെന്ന് മനസ്സിലാകും.

**തദേവാഗ്നിസ്തദാദിത്യസ്തദ്വായുസ്തദു ചാന്ദ്രമാഃ**
**തദേവ ശുക്രം തദ് ബ്രഹ്മ താ/ആപഃ സ പ്രജാപതിഃ.**

(യജുർവേദം 32.1)

അർഥം: 'ആ ബ്രഹ്മംതന്നെ അഗ്നിയും, സൂര്യനും, വായുവും, ചന്ദ്രനും, ജലവും, പ്രജാപതിയും, ശുക്രവുമാകുന്നു.' ഈ വൈദികവിചാരശൈലി ഗീതയിൽ വേദവ്യാസൻ തുടരുന്നതു നമുക്ക് ഈ ശ്ലോകങ്ങളിൽ കാണാം.

**20. ത്രൈവിദ്യാ മാം സോമപാഃ പൂതപാപാ**
**യജ്ഞൈരിഷ്ട്വാ സ്വർഗതിം പ്രാർഥയന്തേ.**
**തേ പുണ്യമാസാദ്യ സുരേന്ദ്രലോക-**
**മശ്നന്തി ദിവ്യാൻ ദിവി ദേവഭോഗാൻ.**

*അർഥം: കർമം, ഉപാസന, ജ്ഞാനം എന്നീ മൂന്ന് വിദ്യകളെയും അറിയുന്നവർ യജ്ഞത്തിൽ സോമരസം പാനം ചെയ്ത് തങ്ങളുടെ പാപങ്ങളെ അകറ്റി യജ്ഞത്തിലൂടെ എന്നെ പൂജിച്ച് സുഖത്തിന്റെ ഗതിക്കായി പ്രാർഥിക്കുന്നു. അവർ പവിത്രമായ സുരേന്ദ്രലോകത്തെ ആശ്രയിച്ച് അത്യുജ്ജ്വലമായ പ്രകാശലോകത്ത് ദേവതകളുടെ ഭോഗസുഖങ്ങൾ അനുഭവിക്കുന്നു.*

ഭാഷ്യം: ഇവിടെ പറയുന്ന നാല് പദങ്ങളെന്തെന്ന് നാം പഠിക്കേണ്ടതാണ്. സോമം, സുര, ദേവ, യജ്ഞം എന്നിവയാണവ. നൽകുന്നവൻ ദേവൻ. അതിനാൽ 'ദ്യൗഃ' എന്നാൽ ദേവലോകം. അതായത് നൽകുന്നവരുടെ അധികാരക്ഷേത്രം. ഒരു കുടുംബത്തിൽ അച്ഛൻ, അമ്മ, മക്കൾ എന്നിവരെല്ലാം ഉണ്ടാകും. ഇവരെല്ലാം എന്തെങ്കിലും പ്രദാനം ചെയ്യുന്നവരാണ്. അതിനാൽ ദേവതാംശം അവരിലുണ്ട്. ഗർഭത്തിലിരിക്കുന്ന ശിശുവും നവജാതനായ കുഞ്ഞും ഇതേരീതിയിൽ 'ആഹ്ലാദം' നൽകുന്നവരാണ്. അത്രത്തോളം അവർ ദേവതകളുമാണ്. ഈ അംശത്തെ നിലനിർത്താൻ ശ്രമിക്കുന്നതിനെയാണ് ദേവപൂജ എന്നു പറയുന്നത്. ഇങ്ങനെ പരസ്പരം ദേവതകൾ തമ്മിൽ പൂജ നടക്കുന്നു. ഇതൊരു കൂട്ടായ്മയാണ്. ഈ കൂട്ടായ്മയാണ് യജ്ഞം. പ്രപഞ്ചത്തിലെ ഏറ്റവും ചെറുതും എന്നാൽ ഏറ്റവും മഹത്തരവുമായ കൂട്ടായ്മ ദാമ്പത്യമാണ്. ഇതിലാണ് സംസാരത്തിന്റെ ആണിക്കല്ലിരിക്കുന്നത്.

രണ്ട് വ്യക്തികൾ ലോകസേവനാർഥം - അത് സകാമമോ നിഷ്കാമമോ ആകട്ടെ - ഒരു വസ്തുവിനെ ഉത്പാദിപ്പിക്കുന്നുവെന്നിരിക്കട്ടെ; ആ ഉത്പാദനപ്രക്രിയയെ നമുക്ക് സവനം എന്നു വിളിക്കാം. അതിനാൽ ദമ്പതികൾ ഒരു ആൺകുഞ്ഞിന് ജന്മം നൽകുമ്പോൾ 'സുതൻ' എന്നും

പെൺകുഞ്ഞാണെങ്കിൽ 'സുതാ' എന്നും വിളിക്കുന്നു. സവനത്തിന്റെ പരിണതിയിൽ ഉണ്ടായ സുതനും, സുതയും സോമമാണ്. ഇവരെ ഉത്പാദിപ്പിച്ചവരാകട്ടെ സുരന്മാരും.

അങ്ങനെ ഭാര്യാഭർത്താക്കന്മാരും കുഞ്ഞും ചേർന്ന ചെറിയ ലോകത്തെ 'ദേവലോകം' അഥവാ 'സുരലോകം' എന്നു വിളിക്കുന്നു. എന്നാൽ ഇത്തരം സവനങ്ങളൊന്നും നടക്കാത്ത ഒരു ഗൃഹം അസുരലോകമാണ്. അവിടെ നിവസിക്കുന്നവരാകട്ടെ അസുരന്മാരും. അതിനാലാണ് പലിശ വാങ്ങുന്നവരെ ശതപഥബ്രാഹ്മണത്തിൽ (ശതപഥം 13.4.3.11) അസുരനെന്ന് വിളിച്ചത്. അത്തരത്തിലുള്ളവർ ഏതെങ്കിലും ലോകകല്യാണകരമായ പ്രവർത്തനം ചെയ്യുന്നില്ലെങ്കിൽ അസുരരായിത്തന്നെ തുടരും. പലിശ വാങ്ങുന്നതുപോലുള്ള സ്വാർഥപരമായ കർമങ്ങളുടെ കൂട്ടുകെട്ടിനെ അസുരയജ്ഞമെന്ന് വിളിക്കുന്നു. എന്നാൽ സവനം ചെയ്യുന്നവർ ചേർന്ന് തങ്ങളുടെ രാജാവിനെ തിരഞ്ഞെടുത്താൽ അയാളെ നമുക്ക് സുരേന്ദ്രനെന്ന് വിളിക്കാം.

സകാമമായ കർമങ്ങൾ ചെയ്യുന്നതും പുണ്യംതന്നെയാണ്. ശ്രമത്തോടെ ഏതെങ്കിലും കാര്യം ചെയ്തുതീർക്കുമ്പോൾ അത് സോമപാനമാകുന്നു. ശ്രമോപാർജിതധനം നൽകുന്ന സന്തോഷം സോമപാനമാണ്. അപ്പോൾപ്പിന്നെ നിഷ്കാമകർമത്തിൽനിന്നുണ്ടാകുന്ന അവസ്ഥയെക്കുറിച്ച് ആലോചിച്ചുനോക്കുക. ശ്രമോപാർജിതമായി ഉണ്ടായ ധനത്തിന്റെ ഉപഭോഗം മൂന്ന് വിധത്തിലാണ്. നവംനവങ്ങളായ അറിവ് നുകർന്നുകൊണ്ടിരിക്കുന്ന വൈജ്ഞാനികപണ്ഡിതർ ഋഗ്വേദികളാണ്. നവംനവങ്ങളായ സർഗചിന്തകളെ ഉണർത്തുന്നവർ സാമവേദികളാണ്. പുതുതായി നിരവധി സംഘടനകളെ പ്രജകൾക്കായി ചെയ്യുന്നവർ യജുർവേദികളും. ഈ ത്രൈവിദ്യയുടെ സഹായത്താൽ സുപരിശ്രമത്തോടെ ജ്ഞാനരസം അഥവാ ഉപയോഗയോഗ്യമായ പദാർഥങ്ങൾ ഉത്പാദിപ്പിക്കുമ്പോൾ അവർ 'സോമപാഃ' അഥവാ സോമപാനം ചെയ്യുന്നവരായിത്തീരുന്നു. അങ്ങനെയുള്ളവർ സുഗമമായ ജീവിതഗതി ആഗ്രഹിച്ച് 'സവനം' ചെയ്യുന്നു. സുരനിൽ സുരേന്ദ്രനാകുന്നതുവരെ ഈ പരിശ്രമം തുടരുന്നു. ഇല്ലെങ്കിൽ സ്വന്തം ചെറിയ ലോകത്തിലെങ്കിലും

അവർ സുരേന്ദ്രനായിരിക്കുന്നു. പുണ്യമയമായ ആ ദിവ്യലോകത്ത് ചെന്നിട്ട് ദിവ്യമായ ദേവഭോഗങ്ങളെ അവർ ആസ്വദിക്കുന്നു. ഇതാണ് ഈ ശ്ലോകത്തിലൂടെ അതിമനോഹരമായി ഭഗവാൻ വരയ്ക്കുന്ന ചിത്രം.

**21. തേ തം ഭുക്ത്വാ സ്വർഗലോകം വിശാലം**
**ക്ഷീണേ പുണ്യേ മർത്യലോകം വിശന്തി**
**ഏവം ത്രയീധർമമനുപ്രപന്നാ**
**ഗതാഗതം കാമകാമാ ലഭന്തേ.**

*അർഥം: ഇങ്ങനെ ത്രയീ-ധർമ-പാലകർ സദ്ഗതി നേടി പുണ്യപ്രതാപത്തിൽ വസിക്കുകയും ശ്രമോപാർജിതമായ സോമരസം പാനം ചെയ്ത് സ്വർഗസുഖങ്ങളെല്ലാം ഉപഭോഗിക്കുകയും ചെയ്യുമെങ്കിലും ആഗ്രഹം ഹേതുവായിട്ട് ചെയ്യുന്ന സവനമാണിത്. അതിനാൽ പരിശ്രമവും അതിന്റെ മൂല്യവും തീരുന്നതനുസരിച്ച് വീണ്ടും സാധാരണ മനുഷ്യരുടെ സ്ഥിതിയിലേക്ക് തിരിച്ചുവരുന്നു. അതിനാൽ അവരുടെ, സുരലോകത്തിൽനിന്ന് മർത്യലോകത്തിലേക്കും മർത്യലോകത്തുനിന്ന് സുരലോകത്തിലേക്കുമുള്ള ഗമനാഗമനം തുടർന്നുകൊണ്ടേയിരിക്കും.*

**22. അനന്യാശ്ചിന്തയന്തോ മാം യേ ജനാഃ പര്യുപാസതേ**
**തേഷാം നിത്യാഭിയുക്താനാം യോഗക്ഷേമം വഹാമ്യഹമ്.**

*അർഥം: അന്യചിന്തകളൊന്നുമില്ലാതെ എന്നെത്തന്നെ ധ്യാനിച്ചുകൊണ്ട് ഉപാസിക്കുന്ന, മനസ്സ് എല്ലായ്പോഴും എന്നിലുറച്ചവരുടെ യോഗക്ഷേമത്തെ ഞാൻ വഹിക്കുന്നു.*

**23. യേഽപ്യന്യദേവതാ ഭക്താ യജന്തേ ശ്രദ്ധയാന്വിതാഃ**
**തേഽപി മാമേവ കൗന്തേയ യജന്ത്യവിധിപൂർവകമ്.**

*അർഥം: അല്ലയോ കൗന്തേയ, കീർത്തി, ഐശ്വര്യം തുടങ്ങിയ അന്യദേവതകളുടെ ഭക്തരായി ശ്രദ്ധയോടെ പൂജ ചെയ്യുന്നവ*

*രും, വിധിപൂർണമല്ലെങ്കിൽകൂടിയും എന്റെതന്നെ ഉപാസനയാണ് ചെയ്യുന്നത്. കാരണം ഒടുവിൽ അവരും എന്നെത്തന്നെ ശരണം പ്രാപിക്കും.*

**24. അഹം ഹി സർവയജ്ഞാനാം ഭോക്താ ച പ്രഭുരേവ ച**
**ന തു മാമഭിജാനന്തി തത്ത്വേനാതശ്ച്യവന്തി തേ.**

*അർഥം: കാരണം എല്ലാ യജ്ഞങ്ങളുടെയും ഭോക്താവും സ്വാമിയും ഞാൻതന്നെയാകുന്നു. എന്നാൽ അവർ എന്റെ തത്ത്വത്തെ മനസ്സിലാക്കായ്കമൂലം നിപതിച്ചുപോകുന്നു.*

**25. യാന്തി ദേവവ്രതാ ദേവാൻ പിതൄൻ യാന്തി പിതൃവ്രതാഃ**
**ഭൂതാനി യാന്തി ഭൂതേജ്യാ യാന്തി മദ്യാജിനോ/പി മാമ്.**

*അർഥം: ദിവ്യഗുണങ്ങളുള്ള മനുഷ്യരെ (ദേവന്മാരെ) പൂജിക്കുന്നവൻ ആ ദേവന്മാരെപ്പോലെ ആയിത്തീരുന്നു. കർമാനുഷ്ഠാനതത്പരരെ പിന്തുടരുന്നവർ പിതൃക്കളുടെ ലോകത്ത് എത്തിച്ചേരുന്നു. ഭൂതാദികളെ പൂജിക്കുന്നവരാകട്ടെ ഭൂതലോകത്തും എത്തിച്ചേരുന്നു. എന്നെ പൂജിക്കുന്നവരാകട്ടെ തീർച്ചയായും എന്നെത്തന്നെ പ്രാപിക്കും.*

**26. പത്രം പുഷ്പം ഫലം തോയം യോ മേ ഭക്ത്യാ പ്രയച്ഛതി**
**തദഹം ഭക്ത്യുപഹൃതമശ്നാമി പ്രയതാത്മനഃ.**

*അർഥം: സമാഹിതമായ ചിത്തത്തോടെ, സമ്പൂർണഭക്തിയോടെ എനിക്കർപ്പിക്കുന്ന ഇലയും പൂവും ഫലവും ജലവുമെല്ലാം ഞാൻ സ്വീകരിക്കുന്നു.*

ഭാഷ്യം: പരമാത്മാവിനെ പൂജിക്കാൻ വലിയ വിലകൂടിയ വസ്തുക്കളുടെയൊന്നും ആവശ്യമില്ലെന്ന് കാണിക്കുന്ന ഉപലക്ഷണമാണ് ഇല, പൂവ്, ജലം എന്നീ ഉദാഹരണങ്ങൾ. ഭക്തിമൂർച്ചയുടെ അവസ്ഥയാണ് പ്രധാന വിഷയം. പരമാത്മാവ് നിരാകാരനായതിനാൽ പത്രപുഷ്പഫലതോയങ്ങൾ എന്തിനാണെന്ന് ചിലർ ചോദിച്ചേക്കാം. എന്നാൽ രത്നം

തുടങ്ങിയ വിലകൂടിയ പദാർഥങ്ങൾ പൂജക്കർപ്പിക്കേണ്ടെന്ന വിലക്കാണ് നാമിവിടെ കാണുന്നത്. 'അശ്നാമി' എന്ന സംസ്കൃതപദത്തിന് 'ആഹരിക്കുന്നു'വെന്നാണ് നേരായ അർഥം. അപ്പോൾ ഈശ്വരൻ ഇലയും പൂവുംമറ്റുമാണോ തിന്നുന്നതെന്നും ചോദ്യം വരാം. ഈ ശ്ലോകമൊന്നാകെ നാം പരിശോധിക്കുമ്പോൾ യഥാർഥ ഭാവമെന്തെന്ന സംശയം ഉണ്ടാകും. ഈ ശൈലിയുടെ യഥാർഥ അർഥമറിയാൻ നമുക്ക് കഠോപനിഷത്തിലേക്ക് വരാം.

**യസ്യ ബ്രഹ്മ ച ക്ഷത്രം ചോഭേ ഭവത ഓദനഃ.**
**മൃത്യുര്യസ്യോപസേചനം ക ഇത്ഥാ വേദ യത്ര സഃ.** (2.25)

അർഥം: ബ്രഹ്മം, ക്ഷത്രം എന്നിവ രണ്ടും ആരുടെ അന്നമാകുന്നുവോ, ഉപദംശം ആരുടെ മൃത്യുവാണോ, അവൻ എവിടെ ഉണ്ടെന്ന് ഉറപ്പായി ആര് അറിയുന്നു!

ഇവിടെ 'ഓദനം' എന്നാൽ അന്നമെന്നർഥം. ഇതേ 'ഓദന' അർഥം തന്നെയാണ് ഗീതാശ്ലോകത്തിലും പറഞ്ഞിട്ടുള്ളത്. വേദാന്തദർശനത്തിൽ പറയുന്നത് കാണുക:

**അത്താ ചരാചരഗ്രഹണാത്.** (ബ്രഹ്മസൂത്രം 1.2.9)

അർഥം: ചരാചരങ്ങളെയെല്ലാം പ്രളയത്തിലാക്കി അതാതിന്റെ കാരണത്തിൽ ലയിപ്പിക്കുന്നതിനാൽ പരമാത്മാവ് 'അത്താ' (ഭക്ഷിക്കുന്നവൻ) ആണ്. 'ആദനം' എന്നാൽ ഭക്ഷിക്കുക. ഭക്ഷിക്കുന്നവൻ അത്താ. ജഗത്തിനെ മുഴുവൻ ഈശ്വരൻ ആദനം ചെയ്യുന്നു. അല്പാല്പമായി അതിന്റെ ശക്തി മുഴുവൻ ക്ഷയിപ്പിച്ച് അതിനെ അതിന്റെ കാരണത്തിൽ ലയിപ്പിക്കുന്നതിനാൽ ഈശ്വരൻ 'അത്താ' ആയി.

വാസ്തവത്തിൽ പരമാത്മാവ് ഭക്ഷിക്കുന്നവൻ അല്ല. ഉപചാരവാക്യമാണ് 'അശ്നാമി' എന്നത്. അപ്പോഴും ഒരു ചോദ്യം കടന്നുവരാം. ഇല, പുഷ്പം എന്നിവയാൽ അർച്ചന ചെയ്യുമെന്ന് പറയുമ്പോൾ പരമാത്മാവ് 'സാകാര'നല്ലേ എന്ന ശങ്കയ്ക്കുള്ള ഉത്തരം അടുത്ത ശ്ലോകത്തിൽ കാണാം.

**27. യത്കരോഷി യദശ്നാസി യജ്ജുഹോഷി ദദാസി യത്**
**യത്തപസ്യസി കൗന്തേയ തത് കുരുഷ്വ മദർപണമ്.**

*അർഥം: ഹേ കൗന്തേയ, നീ എന്തൊക്കെയാണോ ചെയ്യുന്നത്, എന്തൊക്കെയാണോ ആഹരിക്കുന്നത്, എന്തൊക്കെ യാണോ യജിക്കുന്നത്, എന്തൊക്കെയാണോ കൊടുക്കു ന്നത്, ഏതൊക്കെ തപസ്സാണോ അനുഷ്ഠിക്കുന്നത് അവ യൊക്കെ എനിക്ക് അർപ്പണമായി ചെയ്യുക.*

എന്തെല്ലാം ചെയ്യുന്നുണ്ടോ അതെല്ലാം പരമാത്മാവിന് സമർപ്പണമായി ചെയ്യുക. നിഷ്കാമഭാവത്തോടെ ചെയ്യുക. അതിന് വിലകൂടിയ രത്നാ ദികളുടെ ആവശ്യമില്ല. ഇലയും പൂവും കായും വെള്ളവുമാ യാൽപോലും നിഷ്കാമഭാവത്തിനാണ് പ്രാധാന്യം. അപ്പോൾ നിഷ്കാ മ, സകാമ കർമചിന്തകളൊന്നും ഇവിടെ വരുന്നില്ലല്ലോ എന്നാണെങ്കിൽ അടുത്ത ശ്ലോകം കാണുക:

**28. ശുഭാശുഭഫലൈരേവം മോക്ഷ്യസേ കർമബന്ധനൈഃ**
**സന്ന്യാസയോഗയുക്താത്മാ വിമുക്തോ മാമുപൈഷ്യസി.**

*അർഥം: ഇങ്ങനെ എനിക്ക് അർപ്പണമായി ചെയ്യുന്ന കർമങ്ങളുടെ ശുഭാശുഭഫലങ്ങൾ നിന്നെ ബാധിക്കില്ല. ഇതിൽനിന്ന് മുക്തനായ നീ സംന്യാസയോഗയുക്തനായി എന്നെ ത്തന്നെ പ്രാപിക്കും.*

ഭാഷ്യം: ഈ ശ്ലോകത്തിൽ പറയുന്ന '**സംന്യാസയോഗയുക്താത്മാ**' എന്ന വാക്യം നിഷ്കാമകർമത്തെ പ്രതിപാദിക്കുന്നതാണ്. പരമാത്മാവിൽ സമർപ്പിച്ചുകൊണ്ട് നിഷ്കാമകർമം ചെയ്യുന്നതാണ് 'സംന്യാസം.' ഗീത യിൽത്തന്നെ '**യസ്തു കർമഫലത്യാഗീ സ ത്യാഗീത്യഭിധീയതേ**' (18.11)-'കർമഫലേച്ഛ വെടിയുന്നവൻതന്നെയാണ് ത്യാഗി' എന്ന് പറഞ്ഞു കാണാം. ദേഹമുള്ളിടത്തോളം കാലം കർമങ്ങളെ ത്യജിക്കാനാവില്ല. അതിനാൽ നിഷ്കാമകർമമാണ് വരം.

അപ്പോൾ, ഭഗവാന് പ്രിയവും അപ്രിയവുമൊക്കെ ഉണ്ടോ? പക്ഷപാതിത്വം ഭഗവാനുണ്ടെന്നാണോ പറയുന്നതെന്ന ചോദ്യത്തിന് ഉത്തരമാണ് അടുത്ത ശ്ലോകം.

**29. സമോ/ഹം സർവഭൂതേഷു ന മേ ദ്വേഷ്യോ/സ്തി ന പ്രിയഃ**
**യേ ഭജന്തി തു മാം ഭക്ത്യാ മയി തേ തേഷു ചാപ്യഹമ്.**

*അർഥം: സമസ്തഭൂതങ്ങളിലും ഞാൻ സമാനനാണ്. എനിക്ക് ശത്രുവോ മിത്രമോ ഇല്ല. എന്നെ ഭക്തിയോടെ ആര് ഭജിക്കുന്നുവോ അവർ എന്നിലും ഞാൻ അവരിലും വിളങ്ങി നിൽക്കുന്നു.*

**30. അപി ചേത് സുദുരാചാരോ ഭജതേ മാമനന്യഭാക്**
**സാധുരേവ സ മന്തവ്യഃ സമ്യഗ് വ്യവസിതോ ഹി സഃ.**

*അർഥം: അത്യന്തദുഷ്ടാചാരിയാണെങ്കിൽപ്പോലും അനന്യചിത്തനായി എന്നെ ഭജിക്കുന്നവനെ സാധുവായി കണക്കാക്കണം. കാരണം അയാൾ ശരിയായ വഴിയിലൂടെത്തന്നെയാണ് സഞ്ചരിക്കുന്നത്.*

**31. ക്ഷിപ്രം ഭവതി ധർമാത്മാ ശശ്വച്ഛാന്തിം നിഗച്ഛതി**
**കൗന്തേയ പ്രതിജാനീഹി ന മേ ഭക്തഃ പ്രണശ്യതി.**

*അർഥം: അയാൾ വേഗം ധർമാത്മാവായിത്തീരുന്നു. നിത്യശാന്തി നേടുന്നു. എന്റെ ഭക്തന് ഒരിക്കലും നാശമില്ലെന്ന് നീ തീർച്ചയായും അറിഞ്ഞുകൊള്ളുക.*

**32. മാം ഹി പാർഥ വ്യപാശ്രിത്യ യേ/പി സ്യുഃ പാപയോനയഃ**
**സ്ത്രിയോ വൈശ്യാസ്തഥാ ശൂദ്രാസ്തേ/പി യാന്തി പരാം ഗതിമ്.**

*അർഥം: അല്ലയോ പാർഥ! എന്നെ ആശ്രയിക്കുന്നവർ, അവർ പാപിയോനികളിൽപ്പെട്ടവരോ, സ്ത്രീകളോ, വൈശ്യരോ, ശൂദ്രരോ ആരുമാകട്ടെ പരമഗതിയെ പ്രാപിക്കുന്നു.*

ഇക്കഴിഞ്ഞ മൂന്നു ശ്ലോകങ്ങളിലായി ഭഗവാൻ ശ്രീകൃഷ്ണൻ ജാതി-മത-വർണ-ലിങ്ഗവിവേചനങ്ങൾക്ക് അപ്പുറത്താണ് ജ്ഞാനത്തിന്റെയും ഭക്തിയുടെയും തലമെന്ന് വിവരിക്കുന്നു. ജാതിക്കുശുമ്പോ, സ്ത്രീവിവേചനമോ ഇല്ലെന്ന അസന്നിഗ്ധമായ വേദഭാഷ വേദവ്യാസൻ ഇവിടെ സ്വീകരിക്കുന്നതു കാണാം.

**33. കിം പുനർബ്രാഹ്മണാഃ പുണ്യാ ഭക്താ രാജർഷയസ്തഥാ**
**അനിത്യമസുഖം ലോകമിമം പ്രാപ്യ ഭജസ്വ മാമ്.**

*അർഥം: അപ്പോൾപ്പിന്നെ പുണ്യരായ ബ്രാഹ്മണ-ക്ഷത്രിയരുടെ കാര്യം പറയാനുണ്ടോ? അതിനാൽ അനിത്യവും സുഖഹീനവുമായ ഈ ലോകത്തെ പ്രാപിച്ച നീ എന്നെ ഭജിക്കുക.*

ഇവിടെ ബ്രാഹ്മണാദികളെ ജാതി അടിസ്ഥാനത്തിലല്ല പറയുന്നത്. മറിച്ച് ഉത്കൃഷ്ടഗുണങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനാലാണ് ബ്രാഹ്മണനെ പുണ്യാത്മാവെന്നും ക്ഷത്രിയനെ ഭക്തനെന്നും വിശേഷിപ്പിച്ചത്.

**34. മന്മനാ ഭവ മദ്ഭക്തോ മദ്യാജീ മാം നമസ്കുരു**
**മാമേവൈഷ്യസി യുക്ത്വൈവമാത്മാനം മത്പരായണഃ.**

*അർഥം: എന്നിൽതന്നെ മനസ്സ് ഉറപ്പിച്ച്, എന്റെ ഭക്തനായി, എന്നെത്തന്നെ യജിച്ച്, നമസ്കരിച്ച്, എന്നെത്തന്നെ ആത്മാവായി മനസ്സിലാക്കി എന്നെത്തന്നെ ആശ്രയിക്കുന്നവർ എന്നെത്തന്നെ പ്രാപിക്കും.*

ഭാഷ്യം: വേദാന്തദർശനത്തിൽ പറയുന്നത് കാണുക:

**ആത്മേതി തൂപഗച്ഛന്തി ഗ്രാഹയന്തി ച.** (ബ്രഹ്മസൂത്രം 4.1.3)

പരമാത്മാവിനെക്കൊണ്ടുതന്നെ പരമാത്മാവിനെ ചിന്തിക്കണം. കാരണം, എല്ലാവരും ആ പരമാത്മാവിലേക്കുതന്നെയാണ് പോകുന്നത്. ആരുടെ അടുത്തേക്കാണോ പോകേണ്ടത് അതിനെ ഉപാസിക്കണം.

പ്രാചീന ഋഷിമാർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ പറഞ്ഞതും ഇതുതന്നെയാണ്. ഈ വേദാന്തഭാഷയാണ് ശ്ലോകത്തിന്റെ യഥാർഥഭാവം. അനന്യഭക്തി എന്നു പറയുന്നതും ഇതുതന്നെയാണ്.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു*
*ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ*
*ശ്രീകൃഷ്ണാർജുനസംവാദേ*
*രാജവിദ്യാ-രാജഗുഹ്യയോഗോ നാമ*
*നവമോഽധ്യായഃ.*

**ഇങ്ങനെ ഒൻപതാം അധ്യായം സമാപിച്ചു.**



# അധ്യായം പത്ത്

# വിഭൂതിയോഗം

അഥ ദശമോ$f$ധ്യായഃ

# വിഭൂതിയോഗം

**ശ്രീഭഗവാനുവാച:**

1. **ഭൂയ ഏവ മഹാബാഹോ, ശൃണു മേ പരമം വചഃ
യത്തേ$f$ഹം പ്രീയമാണായ വക്ഷ്യാമി ഹിതകാമ്യയാ.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, 'അല്ലയോ മഹാബാഹോ എന്നിൽ പ്രീതനായിരിക്കുന്ന നീ, പരമമായ എന്റെ വാണി ശ്രവിക്കൂ. നിന്റെ നന്മയ്ക്കുവേണ്ടിയാണ് പറയുന്നത്.*

ഭാഷ്യം: അഥർവവേദത്തിലെ (4.30) വാക്സൂക്തമന്ത്രങ്ങളുടെ വിസ്തൃത വ്യാഖ്യാനം ഈ അധ്യായത്തിലെ ശ്ലോകങ്ങളിൽ ദർശിക്കാം. എന്തിനേറെ ഇവിടെ സ്വീകരിച്ചിരിക്കുന്ന ശൈലി പോലും ആ വേദസൂക്തത്തിൽനിന്നും കടംകൊണ്ടതാണ്. യോഗിരാജനായ ഭഗവാൻ ശ്രീകൃഷ്ണൻ പരിപൂർണനായും ബ്രഹ്മലീനനായി സ്വയം ബ്രഹ്മസമാനമായ അനുഭവത്തിലാണ് ഇവിടെ സംസാരിക്കുന്നത്. വാക്സൂക്തത്തിൽ അഥർവാ ഋഷി ഇപ്രകാരം സ്വയം ഈശ്വരീയനിലയിലേക്ക് ഉയർന്ന് പറയുന്നു, '**അഹമേവ സ്വയമിദം വദാമി**' (4.30.3), 'ഞാൻ തന്നെ സ്വയം ഈ വാക്കുകൾ പറയുന്നു' എന്നർഥം ഗീതാശ്ലോകത്തിൽ '**അഹം വക്ഷ്യാമി**' എന്നാണ് പ്രയോഗം. വാക്സൂക്തത്തിൽ അതേ മന്ത്രത്തിൽ

**'യം കാമയേ തം തമുഗ്രം കൃണോമി'** (4.30.3)– 'ആരുടെ ഹിതത്തെ യാണോ ഞാൻ ആഗ്രഹിക്കുന്നത് അവനെ തേജസ്വിയാക്കി ഉയർത്തുന്നു' എന്നു പറഞ്ഞിരിക്കുന്നു. ഇതിനു സമാനമായി ഗീതയിൽ **'പ്രീയമാണായ ഹിതകാമ്യയാ'** എന്നു ഗീതാകാരൻ പ്രയോഗിച്ചിരിക്കുന്നു. ഗീതാശ്ലോകത്തിലെ **'ശൃണു മേ പരമം വചഃ'** എന്നത് വാക്സൂക്തത്തിലെ **'ശ്രുധി ശ്രുത ശ്രദ്ധേയം തേ വദാമി'** (4.30.4) – 'ഈ ഈശ്വരീയ വാണിയുടെ ശ്രോതാവായ നീ ശ്രവിച്ചുകൊൾക, ശ്രദ്ധകൊണ്ട് പ്രാപ്തമാകുന്ന ആത്മജ്ഞാനത്തെ ഞാൻ നിനക്കുപദേശിക്കാം' എന്നു പറയുന്നതുതന്നെയാണ്. മാത്രമല്ല ഇതേ അഥർവമന്ത്രത്തിൽ കാണുന്ന **'ശൃണോത്യുക്തം'** (4.30.4) എന്നതിലെ ക്രിയാപദംതന്നെയാണ് ഗീതയിലും **'ശൃണു'** എന്ന് സ്വീകരിച്ചിരിക്കുന്നത്. അതായത് ഞാനീപ്പറയുന്നതത്രയും വേദാന്തർഗതമായ തത്ത്വങ്ങളുടെ തനിപ്പകർപ്പാണെന്നു പ്രത്യക്ഷമായിത്തന്നെ പ്രഖ്യാപിക്കുകയാണ് ഭഗവാൻ. ശ്രുതിയാണ് വേദം. അറിവ് ശ്രുതിയായി പരിണമിക്കുന്നുവെന്ന അപൂർവസന്ദേശവും ഈ ശ്ലോകത്തിലുണ്ട്.

2. **ന മേ വിദുഃ സുരഗണാഃ പ്രഭവം ന മഹർഷയഃ**
**അഹമാദിർഹി ദേവാനാം മഹർഷീണാം ച സർവശഃ.**

*അർഥം: എന്റെ വിഭൂതിയെ അഥവാ ഉത്പത്തി ദേവഗണങ്ങൾ അറിയുന്നില്ല, മഹർഷികളും അറിയുന്നില്ല. കാരണം, ഞാൻ ദേവഗണങ്ങളുടെയും മഹർഷിമാരുടെയും ആദികാരണമാകുന്നു.*

ഭാഷ്യം: യഥാർഥത്തിൽ വേദരഹസ്യത്തിന്റെ ചുരുളഴിക്കുകയാണ് ഭഗവാനിവിടെ. ഋഗ്വേദം പറയുന്നത് കാണുക: "സത്തിന്റെ ഈ വിസർഗം അതായത് വിസ്താരം ആരാണ് ചെയ്തത്? എങ്ങനെയാണ് ചെയ്തത്? ഇത് അധികം വിസ്താരപൂർവമെന്ന് ആരാണ് പറഞ്ഞത്? ദേവതകളും ഈ സൃഷ്ടി ഉണ്ടാക്കിയ ശേഷമാണ് ഉത്പന്നമായത്; അപ്പോൾപിന്നെ സൃഷ്ടി എങ്ങനെ ഉണ്ടായെന്ന് ആർക്കറിയാൻ കഴിയും?" മന്ത്രമിങ്ങനെ:

**കോ അദ്ധാ വേദ, ക ഇഹ പ്ര വോചത്,**
**കുത ആജാതാ, കുത ഇയം വിസൃഷ്ടിഃ**
**അര്വാഗ്ദേവാ അസ്യ വിസർജനേനോഽഥാ**
**കോ വേദ യത ആ ബഭൂവ.** (ഋഗ്വേദം 10.129.6)

ഈ ഋഗ്വേദവചനമാണ് ഈ ശ്ലോകത്തിൽ പ്രതിധ്വനിക്കുന്നത്.

ദേവത്വത്തിനും ഋഷിത്വത്തിനും കാരണം ഞാൻതന്നെ എന്ന് വാക്സൂക്തത്തിലും പറയുന്നുണ്ട്.[1]

3. **യോ മാമജമനാദിം ച വേത്തി ലോകമഹേശ്വരമ്**
**അസമ്മൂഢഃ സ മർത്യേഷു സർവപാപൈഃ പ്രമുച്യതേ.**

*അർഥം: ആര് എന്നെ ഒരിക്കലും ജനിക്കാത്തവനായും അനാദിയായും ഈ ലോകത്തിന്റെ മുഴുവൻ ഉടയോനായും മനസ്സിലാക്കുന്നുവോ ആ യോഗി മനുഷ്യരിൽ മൂഢനല്ല, മറിച്ച് ജ്ഞാനിയാകുന്നു. അവൻ സമ്പൂർണ പാപങ്ങളിൽനിന്നും മുക്തനാകുന്നു.*

ഭാഷ്യം: ഇതും വേദവിജ്ഞാനത്തിന്റെ ഗിരിമയെ പ്രകാശിപ്പിക്കുന്ന ശ്ലോകമാണ്. ഋഗ്വേദത്തിൽ പരമാത്മാവിനെ **'അജഃ'** (7.35.13) - 'ജനിക്കാത്തവൻ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. എന്നാൽ ഈശ്വരൻ ജനിക്കുമെന്ന് കരുതുന്നവർ ധാരാളമുണ്ട്. അത്തരക്കാരെ നേരെചൊവ്വെ മൂഢരെന്ന് ഈ ശ്ലോകത്തിൽ വിളിക്കുന്നു. യജുർവേദത്തിൽ **'സ്വയംഭൂഃ'** (2.26) എന്നാണ് ഭഗവാനിട്ടിരിക്കുന്ന പേര്. പരമാത്മാവ് അനാദിയാണെന്ന് ഗീതയും പറയുന്നു. **'ന ആദികാരണം യസ്യ തദ് അനാദി'** - ഏതൊന്നിന് കാരണം ഇല്ലയോ അതിനെ 'അനാദി' എന്നു വിളിക്കുന്നു. പരമാത്മാവ് ഒരിക്കലും ശരീരം ധരിക്കില്ലെന്ന വേദചിന്ത ഉപനിഷത്തുക്കളും സ്വീകരിച്ചിട്ടുണ്ട്. കഠോപനിഷത്ത് പറയുന്നത് കേൾക്കുക:

**അശരീരങ് ശരീരേഷ്വനവസ്ഥേഷ്വവസ്ഥിതമ്**
**മഹാന്തം വിഭുമാത്മാനം മത്വാ ധീരോ ന ശോചതി.** (കഠോപനിഷത്ത് 2.22)

1. 'കൃണോമി തം ബ്രഹ്മാണം തം ഋഷിമ്' (അഥർവവേദം 4.30.3)

അർഥം: 'ശരീരങ്ങളിൽ ശരീരമില്ലാതെ, മാറ്റമുണ്ടാകുന്നവയിൽ മാറ്റമേതുമില്ലാതെ, പരമാത്മാവ് വർത്തിക്കുന്നു. അന്തമറ്റ മഹത്വമുള്ള, വിഭുവായ പരമാത്മാവിനെ അറിഞ്ഞിട്ട് ധീരപുരുഷന്മാർ ദുഃഖിതരാകാതിരിക്കുന്നു.' അങ്ങനെ വിഭിന്ന ഭാവങ്ങളാൽ വർണിതനായ പരമാത്മാവ് നിമിത്തകാരണനായി സംസാരത്തിലിരിക്കുന്നു.

4. **ബുദ്ധിർജ്ഞാനമസമ്മോഹഃ ക്ഷമാ സത്യം ദമഃ ശമഃ**
**സുഖം ദുഃഖം ഭവോऽഭാവോ ഭയം ചാഭയമേവ ച.**

5. **അഹിംസാ സമതാ തുഷ്ടിസ്തപോ ദാനം യശോऽയശഃ**
**ഭവന്തി ഭാവാ ഭൂതാനാം മത്ത ഏവ പൃഥഗ്വിധാഃ.**

*അർഥം: ബുദ്ധി, ജ്ഞാനം, വ്യാമോഹമില്ലായ്മ, ക്ഷമ, സത്യം, ഇന്ദ്രിയനിഗ്രഹം, മനഃശാന്തി, സുഖം, ദുഃഖം, ഉത്പത്തി, വിനാശം, ഭയം, അഭയം, അഹിംസ, സമത, സന്തോഷം, തപം, ദാനം, യശസ്സ്, അയശസ്സ് എന്നിങ്ങനെ പ്രാണികളിൽ ഉണ്ടാകുന്ന വിഭിന്നങ്ങളായ ഭാവങ്ങളെല്ലാം എന്നിൽനിന്ന് ഉത്പന്നമാകുന്നതാണ്. (4,5)*

ഭാഷ്യം: ഈ ശ്ലോകത്തിനു സമാനമായ മന്ത്രങ്ങൾ നമുക്ക് അഥർവവേദത്തിൽ ദർശിക്കാം. കാണുക:

**ഭൂതിശ്ച വാ അഭൂതിശ്ച രാതയോऽരാതയശ്ച യാഃ**
**ക്ഷുധശ്ച സർവാസ്തൃഷ്ണാശ്ച ശരീരമനു പ്രാവിശൻ.**
**നിന്ദാശ്ച വാ അനിന്ദാശ്ച യച്ച ഹന്തേതി നേതി ച**
**ശരീരം ശ്രദ്ധാ ദക്ഷിണാശ്രദ്ധാ ചാനു പ്രാവിശൻ.**

(അഥർവവേദം 11.8.21,22)

അർഥം: സമൃദ്ധിയും അസമൃദ്ധിയും, ദാനവൃത്തിയും അദാനവൃത്തിയും, വിശപ്പും ദാഹവും, നിന്ദയും അനിന്ദയും, ധർമത്തോടുള്ള ശ്രദ്ധയും ഉത്സാഹവും, അശ്രദ്ധയും എല്ലാം നിന്റെ ശരീരത്തിൽ പ്രവേശിക്കപ്പെട്ടിരിക്കുന്നു.

**6. മഹർഷയഃ സപ്ത പൂർവേ ചത്വാരോ മനവസ്തഥാ**
**മദ്ഭാവാ മാനസാ ജാതാ യേഷാം ലോക ഇമാഃ പ്രജാഃ.**

*അർഥം: സപ്തർഷികളും പൂർവകാലത്തെ നാല് ഋഷികളും മനുവും എന്റെ തത്ത്വത്തെ അറിഞ്ഞവരും അമൈഥുനീ സൃഷ്ടിയിൽനിന്ന് ഉണ്ടായവരുമാണ്. ഇവരിൽനിന്നാണ് ലോകത്തു കാണുന്ന സർവപ്രജകളും ഉണ്ടായത്.*

ഭാഷ്യം: ഈ അധ്യായത്തിലെ രണ്ടാംശ്ലോകത്തിൽ പരമാത്മസ്വരൂപത്തെ ദേവതാഗണങ്ങളോ മഹർഷികളോ അറിയുന്നില്ലെന്ന് പറഞ്ഞു. ഇപ്പോൾ മറ്റൊന്ന് പറയുന്നു. ഇത് പരസ്പരവിരോധമാണോ? അല്ല. കാരണം പരമാത്മാവ് ദേവന്മാർക്കും മഹർഷിമാർക്കും മുൻപ് ഉള്ളവനാണ്. ഇവിടെ എന്താണ് പറയുന്നതെന്നറിയാൻ വേദമന്ത്രംതന്നെ പഠിക്കണം. ആരാണ് യഥാർഥ സപ്തർഷികൾ എന്നറിയാൻ യജുർവേദത്തിലേക്ക് പ്രവേശിക്കുക. അവിടെ ഗൗതമനും ഭാരദ്വാജനും രണ്ട് കാതുകളാണ്. വിശ്വാമിത്രനും ജമദഗ്നിയും രണ്ട് കണ്ണുകളാണ്. വസിഷ്ഠനും കശ്യപനും രണ്ട് നാസികാരന്ധ്രങ്ങളാണ്. അത്രി മുഖവും. യജുർവേദത്തിൽ[2] വിസ്തരിച്ച് ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ഇതേകാര്യം അഥർവത്തിലും[3] വ്യക്തമാക്കിയിട്ടുണ്ട്. അഥർവവേദത്തിൽ വാക്സൂക്തത്തിനു തൊട്ടുമുൻപുള്ള സൂക്തത്തിൽ (4.29) മിത്രാവരുണന്മാരാൽ അതായത് പ്രാണാപാനന്മാരാൽ സംരക്ഷിക്കപ്പെടുന്ന ഭരദ്വാജൻ, ഗോതമൻ, വിശ്വാമിത്രൻ, ജമദഗ്നി, വസിഷ്ഠൻ, കശ്യപൻ, അത്രി തുടങ്ങിയ ഋഷികളെക്കുറിച്ചെല്ലാം പ്രതിപാദിക്കുന്നുണ്ട്. ഈ വേദമന്ത്രങ്ങളെ യഥാതഥമായി പഠിച്ചതുകൊണ്ടാണ് ശ്രീകൃഷ്ണഭഗവാൻ ഈ ശ്ലോകങ്ങൾ അർജുനന് ഉപദേശിക്കുന്നത്. എന്നാൽ വേദാദി ശാസ്ത്രങ്ങൾ പഠിക്കാത്തവർ ഈ ഋഷിമാരെ മജ്ജയും മാംസവുമുള്ള മനുഷ്യരായി ചിത്രീകരിച്ചുകാണുന്നു.

അഗ്നി, വായു, ആദിത്യൻ, അങ്ഗിരസ് എന്നിവർക്കാണ് സൃഷ്ടിയുടെ തുടക്കത്തിൽ ഋക്ക്, യജുസ്സ്, സാമം, അഥർവം എന്നിവ ക്രമ

2. 13.55, 56, 57 മന്ത്രങ്ങൾ.
3. 8.10(4)/13 മുതൽ 16 വരെ മന്ത്രങ്ങൾ.

ത്തിൽ ലഭിച്ചത്. അവരെക്കുറിച്ചാണ് 'ചത്വാരി' എന്നു പറഞ്ഞത്. അവർ ബ്രഹ്മാവിനെ വേദാദിശാസ്ത്രങ്ങൾ പഠിപ്പിച്ചു. ഇവരെല്ലാം പരമാത്മാവിന്റെ അമൈഥുനീസൃഷ്ടികളാണ്. പ്രളയാവസ്ഥയിൽ ആദ്യം ഈശ്വരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. തുടർന്ന് ഈശ്വരൻ പ്രകൃതിയുടെ സഹായത്താൽ അഗ്ന്യാദി ചതുർഋഷികളെ അമൈഥുനമായി സൃഷ്ടിച്ചു. ഇതിനെത്തുടർന്ന് ഋഗ്വേദം പറയുന്നതുപോലെ സ്വസാമർഥ്യത്താൽ പരമാത്മാവ് ഈ നാല് ഋഷിമാരുടെയും ഹൃദയകമലങ്ങളിൽ വേദജ്ഞാനത്തെ നല്കി.[4] ആ ജ്ഞാനം കിട്ടിയപ്പോൾ മാത്രമാണ് അവർക്ക് ഈശ്വരനെ അറിയാൻ കഴിഞ്ഞത്. അപ്പോൾ രണ്ടാംശ്ലോകത്തിൽ ദേവതകളും ഋഷികളും പരമാത്മസ്വരൂപത്തെ അറിയാത്തതിനു കാരണവും പിന്നീട് അവർക്കത് എങ്ങനെ അറിയാൻ കഴിഞ്ഞുവെന്നും ഈ ശ്ലോകത്തിലൂടെ വിശദീകരിക്കുകയാണ് ഭഗവാൻ. ഭഗവാൻ നാല് ഋഷിമാർക്ക് നൽകിയ ജ്ഞാനം അവർ ബ്രഹ്മാവിനെ പഠിപ്പിച്ചു. ബ്രഹ്മാവിൽനിന്ന് വീണ്ടും ശിഷ്യപരമ്പരകളുണ്ടായി. അപ്പോൾ, ആ വിഭൂതി നേടുവാൻ എന്ത് ചെയ്യണമെന്നാണ് അടുത്ത ശ്ലോകത്തിൽ പറയുന്നത്.

**7. ഏതാം വിഭൂതിം യോഗം ച മമ യോ വേത്തി തത്ത്വതഃ**
**സോഽവികമ്പേന യോഗേന യുജ്യതേ നാത്ര സംശയഃ.**

*അർഥം: എന്റെ ഈ വിഭൂതിയെയും യോഗവിദ്യയെയും തത്ത്വപൂർണമായി അറിയുന്നവർ അചഞ്ചലമായ യോഗത്തിൽ അഥവാ സമാധിയിൽ എത്തിച്ചേരുമെന്ന് സംശയം വേണ്ട.*

ഭാഷ്യം: 'വിഭൂതി'ശബ്ദം ഋഗ്വേദത്തിലും സാമവേദത്തിലും കടന്നുവരുന്നുണ്ട്.[5] ഇതിനർഥം ഐശ്വര്യം, വേദവാണിയാൽ നേടാവുന്ന പരമാത്മാവ് എന്നൊക്കെയാണ്. അഷ്ടാങ്ഗയോഗമാർഗങ്ങളെ വേദങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. അത് അഭ്യസിക്കുന്നതിലൂടെ യോഗിക്ക് അണി

---

4. *കിലാലപേ സോമപൃഷ്ഠായ വേധസേ*
*ഹൃദാ മതിം ജനയേ ചാരുമഗ്നയേ.* (ഋഗ്വേദം 10.91.14)

5. ഋഗ്വേദം 1.30.5, സാമവേദം 1600 എന്നിവ കാണുക.

മ, മഹിമ, ഗരിമ, ലഘിമ തുടങ്ങിയ അഷ്ടഐശ്വര്യങ്ങൾ ലഭിക്കുന്നു. ഇക്കാര്യം യജുർവേദത്തിലും[6] പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ശ്ലോകത്തിൽ സപ്തർഷികളും ചതുർഋഷികളുമൊക്കെ ജ്ഞാനികളായത് വേദജ്ഞാനത്തിലൂടെയാണെന്ന് പറഞ്ഞ ഭഗവാൻ വേദാന്തർഗതമായ യൗഗിക ജ്ഞാനത്തെ വിശദീകരിക്കുകയാണിവിടെ. വിഭൂതി എന്നാൽ അഷ്ടാംങ്ഗയോഗമാർഗങ്ങളിലൂടെ ലഭിക്കുന്ന അഷ്ടഐശ്വര്യങ്ങളും വേദപഠനത്തിലൂടെ ലഭിക്കുന്ന വേദജ്ഞാനവുമാണ്. അതിനാൽ വേദജ്ഞാന മഹത്വം ഉൾക്കൊണ്ടേ മതിയാകൂവെന്ന് ഇവിടെ വ്യക്തമാക്കുന്നു. ഇങ്ങനെ പരമാത്മാവിനെ അറിയാം. പരമാത്മാവിനെ ഈ രീതിയിൽ അറിഞ്ഞ യോഗികളുടെ ഭാവമെന്തെന്ന് തുടർന്നുള്ള നാല് ശ്ലോകങ്ങളിൽ വിവരിക്കുന്നു.

8. **അഹം സർവസ്യ പ്രഭവോ മത്തഃ സർവം പ്രവർതതേ**
**ഇതി മത്വാ ഭജന്തേ മാം ബുധാ ഭാവസമന്വിതാഃ.**

*അർഥം: ഞാൻ എല്ലാറ്റിന്റെയും ഉത്പത്തിസ്ഥാനമാകുന്നു. എന്നിലൂടെയാണ് എല്ലാം പ്രവർത്തിക്കുന്നത്. ഇങ്ങനെ എന്നെ അറിഞ്ഞ ബുദ്ധിമാന്മാർ എന്നെത്തന്നെ ഭജിക്കുന്നു.*

ഭാഷ്യം: പരമാത്മാവുതന്നെ എല്ലാറ്റിന്റെയും ഉത്പത്തിസ്ഥാനം. കാരണം ഇക്കാണുന്ന സർവസംസാരവർഗത്തെയും രചിച്ചത് പരമാത്മാവുതന്നെയാണ്. ഈ രീതിയിൽ മനസ്സിലാക്കി പരമാത്മാവിനെ ഭജിക്കുന്ന ബുദ്ധിമാന്മാർ അവന്റെ ഭാവങ്ങളെ അറിയുന്നു. **'സർവസ്യ പ്രഭവഃ'** എന്നത് വേദാന്തസൂത്രത്തിലെ പ്രഖ്യാപനംതന്നെയാണ്.

**'ജന്മാദ്യസ്യ യതഃ'** (ബ്രഹ്മസൂത്രം 1.1.2) - 'ഈ അനന്തപ്രപഞ്ചത്തിന്റെ മുഴുവനും ഉത്പത്തി, സ്ഥിതി, പ്രളയം എന്നിവ ആരു നിമിത്തമായിട്ടാണോ ഉണ്ടാകുന്നത് അതാണ് ബ്രഹ്മം.' ബ്രഹ്മം ഈ പ്രപഞ്ചത്തിന്റെ നിമിത്തകാരണമാണെന്ന് പറയുന്നു. ഛാന്ദോഗ്യത്തിലും പറയുന്നത് കേൾക്കുക: **'സര്വം ഖല്വിദം ബ്രഹ്മ തജ്ജലാനിതി ശാന്ത ഉപാസീത'** (ഛാന്ദോഗ്യോപനിഷത്ത് 3.14.1) - പരമാത്മാവിനെത്തന്നെ

6. യജുർവേദം 7.4 കാണുക.

എല്ലാ പദാർഥങ്ങളുടെയും ഉത്പത്തിസ്ഥാനമായി കണക്കാക്കുന്നുവെന്നർഥം. ഇതിനു സമാനമായി വാക്സൂക്തത്തിൽ **'അഹം സുവേ'** (അഥർവം 4.30.7) - 'ഞാൻ ഉത്പാദിപ്പിക്കുന്നു' എന്നു കാണാം.

**'മത്തഃ സർവം പ്രവർതതേ'** എന്ന ഗീതാവചനത്തിനു സമാനമായി വാക്സൂക്തത്തിൽ പറഞ്ഞതു കാണുക:

**മയാ സോ അന്നമത്തി യോ വിപശ്യതി**
**യഃ പ്രാണതി യ ഈം ശൃണോത്യുക്തമ്.** (അഥർവം 4.30.4)

അർഥം: ആരൊക്കെയാണോ ഈ ലോകത്തിൽ കാണുന്നത്, ആരൊക്കെയാണോ ശ്വാസോച്ഛ്വാസം ചെയ്യുന്നത്, ആരൊക്കെയാണോ കേൾക്കുന്നത് അവർ ഈ സർവ അന്നങ്ങളും ആഹരിക്കുന്നത് എന്റെ സാമർഥ്യത്താലാണ്.

ഈ തത്ത്വങ്ങളെ ഉൾക്കൊണ്ടവരെക്കുറിച്ചാണ് ഭഗവാൻ അടുത്ത ശ്ലോകത്തിൽ വിവരിക്കുന്നത്.

9. **മച്ചിത്താ മദ്ഗതപ്രാണാ ബോധയന്തഃ പരസ്പരമ്**
**കഥയന്തശ്ച മാം നിത്യം തുഷ്യന്തി ച രമന്തി ച.**

*അർഥം: ചിത്തവും പ്രാണനും എന്നിലർപ്പിച്ച് എന്റെ മഹിമയെ അറിഞ്ഞ് സന്തോഷത്തോടെ എന്റെ ഗുണങ്ങളെ പാരാട്ടി ഇരിക്കന്നവർ സദാ ആനന്ദത്തിലിരിക്കുന്നു.*

ഭാഷ്യം: യോഗി ഈശ്വരനെ അറിയുമ്പോൾ ഉണ്ടാകുന്ന ഫലത്തെ സംബന്ധിച്ച് പതഞ്ജലി എഴുതിയതിങ്ങനെയാണ്: **'സന്തോഷാദനുത്തമഃ സുഖലാഭഃ'** (യോഗസൂത്രം 2.42) - സന്തോഷം കൊണ്ട് ഉത്തമസുഖലാഭമുണ്ടാകുന്നുവെന്നർഥം. യമനിയമങ്ങളിൽ നിയമത്തിന്റെ സിദ്ധിയാണ് ഇത്. ഇക്കാര്യം അവതരിപ്പിക്കുകയാണ് ഭഗവാൻ ശ്രീകൃഷ്ണൻ. ഇങ്ങനെയുള്ള ഭക്തന്മാർക്ക് പരമാത്മാവ് എന്താണ് നൽകുക എന്ന ചോദ്യത്തിന് ഉത്തരമാണ് അടുത്ത ശ്ലോകം.

10. **തേഷാം സതതയുക്താനാം ഭജതാം പ്രീതിപൂർവകമ്**
**ദദാമി ബുദ്ധിയോഗം തം യേന മാമുപയാന്തി തേ.**

*അർഥം: നിരന്തരം പരമാത്മാവിൽ നിരതനായ, പ്രേമപൂർവകം പരമാത്മാവിനെത്തന്നെ ഭജിക്കുന്ന ഭക്തർക്ക് (ഞാൻ) ബുദ്ധിയോഗത്തെ പ്രദാനം ചെയ്യുന്നു. അതിലൂടെ അവർക്ക് എന്നെ പ്രാപിക്കാനാകും.*

ഭാഷ്യം: ബുദ്ധിയോഗമെന്നാൽ ജ്ഞാനയോഗം. **'ന ഹി ജ്ഞാനേന സദൃശം പവിത്രമിഹ വിദ്യതേ'** (ഗീത 4.38) എന്ന് നേരത്തേ വർണിച്ചുകഴിഞ്ഞതാണ്. എന്നാൽ ചിലർ ഈ ശ്ലോകത്തിലെ **'മാമുപയാന്തി'** എന്ന വാക്കിനെ എടുത്ത് ജീവൻ ബ്രഹ്മമാകുന്നതിനെയാണ് ബുദ്ധിയോഗമെന്ന് വ്യാഖ്യാനിക്കാറുണ്ട്. ഘടരൂപമായ ഉപാധി നാശമടയുന്നതോടെ മഹാകാശമായിത്തീരുന്നതുപോലെ ബുദ്ധിയോഗത്താൽ ജീവൻ ബ്രഹ്മമായിത്തീരുന്നൂവെന്നാണ് അത്തരക്കാരുടെ വാദം. എന്നാൽ ഈ ശ്ലോകത്തിന് അത്തരമൊരു ഭാവമുണ്ടെങ്കിൽ ഗീതയിലെ നാലാം അധ്യായത്തിൽ പിന്നെന്തിന് ഇങ്ങനെ പറഞ്ഞു? 'അജ്ഞാനത്തിൽനിന്ന് ജനിച്ചതും ഹൃദയത്തിൽ ഉറച്ചു സ്ഥിതിചെയ്യുകയും ചെയ്യുന്ന നിന്റെ സംശയത്തെ ജ്ഞാനമാകുന്ന വാളുകൊണ്ട് ഛേദിച്ച്, യോഗപരിശീലനത്തോടുകൂടി സ്വധർമമനുഷ്ഠിക്കൂ' (42-ാം ശ്ലോകം) എന്ന് അവിടെ പറഞ്ഞിരിക്കുന്നു. ജ്ഞാനരൂപിയായ ഖഡ്ഗംകൊണ്ട് സംശയത്തെ ഛേദിച്ച് യോഗത്തെ ഗ്രഹിക്കുന്നത് ബുദ്ധിയോഗമാണ്. ജീവൻ ബ്രഹ്മമായിത്തീരുന്നത് എങ്ങനെ ബുദ്ധിയോഗമാകും? ഇവിടത്തെ **'പ്രീതിപൂർവകം'**, **'ബുദ്ധിയോഗം'** എന്നീ വാക്കുകൾ ശ്രദ്ധിക്കുക. വാക്സൂക്തത്തിൽ ഇതിനു സമാനമായി **'യം കാമയേ തം സുമേധാം കൃണോമി'** (4.30.3) എന്നു പറഞ്ഞിട്ടുണ്ട്. 'ആരിൽ എനിക്കു പ്രീതി ജനിക്കുന്നുവോ അവനെ ഞാൻ ഉത്തമമായ മേധയോടു (വിശേഷബുദ്ധിയോടു) കൂടിയവനാക്കുന്നു' എന്നർഥം. യഥാർഥത്തിൽ ഇതിന്റെ വ്യാഖ്യാനമാണ് ശ്രീകൃഷ്ണൻ നൽകിയത്. അല്ലാതെ ജീവൻ ബ്രഹ്മമാകുന്ന വിചിത്രസംഭവത്തെക്കുറിച്ചൊന്നും ഈശ്വരവാണിയായ വേദങ്ങളിലോ അതിനെ വ്യാഖ്യാനിച്ചിരിക്കുന്ന ഗീതയിലോ കാണാനാകില്ല. അതിനാൽ അത്തരമൊരു അർഥം ഈ ഗീതാശ്ലോകത്തിനില്ലെന്നു മാത്രമല്ല ശങ്കാരഹിതമായ മനസ്സ് ഉണ്ടാകുന്നതിന് ജ്ഞാനത്തിന്റെ അനി

വാര്യതയെയാണ് ഇവിടെ പ്രാധാന്യത്തോടെ എടുത്ത് കാണിക്കുന്ന തെന്നുകൂടി മനസ്സിലാക്കണം. ഈ ചിന്താഗതിയെ ഊട്ടിയുറപ്പിക്കുന്ന താണ് അടുത്ത ശ്ലോകം.

**11. തേഷാമേവാനുകമ്പാർഥമഹമജ്ഞാനജം തമഃ**
**നാശയാമ്യാത്മഭാവസ്ഥോ ജ്ഞാനദീപേന ഭാസ്വതാ.**

*അർഥം: ഈ ഭക്തന്മാർക്കുമേൽ അനുഗ്രഹവർഷം ചൊരിഞ്ഞ്, പരമാത്മഭാവത്തിൽ സ്ഥിരനായ ഞാൻ, അജ്ഞാനത്തിൽനിന്ന് ഉത്പന്നമായ തമസ്സിനെ പ്രകാശരൂപമായ ജ്ഞാനദീപത്താൽ നീക്കുന്നു.*

ഭാഷ്യം: ഇവിടെ '**ആത്മഭാവസ്ഥഃ**' എന്ന ശബ്ദം പരമാത്മാവിന്റെ ഭാവത്തിൽ സ്ഥിരനായിട്ടുള്ള ശ്രീകൃഷ്ണൻ സ്വയം തന്നെ ഈശ്വരശബ്ദത്താൽ പറയുകയാണെന്ന് വ്യക്തമാക്കാനാണ് ഉപയോഗിച്ചത്. അടുത്ത ശ്ലോകത്തിൽനിന്ന് അത് മനസ്സിലാകും.

**അർജുന ഉവാച:**

**12. പരം ബ്രഹ്മ പരം ധാമ പവിത്രം പരമം ഭവാൻ**
**പുരുഷം ശാശ്വതം ദിവ്യമാദിദേവമജം വിഭുമ്.**

*അർഥം: അർജുനൻ പറഞ്ഞു, അങ്ങ് (പ്രകൃതി തുടങ്ങിയവയ്ക്ക് ഉപരിയായിരിക്കുന്ന) ബ്രഹ്മമാകുന്നു. സർവതിന്റെയും ആശ്രയസ്ഥാനമാകുന്നു. പരമപവിത്രനും ദിവ്യപുരുഷനുമായ അങ്ങ് ജനിക്കാത്തവനും സർവവ്യാപകനുമാണ്.*

**13. ആഹുസ്ത്വാമൃഷയഃ സർവേ ദേവർഷിർനാരദസ്തഥാ**
**അസിതോ ദേവലോ വ്യാസഃ സ്വയം ചൈവ ബ്രവീഷി മേ.**

*അർഥം: അങ്ങയെക്കുറിച്ച് എല്ലാ ഋഷിമുനിമാരും (മുൻശ്ലോകങ്ങളിൽ പറഞ്ഞ ഭാവത്തോടെ) പറഞ്ഞിട്ടുണ്ട്. കൂടാതെ നാരദൻ, അസിതൻ, ദേവലൻ, വ്യാസൻ എന്നിവരും ഇങ്ങനെ അങ്ങയെക്കുറിച്ച് പറയുന്നു. ഇപ്പോൾ അതുതന്നെ ഇതേ രീതിയിൽ അങ്ങ് സ്വയം എന്നോട് പറയുന്നു.*

14. **സർവമേതദൃതം മന്യേ യന്മാം വദസി കേശവ**
**ന ഹി തേ ഭഗവൻ വ്യക്തിം വിദുർദേവാ ന ദാനവാഃ.**

*അർഥം: ഹേ കേശവാ, അങ്ങ് എന്നോട് പറഞ്ഞ ഇക്കാര്യങ്ങളെല്ലാം സത്യംതന്നെ എന്ന് ഞാൻ കരുതുന്നു. ഭഗവൻ! അങ്ങയുടെ യഥാർഥസ്വരൂപത്തെ തീർച്ചയായും ദേവന്മാരോ ദാനവന്മാരോ അറിയുന്നില്ല.*

15. **സ്വയമേവാത്മനാത്മാനം വേത്ഥ ത്വം പുരുഷോത്തമ**
**ഭൂതഭാവന ഭൂതേശ ദേവദേവ ജഗത്പതേ.**

*അർഥം: അല്ലയോ പുരുഷോത്തമ! ഭൂതങ്ങളുടെ ആദികാരണവും ഭൂതനായകനും ദേവാദിദേവനുമായ ജഗദീശ്വരാ അങ്ങ് താനേ അങ്ങയെ അറിയുന്നു.*

ഭാഷ്യം: ഇവിടെ ശ്രീകൃഷ്ണനെന്ന ദേഹധാരിയെ അല്ല വാഴ്ത്തുന്നത്; മറിച്ച് ഈശ്വരവർണനയാണ് കാണുന്നത്. അല്ലാത്തപക്ഷം ഗീതയിൽതന്നെ '**സൂക്ഷ്മത്വാത് തദവിജ്ഞേയം**.....' (ഗീത 13.15), '**സമം സർവേഷു ഭൂതേഷു**...' (ഗീത 13.27) എന്നിത്യാദി ശ്ലോകങ്ങളിൽ നിരാകാരനായി ഭഗവാനെ വാഴ്ത്തുകയില്ലല്ലോ. 13-ാം ശ്ലോകത്തിലെ '**സ്വയം ചൈവ ബ്രവീഷി**' എന്നതും ഈ ശ്ലോകത്തിലെ '**സ്വയമേവാത്മൻ**' എന്നതുമെല്ലാം വാക്സൂക്തത്തിലെ '**അഹം സ്വയമേവ**' (അഥർവവേദം 4.30.3) എന്ന പ്രയോഗത്തിൽനിന്നും കടംകൊണ്ടതാണെന്നതും ശ്രദ്ധിക്കേണ്ടതാണ്.

16. **വക്തുമർഹസ്യശേഷേണ ദിവ്യാ ഹ്യാത്മവിഭൂതയഃ**
**യാഭിർവിഭൂതിഭിർലോകാനിമാംസ്ത്വം വ്യാപ്യ തിഷ്ഠസി.**

*അർഥം: ഏതേതു വിഭൂതികൾകൊണ്ടാണോ ഈ ലോകങ്ങളിൽ അങ്ങ് വ്യാപിച്ച് സ്ഥിരനായി ഇരിക്കുന്നത്, ആ വിഭൂതികളെക്കുറിച്ച് സമ്പൂർണമായി വിവരിക്കാൻ അങ്ങുതന്നെയാണ് അർഹൻ.*

ഭാഷ്യം: 'വിഭൂതി' എന്നതുകൊണ്ട് അർജുനൻ ഉദ്ദേശിക്കുന്നത് യോഗസൂത്രത്തിൽ പതഞ്ജലിമുനി പറഞ്ഞ **'തതോഽണിമാദിപ്രാദുർഭാവഃ കാര്യസമ്പത് തദ്ധർമാനഭിഘാതശ്ച'** (യോഗസൂത്രം 3.45) എന്ന അർഥത്തിലാണ്. അതായത് 'അണിമാദികളുടെ പ്രാദുർഭാവം ഉണ്ടാകുന്നു (കായസമ്പത്തിയും കിട്ടുന്നു). പഞ്ചഭൂതങ്ങളുടെ കഠോരാദി ധർമങ്ങൾക്ക് ബാധയുണ്ടാകുന്നില്ലതാനും.' എട്ട് ഐശ്വര്യങ്ങളാണ് ഇവിടെ പറയുന്നത്. അണുവാകുന്നത് അണിമ, ലഘുവാകുന്നത് ലഘിമ, മഹാനാവുന്നത് മഹിമ, ഭാരിച്ചതാകുന്നത് ഗരിമ, വിരലിന്റെ അഗ്രത്താൽ ചന്ദ്രനെപ്പോലും തൊടുന്നത് പ്രാപ്തി, ഇച്ഛയുടെ അനഭിഘാതമാണ് പ്രാകാമ്യ. വശിത്വമെന്നാൽ ഭൗതികപദാർഥങ്ങളെ സ്വായത്തമാക്കലാണ്. ഈശിതൃത്വം ഭൗതികപദാർഥങ്ങളുടെ സൃഷ്ടി, സ്ഥിതി, സംഹാരങ്ങളെ അറിയുകയും അവ യോഗിയുടെ സങ്കല്പത്തിനനുസൃതമായിത്തീരുകയും ചെയ്യുന്നതാണ്.

ശ്രീകൃഷ്ണനെ യോഗിയെന്ന് ഈ ഭാഷ്യത്തിലുടനീളം പറഞ്ഞു. എന്നാൽ ഗീതയിലൊരിടത്തും ഭഗവാൻ യോഗിയാണെന്ന് പറഞ്ഞിട്ടില്ലല്ലോ എന്നുള്ള ശങ്കയ്ക്ക് മറുപടിയാണ് അടുത്ത ശ്ലോകം.

17. **കഥം വിദ്യാമഹം യോഗിംസ്ത്വാം സദാ പരിചിന്തയൻ**
**കേഷു കേഷു ച ഭാവേഷു ചിന്ത്യോഽസി ഭഗവൻമയാ?**

*അർഥം: അല്ലയോ യോഗീശ്വരനായ കൃഷ്ണാ, ഞാൻ സദാ ധ്യാനിച്ചുകൊണ്ട് എങ്ങനെയാണ് അങ്ങയെ അറിയേണ്ടത്? ഏതേതു ഭാവങ്ങളിലാണ് ഞാൻ അങ്ങയെ ചിന്തിക്കേണ്ടത്?*

18. **വിസ്തരേണാത്മനോ യോഗം വിഭൂതിം ച ജനാർദന!**
**ഭൂയഃ കഥയ തൃപ്തിർഹി ശൃണ്വതോ നാസ്തി മേഽമൃതമ്.**

*അർഥം: ഹേ ജനാർദനാ, അങ്ങയുടെ യോഗശക്തിയെക്കുറിച്ചും വിഭൂതികളെക്കുറിച്ചും വിസ്തരിച്ചുതന്നെ പറഞ്ഞുതന്നാലും. അങ്ങയുടെ അമൃതതുല്യമായ വാക്കുകൾ കേട്ടിട്ടും കേട്ടിട്ടും എനിക്ക് തൃപ്തി വരുന്നില്ല.*

ഇനി ഭഗവാൻ ശ്രീകൃഷ്ണൻ തന്റെ യോഗത്തിന്റെ മഹത്വവും പരമാത്മാവിന്റെ ഗുണരൂപമായ വിഭൂതികളും വർണിക്കുകയാണ്, കേൾക്കുക.

**ശ്രീഭഗവാനുവാച:**

**19. ഹന്ത തേ കഥയിഷ്യാമി ദിവ്യാ ഹ്യാത്മവിഭൂതയഃ**
**പ്രാധാന്യതഃ കുരുശ്രേഷ്ഠ നാസ്ത്യന്തോ വിസ്തരസ്യ മേ.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, അല്ലയോ കുരുശ്രേഷ്ഠാ, എന്റെ ദിവ്യമായ വിഭൂതികളിൽ പ്രധാനപ്പെട്ടവയെക്കുറിച്ച് പറയാം. കാരണം എന്റെ വിഭൂതികൾ വിസ്തരിച്ചാൽ അതിന് അവസാനമുണ്ടാകില്ല.*

ഇവിടെ ശ്രീകൃഷ്ണൻ തന്റെ ഉപാസനയിലൂടെ ആത്മതത്ത്വമായ പരമാത്മാവുമായി ചേർന്ന് അഭേദബുദ്ധിയാൽ ഇരിക്കുകയാണ്. അങ്ങനെ സ്വയം പരമാത്മബോധത്തിൽനിന്ന് പരമാത്മാവിന്റെ വിഭൂതിയെക്കുറിച്ച് പറയുവാൻ തുടങ്ങുകയാണ്.

**20. അഹമാത്മാ ഗുഡാകേശ സർവഭൂതാശയസ്ഥിതഃ**
**അഹമാദിശ്ച മധ്യം ച ഭൂതാനാമന്ത ഏവ ച.**

*അർഥം: അല്ലയോ അർജുനാ, സമസ്ത പ്രാണികളുടെയും ഹൃദയത്തിൽ ഞാൻ വസിക്കുന്നു. പ്രാണികളുടെയെല്ലാം ആദിയും മധ്യവും അന്തവും ഞാൻതന്നെ.*

ഭാഷ്യം: **'യതോ വാ ഇമാനി ഭൂതാനി'** (തൈത്തിരീയോപനിഷത്ത് 3.1) എന്നിത്യാദി ഉപനിഷത്പ്രമാണങ്ങൾ ഈ ശ്ലോകത്തെ സാധൂകരിക്കുന്നു. വാക്സൂക്തത്തിൽ **'ഭൂരിസ്ഥാത്രാ ഭൂര്യാവേശയന്തഃ'** (അഥർവവേദം 4.30.2)- 'പാലകനും പോഷകനുമായി സകല ഭൂതജാലങ്ങളിലുമിരിക്കുന്നത് ഞാനാണ്. പാലക-പോഷകതത്ത്വങ്ങളെ ജീവാത്മാവിൽ സന്നിവേശിപ്പിക്കുന്നതും ഞാൻ തന്നെ' എന്നു കാണാം. **'അഹം ആദിശ്ച മധ്യം ച'** എന്ന ഗീതാവാക്യത്തിനു സമാനമായി വാക്സൂക്തത്തിൽ **'അഹം ത്വഷ്ടാരമുത പൂഷണം'** (4.30.6) എന്നു പറഞ്ഞിരിക്കുന്നു. നിർമാതാവും പോഷകനും ഞാൻതന്നെ എന്നർഥം. **'ഭൂതാനാമന്ത ഏവ ച'**

എന്ന ഗീതാവാക്യത്തിനു സമാനമായി **'ഹന്തവാ ഉ'** (4.30.5)- അതായത് സംഹാരശക്തികേന്ദ്രവും ഈശ്വരൻതന്നെ എന്നും വാക്സൂക്തത്തിൽ കാണാം.

21. **ആദിത്യാനാമഹം വിഷ്ണുർജ്യോതിഷാം രവിരംശുമാൻ**
**മരീചിർമരുതാമസ്മി നക്ഷത്രാണാമഹം ശശീ.**

*അർഥം: ആദിത്യനിൽ (അഖണ്ഡനീയ പദാർഥങ്ങളിൽ) ഞാൻ വിഷ്ണുവാകുന്നു. ജ്യോതിസ്സാർന്നവയിൽ അംശുമാനായ രവി ഞാനാകുന്നു. മരുത്തുക്കളിൽ (വായുക്കളിൽ) മരീചി എന്നു പേരുള്ള വായുവും ഞാൻതന്നെ. നക്ഷത്രങ്ങളുടെ പതിയായ ചന്ദ്രനും ഞാനാകുന്നു.*

ഭാഷ്യം: ഈ പ്രപഞ്ചരൂപവിഭൂതിയുടെ സ്വാമിയാണ് പരമാത്മാവ്. അതിനാൽ പരമാത്മാവിന്റെ മുഖ്യമായ വിഭൂതികളെ, ഐശ്വര്യസ്വരൂപങ്ങളെ സാധകന്റെ ബോധമണ്ഡലത്തെ ഉണർത്തുന്നതിനുവേണ്ടി എടുത്തുപറയുകയാണിവിടെ. ഇതൊന്നും പരമാത്മാവിന്റെ രൂപങ്ങളല്ല. എന്നാൽ അവയെ നിരൂപണം ചെയ്യുന്നതിലൂടെ പരമാത്മാവിന്റെ അനന്തരൂപങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്നു. **'സഹസ്രശീർഷാ പുരുഷഃ'** (യജുർവേദം 31.1) എന്നിത്യാദി മന്ത്രങ്ങൾ നിരൂപണം ചെയ്താൽ പ്രപഞ്ചത്തിലെ സർവപ്രാണികളുടെയും ശിരാദി അവയവങ്ങൾ ആ പരമാത്മാവിനെത്തന്നെയാണ് പ്രകാശിപ്പിക്കുന്നത് എന്നു മനസ്സിലാകും. സായണാചാര്യൻ തന്റെ ഭാഷ്യത്തിൽ പറയുന്നതു കേൾക്കുക. **'അത്ര സര്വപ്രാണിനാം ശിരാംസി തദ്ദേഹാന്തഃ പാതിത്വാത്തദീയാന്യേ വേത്തി സഹസ്രശീർഷാത്മമ്.'** അതായത് സമസ്ത പ്രാണികളുടെയും ശിരാദി അവയവങ്ങൾ അതേ പരമാത്മാവിന്റെ വിഭൂതിതന്നെ ആകയാൽ അവന്റെ കഥനംതന്നെയാണ് അവയെല്ലാം ചെയ്യുന്നത്. എങ്കിലും ഭഗവാൻ നിരാകാരൻതന്നെയാണ്. എന്നാൽ ചിലർ ചന്ദ്രൻ തുടങ്ങിയവയെ പരമാത്മാവിന്റെ അവതാരമായി വർണിക്കുന്നു. വൈദികസാഹിത്യത്തിൽ അനേകരൂപവർണനയിലൂടെ സർവതും നിരാകാരനായ പരമാത്മാവിന്റെ വിഭൂതികളായി ചിത്രീകരിക്കുന്ന ശൈലിയുണ്ട്. അത് അവ

താരവാദമല്ല. ഉദാഹരണത്തിന് നമുക്ക് മുണ്ഡകോപനിഷത്തിലേക്ക് പ്രവേശിക്കാം. അവിടെ

**അഗ്നിർമൂർധാ ചക്ഷുഷീ ചന്ദ്രസൂര്യൗ**
**ദിശഃ ശ്രോത്രേ വാഗ്വിവൃതാശ്ച വേദഃ**
**പ്രാണോ ഹൃദയം വിശ്വമസ്യ**
**പദ്ഭ്യാം പൃഥിവീ ഹ്യേഷ സർവഭൂതാന്തരാത്മാ.**

(മുണ്ഡകോപനിഷത്ത് 2.4)

എന്നെഴുതിയതു കാണാം. എന്താണിതിന്റെ അർഥം? 'അഗ്നി ഏതൊന്നിന്റെ മുഖസ്ഥാനമാണോ, ചന്ദ്രനും സൂര്യനും നേത്രങ്ങളാണോ, പൂർവം, ഉത്തരം എന്നീ ദിശകൾ ഏതൊന്നിന്റെ ചെവികളാണോ, വേദങ്ങൾ വാണിയാണോ, വായു പ്രാണനാണോ, ഈ വിശ്വമെല്ലാം ഏതൊന്നിന്റെ ഹൃദയമാണോ, ഭൂമി പാദങ്ങളായിട്ടുണ്ടോ, ആ പരമാത്മാവ് സർവപിണ്ഡാണ്ഡങ്ങളിലും അന്തരാത്മാവായി വർത്തിക്കുന്നു.' ഇത്തരത്തിലുള്ള അമൂർത്തവർണനകൾ വൈദികംതന്നെയാണ്. എന്നാൽ ഭഗവാനെ രൂപഭാവങ്ങളും വികാരങ്ങളും വിചാരങ്ങളുമുള്ള മനുഷ്യരൂപികളായി ചിത്രീകരിക്കുന്ന രീതി വൈദികമല്ലതന്നെ. ഇതേ കാര്യം ബ്രഹ്മസൂത്രത്തിൽ വ്യാസൻ '**രൂപോപന്യാസാച്ച**' (വേദാന്തദർശനം 1.2.23) എന്നും പറഞ്ഞിട്ടുണ്ട്. രൂപകഥനം പറഞ്ഞിട്ടുള്ളതുകൊണ്ടും പരമാത്മാവ് ജീവാത്മാവിൽനിന്ന് ഭിന്നനാണെന്നർഥം.

യഥാർഥത്തിൽ വാക്സൂക്തത്തിലെ '**ചരാമ്യഹം ആദിത്യൈരുത വിശ്വദേവൈഃ**' എന്ന വചനംതന്നെയാണ് ഈ ഗീതാശ്ലോകത്തിലൂടെ ഭഗവാൻ വരച്ചുകാട്ടിയത്. 'ഞാൻ ആദിത്യന്മാരോടും സകല പ്രകാശരൂപങ്ങളോടുമൊത്ത് ചരിക്കുന്നു' എന്നർഥം. അതായത് അവയൊന്നും ഈശ്വരനാണെന്ന് അർഥമില്ല. മറിച്ച് ഈശ്വരന്റെ വിഭൂതികൾ മാത്രമാണെന്ന് ഈ വേദമന്ത്രത്തിൽനിന്നും വ്യക്തമാകുന്നു.

22. **വേദാനാം സാമവേദോഽസ്മി ദേവാനാമസ്മി വാസവഃ**
**ഇന്ദ്രിയാണാം മനശ്ചാസ്മി ഭൂതാനാമസ്മി ചേതനാ.**

*അർഥം: വേദങ്ങളിൽ ഞാൻ സാമവേദമാകുന്നു. ദേവന്മാരിൽ പരമൈശ്വര്യശാലിയായ ദേവനും. എല്ലാ പ്രാണികളിലും സത്യാസത്യവിവേചനം ചെയ്യുന്ന ചേതനാശക്തിരൂപമായ ബുദ്ധിയും ഞാൻതന്നെയാകുന്നു. ഇന്ദ്രിയങ്ങളിൽ മനസ്സും ഞാൻതന്നെ.*

ഭാഷ്യം: വേദങ്ങളിൽ ഉപാസനാകാണ്ഡം സാമമാണ്. സാമഗാനങ്ങളിൽ ഉപാസനയുടെ ലയം നമുക്കനുഭവിക്കാം. ഭഗവാൻ ശ്രീകൃഷ്ണന്റെ ഗീതയിൽ പ്രതിധ്വനിക്കുന്നത് സാമവേദത്തിലെ ഉപാസനയാണ്. അഷ്ടാംഗയോഗമാർഗങ്ങളിലൂടെ സാധകർ മുന്നേറുമ്പോൾ അവന്റെ ഹൃദയത്തിൽ ഉണ്ടാവുന്ന എല്ലാ പരിവർത്തനങ്ങളും അനന്യമായ ഭക്തിചൈതന്യമാണ്. അത് പ്രകടിപ്പിക്കാനാണ് ഇവിടെ താൻ വേദങ്ങളിൽ സാമമാണെന്ന് ഭഗവാൻ പറഞ്ഞത്.

**23. രുദ്രാണാം ശങ്കരശ്ചാസ്മി വിത്തേശോ യക്ഷരക്ഷസാമ്**
**വസൂനാം പാവകശ്ചാസ്മി മേരുഃ ശിഖരിണാമഹമ്.**

*അർഥം: രൂപഭേദം കൈക്കൊള്ളുന്നവരിൽ ശാന്തി പ്രദാനം ചെയ്യുന്ന ശങ്കരരൂപവും, യക്ഷ രാക്ഷസന്മാരിലെ ധനാധിപതിയും എട്ടു വസുക്കളിൽ അഗ്നിയും ഞാൻതന്നെ. രത്നനിർഭരമായ പർവതങ്ങളിൽ മേരുവും ഞാൻതന്നെ.*

ഭാഷ്യം: **'നമസ്തേ രുദ്ര മന്യവ'** (യജുർവേദം 16.1) **'ഹൃദേ രുദ്രായ ശംതതം വോചേമ'** (ഋഗ്വേദം 1.43.1) – ഇപ്രകാരം 'ദുഷ്ടന്മാരെ നിഗ്രഹിക്കുന്ന' എന്നർഥത്തിലാണ് യജുർവേദത്തിൽ രുദ്രശബ്ദം കടന്നുവരുന്നത്. കരയുന്നതും കരയിപ്പിക്കുന്നതും രുദ്രനാണ്. പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ, നാഗൻ, കൂർമൻ, കൃകലൻ, ദേവദത്തൻ, ധനഞ്ജയൻ, ജീവാത്മാവ് എന്നിവയാണ് ഏകാദശരുദ്രന്മാർ. ഇവർ ശരീരം വിട്ടുപോകുമ്പോൾ ബന്ധുക്കളെ രോദിപ്പിക്കുന്നു. അതിനാൽ ഇവ രുദ്രന്മാരാണ്. അഗ്നി, പൃഥ്വി, വായു, അന്തരീക്ഷം, ആദിത്യൻ, ദ്യൗ, ചന്ദ്രൻ, നക്ഷത്രങ്ങൾ തുടങ്ങിയവയാണ് വസുക്കൾ. എല്ലാറ്റിനെയും വസിപ്പിക്കുന്നതിനാലാണ് വസുവെന്ന പേരുവന്നതെന്ന് ശത

പഥം പറയുന്നു. **'അഹം രുദ്രേഭിഃ വസുഭിഃ ചരാമി'** (4.30.1) എന്ന വാക്സൂക്തത്തിലെ പ്രസ്താവനയാണ് ഈ ശ്ലോകത്തിൽ പ്രതിഫലിക്കുന്നത്.

**24. പുരോധസാം ച മുഖ്യം മാം വിദ്ധി പാർഥ ബൃഹസ്പതിമ്**
**സേനാനീനാമഹം സ്കന്ദഃ സരസാമസ്മി സാഗരഃ.**

*അർഥം: പുരോഹിതന്മാരിൽ മുഖ്യനായ ബൃഹസ്പതി ഞാനാണെന്നറിയുക. ഹേ പാർഥ, ഞാൻ സേനാപതികളിൽ സ്കന്ദനും ജലാശയങ്ങളിൽ സമുദ്രവുമാകുന്നു.*

ഭാഷ്യം: **'അസ്യാം പുരോധായാമ്'** (അഥർവവേദം 5.24) എന്ന പ്രയോഗത്തെയാണ് ഭഗവാൻ ഇവിടെ ഉദ്ധരിച്ചത്. ബൃഹസ്പതിയെ വാണിയുടെ പതിയായാണ് വേദങ്ങളിൽ വാഴ്ത്തുന്നത്.(7) വേദജ്ഞരായ പുരോഹിതന്മാരിൽ ശ്രേഷ്ഠൻ വേദവാണിയുടെ കർത്താവായ പരമേശ്വരൻതന്നെ. ഈ അധ്യായത്തിന് വാക്സൂക്തവുമായുള്ള ബന്ധവും ഓർക്കുക.

'സ്കന്ദ'ശബ്ദവും വേദപ്രയുക്തമാണ്. 'ഹേ പരമാത്മാവേ, നിന്റെ രസം ഈ ഭൂമിയിൽ സർവത്ര വ്യാപിച്ചിരിക്കുന്നു' എന്നിങ്ങനെ പറയുന്നിടത്ത് ഋഗ്വേദത്തിൽ 'സ്കന്ദ'ശബ്ദം ഉപയോഗിച്ചത് കാണാം.(8) **'സ്കന്ദതേ ഇതി സ്കന്ദഃ'**-ഏതൊന്ന് അത്യന്തം ഗതിയോടുകൂടിയുള്ളതാണോ, അതിനെ 'സ്കന്ദഃ' എന്ന് പറയുന്നുവെന്നർഥം. ആരുടെ ശാരീരികവും മാനസികവും ആത്മീയവുമായ ഗതി ഏറ്റവും മുഖ്യമായിരിക്കുന്നുവോ, ആ സേനാപതി പരമാത്മാവിന്റെ വിഭൂതി നിറഞ്ഞവനാകുന്നുവെന്നർഥം.

ജലാശയങ്ങളിൽ ഞാൻ സാഗരമാണെന്ന ഭഗവാന്റെ പ്രസ്താവന ശ്രദ്ധിക്കുക. വാക്സൂക്തത്തിൽ ഇതിനു സമാനമായി **'മമ യോനിരപ്സ്വന്തഃ സമുദ്രേ'** (അഥർവവേദം 4.30.7) എന്നു പറഞ്ഞിരിക്കുന്നു. 'എന്റെ വാസസ്ഥാനം ജലങ്ങളിൽ സമുദ്രത്തിലാകുന്നു' എന്നർഥം.

---

7. ഋഗ്വേദം 7.97.7 കാണുക.
8. ഋഗ്വേദം 10.17.12 കാണുക.

**25. മഹർഷീണാം ഭൃഗുരഹം ഗിരാമസ്മ്യേകമക്ഷരമ്**
**യജ്ഞാനാം ജപയജ്ഞോഽസ്മി സ്ഥാവരാണാം ഹിമാലയഃ.**

*അർഥം: മഹർഷിമാരിൽ ഭൃഗുവും വാണികളിൽ ഏകാക്ഷരമായ ഓങ്കാരവും ഞാനാകുന്നു. യജ്ഞങ്ങളിൽ ജപയജ്ഞവും സ്ഥാവരങ്ങളിൽ ഹിമാലയവും ഞാൻതന്നെ.*

ഭാഷ്യം: വാക്സൂക്തത്തിൽ വാഗ്ദേവി പറയുന്നതു കാണുക:

**'അഹം ചികിതുഷീ പ്രഥമാ യജ്ഞിയാനാം'** (അഥർവം 4.30.2)

'ജ്ഞാനവതിയായ ഞാൻ (വാണി) യജ്ഞീയമായവയിൽ പ്രഥമഗണനീയമാകുന്നു' ഈ പ്രസ്താവനയെയാണ് '**യജ്ഞാനാം ജപയജ്ഞഃ അസ്മി**' എന്ന് ഗീതാകാരൻ മാറ്റിയെഴുതിയിരിക്കുന്നത്. ജപത്തിൽതന്നെ ഓങ്കാരജപമാണ് ശ്രേഷ്ഠമെന്നും ഭഗവാൻ സൂചിപ്പിക്കുന്നു. മന്ത്രത്തിലെ '**ചികിതുഷീ**' (ജ്ഞാനവതി) എന്ന ശബ്ദത്തിൽ, ജപിക്കുമ്പോൾ അർഥമുൾക്കൊണ്ടുതന്നെ ജപിക്കണമെന്ന നിർദേശമുണ്ട്. ഈ പരമമായ ജപയജ്ഞത്തെത്തന്നെയാണ് പതഞ്ജലിമുനി യോഗദർശനത്തിൽ '**തജ്ജപസ്തദർഥഭാവനമ്**' (യോഗദർശനം 1.28) എന്ന സൂത്രത്തിൽ വിവരിച്ചിരിക്കുന്നത്. അതായത് പ്രണവത്തെ അർഥഭാവനയോടെ വേണം ജപിക്കാൻ. എന്നാൽ ഇതൊന്നും മനസ്സിലാക്കാതെ വേദമൊന്നും പഠിക്കേണ്ട, മറ്റ് യജ്ഞങ്ങളും ചെയ്യേണ്ടതില്ല, നാരായണനാമം ജപിച്ചാൽ മതി എന്നെല്ലാം ഈ ശ്ലോകത്തെ വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ ഓങ്കാരത്തിന്റെ അർഥം മനസ്സിലാവണമെങ്കിൽ വേദം പഠിക്കണം. ആചരിക്കാത്തവന് വേദജ്ഞാനം ലഭിക്കുകയുമില്ല. '**ആചാരഹീനോ ന പുനന്തി വേദാഃ**' എന്നാണ് മഹർഷി മനു പറയുന്നത്. അതായത് വൈദികമായ യജ്ഞമൊന്നും വേണ്ട എന്നു കരുതി സദാ ജപിച്ചുകൊണ്ടിരിക്കുന്നവർ യഥാർഥത്തിൽ ചെയ്യുന്നത് കേവലം അധരവ്യായാമം മാത്രമാണ്.

**26. അശ്വത്ഥഃ സർവവൃക്ഷാണാം ദേവർഷീണാം ച നാരദഃ**
**ഗന്ധർവാണാം ചിത്രരഥഃ സിദ്ധാനാം കപിലോ മുനിഃ.**

*അർഥം: സർവവൃക്ഷങ്ങളിലുംവെച്ച് മഹത്തരമായ അരയാലാകുന്നു ഞാൻ. ദേവർഷികളിൽ നാരദനും ഗാനഗന്ധർവന്മാരിൽ ചിത്രരഥനും ഞാൻതന്നെ. ധർമം, ജ്ഞാനം, വൈരാഗ്യം, ഐശ്വര്യം തുടങ്ങിയ ഗുണങ്ങളെ കൈവരിച്ച സിദ്ധന്മാരിൽ കപിലമുനി ഞാനാകുന്നു.*

ഭാഷ്യം: അശ്വത്ഥവൃക്ഷത്തിന്റെ പ്രാധാന്യത്തെ വാക്സൂക്തത്തോടു ചേർന്നുകിടക്കുന്ന മറ്റൊരു അഥർവവേദസൂക്തത്തിൽ വിസ്തരിച്ച് വർണിച്ചിട്ടുണ്ട്. **'യത്ര അശ്വത്ഥാഃ മഹാവൃക്ഷാഃ പ്രതിബുദ്ധാഃ അഭൂതന'** (അഥർവവേദം 4.37.4). 'മഹാവൃക്ഷ'മെന്ന ഈ വേദവാക്യത്തെ സ്മരിച്ചുകൊണ്ടാണ് **'അശ്വത്ഥഃ സർവവൃക്ഷാണാം'** എന്നു ഭഗവാൻ പറഞ്ഞത്. വേദവാണിയുടെ യഥാർഥസ്വരൂപമറിയുന്നവനാണ് നാരദൻ.[9] അത്തരത്തിൽ ജ്ഞാനമുള്ളവരെ 'നാരദൻ' എന്ന് വിളിക്കുന്നു.[10] ഇതെല്ലാം കാണുമ്പോൾ നാരദൻ പുരാണപ്രസിദ്ധനായ ഏഷണിവീരനല്ലെന്ന് ബോധ്യപ്പെടും. ഗന്ധർവൻ, ചിത്രരഥൻ തുടങ്ങിയ ശബ്ദങ്ങളും വേദവാണിയുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു.

**27. ഉച്ചൈഃശ്രവസമശ്വാനാം വിദ്ധി മാമമൃതോദ്ഭവമ്**
**ഐരാവതം ഗജേന്ദ്രാണാം നരാണാം ച നരാധിപമ്.**

*അർഥം: കുതിരകളിൽ 'ഉച്ചൈഃശ്രവസ്സ്' എന്നു പേരുള്ള കുതിര ഞാനെന്നറിയുക. ഗജങ്ങളിൽ അമൃതോദ്ഭവനായ ഐരാവതവും നരന്മാരിൽ രാജാവുമാണ് ഞാൻ.*

**28. ആയുധാനാമഹം വജ്രം ധേനൂനാമസ്മി കാമധുക്**
**പ്രജനശ്ചാസ്മി കന്ദർപഃ സർപാണാമസ്മി വാസുകിഃ.**

*അർഥം: ശസ്ത്രങ്ങളിൽ ഞാൻ വജ്രവും ഗോക്കളിൽ കാമധുക് എന്ന പേരോടുകൂടിയ ധേനുവും സന്താനോത്പാദനത്തിന് കാരണമായ കാമവും സർപ്പങ്ങളിൽ വാസുകിയും ഞാൻ തന്നെ.*

---

9. അഥർവം 12.4.24 കാണുക.
10. ഛാന്ദോഗ്യോപനിഷത്ത് 7.1.2 കാണുക.

ഭാഷ്യം: **'യഃ വർജയതി പ്രാണൗഃ പ്രാണിനഃ സഃ വജ്രഃ'** എന്നാണ് വജ്ര ശബ്ദത്തിന്റെ നിഷ്പത്തി. പ്രാണികളിൽ നിന്ന് പ്രാണനെ വർജിപ്പിക്കുന്നതിനെ വജ്രമെന്നു പറയുന്നു.

അഥർവവേദത്തിൽ വാക്സൂക്തത്തെ തുടർന്നുവരുന്ന സൂക്തങ്ങളിൽ ഈ 'വജ്ര'മെന്ന ആയുധത്തെയും 'കാമധുക്' എന്ന ധേനുവിനെയുമെല്ലാം നമുക്കു കാണാവുന്നതാണ്.[11]

**29. അനന്തശ്ചാസ്മി നാഗാനാം വരുണോ യാദസാമഹമ്**
**പിതൄണാമര്യമാ ചാസ്മി യമഃ സംയമതാമഹമ്.**

*അർഥം: പൂജനീയരായ വക്താക്കളിൽ ഞാൻ അനന്തനാകുന്നു. ജലജീവികൾക്ക് ജലാധിപനായ വരുണനും പിതൃക്കളിൽ ന്യായകാരിയും ദണ്ഡനീതിജ്ഞരിൽ യമനും ഞാൻതന്നെ.*

ഭാഷ്യം: സത്യം പറയുന്നവരെയാണ് നാഗമെന്ന് എന്ന് ഇവിടെ വിളിച്ചത്. **'അഗോഃ'** എന്നൊരു പ്രയോഗം ഋഗ്വേദത്തിൽ[12] ഉണ്ട്. അവിടെ **'അഗോഃ അരിഃ'** എന്നാണ് പറഞ്ഞിട്ടുള്ളത്. അതായത് **'അഗോഃ'** എന്നാൽ അസത്യവാദി, അശ്രദ്ധാലു എന്നെല്ലാമാകുന്നു. 'നാഗോഃ' എന്നത് അതിനു വിരുദ്ധമാണ്. സത്യവാദി, ശ്രദ്ധാലു എന്നൊക്കെ അർഥം.

**30. പ്രഹ്ലാദശ്ചാസ്മി ദൈത്യാനാം കാലഃ കലയതാമഹമ്**
**മൃഗാണാം ച മൃഗേന്ദ്രോऽഹം വൈനതേയശ്ച പക്ഷിണാമ്.**

*അർഥം: ദൈത്യന്മാരിൽ പ്രഹ്ലാദൻ ഞാനാകുന്നു. കണക്കെടുക്കുന്നവരിൽ കാലവും, മൃഗങ്ങളിൽവെച്ച് സിംഹവും പക്ഷികളിൽ ഗരുഡനും ഞാൻതന്നെ.*

കുടിലന്മാർക്ക് മുന്നിൽ പരമേശ്വരൻ സിംഹമായെത്തുന്നുവെന്ന് ഋഗ്വേദവും[13] പറയുന്നുണ്ട്.

---

11. വജ്രസായക സഹ (അഥർവം 4.32.1), ധേനുഃ കാമദുധാ മേ അസ്തു (അഥർവം 4.34.7)
12. 8.2.14
13. 7.87.6

**31. പവനഃ പവതാമസ്മി രാമഃ ശസ്ത്രഭൃതാമഹമ്**
**ഝഷാണാം മകരശ്ചാസ്മി സ്രോതസാമസ്മി ജാഹ്നവീ.**

*അർഥം: അതിവേഗം ചലിക്കുന്നവയിൽ ഞാൻ വായുവും ആയുധധാരികളിൽ ഞാൻ രാമനും മത്സ്യങ്ങളിൽ തിമിംഗലവും നദികളിൽ ഗംഗയും ഞാനാകുന്നു.*

**'അഹം വാത ഇവ പ്രവാമി'** എന്ന് വാക്സൂക്തത്തിൽ കാണാം (4.30.7). അതായത് 'ഞാൻ വായുവിനെപ്പോലെ ഗതിശീലയാകുന്നു' എന്നർഥം.

**32. സർഗാണാമാദിരന്തശ്ച മധ്യം ചൈവാഹമർജുന**
**അധ്യാത്മവിദ്യാ വിദ്യാനാം വാദഃ പ്രവദതാമഹമ്.**

*അർഥം: അല്ലയോ അർജുനാ, സർവ സർഗ(രചന)ങ്ങളുടെയും ഉത്പത്തിയും സ്ഥിതിയും ലയവും ഞാൻതന്നെയാകുന്നു. വിദ്യകളിൽ ഞാൻ അധ്യാത്മവിദ്യയാകുന്നു. ശാസ്ത്രാർഥം ചെയ്യുന്നവരുടെ മൂന്ന് വിധമുള്ള വാദവും ഞാൻ തന്നെ.*

വാദം, ജല്പം, വിതണ്ഡ എന്നിവയാണ് ന്യായദർശനത്തിൽ[14] പറയുന്ന മൂന്ന് വിധത്തിലുള്ള വാദങ്ങൾ.

**33. അക്ഷരാണാമകാരോഽസ്മി ദ്വന്ദ്വഃ സാമാസികസ്യ ച**
**അഹമേവാക്ഷയഃ കാലോ ധാതാഹം വിശ്വതോമുഖഃ.**

*അർഥം: അക്ഷരങ്ങളിൽ ഞാൻ 'അ'കാരവും സമാസങ്ങളിൽ ദ്വന്ദ്വസമാസവും അക്ഷയമായ കാലവും ഞാൻതന്നെ. ഈ പ്രപഞ്ചത്തിൽ സർവതിലും മുഖമുള്ളവനും ഈ ജഗത്തിനെ മുഴുവൻ ധരിച്ചിരിക്കുന്നവനും ഞാൻതന്നെ.*

ഭാഷ്യം: സമാസങ്ങളിൽ 'ദ്വന്ദ്വ'സമാസത്തിന് വിഭൂതിസ്ഥാനം നൽകാൻ ഒരു കാരണമുണ്ട്. രണ്ട് പദങ്ങളുടെയും അർഥം പ്രധാനമാകുന്നതാണ്

---

14. ന്യായദർശനം 1.1.1

ദ്വന്ദ്വസമാസം. രണ്ടിന്റെയും സമത ഇതിൽ ദർശിക്കുന്നു. മറ്റൊരു സമാസത്തിനും ഈ പ്രാധാന്യമില്ല. വാക്സൂക്തത്തോടു ചേർന്നു കിടക്കുന്ന മറ്റൊരു സൂക്തത്തിൽ ഈ '**വിശ്വതോമുഖഃ**'ശബ്ദത്തിന്റെ വ്യാഖ്യാനം ദർശിക്കാം.

**'ത്വം ഹി വിശ്വതോ മുഖഃ വിശ്വതഃ പരിഭൂരസി. '** (അഥർവം 4.33.6)

അർഥം: 'വിശ്വതോമുഖനായ പരമേശ്വരാ, നീ നിശ്ചയമായും വിശ്വത്തിലെല്ലായിടത്തും വ്യാപിച്ചു വർത്തിക്കുന്നവനാകുന്നു.'

**34. മൃത്യുഃ സർവഹരശ്ചാഹമുദ്ഭവശ്ച ഭവിഷ്യതാമ്**
**കീർതിഃ ശ്രീർവാക്ച നാരീണാം സ്മൃതിർമേധാ ധൃതിഃ ക്ഷമാ.**

*അർഥം: എല്ലാറ്റിനെയും ഹരിക്കുന്ന മൃത്യുവും ഭാവിയിൽ ഉണ്ടാകാൻ പോകുന്നവയുടെ ഉദ്ഭവവും ഞാനാകുന്നു. സ്ത്രീകളുടെ കീർത്തി, ശോഭ, വാണി, സ്മരണശക്തി, മനനശീല ബുദ്ധി, ധൈര്യം, ക്ഷമ എന്നിവയെല്ലാം ഞാനാകുന്നു.*

**35. ബൃഹത്സാമ തഥാ സാമ്നാം ഗായത്രീ ഛന്ദസാമഹമ്**
**മാസാനാം മാർഗശീർഷോ/ഹമൃതൂനാം കുസുമാകരഃ.**

**36. ദ്യൂതം ഛലയതാമസ്മി തേജസ്തേജസ്വിനാമഹമ്**
**ജയോ/സ്മി വ്യവസായോ/സ്മി സത്ത്വം സത്ത്വവതാമഹമ്.**

**37. വൃഷ്ണീനാം വാസുദേവോ/സ്മി പാണ്ഡവാനാം ധനഞ്ജയഃ**
**മുനീനാമപ്യഹം വ്യാസഃ കവീനാമുശനാ കവിഃ.**

**38. ദണ്ഡോ ദമയതാമസ്മി നീതിരസ്മി ജിഗീഷതാമ്**
**മൗനം ചൈവാസ്മി ഗുഹ്യാനാം ജ്ഞാനം ജ്ഞാനവതാമഹമ്.**

*അർഥം: സാമവേദഗാനങ്ങളിലെ ബൃഹത്സാമം ഞാനാകുന്നു. ഛന്ദസ്സുകളിൽ ഗായത്രിയും മാസങ്ങളിൽ മാർഗശീർഷമാസവും ഋതുക്കളിൽ വസന്തവും ഞാനാകുന്നു. (35) ചൂതാട്ടംപോലുള്ളവയിൽ വഞ്ചിക്കപ്പെടുന്നവർക്ക് ദിവ്യ*

*നീതി നൽകുന്നവനും ഞാൻതന്നെ.*[15] *(രാജധർമത്തിലെ ന്യായം) തേജസ്വികളുടെ തേജസ്സും വിജയികൾക്കിടയിലെ വിജയവും പരിശ്രമികൾക്കിടയിലെ അധ്വാനശീലവും ഞാനാണ്. സത്ത്വഗുണപ്രധാനികളിൽ ധർമം, ജ്ഞാനം, വൈരാഗ്യം, ഐശ്വര്യരൂപമായ സത്ത്വം എന്നിവയും ഞാനാകുന്നു. (36)*

*വൃഷ്ണിവംശത്തിൽ (യാദവകുലത്തിൽ) വസുദേവന്റെ പുത്രൻ വാസുദേവനും പാണ്ഡവന്മാരിൽ അർജുനനും മനനശീലരായ മുനികളിൽ വ്യാസനും കവികളിൽ ശുക്രനും ഞാൻതന്നെ.*[16] *(37)*

*ദുഷ്ടന്മാരെ ശിക്ഷിക്കുന്ന ദണ്ഡം ഞാനാണ്. ജയിക്കാനാഗ്രഹിക്കുന്നവരിലെ നീതിബോധം ഞാൻതന്നെയാകുന്നു. രഹസ്യങ്ങളിൽ ഞാനാണ് വാണിയെ വശീഭൂതനാക്കിയത്. ജ്ഞാനികളിലെ തത്ത്വജ്ഞാനവും ഞാൻതന്നെ. (38)*

---

15. *'മായാഭിരിന്ദ്ര മായിനം ത്വം ശുഷ്ണമവാതിരഃ'* എന്ന് ഋഗ്വേദം (1.11.7) പറയുന്നു. 'ഹേ രാജാവേ, അന്യരെ ചൂഷണം ചെയ്തുജീവിക്കുന്ന വഞ്ചകരെ (മായാവികളെ) മായ കൊണ്ടുതന്നെ നീ ജയിക്കുന്നു' എന്നർഥം.

16. അഥർവവേദത്തിൽ വാക്സൂക്തത്തിനു തൊട്ടുമുൻപുള്ള സൂക്തത്തിൽ ***'ഉശനാം കാവ്യം'*** (അഥർവം 4.29.6) എന്നു കാണാം. 'ഉശനാ കവി' എന്നുതന്നെ പ്രയോഗിച്ചു കൊണ്ട് ഋഗ്വേദത്തിലൊരു മന്ത്രമുണ്ട്. ഋഗ്വേദത്തിലെ നാലാം മണ്ഡലത്തിലെ 26-ാം സൂക്തത്തിലേതാണീ മന്ത്രം. (ഈ സൂക്തത്തിലെ ചില മന്ത്രങ്ങൾ വിഭൂതിയോഗത്തിലെ ശ്ലോകങ്ങളോട് വളരെ സാദൃശ്യമുള്ളതാണ്. ഈ ഋഗ്വേദമന്ത്രങ്ങൾകൂടി ചേർത്തു വെച്ച് പഠിക്കേണ്ടതാണ്.)

*"അഹം മനുരഭവം സൂര്യശ്ചാഹം*
*കക്ഷീവാം ഋഷിരസ്മി വിപ്രഃ.*
*അഹം കുത്സമാർജുനേയം*
*ന്യൃഞ്ജേഽഹം കവിരുശനാ പശ്യതാ മാ."* (4.26.1)

മനു, സൂര്യൻ, കക്ഷീവാൻ, ഉശനാകവി (അഥവാ വക്രഗതിയോടുകൂടിയ ശുക്രൻ) തുടങ്ങിയ പദാർഥങ്ങൾ ഞാനാകുന്നു, "കവികളിൽ ഉശനാകവി ഞാനാകുന്നു" എന്ന ഗീതാവാക്യത്തെ ഈ ഋഗ്വേദമന്ത്രവുമായി ചേർത്ത് പഠിക്കണം. ഉശനാകവി ഒരു മനുഷ്യനല്ല. കാരണം മാനവചരിത്രം വേദങ്ങളിലില്ല. ശുക്രന്റെ പേരാണ് ഉശനാവ്. അത്യധികം വക്രിച്ചുകൊണ്ടാണ് ശുക്രന്റെ ഗതി. നക്ഷത്രങ്ങളുടെ ഈ ഗതിയെ വേദം കാവ്യമെന്നാണ് വിളിക്കുന്നത്.

**39. യച്ചാപി സർവഭൂതാനാം ബീജം തദഹമർജുന,**
**ന തദസ്തി വിനാ യത്സ്യാന്മയാ ഭൂതം ചരാചരമ്.**

**40. നാന്തോഽസ്തി മമ ദിവ്യാനാം വിഭൂതീനാം പരന്തപ**
**ഏഷ തൂദ്ദേശതഃ പ്രോക്തോ വിഭൂതേർവിസ്തരോ മയാ.**

*അർഥം: അല്ലയോ അർജുനാ, ഈ ജഗത്തിലെ സമസ്ത ഭൂതങ്ങളുടെയും ഉത്പത്തികാരണമായ ബീജവും ഞാൻതന്നെ. എന്റെ സാന്നിധ്യമില്ലാതെ ചരമോ അചരമോ ആയ ഒന്നുംതന്നെയില്ല. (39)*
*അല്ലയോ ശത്രുക്കൾക്ക് യാതന നൽകാൻ കഴിവുള്ള അർജുനാ, എന്റെ ദിവ്യമായ വിഭൂതികൾക്ക് അറ്റമില്ല. എന്റെ ദിവ്യവിഭൂതികളുടെ ഒരു അംശം മാത്രമേ പറഞ്ഞിട്ടുള്ളൂ. (40)*

ഭാഷ്യം: വാക്സൂക്തത്തിലെ അവസാനമന്ത്രത്തെ ഇവിടെ ഉദ്ധരിക്കാം. ഈ മന്ത്രത്തിന്റെ ആദ്യപാദമുപയോഗിച്ചാണ് 39-ാം ശ്ലോകത്തിന്റെ രചന നിർവഹിച്ചതെങ്കിൽ 40-ാം ശ്ലോകത്തിന്റെ രചനയ്ക്കായി ആശ്രയിച്ചത് രണ്ടാംപാദത്തെയാണ്. മന്ത്രം കാണൂ:

**അഹമേവ വാതഇവ പ്ര വാമ്യാരഭമാണാ ഭുവനാനി വിശ്വാ**
**പരോ ദിവ പര ഏനാ പൃഥിവ്യൈതാവതീ മഹിമ്നാ സം ബഭൂവ.**

(അഥർവവേദം 4.30.8)

അർഥം: ഞാൻ തന്നെയാണ് ഈ സമസ്ത ഭുവനങ്ങളുടെയും ഉത്പത്തിയ്ക്കു കാരണമായത്. ഞാൻ വായുവിനെപ്പോലെ വീശിക്കൊണ്ടേ ഇരിക്കുന്നു അഥവാ പ്രാണദായകനായ വായുവിനെപ്പോലെ എല്ലാറ്റിനെയും നിലനിർത്തുകയും ചെയ്യുന്നു. എന്റെ ദിവ്യത ഈ ഭൂമിയിലുള്ളതിനും അപ്പുറമാണ്. ദ്യുലോകത്തിനുമപ്പുറമാണത്. എന്റെ മഹിമ അത്രത്തോളമാണ്.

വിഭൂതിയോഗത്തിന്റെ ഉപസംഹാരമാണ് ഇനിയുള്ള രണ്ടു ശ്ലോകങ്ങളിൽ.

**41. യദ്യദ്വിഭൂതിമത് സത്ത്വം ശ്രീമദൂർജിതമേവ വാ**
**തത്തദേവാവഗച്ഛ ത്വം മമ തേജോംƒശസംഭവമ്.**

**42. അഥവാ ബഹുനൈതേന കിം ജ്ഞാതേന തവാർജുന**
**വിഷ്ടഭ്യാഹമിദം കൃത്സ്നമേകാംശേന സ്ഥിതോ ജഗത്.**

*അർഥം: വൈഭവം, ശോഭ, പ്രഭാവം എന്നിവയുള്ള ഏതെല്ലാം വസ്തുക്കളുണ്ടോ അവയെല്ലാം എന്റെ തേജസ്സിന്റെ അംശത്തിൽനിന്ന് ഉത്പന്നമായതാണെന്ന് അറിഞ്ഞാലും. (41) അഥവാ, അല്ലയോ അർജുനാ, ഇത്രയെല്ലാം വിശദമായി അറിഞ്ഞിട്ട് നിനക്ക് എന്ത് ലാഭം? എന്റെ യോഗശക്തിയുടെ ഒരംശംകൊണ്ട് മാത്രമാണ് ഈ വിശ്വത്തിലൊന്നാകെ ഞാൻ സ്ഥിതി ചെയ്യുന്നതെന്നറിഞ്ഞാലും. (42)*

ഭാഷ്യം: ഈ അധ്യായം ഉപസംഹരിക്കുന്നത് യഥാർഥത്തിൽ യജുർവേദത്തിലെ ഒരു മന്ത്രത്തെ വ്യാഖ്യാനിച്ചുകൊണ്ടാണ്. കാണുക:

**ഏതാവാനസ്യ മഹിമാƒതോ ജ്യായാങ്ശ്ച പൂരുഷഃ**
**പാദോƒസ്യ വിശ്വാഭൂതാനി ത്രിപാദസ്യാമൃതം ദിവി** (യജുർവേദം 31.3)

അർഥം: ഈ കാണുന്നതും കാണാത്തതുമായ പ്രപഞ്ചം മുഴുവൻ പുരുഷന്റെ മഹിമയെ ഉദ്ഘോഷിക്കുന്നു. അതിനാൽ പുരുഷൻ വലിയവനാകുന്നു. ഇക്കാണുന്ന ഭൂമി തുങ്ങിയ ചരാചരജഗത്ത് ഈശ്വരന്റെ കാൽഭാഗം മാത്രമാണ്. ബാക്കിയുള്ള മൂന്ന് ഭാഗങ്ങളാകട്ടെ ഈശ്വരന്റെ അമൃതാർന്ന പ്രകാശരൂപത്തിലാണുള്ളത്.

***ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു***
***ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ***
***ശ്രീകൃഷ്ണാർജുനസംവാദേ***
***വിഭൂതിയോഗോ നാമ***
***ദശമോƒധ്യായഃ***

**ഇങ്ങനെ പത്താം അധ്യായം സമാപിച്ചു.**



## അധ്യായം പതിനൊന്ന്

# വിശ്വരൂപദർശനയോഗം

## അഥ ഏകാദശോ*f*ധ്യായഃ

# വിശ്വരൂപദർശനയോഗം

**വി**ശ്വരൂപദർശനമെന്ന ആശയം ആദ്യമായി കടന്നുവരുന്നത് ഋഗ്വേദത്തിലെ **'ഇഹ ത്വഷ്ടാരമഗ്രിയം വിശ്വരൂപമുപ ഹ്വയേ'** (ഋഗ്വേദം 1.13.10) എന്ന വചനത്തിലാണ്. ഉത്തമനായ കരകൗശലപണിക്കാരൻ (ത്വഷ്ടാവ്) വിശ്വരൂപിയായ പരമേശ്വരനാണെന്നാണ് ഈ ഋഗ്വേദവചനത്തിന്റെ അർഥം. ഇതുകൂടാതെ വിശ്വരൂപമെന്ന കാഴ്ചപ്പാട് ഋഗ്വേദത്തിൽതന്നെ മറ്റൊരിടത്ത് വർണിക്കുന്നത് കാണുക:

**അഭീവൃതം കൃശനൈെർവിശ്വരൂപം**
**ഹിരണ്യശമ്യം യജതോ ബൃഹന്തമ്.** (ഋഗ്വേദം 1.35.4)

അർഥം: അനേകം ആകൃതികളിൽ വർണനീയനായതിനാൽ വിശ്വരൂപിയായ ആ ഭഗവാൻ സുവർണസമാനം തേജസ്വിയും മഹാനും യജനീയനുമാണ്.

ശ്രീകൃഷ്ണനും അർജുനനും തമ്മിൽ നടക്കുന്ന സംവാദത്തിനിടെ 'വിശ്വരൂപദർശനം' അർജുനന് ലഭിക്കുന്നു. ഈ വിശ്വരൂപദർശനം സാധാരണമായ ഒന്നല്ലെന്ന് കാട്ടുവാനാണ് മാംസചക്ഷുസ്സുകൊണ്ട് അർജുനന് ഇത് കാണുവാൻ കഴിയില്ലെന്ന് ഭഗവാൻ പറയുന്നത്. വിശ്വരൂപദർശനത്തിന്റെ അന്തഃസത്ത വേദത്തിലെ ഈ മന്ത്രമാണ്.

**യസ്തു സർവാണി ഭൂതാന്യാത്മന്നേവാനുപശ്യതി**
**സർവഭൂതേഷു ചാത്മാനം തതോ ന വിചികിത്സതി.** (യജുർവേദം 40.6)

അർഥം: എല്ലാ ഭൂതങ്ങളെയും പരമാത്മാവിലും പരമാത്മാവിനെ എല്ലാ ഭൂതങ്ങളിലും കാണുന്നവന് ഒരിക്കലും സംശയമുണ്ടാകുന്നില്ല. അഥവാ അവൻ മോക്ഷപ്രാപ്തിക്ക് യോഗ്യനാകുന്നു.

ഈ ദർശനമാണ് വിശ്വരൂപദർശനം. ഈ ആഖ്യാനരീതി വേദങ്ങളിൽ അങ്ങോളമിങ്ങോളം നമുക്ക് ദർശിക്കാം. '**അനേകവക്ത്രനയനം**' (ഗീത 11.10) തുടങ്ങിയവ '**സഹസ്രാക്ഷഃ സഹസ്രപാത്**' (ഋഗ്വേദം 10.90.1) എന്നിത്യാദി വേദഭാഷാശൈലിയുടെ അനുകരണം മാത്രമാണ്. മുണ്ഡകോപനിഷത്തിലും (2.1.4) അഥർവവേദത്തിലെ ഉച്ഛിഷ്ടസൂക്തത്തിലും (11.9)[1] യജുർവേദത്തിലെ രുദ്രസൂക്തത്തിലും (യജുർവേദം 16-ാം അധ്യായം) പ്രശ്നോപനിഷത്തിലും (1) തൈത്തിരീയോപനിഷത്തിലും (1.7) ഛാന്ദോഗ്യോപനിഷത്തിലും (3.12) ഈ വിശ്വരൂപദർശനം കാണുന്നുണ്ട്.

ധർമമേഘസമാധിയിൽനിന്ന് അസംപ്രജ്ഞാതസമാധിയിലേക്ക് ഉയരുന്ന സാധകന് പരമാത്മാവുമായി ഉണ്ടാകുന്ന താദാത്മ്യഭാവത്തിൽനിന്ന് സ്വയം ഭഗവാന്റെ അനന്തഗുണങ്ങളിൽ പരിലസിക്കുന്ന യോഗിയുടെ ഭാവമാണ് നാമിവിടെ കാണുന്നത്. ഇതേ അവസ്ഥ അഥർവവേദത്തിൽ (വാക്സൂക്തത്തിൽ) അഥർവാഋഷി (4.30) വിവരിക്കുന്നുണ്ട്. കേവലം എട്ടു മന്ത്രങ്ങളെ ഉൾക്കൊള്ളുന്ന ഈ സൂക്തം ഗീതയിലെ വിഭൂതിയോഗമെന്ന അധ്യായത്തോട് എത്രത്തോളമാണ് ബന്ധപ്പെട്ടു കിടക്കുന്നത് എന്നത് നാം നേരത്തെ കണ്ടതാണ്. അവിടെപ്പറഞ്ഞ ആ വിഭൂതികളെല്ലാംകൂടി ഒന്നിച്ചു വിശ്വരൂപം പ്രകടമാക്കുന്നത് എങ്ങനെയെന്നത് മനസ്സിലാക്കുവാൻവേണ്ടി സൂക്തത്തിലെ ആദ്യമൂന്നു മന്ത്രങ്ങളെ പൂർണമായും അർഥസഹിതം ഒന്നുകൂടി ഉദ്ധരിക്കുകയാണ്.

**അഹം രുദ്രേഭിർവസുഭിശ്ചരാമ്യഹമാദിത്യൈരുത വിശ്വദേവൈഃ**
**അഹം മിത്രാവരുണോഭാ ബിഭർമ്യഹമിന്ദ്രാഗ്നീ അഹമശ്വിനോഭാ.**

(അഥർവവേദം 4.30.1)

1. അഥർവവേദീയ ഉച്ഛിഷ്ടസൂക്തം അർഥസഹിതം ഗ്രന്ഥാവസാനം പരിശിഷ്ടമായി നൽകിയിട്ടുണ്ട്. (പരിശിഷ്ടം - രണ്ട്)

അർഥം: ഞാൻ രുദ്രന്മാരോടും വസുക്കളോടുമൊപ്പം സഞ്ചരിക്കുന്നു. ഞാൻതന്നെയാണ് ആദിത്യന്മാരോടൊത്തുമിരിക്കുന്നത്. സമസ്ത ദേവന്മാരോടൊപ്പം ഞാനുണ്ട്. ഏതെങ്കിലും ഉപാസകൻ എന്നെ നേടുകയാണെങ്കിൽ, ഈ ദേവന്മാരെക്കൂടി അവർക്ക് പ്രാപിക്കാനാകുന്നു. മാത്രമല്ല, ഈ ദേവന്മാരെ ലഭിക്കുന്നവർ എന്നെത്തന്നെ നേടുന്നു. ദേവന്മാരെ അഥവാ ദിവ്യഭാവങ്ങളെ നേടുന്നവൻ മഹാദേവനായിത്തീരുന്നു. ഞാൻതന്നെ മിത്രാവരുണന്മാരെയും ധരിക്കുന്നു. ഞാൻ ഇന്ദ്രനെയും അഗ്നിയെയും ധരിച്ചിരിക്കുന്നു. അശ്വനീദേവന്മാരെയും ധരിച്ചിരിക്കുന്നത് ഞാൻതന്നെ.

**അഹം രാഷ്ട്രീ സംഗമനീ വസൂനാം ചികിതുഷീ പ്രഥമാ യജ്ഞിയാനാമ്.**
**താം മാ ദേവാ വ്യദധുഃ പുരുത്രാ ഭൂരിസ്ഥാത്രാം ഭൂര്യാവേശയന്തഃ.**

(അഥർവവേദം 4.30.2)

അർഥം: ഞാൻതന്നെയാണ് വിശ്വരാഷ്ട്രത്തിന്റെ ശാസികയായ ഈശ്വരി. വസിക്കുന്നവർക്കെല്ലാം ധനം നൽകുന്നതും ഞാൻതന്നെ. ജ്ഞാനപുഞ്ജമാകയാൽ ഞാൻ ഉപാസ്യരിൽ പ്രഥമഗണനീയയാകുന്നു. ദേവവൃത്തിയിൽ ജീവിക്കുന്നവരെ പരിപാലിച്ച് പോറ്റുന്നതും ഞാൻതന്നെ. എന്നെ ധരിച്ചിരിക്കുന്നവരെ പരിപാലിച്ച് പോറ്റുന്നരൂപത്തിൽ ഞാനിരിക്കുന്നു. സർവജീവികളിലുമുള്ള ഈ സ്വഭാവം ഞാൻതന്നെയാണ് സന്നിവേശിപ്പിച്ചത്.

**അഹമേവ സ്വയമിദം വദാമി ജുഷ്ടം ദേവാനാമുത മനുഷാണാമ്.**
**യം കാമയേ തംതമുഗ്രം കൃണോമി തം ബ്രഹ്മാണം തമൃഷിം തം സുമേധാമ്.**

(അഥർവവേദം 10.30.3)

അർഥം: ഞാൻ സ്വയംതന്നെ ഈ ജ്ഞാനം വെളിപ്പെടുത്തുന്നു. ദേവതകളും വിചാരശീലരും പ്രീതിപൂർവം സേവിക്കുന്നതാണ് ആ ജ്ഞാനം. ആരെയാണോ ഞാൻ ആഗ്രഹിക്കുന്നത് അവർ എനിക്ക് പ്രിയപ്പെട്ടവരായിത്തീരുന്നു. അവരെ ഞാൻ തേജസ്വികളും ജ്ഞാനികളും തത്ത്വദ്രഷ്ടാക്കളും ഉത്തമമേധയുള്ളവരുമാക്കി മാറ്റുന്നു.

വേദങ്ങളിലെ ഈശ്വരീയമായ ഈ ഭാവാവേശശൈലിയാണ് ഗീതയുടെ ഈ അധ്യായം. നേരത്തെ മുകളിലെഴുതിയ മന്ത്രാർഥങ്ങളിൽ നമുക്ക് ആ വിശ്വരൂപദർശനം ലഭിക്കുന്നു. അതായത് കഴിഞ്ഞ അധ്യായത്തിൽ ഈശ്വരന്റെ വിഭൂതികൾ ഈ പ്രപഞ്ചത്തിൽ ഓരോന്നിലും പ്രകടമാകുന്നതിനെക്കുറിച്ച് വർണിക്കുകയായിരുന്നു. അവയെല്ലാംകൂടി സഹസ്രശീർഷനായി പ്രത്യക്ഷപ്പെടുന്നത് ചിത്രീകരിക്കുകയാണ് ഈ അധ്യായത്തിൽ.

ഭഗവാന്റെ അനന്തമായ വിഭൂതികളെക്കുറിച്ച് പറഞ്ഞതുകേട്ടപ്പോൾ ഭഗവാന്റെ ആ വിരാട് സ്വരൂപം കാണാൻ അർജുനന് താത്പര്യമുണ്ടായി.

**അർജുന ഉവാച:**

1. **മദനുഗ്രഹായ പരം ഗുഹ്യമധ്യാത്മസംജ്ഞിതമ്**
   **യത്ത്വയോക്തം വചസ്തേന മോഹോ/യം വിഗതോ മമ.**

*അർഥം: അർജുനൻ പറഞ്ഞു, എന്നെ അനുഗ്രഹിക്കാനായി, പരമലക്ഷ്യം വ്യക്തമായി പ്രകാശിപ്പിക്കുന്നതും രഹസ്യപൂർണവും ആധ്യാത്മികവുമായ എന്തൊക്കെ വാക്കുകളാണോ അങ്ങയാൽ പറയപ്പെട്ടത്, അതുകാരണം എന്റെ വ്യാമോഹം നഷ്ടമായിത്തീർന്നിരിക്കുന്നു.*

ഭാഷ്യം: **'അശോച്യാനന്വശോചസ്ത്വം'** (ഗീത 2.11) **'നൈനം ഛിന്ദന്തി ശസ്ത്രാണി'** (ഗീത 2.23) തുടങ്ങിയ ശ്ലോകങ്ങളിലൂടെ ആത്മാവിന്റെ നിത്യത വർണിച്ച് ബന്ധുജനങ്ങളുടെ മരണവുമായി ബന്ധപ്പെട്ട അർജുനന്റെ സംശയങ്ങൾ നീക്കി വിവേകബുദ്ധി പ്രദാനം ചെയ്യുകയായിരുന്നു ഭഗവാൻ.

2. **ഭവാപ്യയൗ ഹി ഭൂതാനാം ശ്രുതൗ വിസ്തരശോ മയാ**
   **ത്വത്തഃ കമലപത്രാക്ഷ മാഹാത്മ്യമപി ചാവ്യയമ്.**

3. **ഏവമേതദ് യഥാത്ഥ ത്വമാത്മാനം പരമേശ്വര**
   **ദ്രഷ്ടുമിച്ഛാമി തേ രൂപമൈശ്വരം പുരുഷോത്തമ.**

4. **മന്യസേ യദി തച്ഛക്യം മയാ ദ്രഷ്ടുമിതി പ്രഭോ**
**യോഗേശ്വര തതോ മേ ത്വം ദർശയാത്മാനമവ്യയമ്.**

*അർഥം: താമരക്കണ്ണാ, ചരാചരങ്ങളുടെ ഉത്പത്തിവിനാശങ്ങളെക്കുറിച്ച് വിസ്തരിച്ച് അങ്ങയിൽനിന്നും കേട്ടു. ഒരിക്കലും കോട്ടം തട്ടാത്ത അങ്ങയുടെ മാഹാത്മ്യവും കേട്ടു. (2)*
*ഹേ പരമേശ്വരാ, അങ്ങ് ആത്മാവിനെക്കുറിച്ച് എങ്ങനെയാണോ പറഞ്ഞത് അതേപോലെ ഈശ്വരനിരിക്കുന്ന ആ രൂപത്തെ ഹേ പുരുഷോത്തമാ, കാണാൻ ഞാൻ കൊതിക്കുന്നു. (3)*
*പ്രഭോ, അങ്ങയുടെ ആ ഐശ്വരരൂപം എനിക്ക് കാണാൻ കഴിയുമെന്ന് അങ്ങ് കരുതുന്നുവെങ്കിൽ, യോഗികളിൽവെച്ച് പരമയോഗിയായ അങ്ങ് ഇനി ആ നാശരഹിതമായ സ്വരൂപത്തെ എനിക്കൊന്ന് കാട്ടിത്തന്നാലും (4).*

ഭാഷ്യം: എട്ടാം അധ്യായത്തിൽ ചരാചരങ്ങളുടെ ഉത്പത്തിയെക്കുറിച്ചും പ്രളയത്തെക്കുറിച്ചുമൊക്കെ പറഞ്ഞുകഴിഞ്ഞു. **'യഃ സ സർവേഷു ഭൂതേഷു നശ്യത്സു ന വിനശ്യതി'** (ഗീത 8.20). **'ഏതാം വിഭൂതിം യോഗം ച മമ യോ വേത്തി തത്ത്വതഃ'** (ഗീത 10.7), **'അഹം സർവസ്യപ്രഭവോ മത്തഃ സര്വം പ്രവർതതേ'** (ഗീത 10.8) തുടങ്ങിയ ശ്ലോകങ്ങളിലൂടെ തന്റെ വിഭൂതിയോഗത്താൽ പരമാത്മഭാവത്തെ സ്വയം ഭഗവാൻ വെളിപ്പെടുത്തിക്കഴിഞ്ഞു. അപ്പോൾ യോഗേശ്വരനായ ശ്രീകൃഷ്ണൻ ആത്മതത്ത്വോപാസനയിലൂടെ വിഭൂതിയോഗത്തിൽ പറഞ്ഞത് തന്റെ ശ്രീകൃഷ്ണനെന്ന ബാഹ്യരൂപമല്ലെന്ന് അർജുനന് മനസ്സിലായി. അപ്പോൾ ഈശ്വരനിലിരിക്കുന്ന ശ്രീകൃഷ്ണഭാവം അഥവാ 'ഐശ്വര'രൂപമാണ് അർജുനൻ കാണാൻ ആഗ്രഹിക്കുന്നത്. അതിനാലാണ് മൂന്നാംശ്ലോകത്തിൽ 'പരമേശ്വര'നെന്നും പുരുഷോത്തമനെന്നും രണ്ട് സംബോധനകൾ വന്നത്. പരമേശ്വരനെന്ന് ഉദ്ദേശിച്ചത് ശ്രീകൃഷ്ണനാണെന്ന സന്ദേഹം അജ്ഞാനികളിൽ ഉദിച്ചേക്കാം. അതിനാലാണ് സർവപുരുഷരിലും വെച്ച് ഉത്തമനായ പുരുഷനെന്ന് ശ്രീകൃഷ്ണനെ പ്രത്യേകം

ഇവിടെ വിളിച്ചത്. അവ്യയനായ പരമേശ്വരനെ സാക്ഷാത്കരിക്കാൻ പര വൈരാഗ്യം തുടങ്ങിയവ വേണമെന്ന് അറിയുന്നതിനാലാണ് തനിക്ക് അത് കാണാനുള്ള അർഹതയുണ്ടെങ്കിൽ എന്ന ആശങ്ക അർജുനൻ പ്രക ടിപ്പിക്കുന്നത്.

**ശ്രീഭഗവാൻ ഉവാച:**

**5. പശ്യ മേ പാർഥ രൂപാണി ശതശോ/ഥ സഹസ്രശഃ**
**നാനാവിധാനി ദിവ്യാനി നാനാവർണാകൃതീനി ച.**

**6. പശ്യാദിത്യാൻ വസൂൻ രുദ്രാനശ്വിനൗ മരുതസ്തഥാ**
**ബഹൂന്യദൃഷ്ടപൂർവാണി പശ്യാശ്ചര്യാണി ഭാരത.**

**7. ഇഹൈകസ്ഥം ജഗത്കൃത്സ്നം പശ്യാദ്യ സചരാചരമ്**
**മമ ദേഹേ ഗുഡാകേശ, യച്ചാന്യദ്ദ്രഷ്ടുമിച്ഛസി.**

**8. ന തു മാം ശക്യസേ ദ്രഷ്ടുമനേനൈവ സ്വചക്ഷുഷാ**
**ദിവ്യം ദദാമി തേ ചക്ഷുഃ പശ്യ മേ യോഗമൈശ്വരമ്.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, പാർഥാ, അനേകവിധത്തിലും പല നിറത്തിലും ആകൃതിയിലുമുള്ള നൂറുകണക്കിനോ ആയി രക്കണക്കിനോ ആയ ദിവ്യമായ എന്റെ രൂപങ്ങളെ കണ്ടാലും. (5)*

*ഹേ ഭാരതാ, ആദിത്യന്മാരെയും വസുക്കളെയും രുദ്രന്മാ രെയും മരുത്തുക്കളെയും നീ കാണുക. അങ്ങനെ, മുൻപ് കാണാത്ത നാനാവിധങ്ങളായ അദ്ഭുതരൂപങ്ങളെയും നീ കണ്ടാലും. (6)*

*ചരാചരരൂപത്തിലുള്ള ഈ മുഴുവൻ പ്രപഞ്ചവും, വേറെ എന്തൊക്കെയാണോ നീ കാണാൻ കൊതിക്കുന്നത് അവ യെല്ലാം ഇവിടെ എന്റെ ഈ ദേഹത്തിൽ ഒരിടത്തുതന്നെ ഇപ്പോൾ കണ്ടാലും. (7)*

*എന്നാൽ നിന്റെ ചർമചക്ഷുസ്സുകൊണ്ട് എന്നെ നിനക്ക് കാണാൻ കഴിയില്ല. അതിനാൽ നിനക്ക് ദിവ്യമായ*

*കണ്ണിനെ തരാം. അതിലൂടെ നീ എന്റെ ഈശ്വരീയ-യോഗ-സാമർഥ്യം കണ്ടാലും. (8)*

ഭാഷ്യം: അർജുനന് ഈശ്വരരൂപം കാണണം. അതാകട്ടെ അവ്യയവുമാണ്. കോട്ടമോ കുറവോ തട്ടാത്തതാണ് അവ്യയം. അവ്യയമായ ഈശ്വരൻ ഒന്നേയുള്ളൂവെന്ന് ശ്രീകൃഷ്ണൻ നേരത്തെ പലതവണ പറഞ്ഞു കഴിഞ്ഞു. അർജുനന് കാണേണ്ടത് ഈ ഏകരൂപമാണ്. എന്നാൽ ശ്രീകൃഷ്ണൻ പറയുന്നത് ഈശ്വരന് നൂറോ ആയിരമോ രൂപഭാവങ്ങളുണ്ടെന്നാണ്. മാത്രമല്ല, നേരത്തെ അഥർവത്തിൽനിന്ന് ഉദ്ധരിച്ച മന്ത്രത്തിൽ പറഞ്ഞപോലെ ദ്വാദശആദിത്യന്മാരും, അഷ്ടവസുക്കളും ഏകാദശരുദ്രന്മാരും അശ്വിനീദേവതകളുമെല്ലാം തന്റെതന്നെ രൂപമാണെന്ന് ശ്രീകൃഷ്ണൻ പറയുന്നു. ഗീതയിലെ ഈ അധ്യായത്തിലെ ആറാം ശ്ലോകവും വാക്സൂക്തത്തിലെ ആദ്യമന്ത്രവും തമ്മിൽ ഒരു വ്യത്യാസവുമില്ല. ഭഗവാന്റെ ഈ വിവരണം കേട്ട അർജുനൻ അദ്ഭുതപരതന്ത്രനായി. ഈ ജഗത്തിൽ വൈവിധ്യങ്ങൾ അനേകമാണ്. ചിലതാകട്ടെ, പരസ്പരവിരുദ്ധവും. എന്നാൽ അവയെല്ലാം സ്ഥിതിചെയ്യുന്നതോ ഏകനായ പരമേശ്വരനിലും. ഇതാണ് ഭഗവാൻ ശ്രീകൃഷ്ണൻ ഇവിടെ പറയുന്നത്. തീയും വെള്ളവും പരസ്പരവിരുദ്ധഗുണങ്ങളോടുകൂടിയതാണ്. പക്ഷേ അവ ഈശ്വരനിലാണ് സ്ഥിതിചെയ്യുന്നത്. ജനനമരണങ്ങളും ശത്രുമിത്രങ്ങളുമെല്ലാം ഈശ്വരനിൽ സ്ഥിതിചെയ്യുന്നു.

യോഗസമാധിയിൽ ഇരിക്കുന്ന ശ്രീകൃഷ്ണൻ സ്വയം ഈശ്വരഭാവത്തിലേക്ക് ഉയർന്നു പറയുകയാണ് **'ഇഹ മമ ദേഹേ സചരാചരം കൃത്സ്നം ജഗത് ഏകസ്ഥം പശ്യ'** (7-ാം ശ്ലോകം) എന്ന്. 'എന്റെ (ഈശ്വരന്റെ) ദേഹത്തിൽ സ്ഥാവരജംഗമരൂപത്തിലുള്ള സകലജഗത്തും ഏകരൂപത്തിൽ സ്ഥിരമായിരിക്കുന്നു. ഇത് നീ കാണൂ'വെന്നർഥം. ചർമചക്ഷുസ്സുകൊണ്ട് നോക്കുമ്പോൾ വിഭിന്നത കാണുന്നു. എന്നാൽ യോഗസമാധി പ്രാപിക്കുന്നതിലൂടെ എല്ലാം ഒന്നുചേർന്ന് പരമേശ്വരന്റെ അഖണ്ഡരൂപം കാണാൻ കഴിയുന്നു. ഈ വിവിധതയും ഐക്യവും നാം ലൗകികജീവിതത്തിൽ ധാരാളം അനുഭവിക്കാറുണ്ട്. അനേകം ജാതി-മത-വർഗങ്ങളുള്ള ഭാരതത്തിന്റെ വൈജാത്യത്തിലും 'ഭാരതീയൻ' എന്ന

ഏകത്വം നാം ദർശിക്കുന്നു. അനേകം യന്ത്രഭാഗങ്ങളുള്ള ഒരു കാറിനെ ഒരു കാറായി നാം കാണുന്നതുപോലെ. ഇങ്ങനെ ശ്രീകൃഷ്ണൻ അർജുനന് ഈ വിശ്വരൂപദർശനം നൽകി.

## എന്താണീ ദിവ്യചക്ഷുസ്സ്?

ശ്രീകൃഷ്ണൻ അർജുനന് നൽകിയ ആ ദിവ്യചക്ഷുസ്സ് എന്താണ്? എല്ലാവരും ഇതിന് ദിവ്യാദ്ഭുതങ്ങളുടെ പരിപ്രേക്ഷ്യം നൽകാറാണ് പതിവ്. ഇതിന് ശാസ്ത്രത്തിൽ എന്തെങ്കിലും വിശദീകരണമുണ്ടോ? ഭഗവദ്ഗീതാകർത്താവായ അതേ വേദവ്യാസൻതന്നെയാണ് യോഗദർശനത്തിനും ഭാഷ്യം എഴുതിയത് എന്നു നേരത്തെ പറഞ്ഞുവല്ലോ. ആ വ്യാസഭാഷ്യത്തിലൂടെ നമുക്കൊന്നു സഞ്ചരിക്കാം.

യോഗമാർഗത്തിലേക്കു കടന്നുവന്ന ഏതൊരാൾക്കും അസംപ്രജ്ഞാതസമാധി കൈവരണമെങ്കിൽ നിശ്ചയമായും നേടേണ്ട അഞ്ചു കാര്യങ്ങളെക്കുറിച്ച് മഹർഷി പതഞ്ജലി യോഗദർശനത്തിൽ വിശദീകരിക്കുന്നുണ്ട്.

**ശ്രദ്ധാവീര്യസ്മൃതിസമാധിപ്രജ്ഞാപൂർവക ഇതരേഷാം.**

(യോഗദർശനം 1.20)

ശ്രദ്ധ, വീര്യം, സ്മൃതി, സമാധി, പ്രജ്ഞ എന്നിവയാണവ. ഇതിൽതന്നെ ശ്രദ്ധയാണ് ഏറ്റവും പ്രധാനപ്പെട്ടത്. ശ്രദ്ധയെക്കുറിച്ച് വ്യാസമഹർഷി പറയുന്നതു കാണുക:

**'ശ്രദ്ധാ ചേതസഃ സംപ്രസാദഃ. സാ ഹി ജനനീവ കല്യാണീ യോഗിനാം പാതി.'** (യോഗദർശനം 1.20 വ്യാസഭാഷ്യം)

അർഥം: ശ്രദ്ധ എന്നാൽ ചിത്തത്തിന്റെ അഭിരുചി അതായത്, തീവ്ര ഇച്ഛയാകുന്നു. അത് അമ്മയെപ്പോലെ കല്യാണകാരിണിയാകുന്നു.

ഇപ്രകാരം ശ്രദ്ധ ഉത്പന്നമാകുന്നതിനുള്ള ഉപായം മറ്റൊരു സൂത്രത്തിനു ഭാഷ്യമെഴുതുമ്പോൾ വ്യാസമഹർഷി സൂചിപ്പിക്കുന്നു. കാണുക:

**'തസ്മാത് ശാസ്ത്രാനുമാനാചാര്യോപദേശോ-പോദ്വലനാർഥമേവാവശ്യം കശ്ചിദർഥവിശേഷഃ പ്രത്യക്ഷീകർതവ്യഃ. തത്ര തദുപദിഷ്ടാര്ഥൈകദേശ പ്രത്യക്ഷത്വേ സതി സര്വം സുസൂക്ഷ്മവിഷയമപ്യാപവര്ഗാത് ശ്രദ്ധീയതേ.'**

(യോഗദർശനം 1.35 വ്യാസഭാഷ്യം)

അർഥം: 'ശാസ്ത്രം, അനുമാനം, ആചാര്യന്മാരുടെ ഉപദേശം എന്നിവയിലുള്ള ശ്രദ്ധ പുഷ്ടിപ്പെടാൻ (വിശ്വാസം ദൃഢപ്പെടാൻ) ഉപദിഷ്ട വിഷയങ്ങളിൽ ഏതെങ്കിലും ഒരു വിശിഷ്ട അംശത്തെ പ്രത്യക്ഷമാക്കേണ്ടതുണ്ട്. ഏതെങ്കിലും ഒരു വിഷയം പ്രത്യക്ഷമായാൽതന്നെയും അപവർഗപര്യന്തമുള്ള സമസ്തസൂക്ഷ്മവിഷയങ്ങളിലും ശ്രദ്ധ ഉത്പന്നമാകുന്നു.'

ഒൻപതാം അധ്യായത്തിൽ ശ്രീകൃഷ്ണൻ 'അതീവഗുഹ്യമായ രാജവിദ്യയിൽ ശ്രദ്ധയില്ലാത്തവൻ എന്നെ പ്രാപിക്കാതെ ജനനമരണചക്രത്തിൽ ഉഴലുന്നു' (ഗീത 9.3) എന്നു പറഞ്ഞത് ഓർക്കുക. ഈ ശ്രദ്ധ അർജുനനിൽ ഉത്പന്നമാക്കാനാണ് മുൻപു വിവരിച്ച വിഭൂതികളെയെല്ലാം ഒരുമിച്ചു വിശ്വരൂപമായി അർജുനന് പ്രത്യക്ഷമാക്കുന്നത്. യോഗദർശനം അനുസരിച്ച് വീതരാഗിയായ യോഗിയുടെ ചിത്തത്തെ ആലംബനം ചെയ്യുകയാണ് ചിത്തസ്ഥിരതയ്ക്കുള്ള ഒരു വഴി. അർജുനൻ ഇവിടെ ശ്രീകൃഷ്ണന്റെ ചിത്തത്തെയാണ് ആലംബനം ചെയ്തിരിക്കുന്നത്. അതിനാൽതന്നെ അവന് ദിവ്യചക്ഷുസ്സ് നൽകാൻ ശ്രീകൃഷ്ണനുമാത്രമേ കഴിയുകയുള്ളൂതാനും. എന്താണീ ദിവ്യചക്ഷുസ്സ് എന്നറിയാൻ 'സമാപത്തി'യെക്കുറിച്ചു വിശദീകരിക്കുന്ന പാതഞ്ജലയോഗദർശനഭാഗങ്ങളിലൂടെ കടന്നുപോകണം. സമാപത്തിയെക്കുറിച്ചു പതഞ്ജലിമുനി പറയുന്നതു കാണുക:

**ക്ഷീണവൃത്തേരഭിചാതസ്യേവ മണേർഗ്രഹീതൃഗ്രഹണഗ്രാഹ്യേഷു തത്സ്ഥതദഞ്ജനതാ സമാപത്തിഃ.** (യോഗദർശനം 1.41)

അതായത് ചിത്തവൃത്തികൾ ക്ഷീണിക്കുമ്പോൾ ചിത്തം സ്ഫടികമണിയെപ്പോലെ നിർമലമാകുന്നു. ആ ചിത്തം ഏതൊരു വസ്തുവി

ലാണോ സ്ഥിരമാക്കപ്പെടുന്നത് ആ വസ്തു അതിന്റെ യഥാർഥരൂപ ത്തിൽ ചിത്തത്തിൽ പ്രകടമാകുന്നു. ഇതാണ് സമാപത്തി.

ഈ പാതഞ്ജലസൂത്രത്തിന് വ്യാസമഹർഷി എഴുതിയ ഭാഷ്യ ത്തിലെ ഒരു വരി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**'തഥാ വിശ്വഭേദോപരക്തം വിശ്വഭേദസമാപന്നം വിശ്വരൂപാഭാസം ഭവതി.'**

(യോഗദർശനം 1.41 വ്യാസഭാഷ്യം)

അർഥം: ഇപ്രകാരം വിവിധ വിശ്വഭേദങ്ങളിൽ ഉപരഞ്ജിതമായിരി ക്കുന്ന ചിത്തം വിശ്വരൂപമായി ഭാസിതമാകുന്നു.

അതായത് ആ വിശ്വരൂപത്തെ കാണാനുള്ള ദിവ്യചക്ഷുസ്സ് യഥാർഥ ത്തിൽ 'സമാപന്ന ചിത്ത'മാണ് എന്ന് യോഗദർശനഭാഷ്യത്തിൽനിന്നും നമുക്കു മനസ്സിലാകും. ഈ യോഗദൃഷ്ടിയിലൂടെയാണ് അർജുനൻ വിശ്വരൂപത്തെ ദർശിച്ചത്.

സഞ്ജയൻ ഇക്കാര്യം ധൃതരാഷ്ട്രർക്ക് വിവരിക്കുകയാണിനി.

**സഞ്ജയ ഉവാച:**

9. **ഏവമുക്ത്വാ തതോ രാജൻ മഹായോഗേശ്വരോ ഹരിഃ**
**ദർശയാമാസ പാർഥായ പരമം രൂപമൈശ്വരമ്.**

10. **അനേകവക്ത്രനയനമനേകാദ്ഭുതദർശനമ്**
**അനേകദിവ്യാഭരണം ദിവ്യാനേകോദ്യതായുധമ്.**

11. **ദിവ്യമാല്യാംബരധരം ദിവ്യഗന്ധാനുലേപനമ്**
**സർവാശ്ചര്യമയം ദേവമനന്തം വിശ്വതോമുഖമ്.**

12. **ദിവി സൂര്യസഹസ്രസ്യ ഭവേദ്യുഗപദുത്ഥിതാ**
**യദി ഭാഃ സദൃശീ സാ സ്യാദ്ഭാസസ്തസ്യ മഹാത്മനഃ.**

13. **തത്രൈകസ്ഥം ജഗത്കൃത്സ്നം പ്രവിഭക്തമനേകധാ**
**അപശ്യദ്ദേവദേവസ്യ ശരീരേ പാണ്ഡവസ്തദാ.**

**14. തതഃ സ വിസ്മയാവിഷ്ടോ ഹൃഷ്ടരോമാ ധനഞ്ജയഃ**
**പ്രണമ്യ ശിരസാ ദേവം കൃതാഞ്ജലിരഭാഷത.**

*അർഥം: സഞ്ജയൻ പറഞ്ഞു, അല്ലയോ (ധൃതരാഷ്ട്ര)രാജാവേ, ഇങ്ങനെ പറഞ്ഞിട്ട് മഹായോഗേശ്വരനായ ഹരി പരമശ്രേഷ്ഠമായ ഈശ്വരീയരൂപത്തെ കാട്ടിക്കൊടുത്തു. (9)*

*അനേകം മുഖങ്ങളും കണ്ണുകളും അനേകം അദ്ഭുതകരമായ കാഴ്ചകളും അസംഖ്യം ദിവ്യായുധങ്ങളോടുംകൂടിയതായിരുന്നു ആ രൂപം. (10)*

*ദിവ്യങ്ങളായ മാലകളും വസ്ത്രങ്ങളും ദിവ്യഗന്ധങ്ങൾ പൂശിയിട്ടുള്ളതും സർവാശ്ചര്യമയവും പ്രകാശപൂർണവും അനന്തവും സർവത്ര മുഖങ്ങളുമുള്ള ആ ദിവ്യരൂപത്തെ ശ്രീകൃഷ്ണൻ അർജുനന് കാട്ടിക്കൊടുത്തു. (11)*

*ആകാശത്തിൽ ആയിരം സൂര്യന്മാർ ഒന്നിച്ച് ഒരേ സമയത്ത് ഉദിച്ചുയർന്നാൽ ഉണ്ടാവുന്ന പ്രഭയാണ് ആ വിശ്വരൂപത്തിന്. (12)*

*അനേകവിധത്തിൽ വിഭജിക്കപ്പെട്ട ഈ പ്രപഞ്ചത്തെയൊട്ടാകെ ആ ദേവാധിദേവന്റെ ശരീരത്തിൽ ഒരിടത്ത് അപ്പോൾ അർജുനൻ കാണുകയുണ്ടായി. (13)*

*പിന്നെ വിസ്മയഭരിതനായി, ആഹ്ലാദത്താൽ പുളകമണിഞ്ഞ് അർജുനൻ തലകുനിച്ച് ഭഗവാനെ വണങ്ങി, കൈകൂപ്പിക്കൊണ്ട് ഇങ്ങനെ പറഞ്ഞു. (14)*

ഭാഷ്യം: അർജുനന് വിശ്വരൂപദർശനത്തിന് മാംസചക്ഷുസ്സ് പോരെന്ന് പറഞ്ഞ ഭഗവാൻ അതിന് വിശേഷമായതും ദിവ്യവുമായ കണ്ണുകൾ നൽകുന്നുണ്ട്. എന്നാൽ ഈ വിശ്വരൂപം അർജുനൻ മാത്രമാണോ കണ്ടത്? അങ്ങനെയല്ലെന്ന് ഭഗവദ്ഗീത ശ്രദ്ധിച്ച് വായിച്ചാൽ മനസ്സിലാകും. സഞ്ജയൻ താൻ വിശ്വരൂപം കണ്ടതിനെ വർണിക്കുന്നത് നാം ഇപ്പോൾ കണ്ടതേയുള്ളൂ. യുദ്ധത്തെക്കുറിച്ച് ധൃതരാഷ്ട്രർക്ക് വിവരിച്ചുകൊടുക്കുന്നതിനായി, യുദ്ധത്തിനുമുൻപ് സഞ്ജയന് വ്യാസൻ ദിവ്യ

ദൃഷ്ടി നല്കിയതുകൊണ്ടാണ് വിശ്വരൂപദർശനം ലഭിച്ചതെന്ന വാദത്തിന് പ്രസക്തിയില്ല. കാരണം ഇത് യുദ്ധമല്ല, മറിച്ച് ഭഗവാന്റെ വിശ്വരൂപദർശനമാണ്. അത് ചുളുവിൽ ലഭിക്കാവുന്നതല്ലതന്നെ. മറിച്ച് കപിലമഹർഷിയുടെ 'സാംഖ്യദർശന'മാണ് ഈ പ്രത്യേകഭാഗം നിർവചിക്കുന്നതിന് വ്യാസന് പ്രേരണ നൽകിയത്. അവിടുത്തെ ചില സൂത്രങ്ങൾ കാണുക:

**രാജപുത്രവത് തത്ത്വോപദേശാത്** (സാംഖ്യദർശനം 4.1)

തത്ത്വോപദേശംകൊണ്ട്, അറിവില്ലാത്തവന് രാജാവിന്റെ പുത്രനെപ്പോലെ വിവേകജ്ഞാനം ഉണ്ടാകുന്നു. കാട്ടുജാതിക്കാരിൽ അകപ്പെട്ടുപോയ രാജകുമാരൻ വളർന്നശേഷം സത്യമറിഞ്ഞ് താൻ വേടപുത്രനാണെന്ന മിഥ്യാജ്ഞാനം കളഞ്ഞ് യഥാർഥജ്ഞാനം നേടുന്നതുപോലെ. മാത്രമല്ല,

**പിശാചവദന്യാർഥോപദേശേf പി** (സാംഖ്യദർശനം 4.2)

വേറൊരുത്തനുവേണ്ടിയുള്ള ഉപദേശം കേൾക്കുന്നതുകൊണ്ടും വിവേകജ്ഞാനം ഉണ്ടാകുന്നു. പിശാചിനെപ്പോലെ.

വിവേകജ്ഞാനം ഉണ്ടാകാൻ നേരിട്ടുള്ള ഉപദേശം വേണമെന്നില്ല. വേറെ ആരെയെങ്കിലും ഉപദേശിക്കുന്നത് കേട്ട്, അത് ആചരിച്ചാലും മതി. ഒരു ആചാര്യൻ തന്റെ ശിഷ്യനെ ഉപദേശിക്കുകയായിരുന്നു. അത് മറഞ്ഞുനിന്ന കേട്ട പിശാചും തദനുസൃതമായി ജീവിച്ച് വിവേകജ്ഞാനം നേടി. പിശാചെന്നാൽ മാംസാഹാരിയായ മനുഷ്യനെന്നർഥം.

ഇങ്ങനെ അന്യർക്കു നൽകുന്ന ഉപദേശം സ്വീകരിച്ചും ആത്മോന്നതി നേടാമെന്ന് കപിലമഹർഷിയുടെ സിദ്ധാന്തമാണ് സഞ്ജയൻ ഇവിടെ പ്രകടിപ്പിക്കുന്നത്. ഗീതയുടെ അവസാനം സഞ്ജയൻ ഗീതോപദേശം കേട്ടതിന്റെ മഹത്വവും അത് ഓർക്കുമ്പോഴുണ്ടാകുന്ന ഹർഷവും വിവരിക്കുന്നുണ്ട്. **'അദ്ഭുതം രോമഹർഷണം'** (ഗീത 18.74) **'സംസ്മൃത്യ സംസ്മൃത്യ സംവാദമിമമദ്ഭുതമ്'** (18.76) എന്നിങ്ങനെ സഞ്ജയനെക്കൊണ്ട് പറയിപ്പിച്ചതും ഈ സാംഖ്യവചനംതന്നെ.

ഇവിടെനിന്നും, വിവേകജ്ഞാനമുണ്ടാകുന്ന ഏതൊരാൾക്കും വിശ്വരൂപദർശനം സാധ്യമാണെന്നും മനസ്സിലാക്കാം. അതിനാൽതന്നെ യുദ്ധഭൂമയിൽവെച്ച് ഗീതോപദേശം ശ്രവിച്ച അനേകം വീരന്മാർക്ക് വിശ്വരൂപദർശനം സിദ്ധിച്ചിരിക്കാനും സാധ്യതയുണ്ട്.

വിശ്വരൂപവർണനകളിൽനിന്നും, വാസ്തവത്തിൽ വിശ്വരൂപമെന്ന വൈദികദർശനത്തിന്റെ അവതരണത്തിന് നിറവും മണവും കൊടുക്കുകയാണ് ഗീതാകാരൻ ഈ അധ്യായത്തിൽ ചെയ്തതെന്ന് മനസ്സിലാക്കണം. ഋഗ്വേദത്തിലും യജുർവേദത്തിലും പരമാത്മാവിന്റെ അനന്തഗുണങ്ങളെ കാണിക്കാനായി വർണിച്ചിട്ടുള്ള പുരുഷസൂക്തം തുടങ്ങിയവയുടെ സുഗന്ധമാണ് നാമിവിടെ കാണുന്നത്.

ദിവ്യമായ മാലകളും വസ്ത്രങ്ങളും ഗന്ധപൂരിതവുമൊക്കെയായി വർണാഭമായി ചിത്രീകരിക്കുന്നത് വാസ്തവത്തിൽ യോഗദർശനത്തിലെ കാഴ്ചപ്പാടിനെയാണ്.

**വിഷയവതീ വാ പ്രവൃത്തിരുത്പന്നാ**
**മനസഃ സ്ഥിതിനിബന്ധനീ.** (യോഗദർശനം 1.35)

അർഥം: മനസ്സിന്റെ ഏകാഗ്രത നേടാൻ ദിവ്യരൂപം, ദിവ്യരസം തുടങ്ങിയ വിഷയങ്ങളുടെ അഭ്യാസത്തിലൂടെ ക്രമേണ മനസ്സിനെ ഏകാഗ്രമാക്കാം.

ഈ സൂത്രത്തിന് ഭാഷ്യമെഴുതിയ, ഗീതാകർത്താവായ വ്യാസൻ പറഞ്ഞതുകൂടി കേട്ടുകൊൾക: 'നാസികയുടെ അഗ്രഭാഗത്ത് മനസ്സിനെ ധാരണ ചെയ്യുന്ന യോഗസാധകന് ദിവ്യഗന്ധാനുഭൂതിയുണ്ടാകുന്നു.' അതേപോലെ **'ഭാഃ സദൃശീ'** (11.12) എന്നതിലെ 'ഭാഃ'ശബ്ദം ഋഗ്വേദത്തിൽനിന്നുമാണ് വ്യാസൻ കടംകൊണ്ടത്.[1] യാസ്കൻ നിരുക്തത്തിൽ 'ഭരത ആദിത്യഃ' (8/14) എന്ന് അർഥം പറഞ്ഞിട്ടുണ്ട്. യോഗിയുടെ ഉള്ളിൽ ആയിരം സൂര്യന്മാരുടെ പ്രകാശം ഉണ്ടാകുന്നുവെന്ന സങ്കല്പവും പുതുതായി ഉണ്ടായതല്ല. യോഗി വേണ്ടപോലെ അഭ്യാസം ചെയ്യുകയാണെ

1. ഋഗ്വേദം 10.110.8

ങ്കിൽ ആദ്യമാദ്യമുണ്ടാകുന്ന അനുഭവങ്ങളെക്കുറിച്ച് ശ്വേതാശ്വതരോപ നിഷത്ത് പറഞ്ഞത് ഇവിടെ അനുവാചകർ കൂട്ടിവായിക്കേണ്ടതാണ്.

**നീഹാരധൂമാർകാനിലാനലാനാം**
**ഖദ്യോതവിദ്യുത്സ്ഫടികശശീനാമ്.**
**ഏതാനി രൂപാണി പുരഃസരാണി**
**ബ്രഹ്മണ്യഭിവ്യക്തികരാണി യോഗേ** (ശ്വേതാശ്വതരോപനിഷത്ത് 2.11)

അർഥം: യോഗം ആരംഭിക്കുമ്പോൾ മഞ്ഞുകഷ്ണങ്ങൾ, പുക, സൂര്യൻ, കാറ്റ്, അഗ്നി, അഗ്നിശലാകകൾ, മിന്നൽ, സ്ഫടികം, ചന്ദ്രൻ എന്നിവയും ഒടുവിൽ ആയിരം സൂര്യന്മാർ ഒന്നിച്ച് ഉദിച്ചുയർന്നപോലുള്ള ബ്രഹ്മദർശനവും ഉണ്ടാകുന്നു. ഈ ശാസ്ത്രവീക്ഷണം യോഗ ദർശനത്തിനും ഹിതകരംതന്നെ. കാണുക.

**വിശോകാ വാ ജ്യോതിഷ്മതീ.** (യോഗദർശനം 1.36)

അർഥം: വിശോകവും പ്രകാശസ്വരൂപവുമായ അനുഭൂതിയുണ്ടായിട്ട് മനസ്സ് ഏകാഗ്രമായിത്തീരുന്നു.

**'സൂര്യമഗന്മ ജ്യോതിരുത്തമമ്'** (യജുർവേദം 35.14)

അർഥം: സൂര്യനെപ്പോലെ പ്രകാശിക്കുന്ന ഉത്തമജ്യോതിയായ പരമാത്മാവിനെ പ്രാപിക്കുന്നു.

**'ദൃശേ വിശ്വായ സൂര്യമ്.'** (യജുർവേദം 33.31)

അർഥം: വിശ്വദർശനത്തിന് ഉതകുന്ന സൂര്യതേജസ്സ്.

**'ജഗതഃ തസ്ഥുഷഃ ച ആത്മാ സൂര്യഃ.'** (യജുർവേദം 7.42)

അർഥം: സ്ഥാവരജംഗമങ്ങളുടെ ആത്മാവായ പ്രകാശമയനാണ് ആ ഭഗവാൻ.

എന്നിങ്ങനെ അനേകം ഇടങ്ങളിൽ ആത്മാവിനെ സൂര്യതുല്യമായി ഉപമിച്ചതാണ് ഇവിടെ ഗീതാകാരനും സ്വീകരിച്ചത്.

**അർജുന ഉവാച:**

**15. പശ്യാമി ദേവാംസ്തവ ദേവ ദേഹേ**
**സർവാംസ്തഥാ ഭൂതവിശേഷസങ്ഘാൻ**
**ബ്രഹ്മാണമീശം കമലാസനസ്ഥമൃഷീംശ്ച**
**സർവാനുരഗാംശ്ച ദിവ്യാൻ.**

**16. അനേകബാഹൂദരവക്ത്രനേത്രം**
**പശ്യാമി ത്വാം സർവതോ/നന്തരൂപമ്**
**നാന്തം ന മധ്യം ന പുനസ്തവാദിം**
**പശ്യാമി വിശ്വേശ്വര വിശ്വരൂപ.**

**17. കിരീടിനം ഗദിനം ചക്രിണം ച**
**തേജോരാശിം സർവതോ ദീപ്തിമന്തമ്**
**പശ്യാമി ത്വാം ദുർനിരീക്ഷ്യം സമന്താദ്**
**ദീപ്താനലാർകദ്യുതിമപ്രമേയമ്.**

**18. ത്വമക്ഷരം പരമം വേദിതവ്യമ്**
**ത്വമസ്യ വിശ്വസ്യ പരം നിധാനമ്**
**ത്വമവ്യയഃ ശാശ്വതധർമഗോപ്താ**
**സനാതനസ്ത്വം പുരുഷോ മതോ മേ.**

*അർഥം: അർജുനൻ പറഞ്ഞു, അല്ലയോ ദേവാ, അങ്ങയുടെ ദേഹത്തിൽ ദേവന്മാരെയും കൂട്ടംകൂട്ടമായുള്ള മറ്റെല്ലാ ഭൂതവിശേഷങ്ങളെയും (ഭൂമി, അഗ്നി തുടങ്ങിവയെയും) ദിവ്യന്മാരായ ഋഷികളെയും സർപ്പങ്ങളെയും അതേപോലെ പ്രകൃതിരൂപമായ താമരയിൽ ഇരിക്കുന്ന ബ്രഹ്മത്തെയും ഞാൻ ദർശിക്കുന്നു. (15)*

*അസംഖ്യം കൈകളും ഉദരങ്ങളും മുഖങ്ങളും കണ്ണുകളുമുള്ള അറ്റമില്ലാത്ത രൂപങ്ങളോടുകൂടിയവനായി അങ്ങയെ ഞാൻ സർവത്ര കാണുന്നു. വിശ്വേശ്വരനും വിശ്വത്തിന്റെ രൂപം ധരിച്ചവനുമായ പരമാത്മൻ, അങ്ങയുടെ ആദിയോ മധ്യമോ അന്തമോ ഞാൻ കാണുന്നില്ല. (16)*

*കിരീടം, ഗദ, ചക്രം എന്നിവ ധരിച്ചുകൊണ്ട്, പ്രകാശപൂർണ മായ തേജസ്സിനെ എങ്ങും പ്രദർശിപ്പിച്ചുകൊണ്ട്, നോക്കാ നാകാത്തവണ്ണം ജ്വലിക്കുന്ന അഗ്നിയുടെയും സൂര്യ ന്റെയും പ്രഭയുള്ളവനും പ്രത്യക്ഷാദി പ്രമാണങ്ങൾ കൊണ്ട് അഥവാ ഭൗതികമായ ഇന്ദ്രിയങ്ങൾകൊണ്ട് അള ക്കാൻ കഴിയാത്ത അങ്ങയെ ഞാൻ സർവത്ര കാണുന്നു. (17)*

*അങ്ങാണ് അറിയപ്പെടേണ്ട പരമമായ അക്ഷരം (നശിക്കാ ത്തത്). ഈ വിശ്വത്തിന്റെ പരമാശ്രയവും അങ്ങുതന്നെ. നാശരഹിതനും ശാശ്വതധർമത്തിന്റെ രക്ഷകനും അങ്ങു തന്നെയാകുന്നു. അങ്ങുതന്നെയാണ് സനാതനപുരുഷനെ ന്നാണ് എന്റെ അഭിപ്രായം. (18)*

ഭാഷ്യം: **'കമലാസനസ്ഥം'** എന്ന പ്രയോഗം ശ്രദ്ധിക്കേണ്ടതാണ്. കമ ലത്തെ അഥർവവേദം ഗർഭദ്വാരമായിട്ടാണ് വർണിച്ചിട്ടുള്ളത്. ഗർഭദ്വാര മെന്നാൽ ജഡപ്രകൃതി എന്നർഥം. അതിന്മേൽ ഇരിക്കുന്നവനാണ് ജഗത്രചയിതാവായ ബ്രഹ്മം. **'അനേകബാഹൂദരവക്ത്രനേത്രം'** എന്ന് തുടങ്ങുന്ന ശ്ലോകം (11.16) ഋഗ്വേദത്തിലെ പുരുഷവർണനയുടെ ഛായ യിൽനിന്ന് വ്യാസൻ ചമത്കാരത്തോടെ പുനരാവർത്തിച്ചതാണ്.

**സഹസ്രശീർഷാ പുരുഷഃ സഹസ്രാക്ഷഃ സഹസ്രപാത്**
**സ ഭൂമിം വിശ്വാതോ വൃത്വാ$f$ത്യതിഷ്ഠദ്ദശാങ്ഗുലമ്. (1)**

**പുരുഷ ഏവേദം സര്വം യദ്ഭൂതം യച്ച ഭവ്യമ്. (2)**

**ബ്രാഹ്മണോ$f$സ്യ മുഖമാസീദ് ബാഹൂ രാജന്യഃ കൃതഃ**
**ഊരൂ തദസ്യ യദ്വൈശ്യഃ പദ്ഭ്യാം ശൂദ്രോ അജായത. (12)**

(ഋഗ്വേദം 10.90)

അർഥം: ആയിരം ശിരസ്സുകളും ആയിരം നേത്രങ്ങളും ആയിരം പാദങ്ങളുമുള്ള ഏകപുരുഷനുണ്ട്. അവൻ ഈ ഭൂമിയിൽ വ്യാപിച്ച് അതിനെ രക്ഷിക്കുന്നു. കഴിഞ്ഞ കാലത്തുണ്ടായിരുന്നതും വരാൻ

പോകുന്ന കാലത്തുള്ളതും വർത്തമാനകാലത്തിലുള്ളതുമായ എല്ലാം അവൻതന്നെയാകുന്നു. ആ നാരായണപുരുഷന്റെ മുഖം ബ്രാഹ്മണനും ബാഹുക്കൾ ക്ഷത്രിയനും ഊരുക്കൾ വൈശ്യനും പാദങ്ങൾ ശൂദ്രനുമാകുന്നു.

അങ്ങനെയുള്ള ആ പ്രഭുവിനെ അർജ്ജുനൻ വിളിക്കുകയാണ്, '**അനന്തരൂപം, വിശ്വേശ്വര വിശ്വരൂപ**' (ഗീത 11.16) എന്നിങ്ങനെ.

തുടർന്നും ഋഗ്വേദം പറയുന്നത് കേൾക്കുക:

**ചന്ദ്രമാ മനസോ ജാതശ്ചക്ഷോഃ സൂര്യോ അജായത.**
**മുഖാദിന്ദ്രശ്ചാഗ്നിശ്ച പ്രാണാദ്വായുരജായത. (13)**

**നാഭ്യാ ആസീദന്തരിക്ഷങ് ശീർഷ്ണോ ദ്യൗഃ സമവർത്തത**
**പദ്ഭ്യാം ഭൂമിർദിശഃ ശ്രോത്രാത്തഥാ ലോകാങ് അകല്പയത്. (14)**

(ഋഗ്വേദം 10.90)

അർഥം: ചന്ദ്രൻ മനസ്സിന്റെ സ്ഥാനത്തും സൂര്യൻ നേത്രസ്ഥാനത്തും അഗ്നിയും ഇന്ദ്രനും മുഖസ്ഥാനത്തും, വായു പ്രാണസ്ഥാനത്തുമിരിക്കുന്നു. നാഭി അന്തരീക്ഷവും ദ്യുലോകം ശിരസ്സും പാദങ്ങളുടെ സ്ഥാനത്ത് ഭൂമിയും ചെവി ദിശകളുമാകുന്നു.

ഇത്തരമൊരു വിശ്വരൂപത്തിന്റെ ആദിയോ മധ്യമോ അന്തമോ കാണാൻ സാധിക്കുന്നില്ലെന്ന് അർജ്ജുനൻ പറഞ്ഞതിൽ ആശ്ചര്യപ്പെടാൻ ഒന്നുമില്ല. 17-ാം ശ്ലോകത്തിലെ കിരീടം, ഗദ, ചക്രം എന്നീ പ്രയോഗങ്ങൾ തൊട്ടു മുൻപറഞ്ഞ ശ്ലോകത്തിന്റെ ബാക്കിയായിട്ടുവേണം കാണാൻ. ഇവിടെ ശ്രീകൃഷ്ണന്റെ മാത്രം ആയുധങ്ങളല്ല അവ. വിശ്വരൂപനായിരിക്കുന്ന ഭഗവാനെന്ത് ഗദയും ചക്രവും? അതല്ല, മറിച്ച് ഈ ഭൂമിയിൽ എത്ര കിരീടധാരികളും, ഗദാധാരികളും, ചക്രധാരികളുമുണ്ടോ അവരെയെല്ലാം ഒരുമിച്ച് ചേർത്ത് അവയിലിരിക്കുന്ന അനന്തരൂപനാണ് ഭഗവാനെന്ന ആലങ്കാരികവർണനയാണിവിടെ കാണുന്നത്.

പരമമായ ഓങ്കാരസ്വരൂപനുംകൂടിയാണ് അക്ഷരബ്രഹ്മം. അക്ഷരമെന്ന പ്രയോഗം ദ്വയാർഥത്തിലാണ്. മാണ്ഡൂക്യോപനിഷത്ത് പറയുംപോലെ.

**ഓമിത്യേതദക്ഷരമിദം സര്വം.....**
**ഭൂതം ഭവദ്ഭവിഷ്യദിതി സര്വമോങ്കാര ഏവ**
**യച്ചാന്യത്ത്രികാലാതീതം തദപ്യോങ്കാര ഏവ**
**സര്വം ഹ്യേതദ് ബ്രഹ്മ അയമാത്മാ ബ്രഹ്മ**

(മാണ്ഡൂക്യോപനിഷത്ത് 1, 2)

അർഥം: 'ഓങ്കാരത്തിൽനിന്ന് ആത്മാവ് അഥവാ ബ്രഹ്മത്തിന്റെ ബോധമുണ്ടാകുന്നു. ഈ ബ്രഹ്മംതന്നെയാണ് എല്ലാം. ഭൂതം, ഭവിഷ്യം, വർത്തമാനം എന്നീ കാലങ്ങളിലും ത്രികാലങ്ങൾക്ക് ഉപരിയായി വർത്തിക്കുന്നതും ബ്രഹ്മംതന്നെ. നിശ്ചയമായും അതെല്ലാം ബ്രഹ്മംതന്നെ. ഈ ആത്മാവ് ബ്രഹ്മമാണ്.' അതിനാലാണ് 'അക്ഷര'മെന്ന പദം ഇവിടെ ഉപയോഗിച്ചത്.

ഗീതാശ്ലോകത്തിലെ മറ്റൊരു പദം **'ശാശ്വതധർമഗോപ്താ'** (11.18) എന്നതാണ്. പരമേശ്വരൻ രക്ഷിക്കുന്ന ധർമമാണിത്. എന്താണ് ശാശ്വതധർമം? 'അറിയുക' എന്നത് മനുഷ്യന്റെ കർത്തവ്യമാണ്. ഇതാണ് മനുഷ്യന്റെ സഹജധർമം. സഹജധർമം എന്നാൽ സ്വഭാവധർമം. മനുഷ്യന്റെ പ്രകൃതി സത്ത്വരജസ്തമോഗുണങ്ങളാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഇത് മാറ്റാവുന്നതല്ല. അതിനാൽ ഇതിനെ സ്വഭാവധർമമെന്ന് പറയുന്നു. ഇത് പ്രകൃതിയുടെ ധർമമാകയാൽ ശാശ്വതധർമമെന്ന് വിളിക്കുന്നു. ഈ ശാശ്വതധർമത്തിനെ രക്ഷിക്കാൻ പരമേശ്വരനല്ലാതെ മറ്റാർക്കും കഴിയില്ല. മനുഷ്യനല്ല ഈ ശാശ്വതധർമത്തെ ഉണ്ടാക്കിയത്. പ്രകൃതിധർമം മനുഷ്യനിർമിതമല്ല.

19. **അനാദിമധ്യാന്തമനന്തവീര്യ-**
**മനന്തബാഹും ശശിസൂര്യനേത്രമ്**
**പശ്യാമി ത്വാം ദീപ്തഹുതാശവക്ത്രം**
**സ്വതേജസാ വിശ്വമിദം തപന്തമ്.**

20. **ദ്യാവാപൃഥിവ്യോരിദമന്തരം ഹി**
**വ്യാപ്തം ത്വയൈകേന ദിശശ്ച സർവാഃ.**
**ദൃഷ്ട്വാദ്ഭുതം രൂപമുഗ്രം തവേദം**
**ലോകത്രയം പ്രവ്യഥിതം മഹാത്മൻ.**

21. **അമീ ഹി ത്വാം സുരസങ്ഘാ വിശന്തി**
**കേചിദ്ഭീതാഃ പ്രാഞ്ജലയോ ഗൃണന്തി**
**സ്വസ്തീത്യുക്ത്വാ മഹർഷിസിദ്ധസങ്ഘാഃ**
**സ്തുവന്തി ത്വാം സ്തുതിഭിഃ പുഷ്കലാഭിഃ.**

22. **രുദ്രാദിത്യാ വസവോ യേ ച സാധ്യാ**
**വിശ്വേƒശ്വിനൗ മരുതശ്ചോഷ്മപാശ്ച**
**ഗന്ധർവയക്ഷാസുരസിദ്ധസങ്ഘാ**
**വീക്ഷന്തേ ത്വാം വിസ്മിതാശ്ചൈവ സർവേ.**

*അർഥം: ആദിയും മധ്യവും അന്തവുമില്ലാത്തനും അതിരറ്റ പ്രഭാവത്തോടുകൂടിയവനും അനേകം കൈകളോടുകൂടിയവനും ചന്ദ്രൻ, സൂര്യൻ എന്നിവ കണ്ണുകളായിട്ടുള്ളവനും ജ്വലിക്കുന്ന അഗ്നി മുഖമായിരിക്കുന്നവനും തന്റെ തേജസ്സു കൊണ്ട് ഈ ജഗത്തിനെ തപിപ്പിക്കുന്നവനുമായ അങ്ങയെ ഞാൻ കാണുന്നു. (19)*

*ദ്യൗ(ആകാശ)ലോകത്തിനും ഭൂമിക്കും ഇടയ്ക്കുള്ള ഭാഗം മുഴുവനായും അങ്ങൊരുവനാൽ നിറയ്ക്കപ്പെട്ടിരിക്കുന്നു. സർവദിക്കുകളിലും അങ്ങ് നിറഞ്ഞുനിൽക്കുന്നു. അങ്ങയുടെ അദ്ഭുതകരവും ഉഗ്രവുമായ രൂപം കണ്ടിട്ട് മൂന്ന് ലോകങ്ങളും ഭയന്നു വിറയ്ക്കുന്നു. (20)*

*ഇതാ ഈ ദേവതാസംഘങ്ങൾ അങ്ങിലേക്ക് പ്രവേശിക്കുന്നു. ചിലർ ഭയംകൊണ്ട് വിറച്ച് കൈകൂപ്പി അങ്ങയെ സ്തുതിക്കുന്നു. മഹർഷിമാരും സിദ്ധന്മാരുമടങ്ങുന്ന സംഘം അങ്ങയെ അർഥപൂർണങ്ങളും ഭക്തിനിർഭരവുമായ വേദമന്ത്രങ്ങളാൽ സ്തുതിക്കുന്നു. (21)*

*ഏകാദശരുദ്രന്മാരും ദ്വാദശ ആദിത്യന്മാരും അഷ്ടവസുക്കളും സാധ്യന്മാരും വിശ്വദേവന്മാരും അശ്വിനീദേവതകളും മരുത്തുക്കളും പിതൃക്കളും ഗന്ധർവന്മാർ, യക്ഷർ, അസുരർ, സിദ്ധപുരുഷന്മാർ എന്നിവരുടെ സംഘങ്ങളും വിസ്മയത്തോടെ അങ്ങയെ നോക്കിനിൽക്കുന്നു. (22)*

ഭാഷ്യം: മുകളിലുദ്ധരിച്ച ശ്ലോകങ്ങളെല്ലാം വേദതത്ത്വങ്ങൾതന്നെയാണ്. ഉദാത്തമായ ബ്രഹ്മദർശനത്തെ വിവിധ ഋഷികൾ വർണിച്ചിരിക്കുന്നതിന്റെ സാരംതന്നെ നമുക്ക് ഇവിടെ കാണാം. അവയെല്ലാം നേരത്തെ എഴുതിയിട്ടുണ്ടുതാനും. ആവർത്തനവിരസതയും വ്യഥാസ്ഥൂലതയും വൈദികശൈലിയല്ല, മാത്രവുമല്ല ഇത്രയും വായിച്ചതിൽനിന്ന് ഈ ഗീതാധ്യായത്തിന് വേദമന്ത്രങ്ങളോടുള്ള കടപ്പാട് ബുദ്ധിമാന്മാർക്ക് മനസ്സിലായിട്ടുമുണ്ടാകും.

അഥർവത്തിലെ '**അഹം രുദ്രേഭിർവസുഭിശ്ചരാമ്യഹമാദിത്യൈരുത വിശ്വദേവൈഃ**' (40.30.1) തുടങ്ങിയ മന്ത്രങ്ങൾ നേരത്തെ ഉദ്ധരിച്ചത് ഓർക്കുക.

മറ്റൊരു മന്ത്രം കാണൂ:

**തദേവാഗ്നിസ്തദാദിത്യസ്തദ്വായുസ്തദു ചന്ദ്രമാഃ.**
**തദേവ ശുക്രം തദ് ബ്രഹ്മ താഽആപഃ സ പ്രജാപതിഃ.** (യജുർവേദം 32.1)

അർഥം: 'ആ ഒന്നുതന്നെയാണ് അഗ്നിയും ആദിത്യനും വായുവും ചന്ദ്രനും ശുക്രനും ബ്രഹ്മവും ജലവും പ്രജാപതിയുമൊക്കെ ആയിത്തീർന്നത്.' ഇരുപതാംശ്ലോകം മുതൽ ഈശ്വരന്റെ രൗദ്രഭാവത്തെയാണ് അർജുനൻ കാണുന്നതും വർണിക്കുന്നതും. യജുർവേദത്തിൽ രുദ്രന്റെ വിശ്വരൂപം വർണിക്കുന്നുണ്ട്. അതിലെ ഒരു മന്ത്രം ഉദാഹരണമായി ഉദ്ധരിക്കാം.

**നമോഽസ്തു രുദ്രേഭ്യോ യേഽന്തരിക്ഷേ**
**യേഷാം വാതഽഇഷവഃ തേഭ്യോ ദശ പ്രാചീർദശ**
**ദക്ഷിണാ ദശ പ്രതീചീർദശോദീചീർദശോർധ്വാഃ.**
**തേഭ്യോ നമോഽസ്തു തേ നോഽവന്തു**
**തേ നോ മൃഡയന്തു തേ യം ദിഷ്മോ യശ്ച നോ**
**ദ്വേഷ്ടി തമേഷാം ജംഭേ ദധ്മഃ.** (യജുർവേദം 16.65)

അർഥം: അന്തരീക്ഷത്തിൽ വിചരിച്ചുകൊണ്ട് വായുവിനെ ബാണമാക്കിയിരിക്കുന്ന രുദ്രനു നമസ്കാരം. പൂർവ, ദക്ഷിണ, ഉത്തര, പശ്ചിമ

ദിശകളിൽ പത്തു പ്രകാരത്തിലും ഊർധ്വദശയിലും വ്യാപിച്ചിരിക്കുന്ന രുദ്രന് നമസ്കാരം. ആ രുദ്രൻ ഞങ്ങളെ രക്ഷിക്കട്ടെ. ദ്വേഷിക്കുന്നവ രെയും ദ്വേഷിക്കപ്പെടേണ്ടവരെയും ആ രുദ്രൻ സംഹരിക്കട്ടെ.

**23. രൂപം മഹത്തേ ബഹുവക്ത്രനേത്രമ്**
**മഹാബാഹോ ബഹുബാഹൂരുപാദമ്**
**ബഹൂദരം ബഹുദംഷ്ട്രാകരാലമ്**
**ദൃഷ്ട്വാ ലോകാഃ പ്രവ്യഥിതാസ്തഥാഹമ്.**

**24. നഭഃസ്പൃശം ദീപ്തമനേകവർണമ്**
**വ്യാത്താനനം ദീപ്തവിശാലനേത്രമ്**
**ദൃഷ്ട്വാ ഹി ത്വാം പ്രവ്യഥിതാന്തരാത്മാ**
**ധൃതിം ന വിന്ദാമി ശമം ച വിഷ്ണോ.**

**25. ദംഷ്ട്രാകരാലാനി ച തേ മുഖാനി**
**ദൃഷ്ട്വൈവ കാലാനലസന്നിഭാനി**
**ദിശോ ന ജാനേ ന ലഭേ ച ശർമ**
**പ്രസീദ ദേവേശ ജഗന്നിവാസ.**

*അർഥം: മഹാബാഹോ! അസംഖ്യം മുഖങ്ങളും കണ്ണുകളും അസം ഖ്യം കൈകളും ഊരുക്കളും പാദങ്ങളും അനേകം ഉദര ങ്ങളും അസംഖ്യം ദംഷ്ട്രങ്ങളും ഉള്ള ഭയാനകമായ അങ്ങ യുടെ ഈ മഹത്‌രൂപം കണ്ടിട്ട് ലോകങ്ങൾ ഭീതിപൂണ്ടിരി ക്കുന്നു. ഞാനും പരിഭ്രാന്തനായിരിക്കുന്നു. (23)*

*സർവവ്യാപകനും നിരാകാരനുമായ പരമേശ്വരാ, അങ്ങ യുടെ രൂപം ആകാശംമുട്ടെ വളർന്നു നിൽക്കുന്നു. സർവത്ര തേജസ്സ് ജ്വലിച്ചുനിൽക്കുന്നു. വിഭിന്ന നിറങ്ങൾ ഇടകലർന്നു കാണപ്പെടുന്നു. തുറന്നിരിക്കുന്ന വായ, ജ്വലി ക്കുന്ന വിശാലമായ കണ്ണുകൾ. അങ്ങയുടെ (ഈ) രൂപം കണ്ടിട്ടുതന്നെ ഹൃദയം പരിഭ്രാന്തമാകുന്നു. ധൈര്യം കിട്ടു ന്നില്ല. സമാധാനവുമില്ല. (24)*

*ദംഷ്ട്രങ്ങളാൽ ഭയങ്കരങ്ങളും പ്രളയാഗ്നിസമാനവുമായ അങ്ങയുടെ മുഖങ്ങളൊക്കെ കണ്ടിട്ടുതന്നെ ദിക്കുകളൊന്നും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയാണ്. സ്വസ്ഥതയൊക്കെ പോയി. ജഗത്തൊന്നാകെ വ്യാപിച്ചിരിക്കുന്ന ദേവേശാ, എന്നിൽ പ്രസാദിച്ചാലും. (25)*

ഈ ശ്ലോകങ്ങളിൽ അർജുനന്റെ ഭയഭീതിയാണ് നാം കാണുന്നത്. പ്രളയകാലത്തെ അനുസ്മരിപ്പിക്കുന്ന കാഴ്ചയാണ് അർജുനനെ സംഭീതനാക്കിയത്.

**26. അമീ ച ത്വാം ധൃതരാഷ്ട്രസ്യ പുത്രാഃ**
**സർവേ സഹൈവാവനിപാലസങ്ഘൈഃ**
**ഭീഷ്മോ ദ്രോണഃ സൂതപുത്രസ്തഥാസൗ**
**സഹാസ്മദീയൈരപി യോധമുഖ്യൈഃ.**

**27. വക്ത്രാണി തേ ത്വരമാണാ വിശന്തി**
**ദംഷ്ട്രാകരാലാനി ഭയാനകാനി**
**കേചിദ്വിലഗ്നാ ദശനാന്തരേഷു**
**സംദൃശ്യന്തേ ചൂർണിതൈരുത്തമാങ്ഗൈഃ.**

*അർഥം: കൂടാതെ ധൃതരാഷ്ട്രരുടെ പുത്രന്മാരും രാജാക്കന്മാരുടെ സംഘങ്ങളും ഭീഷ്മരും ദ്രോണരും ഈ സൂതപുത്രനും അങ്ങനെതന്നെ നമ്മുടെ പക്ഷത്തുള്ള യുദ്ധവീരന്മാരോടുകൂടി സർവരും അങ്ങയെ പ്രാപിക്കുന്നു. (26)*

*ദംഷ്ട്രങ്ങളാൽ വികൃതമായ, ഭയങ്കരങ്ങളായ അങ്ങയുടെ വായകളിലേക്ക് ഇവരെല്ലാം തിടുക്കംപൂണ്ട് കടന്നുചെല്ലുന്നു. ചിലരാകട്ടെ അങ്ങയുടെ പല്ലുകളുടെ ഇടയിൽ ഞെരുങ്ങി അകപ്പെട്ട് ശിരസ്സുകൾ തകർന്നുപോയവരായും കാണപ്പെടുന്നു. (27)*

28. യഥാ നദീനാം ബഹവോഽംബുവേഗാഃ
സമുദ്രമേവാഭിമുഖാ ദ്രവന്തി
തഥാ തവാമീ നരലോകവീരാ
വിശന്തി വക്ത്രാണ്യഭിവിജ്വലന്തി.

29. യഥാ പ്രദീപ്തം ജ്വലനം പതങ്ഗാഃ
വിശന്തി നാശായ സമൃദ്ധവേഗാഃ
തഥൈവ നാശായ വിശന്തി
ലോകാസ്തവാപി വക്ത്രാണി സമൃദ്ധവേഗാഃ.

30. ലേലിഹ്യസേ ഗ്രസമാനഃ സമന്താല്ലോകാൻ
സമഗ്രാൻ വദനൈർജ്വലദ്ഭിഃ
തേജോഭിരാപൂര്യ ജഗത്സമഗ്രം
ഭാസസ്തവോഗ്രാഃ പ്രതപന്തി വിഷ്ണോ.

31. ആഖ്യാഹി മേ കോ ഭവാനുഗ്രരൂപോ
നമോഽസ്തു തേ ദേവവര പ്രസീദ
വിജ്ഞാതുമിച്ഛാമി ഭവന്തമാദ്യം
ന ഹി പ്രജാനാമി തവ പ്രവൃത്തിമ്.

*അർഥം: പല ഭാഗത്തുനിന്നും ഒഴുകിവരുന്ന നദിയിലെ ജലപ്രവാഹങ്ങൾ സമുദ്രത്തിൽതന്നെ നേരിട്ടു പ്രവേശിക്കുന്നതുപോലെ ഈ ക്ഷത്രിയരും അങ്ങയുടെ കത്തിക്കാളിക്കൊണ്ടിരിക്കുന്ന വദനങ്ങളിൽ പ്രവേശിച്ചു മറയുന്നു. (28)*
*ഭക്ഷണത്തിനായി ഓടിയടുക്കുന്ന ഈയ്യാമ്പാറ്റകൾ സ്വയം വെന്തുവെണ്ണീറാകാനായി കത്തിയെരിയുന്ന തീയിൽ ചെന്നു വീഴുന്നതുപോലെ ഈ മാലോകരും നാശത്തിനായി അതിവേഗത്തോടുകൂടി അങ്ങയുടെ വക്ത്രങ്ങളിലേക്ക് കടന്നുവീഴുന്നു. (29)*
*അല്ലയോ സർവവ്യാപകനായ പ്രഭോ, നാലുപാടും പ്രോജ്ജ്വലിതമായ മുഖങ്ങളിലൂടെ സകലലോകങ്ങളെയും*

*വിഴുങ്ങിയിട്ട് നക്കി നുണയുന്ന അങ്ങയുടെ ഉഗ്രങ്ങളായ കാന്തിപടലങ്ങൾ ലോകത്തെ മുഴുവനും തേജസ്സുകൊണ്ട് നിറച്ച് ചൂടുപിടിപ്പിക്കുന്നു. (30)*
*അല്ലയോ ദേവാധിദേവ! അങ്ങയെ ഞാൻ നമസ്കരിക്കുന്നു. അങ്ങ് പ്രസന്നനായാലും. ഉഗ്രരൂപനായ അങ്ങ് ആരാണ്? അതറിയാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ ഈ പ്രവൃത്തികൾ തീർച്ചയായും എനിക്ക് മനസ്സിലാകുന്നില്ല. (31)*

വിരാട് പുരുഷന്റെ പ്രളയാന്തകാലത്തെ ഭയാനകമായ സ്വരൂപം ദർശിച്ച് പകച്ചുപോയ അർജുനന് ശ്രീകൃഷ്ണൻ നൽകുന്ന ഉത്തരം കാണുക:

**ശ്രീഭഗവാനുവാച:**

**32. കാലോഽസ്മി ലോകക്ഷയകൃത്പ്രവൃദ്ധോ**
**ലോകാൻ സമാഹർതുമിഹ പ്രവൃത്തഃ**
**ഋതേഽപി ത്വാം ന ഭവിഷ്യന്തി സർവേ**
**യേഽവസ്ഥിതാഃ പ്രത്യനീകേഷു യോധാഃ.**

**33. തസ്മാത് ത്വമുത്തിഷ്ഠ യശോ ലഭസ്വ**
**ജിത്വാ ശത്രൂൻ ഭുങ്ക്ഷ്വ രാജ്യം സമൃദ്ധമ്**
**മയൈവൈതേ നിഹതാഃ പൂർവമേവ**
**നിമിത്തമാത്രം ഭവ സവ്യസാചിൻ.**

**34. ദ്രോണം ച ഭീഷ്മം ച ജയദ്രഥം ച**
**കർണം തഥാന്യാനപി യോധവീരാൻ**
**മയാ ഹതാംസ്ത്വം ജഹി മാ വ്യഥിഷ്ഠാ**
**യുധ്യസ്വ ജേതാസി രണേ സപത്നാൻ.**

*അർഥം: ഭഗവാൻ പറഞ്ഞു, (ഞാൻ) ലോകങ്ങളെ സംഹരിക്കാൻ ഭീഷണമായി പെരുകിയിരിക്കുന്ന കാലമാകുന്നു. ലോകസംഹാരത്തിനായിട്ട് ഇപ്പോൾ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു.*

*യുദ്ധവീരന്മാരായി (ഇരുപക്ഷത്തും) നിലയുറപ്പിച്ചവരെല്ലാം നീ യുദ്ധം ചെയ്തില്ലെങ്കിൽപോലും ഭാവിയിൽ ജീവിച്ചിരിക്കാൻ പോകുന്നില്ല. (32)*
*അതിനാൽ സവ്യസാചിയായ അർജുനാ, നീ എഴുന്നേൽക്കു, ശത്രുക്കളെ ജയിച്ച് കീർത്തി നേടുക; ഐശ്വര്യപൂർണമായ രാജ്യം അനുഭവിക്കുക. ഈ ശത്രുപക്ഷത്തുള്ളവരെല്ലാം നേരത്തേതന്നെ എന്നാൽ കൊല്ലപ്പെട്ടു കഴിഞ്ഞിരിക്കുന്നു. നീ വെറും നിമിത്തം മാത്രം. (33)*
*എന്നാൽ വധിക്കപ്പെട്ട ദ്രോണർ, ഭീഷ്മർ, ജയദ്രഥൻ, കർണൻ, മറ്റ് യുദ്ധവീരന്മാർ എന്നിവരെ നീ കൊന്നുകൊള്ളുക. നീ വ്യസനിക്കേണ്ട. യുദ്ധം ചെയ്യുക. യുദ്ധത്തിൽ നീ ശത്രുക്കളെ ജയിക്കും. (34)*

ഭാഷ്യം: ഭഗവാന്റെ വാക്കുകളിൽ വീണ്ടും വേദവൃക്ഷത്തിന്റെ ഛായ വീഴുന്നു. അഥർവവേദത്തിലേക്ക് ഒന്നു നോക്കുക:

**കാലോ അശ്വോ വഹതി സപ്തരശ്മിഃ**
**സഹസ്രാക്ഷോ അജരോ ഭൂരിരേതാഃ.**
**തമാ രോഹന്തി കവയോ വിപശ്ചിതസ്തസ്യ**
**ചക്രാ ഭുവനാനി വിശ്വാ.** (അഥർവവേദം 19.53.1)

അർഥം: എല്ലാറ്റിനെയും കൂട്ടിക്കൊണ്ടുപോകുന്ന മൃത്യുവാണ് കാലം. ഭൂതം, വർത്തമാനം, ഭവിഷ്യം എന്നീ കാലങ്ങളിലുള്ള സർവതിലും അത് വ്യാപിച്ചിരിക്കുന്നു. ഏഴ് ഛന്ദസ്സുകളുള്ള, വേദവാണിയാകുന്ന രശ്മിയോടുകൂടിയ ആ പ്രഭു തന്നിൽ ആരോഹണം ചെയ്യുന്നവർക്ക് അർഹമായ സ്ഥാനം നൽകുന്നു. അനന്തമായ കണ്ണുകളുള്ള, ഒരിക്കലും ജീർണതയില്ലാത്ത, സർജന സമർഥതയോടുകൂടി ശക്തിസമ്പന്നനായ ആ പ്രഭുവിലേക്ക് ആരോഹണം ചെയ്യുന്നു. ഈ കാണുന്ന സർവജഗത്തും അവന്റെ ഭുവനമാകുന്നു.

വീണ്ടും അഥർവം പാടുന്നു:

**സപ്ത ചക്രാൻ വഹന്തി കാല ഏഷ**
**സപ്താസ്യ നാഭീരമൃതം ന്വക്ഷഃ.**
**സ ഇമാ വിശ്വാ ഭുവനാന്യഞ്ജത്കാലഃ**
**സ ഈയതേ പ്രഥമോ നു ദേവഃ.** (അഥർവവേദം 19.53.2)

അർഥം: എല്ലാവരെയും കൂട്ടിക്കൊണ്ടുപോകുന്ന മരണമെന്ന കാലം ഏഴു ചക്രങ്ങൾ പൂട്ടിയ രഥത്തിൽ കരേറുന്നവരെ ധരിച്ചുകൊണ്ടിരിക്കുന്നു. ഭൂഃ, ഭുവഃ, സ്വഃ, മഹഃ, ജനഃ, തപഃ, സത്യം എന്നിവയാണ് സപ്തലോകങ്ങൾ- ഏഴുതന്നെയാണ് കാലപുരുഷന്റെ നാഭിയും. കാരണം സപ്തഛന്ദസ്സുകളാൽ രചിക്കപ്പെട്ട വേദവാണിയാകുന്നു ആ പ്രഭുവിനെ നേടാനുള്ള ഉപായം. ഈ ജഗത്തിന്റെ അധ്യക്ഷനായ കാലസ്വരൂപനായ ആ പ്രഭു അമൃതസ്വരൂപനുമാകുന്നു. ആ പ്രഭു ഈ സമസ്തലോകങ്ങളെയും വ്യക്തമാക്കുകയും സൃഷ്ടിക്കുകയും സംഹരിക്കുകയും ചെയ്യുന്നു. തീർച്ചയായും തത്ത്വദർശികൾ ആ സർവസ്വരൂപനെ അറിയുന്നു.

അങ്ങനെ കാലസ്വരൂപനായ ഭഗവാന്റെ വർണനയാണ് നാം ഗീതയിൽ ഭഗവാന്റെ വാക്കുകളിൽ തെളിഞ്ഞുകണ്ടത്.

**സഞ്ജയ ഉവാച:**

**35. ഏതത് ശ്രുത്വാ വചനം കേശവസ്യ**
**കൃതാഞ്ജലിർവേപമാനഃ കിരീടീ.**
**നമസ്കൃത്വാ ഭൂയ ഏവാഹ കൃഷ്ണം**
**സഗദ്ഗദം ഭീതഭീതഃ പ്രണമ്യ.**

*അർഥം: സഞ്ജയൻ പറഞ്ഞു, ശ്രീകൃഷ്ണന്റെ ഈ വാക്കുകൾ ശ്രവിച്ച അർജുനൻ ഭയന്ന് വിറച്ചുകൊണ്ട് വീണ്ടുംവീണ്ടും ഭഗവാനെ നമസ്കരിച്ച് കൈകൾ കൂപ്പിക്കൊണ്ട് ഗദ്ഗദത്തോടെ പറഞ്ഞു:*

**അർജുന ഉവാച:**

**36. സ്ഥാനേ ഹൃഷീകേശ തവ പ്രകീർത്യാ**
**ജഗത്പ്രഹൃഷ്യത്യനുരജ്യതേ ച**
**രക്ഷാംസി ഭീതാനി ദിശോ ദ്രവന്തി**
**സർവേ നമസ്യന്തി ച സിദ്ധസങ്ഘാഃ.**

*അർഥം: അർജുനൻ പറഞ്ഞു, അല്ലയോ ഹൃഷീകേശ! അങ്ങയെ പ്രകീർത്തിക്കുന്നതുകൊണ്ട് ഈ ജഗത്ത് സന്തോഷിക്കുന്നു. അതിൽ ജഗത്ത് സുഖിക്കുകയും ചെയ്യുന്നു. രാക്ഷസവൃത്തികളിൽ ഏർപ്പെട്ടവരാകട്ടെ ഭയന്ന് നാലുപാടും ഓടുന്നു. എല്ലാ സിദ്ധസംഘങ്ങളും നമസ്കരിക്കുകയും ചെയ്യുന്നു. ഇത് യുക്തംതന്നെ.*

ഭാഷ്യം: '**തവ പ്രകീർത്യാ**' എന്നത് ദ്വയാർഥപ്രയോഗമാണ്. ഒരർഥത്തിൽ ശ്രീകൃഷ്ണൻ എന്ന ക്ഷത്രിയൻ. രണ്ടാമത്തേത് യോഗേശ്വരൻ എന്ന അർഥത്തിൽ. അല്ലയോ ശ്രീകൃഷ്ണാ, അങ്ങ് ഇതുവരെ എനിക്ക് സഖാവുമാത്രമായിരുന്നു. മഹാഭാരതമെന്ന സാമ്രാജ്യസ്ഥാപനത്തിന് സഹായിക്കുന്ന മുഖ്യവ്യക്തി. എന്നാൽ ഇന്ന് ഭക്തകേസരിയായി, യോഗിരാജാവായി ഞാൻ അങ്ങയെ കാണുകയാണ്. ഞാൻ അങ്ങയോടൊപ്പം എവിടെപ്പോകുമ്പോഴും അങ്ങയോടുള്ള ഭക്തന്മാരുടെ വികാരഭാവം കണ്ടിട്ടുണ്ട്. എന്നാൽ ഇപ്പോഴാണ് ഈ ലോകപ്രിയത്വത്തിന്റെ രഹസ്യമെനിക്ക് മനസ്സിലായത്. അങ്ങ് കേവലം രാജനീതിജ്ഞന്മാരുടെ നേതാവുമാത്രമല്ല. യോഗിരാജാവുകൂടിയാണ്. രാക്ഷസലോകം അങ്ങയെ ഇതേ കാരണത്താൽ ഭയപ്പെടുന്നു. സിദ്ധപുരുഷന്മാരാകട്ടെ അങ്ങയുടെ മുൻപിൽ നതമസ്തരായി, വിനമ്രരായി ഇരിക്കുകയും ചെയ്യുന്നു- ഇതാണ് അർജുനന്റെ വാക്കുകളിൽ പ്രകടീഭൂതമായ ഒരർഥം.

പരമാത്മസ്വരൂപത്തെ സാക്ഷാത്കരിച്ച അങ്ങയുടെ ഭഗവദ്ഗീത ശ്രവിച്ചപ്പോൾ മറ്റ് തപസ്വികളുടെ അധ്യാത്മകഥനത്തേക്കാൾ അത് കേട്ടുനിൽക്കുന്നവരിൽ ആനന്ദപ്രഹർഷം ഉണ്ടാക്കുന്നു. മാത്രമല്ല, യോഗബലത്താൽ പവിത്രമായ ആ വിശ്വരൂപത്തെ മറ്റുള്ളവർക്കുകൂടി കാട്ടിക്കൊ

ടുക്കാനുള്ള ശേഷി അങ്ങേക്കുണ്ട്. യോഗവിഭൂതിക്ക് മുൻപിൽ രാക്ഷസവൃത്തിയുള്ളവർ ഓടി ഒളിക്കുമ്പോൾ സിദ്ധപുരുഷന്മാർ വീണ്ടുംവീണ്ടും നമസ്കരിക്കുന്നു- ഇതാണ് രണ്ടാമത്തെ അർഥം.

**37. കസ്മാച്ച തേ ന നമേരൻ മഹാത്മൻ ഗരീയസേ ബ്രഹ്മണോഽപ്യാദികർത്രേ
അനന്ത ദേവേശ ജഗന്നിവാസ ത്വമക്ഷരം സദസത്തത്പരം യത്.**

*അർഥം: സമസ്ത വിശ്വത്തിന്റെയും ആത്മാവായി പരിലസിക്കുന്ന അനന്തമായ ശക്തിവിശേഷങ്ങളുള്ള ദേവേശനും, ജഗത്തിൽ സർവത്ര വസിക്കുന്നവനും ബ്രഹ്മാവിനുപോലും രൂപം നൽകിയവനും, ശ്രേഷ്ഠനുമായ അങ്ങയെ ഏതു കാരണംകൊണ്ട് നമസ്കരിക്കാതിരിക്കും?! അങ്ങ് നാശരഹിതനും, സത്തും, അസത്തും, അതിനപ്പുറം എന്തുണ്ടോ അതുമാകുന്നു.*

ഭാഷ്യം: വാസ്തവത്തിൽ ശ്രീകൃഷ്ണനെ അകമഴിഞ്ഞ് സ്തുതിക്കുന്നതിനുവേണ്ടിയാണിങ്ങനെ അർജുനൻ പറഞ്ഞത്. ശ്രീകൃഷ്ണന്റെ യോഗമഹത്വം അനുഭവിച്ചറിഞ്ഞ അർജുനന്റെ ഹൃദയത്തിൽ അദ്ദേഹത്തോടുള്ള ഭാവത്തിൽ മാറ്റം വന്നിരിക്കുകയാണ്. ശ്രീകൃഷ്ണൻ തന്റെ യോഗശക്തിയാൽ അർജുനന് വിശ്വരൂപം കാട്ടിക്കൊടുത്തതോടെ മനമിളകിയ അർജുനന് എന്തൊക്കെയാണ് പറയേണ്ടതെന്നറിയാതെ ഹൃദയത്തിൽ വരുന്ന സർവവാക്കുകളും എടുത്ത് ശ്രീകൃഷ്ണനെ പുകഴ്ത്തുകയാണ്. എന്നാൽ ശ്രീകൃഷ്ണന്റെ യോഗിയെന്ന ഈ മഹത്വം അക്കാലത്ത് മറ്റുചിലർ കണ്ടറിഞ്ഞില്ലെന്ന സൂചനയും ഇതിലുണ്ട്.

ചോദ്യം: ശ്രീകൃഷ്ണൻ വാസ്തവത്തിൽ ഈശ്വരനല്ലെങ്കിൽ, കേവലം ശ്രീകൃഷ്ണനെ സ്തുതിക്കുന്നതിനുവേണ്ടി മാത്രമാണ് ഈ ശ്ലോകമെങ്കിൽ സൃഷ്ടികർത്താവായ ബ്രഹ്മാവിന്റെപോലും ആദികർത്താവെന്ന് ഭഗവാനെ എന്തിന് വിളിച്ചു? മാത്രമല്ല, അനന്തൻ, ദേവേശൻ, ജഗന്നിവാസൻ തുടങ്ങിയ വിശേഷണങ്ങൾകൊണ്ട് സമ്പൂർണ സൃഷ്ടിയും അവന്റെ നിവാസസ്ഥാനമായി കരുതുന്നത് എന്തുകൊണ്ടാണ്?

ഉത്തരം: അങ്ങനെയല്ല, കേവലം ഈ പദങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ശ്രീകൃഷ്ണനെ ഈശ്വരനായി കാണാൻ ശ്രമിച്ചാലും വൈരുധ്യമുണ്ടാകും. കാരണം ഇതേ ശ്ലോകത്തിൽതന്നെ സത്തെന്നും അസത്തെന്നും വിശേഷിപ്പിച്ചിട്ടുണ്ട്. ശ്രീകൃഷ്ണൻ സത്തും അസത്തുമാണെന്ന വാദം സ്വീകാര്യമാവാനിടയില്ല. അതിനാൽ ഇത് അർജുനൻ ശ്രീകൃഷ്ണനെ വിശ്വരൂപദർശനത്തിന്റെ ആഹ്ലാദാതിരേകത്താൽ കിട്ടാവുന്ന പദങ്ങളൊക്കെ എടുത്ത് വാഴ്ത്തുകയാണെന്നാണ് മനസ്സിലാക്കേണ്ടത്. കാവ്യമാകുമ്പോൾ അതിന്റേതായ ചമത്കാരങ്ങളൊക്കെ കടന്നുവരും. അവയെ ആ അർഥത്തിൽതന്നെ എടുക്കുക.

**38. ത്വമാദിദേവഃ പുരുഷഃ പുരാണസ്ത്വമസ്യ**
**വിശ്വസ്യ പരം നിധാനമ്**
**വേത്താസി വേദ്യം ച പരം ച ധാമ**
**ത്വയാ തതം വിശ്വമനന്തരൂപ**

**39. വായുർയമോഽഗ്നിർവരുണഃ ശശാങ്കഃ**
**പ്രജാപതിസ്ത്വം പ്രപിതാമഹശ്ച**
**നമോ നമസ്തേഽസ്തു സഹസ്രകൃത്വഃ**
**പുനശ്ച ഭൂയോഽപി നമോ നമസ്തേ.**

**40. നമഃ പുരസ്താദഥ പൃഷ്ഠതസ്തേ**
**നമോഽസ്തു തേ സർവത ഏവ സർവഃ**
**അനന്തവീര്യാമിതവിക്രമസ്ത്വം സർവം**
**സമാപ്നോഷി തതോഽസി സർവഃ.**

**41. സഖേതി മത്വാ പ്രസഭം യദുക്തം**
**ഹേ കൃഷ്ണ ഹേ യാദവ ഹേ സഖേതി**
**അജാനതാ മഹിമാനം തവേദം**
**മയാ പ്രമാദാത്പ്രണയേന വാപി.**

**42. യച്ചാവഹാസാർഥമസത്കൃതോഽസി**
**വിഹാരശയ്യാസനഭോജനേഷു**

**ഏകോഽഥവാപ്യച്യുത തത്സമക്ഷം**
**തത്ക്ഷാമയേ ത്വാമഹമപ്രമേയമ്.**

*അർഥം: ദേവന്മാർക്കും മുൻപുള്ളവനും പണ്ടുകാലം മുതലേ ഉള്ളവനും അനന്തരൂപത്തോടെ സർവത്ര നിറഞ്ഞിരിക്കുന്നവനുമാകുന്നു. ഈ വിശ്വത്തിന്റെ പരമാശ്രയമായ അങ്ങ് അറിയുന്നവനും അറിയപ്പെടേണ്ടവനും പരമപദവുമാകുന്നു. (38)*

*വായു, യമൻ, അഗ്നി, വരുണൻ, ചന്ദ്രൻ, പ്രജാപതി, ബ്രഹ്മാവിന്റെ പിതാവ് എന്നിവയെല്ലാം അങ്ങുതന്നെ. അങ്ങേക്ക് ആയിരം ആയിരം നമസ്കാരം. വീണ്ടും വീണ്ടും അങ്ങേയ്ക്ക് നമസ്കാരം. നമസ്കാരം. (39)*

*അങ്ങനെ സർവവുമായ ഹേ ഭഗവാൻ, മുൻപിലും പിൻപിലും സർവഭാഗത്തുനിന്നുകൊണ്ടും അങ്ങയെ നമിക്കട്ടെ. അനന്തവീര്യവാനായ അങ്ങ് സർവതിലും നിറഞ്ഞുവർത്തിക്കുന്നതിനാൽ അങ്ങാണ് എല്ലാം. (40)*

*എന്നാൽ അങ്ങയുടെ ഈ മഹത്വമറിയാതെ സ്നേഹിതനെന്നു കരുതി അജ്ഞതകൊണ്ടോ, സ്നേഹംകൊണ്ടോ 'ഹേ കൃഷ്ണ, യാദവ, സഖാവേ' എന്നിങ്ങനെ അനാദരബുദ്ധിയോടെ കളിക്കുമ്പോഴോ കിടക്കുമ്പോഴോ ഇരിക്കുമ്പോഴോ പലരുടെയും മുൻപിൽവെച്ചോ കളിയാക്കിക്കൊണ്ടോ പരിഹസിക്കുകയോ മറ്റോ ചെയ്തുപോയിട്ടുണ്ടെങ്കിൽ അതിനൊക്കെ അനന്തമഹിമയുള്ള അങ്ങയോട് മാപ്പ് ചോദിക്കുന്നു. (41, 42)*

**43. പിതാസി ലോകസ്യ ചരാചരസ്യ**
**ത്വമസ്യ പൂജ്യശ്ച ഗുരുർഗരീയാൻ**
**ന ത്വത്സമോഽസ്ത്യഭ്യധികഃ കുതോഽന്യോ**
**ലോകത്രയേഽപ്യപ്രതിമപ്രഭാവ.**

അർഥം: അതുല്യമായ ശക്തിപ്രഭാവത്തോടുകൂടിയ അല്ലയോ ഭഗവാനേ, അങ്ങ് ചരാചരജഗത്തിന്റെ പിതാവാണ്. പൂജ്യനും ശ്രേഷ്ഠഗുരുവും ആയ അങ്ങേക്ക് സമാനനായി മൂന്നു ലോകങ്ങളിലും ആരുമില്ല. പിന്നെ, അങ്ങയേക്കാൾ കേമനായ ഒരുവനെക്കുറിച്ച് പറയേണ്ടതില്ലല്ലോ.

**44. തസ്മാത് പ്രണമ്യ പ്രണിധായ കായമ്**
**പ്രസാദയേ ത്വാമഹമീശമീഡ്യമ്**
**പിതേവ പുത്രസ്യ സഖേവ സഖ്യുഃ**
**പ്രിയഃ പ്രിയായാർഹസി ദേവ സോഢുമ്.**

*അർഥം: അക്കാരണത്താൽ അല്ലയോ ശ്രീകൃഷ്ണാ, ഞാൻ അത്യന്തഭക്തിയോടെ അങ്ങയുടെ ചരണത്തിൽ സ്വയം സമർപ്പിച്ച് പ്രണാമം അർപ്പിച്ച്, സ്തുതിയോഗ്യനായ അങ്ങയെ, ഈശ്വരനെ പ്രസന്നനാക്കേണ്ടതുണ്ട്. അല്ലയോ ദേവ, അങ്ങ് അച്ഛൻ മകനോടെന്നപോലെ സുഹൃത്ത് സുഹൃത്തിനോടെന്നപോലെ പ്രിയതമ പ്രിയതമനോടെന്നപോലെ സഹിച്ചാലും.*

ഭാഷ്യം: ഈശ്വരൻ എന്നതുകൊണ്ട് പരമാത്മാവെന്ന് തെറ്റുധരിക്കരുത്. കാരണം ഐശ്വര്യം ഉള്ളവൻ എന്നർഥമേ ആ ശബ്ദത്തിനുള്ളൂ. മാത്രവുമല്ല മൂന്നാംശ്ലോകത്തിൽ അർജുനൻ 'ഐശ്വരമായ ഭഗവത്സ്വരൂപം' കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചത് ഓർക്കുമല്ലോ. അണിമാദി അഷ്ടഐശ്വര്യങ്ങളുള്ള യോഗേശ്വരനാണ് ശ്രീകൃഷ്ണൻ. എട്ടാം ശ്ലോകത്തിലെ **'പശ്യ മേ യോഗമൈശ്വരം'** എന്നതും ഓർക്കുക.

**45. അദൃഷ്ടപൂർവം ഹൃഷിതോ/സ്മി ദൃഷ്ട്വാ**
**ഭയേന ച പ്രവ്യഥിതം മനോ മേ**
**തദേവ മേ ദർശയ ദേവരൂപം**
**പ്രസീദ ദേവേശ ജഗന്നിവാസ.**

*അർഥം: അല്ലയോ ദേവാ, മുൻപ് കണ്ടിട്ടില്ലാത്ത രൂപം കണ്ടിട്ട് ഞാൻ സന്തുഷ്ടനായിരിക്കുന്നുവെങ്കിലും ഭയത്താൽ*

*എന്റെ മനസ്സ് അത്യധികം ആകുലമാണ്. അതിനാൽ ആ പഴയരൂപം എനിക്ക് കാട്ടിത്തരൂ. ദേവദേവനും ജഗന്നിവാസനുമായ ഭഗവവാനേ എന്നിൽ പ്രസാദിച്ചാലും.*

ഭാഷ്യം: യഥാർഥത്തിൽ വിശ്വരൂപദർശനത്തിന്റെ അവസാനഭാഗത്ത് വർണിച്ച ആ പ്രളയാവസ്ഥ എന്താണ്? പരവൈരാഗ്യം സിദ്ധിക്കാത്ത യോഗിക്ക് ഈശ്വരസാക്ഷാത്കാരം നേടാനാവില്ലെന്ന് യോഗദർശനം. ഈ പരവൈരാഗ്യമാകട്ടെ അപരവൈരാഗ്യംപോലെ ഇന്ദ്രിയനിഗ്രഹം കൊണ്ടോ യമനിയമാദികളുടെ അനുഷ്ഠാനംകൊണ്ടോ സിദ്ധിക്കുന്നതല്ല. ജഗത്തിന്റെ നശ്വരതയും അതിൽനിന്നും പുരുഷസ്വരൂപത്തിന്റെ അനശ്വരതയും അനുഭവിക്കുമ്പോഴാണ് പരവൈരാഗ്യമുണ്ടാവുക. അതാണ് ഇവിടെ പ്രളയത്തെ ദർശിക്കുന്നതിലൂടെ നാം ഗ്രഹിക്കേണ്ട യോഗതത്ത്വം. എന്നാൽ ആദ്യമായി ഇതനുഭവിക്കുമ്പോൾ അർജുനന് ഭ്രമമുണ്ടാവുന്നതായി ഇവിടെനിന്നും മനസ്സിലാകുന്നു. നിരന്തരം അഭ്യാസത്തിലൂടെയാണ് യോഗിയിൽ പരവൈരാഗ്യം ഉറയ്ക്കുക.

ഇവിടെ അർജുനൻ തന്റെ മാംസചക്ഷുസ്സിലേക്ക് തിരിച്ചുപോകാൻ ഇച്ഛിക്കുകയാണ്. ദിവ്യദൃഷ്ടിയാകുന്ന ദീർഘനിദ്രയിൽനിന്ന് ഉണർന്ന് ഈ സംസാരത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ അഭ്യർഥിക്കുകയാണിവിടെ. എന്നാൽ ശ്രീകൃഷ്ണനെ ഈശ്വരന്റെ അവതാരമാക്കുന്നവർ സൂര്യലോകത്തോളം വ്യാപിച്ചിരിക്കുന്ന ശ്രീകൃഷ്ണരൂപത്തെ കണ്ട് ഭയപ്പെട്ട് അദ്ദേഹത്തിന്റെ ആദ്യരൂപം കാണണമെന്ന് അർജുനൻ ആവശ്യപ്പെടുക മാത്രമാണ് ചെയ്യുന്നതെന്ന് വ്യാഖ്യാനിക്കുന്നു. എന്നാൽ ഇത് ശ്രീകൃഷ്ണന്റെ രൂപമല്ല, മറിച്ച് യോഗശക്തിയാൽ കൈവരിച്ച ഭാവമാണ്. ശ്രീകൃഷ്ണൻ തന്റെ യോഗശക്തിയാൽ അർജുനന് മനസ്സിലാക്കിച്ചുകൊടുത്തത് എന്താണെന്ന് ഈ ഉപനിഷത്ശ്ലോകത്തിൽ നിന്നും മനസ്സിലാക്കാം.

**യ ആത്മാ/പഹതപാപ്മാ വിജരോ വിമൃത്യുർവിശോകോ/വിജിഘത്സോ/ പിപാസഃ സത്യകാമഃ സത്യസങ്കല്പഃ** (ഛാന്ദോഗ്യോപനിഷത്ത് 8.7.1)

അർഥം: ഈ പരമാത്മാവ്, പാപരഹിതനും ജരാബാധയില്ലാത്തതും മരണാതീതവും ശോകമില്ലാത്തതും, വിശപ്പു ബാധിക്കാത്തതും ദാഹ ശൂന്യവും സത്യം കാംക്ഷിക്കുന്നതും സത്യമായ സങ്കല്പത്തോടുകൂടി യതുമാണ്.

അതിനാൽ തന്റെ യോഗശക്തികൊണ്ട് ആത്മസ്വരൂപത്തെ മനസ്സി ലാക്കിച്ചുകൊടുത്തുവെന്നല്ലാതെ ശ്രീകൃഷ്ണൻ സ്വയം പരമാത്മാവാ ണെന്ന് പറയാൻ ഈദൃശശ്ലോകങ്ങൾകൊണ്ട് കഴിയില്ല.

**46. കിരീടിനം ഗദിനം ചക്രഹസ്തമിച്ഛാമി**
**ത്വാം ദ്രഷ്ടുമഹം തഥൈവ**
**തേനൈവ രൂപേണ ചതുർഭുജേന**
**സഹസ്രബാഹോ ഭവ വിശ്വമൂർതേ.**

*അർഥം: അനേകം കൈകളുള്ള വിശ്വമൂർത്തിയായ ദേവാ, നേരത്തെ കണ്ടപോലെ കിരീടം, ഗദ, ചക്രം തുടങ്ങിയവ യോടുകൂടിയ ചതുർഭുജരൂപം അങ്ങ് കൈക്കൊണ്ടാലും.*

ഭാഷ്യം: ഇതും ഒരു ആലങ്കാരികപ്രയോഗം മാത്രമാണ്. മനുഷ്യനായി പിറന്ന ആർക്കും നാല് കൈകളില്ലെന്ന് ഏവർക്കുമറിയാം. പരമാത്മാ വിനെ '**സഹസ്രബാഹു**' എന്നു വർണിച്ചത് അസംഖ്യമെന്ന കാഴ്ചപ്പാട് വെളിവാക്കാനാണ്. അല്ലാതെ ആയിരം കൈകളോ കാലുകളോ കണ്ണു കളോ മുഖങ്ങളോ ഉള്ളവനല്ല പരമാത്മാവ്. ആയിരം തുടങ്ങിയ പ്രയോ ഗങ്ങൾ എണ്ണങ്ങൾ കൃത്യമായി സൂചിപ്പിക്കാനല്ല. മറിച്ച് അനന്തതയെ കാട്ടാനാണ് പ്രയോഗിച്ചത്. അല്ലാത്തപക്ഷം ആയിരം ശിരസ്സുള്ളവന് രണ്ടായിരം കണ്ണുകളുണ്ടാവണ്ടേ എന്നിത്യാദി ചോദ്യങ്ങളെല്ലാം കടന്നു വരും.

ഇതേ അധ്യായത്തിലെ മൂന്നാംശ്ലോകത്തിൽ '**ദ്രഷ്ടുമിച്ഛാമി തേ രൂപ മൈശ്വരം പുരുഷോത്തമ**' എന്ന് തന്റെ ആഗ്രഹം അർജുനൻ പ്രകടി പ്പിക്കുന്നുണ്ട്. ഇവിടെ മൂന്ന് തരത്തിലാണ് ശ്രീകൃഷ്ണനെ അർജുനൻ കാണുന്നത്. ഒന്ന് രണ്ട് കൈകളോടുകൂടിയ സാധാരണക്കാരനായ തന്റെ

കൂട്ടുകാരനായിട്ട്. രണ്ടാമത്തേത് യോഗശക്തിയാൽ പ്രസ്ഫുടമായ വിശ്വരൂപമായിട്ട്. മൂന്നാമത്തേത് രാജ്യാധികാരത്തിന്റെ പ്രതിസ്വരൂപമായ ചതുർബാഹുവായിട്ട്.

വിഷ്ണുവിനെ ചതുർഭുജനായിട്ട് പുരാണങ്ങളിൽ ചിത്രീകരിച്ചിട്ടുണ്ട്. അതിന് കാരണമെന്താണെന്ന് നാം അന്വേഷിക്കണം. 'വിഷ്ണു' വെന്ന ശബ്ദത്തിന് സർവവ്യാപകൻ എന്നാണർഥം. നാല് പാടും വ്യാപിച്ചിരിക്കയാൽ വിഷ്ണുവിന് നാല് കൈകളുണ്ടെന്ന് ആലങ്കാരികമായി പറയുകയാണിവിടെ.

രാജ്യഭരണം ഒരു യജ്ഞമാണ്. യജ്ഞമാണ് വിഷ്ണു എന്ന് ബ്രാഹ്മണങ്ങളിൽ പറഞ്ഞിട്ടുണ്ട്.[2] ആധിദൈവികാർഥത്തിൽ വിഷ്ണു സൂര്യനാണ്. അതിനാലാണ് ആലങ്കാരികാർഥത്തിൽ സൂര്യവംശരാജാക്കന്മാരുണ്ടായത്. അതായത് യഥാർഥ ക്ഷത്രിയൻ, പക്ഷപാതമില്ലാത്ത സൂര്യനെപ്പോലെ തന്റെ ഭരണമാകുന്ന രശ്മികളെ രാജ്യത്തെ എല്ലാ പ്രജകളിലും വിവേചനമില്ലാതെ എത്തിക്കുന്നു. നിയമം രശ്മ്യനുസാരിയാണെന്ന വേദാന്തസൂത്രവും[3] നമുക്കിവിടെ അനുസ്മരിക്കാം. സൂര്യൻ തന്റെ കിരണങ്ങൾ പക്ഷപാതമില്ലാതെ ഏവർക്കും നൽകുന്നു. അതേപോലെ രാഷ്ട്രനിയമം ഏവർക്കും തുല്യമായി എത്തിക്കുന്നവൻ സൂര്യൻതന്നെയാണ്.

ചെറിയ സംഘടന മുതൽ ബൃഹത്തായ സാമ്രാജ്യംവരെ ചതുർബാഹുവിനേ ഭരിക്കാൻ കഴിയൂ. എന്താണ് ഈ നാല് കൈകൾ എന്ന് നോക്കാം. രാഷ്ട്രഭരണത്തിനുവേണ്ട ഭരണഘടനയാണ് സുദർശനചക്രം. ഭരണവ്യവസ്ഥ ഒരു ഋതമാണ്. ശംഖ് രാജ്യത്തെ പ്രജകളെ ഒറ്റക്കെട്ടായി നിലനിർത്താനുള്ള ആഹ്വാനമാണ്. ഗദയാകട്ടെ ആഭ്യന്തരനിയമവ്യവസ്ഥയാണ്. രാഷ്ട്രത്തിന്റെ സാമ്പത്തിക വളർച്ചയാണ് പദ്മം. ഈ പ്രതീകവത്കരണം ചെറിയ സംഘടനകൾ മുതൽ പരമാത്മാവിന്റെ വിസ്തൃതമായ പ്രപഞ്ചനിർമിതിയിൽവരെ നിഴലിച്ച് നിൽക്കുന്നുണ്ട്. ഈ രീതിയിൽ, ക്ഷത്രിയനെന്ന നിലയിൽ മഹത്തായ രാജ്യവ്യവസ്ഥ പാലി

---

2. *യജ്ഞോ വൈ വിഷ്ണുഃ* (ശതപഥം 1.5.1.3)

3. ബ്രഹ്മസൂത്രം 4.2.18.

ക്കുന്ന ശ്രീകൃഷ്ണന്റെ ആ പഴയ രൂപം യുദ്ധത്തിനൊരുങ്ങി നിൽക്കുന്ന അർജുനൻ കാണാൻ ആഗ്രഹിക്കുന്നു.

ഇന്ന് ഹിന്ദുധർമം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഇത്തരത്തിലുള്ള ആലങ്കാരിക വിവരണങ്ങളെ യഥാതഥമായി നിർണയിക്കാൻ ശേഷി ഇല്ലാതായിരിക്കുന്നുവെന്നതാണ്. വിവിധങ്ങളായ അലങ്കാരങ്ങളാൽ കാവ്യങ്ങളിൽ പറയുന്ന വർണനയെ മജ്ജയും മാംസവും നൽകി കാൽപനികലോകത്തേക്ക് കൊണ്ടുപോകുന്നതിലാണ് പലർക്കും താത്പര്യം. ഏതോ അദ്ഭുതകഥകളായി അവയെ എല്ലാം തൃണവദ്ഗണിക്കുന്ന ആധുനികവിദ്യാഭ്യാസം നേടിയവർ ഇതിനെ പുച്ഛിച്ചു തള്ളുന്നു. സെമിറ്റിക് മതസങ്കൽപങ്ങളുടെ ഭൂതക്കണ്ണാടിയിലൂടെ സനാതന ധർമത്തെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നവർ ഇതിനെയെല്ലാം പരിഹസിച്ചു തള്ളുന്നു.

എന്നാൽ വേദാദിശാസ്ത്രങ്ങൾ പഠിക്കാത്തതുമൂലം ഈ ആലങ്കാരികതയുടെ യഥാർഥ അർഥതലങ്ങളെ വ്യാഖ്യാനിക്കാൻ കഴിയാതെ കുഴങ്ങുന്ന വിശ്വാസസമൂഹം പരിഹാസശരങ്ങളേറ്റ് നിലംപരിശാകുന്ന രംഗമാണ് സർവത്ര കാണുന്നത്. വിഷ്ണുവിനെ എട്ടുകൈകളോടുകൂടിയവനായിട്ടും മഹാഭാരതത്തിൽ (അനുശാസനപർവം 147) വർണിച്ചിട്ടുണ്ട്. ഇതെല്ലാം ദിശ-ഉപദിശകളെ കുറിക്കാനാണ് ഉപയോഗിച്ചിട്ടുള്ളത്. ആധ്യാത്മികാർഥത്തിൽ 'വിഷ്ണു'ശബ്ദം ഈശ്വരന്റെ വ്യാപനശീലമെന്ന ഗുണത്തെയാണ് സൂചിപ്പിക്കുന്നത്. **'വിഷ്ലൃ വ്യാപ്തൗ'**[4] എന്ന് മഹർഷി പാണിനി. എട്ട് ദിശോപദിശകളിലായി അവൻ വ്യാപിച്ചുവർത്തിക്കുന്നു. അതിനാൽ കിഴക്ക്, പടിഞ്ഞാറ്, തെക്ക്, വടക്ക്, ആഗ്നേയം, നൈഋത്യം, വായവ്യം, ഈശാനം എന്നിവയാണ് വിഷ്ണുവിന്റെ എട്ട് കൈകൾ.[5]

ഈ വിധത്തിൽ അർഥത്തെ സ്വീകിരിച്ചില്ലെങ്കിൽ ഈ ശ്ലോകത്തെ പ്രക്ഷിപ്തമായി ഗണിക്കേണ്ടിവരും. കാരണം, 'മുൻപ് കണ്ടപോലെ'

---

4. *പാണിനീയ ധാതുപാഠം ജുഹോത്യാദിഗണഃ* 13.
5. ഹിന്ദുധർമത്തിലെ ദേവതകളുടെ യഥാർഥസ്വരൂപത്തെ സംബന്ധിച്ച് ഈ ലേഖകന്റെ ഹിന്ദുധർമരഹസ്യമെന്ന ഗ്രന്ഥം പഠിക്കുക.

യുള്ള ചതുർഭുജരൂപം കാട്ടിത്തരാനാണ് അർജുനൻ ആവശ്യപ്പെട്ടത്. എന്നാൽ മുൻപ് അർജുനൻ അത്തരമൊരു രൂപം കണ്ടതായി അർജുനന്റെയോ ശ്രീകൃഷ്ണന്റെയോ സഞ്ജയന്റെയോ പ്രസ്താവനകളിൽ കാണാൻ കഴിയുന്നില്ല.

**ശ്രീഭഗവാൻ ഉവാച:**

**47. മയാ പ്രസന്നേന തവാർജുനേദം രൂപം പരം ദർശിതമാത്മയോഗാത്**
**തേജോമയം വിശ്വമനന്തമാദ്യം യന്മേ ത്വദന്യേന ന ദൃഷ്ടപൂർവമ്.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, അല്ലയോ അർജുനാ, പ്രസന്നനായ ഞാൻ എന്റെ യോഗസാമർഥ്യത്താൽ നിനക്കായി കാട്ടിത്തന്ന പരമമായ ആ തേജോരൂപം പ്രപഞ്ചാകാരം കൈക്കൊണ്ടതും അനന്തവും എനിക്കു മുൻപേ ഉള്ളതുമാണ്. നിനക്ക് മുൻപ് ഇതാരും കണ്ടിട്ടില്ല.*

ഭാഷ്യം: വാസ്തവത്തിൽ വിശ്വരൂപം സഞ്ജയൻ ദർശിച്ചുവെന്ന് നേരത്തെ പറഞ്ഞിട്ടുള്ളതിന് ഘടകവിരുദ്ധമാണ് ഈ പ്രസ്താവന. അതിനാൽ അക്ഷരംപ്രതി ഈ പ്രസ്താവന ശരിയാണെന്ന് പറയാൻ വയ്യ. ഈ പ്രയോഗം ഗൗണികമായതും സാന്ദർഭികമായി പറഞ്ഞതുമാകാം. അതായത് ഈശ്വരാനുഗ്രഹമില്ലാതെ ഈ രൂപം ദർശിക്കാൻ കഴിയില്ലെന്ന അർഥത്തിൽ '**നായമാത്മാ പ്രവചനേന ലഭ്യോ ന മേധയാ ന ബഹുനാ ശ്രുതേന**' (മുണ്ഡകോപനിഷത്ത് 3.2.3) എന്നിത്യാദി ഉപനിഷത്ശ്ലോകങ്ങൾ ഇതിന് പ്രമാണമായി ചൂണ്ടിക്കാണിക്കാം. എന്നാൽ 23-ാം ശ്ലോകത്തിൽ വിശ്വരൂപം കണ്ടിട്ടു മാലോകർ ഭയന്നു വിറയ്ക്കുന്നുവെന്ന് നേരത്തെ പറഞ്ഞിട്ടുണ്ട് എന്നതിന് വിരുദ്ധമായ പ്രസ്താവനയാണ് ഈ ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നത്. ഇനി, അത് അർജുനൻ യോഗദൃഷ്ടിയിലൂടെ ദർശിച്ച വിശ്വരൂപത്തിനുള്ളിൽ കണ്ടവരെക്കുറിച്ചുള്ള വർണനയായിരുന്നു എന്നാണെങ്കിൽ അപ്പോഴും പ്രശ്നം തീരുന്നില്ല. കാരണം, അസംപ്രജ്ഞാതസമാധി നേടിയ അസംഖ്യം യോഗികൾ മുൻപും ഉണ്ടായിട്ടുണ്ട്. അവരെല്ലാം വ്യാസമഹർഷി യോഗദർശനത്തിൽ പറഞ്ഞപ്രകാരം വിശ്വരൂപം ദർശിച്ചവരുമാണ്. പൂർവാപരവൈരുധ്യം എന്ന

ദോഷം കാണുന്നതിനാൽ ഈ ശ്ലോകം പ്രക്ഷിപ്തഗണത്തിൽപ്പെടാൻ സാധ്യതയേറെയാണ്.

**48. ന വേദയജ്ഞാധ്യയനൈർന ദാനൈർന**
**ച ക്രിയാഭിർന തപോഭിരുഗ്രൈഃ**
**ഏവംരൂപഃ ശക്യ അഹം നൃലോകേ**
**ദ്രഷ്ടും ത്വദന്യേന കുരുപ്രവീര.**

*അർഥം: കുരുവീരനായ അർജുനാ, ഈ വിശ്വരൂപത്തോടുകൂടിയ എന്നെ നിനക്കല്ലാതെ ഈ മനുഷ്യലോകത്തിൽ മറ്റാർക്കും വേദ-യജ്ഞ-സ്വാധ്യായങ്ങൾകൊണ്ടോ ദാനംകൊണ്ടോ കർമംകൊണ്ടോ ഉഗ്രതപസ്സുകൊണ്ടോ കാണാൻ സാധിക്കയില്ല.*

ഭാഷ്യം: ഈശ്വരപ്രണിധാനമില്ലാതെ വേദാധ്യയനമോ, യജ്ഞമോ, ദാനമോ ഉണ്ടായതുകൊണ്ട് വിശ്വരൂപം കാണാൻ കഴിയില്ല. അതിന് ധാരണ, ധ്യാനം, സമാധി എന്നീ ക്രമംതന്നെ സ്വീകരിക്കണം. ഇവിടെ വേദങ്ങളെയും യജ്ഞദാനാദികർമങ്ങളെയും നിന്ദിക്കുകയല്ല മറിച്ച് ഈശ്വരപ്രണിധാനത്തിന്റെ പ്രാധാന്യത്തെ എടുത്തുപറയുകയാണ് ചെയ്യുന്നത്. ഈശ്വരഭക്തിയിൽനിന്നുകൊണ്ട് വേദാധ്യയനവും യജ്ഞവും ദാനവും കർമവും ചെയ്യുമ്പോഴാണ് വിശ്വരൂപദർശനം സാധ്യമാകുന്നത്.

ഇവിടെയും വലിയൊരു പ്രശ്നം കടന്നുവരുന്നു. 'നിനക്കല്ലാതെ' (ത്വദന്യേന) മറ്റാർക്കും വിശ്വരൂപദർശനം സാധ്യമല്ല എന്നു പറഞ്ഞിരിക്കുന്നു. യുദ്ധഭൂമിയിൽ അനേകം പേർ വിശ്വരൂപദർശനം ലഭിച്ചവരാണ്. ഇതേ അധ്യായത്തിൽ 22-ാം ശ്ലോകത്തിൽ ഏകാദശരുദ്രന്മാരും സാധ്യന്മാരും, വിശ്വദേവന്മാരും അശ്വിനീദേവതകളും മരുത്തുക്കളും, പിതൃക്കളും, ഗന്ധർവന്മാരും യക്ഷർ, അസുരർ, സിദ്ധപുരുഷന്മാർ എന്നിവരെല്ലാം വിശ്വരൂപത്തെ വിസ്മയത്തോടെ നോക്കി നിൽക്കുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. ഇനി, നേരത്തെപറഞ്ഞപോലെ ഇതെല്ലാം യോഗദൃഷ്ടിയിൽ കണ്ട കാര്യങ്ങളാണ് എന്നുപറഞ്ഞാലും യോഗദർശനത്തിന്റെ

വ്യാസഭാഷ്യമനുസരിച്ച് വിശ്വരൂപദർശനം യോഗത്തിന്റെ ഒരു ഘട്ടത്തിൽ എല്ലാ യോഗികൾക്കും സാധ്യമാണ് എന്നതിനാൽതന്നെ ഈ ശ്ലോകവും പ്രക്ഷിപ്തഗണത്തിൽ പെടുത്തേണ്ടിവരുമെന്ന് അസ്മാദൃശൻ കരുതുന്നു.

**49. മാ തേ വ്യഥാ മാ ച വിമൂഢഭാവോ**
**ദൃഷ്ട്വാ രൂപം ഘോരമീദൃങ്മമേദമ്**
**വ്യപേതഭീഃ പ്രീതമനാഃ പുനസ്ത്വം**
**തദേവ മേ രൂപമിദം പ്രപശ്യ.**

*അർഥം: ഇങ്ങനെ ഘോരമായ എന്റെ രൂപത്തെ കണ്ടിട്ട് നിനക്ക് ഭയം വേണ്ട. (നീ) വ്യാമോഹിക്കുകയും വേണ്ട. ഭയമെല്ലാം കളഞ്ഞ് തെളിഞ്ഞ മനസ്സോടെ നീ എന്റെ പൂർവരൂപത്തെത്തന്നെ കണ്ടുകൊൾക.*

**സഞ്ജയ ഉവാച:**

**50. ഇത്യർജുനം വാസുദേവസ്തഥോക്ത്വാ**
**സ്വകം രൂപം ദർശയാമാസ ഭൂയഃ**
**ആശ്വാസയാമാസ ച ഭീതമേനം**
**ഭൂത്വാ പുനഃ സൗമ്യവപുർമഹാത്മാ.**

*അർഥം: സഞ്ജയൻ പറഞ്ഞു, വാസുദേവൻ അർജുനനോട് ഇങ്ങനെ പറഞ്ഞശേഷം തന്റെ പൂർവരൂപത്തെ വീണ്ടും കാണിച്ചുകൊടുത്തു. മഹാത്മാവായ ഭഗവാൻ ശാന്തശരീരനായിത്തീർന്നിട്ട് ഭയപ്പെട്ടുനിന്ന അവനെ (അർജുനനെ) ആശ്വസിപ്പിക്കുകയും ചെയ്തു.*

**അർജുന ഉവാച:**

**51. ദൃഷ്ട്വേദം മാനുഷം രൂപം തവ സൗമ്യം ജനാർദന**
**ഇദാനീമസ്മി സംവൃത്തഃ സചേതാഃ പ്രകൃതിം ഗതഃ.**

*അർഥം: അർജുനൻ പറഞ്ഞു, ജനാർദനാ, അങ്ങയുടെ ചന്ദ്രനെ പ്പോലെ സുഖശീതളമായ ഈ മനുഷ്യരൂപം കണ്ടിട്ട് ഇപ്പോൾ ശാന്തഹൃദയനും സ്വഭാവത്തെ തിരിച്ചറിഞ്ഞവ നുമായി ഞാൻ മാറിയിരിക്കുന്നു.*

**ശ്രീഭഗവാൻ ഉവാച:**

**52. സുദുർദർശമിദം രൂപം ദൃഷ്ടവാനസി യന്മമ**
**ദേവാ അപ്യസ്യ രൂപസ്യ നിത്യം ദർശനകാങ്ക്ഷിണഃ.**

**53. നാഹം വേദൈർന തപസാ ന ദാനേന ന ചേജ്യയാ**
**ശക്യ ഏവംവിധോ ദ്രഷ്ടും ദൃഷ്ടവാനസി മാം യഥാ.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, നീ കണ്ട എന്റെ വിശ്വരൂപം ഇങ്ങനെ കാണാൻ ഏറെ പ്രയാസമുള്ളതാകുന്നു. ദേവ ന്മാർകൂടി നിത്യം ഈ രൂപത്തിന്റെ ദർശനത്തിനു കൊതി ച്ചുകൊണ്ടിരിക്കുന്നവരാണ്. (52) എന്നെ നീ ഏതു വിധ ത്തിലാണോ കണ്ടത് ആ രീതിയിലുള്ള രൂപം വേദ ങ്ങൾകൊണ്ടോ തപസ്സുകൊണ്ടോ ദാനംകൊണ്ടോ യജ്ഞംകൊണ്ടോ കാണാൻ കഴിയുന്നതല്ല. (53)*[6]

6. യുദ്ധഭൂമിയിലെ അനേകം പേർ കണ്ടുവെന്ന് നേരത്തെ പറഞ്ഞ ഈ വിശ്വരൂപം ദേവ ന്മാർക്കുകൂടി കാണാൻ പ്രയാസമാണെന്നാണല്ലൊ ഈ പറഞ്ഞുവരുന്നത്. അവിടെയും നേരത്തെ പറഞ്ഞ വിധം വൈരുധ്യം ദൃശ്യമാണ്. (ഗീത 11.21, 22, 23. ഗീത 18.77 ശ്ലോക ങ്ങൾ ചേർത്തുവെച്ച് പഠിച്ചാൽ ഈ വൈരുധ്യം ബോധ്യപ്പെടും). രണ്ടാമത് 48-ാം ശ്ലോകത്തിലെ പ്രതിപാദ്യത്തിന്റെ ആവർത്തനവും നമുക്കിവിടെ കാണാം. ആർഷഗ്ര ന്ഥങ്ങളിൽ കാണാത്തതാണ് ഈ രീതി. പുനരുക്തിദോഷമുള്ളതിനാലും ഇവ പ്രക്ഷി പ്തമാകാനാണ് സാധ്യത. വിശ്വരൂപത്തിന്റെ മാഹാത്മ്യത്തെ പാരാട്ടാൻവേണ്ടി പര ത്തിപ്പറയുന്ന സ്ഥൂലചിന്തകൾ മാത്രമേ നമുക്കിവിടെ കാണാൻ കഴിയുന്നുള്ളൂ. ദ്വൈത സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ മാധ്വാചാര്യർ തന്റെ മഹാഭാരത താത്പര്യനിർണ യത്തിൽ എഴുതിയ വാക്കുകൾ ഇവിടെ സ്മരണീയമാണ്.

*'അധാർമികരായ ആളുകൾ ചില ഗ്രന്ഥങ്ങളിൽ കൂട്ടിച്ചേർപ്പുകൾ നടത്തുന്നു. അറിഞ്ഞോ അറിയാതെയോ ചില വരികൾ വിട്ടുകളയുന്നു, ചിലതിന് പകരം വൈരു ദ്ധ്യങ്ങൾ എഴുതിച്ചേർക്കുന്നു. അങ്ങനെ ഗ്രന്ഥങ്ങൾ- അവ പൂർണമായും നശിച്ചില്ലെ ങ്കിൽപ്പോലും ഉപയോഗശൂന്യമായിത്തീരുന്നു.'* (മഹാഭാരത താത്പര്യനിർണയം, അധ്യായം രണ്ട്)

അപ്പോൾപിന്നെ എങ്ങനെയാണ് ഭഗവത്സ്വരൂപം ദർശിക്കാൻ കഴിയുക? അതിനുത്തരമാണ് അടുത്ത ശ്ലോകം.

**54. ഭക്ത്യാ ത്വനന്യയാ ശക്യ അഹമേവംവിധോഽർജുന**
**ജ്ഞാതും ദ്രഷ്ടും ച തത്ത്വേന പ്രവേഷ്ടും ച പരന്തപ.**

*അർഥം: ഹേ പരന്തപാ! നീ കണ്ടതുപോലുള്ള എന്റെ വിശ്വരൂപത്തെ പരമാർഥമായി അറിയുന്നതിനും കാണുന്നതിനും പ്രാപിക്കുന്നതിനും ഏകാന്തഭക്തികൊണ്ട് സാധിക്കുന്നു.*

ഭാഷ്യം: ശ്രീരാമനുജാചാര്യൻ പറയുന്നത് '**മദ്ഭക്തിരഹിതൈ കേവലൈര്യർഥാവദവസ്ഥിതോഽഹം ദൃഷ്ടും ന ശക്യഃ**' എന്നാണ്. എന്നോടുള്ള ഭക്തി ഇല്ലാതെ വേദാദികളാൽ ഭഗവാനെ അറിയാൻ കഴിയുകയില്ല. 'ആചാരഹീനോ ന പുനന്തി വേദാഃ' എന്ന് സ്മൃതിയും പറയുന്നുണ്ട്. ഈ ശ്ലോകത്തിലെ '**തത്ത്വേന പ്രവേഷ്ടുമ്**' എന്ന പ്രയോഗം ജീവനും ബ്രഹ്മവും തമ്മിലുള്ള ഏകതയെക്കുറിക്കാനാണെന്ന് ചിലർ തെറ്റുധരിക്കുന്നു. ഗീതയുടെ പൂർവപരശ്ലോകാർഥ വിചിന്തനം നേരാംവണ്ണം ഉൾക്കൊള്ളാത്തതുകൊണ്ടാണ് ഇങ്ങനെ തോന്നുന്നത്. അത്തരത്തിലൊരു ചിന്തയ്ക്ക് ഇവിടെ പ്രസക്തിയേ ഇല്ലെന്നതിന് കൃത്യമായ ഉത്തരം അടുത്ത ശ്ലോകം പറയുന്നുണ്ട്. കാണുക:

**55. മത്കർമകൃന്മത് പരമോ മദ്ഭക്തഃ സങ്ഗവർജിതഃ**
**നിർവൈരഃ സർവഭൂതേഷു യഃ സ മാമേതി പാണ്ഡവ.**

*അർഥം: അല്ലയോ പാണ്ഡവ! ആരാണോ എനിക്കുവേണ്ടി കർമങ്ങൾ ചെയ്യുന്നത്, എന്നെത്തന്നെ പരമാശ്രയമായി കാണുന്നത്, എന്നിൽ ഭക്തിയോടിരിക്കുന്നത്, സകല ജീവികളോടും ദ്വേഷബുദ്ധിയില്ലാതെ ഇരിക്കുന്നത്, അവൻ എന്നെത്തന്നെ പ്രാപിക്കുന്നു.*

ഭാഷ്യം: കഴിഞ്ഞ ശ്ലോകത്തിൽ, '**പ്രവേഷ്ടു**' എന്നതിന് 'ആയിത്തീരുക' എന്ന് ചിലർ അർഥം കല്പിക്കുന്നുവെന്നു പറഞ്ഞുവല്ലോ. എങ്കിൽ

**'മത്കർമകൃത്'** എന്ന് ഈ ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നു. ജീവ-ബ്രഹ്മ ഐക്യം വന്നുകഴിഞ്ഞെങ്കിൽ കർമത്തിന്റെ വിധാനം ഒരിക്കലും കാണാൻ സാധിക്കുകയില്ല. കാരണം സ്വയംബ്രഹ്മമായിത്തീരുന്ന 'മിഥ്യാ'വാദികളുടെ അഭിപ്രായത്തിൽ ജീവൻ കർമം ചെയ്തുകൊണ്ടല്ല, മറിച്ച് ജ്ഞാനംകൊണ്ടാണല്ലോ ബ്രഹ്മമായിത്തീരുന്നത്? എന്നാലിവിടെ വിശ്വരൂപപ്രാപ്തി കർമംകൊണ്ട് സാധിക്കുമെന്ന് വർണിച്ചിരിക്കുന്നു. എന്നാൽ 'വിശ്വ'മേ മിഥ്യയാണെങ്കിൽ പിന്നെ ആ വിശ്വരൂപത്തിൽ പ്രവേശിക്കുന്നതിന് എന്ത് അർഥമാണുള്ളത്?!

ചോദ്യം: **'സ മാമേതി പാണ്ഡവ'** എന്ന വാക്യത്തിൽ പരമാത്മാവിനെ പ്രാപിക്കുന്നുവെന്ന് - അതായത് പരമാത്മാവിനോടൊത്തുള്ള ജീവന്റെ അർഥഭേദം വ്യക്തമാക്കിയിട്ടുണ്ടെന്നിരിക്കെ ജീവ-ബ്രഹ്മ അഭേദം ഇല്ലെന്ന വാദം ശരിയാണോ?

ഉത്തരം: 'മാമേതി' എന്നതിന് ഭേദമില്ലെന്ന് അല്ല അർഥം. കാരണം 'ദേവദത്തോ ഗ്രാമമേതി' എന്നതിനർഥം ദേവദത്തൻ ഗ്രാമത്തിലെത്തി എന്നല്ലെ? അപ്പോൾ ദേവദത്തൻ വേറെ, ഗ്രാമം വേറെ. ഇവ രണ്ടും ഒന്നാണെന്നർഥമില്ലതന്നെ. ശ്രീരാമാനുജാചാര്യൻ പറയുന്നത് കേൾക്കുക:

**'യ ഏവം ഭൂതഃ സ മാമേതി മാം യഥാവദവസ്ഥിതം പ്രാപ്നോതി നിരസ്താവിദ്യാദ്യശേഷദോഷഗന്ധോ മദേകാനുഭവ രൂപോ ഭവതീത്യർഥഃ'**

അർഥം: നേരത്തെ പറഞ്ഞതുപോലെ എനിക്കായി കർമങ്ങൾ ചെയ്യുന്നവൻ എന്റെ സ്വരൂപത്തെ പ്രാപിക്കുന്നു. അതായത് അവിദ്യാദി സമ്പൂർണദോഷങ്ങളിൽനിന്നും മുക്തനായി ഏകമാത്രനായ എന്നെ (പരമേശ്വരനെത്തന്നെ) അനുഭവിക്കുന്നുവെന്നാണ് 'മാമേതി' എന്നതിനർഥം. കർമങ്ങൾ അസ്തമിച്ച് ജീവ-ബ്രഹ്മ ഐക്യം പ്രാപ്തമായെങ്കിൽപിന്നെ ഈ പ്രസ്താവന അനാവശ്യമാണെന്നു വരും. എന്നാൽ ഭക്തിയുടെ പ്രാധാന്യത്തെക്കുറിക്കുന്ന പ്രധാനപ്പെട്ട ശ്ലോകമായതിനാൽ ഇത് പ്രക്ഷിപ്തമല്ലതാനും.

പരമാത്മാവിന്റെ വിശ്വരൂപത്തെ അറിയാൻ യമനിയമങ്ങൾ പാലിക്കണമെന്ന് സുവ്യക്തമായി ഈ ശ്ലോകത്തിൽ പറയുന്നു. '**സംഗവർജിതഃ**', '**നിർവൈരഃ**' എന്നീ രണ്ടു പദങ്ങൾ അതാണ് കാണിക്കുന്നത്. ആസക്തിരഹിതനായും വൈരത്യാഗിയായും ഇരിക്കുക എന്നർഥം. ഇതിന് വേണ്ടത് പരമാത്മാവിനോടുള്ള ഏകാന്തഭക്തിയാണ്. അനന്യമായ ഈശ്വരഭക്തി ഇല്ലാത്തവർക്കു മാത്രമേ അന്യവസ്തുക്കളിൽ ആസക്തിയും അത് ലഭിക്കാതിരിക്കുമ്പോൾ മറ്റുള്ളവരോട് ദ്വേഷവും ഉണ്ടാകൂ. തന്റെ കർമങ്ങളെല്ലാം അനന്യഭക്തിയാൽ പരമേശ്വരന് സമർപ്പിക്കുന്ന അർജുനന്മാർക്ക് വിശ്വരൂപദർശനം ഉണ്ടാകുമെന്ന് ചുരുക്കം.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു*
*ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ*
*ശ്രീകൃഷ്ണാർജുനസംവാദേ*
*വിശ്വരൂപദർശനയോഗോ നാമ*
*ഏകാദശോഽധ്യായഃ*

**ഇങ്ങനെ പതിനൊന്നാം അധ്യായം സമാപിച്ചു.**



## അധ്യായം പന്ത്രണ്ട്

# ഭക്തിയോഗം

അഥ ദ്വാദശോഽധ്യായഃ

# ഭക്തിയോഗം

**അർജുന ഉവാച:**

**1. ഏവം സതതയുക്താ യേ ഭക്താസ്ത്വാം പര്യുപാസതേ**
**യേ ചാപ്യക്ഷരമവ്യക്തം തേഷാം കേ യോഗവിത്തമാഃ.**

*അർഥം: അർജുനൻ പറഞ്ഞു, ഇങ്ങനെ ചിത്തത്തെ സ്ഥിരമാക്കിയ ഭക്തർ ശ്രദ്ധയോടെ അങ്ങയെത്തന്നെ ഉപാസിക്കുന്നു. വേറെ ചിലർ അക്ഷരപരമാത്മാവിനെയും ഉപാസിക്കുന്നു. ഇതിൽ ആരാണ് യോഗശ്രേഷ്ഠരായവർ?*

ഭാഷ്യം: ഇവിടെ നിർഗുണ-സഗുണ ഉപാസനകളുടെ ശ്രേഷ്ഠതയെ കണ്ടെത്താൻ ശ്രമിക്കുകയാണ് അർജുനൻ. ഗീതയിൽ 'ആത്മ ച്ഛബ്ദ'വാച്യം സഗുണമായും നിർഗുണമായും ഉപയോഗിച്ചിട്ടുണ്ട്. അതും, ഞാനെന്നും എന്റേതെന്നും പറയുന്നിടത്തും ശ്രീകൃഷ്ണൻ ചില പ്പോൾ നിർഗുണമായും ചിലപ്പോൾ സഗുണമായും വർണിക്കുന്നുണ്ട്.

ചോദ്യം: വൈദികധർമത്തിൽ സർവഥാ നിർവിശേഷമായിട്ടാണ് വർണിച്ചിട്ടുള്ളതെന്നിരിക്കെ പിന്നെന്തിന് പരസ്പരവിരുദ്ധമെന്ന് തോന്നാ വുന്ന സഗുണനിർഗുണങ്ങൾ ബ്രഹ്മത്തിൽ ആരോപിക്കുന്നു.

ഉത്തരം: വൈദികധർമം ബ്രഹ്മത്തെ സവിശേഷമായും നിർവിശേഷമായും കാണുന്നില്ലെന്ന് കരുതുന്നത് തെറ്റാണ്. ബ്രഹ്മം വിശേഷയുക്തമാകുമ്പോൾ സവിശേഷവും വിശേഷണരഹിതമാകുമ്പോൾ നിർവിശേഷവുമാണ്. '**അപാണിപാദഃ**' (ശ്വേതാശ്വതരോപനിഷത്ത് 3.16) ഇത്യാദി വാക്യങ്ങളാൽ നിർവിശേഷബ്രഹ്മത്തെയും '**സത്യം ജ്ഞാനമനന്തം ബ്രഹ്മം**' ഇത്യാദി വാക്യങ്ങളാൽ സവിശേഷബ്രഹ്മത്തെയുമാണ് വർണിക്കുന്നത്. പ്രാകൃതധർമരഹിതനാകുമ്പോൾ നിർവിശേഷമാകും. സ്വധർമസഹിതമാകുമ്പോൾ സവിശേഷവുമായിത്തീരുന്നു. ഇതിൽ പരസ്പരവിരോധമില്ലതന്നെ.

എന്നാൽ ഇതിൽ വിരുദ്ധധർമങ്ങൾ ചിത്രീകരിച്ച് സാകാരനായി വിവരിക്കുമ്പോഴാണ് പരസ്പരവൈരുദ്ധ്യം ഉണ്ടാകുന്നത്. നിരാകാരനായ ബ്രഹ്മത്തിൽ പരസ്പരവിരുദ്ധമായ സഗുണനിർഗുണങ്ങൾ ഒരുമിച്ച് വസിക്കുകയില്ല. ഈശ്വരനിൽ പരസ്പരവിരുദ്ധധർമമില്ല. അപ്പോൾ അക്ഷരബ്രഹ്മത്തിൽനിന്നും ഉപരിയായി മൂർത്തിരൂപത്തിലുള്ള ശ്രീകൃഷ്ണോപാസന ശ്രേഷ്ഠമെന്ന് ഭഗവാൻ പറയുന്നുണ്ടോ?

ഇല്ല. യോഗദർശനത്തിൽ പറഞ്ഞിരിക്കുന്ന രണ്ടുവിധം അസംപ്രജ്ഞാതസമാധികളിലുള്ള വ്യത്യാസത്തെയാണ് ഭഗവാൻ ഇവിടെ വിവരിക്കുന്നത്. ആദ്യവഴിയിൽ സംപ്രജ്ഞാതസമാധിയിലൂടെ ശ്രദ്ധയെ വർധിപ്പിച്ച് അതിലൂടെ സിദ്ധിക്കുന്ന വൈരാഗ്യത്തെ ആശ്രയിച്ച് പരമാത്മാവിനെ ധ്യാനിക്കുമ്പോൾ പരമാത്മാവിന്റെ സച്ചിദാനന്ദാദി ഗുണങ്ങൾ നിലനിൽക്കുന്നു. എന്നാൽ, ആലംബനരഹിതമായി നേരിട്ട് അക്ഷരബ്രഹ്മത്തിൽ അസംപ്രജ്ഞാതയോഗത്തിനായി പ്രയത്നിക്കുന്നതാണ് രണ്ടാമത്തേത്. ഈ ആശയത്തിലാണ് അക്ഷരബ്രഹ്മപ്രാപ്തിയുടെ മാർഗം ക്ലിഷ്ടമാണെന്ന് പറയുന്നത്. പരമാത്മാവിനെ സച്ചിദാനന്ദാദിവിശേഷണങ്ങളോടെ ഉപാസിക്കുമ്പോൾ ക്ലിഷ്ടതയൊന്നും അനുഭവപ്പെടുകയില്ല. എന്നാൽ പരമാത്മാവിന്റെ സമസ്തഗുണങ്ങളും മറന്നുകൊണ്ട് അദ്ദേഹത്തിന്റെ അക്ഷരസ്വരൂപത്തിൽ ചിത്തവൃത്തികളെ നിരോധിക്കൽ അല്പം ബുദ്ധിമുട്ടുള്ള കാര്യമാണ്.

ഗീതയിൽതന്നെ **'കവിം പുരാണമനുശാസിതാരമണോരണീയാംസം'** (ഗീത 8.9) – 'സർവജ്ഞനും, അനാദിയും സർവനിയന്താവും അണുവിലെ അണുവുമായ പരമാത്മാവിനെ' **'യദക്ഷരം വേദവിദോ വദന്തി'** (ഗീത 8.11) – 'വേദവിത്തുക്കൾ അക്ഷരബ്രഹ്മമെന്ന് അറിയുന്നു'ണ്ടെന്ന് വിശേഷിപ്പിച്ചത് നാം നേരത്തെ കണ്ടതാണ്.

കൂടാതെ,

**മത്കർമകൃൻമത്പരമോ മദ്ഭക്തഃ സംഗവർജിതഃ**
**നിർവൈരഃ സർവഭൂതേഷു യഃ സ മാമേതി പാണ്ഡവ.** (ഗീത 11.55)

സമസ്തകർമങ്ങളും എന്നിലർപ്പിച്ച്, എന്നെ നേടുക എന്നത് പരമലക്ഷ്യമാക്കി ആസക്തിയോ വൈരമോ ഇല്ലാതെ സർവതിലും എന്നെ കണ്ടുകൊണ്ട് ഭജിക്കുന്നവർ എന്നെത്തന്നെ പ്രാപിക്കുന്നുവെന്ന് കഴിഞ്ഞ അധ്യായത്തിലും പറഞ്ഞിരിക്കുന്നു. ഒന്നാമത്തേത് നിർഗുണോപാസനയാണെങ്കിൽ രണ്ടാമത്തേത് സഗുണോപാസനയാണ്.

**ശ്രീഭഗവാനുവാച:**

2. **മയ്യാവേശ്യ മനോ യേ മാം നിത്യയുക്താ ഉപാസതേ**
**ശ്രദ്ധയാ പരയോപേതാസ്തേ മേ യുക്തതമാ മതാഃ.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, എന്നിൽതന്നെ മനസ്സുറപ്പിച്ച് നിത്യവും യോഗവിദ്യ അനുഷ്ഠിക്കുന്ന സാധകർ – ആ വിധത്തിൽ പരമശ്രദ്ധയോടെ എന്നെ ഉപാസിക്കുന്നവർ ഉത്തമയോഗികൾതന്നെയാണ്.*

ഭാഷ്യം: 'അഹം' ശബ്ദം പരമാത്മാവിനെ കുറിക്കാനുള്ളതാണിവിടെ. സവിശേഷവാദക്കാരും നിർവിശേഷവാദക്കാരും ഒരേപോലെ ഇത് അംഗീകരിക്കുന്നുണ്ട്. 'അസ്മച്ഛബ്ദം'കൊണ്ട് ശ്രീകൃഷ്ണൻ ഇവിടെ സഗുണബ്രഹ്മത്തെയാണ് നിരൂപണം ചെയ്യുന്നത്. **'പരയാ ശ്രദ്ധയാ'** എന്ന പ്രയോഗമാണ് ഈ ശ്ലോകത്തിൽ ഏറ്റവും ശ്രദ്ധിക്കേണ്ടത്. മുൻപ് വിശ്വരൂപദർശനയോഗത്തിൽ ഈ ശ്രദ്ധയെക്കുറിച്ച് നാം ചർച്ച ചെയ്തതാണ്. വ്യാസമഹർഷി യോഗസൂത്രഭാഷ്യത്തിൽ 'അമ്മയെപ്പോലെ

കല്യാണകാരിയാണ് ശ്രദ്ധ' എന്നു പറഞ്ഞതായി സൂചിപ്പിച്ചിരുന്നു. ഇവിടെയും അതേ ശ്രദ്ധയെക്കുറിച്ചുതന്നെയാണ് പരാമർശം.

അസംപ്രജ്ഞാത സമാധി രണ്ടുവിധമുണ്ടെന്ന് യോഗദർശനത്തിൽ പറയുന്നു. ആദ്യത്തേത് ഉപായപ്രത്യയവും രണ്ടാമത്തേത് ഭവപ്രത്യയവും. ഇതിൽ ആദ്യത്തെ, ഉപായപ്രത്യയമാണ് ഈ ശ്ലോകത്തിലെ ചർച്ചാവിഷയം. അർജുനനെപ്പോലെ ഈ ജന്മത്തിൽ യോഗമാർഗത്തിലേക്ക് അനുപ്രവേശിക്കപ്പെട്ടവർക്കുള്ള മാർഗം ഇതാണ്. ഇതിനാകട്ടെ ഏറ്റവും പ്രധാനമായി വേണ്ടത് ശ്രദ്ധയും. ഭവപ്രത്യയത്തെ അപേക്ഷിച്ച് തുടക്കക്കാർക്ക് യോജിച്ചതും ക്ലേശങ്ങൾ നന്നേ കുറവായതുമായ വഴി ഇതാണ്. ഇത് സഗുണോപാസനയാണ്.

അല്ലാതെ, സഗുണോപാസന എന്നതുകൊണ്ട് ശ്രീകൃഷ്ണൻ തന്റെ ശരീരരൂപത്തെ ഉപാസിക്കണമെന്നല്ല പറയുന്നത്. ഒരുപക്ഷേ അത്തരമൊരു ചിന്ത ഭഗവാൻ ശ്രീകൃഷ്ണനുണ്ടായിരുന്നുവെങ്കിൽ അക്ഷരബ്രഹ്മത്തിന്റെ ഉപാസനതന്നെ ഗീതയിൽ പറയേണ്ട ആവശ്യമില്ലായിരുന്നുവല്ലോ. മാത്രവുമല്ല

**'സർവേന്ദ്രിയഗുണാഭാസം സർവേന്ദ്രിയവിവർജിതമ്'** (ഗീത 13.14)

എന്നീ ശ്ലോകങ്ങളിലൂടെ ബ്രഹ്മത്തെ സർവ ധർമങ്ങളാലും രഹിതമായി വർണിക്കുകയുമില്ലായിരുന്നുവല്ലോ. തുടർന്നുവരുന്ന രണ്ടു ശ്ലോകങ്ങൾകൂടി ശ്രദ്ധയോടുകൂടി പഠിച്ചാൽ ഇത് മനസ്സിലാകും.

3. **യേ ത്വക്ഷരമനിർദേശ്യമവ്യക്തം പര്യുപാസതേ**
   **സർവത്രഗമചിന്ത്യം ച കൂടസ്ഥമചലം ധ്രുവമ്.**

4. **സന്നിയമ്യേന്ദ്രിയഗ്രാമം സർവത്ര സമബുദ്ധയഃ**
   **തേ പ്രാപ്നുവന്തി മാമേവ സർവഭൂതഹിതേ രതാഃ.**

*അർഥം: സർവജീവജാലങ്ങൾക്കും നല്ലതുമാത്രം ചെയ്യുന്നതിൽ തത്പരനായി, സർവത്ര സമബുദ്ധിവെച്ച്, എല്ലാ ഇന്ദ്രിയങ്ങളെയും സംയമം ചെയ്ത് അവ്യക്തവും അചിന്ത്യവും അവർണനീയവും സർവവ്യാപകനും എല്ലാറ്റിനും ഉപരി*

*യായി വർത്തിക്കുന്നവനും അചഞ്ചലനും സ്ഥിരനും അവിനാശിയുമായ ബ്രഹ്മത്തെ ഉപാസിക്കുന്നവരും എന്നെത്തന്നെ പ്രാപിക്കുന്നു. (3, 4)*

5. **ക്ലേശോ/ധികതരസ്തേഷാമവ്യക്താസക്തചേതസാം**
**അവ്യക്താ ഹി ഗതിർദുഃഖം ദേഹവദ്ഭിരവാപ്യതേ.**

*അർഥം: അവ്യക്തോപാസകരിൽ, ദേഹാഭിമാനികൾ ദുഃഖത്തെ പ്രാപിക്കുന്നു. എന്നാൽ, അതിനേക്കാൾ അധികം ക്ലേശം അവ്യക്തമായ പ്രകൃതിയിൽ ആസക്തചിത്തരായവർക്കു വന്നുചേരുന്നു.*

ഭാഷ്യം: ഈ ശ്ലോകത്തിന് അർഥം പറയുമ്പോൾ എല്ലാ വ്യാഖ്യാതാക്കളും ഇതിലെ രണ്ട് അവ്യക്തശബ്ദങ്ങളെ രണ്ടായി കണക്കിലെടുക്കാതെ കേവലം ബ്രഹ്മമെന്ന അർഥം രണ്ടിനും സ്വീകരിച്ചുകാണുന്നു. ശ്ലോകത്തെ അന്വയിച്ചാലും രണ്ട് അവ്യക്തമുള്ളത് വ്യക്തമാണ്. ഒന്ന് ബ്രഹ്മമാണെങ്കിൽ മറ്റേത് ഇവിടെ മൂലപ്രകൃതിയാണ്. ഇവിടത്തെ പ്രകരണം യോഗദർശനത്തിലെ അസംപ്രജ്ഞാതസമാധിയെക്കുറിച്ചുള്ള വിശദീകരണമാണ് എന്നത് മനസ്സിലാകുമ്പോഴേ ശ്ലോകത്തിന്റെ യഥാർഥ അർഥത്തെ കണ്ടെത്താനാവൂ.

രണ്ടുതരം അസംപ്രജ്ഞാതസമാധികളുള്ളതിൽ രണ്ടാമത്തെ, ഭവപ്രത്യയത്തെക്കുറിച്ച് യോഗദർശനത്തിൽ പറയുന്നത് കാണുക:

**ഭവപ്രത്യയോ വിദേഹപ്രകൃതിലയാനാമ്.** (യോഗദർശനം 1.19)

അതായത് ഭവപ്രത്യയത്തിൽതന്നെ രണ്ട് വിഭാഗം യോഗികളുണ്ട്. ഒന്ന് വിദേഹന്മാർ. രണ്ട് പ്രകൃതിലയന്മാർ.

ഭവപ്രത്യയമെന്നാൽ വ്യക്തരൂപത്തിലിരിക്കുന്ന പ്രപഞ്ചത്തെക്കുറിച്ചുള്ള ജ്ഞാനം എന്നർഥം. ഈ ജഗത്തിന്റെ നശ്വരതയെക്കുറിച്ചുള്ള ജ്ഞാനം ജന്മനാ സിദ്ധിച്ചവരാണ് ഇക്കൂട്ടർ. മുജ്ജന്മത്തിലെ വേദാധ്യയനവും യജ്ഞാനുഷ്ഠാനവും യോഗാഭ്യാസവുമെല്ലാം ഇതിന് കാരണമാണ്. ജ്ഞാനവിജ്ഞാനയോഗത്തിൽ വിവരിച്ച 'ജ്ഞാനികൾ' ഇവ

രാണ്. അവിടെ, 'അനേകം ജന്മങ്ങൾക്കൊടുവിൽ ജ്ഞാനവാനായി എന്നെ പ്രാപിക്കുന്നു' എന്നു പറഞ്ഞതോർക്കുക.[1] അത്തരത്തിലുള്ളവർ അക്ഷരബ്രഹ്മത്തെ ഉപാസിക്കുന്നുവെന്നും അവിടെ പറഞ്ഞുവെച്ചതാണ്. ഇതുതന്നെയാണ് ഇവിടെ പറയുന്ന അവ്യക്തോപാസന. ശ്ലോകം മൂന്നിലും നാലിലും വിവരിച്ചത് ഇവരുടെ സ്വഭാവത്തെയാണ്. ഇത് കൂടുതൽ മനസ്സിലാകണമെങ്കിൽ മുൻപറഞ്ഞ പാതഞ്ജലയോഗസൂത്രത്തിന് വ്യാസമഹർഷി എഴുതിയ ഭാഷ്യം പഠിക്കണം. എന്നാലേ ഈ ശ്ലോകത്തിൽ (ശ്ലോകം 5ൽ) ശ്രീകൃഷ്ണൻ ഉദ്ദേശിക്കുന്നത് എന്ത് എന്നു വ്യക്തമാകൂ.

> **'വിദേഹാനാം ദേവാനാം ഭവപ്രത്യയഃ. തേ ഹി സ്വസംസ്കാരമാത്രോപയോഗേന ചിത്തേന കൈവല്യപദമിവാനുഭവന്തഃ സ്വസംസ്കാരവിപാകം തഥാജാതീയകമതിവാഹയന്തി. തഥാ പ്രകൃതിലയാഃ സാധികാരേ ചേതസി പ്രകൃതിലീനേ കൈവല്യപദമിവാനുഭവന്തി, യാവന്ന പുരാവർതതേ/ധികാരവശാഞ്ചിത്തമിതി.'**

(യോഗദർശനം 1.19 വ്യാസഭാഷ്യം)

അർഥം: വിദേഹരെന്നു പേരുള്ള ദേവന്മാർക്ക് ഭവപ്രത്യയമെന്ന അസംപ്രജ്ഞാതസമാധിയാണ് ഉണ്ടാവുന്നത്. അവർ തങ്ങളുടെ സംസ്കാരം അവശേഷിക്കുന്ന ചിത്തത്താൽ കൈവല്യപദത്തെപ്പോലെ അനുഭവിക്കുകയും സംസ്കാരത്തിന് അനുരൂപമായ ഫലങ്ങളെ ഭോഗിക്കുന്നത് അവസാനിപ്പിക്കുകയും ചെയ്യുന്നു. അതേപോലെതന്നെ പ്രകൃതിലയർ അകൃതകൃത്യമായ തങ്ങളുടെ ചിത്തത്തിന്റെ പ്രകൃതിയിലുള്ള ലീനതയിൽനിന്നും കൈവല്യപദംപോലെ അനുഭവിക്കുന്നു. എത്രത്തോളം കാലം അവരുടെ ചിത്തം, ഭോഗാപവർഗങ്ങൾക്ക് കാരണമാകാത്തതിനാൽ ലൗകികസ്ഥിതിയിൽ വീണ്ടും തിരിച്ചെത്തുന്നില്ലയോ അത്രയും കാലം ആ അനുഭവം അവർക്കുണ്ടാകുന്നു.

'അവ്യക്ത'ത്തെക്കൂടാതെ ഗീതാകാരൻ പ്രയോഗിച്ച മറ്റ് രണ്ടു പദങ്ങളുടെ യഥാർഥ അർഥത്തെ ഈ സൂത്രഭാഷ്യത്തിൽനിന്നും കണ്ടെത്താനാകും.

---

1. *'ബഹൂനാം ജന്മനാമന്തേ ജ്ഞാനവാന്മാം പ്രപദ്യതേ'* (ഗീത 7.19)

1. **'ദേഹവദ്ഭിഃ.'**

2. **'ആസക്തചേതസാം.'**

ഗീതാശ്ലോകത്തിലെ ഈ രണ്ടു പദങ്ങൾ യഥാക്രമം വിദേഹ ന്മാരുമായും പ്രകൃതിലയന്മാരുമായും ബന്ധപ്പെട്ടുകിടക്കുന്നവയാണ്. പാതഞ്ജലയോഗസൂത്രത്തിലെ '**വിദേഹ**'ശബ്ദത്തിനർഥം ദേഹാഭിമാ നമില്ലാത്തവൻ എന്നാണ്. എന്നാൽ ദേഹാഭിമാനത്തോടുകൂടിയവൻ ആ അവ്യക്തോപാസനാമാർഗം സ്വീകരിക്കുമ്പോൾ അവനെയാണ് '**ദേഹ വത്**' എന്ന് ഗീതാശ്ലോകത്തിൽ വിളിച്ചത്.

പ്രകൃതിലയന്മാർ '**സാധികാര ചേതസന്മാർ**' ആണെന്ന് യോഗസൂ ത്രഭാഷ്യത്തിൽ വ്യാസമഹർഷി പറഞ്ഞുകാണുന്നു. ആ പദത്തിന് നേർവിപരീതമായാണ് ഗീതയിൽ '**ആസക്തചേതസൻ**' എന്നു പ്രയോ ഗിച്ചത്. തന്മാത്ര, അഹങ്കാരം, മഹത്തത്ത്വം, മൂലപ്രകൃതി എന്നിവയുടെ സ്വരൂപത്തെ അറിയുകയും ആ തത്ത്വങ്ങളുടെ ഗുണദോഷങ്ങളെ മന സ്സിലാക്കുകയും അവയെ ഉപാസ്യയോഗ്യമല്ലെന്ന് മനസ്സിലാക്കി ഈ ശ്വരനെ ഉപാസ്യനായി അറിഞ്ഞ് ഉപാസിക്കുന്നവരാണ് പ്രകൃതിലയ ന്മാർ. എന്നാൽ മിഥ്യാജ്ഞാനത്താൽ മൂലപ്രകൃതി, മഹത്തത്ത്വം തുട ങ്ങിയ അവ്യക്തങ്ങളിൽ ആസക്തി വന്നുപെടുകയാണെങ്കിൽ അവർക്ക് അവ്യക്തമായ പരമേശ്വരനെ പ്രാപിക്കാൻ കഴിയാതെ വരുന്നു. അവ്യ ക്താസക്തചേതസൻ എന്ന് ഗീതയിൽ പ്രയോഗിച്ചതും ഈ അവ്യക്ത ത്തിൽ (മൂലപ്രകൃതി, മഹത്തത്ത്വം തുടങ്ങിയവയിൽ) ആസക്തി ജനി ച്ചവരെക്കുറിച്ചാണ്. അല്ലാതെ ഒട്ടുമിക്ക വ്യാഖ്യാതാക്കളും പറയുന്നതു പോലെ ബ്രഹ്മത്തിൽ ആസക്തിപൂണ്ടവരല്ല.

ചുരുക്കത്തിൽപ്പറഞ്ഞാൽ ഈ രണ്ട് നിർഗുണോപാസകരിൽ മിഥ്യാ ജ്ഞാനം വന്നുപെടുകയാണെങ്കിൽ വിദേഹമാർഗികളെ അപേക്ഷിച്ച് കൂടുതൽ ക്ലേശം അനുഭവിക്കേണ്ടിവരിക പ്രകൃതിലയമാർഗികളായി രിക്കും എന്നാണ് ഭഗവാൻ ശ്രീകൃഷ്ണൻ ഈ ഗീതാശ്ലോകത്തിലൂടെ വിവരിക്കുന്നത്.

ജന്മനാ സിദ്ധരല്ലാത്ത ഉപാസകർക്ക് യോജിച്ച മാർഗം സഗുണോ പാസനതന്നെയാണെന്നാണ് ഇതുവരെ ശ്രീകൃഷ്ണൻ പറഞ്ഞതിന്റെ

പൊരുൾ. മാംസചക്ഷുസ്സുകൊണ്ട് നേരിട്ടുകാണാത്ത അവ്യക്തനായ പരമേശ്വരനെ ഉപാസിച്ചുനേടുന്നതിന് പരവൈരാഗ്യം വേണം. ഇതില്ലാത്തവർ നിർഗുണോപാസനയുടെ വഴിയെ നടന്നാൽ അതവരെ അന്ധകാരലോകത്തേക്കു നയിക്കും. എന്നാൽ, ഈ സഗുണോപാസന കൈയും കാലും മുഖവുമുള്ള പ്രതിമയുടെ ഉപാസനയാണെന്ന് പലരും തെറ്റുധരിക്കുന്നു. യോഗശാസ്ത്രമായ ഗീതയുടെ ഭാവം അതല്ല. മറിച്ച്, പാതഞ്ജലയോഗസാധനയാണ് ഗീതാഹൃദയത്തിൽ പ്രകാശിക്കുന്നത്.

**6. യേ തു സർവാണി കർമാണി മയി സന്ന്യസ്യ മത്പരാഃ**
**അനന്യേനൈവ യോഗേന മാം ധ്യായന്ത ഉപാസതേ.**

**7. തേഷാമഹം സമുദ്ധർതാ മൃത്യുസംസാരസാഗരാത്**
**ഭവാമി നചിരാത്പാർഥ മയ്യാവേശിതചേതസാമ്.**

*അർഥം: അല്ലയോ അർജുനാ! സകലകർമങ്ങളെയും എന്നിലർപ്പിച്ച് ഉള്ളിൽ ഈശ്വരനോടുള്ള അനന്യമായ ഭക്തി നിറച്ച് ധ്യാനിച്ചുകൊണ്ട് നിർലീനനായി എന്നെ ഉപാസിക്കുന്നവരെ മൃത്യുരൂപമായ ഈ സംസാരസാഗരത്തിൽനിന്ന് ഞാൻ ഉടനെ പൂർണമായും സമുദ്ധരിക്കുന്നതാണ്. (6, 7)*

**8. മയ്യേവ മന ആധത്സ്വ മയി ബുദ്ധിം നിവേശയ**
**നിവസിഷ്യസി മയ്യേവ അത ഊർധ്വം ന സംശയഃ.**

*അർഥം: എന്നിൽതന്നെ മനസ്സും ബുദ്ധിയും ഉറപ്പിച്ചുകഴിഞ്ഞാൽ മേലിലും നീ എന്നിൽതന്നെ വസിക്കുമെന്ന കാര്യത്തിൽ സംശയംവേണ്ട.*

**9. അഥ ചിത്തം സമാധാതും ന ശക്നോഷി മയി സ്ഥിരമ്**
**അഭ്യാസയോഗേന തതോ മാമിച്ഛാപ്തും ധനഞ്ജയ.**

**10. അഭ്യാസേഽപ്യസമർഥോഽസി മത്കർമപരമോ ഭവ**
**മദർഥമപി കർമാണി കുർവൻ സിദ്ധിമവാപ്സ്യസി.**

*അർഥം: അല്ലയോ ധനഞ്ജയ, ചിത്തത്തെ എന്നിൽതന്നെ സ്ഥിര മാക്കാൻ നിനക്ക് കഴിയുന്നില്ലെങ്കിൽ അഭ്യാസയോഗം കൊണ്ട് എന്നെ പ്രാപിക്കാൻ പ്രയത്നിക്കുക. (9) യോഗാഭ്യാസത്തിലും നിനക്ക് കഴിയുന്നില്ലെങ്കിൽ, എനിക്കുവേണ്ടി കർമങ്ങൾ ചെയ്യുന്നവനായിത്തീരുക. നിന്റെ സർവകർമങ്ങളും എന്നിൽതന്നെ അർപ്പിച്ചുകൊണ്ട് ചെയ്യുക. നിനക്ക് എന്നെ സിദ്ധിക്കും. (10)*

ഭാഷ്യം: യോഗശാസ്ത്രമനുസരിച്ച് ദുഃഖങ്ങൾ നൽകുന്ന അഞ്ച് ക്ലേശ ങ്ങൾ ഉണ്ട്. അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നിങ്ങ നെ.[2] ഇവ ഇല്ലാതായാൽ മാത്രമേ ചിത്തസ്ഥിരത കൈവരികയുള്ളൂ. എന്നാൽ പ്രമാണം, വിപര്യയം, വികല്പം, നിദ്ര, സ്മൃതി എന്നീ അഞ്ച് ചിത്തവൃത്തികൾകാരണം ചിത്തത്തിന് സ്ഥിരത ലഭിക്കുന്നില്ല. ഈ വൃത്തികളെ ഇല്ലാതാക്കാൻ അഭ്യാസം, വൈരാഗ്യം എന്നിവ വേണമെ മന്ന് പതഞ്ജലി പറയുന്നു. **'അഭ്യാസവൈരാഗ്യാഭ്യാം തന്നിരോധഃ'** (യോഗസൂത്രം 1.12) ചിത്തം സ്ഥിരമാക്കുന്നതിനുള്ള നിരന്തരമായ പ്രയ ത്നമാണ് അഭ്യാസമെന്നും പതഞ്ജലി വിശദീകരിക്കുന്നു. കാണുക:

**തത്ര സ്ഥിതൗ യത്നോഽഭ്യാസഃ** (യോഗസൂത്രം 1.13)

ഇത്തരത്തിലുള്ള അഭ്യാസത്തിന് ത്രാണിയില്ലെങ്കിൽ യജുർവേദം പറഞ്ഞപോലെ, **'കുർവന്നേ വേഹ കർമാണി ജിജീവിഷേച്ഛതം സമാഃ'** (40.2) – 'ഒട്ടും സ്വാർഥതയില്ലാതെ കർമങ്ങൾ അനുഷ്ഠിച്ച് നൂറുവർഷം ജീവിക്കുക' എന്ന കാഴ്ചപ്പാടും അർജുനനു സ്വീകരിക്കാമെന്ന് ഭഗവാൻ ഇവിടെ ഓർമപ്പെടുത്തുന്നു.

11. **അഥൈതദപ്യശക്തോഽസി കർതും മദ്യോഗമാശ്രിതഃ**
**സർവകർമഫലത്യാഗം തതഃ കുരു യതാത്മവാൻ.**

*അർഥം: ഇതും നിനക്ക് സാധിക്കുന്നില്ലെങ്കിൽ എന്റെ യോഗത്തെ ആശ്രയിച്ച് സർവകർമങ്ങളുടെയും ഫലത്തെ ത്യജിക്കാൻ ശ്രമിക്കുക.*

2. യോഗസൂത്രം 2.3 കാണുക

ഭാഷ്യം: 'മദ്യോഗം' എന്നാൽ പരമാത്മപരായണനായിത്തീർന്ന് ഏക മാത്രനായ പരമാത്മാവിനെ ആശ്രയിച്ച് സമസ്ത കർമങ്ങളുടെയും ഫലത്തെ ത്യജിക്കുക. കർമഫലത്തിൽ അധികാരി താനല്ല എന്ന ഭാവ ത്തോടെ സകലകർമങ്ങളും ഈശ്വരഭക്തിയോടെ ചെയ്യുക. ആ കർമ ഫലത്യാഗത്തിന്റെ മഹത്വത്തെക്കുറിച്ചാണ് അടുത്ത ശ്ലോകത്തിൽ പറ യുന്നത്.

12. **ശ്രേയോ ഹി ജ്ഞാനമഭ്യാസാത് ജ്ഞാനാദ്ധ്യാനം വിശിഷ്യതേ**
**ധ്യാനാത് കർമഫലത്യാഗസ്ത്യാഗാച്ഛാന്തിരനന്തരമ്.**

*അർഥം: തീർച്ചയായും അഭ്യാസത്തേക്കാൾ ജ്ഞാനം ശ്രേഷ്ഠമാകുന്നു. ജ്ഞാനത്തെ അപേക്ഷിച്ച് ധ്യാനം വിശേഷപ്പെട്ടതാകുന്നു. ധ്യാനത്തേക്കാൾ കർമഫലത്യാഗവും ശ്രേഷ്ഠമാകുന്നു. കർമഫലത്യാഗത്തിലൂടെ ശാന്തി കൈവരുന്നു.*

ഭാഷ്യം: '**യദാ സര്വേ പ്രമുച്യന്തേ കാമാ യേ/സ്യ ഹൃദി ശ്രിതാഃ. അഥ മര്ത്യോ/മൃതോ ഭവത്യത്ര ബ്രഹ്മ സമശ്നുതേ**' (കഠോപനിഷത്ത് 6.14) എന്ന ശ്രുതിവാക്യംതന്നെയാണ് ഇവിടെ പ്രമാണം. ഈ മനുഷ്യന്റെ ഹൃദയത്തിൽ എന്തെല്ലാം വാസനകൾ ഉണ്ടോ അവയെല്ലാം എപ്പോൾ വിട്ടുപോകുന്നുവോ അപ്പോൾ മർത്യൻ അമരനായിത്തീരുന്നു; ബ്രഹ്മത്തെ പ്രാപിക്കുന്നു. എല്ലാ കാമനകളും ത്യജിക്കുന്നതോടെ ബ്രഹ്മ പ്രാപ്തി ഉണ്ടാകുന്നുവെന്ന് ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്നു. '**സമാധിസിദ്ധിരീശ്വരപ്രണിധാനാത്**' (യോഗസൂത്രം 2.45) എന്ന് പാതഞ്ജല യോഗദർശനം ചൂണ്ടിക്കാട്ടുന്നു. '**ഈശ്വരാർപിതസര്വഭാവസ്യ സമാധിസിദ്ധിര്യയാ സര്വമീപ്സിതമവിതഥം**' എന്ന് ഈ സൂത്രത്തിന് വ്യാസൻ ഭാഷ്യമെഴുതിയിട്ടുണ്ട്. അതായത് സകലഭാവങ്ങളും ഈശ്വര നിൽ സമർപ്പിക്കുന്ന യോഗിക്ക് സമാധി ലഭിക്കുന്നുവെന്നർഥം. ഗീതയും വ്യാസരചിതംതന്നെയാണല്ലോ.

ഇനി അടുത്ത ഏഴ് ശ്ലോകങ്ങളിൽ സർവസംഗപരിത്യാഗിയും ചതുർഥാശ്രമിയുമായ ഈശ്വരഭക്തന്റെ ഗുണങ്ങൾ വർണിക്കുന്നത് കാണുക.

13. **അദ്വേഷ്ടാ സർവഭൂതാനാം മൈത്രഃ കരുണ ഏവ ച**
**നിർമമോ നിരഹങ്കാരഃ സമദുഃഖസുഖഃ ക്ഷമീ.**

14. **സന്തുഷ്ടഃ സതതം യോഗീ യതാത്മാ ദൃഢനിശ്ചയഃ**
**മയ്യർപിതമനോബുദ്ധിർയോ മദ്ഭക്തഃ സ മേ പ്രിയഃ.**

*അർഥം: ജീവജാലങ്ങളോടൊന്നും ദ്വേഷമില്ലാതിരിക്കുക, സ്നേഹ ഭാവത്തോടെ പെരുമാറുക; കാരുണ്യവാനാവുക, ഒന്നി നോടും മമതയില്ലാതിരിക്കുക, അഹങ്കാരമില്ലാത്തവനായി സുഖദുഃഖങ്ങളെ സമമായിക്കണ്ട് ക്ഷമയോടുകൂടി ഇരി ക്കുക സദാ സന്തുഷ്ടനും യോഗിയും പ്രയത്നശീലനും ദൃഢനിശ്ചയമുള്ളവനും മനസ്സും ശരീരവും എന്നിലർപ്പി ച്ചവനുമായ ഭക്തൻ എനിക്ക് പ്രിയപ്പെട്ടവനാകുന്നു. (13, 14)*

15. **യസ്മാന്നോദ്വിജതേ ലോകോ ലോകോന്നോദ്വിജതേ ച യഃ**
**ഹർഷാമർഷഭയോദ്വേഗൈർമുക്തോ യഃ സ ച മേ പ്രിയഃ.**

*അർഥം: ആർക്കും ഒരു രീതിയിലും ഭയമുണ്ടാക്കാത്തവനും ആരാലും ഭയചകിതനാകാത്തവനും സന്തോഷം, അമർഷം, ഭയം, വ്യാകുലത എന്നിവയിൽനിന്ന് മുക്തനു മായ ഭക്തൻ എനിക്ക് പ്രിയങ്കരനാണ്.*

(ഹർഷം = ഇഷ്ടപ്പെട്ട വസ്തു കിട്ടുമ്പോഴുണ്ടാകുന്ന പ്രസന്നത; അമർഷം = അന്യർക്ക് അധികം കിട്ടുന്നുവെന്ന് കാണുമ്പോഴുണ്ടാ കുന്ന ദുഃഖം, ഭയം = മരണത്തിൽനിന്നുള്ള ഭയം, ഉദ്വേഗം = വ്യാകു ലത)

16. **അനപേക്ഷഃ ശുചിർദക്ഷ ഉദാസീനോ ഗതവ്യഥഃ**
**സർവാരംഭപരിത്യാഗീ യോ മദ്ഭക്തഃ സ മേ പ്രിയഃ.**

*അർഥം: ഒന്നിലും ആശവെയ്ക്കാത്തവനും, അന്തഃകരണത്തിലും ബാഹ്യശരീരത്തിലും, ഭോജനം തുടങ്ങിയവ ശുദ്ധമാക്കി*

*വെക്കുന്നവനും സത്യമാർഗത്തിൽ ചരിക്കുന്ന നിപുണനും കുശലനും വൈരാഗ്യവാനും നിഷ്പക്ഷനും ദുഃഖങ്ങൾ വെടിഞ്ഞവനും സമസ്ത കർമങ്ങളുടെയും കർത്തൃത്വ ഭാവം വെടിഞ്ഞവനും ആയ എന്റെ ഭക്തൻ എനിക്ക് പ്രിയ ങ്കരനാണ്.*

17. **യോ ന ഹൃഷ്യതി ന ദ്വേഷ്ടി ന ശോചതി ന കാംക്ഷതി**
**ശുഭാശുഭപരിത്യാഗീ ഭക്തിമാൻ യഃ സ മേ പ്രിയഃ.**

*അർഥം: ഇഷ്ടവസ്തുക്കൾ കിട്ടുമ്പോൾ സന്തോഷിക്കാതിരിക്കു കയും അനിഷ്ടവസ്തുക്കൾ കിട്ടുമ്പോൾ ദ്വേഷിക്കാതി രിക്കുകയും, ദുഃഖിക്കാതിരിക്കുകയും ഇച്ഛ വെടിഞ്ഞ വനായും ശുഭാശുഭ ഫലങ്ങളെ ത്യജിച്ചവനുമായ ഭക്തൻ എനിക്ക് പ്രിയപ്പെട്ടവനാകുന്നു.*

18. **സമഃ ശത്രൗ ച മിത്രേ ച തഥാ മാനാപമാനയോഃ**
**ശീതോഷ്ണസുഖദുഃഖേഷു സമഃ സങ്ഗവിവർജിതഃ.**

19. **തുല്യനിന്ദാസ്തുതിർമൗനീ സന്തുഷ്ടോ യേന കേനചിത്**
**അനികേതഃ സ്ഥിരമതിർഭക്തിമാൻ മേ പ്രിയോ നരഃ.**

*അർഥം: ശത്രുവിലും മിത്രത്തിലും, മാനാപമാനങ്ങളിലും ശീതോ ഷ്ണസുഖദുഃഖങ്ങളിലും, സമഭാവനയോടെ എല്ലാ സങ്ഗ ങ്ങളും വെടിഞ്ഞ് ഏകാന്തതയിൽ വസിക്കുന്നവനും, നിന്ദ യിലും സ്തുതിയിലും തന്റെ വാക്കുകളിൽ സംയമനം പാലിച്ച് ആവശ്യമുള്ളതുമാത്രം പറഞ്ഞ് തനിക്ക് പ്രാരബ്ധാനുസാരം ലഭിച്ചതിൽ സന്തുഷ്ടനായും സ്ഥിര വാസമില്ലാത്തവനും ദൃഢനിശ്ചയമുള്ളവനുമായ ഭക്തൻ എനിക്ക് പ്രിയനാകുന്നു.*

ഭാഷ്യം: ഈ പറഞ്ഞ സംന്യാസജീവിതചര്യ മനുസ്മൃതിയുടെ ആറാം അധ്യായത്തിൽ നമുക്ക് കാണാം.

1. **യസ്മാദണ്വപി ഭൂതാനാം ദ്വിജാന്നോത്പദ്യതേ ഭയമ്.** (മനുസ്മൃതി 6.40)

സംന്യാസം വരിച്ച ദ്വിജനിൽനിന്ന് യാതൊരു പ്രാണിക്കും യാതൊരു ദ്രോഹവും ഏൽക്കുന്നില്ല.

2. **അനികേതഃ സ്യാത്.** (മനുസ്മൃതി 6. 43)

ഗൃഹം വെടിഞ്ഞവനാണ് സംന്യാസി.
'അനികേതഃ' എന്നതുതന്നെയാണ് ഗീതയിലും പ്രയോഗിച്ച പദം.

3. **ഉപേക്ഷകോ/സംകുസുകോ**
**മുനിർഭാവസമാഹിതഃ.** (മനുസ്മൃതി 6.43)

ഉദാസീനനനും സ്ഥിരമതിയും ആത്മാവിൽ ചിത്തവൃത്തി ഉറച്ചവനുമാണ് സംന്യാസി.

4. **അതിവാദാംസ്തിതിക്ഷേത നാവമന്യേത കഞ്ചന**
**ന ചേമം ദേഹമാശ്രിത്യ വൈരം കുര്വീത കേനചിത്..**
(മനുസ്മൃതി 6.47)

അർഥം: അന്യരുടെ ആക്ഷേപങ്ങൾ തിതിക്ഷയോടെ കാണുക. ആരെയും അപമാനിക്കരുത്. ഈ ശരീരത്തിനുവേണ്ടി ആരുമായും വൈരം വെച്ചുപുലർത്തരുത്.

5. **ക്രുദ്ധ്യന്തം ന പ്രതിക്രുദ്ധ്യേദാക്രുഷ്ടഃ കുശലം വദേത്**
**സപ്തദ്വാരാവകീർണാം ച ന വാചമനൃതാം വദേത്.** (മനുസ്മൃതി 6.48)

അർഥം: ഇങ്ങോട്ട് ക്രോധിക്കുന്നവനോട് അങ്ങോട്ട് കോപിക്കരുത്. തന്നെ ശകാരിച്ചാലും നല്ല വാക്കേ പറയാവൂ. പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി ഇവയുടെ വിഷയങ്ങളെക്കുറിച്ചുള്ളതും അസത്യങ്ങളുമായ വാക്കുകൾ പറയരുത്.

20. **യേ തു ധർമ്യാമൃതമിദം യഥോക്തം പര്യുപാസതേ**
**ശദ്ദധാനാ മത്പരമാ ഭക്താസ്തേ/തീവ മേ പ്രിയാഃ.**

*അർഥം: മേൽ വിശദീകരിച്ച അമൃതതുല്യമായ ധർമം ആര് പരിപൂർണമായി അറിഞ്ഞ് ശ്രദ്ധയോടെ പരമാത്മപരായണനായി അനുഷ്ഠിക്കുന്നുണ്ടോ ആ ഭക്തന്മാർ എനിക്ക് പ്രിയരാകുന്നു.*

ഭാഷ്യം: ഈ ശ്ലോകങ്ങളിൽ സംന്യാസധർമമാണ് ഉപദേശിക്കുന്നത്. 12-ാം ശ്ലോകത്തിൽ നിഷ്കാമകർമത്തിന്റെ ഫലം ശാന്തിയാണെന്ന് പറഞ്ഞു. ഈ ശാന്തിയാണ് അവസാനത്തെ എട്ട് ശ്ലോകങ്ങളിൽ നാം കാണുന്നത്. ആ ശാന്തിയുടെ പേരാണ് 'ധർമ്യാമൃതം' അഥവാ മോക്ഷധർമം. ഈ ഉപദേശം മുഴുവൻ ബ്രഹ്മചര്യം, ഗൃഹസ്ഥം, വാനപ്രസ്ഥം എന്നീ ആശ്രമികളെ ഉദ്ദേശിച്ചല്ല. മറിച്ച് ചതുർഥാശ്രമികളായ സംന്യാസികൾക്കുള്ളതാണ്. ആധുനികകാലത്ത് സംന്യാസികളിൽ ചിലർ പറയാറുണ്ട്, സംന്യാസികൾക്ക് വിശേഷകർത്തവ്യങ്ങളൊന്നുമില്ല, അവർ ബ്രഹ്മംതന്നെയാണെന്ന്. എന്നാൽ സംന്യാസികളുടെ യോഗസാധന വർണിക്കുന്നുണ്ട്. 'യോ മദ്ഭക്തഃ സ മേ പ്രിയഃ' എന്നും ഈ ശ്ലോകങ്ങളിൽ കാണാം. ഇത്തരത്തിലുള്ള ഭക്തൻ പരമാത്മാവിന് ഏറെ പ്രിയപ്പെട്ടവനാണെന്നർഥം. ഗീതയിൽതന്നെ ഈ ഇഷ്ടത്തിന്റെ സ്വഭാവം ഭഗവാൻ വ്യക്തമാക്കുന്നത് കാണുക: **പ്രിയോ ഹി ജ്ഞാനിനോഽത്യർഥം അഹം സ ച മമ പ്രിയഃ** (ഗീത 7.17) 'ജ്ഞാനിക്ക് ഞാൻ മറ്റെല്ലാത്തിനെക്കാളും പ്രിയപ്പെട്ടവനാണ്. എനിക്ക് ആ ജ്ഞാനിയും പ്രിയപ്പെട്ടവനാണ്' എന്നർഥം. അതായത് അവ്യക്തോപാസകരായ ജ്ഞാനികളുടെ ധർമത്തെക്കൂടിയാണ് ഈ അധ്യായത്തിന്റെ അവസാനഭാഗത്ത് ശ്രീകൃഷ്ണൻ വിശദീകരിച്ചത്. ഇത് തുടക്കക്കാരെ സംബന്ധിച്ച് ക്ലേശകരമായ ഉപാസനാമാർഗമാണ് എന്ന് നേരത്തെ പറഞ്ഞത് മറക്കാതിരിക്കുക.

***ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു***
***ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ***
***ശ്രീകൃഷ്ണാർജുനസംവാദേ***
***ഭക്തിയോഗോ നാമ***
***ദ്വാദശോഽധ്യായഃ***

**ഇങ്ങനെ പന്ത്രണ്ടാം അധ്യായം ഇവിടെ കഴിഞ്ഞു.**

# ജ്ഞാനകാണ്ഡം



## അധ്യായം പതിമൂന്ന്

# ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗം

അഥ ത്രയോദശോ*f*ധ്യായഃ

# ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗം

**ഭ**ഗവദ്ഗീതയിൽ ആകെ 18 അധ്യായങ്ങളാണ്. 6 അധ്യായങ്ങൾ വീതമുള്ള മൂന്ന് വിഭാഗങ്ങളായി നമുക്ക് ഈ 18 അധ്യായങ്ങളെ വേർതിരിക്കാം. ആദ്യത്തെ ആറ് അധ്യായത്തിൽ കർമകാണ്ഡവർണനയാണുള്ളത്. അടുത്ത ആറ് കാണ്ഡങ്ങൾ ഭക്ത്യാദിരസങ്ങളെ ചർച്ച ചെയ്യുന്ന ഉപാസനാകാണ്ഡമാണ്. ഒടുവിലത്തെ ആറ് അധ്യായങ്ങൾ പരമാത്മാവ്, ജീവാത്മാവ്, പ്രകൃതി എന്നിവയെ വർണിക്കുന്ന ജ്ഞാനകാണ്ഡമാണ്. പ്രഥമ ഷഡ്കത്തിൽ ജീവാത്മാവിന്റെ നിത്യത്വം പ്രതിപാദിക്കുന്നു. അതിൽനിന്നും കർമത്തിന്റെ അനിവാര്യതയെക്കുറിച്ചും ഫലേച്ഛകൂടാതെ കർമം ചെയ്യേണ്ടതിനെക്കുറിച്ചുമെല്ലാം വിശദീകരിക്കുന്നു. മധ്യമഷഡ്കത്തിലാകട്ടെ പരമാത്മാവിന്റെ വിഭൂതിയും ധ്യാനകർത്താവായ യോഗേശ്വരകൃഷ്ണന് അതുമായുള്ള സംബന്ധവും നിരൂപണം ചെയ്യുന്നു. അതോടൊപ്പം യോഗദർശനത്തിൽ പറയുന്ന അസംപ്രജ്ഞാതസമാധിഭേദങ്ങളിലൂടെ നിർഗുണസഗുണോപാസനകളെക്കുറിച്ചു ചർച്ച ചെയ്യുന്നു. ഇപ്പോൾ തുടങ്ങുന്ന അവസാനഷഡ്കത്തിൽ ഈശ്വരൻ, ജീവൻ, പ്രകൃതി എന്നീ മൂന്നിന്റെയും ഗുണങ്ങളെ അഥവാ ഭേദത്തെ വ്യക്തമായി വർണിക്കുക കൂടി ചെയ്യുന്നു. മാത്രവുമല്ല ജീവന് പ്രകൃതിയുമായുള്ള സംബന്ധത്തിൽനിന്ന് ഉണ്ടാകുന്ന ചാതുർവർണ്യം, ചതുരാശ്രമങ്ങൾ, അവയുടെ ധർമങ്ങൾ എന്നിവയും ഇവിടെ ചർച്ച ചെയ്യുന്നുണ്ട്.

**അർജുന ഉവാച:**

1. **പ്രകൃതിം പുരുഷം ചൈവ ക്ഷേത്രം ക്ഷേത്രജ്ഞമേവ ച**
**ഏതദ്വേദിതുമിച്ഛാമി ജ്ഞാനം ജ്ഞേയം ച കേശവ.**

*അർഥം: അർജുനൻ പറഞ്ഞു, അല്ലയോ കേശവാ, പ്രകൃതി, പുരുഷൻ, ക്ഷേത്രം, ക്ഷേത്രജ്ഞൻ, ജ്ഞാനം, ജ്ഞേയം എന്നിവയെപ്പറ്റിയെല്ലാം അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.*[(1)]

**ശ്രീഭഗവാൻ ഉവാച:**

2. **ഇദം ശരീരം കൗന്തേയ ക്ഷേത്രമിത്യഭിധീയതേ**
**ഏതദ്യോ വേത്തി തം പ്രാഹുഃ ക്ഷേത്രജ്ഞ ഇതി തദ്വിദഃ.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, അല്ലയോ കൗന്തേയാ, ഈ പ്രകൃതിരൂപമായ ശരീരം ക്ഷേത്രമെന്ന പേരിൽ പറയപ്പെട്ടിരിക്കുന്നു. ഈ ശരീരത്തെ അറിയുന്നവനെ ക്ഷേത്രജ്ഞനെന്ന് ഇതിനെക്കുറിച്ചറിയുന്നവർ പറയുന്നു.*

ഭാഷ്യം: വ്യാസൻ പാതഞ്ജലയോഗഭാഷ്യത്തിൽ 'ക്ഷേത്ര'ശബ്ദത്തിന് 'പ്രസവഭൂമി' എന്ന് അർഥം പറഞ്ഞിരിക്കുന്നു.[(2)] കർമഫലങ്ങൾക്ക് വിളഭൂമിയായതിനാൽ ജീവാത്മാക്കളെ സംബന്ധിച്ച് സ്വശരീരമാണ് ക്ഷേത്രം. ഇക്കാര്യമറിയുന്ന ജീവാത്മാവിനെ ക്ഷേത്രജ്ഞനെന്നും വിളിക്കുന്നു.

ഇനി ഈ പ്രകൃതിരൂപമായ ക്ഷേത്രത്തെക്കുറിച്ച് എല്ലാമറിയുന്ന പരമാത്മാവിന്റെ വർണന അടുത്ത ശ്ലോകത്തിൽ കാണാം.

3. **ക്ഷേത്രജ്ഞം ചാപി മാം വിദ്ധി സർവക്ഷേത്രേഷു ഭാരത**
**ക്ഷേത്രക്ഷേത്രജ്ഞയോർജ്ഞാനം യത്തത്ജ്ഞാനം മതം മമ.**

*അർഥം: അല്ലയോ ഭാരത, പ്രകൃതിയുടെ ബ്രഹ്മാണ്ഡരൂപമായ എല്ലാ ക്ഷേത്രങ്ങളിലും എന്നെയും ക്ഷേത്രജ്ഞനെന്നറിയുക.*

---

1. ശ്രീമദ് ശങ്കരാചാര്യർ ഈ ശ്ലോകത്തിന് ഭാഷ്യം ചെയ്തതായി കാണുന്നില്ല. അതിനാലായിരിക്കണം മറ്റു പല ഭാഷ്യകാരന്മാരും ഈ ശ്ലോകത്തെ പ്രക്ഷിപ്തഗണത്തിൽപ്പെടുത്തിയത്.
2. *'ക്ഷേത്രം പ്രസവഭൂമിഃ'* (യോഗദർശനം 2.4 വ്യാസഭാഷ്യം)

*ക്ഷേത്രത്തിന്റെയും ക്ഷേത്രജ്ഞന്റെയും ജ്ഞാനംകൊണ്ട് എന്നെ അറിയാം.*

ഭാഷ്യം: ഈ ശരീരത്തിൽ ഇരിക്കുന്ന ക്ഷേത്രജ്ഞനെക്കൂടാതെ മറ്റൊരു ക്ഷേത്രജ്ഞൻകൂടി ഉണ്ടെന്ന് പറയുകയാണിവിടെ. പരമാത്മാവിനെയും ക്ഷേത്രജ്ഞനായി കാണണം. ഈ ശരീരത്തിൽ ഒരു ക്ഷേത്രജ്ഞനുണ്ട്. അതു കൂടാതെ ആ ജീവാത്മാവിന്റെയും ഉള്ളിൽ മറ്റൊരു ക്ഷേത്രജ്ഞനുണ്ടെന്ന് വിശദീകരിക്കുകയാണ്. കാരണം ജീവാത്മാവ് തന്റെ ശരീരത്തിന്റെ ക്ഷേത്രജ്ഞനാണ്. അത് മറ്റ് ശരീരങ്ങളുടെ ക്ഷേത്രജ്ഞനല്ല. എന്നാൽ പരമാത്മാവാകട്ടെ സർവശരീരങ്ങളിലും ക്ഷേത്രജ്ഞനായിട്ടാണിരിക്കുന്നത്. കാരണം പരമാത്മാവ് എല്ലായിടത്തുമുണ്ട്. ഞാൻ എല്ലായിടത്തുമില്ല. പരമാത്മാവ് എന്നിലുമുണ്ട്. എല്ലാറ്റിനെയുംകുറിച്ച് അറിയുന്നവനുമാണ് അവൻ. ഇതാണ് ഈ ശ്ലോകത്തിന്റെ താത്പര്യം.

**4. തത്ക്ഷേത്രം യച്ച യാദൃക്ച യദ്വികാരി യതശ്ച യത്**
**സ ച യോ യത്പ്രഭാവശ്ച തത്സമാസേന മേ ശൃണു.**

*അർഥം: ആ ക്ഷേത്രം എന്താണെന്നും ഏത് സ്വരൂപത്തോടുകൂടിയതാണെന്നും എന്തു കാരണത്താലുള്ളതാണെന്നും എന്തെല്ലാം മാറ്റങ്ങളാണ് അതിന് ഉണ്ടാകുന്നതെന്നും അതിൽ ക്ഷേത്രജ്ഞൻ എന്ത് പ്രഭാവമാണ് ഉണ്ടാക്കുന്നതെന്നുമെല്ലാം ഞാൻ പറയാം. കേട്ടോളൂ.*

**5. ഋഷിഭിർബഹുധാ ഗീതം ഛന്ദോഭിർവിവിധൈഃ പൃഥക്**
**ബ്രഹ്മസൂത്രപദൈശ്ചൈവ ഹേതുമദ്ഭിർവിനിശ്ചിതൈഃ.**

*അർഥം: ഈ ക്ഷേത്രം (ശരീരം) ക്ഷേത്രജ്ഞൻ (ആത്മതത്ത്വങ്ങൾ) എന്നീ വിഷയങ്ങളെ സംബന്ധിച്ച് ഋഷിമാർ വേദങ്ങളിൽ വിവിധതരത്തിൽ വർണിച്ചിട്ടുണ്ട്. കൂടാതെ ഇതേ വിഷയത്തെ സംബന്ധിച്ച് ബ്രഹ്മസൂത്രത്തിൽ വെവ്വേറെതന്നെ (ശരീരം, ജീവാത്മാവ്, പരമാത്മാവ് എന്നീ വിഷയങ്ങളിൽ) യുക്തിയുക്തം വിവരിച്ചിട്ടുണ്ട്.*

ഭാഷ്യം: പ്രകൃതിയെയും പ്രകൃതിയുടെ കാര്യമായ ബ്രഹ്മാണ്ഡക്ഷേത്രങ്ങളെക്കുറിച്ചും അവയുടെ ജ്ഞാതാവായ പരമാത്മാവിനെയും സംബന്ധിച്ച് ഋഷികൾ വേദാദിശാസ്ത്രങ്ങളിൽ യുക്തിയുക്തം വിവരിച്ചിട്ടുണ്ട്. **'യഃ പൃഥിവ്യാം തിഷ്ഠൻ പൃഥിവ്യാ അന്തരോ യം പൃഥിവീ ന വേദ യസ്യ പൃഥിവീ ശരീരമ്'** (ബൃഹദാരണ്യകോപനിഷത്ത് 3.7.3) എന്നീ ശ്രുതിവാക്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏത് പൃഥിവിക്കുള്ളിൽ വർത്തിക്കവേ, ഉള്ളിലുണ്ടെന്ന് പൃഥിവിക്ക് അറിയില്ലയോ, ഏതിന്റെ ശരീരം പൃഥിവിയാണോ എന്നിങ്ങനെ പരമാത്മാവിനെ ഉപനിഷത്ശ്ലോകങ്ങൾ വ്യാഖ്യാനിക്കുന്നു. പുരുഷസൂക്തം (യജുർവേദം 31) തുടങ്ങിയവയിലൂടെ വേദങ്ങളിലും ഇതേ കാര്യം വർണിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടുകയാണ് ഭഗവാനിവിടെ. വേദാന്തശാസ്ത്രത്തിൽ പ്രകൃത്യധികരണത്തിലും ഇതേ കാര്യംതന്നെ വർണിക്കുന്നുണ്ട്. എന്നാൽ ഇന്ന് വേദാന്തസൂത്രപഠനം ചെയ്യുന്നവർ എത്ര പേരുണ്ട്? ഭഗവാന്റെ ആ നിർദേശമെല്ലാം കാറ്റിൽ പറത്തി ഭാഗവതപാരായണത്തിലാണ് ആളുകൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നത്. എന്നാൽ ഭാഗവതമതം വേദവിരുദ്ധമാണെന്ന് ശ്രീശങ്കരാചാര്യർ പറഞ്ഞിട്ടുണ്ടെന്നത് അധികമാരും ഗൗനിച്ചുകാണാറില്ല. ബ്രഹ്മസൂത്രം 2.2.42,43 സൂത്രങ്ങളുടെ ഭാഷ്യത്തിലാണ് ശങ്കരാചാര്യർ തന്റെ അഭിപ്രായം രേഖപ്പെടുത്തുന്നത്.

ജീവാത്മാവ്, മനസ്സ്, അഹങ്കാരം എന്നിവയുടെ പരമമായ ഉപാദാനകാരണം വാസുദേവൻ അഥവാ പരമാത്മാവാണ് എന്നതാണ് ഭാഗവതമതം. അതിൽ പരമാത്മാവിൽനിന്ന് ജീവാത്മാവും ജീവാത്മാവിൽനിന്ന് മനസ്സും മനസ്സിൽനിന്ന് അഹങ്കാരവും പരിണമിച്ച് രൂപംകൊള്ളുന്നതായി പറയുന്നു. ഇതിനെ ശങ്കരാചാര്യർ ഖണ്ഡിക്കുന്നത് കാണുക:

"പരമാത്മാവിൽനിന്ന് ജീവാത്മാവ് ഉണ്ടാവുക സാധ്യമല്ല. എന്തുകൊണ്ടെന്നാൽ ഉത്പത്തിയുണ്ടെന്നു വന്നാൽ അനിത്യത തുടങ്ങിയ ദോഷങ്ങളും വന്നുചേരും. അപ്പോൾ ഭഗവത്പ്രാപ്തിയാകുന്ന മോക്ഷം ജീവനില്ലാതാകും. മാത്രമല്ല, 'ആത്മാവ് ജനിക്കുന്നില്ല; ശ്രുതിവചനമില്ലാത്തതിനാൽ; ഇവകൊണ്ടുതന്നെ നിത്യമാകയാലും' (ബ്രഹ്മസൂത്രം 2.3.17) എന്നിടത്ത് ജീവോത്പത്തിക്കു നിഷേധവുമുണ്ട്. 'കർത്താവിൽനിന്നു കരണമുണ്ടാവുകയുമില്ല' (ബ്രഹ്മസൂത്രം 2.2.43) എന്ന സൂത്ര

ത്താൽ, ഭാഗവതമതപ്രകാരം മനസ്സ്, അഹങ്കാരം മുതലായ കരണങ്ങൾ രൂപപ്പെട്ടുവരുന്നതിനും നിഷേധമുണ്ട്. മാത്രമല്ല, അതിന് വ്യാവഹാരികലോകത്തിൽ ദൃഷ്ടാന്തവും കാണുന്നില്ല."

യുക്തിരഹിതവും ശ്രുതിവിരുദ്ധവുമാകയാൽ ഭാഗവതമതം സ്വീകാര്യമല്ലെന്നാണ് ശങ്കരാചാര്യരുടെ അഭിപ്രായം എന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

**6. മഹാഭൂതാന്യഹങ്കാരോ ബുദ്ധിരവ്യക്തമേവ ച**
**ഇന്ദ്രിയാണി ദശൈകം ച പഞ്ച ചേന്ദ്രിയഗോചരാഃ.**

*അർഥം: (ഈ ക്ഷേത്രത്തിൽ) പഞ്ചഭൂതങ്ങളും അഹങ്കാരം, ബുദ്ധി, അവ്യക്തം (ജീവാത്മാവ്), പത്ത് ഇന്ദ്രിയങ്ങൾ, മനസ്സ്, പഞ്ചേന്ദ്രിയങ്ങളും അവയുടെ ശബ്ദ-സ്പർശ-രൂപ-രസ-ഗന്ധാദി വിഷയങ്ങളും,*

**7. ഇച്ഛാ ദ്വേഷഃ സുഖം ദുഃഖം സംഘാതശ്ചേതനാ ധൃതിഃ**
**ഏതത്ക്ഷേത്രം സമാസേന സവികാരമുദാഹൃതമ്.**

(ഇന്ദ്രിയവിഷയങ്ങളെ) കൂടാതെ സുഖം, ദുഃഖം, ദ്വേഷം, ഇച്ഛ, പ്രയത്നം, ചേതന, ധൃതി എന്നിങ്ങനെ വികാരസഹിതമായ ക്ഷേത്രത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു.

ഭാഷ്യം: കഴിഞ്ഞ ശ്ലോകത്തിൽ ക്ഷേത്രജ്ഞനിൽ ഒരു അവ്യക്ത പദാർഥത്തെക്കുറിച്ചുകൂടി പറഞ്ഞിട്ടുണ്ട്. ഗീതാഭാഷ്യകാരന്മാരെല്ലാം. ഇതിനെ മൂലപ്രകൃതിയായി വ്യാഖ്യാനിച്ചിട്ടുമുണ്ട്. സത്ത്വരജസ്തമോഗുണങ്ങളുടെ സാമ്യാവസ്ഥയാണ് മൂലപ്രകൃതി. ഇക്കാര്യം കപിലമുനി സാംഖ്യത്തിൽ ചൂണ്ടിക്കാണിച്ചത് നേരത്തെ ഉദ്ധരിച്ചതാണ്.[3] മൂലപ്രകൃതി ശരീരത്തിന്റെ അങ്ഗംതന്നെയാണെന്ന് ഒരു ശാസ്ത്രത്തിലും എഴുതിയിട്ടില്ല. ശരീരത്തെക്കുറിച്ച് ന്യായദർശനത്തിൽ പറയുന്നത് കാണുക:

**ചേഷ്ടേന്ദ്രിയാർഥാശ്രയഃ ശരീരമ്.** (ന്യായദർശനം 1.11)

3. സാംഖ്യസൂത്രം 1.26.

അർഥം: ചേഷ്ട (ജ്ഞാന-ഇച്ഛാ-പ്രയത്നപൂർവകമായ ക്രിയകൾ), ഇന്ദ്രിയങ്ങൾ (ബാഹ്യ-ആന്തരിക ഇന്ദ്രിയങ്ങൾ), സുഖ, ദുഃഖാദി അർഥങ്ങൾ എന്നിവയുടെയെല്ലാം ആശ്രയമാണ് ശരീരം.

എന്നാൽ അതിലെ ഇച്ഛ, ദ്വേഷം, സുഖം, ദുഃഖം, പ്രയത്നം, ചേതന തുടങ്ങിയവ ആത്മാവിന്റെ ചിഹ്നമാണെന്ന് മനസ്സിലാക്കണം.

**ഇച്ഛാദ്വേഷപ്രയത്നസുഖദുഃഖജ്ഞാനാന്യാത്മനോ ലിങ്ഗമ്.**

(ന്യായദർശനം 1.10)

വൈശേഷികദർശനത്തിൽ പറയുന്നത് കാണൂ:

**ആത്മേന്ദ്രിയ മനോർഥ സന്നികർഷാത് സുഖദുഃഖേ.**

(വൈശേഷികദർശനം 5.2.15)

അതായത് ആത്മാവ്, ഇന്ദ്രിയങ്ങൾ, മനസ്സ്, അർഥം തുടങ്ങിയവയുടെ സംബന്ധത്താലാണ് സുഖദുഃഖാദികൾ ഉണ്ടാകുന്നത്.

അതായത് ഇവിടെ ഭഗവാൻ വിവരിക്കുന്നത് ജീവനുള്ള ശരീരത്തെയാണ്. അല്ലാതെ മൃതശരീരത്തെയല്ല. കാരണം മൃതശരീരത്തിന് ഇച്ഛ, ദ്വേഷം തുടങ്ങിയവയുണ്ടാകില്ല. അതിനാൽ അവ്യക്തശബ്ദത്തിന് ജീവാത്മാവെന്ന് അർഥമെടുക്കണം. ആറാം ശ്ലോകത്തിൽ കടന്നുവരുന്ന മറ്റൊരു ശബ്ദം 'സംഘാതഃ' എന്നതാണ്. സംയോഗമെന്നർഥം. പ്രയത്നമാണ് സംഘാതം.

ഇനി ഈ ശരീരത്തിലെ അവ്യക്തമെന്നറിയപ്പെടുന്ന ജീവാത്മാവിന്റെ സദ്ഗുണങ്ങളെ വർണിക്കുകയാണ് അടുത്ത അഞ്ച് ശ്ലോകങ്ങളിൽ. കാണുക:

8. **അമാനിത്വമദംഭിത്വമഹിംസാ ക്ഷാന്തിരാർജവമ്**
**ആചാര്യോപാസനം ശൗചം സ്ഥൈര്യമാത്മവിനിഗ്രഹഃ.**

9. **ഇന്ദ്രിയാർഥേഷു വൈരാഗ്യമനഹങ്കാര ഏവ ച**
**ജന്മമൃത്യുജരാവ്യാധിദുഃഖദോഷാനുദർശനമ്.**

10. **അസക്തിരനഭിഷ്വങ്ഗഃ പുത്രദാരഗൃഹാദിഷു**
**നിത്യം ച സമചിത്തത്വമിഷ്ടാനിഷ്ടോപപത്തിഷു.**

11. **മയി ചാനന്യയോഗേന ഭക്തിരവ്യഭിചാരിണീ**
**വിവിക്തദേശസേവിത്വമരതിർജനസംസദി.**

12. **അധ്യാത്മജ്ഞാനനിത്യത്വം തത്ത്വജ്ഞാനാർഥദർശനം**
**ഏതത് ജ്ഞാനമിതി പ്രോക്തമജ്ഞാനം യദതോഽന്യഥാ.**

*അർഥം: ആത്മപ്രശംസയില്ലായ്മ, അഭിമാനമില്ലായ്മ, ഗർവില്ലായ്മ, അഹിംസ, ക്ഷമാഭാവം, മനസ്സിലും വാണിയിലും സരളത, ആചാര്യസേവകൊണ്ട് ജ്ഞാനം ഗ്രഹിക്കൽ, ശുദ്ധമായിരിക്കൽ, സ്ഥിരബുദ്ധിയും ആത്മസംയമനവും (8)*
*ഇന്ദ്രിയവിഷയങ്ങളിൽ ആസക്തിയില്ലായ്മ, അഹങ്കാരമില്ലായ്മ (ചെയ്യുന്ന കർമങ്ങളിൽ), ജന്മം, മൃത്യു, ജര, വ്യാധി തുടങ്ങിയ ദുഃഖങ്ങൾകൊണ്ട് നിറഞ്ഞതാണ് ഈ ശരീരമെന്ന് സദാ ചിന്തിക്കൽ (9)*
*പുത്രൻ, ഭാര്യ, ധനം, വീട് എന്നിവയിൽ മോഹമില്ലാതെ, എന്റേതെന്ന വികാരമില്ലാതെ, ഇഷ്ടമോ, അനിഷ്ടമോ ആയിരിക്കട്ടെ, സദാ സമചിത്തതയോടെ ഇരിക്കൽ (10)*
*പരമാത്മാവിൽ (എന്നിൽ) അനന്യമായ ഭാവത്തോടെ സ്ഥിരമായ ഭക്തി, ഏകാന്തതയിൽ (മനനചിന്തകളിൽ മുഴുകി) വസിക്കുക, ജനക്കൂട്ടത്തിൽ കഴിയുന്നതിന് താത്പര്യമില്ലാതിരിക്കുക (11)*
*(കൂടാതെ) അധ്യാത്മജ്ഞാനത്തിൽ സ്ഥിരമായിരുന്ന് തത്ത്വബോധത്തോടുകൂടിയുള്ള വസ്തുദർശനം ഇവയെല്ലാമാണ് ജ്ഞാനം. ഇതിന് വിപരീതമായത് അജ്ഞാനമെന്ന് പറയപ്പെട്ടിരിക്കുന്നു. (12)*

13. **ജ്ഞേയം യത്തത് പ്രവക്ഷ്യാമി യത്ജ്ഞാത്വാമൃതമശ്നുതേ**
**അനാദിമത്പരം ബ്രഹ്മ ന സത്തന്നാസദുച്യതേ.**

*അർഥം: ഇനി യാതൊന്നാണോ അറിയേണ്ടതായിട്ടുള്ളത്, യാതൊന്ന് അറിഞ്ഞാലാണോ അമൃതത്വം ലഭിക്കുന്നത്,*

*അതും ഞാൻ നിനക്ക് പറഞ്ഞുതരാം. അനാദിയായ ആ പരബ്രഹ്മം സത്തെന്നോ അസത്തെന്നോ പറയപ്പെട്ടിട്ടില്ല.*

പ്രകൃതിയാണ് സത്തും അസത്തുമായിരിക്കുന്നത്. അതിനാൽ പരമാത്മാവ് സത്തോ അസത്തോ അല്ല. അത് നിത്യനും ഏകരസനുമാണ്. സത്തും അസത്തുമല്ലാതെ നിർവിശേഷമായിരിക്കുന്ന ബ്രഹ്മത്തെ എങ്ങനെ അറിയാൻ കഴിയുമെന്ന ചോദ്യത്തിന് ഉത്തരമാണ് അടുത്ത ശ്ലോകം.

**14. സർവതഃ പാണിപാദം തത് സർവതോƒക്ഷിശിരോമുഖമ്**
**സർവതഃ ശ്രുതിമല്ലോകേ സർവമാവൃത്യ തിഷ്ഠതി.**

*അർഥം: ആ പരമാത്മാവിന് സർവത്ര കൈകാലുകളുണ്ട്. എല്ലായിടത്തും കണ്ണും മുഖവുമുണ്ട്. അതിന് സർവത്ര കാതുകളുമുണ്ട്. കാരണം അത് ഈ ലോകമൊന്നാകെ വ്യാപിച്ച് വർത്തിക്കുന്നു.*

ഭാഷ്യം: വേദമന്ത്രങ്ങളുടെ പ്രതിധ്വനിയാണ് നാമിവിടെ ശ്രവിക്കുന്നത്. ഒരു യജുർവേദമന്ത്രം കാണുക:

**വിശ്വതശ്ചക്ഷുരുത വിശ്വതോമുഖോ**
**വിശ്വതോബാഹുരുത വിശ്വതസ്പാത്**
**സം ബാഹുഭ്യാം ധമതി സം**
**പതാത്രൈർദ്യാവാഭൂമീ ജനയന്ദേവƒഏകഃ.** (യജുർവേദം 17.19)

അർഥം: സർവത്ര കണ്ണുകളും മുഖങ്ങളും ബാഹുക്കളും പാദങ്ങളുമുള്ള പരമേശ്വരൻ ധർമാധർമമനുസരിച്ച് നിരന്തരം ക്രിയാശീലതയോടെ പരമാണുവിന്റെ സഹായത്താൽ സൃഷ്ടി നടത്തിക്കൊണ്ടിരിക്കുന്നു. അവന് യാതൊരു ഉപകരണങ്ങളുടെയും ആവശ്യമില്ല.

'ഈശ്വരനാൽ ഈ ജഗത്തൊന്നാകെ മൂടിയിരിക്കുന്നു'വെന്ന് യജുർവേദം (1.5) പറഞ്ഞിട്ടുണ്ട്.

ഇത്തരം വേദമന്ത്രങ്ങളുടെ അണുരണനം മാത്രമാണ് വേദവ്യാസൻ ഗീതയിൽ കോറിയിടുന്നത്.

**15. സർവേന്ദ്രിയഗുണാഭാസം സർവേന്ദ്രിയവിവർജിതമ്**
**അസക്തം സർവഭൃച്ചൈവ നിർഗുണം ഗുണഭോക്തൃ ച.**

*അർഥം: എല്ലാ ഇന്ദ്രിയങ്ങളുടെയും വിഷയങ്ങളെ അറിയുന്നവനും എന്നാൽ സ്വയം ഇന്ദ്രിയങ്ങളില്ലാത്തവനും, ഇന്ദ്രിയവിഷയങ്ങളിലൊന്നും ആസക്തിയില്ലാത്തവനും എല്ലാറ്റിനെയും ധരിക്കുകയും ചെയ്യുന്നവനും നിർഗുണനും എല്ലാ ഗുണങ്ങളുടെയും ഭോക്താവുമാണ് (ആ പരമേശ്വരൻ).*

ഭാഷ്യം: നിർഗുണ-സഗുണഭേദത്തെ ഇവിടെ കൃത്യമായി വ്യവച്ഛേദിക്കുകയാണ്. പരമാത്മാവ് സ്വയം നിർഗുണനാണ്. പ്രാകൃതജഗത്തിനെ ഭരിക്കുന്നതിലൂടെ ഗുണങ്ങളെ അറിയുന്നു. അതിനാലാണ് ഭോക്താവെന്ന് പറഞ്ഞത്. വാസ്തവത്തിൽ ബ്രഹ്മം ഭോക്താവല്ല. ശ്രുതികളിൽ ഇത്തരത്തിലുള്ള ഒട്ടേറെ വർണനകൾ കാണാം. ഉദാഹരണമായി ശ്വേതാശ്വതരോപനിഷത്ത് പറയുന്നതു കാണുക:

**'പശ്യത്യചക്ഷുഃ സ ശൃണോത്യകർണഃ'** (3.91)

അതായത്, 'കണ്ണുകളില്ലാതെയും അവൻ കാണുന്നു. കാതുകളില്ലാതെയും അവൻ കേൾക്കുന്നു' എന്നർഥം. എന്നാൽ പ്രകരണംപോലും മനസ്സിലാക്കാതെ ചിലർ ദേഹം, ഇന്ദ്രിയാദികൾ എന്നിവയിൽ 'താദാത്മ്യാധ്യാസം'കൊണ്ട് ഈശ്വരൻ ജീവഭാവംപൂണ്ട് ഇന്ദ്രിയങ്ങളുള്ളവനായിത്തീരുകയും ഭോക്താവായിത്തീരുകയും ചെയ്യുന്നുവെന്ന് വാദം ചമക്കുന്നു. വാസ്തവത്തിൽ അതെല്ലാം ബ്രഹ്മമാകുന്നുവെന്നും അതിനാൽ ഭോക്താവില്ല എന്നും പറയുന്നു. ഇത്തരത്തിലൊരു മിഥ്യാവാദസങ്കല്പം ഇതിലുണ്ടായിരുന്നെങ്കിൽ അടുത്ത ശ്ലോകത്തിന് എന്താണ് പ്രസക്തി?

**16. ബഹിരന്തശ്ച ഭൂതാനാമചരം ചരമേവ ച**
**സൂക്ഷ്മത്വാത്തദവിജ്ഞേയം ദൂരസ്ഥം ചാന്തികേ ച തത്.**

*അർഥം: ആ ജ്ഞേയബ്രഹ്മം എല്ലാ പ്രാണികളുടെയും പുറത്തും അകത്തും, ചലിക്കുന്നതും ചലിക്കാത്തതുമായി, സൂക്ഷ്മമാകയാൽ അറിയാൻ സാധിക്കാത്തതായി, ദൂരസ്ഥമായി,*

*ജ്ഞാനത്താൽ ലഭ്യമാകുന്നതിനാൽ അരികത്തായും ഇരിക്കുന്നു.*

ഭാഷ്യം: ഈശ്വരന്റെ സഗുണ-നിർഗുണസ്വരൂപത്തെ വർണിക്കുന്ന വേദമന്ത്രങ്ങളുടെ വ്യാഖ്യാനം മാത്രമാണ് ഇവിടെ കാണാനാവുന്നത്. കയറും പാമ്പും പോലുള്ള ഉദാഹരണങ്ങൾകൊണ്ടൊന്നും ഈ ശ്ലോകത്തെ വ്യാഖ്യാനിക്കാനാവില്ല. ബ്രഹ്മത്തിന്റെ ഗുണങ്ങളെ കല്പിതമായി കണ്ട് തള്ളാനുമാവില്ല. എന്നാൽ വ്യാപ്യവാപകഭാവത്താൽ ബാഹ്യവും ആഭ്യന്തരവുമായി വർണിച്ചിട്ടുണ്ടുതാനും. നിർവികാരനായതിനാൽ ബ്രഹ്മം അചലനാണ്. ഉത്പത്തി, സ്ഥിതി, പ്രളയം എന്നീ ക്രിയകളുടെ കർത്താവാകയാൽ അത് ചലിക്കുന്നവനാണ്. സൂക്ഷ്മമായതിനാൽ ദുർവിജ്ഞേയമാണ്. ജ്ഞാനചക്ഷുസ്സില്ലാത്തവന് ആ ബ്രഹ്മം ദൂരെയാണെങ്കിൽ അതുള്ളവന് അത് അരികത്തുമാണ്. ഈ ശ്ലോകം യഥാർഥത്തിൽ ഒരു യജുർവേദമന്ത്രത്തിന്റെ പുനരാഖ്യാനം മാത്രമാണ്. മന്ത്രം കാണുക:

**തദേജതി തന്നൈജതി തദ്വൂരേ തദ്വന്തികേ.**
**തദന്തരസ്യ സർവസ്യ തദു സർവസ്യാസ്യ ബാഹ്യതഃ.**

(യജുർവേദം 40.5)

അർഥം: ഈശ്വരൻ ചലിക്കുന്നുണ്ട്. എന്നാൽ ചലിക്കുന്നില്ല. അത് വളരെ ദൂരെയാണ്, എന്നാൽ അതരികെയുമാണ്. അത് എല്ലാറ്റിന്റെയും ഉള്ളിൽ അന്തര്യാമിയായി വർത്തിക്കുന്നു. അത് ഈ ബ്രഹ്മാണ്ഡത്തിനു പുറത്തുമുണ്ട്.

ഇതാണ് ഈ ഗീതാശ്ലോകത്തിനു നിദാനമായ വേദമന്ത്രം. ഇത്തരത്തിലുള്ള വൈവിധ്യപൂർണമായ കഥനങ്ങളെ ശ്രുതി-സ്മൃതികളിൽ അനേകം രീതിയിൽ വിവരിച്ചിട്ടുള്ളതു കാണാം. അതിനാൽത്തന്നെ പരമാത്മാവിന്റെ ഗുണങ്ങളെ രജ്ജുസർപ്പസമാനം കല്പിതമെന്ന് കരുതാനാവില്ല. ഇനിയും, ആ ജ്ഞേയബ്രഹ്മം എങ്ങനെയുള്ളതാണെന്ന് അടുത്ത ശ്ലോകത്തിൽ തുടർന്ന് വിവരിക്കുന്നു.

**17. അവിഭക്തം ച ഭൂതേഷു വിഭക്തമിവ ച സ്ഥിതമ്**
**ഭൂതഭർതൃ ച തത്ജ്ഞേയം ഗ്രസിഷ്ണു പ്രഭവിഷ്ണു ച.**

*അർഥം: ഭൂതങ്ങളിൽനിന്ന് ആ പരമാത്മാവിനെ വിഭജിച്ച് മാറ്റാനാവില്ല. എന്നാൽ അവ വെവ്വേറെയായി തോന്നുകയും ചെയ്യുന്നു. ആ ബ്രഹ്മം സമസ്തഭൂതങ്ങളുടെയും സ്വാമിയും, എല്ലാറ്റിനെയും ലയിപ്പിക്കുകയും ഉത്പാദിപ്പിക്കുന്നവനുമാണ്.*

ഭാഷ്യം: ഈശാവാസ്യത്തിൽ ഈ വിഭജനമില്ലായ്മ കാണിക്കാൻ ഉപയോഗിച്ച പദം '**അവ്രണം**' (യജുർവേദം 40.8) എന്നാണ്. യാതൊരു മുറിവുമില്ലാത്തവൻ. തൈത്തിരീയോപനിഷത്തിൽ പരമേശ്വരൻ സൃഷ്ടി രചിച്ച് അതിൽ ഇരിക്കുന്നുവെന്ന് പറയുന്നതുകാണാം. എന്നാൽ ഈശ്വരൻ പലതിലും പല പ്രകാരത്തിലാണ് പ്രകാശിക്കുന്നത്. ഓരോന്നിലും ഈശ്വരന്റെ വിവിധ ഗുണങ്ങളാണ് പ്രകടമാകുന്നത്. 'ബുദ്ധിമാന്മാരുടെ ബുദ്ധിയും തേജസ്വികളുടെ തേജസ്സും ഞാനാണ്' (ഗീത 7.11) എന്ന് ജ്ഞാനവിജ്ഞാനയോഗത്തിൽ ശ്രീകൃഷ്ണൻ പറഞ്ഞതോർക്കുക. ഇവിടെ വിഭക്തം എന്നുദ്ദേശിച്ചതും അതുതന്നെയാണ്.

എന്നാൽ ഇവിടെ കുടം, ആകാശം എന്നിത്യാദി ഉദാഹരണം നിരത്തി അജ്ഞാനരൂപമായ ഉപാധിയിൽ ബ്രഹ്മം വീഴുന്നില്ലെന്നും മറ്റും വ്യാഖ്യാനിക്കാറുണ്ട്. അനേകം കുടങ്ങളിൽ ഓരോന്നിലും ആകാശമുണ്ട്. പുറത്തും ആകാശമുണ്ട്. അവരുടെ വാദമിങ്ങനെയാണ്: 'ബ്രഹ്മം ശരീരത്തിൽ പ്രവേശിച്ച് 'വിഭക്തം ഇവ ച സ്ഥിതം'-വിഭക്തമെന്നപോലെ പ്രതീകമായിരിക്കുന്നു. യഥാർഥത്തിൽ ആകാശത്തെപ്പോലെ, ബ്രഹ്മം ഒന്നേയുള്ളൂ.' എന്നാൽ അജ്ഞാനരൂപമായ ഉപാധിയിൽ ജീവനായി ബ്രഹ്മം മാറുമെന്ന അർഥം ഇവിടെ ഉണ്ടെങ്കിൽ അടുത്ത ശ്ലോകത്തിന് എന്താണ് പ്രസക്തി?

**18. ജ്യോതിഷാമപി തജ്ജ്യോതിസ്തമസഃ പരമുച്യതേ**
**ജ്ഞാനം ജ്ഞേയം ജ്ഞാനഗമ്യം ഹൃദി സർവസ്യ വിഷ്ഠിതമ്.**

*അർഥം: ആ ജ്ഞേയബ്രഹ്മം ജ്യോതിസ്സുകളുടെയും ജ്യോതിയാണ്. അജ്ഞാനരൂപമായ തമസ്സിനും അപ്പുറത്ത് ജ്ഞാനസ്വരൂപനായി ജ്ഞാനത്താൽ അറിയാൻ കഴിയുന്നവനായി സർവപ്രാണികളുടെയും ഹൃദയത്തിൽ സ്ഥിരനായിരിക്കുന്നു.*

ഭാഷ്യം: ഏതെങ്കിലും ഉപാധിയിൽ ബ്രഹ്മം വന്നു കുടുങ്ങി ജീവനായി ത്തീരില്ലെന്ന് സുവ്യക്തമായി പ്രഖ്യാപിക്കുന്നതാണ് മേൽപറഞ്ഞ ശ്ലോകം. ആ ബ്രഹ്മം സ്വയം പ്രകാശിപ്പിക്കുന്നവനും അജ്ഞാനാന്ധ കാരത്തിന് ഉപരിയുമാണ്.

13 മുതൽ 18 കൂടിയുള്ള ശ്ലോകങ്ങളിൽ ശരീരത്തിലുള്ള രണ്ടാമത്തെ ക്ഷേത്രജ്ഞന്റെ വർണന നമുക്ക് കാണാം. ഈ അധ്യായത്തിന്റെ തുട ക്കത്തിൽതന്നെ ശരീരം ക്ഷേത്രമാകുന്നുവെന്നും ഇതിനകത്ത് രണ്ട് ക്ഷേത്രജ്ഞന്മാരുണ്ടെന്നും പറഞ്ഞു. ഇതനുസരിച്ച് മൂന്നിന്റെയും വർണന വെവ്വേറെ ചെയ്തുകഴിഞ്ഞു. ശരീരം പാഞ്ചഭൗതികമാണ്. ഇന്ദ്രി യങ്ങൾ, മനസ്സ്, ബുദ്ധി എന്നിവ കൂടാതെ ഈ ശരീരത്തിൽ ചേതനയും സുഖദുഃഖങ്ങളും അനുഭവപ്പെടുന്നു. ഇതാണ് ക്ഷേത്രവർണന. (6, 7 ശ്ലോകങ്ങൾ ഓർക്കുക). ജീവാത്മാവുള്ളതുകൊണ്ടാണ് സുഖം, ദുഃഖം, ഇച്ഛ, ദ്വേഷം എന്നിവ പ്രകടമാകുന്നത്. തുടർന്ന് ആ ജീവാത്മാവിന്റെ സദ്ഗുണങ്ങളെ വിവരിച്ചു (8, 9, 10, 11 ശ്ലോകങ്ങൾ നോക്കുക)- ഇതൊരു ക്ഷേത്രജ്ഞനാണ്. തുടർന്ന് അടുത്ത ആറ് ശ്ലോകങ്ങളിൽ (12 മുതൽ 18 വരെ) രണ്ടാമത്തെ ക്ഷേത്രജ്ഞനായ പരമാത്മാവിനെ വർണിക്കുക യാണ്. ഇവിടെ വിവരിച്ച ക്ഷേത്രക്ഷേത്രജ്ഞജ്ഞാനത്തിന്റെ മൂലമ ന്ത്രത്തെ ജ്യേഷ്ഠബ്രഹ്മവർണനാസൂക്തത്തിൽ ദർശിക്കാം. ജ്ഞാനവി ജ്ഞാനയോഗത്തിൽ ഉദ്ധരിച്ചതാണെങ്കിലും പ്രാധാന്യം കണക്കിലെ ടുത്ത് ഒരിക്കൽക്കൂടി ഉദ്ധരിക്കാം.

**ഇയം കല്യാണ്യജരാ മർത്യസ്യാമൃതാ ഗൃഹേ.**
**യസ്മൈ കൃതാ ശയേ സ യശ്ചകാര ജജാര സഃ.** (അഥർവവേദം 10.8.26)

അർഥം: ആ പരമാത്മാവ് അത്യന്തം കല്യാണകാരിയാകുന്നു. മര ണധർമിയായ ജീവാത്മാവിന്റെ ശരീരഗൃഹത്തിൽ അവനോടൊത്ത്, ആ ശരീരത്തിന്റെ നിർമാതാവായ, അജരനും അമരനുമായ പരമാത്മാവ് താമ സിക്കുന്നു. നിർമാതാവായ ആ പരമാത്മാവുതന്നെയാണ് സ്തുതികൾക്ക് യോഗ്യനായുള്ളത്.

ഇവിടെ 'മർത്യസ്യ ഗൃഹേ' അതായത്, 'മരണധർമിയായ ജീവന്റെ ഗൃഹത്തിൽ' എന്നു പറഞ്ഞതിൽതന്നെ ക്ഷേത്രവും ആദ്യത്തെ ക്ഷേത്ര

ജ്ഞനും അടങ്ങിയിട്ടുണ്ട്. 'അജരാ അമരാ' എന്ന് രണ്ടാമത്തെ ക്ഷേത്ര ജ്ഞനായ പരമാത്മാവിനെയും വിവരിച്ചു.

ഈ പ്രകരണം ഉപസംഹരിക്കുകയാണ് അടുത്ത ശ്ലോകത്തിൽ.

19. **ഇതി ക്ഷേത്രം തഥാ ജ്ഞാനം ജ്ഞേയം ചോക്തം സമാസതഃ**
**മദ്ഭക്ത ഏതദ്വിജ്ഞായ മദ്ഭാവായോപപദ്യതേ.**

*അർഥം: ഇങ്ങനെ ക്ഷേത്രത്തെക്കുറിച്ചും, ജ്ഞാനത്തെക്കുറിച്ചും, അറിയേണ്ടതായ പരമാത്മസ്വരൂപത്തെക്കുറിച്ചും പറഞ്ഞു കഴിഞ്ഞു. ഈ തത്ത്വത്തെ അറിഞ്ഞ് (പരമാത്മയുക്തനാ യ) എന്റെ ഭക്തൻ എന്നെ പ്രാപിക്കുന്നു.*

ഭാഷ്യം: എന്നാൽ ജ്ഞേയബ്രഹ്മം കൃഷ്ണനിൽനിന്ന് ഭിന്നനാണെങ്കിൽ **'മദ്ഭാവയോപപദ്യതേ'** - 'എന്റെ ഭാവത്തെ പ്രാപിക്കും' എന്നു പറയാതെ **'തദ്ഭാവയോപപദ്യതേ'**- 'ആ ജ്ഞേയബ്രഹ്മത്തിന്റെ ഭാവത്തെ പ്രാപിക്കും' എന്നല്ലെ പറയേണ്ടത്? ഇതിൽനിന്നും ശ്രീകൃഷ്ണൻതന്നെ യാണ് പരമേശ്വരനെന്നും അത് തന്റെ അംശമാണെന്നും, മറന്ന് ജീവ നായിത്തീർന്നതാണെന്നും ഉറപ്പിച്ചുകൂടെ? പരമാത്മഭാവത്തിൽ കാര്യ ങ്ങളെ വിവരിക്കുന്ന വൈദികശൈലിയെക്കുറിച്ച് അറിയില്ലെങ്കിൽ ഇത്ത രത്തിലുള്ള ചോദ്യങ്ങൾ സ്വാഭാവികമായും കടന്നുവരും. അടുത്ത ശ്ലോകം ഇതിനുള്ള മറുപടിയാണ്. ഈ സന്ദേഹം അകറ്റാനാണ് പരമാ ത്മാവിനെപ്പോലെതന്നെ പ്രകൃതിയും ജീവാത്മാവും അനാദിയാണെന്ന് ഇവിടെ വർണിച്ചതും. കാണുക:

20. **പ്രകൃതിം പുരുഷം ചൈവ വിദ്ധ്യനാദീ ഉഭാവപി**
**വികാരാംശ്ച ഗുണാംശ്ചൈവ വിദ്ധി പ്രകൃതിസംഭവാൻ.**

*അർഥം: പ്രകൃതിയും ജീവാത്മാവും - ഇവ രണ്ടിനെയും അനാദി യെന്നറിയുക. രാഗദ്വേഷാദി വികാരങ്ങളും സത്ത്വരജസ്ത മോഗുണങ്ങൾ ഉള്ളതുമായ എല്ലാ പദാർഥങ്ങളും പ്രകൃ തിയിൽനിന്ന് ഉണ്ടായതാണെന്ന് മനസ്സിലാക്കുക.*

ഭാഷ്യം: സാംഖ്യദർശനതത്ത്വങ്ങളെ ഭഗവാൻ ശ്രീകൃഷ്ണൻ പകർത്തു ന്നതു കാണുക. ആദ്യം മഹർഷി കപിലൻ പറഞ്ഞതെന്തെന്നു നോക്കാം.

**ആദ്യഹേതുനാ തദ്വാരാ പാരമ്പര്യേƒപ്യണുവത്.** (സാംഖ്യദർശനം 1.39)

അർഥം: കാര്യ-കാരണപരമ്പരയിലൂടെ ചിന്തിച്ചുചെന്നാൽ അണുവായ ജീവാത്മാവിനെപ്പോലെതന്നെ പ്രകൃതിയും ആദ്യകാരണങ്ങളിലൊന്നാണെന്ന് മനസ്സിലാകും.

**ഉഭയസിദ്ധിഃ പ്രമാണാത് തദുപദേശഃ** (സാംഖ്യദർശനം 1.67)

*അർഥം: ശബ്ദപ്രമാണമനുസരിച്ചും പ്രകൃതിയും പുരുഷനും അനാദിയാണെന്നു സിദ്ധിക്കുന്നു. ഗീതാശ്ലോകത്തിന്റെ ആദ്യപകുതിയിൽ ഭഗവാൻ പറഞ്ഞതും ഇതുതന്നെയാണ്. അനാദിയായ ഈ പ്രകൃതിയെയാണ് വേദം സൃഷ്ടിയുടെ ഉപാദാനകാരണമായി കണക്കാക്കുന്നത്.[4] ഇക്കാര്യംതന്നെ കപിലമുനിയും സമ്മതിക്കുന്നു.*

**തദുത്പത്തിശ്രുതേശ്ച.** (സാംഖ്യദർശനം 1.42)

അർഥം: പ്രകൃതിയാണ് ജഗത്തിന്റെ ഉപാദാനകാരണമെന്നത് വേദങ്ങളിൽനിന്നും സിദ്ധിക്കുന്നു.

എന്നാൽ വേദപ്രാമാണ്യത്തെ അംഗീകരിക്കാതെ പ്രകൃതിയല്ല, ഈശ്വരനാണ് ജഗത്തിന്റെ ഉപാദനകാരണമെന്ന് പറയുന്നവർ ഭാവിയിൽ ഉണ്ടാകുമെന്നു കരുതിയാവാം കപിലമുനി പറയുന്നു:

**ത്രിവിധവിരോധാപത്തേശ്ച.** (സാംഖ്യദർശനം 1.78)

അർഥം: ഈശ്വരനിൽ സത്ത്വരജസ്തമോഗുണങ്ങളില്ല. എന്നാൽ ജഗത്തിൽ ഇവ ഉണ്ടുതാനും. എങ്കിൽ അവ എവിടെനിന്നുണ്ടായി?

**നാസദുത്പാദോ നൃശൃംഗവത്.** (സാംഖ്യദർശനം 1.79)

അർഥം: മനുഷ്യന് കൊമ്പുമുളയ്ക്കാത്തതുപോലെ ഇല്ലാത്തത് ഒരിക്കലും ഉത്പന്നമാവില്ല.

---

4. ഏഴാം അധ്യായത്തിൽ 26-ാം ശ്ലോകത്തിന്റെ ഭാഷ്യം കാണുക.

**ത്രിഗുണാചേതനത്വാദി ദ്വയോഃ.** (സാംഖ്യദർശനം 1.91)

എന്നാൽ ത്രിഗുണങ്ങളും ജഡത്വവും ജഗത്തിലുള്ളപോലെതന്നെ ഉള്ള മറ്റൊന്നാണ് മൂലപ്രകൃതി. അതിനാൽ അതുതന്നെയാണ് ജഗത്തിന്റെ ഉപാദാനകാരണം. വൈശേഷികദർശനകർത്താവായ കണാദ മഹർഷിയും കപിലമുനിയുടെ വൈദികചിന്തകളെ പിന്തുണയ്ക്കുന്നുണ്ട്. അദ്ദേഹവും പറയുന്നു:

**കാരണഗുണപൂർവകഃ കാര്യഗുണോദൃഷ്ടഃ.**

(വൈശേഷികദർശനം 2.1.24)

അർഥം: ഉപാദാനകാരണത്തിന്റെ ഗുണങ്ങൾക്ക് സദൃശമായ ഗുണങ്ങളാണ് കാര്യത്തിലുമുണ്ടാവുക.

ഭഗവദ്ഗീത ഈ ദർശനങ്ങളെ പിന്തുടർന്ന് 'ജഗത്തിലെ ത്രിഗുണങ്ങൾക്ക് കാരണം മൂലപ്രകൃതിയാണ്'[5] എന്നും വ്യക്തമാക്കുന്നു. 'ഈശ്വരനിൽ ത്രിഗുണങ്ങൾ കാണപ്പെടുന്നില്ല'[6] എന്നും വ്യക്തമാക്കി.

ഇപ്രകാരം, ഭഗവാൻ വൈദികമായ സിദ്ധാന്തത്തെ തന്റെ ഗീതയിൽ ഊട്ടിയുറപ്പിക്കുന്നത് നമുക്ക് ഇവിടെ ദർശിക്കാം.

21. **കാര്യകരണകർതൃത്വേ ഹേതുഃ പ്രകൃതിരുച്യതേ**
**പുരുഷഃ സുഖദുഃഖാനാം ഭോക്തൃത്വേ ഹേതുരുച്യതേ.**

*അർഥം: ഈ ശരീരരൂപിയായ കാര്യവും മനസ്സുമുൾപ്പെടുന്ന ഇന്ദ്രിയവർഗങ്ങളും പ്രകൃതി ഹേതുവായി ഉണ്ടാകുന്നു. സുഖദുഃഖങ്ങൾ അനുഭവിക്കുന്നതിന് ജീവാത്മാവും ഹേതുവാകുന്നു.*

ഭാഷ്യം: പുരുഷനെന്നാൽ ജീവാത്മാവ്. ഇവിടെ പരമാത്മാവെന്ന് പുരുഷനെ മനസ്സിലാക്കരുത്. കാരണം, ഈ ശ്ലോകത്തിൽ പ്രകൃതിപുരുഷ

5. *'ഗുണാംശ്ചൈവ വിദ്ധി പ്രകൃതി സംഭവാൻ'* (ഗീത 13.20)
6. *'നിർഗുണത്വാത് പരമാത്മ'* (ഗീത 13.32)

ഭേദമാണ് ചെയ്തിട്ടുള്ളത്. ഇവിടെ പരമാത്മാവെന്ന് എടുക്കാതിരിക്കാനുള്ള കാരണം ബ്രഹ്മം ഒരിക്കലും സുഖദുഃഖാദി ഭോഗങ്ങൾ അനുഭവിക്കുന്നില്ല. ഭോഗം ജീവാത്മാവിന്റെ ധർമമാണ്. ഇതിന് വേദങ്ങളിലും ഉപനിഷത്തിലും പ്രമാണമുണ്ട്. 'പരമാത്മാവ് പ്രകൃതിരൂപത്തിലുള്ള വൃക്ഷത്തിലിരിക്കുന്നു. അത് ഭോഗമൊന്നും ചെയ്യുന്നില്ല. കേവലം സാക്ഷിമാത്രനാണ്. എന്നാൽ ജീവാത്മാവ് പ്രകൃതിരൂപമായ വൃക്ഷങ്ങളുടെ ഫലത്തെ ഭോഗിക്കുന്നു'[7] ശ്വേതാശ്വതരോപനിഷത്തിൽ പറയുന്നത് കേൾക്കുക: 'ആത്മാവ് പരവശനാണ്. ഭോഗത്തിൽപ്പെട്ട് ജന്മമൃത്യുചക്രത്തിൽ ബന്ധിതനാകുന്നു. എപ്പോഴാണോ പരമാത്മാവിനെ അറിയുന്നത് അപ്പോൾ സമസ്ത ബന്ധനങ്ങളിൽനിന്നും മോചിതനാകുന്നു' (ശ്വേതാശ്വതരോപനിഷത്ത് 1.8). സാംഖ്യദർശനവും ഇക്കാര്യം ചൂണ്ടിക്കാട്ടുന്നുണ്ട്. കാണുക:

**ന നിത്യശുദ്ധബുദ്ധമുക്തസ്വഭാവസ്യ**
**തദ്യോഗസ്തദ്യോഗാദൃതേ.** (സാംഖ്യദർശനം 1.19)

നിത്യശുദ്ധബുദ്ധമുക്തസ്വഭാവിയായ ആത്മാവിന് ബന്ധയോഗം പ്രകൃതിയോഗം കൂടാതെ സാധ്യമല്ല. ആത്മാവിന് പ്രകൃതിയുമായുള്ള സംയോഗമാണ് ബന്ധനകാരണമന്ന് ചുരുക്കം. കപിലമുനി മറ്റൊരു സൂത്രത്തിൽ വ്യക്തമായിത്തന്നെ പറയുന്നു.

**ചിദവസാനോ ഭോഗഃ.** (സാംഖ്യദർശനം 1.70)

അതായത് ഭോഗം ജീവാത്മാവിനുള്ളതാണെന്ന്. ഇതേ സാംഖ്യമതമാണ് ഭഗവാൻ ഇവിടെ കടംകൊണ്ടിട്ടുള്ളത്. അതായത് മന്ദബുദ്ധിയെന്ന് ശ്രീശങ്കരൻ വിളിച്ച കപിലമഹർഷിയുടെ സിദ്ധാന്തമാണ് ശ്രീകൃഷ്ണന് വരമെന്നർഥം.

---

7. *ദ്വാ സുപർണാ സയുജാ സഖായാ*
*സമാനം വൃക്ഷം പരി ഷസ്വജാതേ*
*തയോരന്യഃ പിപ്പലം സ്വാദ്വത്ത്യനശ്നന്നന്യോ*
*അഭിചാകശീതി.* (ഋഗ്വേദം 1.164.20)

**22. പുരുഷഃ പ്രകൃതിസ്ഥോ ഹി ഭുങ്ക്തേ പ്രകൃതിജാൻ ഗുണാൻ കാരണം ഗുണസംഗോ/സ്യ സദസദ്യോനിജന്മസു.**

*അർഥം: പ്രകൃതിയിൽ സ്ഥിതിചെയ്യുന്ന ഈ ജീവരൂപിയായ പുരുഷൻ തീർച്ചയായും പ്രകൃതിയിൽനിന്ന് ഉത്പന്നമായ ഗുണങ്ങളെ അനുഭവിക്കുന്നു. പ്രകൃതിയുടെ ഗുണങ്ങളുമായുള്ള ജീവാത്മാവിന്റെ സമ്പർക്കമാണ് ഉത്തമവും നീചവുമായ യോനികളിൽ ജന്മമനുഭവിക്കാൻ കാരണമാകുന്നത്.*

ഭാഷ്യം: ഇതും സാംഖ്യകാരന്റെ മതമാണ്. കാണുക.

**തദ്യോഗോ/പ്യവിവേകാന്ന സമാനത്വമ്.** (സാംഖ്യദർശനം 1.20)

അർഥം: പ്രകൃതിയുമായുള്ള ചേർച്ചയാകട്ടെ അവിവേകംകൊണ്ട് ഉണ്ടാകുന്നു. (ചേതനത്തെ അചേതനമായും അചേതനത്തെ ചേതനമായും കരുതി വേണ്ടപോലെ അവയെ അറിയാതിരിക്കുന്നതാണ് അവിവേകം.)

**ആബ്രഹ്മസ്തംബപര്യന്തം തത്കൃതേ സൃഷ്ടിരാവിവേകാത്.**

(സാംഖ്യദർശനം 3.47)

അർഥം: ഋഷി ബ്രഹ്മൻ മുതൽ സ്ഥാവരങ്ങൾവരെ ജന്മമെടുത്തത് അവിവേകത്താലാണ്.

കപിലമുനിയുടെ ഈ സാംഖ്യസൂത്രത്തെ അതേപടി സ്വീകരിച്ചിരിക്കുകയാണ് ഭഗവാൻ ശ്രീകൃഷ്ണൻ. എന്നാൽ '**പ്രകൃതി**' എന്നതിന് 'മായ' എന്ന് അർഥം പറയുകയും '**ഗുണസങ്ഗഃ**' എന്നതുകൊണ്ട് 'ഗുണങ്ങളിൽ വീണുപോയി അധ്യാസത്താൽ ഇത് ഞാനാകുന്നു, ഇത് എന്റേതാകുന്നു എന്നിങ്ങനെ ചിന്തിക്കുന്നു'വെന്നും ചിലർ വ്യാഖ്യാനിക്കുന്നു. ഈ അധ്യാസംതന്നെയാണ് ജീവന്റെ ജന്മകാരണമായി മായാവാദികൾ ചൂണ്ടിക്കാട്ടുന്നതും. ഈ അധ്യാസത്തിൽപ്പെടാത്ത പുരുഷനാണ് അവരുടെ മതപ്രകാരം പരമേശ്വരൻ. അധ്യാസവാദപരമായ ഈ അർഥം ഗീതയിലുണ്ടെങ്കിൽ ജീവനെ അനാദിയായി ഭഗവാൻ ചിത്രീക

രിക്കില്ലായിരുന്നു. പ്രകൃതിയെയും അനാദിയായി ചിത്രീകരിക്കുകയി ല്ല. കാരണം ജീവൻതന്നെ അധ്യാസത്തിൽനിന്ന് ഉണ്ടായതാണെന്നാണ് ഇക്കൂട്ടരുടെ അഭിപ്രായം. അതിനാൽതന്നെ ഈ പ്രകൃതിയും ജീവനു മൊന്നും അനാദിയാവുകയുമില്ല. മായയാകട്ടെ അജ്ഞാനത്തിൽനിന്ന് ഉത്പന്നമായതായിട്ടാണ് അവർ പറയുന്നത്. അതിനാൽ അതും ആദി യുള്ളതും അന്തമുള്ളതുമാണ്. അതായത് അത് അനാദിയല്ലെന്നർഥം. അധ്യാസചിന്തതന്നെ ഗീതയിലുണ്ടെങ്കിൽ അനാദിപദാർഥങ്ങളെക്കുറിച്ച് പിന്നെങ്ങനെ ഗീത ചർച്ച ചെയ്യും? മൂന്നാമത്തെ അനാദിപദാർഥം പര മാത്മാവാണ്. അതിനെ സർവതിന്റെയും സ്വാമിയായാണ് ഗീത പറയു ന്നത്. അടുത്ത ശ്ലോകം കാണുക.

**23. ഉപദ്രഷ്ടാനുമന്താ ച ഭർതാ ഭോക്താ മഹേശ്വരഃ**
**പരമാത്മേതി ചാപ്യുക്തോ ദേഹേഽസ്മിൻ പുരുഷഃ പരഃ.**

*അർഥം: സമസ്തകർമങ്ങളുടെയും സാക്ഷിഭൂതനും ജീവികൾ ചെയ്യുന്ന കർമങ്ങൾക്ക് ശുഭാശുഭഫലങ്ങളെ നൽകുന്ന വനും സകലജീവികളെയും ഭരിച്ച് പോഷിപ്പിക്കുന്നവനും, ഏകമാത്രനായി തന്റെ ആനന്ദസ്വരൂപത്തെ അനുഭവിക്കു ന്നവനും, സർവലോകത്തിന്റെയും മഹേശ്വരനും പരമേ ശ്വരനുമായി ഈ ദേഹത്തിൽ സ്ഥിതി ചെയ്യുന്ന പരമപു രുഷൻ പറയപ്പെട്ടിരിക്കുന്നു.*

ഈ ശ്ലോകത്തിൽ വളരെ വ്യക്തമായ രീതിയിൽ ജീവൻ, പ്രകൃതി എന്നി വയിൽനിന്ന് പരമാത്മാവ് ഭിന്നനാണെന്ന് പറഞ്ഞിരിക്കുന്നു.

**24. യ ഏവം വേത്തി പുരുഷം പ്രകൃതിം ച ഗുണൈഃ സഹ**
**സർവഥാ വർതമാനോഽപി ന സ ഭൂയോഽഭിജായതേ.**

*അർഥം: ഇങ്ങനെ പുരുഷനെയും, ഗുണങ്ങളോടൊത്ത് പ്രകൃതി യെയും വേർതിരിച്ചറിയുന്നയാൾ സർവഥാ ഈ സംസാ രത്തിൽ വർത്തിക്കുന്നവനാണെങ്കിൽകൂടി കർമഫലഭോ ഗത്തിനായി വീണ്ടും ജന്മമെടുക്കുന്നില്ല.*

**25. ധ്യാനേനാത്മനി പശ്യന്തി കേചിദാത്മാനമാത്മനാ**
**അന്യേ സാംഖ്യേന യോഗേന കർമയോഗേന ചാ/പരേ.**

*അർഥം: ചില സാധകർ പരമാത്മാവിനെ സ്വയം സാധനാദി പുരുഷാർഥത്തിലൂടെ ധ്യാനിച്ച് കണ്ടെത്തുന്നു. മറ്റു ചിലർ സാംഖ്യയോഗത്തിലൂടെ ജ്ഞാനം നേടുന്നു. വേറെ ചിലർ തങ്ങൾ ചെയ്യുന്ന കർമങ്ങളെല്ലാം നിഷ്കാമമായി ചെയ്ത് പരമാത്മാവിനെ അറിയുന്നു.*

**26. അന്യേ ത്വേവമജാനന്തഃ ശ്രുത്വാന്യേഭ്യ ഉപാസതേ**
**തേ/പി ചാ/തിതരന്ത്യേവ മൃത്യും ശ്രുതിപരായണാഃ.**

*അർഥം: ഈ വിധത്തിൽ പരമാത്മാവിനെ അറിയാൻ കഴിയാത്തവർ അറിയാവുന്നവരിൽനിന്നും ഉപദേശം ശ്രവിച്ച് അവരുടെ പാതയെ പിന്തുടർന്ന് എന്നെ ഉപാസിക്കുന്നു. അവരും മൃത്യുരൂപമായ ഈ സംസാരസാഗരത്തെ ഉല്ലംഘിക്കുന്നു. ശ്രുതിപരായണരായവരാകട്ടെ വൈദികമാർഗങ്ങളെ അവലംബിച്ചുകൊണ്ട് മൃത്യുവിനെ അതിലംഘിക്കുന്നു.*

ഇനി ഈ ചരാചരജഗത്തിന്റെ ഉത്പത്തികാരണമായ ക്ഷേത്ര-ക്ഷേത്രജ്ഞസംയോഗത്തെ വർണിക്കുന്നു.

**27. യാവത് സംജായതേ കിഞ്ചിത് സത്ത്വം സ്ഥാവരജങ്ഗമമ്**
**ക്ഷേത്രക്ഷേത്രജ്ഞസംയോഗാത് തദ്വിദ്ധി ഭരതർഷഭ.**

*അർഥം: അല്ലയോ ഭരതകുലശ്രേഷ്ഠനായ അർജുനാ, സ്ഥാവരജംഗമങ്ങളായി ഏതൊക്കെ പദാർഥങ്ങൾ ഉത്പന്നമായിട്ടുണ്ടോ അവയെല്ലാം പരമാത്മാവും പ്രകൃതിയും തമ്മിലുള്ള യോഗത്താൽ ജനിച്ചതാണെന്ന് അറിയുക.*

**28. സമം സർവേഷു ഭൂതേഷു തിഷ്ഠന്തം പരമേശ്വരമ്**
**വിനശ്യത്സ്വവിനശ്യന്തം യഃ പശ്യതി സ പശ്യതി.**

*അർഥം: ഏതൊരു സാധകൻ നശ്വരമായ ഈ സർവപ്രാണികളിലും ഒരിക്കലും നശിക്കാത്ത പരമേശ്വരനെ സമഭാവനയോടെ കാണുന്നുവോ അവൻ യഥാർഥത്തിൽ കാണുകതന്നെ ചെയ്യും.*

ഭാഷ്യം:

**യസ്തു സര്വാണി ഭൂതാന്യാത്മന്നേവാനു പശ്യതി**
**സര്വഭൂതേഷു ചാത്മാനം തതോ ന വിചികിത്സതി.**

(യജുർവേദം 40.6)

അർഥം: ഈശ്വരൻ പറയുകയാണ്, 'വിദ്വാൻ ജഡവും ചേതനവുമായ എല്ലാറ്റിലും വേദവിദ്യയാലും അതിന്റെ ആചരണത്താലും യോഗാഭ്യാസവുംകൊണ്ട് പരമാത്മാവിനെ ദർശിക്കുന്നു. പ്രകൃതിയിൽ രചിക്കപ്പെട്ട സർവതിലും പരമാത്മാവിനെ വിദ്വാൻ ദർശിക്കുന്നു. അത്തരത്തിലുള്ള വിദ്വാന് സന്ദേഹമേ ഉണ്ടാകുന്നില്ല.' ഇതേ ചിന്തതന്നെയാണ് ഭഗവാൻ ശ്രീകൃഷ്ണനും ഇവിടെ പറയുന്നത്.

**29. സമം പശ്യൻ ഹി സർവത്ര സമവസ്ഥിതമീശ്വരമ്**
**ന ഹിനസ്ത്യാത്മനാത്മാനം തതോ യാതി പരാം ഗതിമ്.**

*അർഥം: എന്തുകൊണ്ടെന്നാൽ, എല്ലാറ്റിലും സമഭാവത്തിലിരിക്കുന്ന ഈശ്വരനെ സമാനരൂപത്തിൽ ദർശിക്കുന്നവർ സ്വയം നഷ്ടപ്പെടുത്തുന്നില്ല. ഇങ്ങനെ അവർ പരമഗതിയെ പ്രാപിക്കുകയും ചെയ്യുന്നു.*

ഭാഷ്യം: ഋഗ്വേദത്തിൽ 'അനാദികാലമായി തുടരുന്ന വേദവാണി സമഭാവത്തോടെ ഒരേയൊരു പരമേശ്വരനെ വർണിക്കുന്നു' (ഋഗ്വേദം 10.123.3) എന്ന് പറയുന്നുണ്ട്. അതേ വേദംതന്നെ ഈശ്വരനെ പൃഥിവി, സൂര്യൻ തുടങ്ങിയവയെ ഭരിച്ച് പോഷിപ്പിക്കുന്നവനെന്നും പറഞ്ഞിട്ടുണ്ട് (ഋഗ്വേദം 10.128.7).

**30. പ്രകൃത്യൈവ ച കർമാണി ക്രിയമാണാനി സർവശഃ**
**യഃ പശ്യതി തഥാത്മാനമകർതാരം സ പശ്യതി.**

*അർഥം: പ്രകൃതിയുടെ ഗുണങ്ങളാണ് മനുഷ്യന്റെ സർവകർമ ങ്ങൾക്കും പ്രേരണയാകുന്നതെന്നും ആത്മാവിനെ അകർത്താവെന്നും കാണുന്നവൻ യഥാർഥത്തിൽ കാണുന്നു.*

ഭാഷ്യം: എന്താണ് ഈ ശ്ലോകത്തിൽ പറയുന്നത് എന്നത് വ്യക്തമാകാ ൻ മൂന്നാം അധ്യായത്തിൽനിന്നും ഇതിന് സദൃശമായ മറ്റൊരു ശ്ലോകം ഇവിടെ ഉദ്ധരിക്കാം:

**പ്രകൃതേഃ ക്രിയമാണാനി ഗുണൈഃ കർമാണി സർവശഃ**
**അഹങ്കാരവിമൂഢാത്മാ കർതാഹമിതി മന്യതേ** (ഗീത 3.27)

അർഥം: പ്രകൃതിയുടെ ഗുണങ്ങളാണ് സമസ്ത കർമങ്ങളും ചെയ്യു ന്നതിന് പ്രേരണയായി നിൽക്കുന്നത്. എന്നാൽ അഹങ്കാരത്താൽ മൂഢ നായ മനുഷ്യൻ 'ഞാൻ ചെയ്യുന്നു' എന്നു കരുതുന്നു.

കർമങ്ങൾ പ്രകൃതിസംയോഗത്താൽ ഉണ്ടായതാണെന്നതറിഞ്ഞ് എല്ലാ കർമങ്ങളും കർതൃത്വഭാവം വെടിഞ്ഞ് ചെയ്യുന്നതിനെയാണ് **'ആത്മാനം അകർതാരം പശ്യതി'** എന്നതുകൊണ്ട് ഭഗവാൻ ഉദ്ദേശിച്ചത്.

**31. യദാ ഭൂതപൃഥഗ്ഭാവമേകസ്ഥമനുപശ്യതി**
**തത ഏവ ച വിസ്താരം ബ്രഹ്മ സംപദ്യതേ തദാ.**

*അർഥം: പൃഥിവി തുടങ്ങിയ പഞ്ചഭൂതങ്ങൾ വെവ്വേറെ ഭാവങ്ങളിൽ കാണപ്പെടുന്നുവെങ്കിലും അവയെല്ലാം ഏകനായ പരമാ ത്മാവിൽ സ്ഥിതിചെയ്യുന്നുവെന്ന് യോഗാഭ്യാസം തുടങ്ങി യവയുടെ ഫലമായി കാണാൻ സാധിക്കുന്നു. ആ പരമാ ത്മാവുതന്നെയാണ് ഈ സംസാരം വിസ്തരിച്ചതെന്നും കാണുന്നവൻ ആ ബ്രഹ്മത്തെ പ്രാപിക്കുന്നു.*

ഭാഷ്യം: 'പശ്യതി' എന്നാൽ കാണലാണ്. 'അനുപശ്യതി' എന്നാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. യോഗാഭ്യാസാദി അനുഷ്ഠാനങ്ങൾക്കു ശേഷമുള്ള കാണലായതുകൊണ്ടാണ് **'അനുപശ്യതി'** എന്ന് പ്രയോഗി ച്ചത്.

ഇവിടെ പൃഥിവി തുടങ്ങിയ പഞ്ചഭൂതങ്ങൾ പ്രളയകാലത്ത് ഏകനായ പരമേശ്വരനെ ആശ്രയിച്ചു. പിന്നീട് ഉത്പത്തികാലത്ത് അതേ പരമേശ്വ രൻതന്നെ അവയെ വിസ്തരിക്കുകയും ചെയ്തു. അതിനാലാണ് **'ബ്രഹ്മ സംപദ്യതേ'** എന്ന് ഇവിടെ പ്രയോഗിച്ചത്.

എന്നാൽ 'കയറും പാമ്പും' എന്ന പ്രതീകത്തിലൂടെ വിവർത്തന വാദത്തെ ഉന്നയിക്കുന്നവർ സ്വർണകുണ്ഡലങ്ങൾ സ്വർണത്തിൽനിന്ന് ഭിന്നമല്ലാത്തതുപോലെ സമസ്ത ഭൂതങ്ങളും ബ്രഹ്മത്തിൽ കല്പിതമാ ണെന്ന് വിവരിക്കുന്നു. എന്നാൽ അത്തരത്തിലൊരു 'കല്പിത'ഭാവം ഈ ശ്ലോകത്തിലൊരിടത്തും നമുക്ക് കാണാൻ കഴിയുന്നില്ല. 'ബ്രഹ്മം' ആയി ത്തീരുന്നതിന്റെ കഥനവും ഇതിലില്ല. മറിച്ച് ബ്രഹ്മത്തെ പ്രാപിക്കുന്നു വെന്നേ പറഞ്ഞിട്ടുള്ളൂ 'ദേവദത്തോ ഗ്രാമം സംപദ്യതേ' എന്നാൽ ദേവ ദത്തൻ ഗ്രാമത്തിലെത്തിച്ചേർന്നു എന്നർഥം. അല്ലാതെ ദേവദത്തൻ ഗ്രാമ മായിത്തീർന്നുവെന്ന് അതിനർഥമില്ല. അതേപോലെത്തന്നെ 'ബ്രഹ്മ സംപദ്യതേ' എന്നതിന് അർഥമെടുക്കണം. സ്വാമി രാമാനുജൻ നൽകിയ അർഥമെന്താണെന്നു കാണുക: **'അനവച്ഛിന്ന ജ്ഞാനൈകാകാരമാ ത്മാനം പ്രാപ്നോതീത്യർഥഃ'**. അപരിമേയമായ ജ്ഞാനത്തോടെയിരി ക്കുന്ന പരമാത്മാവിനെ ജീവൻ പ്രാപിക്കുന്നുവെന്ന് അർഥം. ഇതിനെ 'ജ്ഞാനഗമ്യപ്രാപ്തി' എന്ന് വിളിക്കാം. അതായത് ജ്ഞാനത്താൽ നേടു ന്നുവെന്നർഥം.

അങ്ങനെ ബ്രഹ്മം സർവപ്രാണികളുടെയും ഉള്ളിൽ സ്ഥിതനാണെ ങ്കിൽ പുണ്യപാപങ്ങളിൽ അതു ഭാഗഭാക്കാകാത്തത് എന്തുകൊണ്ടാണ്? ഈ ശങ്കയ്ക്കുള്ള ഉത്തരമാണ് അടുത്ത മൂന്ന് ശ്ലോകങ്ങളിൽ കാണു ന്നത്.

**32. അനാദിത്വാന്നിർഗുണത്വാത് പരമാത്മാ/യമവ്യയഃ**
**ശരീരസ്ഥോ/പി കൗന്തേയ ന കരോതി ന ലിപ്യതേ.**

*അർഥം: അല്ലയോ കൗന്തേയ, ഈ നിർവികാരനായ പരമാത്മാവ് അനാദിയും നിർഗുണവുമാണ്. അതിനാൽ ശരീരത്തിന്റെ അകത്ത് വസിക്കുന്നവനായിട്ടുകൂടി ഒന്നും ചെയ്യുന്നില്ല. സംഗദോഷം അതിന് ഉണ്ടാകുന്നുമില്ല.*

എന്തുകൊണ്ടാണ് അതിന് സംഗദോഷം ഇല്ലാത്തതെന്ന ചോദ്യത്തി നുള്ള ഉത്തരമാണ് അടുത്ത ശ്ലോകം.

**33. യഥാ സർവഗതം സൗക്ഷ്മ്യാദാകാശം നോപലിപ്യതേ**
**സർവത്രാവസ്ഥിതോ ദേഹേ തഥാത്മാ നോപലിപ്യതേ.**

*അർഥം: സൂക്ഷ്മമായതിനാൽ അതിന് സംഗദോഷം വരുന്നില്ല. ആകാശം സർവത്ര നിറഞ്ഞുനിൽക്കുന്നെങ്കിലും അതിസൂക്ഷ്മമാകയാൽ അതിൽ ഒന്നും പുരളുന്നില്ല. അതിനാൽ ദേഹത്തിന് അകത്തും പുറത്തും സ്ഥിതിചെയ്യുന്ന പരമാത്മാവ് നിർഗുണമാകയാൽ ദേഹദോഷങ്ങളൊന്നും അതിനെ ബാധിക്കുന്നില്ല.*

ഭാഷ്യം: 32-ാം ശ്ലോകത്തിൽ 'നിർഗുണ'ശബ്ദം പരമാത്മാവിനെ കുറിക്കാനാണ് ഉപയോഗിച്ചത്. ഗുണമെന്നതുകൊണ്ട് 'ത്രിഗുണ'മെന്നാണ് ഉദ്ദേശിച്ചത്. പരമാത്മാവ് നിർഗുണനല്ല. അതിന് അതിന്റേതായ ഗുണമുണ്ട്. 'സർവവ്യാപകത്വം' ഒരു ഗുണമാണ്. അത് പരമാത്മാവിന്റേതുമാണെന്ന് ഈ ശ്ലോകത്തിൽ ശ്രീകൃഷ്ണൻ പറയുന്നു. അതിസാമർഥ്യശാലി, ശുദ്ധം എന്നിത്യാദി ഗുണങ്ങളെല്ലാം പരമാത്മാവിനുണ്ട്. എന്നാൽ സത്ത്വം, രജസ്സ്, തമസ്സ് എന്നീ ഗുണങ്ങൾ ഭഗവാനില്ലാത്തതിനാൽ നിർഗുണനാകുന്നൂവെന്നർഥമെടുക്കണം.

അതേപോലെ ആകാശമെന്നതിന് പാഞ്ചഭൗതികമായ ആകാശമെന്ന അർഥമെടുക്കരുതെന്നാണ് ഈ ഭാഷ്യകാരന്റെ അഭിപ്രായം. കാരണം, **'ആകാശസ്തല്ലിംഗാത്'** (ബ്രഹ്മസൂത്രം 1.1.22) എന്ന് ആകാശത്തെക്കുറിച്ച്

വേദാന്തസൂത്രത്തിൽ വ്യാസൻ പറഞ്ഞിട്ടുണ്ട്. ആകാശം എന്നത് ബ്രഹ്മത്തിന്റെ പേരാണ്. ബ്രഹ്മത്തിന്റെ ലിങ്ഗം അഥവാ ചിഹ്നമാണ് ആകാശം എന്ന് ഇവിടെ പറഞ്ഞിരിക്കുന്നു. ആകാശത്തിൽനിന്നാണ് ജഗത്ത് ഉണ്ടാകുന്നത്. ഈ അനന്തമായ ആകാശം പരമാത്മാവിന്റെ വാസസ്ഥാനമാണ്. പരമാത്മാവിനെപ്പോലെത്തന്നെ അനന്തവുമാണത്. പരമാത്മാവും ആകാശവും പര്യായപദങ്ങളാണ്. ആകാശം, ആകാശത്തിന്റെ പര്യായമായ വ്യോമൻ, ഖം എന്നിവയും പരമാത്മാവിന്റെ പേരായി വേദങ്ങളിലും ഉപനിഷത്തുക്കളിലും വർണിച്ചതു കാണാം. **'യോ/സ്യാധ്യക്ഷഃ പരമേ വ്യോമൻ'** (ഋഗ്വേദം 10.129.7), **'പരമേ വ്യോമൻ പ്രതിഷ്ഠിതാ'** (തൈത്തിരീയ ഉപനിഷത്ത് 3.6) എന്നിവ ഉദാഹരണം.

**34. യഥാ പ്രകാശയത്യേകഃ കൃത്സ്നം ലോകമിമം രവിഃ**
**ക്ഷേത്രം ക്ഷേത്രീ തഥാ കൃത്സ്നം പ്രകാശയതി ഭാരത.**

*അർഥം: അല്ലയോ ഭരതവംശിയായ അർജുനാ, ഈ സമസ്തലോകത്തിനെയും ഒരേ ഒരു സൂര്യൻ പ്രകാശിപ്പിക്കുന്നതുപോലെ, പരമാത്മാവ് ക്ഷേത്രമായ പ്രകൃതിയാൽ രചിക്കപ്പെട്ട ജഡചേതനജഗത്തിനെ ഒട്ടാകെ പ്രകാശിപ്പിക്കുന്നു.*

ഭാഷ്യം: ഈ വർണനകളും വേദവിദിതമാണെന്ന് പറയാതെ വയ്യ. ഉദാഹരണത്തിന്, **'കിരണഃ അനദ്യൂൻ സമേജാത്'** (ഋഗ്വേദം 20.27.5) പ്രചണ്ഡമായ കിരണങ്ങളോടുകൂടിയ പരമാത്മാവെന്ന അർഥത്തിൽ ഋഗ്വേദം ഇക്കാര്യം പരിഗണിക്കുന്നതുതന്നെ കാണുക. അതേപോലെ സർവവ്യാപകനായ പരമാത്മാവ് ജഗത്തിലെ ഓരോ കണങ്ങളിലും വ്യാപിച്ച് പ്രകാശിക്കുന്നുവെന്ന് യജുർവേദം പറഞ്ഞിട്ടുണ്ട്. **'ഇന്ദ്രോ വിശ്വസ്യ രാജതി'** (യജുർവേദം 36.8). അതേപോലെ ഈശ്വരൻ പൃഥിവിയിൽ പശു-പക്ഷികളിലെല്ലാം വിരാജിക്കുന്നുവെന്ന് വേദശ്രുതിയുണ്ട്.[8]

**35. ക്ഷേത്രക്ഷേത്രജ്ഞയോരേവമന്തരം ജ്ഞാനചക്ഷുഷാ**
**ഭൂതപ്രകൃതിമോക്ഷം ച യേ വിദുർയാന്തി തേ പരമ്.**

8. ഋഗ്വേദം 10.27.9

*അർഥം: ഇങ്ങനെ ക്ഷേത്രവും ക്ഷേത്രജ്ഞനും തമ്മിലുള്ള ഭേദത്തെയും പഞ്ചഭൂതങ്ങളിൽനിന്ന് ഉത്പന്നമായ പ്രകൃതിയിൽനിന്നുള്ള മോക്ഷവും ജ്ഞാനചക്ഷുസ്സുകൊണ്ട് അറിയുന്നവർ പരബ്രഹ്മത്തെ പ്രാപിക്കുന്നു.*

ഋഗ്വേദത്തിൽ പറയുന്ന മന്ത്രം കാണുക:

**യത്രാ സുപർണാ അമൃതസ്യ**
**ഭാഗമനിമേഷം വിദഥാഭിസ്വരന്തി**
**ഇനോ വിശ്വസ്യ ഭുവനസ്യ ഗോപാഃ**
**സമോ ധീരഃ പാകമത്രാ വിവേശ.**
**യസ്മിൻ വൃക്ഷേ മധ്വദഃ സുപർണാ**
**നിവിശന്തേ സുവതേ ചാധി വിശ്വേ**
**തസ്യേദാഹുഃ പിപ്പലം സ്വാദ്വഗ്രേ**
**തന്നോന്നശദ്യഃ പിതരം ന വേദ.** (ഋഗ്വേദം 1.164.21, 22)

ജ്ഞാനം നേടുന്ന ജീവാത്മാവ് ഈ സംസാരത്തിൽനിന്ന് മുക്തി കൈവരിക്കുന്നു. എന്നാൽ ഈ സംസാരത്തെ ഭോഗിച്ചുകൊണ്ടിരിക്കുന്ന ജീവൻ ജന്മമരണബന്ധനത്തിൽ വീഴുന്നു. ഈശ്വരനെപ്പോലും വിസ്മരിച്ചുപോകുന്നു.

ഇതേ വിചാരമാണ് നാം ഗീതാശ്ലോകത്തിലും കണ്ടത്. ഇങ്ങനെ ക്ഷേത്രവും ക്ഷേത്രജ്ഞനും തമ്മിലുള്ള വ്യത്യാസത്തെ അറിയുന്ന ജീവാത്മാവ് മോക്ഷപദം നേടുന്നുവെന്ന ത്രൈതവാദമാണ് നാമിവിടെ ദർശിക്കുന്നത്.

***ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു***
***ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ***
***ശ്രീകൃഷ്ണാർജുനസംവാദേ***
***ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗോ നാമ***
***ത്രയോദശോഽധ്യായഃ***

**ഇങ്ങനെ പതിമൂന്നാം അധ്യായം സമാപിച്ചു.**



## അധ്യായം പതിനാല്

# ഗുണത്രയവിഭാഗയോഗം

അഥ ചതുർദശോऽധ്യായഃ

# ഗുണത്രയവിഭാഗയോഗം

**പ**തിമൂന്നാം അധ്യായത്തിൽ ശ്രീകൃഷ്ണഭഗവാൻ വേദപ്രോക്തമായ ഈശ്വരൻ-ജീവാത്മാവ്-പ്രകൃതി എന്നിവ അനാദിയാണെന്ന ത്രൈതവാദം അരക്കിട്ടുറപ്പിച്ചത് നാം കണ്ടു. ഇവ മൂന്നും പരസ്പരം വ്യത്യസ്തമാണ്. ജീവൻ പ്രകൃതിരചിതമായ പദാർഥങ്ങളുമായുള്ള സംഗം നിമിത്തം തന്റെ ശുദ്ധവും ചേതനവും ഒരിക്കലും നാശമില്ലാത്തതുമായ സ്വരൂപത്തെ മറന്ന് ജന്മമരണചക്രത്തിൽ ചെന്നു വീഴുന്നു. കാരണം **'ഗുണസങ്ഗോऽസ്യ സദസദ്യോനിജന്മസു'**- പ്രകൃതിയുടെ ഗുണങ്ങളുമായുള്ള സംഗംമൂലം ജീവാത്മാവിന് ജന്മങ്ങൾ ലഭിക്കുന്നുവെന്ന് കഴിഞ്ഞ അധ്യായത്തിൽ (ഗീത 13.21) പറഞ്ഞു. ഈ ബന്ധനത്തിൽനിന്ന് പുരുഷന് എങ്ങനെ മോചിതനാകാമെന്ന് പറയുകയാണ് ഈ അധ്യായത്തിൽ. ഈ ജ്ഞാനത്തിന്റെ മഹത്വം വർണിക്കുകയാണ് യോഗേശ്വരനായ ശ്രീകൃഷ്ണൻ ആദ്യരണ്ട് ശ്ലോകങ്ങളിൽ.

**ശ്രീഭഗവാനുവാച:**

1. **പരം ഭൂയഃ പ്രവക്ഷ്യാമി ജ്ഞാനാനാം ജ്ഞാനമുത്തമമ്**
   **യത് ജ്ഞാത്വാ മുനയഃ സർവേ പരാം സിദ്ധിമിതോ ഗതാഃ.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, എല്ലാ ജ്ഞാനങ്ങളിലുംവെച്ച് ഉത്തമമായ ജ്ഞാനത്തെ, പരമശ്രേഷ്ഠമായ ജ്ഞാനത്തെ*

*വീണ്ടും നിനക്ക് ഞാൻ ഉപദേശിച്ചുതരാം. അതിനെ അറിഞ്ഞാണ് മുനിമാരും മുക്തി പ്രാപിച്ചത്.*

**2. ഇദം ജ്ഞാനമുപാശ്രിത്യ മമ സാധർമ്യമാഗതാഃ**
**സർഗേfപി നോപജായന്തേ പ്രലയേ ന വ്യഥന്തി ച.**

*അർഥം: ഈ ജ്ഞാനത്തെ ആശ്രയിച്ച് ആര് എന്റെ അവസ്ഥയെ പ്രാപിച്ചിട്ടുണ്ടോ അവർ ശരീരത്യാഗത്തിനുശേഷം സൃഷ്ടിരചനയിൽ വീണ്ടും ഉത്പന്നമാകുന്നില്ല, പ്രളയകാലത്തിൽ ദുഃഖിക്കുന്നുമില്ല.*

ഭാഷ്യം: ഈ ശ്ലോകത്തിലെ '**സാധർമ്യ**'ശബ്ദം ഏറെ പ്രധാനപ്പെട്ടതാണ്. ഈശ്വരന്റെ ധർമം, ഗുണം എന്നിവയ്ക്ക് സമാനമായി സാധകന്റെ ഗുണങ്ങളായിത്തീരുന്നത് സാധർമ്യമാണ്. ഇരുമ്പുഗോളം തീ ഏറ്റ് തീയുണ്ടയായി മാറുന്നതുപോലെ. അപ്പോഴും ഇരുമ്പുഗോളം ഇല്ലാതായിത്തീരുന്നില്ല. മനുഷ്യശരീരത്തിൽ ജീവാത്മാവ് വസിക്കുന്നു, പരമാത്മാവും ഇവിടെത്തന്നെ വസിക്കുന്നു. എന്നാൽ ജീവൻ പ്രകൃതിബന്ധനത്തിൽ അകപ്പെടുന്നു. പ്രകൃതിയുടെ ഭോഗം തന്റെ ഭോഗമാണെന്ന് തെറ്റുധരിക്കുന്നു. എന്നാൽ പരമാത്മാവ് മാനവദേഹത്തിൽ ഇരിക്കുന്നെങ്കിലും പ്രകൃതിഗുണങ്ങളാൽ ബന്ധിതനാകുന്നില്ല. മാനവദേഹത്തിലിരിക്കുമ്പോഴും പരമാത്മാവ് അതിൽനിന്ന് വേറിട്ട് ദ്രഷ്ടാവിനെപ്പോലെ ഇരിക്കുന്നു. ജീവനും പരമാത്മഭാവത്തെ പിന്തുടർന്ന് ഇതുതന്നെയാണ് അനുഷ്ഠിക്കേണ്ടത്. ശരീരത്തിലിരിക്കുമ്പോഴും അതിൽനിന്ന് വേറിട്ട്, താൻ ക്ഷേത്രമല്ല, ക്ഷേത്രജ്ഞനാണെന്ന് ജീവന് അറിയാൻ കഴിയണം. ഭോക്താവല്ല, ദ്രഷ്ടാവാണ് താനെന്നറിയണം. എപ്പോഴാണോ പരമാത്മാവിനെപ്പോലെ ദ്രഷ്ടാവായിത്തീരുന്നത് അപ്പോൾ പരമാത്മാവിന്റെ സാധർമ്യത്തിൽ ജീവനും വന്നുചേരും. ഇതാണ് ഗീതയുടെ ലക്ഷ്യവും.

**3. മമ യോനിർമഹദ്ബ്രഹ്മ തസ്മിൻ ഗർഭം ദധാമ്യഹമ്**
**സംഭവഃ സർവഭൂതാനാം തതോ ഭവതി ഭാരത.**

*അർഥം: മഹദ്ബ്രഹ്മ അതായത് മൂലപ്രകൃതി സമസ്തപ്രാണികളുടെയും ഗർഭസ്ഥാനമാകുന്നു. അല്ലയോ ഭരതവംശിയായ*

*അർജുനാ, ഞാൻ ആ ഗർഭത്തിൽ ബീജം എന്നപോലെ വർത്തിക്കുന്നു. എല്ലാ ചരാചരങ്ങളുടെയും ആവിർഭാവം അതിൽനിന്നാണ്.*

ഭാഷ്യം: '**മഹദ്ബ്രഹ്മ**' എന്നത് പ്രകൃതിയുടെ പേരാണിവിടെ. ഇക്കാണുന്ന കാര്യസമൂഹത്തേക്കാളൊക്കെ ബൃഹത്തായതിനാലാണ് 'മഹത്' എന്ന് വിളിച്ചത്. കാര്യങ്ങളുടെ വൃദ്ധിക്ക് ഹേതുവാകയാൽ 'ബ്രഹ്മ' എന്നും വിളിക്കുന്നു. മഹത് എന്നത് മഹത്തത്ത്വത്തെ ഓർമിപ്പിക്കുന്നു. ആ മഹത് തത്ത്വത്തിന്റെ വൃദ്ധിക്കു കാരണമാകുന്നതുകൊണ്ടാണ് പ്രകൃതിയെ 'മഹദ്ബ്രഹ്മ' എന്നു പറയുന്നതെന്ന് ചുരുക്കം.

ഇനി ആ പ്രകൃതിരൂപമായ ഉപാദാനകാരണത്തിൽനിന്ന് നിമിത്തകാരണരൂപമായ പരമാത്മാവ് എങ്ങനെ ഭിന്നമായിരിക്കുന്നുവെന്ന് അടുത്ത ശ്ലോകത്തിൽ പറയുന്നു.

4. **സർവയോനിഷു കൗന്തേയ, മൂർതയഃ സംഭവന്തി യാഃ**
**താസാം ബ്രഹ്മ മഹദ്യോനിരഹം ബീജപ്രദഃ പിതാ.**

*അർഥം: അല്ലയോ കുന്തീപുത്രനായ അർജുനാ, എല്ലാ യോനികളിലും എന്തെല്ലാം മൂർത്തിരൂപങ്ങൾ (ശരീരം) ഉണ്ടാകുന്നുണ്ടോ അവയ്ക്ക് പ്രകൃതി ഉപാദാനകാരണവും ഞാൻ ബീജം നൽകുന്ന പിതാവുമാകുന്നു.*

ഭാഷ്യം: ഈ ശ്ലോകം സാംഖ്യശാസ്ത്രത്തെ വ്യക്തമാക്കുയാണ്. കേവലം പ്രകൃതി മാത്രം കാരണമായല്ല ഈ സംസാരമുണ്ടായത്. മറിച്ച് അതോടൊപ്പം നിമിത്തകാരണമായ പരമാത്മാവും ഈ പ്രപഞ്ചോത്പത്തിയിൽ കടന്നുവരുന്നു.

അപ്പോൾ ചിലർ ചോദിക്കുന്നു, '**ഈശ്വരാസിദ്ധേഃ**' (സാംഖ്യദർശനം 1.57) – 'ഈശ്വരനുണ്ടെന്ന് തെളിയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ' – എന്നിത്യാദി സൂത്രങ്ങൾ രചിച്ച സാംഖ്യശാസ്ത്രം ഈശ്വരനെത്തന്നെ മാനിക്കുന്നില്ല. സാംഖ്യകാരൻ നിരീശ്വരനാണ്. പിന്നെങ്ങനെ സാംഖ്യശാസ്ത്രത്തിൽ ഈശ്വരനെ നിമിത്തകാരണമായി കാണും?

ഇതിനുള്ള ഉത്തരമിതാണ്: സാംഖ്യശാസ്ത്രം ഈശ്വരനെ മാനിച്ചിട്ടുണ്ട്. അങ്ങനെ ഇല്ലെന്ന് വരികിൽ സാംഖ്യദർശനത്തിൽതന്നെയുള്ള ഈ സൂത്രം എങ്ങനെ ഉണ്ടാകും? കാണുക:

**സമാധിസുഷുപ്തിമോക്ഷേഷു ബ്രഹ്മരൂപതാ.** (സാംഖ്യദർശനം 5.79)

അർഥം: സമാധി, സുഷുപ്തി, മോക്ഷം എന്നിവയിൽ ബ്രഹ്മസ്വരൂപം ലഭിക്കുന്നു.

'ഈശ്വരാസിദ്ധേഃ' എന്ന സൂത്രത്തിന് ഈശ്വരനുണ്ടെന്ന് പ്രത്യക്ഷ പ്രമാണംകൊണ്ട് സിദ്ധിക്കുന്നില്ലെന്ന അർഥമാണുള്ളത്. സാമാന്യമായ അർഥത്തിൽ എടുക്കുമ്പോൾ ഈശ്വരൻ ജഗത്തിന്റെ മൂലഉപാദാനമാണെന്നു പറയുന്നത് അസംഗതമാണെന്നും ഉപാദാനകാരണമായൊരു ഈശ്വരനെ കണ്ടെത്താനാവുകയില്ലെന്നുമാണ് ഇതിന്റെ ആശയം. ഈ വിവരണത്തിന്റെ സാംഗത്യമെന്താണെന്ന് പരിശോധിക്കേണ്ടത് സത്യാന്വേഷികളുടെ ആവശ്യമാണ്. പ്രത്യക്ഷത്തെക്കുറിച്ച് വർണിക്കുന്നതാണ് സന്ദർഭം. 'യോഗികൾക്ക് ബാഹ്യപ്രത്യക്ഷമില്ലാതിരിക്കുന്നതിലും ദോഷമില്ല' എന്ന് കപിലമുനി പറയുന്നു:

**യോഗിനാമബാഹ്യപ്രത്യക്ഷത്വാന്ന ദോഷഃ.** (സാംഖ്യദർശനം 1.55)

യോഗികൾ ഉൾക്കണ്ണാൽ ദർശിക്കുന്നത് അബാഹ്യപ്രത്യക്ഷമാണ്. ഈശ്വരന്റെ ആത്മാവ്, യോഗം, ജ്ഞാനനിരാകരത്വം ഇവ ചൂണ്ടിക്കാണിക്കുകയാണിവിടെ. ഈശ്വരനും ആത്മാവും ഇല്ലെങ്കിൽ പിന്നെന്തു യോഗി? എന്തു യോഗം? ഇവിടെ ഈശ്വരൻ ജഗത്തിന്റെ ഉപാദാനകാരണമാണോ എന്ന് ചോദിച്ചപ്പോൾ ഉണ്ടായ ഉത്തരമാണ് മേലുദ്ധരിച്ചത്. അപ്പോൾ പ്രകൃതിയുമായി അധിഷ്ഠാതാവിനുള്ള ബന്ധം എന്താണ്? ഉത്തരം കപിലമഹർഷിതന്നെ പറയുന്നു.

**സ ഹി സർവവിത് സർവകർത്താ.** (സാംഖ്യദർശനം 3.56)

'അവനാണ് സർവവ്യാപിയും, സർവാന്തര്യാമിയും സമസ്ത വിശ്വത്തിന്റെ രചയിതാവും' എന്നർഥം. ഈ ഈശ്വരസാന്നിധ്യം ഉറപ്പിച്ചുകൊണ്ട് കപിലമഹർഷി ഈ പ്രകരണം ഉപസംഹരിക്കുന്നത് കാണുക.

**ഈദൃശേശ്വരസിദ്ധിഃ സിദ്ധാ.** (സാംഖ്യദർശനം 3.57)

അർഥം: ഈ രീതിയിലുള്ള ഈശ്വരന്റെ സിദ്ധി സ്വയം സിദ്ധമാണ്.

ഇങ്ങനെ സാംഖ്യദർശനവും കപിലാചാര്യനുമൊക്കെ നിരീശ്വരനാണന്ന വാദം ചീട്ടുകൊട്ടാരംപോലെ തകർന്നുവീഴുന്നു. എന്നാൽ ഈശ്വരൻതന്നെ സ്വയം പരിണമിച്ച് ജഗത്ത് ഉണ്ടായെന്നും അതിലൂടെ ഈശ്വരൻ ഉപാദാനകാരണംകൂടി ആണെന്നുമുള്ള വാദത്തെ കപിലമുനി അംഗീകരിക്കുന്നില്ല.

അപ്പോൾ ഉപാദാനകാരണമായ പ്രകൃതിയുടെ ഗുണങ്ങളിൽ ജീവൻ ബന്ധനായിത്തീരുന്നതിനുള്ള കാരണമെന്താണ്?

5. **സത്ത്വം രജസ്തമ ഇതി ഗുണാഃ പ്രകൃതിസംഭവാഃ**
**നിബധ്നന്തി മഹാബാഹോ ദേഹേ ദേഹിനമവ്യയമ്.**

*അർഥം: അല്ലയോ മഹാബാഹുവായ അർജുനാ, സത്ത്വം, രജസ്സ്, തമസ്സ് എന്നീ ത്രിഗുണങ്ങൾ പ്രകൃതിയിൽനിന്ന് ഉത്പന്നമാകുന്നതാണ്. വികാരരഹിതനായ ജീവാത്മാവിനെ ഈ ദേഹത്തിൽ ബന്ധിതനാക്കുകയും ചെയ്യുന്നു.*

6. **തത്ര സത്ത്വം നിർമലത്വാത് പ്രകാശകമനാമയമ്**
**സുഖസംഗേന ബധ്നാതി ജ്ഞാനസംഗേന ചാനഘ.**

*അർഥം: ഈ മൂന്നു ഗുണങ്ങളിൽ, നിർമലമായതിനാൽ പ്രകാശമുള്ളതും നിർദോഷവുമായ സത്ത്വഗുണം സുഖസംഗംകൊണ്ടും ജ്ഞാനസംഗംകൊണ്ടും ജീവാത്മാവിന് ബന്ധനം ഉണ്ടാക്കുന്നു.*

സത്ത്വഗുണം നിർമലവും പ്രകാശപൂർണവുമാണെങ്കിലും സുഖം, ജ്ഞാനം എന്നിവയുമായുള്ള സംഗംമൂലം ജീവന് ബന്ധനമുണ്ടാക്കുന്നു. സത്ത്വഗുണത്തിന്റെ ആധിക്യംമൂലം ദിവ്യവും അത്യധികം ജ്ഞാനസാമർഥ്യം ഉള്ളതുമായ ശരീരം ലഭിക്കുന്നുവെന്ന് അർഥം.

7. **രജോ രാഗാത്മകം വിദ്ധി തൃഷ്ണാസംഗസമുദ്ഭവമ്
തന്നിബധ്നാതി കൗന്തേയ കർമസംഗേന ദേഹിനമ്.**

*അർഥം: അല്ലയോ കൗന്തേയാ, രജോഗുണം രാഗാത്മകമാണ്. കാമത്തിൽനിന്നും ആസക്തിയിൽനിന്നും ജനിച്ചതുമാണ്. ഇത് ജീവാത്മാവിനെ കർമങ്ങളുമായും അതിന്റെ ഫലങ്ങളുമായും ബന്ധിപ്പിക്കുന്നു.*

8. **തമസ്ത്വജ്ഞാനജം വിദ്ധി മോഹനം സർവദേഹിനാമ്
പ്രമാദാലസ്യനിദ്രാഭിസ്തന്നിബധ്നാതി ഭാരത.**

*അർഥം: അല്ലയോ ഭാരത, തമോഗുണമാകട്ടെ, തീർച്ചയായും അജ്ഞാനത്തിൽനിന്ന് ഉണ്ടാകുന്നതും സകലജീവികൾക്കും മോഹം ജനിപ്പിക്കുന്നതുമാണ്. അങ്ങനെ ജീവനെ പ്രമാദം, ആലസ്യം, അവിവേകം, നിദ്ര എന്നിവയിൽ ബന്ധിപ്പിക്കുകയും ചെയ്യുന്നു.*

9. **സത്ത്വം സുഖേ സഞ്ജയതി രജഃ കർമണി ഭാരത
ജ്ഞാനമാവൃത്യ തു തമഃ പ്രമാദേ സഞ്ജയത്യുത.**

*അർഥം: ഹേ ഭാരത, സത്ത്വഗുണം സുഖത്തിലും രജോഗുണം കർമത്തിലും ജീവാത്മാവിനെ ആസക്തനാക്കുന്നു. തമോഗുണമാകട്ടെ ജ്ഞാനത്തെ മൂടി പ്രമാദത്തിലും ചേർക്കുന്നു.*

10. **രജസ്തമശ്ചാഭിഭൂയ സത്ത്വം ഭവതി ഭാരത
രജഃ സത്ത്വം തമശ്ചൈവ തമഃ സത്ത്വം രജസ്തഥാ.**

*അർഥം: അല്ലയോ ഭരതവംശീ, രജസ്സിനെയും തമസ്സിനെയും കീഴ്പ്പെടുത്തി സത്ത്വം പ്രബലമാകുന്നു. സത്ത്വഗുണത്തെയും തമോഗുണത്തെയും കീഴ്പ്പെടുത്തി രജോഗുണം ഉയരുന്നു. ഇങ്ങനെത്തന്നെ സത്ത്വഗുണത്തെയും രജോഗുണത്തെയും കീഴ്പ്പെടുത്തി തമോഗുണം പ്രബലമാകുന്നു.*

ഈദൃശഗുണങ്ങൾ ഏതൊക്കെ പുരുഷന്മാരിൽ അധികമായി കാണുന്നുവോ അവരെ എങ്ങനെ തിരിച്ചറിയാമെന്നതിന്റെ വർണനയാണിനി. കാണുക:

11. **സർവദ്വാരേഷു ദേഹേഽസ്മിൻ പ്രകാശ ഉപജായതേ**
**ജ്ഞാനം യദാ തദാ വിദ്യാദ്വിവൃദ്ധം സത്ത്വമിത്യുത.**

*അർഥം: ഈ ശരീരത്തിൽ എല്ലാ ഇന്ദ്രിയങ്ങളിലും അറിവിന്റെ പ്രകാശം ഉണ്ടാകുമ്പോൾ ജ്ഞാനം സത്ത്വഗുണം എന്നിവയുടെ വർധനയുണ്ടെന്ന് അറിയേണ്ടതാണ്.*

'സർവദ്വാരേഷു' എന്നത് അഥർവമന്ത്രത്തിൽ പറയുന്ന 'നവദ്വാരം' (10.8.43) തന്നെയാണ്.

12. **ലോഭഃ പ്രവൃത്തിരാരംഭഃ കർമണാമശമഃ സ്പൃഹാ**
**രജസ്യേതാനി ജായന്തേ വിവൃദ്ധേ ഭരതർഷഭ.**

*അർഥം: ഹേ ഭരതകുലശ്രേഷ്ഠാ, രജോഗുണം വർധിക്കുമ്പോൾ പണമുണ്ടാക്കുവാനുള്ള തൃഷ്ണയും (ലോഭം), പ്രയത്നിക്കുവാനുള്ള ആഗ്രഹവും (ഉണ്ടാകുന്നു) കർമങ്ങൾ ചെയ്തു തുടങ്ങുകയും അതുമൂലമുള്ള അസ്വസ്ഥത, ആഗ്രഹങ്ങൾ എന്നിവ ഉണ്ടാകുകയും ചെയ്യുന്നു.*

13. **അപ്രകാശോഽപ്രവൃത്തിശ്ച പ്രമാദോ മോഹ ഏവ ച**
**തമസ്യേതാനി ജായന്തേ വിവൃദ്ധേ കുരുനന്ദന.**

*അർഥം: ഹേ കുരുനന്ദനാ, തമോഗുണം അധികമാകുമ്പോൾ ജ്ഞാനമില്ലാതാവുന്നു. (കൂടാതെ) ആലസ്യം, പ്രമാദം, മോഹം എന്നിവ ഉണ്ടാവുന്നത് തമോഗുണവർധനവിന്റെ ചിഹ്നമാകുന്നു.*

ജീവാത്മാവ് ശരീരം വെടിയുമ്പോൾ ഏതേത് ഗുണങ്ങളിൽ ആധിക്യമുള്ളവർ ഏതേത് യോനികളിൽ ചെന്നുചേരുമെന്നു വർണിക്കുകയാണിനി, കാണുക:

**14. യദാ സത്ത്വേ പ്രവൃദ്ധേ തു പ്രലയം യാതി ദേഹഭൃത്**
**തദോത്തമവിദാം ലോകാനമലാൻ പ്രതിപദ്യതേ.**

*അർഥം: പ്രാണനെ ധരിച്ച ജീവാത്മാവ് സത്ത്വഗുണം അധികമുള്ളപ്പോൾ ദേഹത്യാഗം ചെയ്യുകയാണെങ്കിൽ തീർച്ചയായും ഉത്തമജ്ഞാനികളായി നിർമലമായ ജന്മങ്ങൾ നേടുന്നു.*

ഇവിടെ 'ലോക'ശബ്ദം മനുഷ്യജന്മമെന്ന അർഥത്തിലാണ്. മനുഷ്യജന്മമാണ് ഉത്തമമായ ജന്മമെന്ന് ശാസ്ത്രങ്ങളെല്ലാം ഐകകണ്ഠ്യേന അംഗീകരിക്കുന്നു. മനുഷ്യരിൽ ജ്ഞാനികളും ഉത്തമരാകുന്നു.

**15. രജസി പ്രലയം ഗത്വാ കർമസങ്ഗിഷു ജായതേ**
**തഥാ പ്രലീനസ്തമസി മൂഢയോനിഷു ജായതേ.**

*അർഥം: രജോഗുണം വർധിച്ചിരിക്കുമ്പോഴാണ് മരണം സംഭവിക്കുന്നതെങ്കിൽ ആ ജീവാത്മാവ് കർമങ്ങളിലുള്ള ആസക്തിമൂലം കർമത്തിന് പ്രാധാന്യം കല്പിക്കുന്ന മനുഷ്യനായി ജനിക്കുന്നു. അതേപോലെ തമോഗുണം പ്രധാനമായിരിക്കുമ്പോഴാണ് മൃത്യുവെങ്കിൽ മൂഢയോനികളിലും ചെന്നു ജനിക്കുന്നു.*

ഇനി ഈ ത്രിഗുണങ്ങളാൽ ഉണ്ടാകുന്ന സുഖം, ദുഃഖം, അജ്ഞാനം എന്നിവയെ വർണിക്കുകയാണ്.

**16. കർമണഃ സുകൃതസ്യാഹുഃ സാത്ത്വികം നിർമലം ഫലമ്**
**രജസസ്തു ഫലം ദുഃഖമജ്ഞാനം തമസഃ ഫലമ്.**

*അർഥം: പുണ്യകർമങ്ങളുടെ ഫലം സാത്ത്വികവും നിർമലവുമാണ്. രജോഗുണത്തിന്റെ ഫലം ദുഃഖവും തമോഗുണത്തിന്റെ ഫലം അജ്ഞാനവുമാകുന്നു.*

ജ്ഞാനികൾ എത്തിച്ചേരുന്ന സുകൃതലോകത്തെക്കുറിച്ച് അഥർവവേദം (9.5) പറയുന്നുണ്ട്.

17. **സത്ത്വാത് സഞ്ജായതേ ജ്ഞാനം രജസോ ലോഭ ഏവ ച**
**പ്രമാദമോഹൗ തമസോ ഭവതോഽജ്ഞാനമേവ ച.**

*അർഥം: സത്ത്വഗുണത്തിൽനിന്ന് ജ്ഞാനവും രജോഗുണത്തിൽനിന്ന് നിസ്സംശയം ലോഭവും (അത്യാർത്തി) തമോഗുണത്തിൽനിന്ന് പ്രമാദം, മോഹം എന്നിവയും അജ്ഞാനവും ഉണ്ടാകുന്നു.*

ഇനി ഈ മൂന്ന് ഗുണങ്ങളുടെയും ഫലങ്ങളെ ഉത്തമം, മധ്യമം, അധമം എന്നിങ്ങനെ വേർതിരിക്കുകയാണ്. കാണുക:

18. **ഊർധ്വം ഗച്ഛന്തി സത്ത്വസ്ഥാ മധ്യേ തിഷ്ഠന്തി രാജസാഃ**
**ജഘന്യഗുണവൃത്തിസ്ഥാ അധോ ഗച്ഛന്തി താമസാഃ.**

*അർഥം: സത്ത്വഗുണങ്ങളിൽ സ്ഥിതിചെയ്യുന്നവർ ഉന്നതലോകങ്ങളിലേക്ക് പോകുന്നു. രജോഗുണയുക്തരാകട്ടെ മധ്യത്തിൽ സ്ഥിതിചെയ്യുന്നു. തമോഗുണമുള്ളവർ നീചഗുണങ്ങളിൽ വസിക്കുന്നതിനാൽ അധോലോകങ്ങളെയും നേടുന്നു.*

ഭാഷ്യം: ഇതു സംബന്ധിച്ച്, കപിലമുനിയുടെ പ്രസ്താവനകൾ കാണുക:

**ഊർധ്വം സത്ത്വവിശാലാ.**
**തമോ വിശാലാമൂലതഃ.**
**മധ്യേ രജോവിശാലാ.** (സാംഖ്യദർശനം 3.48, 49, 50)

അർഥം: സത്ത്വഗുണപ്രധാനികൾ ഉന്നതവും തമോഗുണപ്രധാനികൾ നീചവും രജോഗുണപ്രധാനികൾ മധ്യമവുമായ ലോകങ്ങളെ പ്രാപിക്കുന്നു.

കപിലമുനിയുടെ സൂത്രങ്ങളെ ശ്ലോകരൂപത്തിലാക്കി മാറ്റുക മാത്രമാണ് ശ്രീകൃഷ്ണൻ ഇവിടെ ചെയ്തത്. സിദ്ധരിൽ താൻ കപിലമുനിയാണെന്ന് ശ്രീകൃഷ്ണൻ പറയാൻ കാരണവും ഇതുതന്നെ.

ഇവിടെ 'ലോക'മെന്നതുകൊണ്ട് ഏതെങ്കിലും പ്രത്യേക ലോകങ്ങളിലേക്ക് പോകുന്നുവെന്ന് അർഥമെടുക്കരുത്. ഇതെല്ലാം ഈ ഭൂമി

യിൽതന്നെയാണ്. സത്ത്വഗുണപ്രധാനികളായ ഋഷിമുനിമാർ ഉന്നതലോകങ്ങളിൽ വസിക്കുന്നവരാണ്. രജോഗുണപ്രധാനികൾ രാജ്യസുഖം തുടങ്ങിയ മധ്യലോകങ്ങളിലും വസിക്കുന്നു. താമസികളായവർ നിന്ദിതങ്ങളും ദുഃഖപ്രധാനവുമായ താഴ്ന്ന ലോകങ്ങളിൽ വസിക്കുന്നു. വ്യാസനും കപിലനും ശ്രീകൃഷ്ണനുമെല്ലാം ഈ ലോകത്തിൽതന്നെയാണ് പിറന്നുവീണതും ജീവിച്ചതും.

ഇനി ഈ പ്രാകൃതികമായ ബന്ധനങ്ങളിൽനിന്ന് മോചിതനാകാനുള്ള വഴി വർണിക്കുകയാണ്; കാണുക:

**19. നാന്യം ഗുണേഭ്യഃ കർതാരം യദാ ദ്രഷ്ടാനുപശ്യതി**
**ഗുണേഭ്യശ്ച പരം വേത്തി മദ്ഭാവം സോഽധിഗച്ഛതി.**

*അർഥം: എപ്പോൾ ദ്രഷ്ടാവായ ജീവൻ ഗുണങ്ങളിൽനിന്ന് വേറിട്ട് കർത്താവിനെ കാണുന്നില്ലയോ, അഥവാ ഗുണാതീതമായി ആത്മാവിനെ അറിയുന്നുവോ അപ്പോൾ അവൻ എന്റെ ഭാവത്തെ പ്രാപിക്കുകയും ചെയ്യുന്നു.*

ഭാഷ്യം: **അവിവേകാദ്വാ തത്സിദ്ധേഃ കർത്തുഃ ഫലാവഗമഃ.**

(സാംഖ്യദർശനം 1.71)

എന്ന സംഖ്യാസൂത്രത്തെ വിശദീകരിക്കുകയാണ് ശ്രീകൃഷ്ണനിവിടെ. അവിവേകമാണ് യഥാർഥത്തിൽ ആത്മാവിൽ കർതൃത്വവും സുഖദുഃഖാദിഭോക്തൃത്വവും സൃഷ്ടിക്കുന്നത്.

**നോഭയം ച തത്ത്വാഖ്യാനേ.** (സാംഖ്യദർശനം 1.72)

അർഥം: 'വിവേകത്താൽ തത്ത്വജ്ഞാനം പ്രാപ്തമാകുമ്പോൾ ആത്മാവിൽ കർതൃത്വമോ സുഖദുഃഖങ്ങളുടെ ഭോക്തൃത്വമോ ഉണ്ടാവുകയില്ല.'

**20. ഗുണാനേതാനതീത്യ ത്രീൻ ദേഹീ ദേഹസമുദ്ഭവാൻ**
**ജന്മമൃത്യുജരാദുഃഖൈർവിമുക്തോഽമൃതശ്നുതേ.**

*അർഥം: ദേഹത്തിലിരിക്കുന്ന ജീവാത്മാവ് ഈ ശരീരത്തിൽനിന്ന് ഉണ്ടാകുന്ന ത്രിഗുണങ്ങൾക്ക് അതീതനായി ജന്മം, മൃത്യു, വൃദ്ധാവസ്ഥ, വാർധക്യസഹജമായ ദുഃഖങ്ങൾ എന്നിവ യിൽനിന്ന് മുക്തനായി അമൃതത്വം പ്രാപിക്കുന്നു.*

ഭാഷ്യം: ഈ ശ്ലോകത്തിലെ **'അമൃതമശ്നുതേ'** എന്ന പ്രയോഗം യജുർവേദത്തിൽ (40.11) നിന്നും എടുത്തു ചേർത്തതാണ്. സത്ത്വരജ സ്തമോഗുണയുക്തമായ മൂലപ്രകൃതിയെ അറിഞ്ഞ് അതിൽനിന്നുയർന്ന് അമരത്വം നേടാൻതന്നെയാണ് യജുർവേദത്തിൽ പറയുന്നതും. വേദം പഠിക്കാത്തവർക്ക് ഗീത മനസ്സിലാക്കാൻ കഴിയാത്തതും അതുകൊ ണ്ടൊക്കെത്തന്നെയാണ്.

**അർജുന ഉവാച:**

**21. കൈർലിങ്ഗൈസ്ത്രീൻ ഗുണാനേതാനതീതോ ഭവതി പ്രഭോ**
**കിമാചരഃ കഥം ചൈതാംസ്ത്രീൻ ഗുണാനതിവർത്തതേ.**

*അർഥം: അർജുനൻ പറഞ്ഞു, അല്ലയോ പ്രഭോ, ഈ ത്രിഗുണങ്ങളെ അതിക്രമിച്ചയാളുടെ ലക്ഷണങ്ങൾ എന്തെല്ലാമാണ്? അയാ ളുടെ ആചാരങ്ങൾ എന്തെല്ലാമാണ്? ഏതു വിധത്തിലാണ് ഈ മൂന്ന് ഗുണങ്ങളെ അതിലംഘിക്കുന്നത്?*

**ശ്രീഭഗവാൻ ഉവാച:**

**22. പ്രകാശം ച പ്രവൃത്തിം ച മോഹമേവ ച പാണ്ഡവ**
**ന ദ്വേഷ്ടി സംപ്രവൃത്താനി ന നിവൃത്താനി കാങ്ക്ഷതി.**

**23. ഉദാസീനവദാസീനോ ഗുണൈർയോ ന വിചാല്യതേ**
**ഗുണാ വർതന്ത ഇത്യേവ യോ/വതിഷ്ഠതി നേങ്ഗതേ.**

**24. സമദുഃഖസുഖഃ സ്വസ്ഥഃ സമലോഷ്ടാശ്മകാഞ്ചനഃ**
**തുല്യപ്രിയാപ്രിയോ ധീരസ്തുല്യനിന്ദാത്മസംസ്തുതിഃ.**

**25. മാനാപമാനയോസ്തുല്യസ്തുല്യോ മിത്രാരിപക്ഷയോഃ**
**സർവാരംഭപരിത്യാഗീ ഗുണാതീതഃ സ ഉച്യതേ.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, അല്ലയോ പാണ്ഡുപുത്രാ, സത്ത്വ ഗുണത്തിന്റെ സ്വരൂപമായ പ്രകാശവും രജോഗുണയുക്ത മായ ക്രിയാശീലവും തമോഗുണസ്ഥിതമായ മോഹവും പ്രകടമാവുമ്പോൾ അവയെ കാംക്ഷിക്കുകയോ, ഇല്ലാതാ കുമ്പോൾ അവ വന്നുചേരണമെന്ന് ആഗ്രഹിക്കുകയോ ചെയ്യാത്തവൻ ഗുണാതീതനാകുന്നു. (22)*

*ഉദാസീനനെപ്പോലെ വർത്തിച്ചുകൊണ്ട് ത്രിഗുണങ്ങളുടെ സ്വാധീനത്തിൽപ്പെടാതെ ഗുണങ്ങൾ സ്വധർമത്തിൽ വർത്തിക്കുകയാണെന്നറിഞ്ഞ് പരമാത്മാവിൽ ഏകീഭാവ ത്തിൽ സ്ഥിതി ചെയ്യുകയും (23)*

*സുഖദുഃഖങ്ങളിൽ സമഭാവനയോടെ ആത്മനിഷ്ഠയിലി രിക്കുകയും കല്ല്, മൺകട്ട, സ്വർണം എന്നിവയെ തുല്യ ഭാവത്തോടെ കാണുകയും നിന്ദ, സ്തുതി എന്നിവയെ തുല്യമായി സമീപിക്കുകയും മിത്രം, ശത്രു എന്നിത്യാദി വകഭേദമില്ലാതിരിക്കുകയും ചെയ്ത് (24)*

*മാനത്തിലും അപമാനത്തിലും തുല്യത പുലർത്തി, ശത്രു മിത്രഭേദഭാവങ്ങളില്ലാതെ എല്ലാ ഉദ്യമങ്ങളും ഉപേക്ഷിച്ച വനായും ഇരിക്കുന്നവനെ ഗുണാതീതൻ എന്നു പറയു ന്നു. (25)*

**26. മാം ച യോഽവ്യഭിചാരേണ ഭക്തിയോഗേന സേവതേ**
**സ ഗുണാൻ സമതീത്യൈതാൻ ബ്രഹ്മഭൂയായ കല്പതേ.**

*അർഥം: പരമാത്മാവിനെ അനന്യഭക്തിയോഗത്താൽ ഉപാസിക്കു കയും ഈ ഗുണത്രയങ്ങളെ അതിക്രമിക്കുകയും ചെയ്യു ന്നവൻ ബ്രഹ്മഭാവത്തിന് യോഗ്യനായിത്തീരുന്നു.*

ഭാഷ്യം: ഈ ശ്ലോകത്തിൽ കാണുന്ന 'മാം' എന്ന ശബ്ദം പരമേശ്വ രനെ കുറിക്കുന്നതാണ്. അല്ലാതെ ശ്രീകൃഷ്ണനെന്ന വ്യക്തിയെക്കുറി ക്കുന്നതല്ല. 'അവ്യഭിചാരമായ ഭക്തിയോഗം' എന്നാൽ പരമാത്മാവല്ലാതെ മറ്റൊന്നിലും ശ്രദ്ധയില്ലാതെയുള്ള ഭക്തിയാണ്. **'ബ്രഹ്മഭൂയായ'** എന്ന

തിന്റെ അർഥം ബ്രഹ്മഭാവം കൈവരിക്കുക എന്നതാണ്. 'മാം' എന്നതിന് 'ശ്രീകൃഷ്ണൻ' എന്നർഥമെടുക്കാൻ കഴിയില്ല. കാരണം അടുത്ത ശ്ലോകത്തിൽ 'തന്നെ' ബ്രഹ്മത്തിന്റെ ആധാരമായി വിവരിക്കുന്നുണ്ട്. ശ്രീകൃഷ്ണൻ എന്ന ശരീരമുള്ള വ്യക്തിയാണ് ഇവിടെ 'മാം' എന്നതു കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ സാകാരനായ ബ്രഹ്മം നിരാകരനായ ബ്രഹ്മത്തേക്കാൾ വലുതായിരിക്കുമോ?

**27. ബ്രഹ്മണോ ഹി പ്രതിഷ്ഠാഹമമൃതസ്യാവ്യയസ്യ ച**
**ശാശ്വതസ്യ ച ധർമസ്യ സുഖസ്യൈകാന്തികസ്യ ച.**

*അർഥം: മുക്തിയെ പ്രതിപാദിക്കുന്ന, ഈശ്വരന്റെ ജ്ഞാനരൂപവും നിത്യവുമായ വേദങ്ങൾക്ക് ആശ്രയം ഞാനാകുന്നു. നാശമില്ലാത്ത വൈദികധർമത്തിന്റെ പ്രതിഷ്ഠയും ഞാൻതന്നെ. ഈശ്വരീയ നിയമാനുസാരം ജീവിക്കുന്ന ജീവാത്മാവിന് സുഖം ലഭിക്കുന്നു. അതിന്റെ പ്രതിഷ്ഠയും ഞാൻതന്നെ.*

**'സർവേ വേദാ യത്പദമാമനന്തി'** എന്നിത്യാദി പ്രമാണമെടുത്താൽ പരമാത്മാവ് വേദരൂപമായ ബ്രഹ്മത്തിന്റെ അധിഷ്ഠാനമായതിന്റെ വർണനയാണ് ഈ ശ്ലോകത്തിൽ യോഗേശ്വരനായ ശ്രീകൃഷ്ണൻ നടത്തുന്നത് എന്നു മനസ്സിലാകും..

***ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു***
***ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ***
***ശ്രീകൃഷ്ണാർജുനസംവാദേ***
***ഗുണത്രയവിഭാഗയോഗോ നാമ***
***ചതുർദശോഽധ്യായഃ***

**ഇങ്ങനെ പതിനാലാം അധ്യായം സമാപിച്ചു.**



## അധ്യായം പതിനഞ്ച്

# പുരുഷോത്തമയോഗം

അഥ പഞ്ചദശോ$ʃ$ധ്യായഃ

# പുരുഷോത്തമയോഗം

**പ്ര**കൃതിയും പുരുഷനും തമ്മിലുള്ള ഭേദത്തെക്കുറിച്ച് കഴിഞ്ഞ അധ്യായത്തിൽ വർണിച്ചു. അതോടൊപ്പം ത്രിഗുണാത്മികമായ പ്രകൃതിയുടെ സത്ത്വ-രജ-തമോഗുണങ്ങളുടെ സ്വരൂപവും മനസ്സിലാക്കിച്ചുതന്നു. ഈ മൂന്ന് ഗുണങ്ങൾക്കും ഉപരിയായി വളരാൻ സാധകന് ഉപദേശവും നൽകി.

ഗീതാഭാഷ്യത്തിൽ 'ഭഗവാൻ' എന്ന് ശ്രീകൃഷ്ണനെ സംബോധന ചെയ്തിട്ടുണ്ട് ഈ ഗ്രന്ഥകർത്താവ്. അത് അവ്യയനും അജനുമായ പരമേശ്വരനെ സൂചിപ്പിക്കുവാനല്ല. വേദാധ്യയനവും അഷ്ടാങ്ഗയോഗസാധനയും പരിശീലിച്ച് സമാധി പ്രാപിക്കുന്ന യോഗികളെയും 'ഭഗവാൻ' എന്നു വിളിക്കാറുണ്ട്. 'ഭഗ' എന്നാൽ ഐശ്വര്യം, 'വാൻ' എന്നാൽ ഉള്ളവൻ. ഐശ്വര്യത്തെ കൈവരിക്കുന്ന യോഗിയെ 'ഭഗവാൻ' എന്നു വിളിക്കുന്നു. ഭഗവാൻ വ്യാസൻതന്നെ തന്റെ യോഗഭാഷ്യത്തിൽ യോഗസിദ്ധി നേടിയ ഭഗവാൻ ജൈഗീഷവ്യനെയും ഭഗവാൻ അവാട്യനെയും കുറിച്ചെല്ലാം പറയുന്നുണ്ട്. അഥർവവേദത്തിൽ ഐശ്വര്യത്തിന്റെ പുഞ്ജമായ പ്രഭുതന്നെയാണ് യഥാർഥ ഐശ്വര്യം. ആ പ്രഭുവിനാൽതന്നെ അഥവാ പ്രഭുവിനോടുള്ള ഭക്തികൊണ്ട് ഞങ്ങൾ ഭഗവാന്മാരായി അഥവാ ഐശ്വര്യവാൻമാരായിത്തീരുന്നുവെന്ന് പറയുന്നു. കേൾക്കുക:

**'ഭഗഃ ഏവ ഭഗവാങ് അസ്തു**
**ദേവാസ്തേന വയം ഭഗവന്തഃ സ്യാമ.** (അഥർവവേദം 3.16.5)

'ഭഗവന്തഃ' എന്നത് ഭഗവാൻ എന്നതിന്റെ ബഹുവചനപ്രയോഗമാണ്.

**ശ്രീഭഗവാനുവാച:**

1. **ഊർധ്വമൂലമധഃശാഖമശ്വത്ഥം പ്രാഹുരവ്യയമ്**
**ഛന്ദാംസി യസ്യ പർണാനി യസ്തം വേദ സ വേദവിത്.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, മൂലകാരണം (വേരുകൾ) മുകളിലും, ശാഖകൾ താഴെയുമായ നാശമില്ലാത്ത ഈ സംസാരവൃക്ഷത്തെക്കുറിച്ച് പറയുന്നുണ്ട്. അതിന്റെ ഇലകൾ വേദങ്ങളാകുന്നു. ഏതൊരുവൻ ഈ സംസാരരൂപമായ വൃക്ഷത്തെ അറിയുന്നുവോ അവൻ വേദത്തെ അറിഞ്ഞവനാണ്.*

ഭാഷ്യം: ഈ സംസാരത്തെ അശ്വത്ഥവൃക്ഷമാക്കി അതിസുന്ദരമായി വർണിച്ചിരിക്കുകയാണ്. ഇതേ വർണന അല്പം മാറ്റത്തോടെ കഠോപനിഷത്തിലുണ്ട്. ഇങ്ങനെയാണത്.

**ഊർധ്വമൂലോऽവാക്ശാഖ എഷോऽശ്വത്ഥഃ സനാതനഃ.**
**തദേവ ശുക്രം തദ്ബ്രഹ്മ തദേവാമൃതമുച്യതേ.**
**തസ്മിംല്ലോകാഃ ശ്രിതാഃ സർവേ**
**തദു നാത്യേതികശ്ചന, ഏതദ്വൈ തത്.** (കഠോപനിഷത്ത് 6.1)

അർഥം: 'മുകളിലേക്കു നിൽക്കുന്ന വേരും താഴോട്ട് വളരുന്ന ശാഖകളും ഉള്ള നിത്യമായ വൃക്ഷംപോലെയാണ് ബ്രഹ്മം. സകലലോകവും അതിലിരിക്കുന്നു. അതാണ് പ്രകാശപൂർണവും അമൃതസ്വരൂപവുമായ ബ്രഹ്മം. ബ്രഹ്മത്തിന്റെ നിയമം എല്ലാവരും അനുസരിക്കുന്നു.' ഈ ശ്ലോകത്തിലെ 'സനാതന'മെന്ന വാക്കിനു പകരം ഗീതയിൽ 'അവ്യയ'മെന്നാണ് പ്രയോഗിച്ചിട്ടുള്ളത്.

ഭാഷ്യം: ഈ വൃക്ഷവർണന കഠോപനിഷത്തിന്റെ കണ്ടെത്തലല്ല. മറിച്ച് ഋഗ്വേദത്തിൽനിന്നു സ്വീകരിച്ച പരികൽപനയാണ്. രണ്ടു പക്ഷികൾ ഇരിക്കുന്ന പിപ്പലവൃക്ഷത്തെ വർണിച്ചതു നേരത്തെ ഉദ്ധരിച്ചത് അനുവാചകർ ഓർക്കുമല്ലൊ.[1] കൂടാതെ മുണ്ഡകോപനിഷത്തിലും ഈ വൃക്ഷവർണനയുണ്ട്. കാണുക:

**സമാനേ വൃക്ഷേ പുരുഷോ നിമഗ്നോഽനീശയാ ശോചതി മുഹ്യമാനഃ**
**ജുഷ്ടം യദാ പശ്യത്യന്യമീശമസ്യ മഹിമാനമിതി വീതശോകഃ**

(മുണ്ഡകോപനിഷത്ത് 3.1.2).

അർഥം: ആ വൃക്ഷത്തിന്മേൽ ഇരിക്കുന്ന ജീവാത്മാവ് ഫലത്തിൽ നിമഗ്നനായി മോഹിതനായിത്തീരുന്നു. എപ്പോഴാണോ അവൻ സ്വന്തം സ്വാമിയാകാതെ സാമർഥ്യഹീനനായി നിർബലനായിത്തീരുന്നത് അപ്പോൾ വിഷയങ്ങളിൽ ചെന്നുപെട്ട് ദുഃഖം അനുഭവിക്കുന്നു. എപ്പോഴാണോ രണ്ടാമത്തെ യഥാർഥ സ്വാമിയുടെ ദർശനമുണ്ടാകുന്നത്, ആ സ്വാമിയുടേതാണ് ഈ മഹിമയെല്ലാമെന്ന് അറിയുന്നത് അപ്പോൾ അവന്റെ ശോകങ്ങളെല്ലാം അകന്നുപോകുന്നു.

ഇതേപോലെ മഹാഭാരതത്തിലും വൃക്ഷസങ്കല്പം കടന്നുവരുന്നുണ്ട്. 'ഈ വിദ്യാരണ്യത്തിൽ അഥവാ ബ്രഹ്മാരണ്യത്തിൽ പ്രജ്ഞാ എന്ന് പേരുള്ള വൃക്ഷമുണ്ട്. അതിൽ മോക്ഷരൂപത്തിലുള്ള പഴങ്ങളുണ്ട്. ശാന്തിപൂർണമായ അതിന്റെ ശീതളച്ഛായ ഉണ്ട്. അറിയേണ്ട ഉത്തമമായ ആശ്രയസ്ഥാനമാണത്. തൃപ്തി നൽകുന്ന ജീവനജലവും ഇവിടെയുണ്ട്. ക്ഷേത്രജ്ഞനായ ആത്മാവിന്റെ പ്രകാശവും അവിടെയുണ്ട്. ഈ വനത്തിലേക്ക് പോകുന്നവർക്ക് പിന്നീട് പുനർജന്മമുണ്ടാകില്ല. അതിന് മുകളിലോ, താഴെയോ, ദിശകളിലോ ഒരു അന്ത്യവുമില്ല.'

(മഹാഭാരതം, അശ്വമേധപർവം, അധ്യായം 28, അനുഗീത)

---

1. *ദ്വാ സുപർണാ സയുജാ സഖായാ*
*സമാനം വൃക്ഷം പരി ഷസ്വജാതേ*
*തയോരന്യഃ പിപ്പലം സ്വാദ്വത്ത്യനശ്നൻ*
*അന്യോ അഭി ചാകശീതി.*

(ഋഗ്വേദം 1.164.20)

ഇതു കൂടാതെ വേദത്തിൽതന്നെ **'യസ്മിൻ വൃക്ഷേ സുപലാശേ ദേവൈഃ....'** (ഋഗ്വേദം 10.135.1), **'അശ്വത്ഥോ ദേവസദനസ്തൃതീയസ്യാമിതോ ദിവി'** (അഥർവം 5.4.3; 19.39.6) എന്നിവിടങ്ങളിലും 'വൃക്ഷ'സങ്കല്പം നമുക്ക് കാണാം. ചുരുക്കത്തിൽ ഈ 'വൃക്ഷ'പരികല്പന വൈദിക അവതരണരീതിയാണെന്നർഥം.

ഇനി ഇവിടെ ഏത് അർഥത്തിൽ ഈ പരികല്പന എടുക്കണമെന്ന് പരിചിന്തനം ചെയ്യാം. എല്ലാറ്റിന്റെയും അധിഷ്ഠാനവും സർവോപരി സർവതിന്റെയും കാരണവുമാകയാൽ പരമാത്മാവിനെക്കുറിക്കാനാണ് 'ഊർധ്വ'ശബ്ദം ഉപയോഗിച്ചത്. അതിന്റെ ഏറ്റവും മുകളിലുള്ള ആശ്രയത്തെ 'ഊർധ്വമൂല'മെന്ന് പറയുന്നു. ഈ സംസാരത്തെ സൂചിപ്പിക്കാനാണ് 'അധഃശാഖ' എന്നു പറഞ്ഞത്. പ്രകൃതിയുടെ സഹായത്തോടെ, ഭൂഗോളവും മറ്റും രചിച്ചശേഷം അതിൽ ശാഖകളെന്നപോലെ ഹിമാലയാദി പർവതങ്ങളും പശ്ചിമസമുദ്രംപോലുള്ള സമുദ്രത്തെയും ഭഗവാൻ രചിച്ചു. 'അശ്വത്ഥ'വൃക്ഷമെന്ന രൂപകം സംസാരത്തോട് ചേർത്തുവെച്ചു. അശ്വത്ഥം, അഥവാ വേദപ്രതിപാദിതമായ 'പിപ്പലം' എന്നിവയെപ്പോലെ അതിമനോഹരമാണ് ഈ പ്രപഞ്ചം. എന്താണ് അശ്വത്ഥമെന്നതിന്റെ അർഥമെന്ന് കാണുക:

**'ശ്വസ്തിഷ്ഠതീതി ശ്വത്ഥഃ, അശ്വസ്തിഷ്ഠതീതി അശ്വത്ഥഃ'** എന്ന് ഈ വാക്കിന്റെ നിഷ്പത്തി. അ+ശ്വഃ+സ്ഥ. 'അ' എന്നാൽ ഇല്ല, ശ്വഃ = നാളെ, സ്ഥ = ഉണ്ടാവുക. ഭാവികാലത്ത് ഉണ്ടാകാത്തതിനെയാണ് 'അശ്വത്ഥം' എന്നു പറയുന്നത്. ഈ സംസാരം അനിത്യമാണെന്ന് ഈയൊരൊറ്റ വാക്കുകൊണ്ട് സിദ്ധിച്ചു. പ്രതിക്ഷണം രൂപമാറ്റം വരുന്ന അശ്വത്ഥവൃക്ഷമായി ഈ സംസാരത്തെ അറിയുന്നവൻ വേദവിത്താണ്. അപ്പോൾപിന്നെ 'സനാതന'ശബ്ദം എന്തുകൊണ്ടാണ് ഈ ശ്ലോകത്തിൽ ഉപയോഗിച്ചത്? പ്രവാഹരൂപത്തിൽ ഈ സംസാരം അനാദിയാണെന്ന് വേദം പറയുന്നു. ഇതിന്റെ ഉത്പത്തിയും പ്രളയവും നൈരന്തര്യമാണ്. **'സൂര്യാചന്ദ്രമസൗ ധാതാ യഥാപൂർവമകല്പയത്'** (ഋഗ്വേദം 10.190.3) എന്ന് വേദവും ഇതിന് പ്രമാണം നൽകുന്നുണ്ട്. അവ്യയമെന്ന ശബ്ദത്തിന് പ്രവാഹരൂപത്തിൽ അനാദിയായതു കാരണം നിത്യമെന്ന അർഥത്തിൽ വേണമെടുക്കാൻ.

അങ്ങനെയാണെങ്കിൽ വേദങ്ങളെ സംസാരരൂപമായ വൃക്ഷത്തിന്റെ ഇലകളായി ചിത്രീകരിച്ചത് എന്തുകൊണ്ടാണ്? മീനത്തീവെയിലിൽ ഉച്ച നേരത്ത് എവിടെയെങ്കിലും ഒരു തണലുണ്ടോയെന്ന് നാം നോക്കാറുണ്ട്. അതേപോലെ സംസാരമാകുന്ന അഗ്നിയിൽ വെന്തുരുകുന്നവർക്ക് ശാന്തിയേകുന്ന ഇലകളെപ്പോലെയാണ് വേദങ്ങൾ. ഈ രീതിയിൽ ഈ വൃക്ഷത്തെ കാണുന്നവർ വേദവേത്താക്കളായിത്തീരുമെന്ന് ഭഗവാൻ പറയുന്നു.

ഈ സംസാരത്തെ യഥാതഥമായി മനസ്സിലാക്കുക എന്നതാണ് വേദങ്ങൾ തരുന്ന ഉപദേശം. ഇതല്ലാത്ത രീതിയിൽ മനസ്സിലാക്കുന്നവർ വേദത്തെ അറിയുന്നില്ല. ചിലർ ഈ സംസാരത്തെ മിഥ്യയായി എണ്ണുന്നു. കയറിൽ പാമ്പെന്നപോലെ. എന്നാൽ ഇത്തരത്തിലുള്ള ചിന്തകൾ നവീന മായാവാദത്തിന് കുടപിടിക്കില്ല. കാരണം അവരുടെ അഭിപ്രായത്തിൽ മരുഭൂമിയിലെ മരീചികയെപ്പോലെ ഭ്രമാത്മകമായ ഒന്നാണ് ഈ സംസാരം. ഈ യുക്തി എടുത്ത് പ്രപഞ്ചം ഭ്രമാത്മകമാണെന്ന് കരുതുകയാണെങ്കിൽ അശ്വത്ഥത്തിന്റെ വർണന ചെയ്യുമായിരുന്നില്ല. അശ്വത്ഥമെന്നതിന് മുകളിൽ എഴുതിയ അർഥമാണ് ഉള്ളത്. ഭാവിയിൽ ഉണ്ടാകാത്തതാണത്. ഭാവിയിൽ ഇല്ലാത്ത വസ്തു അനിത്യമാണ്. തന്റെ ആയുസ്സിനെ ഭോഗിച്ച് നഷ്ടമാക്കുന്നതിനെയാണ് അനിത്യമെന്ന് പറഞ്ഞത്.

എന്നാൽ മായാവാദികളുടെ വിചാരമനുസരിച്ച്, 'മിഥ്യ' എന്നത്- ഏത് ദേശത്ത് ഏത് കാലത്ത് അനുഭവിക്കുന്നുവോ അതേ കാലവും ദേശവുംതന്നെയും ഇല്ലാത്തതാണ്. അല്ലാതെ നാളെ ഇല്ലാത്തതല്ല. ഇപ്പോഴേ ഇല്ലാത്താണ്, മരുഭൂമിയിൽ വെള്ളമെന്നപോലെ. മരുഭൂമിയിലെ ജലമെന്ന തോന്നൽ ഏത് ദേശത്താണോ തോന്നുന്നത് അവിടെ ജലം ഇപ്പോഴെ ഇല്ല എന്നതാണ് മായാവാദത്തിനായി ഉപയോഗിച്ച ഉദാഹരണം.

അത്തരത്തിൽ മിഥ്യാപൂർവമായ ഒന്നല്ല വ്യാസന്റെ 'പ്രപഞ്ചം.' പ്രകൃതിയും അതിന്റെ വികാരങ്ങളും പ്രവാഹത്താൽ നിത്യമാണെന്നും പുരുഷനും പ്രകൃതിഗുണങ്ങളും തമ്മിലുള്ള സംയോഗവും പ്രവാഹത്താൽ അനാദിയാണെന്നും വ്യാസൻ തന്റെ യോഗഭാഷ്യത്തിൽ വ്യക്തമായി

തന്നെ എഴുതിവെച്ചിട്ടുണ്ട്.[2] ഈ രീതിയിൽ യാഥാർഥ്യം അറിയുന്നതാണ് വേദജ്ഞാനം. ഇനി നവീന മായാവാദികൾ മിഥ്യയുടെ നാശം ജ്ഞാനംകൊണ്ടുമാത്രമേ ഉണ്ടാകൂവെന്ന വിശ്വാസക്കാരാണല്ലോ. അതായത് ഏതു വസ്തുവായാലും അതിന്റെ അധിഷ്ഠാനം ജ്ഞാനംകൊണ്ട് നശിക്കുമെങ്കിൽ അത് മായയാണെന്നുകൂടി ഈ വാദത്തിലൂടെ അംഗീകരിക്കേണ്ടതായി വരും. കയറിന്റെ അധിഷ്ഠാനം അറിയുന്നതിലൂടെ സർപ്പമെന്ന മിഥ്യാഭ്രാന്തി നശിക്കുന്നു. ഈ അഭിപ്രായത്തിലാണ് 'അശ്വത്ഥ'മെന്ന എന്ന അർഥമെടുക്കുന്നതെങ്കിൽ അസംഗതാരൂപത്തിലുള്ള ആയുധം ഉപയോഗിച്ച് ഇതിന്റെ അധിഷ്ഠാനത്തെ മുറിച്ചുകളയണമെന്ന് മൂന്നാം ശ്ലോകത്തിൽ പറയുകയില്ലായിരുന്നു. മിഥ്യാഭൂതമായ വസ്തുക്കൾ ജ്ഞാനത്താൽ നശിക്കുന്നുവെന്നതാണ് മിഥ്യാവാദത്തിന്റെ അടിത്തറതന്നെ. ഇത്തരക്കാർ മനോരഥത്തിൽക്കയറി ഇത്തരത്തിലുള്ള നവീന മിഥ്യാസിദ്ധാന്തങ്ങൾ പടച്ച്, വേദാന്തമെന്ന പേരുമിട്ട്, ഈ പ്രപഞ്ചം മിഥ്യയാണെന്ന ആശയം പ്രചരിപ്പിച്ച് ഭാരതഭൂമിയെത്തന്നെ ഒരു മരീചികയാക്കിത്തീർത്തു. വൈദികധർമം ഉപദേശിക്കുന്ന '**യസ്തം വേദ സവേദവിത്**' എന്നിത്യാദി വാക്യങ്ങൾക്ക് അർഥാഭാസം ചമച്ച് 'ധർമാർഥകാമമോക്ഷ'മെന്ന ഫലചതുഷ്ടയത്തിൽനിന്ന് സാധാരണ ജനങ്ങളെ അകറ്റി നിർത്തി.

2. **അധശ്ചോർധ്വം പ്രസൃതാസ്തസ്യ**
**ശാഖാ ഗുണപ്രവൃദ്ധാ വിഷയപ്രവാലാഃ**
**അധശ്ച മൂലാന്യനുസന്തതാനി**
**കർമാനുബന്ധീനി മനുഷ്യലോകേ.**

*അർഥം: ആ സംസാരരൂപമായ വൃക്ഷത്തിന്റെ ശാഖകൾ മുകളിലും താഴെയുമായി വ്യാപിച്ചുകിടക്കുന്നു. (ആ ശാഖകൾ എങ്ങനെയുള്ളതാണ്?) പ്രകൃതിയുടെ സത്ത്വം, രജസ്സ്, തമസ്സ്*

---

2. *'അതശ്ച ദൃഗ്ദർശനശക്ത്യോർനിത്യത്വാദനാദിഃ സംയോഗോ വ്യാഖ്യാത ഇതി. തഥാ ചോക്തമ്- "ധർമിണാമനാദി സംയോഗാദ്ധർമമാത്രാണാമപ്യനാദിഃ സംയോഗ" ഇതി.'* (യോഗദർശനം 2.22 വ്യാസഭാഷ്യം)

*എന്നീ മൂന്ന് ഗുണങ്ങളാൽ പുഷ്ടമാകുന്നു. (ശാഖകളിൽ ഇലകളുണ്ടല്ലോ-ഈ ഇലകൾ എന്താണ്?) ശബ്ദം, സ്പർശം, രൂപം തുടങ്ങിയ വിഷയങ്ങളോടുകൂടിയ ഇല കളാകുന്നു. വൃക്ഷത്തിൽതന്നെ താഴെ ചെറിയ ചെറിയ കന്നുകൾ പൊട്ടിമുളച്ച് വൃക്ഷത്തിലൊന്നാകെ സ്ഥിരമാ യിരിക്കുന്നു. (ഈ തളിരിട്ടവ സംസാരരൂപമായ വൃക്ഷ ത്തിൽ എന്താണ്?) മനുഷ്യലോകത്തെ വാസനാരൂപമായ കർമങ്ങളാണ് ജടാരൂപത്തിലുള്ള അവ.*

ചോദ്യം: സംസാരവൃക്ഷത്തിന്റെ വേര് ബ്രഹ്മമാണെന്ന് പറഞ്ഞ ശേഷം ഇവിടെ എന്തുകൊണ്ടാണ് 'അധഃ ച മൂലാനി' - താഴെയുള്ള ജടകളെ കർമത്തിന്റെ വേരായി ചിത്രീകരിച്ചത്?

ഉത്തരം: സമ്പൂർണമായ സംസാരവൃക്ഷത്തിന് സർവാധാരമായ ബ്രഹ്മംതന്നെയാണ് ആദിമൂലം. അക്കാര്യത്തിൽ തർക്കമില്ല. എന്നാൽ മനുഷ്യലോകത്തിന്റെ 'മൂലം' അതിന്റെ വാസനാരൂപമായ കർമമാകു ന്നുവെന്നാണ് ഇവിടെ പറഞ്ഞത്.

ഇതിലൂടെ ഒരു കാര്യംകൂടി വ്യക്തമായിരിക്കുന്നു. 'മൂല'ശബ്ദം ഉപാ ദാനകാരണമെന്ന നിലയ്ക്കല്ല, മറിച്ച് നിമിത്തകാരണമെന്ന നിലയിലാണ് പ്രയോഗിച്ചത്. ജീവന്റെ കർമങ്ങൾ അതിന്റെ ജന്മത്തിന് നിമിത്തകാര ണമായിരിക്കുന്നു. ഇതും വ്യാസൻ പാതഞ്ജലയോഗഭാഷ്യത്തിൽ വിവ രിച്ചതുതന്നെയാണ്. 'ദൃശ്യമാകുന്ന ഈ സംസാരത്തിന്റെ അധിഷ്ഠാനം കർമരൂപത്തിലാണിരിക്കുന്നത്' (കർമരൂപതാമാപന്നം) എന്ന് അദ്ദേഹം വിവരിക്കുന്നു. [3] ഇങ്ങനെ സംസാരരൂപത്തിലിരിക്കുന്ന വൃക്ഷത്തിന്റെ ശാഖകളും പല്ലവങ്ങളുമെല്ലാം വർണിച്ചു. ഇനി ചതുർഥാശ്രമിയായ സംന്യാസിക്ക് തീവ്രവൈരാഗ്യം അഥവാ അസംഗതയെ ഉപദേശിക്കു കയാണ് ഭഗവാൻ.

---

3. യോഗദർശനം 2.21ന്റെ വ്യാസഭാഷ്യം കാണുക.

3. **ന രൂപമസ്യേഹ തഥോപലഭ്യതേ**
**നാന്തോ ന ചാദിർന ച സംപ്രതിഷ്ഠാ**
**അശ്വത്ഥമേനം സുവിരൂഢമൂലമസങ്ഗ-**
**ശസ്ത്രേണ ദൃഢേന ഛിത്വാ.**

*അർഥം: ഈ സംസാരരൂപത്തിലുള്ള വൃക്ഷത്തിനെ അതേപോലെ കാണാൻ കഴിയില്ല. അതിന്റെ അന്തമോ ആദിയോ അറിയാൻ കഴിയുകയില്ല. അതിന്റെ നിലനില്പും അറിയുന്നില്ല. എന്നാൽ നന്നായി വേരുറച്ച ഈ വൃക്ഷത്തിന്റെ വേര് ദൃഢമായ വൈരാഗ്യമെന്ന ആയുധംകൊണ്ട് അഥവാ അസംഗതകൊണ്ട് മുറിച്ചുമാറ്റി ആ പരമാത്മപദത്തെ പ്രാപിക്കണം.*

ഇങ്ങനെ സംസാരരൂപമായ അശ്വത്ഥവൃക്ഷത്തിന്റെ വേരറുത്ത് എന്താണ് ചെയ്യേണ്ടതെന്ന ഉത്തരമാണ് അടുത്ത ശ്ലോകം.

4. **തതഃ പദം തത് പരിമാർഗിതവ്യം**
**യസ്മിൻ ഗതാ ന നിവർതന്തി ഭൂയഃ**
**തമേവ ചാദ്യം പുരുഷം പ്രപദ്യേ**
**യതഃ പ്രവൃത്തിഃ പ്രസൃതാ പുരാണീ.**

*അർഥം: (അങ്ങനെ വേരറുത്ത) ശേഷം ആ പരമപദത്തെ അന്വേഷിച്ച് കണ്ടെത്തണം. ആ സ്ഥാനത്തെത്തിയവരൊന്നും വീണ്ടും ഈ ലോകത്തേക്ക് അഥവാ ജന്മമൃത്യുചക്രത്തിലേക്ക് ഈ കല്പത്തിൽ വരുന്നില്ല. ഈ പുരാതനമായ സമസ്തസൃഷ്ടിയും പ്രസരിച്ചു നിൽക്കുന്ന ആ ആദിപുരുഷനെ ശരണം പ്രാപിക്കണം.*

'**തദ്വിഷ്ണോഃ പരമം പദം**'(യജുർവേദം 6.5) എന്ന വേദമന്ത്രമാണിവിടെ പരാമർശിച്ചിരിക്കുന്നത്.

5. **നിർമാനമോഹാ ജിതസങ്ഗദോഷാ**
**അധ്യാത്മനിത്യാ വിനിവൃത്തകാമാഃ**
**ദ്വന്ദ്വൈർവിമുക്താഃ സുഖദുഃഖസംജ്ഞൈർ-**
**ഗച്ഛന്ത്യമൂഢാഃ പദമവ്യയം തത്.**

*അർഥം: മാനവും മോഹവും ഇല്ലാത്തവരും ആസക്തി എന്ന ദോഷത്തെ ജയിച്ചവരും അധ്യാത്മചിന്തയിൽ നിത്യനായി രിക്കുന്നവരും കാമനകളിൽനിന്ന് പിന്തിരിഞ്ഞവരും, സുഖം, ദുഃഖം, കാമം, ക്രോധം, ലോഭം, മോഹം എന്നീ ദ്വന്ദ്വങ്ങളിൽനിന്ന് വിമുക്തരും മോഹത്തെ വർജിച്ചവരു മായവർ അവ്യയമായ (നാശരഹിതമായ) പദത്തെ പ്രാപി ക്കുന്നു.*

അങ്ങനെയുള്ള പുരുഷൻ പ്രാപിക്കുന്ന നിർഗുണബ്രഹ്മത്തിന്റെ സ്വരൂപം പ്രതിപാദിക്കുന്നതു കാണുക:

6. **ന തദ്ഭാസയതേ സൂര്യോ ന ശശാങ്കോ ന പാവകഃ**
**യദ്ഗത്വാ ന നിവർതന്തേ തദ്ധാമ പരമം മമ.**

*അർഥം: അതിനെ സൂര്യന് പ്രകാശിപ്പിക്കാനാവില്ല. ചന്ദ്രനോ അഗ്നിക്കോ പ്രകാശിപ്പിക്കാനാകാത്ത അതിനെ പ്രാപിച്ച ശേഷം ജനനമരണചക്രത്തിലേക്ക് മടങ്ങിവരുന്നില്ല. അതാണ് എന്റെ ഉത്തമസ്ഥാനം.*

**'ന തത്ര സൂര്യോ ഭാതി ന ചന്ദ്രതാരകം'** (മുണ്ഡകോപനിഷത്ത് 2.2.10), **'ന ചക്ഷുഷാ ഗൃഹ്യതേ നാപി വാചാ'** (മുണ്ഡകോപനിഷത്ത് 3.1.8) എന്നീ ഉപനിഷദ് ചിന്തകളെ കൂട്ടിയിണക്കി അവതരിപ്പിക്കുകയാണ് ഭഗ വാനിവിടെ.

7. **മമൈവാംശോ ജീവലോകേ ജീവഭൂതഃ സനാതനഃ**
**മനഃഷഷ്ഠാനീന്ദ്രിയാണി പ്രകൃതിസ്ഥാനി കർഷതി.**

*അർഥം: ഈ സംസാരത്തിൽ സനാതനമായി നിലകൊള്ളുന്ന ജീവനും എന്റെ (പരമാത്മാവിന്റെ) അംശമാകുന്നു. പ്രകൃ തിയിൽ സ്ഥിതി ചെയ്യുന്ന മനസ്സ് ഉൾപ്പെടെയുള്ള ആറ് ഇന്ദ്രിയങ്ങളെ പോകുന്നിടത്തെല്ലാം കൂട്ടിക്കൊണ്ടുപോ കുന്നു.*

ഭാഷ്യം: ഇവിടെ ജീവനെ പരമാത്മാവിന്റെ അംശമെന്ന് പറഞ്ഞിരിക്കുന്നു. ഈ ശരീരത്തിലിരിക്കുന്ന ജീവാത്മാവ് പരമാത്മാവിന്റെ അംശമാണെന്ന തോന്നലുണ്ടായേക്കാം. എന്നാലിത് ശരിയല്ല. ഇവിടെ അലങ്കാരപ്രയോഗമാണ്. അച്ഛൻ മകനെ തന്റെതന്നെ അംശമെന്ന് പറയാറുണ്ടല്ലോ. പുത്രനുണ്ടായത് പിതാവിന്റെ വീര്യത്തിൽനിന്നാണ്. ഇതേപോലെ പ്രാണിയുടെ നിർമാണവും പരമാത്മശക്തിയാൽ നടന്നതാണ്. 'അഹം ബീജപ്രദഃ പിതാ' (ഗീത 14.4) എന്നു നേരത്തെ പറഞ്ഞതോർക്കുക.

ഇതിനർഥം പ്രാണിശരീരത്തിൽ ഏതെല്ലാം ഉപാദാനങ്ങളുണ്ടോ അവയെല്ലാം പരമാത്മാവാണെന്നല്ല. പ്രാണികളുടെ ശരീരം പ്രകൃതിയിലെ പരമാണുക്കളെക്കൊണ്ടാണ് നിർമിച്ചിരിക്കുന്നത്. അതുകാരണം പ്രാണികളെ പരമാത്മാവിന്റെ കൃതിയെന്ന് പറയാറുണ്ട്.

ജീവാത്മാവ് അനാദിയാണെന്നാണ് വേദങ്ങളുടെ പക്ഷം. അതുകൊണ്ടുതന്നെയാണ് 'സനാതന'മെന്ന് ഇവിടെ ജീവാത്മാവിനെ ഭഗവാൻ വിശേഷിപ്പിച്ചതും. ജീവാത്മാവിന്റെ മുക്തിയിൽനിന്നുള്ള തിരിച്ചുവരിനെക്കുറിച്ച് നേരത്തെ വിശദീകരിച്ചത് ഓർക്കുക. അതിനർഥം ജീവാത്മാവും പരമാത്മാവും ഒന്നായിത്തീരില്ലെന്നും എല്ലായ്പോഴും രണ്ടായിത്തന്നെ നിലനിൽക്കുന്നു എന്നുമാണ്. ഇവിടത്തെ 'അംശം' എന്ന പദം അഗ്നിയുടെ അംശമായ തീപ്പൊരിപോലെ എന്ന രീതിയിൽ എടുക്കാൻ അതുകൊണ്ടുതന്നെ സാധിക്കുകയുമില്ല. അതുകൊണ്ടാണ് ഇതേ അധ്യായത്തിൽ ഈശ്വരൻ ജീവനിൽനിന്ന് വ്യത്യസ്തനാണെന്ന് 17-ാം ശ്ലോകത്തിൽ ഭഗവാൻ പറഞ്ഞതും. മാത്രമല്ല 13-ാം അധ്യായത്തിൽ ജീവൻ അനാദിയാണെന്ന് സൂചിപ്പിച്ചതും വിസ്മരിക്കരുത്. 'അംശം' എന്നതുകൊണ്ട് പുത്രഭാവത്തിൽ അഥവാ ഈശ്വരവിഭൂതി എന്ന അർഥത്തിൽ എടുക്കേണ്ടതാണ്.

8. **ശരീരം യദവാപ്നോതി യച്ചാപ്യുത്ക്രാമതീശ്വരഃ**
**ഗൃഹീത്വൈതാനി സംയാതി വായുർഗന്ധാനിവാശയാത്.**

*അർഥം: ജീവാത്മാവ് ശരീരത്തെ സ്വീകരിക്കുമ്പോഴും ഉപേക്ഷിക്കുമ്പോഴും വായുപുഷ്പങ്ങളിൽനിന്ന് ഗന്ധത്തെ വഹിച്ചു*

*കൊണ്ട് പോകുന്നതുപോലെ നേരത്തെ പറഞ്ഞ ഇന്ദ്രിയങ്ങളെയുംകൊണ്ട് ജീവാത്മാവ് യാത്ര ചെയ്യുന്നു.*

9. **ശ്രോത്രം ചക്ഷുഃ സ്പർശനം ച രസനം ഘ്രാണമേവ ച**
**അധിഷ്ഠായ മനശ്ചായം വിഷയാനുപസേവതേ.**

*അർഥം: ചെവി, കണ്ണ്, ത്വക്ക്, നാക്ക്, മൂക്ക്, മനസ്സ് എന്നിവയെ ആശ്രയിച്ച് ജീവാത്മാവ് വിഷയങ്ങളെ ഭോഗിക്കുന്നു.*

10. **ഉത്ക്രാമന്തം സ്ഥിതം വാപി ഭുഞ്ജാനം വാ ഗുണാന്വിതമ്**
**വിമൂഢാ നാനുപശ്യന്തി പശ്യന്തി ജ്ഞാനചക്ഷുഷഃ.**

*അർഥം: ശരീരങ്ങളെ ഉപേക്ഷിക്കുന്നവനും, ശരീരത്തിൽ ഇരിക്കുന്നവനും, വിഷയങ്ങളെ ഭോഗിക്കുന്നവനും (ത്രിഗുണങ്ങളെ ആശ്രയിച്ച് ഭോഗങ്ങളനുഭവിക്കുന്നവനും) ആണ് ജീവാത്മാവെന്ന് മൂഢന്മാർ തിരിച്ചറിയുന്നില്ല. എന്നാൽ ജ്ഞാനചക്ഷുസ്സുള്ളവൻ ഇതിനെ വേർതിരിച്ചുകാണുന്നു.*

11. **യതന്തോ യോഗിനശ്ചൈനം പശ്യന്ത്യാത്മന്യവസ്ഥിതമ്**
**യതന്തോഽപ്യകൃതാത്മാനോ നൈനം പശ്യന്ത്യചേതസഃ.**

*അർഥം: യത്നിക്കുന്ന യോഗികൾ തന്റെ ഉള്ളത്തിൽ ഇരിക്കുന്ന ആത്മാവിനെ കാണുന്നു. എന്നാൽ വിചാരഹീനരും സംസ്കാരഹീനരുമായവർ പ്രയത്നിച്ചാലും ഈ ആത്മാവിനെ കാണുന്നില്ല.*

പതഞ്ജലി അഭ്യാസത്തെക്കുറിച്ച് പറഞ്ഞത് ഓർക്കുമല്ലോ. അഭ്യാസമെന്നത് ചിത്തത്തിന്റെ സ്ഥിരതയ്ക്ക് വേണ്ടിയുള്ള നിരന്തരപ്രയത്നമാണ്. ഈ പ്രയത്നമാണ് ഇവിടെ ഭഗവാൻ പറയുന്നതും.

12. **യദാദിത്യഗതം തേജോ ജഗദ്ഭാസയതേഽഖിലമ്**
**യച്ചന്ദ്രമസി യച്ചാഗ്നൗ തത്തേജോ വിദ്ധി മാമകമ്.**

*അർഥം: ഈ ജഗത്തിനെ സമ്പൂർണമായി പ്രകാശിപ്പിക്കുന്ന സൂര്യനിലെ തേജസ്സും, ചന്ദ്രനിലെ തേജസ്സും അഗ്നിയിലെ തേജസ്സും എന്റെ(പരമാത്മാവിന്റെ)തന്നെ തേജസ്സാണെന്ന് അറിയുക.*

ഭാഷ്യം: മുണ്ഡകോപനിഷത്തിലെ പ്രമാണം നമുക്ക് ഇവിടെ നോക്കാം.

**തമേവ ഭാന്തമനുഭാതി സർവം**
**തസ്യ ഭാസാ സർവമിദം വിഭാതി.** (മുണ്ഡകോപനിഷത്ത് 2.2.10)

*അർഥം: അതിന്റെ പ്രകാശത്തെത്തുടർന്നാണത്രെ ഇക്കാണുന്നതെല്ലാം പ്രകാശിക്കുന്നത്. ഇതേ സിദ്ധാന്തമാണ് ഗീതയിലും സ്വീകരിച്ചത്.*

13. **ഗാമാവിശ്യ ച ഭൂതാനി ധാരയാമ്യഹമോജസാ**
**പുഷ്ണാമി ചൗഷധീഃ സർവാഃ സോമോ ഭൂത്വാ രസാത്മകഃ.**

*അർഥം: ഞാൻ ഭൂമിയിൽ പ്രവേശിച്ചിട്ട് എന്റെ ഓജോബലംകൊണ്ട് ജീവജാലങ്ങളെ ധരിച്ചുകൊണ്ടിരിക്കുന്നു. രസസ്വരൂപമായ സോമ(ചന്ദ്രൻ)നായിട്ട് സർവ ഓഷധികളെയും വനസ്പതികളെയും പുഷ്ടിപ്പെടുത്തുന്നു.*

ഭാഷ്യം: ഇവിടെ ഞാൻ എന്നത് സമാധിസ്ഥനായി പരമാത്മഭാവത്തിൽ ശ്രീകൃഷ്ണൻ പറയുന്നതാണ്. ഈ ശ്ലോകത്തിലെ കാര്യങ്ങൾ തൈത്തിരീയോപനിഷത്തിൽ '**തത്സൃഷ്ട്വാ തദേവാനുപ്രാവിശത്**' (ബ്രഹ്മാനന്ദ വല്ലി, അനുവാകം ആറിൽ) പറയുന്നുണ്ട്. 'ആ സമസ്ത ജഗത്തിനെയും സൃഷ്ടിച്ചിട്ട്, അവൻ അതിൽ അനുപ്രാവിഷ്ടനായി' എന്നാണ് ഈ ഉപനിഷദ് വാക്യത്തിനർഥം. '**യേന ദ്യൗരുഗ്രാ പൃഥിവീ ച ദൃഢാ**' (യജുർവേദം 32.6) എന്ന് വേദവും ഈ കാഴ്ചപ്പാടിനെ പിന്തുണയ്ക്കുന്നു.

14. **അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ**
**പ്രാണാപാനസമായുക്തഃ പചാമ്യന്നം ചതുർവിധമ്.**

*അർഥം: ഞാൻ വൈശ്വാനര അഗ്നിയായി ജീവികളുടെ ദേഹത്തെ ആശ്രയിച്ച്, പ്രാണൻ, അപാനൻ എന്നിവയോട് ചേർന്ന് നാലു വിധമായ അന്നത്തെ പചിക്കുന്നു.*

ഭാഷ്യം: ഇവിടെ വൈശ്വാനരശബ്ദം കേവലമായ അർഥത്തിലെടുക്കേണ്ടതല്ല. ബ്രഹ്മസൂത്രത്തിൽ പറയുന്നതിങ്ങനെയാണ്:

**വൈശ്വാനരഃ സാധാരണശബ്ദവിശേഷാത്.** (വേദാന്തസൂത്രം 1.2.24)

പരമാത്മാവിന്റെ ഗുണം അഥവാ ലക്ഷണമായി ഉപയോഗിച്ച 'വൈശ്വാനരഃ'ശബ്ദം സാധാരണശബ്ദത്തിനു വിശേഷ അർഥം എടുത്തതിനാൽ പരമാത്മസ്വരൂപത്തിനുവേണ്ടി ആയിത്തീർന്നതാണ്. പരമാത്മാവിനെ **'വൈശ്വാനര അഗ്നി'** എന്ന് ഋഗ്വേദത്തിലും വിളിച്ചിട്ടുണ്ട്.(4) ഛാന്ദോഗ്യോപനിഷത്തിൽ ആറ് മഹർഷിമാർ അശ്വപതിരാജാവിന്റെ അടുത്ത് വൈശ്വാനരവിദ്യ അഭ്യസിക്കാൻ പോകുന്നതായി പറഞ്ഞിട്ടുണ്ട്.

അന്നം നാല് വിധമാണ്. ഭക്ഷ്യം, ഭോജ്യം, ലേഹ്യം, ചോഷ്യം എന്നിങ്ങനെ. പല്ലുകൊണ്ട് കടിച്ചു തിന്നുന്നവ ഭക്ഷ്യം അഥവാ ഖാദ്യം, പല്ലിന്റെ സഹായമില്ലാതെതന്നെ കഴിക്കാവുന്നത് ഭോജ്യം, നാവിന്റെ സഹായത്തോടെ നക്കിത്തിന്നുന്നവ ലേഹ്യം, കരിമ്പിൻതണ്ടിനെപ്പോലെ ചവച്ചു രസത്തെ മാത്രം ഇറക്കേണ്ടവ ചോഷ്യം.

**15. സർവസ്യ ചാഹം ഹൃദി സന്നിവിഷ്ടോ**
**മത്തഃ സ്മൃതിർജ്ഞാനമപോഹനം ച**
**വേദൈശ്ച സർവൈരഹമേവ വേദ്യോ**
**വേദാന്തകൃദ്വേദവിദേവ ചാഹമ്.**

*അർഥം: എല്ലാ മനുഷ്യരുടെയും ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന ഞാൻതന്നെയാണ് ഓർമയും അറിവും മറവിയും ഉണ്ടാ*

4. ഋഗ്വേദം 10.88.12

*ക്കുന്നത്. സമസ്ത വേദങ്ങളിലും അറിയപ്പെടേണ്ടതും ഞാൻതന്നെ. വേദാന്തകർത്താവും വേദവിത്തും ഞാൻതന്നെ.*

16. **ദ്വാവിമൗ പുരുഷൗ ലോകേ ക്ഷരശ്ചാക്ഷര ഏവ ച**
**ക്ഷരഃ സർവാണി ഭൂതാനി കൂടസ്ഥോഽക്ഷര ഉച്യതേ.**

*അർഥം: ഈ ലോകത്തിൽ നാശവാനായും അവിനാശിയായും രണ്ട് പുരുഷന്മാരുണ്ട്. സമ്പൂർണ ഭൂതജഗത്ത് നശ്വരനാണ്. കൂടസ്ഥനായ അവിനാശിയെ ജീവാത്മാവെന്ന് വിളിക്കുന്നു.*

ഭാഷ്യം: കൂടസ്ഥമെന്നാൽ ശാശ്വതം, അചലം, പരിവർത്തനമില്ലാത്തത്, നാശമില്ലാത്തത് എന്നൊക്കെയാണ് അർഥം. ഈ ശ്ലോകത്തിൽ 'ക്ഷരം', 'അക്ഷരം' എന്നീ രണ്ട് പുരുഷന്മാരെക്കുറിച്ച് വർണിക്കുന്നു. 'സർവാണി ഭൂതാനി ക്ഷരഃ' = എല്ലാ ഭൂതങ്ങളും പ്രാണികളുടെ ശരീരങ്ങളും സൂര്യചന്ദ്രന്മാരും ഈ ഭൂമിയുമെല്ലാം നശിക്കുന്നു. അതിനാലാണ് ക്ഷരമെന്ന് ഇവയെ വിളിച്ചത്. ജീവാത്മാവ് കൂടസ്ഥനാണ് അഥവാ സ്വയംഭൂവാണെന്ന് യജുർവേദം (2.26) പറയുന്നു.

17. **ഉത്തമഃ പുരുഷസ്ത്വന്യഃ പരമാത്മേത്യുദാഹൃതഃ**
**യോ ലോകത്രയമാവിശ്യ ബിഭർത്യവ്യയ ഈശ്വരഃ.**

*അർഥം: മൂന്നു ലോകങ്ങളിലും പ്രവേശിച്ച് ഭരിക്കുന്ന നാശരഹിതനാണ് ഈശ്വരൻ. പരമാത്മാവെന്ന് അറിയപ്പെടുന്ന ആ ഉത്തമപുരുഷൻ (നേരത്തെ പറഞ്ഞ പ്രകൃതി, ജീവാത്മാവ് എന്നിവയിൽനിന്ന്) ഭിന്നനായി അറിയപ്പെടുന്നു.*

18. **യസ്മാത് ക്ഷരമതീതോഽഹമക്ഷരാദപി ചോത്തമഃ**
**അതോഽസ്മി ലോകേ വേദേ ച പ്രഥിതഃ പുരുഷോത്തമഃ.**

*അർഥം: യാതൊന്നു കാരണമായിട്ട് ഞാൻ ക്ഷരസ്വരൂപത്തോടുകൂടിയ പ്രകൃതിയെ അതിക്രമിച്ചവനായും അക്ഷരരൂപമായ ജീവാത്മാവിനേക്കാൾ ഉത്തമനായിട്ടും ഇരിക്കുന്നുവോ,*

*അതിനാൽ ഞാൻ ലോകത്തിലും വേദത്തിലും പുരുഷോത്തമനെന്ന് പ്രസിദ്ധനായിരിക്കുന്നു.*

ഭാഷ്യം: എന്താണ് വേദത്തിൽ ഈ ഉത്തമപുരുഷനെയും മറ്റ് രണ്ട് പുരുഷന്മാരെയുംകുറിച്ച് പറഞ്ഞിട്ടുള്ളത്? പ്രാണികളിൽ മൂന്ന് സഹോദരന്മാർ ഒന്നിച്ചുവാഴുന്നുവന്ന് ഋഗ്വേദം വർണിക്കുന്നു.

'അതിസുന്ദരനും എല്ലാം പാലിക്കുന്നവനുമായ പരമാത്മാവാണ് ഒന്നാമൻ. മധ്യത്തിൽ സ്ഥിതി ചെയ്യുന്നവനാണ് സഹോദരനായ ജീവാത്മാവ്. മൂന്നാമത്തെ സഹോദരൻ പ്രകൃതിയാണ്. നടുവിലിരിക്കുന്നവൻ ഭോഗങ്ങൾ ഉണ്ണുന്നവനാണ്. പരമാത്മാവാകട്ടെ ഈ പ്രപഞ്ചത്തെ പാലിച്ച് പോറ്റുന്നു. വിവിധ അംശങ്ങളായി പ്രകൃതിയെ പകുത്തു നൽകിയിരിക്കുന്നു. ഈ പരമാത്മാവിന്റെയും പ്രകൃതിയുടെയും മധ്യത്തിലാണ് ജീവൻ. അത് ഭഗവാനെപ്പോലെ പൂർണചേതനയുള്ളതല്ല. എന്നാൽ പ്രകൃതിയെപ്പോലെ അത് പൂർണജഡവുമല്ല. മധ്യത്തിലിരുന്നുകൊണ്ട് അത് കർമഫലങ്ങൾ നുണഞ്ഞുകൊണ്ടിരിക്കുന്നു. പ്രകൃതിയാകട്ടെ, ആകർഷണീയതയാണ് അതിന്റെ മുഖമുദ്ര. മിന്നുന്ന ഒരു മുഖംമൂടി അതിനുണ്ട്. അതിൽ നീ ആകൃഷ്ടനാകരുതേ എന്ന് വേദം ഉപദേശിക്കുന്നു. പ്രകൃതിയിൽ ആസക്തനാകാതെ എല്ലാ പ്രജകളെയും പരമാത്മാവ് പാലിച്ചു പോറ്റുന്നു. ഏഴു പുത്രന്മാരെപ്പോലെ ഏഴു ലോകങ്ങളെ നിർമിച്ച പ്രഭുവിനെ കാണുക. ഭൂഃ, ഭുവഃ, സ്വഃ, മഹഃ, ജനഃ, തപഃ, സത്യമ് എന്നീ ഏഴു ലോകങ്ങളെ ഭഗവാനാണ് നിർമിച്ചത്. യോഗമാർഗത്തിലൂടെ ചരിച്ച് ഏഴാമത്തെ ഭൂമികയായ സത്യലോകത്തിൽ നാം എത്തിച്ചേരണം. അപ്പോൾ നാം പ്രഭുവിന്റെ പൂർവാധികം ശക്തിയാർന്ന ശോഭയിൽ, ജ്യോതിസ്സിൽ എത്തിച്ചേരുന്നു.' ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി എന്നിവയുടെ സാമഞ്ജസ്യം വർണിക്കുന്ന ഈ വേദമന്ത്രം കാണുക:

**അസ്യ വാമസ്യ പലിതസ്യ ഹേതുസ്തസ്യ**
**ഭ്രാതാ മധ്യമോ അസ്ത്യശ്നഃ.**
**തൃതീയോ ഭ്രാതാ ധൃതപൃഷ്ഠോ**
**അസ്യാത്രാപശ്യം വിശ്പതിം സപ്തപുത്രമ്.** (ഋഗ്വേദം 1.164.1)

ഇനി ആ പുരുഷോത്തമനായ പരമാത്മാവിന്റെ ജ്ഞാനംകൊണ്ടുള്ള ഫലമെന്തെന്ന് പറയുന്നതു കാണുക:

19. **യോ മാമേവമസമ്മൂഢോ ജാനാതി പുരുഷോത്തമമ്**
**സ സർവവിദ്ഭജതി മാം സർവഭാവേന ഭാരത.**

*അർഥം: അല്ലയോ ഭരതവംശിയായ അർജുനാ, ഏതൊരു ജ്ഞാനി വ്യാമോഹത്തിന് അടിമപ്പെടാതെ എന്നെ (ഈശ്വരനെ) ഈ രീതിയിൽ പുരുഷോത്തമനെന്ന് മനസ്സിലാക്കുന്നുവോ അവൻ സർവജ്ഞനായി എന്നെ ഭജിക്കുന്നു.*

20. **ഇതി ഗുഹ്യതമം ശാസ്ത്രമിദമുക്തം മയാനഘ**
**ഏതദ്ബുദ്ധ്വാ ബുദ്ധിമാൻ സ്യാത്കൃതകൃത്യശ്ച ഭാരത.**

*അർഥം: ഹേ പാപരഹിതനായ ഭാരത, ഇവിടെ അതീവ രഹസ്യ മാർന്ന ശാസ്ത്രം ഞാൻ പറഞ്ഞുകഴിഞ്ഞു. ഇത് അറിഞ്ഞ വർ ബുദ്ധിമാനാകും. ചെയ്യേണ്ടതെല്ലാം ചെയ്തു എന്ന കൃതകൃത്യത ഉണ്ടാവും.*

ഭാഷ്യം: പരമാത്മാവ് മൂന്ന് ലോകങ്ങളിലും ഉപസ്ഥിതനായിട്ടുണ്ട്. നിസ്സ ന്ദേഹനായി ഈദൃശമായ പരമാത്മസ്വരൂപത്തെ അറിയണം. അതറിയു ന്നവന് ഈ സംസാരത്തിനോട് വിരക്തിയുണ്ടാകും. അത്തരത്തിലുള്ള വർ പരമാത്മഭക്തിയാൽ അവനെ ഭജിക്കുന്നു. ഫലമോ തന്റെ കർമങ്ങ ളിൽ ശ്രേഷ്ഠത അനുഭവിക്കുന്നു.

ഈ അധ്യായത്തിൽ ജീവാത്മാവ്, പരമാത്മാവ്, പ്രകൃതി എന്നി വയ്ക്ക് പ്രാണികളിലുള്ള സ്ഥാനമെന്താണെന്ന് പറഞ്ഞു. 13-ാം അധ്യാ യത്തിലും ഇതേ കാര്യം പറഞ്ഞിട്ടുണ്ട്. എന്നാൽ ഇവിടെ വിശേഷിച്ചൊരു കാര്യം പറയുന്നു. പ്രാണികളുടെ ഗതിക്ക് കാരണം പരമാത്മാവാണെ ന്നതാണ് ആ കാര്യം. കൂടാതെ മനുഷ്യമനസ്സിൽ ജ്ഞാനസഞ്ചയവും ബുദ്ധിയും നിറയ്ക്കുന്നത് പരമാത്മാവാണെന്ന് വിശേഷിച്ചു പറഞ്ഞു. മനുഷ്യൻ തനിക്ക് ലഭിച്ച ഈ ശക്തിയെ വർധിപ്പിക്കുക മാത്രമാണ് ചെയ്തത്. ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നിവയെ ആശ്രയിച്ചാണ് ആ

ഔന്നത്യം നേടിയത്. മനുഷ്യശരീരത്തിൽ പരമാത്മശക്തി കാര്യങ്ങൾ ചെയ്യുന്നു. എന്നാൽ അത് ജീവാത്മാവിന്റെ ഇച്ഛാനുസാരമാണ് നടക്കുന്നത്. അതിനാൽ ചെയ്യുന്ന കർമങ്ങളുടെ നന്മതിന്മകളും ഫലങ്ങളും ജീവാത്മാവിനാണ് വന്നുചേരുന്നത്.

മസ്തിഷ്കത്തിലെ ദഹരാകാശമെന്ന ഹൃദയത്തിൽ ജീവാത്മാവും മനസ്സും ബുദ്ധിയും വസിക്കുന്നുവെന്ന് ശാസ്ത്രങ്ങൾ പറയുന്നു. എല്ലാ ഇന്ദ്രിയങ്ങളും ഇവിടെയാണ് എത്തിച്ചേരുന്നത്. ജ്ഞാനേന്ദ്രിയങ്ങൾ (ചാക്ഷുഷേന്ദ്രിയം, ശ്രവണേന്ദ്രിയം, രസനേന്ദ്രിയം, സ്പർശേന്ദ്രിയം, ഘ്രാണേന്ദ്രിയം) പുറത്തുള്ള പദാർഥങ്ങളുട ജ്ഞാനം അകത്തെത്തിക്കുന്നു. ആ ജ്ഞാനം മനസ്സുവരെ ചെന്നെത്തുന്നു. മനസ്സ് ജീവാത്മാവിന് ആ ജ്ഞാനം നൽകുന്നു. ജീവാത്മാവ് ബുദ്ധിയുടെ സഹായത്തോടെ ആ ജ്ഞാനത്തെ വിശ്ലേഷണം ചെയ്ത് കർമേന്ദ്രിയങ്ങൾക്ക് ആദേശം നൽകുന്നു. കർമേന്ദ്രിയങ്ങളും അഞ്ചാണ്. ഇവയുടെ എല്ലാം മൂലകമാകട്ടെ മനസ്സും. മനസ്സാണ് ജീവാത്മാവിനും ഇന്ദ്രിയങ്ങൾക്കുമിടയിൽ സംയോഗസ്ഥാനമായി നിലകൊള്ളുന്നത്. ഈ രഹസ്യങ്ങളെല്ലാം നിഷ്പാപിയായ (അനഘനായ) അർജുനന് താൻ ഉപദേശിച്ചുവെന്നാണ് ഇവിടെ പറഞ്ഞത്. മുകളിലേക്ക് വേരുള്ള താഴേക്ക് ശാഖകളുള്ള അശ്വത്ഥമെന്ന സംസാരവൃക്ഷത്തെ വരച്ചുകൊണ്ടാണ് അതിഗോപനീയമായ ഈ ശാസ്ത്രത്തെ ഭഗവാൻ ഉപദേശിക്കാൻ ആരംഭിച്ചത്.

***ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു***
***ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ***
***ശ്രീകൃഷ്ണാർജുനസംവാദേ***
***പുരുഷോത്തമയോഗോ നാമ***
***പഞ്ചദശോഽധ്യായഃ***

**ഇങ്ങനെ പതിനഞ്ചാം അധ്യായം സമാപിച്ചു.**



## അധ്യായം പതിനാറ്

# ദൈവാസുരസമ്പദ്വിഭാഗയോഗം

അഥ ഷോഡശോ/ധ്യായഃ

# ദൈവാസുരസമ്പദ്വിഭാഗയോഗം

**പ**തിനഞ്ചാം അധ്യായത്തിൽ നിരാകാരനായ ഈശ്വരന്റെ ഗുണം, സ്വഭാവം, കർമം, പ്രകൃതിയുടെ സ്വരൂപം, ജീവന്റെ സ്വരൂപം, അതിന്റെ ഗുണം എന്നിങ്ങനെയുള്ള കാര്യങ്ങൾ വിശദമായി പറഞ്ഞു. കൂടാതെ വൈദികസാധനാസ്വരൂപവും വേദാദി ശാസ്ത്രങ്ങളിലെ ജ്ഞാനത്തെക്കുറിച്ചുമൊക്കെ പറഞ്ഞു. ഈ അധ്യായത്തിൽ ശ്രീകൃഷ്ണൻ ഋഷി, മുനി, തപസ്വി എന്നിങ്ങനെയൊക്കെ പേരിട്ടുവിളിക്കുന്ന യോഗികളുടെ ലക്ഷണങ്ങൾ വിവരിക്കുന്നു. സാത്ത്വികമായ ദൈവീപ്രകൃതിയെക്കുറിച്ചും രജസ്തമോഗുണങ്ങളോടുകൂടിയ ആസുരീപ്രകൃതിയുടെ വർണനയും ഇവിടെ കാണാം.

**ശ്രീഭഗവാനുവാച:**

1. **അഭയം സത്ത്വസംശുദ്ധിർജ്ഞാനയോഗവ്യവസ്ഥിതിഃ**
**ദാനം ദമശ്ച യജ്ഞശ്ച സ്വാധ്യായസ്തപ ആർജവമ്.**

2. **അഹിംസാ സത്യമക്രോധസ്ത്യാഗഃ ശാന്തിരപൈശുനമ്**
**ദയാ ഭൂതേഷ്വലോലുപ്ത്വം മാർദവം ഹ്രീരചാപലമ്.**

3. **തേജഃ ക്ഷമാ ധൃതിഃ ശൗചമദ്രോഹോ നാതിമാനിതാ**
**ഭവന്തി സംപദം ദൈവീമഭിജാതസ്യ ഭാരത.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, ഭയമില്ലായ്മ, അന്തഃകരണത്തിന്റെ ശുദ്ധി, ജ്ഞാനം, യോഗവിദ്യ എന്നിവയിലുള്ള നിഷ്ഠ, ദാനം, പഞ്ചേന്ദ്രിയങ്ങളെയും മനസ്സിനെയും വൈദികസാധനയുടെ സഹായത്താൽ വിഷയവികാരങ്ങളിൽ നിപതിക്കുന്നതിൽനിന്ന് തടയൽ, യജ്ഞം ചെയ്യൽ, വേദം, മറ്റ് ഋഷിപ്രണീതങ്ങളായ ഗ്രന്ഥങ്ങൾ എന്നിവ അധ്യയനം ചെയ്യൽ, തപസ്സു ചെയ്യൽ (1)*

*അഹിംസ, സത്യം, ക്രോധമില്ലായ്മ, (കർമഫല)ത്യാഗം, ശാന്തി, പരദൂഷണം പറയാതിരിക്കൽ, ദുഃഖിതരോട് ദയ, ഇന്ദ്രിയവിഷയങ്ങളിൽ ആസക്തിയില്ലായ്മ, വേദവിരുദ്ധമായ കർമങ്ങൾ ചെയ്യുന്നതിൽ ലജ്ജ, ചാപല്യമില്ലായ്മ (2)*

*തേജസ്വിത, ക്ഷമ, ധൃതി, പവിത്രത, ആരെയും ദ്രോഹിക്കണമെന്ന വിചാരമില്ലായ്മ, ദുരഭിമാനമില്ലായ്മ- ഈ ഗുണങ്ങളെല്ലാം ദൈവീസമ്പത്തോടുകൂടി ജനിച്ചവന്റെ ലക്ഷണമാകുന്നുവെന്ന് ഹേ ഭരതവംശീയ അർജുനാ മനസ്സിലാക്കുക. (3)*

ഭാഷ്യം: മേൽപറഞ്ഞ ദൈവീസമ്പത്തുകാരന്റെ ലക്ഷണങ്ങളത്രയും വേദങ്ങളിൽനിന്നും യോഗശാസ്ത്രത്തിൽനിന്നുമായി എടുത്തിട്ടുള്ളതാണ്. 26 ലക്ഷണങ്ങളാണ് ദൈവീസമ്പത്തിന്റേതായി ഭഗവാൻ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ദൈവീസമ്പത്തിന്റെ മുഖ്യലക്ഷണങ്ങളാണിവ.

## 1. സ്വാധ്യായം

സ്വന്തം സത്തയെക്കുറിച്ച് അധ്യയനം ചെയ്യുന്നതിനെയാണ് സ്വാധ്യായമെന്ന് പറയുന്നത്. അതായത് ആത്മജ്ഞാനം നേടുകയെന്നർഥം. സ്വശരീരത്തിൽ, ഇന്ദ്രിയങ്ങളുടെയും മനസ്സിന്റെയും ബുദ്ധിയുടെയും ആത്മാവിന്റെയും ജ്ഞാനം നേടുക, ആത്മനിരീക്ഷണം ചെയ്യുക, നമ്മുടെ ഉള്ളിൽ വല്ല ദോഷവുമുണ്ടെങ്കിൽ അതിനെ ദൂരീകരിച്ച് സദ്ഗുണങ്ങളെ വർധിപ്പിക്കുക.

## 2. തപസ്സ്

സ്വാധ്യായം ചെയ്ത് ധാർമികകാര്യങ്ങൾ അനുഷ്ഠിക്കുമ്പോൾ സാധാരണങ്ങളായ ബുദ്ധിമുട്ടുകൾ വരും. അതിനെ സഹിക്കലാണ് തപസ്സ്. ബുദ്ധിമുട്ടുകൾ സഹിക്കാതെ ധാർമികമായ ഒരു പുരുഷാർഥവും സാധ്യമല്ല. മനസ്സിനെ ശാന്തമാക്കിവെക്കൽ തപസ്സാണ്. 17-ാം അധ്യായത്തിൽ ഗീതയിൽതന്നെ 14 മുതൽ 19 വരെ ശ്ലോകങ്ങൾ തപസ്സിനെക്കുറിച്ച് പറയുന്നുണ്ട്.

## 3. ദമം

ഇന്ദ്രിയദമനം, മനഃസംയമനം, ആത്മസംയമനം എന്നിവയൊക്കെയാണ് ദമം. മനസ്സിന്റെ വേഗങ്ങളെ ശമിപ്പിക്കുകയാണിത്. തന്റെ ഭോഗേച്ഛകളെ ശാന്തമാക്കലാണിത്.

## 4. സത്ത്വസംശുദ്ധി

അവനവന്റെ ഉള്ളിൽ, ശരീരം, മനസ്സ് എന്നിവയിലുള്ള മലത്തെ കഴുകിക്കളയുന്നതാണ് സത്ത്വസംശുദ്ധി.

## 5. ജ്ഞാനയോഗ വ്യവസ്ഥിതി

ജ്ഞാനയോഗത്തിലും കർമയോഗത്തിലും വിശേഷമായ രീതിയിൽ ദൃഢത കൈവരിച്ച് സ്ഥിരത നേടലാണിത്. ഗീതയിൽതന്നെ 13-ാം അധ്യായത്തിൽ 7 മുതൽ 11 വരെയുള്ള ശ്ലോകങ്ങളിൽ ജ്ഞാനത്തിന്റെ വ്യാഖ്യാനം കാണാം. കർമമാർഗത്തെ സംബന്ധിച്ച് ഗീതയിൽ അനേകം പരാമർശങ്ങളുണ്ട്.

## 6. ദാനം

നൽകലാണ് ദാനം. ഗുരു വിജ്ഞാനം നൽകുന്നു. മാതാപിതാക്കൾ തങ്ങളുടെ ജീവിതം തന്നെ മക്കൾക്കായി നൽകുന്നു. സദാ പ്രകാശം നൽകുന്ന സൂര്യൻ അൽപനേരത്തേക്കെങ്കിലും മാറിനിന്നാൽ നമ്മുടെ സ്ഥിതിയെന്താകും എന്നു ചിന്തിക്കുക.

**7. യജ്ഞം**

ദാനം, കർമം, തപസ്സ്, സ്വാധ്യായം, അഹിംസ എന്നിവയെല്ലാം ഒന്നിച്ചുചേരുന്നതാണ് യജ്ഞം. ദേവപൂജ, സംഗതികരണം, ദാനം എന്നിവയാണ് യജ്ഞമെന്ന് വ്യാകരണാചാര്യൻ പറയുന്നു.[1]

**8. ആർജവം**

നേരായ വഴി, സരളത, കുടിലമനോഭാവമില്ലായ്മ.

**9. അഹിംസ**

ആരോടും വൈരമില്ലാത്ത അവസ്ഥ.

**അഹിംസയേന്ദ്രിയാസങ്ഗൈർവൈദികൈശ്ചൈവ കർമഭിഃ**

**തപസശ്ചരണൈശ്ചോഗ്രൈഃ സാധയന്തീഹ തത്പദമ്.**

(മനുസ്മൃതി 6.75)

അർഥം: 'അഹിംസ, വിഷയവിരക്തി, വൈദിക കർമാനുഷ്ഠാനം, തീവ്രതപശ്ചരണം എന്നിവയാൽ ബ്രഹ്മപദം പ്രാപിക്കുന്നു.' ചുരുക്കത്തിൽ, മനുവിന്റെ ഈ കാഴ്ചപ്പാടാണ് ഗീതയിൽ സ്വീകരിച്ചത്.

**10. അക്രോധം**

ക്രോധമില്ലാതെ ഇരിക്കുന്നത് അഹിംസയ്ക്ക് അത്യന്താപേക്ഷിതമാണ്. ക്രോധമാണ് ഹിംസയ്ക്ക് കാരണം. ക്രോധം മനസ്സിന്റെ ഭാവമാണ്.

**11. അദ്രോഹം**

അഹിംസ സിദ്ധിച്ച് ദ്രോഹം ചെയ്യാതിരിക്കേണ്ടത് അനിവാര്യമാണ്. ദ്രോഹത്തിലൂടെ ദ്വേഷബുദ്ധി വർധിക്കുന്നു. അതിനാൽ ദ്രോഹഭാവം ആസുരികവൃത്തികളിൽപ്പെട്ടതാണ്.

---

1. *യജ-ദേവപൂജാസങ്ഗതികരണദാനേഷു.* (പാണിനീയ ധാതുപാഠം, ഭ്വാദിഗണഃ 729)

**12. അപൈശുനം**

അന്യനെക്കുറിച്ച് അപവാദം പറച്ചിലാണ് പിശുനത. ഇത് ക്രോധം വർധിക്കുന്നതിന് കാരണമാകുന്നു. അതിനാൽ അപൈശുനം അഥവാ പരദൂഷണം പറയായ്ക ദൈവീസമ്പത്തിൽപെട്ടതാണ്.

**13. അലോലുപ്തം**

ലോഭത്തെ ത്യജിക്കലാണിത്. യാതൊന്നിലും ആഗ്രഹമില്ലായ്മ.

**14. ത്യാഗം**

ഭോഗത്യാഗമാണിവിടെ ത്യാഗം. കർമഫലത്യാഗവും ഇതിന്റെ ഭാഗമാണ്.

**15. നാതിമാനിത**

ദുരഭിമാനമില്ലായ്മ, അഹങ്കാരം തുടങ്ങിയവ ദുരഭിമാനത്തിന് കാരണമാണ്.

**16. ഭൂതദയ**

അഹിംസ എന്നത് ഹിംസയുടെ നിഷേധം മാത്രമാണ്. ഹിംസ ചെയ്യാതിരിക്കുന്ന അവസ്ഥയിൽ എന്താണ് ഉണ്ടാവുക? അത് അഹിംസയല്ല. മറിച്ച് ഭൂതദയയാണ്.

**17. സത്യം**

പരമേശ്വരന്റെ പേരാണ് സത്യം. വിശ്വത്തിന്റെതന്നെ ആധാരമാണിത്.

**18. ശൗചം**

പവിത്രതയാണ് ശൗചം. ശാരീരികവും മാനസികവും ഇന്ദ്രിയപരവുമായ ശൗചമുണ്ട്. ശരീരം ജലംകൊണ്ടും, സംയമംകൊണ്ട് ഇന്ദ്രിയങ്ങളും, ശുദ്ധചിന്തകൾകൊണ്ട് മനസ്സും, അറിവുകൊണ്ട് ബുദ്ധിയും വിദ്യ, തപസ്സ് എന്നിവയാൽ ആത്മാവിനും ശുദ്ധി ഉണ്ടാകുന്നു. എന്ന് മഹർഷി മനു പറഞ്ഞിട്ടുണ്ട്.[2]

---

2. മനുസ്മൃതി 5.109

**19. ഹ്രീ**

ചീത്ത കർമങ്ങൾ ചെയ്യുന്നതിലുള്ള ലജ്ജയാണിത്.

**20. ധൃതി**

ധൈര്യമാണ് ധൃതി.

**21. ക്ഷമ**

മറ്റൊരാളുടെ തെറ്റിനോട് ശാന്തമായി ക്ഷമിക്കൽ. എന്നാൽ തപസ്സിലുടനീളം ഉണ്ടാകുന്ന കഷ്ടങ്ങളെ സഹിക്കുന്നതും ക്ഷമതന്നെയാണ്. ഈ രണ്ട് അർഥവും ഇവിടെ സംഗതമാണ്.

**22. തേജസ്സ്**

അപമാനിക്കപ്പെടുമ്പോഴും സ്വകർത്തവ്യങ്ങളിൽനിന്ന് വ്യതിചലിക്കാതെ നേരിടുന്നതാണ് തേജസ്സ്.

**23. അചാപലം**

ചഞ്ചലത ഇല്ലാത്ത അവസ്ഥ.

**24. മാർദവം**

ഹൃദയത്തിന്റെ കോമളത.

**25. അഭയം**

നിർഭയത്വത്തോടെ മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം പാലിക്കാൻ കഴിയണം.

**26. ശാന്തി**

പൂർണതകൊണ്ട് നേടുന്നതാണ് ശാന്തി. ഇതിൽ യഥാർഥശാന്തി ആന്തരവും ബാഹ്യവുമായ ശാന്തിയാണ്.(3)

---

3. മഹാഭാരതം ശാന്തിപർവത്തിൽ ദമത്തിന്റെ വർണന കാണാം. (ശാന്തിപർവം, അധ്യായം 158. 7, 8, 9, 15, 16, 17, 18, 19, 34 ശ്ലോകങ്ങൾ). മാത്രവുമല്ല ഇവയെല്ലാം ധർമത്തിന്റെ ലക്ഷണമായി പ്രാചീനകാലത്തുതന്നെ മനു തന്റെ സ്മൃതിയിൽ (6.92) പറഞ്ഞതുതന്നെയാണ്.

4. **ദംഭോ ദർപോഽഭിമാനശ്ച ക്രോധഃ പാരുഷ്യമേവ ച**
**അജ്ഞാനം ചാഭിജാതസ്യ പാർഥ സമ്പദമാസുരീമ്.**

*അർഥം: ഹേ പാർഥാ, ആസുരീസമ്പത്തോടെ ജനിച്ച മനുഷ്യരിൽ ദംഭം, ദർപം, അഭിമാനം, ക്രോധം, നിഷ്ഠുരത, അജ്ഞാനം എന്നീ ദുർഗുണങ്ങളുണ്ടാകും.*

ഭാഷ്യം: തനിക്കില്ലാത്തത് ഉണ്ടെന്ന മേനിനടിക്കലാണ് ദംഭം. സ്ഥാനമാനങ്ങളെക്കുറിച്ചുള്ള അഭിമാനമാണ് ദർപം. പരുഷമായ പെരുമാറ്റമാണ് നിഷ്ഠുരത. സത്യത്തെക്കുറിച്ചുള്ള അറിവില്ലായ്മയാണ് അജ്ഞാനം.

5. **ദൈവീ സംപദ്വിമോക്ഷായ നിബന്ധായാസുരീ മതാ**
**മാ ശുചഃ സംപദം ദൈവീമഭിജാതോഽസി പാണ്ഡവ.**

*അർഥം: ദൈവീസമ്പത്ത് മോക്ഷം നേടുന്നതിനും ആസുരീസമ്പത്ത് ബന്ധനത്തിനും കാരണമാണെന്നത് സമ്മതമാണ്. അതിനാൽ പാണ്ഡുപുത്രാ, നീ ദുഃഖിക്കേണ്ട. കാരണം നീ ദൈവീസമ്പത്ത് നേടിയവനാണ്.*

ഭാഷ്യം: ശതപഥബ്രാഹ്മണം പറയുന്നത് '**വിദ്വാംസോ ഹി ദേവ**' (3.7.3.10) എന്നാണ്. അതായത് സത്യത്തെ ധരിച്ച വിദ്വാൻതന്നെയാണ് ദേവനെന്നർഥം. '**പുനന്തു മാ ദേവജനാഃ**' (യജുർവേദം 19.39) എന്ന് വേദോക്തിയുണ്ട്. വേദവിദ്യയിൽ നിഷ്ണാതനായ സത്യത്തെ ആചരിക്കുന്ന ദേവൻ[4] എന്നെ പവിത്രമാക്കട്ടെ എന്നർഥം. എന്നാൽ സ്വന്തം ആത്മാവിനും കർമത്തിനും വാണിക്കും എതിരെ പ്രവർത്തിക്കുന്ന ദുഷ്ടന്മാർ അസുരലോകത്ത് ചെന്ന് ഇരുട്ടിൽ മുങ്ങി ദുഃഖവും അജ്ഞാനവും നേടുന്നുവെന്ന് യജുർവേദം (40.3) എടുത്തുകാണിച്ചിട്ടുണ്ട്. അവരെ 'ആത്മഹനം' ചെയ്യുന്നവരെന്നാണ് പറഞ്ഞിട്ടുള്ളത്.

6. **ദ്വൗ ഭൂതസർഗൗ ലോകേഽസ്മിൻ ദൈവ ആസുര ഏവ ച**
**ദൈവോ വിസ്തരശഃ പ്രോക്ത ആസുരം പാർഥ മേ ശൃണു.**

---

4. *'ദേവോ ദാനാദ്വാ, ദീപനാദ്വാ, ദ്യോതനാദ്വാ'* (നിരുക്തം 7.15),
*'സത്യമയാ തു ദേവാഃ'* (കൗഷീതകി ബ്രാഹ്മണം 2.8)

*അർഥം: അല്ലയോ പാർഥ! ഈ ലോകത്ത് മനുഷ്യർ സ്വഭാവം കൊണ്ട് രണ്ടു തരത്തിലാണ്. അതായത് മനുഷ്യസൃഷ്ടി രണ്ടു തരത്തിലാണ്. ഒന്ന് ദൈവികം മറ്റേത് ആസുരികം. ദേവന്മാരുടെ സ്വഭാവം വിസ്തരിച്ചുപറഞ്ഞു. ഇനി അസുരന്മാരുടെ സ്വഭാവത്തെക്കുറിച്ച് വിസ്തരിച്ച് പറയുന്നത് കേട്ടാലും.*

7. **പ്രവൃത്തിം ച നിവൃത്തിം ച ജനാ ന വിദുരാസുരാഃ**
**ന ശൗചം നാപി ചാചാരോ ന സത്യം തേഷു വിദ്യതേ.**

8. **അസത്യമപ്രതിഷ്ഠം തേ ജഗദാഹുരനീശ്വരമ്**
**അപരസ്പരസംഭൂതം കിമന്യത് കാമഹൈതുകമ്.**

9. **ഏതാം ദൃഷ്ടിമവഷ്ടഭ്യ നഷ്ടാത്മാനോഽല്പബുദ്ധയഃ**
**പ്രഭവന്ത്യുഗ്രകർമാണഃ ക്ഷയായ ജഗതോഽഹിതാഃ.**

*അർഥം: ചെയ്യേണ്ടതും ചെയ്യരുതാത്തതും അറിയാത്ത അസുരജനങ്ങൾ അകത്തോ പുറത്തോ ശുദ്ധിയില്ലാത്തവരുമാണ്. ശ്രേഷ്ഠമായ ആചാരങ്ങളില്ലാത്ത ഇവർ മനസ്സ്, വാക്ക്, കർമം എന്നിവയിൽ സത്യമില്ലാത്തവരുമാണ്. (7)*
*ആസുരികസ്വഭാവമുള്ള മനുഷ്യർ ഈ ജഗത്ത് അസത്യവും ആശ്രയമില്ലാത്തതും ഈശ്വരീയമല്ലാത്തതുമാണെന്ന് പറയുന്നു. ഈ ജഗത്ത് കാമം കാരണമായിട്ട് അന്യോന്യസംയോഗം കൊണ്ട് ഉണ്ടായതുമാണ്. അല്ലാതെ വേറെ എന്താണുള്ളതെന്ന് അവർ ചോദിക്കുന്നു. (8)*
*ഈ കാഴ്ചപ്പാടിനെ ആശ്രയിക്കുകവഴി ആത്മാവ് നഷ്ടപ്പെട്ടവരും അൽപബുദ്ധികളുമായിത്തീരുന്ന ഇക്കൂട്ടരുടെ ക്രൂരമായ പ്രവർത്തനങ്ങളും ഉപദ്രവങ്ങളും ജഗത്തിന് ആപത്തുണ്ടാക്കിവെയ്ക്കുന്നു. (9)*

10. **കാമമാശ്രിത്യ ദുഷ്പൂരം ദംഭമാനമദാന്വിതാഃ**
**മോഹാദ്ഗൃഹീത്വാസദ്ഗ്രാഹാൻ പ്രവർതന്തേഽശുചിവ്രതാഃ.**

11. **ചിന്താമപരിമേയാം ച പ്രലയാന്താമുപാശ്രിതാഃ**
**കാമോപഭോഗപരമാ ഏതാവദിതി നിശ്ചിതാഃ.**

12. **ആശാപാശശതൈർബദ്ധാഃ കാമക്രോധപരായണാഃ**
**ഈഹന്തേ കാമഭോഗാർഥമന്യായേനാർഥസഞ്ചയാൻ.**

13. **ഇദമദ്യ മയാ ലബ്ധമിമം പ്രാപ്‌സ്യേ മനോരഥമ്**
**ഇദമസ്തീദമപി മേ ഭവിഷ്യതി പുനർധനമ്.**

14. **അസൗ മയാ ഹതഃ ശത്രുർഹനിഷ്യേ ചാപരാനപി**
**ഈശ്വരോഽഹമഹം ഭോഗീ സിദ്ധോഽഹം ബലവാൻ സുഖീ.**

*അർഥം: ദംഭം, മാനം, മദം എന്നിവയുള്ള ഇവർ അപവിത്രമായ ആചരണങ്ങളാലും ഒരിക്കലും തീരാത്ത ആഗ്രഹങ്ങളാലും മോഹിതരായി അസത്യമായ ആഗ്രഹങ്ങളെ ഗ്രഹിച്ച് പ്രവർത്തിക്കുന്നു. (10)*

*മാത്രമല്ല, മരണംവരെ നീണ്ടുനിൽക്കുന്ന അളവില്ലാത്ത ചിന്തയെ ആശ്രയിച്ചുകൊണ്ട് വിഷയഭോഗങ്ങളെ ഭോഗിക്കുന്നതുതന്നെ ആനന്ദമായി കരുതുന്നവരുമാണിവർ. (11)*

*നൂറുകണക്കിന് ആശാപാശങ്ങളാൽ ബന്ധിതരായി, കാമക്രോധാദികൾക്ക് അടിമപ്പെട്ട് കാമഭോഗത്തിനായി അന്യായമായ മാർഗങ്ങളിലൂടെ ധനവും മറ്റും സമ്പാദിക്കാനായി കൊതിക്കുന്നു. (12)*

*ഞാൻ ഇന്ന് ഇത് നേടി, ഇപ്പോൾ എന്റെ മനോരഥങ്ങൾ ഞാൻ സാധിക്കും, എനിക്ക് ഇത്രയും ഉണ്ട്, ഇനിയും ഇത്രയുംകൂടി ധനം എനിക്ക് ഉണ്ടാകും, (13)*

*ഈ ശത്രുവിനെ ഇന്നു ഞാൻ വധിച്ചു, മറ്റുള്ളവരെയെല്ലാം ഞാൻ കൊന്നൊടുക്കും, ഞാനാണ് ഈശ്വരൻ, എല്ലാം ഞാൻ അനുഭവിക്കുന്നു, ഞാൻ സിദ്ധനും ശക്തനും സുഖവാനുമാണ്. (14)*

15. **ആഢ്യോ/ഭിജനവാനസ്മി കോ/ന്യോ/സ്തി സദൃശോ മയാ**
**യക്ഷ്യേ ദാസ്യാമി മോദിഷ്യ ഇത്യജ്ഞാനവിമോഹിതാഃ.**

16. **അനേകചിത്തവിഭ്രാന്താ മോഹജാലസമാവൃതാഃ**
**പ്രസക്താഃ കാമഭോഗേഷു പതന്തി നരകേ/ശുചൗ.**

17. **ആത്മസംഭാവിതാഃ സ്തബ്ധാ ധനമാനമദാന്വിതാഃ**
**യജന്തേ നാമയജ്ഞൈസ്തേ ദംഭേനാവിധിപൂർവകമ്.**

18. **അഹങ്കാരം ബലം ദർപം കാമം ക്രോധം ച സംശ്രിതാഃ**
**മാമാത്മപരദേഹേഷു പ്രദ്വിഷന്തോ/ഭ്യസൂയകാഃ.**

19. **താനഹം ദ്വിഷതഃ ക്രൂരാൻ സംസാരേഷു നരാധമാൻ**
**ക്ഷിപാമ്യജസ്രമശുഭാനാസുരീഷ്വേവ യോനിഷു.**

20. **ആസുരീം യോനിമാപന്നാ മൂഢാ ജന്മനി ജന്മനി**
**മാമപ്രാപ്യൈവ കൗന്തേയ തതോ യാന്ത്യധമാം ഗതിമ്.**

*അർഥം: ഞാൻ ആഢ്യനാണ്. ഞാൻ കുലീനകുടുംബത്തിൽനിന്നുള്ളവനാണ്. എനിക്ക് തുല്യനായി വേറെ ആരുണ്ട്? ഞാൻ യാഗം ചെയ്യും, ദാനം ചെയ്യും, ഞാൻ ആനന്ദിക്കും എന്നിങ്ങനെ ചിന്തിച്ച് അവർ അജ്ഞാനമോഹിതരായി കഴിയുന്നു. (15)*

*വിവിധ പ്രകാരത്തിലുള്ള ചിത്ത വിഭ്രാന്തികളിൽപെട്ട്, മോഹവലയത്തിൽ അകപ്പെട്ട്, അസുരജനങ്ങൾ മലിനമായ നരകങ്ങളിൽ ചെന്ന് വീഴാനിടവരുന്നു. (16)*

*സ്വയം പ്രശംസിച്ച് അഹങ്കരിക്കുന്ന അസുരജനങ്ങൾ പണംകൊണ്ടുള്ള ഗർവും ഹുങ്കും ചേർന്ന് ഡംഭുമൂലം വിധിപ്രകാരമല്ലാത്ത, പേരിനുമാത്രമുള്ള ചടങ്ങുകളാൽ യജ്ഞമനുഷ്ഠിക്കുന്നു. (17)*

*അഹങ്കാരം, ബലം, തനിക്ക് പോന്നവൻ ആരുമില്ലെന്ന ഭാവം, കാമം, ക്രോധം എന്നിവയെ സ്വീകരിച്ച്, അസൂയാ*

*ലുക്കളായ അവർ അവരിലും അന്യരിലും സ്ഥിതി ചെയ്യുന്ന എന്നെ ദ്വേഷിക്കുന്നവരാണ്. (18)*

*ദ്വേഷിക്കുന്നവരും, ക്രൂരന്മാരും, അശുഭകർമം മാത്രം ചെയ്യുന്നവരുമായ ആ മനുഷ്യാധമന്മാരെ ഈ സംസാര ത്തിൽ വീണ്ടുംവീണ്ടും ആസുരയോനികളിലേക്കുതന്നെ സദാ തള്ളിവിടുന്നു. (19)*

*അല്ലയോ കൗന്തേയാ! ആസുരികമായ യോനിയെ പ്രാപിച്ച ഈ മൂഢന്മാർ ജന്മംതോറും എന്നെ പ്രാപിക്കാൻ കഴി യാതെ നേരത്തെ ഉള്ളതിനേക്കാൾ അധമമായ ഗതിയെ പ്രാപിക്കുന്നു. (20)*

21. **ത്രിവിധം നരകസ്യേദം ദ്വാരം നാശനമാത്മനഃ**
**കാമഃ ക്രോധസ്തഥാ ലോഭസ്തസ്മാദേതത്ത്രയം ത്യജേത്.**

22. **ഏതൈർവിമുക്തഃ കൗന്തേയ തമോദ്വാരൈസ്ത്രിഭിർനരഃ**
**ആചരത്യാത്മനഃ ശ്രേയസ്തതോ യാതി പരാം ഗതിമ്.**

*അർഥം: കാമം, ക്രോധം അതേപോല ലോഭം, ഇങ്ങനെ നരക ത്തിന്റെ മൂന്നു വിധത്തിലുള്ള വാതിലുകൾ ആത്മാവിനെ നശിപ്പിക്കുന്നതിന് കാരണമാകുന്നു. അതിനാൽ ഇതിനെ മൂന്നിനെയും ത്യജിക്കണം. (21)*

*കൗന്തേയാ, ഈ മൂന്നു നരകവാതിലുകളിൽനിന്ന് വിമു ക്തനായ നരൻ ആത്മശ്രേയസ്കരങ്ങളായ കാര്യങ്ങളെ ആചരിക്കുന്നു. അതിനാൽ പരമഗതിയെ പ്രാപിക്കുകയും ചെയ്യുന്നു. (22)*

ഭാഷ്യം: ഇക്കാര്യങ്ങളെല്ലാം സുവ്യക്തമായി അഥർവവേദത്തിലെ 10-ാം കാണ്ഡത്തിലെ മൂന്നാം സൂക്തത്തിൽ വിവരിച്ചതുകാണാം. കൂടാതെ മനുസ്മൃതിയുടെ 12-ാം അധ്യായം പൂർണമായും പഠിച്ചാൽ ദൈവീസ മ്പത്തും ആസുരീസമ്പത്തുമെന്താണെന്നതിന്റെ കൂടുതൽ വ്യക്തമായ ചിത്രം ലഭിക്കും. വിസ്തരഭയത്താൽ അത് ചേർക്കുന്നില്ലെന്നു മാത്രം.

ഒരുപക്ഷേ, ഇത്രയധികം സാമ്യം ഗീതയ്ക്ക് മനുസ്മൃതിയോട് ഉള്ളതു കൊണ്ടായിരിക്കാം ഗീതയെ സ്മൃതിയായി ആചാര്യൻമാർ എണ്ണാൻ കാരണം.

23. **യഃ ശാസ്ത്രവിധിമുത്സൃജ്യ വർതതേ കാമകാരതഃ**
**ന സ സിദ്ധിമവാപ്നോതി ന സുഖം ന പരാം ഗതിമ്.**

*അർഥം: വേദങ്ങളിലെ ആജ്ഞയെ തള്ളിക്കൊണ്ട് തന്നിഷ്ടപ്രകാരം പ്രവർത്തിക്കുന്നവന് ലക്ഷ്യപ്രാപ്തിയോ, സുഖമോ, പര മേശ്വരനെയോ ലഭിക്കുന്നില്ല.*

ഭാഷ്യം: 'ശാസ്ത്ര'ശബ്ദത്തിന് വേദമെന്ന് അർഥമെടുക്കണം. വേദാന്തശാസ്ത്രത്തിൽ **'ശാസ്ത്രയോനിത്വാത്'** (ബ്രഹ്മസൂത്രം 1.3)- വേദം ഏതിൽനിന്ന് ഉണ്ടായോ അതാണ് ശാസ്ത്രയോനിയെന്ന് പറഞ്ഞിരിക്കുന്നു. വേദം ഉത്പന്നമായത് ഏതിൽനിന്നോ ആ ഈശ്വരൻ എന്നർഥം. വേദവിരുദ്ധമായി ജീവിക്കുന്നവർക്ക് യാതൊരു സിദ്ധിയും ലഭിക്കുന്നില്ല. ധാർമികമോ, ആധ്യാത്മികമോ ആയ കർമഫലങ്ങൾ വേദവിരുദ്ധമായി ജീവിച്ചാൽ സിദ്ധിക്കുന്നില്ലെന്ന് ഭഗവാൻ ഇവിടെ പറയുന്നു.

എന്നാൽ ഇന്ന് ദൗർഭാഗ്യവശാൽ വേദം പഠിക്കുകയോ, ശ്രവിക്കുകയോ ചെയ്യുന്ന പരമ്പരതന്നെ ലുപ്തമായിരിക്കുന്നു. വേദം പഠിക്കാതിരുന്നാൽ അവിദ്യ വർധിച്ചുവരും. അനിത്യമായതിൽ നിത്യത തോന്നുകയും ദുഃഖങ്ങൾ സുഖമായി തോന്നുകയും ചെയ്യുന്നതാണ് അവിദ്യ. അതിനാൽ വേദപഠനം അനിവാര്യമാണെന്ന് തുടർന്നുള്ള ശ്ലോകങ്ങളിൽ ഭഗവാൻ പറയുകയാണ്.

24. **തസ്മാച്ഛാസ്ത്രം പ്രമാണം തേ കാര്യാകാര്യവ്യവസ്ഥിതൗ**
**ജ്ഞാത്വാ ശാസ്ത്രവിധാനോക്തം കർമ കർതുമിഹാർഹസി.**

*അർഥം: അതിനാൽ നിന്റെ കർത്തവ്യകർമങ്ങൾ എന്താണെന്നും, എന്താണ് നീ ചെയ്യാൻ പാടില്ലാത്തതെന്നും അറിയാൻ വേദശാസ്ത്രത്തെ സ്വീകരിക്കുക. ശാസ്ത്രവിധികളെ അറിഞ്ഞ് അതനുസരിച്ച് കർമങ്ങൾ അനുഷ്ഠിച്ചാലും.*

വേദങ്ങൾ സ്വതഃപ്രമാണങ്ങളാണ്. അതിനാൽ വേദശാസ്ത്രത്തെ സ്വീകരിക്കാനാണ് ഭഗവാന്റെ ഉപദേശം. കപിലമുനി പറയുന്നത് പ്രമാണമായെടുക്കാം.

**നിജശക്ത്യഭിവ്യക്തേഃ സ്വതഃപ്രാമാണ്യമ്.** (സാംഖ്യദർശനം 5.51)

അർഥം: നിജശക്തിയാൽ പ്രകടമാകുന്നതിനാൽ വേദം സ്വതഃപ്രമാണമാണ്. അതായത് പ്രത്യക്ഷം, അനുമാനം, ആപ്തോപദേശം എന്നിവയെ പ്രമാണങ്ങളാക്കിക്കൊണ്ടല്ല വേദത്തിന്റെ പ്രാമാണ്യം നിലനില്ക്കുന്നത്. 'പ്രമാണതഃ' എന്ന പദം 'പ്ര'പൂർവകമായ 'മാ മാനേ', 'മാങ് മാനേ, ശബ്ദേ' എന്നീ രണ്ടു ധാതുക്കളിൽനിന്നും ഉണ്ടായതാണെന്ന് ന്യായദർശനത്തിന്റെ ഭാഷ്യകാരനായ വാത്സ്യായനൻ പറഞ്ഞിട്ടുണ്ട്. ഇതിൽ 'മാ' ധാതു പരസ്മൈപദിയും 'മാങ്' ധാതു ജിത്തായതിനാൽ ആത്മനേപദിയുമാണ്. ധാതുവിനോടുകൂടി 'ല്യുട്' പ്രത്യയവും തുടർന്ന് 'തസി' പ്രത്യയവും ചേരുമ്പോൾ 'പ്രമാണതഃ' എന്ന പഞ്ചമ്യർഥമായ ശബ്ദം ലഭിക്കുന്നു. മാങ് ധാതുവിന് 'ശബ്ദ'മെന്നും അർഥമുള്ളതിനാൽ 'പ്രമാണ'ശബ്ദത്തിന് ശബ്ദപ്രമാണമെന്ന അർഥവും സിദ്ധമാകും. വേദമെന്ന ശബ്ദപ്രമാണത്തിലൂടെ അർഥജ്ഞാനം ഉണ്ടാകും. അപ്പോൾ പ്രാപഞ്ചികപദാർഥങ്ങളെക്കുറിച്ച് ജ്ഞാനമുദിക്കുമ്പോൾ ജീവാത്മാവിന് പ്രവൃത്തിയിൽ സാമർഥ്യം കൈവരുന്നു. വേദത്തിന്റെ വേദത്വം ഇതാണ്. ജീവാത്മാവിന് പ്രവൃത്തിയിൽ സാമർഥ്യം വരുന്നതുകൊണ്ട് വേദം സാർഥകമായിത്തീരും. ഇതുകൊണ്ടാണ് 'പ്രമാണം' എന്ന് ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ വേദത്തെ അഭിവ്യഞ്ജിപ്പിച്ചതും. **'അനാദിനിധനാ നിത്യാ വാഗുത്സൃഷ്ടാ സ്വയം ഭൂവാ'**- സ്വയം ഭൂവായ പരമാത്മാവ് വേദവാണിയെ നിർമിച്ചതല്ല, മറിച്ച് പ്രകടമാക്കിയിട്ടേയുള്ളൂ (മഹാഭാരതം 12.232.24) എന്ന പ്രമാണംകൂടി സ്വീകരിച്ചാൽ വേദം പരമശാസ്ത്രവും ഈശ്വരകൃതവുമാണെന്ന് വ്യക്തമാകുന്നു. ഈശ്വരീയ ജ്ഞാനമാണെങ്കിൽ അവയ്ക്ക് ചുരുങ്ങിയത് താഴെപ്പറയുന്ന ഒൻപതു ഗുണങ്ങളുണ്ടായിരിക്കുമെന്ന് തർക്കപ്രമാണങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കാം.

1) മനുഷ്യസൃഷ്ടിയുടെ ആരംഭത്തിൽ ആ ഗ്രന്ഥത്തിലെ അറിവിന്റെ ആവിർഭാവം ഉണ്ടായിരിക്കണം.

2) അതിൽ മനുഷ്യചരിത്രം ഉണ്ടാകാൻ പാടില്ല.

3) സൃഷ്ടിവിജ്ഞാനത്തിന്റെ സത്യമുൾക്കൊള്ളുന്നതും സനാതനനിയമങ്ങൾക്ക് അനുകൂലവും പ്രപഞ്ചരഹസ്യങ്ങളെയും ഗുണങ്ങളെയും വ്യക്തമായി പ്രകാശിപ്പിക്കുന്നതുമായിരിക്കണം ആ അറിവ്.

4) ആ ജ്ഞാനം വിവേകപൂർണവും വിരോധാഭാസത്തിൽനിന്ന് മുക്തവുമായിരിക്കണം.

5) ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി എന്നിവയുടെ മൂലഗുണങ്ങൾ വ്യാഖ്യാനിക്കാൻ കഴിയണം.

6) ആ അറിവ് ഭൗതികവും മാനുഷികവുമായ എല്ലാ ജ്ഞാനവിജ്ഞാനങ്ങളുടെയും ആദിസ്രോതസ്സായിരിക്കണം.

7) ആ അറിവ് സാർവദേശീയവും ശാശ്വതവും സാർവലൗകികവും സമത്വവാദിയും നിഷ്പക്ഷവും സർവോപരി സമസ്ത ജീവജാലങ്ങൾക്കും ഒരേപോലെ ഹിതകാരിയും ആയിരിക്കണം.

8) ലോകത്തുള്ള സകല മനുഷ്യർക്കും ഒരേപോലെ അവകാശപ്പെട്ട ഈശ്വരീയജ്ഞാനം ജാതി, മത, ഗോത്ര, വർണ വ്യത്യാസങ്ങൾക്കതീതമായിരിക്കണം.

9) ഇതുകൂടാതെ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും തീർത്തും മുക്തമായിരിക്കണം അത്.

ഈ ഒൻപതു ഗുണങ്ങളും സ്വയമേവ ഇണങ്ങുന്ന ജ്ഞാനവാരിധിയാണ് വേദങ്ങൾ. ഇത് നിസ്തർക്കമാണ്. ആദിമ ജ്ഞാനസമുദ്രത്തിൽ വംശചരിത്രമേ ഇല്ല. വേദങ്ങൾ രചിച്ചിട്ടുള്ളത് ഏറ്റവും പ്രാചീനമായ ഭാഷയിലാണ്. അതാകട്ടെ ആരുടെയും മാതൃഭാഷയൊട്ടല്ലതാനും.

ഇതെല്ലാം മനസ്സിലാക്കാതെ, വേദം പഠിക്കാത്തവർ, തങ്ങൾക്ക് അത് അറിയാത്തതുമൂലം അവയെ തള്ളിക്കളയുന്ന പ്രവണത ഈയ്യിടെ കണ്ടു

വരുന്നു. അവർക്ക് സ്വയം വേദജ്ഞാനമില്ലായ്കയാൽ, വേദം പഠിക്കേണ്ടതില്ലെന്നും മറിച്ച് വേദാന്തം മാത്രം പഠിച്ചാൽ മതിയെന്നും വാദിക്കുന്നവരുമാണ്.

*ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു*
*ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ*
*ശ്രീകൃഷ്ണാർജുനസംവാദേ*
*ദൈവാസുരസമ്പദ്വിഭാഗയോഗോ നാമ*
*ഷോഡശോഽധ്യായഃ*

**ഇങ്ങനെ പതിനാറാം അധ്യായം സമാപിച്ചു.**



## അധ്യായം പതിനേഴ്

# ശ്രദ്ധാത്രയവിഭാഗയോഗം

## അഥ സപ്തദശോऽധ്യായഃ

# ശ്രദ്ധാത്രയവിഭാഗയോഗം

**പ**തിനാറാം അധ്യായത്തിൽ ദൈവികവും ആസുരികവുമായ സമ്പത്തുകളെക്കുറിച്ച് വർണിച്ചതു നാം കണ്ടു. വേദാധ്യയനം, ഇന്ദ്രിയസംയമനം, യോഗാഭ്യാസം തുടങ്ങിയ ശുഭകർമങ്ങളിൽനിന്നുണ്ടാകുന്നതാണ് ദൈവീസമ്പത്ത്. വേദവിരുദ്ധമായ മാർഗങ്ങളിലൂടെ സഞ്ചരിക്കുന്നതു വഴി മനുഷ്യന് ആസുരീസമ്പത്തും ഉണ്ടാകുന്നു. കാമം, ക്രോധം, മദം, ലോഭം, അഹങ്കാരം എന്നിങ്ങനെ അനേകം വികാരങ്ങൾ ഇതിലൂടെ ഉത്പന്നമാകുന്നു. ഇതെല്ലാം വർണിച്ചശേഷം കഴിഞ്ഞ അധ്യായത്തിനൊടുവിൽ വേദങ്ങളിൽ പറയുന്ന മര്യാദകളെ പിന്തുടരാതെ, സ്വന്തം ഇഷ്ടപ്രകാരം ജീവിക്കുന്നവർ ഘോരമായ ദുഃഖങ്ങളിൽ ചെന്നുപതിക്കുന്നുവെന്നും ഭഗവാൻ ശ്രീകൃഷ്ണൻ ഉപദേശിക്കുന്നത് നാം കണ്ടു. ഇനി ഈ അധ്യായത്തിൽ വേദാനുസാരമുള്ള ശ്രദ്ധ, വൈദികയജ്ഞം, ദാനം, തപസ്സ് എന്നിവയെക്കുറിച്ചെല്ലാം വിശദീകരിക്കുകയാണ്. കാണുക:

**അർജുന ഉവാച:**

1. **യേ ശാസ്ത്രവിധിമുത്സൃജ്യ യജന്തേ ശ്രദ്ധയാന്വിതാഃ**
   **തേഷാം നിഷ്ഠാ തു കാ കൃഷ്ണ സത്ത്വമാഹോ രജസ്തമഃ.**

*അർഥം: അർജുനൻ പറഞ്ഞു, അല്ലയോ കൃഷ്ണാ, വേദങ്ങളിലെ ആജ്ഞയെ ത്യജിച്ചുകൊണ്ട് ശ്രദ്ധയോടുകൂടി യജ്ഞം അനുഷ്ഠിക്കുന്നവരുടെ അവസ്ഥ എന്താണ്? സാത്ത്വി കമോ രാജസികമോ അതോ താമസികമോ?*

**ശ്രീഭഗവാൻ ഉവാച:**

2. **ത്രിവിധാ ഭവതി ശ്രദ്ധാ ദേഹിനാം സാ സ്വഭാവജാ**
**സാത്ത്വികീ രാജസീ ചൈവ താമസീ ചേതി താം ശൃണു.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, മനുഷ്യരുടെ ആ ശ്രദ്ധ- അതായത് വൈദികസംസ്കാരത്തിൽനിന്ന് ഉത്പന്നമാകാത്ത ശ്രദ്ധ- തന്റെ സ്വഭാവത്തിൽനിന്ന് ഉത്പന്നമാകുന്നതാണ്. ആ ശ്രദ്ധ സാത്ത്വികം, രാജസം, താമസം എന്നിങ്ങനെ മൂന്നു വിധത്തിൽതന്നെയാണ്. അതിനെക്കുറിച്ച് പറയുന്നത് കേൾക്കുക.*

3. **സത്ത്വാനുരൂപാ സർവസ്യ ശ്രദ്ധാ ഭവതി ഭാരത**
**ശ്രദ്ധാമയോഽയം പുരുഷോ യോ യച്ഛ്രദ്ധഃ സ ഏവ സഃ.**

*അർഥം: അല്ലയോ ഭാരത, അവരവരുടെ അന്തഃകരണത്തിന് അനു രൂപമായ ശ്രദ്ധ എല്ലാവർക്കും ഉണ്ടാകുന്നു. ശ്രദ്ധാമയ നാണ് പുരുഷൻ. അതിനാൽ ഒരുവന്റെ ശ്രദ്ധ ഏത് തര ത്തിലാണോ അവൻ അതുപോലെ ആയിത്തീരുന്നു.*

ഭാഷ്യം: ഈ അധ്യായത്തിന്റെ പേരുതന്നെ ശ്രദ്ധാത്രയവിഭാഗയോഗമെ ന്നാണ്. ശ്രദ്ധയുടെ പ്രാധാന്യത്തെക്കുറിച്ച് ഋഗ്വേദമാണ് ഏറ്റവും കൂടു തൽ പറഞ്ഞിട്ടുള്ളത്. ശ്രദ്ധയെ ഒരു ദേവിയായാണ് വേദം വാഴ്ത്തുന്ന ത്. ആർക്കാണോ ജീവിതത്തിൽ ശ്രദ്ധയുള്ളത് അവർ മാത്രമേ ജീവിത ത്തിൽ വിജയസോപാനത്തിലെത്തുകയുള്ളൂ. കൃത്യമായ നിരീക്ഷണ ത്തിലൂടെയും സൂക്ഷ്മമായ മനോഭാവത്തോടെയുംവേണം സത്യത്തെ തിരിച്ചറിയാൻ. ഈ മനോഭാവമത്രെ ശ്രദ്ധ. “നമ്മെയൊക്കെ പരിപാലി ക്കുന്ന ഭഗവാൻ സത്യത്തെയും അസത്യത്തെയും വെവ്വേറെ രൂപത്തി

ലാണ് വെച്ചിരിക്കുന്നത്. അസത്യത്തിൽ അശ്രദ്ധയും സത്യത്തിൽ ശ്രദ്ധയും വെയ്ക്കുക എന്നതാണ് നമ്മുടെ കർത്തവ്യം എന്ന് യജുർവേദം (19.77) പറയുന്നുണ്ട്. 'ശ്രത്+ധാ = സത്യത്തെ ധരിക്കുക' എന്ന് ഈ വാക്കിന് അർഥം മനസ്സിലാക്കണം. ഇതേ കാര്യംതന്നെ ഗീത നേരത്തെ പറഞ്ഞിട്ടുണ്ട്. **'ശ്രദ്ധാവാൻ ലഭതേ ജ്ഞാനം'** (ഗീത 4.39). ഋഗ്വേദാന്തർഗതമായ ശ്രദ്ധാസൂക്തവും അർഥവും ഗീതാപഠിതാക്കൾ മനസ്സിലാക്കുന്നത് നന്ന്.[1]

---

1. *ഓം ശ്രദ്ധയാഗ്നിഃ സമിധ്യതേ ശ്രദ്ധയാ ഹൂയതേ ഹവിഃ.*
*ശ്രദ്ധാം ഭഗസ്യ മൂർധനി വചസാ വേദയാമസി.*
(ഋഗ്വേദം 10.151.1)

ശ്രദ്ധയോടെ ആത്മാവാകുന്ന അഗ്നിയെ പ്രദീപ്തമാക്കിയാലും. ശ്രദ്ധയോടെതന്നെ ഹവിസ്സ് അർപ്പിച്ചാലും. ശ്രദ്ധയോടെ ഹോമം ചെയ്താലും. നാം നമ്മുടെ വചനത്താൽ ഉദ്ഘോഷിക്കുന്നതു കേട്ടാലും. ശ്രദ്ധയാകുന്നു ഈ സംസാരത്തിലെ സർവശ്രേഷ്ഠമായ ഐശ്വര്യം.

*ഓം പ്രിയം ശ്രദ്ധേ ദദതഃ പ്രിയം ശ്രദ്ധേ ദിദാസതഃ.*
*പ്രിയം ഭോജേഷു യജ്വസ്വിദം മ ഉദിതം കൃധി.* (ഋഗ്വേദം 10.151.2)

അല്ലയോ ശ്രദ്ധാദേവീ, കൊടുക്കുന്നവന് ശക്തി നൽകിയാലും കൊടുക്കാൻ ആഗ്രഹിക്കുന്നവനും ശക്തിയേകിയാലും. ഭക്ഷണം കഴിക്കുന്നവനും യജ്ഞം അനുഷ്ഠിക്കുന്നവനിലും യശസ്സും അഭ്യുദയവും ഉണ്ടാകട്ടെ.

*ഓം യഥാ ദേവാ അസുരേഷു ശ്രദ്ധാമുഗ്രേഷു ചക്രിരേ.*
*ഏവം ഭോജേഷു യജ്വസ്വസ്മാകമുദിതം കൃധി.* (ഋഗ്വേദം 10.151.3)

വിദ്വാന്മാർ ദേശത്തെയും സംസ്കാരത്തെയും രക്ഷിക്കാൻ പ്രാണത്യാഗം ചെയ്യുന്ന വീരന്മാരിൽ എത്ര ശ്രദ്ധ പതിപ്പിക്കുന്നുവോ അത്രയും ശ്രദ്ധ ഭക്ഷണം ദാനമായി കൊടുക്കുന്നവനിലും യജ്ഞം ചെയ്യുന്നവനിലും നൽകുന്നു. ആ ശ്രദ്ധ ഞങ്ങളിലും ഉണ്ടാകട്ടെ.

*ഓം ശ്രദ്ധാം ദേവാ യജമാനാ വായുഗോപാ ഉപാസതേ.*
*ശ്രദ്ധാം ഹൃദയ്യയാകൂത്യാ ശ്രദ്ധയാ വിന്ദതേ വസു.* (ഋഗ്വേദം 10.151.4)

ദിവ്യനായ യജമാനൻ ശ്രദ്ധയുടെ ഉപാസന നടത്തും. പ്രാണവായുവിൽ അഥവാ പ്രാണായാമം ചെയ്യുന്ന യോഗിയും ശ്രദ്ധയുടെ ഉപാസനയാണ് ചെയ്യുന്നത്. ഈ യോഗികൾ ഹൃദയത്തിൽ ഉന്നതമായ ഭാവത്തോടെ ശ്രദ്ധയെ സേവിക്കുന്നു. കാരണം ശ്രദ്ധകൊണ്ടു മാത്രമേ ഈശ്വരനെ നേടാനാകൂ.

(തുടർച്ച അടുത്ത പേജിൽ)

4. **യജന്തേ സാത്ത്വികാ ദേവാൻ യക്ഷരക്ഷാംസി രാജസാഃ**
**പ്രേതാൻ ഭൂതഗണാംശ്ചാന്യേ യജന്തേ താമസാ ജനാഃ.**

*അർഥം: സാത്ത്വികരായവർ വിദ്വാന്മാരെ സത്കരിച്ച് സേവിക്കുന്നു. രാജസവൃത്തിയുള്ളവർ ധനവും ബലവുമുള്ളവരെ (യക്ഷന്മാർ) സത്കരിക്കുന്നു. താമസഗുണമുള്ളവരാകട്ടെ അഗ്നി തുടങ്ങിയ ജഡമായ പഞ്ചഭൂതങ്ങളെ ഉപാസിക്കുന്നു.*

ഈ മേൽപറഞ്ഞ ശ്ലോകങ്ങൾക്ക് മനുസ്മൃതിയുമായിത്തന്നെയാണ് നേരിട്ടു ബന്ധമുള്ളത്. കാണുക.

**ദേവത്വം സാത്ത്വികാ യാന്തി മനുഷ്യത്വം ച രാജസാഃ**
**തിര്യക്ത്വം താമസാ നിത്യമിത്യേഷാ ത്രിവിധാ ഗതിഃ.** (മനുസ്മൃതി 12.40)

സാത്ത്വികർ ദേവത്വവും രാജസർ മനുഷ്യത്വവും താമസികർ തിര്യക്ത്വവും പ്രാപിക്കുന്നു. ഇതാണ് ഇവരുടെ മൂന്നുതരം ജന്മപ്രാപ്തി.

വൈശ്രവണാദികളെ യക്ഷന്മാരായി മനു (1.37) വിവരിക്കുന്നുണ്ട് സ്മൃതിയിൽ. കൂടാതെ,

**യക്ഷരക്ഷഃ പിശാചാന്നം മദ്യം മാംസം സുരാ//സവം** (മനുസ്മൃതി 11.95) എന്ന് യക്ഷന്മാരെക്കുറിച്ച് പറയുന്നുണ്ട്. മദ്യം, മാംസം, സുരാ, ആസവം എന്നിവയെല്ലാം യക്ഷന്മാരുടെയും രാക്ഷസന്മാരുടെയും പിശാചുക്കളുടെയും ആഹാരമാണ്. അതായത് ഇവരെല്ലാം മനുഷ്യരാണെന്നർഥം.

---

(തുടർച്ച)

*ഓം ശ്രദ്ധാം പ്രാതർഹവാമഹേ*
*ശ്രദ്ധാം മധ്യന്ദിനം പരി.*
*ശ്രദ്ധാം സൂര്യസ്യ നിമ്രുചി*
*ശ്രദ്ധേ ശ്രദ്ധാപയേഹ നഃ.* (ഋഗ്വേദം 10.151.5)

ഞങ്ങൾ പ്രഭാതത്തിൽ ശ്രദ്ധാദേവിയെ ആവാഹിക്കുന്നു. ഉച്ചയ്ക്കും അതിന്നുശേഷവും ശ്രദ്ധയെത്തന്നെ ആവാഹിക്കുന്നു. സൂര്യാസ്തമയത്തിനു ശേഷവും ശ്രദ്ധയെ ഉപാസിക്കുന്നു. അല്ലയോ ശ്രദ്ധാദേവീ! ഞങ്ങളുടെ ജീവിതം ശ്രദ്ധയാൽ ഊടും പാവും ഉള്ളതായിത്തീരട്ടെ.

5. **അശാസ്ത്രവിഹിതം ഘോരം തപ്യന്തേ യേ തപോ ജനാഃ**
**ദംഭാഹങ്കാരസംയുക്താഃ കാമരാഗബലാന്വിതാഃ.**

6. **കർശയന്തഃ ശരീരസ്ഥം ഭൂതഗ്രാമമചേതസഃ**
**മാം ചൈവാന്തഃശരീരസ്ഥം താൻ വിദ്ധ്യാസുരനിശ്ചയാൻ.**

*അർഥം: വേദവിധാനമറിയാതെ, ദംഭാഹങ്കാരങ്ങളോടുകൂടിയവരും കാമം, രാഗം, ബലം എന്നിവയോടുകൂടിയവരും തനിക്കു തോന്നിയതുപോലെ ഘോരമായ തപസ്സ് അനുഷ്ഠിച്ച് (5) ദേഹത്തിന്റെ നിലനില്പിനെ സഹായിക്കുന്ന പഞ്ചഭൂതസമുദായത്തെ ക്ഷീണിപ്പിക്കുകയും ശരീരത്തിലൊന്നാകെ വ്യാപിച്ചിരിക്കുന്ന എന്നെ പീഡിപ്പിക്കുകയും ചെയ്യുന്നവർ തീർച്ചയായും അസുരന്മാരാണെന്നറിയുക. (6)*

ഭാഷ്യം: ഇത്തരത്തിലുള്ള അനേകം വ്രതങ്ങൾ ഇന്ന് ഹിന്ദുമതത്തിൽ കാണുന്നുണ്ട്. ഇവയെ അതിശക്തമായി പ്രശസ്ത വേദനവോത്ഥാന നായകനായ മഹർഷി ദയാനന്ദ സരസ്വതി വിമർശിച്ചിട്ടുമുണ്ട്. കാണുക:

'ശിവപുരാണത്തിൽ ത്രയോദശിയും, തിങ്കളാഴ്ചയും, വിഷ്ണുപുരാണത്തിൽ ഏകാദശി ദിവസവും ഉപാസിക്കേണ്ടതാണെന്നു പറയുന്നു. അപ്രകാരംതന്നെ വാമനന് ദ്വാദശിയും, നരസിംഹത്തിനും അനന്തനും ചതുർദശിയും, ചന്ദ്രനു പൂർണമാസിയും, ദിക്പാലകന്മാർക്കു ദശമിയും, ദുർഗയ്ക്കു നവമിയും, വസുക്കൾക്കു അഷ്ടമിയും, മുനികൾക്കു സപ്തമിയും, സുബ്രഹ്മണ്യനു ഷഷ്ഠിയും, നാഗത്തിനു പഞ്ചമിയും, ഗണപതിക്കു ചതുർഥിയും, ഗൗരിക്ക് തൃതീയയും, അശ്വിനീകുമാരന്മാർക്കു ദ്വിതീയയും, ആദ്യാദേവിക്കു പ്രതിപദവും, പിതൃക്കന്മാർക്കു അമാവാസിയും ഉപവാസനീയദിനങ്ങളാണെന്നു പുരാണങ്ങൾ ഘോഷിക്കുന്നു. ഈ ദിവസങ്ങളിൽ അന്നപാനം ചെയ്യുന്നവർ നരകഗാമികളായിത്തീരുമെന്നു എല്ലായിടത്തും എഴുതിയിട്ടുണ്ട്. പോപ്പുകളും[2] ശിഷ്യന്മാരും ഇതനുസരിച്ചു ഒരു ദിവസംപോലും ഭക്ഷണം കഴിക്കാതിരിക്കു

2. അനാചാരങ്ങളെ പോഷിപ്പിച്ച് അവയെ വിറ്റ് കാശാക്കുന്ന ആചാര്യന്മാരെ മഹർഷി ദയാനന്ദൻ പോപ്പുകൾ എന്നാണ് വിളിച്ചിരുന്നത്.

കയാണു വേണ്ടത്. എന്തെന്നാൽ ഭക്ഷണം കഴിക്കുന്നവർ നരകത്തെ പ്രാപിക്കുമല്ലോ? നിർണയസിന്ധു, ധർമസിന്ധു, വ്രതാർക്കം മുതലായ ഗ്രന്ഥങ്ങളിൽ അന്യോന്യം വ്രതത്തെപ്പറ്റി ആക്ഷേപിച്ചിട്ടുണ്ട്. അതായതു പട്ടിണി കിടക്കുന്നതിനും വാദവിവാദംതന്നെ. ഏകാദശി ഏർപ്പെടുത്തി യവന്റെയും ഉദ്ദേശ്യം, കേവലം സ്വാർഥതയാണെന്നും ദയ ഒട്ടുംതന്നെ ഇല്ലെന്നും കാണാം.

അവർ ഇപ്രകാരമാണ് പറയുന്നത്:

**'ഏകാദശ്യാമന്നേ പാപാനി വസന്തി.'**

ലോകത്തിലുള്ള പാപം മുഴുവൻ ഏകാദശിദിവസത്ത അന്നത്തി ലാണത്രെ സ്ഥിതി ചെയ്യുന്നത്. ആരു ചെയ്ത പാപമാണ് അതിലുള്ള തെന്നു ഈ പോപ്പുകളോടു ചോദിക്കേണ്ടതാണ്. നിങ്ങളുടെയോ അതോ നിങ്ങളുടെ അച്ഛനമ്മമാരുടെയോ? എല്ലാ മനുഷ്യരുടെയും പാപം ഏകാ ദശിയിലാണ് വസിക്കുന്നതെങ്കിൽ അന്ന് ആർക്കും ദുഃഖമുണ്ടാവാൻ പാടില്ലാത്തതാണ്. എന്നാൽ അങ്ങനെയല്ല കാണുന്നത്, ദുഃഖമുണ്ടാകു ന്നതു പാപം മൂലമാണ്. വിശപ്പും ക്ലേശവും സഹിക്കുന്നതുതന്നെയാണ് പാപം അനുഭവിക്കുന്നത്. എന്നാൽ അതു വലിയ മാഹാത്മ്യമായിട്ടാണ് കരുതിയിട്ടുള്ളത്. അതിനെ സംബന്ധിച്ച കഥകൾ വായിച്ച് ജനങ്ങൾ സന്തുഷ്ടരാകുന്നു. അതിൽ ഇപ്രകാരമൊരു കഥയുണ്ട്:

'ബ്രഹ്മലോകത്തിൽ ഒരു വേശ്യയുണ്ടായിരുന്നു. അവൾ എന്തോ അപരാധം ചെയ്തതിനാൽ "നീ ഭൂമിയിൽ പതിക്കട്ടെ" എന്നവൾക്കു ശാപം കിട്ടി. അവൾ ഭൂമിയിൽ വന്നിട്ട് വീണ്ടും സ്വർഗത്തിൽ എത്തുന്ന തിനുവേണ്ടി സ്തുതി ചെയ്യാൻ തുടങ്ങി. അപ്പോൾ "നീ ആരുടെയെ ങ്കിലും ഏകാദശിയുടെ ഫലത്തെ കൈക്കൊള്ളുന്നപക്ഷം വീണ്ടും സ്വർഗത്തെ പ്രാപിക്കും" എന്നു ശാപമോക്ഷം കിട്ടി. അവൾ വിമാന ത്തോടുകൂടി ഒരു നഗരത്തിൽ ചെന്നെത്തി. അവിടത്തെ രാജാവ് അവളെ കണ്ടപ്പോൾ നീ ആരാണെന്നും എവിടെനിന്നു വരുന്നുവെന്നും ചോദി ച്ചു. അപ്പോൾ അവൾ എല്ലാ സംഗതികളും രാജാവിനെ പറഞ്ഞു കേൾപ്പി ച്ചു. 'ആരെങ്കിലും എനിക്കു ഏകാദശിയുടെ ഫലം തരികയാണെങ്കിൽ

എനിക്കു വീണ്ടും സ്വർഗത്തെ പ്രാപിക്കാൻ കഴിയു'മെന്നവൾ രാജാവിനെ അറിയിച്ചു. രാജാവ് നഗരത്തിൽ പല അന്വേഷണങ്ങളും നടത്തി. എന്നാൽ ഏകാദശിവ്രതക്കാരെ ആരെയും കണ്ടില്ല. എങ്കിലും അന്ന് രണ്ടു ഭാര്യാഭർത്താക്കന്മാർ തമ്മിൽ വഴക്കുണ്ടായതുകൊണ്ട് ഭാര്യ കോപത്താൽ രാത്രിയും പകലും മുഴുവൻ ഭക്ഷണം കഴിക്കാതിരുന്നു. "ഞാൻ ഏകാദശിയാണെന്നു വിചാരിച്ച് ഉപവാസമനുഷ്ഠിച്ചതല്ല. യാദൃച്ഛികമായി അങ്ങനെയുണ്ടായെന്നു മാത്രമേയുള്ളൂ" എന്നവൾ പറഞ്ഞു. ഇതുകേട്ട് രാജസേവകന്മാർ അവളെ രാജാവിന്റെ മുമ്പിൽ കൊണ്ടുവന്നു. അവളോട് ആ വിമാനത്തെ സ്പർശിക്കുന്നതിന് രാജാവ് കല്പിച്ചു. അവൾ അതനുസരിച്ചു വിമാനത്തെ സ്പർശിച്ച മാത്രയിൽ അത് മേല്പോട്ട് പറന്നുപോയി. ഇത് അറിയാതെയുള്ള ഏകാദശിയുടെ ഫലമാണ്. എങ്കിൽ അറിഞ്ഞു ചെയ്യുന്ന ഏകാദശിയുടെ ഫലം എത്രമാത്രമുണ്ടായിരിക്കണം!'

അല്ലയോ അന്ധവിശ്വാസികളേ! ഇതു വാസ്തവമാണെങ്കിൽ സ്വർഗത്തിലില്ലാത്ത ഒരു 'പാൻബീഡ' നാം അങ്ങോട്ടയക്കാനാഗ്രഹിക്കുന്നു. എല്ലാ ഏകാദശിക്കാരും അവനവന്റെ ഫലം നമുക്കു തരിക. ഒരു 'പാൻബീഡ' സ്വർഗത്തേക്കു പോകുമെങ്കിൽപിന്നെ ലക്ഷക്കണക്കിനോ കോടിക്കണക്കിനോ അങ്ങോട്ടയക്കാം. അപ്രകാരം ഫലം പ്രത്യക്ഷമായിക്കാണുന്നപക്ഷം നമുക്കും ഏകാദശിവ്രതം അനുഷ്ഠിക്കാം. അതല്ലാത്തപക്ഷം നിങ്ങളെ ഈ പട്ടിണിയിൽനിന്നും രക്ഷിക്കാനുള്ള ചുമതല നമുക്കുണ്ട്. ഒരു വർഷത്തിലുള്ള ഇരുപത്തിനാല് ഏകാദശികൾക്കും പ്രത്യേകംപ്രത്യേകം നാമങ്ങൾ കല്പിച്ചിട്ടുണ്ട്; ചിലതിനു 'ധനദാ' മറ്റു ചിലതിനു 'കാമദാ' വേറെ ചിലതിനു 'പുത്രദാ' ചിലതിനു 'നിർജലാ' എന്നിങ്ങനെ പ്രത്യേകംപ്രത്യേകം നാമങ്ങൾ കല്പിച്ചിട്ടുണ്ട്. അനേകം കാമികളും, അനേകം ദരിദ്രന്മാരും, അനേകം വംശമില്ലാത്തവരുമായ ജനങ്ങൾ ഏകാദശിവ്രതം നോറ്റുവെങ്കിലും അഭീഷ്ടസിദ്ധി കൂടാതെ തന്നെ ജീവിതം അവസാനിച്ചു. കുംഭമാസത്തിൽ ഒരു നിമിഷനേരത്തേക്കു വെള്ളം കിട്ടാതെ വന്നാൽ മനുഷ്യൻ വിഷമിക്കുന്ന ആ ശുക്ലപക്ഷത്തിൽ വ്രതം ചെയ്യുന്നവർക്കു വലിയ ദുഃഖമുണ്ടാകുന്നു. വിശേ

ഷിച്ച് ബംഗാളിലെ വിധവകൾക്ക് ഏകാദശിദിവസംവരെ കഷ്ടപ്പെടേണ്ടിവരുന്നു. ഇതെഴുതിയുണ്ടാക്കിയവർക്കു അല്പംപോലും ദയയുണ്ടായില്ല. അല്ലാത്തപക്ഷം കുംഭമാസത്തിൽ 'നിർജലാ' എന്നുള്ളതിനു പകരം 'സജലാ' എന്നും പൗഷമാസത്തെ ഏകാദശിക്കു നിർജലാ എന്നും നാമധേയം കല്പിച്ചിരുന്നെങ്കിലും അല്പം സമാധാനത്തിനു വഴിയുണ്ടായിരുന്നു. എന്നാൽ ഇവർക്കുണ്ടോ ദയ!! 'ആരു ജനിച്ചാലും ജീവിച്ചാലും കൊള്ളാം; പോപ്പിന്റെ വയറു നിറയണം' ഗർഭവതിയും, പെട്ടെന്നു വിവാഹം കഴിഞ്ഞ സ്ത്രീയും, ബാലന്മാരും, യുവാക്കന്മാരും ഉപവാസം അനുഷ്ഠിക്കരുത്. ആരെങ്കിലും ഉപവാസം അനുഷ്ഠിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അവർ വിശപ്പില്ലാതെവരുന്ന അവസരത്തിൽ കേവലം ശർബത്തോ, പാലോ മാത്രം ഉപയോഗിച്ചുകൊണ്ടു ദിവസം കഴിച്ചുകൂട്ടേണ്ടതാണ്. വിശപ്പുള്ളപ്പോൾ ഭക്ഷണം കഴിക്കാതിരിക്കയും, വിശപ്പില്ലാത്തപ്പോൾ ഭക്ഷണം കഴിക്കുകയും ചെയ്യുന്നവൻ രോഗഗ്രസ്തനായിത്തീരുന്നതാണ്. ഇക്കൂട്ടർ ഓരോന്നെഴുതിയുണ്ടാക്കുന്നതെല്ലാം യാതൊരു യുക്തിയോ പ്രമാണമോ കൂടാതെയാണ്.'[3]

'വാമമാർഗികൾ വലിയ അപരാധികളാണ്. സാധാരണ ശിഷ്യന്മാർക്ക് ആദ്യം ഇവർ ഇപ്രകാരമുള്ള മന്ത്രങ്ങൾ ഉപദേശിക്കുന്നു.

**'ദം ദുർഗായൈ നമഃ.'**
**'ഭം ഭൈരവായ നമഃ.'**
**'ഐം ഹ്രീം ക്ലീം ചാമുണ്ഡായൈ വിച്ചേ.'**

കൂടാതെ ബങ്കഭാഷയിൽ ഏകാക്ഷരമന്ത്രം ഉപദേശിക്കുകയും ചെയ്യുന്നു.

**'ഹ്രീം', 'ശ്രീം, 'ക്ലീം'** ഇത്യാദി (ശാവരതന്ത്രം-ബം-പ്രകീ-പ്ര-44).

എന്നിട്ട് ധനാഢ്യന്മാരെ പൂർണമായി അഭിഷേകം ചെയ്യുന്നു. ഇപ്രകാരംതന്നെയാണ് പത്തു മഹാവിദ്യകളുടെ മന്ത്രം.

---

3. സത്യാർഥപ്രകാശം, 11-ാം സമുല്ലാസം, മഹർഷി ദയാനന്ദ സരസ്വതി.

**'ഹ്രാം, ഹ്രീം, ഹ്രൂം വഗലാമുഖ്യൈ ഫട് സ്വാഹാ'**

(ശാ-പ്രകീ-പ്ര-41)

ചിലേടങ്ങളിൽ **'ഹ്രൂം ഫട് സ്വാഹാ'** (കാമരത്നതന്ത്രം ബീജമന്ത്രം 4), ഇതു കൂടാതെ മാരണം, മോഹനം, ഉച്ചാടനം, വിദ്വേഷണം, വശീകരണം മുതലായ പ്രയോഗങ്ങളും ചെയ്യുന്നു. മന്ത്രംകൊണ്ട് യാതൊന്നും സിദ്ധമാകുന്നില്ല. ക്രിയകൊണ്ടാണ് കാര്യങ്ങളെല്ലാം നടക്കുന്നത്. ആരെ കൊല്ലണമെന്നുദ്ദേശിക്കുന്നുവോ അവരുടെ രൂപം അരിമാവുകൊണ്ടോ മണ്ണുകൊണ്ടോ ഉണ്ടാക്കിയെടുക്കുന്നു. ആ രൂപത്തിന്റെ മാറിലും, നാഭിയിലും, കണ്ഠത്തിലുമെല്ലാം നാരായങ്ങൾ തറയ്ക്കുകയും കണ്ണിനും കൈയ്ക്കുമെല്ലാം ആണിവെയ്ക്കുകയും ചെയ്യുന്നു. അതിന്റെ മുകളിൽ ഭൈരവന്റെയോ ദുർഗയുടെയോ മൂർത്തിയുണ്ടാക്കിയിട്ട് കൈയിൽ ശൂലവും കൊടുത്തു നിർത്തുന്നു. പിന്നീട് വേദിയുണ്ടാക്കി മാംസം മുതലായവകൊണ്ട് ഹോമം ചെയ്യുകയും കൊല്ലാനുള്ള ആളിന്റെ അടുത്ത് ദൂതന്മാരെ അയച്ച് വിഷമോ മറ്റോ കൊടുത്ത് അയാളെ കൊല്ലാൻ ശ്രമിക്കയും ചെയ്യുന്നു. ക്രിയകളുടെ മധ്യത്തിൽതന്നെ അയാളെ കൊല്ലാൻ സാധിച്ചുവെങ്കിൽ ഞങ്ങൾക്കു ഭൈരവന്റെയും ദേവിയുടെയും ശക്തി ലഭിച്ചിട്ടുണ്ടെന്നു ഘോഷിക്കും.

**'ഭൈരവോ ഭൂതനാഥശ്ച.'**

എന്നു കീർത്തിക്കുകയും ചെയ്യും.

**'മാരയ-മാരയ, ഉച്ചാടയ-ഉച്ചാടയ**
**വിദ്വേഷയ-വിദ്വേഷയ, ഛിന്ധി-ഛിന്ധി,**
**ഭിന്ധി-ഭിന്ധി, വശീകുരു-വശീകുരു,**
**ഖാദയ-ഖാദയ, ഭക്ഷയ-ഭക്ഷയ,**
**ത്രോടയ-ത്രോടയ, നാശയ-നാശയ**
**മമ ശത്രൂൻ വശീകുരു, മമ ശത്രൂൻ വശീകുരു.**
**ഹ്രൂം ഫട് സ്വാഹാ.'** (കാമരത്നതന്ത്രം, ഉച്ചാടനപ്രകരണം, മന്ത്രം 5-7).

ഇപ്രകാരമുള്ള മന്ത്രങ്ങൾ ജപിക്കുകയും മദ്യമാംസങ്ങൾ ഭക്ഷിക്കുകയും സിന്ദൂരപ്പൊട്ടു തൊടുകയും ചെയ്യുന്നു. ചിലപ്പോൾ കാളി മുതലായവർക്കുവേണ്ടി മനുഷ്യരെ കൊന്നു ഹോമിക്കുകയും ആ മാംസം തിന്നുകയും ചെയ്യുന്നു. ഭൈരവീചക്രത്തിൽ പോകുന്നവർ മദ്യമാംസങ്ങൾ ഭക്ഷിക്കാത്തപക്ഷം അവരെ കൊന്നു ഹോമിക്കുന്നു. അവരിൽതന്നെ "അഘോരി" എന്ന കൂട്ടർ മനുഷ്യരുടെ ശവംകൂടി തിന്നുന്നവരാണ്. അജരിയും, വജരിയും ചെയ്യുന്നവർ മനുഷ്യരുടെ മലമൂത്രം കൂടി ഭക്ഷിക്കുന്നവരാണത്രെ. ചോലീമാർഗികളെന്നും ബീജമാർഗികളെന്നും ഇവരിൽതന്നെ രണ്ടു തരക്കാരുണ്ട്.

ചോലീമാർഗികൾ ഒരു ഗുപ്തമായ സ്ഥാനത്തോ ഭൂമിയുടെ അടിയിലോ ഒരു സ്ഥലം ഉണ്ടാക്കുന്നു. അവിടെ എല്ലാവരുടെയും ഭാര്യമാരും പുരുഷന്മാരും ആൺകുട്ടികളും പെൺകുട്ടികളും സഹോദരികളും മാതാക്കളും ഒരുമിച്ചു താമസിക്കുകയും മദ്യമാംസാദികൾ ഭക്ഷിക്കുകയും ചെയ്യുന്നു. ഒരു സ്ത്രീയെ നഗ്നയാക്കി നിർത്തിയിട്ട് അവളുടെ ഗുപ്തേന്ദ്രിയത്തെ എല്ലാ പുരുഷന്മാരും പൂജിക്കുകയും അവൾക്കു ദുർഗാദേവി എന്ന പേരു കല്പിക്കുകയും ചെയ്യുന്നു. മദ്യം കുടിച്ച് മദോന്മത്തരായിക്കഴിയുമ്പോൾ എല്ലാ സ്ത്രീകളുടെയും ജാക്കറ്റ് ഊരി ഒരു വലിയ മൺപാത്രത്തിൽ ഒന്നാകെ ഇട്ടിട്ട് ഓരോ പുരുഷന്മാരും ഓരോന്ന് എടുക്കുന്നു. അമ്മയായാലും, സഹോദരിയായാലും, പുത്രിയായാലും, പുത്രവധുവായാലും ആരുടെ ജാക്കറ്റ് കൈയിൽ കിട്ടുന്നുവോ അവൾ ആ സമയത്തേക്ക് അവന്റെ ഭാര്യയായിത്തീരുന്നു. അന്യോന്യം നീചകർമം ചെയ്യുകയും മദം അധികമാകുമ്പോൾ അടികലാശത്തിൽ അതു പരിണമിക്കയും ചെയ്യുന്നു. രാവിലെ അവർ വീട്ടിലേക്ക് മടങ്ങുമ്പോൾ വീണ്ടും മുമ്പത്തെപ്പോലെ അമ്മയും, സഹോദരിയും, മകളുമെല്ലാം ആയിത്തീരുന്നു. ബീജമാർഗികൾ സ്ത്രീപുരുഷന്മാരുടെ സംയോഗത്തിനുശേഷം വീര്യം ജലത്തിൽ കലക്കി കുടിക്കുന്നു. ഈ പാമരന്മാർ ഈ കർമങ്ങളെല്ലാം മുക്തിക്കുള്ള സാധനങ്ങളാണെന്നു വിശ്വസിക്കുന്നു. ഇക്കൂട്ടർക്കു വിദ്യാഭ്യാസമോ വിചാരമോ സജ്ജനസംസർഗമോ ഒട്ടും തന്നെ ഇല്ല.[4]

4. സത്യാർഥപ്രകാശം, 11-ാം സമുല്ലാസം, മഹർഷി ദയാനന്ദ സരസ്വതി,

ശാസ്ത്രപഠനമില്ലാതെ സാധനയെ കാണുന്നവർ സ്വയം അപകടത്തിൽച്ചെന്നു വീഴുന്നുവെന്നു മാത്രമല്ല, അന്യരെക്കൂടി ഘോരമായ പടുകുഴിയിൽ കൊണ്ടുചെന്നു വീഴ്ത്തുകയും ചെയ്യുന്നു. അപ്പോൾ, തപസ്സ് എന്നത് ഘോരമായി ചെയ്യേണ്ടതല്ലെന്ന് ആദ്യം മനസ്സിലാക്കണം. അതിന് ശാസ്ത്രമറിയണം.

**'ഋതം തപഃ സത്യം തപഃ ശ്രുതം തപഃ ശാന്തം തപോ ദമസ്തപഃ**
**ശമസ്തപോ ദാനം തപോ യജ്ഞസ്തപോ**
**ഭൂർഭുവഃ സുവര്ബ്രഹ്മേ തദുപാസ്യൈതത്തപഃ.'**

(തൈത്തിരീയാരണ്യകം പ്ര. 10.8)

എന്ന് വൈദികവചനം തപത്തെ നിർവചിക്കുന്നുണ്ടെന്ന് നേരത്തെ ചൂണ്ടിക്കാട്ടിയിരുന്നു. 'സത്യം പറയുന്നത് തപസ്സാണ്; സത്യം കേൾക്കുക, ശാന്തസ്വഭാവത്തോടെ ഇരിക്കുക, പ്രയത്നശീലനാവുക, പഞ്ചേന്ദ്രിയങ്ങളെ അധർമം, ആലസ്യം എന്നിവയിൽനിന്ന് അകറ്റി മനസ്സിനെ സദാ ധർമത്തിലുറപ്പിക്കുക, വേദാദിശാസ്ത്രങ്ങളിൽ പാരംഗതരായവരെ ശ്രദ്ധാപൂർവം കേൾക്കുക, അവർക്ക് ദാനം ചെയ്യുക, യജ്ഞത്തിലൂടെ 'ഇദം ന മമ' എന്ന ഭാവത്തോടെ പരമേശ്വരനെ പൂജിക്കുക എന്നിവയൊക്കെയാണ് യഥാർഥ തപസ്സ്.'

തൈത്തിരീയാദി ശാസ്ത്രങ്ങൾ പറയുന്നത് കേൾക്കുക:

**സ്വാധ്യായഃ പ്രണവാദി പവിത്രാണാം;**
**ജപോ മോക്ഷശാസ്ത്രാധ്യയനം**

അതായത്, 'ഓം' തുടങ്ങിയ പരമേശ്വരനാമങ്ങൾ ജപിക്കുകയും അഷ്ടാങ്ഗയോഗപരിശീലനവും, സ്വാധ്യായം ചെയ്യലുമൊക്കെയാണ് യഥാർഥ തപസ്സെന്ന് അർഥം. ഇതറിയുന്ന പണ്ഡിതന്മാർപോലും തങ്ങൾക്ക് അനുയായികളെ കിട്ടില്ലെന്ന് കരുതി എല്ലാ അന്ധവിശ്വാസങ്ങളെയും കഠോരമായ വ്രതങ്ങളെയും തങ്ങളാലാവുന്നവിധം പ്രോത്സാഹിപ്പിക്കുന്ന ദുഃഖകരമായ ചിത്രം ഇന്നുണ്ട്. സംസ്കാരത്തിന്റെ ഹിമാലയംതന്നെ തീർത്ത ഒരു ജനതതിയായിരുന്നു ഭാരതീയരുടേത്. ഐശ്വ

ര്യവും സമൃദ്ധിയും കളിയാടിയ അന്ന് ഭാരതത്തെ നയിച്ചത് വേദങ്ങളായിരുന്നു. വൈദികദർശനങ്ങളെ പിന്തുടർന്ന ആചാര്യപരമ്പര അമൂല്യമായ സംഭാവനകൾ ലോകത്തിന് സമ്മാനിച്ചു. എന്നാൽ നിരർഥകങ്ങളായ ആശയങ്ങളും ആചാരങ്ങളും കടന്നുവന്നതോടെ സംസ്കാരഹിമാലയം ചീട്ടുകൊട്ടാരംപോലെ തകരുന്ന കാഴ്ചയാണ് നാം കണ്ടത്. ഇത്തരത്തിലുള്ള ആചാരങ്ങളാൽ മലീമസമായിത്തീർന്ന ജനതതി വൈദേശിക അക്രമകാരികൾക്ക് മുൻപിൽ തകർന്നു തരിപ്പണമായി. അഞ്ഞൂറിലധികം വർഷങ്ങൾ അടിമത്വത്തിലേക്ക് ഭാരതം കൂപ്പുകുത്തിയതിന് എടുത്തുകാണിക്കാവുന്ന ഒരേ ഒരു കാരണം അതിനു നഷ്ടപ്പെട്ട വൈദിക പരമ്പരയാണെന്നത് നിസ്തർക്കമാണ്. ഒരു ജനതതിയുടെ ആചാരവിശ്വാസങ്ങളാണ് അവരുടെ സാമൂഹിക്രമത്തെ രൂപപ്പെടുത്തുക. ആ ക്രമപ്പെടുത്തലിലൂടെയാണ് രാഷ്ട്രഭരണവും രൂപപ്പെടുക. ഇവിടെ ക്രമബദ്ധമായ വൈദിക പരമ്പര നഷ്ടമായതോടെ ലോകസാമ്രാജ്യാധിപതികളായ ഭാരതം വിദേശ അക്രമകാരികൾക്കു കീഴിൽ സ്വയം നഷ്ടമായി.

7. **ആഹാരസ്ത്വപി സർവസ്യ ത്രിവിധോ ഭവതി പ്രിയഃ**
**യജ്ഞസ്തപസ്തഥാ ദാനം തേഷാം ഭേദമിമം ശൃണു.**

8. **ആയുഃസത്ത്വബലാരോഗ്യസുഖപ്രീതിവിവർധനാഃ**
**രസ്യാഃ സ്നിഗ്ധാഃ സ്ഥിരാ ഹൃദ്യാ ആഹാരാഃ സാത്ത്വികപ്രിയാഃ.**

9. **കട്വമ്ലലവണാത്യുഷ്ണതീക്ഷ്ണരൂക്ഷവിദാഹിനഃ**
**ആഹാരാ രാജസസ്യേഷ്ടാ ദുഃഖശോകാമയപ്രദാഃ.**

10. **യാതയാമം ഗതരസം പൂതി പര്യുഷിതം ച യത്**
**ഉച്ഛിഷ്ടമപി ചാമേധ്യം ഭോജനം താമസപ്രിയമ്.**

*അർഥം: ആഹാരത്തിന്റെ പ്രിയംപോലും മൂന്നു വിധത്തിലാണ്. യജ്ഞം, ദാനം, തപസ്സ് എന്നിവയുടെ കാര്യവും അതേപോലെതന്നെ. അവയുടെ വ്യത്യാസത്തെ കേട്ടുകൊള്ളുക. (7)*

*ആയുസ്സ്, സത്ത്വബലം (ബുദ്ധി, ജ്ഞാനം), ആരോഗ്യം, സുഖം, പ്രീതി എന്നിവയെ വർധിപ്പിക്കുന്നതും, രസമുള്ള വയും കൊഴുപ്പുള്ളവയും സ്ഥിരമായ ഗുണമുള്ളവയും ഹൃദ്യങ്ങളുമായ ആഹാരങ്ങൾ സാത്ത്വികരായവർക്ക് പ്രിയപ്പെട്ടതാകുന്നു. (8)*

*അത്യധികം എരിവ്, ഉപ്പ്, പുളി എന്നിവയുള്ളതും ചൂടും പുകച്ചിലുമുണ്ടാക്കുന്നതും ദുഃഖം, അസുഖം, രോഗം എന്നിവയ്ക്ക് കാരണമാകുന്നതുമായ ആഹാരങ്ങൾ രാജ സികന്മാർക്ക് പ്രിയപ്പെട്ടതാകുന്നു. (9)*

*പഴകിയതും (യാമങ്ങൾ കഴിഞ്ഞതും) രസം നശിച്ചതും, ദുർഗന്ധമുള്ളതും തലേദിവസം പാചകം ചെയ്തതും ഉച്ഛി ഷ്ടമായതും ശുദ്ധി ഇല്ലാത്തതുമായ ആഹാരം താമസ ന്മാർക്ക് പ്രിയമാകുന്നു. (10)*

വേദാധ്യയനം ഉള്ളവരുടെയും ഇല്ലാത്തവരുടെയും ലക്ഷണങ്ങളാണ് ഈ പറഞ്ഞതത്രയും. വേദം പഠിക്കാഞ്ഞാൽ ആരോഗ്യവും മനഃശാ ന്തിയും നഷ്ടപ്പെടും. മാത്രമല്ല, ഘോരമായ അന്ധവിശ്വാസങ്ങളിൽ നിപ തിക്കുകയും ചെയ്യും. അതിനാൽ വേദവിധിയെ അംഗീകരിക്കുകതന്നെ യാണ് വേണ്ടതെന്ന് അടുത്ത ശ്ലോകത്തിൽ ഭഗവാൻ അനുശാസിക്കു ന്നു. കാണുക.

11. **അഫലാകാംക്ഷിഭിർയജ്ഞോ വിധിദൃഷ്ടോ യ ഇജ്യതേ**
**യഷ്ടവ്യമേവേതി മനഃ സമാധായ സ സാത്ത്വികഃ.**

*അർഥം: ഫലകാംക്ഷകൂടാതെ ശാസ്ത്രവിഹിതമായ യജ്ഞം ചെയ്യേ ണ്ടതുതന്നെയെന്ന് മനസ്സിൽ ഉറപ്പിച്ച് ചെയ്യുന്ന അനുഷ്ഠാ നങ്ങൾ സാത്ത്വികമാകുന്നു.*

ഭാഷ്യം: ഇവിടെ '**വിധിദൃഷ്ടഃ**' എന്ന പദം പ്രത്യേകം ശ്രദ്ധിക്കേണ്ടതാ ണ്. ശാസ്ത്രവിധി അറിയാത്തവൻ വിശ്വാസത്തോടുകൂടി ചെയ്താലുള്ള അവസ്ഥ എന്താകുമെന്നായിരുന്നു അർജുനന്റെ ചോദ്യം. (ശ്ലോകം ഒന്ന്

കാണുക). എന്നാൽ ശ്രീകൃഷ്ണൻ ശാസ്ത്രവിധാനോക്തമായതു മാത്രമേ സാത്ത്വികമാകൂവെന്ന് ഉറപ്പിക്കുകയാണിവിടെ ചെയ്യുന്നത്.

12. **അഭിസന്ധായ തു ഫലം ദംഭാർഥമപി ചൈവ യത്**
**ഇജ്യതേ ഭരതശ്രേഷ്ഠ തം യജ്ഞം വിദ്ധി രാജസമ്.**

*അർഥം: അതിനാൽ ഹേ ഭരതശ്രേഷ്ഠാ! തന്റെ തൻപ്രമാണിത്തം കാണിക്കാൻവേണ്ടിയോ ഫലം കാംക്ഷിച്ചിട്ടോ ചെയ്യുന്ന യജ്ഞം രാജസം എന്നറിയുക.*

ഭാഷ്യം: വേദങ്ങൾ അനുശാസിക്കുന്ന യജ്ഞങ്ങളുടെ യഥാർഥഭാവം 'ഇത് എന്റേതല്ല' എന്നാണ്. എന്നാൽ 'ഇദം ന മമ' എന്ന ഭാവമില്ലാതെ യജ്ഞങ്ങൾ ചെയ്യുന്നത് ശാസ്ത്രവിധി അറിയാത്തതുകൊണ്ടാണെന്നും അത് രാജസികമാണെന്നും ശ്രീകൃഷ്ണൻ സുതരാം വെളിവാക്കുകയാണിവിടെ.

13. **വിധിഹീനമസൃഷ്ടാന്നം മന്ത്രഹീനമദക്ഷിണമ്**
**ശ്രദ്ധാവിരഹിതം യജ്ഞം താമസം പരിചക്ഷതേ.**

*അർഥം: വേദാദിശാസ്ത്രങ്ങൾ അറിയാത്തതിനാൽ വിധിഹീനവും, അന്നദാനം എന്നിവ ഇല്ലാതെയും, മന്ത്രമില്ലാതെയും, ദക്ഷിണയില്ലാതെയും, അശ്രദ്ധയോടെ ചെയ്യുന്ന യജ്ഞം താമസമെന്ന് പറയപ്പെടുന്നു.*

ഭാഷ്യം: ഋഗ്വേദത്തിലെ ഒരു മന്ത്രവിഭാഗമാണ് ഈ വിചാരത്തിൽ പ്രകാശിക്കുന്നത്.

**'നാബ്രഹ്മാ യജ്ഞ ഋധഗ്ജോഷതി ത്വേ.'** (ഋഗ്വേദം 10.105.8)

അർഥം: മന്ത്രഹീനമായ യജ്ഞത്താൽ ഭഗവാൻ പ്രസാദിക്കുന്നില്ല.

ഇതേപോലെ 'ദക്ഷിണ'കൊണ്ട് മാത്രമേ യജ്ഞം ഫലസ്ഫൂർത്തിയെത്തൂവെന്ന് സാമവേദം[5] പറയുന്നു. അതേപോലെ ഋഗ്വേദത്തിലെ ഒരു മന്ത്രം കാണുക:

5. സാമവേദം മന്ത്രം 553 നോക്കുക.

**നൂനം സാ തേ പ്രതി വരം ജരിത്രേ**
**ദുഹീയദിന്ദ്ര ദക്ഷിണാ മഘോനീ**
**ശിക്ഷാ സ്തോതൃഭ്യോ മാതി ധഗ്ഭഗോ**
**നോ ബൃഹദ്വദേമ വിദഥേ സുവീരാഃ.** (ഋഗ്വേദം 2.11.21)

അർഥം: വേദവിദ്യ ദാനം ചെയ്യുന്നവർക്കും സത്യോപദേശം ചെയ്യുന്നവർക്കും ശ്രേഷ്ഠ ദക്ഷിണ നൽകുന്നവർ വിദ്വാന്മാരായി ശൂരവീരന്മാരായിത്തീരുന്നു.

വേദവിജ്ഞാനം ആർജിക്കുന്നതിലൂടെ വ്യക്തി കൂടുതൽ ശോഭനാമയമായ വ്യക്തിത്വം നേടുന്നു. അതില്ലാതിരിക്കുമ്പോൾ സ്വയം കൃതാനർഥങ്ങളാൽ നാശത്തിലേക്ക് കൂപ്പുകുത്തുകയും ചെയ്യുന്നു.

ശ്രീകൃഷ്ണൻ പ്രത്യേകം എടുത്തുപറഞ്ഞ മറ്റൊരു വാക്ക് **'ശ്രദ്ധാ വിരഹിതം'** എന്നതാണ്. ശ്രദ്ധയില്ലാതെ ചെയ്യുന്ന യജ്ഞങ്ങളെല്ലാം താമസികമാണെന്ന് എടുത്തുപറയുന്നു. **'ശ്രദ്ധയാ അഗ്നിഃ സമിധ്യതേ'** (ഋഗ്വേദം 10.151.1) – ശ്രദ്ധയോടെ യജ്ഞാഗ്നി ജ്വലിപ്പിക്കണമെന്ന ആദേശം ഇവിടെ ഭഗവാൻ ശ്രീകൃഷ്ണൻ കൂടുതൽ വ്യക്തമായി ഉപദേശിക്കുന്നതു നമുക്കു കാണാം. സത്യത്തെ ധാരണം ചെയ്യുന്നതെന്ന അർഥവും ശ്രദ്ധ(ഋത + ധാ)യ്ക്ക് ഉണ്ട്. കാലദേശങ്ങൾകൊണ്ട് ഒരിക്കലും നഷ്ടമാകാത്തതാണ് സത്യം.[6] **'ന അഭാവഃ വിദ്യതേ സതഃ'** (ഗീത 2.16) – സത്യത്തിന്റെ അഭാവം ഒരിക്കലും ഇല്ലാതാകുന്നില്ലെന്ന് നേരത്തെ ഭഗവാൻതന്നെ ചൂണ്ടിക്കാണിച്ചതാണ്.

14. **ദേവദ്വിജഗുരുപ്രാജ്ഞപൂജനം ശൗചമാർജവമ്**
**ബ്രഹ്മചര്യമഹിംസാ ച ശാരീരം തപ ഉച്യതേ.**

*അർഥം: (ദേവദേവനായ) പരമേശ്വരൻ, വേദജ്ഞർ, ഗുരുക്കന്മാർ, വിദ്വാന്മാർ എന്നിവരെ പൂജിക്കലും ശുചിത്വം, സരളത, ബ്രഹ്മചര്യം, അഹിംസ എന്നിവയും ശരീരംകൊണ്ട് ചെയ്യേണ്ട തപസാകുന്നു.*

---

6. 'അസ ഭുവി' ധാതുവിനോട് 'ശതൃ' പ്രത്യയം ചേർന്ന് 'സത്' പദം ഉണ്ടാകുന്നു. 'സത്'-നോട് 'യത്' പ്രത്യയം ചേർന്ന് 'സത്യ'ശബ്ദം സിദ്ധമാകുന്നു.

ഭാഷ്യം: ഇവിടെ 'ദേവ'ശബ്ദത്തിന് പരമാത്മാവ് എന്നർഥമെടുക്കണം. 'യഃ ദദാതി സഃ ദേവഃ.' ആരാണോ നമുക്ക് എല്ലാം തരുന്നത് അത് ദേവ നാകുന്നു. പൃഥിവ്യപ്തേജോവായ്വാകാശങ്ങൾ നമുക്കു തന്ന ഭഗ വാൻതന്നെയാണ് ഇവിടെ 'ദേവ'ശബ്ദംകൊണ്ട് ഉദ്ദേശിക്കുന്നത്. 'യജ്ഞം' എന്ന വാക്കിന് 'ദേവപൂജാസങ്ഗതികരണദാനേഷു ഇതി യജ്ഞ'മെന്ന് നിഷ്പത്തി. മാതാ, പിതാ, അതിഥി, ആചാര്യൻ, പരമാ ത്മാവ് എന്നിവരെല്ലാം ദേവശബ്ദത്താൽ അറിയപ്പെടുന്നു.

ശൗചമെന്നാൽ ആഭ്യന്തരവും ബാഹ്യവുമായ പവിത്രതയാണെന്ന് യോഗസൂത്രവ്യാഖ്യാനത്തിൽ വ്യാസൻ പറയുന്നുണ്ട്.[7] അതേപോലെ അഹിംസയ്ക്കും വ്യാസൻ കൃത്യമായ നിർവചനം നൽകുന്നുണ്ട്.

**'തത്രാഹിംസാ സർവഥാ സർവദാ സർവഭൂതാനാമനഭിദ്രോഹഃ'**

(യോഗസൂത്രം 2.30 വ്യാസഭാഷ്യം)

അർഥം: 'എല്ലാ തരത്തിലും എല്ലായ്പോഴും എല്ലാ പ്രാണികളോടും ചിത്തത്തിൽപ്പോലും ദ്രോഹം ചെയ്യാത്തതാണ് അഹിംസ.' അങ്ങനെ നോക്കുമ്പോൾ ശ്രീകൃഷ്ണൻ ഇപ്പോൾ പറഞ്ഞ തപസ്സിനെക്കുറിച്ചറി യാൻ വേദം പഠിക്കണം.

15. **അനുദ്വേഗകരം വാക്യം സത്യം പ്രിയഹിതം ച യത്**
**സ്വാധ്യായാഭ്യസനം ചൈവ വാങ്മയം തപ ഉച്യതേ.**

*അർഥം: ആരിലും ഉദ്വേഗം ജനിപ്പിക്കാതെ, സത്യവും പ്രിയവും ഹിതകരവുമായ വാക്ക് പറയുകയും വേദവാണി നിരന്തരം അഭ്യസിക്കുകയും ചെയ്യുന്നത് വാങ്മയമായ തപസ്സാണ്.*

**'മേ ജിഹ്വായാ അഗ്രേ മധു ജിഹ്വാമൂലേ മധൂലകമ്.'**

(അഥർവവേദം 1.34.2)

അർഥം: 'എന്റെ ജിഹ്വയിൽ മധുവും ജിഹ്വാഗ്രത്തിൽ മാധുര്യവുമു ണ്ടാകട്ടെ' എന്നിത്യാദി വേദവാക്യങ്ങളാണ് 'വാക്'മണ്ഡലത്തിന്റെ സാധ നയായി വേദങ്ങളിൽ പറഞ്ഞിട്ടുള്ളത്.

7. യോഗദർശനം (2.32) വ്യാസഭാഷ്യം കാണുക.

16. **മനഃപ്രസാദഃ സൗമ്യത്വം മൗനമാത്മവിനിഗ്രഹഃ**
**ഭാവസംശുദ്ധിരിത്യേതത് തപോ മാനസമുച്യതേ.**

*അർഥം: മനസ്സിന്റെ തെളിമ, ശാന്തഭാവം, മൗനമായി ഇരുന്ന് ഏകാഗ്രതയോടെ പരമാത്മാവിനെക്കുറിച്ച് വിചിന്തനം ചെയ്യൽ, മനസ്സിന്റെ നിഗ്രഹം, അന്തഃകരണശുദ്ധി എന്നിവയെ മനസ്സുകൊണ്ടുള്ള തപസ്സ് എന്നു വിളിക്കുന്നു.*

ഭാഷ്യം: ഈ ഗുണങ്ങൾ വന്നുചേരണമെങ്കിൽ വേദമന്ത്രശ്രവണം, നിത്യവും വിധിപൂർവം മന്ത്രങ്ങളാൽ യജ്ഞം, നാമസ്മരണം, നിത്യയോഗാഭ്യാസം എന്നീ കാര്യങ്ങൾ വേണം. ഇവിടെയും കപിലാചാര്യനെ ശ്രീകൃഷ്ണൻ സ്വീകരിക്കുന്നുണ്ട്. കാണുക.

**ബഹുഭിർയോഗേ വിരോധോ രാഗാദിഭിഃ.** (സാംഖ്യദർശനം 4.9)

അർഥം: ഒന്നിൽകൂടുതൽ ആളുകളുമായുള്ള ചേർച്ചയിൽ രാഗദ്വേഷാദികളാൽ സംഘർഷം ഉണ്ടാവും. യോഗി എപ്പോഴും ഏകാകിയായിരിക്കണമെന്നർഥം.

17. **ശ്രദ്ധയാ പരയാ തപ്തം തപസ്തത്ത്രിവിധം നരൈഃ**
**അഫലാകാംക്ഷിഭിർയുക്തൈഃ സാത്ത്വികം പരിചക്ഷതേ.**

*അർഥം: ഫലേച്ഛയില്ലാതെയും പരമശ്രദ്ധയോടെയും യോഗികൾ ചെയ്യുന്ന ആ മൂന്നുതരം തപസ്സുകളും സാത്ത്വികമെന്നു പറയപ്പെടുന്നു.*

18. **സത്കാരമാനപൂജാർഥം തപോ ദംഭേന ചൈവ യത്**
**ക്രിയതേ തദിഹ പ്രോക്തം രാജസം ചലമധ്രുവമ്.**

*അർഥം: മറ്റുള്ളവരിൽനിന്ന് സ്തുതിയും മാനവും പൂജയും മറ്റും കിട്ടണമെന്ന ആശയോടെ അഹങ്കാരത്തോടുകൂടി ചെയ്യുന്ന തപസ്സ് ക്ഷണികവും തുച്ഛഫലത്തെ നൽകുന്നതും രാജസികവുമാണ്.*

19. **മൂഢഗ്രാഹേണാത്മനോ യത് പീഡയാ ക്രിയതേ തപഃ**
**പരസ്യോത്സാദനാർഥം വാ തത്താമസമുദാഹൃതമ്.**

*അർഥം: അവിവേകത്താലുണ്ടാകുന്ന ദുരാഗ്രഹത്താൽ സ്വയം പീഡിപ്പിച്ചോ അന്യന്റെ നാശത്തെ കരുതിയോ ചെയ്യുന്ന തപസ്സ് താമസമെന്ന് അറിയപ്പെടുന്നു.*

20. **ദാതവ്യമിതി യദ്ദാനം ദീയതേƒനുപകാരിണേ**
**ദേശേ കാലേ ച പാത്രേ ച തദ്ദാനം സാത്ത്വികം സ്മൃതമ്.**

*അർഥം: ദാനം ചെയ്യേണ്ടത് കർത്തവ്യമെന്ന് നിശ്ചയിച്ച് പ്രത്യുപകാരമൊന്നും പ്രതീക്ഷിക്കാതെ ദേശം, സന്ദർഭം, വാങ്ങുന്നവന്റെ അർഹത എന്നിവ നോക്കി നൽകുന്ന ദാനം സാത്ത്വികമെന്ന് ഓർക്കുക.*

ഭാഷ്യം: ഇതും വേദാദിശാസ്ത്രങ്ങൾ പഠിച്ചവന്റെ ഭാവമാണ്. ഋഗ്വേദത്തിൽ ദാനത്തിന്റെ മഹത്വം ഇങ്ങനെ കുറിക്കുന്നു.

**മോഘമന്നം വിന്ദതേ അപ്രചേതാഃ**
**സത്യം ബ്രവീമി വധ ഇത്സ തസ്യ**
**നാര്യമണം പുഷ്യതി നോ സഖായം**
**കേവലാഘോ ഭവതി കേവലാദീ.** (ഋഗ്വേദം 10.117.6)

അർഥം: ഉദാരതയില്ലാത്ത ചിത്തത്തോടുകൂടിയ സ്വാർഥവ്യക്തി അന്നമാകുന്ന ധനത്തെ നേടുന്നത് വ്യർഥമാണ്. ഞാൻ (പരമാത്മാവ്) സത്യം പറയുന്നു, എന്തെന്നാൽ ആ അന്നമാകുന്ന ധനം അവന്റെ മരണംതന്നെയാകുന്നു. കാരണം അവൻ വിദ്യ നൽകിയ ആചാര്യന്മാരെ പോഷിപ്പിക്കുന്നില്ല. യജ്ഞാദികർമങ്ങളിലൂടെ ഈശ്വരോപാസന ചെയ്യുന്നില്ല, ദേവതകൾക്ക് ഒന്നും നൽകുന്നില്ല. ഇങ്ങനെ തനിച്ചു ഭക്ഷിക്കുന്നവൻ കേവലം പാപത്തെയാണ് ഭുജിക്കുന്നത്.

വേദം പഠിക്കാത്തവന്റെ ദാനമെങ്ങനെയിരിക്കുമെന്ന് നോക്കാം.

21. **യത്തു പ്രത്യുപകാരാർഥം ഫലമുദ്ദിശ്യ വാ പുനഃ**
**ദീയതേ ച പരിക്ലിഷ്ടം തദ്ദാനം രാജസം സ്മൃതമ്.**

*അർഥം: പ്രത്യുപകാരം പ്രതീക്ഷിച്ച്, ഫലം പ്രതീക്ഷിച്ച്, മനസ്സ് ക്ലേശിച്ചുകൊണ്ട് ചെയ്യുന്ന ദാനം രാജസമെന്ന് ഓർക്കുക.*

22. **അദേശകാലേ യദ്ദാനമപാത്രേഭ്യശ്ച ദീയതേ**
**അസത്കൃതമവജ്ഞാതം തത്താമസമുദാഹൃതമ്.**

*അർഥം: ഉചിതമല്ലാത്ത ദേശത്തും കാലത്തും, അർഹതയില്ലാത്ത വർക്ക്, നല്ല മനസ്സില്ലാതെ അവജ്ഞയോടെ ചെയ്യുന്ന ദാനം താമസികമാണ്.*

ദാനത്തിന്റെ ഈദൃശമാഹാത്മ്യങ്ങളെല്ലാം മനുസ്മൃതിയുടെ നാലാമത്തെ അധ്യായത്തിൽ ചർച്ച ചെയ്തവയാണ്.

23. **ഓം തത് സദിതി നിർദേശോ ബ്രഹ്മണസ്ത്രിവിധഃ സ്മൃതഃ**
**ബ്രാഹ്മണാസ്തേന വേദാശ്ച യജ്ഞാശ്ച വിഹിതാഃ പുരാ.**

*അർഥം: ബ്രഹ്മത്തിന് 'ഓം തത് സത്' എന്നിങ്ങനെ മൂന്നു തരത്തിലുള്ള നിർദേശങ്ങൾ പറയപ്പെട്ടിട്ടുണ്ട്. ആ ത്രിവിധനിർദേശത്താൽ ബ്രഹ്മജ്ഞാനികളും വേദങ്ങളും യജ്ഞങ്ങളും സൃഷ്ടിക്കപ്പെട്ടു.*

ഭാഷ്യം: ബ്രഹ്മത്തിന്റെ നിർദേശം 'ഓം തത് സത്' എന്നീ മൂന്നു പദങ്ങളാണ്. 'തത്' എന്നാൽ അത്. അത് ഏത് തത്ത്വമാകുന്നുവോ അതുതന്നെയാകുന്നു 'സത്.' അതായത് മൂന്നു കാലങ്ങളിലും ഒരു പരിവർത്തനവും ഉണ്ടാകാത്തത്. അത് ഒരു സത്യവസ്തുവാകുന്നു. അതിന്റെ പേരാകട്ടെ ഓം എന്നും.

ഈ 'ഓം'കാരത്തെക്കുറിച്ച് മാണ്ഡൂക്യോപനിഷത്ത് വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.

**'ഓമിത്യേതദക്ഷരമിദം സര്വം....**
**ഭൂതം ഭവദ്ഭവിഷ്യദിതി സര്വം ഓംകാര ഏവ.'**

(മാണ്ഡൂക്യോപനിഷത്ത് 1)

അർഥം: ഈ 'ഓം'കാരം എന്ന ഇത് അക്ഷരമാണ് (നാശമില്ലാത്തത്). സർവവും ആ ഓമിന്റെ പരപ്പാകുന്നു. ഭൂതവും വർത്തമാനവും ഭാവിയും ഇതെല്ലാം ഓംകാരംതന്നെയാകുന്നു.

24. **തസ്മാദോമിത്യുദാഹൃത്യ യജ്ഞദാനതപഃക്രിയാഃ**
**പ്രവർതന്തേ വിധാനോക്താഃ സതതം ബ്രഹ്മവാദിനാമ്.**

*അർഥം: അതിനാൽ 'ഓം' എന്ന് ഉച്ചരിച്ചുകൊണ്ടാണ് ബ്രഹ്മവാദികളുടെ ശാസ്ത്രോക്തങ്ങളായ യജ്ഞം, ദാനം, തപസ്സ് എന്നീ ക്രിയകൾ ചെയ്തുവരുന്നത്.*

25. **തദിത്യനഭിസന്ധായ ഫലം യജ്ഞതപഃക്രിയാഃ**
**ദാനക്രിയാശ്ച വിവിധാഃ ക്രിയന്തേ മോക്ഷകാംക്ഷിഭിഃ.**

*അർഥം: 'തത്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന പരമാത്മാവിന്റേതാണ് ഇക്കാണുന്ന സർവവും എന്ന ബോധത്തോടെ ഫലത്തിൽ ആഗ്രഹം വെക്കാതെ വിവിധങ്ങളായ യജ്ഞം, ദാനം, തപസ്സ് എന്നീ കർമങ്ങൾ മോക്ഷമാഗ്രഹിക്കുന്നവർ അനുഷ്ഠിക്കുന്നു.*

26. **സദ്ഭാവേ സാധുഭാവേ ച സദിത്യേതത് പ്രയുജ്യതേ**
**പ്രശസ്തേ കർമണി തഥാ സച്ഛബ്ദഃ പാർഥ യുജ്യതേ.**

*അർഥം: അല്ലയോ പാർഥ, 'ഉണ്ട്', 'യോഗ്യം എന്നീ അർഥങ്ങളിൽ 'സത്' പ്രയോഗിക്കപ്പെടുന്നു. ഇതേപോലെ ഉത്തമകർമങ്ങളുടെ ആരംഭത്തിലും 'സത്' എന്ന ശബ്ദം ഉപയോഗിക്കുന്നു.*

27. **യജ്ഞേ തപസി ദാനേ ച സ്ഥിതിഃ സദിതി ചോച്യതേ**
**കർമ ചൈവ തദർഥീയം സദിത്യേവാഭിധീയതേ.**

*അർഥം: യജ്ഞം, തപസ്സ്, ദാനം എന്നിവയിലുള്ള നിഷ്ഠയ്ക്ക് 'സത്' എന്നു പറയുന്നു. അതേപോലെ ഉത്തമകർമങ്ങൾ അനുഷ്ഠിക്കുമ്പോഴും 'സത്' എന്ന് പറയുന്നു.*

28. **അശ്രദ്ധയാ ഹുതം ദത്തം തപസ്തപ്തം കൃതം ച യത്**
**അസദിത്യുച്യതേ പാർഥ ന ച തത് പ്രേത്യ നോ ഇഹ.**

*അർഥം: അല്ലയോ പാർഥാ, ശ്രദ്ധയില്ലാതെ ചെയ്യുന്ന ഹോമവും ദാനവും തപസ്സും മാത്രമല്ല അന്യകർമങ്ങളുമെല്ലാം 'അസത്' എന്ന് പറയപ്പെടുന്നു. അതിലൂടെ ഇഹത്തിലും പരത്തിലും ഒന്നും നേടാനാവില്ല.*

ചുരുക്കത്തിൽ ശ്രദ്ധയാണ് പരമമായി വേണ്ടത്. ഭൂതകാലത്തും വർത്തമാനകാലത്തും ഭവിഷ്യകാലത്തും സത്യമായിരിക്കുന്നതിനെ തിരിച്ചറിയലാണ് ശ്രദ്ധ. ആ ശ്രദ്ധ നഷ്ടപ്പെടുകയും വേദാദിശാസ്ത്രങ്ങൾ പഠിക്കാതിരിക്കുകയും ചെയ്യുന്നതിലൂടെ ഘോരമായ അന്ധവിശ്വാസങ്ങൾ പ്രചലിതമാകുന്നു. അത് സനാതനധർമത്തിന്റെതന്നെ വേരറുക്കുമെന്നാണ് ഈ പറഞ്ഞതിന്റെ ചുരുക്കം.

***ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു***
***ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ***
***ശ്രീകൃഷ്ണാർജുനസംവാദേ***
***ശ്രദ്ധാത്രയവിഭാഗയോഗോ നാമ***
***സപ്തദശോ{ധ്യായഃ***

**ഇങ്ങനെ പതിനേഴാം അധ്യായം സമാപിച്ചു.**



## അധ്യായം പതിനെട്ട്

# മോക്ഷസംന്യാസയോഗം

## അഥ അഷ്ടാദശോ/ധ്യായഃ

# മോക്ഷസംന്യാസയോഗം

**ഗീ**തയുടെ 18-ാം അധ്യായം പൂർണഗീതയുടെ ഉപസംഹാരമായാണ് കണക്കാക്കുന്നത്. അതിനാൽ കഴിഞ്ഞ അധ്യായങ്ങളിൽ മുഖ്യമായി ചർച്ച ചെയ്ത കാര്യങ്ങൾ ഇവിടെ ക്രോഡീകരിച്ചുകാണാം. ചിലർ ഈ അധ്യായം വായിക്കുന്നത് സമ്പൂർണഗീത വായിക്കുന്നതിന് തുല്യമാണെന്ന് കരുതുന്നു. അതിനാൽ മരണകാലത്ത് ഈ അധ്യായം ചൊല്ലിക്കേൾപ്പിക്കുന്ന പതിവുപോലും കണ്ടിട്ടുണ്ട്.

**അർജുന ഉവാച:**

1. **സംന്യാസസ്യ മഹാബാഹോ തത്ത്വമിച്ഛാമി വേദിതുമ്**
 **ത്യാഗസ്യ ച ഹൃഷീകേശ പൃഥക് കേശിനിഷൂദന.**

 *അർഥം: അർജുനൻ പറഞ്ഞു, വിശാലമായ കൈകളോടുകൂടിയ കേശി എന്നുപേരുള്ള അസുരനെ വധിച്ച ഹേ ശ്രീകൃഷ്ണാ, സംന്യാസത്തിന്റെയും ത്യാഗത്തിന്റെയും തത്ത്വം വേർതിരിച്ച് അറിയണമെന്നുണ്ട്.*

'ഹൃഷീകം' എന്നാൽ ജ്ഞാനേന്ദ്രിയങ്ങൾ എന്നർഥം. 'ഹൃഷീകേശ'നെന്നാൽ ജിതേന്ദ്രിയനായ പുരുഷനെന്നർഥം.

**ശ്രീഭഗവാനുവാച:**

2. **കാമ്യാനാം കർമണാം ന്യാസം സംന്യാസം കവയോ വിദുഃ**
**സർവകർമഫലത്യാഗം പ്രാഹുസ്ത്യാഗം വിചക്ഷണാഃ.**

*അർഥം: ശ്രീഭഗവാൻ പറഞ്ഞു, കവിജനങ്ങൾ അഥവാ തത്ത്വദർശികൾ കാമ്യകർമങ്ങളുടെ പരിത്യാഗത്തെ സംന്യാസമെന്ന് അറിയുന്നു. സത്യദർശികൾ പറയുന്നത് എല്ലാ കർമങ്ങളുടെയും ഫലം ത്യജിക്കലാണ് ത്യാഗമെന്നത്രേ.*

ഭാഷ്യം: ഇതഃപര്യന്തം ഈ ശ്ലോകത്തിനെ വ്യാഖ്യാനിച്ചവരെല്ലാം, ഒന്നൊഴിയാതെ എല്ലാവരും കാമ്യകർമങ്ങളുടെ പരിത്യാഗം എന്നതിന് അശ്വമേധാദി യജ്ഞങ്ങളുടെ ത്യാഗമെന്ന് അർഥം കല്പിച്ചു. ശതപഥബ്രാഹ്മണത്തിലെ അശ്വമേധമെന്ന രാഷ്ട്രയജ്ഞത്തിന്റെ വർണനയിൽ കടന്നുവരുന്ന ഗാഥാഗാനത്തിന്റെ അടിസ്ഥാനത്തിൽ ഉയിർകൊണ്ട ഭഗവദ്ഗീത അശ്വമേധാദി യജ്ഞങ്ങളെ തള്ളിക്കളയുന്നുപോലും! രാഷ്ട്രയജ്ഞം സംന്യാസത്തെപ്പോലെതന്നെ ഫലത്യാഗത്തിന്റെ ഉത്തമ ഉദാഹരണമാണ്. സംന്യാസി ജീവിതം ത്യജിക്കുമ്പോൾ രണഭൂമിയിൽ ഭടന്മാർ അന്യർക്കുവേണ്ടി, രാഷ്ട്രത്തിനുവേണ്ടി പ്രാണൻ ആഹുതി ചെയ്യുന്നു. ശ്രീകൃഷ്ണൻ അർജുനനിൽ പ്രോജ്ജ്വലിപ്പിക്കുന്ന യാഗാഗ്നി രാഷ്ട്രത്തിനായുള്ള ഈ ത്യാഗയജ്ഞമാണ്. അശ്വമേധം ഉൾപ്പെടെ എല്ലാ യജ്ഞങ്ങളും പ്രതീകാത്മകമാണെന്നത് അറിയാത്തവരാണ് ഈദൃശവ്യാഖ്യാനക്കസർത്തുകൾകൊണ്ട് ഗീതാഹൃദയത്തിന് ആവരണമിടുന്നത്.

ഋഗ്വേദത്തിലെ ഒരു മന്ത്രത്തിൽ ഇതേ ശ്ലോകത്തിൽ വന്നതുപോലെ കവിയും വിചക്ഷണനും കർമഫലത്യാഗവും ആത്മജ്ഞാനത്തിന്റെ ആനന്ദലബ്ധിയുമൊക്കെ വർണിക്കുന്നുണ്ട്. വേദമന്ത്രത്തിലെ ഒരു ശബ്ദംകൊണ്ടുതന്നെ അനേകം കവിതകൾ രചിക്കാൻ വ്യാസന് കെല്പുണ്ടായിരുന്നു. ആ രചനാവൈഭവം ഗീതയിൽ മാത്രമല്ല, അദ്ദേഹത്തിന്റെ പാതഞ്ജലയോഗഭാഷ്യത്തിലും നിറഞ്ഞുതുളുമ്പി. ആ ഋഗ്വേദമന്ത്രം കാണുക:

**ദിവോ ധർത്താ ഭുവനസ്യ പ്രജാപതിഃ**
**പിശങ്ഗം ദ്രാപിം പ്രതി മുഞ്ചതേ കവിഃ.**
**വിചക്ഷണഃ പ്രഥയന്നാപൃണാന്നുര്‌-**
**വജീജനത്സവിതാ സുമ്നമുക്ഥ്യമ്.** (ഋഗ്വേദം 4.53.2)

പ്രകാശത്തെ ധാരണം ചെയ്യുന്ന, ഈ ഭുവനത്തിന്റെ പ്രജാപതിയെ അറിയുന്നതിന് ക്രാന്തദർശികൾ അഥവാ കവികൾ പുണ്യകർമമാകുന്ന അഥവാ ശുക്ലകർമമാകുന്ന കവചത്തെ ധരിക്കുന്നു. വിചക്ഷണന്മാരും ധർമമേഘസമാധിയുടെ ആനന്ദഹർഷത്തിന് പ്രേരണ നൽകുന്ന സവിതാദേവതയെ വിസ്തൃതമാക്കുന്നതിന് സർവകർമഫലങ്ങളുടെയും ത്യാഗം അനുഷ്ഠിക്കണമെന്ന് ഈ മന്ത്രം ചൂണ്ടിക്കാട്ടുന്നു.

ഇനിയും അനേകം വേദമന്ത്രങ്ങൾ ഇതേപോല കവിയെയും വിചക്ഷണനെയും ഒരുമിച്ചു ചേർത്തുവെച്ചത് നമുക്ക് ഋഗ്വേദത്തിൽ കാണാം.[1] പതഞ്ജലിയുടെ യോഗദർശനത്തിന് ഭാഷ്യം രചിക്കുമ്പോഴും വ്യാസൻ ഈ ചേർത്തുവെക്കൽ മറന്നില്ല. ഈ ശ്ലോകത്തിന്റെ പ്രഥമ പാദത്തിൽ കവികൾ മനസ്സിലാക്കുന്നത് എന്തെന്ന് വിശദീകരിച്ചിട്ടുണ്ട്. അത് യോഗദർശനഭാഷ്യത്തിൽ നേരത്തെ വ്യാസൻ എഴുതിവെച്ചതു തന്നെ പകർത്തുകയായിരുന്നുവെന്നു വേണം മനസ്സിലാക്കാൻ. കാരണം യോഗഭാഷ്യത്തിൽ വ്യാസൻ കോറിയിടുന്നത് കാണുക:

**യത്രേദമുക്തം: "ദ്വേ ദ്വേ ഹ വൈ കർമണി വേദിതവ്യേ**
**പാപകസ്യ ഏകോ രാശിഃ പുണ്യകൃതോഽപഹന്തി.**
**തദിച്ഛസ്വ കർമാണി സുകൃതാനി കർതുമിഹൈവ തേ**
**കർമകവയോ വേദയന്തേ."** (യോഗസൂത്രവ്യാഖ്യാനം 2.13)

അർഥം: ഈ വിഷയത്തിൽ ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു: 'രണ്ടുവിധം കർമങ്ങളെക്കുറിച്ച് അറിയേണ്ടതുണ്ട്. അതിലെ പുണ്യകർമസമുദായം പാപകർമസമൂഹത്തെ നഷ്ടപ്പെടുത്തുന്നു അഥവാ കീഴ്പ്പെടു

1. *ഭദ്രാ വസ്ത്രാ സമന്യാവസാനോ മഹാൻ കവി നിർവരനാനി ശംസൻ.*
*ആ വച്യസ്വ പൂയമാനോ വിചക്ഷണോ ജാഗൃവിർദേവവീതൗ.* (ഋഗ്വേദം 9.97.2)

ത്തുന്നു. അതിനാൽ നീ ഈ ജന്മത്തിൽ സുകൃതകർമങ്ങൾ ചെയ്യാനായി ആഗ്രഹിക്കൂവെന്ന് കവികൾ പറയുന്നു.'

അതായത്, പുണ്യകർമങ്ങളെ സ്വീകരിക്കാനും പാപകർമങ്ങളെ പരിത്യജിക്കാനും കവികൾ ഉപദേശിക്കുന്നുവെന്ന് വ്യാസൻ പറയുന്നു. **'കാമ്യാനാം കർമാണാം ന്യാസം സംന്യാസം കവയോ വിദുഃ'** എന്ന് ഇവിടെ ഗീതയിലും വ്യാസൻ ആവർത്തിക്കുന്നു. അതായത് കാമ്യകർമത്തെ ന്യസിക്കണമെന്ന ഗീതാപ്രയോഗത്തെ പാപകർമത്യാഗമെന്ന് കാണാൻ നമുക്ക് കഴിയണം. ഈ പാപകർമങ്ങളെ പതഞ്ജലി യോഗത്തിൽ, 'കറുത്തത്' എന്നർഥത്തിൽ കൃഷ്ണകർമമെന്നാണ് വിളിച്ചത്. **'തത്ര കൃഷ്ണാ ദുരാത്മനാം'** (യോഗദർശനം 4.7) എന്നാണ് വ്യാസമഹർഷി ഇതിനു നൽകിയ വ്യാഖ്യാനം. അതായത്, 'കൃഷ്ണകർമം' ദുരാത്മാക്കളുടെ അഥവാ ദുഷ്ടസ്വഭാവത്തോടുകൂടിയവരുടെ കർമമാണെന്നർഥം. പുണ്യകർമങ്ങളെ മഹർഷി പതഞ്ജലി ശുക്ലകർമമെന്നും മിശ്രകർമങ്ങളെ 'ശുക്ലകൃഷ്ണാ' എന്നും വിളിക്കുന്നു. ചുരുക്കത്തിൽ, ദുഃഖഫലത്തെ നൽകുന്ന പാപകർമങ്ങളെ ത്യജിച്ച് പകരം സുഖകാരണമായ പുണ്യകർമങ്ങളെ സ്വീകരിക്കുകയുമാണ് ചെയ്യേണ്ടതെന്ന് കവികൾക്ക് അഭിപ്രായമുണ്ടെന്നർഥം.

ഈ ശ്ലോകത്തിലെ രണ്ടാമത്തെ പാദത്തിലേക്ക് വരാം. ഇവിടെ സൂചിപ്പിച്ച വിചക്ഷണന്മാർ ആരാണ്? ധർമേഘസമാധിയിൽ വിവേകഖ്യാതി നേടി ആനന്ദവർഷത്തെ അറിഞ്ഞവരാണ് വിചക്ഷണന്മാരെന്ന് ഋഗ്വേദം ചൂണ്ടിക്കാണിച്ചത് നമുക്ക് പ്രമാണമായെടുക്കാം.(2)

വിചക്ഷണന്മാരുടെ ആപ്തവാക്യം യഥാർഥത്തിലെന്താണെന്നറിയാൻ സാംഖ്യദർശനം പഠിക്കണം.

**'കുത്രാപി കോഽപി സുഖീ ന.'** (സാംഖ്യദർശനം 6.7)

---

2. *പരിഷ്കൃണ്വന്നനിഷ്കൃതം ജനായ യാതയന്നിഷഃ.*
*വൃഷ്ടിം ദിവഃ പരി സ്രവ.*
*സുത ഏതി പവിത്ര ആ ത്വിഷിം ദധാന ഓജസാ.*
*വിചക്ഷണോ വിരോചയൻ.*
(ഋഗ്വേദം 9.39.2-3)

അർഥം: 'സംസാരത്തിലെവിടെയും ഒരു വ്യക്തിയും പൂർണസുഖിയായി ഇരിക്കുന്നില്ല.' ഇപ്രകാരം പറഞ്ഞുകൊണ്ട്,

**തദപി ദുഃഖശബലമിതി, ദുഃഖപക്ഷേ നിക്ഷിപന്തേ വിവേചകാഃ.**

(സാംഖ്യദർശനം 6.8)

'ആ സുഖങ്ങളെല്ലാം ദുഃഖമിശ്രിതങ്ങളായതിനാൽ വിവേകികൾ ദുഃഖകോടിയിൽ തള്ളുന്നു.'

സുഖം നൽകുന്ന ലൗകിക അവസ്ഥകളെല്ലാം ആനന്ദവർഷത്തെ അറിഞ്ഞ വിവേകിയെ അഥവാ വിചക്ഷണന്മാരെ സംബന്ധിച്ച് ദുഃഖപൂർണമാണെന്നർഥം. അപ്പോൾ ഒരു ചോദ്യം ഉയർന്നുവരുന്നു. സുഖവും ദുഃഖവും തരുന്ന കർമങ്ങളെ ത്യജിക്കുകയാണോ വേണ്ടത്? ഉത്തരം വ്യക്തമാണ്. കർമങ്ങളെയല്ല ത്യജിക്കേണ്ടത് മറിച്ച് കർമഫലത്തെയാണ്. ഇതേ സാംഖ്യചിന്ത ഗീതയുടെ ഈ ശ്ലോകത്തിന്റെ രണ്ടാം പാദത്തിൽ സുവ്യക്തമായി വ്യാസൻ വരച്ചിട്ടിരിക്കുന്നതു കാണുക: '**സർവകർമഫലത്യാഗം പ്രാഹുസ്ത്യാഗം വിചക്ഷണാഃ**'- അതായത് സംന്യാസി പാപകർമങ്ങളെയും പുണ്യകർമഫലങ്ങളെയും ത്യജിക്കുകയാണ് ചെയ്യുന്നത്. വ്യാസൻ തന്റെ യോഗഭാഷ്യത്തിൽ മറ്റൊരിടത്ത്[3] ഇതേ കാര്യം വ്യക്തമാക്കിയത് ഇവിടെ ചേർത്തുവെച്ച് പഠിക്കണം. അത് വിസ്തരിച്ച് ഈ അധ്യായത്തിലെ 12-ാം ശ്ലോകം വ്യാഖ്യാനിക്കുമ്പോൾ സുവ്യക്തമായി വർണിക്കുന്നുണ്ട്.

എന്നാൽ ദുഷ്കർമങ്ങൾ ത്യജിക്കുക എന്ന് പറയുന്ന ശ്ലോകഭാഗത്തിന് ആചാര്യ ശങ്കരഭഗവത്പാദർ അശ്വമേധാദി കാമ്യകർമത്യാഗം എന്നാണ് അർഥം പറഞ്ഞിരിക്കുന്നത്.

**'കാമ്യാനാം അശ്വമേധാദീനാം കർമണാം ന്യാസം പരിത്യാഗം സംന്യാസം സംന്യാസശബ്ദാർഥമനുഷ്ഠേയത്വേന പ്രാപ്തസ്യാനനുഷ്ഠാനം കവയഃ പണ്ഡിതാഃ കേചിദ്വിദുർവിജാനന്തി'** [4] എന്നാണ് അദ്ദേഹം പറഞ്ഞത്.

---

3. യോഗദർശനം 4.7 ന്റെ വ്യാസഭാഷ്യം
4. ശ്രീമദ് ഭഗവദ്ഗീത -ശാങ്കരഭാഷ്യം. സ്വാമി വിദ്യാനന്ദഗിരി ജി മഹാരാജ്. ശ്രീകൈലാസാശ്രമം, ബ്രഹ്മവിദ്യാപീഠം, ഋഷികേശ്, പേജ് 383; 1998 ഏപ്രിൽ.

അശ്വമേധാദി കാമ്യകർമങ്ങളുടെ പരിത്യാഗത്തിനെയാണ് സംന്യാസമെന്ന് പറയുന്നത്. എന്താണോ അനുഷ്ഠേയരൂപത്തിൽ പ്രാപ്തമായിരുന്നത് അതിന്റെ അനുഷ്ഠാന-അഭാവത്തെ ചില കവികൾ അഥവാ ചില പണ്ഡിതന്മാർ സംന്യാസമെന്നു പറയുന്നുവെന്നർഥം.

വേദമോ, സാംഖ്യയോഗാദി ശാസ്ത്രങ്ങളോ ഒന്നും അഭ്യസിച്ചില്ലെങ്കിൽപോലും ഗീതയുടെ മുൻ അധ്യായങ്ങൾ ശ്രദ്ധിച്ചുപഠിച്ചാൽ ശ്രീകൃഷ്ണഭഗവാൻ 'കാമ്യ'മെന്നു പറയുന്നതിന് ദുഷ്കർമങ്ങൾ എന്ന അർഥമേ ഉദ്ദേശിച്ചിരുന്നുള്ളൂ എന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. അസുരജനങ്ങളുടെ സ്വഭാവത്തെ കാണിക്കാൻ ഗീതയുടെ 16-ാം അധ്യായത്തിൽ ഭഗവാൻ സൂചിപ്പിച്ച ചില പദാവലികൾതന്നെ ഇതിന് ഉത്തമ ഉദാഹരണങ്ങളായതിനാൽ അവ ഒരിക്കൽകൂടി ഉദ്ധരിക്കുന്നു. കാണുക:

(1) **കാമമാശ്രിത്യ ദുഷ്പൂരം ദംഭമാനമദാന്വിതാഃ**
**മോഹാദ്ഗൃഹീത്വാസദ്ഗ്രാഹാൻ പ്രവർതന്തേഽശുചിവ്രതാഃ** (ഗീത 16.10)

അർഥം : ദംഭം, മാനം, മദം എന്നിവയുള്ള ഇവർ അപവിത്രമായ ആചരണങ്ങളാലും ഒരിക്കലും തീരാത്ത ആഗ്രഹങ്ങളാലും മോഹിതരായി അസത്യമായ ആഗ്രഹങ്ങളെ ഗ്രഹിച്ച് പ്രവർത്തിക്കുന്നു.

(2) **ചിന്താമപരിമേയാം ച പ്രലയാന്താമുപാശ്രിതാഃ**
**കാമോപഭോഗപരമാ ഏതാവദിതി നിശ്ചിതാഃ.** (ഗീത 16.11)

അർഥം : മരണംവരെ നീണ്ടുനിൽക്കുന്ന അളവില്ലാത്ത ചിന്തയെ ആശ്രയിച്ചുകൊണ്ട് വിഷയഭോഗങ്ങളെ ഭോഗിക്കുന്നതുതന്നെ ആനന്ദമായി കരുതുന്നവരുമാണിവർ.

(3) **ആശാപാശശതൈർബദ്ധാഃ കാമക്രോധപരായണാഃ**
**ഈഹന്തേ കാമഭോഗാർഥമന്യായേനാർഥസഞ്ചയാൻ.** (ഗീത 16.12)

അർഥം: നൂറുകണക്കിന് ആശാപാശങ്ങളാൽ ബന്ധിതരായി, കാമക്രോധാദികൾക്ക് അടിമപ്പെട്ട് കാമഭോഗത്തിനായി അന്യായമായ മാർഗങ്ങളിലൂടെ ധനവും മറ്റും സമ്പാദിക്കാനായി കൊതിക്കുന്നു.

(4) **അനേകചിത്തവിഭ്രാന്താ മോഹജാലസമാവൃതാഃ**
**പ്രസക്താഃ കാമഭോഗേഷു പതന്തി നരകേഽശുചൗ.** (ഗീത 16.16)

അർഥം: വിവിധ പ്രകാരത്തിലുള്ള ചീത്ത വിഭ്രാന്തികളിൽപെട്ട്, മോഹവലയത്തിൽ അകപ്പെട്ട്, അസുരജനങ്ങൾ മലിനമായ നരകങ്ങളിൽ ചെന്ന് വീഴാനിടവരുന്നു.

(5) **അഹങ്കാരം ബലം ദർപം കാമം ക്രോധം ച സംശ്രിതാഃ**
**മാമാത്മപരദേഹേഷു പ്രദ്വിഷന്തോഽഭ്യസൂയകാഃ.** (ഗീത 16.18)

അർഥം: അഹങ്കാരം, ബലം, തനിക്ക് പോന്നവൻ ആരുമില്ലെന്ന ഭാവം, കാമം, ക്രോധം എന്നിവയെ സ്വീകരിച്ച്, അസൂയാലുക്കളായ അവർ അവരിലും അന്യരിലും സ്ഥിതി ചെയ്യുന്ന എന്നെ ദ്വേഷിക്കുന്നവരാണ്.

(6) **ത്രിവിധം നരകസ്യേദം ദ്വാരം നാശനമാത്മനഃ**
**കാമഃ ക്രോധസ്തഥാ ലോഭസ്തസ്മാദേതത്ത്രയം ത്യജേത്.** (ഗീത 16.21)

അർഥം: കാമം, ക്രോധം, ലോഭം, ഇങ്ങനെ നരകത്തിന്റെ മൂന്നു വിധത്തിലുള്ള വാതിലുകൾ ആത്മാവിനെ നശിപ്പിക്കുന്നതിന് കാരണമാകുന്നു. അതിനാൽ ഇതിനെ മൂന്നിനെയും ത്യജിക്കണം.

ഇതേപോലെ കാമ്യകർമം എന്നതുകൊണ്ട് ആസുരകർമം അഥവാ കൃഷ്ണകർമം എന്നുതന്നെയാണ് ഈ അധ്യായത്തിലും അർഥമാക്കുന്നത്.

അതിനാൽതന്നെ വേദവ്യാസഭഗവാന്റെ സംന്യാസസങ്കല്പവും ശ്രീശങ്കരാചാര്യരുടെ സംന്യാസസങ്കല്പവും തമ്മിൽ ഏറെ വ്യത്യാസമുണ്ടെന്ന് മനസ്സിലാക്കാം. വേദവ്യാസന്റെ അഭിപ്രായത്തിൽ ന്യസിക്കേണ്ടത് വേദവിരുദ്ധമായ പാപകർമങ്ങളും അതേപോലെ പുണ്യകർമഫലങ്ങളുമാണ്. എന്നാൽ ശ്രീശങ്കരാചാര്യസ്വാമികളെ സംബന്ധിച്ചിടത്തോളം അശ്വമേധാദി വേദോക്തകർമങ്ങളും നിത്യനൈമിത്തികകർമഫലങ്ങളുമാണ് ന്യസിക്കേണ്ടത്.

അതായത് ചുരുക്കത്തിൽ, വേദമന്ത്രങ്ങളെ സാംഖ്യ-യോഗശബ്ദ ങ്ങളുടെ വെളിച്ചത്തിൽ ഭഗവാൻ ശ്രീകൃഷ്ണൻ വിവരിച്ചതാണ് ഗീത യിൽ നാം കാണുന്നത്. കപിലമഹർഷിയെയോ പതഞ്ജലിയെയോ തള്ളിക്കൊണ്ട് ഒരിക്കലും ഗീതാഹൃദയത്തെ ദർശിക്കാൻ നമുക്കാവി ല്ലെന്ന് അർഥശങ്കയ്ക്ക് ഇടമില്ലാത്തവിധം സുവ്യക്തമാവുകയാണ് ഈ ശ്ലോകത്തിൽ.

3. **ത്യാജ്യം ദോഷവദിത്യേകേ കർമ പ്രാഹുർമനീഷിണഃ**
**യജ്ഞദാനതപഃകർമ ന ത്യാജ്യമിതി ചാപരേ.**

*അർഥം: ചില മനീഷികൾ കർമം ദോഷയുക്തമാകയാൽ ത്യജിക്ക പ്പെടേണ്ടതാണെന്ന് പറയുന്നു. അന്യവിദ്വാന്മാരാകട്ടെ യജ്ഞം, ദാനം, തപസ്സ് എന്നീ കർമങ്ങൾ ത്യജിക്കപ്പെടേ ണ്ടവ അല്ലെന്നും പറയുന്നു.*

ഭാഷ്യം: ഈ ശ്ലോകത്തിനു ഭാഷ്യമെഴുതുമ്പോൾ ശ്രീമദ് ശങ്കരാചാര്യർ അഭിപ്രായപ്പെട്ടത് കാണുക:

**'ദോഷോ യഥാ രാഗാദിസ്ത്യജ്യതേ തഥാ ത്യാജ്യമിത്യേകേ പ്രാഹുർമനീഷിണഃ പണ്ഡിതാഃ <u>സാംഖ്യാദിദൃഷ്ടിമാശ്രിതാ</u> അധികൃതാനാം കർമിണാമപീതി'.**

അതായത് 'രാഗാദി ദോഷങ്ങൾ ത്യാജ്യമാകുന്നതുപോലെതന്നെ, ബന്ധ നഹേതുവാകയാൽ സർവകർമങ്ങളും ത്യാജ്യമാകുന്നു എന്നിങ്ങനെ സാംഖ്യാദിദർശനങ്ങളെ ആശ്രയിക്കുന്ന ചില പണ്ഡിതന്മാർ പറയു ന്നു.' എന്നർഥം.

ഇതൊന്നും ശ്രീകൃഷ്ണൻ പറയാത്ത കാര്യങ്ങളാണ് എന്നതിൽ സംശ യമില്ല. മാത്രവുമല്ല സാംഖ്യദൃഷ്ടിയെ പ്രധാനമായും ആശ്രയിക്കുന്ന ഒരാചാര്യൻ യോഗദർശനകർത്താവായ പതഞ്ജലിമുനിയാണ്. കാഴ്ച പ്പാട് മാത്രമല്ല രണ്ടു ദർശനങ്ങളിലും പല സൂത്രങ്ങളും ഒന്നുതന്നെയാ ണെന്ന് കാണാം. **'സ്ഥിരസുഖമാസനമ്'** (സാംഖ്യദർശനം 3.34; യോഗ ദർശനം 2.46), **'വൃത്തയഃ പഞ്ചതയ്യഃ ക്ലിഷ്ടാ/ക്ലിഷ്ടാഃ'** (സാംഖ്യദർശനം

2.33; യോഗദർശനം 1.5) എന്നിവ ഉദാഹരണങ്ങളാണ്. സാംഖ്യദൃഷ്ടിയെ ആശ്രയിക്കുന്ന മറ്റൊരാൾ പാതഞ്ജലയോഗത്തിന് ഭാഷ്യമെഴുതിയ വ്യാസമഹർഷിയാണ്. ഗീതയിലുടനീളം അദ്ദേഹം തന്റെ ആ സാംഖ്യ ഭക്തി പ്രകടിപ്പിക്കുന്നുമുണ്ട്. മഹാഭാരതം ശാന്തിപർവത്തിൽ '**നാസ്തി സാംഖ്യസമം ജ്ഞാനം**'[5] - അതായത് 'സാംഖ്യത്തേക്കാൾ വലിയ ജ്ഞാനമില്ല' എന്നിത്യാദി വാക്കുകളാൽ അദ്ദേഹം സാംഖ്യദർശനത്തെ പുകഴ്ത്തുന്നുണ്ട്. ഭഗവദ്ഗീതയിൽ ഈ അധ്യായത്തിൽതന്നെ വിവിധ യിടങ്ങളിൽ അദ്ദേഹം സാംഖ്യദർശനത്തെ പ്രത്യക്ഷമായിത്തന്നെ ആശ്ര യിക്കുന്നതുകാണാം. '**സാംഖ്യേ കൃതാന്തേ പ്രോക്താനി**'(13-ാം ശ്ലോകം), '**പ്രോച്യതേ ഗുണസംഖ്യാനേ**' (19-ാം ശ്ലോകം) തുടങ്ങിയവയെല്ലാം ഉദാ ഹരണങ്ങളാണ്. എല്ലാ കർമങ്ങളും ത്യജിക്കപ്പെടേണ്ടതാണെന്ന അഭി പ്രായം വ്യാസനുണ്ടായിരുന്നോ എന്നത് തുടർന്നുള്ള ശ്ലോകങ്ങ ളിൽനിന്നും വ്യക്തമാകും. ഇക്കാര്യത്തിൽ സാംഖ്യകാരന്റെ അഭിപ്രാ യമെന്തെന്നറിയേണ്ടതുണ്ട്. സാംഖ്യദർശനത്തിൽ കപിലമുനി പറഞ്ഞത് കാണുക:

**നിമിത്തത്വമവിവേകസ്യേതി ന ദൃഷ്ടഹാനിഃ.** (സാംഖ്യദർശനം 3.74)

അർഥം: അവിവേകമാണ് ബന്ധനത്തിന്റെ മുഖ്യകാരണം. അതി നാൽ ആ അവിവേകത്തെ ദൂരെയകറ്റാൻ ധാർമാനുഷ്ഠാനങ്ങൾപോ ലുള്ള ചിത്തശോധകകർമങ്ങൾചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല.[6]

അതായത് ചിത്തശോധകങ്ങളായ യജ്ഞദാനതപഃകർമങ്ങൾ ത്യജി ക്കരുത് എന്ന അഭിപ്രായമാണ് കപിലമുനിയുടേത്. ഗീതാശ്ലോകത്തിൽ പറയുന്ന രണ്ടാംവിഭാഗക്കാരുടെ ചിന്തയാണിത്. ലോകമെല്ലാം മായ യാണ് അതിനാൽ കർമമൊന്നും ചെയ്യേണ്ടതില്ല എന്നിങ്ങനെയുള്ള ചിന്ത യഥാർഥത്തിൽ ബൗദ്ധാദി നാസ്തികചിന്തയാണെന്ന് ഭാട്ടഭാസ്കര

---

5. *മഹാഭാരതം ശാന്തിപർവം 304.2*
6. *സ്വകർമ സ്വാശ്രമവിഹിതകർമാനുഷ്ഠാനമ്.* (സാംഖ്യദർശനം 3.35)
   *കൃതനിയമലംഘനാദനർഥക്യം ലോകവത്.* (സാംഖ്യദർശനം 4.15)
   തുടങ്ങിയ സാംഖ്യസൂത്രങ്ങളും വേദവിദിതമായ കർമങ്ങൾ ഒരിക്കലും ത്യജിക്കരുത് എന്ന കപിലമുനിയുടെ വൈദികചിന്തയ്ക്ക് ഉദാഹരണങ്ങളാണ്.

നെപ്പോലുള്ളവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇനി ശ്രീകൃഷ്ണൻ ഇതിൽ ഏതിനെയെയാണ് പിന്തുണയ്ക്കുന്നതെന്ന് നമുക്കു നോക്കാം.

4. **നിശ്ചയം ശൃണു മേ തത്ര ത്യാഗേ ഭരതസത്തമ**
**ത്യാഗോ ഹി പുരുഷവ്യാഘ്ര ത്രിവിധഃ സംപ്രകീർതിതഃ.**

*അർഥം: അല്ലയോ ഭരതവംശത്തിലെ ശ്രേഷ്ഠനായ വീരാ, ഈ ത്യാഗത്തെ സംബന്ധിച്ചുള്ള എന്റെ നിർണയം കേൾക്കൂ. ത്യാഗം മൂന്ന് വിധത്തിലാണെന്നത് പ്രസിദ്ധമാണ്.*

5. **യജ്ഞദാനതപഃകർമ ന ത്യാജ്യം കാര്യമേവ തത്**
**യജ്ഞോ ദാനം തപശ്ചൈവ പാവനാനി മനീഷിണാമ്.**

*അർഥം: യജ്ഞം, ദാനം, തപസ്സ് എന്നീ കർമങ്ങൾ ഉപേക്ഷിക്കപ്പെ ടേണ്ടവയല്ല. അവ അനുഷ്ഠിക്കുകതന്നെയാണ് വേണ്ടത്. അവ വിവേകികളെ പവിത്രമാക്കുന്നു.*

**'യജ്ഞോ വൈ ശ്രേഷ്ഠതമം കർമ'** എന്നിത്യാദി ശതപഥബ്രാഹ്മണ വാക്യങ്ങളെ അംഗീകരിക്കുകയാണിവിടെ.

6. **ഏതാന്യപി തു കർമാണി സങ്ഗം ത്യക്ത്വാ ഫലാനി ച**
**കർതവ്യാനീതി മേ പാർഥ നിശ്ചിതം മതമുത്തമമ്.**

*അർഥം: (എന്നാൽ) ഹേ പാർഥാ, യജ്ഞം, ദാനം, തപസ്സ് എന്നിവ ആസക്തിയും ഫലകാംക്ഷയും വെടിഞ്ഞ് ചെയ്യപ്പെടേണ്ട താണെന്നാണ് എന്റെ ഉത്തമവും നിശ്ചിതവുമായ അഭി പ്രായം.*

7. **നിയതസ്യ തു സംന്യാസഃ കർമണോ നോപപദ്യതേ**
**മോഹാത്തസ്യ പരിത്യാഗസ്താമസഃ പരികീർതിതഃ.**

*അർഥം: ഹേ അർജുനാ, മാത്രവുമല്ല, വിധിക്കപ്പെട്ട കർമങ്ങൾ ത്യജിക്കുന്നത് ശരിയുമല്ല. വിവേകശൂന്യതകൊണ്ട് അവ വേണ്ടെന്നുവെയ്ക്കുന്നതിനെ താമസികമായ ത്യാഗമെന്ന് പറയുന്നു.*

ഭാഷ്യം: ശ്രീകൃഷ്ണൻ ഇവിടെയും ആശ്രയിക്കുന്നത് സാംഖ്യദൃഷ്ടിയെത്തന്നെയാണ്. കപിലമുനി പറഞ്ഞത് കാണുക:

**കൃതനിയമലംഘനാദനർഥക്യം ലോകവത്.** (സാംഖ്യദർശനം 4.15)

അർഥം: വേദവിദിതമായ കർമങ്ങൾ ചെയ്യാതിരിക്കുന്നത് ശരിയല്ല. അത് യോഗിയുടെ ലക്ഷ്യപ്രാപ്തിക്ക് തടസ്സമായിത്തീരും.

വേദത്തെ കപിലമുനി സ്വതഃപ്രമാണമായാണ് കാണുന്നത്(7) അതിനാൽതന്നെ വേദോക്തമായ കർമങ്ങളുടെ ത്യാഗമല്ല സംന്യാസം, അത് കേവലം താമസികത്യാഗമാണെന്ന് കപിലമുനി പറയുന്നു. മനുഷ്യൻ ഈ സംസാരത്തിൽ ശുഭകർമങ്ങൾ നിഷ്കാമമായ ഭാവത്തോടെ ചെയ്ത് നൂറുവർഷം ജീവിക്കണമെന്ന യജുർവേദത്തിന്റെയും ഈശാവാസ്യോപനിഷത്തിന്റെയും അതേ ചിന്തയെയാണ് സാംഖ്യകാരനും അതിനെ പിന്തുടരുന്ന ശ്രീകൃഷ്ണനും ഇവിടെ അവതരിപ്പിക്കുന്നത്. **'കുർവന്നേവേഹ കർമാണി'** (യജുർവേദം 40.2) എന്നിത്യാദി പ്രമാണങ്ങളെ എടുത്തുപറയുകയാണിവിടെ. വേദങ്ങളെ പിന്തുടരുന്ന സ്മൃതിയും ഈ ദർശനം അംഗീകരിക്കുന്നു. കാണുക:

**വേദോദിതം സ്വകം കർമ നിത്യം കുര്യാദതന്ദ്രിതഃ**
**തദ്ധി കുര്വൻ യഥാശക്തി പ്രാപ്നോതി പരമാം ഗതിമ്.**

(മനുസ്മൃതി 4.14)

അർഥം: വേദവിദിതമായ സ്വധർമത്തെ ജീവിതത്തിലുടനീളം ഉത്സാഹത്തോടെ നിത്യവും ചെയ്യേണ്ടതാണ്. കാരണം തനിക്കാവുംവിധം അങ്ങനെ സ്വധർമം ചെയ്യുന്നവൻ പരമഗതിയായ മോക്ഷം പ്രാപിക്കുന്നു.

8. **ദുഃഖമിത്യേവ യത്കർമ കായക്ലേശഭയാത്ത്യജേത്**
**സ കൃത്വാ രാജസം ത്യാഗം നൈവ ത്യാഗഫലം ലഭേത്.**

*അർഥം: സ്വധർമമായ കർമം ചെയ്യുന്നത് ദുഃഖകരമാണെന്നും ശരീരക്ലേശത്തിന് കാരണമാകുമെന്നും കരുതി ആ കർമത്തെ*

---

7. *നിജശക്ത്യഭിവ്യക്തേ സ്വതഃപ്രാമാണ്യമ്.* (സാംഖ്യദർശനം 5.51)

*ത്യജിക്കുന്നത് രാജസികത്യാഗമാണ്. അതുകൊണ്ട് ഒരു തരത്തിലുമുള്ള ത്യാഗഫലവും നേടുന്നില്ല.*

9. **കാര്യമിത്യേവ യത്കർമ നിയതം ക്രിയതേഽർജുന**
**സങ്ഗം ത്യക്ത്വാ ഫലം ചൈവ സ ത്യാഗഃ സാത്ത്വികോ മതഃ.**

*അർഥം: അല്ലയോ അർജുനാ, വേദാദിശാസ്ത്രങ്ങൾ അനുശാസിക്കുന്ന കർമങ്ങൾ ചെയ്യേണ്ടതുതന്നെയാണെന്ന നിശ്ചയദാർഢ്യത്താൽ, കർതൃത്വഭാവവും ഫലേച്ഛയും വെടിഞ്ഞ് ചെയ്യുകയാണെങ്കിൽ ആ ത്യാഗം സാത്ത്വികമാണ്.*

ഭാഷ്യം: മനുസ്മൃതിയിൽ പറയുന്നത് കാണുക:

**വേദോഽഖിലോ ധർമമൂലം സ്മൃതിശീലേ ച തദ്വിദാമ്**
**ആചാരശ്ചൈവ സാധൂനാം ആത്മനസ്തുഷ്ടിരേവ ച.**

(മനുസ്മൃതി 2.6)

അർഥം: 'വേദങ്ങൾ ധർമത്തിന്റെ വേരാണ്. വേദജ്ഞരുടെ ഉപദേശങ്ങളും ആചാരങ്ങളും ആത്മതുഷ്ടിയും ധർമത്തിൽ പ്രമാണമാകുന്നു.' അവിടെയെല്ലാം 'ഇത് എന്റേതല്ല' (ഇദം ന മമ) എന്ന ഭാവമാണ് കർമാനുഷ്ഠാനങ്ങൾക്ക് വിധിച്ചിരിക്കുന്നത്.

10. **ന ദ്വേഷ്ട്യകുശലം കർമ കുശലേ നാനുഷജ്ജതേ**
**ത്യാഗീ സത്ത്വസമാവിഷ്ടോ മേധാവീ ഛിന്നസംശയഃ.**

*അർഥം: സത്ത്വഗുണസമ്പന്നനും കർമങ്ങളെ സംബന്ധിച്ച ശങ്കകൾ തീർന്നവനും മേധാവിയുമായ ത്യാഗി ദുഃഖഫലത്തെ നൽകുന്ന കർമങ്ങളെ ദ്വേഷിക്കുന്നില്ല. ആഹ്ലാദകരങ്ങളായ കർമങ്ങളിൽ അവൻ ആസക്തനുമാകുന്നില്ല.*

ഭാഷ്യം: ഈ 'കുശല'ശബ്ദപ്രയോഗവും പാതഞ്ജലയോഗഭാഷ്യത്തിന്റെ തുടർച്ചയെന്നോണമാണ് ഇവിടെയും വ്യാസൻ പ്രയോഗിച്ചിരിക്കുന്നത്.

**'സ്യാത്സ്വല്പഃ സംകരഃ സ പരിഹാരഃ**
**സ പ്രത്യവമർഷഃ, കുശലസ്യ നാപകർഷായാലം'**

(യോഗദർശനം, വ്യാസഭാഷ്യം 2.13)

അർഥം: കുശലകർമത്തിൽ അകുശലകർമത്തിന്റെ സ്വല്പം മിശ്രണമുണ്ടാകാം. ആ അകുശലം പരിഹരിക്കാനും സഹിക്കാനും യോഗ്യമാണ്. അത് ശുഭകർമങ്ങൾക്കധീനമായിപ്പോകുന്നു. അതിനാൽതന്നെ ഈ സ്വല്പമിശ്രിതകർമത്തോട് അപകർഷത പുലർത്തേണ്ടതില്ല.

യഥാർഥത്യാഗിയാണ് ബുദ്ധിമാൻ. ആ ബുദ്ധിമാനെയാണ് മേധാവിയെന്ന് വിളിക്കുന്നത്. സംശയം തീർന്നവനേ (ഛിന്നസംശയഃ) അത് സാധിക്കൂവെന്നു മാത്രം.

11. **ന ഹി ദേഹഭൃതാ ശക്യം ത്യക്തും കർമാണ്യശേഷതഃ**
**യസ്തു കർമഫലത്യാഗീ സ ത്യാഗീത്യഭിധീയതേ.**

*അർഥം: ദേഹത്തെ ധരിക്കുന്നതിനാൽ ഒരു മനുഷ്യനും സകല കർമങ്ങളെയും പൂർണമായും ത്യജിക്കാൻ സാധ്യമല്ലതന്നെ. എന്നാൽ കർമഫലത്തിലുള്ള ആഗ്രഹം ആര് വെടിയുന്നുവോ അയാളെ ത്യാഗി എന്നു വിളിക്കുന്നു.*

**'തേന ത്യക്തേന ഭുഞ്ജീഥാഃ'** - ത്യജിച്ചുകൊണ്ട് ഭുജിക്കുക (ഈശാവാസ്യോപനിഷത്ത് 1.1) എന്ന ഉപനിഷദ്വാക്യത്തെ പ്രമാണമായി നമുക്ക് ഇവിടെ സ്വീകരിക്കാം.

12. **അനിഷ്ടമിഷ്ടം മിശ്രം ച ത്രിവിധം കർമണഃ ഫലമ്**
**ഭവത്യത്യാഗിനാം പ്രേത്യ ന തു സന്ന്യാസിനാം ക്വചിത്.**

*അർഥം: ത്യാഗികളല്ലാത്തവർക്ക് മരണശേഷം ദുഃഖം, സുഖം, സുഖദുഃഖസമ്മിശ്രം എന്നിങ്ങനെ കർമത്തിന്റെ മൂന്നുവിധ ഫലം അനുഭവിക്കേണ്ടിവരുന്നു. എന്നാൽ കർമഫലത്യാഗം ഉറച്ചവനെ ഒരു കാലത്തും ഫലം സ്പർശിക്കുന്നില്ലതാനും.*

ഭാഷ്യം: യോഗദർശനത്തിലെ കൈവല്യപാദത്തിലെ ഒരു സൂത്രമാണി വിടത്തെ ചർച്ചാവിഷയം. പതഞ്ജലി മഹർഷി പറഞ്ഞത് കാണുക:

**കർമാശുക്ലാകൃഷ്ണം യോഗിനസ്ത്രിവിധമിതരേഷാമ്. (യോഗദർശനം 4.7)**

അർഥം: യോഗികളുടെ കർമങ്ങൾ അശുക്ല-അകൃഷ്ണങ്ങളായിരിക്കും. മറ്റുള്ളവർക്ക് മൂന്നുവിധവും (അതായത് ശുക്ല, കൃഷ്ണ, ശുക്ല കൃഷ്ണ എന്നിങ്ങനെ).

ഇവിടെ പറയുന്ന ശുക്ല(പുണ്യ)-കൃഷ്ണ(പാപ)-ശുക്ലകൃഷ്ണ(മിശ്ര) കർമങ്ങളുടെ ഫലങ്ങളെക്കുറിച്ചാണ് ഗീതാശ്ലോകത്തിൽ പറയുന്നത്. അവിടെ, സംന്യാസികൾക്ക് ഈ ത്രിവിധകർമഫലം ഉണ്ടാകില്ലെന്ന് പറയുന്നുണ്ട്. ഇതിന്റെ കാരണമറിയണമെങ്കിൽ മുൻപറഞ്ഞ യോഗസൂത്രത്തിന്റെ വ്യാസഭാഷ്യം പഠിക്കണം. കാണുക:

**'അശുക്ലാകൃഷ്ണാ സംന്യാസീനാം ക്ഷീണക്ലേശാനാം ചരമദേഹാനാമിതി. തത്രാശുക്ലം യോഗിന ഏവ ഫലസംന്യാസാത്, അകൃഷ്ണം ചാനുപാദാനാത്.'** (യോഗദർശനം 4.7 വ്യാസഭാഷ്യം)

അർഥം: പാപപുണ്യരഹിതമായ കർമജാതി സംന്യാസികളും, ക്ഷീണക്ലേശന്മാരും അന്തിമദേഹത്തോടുകൂടിയിരിക്കുന്നവർക്കുമാണ് ഉണ്ടാകുന്നത്. പുണ്യരാഹിത്യത്തിനു കാരണം ഫലസംന്യാസവും, പാപരാഹിത്യത്തിനു കാരണം കൃഷ്ണകർമത്തിന്റെ ന്യാസവുമാണ്.

ഈ അധ്യായത്തിന്റെ രണ്ടാംശ്ലോകത്തിന്റെ ഭാഷ്യത്തിൽ സൂചിപ്പിച്ച പ്രകാരം ഇവിടെയും സംന്യാസത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടിനെ വ്യാസമഹർഷി വ്യക്തമാക്കിയിട്ടുണ്ട്.

13. **പഞ്ചൈതാനി മഹാബാഹോ കാരണാനി നിബോധ മേ**
**സാംഖ്യേ കൃതാന്തേ പ്രോക്താനി സിദ്ധയേ സർവകർമണാമ്.**

*അർഥം: അല്ലയോ മഹാബാഹോ, ഏത് കർമത്തിന്റെയും സമാപ്തിക്കായി സാംഖ്യത്തിൽ പറഞ്ഞിട്ടുള്ള അഞ്ചു കാരണങ്ങളെക്കുറിച്ച് കേട്ടോളൂ.*

14. **അധിഷ്ഠാനം തഥാ കർതാ കരണം ച പൃഥഗ്വിധമ്**
**വിവിധാശ്ച പൃഥക് ചേഷ്ടാ ദൈവം ചൈവാത്ര പഞ്ചമമ്.**

*അർഥം: കർമാനുഷ്ഠാനത്തിനുള്ള ആശ്രയമായ ശരീരം (അധിഷ്ഠാനം), ശരീരവുമായി ബന്ധപ്പെട്ടുകിടക്കുന്ന കർമാഭിമാനിയായ ജീവൻ, വിഭന്നരീതിയിലുള്ള ഇന്ദ്രിയങ്ങളാകുന്ന ഉപകരണങ്ങൾ, വിവിധതരത്തിലുള്ള പൂർവകൃതമായ കർമങ്ങൾ, ഇതിന്റെയെല്ലാം അധിഷ്ഠാതാവായ പരമാത്മാവ് എന്നിവയാണ് ഈ അഞ്ചു കാരണങ്ങൾ.*

ഭാഷ്യം: ഗീതയിലെ ഈ രണ്ടു ശ്ലോകങ്ങളിൽ കപിലപ്രോക്തമായ സാംഖ്യദർശനത്തെക്കുറിച്ച് കൃത്യമായി പറഞ്ഞിരിക്കുന്നു. എന്നാൽ, ചില വ്യാഖ്യാതാക്കൾ ഇവിടെ സൂചിപ്പിച്ച അഞ്ചു കാരണങ്ങൾ ഇപ്പോൾ പ്രചലിതമായ സാംഖ്യദർശനത്തിൽ കാണാനില്ലെന്നും അതിനാൽതന്നെ ഇവിടെ സാംഖ്യമെന്നതുകൊണ്ട് വേദാന്തത്തെയാണ് ഉദ്ദേശിക്കുന്നതെന്നും വ്യാഖ്യാനിക്കുന്നു.[8] എന്നാൽ, വേദാന്തത്തിൽ എവിടെയാണ് ഇത് പറഞ്ഞതെന്നതിന് പ്രമാണവും കാണിക്കുന്നില്ല.

യഥാർഥത്തിൽ ഈ കാഴ്ചപ്പാട് സാംഖ്യദർശനത്തിലേതുതന്നെയാണ്. ഇവിടെ 'അധിഷ്ഠാനം' എന്ന പദപ്രയോഗംകൊണ്ട് സ്ഥൂലവും സൂക്ഷ്മവുമായ രണ്ടു ശരീരങ്ങളെക്കുറിച്ചാണ് പറയുന്നത്.[9] സ്ഥൂലത്തിൽ ഈ പാഞ്ചഭൗതികമായ ശരീരം ദൃശ്യമാനമാണ്. സൂക്ഷ്മശരീരത്തിൽ ഇവിടെ കേവലം അഞ്ച് സൂക്ഷ്മഭൂതങ്ങൾ അഥവാ അഞ്ച് തന്മാത്രകളെന്ന് ആപേക്ഷികമായി ഗ്രഹിക്കാം. സൂക്ഷ്മശരീരത്തിനെ ഘടിപ്പിക്കുന്ന ഏതൊരു അവയവത്തെ മാനിക്കുന്നുണ്ടോ, അതിൽ ഈ പഞ്ചതന്മാത്രകൾ ശേഷഅവയവങ്ങളുടെ അധിഷ്ഠാനവും ആധാരഭൂതവുമാണ്. ഇക്കാര്യം സാംഖ്യകാരികയിൽ പറയുന്നതുകാണാം.

---

8. *'സാംഖ്യേ ജ്ഞാതവ്യാഃ പദാർഥാഃ സംഖ്യായന്തേ യസ്മിൻ ശാസ്ത്രേ തത് സാംഖ്യം വേദാന്തഃ'* (ഭഗവദ്ഗീത ശ്ലോകം 13, ശാങ്കരഭാഷ്യം)
9. *തത് അധിഷ്ഠാനാശ്രയേ ദേഹേ തദ്വാദാത് തദ്വാദഃ.* (സാംഖ്യദർശനം 3.11)

**'ചിത്രം കഥാശ്രയ ഭൂതേ സ്ഥാണ്വാദിഭ്യോ വിനാ യഥാ ഛായാ.**
**തദ്വദ്വിനാ/വിശേഷൈഷസ്തിഷ്ഠതി ന നിരാശ്രയം ലിങ്ഗമ്.'**

(സാംഖ്യകാരിക 41)

ഇത് കാരികാകാരന്റെ സ്വാഭിപ്രായമല്ല. സാംഖ്യദർശനത്തിലെ കാഴ്ച പ്പാടുതന്നെയാണ്. കപിലമഹർഷി സൂത്രത്തിൽ എഴുതിയതിങ്ങനെയാണ്:

**ന സ്വാതന്ത്ര്യാത് തദൃതേ ഛായാവച്ചിത്രവച്ച.** (സാംഖ്യദർശനം 3.12)

അർഥം: കരണങ്ങൾക്ക് കേവലസ്വതന്ത്രാവസ്ഥയിൽ നിലനിൽപ്പി ല്ല, തന്മാത്രകളെ ആശ്രയിക്കാതെ; നിഴലിനെപ്പോലെയും ചിത്രത്തെപ്പോ ലെയും.

വസ്തുവിനെ ആശ്രയിച്ചാണ് നിഴൽ ഉണ്ടാകുന്നത്. ക്യാൻവാസി ല്ലെങ്കിൽ ചിത്രത്തിനിരിക്കാൻ കഴിയില്ല. ഇതേപോലെ കാരണങ്ങൾക്കും ആശ്രയംവേണം. അതിന്റെ ആശ്രയമാണ് തന്മാത്രകൾ. അതുകൊണ്ട് തന്മാത്രകളെയും സൂക്ഷ്മശരീരത്തിൽ സമാവേശിപ്പിച്ചിരിക്കുന്നു. അതി നാൽ ഈ ഗീതാശ്ലോകങ്ങളിൽ അധിഷ്ഠാനപദംകൊണ്ട് സൂക്ഷ്മശരീ രവുമായി യോജിക്കുന്ന പതിമൂന്ന് അന്യകാരണങ്ങളെ സമാവേശിപ്പി ക്കാതെ അവയെക്കുറിച്ച് വ്യത്യസ്തമായി പറഞ്ഞിരിക്കുന്നു. ആത്മാ വിനെ ഇവിടെ വ്യക്തമായി സാംഖ്യവിചാരാനുസാരം 'കർത്താ' എന്ന പദംകൊണ്ട് പറഞ്ഞിരിക്കുന്നു. കൂടാതെ കർമസിദ്ധിക്ക് ഗീതയിൽ പതി മൂന്നു കാരണങ്ങളും പറഞ്ഞിട്ടുണ്ട്. പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, പഞ്ച കർമേന്ദ്രിയങ്ങൾ, ബുദ്ധി, അഹങ്കാരം, മനസ്സ് എന്നിവയാണവ. ഇതും സാംഖ്യദർശനത്തിൽ വർണിച്ചതുതന്നെയാണ്. കാണുക:

**കരണം ത്രയോദശം വിധമവാന്തരഭേദാത്.** (സാംഖ്യദർശനം 2.38)

അർഥം: അവാന്തരഭേദത്താൽ കരണം പതിമൂന്നു വിധത്തിലാണ്. സാംഖ്യകാരികയിലും (32) ഇത് കടന്നുവന്നിട്ടുണ്ട്. ഏതെങ്കിലും കാര്യ സിദ്ധിക്ക് ഉപയോപ്രദമാകയാൽ ഈ കാരണങ്ങളെ 'കരണം' എന്നു വിളിക്കുന്നുവെന്ന് സാംഖ്യദർശനത്തിൽ കപിലമഹർഷി പറഞ്ഞതുകാ ണുക:

**ഇന്ദ്രിയേഷു സാധകതമത്വഗുണയോഗാത് കുഠാരവത്.**

(സാംഖ്യദർശനം 2.39)

ഉപകരണത്വയോഗം കാരണമായിട്ട് ഇന്ദ്രിയങ്ങളിൽ മഴുവെന്നപോലെ എന്നർഥം. മരം വെട്ടുന്നവനാണ് മരം മുറിക്കുന്നതെങ്കിലും മഴുവില്ലാതെ ആ കാര്യം ചെയ്യാൻ കഴിയില്ല. മരം വെട്ടുന്നവനും മരവുമായി നേരിട്ടുബന്ധമില്ല. മഴുവഴിയാണ് ആ ബന്ധം. പത്തു ബാഹ്യകരണങ്ങളെ ബാഹ്യ ഇന്ദ്രിയങ്ങളെന്നു പറയുന്നു. ഇങ്ങനെ വിചാരം ചെയ്യുമ്പോൾ സാംഖ്യദർശനത്തെതന്നെയാണ് ഗീതാകാരൻ ഇവിടെ സൂചിപ്പിച്ചത് എന്നു സംശയമന്യെ ബോധ്യപ്പെടും. അല്ലാതെ, സാംഖ്യശബ്ദം സൂചിപ്പിക്കുന്നത് വേദാന്തത്തെയല്ല.

15. **ശരീരവാങ്മനോഭിർയത്കർമ പ്രാരഭതേ നരഃ**
**ന്യായ്യം വാ വിപരീതം വാ പഞ്ചൈതേ തസ്യ ഹേതവഃ.**

*അർഥം: ശരീരം, വാണി, മനസ്സ് എന്നിവകൊണ്ട് ന്യായമോ അന്യായമോ ആയി ചെയ്യുന്ന കർമങ്ങൾക്ക് കാരണം ഇവ അഞ്ചുമാണ്.*

16. **തത്രൈവം സതി കർതാരമാത്മാനം കേവലം തു യഃ**
**പശ്യത്യകൃതബുദ്ധിത്വാന്ന സ പശ്യതി ദുർമതിഃ.**

*അർഥം: കാര്യങ്ങൾ ഇങ്ങനെയായിരിക്കെ, ജീവാത്മാവിനെ കർത്താവായി കാണുന്ന ദുർബുദ്ധിയായവന് ബുദ്ധിസംസ്കാരമില്ലായ്കയാൽ വേണ്ടരീതിയിൽ സത്യസ്ഥിതി കാണാൻ കഴിയുന്നില്ല.*

17. **യസ്യ നാഹങ്കൃതോ ഭാവോ ബുദ്ധിർയസ്യ ന ലിപ്യതേ**
**ഹത്വാപി സ ഇമാം ലോകാൻ ന ഹന്തി ന നിബധ്യതേ.**

*അർഥം: ആർക്കാണോ ഞാനാണ് ഇതെല്ലാം ചെയ്യുന്നതെന്ന ഭാവമില്ലാത്തത്, ബുദ്ധി മലിനമാകാത്തത് അവൻ ലോകരെ*

*യൊക്കെ വധിച്ചാലും ആരെയും വധിക്കുന്നില്ല, പാപബ ന്ധനാകുന്നുമില്ല.*

18. **ജ്ഞാനം ജ്ഞേയം പരിജ്ഞാതാ ത്രിവിധാ കർമചോദനാ**
**കരണം കർമ കർതേതി ത്രിവിധഃ കർമസംഗ്രഹഃ.**

*അർഥം: ജ്ഞാനം (അറിവ്), ജ്ഞേയം (അറിയേണ്ടത്), ജ്ഞാതാവ് (അറിയുന്നവൻ) എന്നിങ്ങനെ മൂന്നു തരത്തിലാണ് കർമ ത്തിനുള്ള പ്രേരണകൾ. കർമത്തിനുള്ള കരണേന്ദ്രിയങ്ങൾ, കർമം, കർത്താവ് എന്നിങ്ങനെ കർമസ്വരൂപഘടകങ്ങൾ മൂന്നു തരത്തിലുമാകുന്നു.*

19. **ജ്ഞാനം കർമ ച കർതാ ച ത്രിധൈവ ഗുണഭേദതഃ**
**പ്രോച്യതേ ഗുണസംഖ്യാനേ യഥാവച്ഛൃണു താന്യപി.**

*അർഥം: ഗുണവ്യത്യാസത്താൽ ജ്ഞാനവും കർമവും കർത്താവും മൂന്ന് വിധത്തിലാണെന്ന് സാംഖ്യദർശനം പറയുന്നു. അവയും വഴിപോലെ കേട്ടുകൊൾക.*

20. **സർവഭൂതേഷു യേനൈകം ഭാവമവ്യയമീക്ഷതേ**
**അവിഭക്തം വിഭക്തേഷു തത്ജ്ഞാനം വിദ്ധി സാത്ത്വികമ്.**

*അർഥം: വ്യത്യസ്തമായി കാണുന്ന എല്ലാ വസ്തുക്കളിലും ഏതൊരു അറിവുകൊണ്ടാണോ ഒരിക്കലും നശിക്കാത്ത ഒരൊറ്റ സത്യവസ്തുവിനെ ഈക്ഷിക്കുന്നത് (കാണുന്ന ത്), ആ അറിവ് സാത്ത്വികമാകുന്നു.*

21. **പൃഥക്ത്വേന തു യത്ജ്ഞാനം നാനാഭാവാൻ പൃഥഗ്വിധാൻ**
**വേത്തി സർവേഷു ഭൂതേഷു തത്ജ്ഞാനം വിദ്ധി രാജസമ്.**

*അർഥം: ഏതൊരു ജ്ഞാനംകൊണ്ടാണോ സർവഭൂതങ്ങളിലും വെവ്വേറെ ഭാവങ്ങളിൽ അറിയുന്നത് ആ ജ്ഞാനം രാജ സികമെന്ന് അറിയുക.*

ഭാഷ്യം: ബൃഹദാരണ്യകോപനിഷത്ത് പറയുന്നത് ഇങ്ങനെയാണ്:

**'യഃ പൃഥിവ്യാം തിഷ്ഠൻ പൃഥിവ്യാ**
**അന്തരോ യം പൃഥിവി ന വേദ**
**യസ്യ പൃഥിവീ ശരീരമ്.'** (ബൃഹദാരണ്യകോപനിഷത്ത് 3.7.3)

അർഥം: ഏത് പൃഥിവിക്കുള്ളിൽ വസിക്കുമ്പോൾ, ഉള്ളിലുണ്ടെന്ന് പൃഥിവി അറിയുന്നില്ലയോ ഏതിന്റെ ശരീരം പൃഥിവിയാണോ, ആ പരമാത്മാവ് അന്തര്യാമിയും നാശരഹിതനുമാണ്.

ഈ ശ്ലോകം നേരത്തേ ഉദ്ധരിച്ചിരുന്നതാണെങ്കിലും പ്രസക്തമായതിനാൽ വീണ്ടും ഉദ്ധരിക്കുകയാണ്.

ഇങ്ങനെ ഭൂതങ്ങളിൽ ഓതപ്രോതനായിരിക്കുന്നവനാണ് പരമാത്മാവ്. പൃഥിവി, അഗ്നി തുടങ്ങിയ ഭൂതങ്ങളുടെ അധിഷ്ഠാനദേവതാരൂപത്താൽ വേറെവേറെ എന്നു വർണിക്കുന്നത് രാജസികമാണെന്നർഥം. കേനോപനിഷത്തിലെ അഗ്ന്യാദിദേവതകളുടെ കഥതന്നെ ഉദാഹരണം.

ഈശ്വരൻ സർവവ്യാപകനാണ്. ഓരോ കണങ്ങളിലും ആ ഈശ്വരനുണ്ട് എന്ന് വേദങ്ങളിൽ പറയുന്നു.[10]

22. **യത്തു കൃത്സ്നവദേകസ്മിൻ കാര്യേ സക്തമഹൈതുകമ്**
**അതത്ത്വാർഥവദല്പം ച തത്താമസമുദാഹൃതമ്.**

*അർഥം: ഒരേയൊരു കാര്യത്തിൽ അഥവാ പ്രതിമയിൽ, ഇതിനപ്പുറം ഒന്നുമില്ലെന്ന മട്ടിൽ പരിപൂർണനെന്നപോലെ ആസക്തിയോടെ ഒട്ടിനിൽക്കുന്നത്, ആ യുക്തിഹീനവും യാഥാർഥ്യവുമായി ബന്ധമില്ലാത്തതുമായ ജ്ഞാനത്തെ താമസികമെന്നു വിളിക്കുന്നു.*

പ്രതിമ തുടങ്ങിയ പദാർഥങ്ങളിൽ ഈശ്വരഭാവം കാണാൻ ശ്രമിച്ച് അർച്ചനാപൂജാദികൾ ചെയ്യുന്നവരുടെ ജ്ഞാനമാണ് താമസികം. കാരണം അത് യുക്തിഹീനമാണ്. ഈ ശ്ലോകത്തിന് ഭാഷ്യമെഴുതുമ്പോൾ ശങ്ക

10. ഋഗ്വേദം 3.56.1 കാണുക.

രാചാര്യസ്വാമികളും പ്രതിമാപൂജയെ താമസികമായി വർണിച്ചിട്ടുണ്ട്. കാണുക:

**'ദേഹപരിമാണോ ജീവ ഈശ്വരോ വാ**
**പാഷാണദാർവാദിമാത്ര ഇത്യേവമേകസ്മിൻ**
**കാര്യേ സക്തമഹൈതുകം ഹേതുവർജിതമ്.'**

അർഥം: ജീവൻ ദേഹം മാത്രമാണെന്നും ഈശ്വരൻ ശില, മരം എന്നീ രൂപത്തിലുള്ളതാണെന്നും എന്നിത്യാദി ജ്ഞാനത്തെയാണ് താമസജ്ഞാനം എന്നു പറയുന്നത്. മധുസൂദനസരസ്വതിയും ഈ ശ്ലോകത്തിന് അർഥം ചമയ്ക്കുമ്പോൾ 'പ്രതിമ'യിൽ ഈശ്വരനുണ്ടെന്ന് കരുതുന്നത് താമസികജ്ഞാനംകൊണ്ടാണെന്ന് പറഞ്ഞിരിക്കുന്നു. സ്വാമിജിയുടെതന്നെ വാക്കുകൾ കാണുക:

**'പ്രതിമാദൗ വ അഹൈതുകം ഹേതു പ്രതിത്തിസ്തദ്രഹിതമ്'**

എന്നാണ് മധുസൂദനസ്വാമികൾ പറഞ്ഞത്. പ്രതിമാദികളിലുള്ള ജ്ഞാനം യുക്തിരഹിതമാണെന്നർഥം. അപ്പോൾ വിഗ്രഹാരാധന വൈദികമോ ആർഷമോ അല്ല. മറിച്ച് അത് ആരുടേതായിരിക്കുമെന്നതിന് ഉത്തരവും ഈ ശ്ലോകം വ്യാഖ്യാനിക്കുമ്പോൾ ശ്രീശങ്കരൻ പറയുന്നുണ്ട്. കാണുക:

"ജീവൻ ദേഹത്തിൽ മാത്രമേ ഉള്ളൂ, അല്ലെങ്കിൽ ബാഹ്യമായ പ്രതിമാദികളിൽ മാത്രമേ ഈശ്വരനുള്ളൂ. അതിനപ്പുറം യാതൊന്നുമില്ല. എന്നിങ്ങനെ ഒരേ കാര്യത്തിൽതന്നെ, സർവവിഷയമെന്നപോലെ, സക്തമായിരിക്കുന്ന യാതൊരു ജ്ഞാനമാണോ ഉള്ളത് അത് താമസമാകുന്നു. ഇതിന് ദൃഷ്ടാന്തം- നഗ്നന്മാരായ ക്ഷപണകന്മാർ (ജൈനന്മാർ) ജീവൻ ശരീരാനുവർത്തിയും, ദേഹത്തോളം വലിപ്പമുള്ളതെന്നും, അല്ലെങ്കിൽ ഈശ്വരൻ എന്നത് ഒരു കല്ലോ മരക്കഷണമോ ആണെന്നും വിചാരിക്കുന്നു. ഇങ്ങനെ ഒരേ കാര്യത്തിൽ മാത്രം സക്തമായതും യുക്തിരഹിതവും യഥാർഥമല്ലാത്തതും യുക്തിഹീനമാകയാൽ അല്പമായതും അല്പവിഷയത്വവും അല്പഫലത്വവും ഹേതുവായിട്ട് അല്പമായതും ആയ ആ ജ്ഞാനം താമസമെന്നു പറയപ്പെടുന്നു."

(ശാങ്കരഭാഷ്യം, ഭഗവദ്ഗീത)

വേദാദിശാസ്ത്രങ്ങളും പ്രതിമാപൂജയ്ക്ക് എതിരാണ്. കാരണം പ്രതിമാദി ജഡപദാർഥങ്ങൾ ചേതനമല്ല, ഈശ്വരൻ ചേതനമാണ്. ചേതനമെന്ന് കരുതി ജഡത്തെ പൂജിച്ചാൽ ഒരിക്കലും ചേതനത്തെ ലഭിക്കില്ല. അതിനാൽ വേദങ്ങളിൽ പ്രതിമാപൂജ പാടില്ലെന്ന് വിലക്കിയിട്ടുണ്ട്, കാണുക:

**'ന തസ്യ പ്രതിമാ അസ്തി'** (യജുർവേദം 32.3)

അർഥം: ഈ വിശ്വമൊന്നാകെ വ്യാപിച്ചുവർത്തിക്കുന്ന നിരാകാരനായ ആ പരമാത്മാവിന് പ്രതിമ, പരിമാണം, സാദൃശ്യം, അഥവാ വിഗ്രഹം ഇല്ല.

മാത്രവുമല്ല ഇങ്ങനെ ചേതനാപൂർണമായ ഈശ്വരനെ ജഡമായ പ്രകൃതിയിൽ ഉപാസിക്കുന്നവർക്ക് എന്ത് സംഭവിക്കുമെന്ന് ഈശാവാസ്യോപനിഷത്ത് പറഞ്ഞിട്ടുണ്ട്. കാണുക:

**'അന്ധന്തമഃ പ്രവിശന്തി യേ/സംഭൂതിമുപാസതേ,**
**തതോ ഭൂയ/ഇവ തേ തമോ യ**
**ഉ സംഭൂത്യാങ്രതാഃ'** (ഈശാവാസ്യോപനിഷത്ത് 12)

അർഥം: അനാദിയും ഒരിക്കലും ഉണ്ടാകാത്തതും കാരണരൂപവുമായ പ്രകൃതിയെ ബ്രഹ്മത്തിന്റെ സ്ഥാനത്ത് പൂജിക്കുന്നവർ അന്ധകാരത്തിൽ അതായത് അജ്ഞാനത്തിലും ദുഃഖസാഗരത്തിലും മുങ്ങിപ്പോകുന്നു. എന്നാൽ കാര്യരൂപിയായ ജഗത്തിനെ അഥവാ പൃഥിവ്യാദി ഭൂതങ്ങളെ ബ്രഹ്മത്തിന്റെ സ്ഥാനത്ത് ഉപാസിക്കുന്നവർ അതിലും ഘോരമായ അന്ധകാരത്തെ പ്രാപിക്കുന്നു.

ഈ മന്ത്രത്തിന് വ്യാഖ്യാനമെഴുതവേ മഹർഷി ദയാനന്ദ സരസ്വതി എഴുതിയ വ്യാഖ്യാനം ഇവിടെ ചേർത്തുവെച്ചാൽ ശ്രീശങ്കരന്റെ വൈദികമായ ഈയൊരു കാഴ്ചപ്പാട് ദയാനന്ദൻ എങ്ങനെ പരിസ്ഫൂർത്തീകരിച്ചുവെന്ന് വ്യക്തമാകും. കാണുക: "സംഭൂതിയെ അഥവാ കാരണത്തിൽനിന്നുണ്ടാകുന്ന കാര്യരൂപങ്ങളായ പൃഥിവ്യാദി ഭൂതങ്ങളെയും കല്ല്, മരം മുതലായ അംഗങ്ങളെയും മനുഷ്യരുടെയുംമറ്റും ശരീരങ്ങ

ളെയും ബ്രഹ്മത്തിന്റെ സ്ഥാനത്ത് ഉപാസിക്കുന്നവർ ആ അന്ധകാര ത്തേക്കാൾ അധികമായ അന്ധകാരത്തിൽ അതായത് മഹാമൂഢന്മാർ ചിരകാലം ദുഃഖരൂപിയായ നരകത്തിൽ വീണ് മഹാക്ലേശങ്ങൾ അനുഭ വിക്കുന്നു." (സത്യാർഥപ്രകാശം, 11-ാം സമുല്ലാസം)

ഇക്കാര്യത്തിൽ ശ്രീശങ്കരാചാര്യസ്വാമികളുടെ ദർശനത്തെ ആധു നികരായ പല അദ്വൈതികളും ശ്രീശാങ്കരഭക്തന്മാരും അവഗണനയോടെ തള്ളിക്കളയുന്ന ദയനീയ ചിത്രം നമുക്ക് ചുറ്റും കാണാം. അവർ അദ്വൈതം പ്രസംഗിക്കും. എന്നാൽ പ്രതിമാപൂജാദികളെ വാനോളം വാഴ്ത്തുകയും അതിന്റെ മാഹാത്മ്യത്തെ പാരാട്ടി ഗ്രന്ഥങ്ങൾ ചമ ക്കുകയും ചെയ്യും. ഒന്നുകിൽ അവർ ശാങ്കരദർശനത്തെ പഠിച്ചവരല്ല. അല്ലെങ്കിൽ ആൾക്കാരെക്കൂട്ടി തങ്ങളുടെ എണ്ണം വർധിപ്പിക്കു വാൻവേണ്ടി സത്യത്തിന്റെ പൊൻമുഖത്തിന് ആവരണമിടുകയാണിവർ. അവർ ധർമത്തെ മാത്രമല്ല വലിയൊരു സമൂഹത്തെക്കൂടിയാണ് കബ ളിപ്പിക്കുന്നതെന്ന് അറിയുക.

ഇനി വിഗ്രഹാരാധനാദികൾകൊണ്ട് മോക്ഷമുണ്ടാകുമെന്നും അത് തുടക്കക്കാരുടെ സമ്പ്രദായമാണെന്നും വാദിക്കുന്നവരുണ്ട്. തുടക്കമേ നല്ലതല്ലെങ്കിൽ ഒടുക്കം എങ്ങനെ നേരെയാകും? വന്ധ്യാപുത്രനെ കാത്ത് അഞ്ചു കാലുള്ള പശുവിന്റെ തൈര് കടഞ്ഞ് മാണിക്യമെടുത്ത് മാല യുണ്ടാക്കി കാത്തിരിക്കുന്നവന്റെ കഥ എന്തു പറയാൻ!

വിധിപൂർവമായ ഉപാസനയ്ക്ക് ഇത്തരത്തിലുള്ള ആധുനിക അനു ഷ്ഠാനങ്ങൾ തടസ്സമാണെന്നതറിയാൻ യോഗദർശനം പഠിക്കണം. ഇതും നേരത്തേ സൂചിപ്പിച്ചതാണ്. എങ്കിലും ഈ ആവർത്തനം മനസ്സിൽ തത്ത്വ മുറയ്ക്കാൻ സഹായിക്കും.

**'വ്യാധിസ്ത്യാനസംശയപ്രമാദാലസ്യാവിരതി**
**ഭ്രാന്തിദർശനാലബ്ധഭൂമികത്വാനവസ്ഥിതത്വാനി**
**ചിത്തവിക്ഷേപാസ്തേഽന്തരായാഃ.'** (യോഗസൂത്രം 1.30)

അർഥം: 1) വ്യാധി (രോഗം), 2) സ്ത്യാനം = സത്യകർമങ്ങളിൽ അപ്രീതി, 3) സംശയം= രണ്ട് പ്രധാന കാര്യങ്ങളിൽ സംഭവിക്കുന്ന ഇതോ

ശരി അതോ ശരി എന്ന സംശയം, 4) പ്രമാദം = സാധനയിൽ ഉപേക്ഷ, അനുഷ്ഠാനങ്ങൾ വേണ്ടപോലെ ചെയ്യായ്ക, 5) ആലസ്യം = ശരീരം, മനസ്സ് എന്നിവയ്ക്ക് ഭാരം ഉണ്ടാകുന്നതുമൂലമുള്ള പ്രവൃത്തിരാഹിത്യം, 6) അവിരതി= സംസാരവിഷയങ്ങളിലുള്ള ആസക്തി, 7) ഭ്രാന്തിദർശനം = ഒന്നിനെ മറ്റൊന്നായി തോന്നുന്ന മിഥ്യാജ്ഞാനം (പ്രതിമ ഈശ്വരനാണെന്ന തോന്നൽ), 8) അലബ്ധഭൂമികത്വം = കാലതാമസത്തിൽ നിരാശനായി യോഗമാർഗത്തെ തള്ളിപ്പറയൽ, 9) അനവസ്ഥിതത്വം = സമാധിയിൽ ചിത്തത്തെ ഉറപ്പിക്കാൻ കഴിയാതെ വരിക.

ഇതുകൂടാതെ ദുഃഖം, ക്ഷോഭം, കായകമ്പനം, ശ്വാസോച്ഛ്വാസം എന്നിവയും സാധകനെ ബാധിക്കും. ഇതിന് എന്താണ് പരിഹാരം. പരിഹാരസൂത്രം പതഞ്ജലി പറയുന്നത് നോക്കുക:

**തത്പ്രതിഷേധാർഥമേകതത്ത്വാഭ്യാസഃ.** (യോഗസൂത്രം 1.32).

ഈ തടസ്സങ്ങൾ അകറ്റുന്നതിന് ഏകതത്ത്വമായ ഈശ്വരനെ വീണ്ടുംവീണ്ടും ഉപാസിക്കണം.

ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിൽ ഉടനീളം ഭക്തന്മാരോടുള്ള അനന്യമായ കാരുണ്യത്താൽ സത്യമായ ഉപാസനാരീതികളെ ഉപദേശിക്കുന്നു. അതിലൊരിടത്തും കൃത്രിമത്വമില്ല.

23. **നിയതം സങ്ഗരഹിതമരാഗദ്വേഷതഃ കൃതമ്**
**അഫലപ്രേപ്സുനാ കർമ യത്തത് സാത്ത്വികമുച്യതേ.**

*അർഥം: ഫലാപേക്ഷയില്ലാത്തവനായി, ആസക്തിയും രാഗദ്വേഷാദികളും ഇല്ലാതെ ചെയ്യപ്പെടുന്ന, വേദവിധി അനുസരിച്ചുള്ള കർമങ്ങൾ സാത്ത്വികമെന്ന് പറയപ്പെടുന്നു.*

24. **യത്തു കാമേപ്സുനാ കർമ സാഹങ്കാരേണ വാ പുനഃ**
**ക്രിയതേ ബഹുലായാസം തദ്രാജസമുദാഹൃതമ്.**

*അർഥം: ഫലം അനുഭവിക്കണമെന്ന ആഗ്രഹത്തോടെയും അഹങ്കാരത്തോടെയും വളരെ പ്രയാസപ്പെട്ട് ചെയ്യുന്ന കർമങ്ങളെ രാജസമെന്ന് പറയുന്നു.*

**25. അനുബന്ധം ക്ഷയം ഹിംസാമനവേക്ഷ്യ ച പൗരുഷമ്**
**മോഹാദാരഭ്യതേ കർമ യത്തത്താമസമുച്യതേ.**

*അർഥം: ചെയ്യുന്ന കർമത്തിന്റെ പരിണാമം എന്താണെന്നോ, എന്ത് നാശമുണ്ടാകുമെന്നോ, കർമത്തിനിടയിൽ വന്നുചേരുന്ന ഹിംസ എന്താണെന്നോ ,കർമം ചെയ്യാനുള്ള സ്വശക്തി യെക്കുറിച്ചോ ചിന്തിക്കാതെ വിവേകമില്ലാതെ ആരംഭി ക്കുന്ന കർമങ്ങൾ താമസമെന്ന് അറിയപ്പെടുന്നു.*

**26. മുക്തസങ്ഗോ/നഹംവാദീ ധൃത്യുത്സാഹസമന്വിതഃ**
**സിദ്ധ്യസിദ്ധ്യോർനിർവികാരഃ കർതാ സാത്ത്വിക ഉച്യതേ.**

*അർഥം: ആസക്തി വെടിഞ്ഞ്, അഹങ്കാരമില്ലാതെ സധൈര്യം ഉത്സാഹത്തോടെ കർമങ്ങൾ ചെയ്യുകയും വിജയപരാജ യങ്ങളിൽ തുല്യഭാവം പുലർത്തുകയും ചെയ്യുന്നവൻ സാത്ത്വികനെന്ന് പറയപ്പെടുന്നു.*

**27. രാഗീ കർമഫലപ്രേപ്സുർലുബ്ധോ ഹിംസാത്മകോ/ശുചിഃ**
**ഹർഷശോകാന്വിതഃ കർതാ രാജസഃ പരികീർതിതഃ.**

*അർഥം: കർമഫലത്തിൽ ആസക്തിയുള്ളവനും, അതിൽ ആഗ്രഹി ക്കുന്നവനും, കിട്ടുന്നതിൽ തൃപ്തിയില്ലാത്തവനും, സ്വന്തം കാര്യത്തിനുവേണ്ടി പരദ്രോഹംവരെ ചെയ്യുന്നവനും, ശുദ്ധിയില്ലാത്തവനും, സന്തോഷത്തിലും സന്താപത്തിലും ലിപ്തനുമായ കർത്താവിനെ രാജസനെന്ന് പറയുന്നു.*

**28. അയുക്തഃ പ്രാകൃതഃ സ്തബ്ധഃ ശഠോ നൈഷ്കൃതികോ/ലസഃ**
**വിഷാദീ ദീർഘസൂത്രീ ച കർതാ താമസ ഉച്യതേ.**

*അർഥം: ഒന്നിലും മനസ്സ് ഉറയ്ക്കാത്തവനും സംസ്കാരശൂന്യനും വിനയമില്ലാത്തവനും ശാഠ്യക്കാരനും അന്യന്റെ ഉപജീവ നമാർഗത്തെ നശിപ്പിക്കുന്നവനും അലസനും വിഷാദമ*

*ഗനും ചെയ്യേണ്ട കാര്യങ്ങൾ നീട്ടിക്കൊണ്ടുപോകുന്നവ നുമായ കർത്താവിനെ താമസനെന്നു വിളിക്കുന്നു.*

**29. ബുദ്ധേർഭേദം ധൃതേശ്ചൈവ ഗുണതസ്ത്രിവിധം ശൃണു
പ്രോച്യമാനമശേഷേണ പൃഥക്ത്വേന ധനഞ്ജയ.**

*അർഥം: അല്ലയോ ധനഞ്ജയാ, ഈ ഗുണങ്ങൾക്ക് അനുസരിച്ച് ബുദ്ധിയുടെയും ധൈര്യത്തിന്റെയും മൂന്നുവിധ ഭേദങ്ങളെ പൂർണമായി വേർതിരിച്ച് പറയുന്നത് കേട്ടാലും.*

ഭാഷ്യം: ഋഗ്വേദം (10.129), സാംഖ്യദർശനം (1.26) എന്നിവ ഗഹനമായി പഠിച്ചശേഷം ഋഷിമുനിമാർ സത്ത്വരജസ്തമോഗുണങ്ങളിൽനിന്നാണ് ബുദ്ധി ഉണ്ടായതെന്ന് പറഞ്ഞു, മണ്ണിൽനിന്ന് ഉണ്ടാവുന്നതിന് മണ്ണിന്റെ ഗുണമുണ്ടാകുന്നതുപോലെ. വേദാദിശാസ്ത്രങ്ങൾ നിരന്തരം കേട്ട് ബുദ്ധി ശുദ്ധമായിത്തീരുമെന്ന് ഋഗ്വേദം (4.24.4) പറയുന്നുണ്ട്.

**30. പ്രവൃത്തിം ച നിവൃത്തിം ച കാര്യാകാര്യേ ഭയാഭയേ
ബന്ധം മോക്ഷം ച യാ വേത്തി ബുദ്ധിഃ സാ പാർഥ സാത്ത്വികീ.**

*അർഥം: പൃഥുവിന്റെ പുത്രനായ അർജുനാ! പ്രവൃത്തിയെയും നിവൃത്തിയെയും, ചെയ്യേണ്ടതിനെയും ചെയ്യേണ്ടാത്തതിനെയും, ഭയപ്പെടേണ്ടതിനെയും ഭയപ്പെടേണ്ടാത്തതിനെയും ബന്ധനത്തെയും മോക്ഷത്തെയും വ്യക്തമായി വേർതിരിച്ചറിയുന്ന ബുദ്ധി സാത്ത്വികമാണ്.*

**31. യയാ ധർമമധർമം ച കാര്യം ചാകാര്യമേവ ച
അയഥാവത് പ്രജാനാതി ബുദ്ധിഃ സാ പാർഥ രാജസീ.**

*.അർഥം: ഹേ പാർഥ! ധർമത്തെയും അധർമത്തെയും ചെയ്യേണ്ടതിനെയും ചെയ്യേണ്ടാത്തതിനെയും വേർതിരിച്ചറിയാത്ത ബുദ്ധി രാജസികമാണ്.*

ഭാഷ്യം: വൈശേഷികദർശനത്തിൽ കണാദമുനി പറയുന്നത് കേൾക്കൂ:

**യതോഽഭ്യുദയ നിഃശ്രേയസസിദ്ധിഃ സ ധർമഃ.** (വൈശേഷികദർശനം 1.2)

ലൗകികമായ മംഗളങ്ങളും മോക്ഷപ്രാപ്തിയും ഏതിൽനിന്നുണ്ടാകുന്നുവോ അത് ധർമം. ഇത് അറിയാത്തവനെക്കുറിച്ചാണ് മുകളിൽ പറഞ്ഞത്.

**32. അധർമം ധർമമിതി യാ മന്യതേ തമസാവൃതാ**
**സർവാർഥാൻ വിപരീതാംശ്ച ബുദ്ധിഃ സാ പാർഥ താമസീ.**

*അർഥം: ഹേ പാർഥാ, അജ്ഞാനംകൊണ്ട് മൂടിയിരിക്കുന്നതിനാൽ അധർമത്തെ ധർമമായും അപ്രകാരം എല്ലാ കാര്യങ്ങളും വിപരീതമായും മനസ്സിലാക്കുന്ന ബുദ്ധി താമസികമാണ്.*

യോഗദർശനത്തിൽ '**അനിത്യാശുചിദുഃഖാനാത്മസു നിത്യശുചിസുഖാത്മഖ്യാതിരവിദ്യാ**' (യോഗസൂത്രം 2.5) എന്ന് എഴുതിയിട്ടുണ്ട്. അനിത്യവും അശുചിയും ദുഃഖവും അനാത്മാവുമായവയെ ക്രമത്തിൽ നിത്യവും ശുചിയും സുഖവും ആത്മാവുമായി തോന്നുന്നതാണ് അവിദ്യ. ഈ ബുദ്ധിയെയാണ് താമസികമെന്ന് ശ്രീകൃഷ്ണൻ പറയുന്നത്.

**33. ധൃത്യാ യയാ ധാരയതേ മനഃപ്രാണേന്ദ്രിയക്രിയാഃ**
**യോഗേനാവ്യഭിചാരിണ്യാ ധൃതിഃ സാ പാർഥ സാത്ത്വികീ.**

*അർഥം: ഹേ പാർഥാ, യോഗാഭ്യാസംകൊണ്ട് മറ്റൊന്നിലേക്കും വ്യതിചലിക്കാതെ മനസ്സ്, പ്രാണൻ, ഇന്ദ്രിയങ്ങൾ എന്നിവയുടെ ചേഷ്ടകളെ അടക്കിനിർത്തുന്ന ആ ധൃതിയെ സാത്ത്വികമെന്ന് പറയാം.*

**34. യയാ തു ധർമകാമാർഥാൻ ധൃത്യാ ധാരയതേഽർജുന**
**പ്രസംഗേന ഫലാകാംക്ഷീ ധൃതിഃ സാ പാർഥ രാജസീ.**

*അർഥം: അല്ലയോ പാർഥ! തനിക്ക് പ്രിയപ്പെട്ടവരോടും പ്രിയപ്പെട്ട ഭോഗവസ്തുക്കളോടുമുള്ള ആസക്തിവെച്ചുകൊണ്ട് ധർമം, അർഥം, കാമം എന്നിവയെ വേണ്ടരീതിയിൽ നിലനിർത്തുന്ന ധൃതി രാജസികമാണ്.*

**35. യയാ സ്വപ്നം ഭയം ശോകം വിഷാദം മദമേവ ച**
**ന വിമുഞ്ചതി ദുർമേധാ ധൃതിഃ സാ പാർഥ താമസീ.**

*അർഥം: ദുഷ്ടബുദ്ധിയായ മനുഷ്യൻ ഏതൊരു ധാരണാശക്തി കൊണ്ട് ഉറക്കം, ഭയം, ദുഃഖം, അശുഭചിന്ത, മദം (ഗർവം) എന്നിവ ഒരിക്കലും വിടുന്നില്ലയോ ആ ധൃതി താമസിക മാണ്.*

**36. സുഖം ത്വിദാനീം ത്രിവിധം ശൃണു മേ ഭരതർഷഭഃ**
**അഭ്യാസാദ്രമതേ യത്ര ദുഃഖാന്തം ച നിഗച്ഛതി.**

*അർഥം: ഹേ ഭരതർഷഭാ, വേദവിദ്യ, അതിൽ പറഞ്ഞിരിക്കുന്ന യജ്ഞാദികൾ, അഷ്ടാങ്ഗയോഗവിദ്യ എന്നിവ അഭ്യസിച്ച് ദുഃഖങ്ങളുടെ അന്ത്യം കാണുന്നു. മൂന്നു വിധമുള്ള സുഖ ത്തെക്കുറിച്ച് കേട്ടുകൊൾക.*

ഭാഷ്യം: നേരത്തെ ഗീതയിൽത്തന്നെ പറഞ്ഞ **'യോഗോ ദുഃഖഹാ ഭവതി'** (6.17)–'യോഗം ദുഃഖങ്ങളുടെ നാശം വരുത്തുന്നു'വെന്ന പ്രസ്താവന യുടെ ഉറപ്പിക്കലാണ് ഇവിടെ കാണുന്നത്. വൈദികശുഭകർമങ്ങൾ ഒരി ക്കലും നഷ്ടമാകുന്നില്ലെന്നും നേരത്തെ ഗീതയിൽ (6.38 മുതൽ 42 വരെ ശ്ലോകങ്ങൾ) പറഞ്ഞുകഴിഞ്ഞതാണ്. **'യോഗി പരമോ മതഃ'**(ഗീത 6.32)– അതായത് 'യോഗി പരമശ്രേഷ്ഠനാണെന്നും' ഭഗവാൻ പറഞ്ഞു. ദുഃഖങ്ങളുടെ നാശമെന്നാൽ മോക്ഷസുഖപ്രാപ്തി എന്നർഥം. ഇതിന് അഷ്ടാങ്ഗയോഗവിദ്യ അഭ്യസിക്കൂവെന്നാണ് വേദാദി ശാസ്ത്രങ്ങൾ നൽകുന്ന ഉപദേശം. അഭ്യാസത്തിലൂടെ സമാധി സിദ്ധമാകുന്നു. ഈ കാര്യം അടുത്ത ശ്ലോകത്തിൽ കാണാം.

**37. യത്തദഗ്രേ വിഷമിവ പരിണാമേ/മൃതോപമമ്**
**തത്സുഖം സാത്ത്വികം പ്രോക്തമാത്മബുദ്ധിപ്രസാദജമ്.**

*അർഥം: തുടക്കത്തിൽ വിഷംപോലെയും അവസാനം അമൃതസ മാനവുമാണ് ആ സുഖം. ഈശ്വരീയജ്ഞാനം നേടുന്ന*

*ബുദ്ധിയിൽനിന്ന് ഉണ്ടാവുന്ന ആ സുഖം സാത്ത്വികമെന്ന് അറിയപ്പെടുന്നു.*

**38. വിഷയേന്ദ്രിയസംയോഗാദ്യത്തദഗ്രേ*ƒ*മൃതോപമമ്**
**പരിണാമേ വിഷമിവ തത്സുഖം രാജസം സ്മൃതമ്.**

*അർഥം: വിഷയങ്ങളും ഇന്ദ്രിയങ്ങളും തമ്മിലുള്ള സംയോഗത്താൽ ഉണ്ടാകുന്നതും ആദ്യം അമൃതംപോലെയും ഒടുക്കം വിഷംപോലെ ഇരിക്കുന്നതുമായ സുഖം രാജസമെന്ന് പറയപ്പെടുന്നു.*

ഭാഷ്യം: വേദങ്ങളിൽ അനന്തമായ ജ്ഞാനങ്ങളുണ്ട്. അതിൽനിന്നും സത്യമായ ജ്ഞാനം ഗ്രഹിച്ച് ഋഷികൾ അത് തുടർന്ന് ഉപനിഷത്ശാസ്ത്രങ്ങളിലൂടെ പ്രകാശിപ്പിച്ചു. ഭഗവദ്ഗീതയിലും അങ്ങോളമിങ്ങോളം വൈദികജ്ഞാനം ഓത-പ്രോതമായിരിക്കുന്നതു കാണാം. എന്നാൽ ആധുനികകാലത്ത് ഈ വൈദികരഹസ്യമറിയുന്നവർ നന്നേ കുറവാണ്. ഈ ശ്ലോകത്തിലെ തത്ത്വം ഋഗ്വേദാന്തർഗതമാണ്.

**സ പപ്രഥാനോ അഭി പഞ്ച ഭൂമാ**
**ത്രിബന്ധുരോ മനസാ യാതു യുക്തഃ.**
**വിശോ യേന ഗച്ഛഥോ ദേവയന്തീഃ**
**കുത്രാ ചിദ്യാമമശ്വിനാ ദധാനാ.** (ഋഗ്വേദം 7.69.2)

അർഥം: 'ഈ ശരീരം വിസ്തൃതമായ പഞ്ചഭൂതങ്ങളാൽ നിർമിതമായതാണ്. മൂന്ന് ബന്ധനങ്ങളാൽ ബന്ധിതവുമാണ്. അതിൽ ഉപവിഷ്ടരായവർ വൈദികസാധനകൾ ചെയ്തുകൊണ്ട് ദിവ്യജ്യോതിയിലേക്ക് ഗമിക്കുന്നു. ഇന്ദ്രിയരൂപിയായ അശ്വങ്ങളെ മനസ്സാകുന്ന കടിഞ്ഞാൺകൊണ്ട് നിയന്ത്രിച്ച് ഈ ശരീരരഥത്തിൽ സഞ്ചരിച്ചാലും.' സാംഖ്യദർശനത്തിൽ കപിലമുനി ഇക്കാര്യങ്ങൾ സൂത്രരൂപത്തിലാക്കി അവതരിപ്പിച്ചിട്ടുമുണ്ട്.[11]

11. സാംഖ്യദർശനം 1.29, 2.17 കാണുക.

39. **യദഗ്രേ ചാനുബന്ധേ ച സുഖം മോഹനമാത്മനഃ
നിദ്രാലസ്യപ്രമാദോത്ഥം തത്താമസമുദാഹൃതമ്.**

*അർഥം: ഏതൊന്ന് പ്രാരംഭത്തിലും അവസാനത്തിലും ആത്മാവിനെ മോഹിപ്പിച്ചുകൊണ്ട് സുഖം, നിദ്ര, ആലസ്യം എന്നിവയിൽനിന്ന് ഉണ്ടാകുന്നുണ്ടോ ആ സുഖം താമസമെന്ന് പറയപ്പെടുന്നു.*

40. **ന തദസ്തി പൃഥിവ്യാം വാ ദിവി ദേവേഷു വാ പുനഃ
സത്ത്വം പ്രകൃതിജൈർമുക്തം യദേഭിഃ സ്യാത്ത്രിഭിർഗുണൈഃ.**

*അർഥം: ഈ ഭൂമിയിലോ, ദ്യുലോകത്തിലോ അഥവാ പ്രകൃതിയിൽ ഉത്പന്നമായ ജഡപദാർഥങ്ങളിലോ (ദേവതകളിലോ) മറ്റെവിടെയെങ്കിലുമോ ഈ പ്രകൃതിയിൽനിന്ന് ജനിച്ച മൂന്ന് ഗുണങ്ങളല്ലാതെ മറ്റൊന്നുമില്ല.*

41. **ബ്രാഹ്മണക്ഷത്രിയവിശാം ശൂദ്രാണാം ച പരന്തപ
കർമാണി പ്രവിഭക്താനി സ്വഭാവപ്രഭവൈർഗുണൈഃ.**

*അർഥം: ഹേ പരന്തപാ, ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിവരുടെ കർമങ്ങൾ സ്വഭാവത്തിൽനിന്ന് രൂപംകൊള്ളുന്നു. അവ സത്ത്വരജസ്തമോഗുണങ്ങളാൽ വേർതിരിച്ചിരിക്കുന്നു.*

ഭാഷ്യം: ഇക്കാര്യം നേരത്തെ (ഗീത 4.13) ചർച്ച ചെയ്തുകഴിഞ്ഞതാണ്. വർണം സ്വഭാവത്താൽ ഉത്പന്നമാകുന്നതാണ്. എന്നാൽ സ്വഭാവം ജന്മനാ ഉണ്ടാകുന്നതല്ല. അങ്ങനെയെങ്കിൽ ബ്രാഹ്മണന്റെ സന്താനം ഒരിക്കലും അധർമചാരിയാവാൻ പാടില്ലാത്തതാണ്. ക്ഷത്രിയന്റെ മകൻ സംന്യാസിയുമാകാൻ പാടില്ല. വിദ്യാഭ്യാസം, പരിതഃസ്ഥിതി എന്നിവയ്ക്കനുസരിച്ചാണ് സ്വഭാവം രൂപവത്കരിക്കപ്പെടുന്നത്. ഗുരുകുലപഠനത്തിനുശേഷം ഓരോ വ്യക്തിയും തനിക്ക് അനുരൂപമായ വർണത്തെ വരിക്കുന്നു.

**42. ശമോ ദമസ്തപഃ ശൗചം ക്ഷാന്തിരാർജവമേവ ച**
**ജ്ഞാനം വിജ്ഞാനമാസ്തിക്യം ബ്രഹ്മകർമ സ്വഭാവജമ്.**

*അർഥം: ശമം, ദമം, തപസ്സ്, ശൗചം, ക്ഷമാശീലം, വക്രതയില്ലായ്മ, ജ്ഞാനം, വിജ്ഞാനം, ആസ്തിക്യം എന്നിവയെല്ലാം സ്വാഭാവികമായ ബ്രാഹ്മണകർമമാകുന്നു.*

ഭാഷ്യം: ധർമത്തിന്റെ ലക്ഷണം മനുസ്മൃതിയിൽ പറഞ്ഞിട്ടുണ്ട്. അതിവിടെ പകർത്താം.

**ധൃതിഃ ക്ഷമാ ദമോഽസ്തേയം ശൗചമിന്ദ്രിയനിഗ്രഹഃ**
**ധീർവിദ്യാ സത്യമക്രോധോ ദശകം ധർമലക്ഷണമ്.** (മനുസ്മൃതി 6.92)

അർഥം: തുഷ്ടി, ക്ഷമ, മനോനിയന്ത്രണം, മറ്റുള്ളവരുടേത് അപഹരിക്കാതിരിക്കൽ, ബാഹ്യാഭ്യന്തരശുചിത്വം, വിഷയങ്ങളിൽനിന്ന് ഇന്ദ്രിയങ്ങളെ നിയന്ത്രിക്കൽ, ധീ=ശാസ്ത്രജ്ഞാനം, വിദ്യ=ആത്മജ്ഞാനം, സത്യം, ക്ഷോഭിക്കാതിരിക്കൽ എന്നിവ പത്തുമാണ് ധർമസ്വരൂപം.

മനുവിന്റെ ഈ വചനത്തിന് അപ്പുറമൊന്നും ശ്രീകൃഷ്ണൻ ഇവിടെ പറഞ്ഞിട്ടില്ല. വേദാദിശാസ്ത്രങ്ങളും മനുസ്മൃതിയും പഠിക്കാതെ ഗീത മനസ്സിലാക്കാനാവില്ലെന്ന് സ്ഥാലീപുലാകന്യായേന പറഞ്ഞുവെന്നു മാത്രം. ആസ്തിക്യബുദ്ധിയെക്കുറിച്ചും മനുവിന്റെ ഭാവംതന്നെയാണ് ഭഗവാൻ വ്യാസനും സ്വീകരിച്ചത്. വേദത്തെ നിന്ദിക്കുന്നവനെയാണ് നാസ്തികനെന്ന് മഹർഷി മനു വിളിച്ചത്.(12) ആസ്തിക്യമെന്നാൽ വേദത്തെ ആദരിക്കുന്നത് എന്നർഥം. മനു പറയുന്നു:

**ശ്രുതിസ്മൃത്യുദിതം ധർമമനുതിഷ്ഠൻ ഹി മാനവഃ**
**ഇഹ കീർതിമവാപ്നോതി പ്രേത്യ ചാനുത്തമം സുഖമ്.**

(മനുസ്മൃതി 2.9)

12. 'നാസ്തികോ വേദനിന്ദകഃ' (മനുസ്മൃതി 2.11)

അർഥം: ശ്രുതിയിലും സ്മൃതിയിലും വിധിച്ചിരിക്കുന്ന ധർമമനുഷ്ഠിക്കുന്ന മാനവൻ ഇഹലോകത്ത് കീർത്തിയും പരലോകത്തിൽ ഉന്നതമായ സുഖത്തെയും കൈവരിക്കുന്നു. ഇതേ ചിന്തയാണ് വ്യാസനും ഗീതയിൽ തുറന്നുകാട്ടുന്നത്.

**43. ശൗര്യം തേജോ ധൃതിർദാക്ഷ്യം യുദ്ധേ ചാപ്യപലായനമ്**
**ദാനമീശ്വരഭാവശ്ച ക്ഷാത്രം കർമ സ്വഭാവജമ്.**

*അർഥം: ശൂരത (സാമർഥ്യശക്തി), ബ്രഹ്മചര്യം തുടങ്ങിയവ പാലിക്കുന്നതിന്റെ ഫലമായി ശാരീരികവും മാനസികവുമായി നേടുന്ന തേജസ്വിത, വിപരീത പരിതഃസ്ഥിതികളിലും ധീരതയോടെ ഇരിക്കുന്നതിനുള്ള 'ധൃതി', ഉറച്ച മനസ്സ് (ദക്ഷത), യുദ്ധത്തിൽ പിന്തിരിഞ്ഞോടാതിരിക്കൽ, ദാനം, ഈശ്വരനിൽ ശ്രദ്ധ എന്നിവയാണ് ക്ഷത്രിയന്റെ സ്വഭാവകർമങ്ങൾ.*

ഭാഷ്യം:'**ബാഹൂ രാജന്യഃ കൃതഃ**' (യജുർവേദം 31.11) എന്നാണ് ശ്രുതിപ്രമാണം. ഈശ്വരസൃഷ്ടിയിൽ ഭുജങ്ങൾക്ക് സമാനം ബലപരാക്രമങ്ങളാൽ യുക്തനായ ക്ഷത്രിയനെ ഉണ്ടാക്കിയെന്നർഥം.

ഇതേ കാര്യങ്ങളൊക്കെ മനുസ്മൃതിയിൽ പറഞ്ഞതു കാണാം.

**പ്രജാനാം രക്ഷണം ദാനമിജ്യാഽധ്യയനമേവ ച**
**വിഷയേഷ്വപ്രസക്തിശ്ച ക്ഷത്രിയസ്യ സമാസതഃ.** (മനുസ്മൃതി 1.89)

പ്രജാപരിപാലനം, ദാനം, യജ്ഞം, വേദാധ്യയനം എന്നിവയാണ് ചുരുക്കത്തിൽ ക്ഷാത്രധർമം. വിഷയഭോഗങ്ങളിൽ അവർ ആസക്തരുമാകരുത്.

**44. കൃഷിഗൗരക്ഷ്യവാണിജ്യം വൈശ്യകർമ സ്വഭാവജമ്**
**പരിചര്യാത്മകം കർമ ശൂദ്രസ്യാപി സ്വഭാവജമ്.**

*അർഥം: കൃഷി, ഗോരക്ഷ, വാണിജ്യം എന്നിവ സ്വാഭാവികമായ വൈശ്യകർമങ്ങളാകുന്നു. പരിചരണമാണ് ശൂദ്രന്റെ സ്വാഭാവികമായ കർമം.*

ഭാഷ്യം: യജുർവേദത്തിൽ (31.11) ആരംഭിക്കുന്ന വർണവിവരണം മനുസ്മൃതിയിൽ കൂടുതൽ പ്രകടമായിരിക്കുന്നെന്ന് പറഞ്ഞുവല്ലോ. മനു പറയുന്നതുകൂടി കേൾക്കുക:

**പശൂനാം രക്ഷണം ദാനമിജ്യാധ്യയനമേവ ച**
**വണിക് പഥം കസീദം ച വൈശസ്യ കൃഷിമേവ ച** (മനുസ്മൃതി 1.90)

അർഥം: ഗോരക്ഷ, ദാനം, യജ്ഞം, വേദാധ്യയനം, വാണിജ്യം, ധനവ്യാപാരം, കൃഷി എന്നിവയാണ് വൈശ്യധർമങ്ങൾ.

**ഏകമേവ തു ശൂദ്രസ്യ പ്രഭുഃ കർമ സമാദിശത്**
**ഏതേഷാമേവ വർണാനാം ശുശ്രൂഷാമനസൂയയാ.** (മനുസ്മൃതി 1.91)

ബ്രഹ്മാവ് ഒരേയൊരു കർമമാണ് ശൂദ്രന് കല്പിച്ചത്. മറ്റ് മൂന്ന് വർണങ്ങളിൽപ്പെട്ടവരെയും അസൂയയില്ലാതെ സേവിക്കലാണത്.

ഇതാണ് ഗീതശ്ലോകത്തിലുള്ളത്. ഇവിടെ വർണം ജാതിയല്ലെന്ന് തീർത്തും ബോധ്യമുണ്ടാവണം. ജന്മനായുള്ള ജാതിയായി ഈ വർണചിന്തയെ കാണുകയേ അരുത്. നേരത്തെ 4-ാം അധ്യായത്തിന്റെ വ്യാഖ്യാനത്തിൽ ഇക്കാര്യമെല്ലാം സുതരാം വ്യാഖ്യാനിച്ചത് ഓർക്കുമല്ലോ.

**45. സ്വേ സ്വേ കർമണ്യഭിരതഃ സംസിദ്ധിം ലഭതേ നരഃ**
**സ്വകർമനിരതഃ സിദ്ധിം യഥാ വിന്ദതി തച്ഛൃണു.**

*അർഥം: അവനവന്റെ സ്വഭാവകർമത്തിൽ താത്പര്യപൂർവം പ്രവർത്തിക്കുന്നവൻ സിദ്ധിയെ പ്രാപിക്കുന്നു. സ്വകർമനിരതൻ എങ്ങനെയാണ് സിദ്ധിയെ പ്രാപിക്കുന്നതെന്നു കേട്ടാലും.*

**46. യതഃ പ്രവൃത്തിർഭൂതാനാം യേന സർവമിദം തതമ്**
**സ്വകർമണാ തമഭ്യർച്യ സിദ്ധിം വിന്ദതി മാനവഃ.**

*അർഥം: ഏതൊന്നിൽനിന്നാണോ ഈ പ്രപഞ്ചവും ജീവരാശിയും ആവിർഭവിച്ചത്, ആരാണോ ഈ ജഗത്ത് മുഴുവൻ വ്യാപി*

*ച്ചിരിക്കുന്നത്, ആ ഈശ്വരനെ തന്റെ പ്രവൃത്തികൊണ്ട് ആരാധിച്ചാൽ പരമസിദ്ധി പ്രാപിക്കുന്നു.*

ഭാഷ്യം: സമ്പൂർണ ഭഗവദ്ഗീതയുടെയും സാരസർവസ്വമാണ് ഈ ശ്ലോകം. സർവത്ര വ്യാപിച്ചിരിക്കുന്നവനും ഈ ജീവരാശിയുടെ സ്വാമിയുമായ പരമാത്മാവിനെ സ്വകർമംകൊണ്ട് ഉപാസിക്കണം. ശരീരത്തിൽ ആത്മാവ് വർത്തിക്കുന്നത് ആ പരമാത്മാവിന്റെ നിയമത്താലാണ്. പരമാത്മാവിനെ പൂജിക്കുകയാണ് സ്വകർമത്താൽ ആത്മാവ് ചെയ്യേണ്ടത്. നമ്മുടെ ഇന്ദ്രിയങ്ങൾ ഓരോന്നും സ്വകർമം ചെയ്തുകൊണ്ട് പരമാത്മപൂജ ചെയ്യുന്നു. എപ്പോഴെങ്കിലും ആ പൂജ മുടങ്ങുമ്പോൾ അതിനെ നാം വിളിക്കുന്ന പേരാണ് രോഗം.

ബാഹ്യജഗത്തിന്റെ ഉള്ളിൽ സൂര്യൻ, ചന്ദ്രൻ, വായു, ജലം എന്നിത്യാദി ജഡദേവതകളും സ്വധർമം അക്ഷീണം ചെയ്തുകൊണ്ടിരിക്കുന്നു. സ്വധർമം അനുഷ്ഠിക്കലാണ് ഏറ്റവും വലിയ ഈശ്വരപൂജ. അല്ലാതെ കുറേ പൂക്കൾ പ്രതിമയിൽ കൊണ്ടിടുന്നതല്ല. സർവത്ര വ്യാപിച്ച ഭഗവാന് ഈ പൂക്കളുടെ ആവശ്യമില്ലെന്നറിയുക.

**'സ്വധർമേ നിധനം ശ്രേയഃ'** (ഗീത 3.35) എന്ന് ഭഗവാൻ ശ്രീകൃഷ്ണൻ നേരത്തെ പറഞ്ഞത് ഓർമിപ്പിച്ചുവെന്നു മാത്രം.

47. **ശ്രേയാൻ സ്വധർമോ വിഗുണഃ പരധർമാത് സ്വനുഷ്ഠിതാത്**
**സ്വഭാവനിയതം കർമ കുർവന്നാപ്നോതി കില്ബിഷമ്.**

48. **സഹജം കർമ കൗന്തേയ സദോഷമപി ന ത്യജേത്**
**സർവാരംഭാ ഹി ദോഷേണ ധൂമേനാഗ്നിരിവാവൃതാഃ.**

49. **അസക്തബുദ്ധിഃ സർവത്ര ജിതാത്മാ വിഗതസ്പൃഹഃ**
**നൈഷ്കർമ്യസിദ്ധിം പരമാം സന്ന്യാസേനാധിഗച്ഛതി.**

*അർഥം: നന്നായി അനുഷ്ഠിക്കുന്ന അന്യ ധർമത്തേക്കാൾ, അല്പം ഗുണം കുറവാണെങ്കിലും സ്വധർമമാണ് ശ്രേഷ്ഠമായത്. കാരണം സ്വാഭാവികമായ കർത്തവ്യകർമത്തെ ചെയ്യുന്നവന് പാപം ഏൽക്കുന്നില്ല. (47)*

*അല്ലയോ കൗന്തേയാ, സഹജമായ കർമത്തെ, അത് ദോഷമുള്ളതാണെങ്കിൽ കൂടിയും ത്യജിക്കരുത്. കാരണം എല്ലാ കർമങ്ങളും പുകമൂടിയ തീപോലെയാണ്. (48)*

*ഒന്നിലും ആസക്തിയില്ലാത്ത ബുദ്ധിയോടുകൂടിയവനും മനസ്സിനെ നിയന്ത്രിച്ചവനും ഒന്നിലും ആഗ്രഹമില്ലാത്തവനുമായ മനുഷ്യൻ സന്ന്യാസത്താൽ പരമമായ ബ്രഹ്മത്തെ പ്രാപിക്കുന്നു. (49)*

ഇപ്പറഞ്ഞതും മനുസ്മൃതിയിൽ പറഞ്ഞതുതന്നെയാണ്. 'ഇന്ദ്രിയങ്ങൾ വിഷയങ്ങളിൽ ആസക്തമാകുന്നതുകൊണ്ട് ദൃഷ്ടവും അദൃഷ്ടവുമായ വിവിധ ദോഷങ്ങൾ ഉണ്ടായിത്തീരുന്നു. സംശയമില്ല. അതിനാൽ വേണ്ടുംവണ്ണം അതിനെ നിയന്ത്രിച്ചാൽ അഭീഷ്ടസിദ്ധികൾ പ്രാപ്തമാകുന്നു.' (മനുസ്മൃതി 2.93)

50. **സിദ്ധിം പ്രാപ്തോ യഥാ ബ്രഹ്മ തഥാപ്നോതി നിബോധ മേ**
**സമാസേനൈവ കൗന്തേയ നിഷ്ഠാ ജ്ഞാനസ്യ യാ പരാ.**

*അർഥം: അല്ലയോ കൗന്തേയാ, പരമസിദ്ധിയെ പ്രാപിച്ചയാൾ ബ്രഹ്മാവസ്ഥയെ ഏതു രീതിയിലാണ് കൈവരിക്കുക എന്ന് ചുരുക്കി പറയാം. അത് നീ കേട്ടുകൊൾക.*

51. **ബുദ്ധ്യാ വിശുദ്ധയാ യുക്തോ ധൃത്യാത്മാനം നിയമ്യ ച**
**ശബ്ദാദീൻ വിഷയാംസ്ത്യക്ത്വാ രാഗദ്വേഷൗ വ്യുദസ്യ ച.**

52. **വിവിക്തസേവീ ലഘ്വാശീ യതവാക്കായമാനസഃ**
**ധ്യാനയോഗപരോ നിത്യം വൈരാഗ്യം സമുപാശ്രിതഃ.**

53. **അഹങ്കാരം ബലം ദർപം കാമം ക്രോധം പരിഗ്രഹമ്**
**വിമുച്യ നിർമമഃ ശാന്തോ ബ്രഹ്മഭൂയായ കല്പതേ.**

*അർഥം: വിശുദ്ധമായ ബുദ്ധിയോടുകൂടിയവനായി ധൈര്യത്താൽ മനസ്സിനെ നിയന്ത്രിക്കുകയും ചെയ്തിട്ട്, ശബ്ദാദിവിഷയങ്ങളെ ത്യജിച്ച്, രാഗദ്വേഷങ്ങളെ തിരസ്കരിച്ച്, (51)*

*ഏകാന്തസ്ഥലത്ത് വസിച്ചുകൊണ്ട്, അല്പാഹാരിയായി, വാക്, ശരീരം, മനസ്സ് എന്നിവയെ നിയന്ത്രിക്കുകയും, നിത്യവും ധ്യാനനിഷ്ഠനായി വൈരാഗ്യത്തെ മുറുകെപ്പിടിക്കുകയും, (52)*
*അഹങ്കാരം, ബലം, ദർപ്പം (ദേഹാഭിമാനജന്യമായ മദം), കാമം, ക്രോധം, കൂടുതൽ ധനം എന്നിവയെ വെടിഞ്ഞ് ഒന്നിനോടും മമതാഭാവമില്ലാതെ ശാന്തനായി വർത്തിക്കുന്ന പുരുഷൻ ബ്രഹ്മസാക്ഷാത്കാരത്തിന് അർഹനാകുന്നു. (53)*

ഭാഷ്യം: ഇക്കാര്യങ്ങളെല്ലാം നേരത്തേ വിശദീകരിച്ചു പറഞ്ഞതാണ്. ഗീതയുടെ അവസാന അധ്യായമായതിനാൽ ആകെയുള്ള ഗ്രന്ഥത്തിന്റെ സ്വത്വത്തെ സമാഹരിച്ച് വെളിവാക്കുകയാണിവിടെ. യോഗദർശനത്തിൽ പതഞ്ജലിമുനി നൽകിയ നിർദ്ദേശങ്ങളാണ് ഇവിടെ സമ്പൂർണമായും നാം ദർശിക്കുന്നത്.

54. **ബ്രഹ്മഭൂതഃ പ്രസന്നാത്മാ ന ശോചതി ന കാങ്ക്ഷതി**
**സമഃ സർവേഷു ഭൂതേഷു മദ്ഭക്തിം ലഭതേ പരാമ്.**

*അർഥം: ബ്രഹ്മത്തിന്റെ ഗുണങ്ങളെ വരിക്കുന്ന പ്രസന്നചിത്തൻ ഒരിക്കലും ദുഃഖിക്കുന്നില്ല. ആഗ്രഹിക്കുന്നുമില്ല. സർവചരാചരങ്ങളിലും സമഭാവനയോടുകൂടിയുള്ള അവൻ പരമമായ എന്റെ ഭക്തിയെ നേടുന്നു.*

ഭാഷ്യം: നിർഗുണോപാസന ആയതിനാലാണ് ഈ ഭക്തിയെ പരമമായ ഭക്തി എന്നു വിളിച്ചത്. തുടർന്ന് നാല് വിധത്തിലുള്ള ഭക്തികളെ നിരൂപണം ചെയ്യുന്നുണ്ട്. അവയേക്കാളെല്ലാം മികച്ചതാകയാൽ 'പരാ' എന്ന് ഇവിടെ ഉപയോഗിച്ചു.

55. **ഭക്ത്യാ മാമഭിജാനാതി യാവാൻ യശ്ചാസ്മി തത്ത്വതഃ**
**തതോ മാം തത്ത്വതോ ജ്ഞാത്വാ വിശതേ തദനന്തരമ്.**

*അർഥം: (കഴിഞ്ഞ ശ്ലോകത്തിൽ പറഞ്ഞ ആ പരമമായ) ഭക്തി കൊണ്ട് എന്റെ തത്ത്വത്തെ അതായത് ഞാൻ എങ്ങനെ യുള്ളവനെന്നും ആരാണെന്നുമൊക്കെ അറിയുന്നവൻ അതറിഞ്ഞശേഷം എന്നിൽ പ്രവേശിക്കുന്നു.*

56. **സർവകർമാണ്യപി സദാ കുർവാണോ മദ്വ്യപാശ്രയഃ**
**മത്പ്രസാദാദവാപ്നോതി ശാശ്വതം പദമവ്യയമ്.**

*അർഥം: സകലകർമങ്ങളും എന്നെ ആശ്രയിച്ച് ചെയ്തുകൊണ്ടിരി ക്കുന്നവൻ എന്റെ പ്രസാദത്താൽ ശാശ്വതവും നാശരഹി തവുമായ പദത്തെ പ്രാപിക്കുന്നു.*

57. **ചേതസാ സർവകർമാണി മയി സന്ന്യസ്യ മത്പരഃ**
**ബുദ്ധിയോഗമുപാശ്രിത്യ മച്ചിത്തഃ സതതം ഭവ.**

*അർഥം: മനസ്സുകൊണ്ട് എല്ലാ കർമങ്ങളും എന്നിൽ സമർപ്പിച്ചിട്ട് നിഷ്കാമകർമമാകുന്ന ബുദ്ധിയോഗത്തോടെ എന്നെ ആശ്രയിച്ച് സദാ എന്നിൽത്തന്നെ മനസ്സിനെ ഉറപ്പിക്കുക.*

58. **മച്ചിത്തഃ സർവദുർഗാണി മത്പ്രസാദാത്തരിഷ്യസി**
**അഥ ചേത്ത്വമഹങ്കാരാന്ന ശ്രോഷ്യസി വിനങ്ക്ഷ്യസി.**

*അർഥം: എന്റെ അനുഗ്രഹം കാരണം, എന്നിൽ മനസ്സ് ഉറപ്പിച്ചിരി ക്കുന്ന നീ സർവപ്രതിബന്ധങ്ങളെയും വിഷമങ്ങളെയും തരണം ചെയ്യും. എന്നാൽ, അഹങ്കാരംമൂലം അത് കേൾക്കാതിരുന്നാൽ നാശമായിരിക്കും നിന്റെ ഗതി.*

ഭാഷ്യം: ഇവിടെ 'മച്ചിത്തഃ' എന്നൊക്കെ പറയുന്നത് നിരന്തരം ചിത്തം പരമാത്മാവിൽ ഉറപ്പിച്ചവൻ എന്ന അർഥത്തിലാണ്. 'മാം', 'മത്' എന്നി വയാകട്ടെ 'പരമാത്മാ' എന്നർഥത്തിലുമാണ്. 46-ാം ശ്ലോകത്തിൽ പറ ഞ്ഞപോലെ സർവത്ര വ്യാപിച്ചിരിക്കുന്ന ഈശ്വരൻ എന്ന യോഗാത്മക മായ അർഥത്തിലാണ് ഗീതാകാരൻ പറഞ്ഞതെന്ന് അർഥം. ആ പരമാ ത്മാവിനെ നേടുമ്പോഴാണ് സർവദുർഗമങ്ങളും സുഗമങ്ങളായിത്തീരു

ന്നത്. എന്നാൽ അർജ്ജുനൻ ക്ഷത്രിയനാകയാൽ ബ്രഹ്മജ്ഞാനത്തിന് അധികാരിയല്ലെന്നും അതിനാൽ ദാസഭാവത്തിൽ ഉപദേശം നൽകുകയാണെന്നുംമറ്റും ചിലർ വ്യാഖ്യാനിക്കാറുണ്ട്. അത് ശരിയല്ലെന്ന് തുടർന്നുവരുന്ന ശ്ലോകങ്ങൾ പഠിക്കുമ്പോൾ മനസ്സിലാകും.

59. **യദഹങ്കാരമാശ്രിത്യ ന യോത്സ്യ ഇതി മന്യസേ**
**മിഥ്യൈഷ വ്യവസായസ്തേ പ്രകൃതിസ്ത്വാം നിയോക്ഷ്യതി.**

*അർഥം: അഹങ്കാരംമൂലം "ഞാൻ യുദ്ധം ചെയ്യുന്നില്ല" എന്ന് നീ വിചാരിച്ചിരിക്കുകയാണല്ലൊ! നിന്റെ ഈ നിശ്ചയം മിഥ്യയാകുന്നു. നിന്റെ ക്ഷാത്രധർമസ്വഭാവം നിന്നെക്കൊണ്ട് യുദ്ധം ചെയ്യിപ്പിക്കും.*

60. **സ്വഭാവജേന കൗന്തേയ നിബദ്ധഃ സ്വേന കർമണാ**
**കർതും നേച്ഛസി യന്മോഹാത്കരിഷ്യസ്യവശോഽപി തത്.**

*അർഥം: അല്ലയോ കൗന്തേയാ, വ്യാമോഹത്താൽ സ്വധർമമനുസരിച്ചുള്ള കർമങ്ങൾ ചെയ്യാൻ മടിക്കുകയാണെങ്കിൽകൂടിയും പിന്നീടത് സ്വഭാവപ്രേരിതനായിട്ട് ചെയ്യേണ്ടതായിവരും.*

61. **ഈശ്വരഃ സർവഭൂതാനാം ഹൃദ്ദേശേഽർജുന തിഷ്ഠതി**
**ഭ്രാമയൻ സർവഭൂതാനി യന്ത്രാരൂഢാനി മായയാ.**

*അർഥം: അല്ലയോ അർജുനാ, ശരീരമാകുന്ന യന്ത്രത്തിൽ ആരൂഢരായിരിക്കുന്ന പ്രാണികളെ തന്റെ പ്രകൃതിരൂപമാകുന്ന മായയാൽ വട്ടം കറക്കിക്കൊണ്ട് ഈശ്വരൻ അവരുടെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്നു.*

ഭാഷ്യം: 'മായ' എന്നതിന് ഇവിടെ പ്രകൃതി എന്ന് അർഥമെടുക്കണം. **'യഃ പൃഥിവ്യാം തിഷ്ഠൻ'** (ബൃഹദാരണ്യകോപനിഷത്ത് 3.7.3) എന്ന മട്ടിലാണ് ഇവിടെയും പറഞ്ഞിരിക്കുന്നത്. ഋഗ്വേദത്തിൽ പറഞ്ഞിരിക്കുന്നതുപോലെ പ്രകൃതിയുടെയും ജീവാത്മാക്കളുടെയും സ്വാമിയാണ് പരമാത്മാവ്.

**ഇയം വിസൃഷ്ടിര്യത ആബഭൂവ**
**യദി വാ ദധേ യദി വാ ന**
**യോ അസ്യാധ്യക്ഷഃ പരമേ വ്യോമൻത്സോ**
**അങ്ഗ വേദ യദി വാ ന വേദ.** (ഋഗ്വേദം 10.129.7)

അർഥം: ഈ വിവിധതരത്തിലുള്ള സൃഷ്ടി ഏതൊരു മൂലതത്ത്വത്തെ പ്രകടിപ്പിക്കുന്നുവോ, ഈ ജഗത്തിനെ ആര് ധാരണം ചെയ്തിരിക്കുന്നുവോ, എന്നാൽ ഏതൊന്നിനെ ആരും ധാരണം ചെയ്യുന്നില്ലയോ അവന്റെ അധ്യക്ഷതയിൽ സർവതും പ്രകാശമാനമായിരിക്കുന്നു. അല്ലയോ വിദ്വാന്മാരേ, ആ പരമാത്മാവ് സർവതത്ത്വങ്ങളും അറിഞ്ഞവനാണ്.

**'സർവഭൂതാനി യന്ത്രാരൂഢാനി'** എന്ന ഗീതാവചനം വേദതത്ത്വമാണ്. ഈശ്വരൻ കർമാനുസാരം ജീവികൾക്ക് പ്രത്യേകം പ്രത്യേകം യോനികളിൽ വിവിധ രൂപത്തിൽ പിറക്കാൻ സാഹചര്യമൊരുക്കുന്നു. ഋഗ്വേദംതന്നെ ഇതേ കാര്യം പറഞ്ഞിട്ടുണ്ട്. 'അനേകവിധത്തിലുള്ള പ്രാണികളെ അവരുടെ കർമാനുസാരം വിവിധ യോനികളിൽ ജന്മം നൽകി വിവിധ തരത്തിലുള്ള ഇന്ദ്രിയങ്ങൾ നൽകി ഭഗവാൻ വിസ്തൃതമായ ഈ പ്രപഞ്ചത്തെ രചിച്ചു.' ആ മന്ത്രം കാണുക:

**സഹസ്രധാ പഞ്ചദശാന്യുക്ഥാ**
**യാവദ് ദ്യാവാപൃഥിവീ താവദിത്തത്**
**സഹസ്രധാ മഹിമാനഃ സഹസ്രം**
**യാവദ്ബ്രഹ്മ വിഷ്ഠിതം താവതീ വാക്.** (ഋഗ്വേദം 10.114.8)

കർമഫലം ഭോഗിക്കുന്നതിനുവേണ്ടിയാണ് മനുഷ്യശരീരം ജീവാത്മാവ് ധാരണം ചെയ്യുന്നതെന്നും ഋഗ്വേദം വിസ്തരിച്ച് പറയുന്നുണ്ട്. 'മനുഷ്യൻ പൂർവകർമാനുസാരം പാപകർമങ്ങളുടെ ഫലമായ ദുഃഖത്തെ ഭോഗിക്കുന്നു. വീണ്ടും പാപവാസനയിൽ മുഴുകി ദൂഷിതമായ കർമങ്ങൾ ചെയ്യാൻ ഇടവരുന്നു. എന്നാൽ വേദാദിശാസ്ത്രങ്ങൾ പഠിച്ച് ഈശ്വരനെ അറിയുന്നതിലൂടെ ദുഃഖങ്ങളെ ഇല്ലാതാക്കി ഭവസാഗരം

താണ്ടാനുള്ള അവസരം പരമേശ്വരൻ നൽകുന്നു.' (ഋഗ്വേദം 10.135. 1, 2, 3, 4 മന്ത്രങ്ങൾ).

ഈശ്വരൻ പ്രകൃതിയുടെ മൂന്നു ഗുണങ്ങളാലാണ് സംസാരം രചിച്ചത്. ഇതേ പ്രകൃതിയിൽനിന്നും ഉത്പന്നമായ പൃഥിവി, വായു, അഗ്നി, ജലം, ആകാശം എന്നീ തത്ത്വങ്ങളിലൂടെ ശരീരരചനയും നടത്തി. കർമാനുസാരം ഈ ശരീരം ലഭിച്ച ജീവാത്മാവ് ഈശ്വരവ്യവസ്ഥയിൽ സുഖദുഃഖങ്ങൾ, ചിന്തകൾ, രോഗങ്ങൾ, ഭോഗങ്ങൾ എന്നിവയെല്ലാം അനുഭവിക്കുന്നു. ചിലപ്പോൾ ചിരിക്കുന്നു, ചിലപ്പോൾ കരയുന്നു. ഇതാണ് 'മായയാ' എന്നതുകൊണ്ട് അർഥമാക്കുന്നത്. അല്ലാതെ ഇല്ലാത്തതെന്നോ ഭ്രമാത്മികമായതെന്നോ ഉള്ള അർഥം ഇവിടെ 'മായ' എന്ന ശബ്ദത്തിന് ഇല്ല.

ഇതേ അർഥത്തിൽ വേദങ്ങളിലും 'മായാ'ശബ്ദം കടന്നുവന്നിട്ടുണ്ട്. അഥർവവേദത്തിൽ പ്രകൃതിയുടെ മഹത്തത്ത്വത്തിൽ ഉത്പന്നമാകുന്ന 'മായാ' എന്ന ബുദ്ധിയെക്കുറിച്ച് വർണിച്ചിട്ടുള്ളതു കാണാം.

**ബൃഹതീ പരി മാത്രായാ മാതുര്മാത്രാധി നിര്മാതാ**
**മായാ ഹ ജജ്ഞേ മാത്രായാ മായായാ മാതലീ പരി.**

(അഥർവവേദം 8.9.5)

അർഥം: 'മഹത്തത്ത്വം പ്രകൃതിയിൽനിന്നുതന്നെ നിർമിക്കപ്പെട്ടതാണ്. ഈ പ്രപഞ്ചത്തിന്റെ നിർമാതാവായ പ്രഭുവിന്റെ അധ്യക്ഷതയിൽ പ്രകൃതിയാണ് ഈ മഹത്തത്ത്വരൂപമായ സന്താനത്തിന് ജന്മം നൽകിയത്. തീർച്ചയായും (**മായാ**=) പ്രജ്ഞ (**ഹ**=) തീർച്ചയായും (**മായായാഃ ജജ്ഞേ**=) പ്രജ്ഞയിൽനിന്നുതന്നെ പ്രാദുർഭൂതമായി. പ്രഭു അതിനും മീതെയാണ്.

ഇതേ കാര്യം ഗുണത്രയവിഭാഗയോഗത്തിൽ (14.3) ഭഗവാൻ ശ്രീകൃഷ്ണൻ പറഞ്ഞത് അനുവാചകർ കൂട്ടിവായിക്കുക.

62. **തമേവ ശരണം ഗച്ഛ സർവഭാവേന ഭാരത**
**തത്പ്രസാദാത്പരാം ശാന്തിം സ്ഥാനം പ്രാപ്സ്യസി ശാശ്വതമ്.**

*അർഥം: ഹേ ഭരതവംശിയായ അർജുനാ, എല്ലാ തരത്തിലും ആ പരമേശ്വരനെത്തന്നെ ശരണം പ്രാപിച്ചാലും. ആ പരമേശ്വരന്റെ അപരിമേയമായ കൃപയാൽ ശാന്തിയും, അനാദിയും അചലവുമായ സ്ഥാനവും പ്രാപ്തമാകുന്നു.*

ഭാഷ്യം: ഇവിടെ പറഞ്ഞ 'പരാം ശാന്തി' എന്നാൽ 'സമാധി' എന്നർഥമെടുക്കണം. യോഗശാസ്ത്രത്തിന്റെ ഒടുവിൽ ധർമമേഘസമാധി ലഭിക്കുന്നതിന്റെ ലക്ഷണങ്ങൾ വിവരിച്ചിട്ടുണ്ട്.[13] അതേപോലെ ഋഗ്വേദത്തിൽ പറഞ്ഞപോലെ '(സൂരയഃ=) യോഗികൾ (വിഷ്ണോഃ=) സർവവ്യാപകനായ ആനന്ദസ്വരൂപന്റെ (പരമം പദം=) പരമമായ ഏതൊരു പദമുണ്ടോ (സദാ=) അതിനെ എല്ലാ കാലത്തും (പശ്യന്തി=) കാണുന്നു.' ഋഗ്വേദമന്ത്രം കാണുക.

**'തദ്വിഷ്ണോഃ പരമം പദം സദാ പശ്യന്തി സൂരയഃ.'** (ഋഗ്വേദം 1.22.20)

ഇനി ഗീതാശാസ്ത്രത്തിന്റെ ഉപസംഹാരത്തിലേക്ക് കടന്നുകൊണ്ട് യോഗേശ്വരനായ ഭഗവാൻ ശ്രീകൃഷ്ണൻ വൈദികജ്ഞാനത്തിന്റെ മഹിമയെ ഉദ്ഘോഷിക്കുന്നത് കേട്ടുകൊൾക.

63. **ഇതി തേ ജ്ഞാനമാഖ്യാതം ഗുഹ്യാദ് ഗുഹ്യതരം മയാ**
**വിമൃശ്യൈതദശേഷേണ യഥേച്ഛസി തഥാ കുരു.**

*അർഥം: ഇങ്ങനെ രഹസ്യാതിരഹസ്യമായ ജ്ഞാനം നിനക്ക് ഞാൻ വെളിപ്പെടുത്തിത്തന്നിരിക്കുന്നു. ഇതിനെ നല്ലപോലെ വിമർശം അഥവാ വിചാരം ചെയ്ത് നീ എന്തു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുവോ അങ്ങനെതന്നെ പ്രവർത്തിക്കുക.*

ഭാഷ്യം: അഥർവത്തിലെ ഒന്നാംമന്ത്രത്തിൽതന്നെ വേദാന്തർഗതമായ ത്രൈതവാദം ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു. പരമാത്മാവ്, ജീവാത്മാവ്, പ്രകൃതി എന്നിവ മൂന്ന് അനാദിതത്ത്വങ്ങളാണ്. അവ പരസ്പരഭിന്ന

13. യോഗദർശനം 4.29, 30, 31 കാണുക.

ങ്ങളുമാണ്. ഈ ത്രിവിധതത്ത്വങ്ങളും അതീവരഹസ്യമാണ്. കർമം, ഉപാസന, ജ്ഞാനം എന്നീ അതിഗോപ്യമായ മൂന്ന് കാര്യങ്ങളെക്കുറിച്ച് വേദം ചർച്ച ചെയ്യുന്നുവെന്ന് മഹർഷി മനുവും പറഞ്ഞിട്ടുണ്ട്.[14]

64. **സർവഗുഹ്യതമം ഭൂയഃ ശൃണു മേ പരമം വചഃ**
**ഇഷ്ടോഽസി മേ ദൃഢമിതി തതോ വക്ഷ്യാമി തേ ഹിതമ്.**

*അർഥം: രഹസ്യങ്ങളിൽവെച്ച് പരമരഹസ്യമായ എന്റെ ഈ അത്യുത്തമമായ വാക്യം വീണ്ടും നീ കേൾക്കുക. എനിക്ക് നീ ഏറ്റവും പ്രിയനായതിനാൽ നിനക്ക് ഹിതമായത് ഞാൻ പറയുന്നു.*

65. **മന്മനാ ഭവ മദ്ഭക്തോ മദ്യാജീ മാം നമസ്കുരു**
**മാമേവൈഷ്യസി സത്യം തേ പ്രതിജാനേ പ്രിയോഽസി മേ.**

*അർഥം: എന്നിൽതന്നെ മനസ്സുറപ്പിച്ചവനായി,എന്നെപ്പോലെ യജ്ഞങ്ങൾ ചെയ്യുന്നവനായി എന്റെ ഭക്തനായി എന്നെ നമസ്കരിക്കുക. നീ അങ്ങനെ ചെയ്യുന്നപക്ഷം എന്നെത്തന്നെ പ്രാപിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. കാരണം നീ എനിക്ക് പ്രിയനാകുന്നു.*

ഭാഷ്യം: 'മന്മനാഃ ഭവ' എന്നാൽ എന്നിൽതന്നെ മനസ്സ് ഉറപ്പിച്ചവനാവുക എന്നർഥം. യോഗദർശനം പറയുന്നത് കാണുക:

**തദേവാർഥമാത്രനിർഭാസം സ്വരൂപശൂന്യമിവ സമാധിഃ.**

(യോഗസൂത്രം 3.3)

സമാധിയിൽ ഈശ്വരസ്വരൂപം മാത്രം പ്രകാശിക്കുന്ന ധ്യാനാവസ്ഥയാണ് ശ്രീകൃഷ്ണൻ ഇവിടെ സൂചിപ്പിക്കുന്നത്. സാധകന്റെ സ്വരൂപം പോലും ശൂന്യാവസ്ഥയിൽ എത്തിയതുപോലെയാകുന്നു. ആ അവസ്ഥയിൽ സ്വരൂപത്തെയും ഭൗതികശരീരത്തെയും മറന്നുപോകുന്നു.

14. മനുസ്മൃതി 1.23 കാണുക

അപ്പോൾ 'ബ്രഹ്മ ഇവ' അഥവാ 'സ്വയം ബ്രഹ്മ'മെന്ന പോലെ അനുഭവിക്കുന്നു. ഈ അവസ്ഥയെ അഥർവം പറയുന്നത് **'രൂപേണ ഇന്ദ്രഃ'** എന്നാണ്. അതായത് ബ്രഹ്മോപാസന ചെയ്ത് ജീവാത്മാവും ബ്രഹ്മത്തെപ്പോലെ ആയിത്തീരുന്നു. ബ്രഹ്മമായിത്തീരുന്നില്ല, 'പോലെ' ആയിത്തീരുമെന്ന് സാരം. കാരണം ബ്രഹ്മസായൂജ്യം ലഭിച്ചാലും ജീവാത്മാവിന് സൃഷ്ടി, സംഹാരം തുടങ്ങിയവ ചെയ്യാനുള്ള ഗുണങ്ങൾ ലഭിക്കുന്നില്ലെന്ന് ബ്രഹ്മസൂത്രവും സാക്ഷ്യപ്പെടുത്തുന്നുണ്ട്.[15]

നമസ്കരിക്കുക എന്നതുകൊണ്ട് കേവലം ശാരീരികനമസ്കാരമെന്ന് അർഥമെടുക്കരുത്. മറിച്ച് വൈദികസാധനകൊണ്ട് കർമ-ജ്ഞാനേന്ദ്രിയങ്ങളെയും മനസ്സ്, ബുദ്ധി എന്നിവയെയും വശത്താക്കി കാമ-ക്രോധാദികളെ അകറ്റി ഈശ്വരനുമുൻപിൽ വിനയാന്വിതനായിരിക്കുക എന്നാണ് നമസ്കരിക്കുക എന്നതിനർഥം. **'താം ആ വിവാസ നമസാ'** (ഋഗ്വേദം 10.63.5) **'നമോ ഭരന്ത ഏമസി'** (ഋഗ്വേദം 1.1.7) എന്നിവിടങ്ങളിലെല്ലാം നമസ്കാരത്തിന് ജ്ഞാനപൂർവമായ കർമങ്ങളാൽ വിനയാന്വിതനാവുക എന്നർഥമാണ് ഉള്ളത്. അല്ലാതെ ശ്രീകൃഷ്ണവിഗ്രഹംവെച്ച് അതിന് മുൻപിൽ വീണ് നമസ്കരിക്കുക എന്നർഥം ഒരു കാരണവശാലും എടുക്കരുത്. കാരണം അത് താമസികവൃത്തിയാണെന്ന് ഭഗവാൻതന്നെ ഇതേ അധ്യായത്തിൽ 22-ാം ശ്ലോകത്തിൽ പറഞ്ഞത് നാം കണ്ടതാണ്. ആ ഭഗവദ്മതത്തെ ശ്രീശങ്കരാചാര്യരും ബലപ്പെടുത്തിയത് അനുവാചകർക്കു മുൻപിൽ ഉദ്ധരിച്ചിട്ടുണ്ട്.

66. **സർവധർമാൻ പരിത്യജ്യ മാമേകം ശരണം വ്രജ**
**അഹം ത്വാ സർവപാപേഭ്യോ മോക്ഷയിഷ്യാമി മാ ശുചഃ.**

*അർഥം: അല്ലയോ അർജുനാ, വേദവിരുദ്ധമായ സർവധർമങ്ങളെയും പരിത്യജിച്ച് നീ എന്നിൽതന്നെ ശരണം പ്രാപിക്കുക. ഞാൻ നിന്നെ സർവപാപങ്ങളിൽനിന്നും മുക്തനാക്കാം. നീ ദുഃഖിക്കേണ്ട.*

---

15. *ജഗദ്വ്യാപാരവർജം പ്രകരണാദസംനിഹതത്ത്വാച്ച.* (ബ്രഹ്മസൂത്രം 4.17)

ഇവിടെ '**സർവധർമ**'മെന്ന വാക്ക് സൂചിപ്പിക്കുന്നത് അധർമത്തെ യാണ്. അല്ലാതെ വർണാശ്രമധർമങ്ങളല്ല. അങ്ങനെയെങ്കിൽ ഇതേ അധ്യായത്തിൽ,

**'ന ഹി ദേഹഭൃതാ ശക്യം ത്യക്തും കർമാണ്യശേഷതഃ.'** (18.11)

ശരീരം ധരിച്ച ഒരു മനുഷ്യനും എല്ലാ കർമങ്ങളെയും അശേഷം ഉപേക്ഷിക്കാൻ സാധിക്കില്ല എന്ന് പറയുമായിരുന്നില്ല.

ഇനി അതല്ല എല്ലാ ധർമങ്ങളും ഉപേക്ഷിച്ച് സംന്യാസത്തിലേക്ക് തിരിയാനുള്ള ഉപദേശമാണ് ചെയ്യുന്നതെന്ന് പറഞ്ഞാൽ അതും സ്വീകാര്യമല്ല. കാരണം ഗീതോപദേശം കേട്ടശേഷം അർജുനൻ സംന്യസിക്കാനല്ല, മറിച്ച് സ്വധർമാനുസാരം യുദ്ധത്തിന് ഇറങ്ങുകയാണ് ചെയ്തത്.

ഇങ്ങനെ ശ്രീകൃഷ്ണനെപ്പോലെയുള്ള യോഗികളെ ശരണം പ്രാപിക്കുക വഴി ജ്ഞാനം ലഭിക്കുന്നു. ആ ജ്ഞാനമാകട്ടെ 'ഏക'മായതിനെ ഉപാസിക്കാനുള്ളതാണുതാനും. **'അജ ഏകപാത്'** (ഋഗ്വേദം 6.50.14) എന്ന് ശ്രുതിപ്രമാണവുമുണ്ട്.

**യോ ഭൂതം ച ഭവ്യം ച സര്വം യശ്ചാധിതിഷ്ഠതി**
**സ്വര്യസ്യ ച കേവലം തസ്മൈ ജ്യേഷ്ഠായ ബ്രഹ്മണേ നമഃ.**

(അഥർവവേദം 10.8.1)

അർഥം: 'ഭൂതകാലത്ത് ഉണ്ടായിരുന്നതും ഭാവിയിൽ ഉണ്ടാകുന്നതും വർത്തമാനകാലത്ത് പ്രകാശം ചൊരിഞ്ഞുകൊണ്ട് സർവതിന്റെയും അധിഷ്ഠാനമായിരിക്കുന്നതുമായ ആ ഭഗവാൻ സദാ ആനന്ദം ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. ആ സർവശ്രേഷ്ഠനായ ബ്രഹ്മത്തിന് സാഷ്ടാംഗനമസ്കാരം.' അഥർവവേദത്തിലെ ജ്യേഷ്ഠബ്രഹ്മവർണനാസൂക്തം തുടങ്ങുന്നത് ഈ മന്ത്രത്തിലാണ്.

ഈ ജ്യേഷ്ഠബ്രഹ്മത്തിനെ ശരണം പ്രാപിക്കുന്നവർ പിന്നെ ഒന്നിനെയും ഭയപ്പെടേണ്ടതില്ല. ദുഃഖിക്കേണ്ടതുമില്ല. അങ്ങനെ ഈശ്വരനെ അഭയം പ്രാപിച്ചവന്റെ അവസ്ഥയെ അഥർവത്തിലെ മറ്റൊരു മന്ത്രം ചിത്രീകരിച്ചതു കാണുക:

**അഭയം നഃ കരത്യന്തരിക്ഷമഭയം ദ്യാവാപൃഥിവീ ഉഭേ ഇമേ**
**അഭയം പശ്ചാദഭയം പുരസ്താദുത്തരാദധരാദഭയം നോ അസ്തു.**
**അഭയം മിത്രാദഭയമമിത്രാദഭയം ജ്ഞാതാദഭയം പരോക്ഷാത്**
**അഭയം നക്തമഭയം ദിവാ നഃ സർവാ ആശാ മമ മിത്രം ഭവന്തു.**

(അഥർവം 19.15.5,6)

അർഥം: 'ഭഗവാന്റെ അനുഗ്രഹത്താൽ, അന്തരീക്ഷത്തിൽനിന്നോ മുന്നിൽനിന്നോ പിന്നിൽനിന്നോ ഭയമില്ലാതിരിക്കട്ടെ. മിത്രങ്ങളിൽനിന്ന് അഭയം ലഭിക്കട്ടെ. ശത്രുക്കളിൽനിന്ന് അഭയം ലഭിക്കട്ടെ. പ്രത്യക്ഷ മായോ പരോക്ഷമായോ ഭയമുണ്ടാകാതിരിക്കട്ടെ. പകലോ രാത്രിയോ ഭയമുണ്ടാകാതിരിക്കട്ടെ. സർവ ദിശകളിൽനിന്നും പ്രേമം കിനിഞ്ഞ് ഇറ ങ്ങുമാറാകട്ടെ. ഒരു നാശവുമില്ലാതിരിക്കട്ടെ. ഭഗവാന്റെ അനുഗ്രഹത്താൽ സർവദാ ഭയമില്ലാത്ത അവസ്ഥ ഉണ്ടാകട്ടെ.'

ഇതുതന്നെയാണ് '**മാ ശുചഃ**' എന്ന വാക്കിന് ഭഗവാൻ കൊടുക്കുന്ന അർഥവും. ധർമമേഘ സമാധിയിൽ എത്തുന്ന യോഗിക്ക് ക്ലേശത്തിന്റെ നിവൃത്തിയുണ്ടാവുമെന്ന് പതഞ്ജലി പറഞ്ഞതു കാണുക:

**തതഃ ക്ലേശകർമ നിവൃത്തിഃ.** (യോഗദർശനം 4.30)

മിഥ്യാജ്ഞാനമാണ് ജനനമരണരൂപത്തിലുള്ള സംസാരദുഃഖ ങ്ങൾക്ക് കാരണമെന്ന് ഗൗതമമുനി പറഞ്ഞത് നാം എങ്ങനെ വിസ്മ രിക്കും?

**വീതരാഗജന്മാദർശനാത്.** (ന്യായദർശനം 3.1.25)

സർവദുഃഖങ്ങളിൽനിന്ന് ആത്യന്തികനിവൃത്തി ഉണ്ടാകുന്ന പുരു ഷാർഥത്തെക്കുറിച്ച് സാംഖ്യകാരനായ കപിലമുനി പറഞ്ഞതുംകൂടി മന സ്സിൽ ഓർത്തുകൊള്ളുക.

**ത്രിവിധദുഃഖാത്യന്തനിവൃത്തിരത്യന്തപുരുഷാർഥഃ.**

(സാംഖ്യദർശനം 1.1)

അർഥം: മൂന്നു രീതിയിലുള്ള ദുഃഖങ്ങളുടെ ആത്യന്തിക നിവൃത്തി പരമപുരുഷാർഥമായ മോക്ഷമാണ്. ആധിഭൗതികം, ആധിദൈവികം, ആധ്യാത്മികം എന്നിവയാണ് ത്രിവിധ ദുഃഖങ്ങൾ.

ഇതേ സാംഖ്യസിദ്ധാന്തം അതീവമനോഹരമായ ആഖ്യാനശൈലിയിൽ അവതരിപ്പിക്കുകയാണ് ഭഗവാൻ വ്യാസൻ ഈ ശ്രീകൃഷ്ണാർജുനസംവാദത്തിലൂടെ.

67. **ഇദം തേ നാതപസ്കായ നാഭക്തായ കദാചന**
**ന ചാശുശ്രൂഷവേ വാച്യം ന ച മാം യോഽഭ്യസൂയതി.**

*അർഥം: തപസ്സില്ലാത്തവനും ഭക്തിയില്ലാത്തവനും കേൾക്കാൻ താത്പര്യമില്ലാത്തവനും എന്നെ നിന്ദിക്കുന്നവനുമായവന് ഒരിക്കലും (ഗോപ്യമായ) ഈ ജ്ഞാനം ഉപദേശിക്കരുത്.*

ഭാഷ്യം: അനധികാരികൾക്ക് ശാസ്ത്രോപദേശം ചെയ്യേണ്ടതില്ല. എന്താണ് അധികാരിയുടെ ലക്ഷണം? എന്താണ് അനധികാരിയുടെ ലക്ഷണം? ഇവിടെ അനധികാരിയുടെ ലക്ഷണമാണ് പറഞ്ഞത്. '**നാസ്തികോ വേദനിന്ദകഃ**' എന്ന് മഹർഷി മനു പറഞ്ഞത് ഓർക്കുക. വേദത്തെ നിന്ദിക്കുന്നവന് എന്തിനാണ് വേദജ്ഞാനം? അത്യധികം ഗോപ്യമായ ഈ ശാസ്ത്രം അഭ്യസിക്കണമെങ്കിൽ ചില യോഗ്യതകളൊക്കെയുണ്ട്. അതെന്താണ്? അടുത്ത ശ്ലോകം കാണുക.

68. **യ ഇമം പരമം ഗുഹ്യം മദ്ഭക്തേഷ്വഭിധാസ്യതി**
**ഭക്തിം മയി പരാം കൃത്വാ മാമേവൈഷ്യത്യസംശയഃ.**

*അർഥം: അതീവരഹസ്യമായ ഈ ശാസ്ത്രത്തെ എന്നിൽ പരമമായ ഭക്തി അർപ്പിച്ചുകൊണ്ട് എന്റെ ഭക്തന്മാർക്ക് ഉപദേശിക്കുകയാണെങ്കിൽ അവർ എന്നെത്തന്നെ പ്രാപിക്കുമെന്ന കാര്യത്തിൽ സംശയമില്ല.*

ഭാഷ്യം: ഈ ശ്ലോകത്തിലെ '**മാം**' എന്നത് 'മാമേകം ശരണം വ്രജ' എന്നിടത്ത് പറഞ്ഞപോലെ വൈദികമാർഗമെന്നുതന്നെ അർഥമെടുക്കണം. ശരീരധാരിയായ ശ്രീകൃഷ്ണനെന്ന് അർഥമെടുക്കരുത്. കാരണം ഇതേ

അധ്യായത്തിൽതന്നെ രണ്ടിടത്ത് (ഗീത 18.46; 18.61) തന്നിൽനിന്ന് ഭിന്ന മായ പരമാത്മാവിനെ ഭഗവാൻ ശ്രീകൃഷ്ണൻതന്നെ വർണിച്ചതു കാണാം.

62-ാം ശ്ലോകത്തിലാകട്ടെ ഒന്നുകൂടി കൃത്യമായി '**തമേവ ശരണം ഗച്ഛ സർവഭാവേന ഭാരത**' എന്ന് പറഞ്ഞിട്ടുമുണ്ട്. അതായത് 'അല്ലയോ ഭാരത, ആ പരമാത്മാവിനെ സർവഭാവേന നീ ശരണം പ്രാപിക്കൂ' വെന്നർഥം.

ഈശ്വരവിഷയം ഇവിടെ ഉപസംഹരിക്കുന്നതിനാലാണ് 'മാം' എന്ന ശബ്ദം ഈ ശ്ലോകത്തിൽ വരുന്നത്. ഗീതാശാസ്ത്രത്തെ ഭക്തിയോടെ ഉപദേശിക്കുന്നവർ തന്നെപ്പോലെ ധീരനായത്തീരുമെന്ന് ഇവിടെ ഉറപ്പിച്ചു പറയുന്നു.

69. **ന ച തസ്മാന്മനുഷ്യേഷു കശ്ചിന്മേ പ്രിയകൃത്തമഃ**
**ഭവിതാ ന ച മേ തസ്മാദന്യഃ പ്രിയതരോ ഭുവി.**

*അർഥം: ഇങ്ങനെ എന്റെ പരമഗുഹ്യമായ ജ്ഞാനത്തെ ഭക്തന്മാർക്ക് പറഞ്ഞുകൊടുക്കുന്നവനേക്കാൾ എനിക്ക് പ്രിയപ്പെട്ട മറ്റാരുംതന്നെ ഇല്ല. അവനേക്കാൾ പ്രിയപ്പെട്ടവനായി ഈ ഭൂമിയിൽ മറ്റാരും ഉണ്ടാവുകയുമില്ല.*

ഇനി ഈ ഗീതാശാസ്ത്രം അധ്യയനം ചെയ്യുന്നവർക്ക് എന്തെല്ലാം ലഭി ക്കുമെന്ന ഫലശ്രുതി കാണുക:

70. **അധ്യേഷ്യതേ ച യ ഇമം ധർമ്യം സംവാദമാവയോഃ**
**ജ്ഞാനയജ്ഞേന തേനാഹമിഷ്ടഃ സ്യാമിതി മേ മതിഃ.**

*അർഥം: മാത്രമല്ല, നാം തമ്മിലുള്ള ധർമയുക്തമായ ഈ സംവാ ദത്തെ പഠിക്കുന്നവൻ ജ്ഞാനയജ്ഞംകൊണ്ട് എന്നെ ആരാധിക്കുന്നവനായിത്തീരുമെന്നാണ് എന്റെ അഭിപ്രായം.*

71. **ശ്രദ്ധാവാനനസൂയശ്ച ശൃണുയാദപി യോ നരഃ**
**സോഽപി മുക്തഃ ശുഭാംല്ലോകാൻ പ്രാപ്നുയാത്പുണ്യകർമണാമ്.**

*അർഥം: അല്ലയോ പാർഥാ, ശ്രദ്ധയോടുകൂടി ആരോടും അസൂയ യില്ലാതെ ഈ പരമശാസ്ത്രത്തെ കേൾക്കുന്നവൻ മുക്ത നായി പുണ്യകർമങ്ങൾ ചെയ്യുന്നവർക്ക് ലഭിക്കുന്ന ശുഭ ലോകങ്ങളെ നേടുന്നു.*

ഭാഷ്യം: പ്രാചീനകാലത്ത് വിദ്യ നൽകുമ്പോൾ ഉണ്ടായിരുന്ന മര്യാദക ളാണ് മേൽപറഞ്ഞത്. മനുസ്മൃതിയിൽനിന്നാണ് ഈ ഭാവവും വ്യാസൻ ഗീതയിൽ കടംകൊണ്ടത്. കാണുക:

**വിദ്യാ ബ്രാഹ്മണമേത്യാഹ ശേവധിസ്തേഽസ്മി രക്ഷ മാമ്**
**അസൂയകായ മാം മാ ദാസ്തഥാ സ്യാം വീര്യവത്തമാ.**

(മനുസ്മൃതി 2.114)

അർഥം: വേദമാതാവ് ആചാര്യന്റെ അരികിലെത്തി ഇങ്ങനെ പറ ഞ്ഞു: 'നിനക്കൊരു നിധിയാണ് ഞാൻ; എന്നെ രക്ഷിക്കുക. അസൂയ തുടങ്ങിയ ദോഷങ്ങളുള്ളവർക്ക് എന്നെ നൽകരുത്. അങ്ങനെ രക്ഷി ച്ചാൽ ഞാൻ വീര്യവതിയാകുന്നതാണ്.'

ശ്രദ്ധയെക്കുറിച്ച് നേരത്തെ പറഞ്ഞുകഴിഞ്ഞതാണ്. ഈ അധികാ രഭേദം നിലനിർത്താതിരുന്നതാണ് ഇന്നത്തെ വൈദികധർമത്തിന്റെ തകർച്ചയ്ക്കു ഹേതു. ശാസ്ത്രം പഠിക്കാത്തവനും ഗീതാവിമർശനം നട ത്താം. ഈശ്വരവിശ്വാസമില്ലാത്തവരും ഗീതയെ നാനാവിധമാക്കുമാറ് വ്യാഖ്യാനകോലാഹലങ്ങൾ നടത്തുന്നു. ഇതെല്ലാം, അധികാരി ആര്? എന്ന തിരിച്ചറിവിന്റെ അഭാവംമൂലം ഉണ്ടായതാണ്.

72. **കച്ചിദേതത് ശ്രുതം പാർഥ ത്വയൈകാഗ്രേണ ചേതസാ**
**കച്ചിദജ്ഞാനസമ്മോഹഃ പ്രനഷ്ടസ്തേ ധനഞ്ജയ!**

*അർഥം: അല്ലയോ പാർഥ! ഈ ഉപദേശിച്ചതെല്ലാം ഏകാഗ്രചിത്ത ത്തോടെ നീ കേട്ടുവോ? അജ്ഞാനംകൊണ്ടുണ്ടായ വ്യാമോഹം നല്ലപോലെ ഇല്ലാതായോ?*

**അർജുന ഉവാച:**

73. **നഷ്ടോ മോഹഃ സ്മൃതിർലബ്ധാ ത്വത്പ്രസാദാന്മയാച്യുത**
**സ്ഥിതോഽസ്മി ഗതസന്ദേഹഃ കരിഷ്യേ വചനം തവ.**

*അർഥം: അർജുനൻ പറഞ്ഞു, അല്ലയോ അച്യുതാ, അങ്ങയുടെ കൃപയാൽ എന്റെ മോഹം നീങ്ങി. എന്റെ (നഷ്ടപ്പെട്ടു പോയ) ജ്ഞാനരൂപിയായ സ്മൃതി തിരിച്ചുകിട്ടുകയും ചെയ്തു. അതിനാൽ സംശയങ്ങൾ നീങ്ങി സ്ഥിരചിത്ത നായ ഞാൻ അങ്ങുപറഞ്ഞപോലെ (ധർമയുദ്ധം) ചെയ്തു കൊള്ളാം.*

അഥർവവേദം പറയുന്നു **'ശ്രുതം മയി മയി ഏവ അസ്തു'** (1.1.3) ആചാര്യമുഖത്തിൽനിന്നും ലഭിക്കുന്ന ജ്ഞാനം എന്നിൽ, എന്നിൽതന്നെ ദൃഢമാക്കിയാലുമെന്നർഥം. ഗീതയുടെ വൈദികസുഗന്ധം അത്രമേൽ ശക്തമെന്നർഥം.

**സഞ്ജയ ഉവാച:**

74. **ഇത്യഹം വാസുദേവസ്യ പാർഥസ്യ ച മഹാത്മനഃ**
**സംവാദമിമമശ്രൗഷമദ്ഭുതം രോമഹർഷണമ്.**

*അർഥം: സഞ്ജയൻ പറഞ്ഞു, അല്ലയോ ധൃതരാഷ്ട്രരെ, ഇങ്ങനെ വാസുദേവനും മഹാത്മാവായ പാർഥനും തമ്മിലുണ്ടായ അദ്ഭുതകരവും രോമാഞ്ചപൂർണവുമായ ഈ സംവാദത്തെ ഞാൻ ശ്രവിച്ചു.*

75. **വ്യാസപ്രസാദാത് ശ്രുതവാനേതദ്ഗുഹ്യമഹം പരമ്**
**യോഗം യോഗേശ്വരാത്കൃഷ്ണാത് സാക്ഷാത്കഥയതഃ സ്വയമ്.**

*അർഥം: ഇങ്ങനെ പരമരഹസ്യമായ സംവാദത്തെ ചിത്തവൃത്തികളെ നിരോധിച്ച യോഗേശ്വരനായ ശ്രീകൃഷ്ണൻ സ്വയം ഉപദേശിച്ചുകൊണ്ടിരിക്കെത്തന്നെ വ്യാസന്റെ അനുഗ്രഹത്താൽ ഞാൻ നേരിട്ടു കേട്ടു.*

ഭാഷ്യം: യോഗം ചിത്തവൃത്തികളുടെ നിരോധമാണെന്ന് പതഞ്ജലി പറഞ്ഞത് അനേകം തവണ ഉദ്ധരിച്ചുകഴിഞ്ഞു. അങ്ങനെ ചിത്തത്തെ നിരോധിച്ച ഒരു യോഗി അത് നേരിട്ടു പറയുന്നു. അതാണ് ശ്രീകൃഷ്ണന്റെ ഗീതോപദേശമെന്ന് അർഥശങ്കയ്ക്ക് ഇടമില്ലാത്തവിധം അവതരിപ്പിക്കുകയാണിവിടെ. ഗീതയിൽ ശ്രീകൃഷ്ണനെ പരമാത്മാവിന്റെ അവതാരമായല്ല മറിച്ച് യോഗേശ്വരനായാണ് അവതരിപ്പിച്ചത്. അതുകൊണ്ടാണ് '**യോഗേശ്വരഃ കൃഷ്ണഃ**' എന്ന ശബ്ദം വ്യാസൻ ഉചിതമായി മുദ്രണം ചെയ്ത് ഇവിടെ സ്ഥാപിച്ചത്. മാത്രമല്ല, ചിത്തവൃത്തികളെ നിരോധിച്ച് സമാധിയിലെത്തിയ യോഗിയുടെ ഭാവമത്രയും പ്രകടമാക്കിക്കൊണ്ടാണ് ഗീതാവതരണവും.

76. **രാജൻ സംസ്മൃത്യ സംസ്മൃത്യ സംവാദമിമമദ്ഭുതമ്**
**കേശവാർജുനയോഃ പുണ്യം ഹൃഷ്യാമി ച മുഹുർമുഹുഃ.**

*അർഥം: അല്ലയോ രാജൻ, ശ്രീകൃഷ്ണാർജുനന്മാരുടെ അദ്ഭുതാവഹമായ ഈ പുണ്യസംവാദം ഓർത്തോർത്ത് ഞാൻ വീണ്ടുംവീണ്ടും ആനന്ദഭരിതനാവുകയാണ്.*

ഭാഷ്യം: ഈ ശ്ലോകത്തിലെ '**സംസ്മൃത്യ സംസ്മൃത്യ സംവാദമിമമദ്ഭുതം**', '**ഹൃഷ്യാമി ച മുഹുർമുഹുഃ**' തുടങ്ങിയ പ്രയോഗങ്ങളും സാംഖ്യദർശനശാസ്ത്രത്തെ പിന്തുടർന്നുവന്നതിന്റെ മൃച്ഛസ്ഫടികസമാനമായ ഉദാഹരണമാണ്. കപിലമഹർഷിയുടെ സിദ്ധാന്തങ്ങൾ സഞ്ജയനിലൂടെ വ്യാസൻ പ്രകടമാക്കിയത് നേരത്തെ വിശ്വരൂപദർശനയോഗത്തിൽ കണ്ടതാണ്.[16] പിശാചിനെപ്പോലെ[17] ഗീത കേട്ട് വിവേകം ഉദിച്ച സഞ്ജയന്റെ ഹർഷാരവം അതീവഹൃദ്യമായാണ് വ്യാസൻ അവിടെ ചിത്രീകരിച്ചത്. അവിടെ ഉദ്ധരിച്ച സാംഖ്യസൂത്രത്തിന് തൊട്ടടുത്തുവരുന്ന സൂത്രം ഇവിടെയും ഭംഗിയായി വ്യാസൻ ചേർത്തുവെച്ചത് കാണുക:

---

16. ഗീത 11-ാം അധ്യായത്തിൽ 9 മുതൽ 14 വരെയുള്ള ഭാഷ്യം കാണുക.

17. *പിശാചവദന്യാർഥോപദേശേ്പി.* (സാംഖ്യദർശനം 4.2)

**ആവൃത്തിരസുകൃദുപദേശാത്.** (സാംഖ്യദർശനം 4.3)

'തത്ത്വോപദേശം ശ്രവിച്ച് അത് വീണ്ടുംവീണ്ടും മനനം ചെയ്ത് ഉറപ്പിക്കണം' എന്നാണ് ഈ സൂത്രത്തിന്റെ അർഥം. അത് സ്വയം ഓർമിപ്പിക്കുകയാണ് സഞ്ജയൻ. കാരണം ഭഗവാന്റെ ആനന്ദസ്വരൂപം ദർശിക്കാൻ ശമദമാദികൾ നിത്യം പാലിക്കണം. അത് ഓർമയിൽ വെയ്ക്കുകയും വേണം. സഞ്ജയൻ യഥാർഥത്തിൽ ഇതിനൊന്നും യോഗ്യനല്ല. അതിനാൽതന്നെ താൻ കണ്ടതും കേട്ടതുമായ ഗീതോപദേശം സ്വയം സ്മരിച്ച് സ്മരിച്ച് യോഗ്യത കൈവരിക്കാൻ ശ്രമിക്കുകയാണ്. ഇതേ കാര്യം ഛാന്ദോഗ്യോപനിഷത്തിലെ ആരുണി-ശ്വേതകേതു സംവാദത്തിലും (അധ്യായം ആറ്) നമുക്കുകാണാം. ഇതേ നിയമം അർജുനനും ബാധകമാണ്. ഗീതോപദേശം തനിക്ക് ഇനിയും കേൾക്കണമെന്ന് അർജുനൻ ശ്രീകൃഷ്ണനോട് ആവശ്യപ്പെടുന്ന സന്ദർഭം മഹാഭാരതത്തിൽ ഉണ്ടെന്നു നേരത്തെ പറഞ്ഞിരുന്നു. വീണ്ടുംവീണ്ടും അഭ്യസിക്കണമെന്ന ഈ ഉപദേശം വിസ്മരിച്ചതാണ് ഗീതാശ്രവണം ഒരിക്കൽകൂടി കേൾക്കണമെന്ന ഇച്ഛ അർജുനനിൽ ഉണ്ടായതിനു കാരണം.

77. **തച്ച സംസ്മൃത്യ സംസ്മൃത്യ രൂപമത്യദ്ഭുതം ഹരേഃ**
**വിസ്മയോ മേ മഹാൻ രാജൻ ഹൃഷ്യാമി ച പുനഃ പുനഃ.**

*അർഥം: മാത്രവുമല്ല, ധൃതരാഷ്ട്രരാജാവേ, ശ്രീകൃഷ്ണന്റെ ആശ്ചര്യജനകമായ ആ രൂപത്തെ ഓർത്തോർത്ത് എന്റെ വിസ്മയം വളർന്നുവലുതാവുന്നു. വീണ്ടുംവീണ്ടും ഞാൻ ഹർഷപുളകിതനാകുന്നു.*

കഴിഞ്ഞ ശ്ലോകങ്ങളുടെ ആവർത്തനമാണിത്. അതിനാൽ ഈ ശ്ലോകത്തിന് ഒരു സാംഗത്യവുമില്ലായ്കയാൽ ഇത് പ്രക്ഷിപ്തമാണ്.

78. **യത്ര യോഗേശ്വരഃ കൃഷ്ണോ യത്ര പാർഥോ ധനുർധരഃ**
**തത്ര ശ്രീർവിജയോ ഭൂതിർധ്രുവാ നീതിർമതിർമമ.**

*അർഥം: എവിടെ യോഗേശ്വരനായ ശ്രീകൃഷ്ണനും ധനുർധാരിയായ അർജുനനുമുണ്ടോ അവിടെ ശ്രീയും*[18] *വിജയവും ഐശ്വര്യവും ശാശ്വതനീതിയും ഉണ്ടാകുമെന്നാണ് എന്റെ അഭിപ്രായം.*

ഭാഷ്യം: മഹത്തായ ഗീതാശാസ്ത്രത്തിന്റെ ഉപസംഹാരത്തിലേക്ക് പ്രവേശിക്കുമ്പോൾ രണ്ട് പ്രധാന തത്ത്വങ്ങളുടെ പ്രഖ്യാപനമാണ് നാം കാണുന്നത്. യുദ്ധമുഖത്ത് രാജ്യതന്ത്രത്തിന്റെ സമാനതകളില്ലാത്ത വിചാരധാര പകർന്നുകൊടുക്കാൻ ഈ ശ്ലോകം ശ്രമിക്കുന്നു. അതോടൊപ്പം സംസാരജീവിതമെന്ന യുദ്ധമുഖത്ത് യോഗപദ്ധതിയിലൂടെ മുന്നേറുന്ന യോഗിക്ക് ഏകാഗ്രതയുടെ കണിശതയെക്കുറിച്ചും ഈ ശ്ലോകം ചിലതു പറഞ്ഞുകൊടുക്കുന്നു.

'ഭഗവദ്ഗീത'യ്ക്ക് ശതപഥബ്രാഹ്മണത്തിലെ ഗാഥാഗാനവുമായി അഭേദ്യമായ ബന്ധമാണുള്ളത്. ക്ഷാത്രത്തിലൂടെ വിജയം ഉദ്ഘോഷിക്കുന്ന അശ്വമേധയജ്ഞത്തിന്റെ ഭാഗമാണ് ഗാഥാഗാനം. ഇവിടെ രാത്രി ക്ഷത്രിയത്വത്തിന്റെ രൂപവും പകൽ ബ്രഹ്മവർചസ്സിന്റെ പ്രതീകവുമാണ്. അതിനാൽ ഋഗ്വേദം **'അഹശ്ച കൃഷ്ണം അഹരർജുനം ച'** (6.9.1) എന്ന് വിവരിച്ചിരിക്കുന്നു. അതായത് 'ദിനരാത്രങ്ങൾ ഈശ്വരന്റെ മഹിമയെ പാരാട്ടുന്നു'വെന്നർഥം. രാത്രിയെ കൃഷ്ണനെന്നും പകലിനെ അർജുനനെന്നും ഇവിടെ വിളിക്കുന്നു. ക്ഷാത്രവീര്യം നശിച്ച അർജുനനെയാണ് തുടക്കത്തിൽ നാം ഗീതയിൽ കണ്ടത്. ധനുസ്സ് നിലത്തുവെച്ച അർജുനനെ തുടക്കത്തിൽ നാം കണ്ടു. **'സശരചാപം വിസൃജ്യ'** (ഗീത 1.47) എന്നാണ് ഗീതാവാക്യം. എന്നാൽ ഇപ്പോൾ ധനുസ്സിനെ ധരിച്ച അർജുനനെയാണ് നാം കാണുന്നത്. ഗാഥാഗാനത്തിൽ വിവരിച്ച ക്ഷാത്രധർമം ശ്രീകൃഷ്ണനിലൂടെ അർജുനനിൽ വന്നുനിറഞ്ഞിരിക്കുന്നു.

ഗാഥാഗാനത്തിന് ശതപഥത്തിൽ ഹേതുവായ യജുർവേദമന്ത്രമിതാണ്.

---

18. *'ശ്രീയതേ സേവ്യതേ സർവൈഃ ജനൈഃ സാ ശ്രീ* എന്ന് 'ശ്രീ'ശബ്ദത്തിനു നിരുക്തി.

**യത്ര ബ്രഹ്മ ച ക്ഷത്രം ച, സമ്യഞ്ചൗ ചരതഃ സഹ**
**തം ലോകം പുണ്യം പ്രജ്ഞേഷം, യത്ര ദേവാഃ സഹാഗ്നിനാ.**

(യജുർവേദം 20.25)

അർഥം: എവിടെ ബ്രഹ്മശക്തിയും ക്ഷാത്രശക്തിയും ഒരുമിച്ചു ചേർന്ന് യഥാർഥരീതിയിൽ തോളോടുതോൾചേർന്ന് ചലിക്കുന്നുവോ, എവിടെ വിദ്വാന്മാർ യജ്ഞം ചെയ്യുന്നുവോ ആ ദേശത്തെ പവിത്രദേശമെന്ന് അറിയുക. യജുർവേദമന്ത്രത്തിന്റെ ശൈലിപോലും വ്യാസൻ ഇവിടെ കൈവിട്ടില്ല. നേരത്തെ ഈ ശ്ലോകത്തിന് രണ്ടുവിധ അർഥമുണ്ടെന്ന് പറഞ്ഞു. ഈ വേദമന്ത്രത്തിനും ദ്വയാർഥമുണ്ട്. ബ്രഹ്മവർചസ്സും ക്ഷാത്രവീര്യവും ഒന്നിച്ചുചേരുമ്പോൾ ശ്രീ ഉണ്ടാകുമെന്ന യജുർവേദ സങ്കല്പമാണ് ശതപഥബ്രാഹ്മണത്തിൽ ഗാഥാഗാനമായി പരിണമിച്ചത്. മറ്റൊരു യജുർവേദമന്ത്രംകൂടി ഇതിനു പ്രേരണയായി.

**ഇദം മേ ബ്രഹ്മ ച ക്ഷത്രം ചോഭേ ശ്രിയമശ്നുതാമ്**
**മയി ദേവാ ദധതു ശ്രിയമുത്തമാം തസ്യൈ തേ സ്വാഹാ.**

(യജുർവേദം 32.16)

അർഥം: ബ്രഹ്മവർചസ്സും (ജ്ഞാനവും) ക്ഷാത്രവീര്യവു (കർമവും) മാകുന്ന രണ്ട് ശ്രീകളും എനിക്ക് പ്രാപ്തമാകട്ടെ. ഈ ശ്രീകൾ ഒത്തുചേരുമ്പോൾ ഉണ്ടാകുന്ന ഉത്തമശ്രീയെ, ഈശ്വരാ, നീ എന്നിൽ നിറച്ചാലും.

ഇനി എന്താണ് ശ്ലോകത്തിലും തുടർന്ന് നാം വേദമന്ത്രങ്ങളിലും കണ്ട യഥാർഥ 'ശ്രീ' എന്നു പരിശോധിക്കാം.

അഥർവവേദത്തിലെ മറ്റൊരു മന്ത്രത്തിലേക്ക് അനുവാചകരെ സുസ്വാഗതം ചെയ്യട്ടെ.

**ഭദ്രമിച്ഛന്ത ഋഷയഃ സ്വർവിദസ്തപോ ദീക്ഷാമുപനിഷേദുരഗ്രേ**
**തതോ രാഷ്ട്രം ബലമോജശ്ച ജാതം തദസ്മൈ ദേവാ ഉപസംനമന്തു.**

(അഥർവവേദം 19.41.1)

അർഥം: മംഗളം ആഗ്രഹിക്കുന്ന തത്ത്വദ്രഷ്ടാക്കൾ ജ്ഞാനംനേടി, സർവപ്രഥമമായി തപസ്സ്, ദീക്ഷ എന്നിവയെ നേടുന്നു. ആ തപസ്സും

ദീക്ഷയുംകൊണ്ടുതന്നെയാണ് ഉത്തമമായ രാഷ്ട്രത്തെ ബലവും ഓജസ്സുമുള്ളതാക്കിത്തീർക്കുവാൻ കഴിയുക. അച്ഛനും, അമ്മയും, ആചാര്യനുമടങ്ങുന്ന ദേവതാസമൂഹം തപസ്സും ദീക്ഷയുംകൊണ്ടാണ് രാഷ്ട്രബലവും ഓജസ്സും നേടുന്നത്.

ഇതേ ശ്ലോകത്തിൽ വ്യാസൻ സാംഖ്യ-യോഗദർശനപരമായ മറ്റൊരു പ്രധാന സന്ദേശംകൂടി നല്കുന്നുണ്ട്. സാംഖ്യദർശനത്തിൽ പറയുന്നത് കേൾക്കുക.

**ഇഷുകാരവന്നൈകചിത്തസ്യ സമാധിഹാനിഃ.** (സാംഖ്യദർശനം 4.14)

അമ്പുതൊടുക്കുന്നവനെപ്പോലെ, സമാധി നേടിയ ഏകാഗ്രചിത്തനായ വ്യക്തിക്കും സമാധിഹാനി ഉണ്ടാകുന്നില്ല.

ബാഹ്യമായ സംസാരസാഗരത്തിൽനിന്ന് ഉണ്ടാകുന്ന അനേകവിധങ്ങളായ ചാപല്യങ്ങൾ ലവലേശം ഏൽക്കാതിരിക്കാൻ യോഗിക്ക് കഴിയുന്നു. ഏകാഗ്രചിത്തമാണ് അതിന് അയാളെ സഹായിക്കുന്നത്. യോഗി ഒരു ശില്പിയെപ്പോലെയാണ്. ശില്പി തന്റെ കൊത്തുപണിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അയാളുടെ അടുത്തുകൂടെ രാജാവ് സപരിവാരം വാദ്യഘോഷങ്ങളോടെ കടന്നുപോയി. അതിനുശേഷം വന്നയാൾ രാജാവ് എങ്ങോട്ടാണ് പോയതെന്ന് അന്വേഷിച്ചപ്പോൾ രാജാവോ, ഏത് രാജാവ്? എന്ന് ശില്പി ചോദിച്ചുവത്രെ. അത്രയും ഏകാഗ്രത ഒരു യോഗിക്കും വേണം. യോഗേശ്വരനായ ശ്രീകൃഷ്ണഭഗവാന് മാത്രമേ അത്തരത്തിലൊരു ഏകാഗ്രചിത്തത തന്റെ ശിഷ്യനായ അർജുനനിൽ ഉണ്ടാക്കാൻ കഴിയൂ. അങ്ങനെ ഏകാഗ്രത കൈവരിക്കുന്ന യോഗിക്കുവേണ്ട നിർദേശം മുണ്ഡകോപനിഷത്ത് നല്കിയതും ധനുസ്സും ശരവുമൊക്കെ പ്രതീകമായിട്ടാണെന്നത് അതീവ രസകരമാണ്.

**പ്രണവോ ധനുഃ ശരോ ഹ്യാത്മാ ബ്രഹ്മതല്ലക്ഷ്യമുച്യതേ**
**അപ്രമത്തേന വേദ്ധവ്യം ശരവത്തന്മയോ ഭവേത്.**

(മുണ്ഡകോപനിഷത്ത് 2.2.4)

അർഥം: 'ഓങ്കാരം വില്ലും ശരം നിശ്ചയമായും ആത്മാവും ബ്രഹ്മം ലക്ഷ്യമാണെന്നും പറയുന്നു. ആലസ്യരഹിതമായ ചിത്തത്താൽ ഉന്നം

പിടിക്കേണ്ടതാണ്.' 'പരോക്ഷപ്രിയരാണ് ദേവന്മാർ' എന്ന് ഒരു ചൊല്ലു തന്നെയുണ്ടല്ലോ. ഈ ഗീതാശ്ലോകത്തിലെ ധനുർധാരിയായ അർജുനൻ നൽകുന്നത് ഈ മോക്ഷോപായമായ ഓങ്കാരജപമാണ്. ഇതിന് ഗുരുവും ശിഷ്യനും ഒരേപോലെ വിചാരിക്കണം. അഥർവം പറയുന്നത് കേൾക്കുക.

**ഇഹൈവാഭി വി തനൂഭേ ആര്ത്നീ ഇവ ജ്യയാ**
**വാചസ്പതിര്ന യച്ഛതു മയ്യേവാസ്തു മയി ശ്രുതമ്.**

(അഥർവവേദം 1.1.3)

അർഥം: ധനുസ്സിന്റെ ഞാൺ കെട്ടിയ ഒരറ്റം മറ്റേ അറ്റത്തെ നിയന്ത്രിക്കുന്നതുപോലെ ആചാര്യൻ ശിഷ്യനെ വിദ്യയാകുന്ന ഞാണിലൂടെ നിയന്ത്രിക്കുന്നു. ആചാര്യനിൽനിന്ന് എനിക്കു കിട്ടിയ ജ്ഞാനം എന്നിൽ എന്നിൽ സ്ഥിരമായിരിക്കട്ടെ എന്ന് ശിഷ്യനും പറയുന്നു.

രാഷ്ട്രപരമായി, ശ്രീകൃഷ്ണനെന്ന ബ്രഹ്മവർചസ്സ് അർജുനനെന്ന ക്ഷാത്രവീര്യത്തിനെ ഗാഥാഗാനത്തിലൂടെ നിയന്ത്രിച്ച് രാഷ്ട്രക്ഷേമത്തിന് ഉണർവുനൽകുന്ന ചിത്രമാണ് ഈ ശ്ലോകത്തിൽ വ്യാസൻ വരച്ചിട്ടിരിക്കുന്നത്. അതിനകത്താകട്ടെ, അർഥഗർഭമായ ഉപാസനയുടെ ദിവ്യലോകവും വരച്ചിട്ടിരിക്കുന്നു. വാക്കുകളുടെ മാസ്മരികഭാവത്താൽ യുദ്ധചടുലതയെ ഉണർത്തുമ്പോൾതന്നെ പ്രണവസാധനയുടെ വിശിഷ്ടലോകത്തെയും അഴകാർന്ന ചിത്രപടത്തിലേക്ക് വ്യാസൻ ആവാഹിച്ചിരിക്കുന്ന അദ്ഭുതവാങ്മയമാണിവിടെ നാം കാണുന്നത്.

***ഇതി ശ്രീമദ് ഭഗവദ്ഗീതാസു ഉപനിഷത്സു***
***ബ്രഹ്മവിദ്യായാം യോഗശാസ്ത്രേ***
***ശ്രീകൃഷ്ണാർജുനസംവാദേ***
***മോക്ഷസംന്യാസയോഗോ നാമ***
***അഷ്ടാദശോഽധ്യായഃ***

**ഇങ്ങനെ പതിനെട്ടാം അധ്യായത്തോടുകൂടി**
**ശ്രീമദ് ഭഗവദ്ഗീത സമാപിച്ചു.**

# പരിശിഷ്ടം ഒന്ന്

## ഗീതയിൽ കടന്നുവന്ന ചില സാങ്കേതികപദങ്ങളുടെ വിശദീകരണം

**അധർമം:** ഈശ്വരാജ്ഞയെ കൈവിട്ട് പക്ഷപാതത്തോടെ അന്യായിയായി നന്മതിന്മകളെ പരിശോധിച്ചറിയാതെ തനിക്കുമാത്രം ഹിതത്തെ ചെയ്യുകയും അവിദ്യ, അഭിമാനം, ക്രൂരത തുടങ്ങിയ ദോഷങ്ങളാൽ യുക്തമായതു കാരണം വേദവിദ്യയ്ക്കു വിരുദ്ധവും എല്ലാവരാലും തള്ളിക്കളയാൻ യോഗ്യവുമായതിനെ അധർമമെന്നു പറയുന്നു.

**അനാദി പദാർത്ഥം:** ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി ഈ മൂന്നും സ്വരൂപത്താൽ അനാദിയാണ്.

**അനാദിസ്വരൂപം:** ഒരിക്കലും ഉത്പന്നമാവാത്തത്, കാരണരഹിതമായത് അതായത് എല്ലായ്പ്പോഴും സ്വയംസിദ്ധമായത് അനാദിയാകുന്നു.

**അനുമാനം:** മുൻകണ്ട ഒരു പദാർത്ഥത്തിന്റെ ഏതെങ്കിലും ഒരു ഭാഗം പ്രത്യക്ഷമായി കണ്ട് കാണാത്ത ഭാഗത്തെക്കുറിച്ച് ജ്ഞാനമുണ്ടാവുന്നതാണ് അനുമാനം.

**അപരലോകം:** പരലോകത്തിനു വിപരീതവും ദുഃഖവിശേഷം അനുഭവിക്കേണ്ടിവരുന്നതുമായതിനെ അപരലോകം എന്നു പറയുന്നു.

**അപവർഗം:** മോക്ഷം

**അപുനരാവൃത്തി:** പുനർജന്മമില്ലായ്മ

**അപൂജ:** ജ്ഞാനശൂന്യമായ ജഡപദാർത്ഥങ്ങളെയും സത്ക്കാര യോഗ്യമല്ലാത്തവയേയും സത്ക്കരിക്കുന്നതാണ് അപൂജ.

**അഭാവ പ്രമാണം:** ഒരാൾ മറ്റൊരാളോട് 'നീ വെള്ളം കൊണ്ടു വരൂ' എന്നു പറഞ്ഞു. കേട്ടയാൾ നോക്കിയിടത്ത് വെള്ളം കണ്ടില്ല, പക്ഷേ എവിടെയാണോ വെള്ളമുള്ളത് അവിടെ നിന്നു കൊണ്ടുവരേണ്ടതാണ്. അഭാവം നിമിത്തമുണ്ടാകുന്ന ജ്ഞാനം അഭാവ പ്രമാണത്താലാണ്.

**അഭാവന:** ഭാവനക്കു വിപരീതമായത് അഥവാ മിഥ്യാജ്ഞാനത്താൽ ഒന്ന് മറ്റൊന്നാണെന്നു നിശ്ചയിച്ചുറപ്പിക്കുക. ഉദാഹരണമായി ജഡം ചേതനമാണെന്നും, മറിച്ചും നിശ്ചയിക്കുന്നതിനെ അഭാവന എന്നു പറയുന്നു.

**അന്തരായം:** യോഗാഭ്യാസത്തിൽ വരുന്ന തടസ്സങ്ങൾ

**അക്ഷരം:** നാശമില്ലാത്ത 'ബ്രഹ്മം', ഓംകാരം.

**അന്നമയകോശം:** പഞ്ചകോശങ്ങളിൽ ആദ്യത്തേത്. ശരീരം വ്യക്തമായിരിക്കുന്നത് അന്നമയകോശം അടിസ്ഥാനപ്പെടുത്തിയാണ്.

**അർഥാപത്തി:** ഒരു കാര്യം പറയുന്ന മാത്രയിൽ പറയാത്ത മറ്റൊരു കാര്യത്തിന്റെ ജ്ഞാനം ഉണ്ടാവുന്നതാണ് അർഥാപത്തി.

**അവിശ്വാസം:** തത്ത്വാർഥം ഇല്ലാത്തതും വിശ്വാസത്തിനു വിപരീതവുമായതിനെ അവിശ്വാസം എന്നു പറയുന്നു.

**അവിദ്യ:** വിദ്യയിൽനിന്നു വിപരീതമായതും ഭ്രമം, അന്ധകാരം, അജ്ഞാനമയവുമായ തിനെ അവിദ്യ എന്നു വിളിക്കുന്നു.

**അവ്യയപദം:** ബ്രഹ്മപദം

**അഷ്ടപ്രകൃതികൾ:** പഞ്ചതന്മാത്രകൾ, അഹംകാരം, മഹത്തത്ത്വം, പ്രകൃതി

**അഷ്ടവസുക്കൾ:** ആപൻ, ധ്രുവൻ, സോമൻ, അധ്വരൻ, അനിലൻ, പ്രത്യൂഷൻ, അന ലൻ, പ്രഭാസൻ

**അഷ്ടാങ്ഗയോഗം :** യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി

**അസംപ്രജ്ഞാതസമാധി:** യോഗിയുടെ ബോധാതീതമായ അവസ്ഥ.

**അണോരണീയാൻ:** അണുക്കളിലും ചെറുതായവൻ

**അണിമാദി സിദ്ധികൾ:** അണിമ, ലഘിമ, മഹിമ, ഗരിമ, ഈശിത്വം, വശിത്വം, പ്രാപ്തി, പ്രാകാമ്യം. അഷ്ടഐശ്വര്യങ്ങളും ഇതുതന്നെ.

**അണീയാൻ:** ഏറ്റവും സൂക്ഷ്മമായവൻ.

**ആധിഭൗതികം:** രാഷ്ട്രവ്യവഹാരം മുതൽ ശാരീരികജീവിതം വരെ ഇതിന്റെ പരിധി യിൽ വരുന്നു.

**ആധിദൈവികം:** ഇടി, മിന്നൽ തുടങ്ങിയ പ്രകൃതിവിശേഷങ്ങളുമായി ബന്ധപ്പെട്ടത്.

**ആധ്യാത്മികം:** ആത്മാവിനെ സംബന്ധിച്ചത്. ദശേന്ദ്രിയങ്ങളും മനസ്സും ബുദ്ധിയും ചേർന്ന് അനുഭവിക്കുന്നതാണ് ആധ്യാത്മിക ദുഃഖം.

**ആനന്ദമയകോശം:** അന്തഃകരണം ആനന്ദമയമായിരിക്കുന്ന അവസ്ഥ.

**ആപ്തൻ:** ചതി, കാപട്യം തുടങ്ങിയ ദോഷങ്ങൾ ഇല്ലാത്തവനും ധർമാത്മാവും, വിദ്വാനും, സത്യോപദേഷ്ടാവും എല്ലാവിധ കൃപാകടാക്ഷത്തോടെയും പ്രവർത്തിച്ച് അവിദ്യയാകുന്ന ഇരുട്ടിനെ നശിപ്പിച്ച് അജ്ഞാനികളായ മനുഷ്യരുടെ ആത്മാവിൽ വിദ്യാരൂപിയായ സൂര്യനെ സദാപ്രകാശിപ്പി ക്കുന്നവനാണ് ആപ്തൻ.

**ആപ്തവാക്യം:** വിദ്വജ്ജനങ്ങളുടെ ആധികാരികവാക്യം

**ആശ്രമഭേദം:** സത്യവിദ്യ തുടങ്ങിയ നല്ല ഗുണങ്ങൾ ഗ്രഹിക്കുന്നതിനും ജിതേന്ദ്രിയത്വത്തിലൂടെ (ഇന്ദ്രിയങ്ങളെ സ്വാധീനത്തിലാക്കൽ) ആത്മാവിനും ശരീരത്തിനും ബലം നേടുന്നതിനുമുള്ള ബ്രഹ്മചര്യാ ശ്രമം, സന്താനോത്പത്തിക്കും വിദ്യ തുടങ്ങിയ വിവിധ വ്യവഹാര പ്രാപ്തിക്കും വേണ്ടിയുള്ള ഗൃഹസ്ഥാശ്രമം; ചിന്തിക്കുന്നതിനുള്ള വാന പ്രസ്ഥാശ്രമം, സകലർക്കും ഉപകാരം ചെയ്യുന്നതിനുള്ള സന്യാസാശ്രമം ഇങ്ങിനെ ആശ്രമങ്ങൾ നാലാണ്.

**ആശ്രമം:** അത്യന്ത പരിശ്രമത്താൽ ഉത്തമ ഗുണങ്ങളെ ഗ്രഹിക്കുകയും ശ്രേഷ്ഠമായ കാര്യങ്ങൾ ചെയ്യുന്നതുമാണ് ആശ്രമം.

**ആചാര്യൻ:** ശ്രേഷ്ഠമായ ആചരണങ്ങൾ ഗ്രഹിപ്പിക്കുകയും എല്ലാ വിദ്യകളും പഠിപ്പിക്കുന്നവനുമാണ് ആചാര്യൻ.

**ആത്മതൃപ്തൻ:** തന്നിൽതന്നെ തൃപ്തനായിരിക്കുന്ന അവസ്ഥ.

**ഇന്ദ്രിയം:** കണ്ണ്, ചെവി, മൂക്ക്, നാക്ക്, ത്വക്ക് എന്നിവയാണ് പഞ്ചേന്ദ്രിയങ്ങൾ

**ഈശ്വരപ്രണിധാനം** : പഞ്ചനിയമങ്ങളിൽ ഒന്ന്. തപസ്സ്, സന്തോഷം, ശൗചം, സ്വാധ്യായം എന്നിവയാണ് മറ്റ് നാലെണ്ണം.

**ഈശ്വരൻ:** സത്യമായ സ്വരൂപത്തോടുകൂടിയതും സ്വഭാവത്തോടുകൂടിയതും ഗുണം, കർമം ഇവയോടു കൂടിയതും, കേവല ചൈതന്യമായ വസ്തുവും അദ്വിതീയനും സർവശക്തിമാനും നിരാകാരനും സർവ വ്യാപകനും അനാദി, അനന്തം തുടങ്ങിയ സത്യഗുണത്തോടുകൂടിയവനും സ്വഭാവത്താൽ അവിനാശിയും ജ്ഞാനിയും ആനന്ദിയും ശുദ്ധവും ന്യായകാരിയും ദയാലുവും ജന്മരഹിതനും ജഗത്തിന്റെ ഉത്പത്തി, പാലനം, വിനാശം എന്നിവയ്ക്കു കാരണമായ കർമത്തിനുടയോനും സകല ജീവികൾക്കും പാപപുണ്യങ്ങളുടെ ഫലത്തെ നൽകുന്നതുമായ കർമിയെ ഈശ്വരൻ എന്നു പറയുന്നു.

**ഉപമാനം:** ഉദാഹരണമായി, ഒരാൾ പറയുകയാണ്. പശുവിനെപോലെത്തന്നെയാണ് നീല പശുവും ഈയൊരു ഉപമയിൽ നിന്നും സദൃശ ജ്ഞാനം ഉണ്ടാകുന്നു. അതിനെ ഉപമാനം എന്നു പറയുന്നു.

**ഉപാസന:** ഈശ്വരന്റെ ആനന്ദ സ്വരൂപത്തിൽ തന്റെ ആത്മാവിനെ വിലയിപ്പിക്കുന്ന തിനെ ഉപാസന എന്നു പറയുന്നു.

**ഉപാംഗം:** ഋഷി മുനികൃതങ്ങളായ മീമാംസ, വൈശേഷികം, ന്യായം, യോഗം, സാംഖ്യം, വേദാന്തം എന്നീ ആറു ശാസ്ത്രങ്ങളാണ് ഉപാംഗങ്ങൾ.

**ഉപാദാന കാരണം:** ഏതൊന്നിനെ സ്വീകരിക്കുന്നതുകൊണ്ട് ഉല്പന്നം നിർമിക്കുവാൻ സാധിക്കുന്നു. ഉദാ: മണ്ണുകൊണ്ട് കുടം ഉണ്ടാക്കുന്നു. അതിനെ ഉപാ ദാനകാരണമെന്നു പറയുന്നു.

**ഉപവേദം:** ആയുർവ്വേദം(വൈദ്യശാസ്ത്രം), ധനുർവേദം (ആയുധവിദ്യ, രാജധർമം), ഗാന്ധർവ്വവേദം (സംഗീതശാസ്ത്രം), അർഥവേദം (നിർമാണ ശാസ്ത്രം) ഈ നാലുമാണ് ഉപവേദങ്ങൾ.

**ഉദ്ഗീഥവിദ്യ:** 'ഓം' ധ്യാനത്താൽ ക്രമമുക്തി സമ്പാദിക്കുന്ന വിദ്യ.

**ഋതംഭരാപ്രജ്ഞ:** യോഗിയുടെ സംയമാഭ്യാസത്തിൽ ഏതിന്റെയും തത്ത്വം വിശദമാകുന്നു. നിർവികാരസമാപത്തിയിലെ സമാധിപ്രജ്ഞയാണിത്.

**എട്ടു പ്രമാണം:** പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം, ഐതിഹ്യം, അർഥാപത്തി, സംഭവം, അഭാവം ഇവയാണ് എട്ടു പ്രമാണങ്ങൾ. ഇവകളെകൊണ്ടാണ് മനുഷ്യർ സത്യാസത്യങ്ങളെ നിശ്ചയിച്ചുറപ്പിക്കുന്നത്.

**ഏകാഗ്രത:** മൂഢം, ക്ഷിപ്തം, വിക്ഷിപ്തം, നിരുദ്ധം, ഏകാഗ്രത എന്നിവ ചിത്തഭൂമികകളാണ്. മനസ്സ് മാറാതെ ഒരേ വസ്തുവിലോ ചിന്തയിലോ ഏറെ നേരം ഏർപ്പെട്ടിരിക്കലാണ് ഏകാഗ്രത. ഈ ചിന്ത അന്യക്ലേശങ്ങളെ ഇല്ലാതാക്കി കർമങ്ങളെ നിരോധിച്ച് സമാധിയിൽ മനസ്സിനെ എത്തിക്കുന്നു.

**ഐതിഹ്യം:** ശബ്ദപ്രമാണത്തിന് അനുകൂലവും, അസംഭവ്യങ്ങളും നുണകളും എഴുതാതിരിക്കുകയും ചെയ്യുന്നതാണ് ഐതിഹ്യം (ഇതിഹാസം-ചരിത്രം)

**കർത്താവ്:** ആരാണോ സ്വതന്ത്രതാണ്ടപൂർവം കർമങ്ങൾ ചെയ്യുന്നത്, കാര്യസിദ്ധിക്കുള്ള എല്ലാ വഴികളും ആരുടെ സ്വാധീനത്തിലാണോ അവൻ കർത്താവാണ്.

**കർമം:** മനസിലും ഇന്ദ്രിയങ്ങളിലും ശരീരത്തിലും ജീവന്റെ (ആത്മാവിന്റെ) ഇടപെടൽ മൂലമുള്ള ചേഷ്ടാവിശേഷങ്ങളെ കർമം എന്നു പറയുന്നു. കർമം മൂന്നു പ്രകാരമാണ്; ശുഭം, അശുഭം, മിശ്രം.

**കാരണം:** യാതൊന്നിനെ ഗ്രഹിക്കുന്നതു കൊണ്ടാണോ ഏതെങ്കിലും കാര്യമോ വസ്തുവോ ഉണ്ടാകുന്നത് അഥവാ യാതൊന്നിന്റെ അഭാവത്തിൽ യാതൊരു വസ്തുവും ഉണ്ടാകുന്നില്ലയോ, അതിനെ കാരണം എന്നു പറയുന്നു. അവ മൂന്നു പ്രകാരമുണ്ട്.

**കാര്യം:** ഏതെങ്കിലും പദാർത്ഥങ്ങളുടെ ചേർച്ചകൊണ്ട് യാതൊന്ന് സ്ഥൂലരൂപം പ്രാപിച്ച്, പ്രയോജന പ്രദമായിത്തീരുന്നുവോ അതായത് എന്തെങ്കിലും ചെയ്യുവാൻ യോഗ്യമായിത്തീരുന്നുവോ, അതിനെ ആ കാരണത്തിന്റെ കാര്യം എന്നു പറയുന്നു.

**കൈവല്യം:** മോക്ഷം

**ക്രിയമാണം:** വർത്തമാനകാലത്ത് ചെയ്യുന്ന കർമങ്ങളാണ് ക്രിയമാണകർമം.

**ഗന്ധം:** ധാരണയെ സഹായിക്കുന്ന സുഗന്ധം, അസഹ്യത വരുത്തുന്ന ദുർഗന്ധം എന്നിവ.

**ഗുരു:** വീര്യദാനം മുതൽ ചോറൂൺ വരെ ചെയ്യിച്ച് കാത്തു പോരുന്നതു കൊണ്ട് പിതാവ് ഗുരുവാകുന്നു, സത്യോപദേശത്താൽ ഹൃദയത്തിലെ അജ്ഞാനമാകുന്ന അന്ധകാരത്തെ ഇല്ലാതാക്കുന്നവനെയും ഗുരു എന്നു വിളിക്കുന്നു.

**ചതുരാശ്രമങ്ങൾ:** ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സംന്യാസം.

**ചേതനം:** ജ്ഞാനാദി ഗുണത്താൽ യുക്തമായ പദാർത്ഥമാണ് ചേതനം.

**ജഡം:** ജ്ഞാനാദി ഗുണങ്ങൾ ഇല്ലാത്ത വസ്തുവാണ് ജഡം.

**ജന്മം:** യാതൊന്നിൽ ശരീരം ജീവനുമായി ഒത്തുചേർന്ന് കർമം ചെയ്യുവാൻ സമർഥമാകുന്നുവോ അതിനെ ജന്മം എന്നു പറയുന്നു.

**ജാതി**: ജനനം മുതൽ മരണം വരെ നിലനിൽക്കുന്നത്, എല്ലാ വ്യക്തികൾക്കും ഒരുപോലെ അനുഭവപ്പെടുന്നത്. ഈശ്വരകൃതം അതായത് മനുഷ്യൻ, പശു, കുതിര, വൃക്ഷം തുടങ്ങിയ വിവിധ സമൂഹങ്ങളെയാണ് ജാതി എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.

**ജീവാത്മാവിന്റെ സ്വരൂപം**: ചേതനവും അല്പജ്ഞനും, ഇച്ഛ, ദ്വേഷം, പ്രയത്നം, സുഖം ഇവകളോടുകൂടിയവനും ജ്ഞാനഗുണത്തോടു കൂടിയവനും നിത്യനുമാകുന്നു ജീവാത്മാവ്.

**ത്രിഗുണങ്ങൾ**: സത്ത്വം, രജസ്സ്, തമസ്സ് എന്നിവ.

**ത്യാഗം**: വൈരാഗ്യം. യോഗാങ്ഗപഞ്ചകത്തിൽ ഒന്നാണ് ത്യാഗം.

**ദർപ്പം**: അഹങ്കാരം.

**ദസ്യു**: അനാര്യൻ അഥവാ മന്ദബുദ്ധി, ആര്യൻമാരുടെ സ്വഭാവത്തിനും ദേശത്തിനും പുറത്തുള്ളവനും കൊള്ളക്കാരനും, കള്ളനും ഹിംസക നുമായ ദുഷ്ടമനുഷ്യരാണ് ദസ്യു.

**ദ്വാദശാദിത്യന്മാർ**: ഇന്ദ്രൻ, ധാതാ, പർജന്യൻ, ത്വഷ്ടാ, പൂഷാ, അര്യമാ, ഭഗൻ, വിവസ്വാൻ, വിഷ്ണു, അംശുമാൻ, വരുണൻ, മിത്രൻ എന്നിവയാണ്. 12 മാസങ്ങളെ സൂചിപ്പിക്കുന്നവയാണിവ.

**ദേഹാന്തരപ്രാപ്തി**: പുനർജന്മം

**ദൗർമനസ്യം**: മനസ്സിന്റെ ദുഷ്ടഭാവം.

**ദൈവീസമ്പത്ത്**: അഭയം, സത്ത്വശുദ്ധി, ജ്ഞാനയോഗവ്യവസ്ഥിതി, ദാനം, ദമം, യജ്ഞം, സ്വാധ്യായം, തപസ്സ്, ആർജവം, അഹിംസ, സത്യം, അക്രോധം, ത്യാഗം, ശാന്തി, പരദൂഷണം ചെയ്യാതിരിക്കൽ (അപൈശുനം), ഭൂതദയ, ആശയില്ലായ്മ, മാർദവം, ലജ്ജ, അചാപലം, തേജസ്സ്, ക്ഷമ, ധൈര്യം, ശൗചം, അദ്രോഹം, അഹങ്കാരമില്ലായ്മ എന്നിവയാണ് 26 ദൈവീസമ്പത്തുക്കൾ. ഇവ മോക്ഷത്തിലേക്ക് മനുഷ്യനെ നയിക്കുന്നു. ഇഹലോകത്ത് ഉത്തമജീവിതം നയിക്കുവാനും ഇത് സഹായിക്കുന്നു.

**ധർമമേഘസമാധി**: കൈവല്യപദപ്രാപ്തിക്ക് മുൻപ് വിവേകം വേണം. ഇതിനിടയിൽ ഉണ്ടാകുന്ന അനുഭവമാണ് ബോധാതീതവും ആനന്ദമയവുമായ ധർമമേഘസമാധി. സംപ്രജ്ഞാത സമാധിക്ക് ശേഷം അനുഭൂതിയിൽ വരുന്നതാണിത്.

**ധർമം**: ഈശ്വരാജ്ഞ യഥാവിധം പാലിക്കുകയും പക്ഷപാതമില്ലാത്ത ന്യായം സർവഹിതത്തിനായി നടത്തുകയും ചെയ്യുന്നതും, പ്രത്യക്ഷാദി പ്രമാണങ്ങളാൽ സുപരീക്ഷിതവും വേദോക്തമായതിനാൽ സകല മനുഷ്യർക്കും മാനിക്കാൻ യോഗ്യവുമായതിനെ ധർമം എന്നു പറയുന്നു.

**ധാരണ**: മറ്റെല്ലാ ചിന്തകളിൽനിന്നും അകന്ന് ഒറ്റക്കാര്യത്തിൽ മാത്രം മനസ്സിനെയും പ്രാണനേയും ഉറപ്പിക്കുന്നത്.

**നരകം**: വിശേഷപ്പെട്ട ദുഃഖവും അതിനുള്ള സാമഗ്രികളും ജീവനു ലഭിക്കുന്നതിനെ നരകം എന്നു പറയുന്നു.

**നിന്ദ**: മിഥ്യാജ്ഞാനം, മിഥ്യാഭാഷണം, നുണയിൽ ആസക്തി ജനിക്കുക തുടങ്ങിയവ. അതായത് സദ്ഗുണങ്ങളെ ത്യജിച്ച് ചീത്ത ഗുണങ്ങളെ അവയുടെ സ്ഥാനത്ത് ചേർക്കുന്നതിനെ നിന്ദ എന്നു പറയുന്നു.

**നിർബീജസമാധി**: സർവചിന്തകളെയും വിച്ഛേദിക്കുന്ന സമാധി. അസംപ്രജ്ഞാത സമാധിയെന്നും വിളിക്കുന്നു.

**നിർഗുണോപാസന**: ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം, സംയോഗം, വിയോഗം, ഭാരമില്ലാത്തത്, ഭാരം കൂടിയത്, അവിദ്യ, ജന്മം, മരണം, ദുഃഖം തുടങ്ങിയ ഗുണങ്ങൾക്ക് അതീതനാണ് പരമാത്മാവ് എന്നു മനസ്സിലാക്കി ആരാണോ ഈശ്വരനെ ഉപാസിക്കുന്നത് അതിനെ നിർഗുണോപാസന എന്നു പറയുന്നു.

**നിമിത്ത കാരണം**: നിർമാതാവാണ് നിമിത്ത കാരണം. കുംഭാരൻ കുടം നിർമിക്കുന്നു; ഇതിനെ നിമിത്ത കാരണമെന്നു പറയുന്നു.

**നിർദ്വന്ദ്വൻ**: സുഖം-ദുഃഖം, ലാഭം-നഷ്ടം, സന്തോഷം-അസന്തോഷം എന്നീ രണ്ടെന്ന ഭേദഭാവം ഇല്ലാത്തവൻ.

**നിഷ്കാമകർമം**: ഫലേച്ഛകൂടാതെയുള്ള കർമം.

**നിസ്ത്രൈഗുണ്യൻ**: ത്രിഗുണങ്ങളായ സത്ത്വം, രജസ്സ്, തമസ്സ് എന്നിവയ്ക്ക് അതീതനായ യോഗി.

**നിത്യസത്ത്വസ്ഥൻ**: സർവദാ നിത്യസത്യവസ്തുവിൽ ഉറച്ചുനിൽക്കുന്നവൻ.

**നിത്യതൃപ്തൻ**: ആനന്ദാനുഭൂതി അനുഭവിക്കുന്നവൻ.

**പഞ്ചകോശങ്ങൾ**: അന്നമയകോശം, പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം, ആനന്ദമയകോശം

**പരീക്ഷ**: പ്രത്യക്ഷാദികളായ എട്ടു പ്രമാണങ്ങൾ, വേദവിദ്യ എന്നിവകൊണ്ട് ആത്മാവിനെ ശുദ്ധീകരിക്കൽ, സൃഷ്ടിക്രമത്തിനനുകൂലമായി ചിന്തിച്ച് സത്യത്തെയും അസത്യത്തെയും ശരിയായ രീതിയിൽ നിശ്ചയിച്ചറിയുന്നതാണ് പരീക്ഷ.

**പരലോകം**: സത്യവിദ്യകൊണ്ട് ഈ ജന്മത്തിലോ പുനർജന്മത്തിലോ ഈശ്വരനെ പ്രാപിക്കുക, മോക്ഷത്തിൽ പരമസുഖത്തെ പ്രാപിക്കുക, ഇതിനെ പരലോകം എന്നു പറയുന്നു.

**പാപം**: പുണ്യത്തിനു നേർവിപരീതമായതും മിഥ്യാഭാഷണാദികളിൽ ഏർപ്പെടുകയും ചെയ്യുന്നതിനെ പാപം എന്നു പറയുന്നു.

**പുരാണം**: പ്രാചീനങ്ങളായ ഐതരേയം, ശതപഥ ബ്രാഹ്മണം തുടങ്ങി ഋഷിമുനിമാരാൽ എഴുതപ്പെട്ട സത്യാർത്ഥപുസ്തകങ്ങളെയാണ് പുരാണം, ഇതിഹാസം, കല്പം, ഗാഥ, നരാശംസി എന്നെല്ലാം വിളിക്കുന്നത്.

**പുണ്യം**: വിദ്യ തുടങ്ങിയ ശുഭഗുണങ്ങളുടെ ദാനവും, സത്യഭാഷണം തുടങ്ങിയ സത്യാചരണങ്ങളും ഏതൊന്നിന്റെ സ്വരൂപമാണോ അതിനെ പുണ്യമെന്നു പറയുന്നു.

**പൂജ**: ജ്ഞാനികളെ യോഗ്യതക്കനുസരിച്ച് സത്ക്കരിക്കുന്നതാണ് പൂജ.

**പണ്ഡിതൻ**: സത്യാസത്യങ്ങളെ വിവേകപൂർവ്വം തിരിച്ചറിയുന്നവനും ധർമാത്മാവും, സത്യവാദിയും, സത്യപ്രിയനും, വിദ്വാനും എല്ലാവരുടെയും ഹിതത്തെ കാംക്ഷിക്കുന്നയാളുമാണ് പണ്ഡിതൻ.

**പ്രളയം**: കാര്യരൂപമായ ജഗത്ത് കാരണ സ്വരൂപമാവുക, അഥവാ ജഗത്തിനെ സൃഷ്ടിച്ച ഈശ്വരൻ ഏതെല്ലാം കാരണങ്ങൾ കൊണ്ടാണോ സൃഷ്ടി

നടത്തിയത്, കാര്യങ്ങളെ സൃഷ്ടിച്ച ശേഷം വേണ്ട വിധം പരിപാലിച്ച് വീണ്ടും കാരണ രൂപം തന്നെയാക്കി മാറ്റുന്നതാണ് പ്രളയം.

**പ്രവാഹത്താൽ അനാദി പദാർത്ഥം**: കാര്യരൂപിയായ ജഗത്ത്, ആത്മാവിന്റെ കർമം, ഇവ രണ്ടിന്റെയും കൂടിച്ചേരലും വേർപിരിയലും ഇവ മൂന്നു പാരമ്പര്യമായിത്തന്നെ അനാദിയാണ്.

**പ്രാർഥന**: അവനവന്റെ പുരുഷാർഥ പ്രാപ്തിക്കും ഉത്തമകർമസിദ്ധിക്കുംവേണ്ടി പരമേശ്വരനോടോ, അല്ലെങ്കിൽ കഴിവുള്ള മനുഷ്യനോടോ സഹായം സ്വീകരിക്കുന്നത് പ്രാർഥനയാകുന്നു.

**പ്രാർഥനയുടെ ഫലം**: അഹങ്കാരം ഇല്ലാതാവൽ, ആത്മാവിൽ ആർദ്രത തുടങ്ങിയ ഗുണങ്ങൾ നേടിയെടുക്കാൻ സ്ഥിരോത്സാഹത്തോടെയുള്ള പരിശ്രമം, അത്യന്തം പ്രീതി ഇവയെല്ലാം പ്രാർഥനയുടെ ഫലമാകുന്നു.

**പ്രാരബ്ധം**: മുൻ ചെയ്ത കർമങ്ങളുടെ ഫലങ്ങൾ സുഖ-ദുഃഖ രൂപത്തിൽ അനുഭവിക്കുന്നതിനെ പ്രാരബ്ധമെന്നു പറയുന്നു.

**പ്രമേയം**: പ്രമാണങ്ങളാൽ മനസ്സിലാകുന്നത്, ഉദാഹരണമായി കണ്ണിന്റെ പ്രമേയം രൂപമാകുന്നു, അതായത് ഇന്ദ്രിയങ്ങളാൽ പ്രതീതമാകുന്നത് പ്രമേയം.

**പ്രത്യക്ഷം**: ശബ്ദാദികളോടൊത്ത് ശ്രോത്രാദികളായ ഇന്ദ്രിയങ്ങളും മനസും ഒത്തുചേർന്ന് ഉണ്ടാവുന്ന ജ്ഞാനത്തെ പ്രത്യക്ഷം എന്നു പറയുന്നു.

**മരണം**: ഏതൊരു ശരീരത്തെ ലഭിച്ചതുകൊണ്ടാണോ ജീവൻ കർമം ചെയ്യുന്നത് ആ ശരീരവും ജീവനും ഏതെങ്കിലുമൊരു കാലത്ത് പരസ്പരം വേർപിരിയേണ്ടതിനെ മരണം എന്നു പറയുന്നു.

**മുക്തി**: ചീത്ത കർമങ്ങളിൽനിന്നും ജന്മ-മരണാദി ദുഃഖസാഗരത്തിൽനിന്നും മോചിതനായി സുഖസ്വരൂപനായ പരമേശ്വരനെ പ്രാപിച്ച് സുഖത്തിൽ തന്നെ കഴിയുന്നതിനെ മുക്തി എന്നു പറയുന്നു.

**മുക്തിക്കുള്ള ഉപായം**: ഈശ്വരസ്തുതി, പ്രാർത്ഥന, ഉപാസന എന്നിവയും ധർമാചരണം, പുണ്യമായത് ചെയ്യൽ, സത്സംഗം, വിശ്വാസം, തീർത്ഥസേവനം, സദ്പുരുഷൻമാരുമായുള്ള സംഗം, പരോപകാരം തുടങ്ങിയ നല്ല കാര്യങ്ങൾ ചെയ്യുക അതുവഴി കേവല ദുഷ്ടകർമത്തിൽ നിന്നും മാറിനിൽക്കുക. ഇതെല്ലാം മുക്തിക്കുള്ള മാർഗങ്ങളാകുന്നു.

**മൂർഖൻ**: അജ്ഞാനം, പിടിവാശി, ദുരാഗ്രഹം തുടങ്ങിയ ദോഷമുള്ളവനാണ് മൂർഖൻ.

**വർണഭേദം**: ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ ഇവയാണ് വിവിധ വർണങ്ങൾ.

**വർണം**: ഗുണം, വാസന ഇവയുടെ കൂടിച്ചേരൽകൊണ്ട് ഗ്രഹിക്കപ്പെടുന്നതാണ് വർണം.

**വിപര്യയം**: വിപരീതം, ക്ലേശവിദ്യയാകുന്ന തമസ്സ് എന്നൊക്കെ അർഥം. ചിന്താകുഴപ്പത്തിൽനിന്നാണ് ഇതിന്റെ തുടക്കം. തമസ്സ്, മോഹം, മഹാമോഹം, താമിശ്രം, അന്ധതാമിശ്രം എന്നിങ്ങനെ അഞ്ച് അവസ്ഥകൾ അജ്ഞത ഉണ്ടാക്കുന്നു.

**വിവർത്തവാദം:** കയറിൽ പാമ്പെന്നപോലെ. പാരമാർഥികസത്തയുള്ള പ്രത്യഗാത്മാവിൽ പ്രാതിഭാസിക സത്തയുള്ള പ്രപഞ്ചം ഉണ്ടാകുന്നുവെന്ന മായാവാദികളുടെ അഭിപ്രായം.

**വികല്പം:** സംശയം. ശബ്ദാർഥജ്ഞാനബോധങ്ങളിൽ നേരിടുന്ന സംശയം സവിചാരസംപത്തി ആയി വികല്പമായി പരിണമിക്കുന്നു.

**വിശ്വാസം:** ഏതൊന്നിന്റെ അടിസ്ഥാനവും ഏതൊന്നിന്റെ അർത്ഥവും ഏതൊന്നിന്റെ ഫലവും നിശ്ചയമായും സത്യമാകുന്നുവോ അതിനെ വിശ്വാസം എന്നു പറയുന്നു.

**വിവേകഖ്യാതി:** ചേതോവൃത്തികളെ തടഞ്ഞുനിറുത്തുന്ന ആത്മാവും ചിത്തവുമായുള്ള വ്യത്യാസം മനസ്സിലാക്കലാണ് വിവേകഖ്യാതി. പുരുഷനും പ്രകൃതിയും വിഭിന്നമാണെന്ന ചിന്തയിൽനിന്ന് ഉളവാകുന്നതാണിത്.

**വിദ്യ:** യാതൊന്നുകൊണ്ട് ഈശ്വരൻ മുതൽ ഭൂമി വരെയുള്ള പദാർഥങ്ങളുടെ ജ്ഞാനം ഉണ്ടാകുകയും അതിൽനിന്ന് വേണ്ടവിധം ഉപകാരം സ്വീകരിക്കുന്നതിനെ വിദ്യ എന്നു പറയുന്നു.

**വിദ്യാപുസ്തകം:** ഈശ്വരോക്തവും സനാതനവും സത്യവിദ്യാമയവുമായ ചതുർവേദങ്ങളെ വിദ്യാപുസ്തകമെന്നു പറയുന്നു.

**വേദാംഗം:** ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്, ജ്യോതിഷം ഈ ആർഷ സനാതന ശാസ്ത്രങ്ങളാണ് വേദാംഗങ്ങൾ.

**വേദം:** ഈശ്വരോക്തമായ സത്യവിദ്യകളാൽ യുക്തമായ ഋഗ്വേദാദികളായ നാലു സംഹി താ പുസ്തകങ്ങൾ, മനുഷ്യന് സത്യാസത്യ ജ്ഞാനം നൽകുന്നു അവയാണ് വേദങ്ങൾ.

**വ്യാമിശ്രവാക്യം:** വ്യവസ്ഥാബോധമില്ലാതാക്കുന്ന വാക്യം.

**ശബ്ദം:** പൂർണ ആപ്തനായ പരമേശ്വരന്റേയും പരമേശ്വരന്റെ ഉപദേശത്തിനു വിരുദ്ധമായത് പറയാത്ത ആപ്തരുമായ മനുഷ്യരുടേയും ഉപദേശത്തിനെ ശബ്ദപ്രമാണം എന്നു പറയുന്നു.

**ശാസ്ത്രം:** സത്യവിദ്യകളുടെ പ്രതിപാദനത്താൽ യുക്തവും ഏതൊന്നുകൊണ്ടണ്ട് മനുഷ്യർക്ക് സത്യത്തെക്കുറിച്ചുള്ള ശിക്ഷണം ലഭിക്കുന്നുവോ അതാണ് ശാസ്ത്രം.

**ശിഷ്ടാചാരം:** യാതൊന്നാൽ അശുഭ ഗുണങ്ങൾ ത്യജിക്കപ്പെടുന്നുവോ അതു ശിഷ്ടാചാരമെന്നു പറയപ്പെടുന്നു.

**സഞ്ചിതം:** ക്രിയമാണ കർമങ്ങളുടെ സംസ്ക്കാരം അറിവിൽ (അബോധത്തിൽ) അടിഞ്ഞുകൂടുന്നതാണ് സഞ്ചിത സംസ്ക്കാരം.

**സർവഹിതം:** ശരീരം, മനസ്, ധനം ഇവകളെക്കൊണ്ട് എല്ലാവരുടേയും അധിക സുഖത്തിനായി പ്രവർത്തിക്കുന്നതാണ് സർവഹിതം.

**സവിചാരസമാധി:** നിർവിതർക്കസമാധിയിൽനിന്ന് ഉയർന്ന് തന്മാത്രകളെ ധ്യേയവസ്തുവാക്കി കാലം, ദേശം തുടങ്ങിയ അവസ്ഥകൾക്ക് യോജിച്ചുള്ള സമാധി.

**സവിചാരം:** ഒരു സൂക്ഷ്മവിഷയത്തിലുള്ള സമാപത്തി.

**സവിതർക്കസമാധി:** ചിലപ്പോൾ വിഷയങ്ങളിൽ പ്രവേശിച്ചുപോകുന്ന ലോലമായ സമാധി. ശബ്ദജ്ഞാനങ്ങളുടെ സംയോഗം, ജ്ഞാതൃജ്ഞേയജ്ഞാനഭാവങ്ങൾ എന്നിവ ഇതിനുണ്ടായിരിക്കും.

**സവിതർക്കം:** സൂക്ഷ്മമല്ലാത്ത ഒന്നിൽ ഉള്ള സമാപത്തി. സവികല്പമാണിത്.

**സഗുണോപാസന:** സർവജ്ഞൻ, സർവ ശക്തിമാൻ, ശുദ്ധൻ, നിത്യൻ, ആനന്ദം, സർവവ്യാപകൻ, ഏകൻ, സനാതനൻ, സർവകർത്താവ്, സർവാധാരം, സർവ സ്വാമി, സർവനിയന്താവ്, സർവാന്തര്യാമി, മംഗളമയൻ, സർവാനന്ദപ്രദൻ, സർവപിതാവ്, സകല ലോക രചയിതാവ്, ന്യായകാരി, ദയാലു തുടങ്ങിയ സദ്ഗുണങ്ങളാൽ നിറഞ്ഞവനായിക്കണ്ട് ഈശ്വരനെ ഉപാസിക്കുന്നതിനെ സഗുണോപാസന എന്നു പറയുന്നു.

**സത്പുരുഷൻ:** സത്യത്തിൽ പ്രിയമുള്ളവനും, ധർമാത്മാവും, വിദ്വാനും ഏവർക്കും ഹിതം ചെയ്യുന്നവനും വലിയ ആശയങ്ങളോടുകൂടിയവനുമായവനെ സത്പുരുഷൻ എന്നു പറയുന്നു.

**സത്യഭാഷണം:** തന്റെ ആത്മാവിലുള്ള കാര്യങ്ങൾ അതുപോലെ പറയുന്നതിനെ, അസംഭവം എന്ന ദോഷം തീണ്ടാതെ പറയുന്നതിനെ സത്യഭാഷണം എന്നു പറയുന്നു.

**സദാചാരം:** സൃഷ്ടിയുടെ ആരംഭം മുതൽ സദ്പുരുഷൻമാരാൽ ആചരിക്കപ്പെട്ടു വന്ന വേദോക്തമായ ആചാരം, സത്യാചരണവും അസത്യ പരിത്യാഗവും ചേർന്നതാണ് സദാചാരം.

**സാധാരണ കാരണം:** കുംഭാരന്റെ ചക്രം, വടി, ദിക്കുകൾ, ആകാശം, പ്രകാശം എന്നിവയൊക്കെ സാധാരണ കാരണമാണ്.

**സൃഷ്ടി:** കർത്താവിന്റെ രചനയാൽ കാരണദ്രവ്യം പ്രത്യേക സംയോഗത്താൽ വിവിധ പ്രകാരങ്ങളായ കാര്യരൂപങ്ങളായി വർത്തമാന കാലത്ത് വ്യവഹാര യോഗ്യമായിത്തീരുന്നതിനെ സൃഷ്ടി എന്നു പറയുന്നു.

**സ്തുതി:** ഈശ്വരൻ തുടങ്ങിയുള്ള പദാർഥങ്ങളുടെ ഗുണം, ജ്ഞാനം, കഥനം, ശ്രവണം തുടങ്ങിയവയും സത്യഭാഷണം ചെയ്യുന്നതിനെയും സ്തുതി എന്നു പറയുന്നു.

**സ്തുതിയുടെ ഫലം:** ഗുണഗാനം ചെയ്യുന്നതിലൂടെ സ്തുതിക്കപ്പെട്ട പദാർഥങ്ങളിൽ പ്രീതിയുണ്ടാവുന്നത് സ്തുതിയുടെ ഫലമാണ്.

**സ്വഭാവം:** ഒരു വസ്തുവിന്റെ സ്വാഭാവിക ഗുണത്തെ, ഉദാഹരണമായി അഗ്നിയുടെ ചൂടും പ്രകാശവും, അതായത് ഒരു വസ്തു നിലനിൽക്കുന്നിടത്തോളം കാലം അതിന്റെ ഗുണം മാറാതെ നിൽക്കുന്നു, ഇതിനാൽ ഇതിനു സ്വഭാവം എന്നു വിളിക്കുന്നു.

**സ്വർഗം:** വിശേഷപ്പെട്ട സുഖവും സുഖത്തിനുള്ള സാമഗ്രികളും പ്രാപ്തമാകുന്നതിനെ സ്വർഗം എന്നു പറയുന്നു.

**സ്ഥിതപ്രജ്ഞൻ:** സ്ഥിരബുദ്ധിയുള്ളവൻ. പരമാത്മാവിൽ ഉറച്ച മനസ്സുള്ളവനാണ് സ്ഥിതപ്രജ്ഞൻ.

■

# പരിശിഷ്ടം രണ്ട്

### അഥർവവേദീയ ഉച്ഛിഷ്ടസൂക്തം (11.9)

1. **ഉച്ഛിഷ്ടേ നാമ രൂപം ചോച്ഛിഷ്ടേ ലോക ആഹിതഃ**
   ***ഉച്ഛിഷ്ടേ ഇന്ദ്രശ്ചാഗ്നിശ്ച വിശ്വമന്തഃ സമാഹിതമ്.....***
   ***അർഥം:*** *ഉച്ഛിഷ്ടത്തിൽ നാമവും രൂപവും ലോകവുമിരിക്കുന്നു. ഇന്ദ്രനും, അഗ്നിയും സമ്പൂർണവിശ്വവും ഇതിൽതന്നെ ഒരുമിച്ചിരിക്കുന്നു. (1)*
2. ***ഉച്ഛിഷ്ടേ ദ്യാവാപൃഥിവീ വിശ്വം ഭൂതം സമാഹിതമ്.***
   ***ആപഃ സമുദ്ര ഉച്ഛിഷ്ടേ ചന്ദ്രമാ വാത ആഹിതഃ***
   ***അർഥം:*** *ദ്യുലോകവും ഭൂലോകവും സർവവസ്തുക്കളും ഇതിൽ വസിക്കുന്നു. ജലം, സമുദ്രം, ചന്ദ്രൻ, വായു എന്നിവയെല്ലാം ഇതിലാണിരിക്കുന്നത്. (2)*
3. ***സന്നുച്ഛിഷ്ടേ അസംശ്ചോഭൗ മൃത്യുർവാജഃ പ്രജാപതിഃ***
   ***ലൗക്യാ ഉച്ഛിഷ്ട ആയത്താ വ്രച്ഛ ദ്രശ്ചാപി ശ്രീർമയി..***
   ***അർഥം:*** *സത്ത്, അസത്ത്, പ്രജാപതി, മൃത്യു, ബലം, ലൗകികവസ്തുക്കൾ എന്നിവയും ഉച്ഛിഷ്ടത്തിൽ ഇരിക്കുന്നു. സ്വീകാര്യമായ വസ്തുക്കളും, വിനാശയോഗ്യമായ വസ്തുക്കളും ശോഭയും എന്നിലാണ്. (3)*
4. ***ദൃഢോ ദൃംഹസ്ഥിരോ ന്യോ ബ്രഹ്മ വിശ്വസൃജോ ദശ.***
   ***നാഭിമിവ സർവതശ്ചക്രമുച്ഛിഷ്ടേ ദേവതാഃ ശ്രിതാഃ..***
   ***അർഥം:-*** *സുദൃഢവും ബലിഷ്ഠവും, സ്ഥിരവും, സമർഥവും ബ്രഹ്മവുമാകുന്നു. വിശ്വത്തെ ഉത്പന്നമാക്കുന്നവയാണ് ദശദേവതകൾ. ഏതു വിധത്തിലാണ് ചക്രത്തിലെ ആരക്കാലുകൾ നാലു ഭാഗത്തേക്കും ഇരിക്കുന്നത്, അതേപോലെ ഈ എല്ലാ ദേവതകളും ഉച്ഛിഷ്ടത്തിലിരിക്കുന്നു. (4)*
5. ***ഋക് സാമ യജൂരുച്ഛിഷ്ട ഉദ്ഗീഥഃ പ്രസ്തുതം സ്തുതമ്.***
   ***ഹിങ്കാര ഉച്ഛിഷ്ടേ സ്വരഃ സാമ്നോ മേഡിശ്ച തന്മയി...***
6. ***ഐന്ദ്രാഗ്നം പാവമാനം മഹാനാമ്നീർമഹാവ്രതമ്.***
   ***ഉച്ഛിഷ്ടേ യജ്ഞസ്യാങ്ഗാന്യന്തർഗർഭ ഇവ മാതരി..***
7. ***രാജസൂയം വാജപേയമഗ്നിഷ്ടോമസ്തദധ്വരഃ***
   ***അർകാശ്വമേധാവുച്ഛിഷ്ടേ ജീവബർഹിർമദിന്തമഃ***
8. ***അഗ്ന്യാധേയമഥോ ദീക്ഷാ കാമപ്രശ്ഛന്ദസാ സഹ.***
   ***ഉത്സന്നാ യജ്ഞാഃ സത്രാണ്യുച്ഛിഷ്ടേഽധി സമാഹിതാഃ***
9. ***അഗ്നിഹോത്രം ച ശ്രദ്ധാ ച വഷട്കാരോ വ്രതം തപഃ***
   ***ദക്ഷിണേഷ്ടം പൂർതം ചോച്ഛിഷ്ടേഽധി സമാഹിതാഃ..***

10. ***ഏകരാത്രോ ദ്വിരാത്രഃ സദ്യഃ ക്രീഃ പ്രക്രീരുക്ഥ്യഃ***
***ഓതം നിഹിതമുച്ഛിഷ്ടേ യജ്ഞസ്യാണൂനി വിദ്യയാ.***

**അർഥം:** *ഋഗ്വേദം, യജുർവേദം, ഉദ്ഗീഥം, പ്രസ്താവം, സ്തുതി, ഹിംകാരം, സ്വരം, സാമാലാപം, ഇന്ദ്രാഗ്നിസൂക്തം, പാവമാനസൂക്തം, മഹാനാമ്നി, മഹാവ്രതം, യജ്ഞത്തിന്റെ സർവഅങ്ഗങ്ങൾ, രാജസൂയം, വാജപേയം, അഗ്നിഷ്ടോമം, അധ്വരം, അർകാശ്വമേധം, ആനന്ദദായകവും ജീവനദായകവുമായ ദർഭ, അഗ്ന്യാധാനം, ദീക്ഷ, കാമം, ഛന്ദസ്സിനോടൊപ്പം യജ്ഞം, സർവപ്രകാരത്തിലുള്ള സത്രം, വ്രതം, തപസ്സ്, ദക്ഷിണ, ഇഷ്ടം, പൂർത്തം, ഏകരാത്രം, ഋതു, ദ്വിരാത്രം, സദ്യക്രോഃ, പ്രക്രിഃ, ഉക്ഥ്യം, മറ്റ് യജ്ഞത്തിലെ സൂക്ഷ്മവിധികൾ എന്നിവയെല്ലാം ഉച്ഛിഷ്ടത്തിലിരിക്കുന്നു (5–10)*

11. ***ചതൂരാത്രഃ പഞ്ചരാത്രഃ ഷഡ്രാത്രശ്ചോഭയഃ സഹ.***
***ഷോഡശീ സപ്തരാത്രശ്ചോച്ഛിഷ്ടാജ്ജജ്ഞിരേ***
***സർവേ യേ യജ്ഞാ അമൃതേ ഹിതാഃ.***

**അർഥം:** *ചതുരാത്രം, പഞ്ചരാത്രം, ഷഡ്രാത്രം, ഷോഡശി, സപ്തരാത്രം, ഈ യജ്ഞങ്ങളെല്ലാം ഉച്ഛിഷ്ടത്തിൽനിന്ന് ഉത്പന്നമായി അമൃതത്തിൽ സ്ഥിതിചെയ്യുന്നു.*

12. ***പ്രതീഹാരോ നിധനം വിശ്വജിച്ചാഭിജിച്ച യഃ***
***സാഹ്നാതിരാത്രാവുച്ഛിഷ്ടേ ദ്വാദശാഹോഽപിതന്മയി...***

13. ***സൂനൃതാ സംനതിഃ ക്ഷേമഃ സ്വധോർജാമൃതം സഹഃ***
***ഉച്ഛിഷ്ടേ സർവേ പ്രത്യഞ്ചഃ കാമാ കാമേന താതൃപുഃ***

**അർഥം:** *പ്രതിഹാരം, നിധനം, വിശ്വജിത്, സാഹ്നാതി രാത്രം, ദ്വാദശാഹം, ശുഭത, നമനം, ക്ഷേമം, സ്വധി, ശക്തി, അമൃതം, സാമർഥ്യം, എല്ലാവിധത്തിലുമുള്ള കാമവും സന്തോഷത്തോടൊപ്പം പൂർണമായി ഉച്ഛിഷ്ടത്തിലിരിക്കുന്നു. (12–13)*

14. ***നവ ഭൂമീഃ സമുദ്രാ ഉച്ഛിഷ്ടേഽധി ശ്രിതാ ദിവഃ***
***ആ സൂര്യോ ഭാത്യുച്ഛിഷ്ടോഽഹോരാത്രേ അപി തന്മയി...***

15. ***ഉപഹവ്യം വിഷൂവന്തം യേ ച യജ്ഞാ ഗുഹാ ഹിതാഃ***
***ബിഭർതി ഭർതാ വിശ്വസ്യോച്ഛിഷ്ടോ ജനിതുഃ പിതാ.***

16. ***പിതാ ജനിതുരുച്ഛിഷ്ടോഽസോഃ പൗത്രഃ പിതാമഹഃ***
***സ ക്ഷിയതി വിശ്വസ്യേശാനോ വൃഷാ ഭൂമ്യാമതിഘ്ന്യഃ.***

**അർഥം:** *ഒൻപത് ഭൂമികൾ, സമുദ്രം, ആകാശം ഇവയെല്ലാം ഉച്ഛിഷ്ടത്തിലിരിക്കുന്നു. സൂര്യൻ ഉച്ഛിഷ്ടത്തിൽ പ്രകാശിക്കുന്നു; അഹോരാത്രം എന്നിലും. ഉപഹവ്യം, വിഷുവാൻ, ബുദ്ധിയിൽ ചെയ്യുന്ന യജ്ഞങ്ങൾ, ജനകന്റെ പിതാവായി വിശ്വത്തെ ധാരണം ചെയ്യുന്ന അവൻതന്നെ യജ്ഞങ്ങളെ ധാരണവും ചെയ്യുന്നു. വിശ്വത്തിന്റെ ജനയിതാവിന്റെ പിതാവും പ്രാണരക്ഷകനുമായ എല്ലാവരുടെയും പിതാമഹനായ, ഇക്കാണുന്ന വിശ്വത്തിനെ ഒന്നാകെ പാലിച്ചുപോറ്റുന്നവരോടൊപ്പമിരിക്കുന്നതിൽ വിജയിച്ചവനും ഉച്ഛിഷ്ടത്തോടൊപ്പമിരിക്കുന്നു. (14–16)*

17. ***ഋതം സത്യം തപോ രാഷ്ട്രം ശ്രമോ ധർമശ്ച കർമ ച.***
***ഭൂതം ഭവിഷ്യദുച്ഛിഷ്ടേ വീര്യംലക്ഷ്മീർബലം ബലേ...***

18. ***സമൃദ്ധിരോജ ആകൂതിഃ ക്ഷത്രം രാഷ്ട്രം ഷഡുർവ്യഃ***
***സംവത്സരോഽധ്യുച്ഛിഷ്ട ഇഡാ പ്രൈഷാ ഗ്രഹാ ഹവിഃ....***
19. ***ചതുർഹോതാര ആപ്രിയശ്ചാതുർമാസ്യാനി നീവിദഃ***
***ഉച്ഛിഷ്ടേ യജ്ഞാ ഹോത്രാഃ പശുബന്ധാസ്തദിഷ്ടയഃ***
20. ***അർധമാസാശ്ച മാസാശ്ചാർതവാ ഋതുഭിഃ സഹ.***
***ഉച്ഛിഷ്ടേ ഘോഷിണീരാപഃ സ്തനയിത്നുഃ ശ്രുതിർമഹീ...***
21. ***ശർകരാഃ സികതാ അശ്മാന ഓഷധയോ വീരുധസ്തൃണാ.***
***അഭ്രാണി വിദ്യുതോ വർഷമുച്ഛിഷ്ടേ സംശ്രിതാ ശ്രിതാ..***
22. ***രാദ്ധിഃ പ്രാപ്തിഃ സമാപ്തിർവ്യാഽപ്തിർമഹ ഏധതുഃ***
***അത്യാപ്തിരുച്ഛിഷ്ടേ ഭൂതിശ്ചാഹിതാ നിഹിതാ ഹിതാ..***

**അർഥം:** *ഋതു, സത്യം, തപസ്സ്, രാഷ്ട്രം, ശ്രമം, ധർമം, കർമം, ഭൂതം, ഭവിഷ്യം, വീര്യം, ലക്ഷ്മി, ബലം, സമൃദ്ധി, ശക്തി, വ്യവസായം, ക്ഷാത്രബലം, രാഷ്ട്രം, ആറ് ഭൂമികൾ, സംവത്സരം, വാണി, ദാനം, ഗ്രഹം, നാല് ഹോതാക്കൾ, ആപ്രിദേവത (അഗ്നി), ചാതുർമാസ്യം, നിവിദം, സമസ്തയജ്ഞങ്ങൾ, ഹോത്ര, പശുബന്ധം, സർവ ഇഷ്ടികളും, അർധമാസം, മാസം, ഋതു, അയന ഋതുക്കളോടൊപ്പം ജലം, മേഘം, ഗർജനം, വലിയ ശബ്ദം, രേതസ്സ്, ബാലു, കല്ല്, ഔഷധികൾ, വനസ്പതികൾ, പുല്ല്, അഭ്രം, മിന്നൽ, വൃഷ്ടി, ഋദ്ധി, പ്രാപ്തി, വ്യാപ്തി, പൂർണമായി വിസ്തരിക്കപ്പെട്ട ഉന്നതി, അതിസമൃദ്ധി ഇവയെല്ലാം ഉച്ഛിഷ്ടത്തിലിരിക്കുന്നു. (17-22)*

23. ***യച്ച പ്രാണതി പ്രാണേന യച്ച പശ്യതി ചക്ഷുഷാ.***
***ഉച്ഛിഷ്ടാജ്ജജ്ഞിരേ സർവേ ദിവി ദേവാ ദിവിശ്രിതഃ..***

**അർഥം:** *പ്രാണനാൽ ജീവിക്കുന്നവയും കണ്ണുകൊണ്ട് കാണുന്നവയും ഇവയെല്ലാം കൂടാതെ ദ്യുലോകത്തെ ആശ്രയിച്ച് ജീവിക്കുന്നവരുമായ എല്ലാ ദേവതകളും ഉച്ഛിഷ്ടത്താൽ ഉണ്ടായവരാണ്.*

24. ***ഋചഃ സാമാനിച്ഛന്ദാംസി പുരാണം യജുഷാ സഹ.***
***ഉച്ഛിഷ്ടാജ്ജജ്ഞിരേ സർവേ ദിവി ദേവാ ദിവിശ്രിതഃ***
25. ***പ്രാണാപാനൗ ചക്ഷുഃ ശ്രോത്രമക്ഷിതിശ്ച ക്ഷിതിശ്ചയാ***
***ഉച്ഛിഷ്ടാജ്ജജ്ഞിരേ സർവേ ദിവി ദേവാ ദിവിശ്രിതഃ***
26. ***ആനന്ദാ മോദാഃ പ്രമുദോഽഭീമോദമുദശ്ച യേ.***
***ഉച്ഛിഷ്ടാജ്ജജ്ഞിരേ സർവേ ദിവി ദേവാ ദിവിശ്രിതഃ...***
27. ***ദേവാഃ പിതരോ മനുഷ്യാ ഗന്ധർവാപ്സരസശ്ച യേ.***
***ഉച്ഛിഷ്ടാജ്ജജ്ഞിരേ സർവേ ദിവി ദേവാ ദിവിശ്രിതഃ***

**അർഥം:** *ഋഗ്വേദം, സാമവേദം, ഛന്ദസ്സ്, പുരാണം, യജുർവേദം, പ്രാണൻ, അപാനൻ, ചക്ഷുസ്സ്, ശ്രോത്രം, വിനാശമില്ലാത്തവ, വിനാശമുള്ളവ, ആനന്ദം, ഹർഷം, പ്രമോദം, പ്രസന്നത, സന്തോഷം, ദേവൻ, പിതൃക്കൾ, മനുഷ്യർ, ഗന്ധർവന്മാർ, അപ്സരസ്സുകൾ തുടങ്ങി ദ്യുലോകത്തെ ആശ്രയിച്ച് വസിക്കുന്ന ദേവതകളുമെല്ലാം ഉച്ഛിഷ്ടത്തിൽനിന്ന് ഉത്പന്നമായിരിക്കുന്നു. (24-27)*

■

# സഹായകഗ്രന്ഥങ്ങൾ


1. മഹാഭാരതം: സാഹിത്യാചാര്യ പണ്ഡിത രാമനാരായണ ദത്തശാസ്ത്രി പാണ്ഡേയ 'രാമ്', ഹിന്ദി വിവർത്തനം ആറ് വാല്യങ്ങൾ, മൂന്നാം എഡിഷൻ വിക്രമസംവത് 2067. ഗീതാ പ്രസ്, ഗൊരഖ്പൂർ.
2. വൈദിക-പദാനുക്രമകോശ: by Maurice Bloomfield സമ്പാദകന്മാർ: ഓംനാഥ് ബിമലി, സുനിൽകുമാർ ഉപാധ്യായ. പരിമൾ പബ്ലിക്കേഷൻസ്, ഡൽഹി. എഡിഷൻ 2005.
3. പാണിനീയശബ്ദാനുശാസനമ്. വൈദിക-ഗ്രന്ഥോദ്ധാരണ-സഹിതമ്. അഷ്ടാധ്യായീസൂത്രപാഠം-പ്രയോഗദീപികാവൃത്ത്യാത്മക: ശിഷ്ടപാണിന്യുപദേശസംഹിത: രണ്ട് ഖണ്ഡങ്ങൾ. ആചാര്യ സത്യാനന്ദവേദവാഗീശ: വിക്രമസംവത് 2062.
4. ശ്രീമദ് ഭഗവദ്ഗീത: ശാങ്കരഭാഷ്യം, ഹിന്ദി അനുവാദസഹിതം. അനുവാദകൻ: ശ്രീഹരികൃഷ്ണദാസ് ഗോയങ്ക, 20-ാം പതിപ്പ്. വിക്രമസംവത് 2053. ഗീതാ പ്രസ്. ഗൊരഖ്പൂർ.
5. കാഠകസംഹിത: സമ്പാദകൻ: പത്മഭൂഷൺ പണ്ഡിറ്റ് ശ്രീപാദ് ദാമോദർ സാത്വലേകർ, സ്വാധ്യായമണ്ഡൽ, പാർസി. വിക്രമസംവത്: 2057
6. ഋഗ്വേദം സുബോധഭാഷ്യം: പത്മഭൂഷൺ പണ്ഡിറ്റ് ശ്രീപാദ് ദാമോദർ സാത്വലേകർ, നാല് വാല്യങ്ങൾ. സ്വാധ്യായമണ്ഡലം, പാർസി, ഗുജറാത്ത്.
7. സാമവേദം: പത്മഭൂഷൺ പണ്ഡിറ്റ് ശ്രീപാദ് ദാമോദർ സാത്വലേകർ, സ്വാധ്യായമണ്ഡലം. പാർസി, ഗുജറാത്ത് വിക്രമണവത് 2057.
8. അഥർവം: പത്മഭൂഷൺ പണ്ഡിറ്റ് ശ്രീപാദ് ദാമോദർ സാത്വലേകർ, 4 വാല്യങ്ങൾ, സ്വാധ്യായമണ്ഡലം, പാർസി, ഗുജറാത്ത്.
9. ബൃഹദാരണ്യകോപനിഷദ് ഭാഷ്യം: ശ്രീ പണ്ഡിറ്റ് ശിവശങ്കർ ശർമാ കാവ്യതീർഥ്, ഹരിയാണ സാഹിത്യസംസ്ഥാൻ, ഗുരുകുൽ ഝജ്ജർ രോഹതക്, വിക്രമസംവത് 2040, 1983.
10. പാതഞ്ജലയോഗദർശനം: സതീശ് ആര്യ, വ്യാസ-ഭോജവൃത്തി സഹിതം- വൈദികയോഗമീമാംസാ ഭാഷ്യസഹിതം. അമർ സ്വാമി പ്രകാശൻ വിഭാഗ്, ഗാസിയാബാദ് 2010.
11. ഉപനിഷദ് ഭാഷ്യം: ആചാര്യ രാജ്‌വീർശാസ്ത്രി ഈശ-കേന-കഠം, ആർഷസാഹിത്യപ്രചാർട്രസ്റ്റ്, ഡൽഹി, നാലാംപതിപ്പ്.
12. ഋഗ്വേദഭാഷ്യം: പണ്ഡിറ്റ് ഹരിശരൺ സിദ്ധാന്താലങ്കാർ 7 വാല്യങ്ങൾ. ശ്രീ ഘൂഡ്മൽ പ്രഹ്ലാദ്കുമാർ ആര്യ വേദ്മാർഥന്യാസം, ഹിൻഡോൺ സിറ്റി, രാജസ്ഥാൻ, 2010.

13. യജുർവേദം: പണ്ഡിറ്റ് ഹരിശരൺ സിദ്ധാന്താലങ്കാർ, 2 വാല്യങ്ങൾ. ശ്രീ ഘൂഡ്മൽ പ്രഹ്ലാദ്കുമാർ ആര്യ ധർമാർഥ് ന്യാസ്, ഹിൻഡോൺ സിറ്റി, രാജസ്ഥാൻ, 2007.

14. സാമവേദം: പണ്ഡിറ്റ് ഹരിശരൺ സിദ്ധാന്താലങ്കാർ, വാല്യങ്ങൾ 2. ശ്രീ ഘൂഡ്മൽ പ്രഹ്ലാദ്കുമാർ ആര്യ ധർമാർഥ് ന്യാസ്, ഹിൻഡോൺ സിറ്റി, രാജസ്ഥാൻ, 2007.

15. അഥർവവേദം: പണ്ഡിറ്റ് ഹരിശരൺ സിദ്ധാന്താലങ്കാർ, 3 വാല്യങ്ങൾ. ശ്രീ ഘൂഡ്മൽ പ്രഹ്ലാദ്കുമാർ, ആര്യ ധർമാർഥ് ന്യാസ്, ഹിൻഡോൺ സിറ്റി, രാജസ്ഥാൻ, 2007.

16. സാമവേദഭാഷ്യം: സ്വാമി ജഗദീശ്വരാനന്ദ സരസ്വതി, വിജയകുമാർ ഗോവിന്ദറാം ഹാസാനന്ദ്, 2005.

17. സാമവേദഭാഷ്യം: സാഹിത്യാചാര്യ ശ്രീ വീരേന്ദ്രശാസ്ത്രി എം.എ. കാവ്യതീർഥ, വൈദികഭക്തിസാധന ആശ്രമം, രോഹ്തക്, 2006.

18. ഋഗ്വേദ മന്ത്രസംഹിത, എഡിറ്റർ: ആർ.എൽ. കാശ്യപ്, ശ്രീ ഓർബിന്ദോ കപാലിശാസ്ത്രി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വേദിക് കൾച്ചർ, ഒക്ടോബർ 2003.

19. യജുർവേദം: മഹർഷി ദയാനന്ദ സരസ്വതി ഭാഷാ ഭാഷ്യം - സാർവദേശിക് ആര്യ പ്രതിനിധി സഭാ- ന്യൂഡൽഹി, രണ്ടാം പതിപ്പ്, ആഗസ്ത് 2002.

20. ഋഗ്വേദം: മഹർഷി ദയാനന്ദ സരസ്വതി സാർവദേശിക് ആര്യപ്രതിനിധി സഭ, ന്യൂഡൽഹി, 5 വാല്യങ്ങൾ, ഏപ്രിൽ 2002.

21. സാമവേദം: പണ്ഡിറ്റ് തുളസീറാം, സാർവദേശിക് ആര്യപ്രതിനിധിസഭ, ജൂൺ 2002.

22. അഥർവവേദം: ക്ഷേമകരൺ ദാസ് ദ്വിവേദി, സാർവദേശിക് ആര്യപ്രതിനിധി സഭ, ജൂലായ് 2002.

23. പാതഞ്ജല യോഗദർശനഭാഷ്യം: വ്യാസഭാഷ്യോപേതം, ആചാര്യ രാജ്‌വീർ ശാസ്ത്രി, ആർഷ സാഹിത്യപ്രചാർ ട്രസ്റ്റ്, ന്യൂഡൽഹി.

24. മീമാംസാദർശനം, വിദ്യോദയഭാഷ്യം: ആചാര്യ ഉദയവീര ശാസ്ത്രി, വിജയകുമാർ ഗോവിന്ദറാം ഹാസാനന്ദ്, ന്യൂഡൽഹി 2003.

25. ബ്രഹ്മസൂത്രം (വേദാന്തദർശനം): ആചാര്യ ഉദയവീര ശാസ്ത്രി, വിജയകുമാർ ഗോവിന്ദറാം ഹാസാനന്ദ്, ന്യൂഡൽഹി 2003.

26. സാംഖ്യദർശനം: ആചാര്യ ഉദയവീര ശാസ്ത്രി. പ്രകാശനം: ശ്രീ സ്വാമി വിജ്ഞാനാനന്ദ സരസ്വതി, വിരജാനന്ദ വൈദിക സംസ്ഥാൻ, ഗാസിയാബാദ്.

27. സാംഖ്യസിദ്ധാന്തം: കാപില സിദ്ധാന്തോം കാ വിവേചൻ-വിശ്ലേഷണാത്മക മൗലികഗ്രന്ഥ്, ആചാര്യ ഉദയവീര ശാസ്ത്രി, വിജയകുമാർ ഗോവിന്ദറാം ഹാസാനന്ദ്, ന്യൂഡൽഹി 2002.

28. വേദാന്തദർശനം: സ്വാമി ബ്രഹ്മമുനി പരിവ്രാജക്, വിദ്യാമാർത്താണ്ഡ്, സത്യപ്രകാശൻ, ഹരിയാണ, 2010.

29. ന്യായദർശനം, പണ്ഡിറ്റ് ആര്യമുനി, ഹരിയാണ സാഹിത്യ സംസ്ഥാൻ, ഗുരുകുൽ ഝജ്ജർ, രോഹ്തക്, വിക്രമസംവത്, 2039.

30. ന്യായദർശനം- വിദ്യോദയഭാഷ്യം: ആചാര്യ ഉദയവീര ശാസ്ത്രി, വിജയകുമാർ ഗോവിന്ദറാം ഹാസാനന്ദ്, ന്യൂഡൽഹി 2003.

31. നിഘണ്ടു നിർവചനം: ഡോ. സുദ്യുമ്നാചാര്യ: വിജയപാലോ വിദ്യാവാരിധി, രാംലാൽ കപൂർ ട്രസ്റ്റ്, സോനിപത്, ഹരിയാണ, 1998.

32. നിരുക്തശാസ്ത്രം: പണ്ഡിറ്റ് ഭഗവദ്ദത്ത, രാംലാൽ കപൂർ ട്രസ്റ്റ്, സോനിപത്, ഹരിയാണ, ജനുവരി 2004.

33. ഷഡ്ദർശനം: സ്വാമി ജഗദീശ്വരാനന്ദ സരസ്വതി, വിജയകുമാർ ഗോവിന്ദറാം ഹാസാനന്ദ്, ന്യൂഡൽഹി, 2000.

34. യോഗദർശനം: മഹർഷി വ്യാസഭാഷ്യസഹിതം സ്വാമി സത്യപതി പരിവ്രാജക്, ദർശൻ യോഗ മഹാവിദ്യാലയം, രോജഡ്, ഗുജറാത്ത്, 2006.

35. പ്രാചീന സാംഖ്യസന്ദർഭ്: ആചാര്യ ഉദയവീര ശാസ്ത്രി, വിജയകുമാർ ഗോവിന്ദറാം ഹാസാനന്ദ്, ന്യൂഡൽഹി, 1991.

36. സാംഖ്യദർശനം: സ്വാമി ബ്രഹ്മമുനി പരിവ്രാജക്, വിദ്യാമാർത്താണ്ഡ് സത്യധർമ പ്രകാശൻ, ഹരിയാണ, 2014.

37. വേദാന്തദർശനം: സ്വർഗീയ സ്വാമി ദർശനാനന്ദ സരസ്വതി-സാർവദേശിക് ആര്യ പ്രതിനിധി സഭ, ന്യൂഡൽഹി,

38. യോഗദർശനം: വിദ്യോദയഭാഷ്യം, ആചാര്യ ഉദയവീര ശാസ്ത്രി, വിജയകുമാർ ഗോവിന്ദറാം ഹാസാനന്ദ്, ന്യൂഡൽഹി 2004.

39. ശതപഥബ്രാഹ്മണം (ശുക്ലയജുർവേദീയം): മാധ്യന്ദിനശാഖ, സമ്പാദകൻ: സ്വാമി സത്യപ്രകാശ് സരസ്വതി, വിജയകുമാർ ഗോവിന്ദറാം ഹാസാനന്ദ് ന്യൂഡൽഹി, 3 വാല്യങ്ങൾ, 2003.

40. മീമാംസാദർശനം-ശാബരഭാഷ്യം: ആർഷമതവിമർശിന്യാ ഹിന്ദി- വ്യാഖ്യായാ സഹിതം, 3 വാല്യങ്ങൾ, യുധിഷ്ഠിര മീമാംസക്, രാംലാൽ കപൂർ ട്രസ്റ്റ്, ഹരിയാന.

41. വിശുദ്ധമനുസ്മൃതി: പ്രൊഫ. ഡോ. സുരേന്ദ്രകുമാർ, ആർഷസാഹിത്യ പ്രചാർ ട്രസ്റ്റ്, ന്യൂഡൽഹി, സമ്പാദകൻ: ശ്രീരാജ്വീർ ശാസ്ത്രി, 5-ാം പതിപ്പ്, ജൂലായ് 2006.

42. മനുസ്മൃതി-പരിവർധിത ഏവം പരിഷ്കൃത സംസ്കരണം: ഡോ. സുരേന്ദ്രകുമാർ, സമ്പാദകൻ: ശ്രീരാജവീർ ശാസ്ത്രി, ആർഷ സാഹിത്യ പ്രചാർ ട്രസ്റ്റ്, ന്യൂഡൽഹി-110006, ജൂലായ് 2005.

43. ബ്രഹ്മസൂത്രശാങ്കരഭാഷ്യം, ഭാഷാനുവാദം എം.ജി. കൃഷ്ണവാരിയർ, 2 വാല്യങ്ങൾ, കേരള സർവകലാശാല, തിരുവനന്തപുരം, 2009.

44. ഉപനിഷദ് രഹസ്യം: ഏകാദശോപനിഷദ്, മഹാത്മാ നാരായണ സ്വാമി, വിജയകുമാർ, ഗോവിന്ദറാം ഹാസാനന്ദ്, ന്യൂഡൽഹി, 2009.

45. ബ്രഹ്മസൂത്രം: ശാങ്കരഭാഷാനുവാദം, സാഹിത്യകേസരി - പണ്ഡിറ്റ് പി. ഗോപാലൻ നായർ, സംശോധനം പ്രൊഫ. കെ.പി. നാരായണപിഷാരടി, ദി ഇതോസ്, തൃശൂർ, 1994.

46. ഛാന്ദോഗ്യോപനിഷത്ത്: ശ്രീ പണ്ഡിറ്റ് ശിവശങ്കർ ശർമാ കാവ്യതീർഥ്, ഹരിയാണാ സാഹിത്യ സംസ്ഥാനം, ഹരിയാണ, വിക്രസംവത് 2040.

47. മഹാഭാരതം: ആര്യടീകാ- പണ്ഡിറ്റ് ആര്യമുനി ഹരിയാണാ സാഹിത്യ സംസ്ഥാനം, രോഹ്തക്

48. വൈദികകോശ: ഹൻസരാജ്, ഭഗവദദ്ദത്ത, വിശ്വഭാരതി അനുസന്ധാൻ പരിഷത്, ജ്ഞാൻപുർ, വാരണസി, യു.പി, 1992.

49. പഞ്ചദശി: വിദ്യാരണ്യസ്വാമികൾ, വ്യാഖ്യാതാവ് സ്വാമി ജ്ഞാനാനന്ദ സരസ്വതി, ആനന്ദകുടീരം പ്രസിദ്ധീകരണം, ജൂലായ് 1990.

50. മീമാംസാര്യഭാഷ്യം: 2 വാല്യങ്ങൾ. പണ്ഡിറ്റ് ആര്യമുനിജി മഹോപാധ്യായ. ഹരിയാണ സാഹിത്യസംസ്ഥാനം ഗുരുകുൽ ഝജ്ജർ, രോഹ്തക്.

51. ബ്രഹ്മവിദ്യാ അഥവാ ഉപനിഷത്തുകൾ, ശാങ്കരഭാഷ്യസാരത്തോടുകൂടിയത്. വ്യാഖ്യാതാക്കൾ പി.കെ. നാരായണപിള്ള, മഹോപാധ്യായൻ എൻ. രാമൻപിള്ള, ശ്രീരാമവിലാസം പ്രസിദ്ധീകരണശാല, കൊല്ലം. 1115.

52. Essays on the Gita by Sri. Aurobindo, Sri Aurobindo Ashram, Pondichery, 5th impression 2006.

53. ഈശാദ്യഷ്ടോത്തരശതോപനിഷദഃ - ശ്രീവാസുദേവശർമാ, ചൗഖമ്ബാ വിദ്യാഭവൻ, വാരണസി, 2003.

54. ബൃഹദാരണ്യകോപനിഷദ്-സാനുവാദം ശാങ്കരഭാഷ്യസഹിതം: ഗീതാപ്രസ്, ഗൊരഖ്പൂർ, 12-ാം പതിപ്പ്.

55. ഈശാദി നൗ ഉപനിഷദ്-ശാങ്കരഭാഷ്യാർഥ്: ഗീതാ പ്രസ്, ഗൊരഖ്പൂർ, 9-ാം പതിപ്പ്.

56. ഛാന്ദോഗ്യോപനിഷത്ത് - സാനുവാദ് ശാങ്കരഭാഷ്യസഹിത്, ഗീതാ പ്രസ്, ഗൊരഖ്പൂർ, 16-ാം പതിപ്പ്.

57. 112 Upanishads- Tr. by Board of Scholars, Ed. K.L. Joshi, O.N. Bimali, Bindiya Trivedi, Parimal Publications, New Delhi, Second Edition, 2007. 2 Vols.

58. ഉപനിഷത്സമുച്ചയ: ഭാഷ്യകാരൻ: പണ്ഡിറ്റ് ഭീമസേൻ ശർമാ, ഹരിയാണാ സാഹിത്യ സംസ്ഥാനം, ഗുരുകുൽ ഝജ്ജർ, രോഹ്തക് വിക്രമസംവത് 2038.

59. Srimad Bhagavad Gitopanishad- A Study of the divine commentary of Narayana Bhagavan, Shri Mayananda. Chaitanya - Dr. Shankar. B. Chandekar. Sept. 2009.

60. ശ്രീമദ് ഭഗവദ്ഗീത - പുരുഷാർഥബോധിനി ഭാഷാ ടീകാ: പത്മഭൂഷൺ പണ്ഡിറ്റ് ശ്രീപാദ് ദാമോദർ സാത്വലേകർ, സ്വാധ്യായമണ്ഡലം, പാർസി, ഗുജറാത്ത്, 4 വാല്യങ്ങൾ, 2008.

61. ശ്രീമദ് ഭഗവദ്ഗീത- ഏക് വൈദിക് രഹസ്യ. വോള്യം 4, സ്വാമി രാമസ്വരൂപ് യോഗാചാര്യ വേദമന്ദിർ പ്രകാശൻ, കാങ്ട, ഹിമാചൽപ്രദേശ്, 2014.

62. ശ്രീമദ് ഭഗവദ്ഗീത-സരൽ സുബോധ് ഭാഷാ ഭാഷ്യം ഗുരുദത്ത്, ഹിന്ദി സാഹിത്യസദൻ, ന്യൂഡൽഹി, 1997.

63. വൈദികഗീത-യോഗപ്രദീപാര്യഭാഷ്യം: മഹാവിദ്വാൻ പണ്ഡിറ്റ് ആര്യമുനി, ദയാനന്ദ സംസ്ഥാനം, വേദമന്ദിർ, ന്യൂദൽഹി-5.

64. ശ്രീമദ് ഭഗവദ്ഗീതാശിവാരവിന്ദം മഹാഭാഷ്യം: വ്യാഖ്യാതാവ് പ്രൊഫ. ജി. ബാലകൃഷ്ണൻ നായർ, ആറാംപതിപ്പ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 6-ാം പതിപ്പ്, ആഗസ്റ്റ് 2013.

65. ശ്രീമദ് ഭഗവദ്ഗീത: ഏക അധ്യയൻ, ഗുരുദത്ത്, ശാശ്വതസംസ്കൃതി പരിഷത്ത്, ന്യൂദൽഹി, 1995.

66. ശ്രീമദ് ഭഗവദ്ഗീതാ-പദാനുക്രമണികാസഹിതം സമർപണഭാഷ്യം: വിജയകുമാർ ഗോവിന്ദറാം ഹാസാനന്ദ്, 2012.

67. ശ്രീമദ് ഭഗവദ്ഗീത-സത്യവ്രതസിദ്ധാന്താലങ്കാർ: വിജയകൃഷ്ണലഖൻപാൽ, ന്യൂഡൽഹി, 48.

68. ശ്രീരാമാനുജ ഗീതാഭാഷ്യം: സ്വാമി ആദി ദേവാനന്ദ ശ്രീരാമകൃഷ്ണ മഠം, മൈലാപ്പൂർ, ചെന്നൈ.

69. സത്യാർഥപ്രകാശം-സത്യാർഥഭാസ്കരം: 2 വാല്യങ്ങൾ, സ്വാമി വിദ്യാനന്ദ സംസ്പതി, രാംലാൽ കപൂർ ട്രസ്റ്റ്, 2010.

68. സത്യാർഥപ്രകാശം: മഹർഷി ദയാനന്ദ സരസ്വതി, ശോധകർത്താ-ഡോ. സുരേന്ദ്രകുമാർ, സത്യാർഥപ്രകാശൻ, 2 വാല്യങ്ങൾ, 2014.

69. ശ്രീമദ് ഭഗവദ്ഗീതാ-തത്ത്വപ്രകാശികേത്യാദ്യഷ്ടടീകോപേതാ, സമ്പാദകർ: ശാസ്ത്രീ ജീവറാം ലല്ലൂറാം ബക്രേ മഹാദേവ ഗങ്ഗാധര റാവ്, ദിനകരവിഷ്ണു ഗോഖലേ, പരിമൾ പബ്ലിക്കേഷൻസ്, ഡൽഹി, 2011. (ഭഗവദ്ഗീതയുടെ കേശവ കാശ്മീരി ഭട്ടാചാര്യ, മധുസൂദനസരസ്വതി, ശങ്കരാനന്ദ, ശ്രീധരസ്വാമി, സദാനന്ദ, ധനപതിസൂരി, ദൈവാജ്ഞാ പണ്ഡിതസൂര്യ, രാഘവേന്ദ്ര എന്നിവരുടെ ഭാഷ്യങ്ങളാണ് ഇതിൽ)

70. ശ്രീമദ് ഭഗവദ്ഗീതാ ലളിതാവ്യാഖ്യാശാങ്കരഭാഷ്യോപേതാ: സ്വാമി വിദ്യാനന്ദഗിരിജി മഹാരാജ്, വേദാന്തസർവദർശനാചാര്യ, ഡോ. ഉമേശാനന്ദ ശാസ്ത്രി, സ്വർണലാൽ തുലീ, കൈലാസവിദ്യാപ്രകാശൻ, കൈലാസ ആശ്രമം, ഋഷികേശ്, 1998.

■

# ശ്ലോകാനുക്രമണിക


| | അധ്യാ. | ശ്ലോ. |
|---|---|---|
| **അ** | | |
| അകീർതിം ചാപിഭൂതാനി | 2 | 34 |
| അക്ഷരം ബ്രഹ്മ പരമം | 8 | 3 |
| അക്ഷരാണാം അകാരോഽസ്മി | 10 | 33 |
| അഗ്നിർജ്യോതിരഹഃ ശുക്ലഃ | 8 | 24 |
| അച്ഛേദ്യോഽയമദാഹ്യോയം | 2 | 24 |
| അജോഽപി സന്നവ്യയാത്മാ | 4 | 6 |
| അജ്ഞശ്ചാശ്രദ്ദധാനശ്ച | 4 | 40 |
| അന്തകാലേ ച മാമേവ | 8 | 5 |
| അന്തവത്തു ഫലം തേഷാം | 7 | 23 |
| അന്തവന്ത ഇമേ ദേഹാഃ | 2 | 18 |
| അത്ര ശൂരാ മഹേഷ്വാസാഃ | 1 | 4 |
| അഥ കേന പ്രയുക്തോഽയം | 3 | 36 |
| അഥ ചിത്തം സമാധാതും | 12 | 9 |
| അഥ ചേത്ത്വമിമം ധർമ്യം | 2 | 33 |
| അഥ ചൈനം നിത്യജാതം | 2 | 26 |
| അഥവാ യോഗിനാമവ | 6 | 42 |
| അഥവാ ബഹുനൈതേന | 10 | 42 |
| അഥ വ്യവസ്ഥിതാൻ ദൃഷ്ട്വാ | 1 | 20 |
| അഥൈത ദപ്യശക്തോഽസി | 12 | 11 |
| അദൃഷ്ടപൂർവം ഹൃഷിതോഽസ്മി | 11 | 45 |
| അദേശകാലേ യദ്ദാനം | 17 | 22 |
| അദ്വേഷ്ടാ സർവഭൂതാനാം | 12 | 13 |
| അധർമം ധർമമിതി യാ | 18 | 32 |
| അധർമാഭിഭവാത്കൃഷ്ണ | 1 | 41 |
| അധശ്ചോർധ്വം പ്രസൃതാഃ | 15 | 2 |
| അധിഭൂതം ക്ഷരോഭാവഃ | 8 | 4 |
| അധിയജ്ഞഃ കഥം കോഽത്ര | 8 | 2 |
| അധിഷ്ഠാനം തഥാ കർത്താ | 18 | 14 |
| അധ്യാത്മജ്ഞാനനിത്യത്വം | 13 | 12 |
| അധ്യേഷ്യതേ ച യ ഇമം | 18 | 70 |
| അനന്തവിജയം രാജാ | 1 | 16 |
| അനന്തശ്ചാസ്മി നാഗാനാം | 10 | 29 |
| അനന്യചേതാഃ സതതം | 8 | 14 |
| അനന്യാശ്ചിന്തയന്തോ മാം | 9 | 22 |
| അനപേക്ഷഃ ശുചിർദക്ഷഃ | 12 | 16 |
| അനാദിത്വാന്നിർഗുണത്വാത് | 13 | 32 |
| അനാദിമധ്യാന്തമനന്തവീര്യം | 11 | 19 |
| അനാശ്രിതഃ കർമഫലം | 6 | 1 |
| അനിഷ്ടമിഷ്ടം മിശ്രം ച | 18 | 12 |
| അനുദ്വേഗകരം വാക്യം | 17 | 15 |
| അനുബന്ധം ക്ഷയം ഹിംസാം | 18 | 25 |
| അനേകചിത്തവിഭ്രാന്താ | 16 | 16 |
| അനേകബാഹൂദരവക്ത്രനേത്രം | 11 | 16 |
| അനേകവക്ത്രനയനം | 11 | 10 |
| അന്നാദ്ഭവന്തി ഭൂതാനി | 3 | 14 |
| അന്യോ ച ബഹവഃ ശൂരാ | 1 | 9 |
| അന്യേ ത്വേവമജാനന്തഃ | 13 | 26 |
| അപരം ഭവതോ ജന്മ | 4 | 4 |
| അപരേ നിയതാഹാരാഃ | 4 | 30 |
| അപരേയമിതസ്ത്വന്യാം | 7 | 5 |
| അപര്യാപ്തം തദസ്മാകം | 1 | 10 |

| | അധ്യാ. | ശ്ലോ. |
|---|---|---|
| അപാനേ ജുഹ്വതി പ്രാണം | 4 | 29 |
| അപി ചേത്സുദുരാചാരോ | 9 | 30 |
| അപി ചേദസി പാപേഭ്യഃ | 4 | 36 |
| അപ്രകാശോ/പ്രവൃത്തിശ്ച | 14 | 13 |
| അഫലാകാംക്ഷിഭിര്യജ്ഞഃ | 17 | 11 |
| അഭയം സത്ത്വസംശുദ്ധിഃ | 16 | 1 |
| അഭിസന്ധായ തു ഫലം | 17 | 12 |
| അഭ്യാസയോഗയുക്തേന | 8 | 8 |
| അഭ്യാസേ/പ്യസമർഥോ/സി | 12 | 10 |
| അമാനിത്വമദംഭിത്വം | 16 | 7 |
| അമീ ച ത്വാം ധൃതരാഷ്ട്രസ്യ | 11 | 26 |
| അമീ ഹി ത്വാം സുരസംഘാ | 11 | 21 |
| അയനേഷു ച സർവേഷു | 1 | 11 |
| അയതിഃ ശ്രദ്ധായോപേതോ | 6 | 37 |
| അയുക്തഃ പ്രാകൃതഃ സ്തബ്ധഃ | 18 | 28 |
| അവജാനന്തി മാം മൂഢാ | 9 | 11 |
| അവാച്യവാദാംശ്ച ബഹൂൻ | 2 | 36 |
| അവിനാശി തു തദ്വിദ്ധി | 2 | 17 |
| അവിഭക്തം ച ഭൂതേഷു | 13 | 17 |
| അവ്യക്താദീനി ഭൂതാനി | 2 | 28 |
| അവ്യക്താദ് വ്യക്തയഃ | 8 | 18 |
| അവ്യക്തോ/ക്ഷര ഇത്യുക്തഃ | 8 | 21 |
| അവ്യക്തോ/യമചിന്ത്യോ/യം | 2 | 25 |
| അവ്യക്തം വ്യക്തിമാപന്നം | 7 | 24 |
| അശാസ്ത്ര വിഹിതം ഘോരം | 17 | 5 |
| അശോച്യാനന്വശോചസ്ത്വം | 2 | 11 |
| അശ്രദ്ധധാനാഃ പുരുഷാഃ | 9 | 3 |
| അശ്രദ്ധയാ ഹുതം ദത്തം | 17 | 28 |
| അശ്വത്ഥഃ സർവവൃക്ഷാണാം | 10 | 26 |
| അസക്തബുദ്ധിഃ സർവത്ര | 18 | 49 |
| അസക്തിരനഭിഷ്വംഗഃ | 13 | 10 |
| അസത്യമപ്രതിഷ്ഠം തേ | 16 | 8 |
| അസൗ മയാ ഹതഃ ശത്രുഃ | 16 | 14 |
| അസംയതാത്മനാ യോഗോ | 6 | 36 |
| അസംശം മഹാബാഹോ | 6 | 35 |
| അസ്മാകം തു വിശിഷ്ടാ | 1 | 7 |
| അഹം ക്രതുരഹം യജ്ഞഃ | 9 | 16 |
| അഹംകാര ബലം .....മാമാത്മ | 16 | 18 |
| അഹംകാര ബലം......വിമുച്യ | 18 | 53 |
| അഹമാത്മാ ഗുഡാകേശഃ | 10 | 20 |
| അഹം വൈശ്വാനരോ ഭൂത്വാ | 15 | 14 |
| അഹം സർവസ്യ പ്രഭവോ | 10 | 8 |
| അഹം ഹി സർവ യജ്ഞാനാം | 9 | 24 |
| അഹിംസാ സത്യമക്രോധഃ | 16 | 2 |
| അഹിംസാ സമതാ തുഷ്ടിഃ | 10 | 5 |
| അഹോ ബത മഹത്പാപം | 1 | 45 |
| **ആ** | | |
| ആഖ്യാഹി മേ കോ ഭവാൻ | 11 | 31 |
| ആചാര്യാഃ പിതരഃ പുത്രാഃ | 1 | 34 |
| ആഢ്യോ/ഭിജനവാന/സ്മി | 16 | 15 |
| ആത്മസംഭാവിതാഃ സ്തബ്ധാഃ | 16 | 17 |
| ആത്മ്യൗപമ്യേന സർവത്ര | 6 | 32 |
| ആദിത്യാനാമഹം വിഷ്ണുഃ | 10 | 21 |
| ആപൂര്യമാണമചലപ്രതിഷ്ഠം | 2 | 70 |
| ആബ്രുഹ്മഭുവനാല്ലോകാത് | 8 | 16 |
| ആയുധാനാമഹം വജ്രം | 10 | 28 |
| ആയുഃസത്ത്വബലാരോഗ്യ | 17 | 8 |
| ആരുരുക്ഷോർമുനേർയോഗം | 6 | 3 |
| ആവൃതം ജ്ഞാനമേതേന | 3 | 39 |
| ആശാപാശശതൈർബദ്ധാഃ | 16 | 12 |
| ആശ്ചര്യവത് പശ്യതി കശ്ചിദേനം | 2 | 29 |
| ആസുരീ യോനിമാപന്നാഃ | 16 | 20 |
| ആഹാരസ്ത്വപി സർവസ്യ | 17 | 7 |
| ആഹുസ്ത്വാമൃഷയഃ സർവേ | 10 | 13 |
| **ഇ** | | |
| ഇച്ഛാദ്വേഷസമുത്ഥേന | 7 | 27 |
| ഇച്ഛാ ദ്വേഷം സുഖം ദുഃഖം | 13 | 7 |
| ഇതി ഗുഹ്യതമം ശാസ്ത്രം | 15 | 20 |

| | അധ്യാ. | ശ്ലോ. |
|---|---|---|
| ഇതി തേ ജ്ഞാനമാഖ്യാതം | 18 | 53 |
| ഇതി ക്ഷേത്രം തഥാ ജ്ഞാനം | 13 | 19 |
| ഇത്യർജുനം വാസുദേവഃ | 11 | 50 |
| ഇത്യഹം വാസുദേവസ്യ | 18 | 74 |
| ഇദമദ്യ മയാ ലബ്ധം | 16 | 13 |
| ഇദം തു തേ ഗുഹ്യതമം | 9 | 1 |
| ഇദം തേ നാതപസ്കായ | 18 | 67 |
| ഇദം ശരീരം കൗന്തേയ | 13 | 2 |
| ഇദം ജ്ഞാനമുപാശ്രിത്യ | 14 | 2 |
| ഇന്ദ്രിയസ്യേന്ദ്രിയസ്യാർഥേ | 3 | 34 |
| ഇന്ദ്രിയാണാം ഹി ചരതോ | 2 | 67 |
| ഇന്ദ്രിയാണി പരാണ്യാഹുഃ | 3 | 42 |
| ഇന്ദ്രിയാണി മനോ ബുദ്ധിഃ | 3 | 40 |
| ഇന്ദ്രിയാർഥേഷു വൈരാഗ്യം | 13 | 9 |
| ഇമം വിവസ്വതേ യോഗം | 4 | 1 |
| ഇഷ്ടാൻഭോഗാൻഹി | 3 | 12 |
| ഇഹൈകസ്ഥം ജഗത്കൃത്സ്നം | 11 | 7 |
| ഇഹൈവ തൈർജിതഃ സർഗോ | 5 | 19 |
| **ഈ** | | |
| ഈശ്വരഃ സർവഭൂതാനാം | 18 | 61 |
| **ഉ** | | |
| ഉച്ചൈഃശ്രവസമശ്വാനാം | 10 | 27 |
| ഉത്ക്രാമന്തം സ്ഥിതം വാപി | 15 | 16 |
| ഉത്തമഃ പുരുഷസ്ത്വന്യഃ | 25 | 17 |
| ഉത്സന്നകുലധർമാണാം | 1 | 44 |
| ഉത്സീദേയുരിമേ ലോകാഃ | 3 | 24 |
| ഉദാരാഃ സർവ ഏവൈതേ | 7 | 18 |
| ഉദാസീനവദാസീനോ | 14 | 23 |
| ഉദ്ധരേദാത്മനാത്മാനം | 36 | 5 |
| ഉപദ്രഷ്ടാ$f$നുമന്താ ച | 13 | 23 |
| **ഊ** | | |
| ഊർധ്വം ഗച്ഛന്തി സത്ത്വസ്ഥാഃ | 14 | 18 |
| ഊർധ്വമൂലമധഃ ശാഖം | 15 | 1 |
| **ഋ** | | |
| ഋഷിഭിർബഹുധാ ഗീതം | 13 | 5 |
| **ഏ** | | |
| ഏതച്ഛ്രുത്വാ വചനം കേശവസ്യ | 11 | 35 |
| ഏതദ്യോനീനി ഭൂതാനി | 7 | 6 |
| ഏതന്മേ സംശയം കൃഷ്ണ | 6 | 39 |
| ഏതാന്നഹന്തുമിച്ഛാമി | 1 | 35 |
| ഏതാന്യപി തു കർമാണി | 18 | 6 |
| ഏതാം ദൃഷ്ടിമവഷ്ടഭ്യ | 16 | 9 |
| ഏതാം വിഭൂതിം യോഗം ച | 10 | 7 |
| ഏതൈർവിമുക്തഃ കൗന്തേയ | 16 | 22 |
| ഏവമുക്തോ ഹൃഷീകേശോ | 1 | 24 |
| ഏവമുക്ത്വാർജുനഃ സംഖ്യേ | 1 | 47 |
| ഏവമുക്ത്വാ തതോ രാജൻ | 1 | 19 |
| ഏവമുക്ത്വാ ഹൃഷീകേശം | 2 | 9 |
| ഏവമേതദ്യഥാത്ഥ ത്വം | 11 | 3 |
| ഏവം പരമ്പരാപ്രാപ്തമിമം | 4 | 2 |
| ഏവം പ്രവർതിതം ചക്രം | 3 | 16 |
| ഏവം ബഹുവിധാഃ യജ്ഞാഃ | 4 | 32 |
| ഏവം ബുദ്ധേഃ പരംബുദ്ധ്വാ | 3 | 43 |
| ഏവം സതത യുക്താഃ യേ | 12 | 1 |
| ഏവം ജ്ഞാത്വാ കൃതം കർമ | 4 | 15 |
| ഏഷാ തേ$f$ഭിഹിതാ സംഖ്യേ | 2 | 39 |
| ഏഷാ ബ്രാഹ്മീ സ്ഥിതിഃ | 2 | 72 |
| **ഓ** | | |
| ഓമിത്യേകാക്ഷരം ബ്രഹ്മ | 8 | 13 |
| ഓം തത്സദിതി നിർദേശഃ | 17 | 23 |
| **ക** | | |
| കച്ചിന്നോഭയവിഭ്രഷ്ടഃ | 6 | 38 |
| കച്ചിദേതച്ഛ്രുതം പാർഥ | 18 | 72 |
| കട്വമ്ലലവണാത്യുഷ്ണ | 17 | 9 |
| കഥം ന ജ്ഞേയമസ്മാഭിഃ | 1 | 39 |
| കഥം ഭീഷ്മമഹം സംഖ്യേ | 2 | 4 |
| കഥം വിദ്യാമഹം യോഗിൻ | 10 | 17 |

| | അധ്യാ. | ശ്ലോ. | | അധ്യാ. | ശ്ലോ. |
|---|---|---|---|---|---|
| കർമജം ബുദ്ധിയുക്താ ഹി | 2 | 51 | ക്രോധാദ്ഭവതി സംമോഹഃ | 2 | 68 |
| കർമണഃ സുകൃതസ്യാഹുഃ | 14 | 16 | ക്ലൈബ്യം മാ സ്മ ഗമഃ | 2 | 3 |
| കർമണൈവ ഹി സംസിദ്ധിം | 3 | 20 | ക്ലേശോƒധികരതസ്തേഷാം | 12 | 5 |
| കർമണോ ഹ്യപി ബോദ്ധവ്യം | 4 | 17 | ക്ഷിപ്രം ഭവതി ധർമാത്മാ | 9 | 31 |
| കർമണ്യകർമ യഃ പശ്യേത് | 4 | 18 | ക്ഷേത്രക്ഷേത്രജ്ഞയോരേവം | 13 | 35 |
| കർമണ്യേവാധികാരസ്തേ | 2 | 47 | ക്ഷേത്രജ്ഞം ചാപി മാം വിദ്ധി | 13 | 3 |
| കർമ ബ്രഹ്മോദ്ഭവം വിദ്ധി | 3 | 15 | **ഗ** | | |
| കർമേന്ദ്രിയാണി സംയമ്യ | 3 | 6 | ഗതസംഗസ്യ മുക്തസ്യ | 4 | 23 |
| കർഷയന്തഃ ശരീരസ്ഥം | 17 | 6 | ഗതിർഭർതാ പ്രഭുഃ സാക്ഷി | 9 | 18 |
| കവിം പുരാണമനുശാസിതാരം | 8 | 9 | ഗാണ്ഡീവം സ്രംസതേ | 1 | 30 |
| കസ്മാച്ച തേ ന നമേരൻ | 11 | 37 | ഗാമാവിശ്യ ച ഭൂതാനി | 15 | 13 |
| കാമ ഏഷ ക്രോധ ഏഷ | 3 | 37 | ഗുണാനേതാനതീത്യ ത്രീൻ | 14 | 20 |
| കാമക്രോധവിയുക്താനാം | 5 | 26 | ഗുരൂനഹത്വാ ഹി മഹാനുഭാവാൻ | 2 | 5 |
| കാമമാശ്രിത്യ ദുഷ്പൂരം | 16 | 10 | **ച** | | |
| കാമാത്മനഃ സ്വർഗപരാഃ | 2 | 43 | ചഞ്ചലം ഹി മനഃ കൃഷ്ണ | 6 | 34 |
| കാമൈസ്തൈസ്തൈർഹൃത | 7 | 20 | ചതുർവിധാ ഭജന്തേ മാം | 7 | 16 |
| കാമ്യാനാം കർമണാം ന്യാസഃ | 18 | 2 | ചാതുർവർണ്യം മയാ സൃഷ്ടം | 4 | 13 |
| കായേന മനസാ ബുദ്ധ്യാ | 5 | 11 | ചിന്താമപരിമേയാം ച | 16 | 11 |
| കാർപണ്യദോഷോപഹത | 2 | 7 | ചേതസാ സർവകർമാണി | 18 | 57 |
| കാര്യകാരണകർതൃത്വേ | 13 | 21 | **ജ** | | |
| കാര്യമിത്യേവ യത്കർമ | 18 | 9 | ജന്മ കർമ ച മേ ദിവ്യം | 4 | 9 |
| കാലോƒസ്മി ലോകക്ഷയകൃത് | 11 | 32 | ജരാമരണമോക്ഷായ | 7 | 29 |
| കാശ്യശ്ച പരമേഷ്വാസഃ | 1 | 17 | ജാതസ്യ ഹി ധ്രുവോ മൃത്യുഃ | 2 | 27 |
| കാംക്ഷതഃ കർമണാം സിദ്ധിം | 4 | 12 | ജിതാത്മനഃ പ്രശാന്തസ്യ | 6 | 7 |
| കിം കർമ കിമകർമേതി | 4 | 16 | ജ്ഞാനയജ്ഞേന ചാപ്യന്യേ | 9 | 15 |
| കിം തദ്ബ്രഹ്മ കിമധ്യാത്മം | 8 | 1 | ജ്ഞാനവിജ്ഞാനതൃപ്താത്മാ | 6 | 8 |
| കിം പുനർബ്രാഹ്മണാഃ പുണ്യാഃ | 9 | 33 | ജ്ഞാനേന തു തദജ്ഞാനം | 5 | 16 |
| കിരീടിനം ഗദിനം ചക്രഹസ്തം | 11 | 46 | ജ്ഞാനം കർമ ച കർതാ ച | 18 | 19 |
| കിരീടിനം ഗദിനം ചക്രിണം ച | 11 | 17 | ജ്ഞാനം തേƒഹം സവിജ്ഞാനം | 7 | 2 |
| കുതസ്ത്വാ കശ്മലമിദം | 2 | 2 | ജ്ഞാനം ജ്ഞേയം പരിജ്ഞാതാ | 18 | 18 |
| കുലക്ഷയേ പ്രണശ്യന്തി | 1 | 40 | ജ്ഞേയഃ സ നിത്യസംന്യാസീ | 5 | 3 |
| കൃപയാ പരയാƒƒവിഷ്ടോ | 1 | 28 | ജ്ഞേയം യത്തത്പ്രവക്ഷ്യാമി | 13 | 13 |
| കൃഷിഗോരക്ഷ്യവാണിജ്യം | 18 | 44 | ജ്യായസീ ചേത്കർമണഃ | 3 | 1 |
| കൈർലിംഗൈഃ സ്ത്രീൻ | 14 | 21 | ജ്യോതിഷാമപി യജ്ജ്യോതിഃ | 3 | 17 |

| | അധ്യാ. | ശ്ലോ. | | അധ്യാ. | ശ്ലോ. |
|---|---|---|---|---|---|
| **ത** | | | തസ്യ സംജനയൻ ഹർഷം | 1 | 12 |
| തം തഥാ കൃപയാവിഷ്ടം | 2 | 1 | താനഹം ദ്വിഷതഃ ക്രൂരാൻ | 16 | 19 |
| തതഃ പദം തത് പരിമാർഗിതവ്യം | 15 | 4 | താനി സർവാണി സംയമ്യ | 2 | 61 |
| തച്ച സംസ്മൃത്യ സംസ്മൃത്യ | 18 | 77 | തുല്യ നിന്ദാസ്തുതിർമൗനീ | 12 | 19 |
| തതഃ ശംഖാശ്ച ഭേര്യാശ്ച | 1 | 13 | തേജഃ ക്ഷമാ ധൃതിഃ | 16 | 3 |
| തതഃ ശ്വേതഹയൈർയുക്തേ | 1 | 14 | തേ തം ഭുക്ത്വാ സ്വർഗലോകം | 9 | 21 |
| തതഃ സഃ വിസ്മയാവിഷ്ടഃ | 11 | 14 | തേഷാമഹം സമുദ്ധർത്താ | 12 | 7 |
| തത്ത്വവിത്തു മഹാബാഹോ | 3 | 28 | തേഷാമേവാനുകമ്പാർഥം | 10 | 11 |
| തത്ര തം ബുദ്ധി സംയോഗം | 6 | 43 | തേഷാം സതത യുക്താനാം | 10 | 10 |
| തത്ര സത്ത്വം നിർമലത്വാത് | 14 | 6 | തേഷാം ജ്ഞാനീ നിത്യയുക്താഃ | 7 | 17 |
| തത്രാ പശ്യത്സ്ഥിതാൻ | 1 | 26 | ത്യക്ത്വാ കർമഫലാസംഗം | 4 | 20 |
| തത്രൈകസ്ഥം ജഗത്കൃത്സ്നം | 11 | 13 | ത്യാജ്യം ദോഷവദിത്യേകേ | 18 | 3 |
| തത്രൈകാഗ്രം മനഃ കൃത്വാ | 6 | 12 | ത്രിഭിർഗുണമയൈർഭാവൈഃ | 7 | 13 |
| തത്രൈവം സതി കർത്താരം | 18 | 16 | ത്രിവിധാ ഭവതി ശ്രദ്ധാ | 17 | 2 |
| തത്ക്ഷേത്രം യച്ച യാദൃക്ച | 13 | 4 | ത്രിവിധം നരകസ്യേദം | 16 | 21 |
| തദിത്യനഭിസന്ധായ | 17 | 25 | ത്രൈഗുണ്യവിഷയാഃ വേദാഃ | 2 | 45 |
| തദ്ബുദ്ധയസ്തദാത്മാനഃ | 5 | 17 | ത്രൈവിദ്യാ മാം സോമപാഃ | 9 | 20 |
| തദ്വിദ്ധി പ്രണിപാതേന | 4 | 34 | ത്വമക്ഷരം പരമം വേദിതവ്യം | 11 | 18 |
| തപസ്വിഭ്യോfധികോ യോഗീ | 6 | 46 | ത്വമാദിദേവഃ പുരുഷഃ പുരാണഃ | 11 | 38 |
| തപാമ്യഹമഹം വർഷം | 9 | 19 | **ദ** | | |
| തമസ്ത്വജ്ഞാനജം വിദ്ധി | 14 | 8 | ദണ്ഡോ ദമയതാമസ്മി | 10 | 38 |
| തമുവാച ഹൃഷീകേശഃ | 2 | 10 | ദംഭോ ദർപോfഭിമാനശ്ച | 16 | 4 |
| തമേവ ശരണം ഗച്ഛ | 18 | 62 | ദംഷ്ട്രാകരാലാനി ച തേ | 11 | 25 |
| തം വിദ്യാത് ദുഃഖസംയോഗ | 6 | 23 | ദാതവ്യമിതി യദ്ദാനം | 17 | 20 |
| തസ്മാച്ഛാസ്ത്രം പ്രമാണം തേ | 16 | 24 | ദിവി സൂര്യസഹസ്രസ്യ | 11 | 12 |
| തസ്മാത്പ്രണമ്യ പ്രണിധായ | 11 | 44 | ദിവ്യമാല്യാംബരധരം | 11 | 11 |
| തസ്മാത്ത്വമിന്ദ്രിയാണ്യാദൗ | 3 | 41 | ദുഃഖമിത്യേവ യത്കർമ | 18 | 8 |
| തസ്മാത്ത്വമുത്തിഷ്ഠ യശോ | 11 | 33 | ദുഃഖേഷ്വനുദ്വിഗ്നമനാഃ | 2 | 56 |
| തസ്മാത് സർവേഷു കാലേഷു | 8 | 7 | ദൂരേണ ഹ്യവരം കർമ | 2 | 49 |
| തസ്മാദസക്തഃ സതതം | 3 | 19 | ദൃഷ്ട്വാ തു പാണ്ഡവാനീകം | 1 | 2 |
| തസ്മാദജ്ഞാനസംഭൂതം | 4 | 42 | ദൃഷ്ട്വേദം മാനുഷം രൂപം | 11 | 51 |
| തസ്മാദോമിത്യുദാഹൃത്യ | 17 | 24 | ദൃഷ്ട്വേമം സ്വജനം കൃഷ്ണ | 1 | 27 |
| തസ്മാദ്യസ്യ മഹാബാഹോ | 2 | 38 | ദേവദ്വിജഗുരുപ്രാജ്ഞ | 17 | 14 |
| തസ്മാന്നാർഹാ വയം | 1 | 37 | ദേവാൻ ഭാവയതാനേന | 3 | 11 |

| | അധ്യാ. | ശ്ലോ. | | അധ്യാ. | ശ്ലോ. |
|---|---|---|---|---|---|
| ദേഹീ നിത്യമവധ്യോഽയം | 2 | 30 | ന ദ്വേഷ്ട്യകുശലം കർമ | 18 | 10 |
| ദേഹിനോഽസ്മിൻ യഥാ ദേഹേ | 2 | 13 | ന പ്രഹൃഷ്യേത്പ്രിയം | 5 | 20 |
| ദൈവമേവാപരേ യജ്ഞം | 4 | 25 | ന ബുദ്ധിഭേദം ജനയേത് | 3 | 26 |
| ദൈവീ ഹ്യേഷാ ഗുണമയീ | 7 | 14 | നഭസ്പൃശം ദീപ്തമനേക | 11 | 24 |
| ദൈവീ സമ്പദ്വിമോക്ഷായ | 16 | 5 | നമഃ പുരസ്താദഥ പൃഷ്ഠതഃ | 11 | 40 |
| ദോഷൈരേതൈഃ കുലഘ്നാനാം | 1 | 43 | ന മാം കർമാണി ലിമ്പന്തി | 4 | 14 |
| ദ്യാവാപൃഥിവ്യോരിദമന്തരം | 11 | 20 | ന മാം ദുഷ്കൃതിനോ മൂഢാഃ | 7 | 15 |
| ദ്യൂതം ഛലയതാമസ്മി | 10 | 36 | ന മേ പാർഥാസ്തി കർത്തവ്യം | 3 | 22 |
| ദ്രവ്യ യജ്ഞാസ്തപോ യജ്ഞാ | 4 | 28 | ന മേ വിദുഃ സുരഗണാഃ | 10 | 2 |
| ദ്രുപദോ ദ്രൗപദേയാശ്ച | 1 | 18 | ന രൂപമസ്യേഹ തഥോപ- | 15 | 3 |
| ദ്രോണം ച ഭീഷ്മം ച | 11 | 34 | ന വേദയജ്ഞാധ്യയനൈർന | 11 | 48 |
| ദ്വാവിമൗ പുരുഷൗ ലോകേ | 15 | 16 | നഷ്ടോ മോഹഃ സ്മൃതി- | 18 | 73 |
| ദ്വൗ ഭൂതസർഗൗ ലോകേഽസ്മിൻ | 16 | 6 | ന ഹി കശ്ചിത്ക്ഷണമപി | 3 | 5 |
| **ധ** | | | ന ഹി ദേഹഭൃതാ ശക്യം | 18 | 11 |
| ധർമക്ഷേത്രേ കുരുക്ഷേത്രേ | 1 | 1 | ന ഹി പ്രപശ്യാമി | 2 | 8 |
| ധൂമോ രാത്രിസ്തഥാ കൃഷ്ണഃ | 8 | 25 | ന ഹി ജ്ഞാനേന സദൃശം | 4 | 38 |
| ധൂമേനാവ്രിയതേ വഹ്നിഃ | 3 | 38 | നാന്തോഽസ്തി മമ ദിവ്യാനാം | 10 | 40 |
| ധൃത്യാ യയാ ധാരയതേ | 18 | 33 | നാത്യശ്നതസ്തു യോഗഃ | 6 | 16 |
| ധൃഷ്ടകേതുശ്ചേകിതാനഃ | 1 | 5 | നാദത്തേ കസ്യചിത്പാപം | 5 | 15 |
| ധ്യാനേനാത്മനി പശ്യന്തി | 13 | 25 | നാന്യഃ ഗുണേഭ്യഃ കർതാരം | 14 | 19 |
| ധ്യായതോ വിഷയാൻ പുംസഃ | 2 | 62 | നാസതോ വിദ്യതേ ഭാവോ | 2 | 16 |
| **ന** | | | നാസ്തി ബുദ്ധിരയുക്തസ്യ | 2 | 66 |
| ന കർതൃത്വം ന കർമാണി | 5 | 14 | നാഹം പ്രകാശഃ സർവസ്യ | 7 | 25 |
| ന കർമണാമനാരംഭാത് | 3 | 4 | നാഹം വേദൈർന തപസാ | 11 | 53 |
| ന കാംക്ഷേ വിജയം കൃഷ്ണ | 1 | 32 | നിമിത്താനി ച പശ്യാമി | 8 | 31 |
| ന ച തസ്മാന്മനുഷ്യേഷു | 18 | 69 | നിയതസ്യ തു സംന്യാസഃ | 11 | 7 |
| ന ച മത്സ്ഥാനി ഭൂതാനി | 9 | 5 | നിയതം കുരു കർമ ത്വം | 3 | 8 |
| ന ച മാം താനി കർമാണി | 9 | 9 | നിയതം സംഗരഹിതം | 18 | 23 |
| ന ചൈതദ്വിദ്മോ കതരന്ന | 2 | 6 | നിരാശീര്യതചിത്താത്മാ | 4 | 21 |
| ന ജായതേ മ്രിയതേ വാ | 2 | 20 | നിർമാനമോഹാ ജിതസംഗ | 15 | 5 |
| ന തദസ്തി പൃഥിവ്യാം വാ | 18 | 40 | നിശ്ചയം ശൃണു മേ തത്ര | 18 | 4 |
| ന തദ്ഭാസയതേ സൂര്യഃ | 15 | 6 | നിഹത്യ ദാർതരാഷ്ട്രാന്നഃ | 1 | 36 |
| ന തു മാം ശക്യസേ ദ്രഷ്ടും | 11 | 8 | നേഹാഭിക്രമനാശോഽസ്തി | 2 | 40 |
| ന ത്വേവാഹം ജാതു നാസം | 2 | 12 | നൈതേ സൃതീ പാർഥ | 8 | 27 |

| | അധ്യാ. | ശ്ലോ. | | അധ്യാ. | ശ്ലോ. |
|---|---|---|---|---|---|
| നൈനം ഛിന്ദന്തി ശസ്ത്രാണി | 2 | 23 | പ്രയാണകാലേ മനസാ*f*ചലേന | 8 | 10 |
| നൈവ കിഞ്ചിത്കരോമീതി | 5 | 8 | പ്രലപൻ വിസൃജൻ ഗൃഹ്ണൻ | 5 | 9 |
| നൈവ തസ്യ കൃതേനാർഥോ | 3 | 18 | പ്രവൃത്തിം ച.........കാര്യാകാര്യേ | 16 | 7 |
| പ | | | പ്രവൃത്തിം ച.........ജനാഃ ന വിദുഃ | 18 | 30 |
| പഞ്ചൈതാനി മഹാബാഹോ | 18 | 13 | പ്രശാന്തമനസം ഹ്യേനം | 6 | 27 |
| പത്രം പുഷ്പം ഫലം തോയം | 9 | 26 | പ്രശാന്താത്മാ വിഗതഭീഃ | 6 | 14 |
| പരസ്തസ്മാത്തു ഭാവോ*f*ന്യോ | 8 | 20 | പ്രസാദേ സർവദുഃഖാനാം | 2 | 65 |
| പരം ബ്രഹ്മ പരം ധാമ | 10 | 12 | പ്രഹ്ലാദശ്ചാസ്മി ദൈത്യാനാം | 10 | 30 |
| പരം ഭൂയഃ പ്രവക്ഷ്യാമി | 14 | 1 | പ്രാപ്യ പുണ്യകൃതാം ലോകാൻ | 6 | 41 |
| പരിത്രാണായ സാധൂനാം | 4 | 8 | ബ | | |
| പവനഃ പവതാമസ്മി | 10 | 31 | ബലം ബലവതാമസ്മി | 7 | 11 |
| പശ്യ മേ പാർഥ രൂപാണി | 11 | 5 | ബഹിരന്തശ്ച ഭൂതാനാം | 13 | 16 |
| പശ്യാദിത്യാൻ വസൂൻ രുദ്രാൻ | 11 | 6 | ബഹൂനാം ജന്മനാമന്തേ | 7 | 19 |
| പശ്യാമി ദേവാംസ്തവ ദേവ | 11 | 15 | ബഹൂനി മേ വ്യതീതാനി | 4 | 5 |
| പശ്യൈതാം പാണ്ഡുപുത്രാണാം | 1 | 3 | ബന്ധുരാത്മാത്മനസ്തസ്യ | 6 | 6 |
| പാർഥ നൈവേഹ നാമുത്ര | 6 | 40 | ബാഹ്യസ്പർശേഷ്വസക്താത്മാ | 5 | 21 |
| പാഞ്ചജന്യം ഹൃഷീകേശോ | 1 | 15 | ബീജം മാം സർവഭൂതാനാം | 7 | 10 |
| പിതാ*f*സി ലോകസ്യ ചരാചരസ്യ | 11 | 43 | ബുദ്ധിയുക്തോ ജഹാതീഹ | 2 | 50 |
| പിതാഹമസ്യ ജഗതോ | 9 | 17 | ബുദ്ധിർജ്ഞാനമസമ്മോഹഃ | 10 | 4 |
| പുണ്യോ ഗന്ധഃ പൃഥിവ്യാം ച | 7 | 9 | ബുദ്ധേർഭേദം ധൃതേശ്ചൈവ | 18 | 29 |
| പുരുഷഃ പ്രകൃതിസ്ഥോ ഹി | 13 | 22 | ബുദ്ധ്യാ വിശുദ്ധയാ യുക്ത | 18 | 51 |
| പുരുഷഃ സഃ പരഃ പാർഥ | 8 | 22 | ബൃഹത്സാമ തഥാ സാമ്നാ | 10 | 35 |
| പുരോധസാം ച മുഖ്യം മാം | 10 | 24 | ബ്രഹ്മണോ ഹി പ്രതിഷ്ഠാഹം | 14 | 27 |
| പൂർവാഭ്യാസേന യേനൈവ | 6 | 44 | ബ്രഹ്മണ്യാധായ കർമാണി | 5 | 10 |
| പൃഥക്ത്വേന തു യത്ജ്ഞാനം | 18 | 21 | ബ്രഹ്മഭൂതഃ പ്രസന്നാത്മാ | 18 | 14 |
| പ്രകാശം ച പ്രവൃത്തിംച | 14 | 22 | ബ്രഹ്മാർപണം ബ്രഹ്മഹവിഃ | 4 | 24 |
| പ്രകൃതിം പുരുഷം......വിദ്ധ്യനാദീ | 13 | 20 | ബ്രാഹ്മണക്ഷത്രിയവിശാം | 18 | 41 |
| പ്രകൃതിം പുരുഷം......ക്ഷേത്രം | 13 | 1 | ഭ | | |
| പ്രകൃതിം സ്വാമവഷ്ടഭ്യ | 9 | 8 | ഭക്ത്യാ ത്വനന്യയാ ശക്യഃ | 11 | 54 |
| പ്രകൃതേഃ ക്രിയമാണാനി | 3 | 27 | ഭക്ത്യാ മാമഭിജാനാതി | 18 | 55 |
| പ്രകൃതേർഗുണസമ്മൂഢാഃ | 3 | 29 | ഭയാദ്രണാദുപരതം | 2 | 35 |
| പ്രകൃത്യൈവ ച കർമാണി | 13 | 30 | ഭവാൻ ഭീഷ്മശ്ച കർണശ്ച | 1 | 8 |
| പ്രജഹാതി യദാ കാമാൻ | 2 | 55 | ഭവാപ്യയൗ ഹി ഭൂതാനാം | 11 | 2 |
| പ്രയത്നാദ്യതമാനസ്തു | 6 | 45 | ഭീഷ്മദ്രോണപ്രമുഖതഃ | 1 | 25 |

| | അധ്യാ. | ശ്ലോ. |
|---|---|---|
| ഭൂതഗ്രാമഃ സ ഏവായം | 8 | 19 |
| ഭൂമിരാപോഽനലോവായുഃ | 7 | 4 |
| ഭൂയ ഏവ മഹാബാഹോ | 10 | 1 |
| ഭോക്താരം യജ്ഞതപസാം | 5 | 29 |
| ഭോഗൈശ്വര്യപ്രസക്താനാം | 2 | 44 |
| **മ** | | |
| മച്ചിത്തഃ സർവദുർഗാണി | 18 | 58 |
| മച്ചിത്താമദ്ഗതപ്രാണാ | 10 | 9 |
| മത്കർമകൃത്മത്പരമോ | 11 | 55 |
| മത്തഃ പരതരം നാന്യത് | 7 | 7 |
| മദനുഗ്രഹായ പരമം | 11 | 1 |
| മനഃ പ്രസാദഃ സൗമ്യത്വം | 17 | 16 |
| മനുഷ്യാണാം സഹസ്രേഷു | 7 | 3 |
| മന്മനാ ഭവ.......യുക്ത്വൈവം | 9 | 34 |
| മന്മനാ ഭവ......സത്യം തേ | 8 | 65 |
| മന്യസേ യദി തച്ഛക്യം | 11 | 4 |
| മമ യോനിർമഹദ്ബ്രഹ്മ | 14 | 7 |
| മമൈവാംശോ ജീവലോകേ | 5 | 4 |
| മയാ തതമിദം സർവം | 9 | 4 |
| മയാധ്യക്ഷേണ പ്രകൃതിഃ | 9 | 10 |
| മയാ പ്രസന്നേന തവാർജുനേദം | 11 | 47 |
| മയി ചാനന്യയോഗേന | 13 | 11 |
| മയി സർവാണി കർമാണി | 3 | 30 |
| മയ്യാവേശ്യ മനോ യേ മാം | 12 | 2 |
| മയ്യാസക്തമനാഃ പാർഥ | 7 | 1 |
| മയ്യേവ മന ആധത്സ്വ | 12 | 8 |
| മഹർഷയഃ സപ്ത പൂർവേ | 10 | 6 |
| മഹർഷീണാം ഭൃഗുരഹം | 10 | 15 |
| മഹാത്മാനസ്തു മാം പാർഥ | 9 | 13 |
| മഹാഭൂതാന്യഹങ്കാരോ | 13 | 6 |
| മാം ച യോഽവ്യഭിചാരേണ | 14 | 26 |
| മാ തേ വ്യഥാ മാ ച | 11 | 49 |
| മാത്രാസ്പർശാസ്തു കൗന്തേയ | 2 | 14 |
| മാനാപമാനയോസ്തുല്യഃ | 14 | 25 |

| | അധ്യാ. | ശ്ലോ. |
|---|---|---|
| മാമുപേത്യ പുനർജന്മ | 8 | 15 |
| മാ ഹി പാർഥ വ്യപാശ്രിത്യ | 9 | 32 |
| മുക്തസംഗോഽനഹംവാദീ | 18 | 26 |
| മൂഢഗ്രാഹേണാത്മനോ യത് | 17 | 19 |
| മൃത്യുഃ സർവഹരശ്ചാഹം | 10 | 34 |
| മോഘാശാ മോഘകർമാണഃ | 9 | 12 |
| **യ** | | |
| യ ഇദം പരമം ഗുഹ്യം | 18 | 68 |
| യ ഏനം വേത്തി ഹന്താരം | 2 | 10 |
| യ ഏവം വേത്തി പുരുഷം | 13 | 24 |
| യച്ചാപി സർവഭൂതാനാം | 10 | 39 |
| യച്ചാവഹാസാർഥമനസത് | 11 | 42 |
| യജന്തേ സാത്ത്വികാ ദേവാൻ | 17 | 4 |
| യത്ജ്ഞാത്വാ ന പുനർമോഹം | 4 | 35 |
| യതതോ ഹ്യപി കൗന്തേയ | 2 | 60 |
| യതഃ പ്രവൃത്തിർഭൂതാനാം | 18 | 46 |
| യതേന്ദ്രിയമനോബുദ്ധിഃ | 5 | 28 |
| യതോ യതോ നിശ്ചരതി | 6 | 26 |
| യതന്തോ യോഗിനശ്ചൈനം | 15 | 11 |
| യത്കരോഷി യദശ്നാസി | 9 | 27 |
| യത്തദഗ്രേവിഷമിവ | 18 | 37 |
| യത്തു കാമേപ്സുനാ കർമ | 18 | 24 |
| യത്തു കൃത്സ്നവദേകസ്മിൻ | 18 | 22 |
| യത്തു പ്രത്യുപകാരാർഥം | 17 | 21 |
| യത്ര കാലേ ത്വനാവൃത്തിം | 8 | 23 |
| യത്ര യോഗേശ്വരഃ കൃഷ്ണഃ | 18 | 68 |
| യത്രോപരമതേ ചിത്തം | 6 | 20 |
| യത്സാംഖ്യൈഃ പ്രാപ്യതേ | 5 | 5 |
| യഥാകാശസ്ഥിതോ നിത്യം | 9 | 6 |
| യഥാ ദീപോ നിവാതസ്ഥോ | 6 | 19 |
| യഥാ നദീനാം ബഹവോ | 11 | 28 |
| യഥാ പ്രകാശയത്യേകഃ | 13 | 34 |
| യഥാ പ്രദീപ്തം ജ്വലനം | 11 | 29 |
| യഥാ സർവഗതം സൗക്ഷ്മ്യാത് | 13 | 33 |

| | അധ്യാ. | ശ്ലോ. |
|---|---|---|
| യഥൈധാംസി സമിദ്ധോഗ്നിഃ | 4 | 27 |
| യദഗ്രേ ചാനുബന്ധേ ച | 18 | 38 |
| യദഹംകാരമാശ്രിത്യ | 18 | 59 |
| യദക്ഷരം വേദവിദോ വദന്തി | 8 | 11 |
| യദാ തേ മോഹകലിലം | 2 | 52 |
| യദാദിത്യഗതം തേജോ | 15 | 12 |
| യദാ ഭൂതപൃഥഗ്ഭാവം | 13 | 31 |
| യദാ യദാ ഹി ധർമസ്യ | 4 | 7 |
| യദാ വിനിയതം ചിത്തം | 6 | 18 |
| യദാ സത്ത്വേ പ്രവൃദ്ധേ തു | 14 | 14 |
| യദാ സംഹരതേ ചായം | 2 | 58 |
| യദാ ഹി നേന്ദ്രിയാർഥേഷു | 6 | 4 |
| യദി മാമപ്രതീകാരം | 1 | 46 |
| യദി ഹ്യയം ന വർതേയം | 3 | 23 |
| യദൃച്ഛയാ ചോപപന്നം | 2 | 32 |
| യദൃച്ഛാലാഭസന്തുഷ്ടോ | 4 | 22 |
| യദ്യദാചരതി ശ്രേഷ്ഠഃ | 3 | 21 |
| യദ്യദ്വിഭൂതിമത്സത്ത്വം | 10 | 41 |
| യദ്യപ്യേതേ ന പശ്യന്തി | 1 | 38 |
| യം യം വാപി സ്മരൻഭാവം | 8 | 6 |
| യയാ തു ധർമകാമാർഥാൻ | 18 | 34 |
| യയാ ധർമമധർമം ച | 18 | 31 |
| യയാ സ്വപ്നം ഭയം ശോകം | 18 | 35 |
| യം ലബ്ധ്വാ ചാപരം ലാഭം | 6 | 22 |
| യം സംന്യാസമിതി പ്രാഹു | 6 | 2 |
| യം ഹി ന വ്യഥയന്ത്യേതേ | 2 | 15 |
| യഃ സർവത്രാനഭിസ്നേഹഃ | 2 | 57 |
| യസ്ത്വാത്മരതിരേവ സ്യാത് | 3 | 17 |
| യസ്ത്വിന്ദ്രിയാണി മനസാ | 3 | 7 |
| യസ്മാത് ക്ഷരമതീതോഽഹം | 15 | 8 |
| യസ്മാന്നോദ്വിജതേ ലോകോ | 12 | 15 |
| യസ്യ നാഹം കൃതോ ഭാവോ | 18 | 17 |
| യസ്യ സർവേ സമാരംഭാഃ | 4 | 19 |
| യജ്ഞദാനതപഃകർമ | 18 | 4 |

| | അധ്യാ. | ശ്ലോ. |
|---|---|---|
| യജ്ഞശിഷ്ടാമൃതഭുജോ | 4 | 31 |
| യജ്ഞശിഷ്ടാശിനഃ സന്തോ | 3 | 13 |
| യജ്ഞാർഥാത് കർമണോ | 3 | 9 |
| യജ്ഞേ തപസി ദാനേ ച | 17 | 27 |
| യാതയാമം ഗതരസം | 17 | 10 |
| യാ നിശാ സർവഭൂതാനാം | 2 | 69 |
| യാമിമാം പുഷ്പിതാം വാച | 2 | 42 |
| യാവത്സംജായതേ | 13 | 27 |
| യാവദേതാന്നിരീക്ഷേഽഹം | 1 | 22 |
| യാവാനർഥ ഉദപാനേ | 2 | 46 |
| യാന്തി ദേവവ്രതാ ദേവാൻ | 9 | 25 |
| യുക്തഃ കർമഫലം ത്യക്ത്വാ | 5 | 12 |
| യുക്താഹാരവിഹാരസ്യ | 6 | 17 |
| യുധാമന്യുശ്ച വിക്രാന്തഃ | 1 | 6 |
| യേ ചൈവ സാത്ത്വികാഭാവാഃ | 7 | 12 |
| യേ തു ധർമ്യാമൃതമിദം | 12 | 20 |
| യേ തു സർവാണി കർമാണി | 12 | 6 |
| യേ ത്വക്ഷരമനിർദേശ്യം | 12 | 3 |
| യേ ത്വേതദഭ്യസൂയന്തോ | 3 | 32 |
| യേഽപ്യന്യദേവതാഭക്താഃ | 9 | 23 |
| യേ മേ മതമിദം നിത്യം | 3 | 31 |
| യേ യഥാ മാം പ്രപദ്യന്തേ | 4 | 11 |
| യേ ശാസ്ത്രവിധിമുത്സൃജ്യ | 17 | 1 |
| യേഷാമർഥേ കാംക്ഷിതം | 1 | 32 |
| യേഷാം ത്വന്തഗതം പാപം | 7 | 28 |
| യേ ഹി സംസ്പർശജാ ഭോഗാഃ | 5 | 22 |
| യോഗയുക്തോ വിശുദ്ധാത്മാ | 5 | 7 |
| യോഗസംന്യസ്തകർമാണം | 4 | 41 |
| യോഗസ്ഥഃ കുരു കർമാണി | 2 | 48 |
| യോഗിനാമപി സർവേഷാം | 6 | 47 |
| യോഗീ യുഞ്ജീത സതതം | 6 | 10 |
| യോത്സ്യമാനാനവേക്ഷേഽഹം | 1 | 23 |
| യോ ന ഹൃഷ്യതി ന ദ്വേഷ്ടി | 12 | 17 |
| യോഽന്തഃ സുഖോഽന്തരാരാമഃ | 5 | 24 |

| | അധ്യാ. | ശ്ലോ. |
|---|---|---|
| യോ മാമജമനാദിം ച | 10 | 3 |
| യോ മാമേവമസംമൂഢോ | 15 | 19 |
| യോ മാം പശ്യതി സർവത്ര | 6 | 30 |
| യോ യോ യാം യാം തനും | 7 | 21 |
| യോഽയം യോഗസ്ത്വയാ | 6 | 33 |
| യുഞ്ജന്നേവം.....നിയത മാനസഃ | 6 | 15 |
| യുഞ്ജന്നേവം.....വിഗത കല്മഷഃ | 6 | 28 |
| യഃ ശാസ്ത്രവിധിമുത്സൃജ്യ | 16 | 23 |
| **ര** | | |
| രജസ്തമശ്ചാഭിഭൂയം | 14 | 10 |
| രജസി പ്രലയം ഗത്വാ | 14 | 15 |
| രജോ രാഗാത്മകം വിദ്ധി | 14 | 7 |
| രസോഽഹമപ്സു കൗന്തേയ | 7 | 8 |
| രാഗദ്വേഷവിയുക്തൈസ്തു | 2 | 64 |
| രാഗീ കർമഫലപ്രേപ്സുഃ | 18 | 27 |
| രാജൻ സംസ്മൃത്യ സംസ്മൃത്യ | 18 | 76 |
| രാജവിദ്യാ രാജഗുഹ്യം | 9 | 2 |
| രുദ്രാണാം ശങ്കരശ്ചാസ്മി | 10 | 23 |
| രുദ്രാദിത്യാ വസവോ യേ ച | 11 | 22 |
| രൂപം മഹത്തേ ബഹുവക്ത്ര | 11 | 23 |
| **ല** | | |
| ലഭന്തേ ബ്രഹ്മനിർവാണം | 5 | 25 |
| ലേലിഹ്യസേ ഗ്രസമാനഃ | 11 | 30 |
| ലോകേസ്മിൻ ദ്വിവിധാ | 3 | 3 |
| ലോഭഃ പ്രവൃത്തിരാരംഭഃ | 14 | 12 |
| **വ** | | |
| വക്തുമർഹസ്യശേഷേണ | 10 | 16 |
| വക്ത്രാണി തേ ത്വരമാണാ | 11 | 27 |
| വായുര്യമോഽഗ്നിർവരുണഃ | 11 | 39 |
| വാസാംസി ജീർണാനി | 2 | 22 |
| വിദ്യാവിനയസമ്പന്നേ | 5 | 18 |
| വിധിഹീനമസൃഷ്ടാന്നം | 17 | 13 |
| വിവിക്തസേവീ ലഘ്വാശീ | 18 | 52 |
| വിഷയാ വിനിവർതന്തേ | 2 | 59 |
| വിഷയേന്ദ്രിയസംയോഗാത് | 18 | 28 |
| വിസ്തരേണാത്മനോ യോഗം | 10 | 18 |
| വിഹായ കാമാന്യഃ | 2 | 51 |
| വീതരാഗഭയക്രോധാഃ | 4 | 10 |
| വൃഷ്ണീനാം വാസുദേവോ | 10 | 37 |
| വേദാനാം സാമവേദോഽസ്മി | 10 | 22 |
| വേദാവിനാശിനം നിത്യം | 2 | 21 |
| വേദാഹം സമതീതാനി | 7 | 26 |
| വേദേഷു യജ്ഞേഷു തപഃസു | 8 | 28 |
| വ്യവസായാത്മികാ ബുദ്ധിഃ | 2 | 41 |
| വ്യാമിശ്രേണേവ വാക്യേന | 3 | 2 |
| വ്യാസപ്രസാദാച്ഛ്രുതവാൻ | 18 | 75 |
| **ശ** | | |
| ശക്നോതീഹൈവ യഃ | 5 | 23 |
| ശനൈഃ ശനൈരുപരമേത് | 6 | 25 |
| ശമോ ദമസ്തപഃ ശൗചം | 17 | 42 |
| ശരീരം യദവാപ്നോതി | 15 | 8 |
| ശരീരവാങ്മനോഭിര്യത് | 18 | 15 |
| ശുക്ലകൃഷ്ണേ ഗതീ ഹ്യേതേ | 8 | 26 |
| ശുചൗ ദേശേ പ്രതിഷ്ഠാപ്യ | 6 | 11 |
| ശുഭാശുഭഫലൈരേവം | 9 | 28 |
| ശൗര്യം തേജോ ധൃതിർദാക്ഷ്യം | 18 | 43 |
| ശ്രദ്ധയാ പരയാ തപ്തം | 17 | 17 |
| ശ്രദ്ധാവാനനസൂയശ്ച | 18 | 71 |
| ശ്രദ്ധാവാംല്ലഭതേ ജ്ഞാനം | 4 | 39 |
| ശ്രുതിവിപ്രതിപന്നാ തേ | 2 | 53 |
| ശ്രേയാൻ ദ്രവ്യമയാദ്യജ്ഞാത് | 4 | 33 |
| ശ്രേയാൻ സ്വധർമോ വിഗുണഃ | 3 | 35 |
| ശ്രേയോ ഹി ജ്ഞാനം | 12 | 12 |
| ശ്രോത്രാദീനീന്ദ്രീയാണ്യന്യേ | 4 | 26 |
| ശ്രോത്രം ചക്ഷുഃ സ്പർശനം | 15 | 9 |
| ശ്വശുരാൻ സുഹൃദശ്ചൈവ | 1 | 27 |

| | അധ്യാ. | ശ്ലോ. |
|---|---|---|
| **സ** | | |
| സ ഏവായം മയാ തേഽദ്യ | 4 | 3 |
| സക്താഃ കർമണ്യവിദ്വാംസോ | 3 | 25 |
| സഖേതി മത്വാ പ്രസഭം | 11 | 41 |
| സ ഘോഷോ ധാർതൃരാഷ്ട്രാണാം | 1 | 19 |
| സതതം കീർതയന്തോ മാം | 9 | 14 |
| സ തയാ ശ്രദ്ധയാ | 7 | 22 |
| സത്കാരമാനപൂജാർഥം | 17 | 15 |
| സത്ത്വാത്സംജായതേ ജ്ഞാനം | 14 | 17 |
| സത്ത്വം രജസ്തമ ഇതി | 14 | 5 |
| സത്ത്വം സുഖേ സംജയതി | 14 | 9 |
| സത്ത്വാനുരൂപാ സർവസ്യ | 17 | 3 |
| സദൃശം ചേഷ്ടതേ സ്വസ്യാഃ | 3 | 33 |
| സദ്ഭാവേ സാധുഭാവേ ച | 17 | 26 |
| സമദുഃഖസുഖഃ സ്വസ്ഥഃ | 14 | 24 |
| സമോഽഹം സർവഭൂതേഷു | 9 | 29 |
| സമം കായശിരോഗ്രീവം | 6 | 13 |
| സമം പശ്യൻഹി സർവത്ര | 13 | 29 |
| സമഃ ശത്രൗ ച മിത്രേ ച | 12 | 18 |
| സർഗാണാമാദിരന്തശ്ച | 10 | 32 |
| സർവകർമാണി മനസാ | 5 | 13 |
| സർവകർമാണ്യപി സദാ | 18 | 56 |
| സർവഗുഹ്യതമം ഭൂയഃ | 18 | 64 |
| സർവതഃ പാണിപാദം തത് | 13 | 14 |
| സർവദ്വാരാണി സംയമ്യ | 8 | 12 |
| സർവദ്വാരേഷു ദേഹേഽസ്മിൻ | 14 | 11 |
| സർവധർമാൻപരിത്യജ്യ | 18 | 66 |
| സർവഭൂതസ്ഥമാത്മാനം | 6 | 29 |
| സർവഭൂതസ്ഥിതം യോ മാം | 6 | 31 |
| സർവഭൂതാനി കൗന്തേയ | 9 | 7 |
| സർവഭൂതേഷു യേനൈകം | 18 | 20 |
| സർവമേതദൃതം മന്യേ | 10 | 14 |
| സർവയോനിഷു കൗന്തേയ | 14 | 4 |
| സർവസ്യ ചാഹം ഹൃദി | 15 | 15 |
| സർവാണീന്ദ്രിയകർമാണി | 4 | 27 |
| സർവേന്ദ്രിയഗുണാഭാസം | 13 | 15 |
| സഹജം കർമ കൗന്തേയ | 17 | 48 |
| സഹയജ്ഞാഃ പ്രജാഃ സൃഷ്ട്വാ | 3 | 10 |
| സഹസ്രയുഗപര്യന്തം | 8 | 17 |
| സാധിഭൂതാധിദൈവം മാം | 7 | 30 |
| സിദ്ധിം പ്രാപ്തോ യഥാ | 18 | 50 |
| സീദന്തി മമ ഗാത്രാണി | 1 | 29 |
| സുഖദുഃഖേ സമേ കൃത്വാ | 2 | 38 |
| സുഖമാത്യന്തികം യത്തത് | 6 | 21 |
| സുഖം ത്വിദാനീം ത്രിവിധം | 18 | 36 |
| സുദുർദർശമിദം രൂപം | 11 | 52 |
| സുഹൃന്മിത്രാര്യുദാസീന | 6 | 9 |
| സംകരോ നരകായൈവ | 1 | 42 |
| സങ്കല്പപ്രഭവാൻ കാമാൻ | 6 | 24 |
| സന്തുഷ്ടഃ സതതം യോഗീ | 12 | 14 |
| സന്നിയമ്യേന്ദ്രിയഗ്രാമ | 12 | 4 |
| സംന്യാസസ്തു മഹാബാഹോ | 5 | 6 |
| സംന്യാസസ്യ മഹാബാഹോ | 18 | 1 |
| സംന്യാസഃ കർമയോഗശ്ച | 5 | 2 |
| സംന്യാസം കർമണാം | 5 | 1 |
| സാംഖ്യയോഗൗ പൃഥഗ്ബാലാഃ | 5 | 4 |
| സ്ഥാനേ ഹൃഷീകേശ തവ | 11 | 36 |
| സ്ഥിതപ്രജ്ഞസ്യ കാ ഭാഷാ | 2 | 54 |
| സ്പർശാൻ കൃത്വാ ബഹി | 5 | 27 |
| സ്വധർമമപി ചാവേക്ഷ്യ | 2 | 31 |
| സ്വഭാവജേന കൗന്തേയ | 18 | 60 |
| സ്വയമേവാത്മനാത്മാനം | 10 | 15 |
| സ്വേ സ്വേ കർമണ്യഭിരതഃ | 18 | 44 |
| **ഹ** | | |
| ഹന്ത തേ കഥയിഷ്യാമി | 10 | 19 |
| ഹതോ വാ പ്രാപ്സ്യസി സ്വർഗം | 2 | 37 |
| ഹൃഷീകേശം തദാ വാക്യം | 1 | 21 |


■